# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

2023 ആഗസ്റ്റ് 8, ചൊവ്വ

# ഔദ്യോഗിക റിപ്പോർട്ട്

വാല്യം 192 –നമ്പർ  2

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

2023 ആഗസ്റ്റ് 8, ചൊവ്വ

സ്പീക്കർ
ശ്രീ. എ. എൻ. ഷംസീർ

ഡെപ്യൂട്ടി സ്പീക്കർ
ശ്രീ. ചിറ്റയം ഗോപകുമാർ

സെക്രട്ടറി
ശ്രീ. എ. എം. ബഷീർ

ചീഫ് എഡിറ്റർ
ശ്രീ. പി. രാമചന്ദ്രൻ

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# മന്ത്രിസഭാംഗങ്ങൾ

| | |
|---|---|
| മുഖ്യമന്ത്രി | : ശ്രീ. പിണറായി വിജയൻ |
| ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി | : ശ്രീ. വി. അബ്ദുറഹിമാൻ |
| തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പുമന്ത്രി | : ശ്രീ. അഹമ്മദ് ദേവർകോവിൽ |
| ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി | : ശ്രീ. ജി. ആർ. അനിൽ |
| ഗതാഗത വകുപ്പുമന്ത്രി | : ശ്രീ. ആന്റണി രാജു |
| ധനകാര്യ വകുപ്പുമന്ത്രി | : ശ്രീ. കെ. എൻ. ബാലഗോപാൽ |
| ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി | : ഡോ. ആർ. ബിന്ദു |
| മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി | : ശ്രീമതി ജെ. ചിഞ്ചുറാണി |
| വൈദ്യുതി വകുപ്പുമന്ത്രി | : ശ്രീ. കെ. കൃഷ്ണൻകുട്ടി |
| പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി | : ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| കൃഷി വകുപ്പുമന്ത്രി | : ശ്രീ. പി. പ്രസാദ് |
| പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : ശ്രീ. കെ. രാധാകൃഷ്ണൻ |
| റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി | : ശ്രീ. കെ. രാജൻ |
| നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി | : ശ്രീ. പി. രാജീവ് |
| തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി | : ശ്രീ. എം. ബി. രാജേഷ് |
| ജലവിഭവ വകുപ്പുമന്ത്രി | : ശ്രീ. റോഷി അഗസ്റ്റിൻ |
| മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി | : ശ്രീ. സജി ചെറിയാൻ |
| വനം-വന്യജീവി വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ശശീന്ദ്രൻ |
| പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി | : ശ്രീ. വി. ശിവൻകുട്ടി |
| സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി | : ശ്രീ. വി. എൻ. വാസവൻ |
| ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി | : ശ്രീമതി വീണാ ജോർജ് |

**ഉള്ളടക്കം** **പേജ്**


**I ചോദ്യോത്തരങ്ങൾ**

വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(രേഖാമൂലം നൽകിയ ഉത്തരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്)

**II തിരുത്തിയ ഉത്തരം**

നക്ഷത്രചിഹ്നമിടാത്ത 87-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

**III ചരമോപചാരം**

എം. ചന്ദ്രൻ, ഡോ. എം. എ. കുട്ടപ്പൻ, പ്രൊഫ. എ. നബീസ ഉമ്മാൾ എന്നിവരുടെ നിര്യാണം

**IV ചെയർമാൻമാരുടെ പാനൽ**

**V അടിയന്തരപ്രമേയം**

വിലക്കയറ്റം

- ശ്രീ. പി. സി. വിഷ്ണുനാഥ്

(അവതരണാനുമതി നിഷേധിച്ചു)

**ചെയർമാൻമാരുടെ പാനലിലെ തിരുത്ത്**

**അടിയന്തരപ്രമേയം (തുടർച്ച)**

## VI ശ്രദ്ധ ക്ഷണിക്കൽ

(1) നാളികേരത്തിന്റെ വിലയിടിവ്

- ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ

(2) ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡംഗങ്ങളുടെ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കൽ

- ശ്രീ. സി. ആർ. മഹേഷ്

## VII സബ്മിഷൻ

1. വാരപ്പെട്ടി പഞ്ചായത്തിലെ വാഴകൃഷി നശിപ്പിക്കൽ

- പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ)

2. കാസർഗോഡ് സർക്കാർ ഓഫീസുകളിലെ ഒഴിവുകൾ നികത്തൽ

- ശ്രീ. സി. എച്ച്. കുഞ്ഞമ്പു

3. കുറ്റ്യാടി ഇറിഗേഷൻ കനാലുകളുടെ പൂർത്തീകരണം

- ശ്രീമതി കെ. കെ. രമ

4. ജൽജീവൻ മിഷൻ പ്രവൃത്തികൾ

- ശ്രീ. പി. മമ്മിക്കുട്ടി

5. തിരൂർ ജില്ലാ ആശുപത്രി കെട്ടിട നിർമ്മാണം

- ശ്രീ. കുറുക്കോളി മൊയ്തീൻ

6. മുതലപ്പൊഴി മത്സ്യബന്ധന തുറമുഖം അപകടവിമുക്തമാക്കൽ

- ശ്രീ. വി. ശശി

7. വൈപ്പിൻകരയിലെ കടലാക്രമണവും വേലിയേറ്റവും

- ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ

8. മമ്പാട് - പൂവത്തിങ്കലട്ടി റോഡ് ബി.എം.&ബി.സി. നിലവാരത്തിലേയ്ക്ക് ഉയർത്തൽ

- ശ്രീ. കെ. ഡി. പ്രസേനൻ

9. തോലന്നൂർ ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജിന് കെട്ടിടം

- ശ്രീ. പി. പി. സുമോദ്

10. റേഷൻ കടകളിലെ ഇ-പോസ് മെഷീനുകളുടെ തകരാർ

- ശ്രീ. എ. പി. അനിൽ കുമാർ

**VIII അറിയിപ്പ്**

തമിഴ്നാട് ഐ.ടി. മിനിസ്റ്ററുടെ സന്ദർശനം

**IX മേശപ്പുറത്തുവച്ച കടലാസ്സുകൾ**

**X സമയം ദീർഘിപ്പിക്കുന്നതിനുള്ള പ്രമേയം**

- സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി
(ശ്രീ. വി. എൻ. വാസവൻ)

**XI റിപ്പോർട്ടുകളുടെ സമർപ്പണം**

(1) 2022-ലെ കേരള സഹകരണ സംഘ (മൂന്നാം ഭേദഗതി) ബിൽ സംബന്ധിച്ച സെലക്ട് കമ്മിറ്റി റിപ്പോർട്ട്

(2) സബ്ജക്ട് കമ്മിറ്റി VIII-ന്റെ 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും

**XII ഗവൺമെന്റ് പ്രമേയം (ചട്ടം 118)**

ഏക സിവിൽകോഡ്

- മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ)

**XIII നിയമനിർമ്മാണകാര്യം**

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

(i) 2023-ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ഭേദഗതി ബിൽ

**ക്രമപ്രശ്നം**

ധനകാര്യ മെമ്മോറാണ്ടത്തിലെ അപാകത
- ശ്രീ. രമേശ് ചെന്നിത്തല

ബില്ലിലെ വ്യവസ്ഥകളിലെ അവ്യക്തത
- ശ്രീ. മാത്യു ടി. തോമസ്

**റൂളിംഗ്**

(ii) 2022-ലെ കേരള മോട്ടോർ വാഹനത്തൊഴിലാളികൾക്ക് ന്യായമായ വേതനം നൽകൽ (ഭേദഗതി) ബിൽ

(iii) 2023-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി (ഭേദഗതി) ബിൽ

**അനുബന്ധം**

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

2023 ആഗസ്റ്റ് 8, ചൊവ്വ

---

വാല്യം 192} ഔദ്യോഗിക റിപ്പോർട്ട് {നമ്പർ 2

---

നിയമസഭ 2023 ആഗസ്റ്റ് മാസം 8-ാം തീയതി ചൊവ്വാഴ്ച രാവിലെ 09.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

### I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

### വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ..... ഓർഡർ.... ചോദ്യം നം. (*1)

**കെ-ഡിസ്കിനെ പ്രൊഫഷണൽ സ്ഥാപനമാക്കി മാറ്റുവാൻ നടപടി**

1(*1) ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
ശ്രീ. പി. പി. സുമോദ്:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് ആവിഷ്കരിച്ച് നടപ്പാക്കിയ കിഫ്ബി പദ്ധതി സംസ്ഥാനത്തിന്റെ പശ്ചാത്തല വികസനം വേഗത്തിലാക്കുന്നതിൽ വഹിച്ച പങ്ക് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പശ്ചാത്തല വികസന മേഖലയിൽ സമഗ്രവും സുസ്ഥിരവുമായ വികസനം ലക്ഷ്യമാക്കി കിഫ്ബി മുഖേന നടപ്പാക്കിവരുന്ന വൻകിട പദ്ധതികളുടെ വിശദാംശം നൽകുമോ;

(സി) കേരള ഡെവലപ്മെന്റ് ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിലിനെ (കെ-ഡിസ്ക്) മികവുറ്റ ഒരു പ്രൊഫഷണൽ സ്ഥാപനമാക്കി

മാറ്റുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ഡി) കെ-ഡിസ്ക് നടപ്പാക്കിവരുന്ന പ്രവൃത്തികളുടെ പുരോഗതി വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ,

(എ) 50,000 കോടി രൂപയുടെ പശ്ചാത്തല സൗകര്യ വികസന പദ്ധതികൾ കിഫ്ബി വഴി നടപ്പാക്കുകയെന്നതായിരുന്നു മുൻസർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം. സംസ്ഥാനത്ത് വൻകിട അടിസ്ഥാന സൗകര്യ വികസനത്തിനുവേണ്ടി റോഡുകൾ, പാലങ്ങൾ, ഐ.ടി., വിദ്യാഭ്യാസം, ആരോഗ്യം, കുടിവെള്ള വിതരണം, ഇറിഗേഷൻ, ഗതാഗതം, ടൂറിസം, കായികം, ഊർജ്ജം തുടങ്ങിയ വിവിധ മേഖലകളിലെ പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. മുൻസർക്കാരിന്റെ കാലയളവിൽ 904 പദ്ധതികൾക്കായി 2021 മേയ്‌വരെ 65,363.11 കോടി രൂപയാണ് കിഫ്ബി മുഖാന്തരം അനുമതി നൽകിയിട്ടുള്ളത്. ഇവയിൽ ഏകദേശം 7,000 കോടി രൂപയുടെ പദ്ധതികൾ പൂർത്തീകരിക്കുന്നതിന് സാധിച്ചിട്ടുണ്ട്. കോവിഡ്

മഹാമാരി ലോകമാകെ കടുത്ത സാമ്പത്തിക അനിശ്ചിതാവസ്ഥയാണ് സൃഷ്ടിച്ചത്. കോവിഡിന്റെ ആദ്യഘട്ടത്തിൽ തൊഴിലാളികളുടെ അഭാവം, അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം എന്നീ കാരണങ്ങളാൽ അടിസ്ഥാനസൗകര്യ വികസന പദ്ധതികളുടെ നിർമ്മാണത്തിൽ താമസം വന്നെങ്കിലും കിഫ്ബി മുഖേനയുള്ള പദ്ധതികളുടെ നിർവ്വഹണം ഒരു പരിധിവരെ തടസ്സമില്ലാതെ നടത്താൻ കഴിഞ്ഞു. സംസ്ഥാനത്തിന്റെ സമ്പദ്ഘടനയെ ഉത്തേജിപ്പിക്കുന്നതിനും സാമൂഹിക പശ്ചാത്തലത്തിന്റെ മുഖച്ഛായ മാറ്റുന്നതിനും കിഫ്ബി പദ്ധതികൾക്ക് സാധിച്ചിട്ടുണ്ട്.

മുൻസർക്കാരിന്റെ കാലത്ത് കിഫ്ബി മുഖേന അനുമതി നൽകിയ പദ്ധതികളിൽ ആരോഗ്യമേഖലയിൽ 334.02 കോടി രൂപയുടെ പദ്ധതികൾ പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ട്. വിദ്യാഭ്യാസ മേഖലയിൽ വൻപുരോഗതിയാണ് കിഫ്ബി മുഖേന സംസ്ഥാനത്തിന് നേടാൻ സാധിച്ചത്. പൊതുവിദ്യാഭ്യാസ മേഖലയിൽ 44705 ഹൈടെക് ക്ലാസ് റൂമുകളുടെയും 11257 ഹൈടെക് ലാബുകളുടെയും 425-ൽപ്പരം സ്കൂൾ കെട്ടിടങ്ങളുടെയും നിർമ്മാണം പൂർത്തീകരിക്കാൻ കിഫ്ബിക്ക്

സാധിച്ചിട്ടുണ്ട്. ഇതിനുപുറമെ ഉന്നതവിദ്യാഭ്യാസ മേഖലയിലെ 22 കോളേജ് കെട്ടിടങ്ങളുടെയും തൊഴിലും നൈപുണ്യവും വകുപ്പിനുകീഴിൽ 4 ഐ.ടി.ഐ. കെട്ടിടങ്ങളുടെയും തുറമുഖ വകുപ്പിനുകീഴിൽ 8 തീരദേശ വിദ്യാലയങ്ങളുടെയും നിർമ്മാണപ്രവർത്തനം പൂർത്തീകരിക്കാൻ കിഫ്ബിക്ക് സാധിച്ചിട്ടുണ്ട്. കൂടാതെ 58 റോഡ് പദ്ധതികളും 20 കുടിവെള്ള പദ്ധതികളും 3 റെഗുലേറ്റർ-കം-ബ്രിഡ്ജ് പദ്ധതികളും തിരുവനന്തപുരം ടെക്നോസിറ്റി ഐ.ടി. പാർക്കും 10 സ്പോർട്സ് സ്റ്റേഡിയങ്ങളും പൂർത്തീകരിച്ച പദ്ധതികളിൽ പ്രധാനപ്പെട്ടവയാണ്.

നാഷണൽ ഹൈവേയുടെ വികസനത്തിന്റെ സ്ഥലമേറ്റെടുക്കുന്നതിന് സംസ്ഥാന വിഹിതമായി 5,580.74 കോടി രൂപ കിഫ്ബി വഴി എൻ.എച്ച്.എ.ഐ. (നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ)-യ്ക്ക് കൈമാറിയിട്ടുണ്ട്. നാഷണൽ ഹൈവേയുടെ വികസനം സംസ്ഥാനത്തിന്റെ ചരക്ക് ഗതാഗതത്തിലും സമ്പദ്ഘടനയിലും സമൂലമായ ഉന്നമനം കൊണ്ടുവരുന്നതിന് ശേഷിയുള്ളതാണ്.

കിഫ്ബിയുടെ 20,000 കോടി രൂപയുടെ ലാൻഡ് അക്വിസിഷൻ പൂളിലുൾപ്പെടുത്തി 3 വ്യവസായ പാർക്കുകൾക്കുള്ള 1,479.23 കോടി രൂപയുടെ സ്ഥലമേറ്റെടുപ്പ് ഇതുവരെ പൂർത്തീകരിച്ചിട്ടുണ്ട്. നാളിതുവരെ 13,389.89 കോടി രൂപയുടെ പദ്ധതികളാണ് കിഫ്ബി വഴി പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുള്ളത്. പൂർത്തീകരിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശം അനുബന്ധമായി+ ചേർക്കുന്നു.

നാളിതുവരെ കിഫ്ബി മുഖാന്തരം 80,998.61 കോടി രൂപയുടെ 1057 പദ്ധതികൾക്കാണ് അംഗീകാരം നൽകിയിട്ടുള്ളത്. ഇതിൽ ലാൻഡ് അക്വിസിഷൻ പൂളിലുൾപ്പെടുത്തിയ 7 പദ്ധതികളും ഉൾപ്പെടുന്നു. അംഗീകാരം നൽകിയ പദ്ധതികളിൽ 29,432.97 കോടി രൂപയുടെ 603 പദ്ധതികളുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇതിൽ 26,058.48 കോടി രൂപയുടെ 552 പദ്ധതികളാണ് കരാർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിച്ചിട്ടുള്ളത്. വിശദാംശം അനുബന്ധമായി+ ചേർക്കുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കിഫ്ബി അംഗീകാരം നൽകിയ പദ്ധതികളിൽ പ്രധാനമായും റോഡുകൾ, ആശുപത്രികൾ, പാലങ്ങൾ, ഫ്ലൈ ഓവറുകൾ, സ്റ്റേഡിയങ്ങൾ, കായിക സ്കൂളുകൾ, സിനിമ തിയേറ്റർ സമുച്ചയങ്ങൾ, സാംസ്കാരിക സമുച്ചയങ്ങൾ, ഐസൊലേഷൻ വാർഡുകൾ, ഫിഷ് മാർക്കറ്റുകൾ, തീരദേശ സംരക്ഷണം, പുലിമുട്ട് സ്ഥാപിക്കൽ, തടയണകൾ, കുടിവെള്ള പദ്ധതികൾ, കനാൽ നവീകരണം, മുനിസിപ്പാലിറ്റി ബിൽഡിംഗ്, സ്കൂൾ-കോളേജ് കെട്ടിടങ്ങൾ, ആധുനിക അറവുശാലകൾ, സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ, നിലാവ് പദ്ധതി, അഗ്രോ പാർക്കുകൾ, വയനാട് ടണൽ റോഡ്, ചെല്ലാനം കടൽഭിത്തി നിർമ്മാണം, വെസ്റ്റ് കോസ്റ്റ് കനാൽ വികസനം, തീരദേശ ഹൈവേ, മലയോര ഹൈവേ, ശബരിമല മാസ്റ്റർപ്ലാൻ, കെ-ഫോൺ, ഐ.ടി. പാർക്കുകൾ, ട്രാൻസ്ഗ്രിഡ് പദ്ധതി, ക്രാഫ്റ്റ് വില്ലേജ്, ഓങ്കോളജി പാർക്ക്, ട്രാൻസ്ലേഷണൽ റിസർച്ച് സെന്ററുകളുടെ നിർമ്മാണം, കൊച്ചി-സംയോജിത ജലഗതാഗത പദ്ധതി മുതലായവ ഉൾപ്പെടുന്നു. വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 15,635.50 കോടി രൂപയുടെ 152 അടിസ്ഥാനസൗകര്യ വികസന പദ്ധതികൾക്കാണ് കിഫ്ബി മുഖേന അംഗീകാരം നൽകിയിട്ടുള്ളത്. ഇതിനുപുറമേ ലാൻഡ് അക്വിസിഷൻ പൂളിലുൾപ്പെടുത്തി ഗിഫ്റ്റ് സിറ്റിക്കുവേണ്ടി സ്ഥലമേറ്റെടുപ്പിനായി 840 കോടി രൂപയുടെ അംഗീകാരവും കിഫ്ബി നൽകിയിട്ടുണ്ട്. ഇതിൽ 50 കോടി രൂപയ്ക്ക് മുകളിൽ 68 വൻകിട പദ്ധതികൾക്കാണ് ധനാനുമതി നൽകിയിട്ടുള്ളത്.

ആരോഗ്യമേഖലയിൽ സംസ്ഥാനത്തെ ആശുപത്രികളുമായി ബന്ധപ്പെട്ട വികസനപ്രവർത്തനങ്ങൾ കോവിഡ് കാലത്തെ പ്രതിസന്ധികൾ തരണം ചെയ്യുന്നതിന് വളരെയധികം സഹായകരമായിട്ടുണ്ട്. ഇനി അത്തരം സാഹചര്യമുണ്ടാകാനിടയായാൽ നേരിടുന്നതിനായി സംസ്ഥാനത്തെ 140 നിയോജകമണ്ഡലങ്ങളിലേയും ആശുപത്രികളിൽ 10 കിടക്കകൾ വീതമുള്ള ഐസൊലേഷൻ വാർഡുകൾ നിർമ്മിക്കാൻ കിഫ്ബി മുഖേന അനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതിക്കായി 236.3 കോടി രൂപയാണ് അനുവദിച്ചിരിക്കുന്നത്. ഇതിൽ 25 ഇടങ്ങളിൽ സജ്ജീകരണങ്ങൾ

ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്. മറ്റ് സ്ഥലങ്ങളിലെ പ്രവൃത്തികൾ പൂർത്തീകരണത്തിന്റെ അന്തിമഘട്ടത്തിലാണ്. ഐസൊലേഷൻ വാർഡ് പദ്ധതികളുടെ വിശദാംശം അനുബന്ധമായി+ ചേർക്കുന്നു.

ആയുഷ് വകുപ്പിനുകീഴിലുള്ള അന്താരാഷ്ട്ര ആയുർവ്വേദ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ സ്ഥലമേറ്റെടുപ്പിനുള്ള അനുമതി, കൊച്ചി-സംയോജിത ജലഗതാഗത പദ്ധതിയുടെ ഭാഗമായി ഏളംകുളം സ്വീവറേജ് പ്ലാന്റ്, പശ്ചിമതീരദേശ കനാൽ വികസനത്തിന്റെ ഭാഗമായുള്ള സ്ഥലമേറ്റെടുപ്പും പുനരധിവാസ പാക്കേജും ആരോഗ്യ വകുപ്പിനുകീഴിൽ കുന്നംകുളം, പേരാമ്പ്ര, പത്തനാപുരം എന്നിവിടങ്ങളിലെ താലൂക്കാശുപത്രികളുടെ വികസനം, കോട്ടയം, തൃശ്ശൂർ മെഡിക്കൽ കോളേജുകളുടെ വികസനം, ഐസൊലേഷൻ വാർഡുകൾ, ടൂറിസം മേഖലയിൽ കോവളം ബീച്ച് നവീകരണ പദ്ധതി, ജലവിഭവ വകുപ്പിനുകീഴിൽ ഇരിട്ടി, താനൂർ, കൊയിലാണ്ടി മുനിസിപ്പാലിറ്റികളിലെ രണ്ടാംഘട്ട ജലവിതരണ പദ്ധതികൾ, ചെല്ലാനം കടൽ ഭിത്തി നിർമ്മാണം, ആലപ്പുഴ ജില്ലയിൽ ശക്തമായ കടൽക്ഷോഭം

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നേരിടുന്ന ഒട്ടമശ്ശേരി, കാട്ടൂർ, പൊള്ളത്തായ്, കക്കാഴം, നെല്ലാണിക്കൽ എന്നിവിടങ്ങളിലെ പുലിമുട്ട് നിർമ്മാണം, കുറ്റിപ്പുറം ആർ.സി.ബി., പൊതുമരാമത്ത് വകുപ്പിനുകീഴിൽ മലയോര ഹൈവേയുടെ 10 സ്ട്രെച്ചുകൾ, പേരൂർക്കട ഫ്ലൈഓവർ, വയനാട് ടണൽ റോഡ്, തീരദേശ ഹൈവേയുടെ 13 സ്ട്രെച്ചുകളും പുനരധിവാസ പാക്കേജും, കുട്ടിക്കട (കൊല്ലം), വെട്ടുറോഡ് (തിരുവനന്തപുരം) എന്നിവിടങ്ങളിലെ റെയിൽവേ ഓവർ ബ്രിഡ്ജ്, മണക്കടവ്-ആലക്കടവ് റോഡ്, നിള -ഐ.പി.ടി. റോഡ്, ചെറുകോൽപ്പുഴ-മണിയാർ റോഡ്, കർഷക സൗഹൃദ ലിങ്ക് റോഡ്, നിലമ്പൂർ വളാന്തോട് റോഡ്, അട്ടക്കുളങ്ങര ഫ്ലൈഓവർ എന്നിവയും കൊട്ടാരക്കര ബൈപ്പാസ്, കൊടിനട-വഴിമുക്ക് റോഡ്, കണ്ണൂർ എയർപോർട്ട് കണക്റ്റിവിറ്റി റോഡ്, തമ്മനം-പുല്ലേപ്പടി റോഡ്, മട്ടന്നൂർ റോഡ്, മൂവാറ്റുപ്പുഴ-കൂത്താട്ടുകുളം റോഡ്, ആലുവ-മൂന്നാർ റോഡ്, പെരുമ്പാവൂർ-ആലുവ റോഡ് എന്നിവയുടെ സ്ഥലമേറ്റെടുപ്പിനുള്ള അനുമതിയും ഉൾപ്പെടുന്നു. പദ്ധതികളുടെ വിശദാംശം അനുബന്ധമായി+ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിലവിൽ തുടർന്നുവരുന്ന കിഫ്ബി പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇതിന്റെ ഭാഗമായി പദ്ധതി നടത്തിപ്പിലെ തടസ്സങ്ങൾ പരിഹരിച്ച് സമയബന്ധിതമായ പൂർത്തീകരണം ഉറപ്പുവരുത്തുന്നതിനായി നിശ്ചിത ഇടവേളകളിൽ പദ്ധതി നിർവ്വഹണ ഏജൻസികളുടെയും ബന്ധപ്പെട്ട ഭരണവകുപ്പിന്റെയും അവലോകനയോഗങ്ങൾ നടത്തിവരുന്നു. കിഫ്ബിയുടെ ഉദ്യോഗസ്ഥർ പദ്ധതി നിർവ്വഹണ സ്ഥലങ്ങൾ സന്ദർശിച്ച് ഗുണനിലവാരവും സമയക്രമവും ഉറപ്പുവരുത്തി പദ്ധതിയുടെ നടത്തിപ്പിനുവേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നുണ്ട്. പദ്ധതി നിർവ്വഹണ ഏജൻസികൾക്കാവശ്യമായ പരിശീലന പരിപാടികൾ, സാങ്കേതിക ഉപദേശങ്ങൾ എന്നിവ കിഫ്ബി വഴി നേരിട്ട് നടപ്പാക്കുന്നതിനുപുറമെ കിഫ്ബിയുടെ സാങ്കേതിക പരിശോധനാ വിഭാഗത്തിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ടെക്നിക്കൽ റിസോഴ്സ് സെന്റർ മുഖേനയും നൽകിവരുന്നു. ഇത്തരത്തിൽ ഭാവി കേരളത്തെ നിർവ്വചിക്കുന്ന സംവിധാനമായി കിഫ്ബി ഇന്ന് രൂപാന്തരപ്പെട്ടിരിക്കുന്നു.

(സി) കേരള ഡെവലപ്മെന്റ് ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിലിനെ മികവുറ്റ ഒരു പ്രൊഫഷണൽ സ്ഥാപനമാക്കിമാറ്റുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ സംബന്ധിച്ച വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

മാനവ വിഭവശേഷി മെച്ചപ്പെടുത്തൽ

1. ഇന്നൊവേഷൻ ടെക്നോളജീസ്
2. പ്ലാനിംഗ് കോംപീറ്റൻസി ഡെവലപ്മെന്റ് ആൻഡ് ഇന്നൊവേഷൻ സിസ്റ്റം
3. സോഷ്യൽ എന്റർപ്രൈസസ് ആൻഡ് ഇൻക്ലൂഷൻ
4. സ്കിൽസ് എംപ്ലോയ്മെന്റ് ആൻഡ് എന്റർപ്രണർഷിപ്പ്
5. മാനേജ്മെന്റ് സർവ്വീസസ്

എന്നീ ഡിവിഷനുകളിലായി പ്രത്യേകം വൈദഗ്ധ്യമുള്ള പ്രതിഭകളെ കണ്ടെത്തി പ്രവർത്തനങ്ങളുമായി അണിചേർക്കുന്നു. യംഗ് ഇന്നൊവേറ്റേഴ്സ് പ്രോഗ്രാം (YIP), വൺ ഡിസ്ട്രിക്ട് വൺ ഐഡിയ (ODOI), വൺ ലോക്കൽ ഗവണ്മെന്റ് വൺ ഐഡിയ (OLOI) എന്നീ പരിപാടികളിലായി 7450

സ്ഥാപനങ്ങളെ ഇന്നൊവേഷൻ ആവാസവ്യവസ്ഥയിൽ ഏകോപിപ്പിച്ചിട്ടുണ്ട്.

കേരള നോളഡ്ജ് ഇക്കോണമി മിഷനിൽ തൊഴിൽദാതാക്കളെ പരിശീലിപ്പിക്കാൻ 59 വിദഗ്ധ സ്ഥാപനങ്ങളെയും 89 വിദഗ്ധരെയുംകൂടി ചേർത്തിട്ടുണ്ട്. വൈദ്യുത വാഹനങ്ങളുടെ സാങ്കേതികവിദ്യ വികസനത്തിനായി സി-ഡാക്, വി.എസ്.എസ്.സി., ടൈറ്റാനിയം, ടെസ്റ്റ്പാർക്, ഐസർ, Log9 സിസ്റ്റംസ് എന്നിവയുടെ സഹായത്തോടുകൂടി ഇ.വി. കൺസോർഷ്യം രൂപീകരിച്ചു. ബാറ്ററി സാങ്കേതികവിദ്യ, മോട്ടോർ സാങ്കേതികവിദ്യ, ഇലക്ട്രോണിക് കൺട്രോളർ സാങ്കേതികവിദ്യ എന്നീ മേഖലകളിൽ പ്രവർത്തനങ്ങളാരംഭിച്ചിട്ടുണ്ട്. ഡിജിറ്റൽ സർവ്വകലാശാലയുടെയും ഐ.സി.റ്റി. അക്കാദമി ഓഫ് കേരളയുടെയും സഹായത്തോടെ ബ്ലോക്ക് ചെയിൻ സാങ്കേതികവിദ്യയുടെ പരിശീലന പരിപാടികൾ നടന്നുവരുന്നു. നിർമ്മിത ബുദ്ധി, മെഷീൻ ലേണിംഗ്, റോബോട്ടിക് സാങ്കേതികവിദ്യ, ബ്ലോക്ക് ചെയിൻ, ഓഗ്മെന്റഡ് റിയാലിറ്റി, വെർച്വൽ റിയാലിറ്റി, ഡാറ്റ അനലറ്റിക്സ് എന്നീ മേഖലകളിൽ വിവിധ

സ്റ്റാർട്ടപ്പുകളുമായി ചേർന്നുകൊണ്ടാണ് എമർജിംഗ് ടെക്നോളജി ഇൻ ഗവണ്മെന്റ് എന്ന പരിപാടി നടപ്പാക്കുന്നത്. കേരള ജിനോം ഡാറ്റ സെന്റർ, മൈക്രോബയോം, ന്യൂട്രാസ്യൂട്ടിക്കൽസ് എന്നിവയിലെ മികവിന്റെ കേന്ദ്രങ്ങൾ, സ്മാർട്ട് കോഫി എന്നീ പദ്ധതികളിലും ഇതുപോലെ പ്രത്യേകം വിദഗ്ധ സ്ഥാപനങ്ങളെ ഏകോപിപ്പിച്ചുള്ള പ്രവർത്തനം നടന്നുവരുന്നു.

<u>ഫലാധിഷ്ഠിത മാനേജ്മെന്റ് സംവിധാനം നടപ്പാക്കാൻ</u>

കെ-ഡിസ്കിലെ ജീവനക്കാരുടെയും ഡിവിഷനുകളുടെയും പ്രവർത്തനങ്ങൾ ചിട്ടയായി നടത്താൻ ഫലാധിഷ്ഠിത മാനേജ്മെന്റ് സംവിധാനം നടപ്പാക്കിക്കൊണ്ടിരിക്കുന്നു. മുഴുവൻ ജീവനക്കാരുടെയും പ്രവർത്തനലക്ഷ്യങ്ങൾ മുൻകൂട്ടി നിശ്ചയിച്ച് ഇവയുടെ പുരോഗതി പരിശോധിച്ച് പോരായ്മകൾ പരിഹരിക്കാൻ പ്രത്യേക സംവിധാനങ്ങൾ ഉറപ്പാക്കിവരുന്നു. ഇതിനായി പ്രത്യേക ഐ.ടി. സങ്കേതങ്ങൾ കരുപിടിപ്പിച്ചിട്ടുണ്ട്. ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ കൂടുതൽ ആകർഷകമാക്കാൻ ശ്രമങ്ങൾ നടന്നുവരുന്നു. കെ-ഡിസ്ക് വഴി നിയോഗിച്ചിട്ടുള്ള ജീവനക്കാരെ ഇപ്പോൾ 2 വർഷത്തെ ദൈർഘ്യമുള്ള

കരാറിലാണ് നിയമിച്ചിട്ടുള്ളത്. ഇവർക്ക് ഇൻഷ്വറൻസ്, പി.എഫ്. ആനുകൂല്യങ്ങൾ എന്നിവ നടപ്പാക്കാൻ ശ്രമങ്ങളാരംഭിച്ചിട്ടുണ്ട്.

ഭരണനിർവ്വഹണം പ്രൊഫഷണലാക്കൽ

കെ-ഡിസ്കിലെ ഭരണനിർവ്വഹണം ചിട്ടപ്പെടുത്താൻ സമഗ്രമായ ഇ-ഗവേണൻസ് സംവിധാനങ്ങളാണ് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. ഡെവലപ്മെന്റ് ആൻഡ് ഇന്നൊവേഷൻ വകുപ്പിൽ ഫയലുകൾ കൈകാര്യം ചെയ്യുന്നത് പൂർണ്ണമായും ഇ-സർക്കാർ സംവിധാനം ഉപയോഗപ്പെടുത്തിയാണ്. മറ്റ് സർക്കാർ വകുപ്പുകളുമായുള്ള കത്തിടപാടുകൾ ഇപ്പോൾ പൂർണ്ണമായും ഇലക്ട്രോണിക് സംവിധാനത്തിലാക്കാനുള്ള ശ്രമങ്ങൾ നടന്നുവരുന്നു. കെ-ഡിസ്കിലെ ഫയൽ മാനേജ്മെന്റ് ഡി.ഡി.എഫ്.എസ്. എന്ന സങ്കേതം ഉപയോഗിച്ചാണ് നടത്തുന്നത്. ഇതിന്റെ നവീകരണം നടന്നുവരുന്നു. ഹാജർ സംവിധാനം സോഹോ പീപ്പിൾ എന്ന ആപ്ലിക്കേഷൻ ഉപയോഗിച്ചാണ് നടക്കുന്നത്.

## നിയോഗിക്കപ്പെട്ട ജീവനക്കാരുടെ കർത്തവ്യനിർവ്വഹണം മെച്ചപ്പെടുത്തൽ

നിലവിലുള്ള ജീവനക്കാരുടെ പ്രവർത്തന മികവ് ലക്ഷ്യമാക്കി പ്രത്യേക പരിശീലന പരിപാടികൾ തയ്യാറാക്കിവരുന്നു. സി.ഐ.ഐ., ജി-ടെക്, ഐ.സി.റ്റി. അക്കാദമി ഓഫ് കേരള, ഡിജിറ്റൽ സർവ്വകലാശാല, ഐ.ഐ.എം. കോഴിക്കോട് എന്നീ സ്ഥാപനങ്ങൾ വിവിധ പരിപാടികളിൽ പങ്കാളികളാണ്. ഇതോടൊപ്പം മികച്ച സ്റ്റാർട്ടപ്പുകളെയും അക്കാദമിക് ഗവേഷണ സ്ഥാപനങ്ങളെയും കെ-ഡിസ്കിന്റെ വിവിധ പരിപാടികളിൽ പങ്കാളികളാക്കിയിട്ടുണ്ട്. ഈ സ്ഥാപനങ്ങളുമായുള്ള ഏകോപനത്തിലൂടെ ജീവനക്കാരുടെ പ്രവർത്തനങ്ങൾ അടിക്കടി മെച്ചപ്പെടുത്താൻ സാധിക്കുന്നു.

## മെച്ചപ്പെട്ട പരിശോധന, വിലയിരുത്തൽ സംവിധാനം

വിവിധ വിഭാഗങ്ങളിലെ ലക്ഷ്യങ്ങളുടെ നിർവ്വഹണം ക്രമീകരിക്കുന്ന Key Result Area, Key Process Area പരിശോധനാ സംവിധാനം എന്നിവ സോഹോ പ്രോജക്ടസ് എന്ന സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ് നടക്കുന്നത്. അക്കൗണ്ടിംഗ്, ധനകാര്യ നിർവ്വഹണം എന്നിവ ടാലി സോഫ്റ്റ്‌വെയർ ഉപയോഗിച്ച് നടന്നുവരുന്നു. YIP, OLOI, ODOI എന്നീ ഇന്നൊവേഷൻ

പരിപാടികൾ പ്രത്യേകം ഐ.ടി. സംവിധാനങ്ങളുടെ സഹായത്തോടെയാണ് പ്രവർത്തനക്ഷമമായിട്ടുള്ളത്. മഞ്ചാടി, മഴവില്ല് എന്നീ വിദ്യാഭ്യാസ പരിപാടികളുടെ അദ്ധ്യയന പരിശീലന സംവിധാനം ബിട്രിക്സ് എന്ന സോഫ്റ്റ്‌വെയർ അടിസ്ഥാനമാക്കിയാണ് നടന്നുവരുന്നത്. കേരള നോളഡ്ജ് ഇക്കോണമി മിഷനിൽ ക്യൂറേഷൻ കൗൺസിലിംഗ് സങ്കേതങ്ങൾ, പരിശീലന സംവിധാനങ്ങൾ എന്നിവയെല്ലാം ഡിജിറ്റൽ സർവ്വകലാശാലയുടെ സംവിധാനത്തിലൂടെ ചിട്ടപ്പെടുത്തിയ ഡിജിറ്റൽ വർക്ക്ഫ്ലോ മാനേജ്മെന്റ് സിസ്റ്റം (DWMS) എന്ന പ്ലാറ്റ്ഫോമിന്റെ സഹായത്തോടെയാണ് നടന്നുവരുന്നത്. കെ-ഡിസ്ക്, കേരള നോളഡ്ജ് ഇക്കോണമി മിഷൻ എന്നീ പ്രവർത്തന മേഖലകളിലെ ഭരണനിർവ്വഹണ സംവിധാനങ്ങളുടെ ഗുണമേന്മ മെച്ചപ്പെടുത്താൻ ISO 9000, ISO 27000, ISO 56002 എന്നീ സ്റ്റാൻഡേർഡുകൾ നടപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്.

<u>അധിക വിഭവസമാഹരണത്തിനുള്ള ശ്രമങ്ങൾ</u>

സർക്കാരിന്റെ പദ്ധതി വിഹിതത്തിനുപുറമെ വിഭവങ്ങൾ കണ്ടെത്താൻ ശ്രമങ്ങൾ നടന്നുവരുന്നു. പൊതുമേഖല, സ്വകാര്യമേഖല സ്ഥാപനങ്ങളിൽനിന്ന് സി.എസ്.ആർ. ഫണ്ടിംഗ് കണ്ടെത്താൻ ശ്രമങ്ങളാരംഭിച്ചിട്ടുണ്ട്. ഇതിനായി ഇൻകം ടാക്സ് ആക്ടിന്റെ സെക്ഷൻ 12 A, 80G എന്നിവ അനുസരിച്ചുള്ള ഇളവുകൾ ലഭ്യമാക്കാനും FCRA രജിസ്ട്രേഷനുംവേണ്ടിയുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. സി.എസ്.ആർ. ഫണ്ട് സമാഹരിക്കുന്നതിലേയ്ക്കായി ഒരു പ്രത്യേക കർമ്മസംഘത്തെ നിയോഗിച്ചിട്ടുണ്ട്.

(ഡി) കെ-ഡിസ്ക് നടപ്പാക്കിവരുന്ന പ്രവൃത്തികളുടെ പുരോഗതി വ്യക്തമാക്കുന്ന വിശദ റിപ്പോർട്ട് അനുബന്ധമായി+ ചേർക്കുന്നു.

<u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: സർ, കേരള ചരിത്രത്തിൽ ഇന്നുവരെ കണ്ടിട്ടില്ലാത്ത വികസനത്തിന്റെ വസന്തം സൃഷ്ടിക്കലാണ് പിണറായി വിജയൻ സർക്കാർ കഴിഞ്ഞ 7 വർഷക്കാലമായി കിഫ്ബി വഴി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. അന്താരാഷ്ട്രനിലവാരമുള്ള റോഡുകൾ/ പാലങ്ങൾ, അതിമനോഹരങ്ങളായ സ്കൂൾ/ആശുപത്രി കെട്ടിടങ്ങൾ, സ്റ്റേഡിയങ്ങൾ, സാംസ്കാരിക സ്ഥാപനങ്ങൾ തുടങ്ങി കേരളത്തിന്റെ മുഖച്ഛായ മാറ്റിയ പദ്ധതികളാണ് നാടാകെ നടന്നുകൊണ്ടിരിക്കുന്നത്. ഇത് കേരളത്തിലെ ജനങ്ങൾ ഹൃദയത്തിലേറ്റിയ പദ്ധതികളാണ്. ഇത്തരം വികസനപ്രവർത്തനങ്ങൾ നടക്കുമ്പോൾ കേന്ദ്ര ഗവൺമെന്റ് പല തടസ്സങ്ങൾ സൃഷ്ടിക്കുന്നതായി കാണുന്നുണ്ട്. സംസ്ഥാന സർക്കാർ ഇതിനെ എങ്ങനെ മറികടക്കാനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഇത് രണ്ടും രണ്ടാണ്. സംസ്ഥാനത്ത് നടപ്പാക്കേണ്ട പദ്ധതികളാണ് കിഫ്ബി മുഖേന ചെയ്യുന്നത്. അത് നടപ്പാക്കുന്നതിനുള്ള അവകാശം നമുക്കുണ്ട്, അക്കാര്യം നടപ്പാക്കിവരികയുമാണ്. കേന്ദ്രസർക്കാർ സംസ്ഥാനത്തിന്റെ വികസനത്തിനുതകുന്ന നടപടികളിൽ നിഷേധാത്മക സമീപനം

സ്വീകരിക്കുന്നത് കിഫ്ബി പദ്ധതികളെ ബാധിക്കുന്നതല്ല. എന്നാൽ മറ്റ് പദ്ധതികൾക്ക് കേന്ദ്രസർക്കാരിന്റെ അനുമതി ആവശ്യമാണ്. അക്കാര്യത്തിലുള്ള സമീപനം കേന്ദ്രസർക്കാർ തിരുത്തേണ്ടതാണെന്ന് പല പ്രാവശ്യം ആവശ്യപ്പെട്ടിട്ടുള്ളതാണ്.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, സംസ്ഥാനത്ത് പുതിയ പദ്ധതികൾ ഏറ്റെടുക്കുന്നതിനുള്ള ധനസമാഹരണത്തിന് കിഫ്ബി ഇപ്പോൾ എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിച്ചിട്ടുള്ളത്; പദ്ധതി തുടർന്നുകൊണ്ടുപോകാൻ എന്തെല്ലാം കാര്യങ്ങളാണ് ചെയ്യാനുദ്ദേശിക്കുന്നത്?

ശ്രീ. പിണറായി വിജയൻ: സർ, കിഫ്ബി നല്ല വിശ്വാസ്യതയിലാണ് പ്രവർത്തിക്കുന്നത്. സംസ്ഥാന സർക്കാരിന്റെ പൊതുവായ പ്രവർത്തനത്തിന് കേന്ദ്രസർക്കാരിന്റെ സമീപനം തടസ്സം സൃഷ്ടിക്കുന്നുവെന്ന് ഞാൻ നേരത്തെ സൂചിപ്പിക്കുകയുണ്ടായി. അതിൽ പ്രധാനപ്പെട്ട ഒന്നാണ് കിഫ്ബി മുഖേനയെടുക്കുന്ന വായ്പ, സംസ്ഥാന സർക്കാരിന്റെ കടമെടുപ്പായി

കണക്കാക്കണമെന്ന വ്യവസ്ഥ. ഈയടുത്ത ദിവസം മറ്റൊരു വാർത്തയും ശ്രദ്ധയിൽപ്പെടുകയുണ്ടായി, ഞാനത് നേരത്തെ ചൂണ്ടിക്കാണിച്ചതുമാണ്. പക്ഷേ ഇപ്പോൾ ഔദ്യോഗികമായിത്തന്നെ ആ വാർത്തകൾ വന്നുകഴിഞ്ഞു. കേന്ദ്രസർക്കാർ നടപ്പാക്കുന്ന പദ്ധതികൾക്കുവേണ്ടി നാഷണൽ ഹൈവേ അതോറിറ്റി പോലുള്ള ഏജൻസികളെടുക്കുന്ന വായ്പകളെ കേന്ദ്രസർക്കാരിന്റെ വായ്പയായി കണക്കാക്കുന്നില്ല. കേന്ദ്രസർക്കാരിന് അങ്ങനെയാകാം. എന്നാൽ കിഫ്ബിയെടുക്കുന്ന വായ്പ സംസ്ഥാന സർക്കാരിന്റെ വായ്പയായി കണക്കാക്കുമെന്ന നിലപാടാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഇത് പക്ഷപാതപരമായ നിലപാടും സംസ്ഥാനത്തോടുള്ള അങ്ങേയറ്റത്തെ ക്രൂരമായ അവഗണനയുടെ ഭാഗവും കൂടിയാണ്.

<u>ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ</u>: സർ, കേരളത്തിന്റെ വികസനക്കുതിപ്പിന് നേതൃത്വം നൽകിയ ഏറ്റവും പ്രധാനപ്പെട്ട പദ്ധതിയാണ് കിഫ്ബി. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അംഗീകാരം നൽകി കിഫ്ബി സഹായത്തോടെ നടപ്പാക്കിവരുന്ന പദ്ധതിയാണ് 'വെസ്റ്റ് കോസ്റ്റ് കനാൽ പ്രോജക്ട്'. കനാലുകൾ നവീകരിച്ചുകൊണ്ട് കേരളത്തിന്റെ തെക്കേയറ്റം മുതൽ

കാസർഗോഡ് വരെ ഉൾനാടൻ ജലഗതാഗതം സാധ്യമാക്കുന്ന ഈ പദ്ധതിയുടെ നിലവിലെ പ്രവർത്തനവും പുരോഗതിയും അറിയിക്കാമോ?

ശ്രീ. പിണറായി വിജയൻ: സർ, പ്രസ്തുത പദ്ധതി നല്ല രീതിയിൽത്തന്നെ മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുകയാണ്. അതിന്റെ ആദ്യഭാഗമായ ഇവിടെനിന്നും ചേറ്റുവ വരെയുള്ളത് ഈ ഡിസംബർ മാസത്തോടെ ഗതാഗതയോഗ്യമാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. അതിനുതകുന്ന നടപടികളുമായി അതിവേഗതയിൽ ബന്ധപ്പെട്ടവർ മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുകയാണ്.

ശ്രീ. പി. പി. സുമോദ്: സർ, കിഫ്ബിപോലെ മികവുറ്റ ഒരു പ്രൊഫഷണൽ സ്ഥാപനമായ കെ-ഡിസ്ക് രൂപംനൽകിയ ഇലക്ട്രിക് വെഹിക്കിൾ (ഇ.വി.) കൺസോർഷ്യത്തിന്റെ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

ശ്രീ. പിണറായി വിജയൻ: സർ, വിശദമായൊരു ചോദ്യമാണിത്. ഇലക്ട്രിക് വെഹിക്കിൾ പോളിസി ഇന്ത്യയിലാദ്യമായി പ്രഖ്യാപിച്ചത് നമ്മുടെ സംസ്ഥാനമാണ്. അതിന്റെ നയരൂപീകരണത്തിനുള്ള ഉത്തരവാദിത്വം

സർക്കാർ കെ-ഡിസ്കിനെയാണ് ഏൽപ്പിച്ചിരുന്നത്. ഇതിന്റെ തുടർച്ചയായി 2021 നവംബർ 25-ന് കേരളത്തിലെ പൊതുമേഖലാസ്ഥാപനങ്ങളായ കെ-ഡിസ്ക്, ട്രാവൻകൂർ ടൈറ്റാനിയം പബ്ലിക് ലിമിറ്റഡ്, തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജ് തുടങ്ങിയവ ചേർന്ന് രൂപീകരിച്ച ഗവേഷണ സംവിധാനമായ ടെസ്റ്റ്പാർക്കും കേന്ദ്ര പൊതുമേഖലാസ്ഥാപനങ്ങളായ സി-ഡാക്, വി.എസ്.എസ്.സി. തുടങ്ങിയവയും ചേർന്ന് ഒരു ഇലക്ട്രിക് വെഹിക്കിൾ കൺസോർഷ്യം രൂപീകരിക്കുകയുണ്ടായി. ലിഥിയം ടൈറ്റനേറ്റ് ബാറ്ററികൾ, ബാറ്ററി പ്രവർത്തനം നിയന്ത്രിക്കുന്ന ബാറ്ററി മാനേജ്മെന്റ് സംവിധാനങ്ങൾ, വാഹനങ്ങൾ ഓടിക്കുന്ന മോട്ടോറുകൾ, അവയുടെ നിയന്ത്രണ സംവിധാനങ്ങളടങ്ങുന്ന പവർ ഡ്രൈവുകൾ, ഇലക്ട്രിക് വെഹിക്കിളുകളുടെ പരിശോധനയ്ക്കാവശ്യമായ ടെസ്റ്റിംഗ് സൗകര്യങ്ങൾ തുടങ്ങിയവയെല്ലാം സൃഷ്ടിക്കുകയെന്നതായിരുന്നു ഇ.വി. കൺസോർഷ്യത്തിന്റെ ലക്ഷ്യം. 2022-23 വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള ഇലക്ട്രിക് പാർക്കിൽ എത്രയും പെട്ടെന്ന് ലിഥിയം ബാറ്ററി നിർമ്മാണത്തിനുള്ള സംവിധാനങ്ങൾ ആരംഭിക്കാൻ കെ.എസ്.ഐ.ഡി.സി.

(കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ)-യും കെ-ഡിസ്കും ചേർന്ന് മുൻകൈയെടുക്കുന്നതാണ്. ഗതാഗത-വ്യവസായ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് ഡീസലും പെട്രോളും ഉപയോഗിച്ച് പ്രവർത്തിക്കുന്ന ഓട്ടോറിക്ഷകളിലെ നിലവിലുള്ള യന്ത്രസംവിധാനം മാറ്റി ബാറ്ററിയും മോട്ടോറും ഘടിപ്പിക്കുന്നതിനുള്ള റിട്രോഫിറ്റിംഗ് പ്രോജക്ട് ഏറ്റെടുക്കുന്നതിനുള്ള കർമ്മപരിപാടി തയ്യാറാക്കിക്കഴിഞ്ഞിട്ടുണ്ട്. ലിഥിയം ടൈറ്റനേറ്റ് ബാറ്ററികൾ ചാർജ്ജ് ചെയ്ത് ലഭ്യമാക്കുന്ന ബാറ്ററി സ്വാപ്പിംഗ് സ്റ്റേഷനുകൾകൂടി നിലവിൽ വന്നാലേ ഈ സംവിധാനം പൂർണ്ണമാകൂ. ഇതിനുവേണ്ടി ത്വരിതഗതിയിൽ കർമ്മപരിപാടികൾ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. സി-ഡാക് ഇതിനകം വികസിപ്പിച്ചെടുത്ത ബാറ്ററി മാനേജ്മെന്റ് സിസ്റ്റം എത്രയും പെട്ടെന്ന് ഉൽപ്പാദനക്ഷമമാക്കാൻ ആലോചിക്കുന്നുണ്ട്. വിവിധ എഞ്ചിനീയറിംഗ് കോളേജുകളുടെയും ടെസ്റ്റ്പാർക്കിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ ഡി.സി. മോട്ടോറുകളും നിയന്ത്രണ സംവിധാനങ്ങളും വികസിപ്പിക്കാൻ ഒരു തീവ്രയജ്ഞം ഏറ്റെടുക്കാനും ഉദ്ദേശിക്കുന്നു. ഈ പ്രവർത്തനത്തെ

ദ്രുതഗതിയിൽ മുന്നോട്ടുകൊണ്ടുപോയാൽ ഇലക്ട്രിക് വെഹിക്കിൾ മേഖലയിൽ ഇന്ത്യയിലെ പ്രഥമസ്ഥാനം കൈവരിക്കാൻ നമ്മുടെ സംസ്ഥാനത്തിന് കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: സർ, 20 ലക്ഷം അഭ്യസ്തവിദ്യരായ യുവാക്കൾക്ക് തൊഴിൽ നൽകുന്നതിന് കെ-ഡിസ്ക് ഏറ്റെടുത്തിട്ടുള്ള കേരള നോളഡ്ജ് ഇക്കോണമി മിഷൻ - വർക്ക് ഫ്രം ഹോം പരിപാടി തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

ശ്രീ. പിണറായി വിജയൻ: സർ, സംസ്ഥാനത്തെ വിദ്യാസമ്പന്നരായ തൊഴിൽരഹിതർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കാനാണ് കേരള നോളഡ്ജ് ഇക്കോണമി മിഷൻ മുൻകൈയെടുക്കുന്നത്. തൊഴിലന്വേഷകരെയും തൊഴിൽദായകരെയും നൈപുണ്യപരിശീലന ഏജൻസികളെയും ഒരു ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ ഒരുമിച്ചുകൊണ്ടുവരാൻ കേരള നോളഡ്ജ് ഇക്കോണമി മിഷന് സാധിച്ചിട്ടുണ്ട്. ഇതിനായി ഡിജിറ്റൽ യൂണിവേഴ്സിറ്റി നിർമ്മിച്ചുനൽകിയ ഡിജിറ്റൽ വർക്ക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം സോഫ്റ്റ്വെയർ ആപ്ലിക്കേഷന് ബഹുമാനപ്പെട്ട രാഷ്ട്രപതിയുടെ

പ്ലാറ്റിനം പുരസ്കാരം ലഭിച്ചിട്ടുണ്ട്. തൊഴിലന്വേഷകരായ 1422236 പേർ ഇതിനകം ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 566640 ഒഴിവുകൾ 4264 തൊഴിൽദായകരിലൂടെ ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്. 929021 ഉദ്യോഗാർത്ഥികൾ ഇതിനകം തൊഴിലിന് അപേക്ഷിക്കുകയുണ്ടായി. 59695 തൊഴിലവസരങ്ങൾ ഈ പ്ലാറ്റ്ഫോം വഴി ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ട്. വിദ്യാസമ്പന്നർക്ക് തൊഴിൽ നൽകുന്ന പരിപാടി ദ്രുതഗതിയിൽ മുന്നോട്ടുകൊണ്ടുപോകുന്നതിന് കെ-ഡിസ്ക് 'വർക്ക് നിയർ ഹോം' എന്ന പരിപാടി ആവിഷ്കരിച്ചിട്ടുണ്ട്. ഇതിനുള്ള നിർദ്ദേശം 2021-22-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുൻകൈയെടുത്ത് കിഫ്ബിയുടെ സാമ്പത്തിക സഹായത്തോടെയാണ് ഈ പരിപാടി നടപ്പാക്കിയത്. പുതിയ ഫ്രീലാൻസ് തൊഴിലവസരങ്ങൾക്കായി ഹാർവാർഡ് സർവ്വകലാശാലയുടെ ഇന്നൊവേഷൻ വകുപ്പിന്റെ സഹായത്തോടുകൂടി ഡിജിറ്റൽ യൂണിവേഴ്സിറ്റിയും ഐ.സി.റ്റി. അക്കാദമിയും ചേർന്ന് ഒരു മികവിന്റെ കേന്ദ്രം തയ്യാറാക്കാനുള്ള നടപടിയും ആരംഭിച്ചിട്ടുണ്ട്.

ശ്രീ. നജീബ് കാന്തപുരം: സർ, ബഹുമാന്യനായ മുഖ്യമന്ത്രി ഉത്തരത്തിൽ പറഞ്ഞതുപോലെ, കിഫ്ബിയുടെ ബോറോയിംഗ് പരിധി ബഡ്ജറ്റ് സീലിംഗിനകത്ത് വരുന്നൊരു സാഹചര്യമുണ്ടായിട്ടുണ്ട്. ഇതുകാരണം സംസ്ഥാനത്തിന്റെ കടം ഭീമമായി വർദ്ധിച്ചുവരുന്നതായി ബഹുമാന്യനായ മുഖ്യമന്ത്രി സൂചിപ്പിക്കുകയുണ്ടായി. കിഫ്ബിയുടെ നേതൃത്വത്തിൽ സംസ്ഥാനത്ത് ഇപ്പോൾ വലിയതോതിൽ സ്വകാര്യ ഭൂമികൾ ഏറ്റെടുക്കുന്നതായി അറിയാൻ സാധിച്ചു. എത്ര ഹെക്ടർ സ്ഥലമാണ് ഇങ്ങനെ ഏറ്റെടുക്കുന്നത്; ഏത് പദ്ധതികൾക്കുവേണ്ടിയാണ് സർക്കാർ ഈ ഭൂമി ഏറ്റെടുക്കാൻ ആലോചിക്കുന്നത്?

ശ്രീ. പിണറായി വിജയൻ: സർ, വിവിധ പദ്ധതികൾക്കായുള്ള ഭൂമി ഏറ്റെടുക്കൽ നടക്കുന്നുണ്ടെന്ന് മുൻ ഉത്തരത്തിൽ പറയുകയുണ്ടായി. ഓരോ പദ്ധതിയുടെയും ഭാഗമായുള്ള ഭൂമി ഏറ്റെടുക്കലാണ് നടക്കുന്നത്. അതുസംബന്ധിച്ച വിശദാംശങ്ങൾ ഇപ്പോൾ കൈവശമില്ല.

ശ്രീ. എം. വിൻസെന്റ്: സർ, കെ-ഡിസ്ക് വഴി നടത്തുന്ന നിയമനങ്ങളെക്കുറിച്ചാണ് ചോദിക്കാനുള്ളത്. സാധാരണയായി

പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയാണ് നിയമനങ്ങൾ നടത്തേണ്ടത്. എന്നാൽ ഇപ്പോൾ മറ്റേതോ ഏജൻസി വഴിയാണ് കെ-ഡിസ്ക് നിയമനങ്ങൾ നടത്തുന്നതെന്നാണ് അറിയാൻ സാധിച്ചത്. പ്രസ്തുത നിയമനങ്ങൾ ഇപ്പോൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയാണോ നടത്തുന്നത്; അതുവഴിയല്ലാതെ നടത്തുന്ന നിയമനങ്ങൾക്ക് നിയമസാധുതയുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, കെ-ഡിസ്ക് നടത്തുന്ന നിയമനങ്ങൾ വളരെ സുതാര്യമാണ്. ധാരാളം പ്രൊഫഷണലുകൾ അതിന്റെ ഭാഗമായി ജോലി ചെയ്യുന്നുണ്ട്. ഇതിനകം, കേരളത്തിലെ ഏറ്റവും നല്ലൊരു പ്രൊഫഷണൽ സ്ഥാപനമായി അത് മാറിക്കഴിഞ്ഞിട്ടുണ്ട്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, കിഫ്ബി പദ്ധതികളെക്കുറിച്ചാണ് അങ്ങിവിടെ മറുപടി നൽകിയത്, എന്നാൽ ചോദ്യത്തിന്റെ ശീർഷകം കെ-ഡിസ്കിനെക്കുറിച്ചാണ്. ഞാൻ കിഫ്ബി പദ്ധതിയെക്കുറിച്ചാണ് ചോദിക്കുന്നത്. കേരളത്തിലെ പ്രമുഖ ആദിവാസി കേന്ദ്രമായ അട്ടപ്പാടിയിലേയ്ക്കുള്ള റോഡ് 6 വർഷംമുമ്പ് കിഫ്ബി ഏറ്റെടുത്തെങ്കിലും

ഇന്നുവരെ പ്രവൃത്തി ആരംഭിച്ചിട്ടില്ല. ഇതിനായി കിഫ്ബിയിൽ 15 യോഗങ്ങളെങ്കിലും ചേരുകയുണ്ടായി. കിഫ്ബി പദ്ധതിയുടെ നിലവിലെ അവസ്ഥയാണിത്. ഇക്കാര്യത്തിൽ അങ്ങ് ഇടപെടുമോ; അട്ടപ്പാടി റോഡിന്റെ പ്രവൃത്തി എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ശ്രീ. പിണറായി വിജയൻ: സർ, ഈ ചോദ്യത്തിന്റെ ഹെഡ്ഡിംഗ് "കെ-ഡിസ്കിനെ പ്രൊഫഷണൽ സ്ഥാപനമാക്കി മാറ്റുവാൻ നടപടി" എന്നാണ്. പക്ഷേ അതിലെ ആദ്യത്തെ ചോദ്യം, "മുൻസർക്കാരിന്റെ കാലത്ത് ആവിഷ്കരിച്ച് നടപ്പാക്കിയ കിഫ്ബി പദ്ധതി സംസ്ഥാനത്തിന്റെ പശ്ചാത്തല വികസനം വേഗത്തിലാക്കുന്നതിൽ വഹിച്ച പങ്ക് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;"എന്നാണ്. അതിനാണ് ഞാൻ മറുപടി പറഞ്ഞത്. 'സി', 'ഡി' പിരിവുകളിലാണ് കെ-ഡിസ്കിനെക്കുറിച്ച് ചോദിച്ചിരിക്കുന്നത്. നമ്മുടെ സംസ്ഥാനത്തെ സാധാരണഗതിയിലുള്ള പ്രവർത്തനത്തിന്റെ ക്വാളിറ്റി മെച്ചപ്പെടുത്താനുള്ള ഇടപെടൽകൂടി കിഫ്ബി നടത്തുന്നുണ്ട്. അത് വെറും ക്വാളിറ്റി പരിശോധന മാത്രമല്ല, അതുമായി ബന്ധപ്പെട്ടവർക്ക് പരിശീലനം നൽകുന്ന പരിപാടി ഉൾപ്പെടെയുണ്ട്. ഇതിന് വിധേയമായി

നിശ്ചിത ക്വാളിറ്റിയില്ലാത്ത കാര്യങ്ങൾക്ക് നിയന്ത്രണങ്ങൾ വരുന്നുണ്ട്. അതിന്റെ ഭാഗമായി ചില പദ്ധതികളിൽ തടസ്സങ്ങളും നേരിട്ടിട്ടുണ്ട്. പക്ഷേ അത് കിഫ്ബിയുടെ കുറ്റംകൊണ്ടല്ല. ബന്ധപ്പെട്ട പ്രവൃത്തി നടത്തേണ്ടവർ അതിനനുസരിച്ച് മാറണമെന്നുള്ളതാണ്. ആ മാറ്റം വരുത്താതെ സമ്മർദ്ദങ്ങൾക്ക് വഴങ്ങിക്കൊടുക്കുന്ന നിലപാട് കിഫ്ബി സ്വീകരിക്കില്ല. ക്വാളിറ്റി വളരെ പ്രധാനമാണെന്ന നിലപാടാണ് സ്വീകരിച്ചുപോകുന്നത്.

ശ്രീ. ലിന്റോ ജോസഫ്: സർ, ആനക്കാംപൊയിൽ-കള്ളാടി-മേപ്പാടി തുരങ്കപാത കിഫ്ബി പദ്ധതിയിലുൾപ്പെടുന്ന ഏറ്റവും പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. തുരങ്കപാതയുടെ സ്ഥലമെടുപ്പുൾപ്പെടെയുള്ള പ്രവൃത്തികൾ അതിവേഗത്തിൽ മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുകയാണ്. ടണലിന്റെ പ്രവൃത്തി എന്ന് ആരംഭിക്കും; പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതിയെക്കുറിച്ച് വിശദമാക്കാമോ?

ശ്രീ. പിണറായി വിജയൻ: സർ, പ്രസ്തുത ടണൽ കേരളമാകെ വളരെ പ്രതീക്ഷയോടെ ഉറ്റുനോക്കുന്ന ഒന്നാണ്. അതുമായി ബന്ധപ്പെട്ട സാങ്കേതിക

കാര്യങ്ങൾ പൂർത്തീകരിക്കപ്പെടണം. പ്രസ്തുത പ്രവൃത്തി ഉടൻ ആരംഭിക്കുന്നതാണ്.

**തെരുവുനായ ശല്യം നിയന്ത്രിക്കുന്നതിന് നടപടി**

2 (*2) ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആക്രമണകാരികളായ തെരുവുനായ്ക്കളുടെ ശല്യം ഒഴിവാക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കാൻ കഴിയാത്തതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ;

(ബി) തെരുവുനായ്ക്കളുടെ വന്ധ്യംകരണ പദ്ധതി തെരുവുനായ നിയന്ത്രണത്തിന് പര്യാപ്തമല്ലെന്നത് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(സി) ആക്രമണകാരികളായ തെരുവുനായ്ക്കളെ കൊല്ലണമെന്ന നിർദ്ദേശമുണ്ടായിട്ടുണ്ടോ; എങ്കിൽ ആയതിന് സ്വീകരിച്ച നടപടി വ്യക്തമാക്കാമോ;

(ഡി) തെരുവുനായ ശല്യത്തിന് ശാശ്വതപരിഹാരം കാണുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, (എ) നിലവിലുള്ള കേന്ദ്ര നിയമ വ്യവസ്ഥകൾക്കുള്ളിൽ നിന്നുകൊണ്ട് സംസ്ഥാനത്തെ തെരുവുനായ ശല്യം ഒഴിവാക്കുന്നതിന് ഫലപ്രദമായ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

(ബി) തെരുവുനായ്ക്കളുടെ നിയന്ത്രണത്തിന് 10-03-2023-ന് കേന്ദ്രം പുറപ്പെടുവിച്ച 2023-ലെ ആനിമൽ ബർത്ത് കൺട്രോൾ ചട്ടങ്ങൾ ഉൾപ്പെടെയുള്ള നിലവിലുള്ള നിയമവ്യവസ്ഥകൾ പ്രകാരമുള്ള വന്ധ്യംകരണ പദ്ധതിയാണ് മുന്നോട്ടുവച്ചിട്ടുള്ളത്.

(സി) ആക്രമണകാരികളായ തെരുവുനായ്ക്കളെ കൊല്ലണമെന്ന നിർദ്ദേശം ലഭ്യമായിട്ടില്ല. 2023-ലെ ആനിമൽ ബർത്ത് കൺട്രോൾ ചട്ടങ്ങളിലെ ചട്ടം 15(1) പ്രകാരം മാരകമായി മുറിവേറ്റതോ ഭേദമാക്കാനാകാത്ത അസുഖമുള്ളതോ ആയ നായ്ക്കളെ ദയാവധത്തിന് വിധേയമാക്കാവുന്നതാണ്. ആക്രമണകാരികളായ നായ്ക്കളുള്ള പ്രദേശങ്ങളിലെ ജനങ്ങൾ ഡിസ്ട്രിക്ട് മജിസ്ട്രേറ്റ് മുമ്പാകെ പരാതി സമർപ്പിക്കുകയാണെങ്കിൽ CrPC 133(1)(f) പ്രകാരമുള്ള നടപടികളും സ്വീകരിക്കാവുന്നതാണ്.

(ഡി) തെരുവുനായ്ക്കളുടെ വംശവർദ്ധനവ് നിയന്ത്രിക്കുന്നതിനുള്ള പദ്ധതിയാണ് ആനിമൽ ബർത്ത് കൺട്രോൾ (എ.ബി.സി.) പദ്ധതി. ആയത് ഊർജ്ജിതപ്പെടുത്തുന്നതിനുവേണ്ടി വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനപ്രകാരം 23-08-2022-ൽ സ.ഉ.(സാധാ) 2065/2022/തസ്വഭവ നമ്പരായി തദ്ദേശസ്വയംഭരണ വകുപ്പ് ഉത്തരവ് പുറപ്പെടുവിക്കുകയും 15-09-2022-ലെ സ.ഉ.(സാധാ) 2244/2022/തസ്വഭവ, 29-09-2022-ലെ സ.ഉ.(സാധാ) 2376/2022/തസ്വഭവ എന്നീ നമ്പർ സർക്കാർ ഉത്തരവുകൾപ്രകാരം അടിയന്തര തുടർനടപടികൾ

സ്വീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അടിയന്തര പ്രാധാന്യത്തോടെത്തന്നെ ഈ വിഷയം കൈകാര്യം ചെയ്യുകയും പ്രതിരോധ പരിപാടികൾ ഊർജ്ജിതപ്പെടുത്തുകയും വാക്സിനേഷൻ ഡ്രൈവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തെരുവുനായ്ക്കളുടെ തീവ്ര വാക്സിനേഷൻ യജ്ഞം നടത്തുകയും ശുചിത്വ യജ്ഞം സംഘടിപ്പിക്കുകയും ഐ.ഇ.സി. ക്യാമ്പയിൻ സംഘടിപ്പിക്കുകയും സ്കൂളുകളുമായി ബന്ധപ്പെട്ട് പ്രത്യേക ബോധവത്കരണ ക്യാമ്പയിൻ നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരം പ്രവർത്തനങ്ങൾക്കായി സംസ്ഥാനതലത്തിലും ജില്ലാതലത്തിലും തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിലും കമ്മിറ്റികൾ രൂപീകരിക്കുന്നതിന് ഉത്തരവാകുകയും ഓരോ കമ്മിറ്റിയുടെയും ഉത്തരവാദിത്വങ്ങൾ വിശദമാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ കൂടുതൽ എ.ബി.സി. കേന്ദ്രങ്ങൾ സജ്ജീകരിച്ച് പ്രാവർത്തികമാക്കുന്നതിനും വാക്സിനേഷൻ യജ്ഞം നടപ്പാക്കുന്നതിനുമായി പദ്ധതി രൂപീകരണം/പുതുക്കലിന് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

<u>ശ്രീ. പി. അബ്ദുൽ ഹമീദ്:</u> സർ, സംസാരശേഷി തീരെ കുറവായ നിഹാൽ എന്ന പതിനൊന്നുകാരനെ കടിച്ചുകീറിയ തെരുവുനായ്ക്കൾ, ഏതുസമയത്തും എവിടെവച്ചും തെരുവുനായ്ക്കളുടെ കൂട്ടത്തോടെയുള്ള ആക്രമണം പ്രതീക്ഷിക്കുന്ന നാട്ടിൻപുറങ്ങളും നഗരപ്രദേശങ്ങളും, വിദ്യാലയങ്ങളിലേയ്ക്ക് കുട്ടികളെ അയയ്ക്കാൻ ഭയപ്പെടുന്ന രക്ഷിതാക്കൾ എന്നിങ്ങനെയാണ് നമ്മുടെ നാട്ടിലെ നിലവിലെ അവസ്ഥ. ഒരു നായയെ പിടികൂടി വന്ധ്യംകരണം നടത്തി തുടർപരിചരണവും വാക്സിനും നൽകി പുറത്തുവിടാൻ ഏകദേശം രണ്ടായിരം രൂപ ചെലവ് വരുമെന്നാണ് കണക്കാക്കുന്നത്. നായ്ക്കളുടെ എണ്ണത്തിനനുസരിച്ച് ഇങ്ങനെ ചെയ്യാൻ ഒട്ടുമിക്ക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും സാമ്പത്തികമായി കഴിയുന്നില്ല. ഇതിനായി സർക്കാർ ഏതെങ്കിലും തരത്തിലുള്ള ധനസഹായം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായി പ്രത്യേക ധനസഹായ പാക്കേജ് അനുവദിക്കുമോ; തെരുവുനായ്ക്കളുടെ വന്ധ്യംകരണത്തിനായി ബ്ലോക്കുതലത്തിൽ എ.ബി.സി. കേന്ദ്രങ്ങൾ ആരംഭിക്കുമെന്ന പ്രഖ്യാപനം നടപ്പാക്കിയിട്ടുണ്ടോ?

<u>ശ്രീ. എം. ബി. രാജേഷ്</u>: സർ, എ.ബി.സി. കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് സർക്കാർ ധനസഹായ പാക്കേജ് അനുവദിക്കേണ്ട കാര്യമില്ല; ഇത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വമാണ്. മൃഗസംരക്ഷണ വകുപ്പും ഈ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. പണമില്ലാത്തതല്ല നിലവിലെ പ്രശ്നം. 2022-23 സാമ്പത്തിക വർഷത്തിൽ എ.ബി.സി. കേന്ദ്രങ്ങൾക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 36.40 കോടി രൂപ വകയിരുത്തിയിട്ടുണ്ടെങ്കിലും 10.90 കോടി രൂപ മാത്രമേ ചെലവഴിക്കാൻ സാധിച്ചിട്ടുള്ളൂ. തെരുവുനായ പ്രശ്നം രൂക്ഷമാകുന്നത് കണക്കിലെടുത്തും സർക്കാരിന്റെ ഇടപെടലിന്റെയും നിർദ്ദേശത്തിന്റെയും അടിസ്ഥാനത്തിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 2023-24 സാമ്പത്തിക വർഷത്തിൽ പദ്ധതി രൂപീകരിച്ചപ്പോൾ എ.ബി.സി. കേന്ദ്രങ്ങൾക്കുള്ള തുക 50.14 കോടി രൂപയായി വർദ്ധിപ്പിച്ചു. നിലവിൽ 22 എ.ബി.സി. കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. 16 കേന്ദ്രങ്ങൾ നിർമ്മാണത്തിലും 14 കേന്ദ്രങ്ങൾ തുടങ്ങുന്നതിന് സ്ഥലം നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ ആകെ 52 എ.ബി.സി. കേന്ദ്രങ്ങൾ

ആരംഭിക്കാനാകും. രണ്ട് ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഒരു എ.ബി.സി. കേന്ദ്രമെന്ന നിലയിലാണ് സർക്കാർ തീരുമാനിച്ചത്. അതനുസരിച്ച് 76 എ.ബി.സി. കേന്ദ്രങ്ങൾ ആരംഭിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട അംഗത്തിന്റെയും സഭയിലെ എല്ലാ അംഗങ്ങളുടെയും ശ്രദ്ധ ക്ഷണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. പണമില്ലാത്തതല്ല പ്രശ്നം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പണം നീക്കിവച്ചിട്ടും എ.ബി.സി. കേന്ദ്രങ്ങൾ ആരംഭിക്കാൻ കഴിയാത്തതിന് രണ്ട് പ്രധാനപ്പെട്ട തടസ്സങ്ങളാണുള്ളത്. കേന്ദ്ര സർക്കാർ 2001-ൽ ആവിഷ്കരിച്ചതും 2023-ൽ പുതുക്കിയതുമായ ആനിമൽ ബർത്ത് കൺട്രോൾ ചട്ടങ്ങളാണ് അതിലൊന്ന്. അതിലെ വ്യവസ്ഥകൾ അങ്ങേയറ്റം കർശനവും പലതും അപ്രായോഗികവുമാണ്. എ.ബി.സി. കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് സഹായിക്കുന്നതിനേക്കാൾ ആരംഭിക്കാതിരിക്കാൻ ഇടയാക്കുന്നവയാണ് പ്രസ്തുത ചട്ടങ്ങൾ. അതുമായി ബന്ധപ്പെട്ട ഒന്നുരണ്ട് കാര്യങ്ങൾ മാത്രം ഞാൻ ചൂണ്ടിക്കാണിക്കാം. ഒരു എ.ബി.സി. കേന്ദ്രം ആരംഭിക്കണമെങ്കിൽ രണ്ടായിരം സർജറിയെങ്കിലും നടത്തിയിട്ടുള്ള ഒരു ഡോക്ടറുണ്ടാകണം,

അങ്ങനെയല്ലെങ്കിൽ ആ കേന്ദ്രത്തിന് അനുമതി നൽകില്ലെന്നതാണ് ചട്ടത്തിലെ ഒരു വ്യവസ്ഥ. തെരുവുനായ്ക്കളുടെ വന്ധ്യംകരണം നേരത്തെ കുടുംബശ്രീ മുഖേന ഇവിടെ ഫലപ്രദമായി നടത്തിവന്നതാണ്. കുടുംബശ്രീ എട്ട് ജില്ലകളിൽ വന്ധ്യംകരണം നടത്തിയപ്പോഴാണ് ഏറ്റവും കൂടുതൽ തെരുവുനായ്ക്കൾ വന്ധ്യംകരിക്കപ്പെട്ടത്. പക്ഷേ ഈ ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ, ആനിമൽ വെൽഫെയർ ബോർഡ് ഓഫ് ഇന്ത്യ കുടുംബശ്രീ മുഖേന വന്ധ്യംകരണം നടത്തുന്നതിനുള്ള അംഗീകാരം പിൻവലിച്ചത് വന്ധ്യംകരണപ്രവർത്തനങ്ങളെ ബാധിച്ചിട്ടുണ്ട്. ഈ ചട്ടപ്രകാരം സർക്കാരിന് ചെയ്യാവുന്ന ഏക കാര്യം വന്ധ്യംകരണം മാത്രമാണ്, മറ്റൊന്നും ചെയ്യാനാകില്ല. വളരെ വിചിത്രമായ വ്യവസ്ഥകളാണ് ഈ ചട്ടത്തിലുള്ളത്. പ്രസ്തുത ചട്ടങ്ങളിൽ ഇളവുവേണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. പോസ്റ്റ്/പ്രീ ഓപ്പറേറ്റീവ് കെയർ, എ.ബി.സി. കേന്ദ്രങ്ങളിൽ സി.സി.ടി.വി. സ്ഥാപിച്ച് റെക്കോർഡുകൾ ഒരു മാസം സൂക്ഷിക്കുക, ഒരു കമ്മിറ്റി രൂപീകരിച്ച് നീക്കം ചെയ്യുന്ന അവയവങ്ങൾ രണ്ടാഴ്ച കൂടുമ്പോൾ എണ്ണി തിട്ടപ്പെടുത്തുക, അത് പ്രത്യേക രീതിയിൽ

സൂക്ഷിക്കുക തുടങ്ങി വളരെ വിചിത്രവും അപ്രായോഗികവുമായ വ്യവസ്ഥകൾ ഇതിലടങ്ങിയിട്ടുണ്ട്. അവയിൽ ഇളവുവേണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

ജനങ്ങളുടെ ഭാഗത്തുനിന്നുണ്ടാകുന്ന എതിർപ്പാണ് രണ്ടാമത്തെ തടസ്സം. ഇക്കാര്യത്തിൽ എല്ലാ ജനപ്രതിനിധികളുടെയും പിന്തുണയും സഹകരണവും ആവശ്യമാണ്. ദാരുണസംഭവമുണ്ടായ മുഴപ്പിലങ്ങാട് പ്രവർത്തിച്ചിരുന്ന എ.ബി.സി. കേന്ദ്രം ജനകീയ പ്രതിഷേധത്തെത്തുടർന്ന് അടച്ചുപൂട്ടേണ്ടിവന്നു. ഈ സംഭവമുണ്ടായപ്പോൾ അതിനെതിരെയും പ്രതിഷേധം എന്ന സ്ഥിതിയാണ്. പലയിടത്തും ഈ പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. എ.ബി.സി. കേന്ദ്രങ്ങളും ഷെൽട്ടറുകളും ആരംഭിക്കാൻ ജനങ്ങൾ അനുവദിക്കുന്നില്ലെന്ന പ്രശ്നം നിലനിൽക്കുന്നുണ്ട്. അതുകൊണ്ട്, എ.ബി.സി. കേന്ദ്രങ്ങൾ തുടങ്ങുന്നതിലുള്ള എതിർപ്പുകൾ പരിഹരിക്കുന്നതിൽ ബഹുമാന്യരായ ജനപ്രതിനിധികളുടെ പ്രത്യേകമായ ഇടപെടലും താൽപ്പര്യവുമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: സർ, അങ്ങ് പറഞ്ഞതുപോലെ, തെരുവുനായ്ക്കളെ പാർപ്പിക്കുന്നതിനുള്ള അഭയ കേന്ദ്രങ്ങൾക്ക് സ്ഥലം

കണ്ടെത്തുകയെന്നുള്ളത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വളരെയധികം ബുദ്ധിമുട്ടുണ്ടാക്കുന്ന കാര്യമാണ്. അതുകൊണ്ടുതന്നെ, സർക്കാരിന്റെ ഉടമസ്ഥതയിലുള്ള മിച്ചഭൂമി, പുറമ്പോക്ക് ഭൂമി, വന ഭൂമി എന്നിവിടങ്ങളിൽ എ.ബി.സി. കേന്ദ്രങ്ങൾ സ്ഥാപിച്ചാൽ അവ ജനവാസ കേന്ദ്രങ്ങളിൽനിന്ന് ഒഴിഞ്ഞുനിൽക്കും. പഞ്ചായത്തുകളുടെ കൈവശമുള്ള ഭൂമി മിക്കവാറും ജനവാസ കേന്ദ്രങ്ങളിലായതിനാൽ അവിടെ ഇത്തരം കേന്ദ്രങ്ങൾ തുടങ്ങാൻ സാധിക്കില്ല. ജനവാസമില്ലാത്ത സ്ഥലങ്ങൾ കണ്ടെത്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അറിയിച്ചാൽ അവ അനുവദിക്കാനുള്ള നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. എം. ബി. രാജേഷ്: സർ, സ്ഥലം ലഭിക്കാത്തതല്ല പ്രശ്നം. ഏത് സ്ഥലം ലഭിച്ചാലും അവിടെ എ.ബി.സി. കേന്ദ്രങ്ങൾ തുടങ്ങുന്നതിനെതിരെ പ്രതിഷേധമുണ്ടാകും. ജനവാസ കേന്ദ്രങ്ങളോ, പഞ്ചായത്തിന്റെ കൈവശമുള്ള സ്ഥലങ്ങളോ മാത്രമല്ല മറ്റ് സ്ഥലങ്ങളിലും ഇത്തരം കേന്ദ്രങ്ങൾ ആരംഭിക്കുമ്പോൾ പ്രതിഷേധമുണ്ടാകാറുണ്ട്. അതുകൊണ്ടാണ് ബഹുമാന്യനായ അംഗം ഉൾപ്പെടെയുള്ള ഈ സഭയിലെ

ജനപ്രതിനിധികളുടെ പിന്തുണ ആവശ്യപ്പെട്ടത്. ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നതിനും എം.എൽ.എ.-മാർ ഉൾപ്പെടെയുള്ളവർ മുന്നോട്ടുവരണം.

ശ്രീ. പി. കെ. ബഷീർ: സർ, നായ്ക്കളുടെ വംശവർദ്ധനവ് തടയുകയെന്നതാണ് എ.ബി.സി. കൊണ്ടുദ്ദേശിക്കുന്നത്. സ്കൂളിൽ പോകുന്ന കുട്ടികളെയും മറ്റും തെരുവുനായ്ക്കൾ കടിക്കുന്നുണ്ട്. ഇത്തരം നായ്ക്കളെ എങ്ങനെ നിയന്ത്രിക്കാൻ കഴിയുമെന്നാണ് നാം ചിന്തിക്കേണ്ടത്. തെരുവുനായ പ്രശ്നവുമായി ബന്ധപ്പെട്ട് കണ്ണൂർ ജില്ലാ പഞ്ചായത്ത് ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ ഒരു ഹർജി നൽകിയിട്ടുണ്ട്. അക്കാര്യത്തിൽ സർക്കാരിന്റെ നിലപാടെന്താണ്? രണ്ടായിരം സർജറിയെങ്കിലും നടത്തിയ ഡോക്ടർ ഉണ്ടെങ്കിൽ മാത്രമേ ഒരു എ.ബി.സി. കേന്ദ്രത്തിന് അനുമതി നൽകുകയുള്ളൂവെന്ന കേന്ദ്ര ചട്ടത്തിലെ വ്യവസ്ഥ അപ്രായോഗികമാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ കണ്ണൂർ ജില്ലാ പഞ്ചായത്ത് നൽകിയ ഹർജിയിൽ സർക്കാർ കക്ഷി ചേർന്നുകൊണ്ട് പ്രസ്തുത വ്യവസ്ഥ റദ്ദാക്കണമെന്നാവശ്യപ്പെടാൻ കഴിയില്ലേ;

ആക്രമണകാരികളായ നായ്ക്കളെ കൊല്ലുന്നതിനായുള്ള കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ നിലപാടിൽ സർക്കാരിന്റെ നിലപാടെന്താണ്? ഇക്കാര്യത്തിൽ കേന്ദ്രം നിയമം പാസ്സാക്കിയാലും സംസ്ഥാനത്തിനും അതിന് അധികാരമുണ്ടല്ലോ.

ശ്രീ. എം. ബി. രാജേഷ്: സർ, മൂന്ന് ചോദ്യങ്ങളാണ് അദ്ദേഹം ഉന്നയിച്ചത്. ഒന്ന്, കണ്ണൂർ ജില്ലാ പഞ്ചായത്ത് കക്ഷി ചേർന്നത് സംസ്ഥാന സർക്കാർ കക്ഷിയായ സിവിൽ അപ്പീൽ നമ്പർ 5947/2019 കേസിലാണ്. സംസ്ഥാന സർക്കാർ കക്ഷിയായ കേസിൽ കണ്ണൂർ ജില്ലാ പഞ്ചായത്ത് കക്ഷി ചേരുകയാണ് ചെയ്തിട്ടുള്ളത്. രണ്ടാമത്തെ കാര്യം, ഇതിൽ സർക്കാരിന്റെ അഭിപ്രായം അറിയിക്കാൻ 11-07-2023-ന് അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം നൽകിയിട്ടുണ്ടായിരുന്നു. എന്നാൽ 12-07-2023-ന് നടന്ന വാദത്തിൽ സർക്കാരിന്റെ അഭിപ്രായം ഉന്നയിക്കാൻ അവസരം ലഭിച്ചില്ല. കേസ് ആഗസ്റ്റ് 16-ലേയ്ക്ക് മാറ്റിയിരിക്കുകയാണ്. അന്ന് കോടതിയിൽ സർക്കാരിന്റെ നിലപാട് വ്യക്തമാക്കും. നിലവിലുള്ള ചട്ടപ്രകാരമാണ് സർക്കാരിന് പ്രവർത്തിക്കാൻ കഴിയുന്നതെന്ന കാര്യം

ആദ്യത്തെ മറുപടിയിൽത്തന്നെ ഞാൻ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. എ.ബി.സി. ചട്ടങ്ങളിൽ ഇളവുവേണമെന്നാണ് സർക്കാർ ആവശ്യപ്പെടുന്നത്. രണ്ടായിരം സർജറികൾ ചെയ്ത ഡോക്ടർ വേണമെന്ന ചട്ടം അപ്രായോഗികമാണെന്നതാണ് സർക്കാരിന്റെ അഭിപ്രായം. ആഗസ്റ്റ് 16-ന് കോടതിയിൽ സർക്കാരിന്റെ അഭിപ്രായം വിശദമായി അറിയിക്കും.

<u>ശ്രീ. യു. എ. ലത്തീഫ്</u>: സർ, തെരുവുനായ ശല്യം നേരിടുന്നതിന് സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ പരാജയപ്പെടുന്ന നിലയ്ക്ക് അതിന്റെ കാരണങ്ങൾ സംബന്ധിച്ച് വിശദമായ പഠനം നടത്തി നിലവിലുള്ള കേന്ദ്ര നിയമങ്ങളുടെ പരിധിയിൽ നിന്നുകൊണ്ട് ഒരു പുതിയ ശാസ്ത്രീയ നടപടി സ്വീകരിക്കാൻ സർക്കാർ തയ്യാറാകുമോ?

<u>ശ്രീ. എം. ബി. രാജേഷ്</u>: സർ, ഇതിനുള്ള മറുപടി ഞാൻ പറഞ്ഞുകഴിഞ്ഞതാണ്. ഒന്ന്, സർക്കാർ സ്വീകരിച്ച നടപടികൾ പരാജയമാണെന്ന് പറയാനാകില്ല. നിലവിലുള്ള കർശനമായ കേന്ദ്ര നിയമ വ്യവസ്ഥകൾക്കകത്ത് നിന്നുകൊണ്ടുമാത്രമേ ഇന്ത്യയിൽ ഏത് സംസ്ഥാന സർക്കാരിനും ഈ പ്രശ്നത്തിൽ ഇടപെടാൻ കഴിയൂ. അത്തരത്തിൽ

സംസ്ഥാന സർക്കാർ ഇക്കാര്യത്തിൽ പരമാവധി ഇടപെടൽ നടത്തിയിട്ടുണ്ട്. അപ്രായോഗികമായ കേന്ദ്ര ചട്ടങ്ങളാണ് ഈ വിഷയത്തിലുള്ള പ്രധാനപ്പെട്ട വെല്ലുവിളി; അത് മാറ്റണമെന്നാവശ്യപ്പെട്ട് സർക്കാർ സുപ്രീംകോടതിയെ സമീപിക്കുകയാണ്.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, തെരുവുനായ ശല്യം ഏറ്റവും രൂക്ഷമായ 637 കേന്ദ്രങ്ങൾ ഗ്രാമപഞ്ചായത്ത് തലത്തിൽ കണ്ടെത്തി അവയെ ഹോട്ട് സ്പോട്ടായി നിശ്ചയിച്ചിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി നേരത്തെ സഭയിൽ പറഞ്ഞിരുന്നു. നഗരപ്രദേശങ്ങളിൽ ഇത്തരം പ്രദേശങ്ങൾ കണ്ടെത്തിയിട്ടുണ്ടോ; തെരുവുനായ്ക്കളുടെ എണ്ണം ഇതിനകം കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ടോ; മാത്രമല്ല പേവിഷബാധ ഏൽക്കാതിരിക്കാനുള്ള വാക്സിനേഷനുവേണ്ട മരുന്ന് നമ്മുടെ പല സർക്കാർ ആശുപത്രികളിലും ലഭ്യമല്ലെന്ന വാർത്ത വന്നിരുന്നു, ആയതിനാൽ വാക്സിൻ ലഭ്യമാക്കാനുള്ള സംവിധാനമുണ്ടാക്കുമോ?

ശ്രീ. എം. ബി. രാജേഷ്: സർ, ആരോഗ്യ-മൃഗസംരക്ഷണ വകുപ്പുകളുടെ സംയുക്ത പഠനത്തിന്റെ അടിസ്ഥാനത്തിലാണ് ഹോട്ട് സ്പോട്ടുകൾ

നിശ്ചയിക്കുന്നത്. റാബിസ് മരുന്നിന്റെ കാര്യത്തിൽ ഒരുതരത്തിലുള്ള ക്ഷാമവും നിലവിലില്ല; ആവശ്യംപോലെ ലഭ്യമാണ്.

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, ഇവിടെ സൂചിപ്പിച്ചതിന്റെ തുടർച്ചയായാണ് ഈ ചോദ്യം ഉന്നയിക്കുന്നത്. സുപ്രീംകോടതിയിൽ തെരുവുനായ്ക്കളുടെ ദയാവധത്തിനുവേണ്ടിയുള്ള ഒരാവശ്യം കൂടി ഉന്നയിച്ചാണ് കണ്ണൂർ ജില്ലാ പഞ്ചായത്ത് ഹർജി സമർപ്പിച്ചത്. കോടതിയിൽ വൈകാരികമായ അന്തരീക്ഷമുണ്ടാകുന്നു എന്നാണ് സുപ്രീംകോടതി ആ കേസിനെ വിലയിരുത്തിയത്. മൃഗസ്നേഹികൾക്കുവേണ്ടി സുപ്രീംകോടതിയിലെ ഏറ്റവും മുതിർന്ന അഭിഭാഷകൻവരെ ഹാജരാകുന്ന അവസ്ഥയുണ്ട്. അതുകൊണ്ടാണ് ആ കേസ് ആഗസ്റ്റ് 16-ലേയ്ക്ക് മാറ്റിവച്ചിരിക്കുന്നത്. എ.ബി.സി. പ്രോഗ്രാമിലെ വ്യവസ്ഥകളിൽ ഇളവ് ലഭിക്കുന്നതിനും അതോടൊപ്പംതന്നെ തെരുവുനായ്ക്കളുടെ ദയാവധത്തിനോ, വന്ധ്യംകരണത്തിനോ വേണ്ടിയിട്ടുള്ള ഫണ്ട് ലഭ്യമാക്കുന്നതിനും ഗവൺമെന്റ് നന്നായി ശ്രമിച്ചുകൊണ്ടിരിക്കുന്നുണ്ടെങ്കിലും കുറച്ചുകൂടി ജാഗ്രത ഇക്കാര്യത്തിൽ ആവശ്യമാണ്. കണ്ണൂർ ജില്ലയിൽ മുപ്പതിനായിരത്തോളം

തെരുവുനായ്ക്കളുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഇവയെ നിയന്ത്രിക്കുന്നതിനുവേണ്ടിയുള്ള നിർദ്ദേശങ്ങൾ ജനങ്ങളിൽനിന്നുകൂടി തേടിയിട്ടുണ്ട്. ഈ ഘട്ടത്തിൽ സുപ്രീംകോടതിയിൽ നിലവിലുള്ള കേസിൽ ഗവൺമെന്റ് ഗൗരവപൂർവ്വം ഇടപെട്ടുകൊണ്ട് ജനങ്ങൾക്ക് ആശ്വാസകരമായ നടപടി സ്വീകരിക്കുമോ?

ശ്രീ. എം. ബി. രാജേഷ്: സർ, ഇതുസംബന്ധിച്ച് നേരത്തെ പറഞ്ഞതാണ്. സുപ്രീംകോടതിയിൽ സർക്കാരിന്റെ നിലപാട് വ്യക്തമാക്കും, അതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

ശ്രീ. ഷാഫി പറമ്പിൽ: സർ, കഴിഞ്ഞ ദിവസം പാലക്കാട്ടുനിന്നും എനിക്കൊരു ഫോൺകോൾ വന്നിരുന്നു, കുന്നത്തൂർമേടിലെ ഐശ്വര്യ നഗർ കോളനിയിലെ വിജയകുമാറും പത്നിയുംകൂടി വീട്ടിലേയ്ക്ക് തിരിച്ചുവരുമ്പോൾ ഇരുപതോളം തെരുവുനായ്ക്കൾ കാറിന് ചുറ്റും വളഞ്ഞ് നിന്നതുകാരണം ദീർഘനേരം കാറിൽനിന്ന് പുറത്തിറങ്ങാൻ കഴിയാതെ കുടുങ്ങിപ്പോയ വളരെ ഭയാനകമായ ഒരു സംഭവമുണ്ടായി. മലയാള മനോരമ ഉൾപ്പെടെയുള്ള മാധ്യമങ്ങളിൽ ഇതിനെക്കുറിച്ച് വാർത്ത വന്നിരുന്നു.

മി. സ്പീക്കർ: ചോദ്യത്തിലേയ്ക്ക് വരൂ.

ശ്രീ. ഷാഫി പറമ്പിൽ: സർ, തെരുവുനായ്ക്കളുടെ ശല്യം കാരണം നിരവധി സ്കൂളുകൾക്കും പതിനേഴ് അങ്കണവാടികൾക്കും അവധി കൊടുക്കേണ്ട സാഹചര്യമുണ്ടായിയെന്നാണ് കഴിഞ്ഞ ദിവസം കോഴിക്കോട് ജില്ലയിൽനിന്നും വന്ന വാർത്തയിൽ പറയുന്നത്. മൂന്ന് വയസ്സുകാരനെ തെരുവുനായ ക്രൂരമായി കടിച്ചുകൊന്നതിന്റെ ഞെട്ടലിൽനിന്ന് ആ കുടുംബത്തിന് ഒരിക്കലും മോചിതരാകാൻ കഴിയില്ല. നമ്മൾ എന്തൊക്കെ നടപടികൾ സ്വീകരിക്കുന്നുവെന്ന് പറയുമ്പോഴും ഇവയുടെ എണ്ണം കൂടുകയാണ്. എം.എൽ.എ. ഹോസ്റ്റലിൽ ഫ്ലാറ്റിലും ലിഫ്റ്റിലുമുൾപ്പെടെ തെരുവുനായ ശല്യമുണ്ട്. ഈ വിഷയത്തിൽ നമുക്ക് ചെയ്യാൻ കഴിയുന്നതിൽ ഒരുപാട് പരിമിതികളുണ്ടെന്ന് പറഞ്ഞു.

മി. സ്പീക്കർ: ഇത് അടിയന്തരപ്രമേയമല്ല, തെരുവുനായ്ക്കളെക്കുറിച്ചുള്ള പ്രസംഗവുമല്ല. ചോദ്യത്തിലേയ്ക്ക് വരൂ.

ശ്രീ. ഷാഫി പറമ്പിൽ: സർ, അങ്ങേയ്ക്ക് ബോധ്യപ്പെട്ട ചോദ്യമാണിത്. രണ്ടായിരം സർജറികൾ നടത്തിയ ഡോക്ടർമാരെ മാത്രമേ എ.ബി.സി.

കേന്ദ്രത്തിൽ ഉൾപ്പെടുത്താൻ കഴിയുവെന്ന ചട്ടത്തിലെ വ്യവസ്ഥയെയും നമ്മൾ കോടതിയിൽ ചോദ്യം ചെയ്യുന്നുണ്ടോ; അതോ ചട്ടമാറ്റം കേന്ദ്രസർക്കാരിനോട് മാത്രമാണോ ആവശ്യപ്പെട്ടിരിക്കുന്നത്?

<u>ശ്രീ. എം. ബി. രാജേഷ്</u>: സർ, തെരുവുനായ്ക്കളുടെ പ്രശ്നം കേരളത്തിൽ മാത്രമല്ല ഇന്ത്യയിലാകെ രൂക്ഷമാണ്. നിയമസഭയിലും എം.എൽ.എ. ഹോസ്റ്റലിലും തെരുവുനായ്ക്കളുടെ ശല്യമുണ്ടെന്ന് പറഞ്ഞു, ഡൽഹിയിൽ എം.പി.മാർ താമസിക്കുന്ന വിത്തൽഭായ് പട്ടേൽ ഹൗസിൽ തെരുവുനായ്ക്കളുടെ മാത്രമല്ല കുരങ്ങൻമാരുടെയും ശല്യം വലിയ തോതിലുണ്ട്; അവ ലിഫ്റ്റിലുൾപ്പെടെ കയറുന്ന സ്ഥിതിയുണ്ടായിട്ടുണ്ട്. എം.പി.-മാരെ കാണാൻ കേരളത്തിൽനിന്നും പോയ ചിലർക്ക് നായയുടെ കടിയേറ്റ സംഭവവുമുണ്ടായിട്ടുണ്ട്. രാജ്യവ്യാപകമായ ഒരു പ്രശ്നമാണിത്. എ.ബി.സി. ചട്ടങ്ങളിലെ അപ്രായോഗികത ചൂണ്ടിക്കാണിച്ച് കേന്ദ്ര മൃഗസംരക്ഷണ വകുപ്പുമന്ത്രിക്ക് സംസ്ഥാനം നൽകിയ നിവേദനം അനുഭാവപൂർവ്വം പരിഗണിക്കാമെന്നാണ് അറിയിച്ചിട്ടുള്ളത്. പക്ഷേ ഇതുവരെ ഇക്കാര്യത്തിൽ തീരുമാനമുണ്ടായിട്ടില്ല. രണ്ടായിരം സർജറികൾ നടത്തിയ ഡോക്ടർമാർ

വേണമെന്ന അപ്രായോഗിക വ്യവസ്ഥ നീക്കം ചെയ്യാൻ നിയമപരമായതും ഒപ്പം കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നതുൾപ്പെടെയുള്ള കാര്യങ്ങളും ചെയ്യുന്നുണ്ട്. മാത്രമല്ല ധാരാളം അപ്രായോഗിക വ്യവസ്ഥകൾ വേറെയുമുണ്ട്, അതിലെല്ലാം നമുക്ക് ഇളവ് ആവശ്യമാണ്.

ശ്രീ. കെ. വി. സുമേഷ്: സർ, ഇക്കാര്യത്തിൽ സംസ്ഥാന ഗവൺമെന്റ് പ്രായോഗികമായ നിലപാട് സ്വീകരിക്കുന്നുണ്ട്. ഞാൻ ജില്ലാ പഞ്ചായത്ത് പ്രസിഡന്റായിരുന്ന സമയത്ത് തെരുവുനായ്ക്കളുടെ വന്ധ്യംകരണ പദ്ധതി നടപ്പാക്കിയപ്പോൾ അഭിമുഖീകരിച്ച ഗൗരവമായ പ്രശ്നം അവയെ പിടികൂടാനാവശ്യമായ ആളുകൾ ലഭ്യമല്ല എന്നുള്ളതായിരുന്നു. നാഗാലാന്റിൽ നിന്നൊക്കെയാണ് ഒരു പ്രത്യേക സംഘത്തെ അന്ന് കൊണ്ടുവന്നത്. ഇപ്പോഴും ആ പ്രശ്നം എല്ലാ ജില്ലകളും അഭിമുഖീകരിക്കുന്നുണ്ട്. തെരുവുനായ്ക്കളെ പിടിക്കാൻ പ്രത്യേക പരിശീലന പദ്ധതി ആലോചിക്കുമോ? അറവുമാലിന്യങ്ങളുടെ ലഭ്യതയാണ് ഇവ അക്രമാസക്തമായ സ്വഭാവത്തിലേയ്ക്ക് പോകുന്നതിനുള്ള പ്രധാന കാരണം. അതുകൂടി

കണക്കിലെടുത്തുകൊണ്ട് ആ മേഖലയിലും ശക്തമായി ഇടപെടുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. എം. ബി. രാജേഷ്</u>: സർ, അദ്ദേഹം പറഞ്ഞത് ശരിയായ കാര്യമാണ്. ഡോഗ് ക്യാച്ചർമാരുടെ അഭാവം പരിഹരിക്കാൻ കഴിഞ്ഞ വർഷം സംസ്ഥാന സർക്കാർ അവശ്യ ഇടപെടൽ നടത്തി കുടുംബശ്രീ മുഖേന ഡോഗ് ക്യാച്ചർമാരെ റിക്രൂട്ട് ചെയ്ത് 450 പേർക്ക് പരിശീലനം നൽകിയിരുന്നു. മൃഗസംരക്ഷണ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിംഗ് സെന്ററാണ് ഇവർക്ക് പരിശീലനം നൽകിയത്. അവരെ ഉപയോഗിച്ചുകൊണ്ടാണ് ഇപ്പോൾ ഈ പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്നത്. അദ്ദേഹം പറഞ്ഞ വളരെ പ്രധാനപ്പെട്ട പ്രശ്നം മാലിന്യം തള്ളുന്നതുമായി ബന്ധപ്പെട്ടാണ്, പ്രത്യേകിച്ച് അറവുമാലിന്യം. മാലിന്യം വലിയ തോതിൽ നിക്ഷേപിക്കുന്ന പൊതുസ്ഥലങ്ങൾ കേന്ദ്രീകരിച്ചാണ് തെരുവുനായ്ക്കൾ വന്നുകൂടുന്നതെന്നത് നമ്മൾ മനസ്സിലാക്കേണ്ടതാണ്. സംസ്ഥാന സർക്കാർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ മുഖേന അതിനെതിരെ ശക്തമായ

എൻഫോഴ്സ്മെന്റ് നടപടികൾ ഇപ്പോൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. അതിന്റെ ഫലമായി പൊതുസ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിച്ചതിനെതിരെ ഏതാണ്ട് 1,70,00,000/- രൂപ ഫൈൻ ഈടാക്കുകയും ചെയ്തിട്ടുണ്ട്. അതിലും ജനപ്രതിനിധികളുടെ ഇടപെടൽ ഉണ്ടാകേണ്ടതുണ്ട്. പൊതുസ്ഥലങ്ങളിലെ മാലിന്യനിക്ഷേപങ്ങൾ നീക്കം ചെയ്യാനുള്ള ഒരു ക്യാമ്പയിൻ തുടങ്ങിയതിന്റെ ഫലമായി വലിയൊരു മാറ്റം അതിലുണ്ടായിട്ടുണ്ട്. എന്നാൽ ഇപ്പോഴും പൊതുസ്ഥലങ്ങളിൽ മാലിന്യങ്ങൾ തള്ളുന്ന സ്ഥിതിയുണ്ട്. അത് തെരുവുനായ ശല്യം രൂക്ഷമാകുന്നതിനും പെരുകുന്നതിനും കാരണമായിട്ടുണ്ട്.

**ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവളം പദ്ധതി**

3 (*3) ശ്രീ. ജോബ് മൈക്കിൾ:
ഡോ. എൻ. ജയരാജ്:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. പ്രമോദ് നാരായൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവളം പദ്ധതിയുടെ നിലവിലെ പുരോഗതി അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്കായുള്ള സ്ഥലമേറ്റെടുക്കൽ നടപടികളുടെ നിലവിലെ പുരോഗതി ഉൾപ്പെടെയുള്ള വിശദാംശം അറിയിക്കാമോ; ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ നഷ്ടപരിഹാര വിതരണം പൂർത്തിയാക്കി എന്നത്തേയ്ക്ക് സ്ഥലം ലഭ്യമാക്കുമെന്നറിയിക്കാമോ;

(സി) പ്രസ്തുത പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നഷ്ടപരിഹാരത്തിനായി എന്തെല്ലാം ആനുകൂല്യങ്ങളാണ് പ്രത്യേക പാക്കേജായി ഉൾപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ,

(എ) ശബരിമല അന്താരാഷ്ട്ര വിമാനത്താവള പദ്ധതിക്ക് 13-04-2023-ന് കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ സൈറ്റ് ക്ലിയറൻസ് അനുമതിയും 30-06-2023-ന് കേന്ദ്ര പ്രതിരോധ മന്ത്രാലയത്തിന്റെ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റും ലഭിച്ചു. പദ്ധതി പ്രദേശത്ത് പാരിസ്ഥിതികാഘാത പഠനം (EIA study) നടത്തുന്നതിനുള്ള ടേംസ് ഓഫ് റെഫറൻസിന് 28-07-2023-ന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി

ലഭ്യമാകുകയും ചെയ്തു. ഇതനുസരിച്ച് പാരിസ്ഥിതികാഘാത പഠനം നടന്നുവരികയാണ്. ശബരിമല അന്താരാഷ്ട്ര വിമാനത്താവള നടത്തിപ്പിന് ഒരു കമ്പനി (SPV) രൂപീകരിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) എരുമേലി സൗത്ത്, മണിമല എന്നീ വില്ലേജുകളിലുൾപ്പെട്ട 2570 ഏക്കർ ഭൂമി വിമാനത്താവള പദ്ധതിക്കായി ഏറ്റെടുക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. സ്ഥലമേറ്റെടുക്കൽ നടപടികളിൽ സാമൂഹികാഘാത പഠനം നടത്തുന്നതിനായി സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റിനെ ചുമതലപ്പെടുത്തിയിരുന്നു. സാമൂഹികാഘാത പഠനം പൂർത്തിയാക്കി അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പഠന റിപ്പോർട്ട് വിലയിരുത്തി ശിപാർശ സമർപ്പിക്കുന്നതിന് വിദഗ്ദ്ധ സമിതിയെ ചുമതലപ്പെടുത്തുകയും സമിതിയുടെ ശിപാർശയിന്മേൽ തുടർനടപടി സ്വീകരിക്കുന്നതുമാണ്.

(സി) ശബരിമല ഗ്രീൻഫീൽഡ് പദ്ധതിക്കായി ഭൂമി വിട്ടുകൊടുക്കുന്നവർക്ക് എൽ.എ.ആർ.ആർ. (Land Acquisition, Rehabilitation

and Resettlement) ആക്ട്, 2013-ന്റെ സെക്ഷൻ 26, 27, 28, 29, 30 എന്നിവ പ്രകാരമാണ് നഷ്ടപരിഹാരം നിശ്ചയിക്കുന്നത്.

ശ്രീ. ജോബ് മൈക്കിൾ: സർ, കോട്ടയം, ഇടുക്കി, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിലെ ലക്ഷക്കണക്കിനാളുകൾക്ക് പ്രയോജനം ലഭിക്കുന്ന ശബരിമല വിമാനത്താവളം പതിനായിരക്കണക്കിന് ഭക്തർക്കും വളരെയധികം ഉപകാരപ്രദമായിരിക്കും. ശബരിമല വിമാനത്താവള നിർമ്മാണത്തിന് പ്രത്യേക കമ്പനി രൂപീകരിക്കുമെന്ന് അങ്ങ് സൂചിപ്പിച്ചു. കൊച്ചി അന്താരാഷ്ട്ര വിമാനത്താവളം (സിയാൽ)-ന്റെ മാതൃകയിലായിരിക്കുമോ ആ കമ്പനിയെന്നുള്ളതാണ് എന്റെ ചോദ്യം.

ശ്രീ. പിണറായി വിജയൻ: സർ, അത് സിയാൽ മാതൃകയിൽതന്നെയായിരിക്കും.

ശ്രീ. ജോബ് മൈക്കിൾ: സർ, ശബരിമല വിമാനത്താവളത്തിന്റെ റൺവേയുടെ കാര്യത്തിൽ ആദ്യഘട്ടത്തിൽ വിഭാവന ചെയ്തതിൽനിന്ന് എന്തൊക്കെ മാറ്റങ്ങളാണ് ഇപ്പോൾ വരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ശ്രീ. പിണറായി വിജയൻ:</u> സർ, വിമാനത്താവളത്തിന്റെ രൂപഘടന നിശ്ചയിക്കുകയാണ്. വിമാനത്താവളത്തിനാവശ്യമായ സ്ഥലമേറ്റെടുക്കുമ്പോൾ അതിൽ ഏറ്റവും പ്രധാനമായ റൺവേയ്ക്കുവേണ്ടി ഏകദേശം 2268.13 ഏക്കർ വരുന്ന ചെറുവള്ളി എസ്റ്റേറ്റാണ് കണക്കാക്കിയിട്ടുള്ളത്. പക്ഷേ ശബരിമല വിമാനത്താവളത്തിന് 2570 ഏക്കറോളം ഭൂമി ആവശ്യമുണ്ട്. വിമാനത്താവളത്തിന്റെ റൺവേയ്ക്ക് 3500 മീറ്റർ നീളമുണ്ടെങ്കിലേ കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ അനുമതി ലഭ്യമാകുകയുള്ളു. ഇതനുസരിച്ച് വിമാനത്താവളത്തിന്റെ മാസ്റ്റർപ്ലാൻ തയ്യാറാക്കിയപ്പോൾ 3500 മീറ്റർ നീളമുള്ള റൺവേയ്ക്ക് കിഴക്ക്-പടിഞ്ഞാറ് ദിശയിലുള്ള ഈ അലൈൻമെന്റ് മാത്രമേ സാധ്യമാകുവെന്ന് മനസ്സിലായി. എന്നാൽ അതിനായി ചെറുവള്ളി എസ്റ്റേറ്റിന് പുറത്ത് ഏകദേശം 307 ഏക്കർ സ്ഥലംകൂടി ഏറ്റെടുക്കേണ്ടി വരും. ഇത് രൂപഘടന തയ്യാറാക്കുമ്പോഴുണ്ടാകുന്ന കാര്യമാണ്. ആദ്യം വിഭാവന ചെയ്തതിൽ എന്തെങ്കിലും മാറ്റം വന്നുവെന്നുള്ളതല്ല, ശബരിമല വിമാനത്താവള നിർമ്മാണത്തിന് ഇതെല്ലാം പ്രായോഗികമായുണ്ടാകണം.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, കേരളത്തിന്റെ അഞ്ചാമത്തെ എയർപോർട്ടിന്റെ നിർമ്മാണപ്രവർത്തനത്തിന് മുൻകൈയെടുക്കുന്ന സർക്കാരിനെ അഭിനന്ദിക്കുകയാണ്. കാഞ്ഞിരപ്പള്ളി-പൂഞ്ഞാർ നിയോജകമണ്ഡലങ്ങൾ ചേരുന്ന മേഖലയിലാണ് വിമാനത്താവളത്തിനുവേണ്ടി സ്ഥലമേറ്റെടുക്കാൻ തീരുമാനിച്ചിട്ടുള്ളത്. എൽ.എ.ആർ.ആർ. ആക്ട് പ്രകാരമുള്ള നഷ്ടപരിഹാരം നൽകുമെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സൂചിപ്പിച്ചത്. ചെറുവള്ളി എസ്റ്റേറ്റിൽ താമസിക്കുന്നവർക്ക് സ്വന്തമായി ഭൂമിയില്ല; ലയത്തിലാണ് താമസിക്കുന്നത്. എസ്റ്റേറ്റിനുപുറത്ത് അധികമായി മുന്നൂറ് ഏക്കർകൂടി ഏറ്റെടുക്കുമ്പോൾ മുന്നൂറിൽ താഴെ കുടുംബങ്ങളെ മാത്രമേ മാറ്റിപ്പാർപ്പിക്കേണ്ടതായി വരികയുള്ളൂ. കഴിഞ്ഞ ദിവസം സോഷ്യൽ ഇംപാക്ട് സ്റ്റഡി നടത്തിയപ്പോൾ ഞങ്ങളും പങ്കെടുത്തിരുന്നു. ജനങ്ങൾക്ക് വേറെ സ്ഥലം കിട്ടാൻ മാർഗ്ഗമില്ല. എരുമേലിയുമായി ബന്ധപ്പെട്ട് ഇതൊരു വൈകാരിക വിഷയമാണ്. കരിപ്പൂർ വിമാനത്താവളത്തിന് സ്ഥലമേറ്റെടുത്ത സമയത്ത് ചെയ്തതുപോലെ ഇതിനുമൊരു പ്രത്യേക പാക്കേജ് തയ്യാറാക്കി, എസ്റ്റേറ്റിനടുത്തുതന്നെ സ്ഥലം

കണ്ടെത്തി അവരെ പുനരധിവസിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ? ആ പ്രദേശത്തുള്ളവരെല്ലാം ഇതിനോട് സന്മനസ്സോടുകൂടിയാണ് സഹകരിക്കുന്നത്. ശബരിമല വിമാനത്താവളത്തിന് ഭൂമി ഏറ്റെടുക്കുന്നതിനോടൊപ്പം ജനങ്ങളുടെ പുനരധിവാസത്തിനും ഒരു പ്രത്യേക പാക്കേജ് നടപ്പാക്കുമോയെന്നുള്ളതാണ് എന്റെ ചോദ്യം.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഭൂമി ഏറ്റെടുക്കുന്നതിന് ഇപ്പോൾ നല്ല രീതിയിലുള്ള ആനുകൂല്യങ്ങളാണ് നൽകിവരുന്നത്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെയുള്ള ഏതെങ്കിലും പ്രത്യേക വിഷയങ്ങൾ ഉയർന്നുവരുന്ന ഘട്ടത്തിൽ നമുക്ക് ആലോചിക്കാവുന്നതും പരിഹാരം കാണാവുന്നതുമാണ്.

<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: സർ, നിർദ്ദിഷ്ട എയർപോർട്ട് വിഭാവന ചെയ്യപ്പെട്ടിരിക്കുന്നത് എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട എരുമേലിയുമായി ബന്ധപ്പെട്ടാണ്. അവിടത്തെ ജനങ്ങൾ അതിനെ സന്തോഷത്തോടെയാണ് നോക്കിക്കാണുന്നത്. സംസ്ഥാന

സർക്കാരെടുക്കുന്ന വലിയ പ്രവർത്തനത്തെ സർവ്വാത്മനാ സ്വാഗതം ചെയ്യുന്നു. ഇവിടെ സൂചിപ്പിച്ചതുപോലെ ചെറുവള്ളി എസ്റ്റേറ്റാണ് നിർദ്ദിഷ്ട എയർപോർട്ടിന്റെ സ്ഥലമായി നിശ്ചയിക്കപ്പെട്ടിട്ടുള്ളത്. പക്ഷേ അതിന് പുറത്തേയ്ക്ക് മുന്നൂറ് ഏക്കറിലധികം ഭൂമികൂടി ഏറ്റെടുക്കേണ്ടി വരുന്നതിനാൽ അവിടെയുള്ള കൃഷിക്കാർ വലിയ ആശങ്കയിലാണ്. അതുകൊണ്ട് ഒന്നാംഘട്ടത്തിൽ വിഭാവന ചെയ്തിരുന്നതുപോലെ ചെറുവള്ളി എസ്റ്റേറ്റിനുള്ളിൽ നിർത്തിക്കൊണ്ട് പദ്ധതി റീ-ഡിസൈൻ ചെയ്യാൻ സാധ്യതയുണ്ടോ; നിർദ്ദിഷ്ട എയർപോർട്ട് യാഥാർത്ഥ്യമാകുന്ന ഘട്ടത്തിൽ അവിടത്തെ അവിദഗ്ദ്ധ തൊഴിലിലടക്കം എസ്റ്റേറ്റിലെ തൊഴിലാളികൾക്ക് സംവരണം ഏർപ്പെടുത്തണമെന്ന ആവശ്യം പരിഗണിക്കാൻ കഴിയുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ചെറുവള്ളി എസ്റ്റേറ്റിന്റെ സ്ഥലം മാത്രമുപയോഗിച്ച് വിമാനത്താവളം നിർമ്മിക്കാമെന്നായിരുന്നു എല്ലാവരുടെയും ആദ്യത്തെ ധാരണ. പക്ഷേ അത് മതിയാകാതെ വരുന്നതുകൊണ്ട് പുതിയ സ്ഥലം ഏറ്റെടുക്കണം. ആരെയെങ്കിലും ബുദ്ധിമുട്ടിക്കുക എന്ന ഉദ്ദേശ്യത്തോടെയല്ല പുതിയ സ്ഥലമെടുക്കുന്നത്.

ശബരിമല എയർപോർട്ട് വേണോയെന്നുള്ളതാണ് പ്രശ്നം. അത് യാഥാർത്ഥ്യമാകണമെങ്കിൽ ചെറുവള്ളി എസ്റ്റേറ്റിന് പുറത്തുള്ള സ്ഥലംകൂടി ഏറ്റെടുക്കണം. സാധാരണഗതിയിൽ ആകർഷകമായ നഷ്ടപരിഹാരം തന്നെയാണ് സ്ഥലമെടുക്കുന്നതിന് ഇപ്പോൾ നൽകാറുള്ളത്. പുനരധിവാസത്തിനുള്ള സംവിധാനങ്ങളുമുണ്ടാകാറുണ്ട്. അതുമായി ബന്ധപ്പെട്ട് എന്തെങ്കിലും പ്രശ്നങ്ങൾ ഉയർന്നുവരുന്ന ഘട്ടത്തിൽ പരിശോധിച്ച് പരിഹാരം കാണുന്നതാണ്.

ശ്രീ. പ്രമോദ് നാരായൺ: സർ, മലയോര മേഖലയുടെ വികസനത്തിന് ആകാശവാതിൽ തുറന്നുനൽകുന്ന ശബരിമല വിമാനത്താവളം അതിവേഗം സാധ്യമാക്കാൻ ബഹുമാന്യനായ മുഖ്യമന്ത്രി കാണിക്കുന്ന ഇച്ഛാശക്തിക്ക് ആദരവ് കലർന്ന അഭിനന്ദനം രേഖപ്പെടുത്തുന്നു. ലോകമെങ്ങും വിമാനത്താവള നിർമ്മാണത്തിനൊപ്പം ഡെവലപ്മെന്റ് മാസ്റ്റർപ്ലാൻ തയ്യാറാക്കാറുണ്ട്. അതേ മാതൃകയിൽ ടൂറിസം, ഹോസ്പിറ്റാലിറ്റി, ഗതാഗതം, കാർഷികോൽപ്പന്നങ്ങളുടെയും സുഗന്ധദ്രവ്യങ്ങളുടെയും കയറ്റുമതി, സമീപപ്രദേശങ്ങളായ റാന്നി ഉൾപ്പെടെയുള്ളവയുടെ പശ്ചാത്തല

സൗകര്യങ്ങളുടെ മികവ് ഉറപ്പാക്കൽ തുടങ്ങിയവയ്ക്കായി വിവിധ വകുപ്പുകളെ ചേർത്തുകൊണ്ട് ദീർഘവീക്ഷണത്തോടെ ഒരു ഇന്റഗ്രേറ്റഡ് പ്ലാൻ തയ്യാറാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, വിമാനത്താവളം യാഥാർത്ഥ്യമായതിനുശേഷം ഇക്കാര്യങ്ങളെല്ലാം ആലോചിക്കാവുന്നതാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ശബരിമല വിമാനത്താവളമുണ്ടാകണമെന്നുള്ളത് കേരളത്തിന്റെ പൊതുആവശ്യമാണ്. പക്ഷേ ചെറുവള്ളി എസ്റ്റേറ്റിനെ സംബന്ധിച്ച് ഒരു ലാൻഡ് ഡിസ്പ്യൂട്ടുണ്ടെന്നുള്ളത് അങ്ങയുടെ ശ്രദ്ധയിലുണ്ടെന്ന് എനിക്കറിയാം. ഇതിന്റെ ഒറിജിനൽ ഡോക്യുമെന്റ് ഒരു വിദേശ കമ്പനിയുടെ പേരിലാണെന്നും അതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടിട്ടില്ലെന്നും ഇന്ത്യയിലെ പല കോടതികളിലും ഇതിന്റെ കേസ് നടക്കുന്നുണ്ടെന്നതും സർക്കാരിന്റെ ശ്രദ്ധയിലുണ്ടാകുമെന്ന് ഞാൻ കണക്കാക്കുകയാണ്. ഈ കുരുക്കുകളെല്ലാം അഴിച്ച് സ്വതന്ത്രമായി ഭൂമി

ഏറ്റെടുക്കാൻ കഴിയുന്ന നിലയിലാണോ; അതിനെന്തെങ്കിലും നിയമതടസ്സങ്ങളുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, ചെറുവള്ളി എസ്റ്റേറ്റിന്റെ ഉടമസ്ഥത സംബന്ധിച്ച് പാലാ സബ്കോടതി മുമ്പാകെ സർക്കാർ ഫയൽ ചെയ്ത OS 72/2019 നമ്പർ കേസ്സിന്മേലുള്ള തുടർനടപടി ബഹുമാനപ്പെട്ട ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്. അതുമായി ബന്ധപ്പെട്ട് 20-07-2023-ന് കേസ് പരിഗണിച്ചപ്പോൾ പ്രസ്തുത സ്റ്റേ മൂന്ന് മാസത്തേയ്ക്കുകൂടി നീട്ടിയിരിക്കുകയാണ്. സ്റ്റേ ഒഴിവാക്കാനും സബ്കോടതിയിലെ കേസ് തീർപ്പാക്കാനും നിയമ വകുപ്പ് ആവശ്യമായ നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

**നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം തടയാൻ നടപടി**

4 (*4) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ഡോ. എം. കെ. മുനീർ ചുമതലപ്പെടുത്തിയതുപ്രകാരം
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വില കുതിച്ചുയരുന്നതിനാൽ ജനജീവിതം ദു:സ്സഹമായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) വിലക്കയറ്റം നിയന്ത്രിക്കുന്നതിന് ഫലപ്രദമായി ഇടപെടാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ;

(സി) വിലക്കയറ്റം തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ,

(എ-സി) രാജ്യമെങ്ങുമുണ്ടായ വലിയ വിലക്കയറ്റത്തിന്റെ പ്രതിഫലനം സ്വാഭാവികമായും കൺസ്യൂമർ സ്റ്റേറ്റായ കേരളത്തിലുമുണ്ടായിട്ടുണ്ട്. എന്നാൽ രാജ്യത്തെ ഇതര സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ സംസ്ഥാനത്ത് വിലക്കയറ്റം താരതമ്യേന കുറവാണെന്ന് കാണാൻ കഴിയും. വിലക്കയറ്റമുണ്ടാകുമ്പോൾ ഒരു സർക്കാരിന് ചെയ്യാൻ കഴിയുന്നത് വിപണിയിൽ ശക്തമായി ഇടപെടുക എന്നതാണ്. 13 ഇനം അവശ്യസാധനങ്ങൾ 2016 ഏപ്രിൽ മാസത്തെ വിലയ്ക്ക് നൽകിവരുന്നത്

ഇതിന്റെ ഭാഗമായാണ്. സപ്ലൈകോ വഴിയുള്ള ഇത്തരം വിപണി ഇടപെടലിലൂടെ മാത്രം സംസ്ഥാന സർക്കാരിന് പ്രതിവർഷം ശരാശരി 315 കോടി രൂപ ചെലവുവരികയാണ്. മേൽപരാമർശിച്ച 13 ഇനം സബ്സിഡി ഉൽപ്പന്നങ്ങൾ നിശ്ചിത അളവിൽ പൊതുവിപണിയിൽനിന്നും വാങ്ങുന്നതിന് 1383/- രൂപ നൽകേണ്ടി വരുമ്പോൾ, സപ്ലൈകോ വിൽപ്പനശാലകളിൽ ഇത് കേവലം 756/- രൂപയ്ക്ക് ലഭിക്കുകയാണ്. ഇന്ത്യയിലെ മറ്റൊരു സംസ്ഥാനത്തും ഇത്തരത്തിലുള്ള ഒരു വിപണി ഇടപെടൽ നടക്കുന്നില്ല.

പ്രതിമാസം ശരാശരി 35 മുതൽ 40 ലക്ഷം കാർഡുടമകൾ സപ്ലൈകോയുടെ വിപണി ഇടപെടലിന്റെ ആനുകൂല്യം കൈപ്പറ്റുന്നതായി കണക്കുകൾ വ്യക്തമാക്കുകയാണ്. ഇതിനുപുറമെ ഉത്സവ സീസണുകളിൽ വിലക്കുറവിൽ നിത്യോപയോഗ സാധനങ്ങൾ ലഭ്യമാക്കുന്നതിനായി ഫെയറുകൾ സർക്കാർ സംഘടിപ്പിച്ചുവരുന്നുണ്ട്. കൂടാതെ, സപ്ലൈകോ വിൽപ്പനശാലകളുടെ സേവനം കൂടുതൽ മെച്ചപ്പെട്ട രീതിയിൽ ജനങ്ങൾക്ക് ലഭിക്കുന്നതിനായി 285 വിൽപ്പനശാലകൾ നവീകരിക്കുകയുമുണ്ടായി. സഞ്ചരിക്കുന്ന റേഷൻഷോപ്പുകളുടെ സേവനം സംസ്ഥാനത്തെ 136

ആദിവാസി ഊരുകളിലേയ്ക്ക് വ്യാപിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. എൻ.എഫ്.എസ്.എ. നിയമപ്രകാരമുള്ള ടാർജറ്റഡ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ നടപ്പാക്കിയതിലൂടെ സംസ്ഥാനത്തെ വലിയൊരു വിഭാഗം ജനങ്ങൾ റേഷൻ ആനുകൂല്യങ്ങൾക്ക് പുറത്തായി. കേവലമൊരു ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ 57% വരുന്ന ജനവിഭാഗം റേഷൻ സംവിധാനത്തിന് പുറത്തായത് വലിയ പ്രതിസന്ധിയാണ് സൃഷ്ടിച്ചത്. എന്നാൽ കഴിയുന്ന തോതിൽ കേരളത്തിലെ എല്ലാ റേഷൻ കാർഡുടമകൾക്കും ഭക്ഷ്യസാധനങ്ങൾ വിതരണം ചെയ്യുന്ന സമീപനമാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നത്. ഈ ഓണക്കാലത്ത് സംസ്ഥാനത്തെ നീല, വെള്ള കാർഡുടമകൾക്ക് 5 കിലോ അരി സ്പെഷ്യലായി നൽകാൻ തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവ് ശ്രദ്ധയിൽപ്പെട്ട ഉടൻതന്നെ ബഹുമാന്യനായ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ മറ്റ് വകുപ്പുമന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, ജില്ലാ കളക്ടർമാർ, ജില്ലാ പോലീസ് മേധാവിമാർ എന്നിവരുമായി യോഗം ചേരുകയും വില വർദ്ധനവ്

പിടിച്ചുനിർത്തുന്നതിനുവേണ്ട അടിയന്തര നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തു. ഈ യോഗത്തെ തുടർന്ന് മന്ത്രിതലത്തിൽ മൊത്ത വ്യാപാരി പ്രതിനിധികളെ വിളിച്ചുചേർക്കുകയും കരിഞ്ചന്ത-പൂഴ്ത്തിവയ്പ്പ് എന്നിവ തടയുന്നതിന് കർശന നിർദ്ദേശം നൽകുകയും ചെയ്തു. തുടർന്ന് ഈ വിഷയത്തിലെ പുരോഗതി വിലയിരുത്തുന്നതിനായി ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ അവലോകന യോഗങ്ങൾ നടന്നുവരുന്നുമുണ്ട്. പ്രസ്തുത യോഗങ്ങളുടെ അടിസ്ഥാനത്തിൽ കേരളത്തിലെ 14 ജില്ലകളിലും കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും തടയുന്നതിനും വിലവിവരപട്ടിക പ്രദർശിപ്പിക്കുന്നതിനും ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ ജില്ലാ സപ്ലൈ ഓഫീസർ, ലീഗൽ മെട്രോളജി ഇൻസ്പെക്ടർ, ഫുഡ് സേഫ്റ്റി ഓഫീസർ എന്നിവരും താലൂക്ക് തലത്തിൽ താലൂക്ക് സപ്ലൈ ഓഫീസർ, റേഷനിംഗ് ഇൻസ്പെക്ടർമാർ എന്നിവരും പൊതുവിപണിയിൽ വിപുലമായ പരിശോധനകൾ നടത്തുകയും 760 ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടതിൽ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, ബഹുമാന്യനായ മന്ത്രി ഇക്കാര്യങ്ങളൊക്കെ പറയുമ്പോഴും കേരളത്തിലെ വിലനിലവാരം പിടിച്ചുനിർത്താൻ കഴിയുന്നില്ലെന്നുള്ളത് വസ്തുതയാണ്. 2022-23, 2023-24 വർഷങ്ങളിലെ ബഡ്ജറ്റ് പ്രസംഗത്തിൽ ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി കേരളത്തിലെ വിലനിലവാരം പിടിച്ചുനിർത്തുന്നതിനുവേണ്ടി 2,000 കോടി രൂപ അനുവദിച്ചുവെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. എന്നാൽ ബഹുമാന്യനായ എ. പി. അനിൽ കുമാറിന്റെ 01-02-2023-ലെ ചോദ്യത്തിന് ഭക്ഷ്യ കിറ്റിനായി 400 കോടി രൂപയടക്കം ആകെ 941 കോടി രൂപമാത്രമാണ് വിപണിയിടപെടലിനും മറ്റുള്ളവയ്ക്കുമായി ചെലവഴിച്ചിട്ടുള്ളതെന്നാണ് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി മറുപടി നൽകിയത്. ഗവൺമെന്റ് പൊതുവിപണിയിൽ ഇടപെടുന്നതിലെ അപര്യാപ്തത ഇതിൽനിന്നും വ്യക്തമായി മനസ്സിലാകുകയാണ്. ജനങ്ങളുടെ വർദ്ധിച്ചുവരുന്ന ആവശ്യങ്ങൾക്കനുസൃതമായി കൂടുതൽ തുക വകയിരുത്തി മുഴുവനാളുകൾക്കും നിത്യോപയോഗ സാധനങ്ങൾ സബ്സിഡി നിരക്കിൽ ഉറപ്പുവരുത്തുന്നതിനും ഇതര സംസ്ഥാനങ്ങളിൽനിന്നും ഭക്ഷ്യവസ്തുക്കൾ

നേരിട്ട് സംഭരിച്ച് സബ്സിഡി നിരക്കിൽ നൽകുന്നതിനുമാവശ്യമായ നടപടികൾ ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. ജി. ആർ. അനിൽ: സർ, കേരളത്തിൽ 2016 മുതലുള്ള ഇടപെടലിനെ സംബന്ധിച്ച് ഞാൻ സൂചിപ്പിക്കുകയുണ്ടായി. കേരളത്തിലെ 93 ലക്ഷം റേഷൻകാർഡുടമകൾക്കും അതായത് ജനങ്ങൾക്ക് പൂർണ്ണമായും സപ്ലൈകോയുടെ ഔട്ട്ലെറ്റിൽനിന്ന് സബ്സിഡി ഉൽപ്പന്നങ്ങൾ വാങ്ങുന്നതിനുള്ള അവസരം നൽകുകയാണ്. ഒരുമാസം ശരാശരി 35 മുതൽ 40 ലക്ഷം വരെ സബ്സിഡി ഉൽപ്പന്നങ്ങൾ മാത്രം വാങ്ങാൻ വരുന്നവരുണ്ട്. മാത്രമല്ല, നൂറുകണക്കിന് മറ്റുൽപ്പന്നങ്ങളും ലഭ്യമാണ്. നാൽപ്പതോളം നിത്യോപയോഗ സാധനങ്ങൾക്ക് 5 മുതൽ 30% വരെ വിലകുറച്ചും സപ്ലൈകോ ഔട്ട്ലെറ്റുകളിൽനിന്നും നൽകുകയാണ്. ജനങ്ങൾക്ക് ആശ്വാസം പകരാൻ കഴിയുന്ന വിധത്തിലുള്ള ഇടപെടൽ നടത്തിവരുന്നുണ്ട്. അത് കൂടുതൽ മെച്ചപ്പെടുത്താൻ ഈ ഓണവുമായി ബന്ധപ്പെട്ട് പരിപാടികൾ തയ്യാറാക്കിയിട്ടുണ്ട്. അതിനനുസരിച്ച് എല്ലാ നടപടികളും ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, അങ്ങ് അത് പറയുമ്പോഴും സപ്ലൈകോയിൽ അത്തരം സാധനങ്ങളുടെ കുറവുണ്ടെന്ന കാര്യം നമുക്കെല്ലാം അറിയാം. പൊതുമാർക്കറ്റിൽ സാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുമ്പോഴാണ് വിലനിലവാരം പിടിച്ചുനിർത്താൻ കഴിയുന്നത്. കേരളത്തിലെ നെൽകർഷകർക്ക് ഏകദേശം 450 കോടി രൂപയും സപ്ലൈകോയ്ക്ക് 4,000 കോടി രൂപയും നൽകാനുണ്ട്. റേഷൻകടക്കാർക്ക് 50 കോടി രൂപയിലധികം നൽകാൻ ബാക്കിയുള്ളതിനാൽ പുതിയ ടെണ്ടർ ക്ഷണിച്ചിട്ടും ആരും പങ്കെടുക്കാത്ത അവസ്ഥയാണ്; വന്നവർ തന്നെ വലിയ വിലയാണ് ആവശ്യപ്പെടുന്നത്. ഓണക്കാലം വരാൻ പോകുന്നതിനാൽ കൃത്യമായ ഇടപെടൽ നടത്തി മിതമായ നിരക്കിൽ ഓണവിപണിയിൽ അവശ്യസാധനങ്ങൾ ലഭ്യമാക്കുന്നതിന് എന്ത് നടപടിയാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്?

ശ്രീ. ജി. ആർ. അനിൽ: സർ, ടെണ്ടർ നടപടികളിൽ ഒരു സ്ഥാപനവും പങ്കെടുത്തില്ലെന്ന് ബഹുമാന്യനായ അംഗം സൂചിപ്പിച്ചത് അടിസ്ഥാനരഹിതമാണ്. ചെറുപയർ - 15325 ക്വിന്റൽ, ഉഴുന്ന് - 16645

ക്വിന്റൽ, തുവരപരിപ്പ് - 11580 ക്വിന്റൽ, മല്ലി - 2000 ക്വിന്റൽ, മട്ട അരി - 22210 ക്വിന്റൽ, ജയ അരി - 92900 ക്വിന്റൽ എന്നിങ്ങനെ ഓണം ലക്ഷ്യമിട്ടുകൊണ്ട് സാധാരണനിലയിൽ നിന്നും മൂന്നിരട്ടി ഉൽപ്പന്നങ്ങൾ ശേഖരിക്കാനാവശ്യമായ ടെണ്ടർ നടപടികളിൽ എല്ലാവരും സഹകരിച്ചിട്ടുണ്ട്. അതിനനുസരിച്ചുള്ള ഓർഡറുകൾ നൽകിയിട്ടുണ്ട്. സാധനങ്ങൾ സപ്ലൈകോ ഔട്ട്‌ലെറ്റുകളിൽ വന്നുകൊണ്ടിരിക്കുകയാണ്.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, വിലക്കയറ്റം പിടിച്ചുനിർത്തുന്നതിനുവേണ്ടിയാണ് പൊതുവിപണിയിൽ സർക്കാർ ഇടപെടുന്നത്. യഥാർത്ഥത്തിൽ മാവേലി സ്റ്റോർ, സപ്ലൈകോയുടെ കെ-സ്റ്റോർ എന്നിവിടങ്ങളിൽ സബ്സിഡി സാധനങ്ങൾ മാത്രം ലഭിക്കുന്നില്ല. വിലക്കയറ്റം തടയുന്നതിനുവേണ്ടി അത്യാവശ്യ സാധനങ്ങൾക്കാണ് സബ്സിഡി നൽകുന്നത്. എന്നാൽ സർക്കാർ നൽകേണ്ട കുടിശ്ശിക കൃത്യസമയത്ത് സപ്ലൈകോയ്ക്ക് നൽകാത്തതിനാലാണ് സബ്സിഡി ഇനങ്ങൾ ലഭിക്കാത്തതെന്നാണ് പറയുന്നത്. ഓണക്കാലത്ത് മാത്രമല്ല, എല്ലാ സമയത്തും ആവശ്യമായ ഭക്ഷ്യ വസ്തുക്കൾ

സബ്സിഡിയിനത്തിൽ ലഭിക്കേണ്ടതുണ്ട്. ആയതിനാൽ കുടിശ്ശിക മുഴുവൻ തീർത്തുകൊണ്ട് എല്ലാകാലത്തും സബ്സിഡിയിനങ്ങൾ ലഭിക്കുന്നതിനുവേണ്ടിയുള്ള എന്തെങ്കിലും നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; ഇ-പോസ് മെഷീനുകളടക്കം തകരാറിലായതിനാൽ റേഷൻകടകളിൽനിന്നും സാധനങ്ങൾ ലഭിക്കാത്തതിന് പരിഹാരമുണ്ടാക്കുമോ?

<u>ശ്രീ. ജി. ആർ. അനിൽ:</u> സർ, സാമ്പത്തിക പ്രയാസങ്ങളെല്ലാമുണ്ടെങ്കിലും സപ്ലൈകോയിൽ സബ്സിഡി ഉൽപ്പന്നങ്ങൾ ഉൾപ്പെടെ വിതരണം ചെയ്യുന്നതിന് തടസ്സങ്ങളുണ്ടായിട്ടില്ലെന്നതാണ് വസ്തുത. ഇതൊരു സ്വകാര്യ സ്ഥാപനമല്ല, സർക്കാർ സ്ഥാപനമാകുമ്പോൾ നടപടിക്രമങ്ങൾക്കനുസരിച്ച് മാത്രമേ പ്രവർത്തിക്കാൻ കഴിയുകയുള്ളൂ. മാസത്തിന്റെ ആദ്യ/അവസാന ദിവസങ്ങളിൽ ചില ഉൽപ്പന്നങ്ങൾ കുറവുവരുന്നത് സ്വാഭാവികമാണ്. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ, കേരളത്തിലെ ജനസംഖ്യയുടെ പകുതിയിലധികവും ഇത്തരം സ്ഥാപനങ്ങളെ ആശ്രയിക്കുകയാണ്. റേഷൻകടകളിലെ ഇ-പോസ് മെഷീന് പത്തോ

പതിനഞ്ചോ മിനിട്ടുനേരം തകരാറുണ്ടായാൽ അതിനനുസൃതമായി റേഷൻ വിതരണ സമയം നീട്ടിനൽകുന്നുണ്ട്. കഴിഞ്ഞ മാസവും റേഷൻ വാങ്ങിയവരുടെ എണ്ണം 83 ശതമാനമാണ്. മുൻഗണനാ കാർഡുകാരിൽ 98 ശതമാനത്തോളവും റേഷൻകടകളിൽനിന്നും ഉൽപ്പന്നങ്ങൾ വാങ്ങിയതായാണ് കണക്കുകൾ കാണിക്കുന്നത്.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, പെട്രോൾ, ഡീസൽ വിലവർദ്ധനവ് വിലക്കയറ്റത്തിനുള്ള ഒരു പ്രധാന കാരണമാണ്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ഇന്ധനവില വർദ്ധിക്കുമ്പോൾ സംസ്ഥാനത്തിന് ലഭിക്കുമായിരുന്ന അധിക വിഹിതത്തിൽ ചിലതെല്ലാം ഒഴിവാക്കി കൊടുക്കാറുണ്ടായിരുന്നു. ഈ സർക്കാർ ഇത്തരത്തിൽ അധിക നികുതി വേണ്ടെന്ന് വച്ചില്ലെന്ന് മാത്രമല്ല പെട്രോളിനും ഡീസലിനും 2 രൂപ സെസ് ഏർപ്പെടുത്തി ജനങ്ങളുടെ മേൽ അധികഭാരം ചുമത്തുകയും ചെയ്തു. ഇതാണ് വിലക്കയറ്റം രൂക്ഷമാക്കിയതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അധിക സെസ് പിൻവലിക്കാൻ സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ?

ശ്രീ. ജി. ആർ. അനിൽ: സർ, കേന്ദ്ര ഗവൺമെന്റിന്റെ നയങ്ങളെ പ്രതിപക്ഷം ഒരിക്കലും കാണുന്നില്ല. ആ നയത്തെ എതിർക്കാൻ നമുക്കൊരുമിച്ച് നിൽക്കേണ്ടതാണ്. വ്യത്യസ്ത അഭിപ്രായമൊന്നുമില്ല. അതിനനുസരിച്ച നിലപാട് സ്വീകരിക്കുന്നില്ലെന്നുള്ളതാണ് ഖേദകരമായ കാര്യം.

ശ്രീ. പി. ഉബൈദുള്ള: സർ, മിനിഞ്ഞാന്ന് ഞാൻ കടയിൽ സാധനം വാങ്ങിക്കാൻ പോയപ്പോൾ ഒരു വീട്ടമ്മ കടക്കാരനോട് തക്കാളി ചോദിച്ചു. കടക്കാരൻ 2 കിലോ തക്കാളിയാണ് നൽകിയത്. 2 കിലോയല്ല, 2 തക്കാളിയാണ് വേണ്ടതെന്ന് വീട്ടമ്മ പറഞ്ഞു. ഇതാണ് നമ്മുടെ സംസ്ഥാനത്തിന്റെ അവസ്ഥ. ഒരു കിലോ തക്കാളിയുടെ വില 120/- രൂപയാണ്. പല സാധനത്തിന്റേയും വില വർദ്ധിച്ചിരിക്കുകയാണ്. (...മൈക്ക് ഓഫ്....)

ശ്രീ. ജി. ആർ. അനിൽ: സർ, ബഹുമാന്യനായ അംഗം കേരളത്തിലെ കാര്യമെ കാണുന്നുള്ളൂ. ഡൽഹിയിൽ ഒരു കിലോ തക്കാളിയുടെ വില

290-300 രൂപയാണ്. എന്നാലിവിടെ അതിന്റെ നേർപകുതിയേക്കാൾ താഴ്ന്ന വിലയ്ക്കാണ് നൽകുന്നത്. കർണ്ണാടകയിലെ വില അറിയില്ല.

മി. സ്പീക്കർ: ഓർഡർ.... ഓർഡർ... ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തര സമയം കഴിഞ്ഞു)

(രേഖാമൂലം നൽകിയ ചോദ്യങ്ങളുടെ ഉത്തരങ്ങൾ അനുബന്ധം I+ ആയി ചേർത്തിരിക്കുന്നു)

**10.00 a.m]**

**II തിരുത്തിയ ഉത്തരം**

നക്ഷത്രചിഹ്നമിടാത്ത 87-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

മി. സ്പീക്കർ: പതിനഞ്ചാം കേരള നിയമസഭയുടെ എട്ടാം സമ്മേളനത്തിൽ 01-02-2023-ലെ നക്ഷത്രചിഹ്നമിടാത്ത 87-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള പുതുക്കിയ മറുപടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് മേശപ്പുറത്ത് വയ്ക്കാവുന്നതാണ്.

\+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, പതിനഞ്ചാം കേരള നിയമസഭയുടെ എട്ടാം സമ്മേളനത്തിൽ 01-02-2023-ലെ നക്ഷത്രചിഹ്നമിടാത്ത 87-ാം നമ്പർ ചോദ്യത്തിന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള പുതിയ മറുപടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു+.

**III ചരമോപചാരം**

എം. ചന്ദ്രൻ, ഡോ. എം. എ. കുട്ടപ്പൻ, പ്രൊഫ. എ. നബീസ ഉമ്മാൾ എന്നിവരുടെ നിര്യാണം

മി. സ്പീക്കർ: മുൻ നിയമസഭാംഗം എം. ചന്ദ്രൻ 2023 മേയ് 1-നും മുൻ മന്ത്രി ഡോ. എം. എ. കുട്ടപ്പൻ 2023 ജൂൺ 20-നും മുൻ നിയമസഭാംഗം പ്രൊഫ. എ. നബീസ ഉമ്മാൾ 2023 മേയ് 6-നും അന്തരിച്ചു.

**എം. ചന്ദ്രൻ**

പാലക്കാട് ജില്ലയിൽ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം കെട്ടിപ്പടുക്കുന്നതിൽ പ്രധാന പങ്ക് വഹിച്ച സി.പി.ഐ.(എം.) നേതാവും മുൻ എം.എൽ.എ.-യുമായ എം. ചന്ദ്രൻ 2023 മേയ് മാസം 1-ാം തീയതി അന്തരിച്ചു. ആനക്കര ചേക്കോട്ട് മലപ്പുറത്ത് എം. കൃഷ്ണന്റെയും കെ. പി.

\+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

അമ്മുക്കുട്ടിയുടെയും മകനായി 1946 ജൂലൈ 15-ന് അദ്ദേഹം ജനിച്ചു. വിദ്യാർത്ഥി പ്രസ്ഥാനമായ കെ.എസ്.എഫ്.-ലൂടെ പൊതുരംഗത്തുവന്ന എം. ചന്ദ്രൻ അതിന്റെ അവിഭക്ത പട്ടാമ്പി ലോക്കൽ കമ്മിറ്റി അംഗമായും താലൂക്ക് കമ്മിറ്റി അംഗമായും തുടർന്നു. സി.പി.ഐ.(എം.) കപ്പൂർ ലോക്കൽ കമ്മിറ്റി സെക്രട്ടറിയായും തൃത്താല ഏരിയ കമ്മിറ്റിയുടെ ആദ്യ സെക്രട്ടറിയായും പ്രവർത്തിച്ചു. അടിയന്തരാവസ്ഥക്കാലത്ത് അദ്ദേഹം ഒരു മാസം ജയിൽവാസം അനുഭവിച്ചു. 1979-87 വരെ കപ്പൂർ പഞ്ചായത്ത് പ്രസിഡന്റായിരുന്ന എം. ചന്ദ്രൻ തുടർന്ന് പതിനൊന്ന് വർഷം സി.പി.ഐ.(എം.) പാലക്കാട് ജില്ലാ സെക്രട്ടറിയായും 1998 മുതൽ 2006 വരെ സംസ്ഥാന സെക്രട്ടേറിയറ്റ് അംഗമായും പ്രവർത്തിച്ചു. 2006 മുതൽ 2016 വരെ പന്ത്രണ്ടും പതിമൂന്നും നിയമസഭകളിൽ ആലത്തൂർ മണ്ഡലത്തെ പ്രതിനിധാനം ചെയ്തു. 2006-ൽ നടന്ന നിയമസഭാ തെരഞ്ഞെടുപ്പിൽ സംസ്ഥാനത്തെ ഏറ്റവും ഉയർന്ന ഭൂരിപക്ഷത്തോടെയാണ് അദ്ദേഹം വിജയിച്ചത്. ജില്ലയിൽ തൊഴിലാളി-കർഷക പ്രസ്ഥാനങ്ങൾ ശക്തിപ്പെടുത്തുന്നതിൽ പ്രധാന പങ്കുവഹിച്ച എം. ചന്ദ്രൻ കർഷക സംഘം ജില്ലാ സെക്രട്ടറി, സി.ഐ.ടി.യു.

സംസ്ഥാന സെക്രട്ടറി എന്നീ ചുമതലകളും വഹിച്ചിട്ടുണ്ട്. നിയമസഭാ സാമാജികനായിരിക്കെ ട്രേഡ് യൂണിയൻ നേതാവെന്ന നിലയിൽ തൊഴിലാളികളുടെ പ്രശ്നങ്ങൾ ഏറ്റെടുത്ത് പരിഹരിക്കുന്നതിന് നിതാന്ത ശ്രദ്ധ കാണിച്ച അദ്ദേഹം ചുമട്ടുതൊഴിലാളികളുടെ കൂലി വർദ്ധനവിലും കർഷകരുടെ പ്രശ്നങ്ങൾ നിയമസഭയിൽ അവതരിപ്പിക്കുന്നതിലും ബദ്ധശ്രദ്ധനായിരുന്നു. മികച്ച നിയമസഭാംഗമായി പേരെടുത്ത അദ്ദേഹത്തിന്റെ സഭയിലെ സജീവമായ ഇടപെടൽ ജനകീയാവശ്യങ്ങൾ സഭാതലത്തിൽ പ്രതിധ്വനിക്കപ്പെടുന്നതിനും നിയമനിർമ്മാണ പ്രക്രിയ കൂടുതൽ സജീവമാക്കുന്നതിനും സഹായിച്ചു. മനുഷ്യസ്നേഹിയും പരിശ്രമശാലിയുമായ എം. ചന്ദ്രന്റെ വിയോഗം പൊതുമണ്ഡലത്തിലും പുരോഗമന പ്രസ്ഥാനങ്ങൾക്കും തീരാനഷ്ടമാണ്.

**ഡോ. എം. എ. കുട്ടപ്പൻ**

മുൻ മന്ത്രിയും മുതിർന്ന കോൺഗ്രസ്സ് നേതാവുമായിരുന്ന ഡോ. എം. എ. കുട്ടപ്പൻ 2023 ജൂൺ 20-ന് അന്തരിച്ചു. അയ്യപ്പൻ-കല്യാണി ദമ്പതികളുടെ മകനായി 1947 ഏപ്രിൽ 12-ന് ജനിച്ച അദ്ദേഹം കോട്ടയം

മെഡിക്കൽ കോളേജിൽ നിന്ന് എം.ബി.ബി.എസ്. പാസ്സായശേഷം ആലപ്പുഴ മെഡിക്കൽ കോളേജ് ട്യൂട്ടറായി സേവനമനുഷ്ഠിച്ചു. തുടർന്ന് എം.എസ്. പഠനവുമായി ബന്ധപ്പെട്ട് തിരുവനന്തപുരത്തെത്തിയ അദ്ദേഹം നിരന്തര രാഷ്ട്രീയ പ്രവർത്തനത്തിലൂടെ തികഞ്ഞ കോൺഗ്രസ്സുകാരനായി മാറി. എം.എസ്. പഠനത്തിനുശേഷം മട്ടാഞ്ചേരിയിൽ ജോലി ചെയ്യുമ്പോഴാണ് 1980-ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ വണ്ടൂരിൽനിന്നും മത്സരിക്കാൻ അദ്ദേഹത്തിന് അവസരം ലഭിക്കുന്നത്. സർക്കാർ ജോലി രാജിവച്ച് തെരഞ്ഞെടുപ്പിന് ഇറങ്ങി കന്നി മത്സരത്തിൽത്തന്നെ വിജയിച്ച അദ്ദേഹം മുപ്പത്തിമൂന്നാമത്തെ വയസ്സിൽ നിയമസഭാംഗമായി. പിന്നീട് കൊച്ചിൻ പോർട്ട് ആശുപത്രിയിൽ മെഡിക്കൽ ഓഫീസറായി സേവനമനുഷ്ഠിച്ചുവരവെ 1987-ൽ ചേലക്കരയിൽനിന്നും 1996-ലും 2001-ലും ഞാറയ്ക്കലിൽ നിന്നുമായി നാലുതവണ നിയമസഭാംഗമായി. 2001-2004-ലെ എ. കെ. ആന്റണി മന്ത്രിസഭയിൽ പിന്നാക്ക വിഭാഗ, പട്ടികജാതി-പട്ടികവർഗ്ഗ, യുവജനക്ഷേമ വകുപ്പുമന്ത്രിയുമായും അദ്ദേഹം പ്രവർത്തിച്ചു. കോൺഗ്രസ്സ് ലെജിസ്ലേച്ചർ പാർട്ടി വിപ്പ്, കെ.പി.സി.സി. സെക്രട്ടറി, ഖാദി

ആൻഡ് വില്ലേജ് ഇൻഡസ്ട്രീസ് കമ്മീഷൻ അംഗം, കോഴിക്കോട് സർവ്വകലാശാല സെനറ്റ് അംഗം, കെ.പി.സി.സി. എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം, എസ്.സി./എസ്.ടി. സെൽ ചെയർമാൻ എന്നീ നിലകളിലും അദ്ദേഹം മികച്ച പ്രവർത്തനം കാഴ്ചവച്ചിരുന്നു.

ഒരു ഡോക്ടറായി ജീവിച്ചാൽ ജോലി ഒരു ആശുപത്രിയിലൊതുങ്ങും പൊതുപ്രവർത്തകനായാൽ സേവനം നാടിന് മുഴുവൻ പ്രയോജനപ്പെടുമെന്നതായിരുന്നു അദ്ദേഹത്തിന്റെ കാഴ്ചപ്പാട്. നിസ്വാർത്ഥ സേവനവും ലാളിത്യവും കൈമുതലാക്കിയ ഒരു മികച്ച പൊതുപ്രവർത്തകനെയാണ് ഡോ. എം. എ. കുട്ടപ്പന്റെ നിര്യാണത്തിലൂടെ നമുക്ക് നഷ്ടമായിരിക്കുന്നത്.

**പ്രൊഫ. എ. നബീസ ഉമ്മാൾ**

മുൻ എം.എൽ.എ.-യും പ്രഭാഷകയും എഴുത്തുകാരിയുമായിരുന്ന പ്രൊഫ. എ. നബീസ ഉമ്മാൾ 2023 മേയ് 26-ന് അന്തരിച്ചു. ആറ്റിങ്ങൽ കല്ലൻവിള വീട്ടിൽ ഖാദർ മൊയ്തീന്റെയും അസ്സനമ്മാളിന്റെയും അഞ്ച് മക്കളിൽ ഇളയവളായി 1931 ജൂൺ 3-നാണ് നബീസ ഉമ്മാൾ ജനിച്ചത്.

ആറ്റിങ്ങൽ സർക്കാർ സ്കൂൾ, തിരുവനന്തപുരം വിമൻസ് കോളേജ്, യൂണിവേഴ്സിറ്റി കോളേജ് എന്നിവിടങ്ങളിലായിരുന്നു പഠനം. തുടർന്ന് 33 വർഷത്തെ അധ്യാപനത്തിനിടയിൽ കേരളത്തിലെ പത്തിലേറെ പ്രമുഖ കലാലയങ്ങളിൽ അധ്യാപികയായിരുന്നു പ്രൊഫ. എ. നബീസ ഉമ്മാൾ. 1986-ൽ തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ പ്രിൻസിപ്പലായിരിക്കെയാണ് സർവ്വീസിൽനിന്നും വിരമിച്ചത്. കേരളത്തിൽ മലയാളത്തിൽ ബിരുദാനന്തര ബിരുദം നേടിയ ആദ്യ മുസ്ലീം വനിതയും യൂണിവേഴ്സിറ്റി കോളേജ് പ്രിൻസിപ്പൽ പദവിയിലെത്തിയ ആദ്യ മലയാള അധ്യാപികയുമായിരുന്നു പ്രൊഫ. എ. നബീസ ഉമ്മാൾ. തിരുവനന്തപുരത്തിന്റെ സാംസ്കാരിക മേഖലയിൽ സവിശേഷ ശ്രദ്ധ നേടിയ പ്രൊഫ. എ. നബീസ ഉമ്മാൾ വിരമിച്ചതിനുശേഷം ഇ.എം.എസ്.-ന്റെ ക്ഷണമനുസരിച്ച് രാഷ്ട്രീയത്തിലേയ്ക്ക് കടന്നുവരികയും 1987-ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ കഴക്കൂട്ടത്തുനിന്ന് തെരഞ്ഞെടുക്കപ്പെട്ട് 8-ാം കേരള നിയമസഭയിൽ അംഗമാകുകയും ചെയ്തു. 1995 മുതൽ 2000 വരെ നെടുമങ്ങാട് നഗരസഭയുടെ ആദ്യത്തെ വനിതാ ചെയർപേഴ്സണായിരുന്നു. ആ

കാലത്താണ് ജനകീയാസൂത്രണ പദ്ധതി നെടുമങ്ങാട് നഗരസഭയിൽ നടപ്പാക്കിയത്. 2000-ൽ സ്ത്രീ ശാക്തീകരണത്തിനുള്ള കേന്ദ്ര സർക്കാർ പുരസ്കാരം ലഭിച്ചിട്ടുണ്ട്. പ്രൊഫ. എ. നബീസ ഉമ്മാളിന്റെ മരണത്തിലൂടെ രാഷ്ട്രീയ, സാമൂഹിക രംഗങ്ങളിൽ മാതൃകാപരമായ പ്രവർത്തനം കാഴ്ചവച്ച മനുഷ്യസ്നേഹിയായ ഒരു നേതാവിനെയാണ് നമുക്ക് നഷ്ടമായിരിക്കുന്നത്. അന്തരിച്ച മഹത് വ്യക്തികളോടുള്ള ആദരസൂചകമായി നമുക്ക് അല്പസമയം എഴുന്നേറ്റുനിൽക്കാം.

(അന്തരിച്ച മഹത് വ്യക്തികളോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പനേരം എഴുന്നേറ്റുനിന്ന് മൗനമാചരിച്ചു.)

**10.07 a.m]**

**IV ചെയർമാൻമാരുടെ പാനൽ**

<u>മി. സ്പീക്കർ</u>: സർവ്വശ്രീ സി. എച്ച്. കുഞ്ഞമ്പു, വാഴൂർ സോമൻ, സണ്ണി ജോസഫ് എന്നിവരെ പതിനഞ്ചാം കേരള നിയമസഭയുടെ ഒമ്പതാം സമ്മേളനത്തിലേയ്ക്കുള്ള ചെയർമാൻമാരുടെ പാനലിലേയ്ക്ക് നാമനിർദ്ദേശം ചെയ്യുന്നു.

**V അടിയന്തരപ്രമേയം**

## വിലക്കയറ്റം

<u>മി. സ്പീക്കർ</u>: സംസ്ഥാനത്തെ സപ്ലൈകോ ഔട്ട്ലെറ്റുകളിൽ സബ്സിഡി സാധനങ്ങളുടെ സ്റ്റോക്കില്ലാത്തതിനാൽ വിപണിയിൽ കാര്യക്ഷമമായി ഇടപെടാൻ സർക്കാർ പരാജയപ്പെടുന്നതായും വിലക്കയറ്റംമൂലം ജനജീവിതം ദുസ്സഹമായതായും പറയപ്പെടുന്ന സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പി. സി. വിഷ്ണുനാഥ്, കെ. പി. എ. മജീദ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (<u>ശ്രീ. എം. ബി. രാജേഷ്</u>): സർ, ചോദ്യോത്തരവേളയിൽ അവസാനത്തെ ചോദ്യമായി ചർച്ച ചെയ്ത വിഷയമാണിത്. അത് വീണ്ടും ചർച്ച ചെയ്യുന്നതിനായി സഭയുടെ സമയം പാഴാക്കേണ്ടതുണ്ടോ?

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, റൂൾ 50 ഒരു പ്രത്യേക പ്രൊവിഷനാണ്. ചോദ്യോത്തരവേളയിൽ ഒരു ചോദ്യം വന്നതും ഇതും തമ്മിൽ എന്ത് ബന്ധമാണുള്ളത്; ഇത് ചോദ്യോത്തരത്തിനകത്ത് ഒതുങ്ങേണ്ട വിഷയമാണോ? വളരെ വിചിത്രമായതും ഒരു കാലഘട്ടത്തിലുമുണ്ടാകാത്തതുമായ ഒരു വാദമാണിത്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഈ വിഷയം ചർച്ച ചെയ്യണമോ വേണ്ടയോയെന്നുള്ളത് വകുപ്പുമന്ത്രി പറയും. ചോദ്യത്തിന്റെ ഭാഗമായി വന്ന വിഷയം വീണ്ടും ചർച്ച ചെയ്യാമോയെന്നുള്ളത് സംബന്ധിച്ച് റൂളിൽ പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് ബഹുമാന്യനായ പ്രതിപക്ഷനേതാവ് ഉന്നയിച്ച വാദം നിലനിൽക്കുന്നതല്ല.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, വിപണിയിൽ കാര്യക്ഷമമായി ഇടപെടാൻ സർക്കാർ പരാജയപ്പെട്ടുവെന്ന വാദമുയർത്തിയാണ് അടിയന്തരപ്രമേയത്തിനുള്ള നോട്ടീസ് നൽകിയിരിക്കുന്നത്. ആ വാദം ഞാൻ പൂർണ്ണമായും നിഷേധിക്കുകയാണ്. രാജ്യത്ത് മറ്റെവിടെയുമില്ലാത്ത വിപുലവും മാതൃകാപരവുമായ പൊതുവിതരണ

സംവിധാനവും വിപണി ഇടപെടലുമാണ് കേരളത്തിൽ നടക്കുന്നത്. നേരത്തെ ചോദ്യോത്തരവേളയിൽ ഈ വിഷയം സംബന്ധിച്ച് കുറച്ചധികം സമയം ചർച്ചയ്ക്ക് വിധേയമാക്കിയതാണ്. വില വർദ്ധനവുണ്ടാകുന്നതിന് കാരണം നമ്മുടെ സംസ്ഥാനത്തിനാവശ്യമായ ഉൽപ്പന്നങ്ങൾ പലതും ഇവിടെ ഉൽപ്പാദിപ്പിക്കുന്നില്ല എന്നുള്ളതിനാലാണ്. അന്യസംസ്ഥാനങ്ങളിൽനിന്ന് ഇത്തരം ഉൽപ്പന്നങ്ങൾ വാങ്ങേണ്ട സാഹചര്യത്തിൽ രാജ്യത്തെമ്പാടുമുള്ള വില വർദ്ധനവ് സ്വാഭാവികമായും കേരളത്തിലുമുണ്ടാകുമെന്ന് നമുക്കെല്ലാമറിയാം. എന്നാൽ ഉൽപ്പാദന സംസ്ഥാനങ്ങളെക്കാൾ വിലകുറച്ച് കൊടുക്കാൻ കേരളത്തിലെ ഗവൺമെന്റ് 2016 മുതൽ ഫലപ്രദമായ ഇടപെടലും ശ്രദ്ധയുമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. കഴിഞ്ഞ ദിവസം ഞാൻ ഡൽഹിയിൽ കേന്ദ്ര ഭക്ഷ്യവകുപ്പുമന്ത്രിയെ സന്ദർശിച്ച സമയത്ത് കേരളത്തിലെയും അവിടത്തെയും സാധനങ്ങളുടെ വിലവ്യത്യാസം മനസ്സിലാക്കാനായി അവിടെയുള്ള ഗവൺമെന്റ് കൺസ്യൂമർ സ്റ്റോറിൽ പോയിരുന്നു. പ്രതിപക്ഷം നമ്മുടെ സംസ്ഥാനത്തെക്കുറിച്ചും സപ്ലൈകോയെക്കുറിച്ചുമെല്ലാം സൂചിപ്പിച്ചതുകൊണ്ടാണ് ഞാനിത്

പറയുന്നത്. ഡൽഹിയിൽ അര കിലോ പരിപ്പിന്റെ വില 118 രൂപയാണ്. കേരളത്തിൽ ഒരു കിലോ പരിപ്പ് 65 രൂപയ്ക്കാണ് സപ്ലൈകോയിലൂടെ നൽകുന്നത്. (....ബഹളം....) നിങ്ങൾ അസ്വസ്ഥരായിട്ട് കാര്യമില്ല. ഞാൻ പറഞ്ഞത് വസ്തുതയല്ലേ? കേന്ദ്ര ഭക്ഷ്യ വകുപ്പുമന്ത്രിയെ കാണാൻ പോയപ്പോൾ എന്റെയൊപ്പമുണ്ടായിരുന്ന ഒരു ഉദ്യോഗസ്ഥൻ തക്കാളിയുടെ കാര്യംകൂടി ഒരു ഡിമാന്റായി ചോദിച്ചുകൂടേയെന്ന് എന്നോട് ചോദിച്ചു. (......ബഹളം......) പ്രതിപക്ഷം അസ്വസ്ഥരായിട്ട് കാര്യമില്ല.

മി. സ്പീക്കർ: പ്ലീസ്....പ്ലീസ്.....അദ്ദേഹം പറയട്ടെ.

ശ്രീ. ജി. ആർ. അനിൽ: സർ, അവിടെ ഒരു കിലോ തക്കാളിയുടെ വില 290 രൂപയാണ്. അന്ന് കേരളത്തിലെ ഔട്ട്‌ലെറ്റുകളിൽ ഒരു കിലോ തക്കാളി 117 രൂപയ്ക്കാണ് നൽകിയത്. കർണ്ണാടകയിൽ പാലിന്റെയും പച്ചക്കറിയുടെയും മറ്റ് നിത്യോപയോഗ സാധനങ്ങളുടെയും വില മൂന്നിരട്ടിയായി മാറികൊണ്ടിരിക്കുന്നുവെന്ന് കഴിഞ്ഞ ദിവസത്തെ ഇക്കണോമിക് ടൈംസ് പത്രത്തിലുണ്ടായിരുന്നു. രാജസ്ഥാനിലും ഇതേ സ്ഥിതിയായതിനാൽ കണക്കുകൾ ഞാൻ പറയുന്നില്ല. കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാനങ്ങളിൽ,

കേരളത്തേക്കാൾ മെച്ചപ്പെട്ട ഒരു മാതൃക ചൂണ്ടിക്കാണിക്കാൻ നിങ്ങൾക്ക് കഴിയുമോയെന്നാണ് ഞാൻ ചോദിക്കുന്നത്. നമുക്ക് ഈ വിഷയത്തിൽ ശത്രുത വരേണ്ട കാര്യമില്ലല്ലോ? ഇത് ജനങ്ങളുടെ പൊതുവിഷയമാണ്. അതിനാൽ നമ്മൾ ഒരുമിച്ച് ഇത്തരം വിഷയങ്ങളിൽ ആലോചിച്ച് തീരുമാനമെടുക്കേണ്ടതാണ്. നിങ്ങൾ ഭരിക്കുന്ന കർണ്ണാടകയടക്കമുള്ള രണ്ടുമൂന്ന് സംസ്ഥാനങ്ങളിൽ കേരളത്തേക്കാൾ മെച്ചപ്പെട്ട രീതിയിലുള്ള ഒരു പുതിയ മാതൃകയുണ്ടെന്ന് പറയാൻ കഴിയുമോ? കേരളത്തിലെ റേഷൻകടകളും പൊതുവിതരണകേന്ദ്രങ്ങളും ഇന്ത്യയ്ക്ക് മാതൃകയാണ്. കേരളത്തിന് പുറത്തുള്ള സംസ്ഥാനങ്ങളുടെ സ്ഥിതിയെന്താണ്; അവിടെ പൊതുവിതരണ സംവിധാനം സാർവ്വത്രികമാണോ; പൊതുവിതരണ രംഗത്തുള്ള വിഷയങ്ങൾ നമ്മൾ കാണുന്നില്ലേ; കണ്ണൂരിലും കോഴിക്കോട്ടുമുള്ള ജനപ്രതിനിധികൾ അവിടെ ഇരിക്കുകയല്ലേ? ഇക്കാര്യം നിങ്ങൾ അവരോട് ചോദിച്ച് മനസ്സിലാക്കണം. മാഹിയിൽ റേഷൻകടയുണ്ടോ? ശ്രീമതി കെ. കെ. രമയോട് ചോദിച്ചു നോക്കു. അവരുടെ നിയോജകമണ്ഡലത്തിന്റെ അടുത്തല്ലേ. ഒന്നര വർഷമായി പോണ്ടിച്ചേരിയിലെ റേഷൻകടകളിൽ

സാധനങ്ങൾ കൊടുക്കുന്നില്ല. ഇതാണ് കേന്ദ്ര ഗവൺമെന്റിന്റെ/ബി.ജെ.പി. സർക്കാരിന്റെ നയം. അരി, പഞ്ചസാര, ഗോതമ്പ്, മണ്ണെണ്ണ എന്നിവ കൊടുക്കുന്ന കാര്യം പറയുമ്പോൾ അവർ ഇതെല്ലാം ഉപേക്ഷിച്ച് കൈമാറ്റികഴിഞ്ഞിരിക്കുകയാണ്, ജനങ്ങളെ റോഡിലേയ്ക്ക് വലിച്ചെറിഞ്ഞിരിക്കുകയാണ്. ആ നയമാണ് രാജ്യത്ത് നടപ്പാക്കുന്നത്. അത് തുടങ്ങിവച്ചത് നിങ്ങളാണ്. അത്തരമൊരു വിഷയത്തിലേയ്ക്കോ രാഷ്ട്രീയ ചർച്ചയിലേയ്ക്കോ പോകരുതെന്നാണ് ഞാൻ ആഗ്രഹിക്കുന്നത്. സംസ്ഥാനത്ത് 2016 മുതൽ വിപണി ഇടപെടൽ ഫലപ്രദമായി നടത്തിയതിന്റെ ഭാഗമായി കോടിക്കണക്കിന് രൂപയാണ് ഓരോ വർഷവും സർക്കാർ ഖജനാവിൽനിന്ന് മാറ്റി വച്ചത്. അതിനെ നിങ്ങൾ വില കുറച്ചുകാണുന്നതെന്തിനാണ്?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, റേഷൻ വ്യാപാരികൾക്ക് പണം ലഭിച്ചിട്ടില്ല.

<u>ശ്രീ. ജി. ആർ. അനിൽ</u>: സർ, പണം ലഭിക്കാത്തത് സംബന്ധിച്ച സാമ്പത്തിക വിഷയങ്ങൾ ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണന്

അറിയാമല്ലോ; കേന്ദ്രഗവൺമെന്റിന്റെ നിലപാട് നമ്മൾ കാണുകയല്ലേ; ജി.എസ്.ടി. വന്നപ്പോഴുള്ള അവസ്ഥയും നമുക്കറിയാവുന്നതല്ലേ; അക്കാര്യം ഞാൻ പിന്നീട് പറയാം. കേരളത്തിൽ കോവിഡ് കാലഘട്ടത്തിൽ 11 കോടി ഭക്ഷ്യക്കിറ്റുകളാണ് നൽകിയത്. 2016 മുതലുള്ള കണക്കുകൾ പരിശോധിക്കുമ്പോൾ പന്ത്രണ്ടായിരത്തോളം കോടി രൂപ പല രൂപത്തിൽ വിപണി ഇടപെടലിനുവേണ്ടിയും സബ്സിഡി നൽകുന്നതിനായും ചെലവഴിച്ചിട്ടുണ്ടെന്നുള്ളത് ചെറിയ കാര്യമല്ല. ആ യാഥാർത്ഥ്യം നിങ്ങൾ മനസ്സിലാക്കണം. വിപണി സമ്പദ്വ്യവസ്ഥയിൽ സാധനങ്ങളുടെ ആവശ്യകതയും ലഭ്യതയുമനുസരിച്ചാണ് വില നിർണ്ണയിക്കുന്നത്. എന്നാൽ വിപണിയിൽ ഇടപെട്ടുകൊണ്ട് കൂടുതൽ വില കൊടുത്തുവാങ്ങി വില കുറച്ചുവിൽക്കുന്ന സമീപനം സ്വീകരിച്ചതുകൊണ്ടാണ് കേരളത്തിലെ ജനങ്ങൾക്ക് വലിയ ആശ്വാസം പകരാൻ കഴിഞ്ഞത്. ആ പ്രവർത്തനത്തിൽ സപ്ലൈകോ ഫലപ്രദമായി ഇടപെടുകയാണ്. അതാണ് നേരത്തെ ചോദ്യോത്തരവേളയിൽ ഞാൻ സൂചിപ്പിച്ചത്. 42 ലക്ഷത്തോളം കുടുംബങ്ങൾ ഓരോ മാസവും സബ്സിഡി സാധനങ്ങൾ വാങ്ങിയതിന്റെ കൃത്യമായ

കണക്കുണ്ട്. കഴിഞ്ഞ മൂന്നുമാസത്തിനുമുൻപുള്ള കണക്ക് പറയാം. സപ്ലൈകോ ഔട്ട്‌ലെറ്റുകളിൽ 2022 ഏപ്രിൽ മാസത്തിൽ 6109.14 ലക്ഷം രൂപയുടെ സബ്സിഡി ഉൽപ്പന്നങ്ങളാണ് വിറ്റത്. 2023 ഏപ്രിൽ മാസത്തിൽ 7655.96 ലക്ഷം രൂപയുടെ ഉൽപ്പന്നങ്ങൾ സബ്സിഡിയിനത്തിൽ വിൽക്കാൻ കഴിഞ്ഞിട്ടുണ്ട്. അതായത് 25 ശതമാനത്തിന്റെ വർദ്ധനവാണുണ്ടായത്. ഇതെല്ലാം ഔദ്യോഗികമായ കണക്കുകളായതിനാൽ നിങ്ങൾക്ക് വിവരാവകാശംവഴി എടുക്കാവുന്നതാണ്. 2022 മേയ് മാസം 5505 ലക്ഷം രൂപയുടെയും 2023 മേയ് മാസം 8159 ലക്ഷം രൂപയുടെയും വില്പനയാണുണ്ടായത്. 2022 ജൂൺ മാസം 5958.53 ലക്ഷം രൂപയുടെ വില്പനയാണെങ്കിൽ 2023 ജൂണിൽ 7493.24 ലക്ഷം രൂപയുടെ വില്പനയാണുണ്ടായത്. സർക്കാർ വിപണിയിൽ ഇടപെടാത്തതാണോ, സപ്ലൈകോയിൽ സബ്സിഡി ഉൽപ്പന്നങ്ങളില്ലാത്തതാണോ ഈ കണക്കുകൾ സൂചിപ്പിക്കുന്നത്? ഇതിനുപുറമെ സൂപ്പർമാർക്കറ്റുകളിലേതുപോലെ ആയിരക്കണക്കിന് മറ്റ് ഉൽപ്പന്നങ്ങളും സപ്ലൈകോയിലൂടെ വിൽക്കുന്നുണ്ട്. അങ്ങനെ സബ്സിഡി ഉൽപ്പന്നങ്ങൾ

വിൽക്കാൻ സർക്കാരിന്റെ പിന്തുണയുണ്ട്. ഞാൻ ചോദ്യോത്തര വേളയിൽ സൂചിപ്പിച്ചതുപോലെ ജൂലൈ മാസത്തിൽ സപ്ലൈകോ ഔട്ട്ലെറ്റുകളിൽ ചില സാധനങ്ങളുടെ ഡിമാൻഡ് കൂടിയപ്പോൾ സ്വാഭാവികമായും അതിനനുസരിച്ച് അവസാന ദിവസങ്ങളിൽ സാധനങ്ങൾ തീർന്നുപോയ സാഹചര്യമുണ്ടായി. അതിൽ ചില പ്രയാസങ്ങളുണ്ടായിയെന്നുള്ളത് യാഥാർത്ഥ്യമാണ്, ഞാനത് നിഷേധിക്കുന്നില്ല. ആ സമയത്ത് സ്വാഭാവികമായും പല പ്രദേശങ്ങളിലെയും ഔട്ട്ലെറ്റുകളിൽ മൂന്നുനാല് ഉൽപ്പന്നങ്ങൾക്ക് കുറവുകൾ സംഭവിക്കുകയും അത് വേഗം പരിഹരിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്പോഴും അതിനുള്ള ശ്രമം ശക്തമായി നടത്തിക്കൊണ്ടിരിക്കുകയാണ്. ഇത്തരത്തിൽ വിപണിയിൽ ഇടപെടുന്ന ഒരു പൊതുമേഖലാ സ്ഥാപനമായ സപ്ലൈകോയിൽ ഒരു ഉൽപ്പന്നങ്ങളുമില്ലെന്നുപറഞ്ഞ് അടച്ചാക്ഷേപിക്കുകയും അപകീർത്തിപ്പെടുത്തുകയും ചെയ്തുകൊണ്ട് നിങ്ങൾ കേരളത്തിൽ ആരെ സഹായിക്കാനാണ് ശ്രമിക്കുന്നത്? സർക്കാരിനോട് ചിലപ്പോൾ രാഷ്ട്രീയമായ ശത്രുതയുണ്ടായേക്കാമെന്നതുകൊണ്ട് ഇങ്ങനെയൊരു നിലപാട് സ്വീകരിക്കാമോ; പൊതുസംരംഭങ്ങളെ സംരക്ഷിക്കേണ്ടത് നമ്മുടെ

കടമയാണ്.  ഇത് കൂട്ടായി ആലോചിക്കേണ്ട വിഷയമാണ്. ഞാൻ ആദ്യം സൂചിപ്പിച്ചതുപോലെ പൊതുവിതരണ രംഗത്ത് സർക്കാർ ഫലപ്രദമായ ഇടപെടൽ നടത്തുന്നുണ്ട്. 97-98 ശതമാനം മുൻഗണനാ കാർഡുകാരാണ് റേഷൻകടകളിൽനിന്നും  ഉൽപ്പന്നങ്ങൾ വാങ്ങുന്നത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി,  പ്ലീസ് കൺക്ലൂഡ്.

ശ്രീ. ജി. ആർ. അനിൽ: സർ, കേരളത്തിൽ  കേന്ദ്ര സർക്കാർ കഴിഞ്ഞ രണ്ട് മാസത്തിനുമുമ്പുവരെ 70-80 ശതമാനം പച്ചരി നൽകിക്കൊണ്ടിരുന്നതിനാൽ സാധാരണക്കാർക്ക് ഉപയോഗത്തിനാവശ്യമായ പുഴുക്കലരി ലഭിക്കാതെവരികയും മാർക്കറ്റിൽ പോയി വാങ്ങേണ്ട അവസ്ഥയുണ്ടാവുകയും ചെയ്തു. എന്നാൽ ഞങ്ങൾ ഫലപ്രദമായി ഇടപെട്ടുകൊണ്ട് കേരളത്തിലെ പൊതുവിതരണ കേന്ദ്രങ്ങളിലൂടെയുള്ള അരി വിതരണം 50:50 ശതമാനമാക്കുകയുണ്ടായി. അതായത് ഈ മാസം ഓണത്തിന് 70 ശതമാനം പുഴുക്കലരി എല്ലാ കാർഡുടമകൾക്കും കൊടുക്കുകയാണ്. പച്ചരി 30 ശതമാനമായി ക്രമപ്പെടുത്തി. മാത്രമല്ല ഏതെങ്കിലും കാർഡുടമയ്ക്ക് കൂടുതൽ പച്ചരി വേണമെങ്കിൽ അതും

കൊടുക്കും. നമ്മുടെ കർഷകരിൽനിന്നും സംഭരിച്ച നെല്ല് പ്രോസസ് ചെയ്തെടുത്തതും 53-54 രൂപ വിലയുള്ളതുമായ പുഴുക്കലരിയാണ് റേഷൻ കടകളിലൂടെ ഈ ആഗസ്റ്റ് മാസം മുതൽ വ്യാപകമായി നൽകുന്നത്. ഒരു എ.എ.വൈ. കാർഡുടമയ്ക്ക് 30 കിലോഗ്രാം അരി കിട്ടുന്നതിൽ 9 കിലോഗ്രാം പച്ചരി പോയാൽ ബാക്കി എത്ര രൂപയുടെ അരിയാണ് നൽകുന്നത്; ഇതൊരു വിപണി ഇടപെടലിന്റെ ഭാഗമായിട്ടുണ്ടായതല്ലേ? കേരളത്തിലേത് ഇടതുപക്ഷ സർക്കാരായതുകൊണ്ടല്ലേ ജനങ്ങളെ സഹായിക്കാനും സംരക്ഷിക്കാനുമായി താല്പര്യപൂർവ്വം ഇടപെട്ടത്. ഞാൻ രാജസ്ഥാനിലെയും ഹരിയാനയിലെയും മറ്റ് സംസ്ഥാനങ്ങളിലെയും കണക്കുകൾ പറയുന്നില്ല. നമ്മൾ ഫലപ്രദമായി ഇടപെടുന്ന ഇത്തരമൊരു സാഹചര്യത്തിൽ എന്തെങ്കിലും കുറവുകളോ പോരായ്മകളോ ഉണ്ടെങ്കിൽ പരിഹരിച്ച് ജനങ്ങളെ സഹായിക്കുന്ന നിലപാട് സ്വീകരിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

**ചെയർമാൻമാരുടെ പാനലിലെ തിരുത്ത്**

മി. സ്പീക്കർ: പതിനഞ്ചാം കേരള നിയമസഭയുടെ ഒമ്പതാം സമ്മേളനത്തിലേയ്ക്കുള്ള ചെയർമാൻമാരുടെ പാനലിൽ ഒരു തിരുത്തുണ്ട്. നേരത്തെ നാമനിർദ്ദേശം ചെയ്തത് സർവ്വശ്രീ സി. എച്ച്. കുഞ്ഞമ്പു, വാഴൂർ സോമൻ, സണ്ണി ജോസഫ് എന്നീ അംഗങ്ങളെയാണ്. അതിൽ ശ്രീ. സണ്ണി ജോസഫിനുപകരം ശ്രീ. സജീവ് ജോസഫിനെ ചെയർമാൻമാരുടെ പാനലിലേയ്ക്ക് നാമനിർദ്ദേശം ചെയ്യുന്നു.

**അടിയന്തരപ്രമേയം (തുടർച്ച)**

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, "വിലക്കയറ്റം എല്ലാ സീമകളും ലംഘിച്ച് കുതിക്കുമ്പോൾ സർക്കാർ ജനങ്ങളെ നോക്കി പരിഹസിക്കുകയാണ്."ഇത് എന്റെ വാക്കുകളല്ല, 2014 ജൂലൈ 4-ന് ബഹുമാന്യനായ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഫേസ്ബുക്കിൽ എഴുതിയതാണ്. ഇത് കൂടുതൽ പ്രസക്തമാകുന്നത് ഇപ്പോഴായതിനാലാണ് ഞാൻ വായിച്ചത്. സ്നേഹവും സന്തോഷവും പങ്കുവയ്ക്കുന്ന ഓണക്കാലത്തെ കാത്തിരിക്കുന്ന ഈ സാഹചര്യത്തിൽ ജനങ്ങളെ പരമാവധി പിന്തുണയ്ക്കാൻ

തയ്യാറാകേണ്ടതിനുപകരം വൈദ്യുതി ചാർജ്ജ്, വെള്ളക്കരം, നികുതി എന്നിവ വർദ്ധിപ്പിച്ചുകൊണ്ട് എല്ലാ വിധത്തിലും സർക്കാർ ജനങ്ങളെ ബുദ്ധിമുട്ടിച്ചുകൊണ്ടിരിക്കുകയാണ്. നിത്യോപയോഗ സാധനങ്ങളുടെ വിലനിലവാരത്തെക്കുറിച്ചുള്ള ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പുതിയ ഫേസ്ബുക്ക് പോസ്റ്റിൽ പറയുന്നത്, "വിലക്കയറ്റം പിടിച്ചുനിർത്താനുള്ള ഇടപെടലുകളുടെ ഫലമായി എട്ടാം വർഷവും സപ്ലൈകോ സ്റ്റോറുകളിൽ സാധനങ്ങൾക്ക് വില കൂടിയിട്ടില്ല. പതിമൂന്നിനം സാധനങ്ങളാണ് 2016-ലെ വിലയിലും കുറച്ച് നൽകുന്നത്. സപ്ലൈകോ സ്റ്റോറുകളിൽ സാധനങ്ങൾക്ക് വില കൂടില്ല" എന്നാണ്. അവിടെ എന്തെങ്കിലും ഉണ്ടെങ്കിലല്ലേ വില കൂടേണ്ടതുള്ളൂ. അവിടെയൊന്നും ഇല്ലാത്തതുകൊണ്ട് വിലനിലവാരത്തെക്കുറിച്ച് ചർച്ച ചെയ്യേണ്ട കാര്യമോ അവിടെ പോകേണ്ട കാര്യമോ ഇല്ല. കോഴിക്കോട് പാളയം സപ്ലൈകോ ഔട്ട്ലെറ്റിലെ വിലവിവര പട്ടികയിൽ സാധനങ്ങളൊന്നുമില്ലെന്ന് രേഖപ്പെടുത്തിയിരിക്കുന്നതായി കേരളകൗമുദി ദിനപ്പത്രത്തിൽ വാർത്ത വന്നിട്ടുണ്ട്. പതിമൂന്നിന സബ്സിഡി സാധനങ്ങൾ സപ്ലൈകോ ഔട്ട്ലെറ്റുകളിലുണ്ടെന്നാണ് മുഖ്യമന്ത്രി

ഫേസ്ബുക്കിൽ എഴുതിയത്. എന്നാൽ കോഴിക്കോട് പാളയം സപ്ലൈകോ ഔട്ട്ലെറ്റിലെ ബോർഡിൽ ഉഴുന്ന്, വൻപയർ, തുവരപ്പരിപ്പ്, ചെറുപയർ, കടല, മുളക്, പഞ്ചസാര, മട്ട അരി എന്നിവയൊന്നും ഇല്ലെന്നാണ് എഴുതിയിട്ടുള്ളത്. സബ്സിഡി സാധനങ്ങളില്ലെങ്കിൽ വിലകുറച്ചുകൊടുത്തിട്ടും കൂടുതൽ കൊടുത്തിട്ടും കാര്യമില്ല. ഇന്ന് സഭയിൽ ഈ വിഷയം അവതരിപ്പിക്കേണ്ടതിനാൽ ഞാൻ ഇന്നലെ തിരുവനന്തപുരത്തെ പാളയം മാവേലി സ്റ്റോറിൽ പോയിരുന്നു. അവിടെ വെളിച്ചെണ്ണയും പഞ്ചസാരയും മാത്രമേയുള്ളൂ. മലയിൻകീഴ് സപ്ലൈകോ സൂപ്പർ ബസാറിൽ മല്ലി, ചെറുപയർ, വെളിച്ചെണ്ണ എന്നീ മൂന്ന് സാധനങ്ങൾ മാത്രമേയുള്ളൂ. 13 ഇനങ്ങൾക്ക് വില കൂടിയിട്ടില്ലെന്നുള്ളതാണ് മറ്റൊരു വ്യാജ പ്രചാരണം. സപ്ലൈകോയുടെ പ്രൈസ് ലിസ്റ്റ് പ്രകാരം 2016-ൽ ഒരു ലിറ്റർ വെളിച്ചെണ്ണയ്ക്ക് 90 രൂപയായിരുന്നുവെങ്കിൽ 2023 ജൂലൈ 31-ന് അത് 126 രൂപയായി. സബ്സിഡിയുള്ള 500 മില്ലീ ലിറ്റർ പായ്ക്കറ്റിന് 46 രൂപയാണ്. പക്ഷേ ഇപ്പോൾ എന്ത് സംഭവിച്ചെന്ന് നേരിട്ട് പോയി അന്വേഷിച്ചാൽ മനസ്സിലാക്കാം. നിയമസഭാ മന്ദിരത്തിന് താഴെയുള്ള മാവേലി സ്റ്റോറിൽ

അര ലിറ്റർ പായ്ക്കറ്റ് ഇല്ല; 126 രൂപ വിലയുള്ള ഒരു ലിറ്റർ പായ്ക്കറ്റ് മാത്രമേയുള്ളൂ. മാവേലി സ്റ്റോറുകളിൽ 126 രൂപയ്ക്ക് ലഭ്യമാകുന്നത് പരിമിതമായ സ്റ്റോക്കായതിനാൽ പെട്ടെന്ന് തീർന്നുപോകുകയും ജനങ്ങൾക്ക് 146 രൂപ വിലയുള്ളത് വാങ്ങിക്കേണ്ടിവരികയും ചെയ്യുന്നു. എന്നാൽ പൊതുമാർക്കറ്റിൽ അതിനേക്കാൾ ഒരു രൂപ കുറച്ചുകിട്ടും. ഇത്തരത്തിലുള്ള മാർക്കറ്റ് ഇന്റർവെൻഷൻ നടത്താതിരിക്കുന്നതാണ് നല്ലത്. സർക്കാർ കാര്യമായി ചെയ്തുകൊണ്ടിരിക്കുന്നത് ഇതാണ്. സപ്ലൈകോയ്ക്കോ മാവേലി സ്റ്റോറിനോ അതുപോലുള്ള മറ്റ് സംവിധാനങ്ങൾക്കോ വിലകുറച്ച് സാധനങ്ങൾ ലഭ്യമാക്കാൻ കഴിയാതായാൽ ജനങ്ങൾ പൊതുമാർക്കറ്റിലേയ്ക്ക് പോകും. എന്നാൽ അവിടെയും അവശ്യസാധനങ്ങളുടെ വില കുതിക്കുകയാണ്. സർക്കാർ നോക്കുകുത്തിയായി നിൽക്കുന്നതല്ലാതെ മാർക്കറ്റ് ഇന്റർവെൻഷൻ നടത്തുന്നതിന് കാര്യമായ യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. ഒരു വശത്ത് കേന്ദ്ര സർക്കാർ പാചക വാതകത്തിന്റെ വില 500 രൂപയായിരുന്നത് 1100 രൂപയാക്കുകയും പെട്രോൾ, ഡീസൽ എന്നിവയുടെ വില വർദ്ധിപ്പിച്ച് അതിവിലക്കയറ്റം സൃഷ്ടിക്കുകയും ചെയ്യുന്നു.

കേരളത്തിലാണെങ്കിൽ ഇന്ധനവിലയോടൊപ്പം സെസ്സുംകൂടി ഏർപ്പെടുത്തി അധിക വിലക്കയറ്റം സൃഷ്ടിച്ചുകൊണ്ട് ജനങ്ങളുടെമേൽ ഇരട്ടി ദുരിതം അടിച്ചേൽപ്പിക്കുകയാണ്. കഴിഞ്ഞ ഏപ്രിൽ മുതൽ കേരളത്തിൽ ജീവിക്കുന്ന ഒരു സാധാരണക്കാരന്റെ ജീവിത ചെലവിൽ ശരാശരി 5000 രൂപയുടെമുകളിൽ വർദ്ധനവുണ്ടായിരിക്കുകയാണ്. ഈ സാഹചര്യത്തിൽ ജനങ്ങൾ ജീവിക്കുന്നത് എങ്ങനെയാണ്? കരാറുകാർക്ക് യഥാസമയം പണം നൽകാത്തതിനാൽ സപ്ലൈകോയിൽ ടെണ്ടർ നടപടികൾ പോലും കൃത്യമായി നടക്കാത്ത സാഹചര്യമുണ്ട്.

എല്ലാവർക്കും ഇത്തവണ ഓണക്കിറ്റ് കൊടുക്കാൻ കഴിയില്ലെന്ന് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രിയുടെ പ്രസ്താവനയുണ്ട്. കഴിഞ്ഞ വർഷം ആഗസ്റ്റ് മാസമായപ്പോൾ ഓരോ വിഭാഗത്തിനും ഓണക്കിറ്റ് കൊടുക്കുന്ന നടപടികൾ റേഷൻ കടകൾ വഴി ആരംഭിച്ചിരുന്നു. ഇപ്പോൾ ഒരു റേഷൻ കടയിലും ഓണക്കിറ്റ് വന്നിട്ടില്ല. ജനങ്ങൾ ദുരിതമനുഭവിക്കുന്ന സാഹചര്യത്തിലാണ് അത് കൊടുക്കേണ്ടത്. എന്നാൽ ഓണക്കിറ്റ്

എല്ലാവർക്കും കൊടുക്കുന്നുണ്ടോയെന്നത് സംബന്ധിച്ച് വ്യക്തതയില്ല. സപ്ലൈകോയ്ക്ക് 3400 കോടി രൂപയുടെ ബാധ്യത പരിഹരിക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെടണം. ഈ അടിയന്തരപ്രമേയം ബഹു. സിവിൽ സപ്ലൈസ് വകുപ്പുമന്ത്രി അവതരിപ്പിക്കേണ്ടതാണ്. അദ്ദേഹത്തിന് കഴിയാത്തതുകൊണ്ടാണ് ഞാൻ ഇത് അവതരിപ്പിക്കുന്നത്. സപ്ലൈകോയ്ക്ക് 3400 കോടി രൂപ കൊടുക്കാനുള്ളപ്പോൾ ഭക്ഷ്യ വകുപ്പുമന്ത്രി 250 കോടി രൂപയാണ് കൊടുത്തത്. മാത്രമല്ല അതിൽനിന്നും 170 കോടി രൂപ നെല്ല് സംഭരണത്തിനുവേണ്ടി മാറ്റിവയ്ക്കുകയാണെന്നും പറഞ്ഞു. അത് മാറ്റി ഓണക്കിറ്റ് വാങ്ങുന്നതിന് കൊടുക്കാമെന്നാണ് ഇപ്പോൾ പറയുന്നത്. എങ്ങനെയായാലും 250 കോടി രൂപയേയുള്ളൂ. 170 കോടി രൂപയും 80 കോടി രൂപയും അങ്ങോട്ടുമിങ്ങോട്ടും തിരിച്ചും മറിച്ചുമായാലും 250 കോടി രൂപയിൽ നിൽക്കുകയാണ്. ഈ സാഹചര്യത്തിൽ സാധാരണക്കാരന്റെ കുടുംബ ബഡ്ജറ്റ് രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ കഴിയാത്തവിധം ദുരിതത്തിലാകുകയാണ്.

സർക്കാർ ഉദ്യോഗസ്ഥർക്ക് വിലക്കയറ്റത്തിന്റെ സമയത്ത് കൊടുക്കുന്ന ഡി.എ. 6 തവണയായി കുടിശ്ശികയാണ്. വിലക്കയറ്റം തടയാനാണ് ഡി.എ. അനുവദിക്കുന്നത്. അതുമാത്രമല്ല, പാവപ്പെട്ട കശുവണ്ടി തൊഴിലാളികൾക്ക് ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്താണ് അവസാനമായി കൂലി വർദ്ധിപ്പിച്ചത്. 8 വർഷമായി അവരുടെ കൂലി വർദ്ധനവ് നടപ്പാക്കുന്നില്ല. അവരും ഇപ്പോൾ ഒരു കിലോ തക്കാളിക്ക് 130 രൂപ കൊടുത്താണ് വാങ്ങേണ്ടത്. ചെറുപയർ - 120 രൂപ, ഉഴുന്നുപരിപ്പ് - 130 രൂപ, കടല - 160 രൂപ, വൻപയർ - 115 രൂപ, മുളക് - 320 രൂപ എന്നിങ്ങനെയാണ് തിരുവനന്തപുരം പാളയം മാർക്കറ്റിലെ വില. പാവപ്പെട്ടവർക്ക് ജീവിക്കാൻ കഴിയാത്ത സാഹചര്യമാണ് വിലക്കയറ്റം മുഖേനയുണ്ടായിരിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രി ഡൽഹിയിലെ വിലയെക്കുറിച്ച് പറഞ്ഞു. ഇപ്പോൾ ഡൽഹി, രാജസ്ഥാൻ തുടങ്ങിയ സംസ്ഥാനങ്ങളുമായാണ് താരതമ്യം ചെയ്യുന്നത്. ഡൽഹിയിൽ ഒരു ലിറ്റർ പെട്രോളിന് 96 രൂപയാണെങ്കിൽ ഇവിടെ 108 രൂപയാണ്. അത് താരതമ്യം ചെയ്യണ്ടേ; നിങ്ങൾ കുറയ്ക്കുമോ? അതുപോലെ ഇപ്പോൾ ഓണച്ചന്തകളുടെ എണ്ണം കുറഞ്ഞു; ഓണച്ചന്തകൾ

ആരംഭിക്കേണ്ട സമയമായിട്ടും അതിന് കഴിയുന്നുണ്ടോ? സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഇപ്പോൾ കെ.എസ്.ആർ.ടി.സി.-യുടെ പാതയിലാണ്. ഈ സർക്കാർ സിവിൽ സപ്ലൈസ് കോർപ്പറേഷനെ ദയാവധത്തിന് വിട്ടുകൊടുക്കുകയാണ്. ഇത് കേരളത്തിലെ പാവങ്ങളെയും സാധാരണക്കാരെയുമാണ് ബാധിക്കുന്നത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി, അങ്ങ് ഈ ബഡ്ജറ്റിൽ അതിശക്തമായി ഊന്നിപ്പറഞ്ഞ ഒരു പ്രഖ്യാപനം ഞാൻ ആവർത്തിക്കുകയാണ്. "വിലക്കയറ്റത്തിന്റെ ഭീഷണി പൂർണ്ണമായും ഒഴിഞ്ഞുമാറിയിട്ടില്ല എന്നത് പരിഗണിച്ച് ശക്തമായ വിപണി ഇടപെടലുകൾ തുടരുന്നതിനായി 2023-24-ലേയ്ക്ക് 2000 കോടി രൂപ വകയിരുത്തുന്നു."അത് എവിടെയാണ്? അക്കാര്യം 2022-ലെയും 2023-ലെയും ബഡ്ജറ്റിൽ പറഞ്ഞു. ഇവിടെ വിവാദ പ്രസ്താവനകൾ നടത്തി സമൂഹത്തിൽ ധ്രുവീകരണം നടത്താനല്ല ഉത്തരവാദിത്വപ്പെട്ടവർ ശ്രമിക്കേണ്ടത്. പ്രാഥമികമായ ഉത്തവാദിത്വങ്ങളുടെ വീഴ്ച മറച്ചുവയ്ക്കാൻ സാമൂഹികാന്തരീക്ഷം മലിനമാക്കരുത്. ഉത്തരവാദിത്വം ഏറ്റെടുത്തുകൊണ്ടും മാർക്കറ്റിലിടപെട്ടുകൊണ്ടും പാവപ്പെട്ടവന് ജീവിക്കാൻ കഴിയുന്ന സാഹചര്യം

കേരളത്തിൽ സംജാതമാക്കണമെന്ന ഗൗരവമായ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ചചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, ബഹുമാന്യനായ അംഗം കഴിഞ്ഞവർഷം ഈ സഭയിൽ ചെയ്ത പ്രസംഗമെല്ലാം ഭക്ഷ്യക്കിറ്റിന് എതിരായിട്ടായിരുന്നു. ഇപ്പോൾ അനുകൂലിച്ച് പറഞ്ഞതിൽ സന്തോഷമുണ്ട്. പതിനൊന്ന് കോടി ഭക്ഷ്യക്കിറ്റുകൾ വിതരണം ചെയ്തവരാണ് ഭരണപക്ഷത്ത് ഇരിക്കുന്നതെന്നത് നിങ്ങൾ ചെറുതായി കാണരുത്. കോവിഡ് കാലഘട്ടത്തിലായാലും ദുരിതം അനുഭവിക്കുന്ന ഏത് ഘട്ടത്തിലായാലും ജനങ്ങളെ ചേർത്ത് നിർത്തുന്ന നിലപാടാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഓണക്കാലത്ത് മാത്രമല്ല, അനിവാര്യഘട്ടങ്ങളിലെല്ലാം കിറ്റ് വിതരണം നടത്തുന്നതിൽ അനുഭാവപൂർവ്വമായ സമീപനമാണ് സർക്കാർ സ്വീകരിക്കുന്നത്. ഒരു മാധ്യമത്തിൽ വന്ന വാർത്തയെ സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗം

സൂചിപ്പിക്കുകയുണ്ടായി. ആ മാധ്യമം തന്നെ പിറ്റേ ദിവസം മുൻപേജിൽ വാർത്ത തിരുത്തി നൽകുകയുണ്ടായി. ഈ തെറ്റായ വാർത്ത വന്നതിന്റെ അന്ന് രാവിലെ പത്തുമണിക്ക് കട തുറന്നപ്പോൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ അന്വേഷണത്തിൽ വാർത്തയിൽ പറഞ്ഞ പല കാര്യങ്ങളും തെറ്റായിരുന്നുവെന്ന് ബോധ്യപ്പെട്ടു. അത് അടുത്ത ദിവസം കേരള കൗമുദി വാർത്തയാക്കുകയും ചെയ്തിരുന്നു. മാധ്യമങ്ങൾ പെരുപ്പിച്ച് കാണിക്കുന്ന ചില വിഷയങ്ങൾ സഭയിൽ കൊണ്ടുവന്ന് അവയെല്ലാം ശരിയെന്ന രീതിയിലേയ്ക്ക് പോകരുതെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. മാർക്കറ്റ് ഇടപെടലിനെയും ബഡ്ജറ്റിൽ പ്രഖ്യാപിച്ച തുകയെയും സംബന്ധിച്ച് ബഹുമാന്യനായ അംഗം സൂചിപ്പിക്കുകയുണ്ടായി. കർഷകർക്ക് നെല്ലിന് 28.20 രൂപ വില നൽകുന്ന ഒരു സംസ്ഥാനം കേരളമല്ലാതെ മറ്റ് എവിടെയെങ്കിലുമുണ്ടോ? (...ബഹളം....) കേന്ദ്രസർക്കാർ നൽകിയ തുകയെല്ലാം കൊടുത്തു കഴിഞ്ഞു. തെക്കേ ഇന്ത്യയിലെ സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ, കർണ്ണാടകവും തമിഴ്നാടും കൊടുക്കുന്ന തുകയേക്കാൾ കൂടുതലാണ് കേരളം നൽകുന്നത്. എല്ലാക്കാലത്തും ഇങ്ങനെ നൽകിയിട്ടില്ല.

കേരളത്തിൽ 2016 മുതലാണ് ഇത്തരത്തിൽ കൃഷിക്കാർക്ക് നെല്ലിന്റെ വില ലഭ്യമാക്കുന്നത്. കഴിഞ്ഞ വർഷം 2,100 കോടി രൂപയുടെ ഏഴര ലക്ഷത്തോളം ടൺ നെല്ലാണ് കർഷകരിൽനിന്നും സംഭരിച്ചത്. അതിൽ 1600-ലധികം കോടി രൂപ വിതരണം ചെയ്തുകഴിഞ്ഞു. ബാക്കി തുക ഇന്ന് അവരുടെ അക്കൗണ്ടിലേയ്ക്ക് എത്തുകയാണ്. ചിലപ്പോൾ രണ്ടോ മൂന്നോ ദിവസം വൈകും. ഇതിൽ നിങ്ങൾക്ക് ആശങ്കയൊന്നും വേണ്ട. ഇന്ന് ബഹുമാന്യനായ അംഗം ചോദിച്ചതിനുള്ള മറുപടി നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ ഉത്തരത്തിൽ നൽകിയിട്ടുണ്ട്. അതുപോലെ ഓണച്ചന്തകളെക്കുറിച്ചും ഒരാശങ്കയും വേണ്ട. കേരളത്തിലെ ജനങ്ങൾക്ക് ആശ്വാസം പകരാൻ കഴിയുന്ന തരത്തിൽ എല്ലാ നടപടികളും സ്വീകരിക്കും. കേരള ചരിത്രത്തിൽ ഏറ്റവും കൂടുതൽ ഉൽപ്പന്നങ്ങൾ സപ്ലൈകോയുടെ ഔട്ട്ലെറ്റിലൂടെ വിതരണം ചെയ്തുകൊണ്ട് ഓണം വിപണിയിലിടപെടുന്ന നടപടിയിലേയ്ക്ക് പോകുകയാണ്. കേരളത്തിന്റെ പതിനാല് ജില്ലാ കേന്ദ്രങ്ങളിലും ഓണച്ചന്തകൾ ആരംഭിക്കുകയാണ്. കേരളത്തിന്റെ ആദരണീയനായ മുഖ്യമന്ത്രി ഈ മാസം പതിനെട്ടാം തീയതി

തിരുവനന്തപുരത്ത് അതിന്റെ ഉദ്ഘാടനം നിർവ്വഹിക്കുന്നതാണ്. എല്ലാ നിയോജകമണ്ഡലങ്ങളിലും താലൂക്ക് കേന്ദ്രങ്ങളിലും ആഗസ്റ്റ് മാസം 23-ാം തീയതി മുതലുള്ള ആറ് ദിവസക്കാലം ഓണച്ചന്തകൾ പ്രവർത്തിക്കും. ഓണത്തിന് ജനങ്ങൾക്ക് വിലക്കയറ്റത്തിന്റെ ഭീതി വരാതിരിക്കാനുള്ള ഇടപെടലുകളുണ്ടാകുമെന്ന കാര്യം സൂചിപ്പിക്കുകയാണ്. വെളിച്ചെണ്ണയുടെയും മുളകിന്റെയുമൊക്കെ വിലയെക്കുറിച്ച് ബഹുമാന്യനായ അംഗം സൂചിപ്പിക്കുകയുണ്ടായി. ചില സമയത്ത് ഡിമാൻഡ് കൂടുമ്പോൾ ചില സാധനങ്ങൾക്ക് ലഭ്യതക്കുറവുണ്ടാകും. എന്നാൽ വെളിച്ചെണ്ണയ്ക്ക് കഴിഞ്ഞ ആറേഴ് മാസക്കാലമായി ഒരു ദിവസം പോലും ഒരു ഔട്ട്ലെറ്റിലും ലഭ്യതക്കുറവുണ്ടായിട്ടില്ല. അരക്കിലോ വെളിച്ചെണ്ണ 46 രൂപയ്ക്ക് നൽകുന്നത് ചെറിയ കാര്യമാണോ? ഇത് മാർക്കറ്റിലെ വിലയുമായി താരതമ്യം ചെയ്യണം. മുളകിന്റെ വില 37.50 രൂപയാണ്. പൊതുവിപണിയിൽ 145 രൂപയും അതിനുമുകളിലുമാണ് വില വരുന്നത്. സപ്ലൈകോയിൽ നാൽപ്പതോളം നിത്യോപയോഗ സാധനങ്ങൾ സബ്സിഡി റേറ്റിൽ അല്ലെങ്കിലും പൊതുവിപണിയെക്കാളും വിലകുറച്ച് യഥേഷ്ടം നൽകുകയാണ്. നിങ്ങൾ

ഭരിക്കുന്നതുൾപ്പെടെയുള്ള സംസ്ഥാനങ്ങളിൽ 40 രൂപയ്ക്ക് മുകളിലാണ് അരി വില. ഇവിടെ റേഷൻ കടകളിലൂടെ അരി നൽകുന്നത് കൂടാതെ സപ്ലൈകോ ഔട്ട്‌ലെറ്റുകൾ മുഖേന 23-25 രൂപ നിരക്കിൽ 10 കിലോ അരി എല്ലാ കാർഡുടമകൾക്കും നൽകുകയാണ്. നിത്യോപയോഗ സാധനങ്ങളും മാർക്കറ്റിലെ വിലയേക്കാൾ കുറച്ച് നൽകുന്നതിലൂടെ ജനങ്ങൾക്ക് ആശ്വാസം പകരുകയാണ്. ഇവിടെ സൂചിപ്പിച്ചതുപോലെ, ചില ഉൽപ്പന്നങ്ങളുടെ കുറവ് അടിയന്തരമായി പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്, സാധനങ്ങൾ വന്നുതുടങ്ങിയിട്ടുമുണ്ട്. രാജ്യം മുഴുവനുമുള്ള വിഷയങ്ങൾ നമുക്കറിയാവുന്നതാണ്. അതിന്റേതായ കുറവുകൾ ആദ്യഘട്ടങ്ങളിലുണ്ടായത് പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. അതുകൊണ്ട് ഇത്തരം വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട സാഹചര്യമില്ലെന്നുള്ള കാര്യം അറിയിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചിരിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, കേരള സംസ്ഥാനത്തെ സാധാരണ ജനങ്ങൾ നിരവധി പ്രതിസന്ധികളിലൂടെ കടന്നുപോകുന്ന കാലമാണിത്. മഹാപ്രളയവും മഹാമാരിയും ധാരാളം ജനങ്ങളുടെ സാമ്പത്തിക അടിത്തറ തകർത്തു. അവർ അതിന്റെ ആഘാതത്തിൽനിന്നും മുക്തരാകുന്നതേയുള്ളൂ. ഇക്കഴിഞ്ഞവർഷം സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും ഏറ്റവും കൂടുതൽ ജപ്തി നോട്ടീസുകൾ പ്രവഹിച്ച കാലമാണ്. സർക്കാർ ധനകാര്യ സ്ഥാപനങ്ങളും സഹകരണ സ്ഥാപനങ്ങളും സ്വകാര്യ സ്ഥാപനങ്ങളുമെല്ലാം കിടപ്പാടവും കൃഷിയിടങ്ങളും ജപ്തി ചെയ്ത കാലമാണ് കഴിഞ്ഞ മാർച്ച് 31 വരെയുള്ള സമയം. അതിനുശേഷം നാല് മാസം കഴിഞ്ഞു. മാർച്ച് 31-ലെയും ജൂലൈ 31-ലെയും വിലകൾ താരതമ്യം ചെയ്താൽ നാലംഗങ്ങളുള്ള ഒരു ഇടത്തരം കുടുംബത്തിന്, നാല് മാസംകൊണ്ട് വർദ്ധിച്ചിരിക്കുന്ന ബാധ്യത അയ്യായിരം രൂപ മുതൽ പതിനായിരം രൂപ വരെയാണ്. ചില വീടുകളിൽ അത് പതിനയ്യായിരം രൂപയായി മാറിയിട്ടുണ്ട്. കെട്ടിട നികുതി, വെള്ളക്കരം,

വൈദ്യുത ചാർജ്ജ് എന്നിവയെല്ലാം വർദ്ധിപ്പിച്ചതോടൊപ്പം ഇന്ധന സെസ്സും ഏർപ്പെടുത്തി, ഒരു സർക്കാരിന് ജനങ്ങളുടെ തലയിൽ ഇരുമ്പുകൂടം കൊണ്ടടിക്കാൻ പറ്റാവുന്ന രീതിയിലുള്ള എല്ലാം നിങ്ങൾ ചെയ്തു. വിപണിയിൽ രൂക്ഷമായ വിലവർദ്ധനയുണ്ടാകുമ്പോൾ അതിനെക്കുറിച്ച് എല്ലാ മാധ്യമങ്ങളും എഴുതുന്നത് സ്വാഭാവികമാണ്. അവർ ഫീൽഡിൽ പോയി ചർച്ച ചെയ്ത് റിപ്പോർട്ടെടുക്കും. മാധ്യമങ്ങളിൽ വന്ന വാർത്തകൾക്കും പ്രതിപക്ഷം ഉന്നയിച്ച ആരോപണങ്ങൾക്കും മുഖ്യമന്ത്രിയുടെ ഓഫീസിന്റെ ഫേസ്ബുക്ക് പോസ്റ്റ് വന്നു. നമ്മുടെ മുഖ്യമന്ത്രി ഇപ്പോൾ ആരോടും ഒന്നും പറയില്ലല്ലോ. (.....ബഹളം.....) ഫേസ്ബുക്ക് പോസ്റ്റിൽ പറഞ്ഞത് സപ്ലൈകോയിലെ വിലയെക്കുറിച്ചാണ്. അവിടത്തെ വില എന്താണ്? (.....ബഹളം.....) രാജസ്ഥാനിലേയ്ക്കും ഡൽഹിയിലേയ്ക്കും കർണ്ണാടകയിലേയ്ക്കും നോക്കാനാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. 1964-ൽ ആർ. ശങ്കറിന്റെ കാലത്ത് സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സമ്പ്രദായം കൊണ്ടുവന്ന ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനമാണ് കേരളം. സിവിൽ സപ്ലൈസ് കോർപ്പറേഷനും കൺസ്യൂമർഫെഡും ഉൾപ്പെടെ നിരവധി ഏജൻസികൾ രൂപീകരിച്ചുകൊണ്ട്

മാറിമാറി വന്ന സർക്കാരുകൾ മാർക്കറ്റിൽ ഇടപെട്ടത് കേരളം ഇന്ത്യയിലെ ഏറ്റവും വലിയ കൺസ്യൂമർ സ്റ്റേറ്റായതുകൊണ്ടാണ്. ഇത് ആരുടെയും പ്രത്യേകതയല്ല. മാറിമാറി വന്ന സർക്കാരുകൾ മാർക്കറ്റിൽ ഇടപെട്ടു. എന്നാൽ ഈ സർക്കാർ അതിൽ ദയനീയമായി പരാജയപ്പെട്ടിരിക്കുകയാണ്. വിപണിയിലെ വിലനിലവാരം അറിയണമെങ്കിൽ കോഴിക്കോട്ടുള്ള പാളയം മാർക്കറ്റിൽ പോകണമെന്നില്ല ഇവിടത്തെ പാളയം മാർക്കറ്റ് സന്ദർശിച്ചാലും മതിയാകും.

സപ്ലൈകോയിൽ സാധനങ്ങൾ വിതരണം ചെയ്യുന്ന കരാറുകാർക്ക് അറുന്നൂറ്റി ചില്വാനം കോടി രൂപ കൊടുക്കാനുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രിക്കറിയാമല്ലോ. പ്രധാന കരാറുകാർ ഇപ്പോൾ ടെണ്ടറിൽ പങ്കെടുക്കുകയോ സാധനങ്ങൾ സപ്ലൈ ചെയ്യുകയോ ചെയ്യുന്നില്ല. അതുകൊണ്ടാണ് സാധനങ്ങൾ റീട്ടെയിൽ ഔട്ട്ലെറ്റിൽ ഇല്ലാത്തത്. ഇപ്പോൾ മാവേലി സ്റ്റോർ മുഖേന സോപ്പും ചീപ്പും കണ്ണാടിയുമൊക്കെ വിൽക്കുകയാണ്. അതിലൊരു പ്രശ്നവുമില്ല; എന്നാൽ അതല്ല ചെയ്യേണ്ടത്. 13 എസൻഷ്യൽ കമ്മോഡിറ്റീസ് സബ്സിഡി റേറ്റിൽ വിതരണം ചെയ്യണം.

മറ്റെല്ലാ സാധനങ്ങളും അവിടെ വിൽപ്പനയ്ക്ക് വയ്ക്കുകയും ആരെങ്കിലും വന്ന് വാങ്ങിക്കുകയും ചെയ്യോട്ടെ. സബ്സിഡിയുള്ള 13 എസൻഷ്യൽ കമ്മോഡിറ്റീസ് സപ്ലൈകോ ഔട്ട്ലെറ്റുകളിലുണ്ടോ? പാളയം മാർക്കറ്റിലും ബഹുമാനപ്പെട്ട മന്ത്രിയുടെ നിയോജകമണ്ഡലത്തിലെ നെടുമങ്ങാടും അഴീക്കോടും കരകുളത്തുമുള്ള സൂപ്പർമാർക്കറ്റുകളിൽ നമുക്ക് ഒരുമിച്ച് പോകാം. അവിടെയൊന്നും ഈ സാധനങ്ങളില്ലെന്നത് യാഥാർത്ഥ്യമാണ്. ഞാനതിന് ബഹുമാനപ്പെട്ട മന്ത്രിയെയല്ല കുറ്റപ്പെടുത്തുന്നത്. സപ്ലൈകോയ്ക്ക് പണം കൊടുക്കണ്ടേ, ഇല്ലെങ്കിൽ ഈ ഓണക്കാലത്ത് ടെണ്ടർ നടപടികൾ പോലും നടക്കില്ല.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, സപ്ലൈകോ ഔട്ട്ലെറ്റുകളിൽ പതിമൂന്ന് നിത്യോപയോഗ സാധനങ്ങളില്ലെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സൂചിപ്പിക്കുകയുണ്ടായി. അത് തെറ്റായ സ്റ്റേറ്റ്മെന്റാണ്. പ്രതിപക്ഷനേതാവ് കൂടി വരികയാണെങ്കിൽ സഭ പിരിഞ്ഞതിനുശേഷം അവിടെ പോകാൻ ഞാൻ തയ്യാറാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, നമുക്ക് പോകാം. ബഹുമാനപ്പെട്ട മന്ത്രിയുടെ നിയോജകമണ്ഡലമുൾപ്പെടെയുള്ള സ്ഥലങ്ങളിലെ ഔട്ട്ലെറ്റുകളിൽ പ്രധാനപ്പെട്ട 13 എസൻഷ്യൽ കമ്മോഡിറ്റീസ് കിട്ടാനില്ല. അവിടെ വളരെക്കുറച്ച് സാധനങ്ങളേയുള്ളു. (.....ബഹളം.....) നിങ്ങൾ എവിടെ വേണമെങ്കിലും പോയി നോക്കിക്കോ. വെളിച്ചെണ്ണ എല്ലാ ഔട്ട്ലെറ്റുകളിലുമുണ്ടെന്ന് ഇപ്പോൾ പറഞ്ഞു. എസൻഷ്യൽ കമ്മോഡിറ്റീസിന്റെ ഭാഗമായി വെളിച്ചെണ്ണയുണ്ട്. സബ്സിഡിയുള്ളത് അര ലിറ്ററിനാണ്. എന്നാൽ അവിടെ ഒരു ലിറ്ററിന്റെ പായ്ക്കറ്റേയുള്ളൂ, അര ലിറ്ററിന്റേത് ഇല്ല. ഗവൺമെന്റ് ബാധ്യത ഏറ്റെടുത്ത് സപ്ലൈകോ വഴി സബ്സിഡി റേറ്റിൽ സാധനങ്ങൾ കൊടുക്കുന്നത് മാർക്കറ്റ് ഇന്റർവെൻഷനുവേണ്ടിയാണ്. അത് കൃത്യമായി ചെയ്താൽ പൊതുമാർക്കറ്റിലെ വില താഴോട്ട് വരികയും ഇടനിലക്കാരുണ്ടാക്കുന്ന കൃത്രിമ വിലക്കയറ്റത്തെ നിയന്ത്രിക്കാൻ സാധിക്കുകയും ചെയ്യും. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഫേസ്ബുക്ക് പോസ്റ്റിൽ പറഞ്ഞതുപ്രകാരം സപ്ലൈകോയിൽ ചെറുപയറിന് 74 രൂപയാണ്, പൊതുവിപണിയിൽ 120 രൂപ; ഉഴുന്നുപരിപ്പിന്

സപ്ലൈകോയിൽ 66 രൂപ, പൊതുവിപണിയിൽ 130 രൂപ; കടല 43 രൂപ, പുറത്ത് 160 രൂപ; വൻപയർ 45 രൂപ, പുറത്ത് 120 രൂപ; മുളകിന് 75 രൂപ, പുറത്ത് 320 രൂപ എന്നിങ്ങനെയാണ്. പൊതുമാർക്കറ്റിൽ നിത്യോപയോഗ സാധനങ്ങളുടെ വില ഇരട്ടിയോ മൂന്നിരട്ടിയോ ആണ്. അതുകൊണ്ടാണ് മാർക്കറ്റ് ഇന്റർവെൻഷൻ നടത്തി പൊതുമാർക്കറ്റിലെ വില പിടിച്ചുനിർത്തുന്നതിൽ സർക്കാർ പരാജയപ്പെട്ടുവെന്ന് ഞങ്ങൾ പറയുന്നത്. ഞാൻ രാവിലെ വിളിച്ചു ചോദിച്ചപ്പോൾ നെടുമങ്ങാട് പീപ്പിൾസ് ബസാറിൽ മുളകില്ല, വൻപയറില്ല, കടലയില്ല, ഉഴുന്നില്ല എന്നാണ് പറയുന്നത്. (...ബഹളം.....) ഞാനിത് മന്ത്രിയെ പരിഹസിക്കാൻ പറഞ്ഞതല്ല. അങ്ങയുടെ നിയോജകമണ്ഡലത്തിൽ മാത്രം കൊടുക്കാൻ സാധിക്കില്ലല്ലോ, അങ്ങ് അങ്ങനെ ചെയ്യുകയുമില്ല. ഇവിടത്തെ പ്രശ്നമെന്താണ്? സപ്ലൈകോ സബ്സിഡി നിരക്കിൽ നേരത്തേ സാധനങ്ങൾ വാങ്ങിച്ചതിന്റെ ഭീമമായ തുക കൊടുക്കാനുള്ളതുകൊണ്ട് കരാറുകാർ ഇപ്പോൾ സാധനങ്ങൾ സപ്ലൈ ചെയ്യുന്നില്ല. അതുകൊണ്ട് സർക്കാർ പണം കൊടുക്കണം. ഈ ഓണത്തിന് മുമ്പ് അവർക്ക് 700 കോടി രൂപയുടെ ആവശ്യമുണ്ട്. 600 കോടി രൂപ

കുടിശ്ശികയുള്ളപ്പോഴാണ് നിങ്ങൾ സാധനം വാങ്ങിക്കാൻ ഇയർമാർക്ക് ചെയ്ത് 70 കോടി രൂപ കൊടുത്തത്. 1300 കോടി ആവശ്യമുള്ളപ്പോൾ 70 കോടി രൂപയാണ് കൊടുത്തത്. അതുകൊണ്ടാണ് ബഹുമാനപ്പെട്ട അംഗം ശ്രീ. പി. സി. വിഷ്ണുനാഥ് ഇത് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി അവതരിപ്പിക്കേണ്ട അടിയന്തരപ്രമേയമായിരുന്നുവെന്ന് പറഞ്ഞത്. അദ്ദേഹം പറഞ്ഞതിനെ ഞാൻ ശരി വയ്ക്കുന്നു. കാരണം പണം തരണമെന്ന് സർക്കാരിനോട് പറയേണ്ട സ്ഥിതിയാണ്. പച്ചക്കറിയുടെ വില പിടിച്ചുനിർത്താൻ വേണ്ടിയുള്ള ഏജൻസിയായ ഹോർട്ടികോർപ്പിനെക്കുറിച്ചുകൂടി പറയാം. നാടൻ കത്തിരിക്കയ്ക്ക് ഹോർട്ടികോർപ്പിൽ 72 രൂപയും പൊതുമാർക്കറ്റിൽ 50 രൂപയുമാണ് വില. പൊതുമാർക്കറ്റിൽ ഹോർട്ടികോർപ്പിനേക്കാളും വില കുറവാണ്. ഹോർട്ടികോർപ്പിൽ വഴുതനങ്ങയ്ക്ക് 52 രൂപയും വെണ്ടയ്ക്കയ്ക്ക് 25 രൂപയും പടവലത്തിന് 35 രൂപയുമാണ് വില. എന്നാൽ ഇവയ്ക്ക് പൊതുമാർക്കറ്റിലെ വില യഥാക്രമം 30, 20, 25 രൂപ എന്നിങ്ങനെയാണ്. ഹോർട്ടികോർപ്പ് എങ്ങനെയാണ് പച്ചക്കറിയുടെ വില നിയന്ത്രിക്കുന്നത്? ഇതൊരു

ഗവൺമെന്റ് ഏജൻസിയാണ്. മാർക്കറ്റ് ഇന്റർവെൻഷനുവേണ്ടി ഇൻകോർപ്പറേറ്റ് ചെയ്ത ഗവൺമെന്റ് ഏജൻസിയായ ഹോർട്ടികോർപ്പ് അതിൽ പരാജയപ്പെട്ടിരിക്കുകയാണ്. കെ.എസ്.ആർ.ടി.സി.-യെ കൊന്നതുപോലെ നിങ്ങൾ സിവിൽ സപ്ലൈസ് കോർപ്പറേഷനെ മുക്കിക്കൊല്ലുകയാണ്. അതാണ് പ്രശ്നം. മാധ്യമങ്ങളിൽ വാർത്ത വന്നതിനെക്കുറിച്ചുള്ള ഒരുപാട് വിമർശനങ്ങൾ ഇവിടെ വന്നു. ധനകാര്യ വകുപ്പും സിവിൽ സപ്ലൈസ് വകുപ്പും തമ്മിൽ ഐക്യമില്ലെന്ന് മാധ്യമങ്ങൾ പറയുന്നു.

കൃഷി വകുപ്പുമന്ത്രി (<u>ശ്രീ. പി. പ്രസാദ്</u>): സർ, ഹോർട്ടികോർപ്പിനെക്കുറിച്ച് പരാമർശിച്ചതുകൊണ്ടാണ് പറയുന്നത്. എവിടെയാണ് ഇത്തരം സംഭവങ്ങളുള്ളതെന്ന് പറയണം. കേരളത്തിലെ കർഷകരുടെ ഉൽപ്പന്നങ്ങൾ കർഷകരിൽനിന്നും സംഭരിച്ച് ഹോർട്ടികോർപ്പുവഴി വിതരണം നടത്തുന്നതിനാണ് ഹോർട്ടികോർപ്പിനെ നിശ്ചയിച്ചിരിക്കുന്നത്. അതോടൊപ്പമാണ് മാർക്കറ്റ് ഇന്റർവെൻഷൻ എന്ന തരത്തിൽ നിൽക്കുന്നതെല്ലാം. (...ബഹളം.......)

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ):

(....ബഹളം.....) (മൈക്ക് ഓഫ്)

മി. സ്പീക്കർ: No, അങ്ങനെ ഡിബേറ്റില്ല.

ശ്രീ. വി. ഡി. സതീശൻ: സർ, ബന്ധപ്പെട്ട മന്ത്രിക്കാണ് വഴങ്ങിയത്.

(....ബഹളം.......)

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു): (.....ബഹളം.....) (മൈക്ക് ഓഫ്)

ശ്രീ. വി. ഡി. സതീശൻ: സർ, ഈ വിഷയം ചർച്ച ചെയ്യാം.

(...ബഹളം.....)

മി. സ്പീക്കർ: (......ബഹളം.....) പ്ലീസ്....പ്ലീസ്.... ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവേ, അങ്ങ് പ്രസംഗം തുടരൂ. സമയം പോകുന്നു.

ശ്രീ. വി. ഡി. സതീശൻ: സർ, ഇത്രയും ബഹളമുണ്ടാക്കുമ്പോൾ ഞാനെന്തു ചെയ്യാനാണ്; മന്ത്രിമാർ എഴുന്നേറ്റുനിന്ന് ബഹളമുണ്ടാക്കിയാൽ ഞാനെങ്ങനെയാണ് സംസാരിക്കുന്നത്? ഞാൻ പറഞ്ഞ കാര്യത്തിന്റെ ആധികാരികത എന്താണെന്നാണ് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി

ചോദിച്ചത്. കൃഷി വകുപ്പിന്റെ കീഴിലുള്ള ഹോർട്ടികോർപ്പിന്റെ ഇന്നത്തെ (08-08-2023) വില്പന വിലയാണ് ഞാൻ വായിച്ചത്. അദ്ദേഹത്തിന് പരിശോധിക്കാനായി ഞാനത് നൽകാം. ധനകാര്യ - സിവിൽ സപ്ലൈസ് വകുപ്പുകൾ തമ്മിലുള്ള തർക്കം സംബന്ധിച്ച് മാധ്യമങ്ങളിലൂടെ വാർത്ത വരികയാണ്. രണ്ടു വകുപ്പുകളും തർക്കത്തിലാണ്.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, എനിക്ക് പറയാൻ അവസരം നൽകണം. (മൈക്ക് ഓഫ്)

ശ്രീ. വി. ഡി. സതീശൻ: സർ, അങ്ങനെ പറ്റില്ല. I am not yielding. (.....ബഹളം......) ഞാൻ പറയട്ടെ. Let me complete.

മി. സ്പീക്കർ: അദ്ദേഹം വഴങ്ങുന്നില്ല. (......ബഹളം.....) താങ്കൾ പ്രസംഗം തുടരൂ, നിങ്ങളുടെ പ്രസംഗത്തിന്റെ സമയമാണ് പോകുന്നത്. (......ബഹളം...........) ബഹുമാനപ്പെട്ട മിനിസ്റ്റർ അവിടെയിരിക്കണം. പ്രതിപക്ഷനേതാവ് വഴങ്ങാതെ എനിക്കെന്ത് ചെയ്യാൻ സാധിക്കും. (...ബഹളം.....) പ്രതിപക്ഷനേതാവേ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്ക് യീൽഡ് ചെയ്യാൻ തയ്യാറാണോ?

ശ്രീ. വി. ഡി. സതീശൻ: സർ, I am not yielding

മി. സ്പീക്കർ: ധനകാര്യ വകുപ്പുമന്ത്രിക്ക് യീൽഡ് ചെയ്യാൻ അദ്ദേഹം തയ്യാറല്ല. പിന്നെ ചെയറിന് എന്തുചെയ്യാൻ സാധിക്കും. You continue. (....ബഹളം.....)

ശ്രീ. വി. ഡി. സതീശൻ: സർ, അവർ ഇരിക്കാതെ ഞാൻ സംസാരിക്കില്ല. (.....ബഹളം.....) മന്ത്രിമാരോട് ഇരിക്കാൻ പറയൂ.

മി. സ്പീക്കർ: അവർക്ക് മൈക്കില്ല, നിങ്ങൾക്കേയുള്ളൂ.

ശ്രീ. വി. ഡി. സതീശൻ: സർ, മന്ത്രിമാർ എഴുന്നേറ്റുനിന്ന് ബഹളമുണ്ടാക്കുകയാണ്. അവർ ഇരിക്കട്ടെ. സഭയിൽ പെരുമാറാൻ അവർക്ക് അറിയില്ലേ?

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ അവിടെയിരിക്കണം. അദ്ദേഹം പ്രസംഗിക്കട്ടെ. പ്രതിപക്ഷനേതാവ് സംസാരിക്കൂ. പ്ലീസ്...... പ്ലീസ്..... (...ബഹളം....)

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ സംസാരിക്കുകയാണ്. I am on my legs. (....ബഹളം..... ) No... no. You don't have any right. ഞാൻ yield ചെയ്താൽ അദ്ദേഹത്തിന് റൈറ്റുണ്ട്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ അവിടെയിരിക്കു. (......ബഹളം.......) പാർലമെന്ററികാര്യ വകുപ്പുമന്ത്രി സംസാരിക്കട്ടെ. പ്ലീസ്...പ്ലീസ്......

(പ്രതിപക്ഷാംഗങ്ങൾ ബഹുമാനപ്പെട്ട സ്പീക്കറിന്റെ ഡയസ്സിനുമുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്നു.)

മി. സ്പീക്കർ: പ്ലീസ് ....... (....ബഹളം.....) എല്ലാവരും അവരവരുടെ ഇരിപ്പിടങ്ങളിലേയ്ക്ക് പോകണം. ബഹുമാനപ്പെട്ട മന്ത്രിമാർ ഇരുന്നു; പ്രതിപക്ഷനേതാവിന് വാക്കൗട്ട് പ്രസംഗം തുടരാം.

ശ്രീ. വി. ഡി. സതീശൻ: സർ, എന്റെ വാക്കൗട്ട് പ്രസംഗത്തിൽ സിവിൽ സപ്ലൈസ് വകുപ്പുമായും കൃഷി വകുപ്പുമായും ബന്ധപ്പെട്ട കാര്യങ്ങൾ പരാമർശിച്ചപ്പോൾ ബഹുമാന്യരായ വകുപ്പുമന്ത്രിമാർ ഇടപെടുകയും ഞാൻ വഴങ്ങിക്കൊടുക്കുകയും ചെയ്തു. സിവിൽ സപ്ലൈസ് കോർപ്പറേഷനെ

കെ.എസ്.ആർ.ടി.സി.-യുമായി താരതമ്യപ്പെടുത്തിയതിന് ഓരോ മന്ത്രിയും എഴുന്നേറ്റുനിന്നാൽ എങ്ങനെയാണ്? (.... ബഹളം .....)

മി. സ്പീക്കർ: പ്ലീസ്...... പ്ലീസ്.... ശ്രീ. എം. വിൻസെന്റ് സീറ്റിൽ ഇരിക്കണം. ഭരണപക്ഷം ഇരുന്നല്ലോ? ഇന്ന് വളരെ പ്രധാനപ്പെട്ട ബില്ലുകൾ പരിഗണിക്കാനുള്ളതാണ്. പ്ലീസ്.......... ഭരണപക്ഷാംഗങ്ങൾ നിശബ്ദരായി. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് പ്രസംഗം തുടരാം.

(പ്രതിപക്ഷാംഗങ്ങൾ അവരവരുടെ സീറ്റുകളിലേയ്ക്ക് തിരിച്ചുപോയി.)

ശ്രീ. വി. ഡി. സതീശൻ: സർ, അങ്ങ് എനിക്ക് പൂർണ്ണമായും സംരക്ഷണം തരുമെന്ന് ഉറപ്പുനൽകിയാൽ ഞാൻ സംസാരിക്കാം. ഈ സഭയുടെ ചരിത്രത്തിലില്ലാത്ത കാര്യമാണിന്ന് നടന്നത്. ഒരു പ്രതിപക്ഷനേതാവ് വാക്കൗട്ട് പ്രസംഗം നടത്തുമ്പോൾ എല്ലാ മന്ത്രിമാരും എഴുന്നേറ്റുനിന്ന് ഇടപെടണമെന്ന് ആവശ്യപ്പെടുകയാണ്. ബന്ധപ്പെട്ട മന്ത്രിമാർ ഇടപെട്ടപ്പോൾ ഞാൻ യീൽഡ് ചെയ്തതാണ്. എന്റെ പ്രസംഗം തടസ്സപ്പെടുത്താൻവേണ്ടി തുടരെത്തുടരെ മന്ത്രിമാർ എഴുന്നേറ്റുനിന്ന്

ബഹളമുണ്ടാക്കിയത് ദൗർഭാഗ്യകരമാണെന്ന് സൂചിപ്പിക്കുന്നു. അങ്ങ് എനിക്ക് പ്രൊട്ടക്ഷൻ നൽകണം.

മാധ്യമ വാർത്തകളെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. മാധ്യമ വാർത്തകളിൽ എന്താണുള്ളത്? 'കുടിശ്ശിക നൽകാതെ ധനകാര്യ വകുപ്പ് തങ്ങളെ തഴയുന്നു' എന്ന് ഭക്ഷ്യവകുപ്പിന്റേതായ വാർത്ത വരുന്നു. നെൽകർഷകർക്ക് നൽകിയ 2500 കോടി രൂപ എന്തുചെയ്തുവെന്ന ധനകാര്യ വകുപ്പിന്റെ വേർഷൻ പിറ്റേദിവസം വരുന്നു. ഈ വാർത്തകളൊന്നും ബഹുമാന്യരായ ഭക്ഷ്യവകുപ്പുമന്ത്രിയോ ധനകാര്യ വകുപ്പുമന്ത്രിയോ ബന്ധപ്പെട്ട ഉദ്യോഗസ്ഥരോ നിഷേധിച്ചോ? "ധനകാര്യ വകുപ്പ് അറിയാതെ ബാങ്ക് കൺസോർഷ്യത്തിൽ ഭക്ഷ്യ വകുപ്പ് ഒപ്പുവച്ചു - ധനകാര്യ വകുപ്പിനോട് ചോദിക്കാതെയാണ് ഒപ്പുവച്ചത്.""ചോദിക്കേണ്ട ആവശ്യമില്ലെന്ന് ഭക്ഷ്യവകുപ്പ്". ഇതെല്ലാം കഴിഞ്ഞ കുറെ ദിവസങ്ങളായി വരുന്ന ധനകാര്യ വകുപ്പും ഭക്ഷ്യവകുപ്പും തമ്മിലുള്ള തർക്കത്തിന്റേതായ വാർത്തകളാണ്. മാധ്യമ വാർത്തകൾ തെറ്റാണെങ്കിൽ നിഷേധിക്കണം. ചിലപ്പോൾ തെറ്റായ വാർത്തകൾ വരും. എന്നാൽ ഒരു മന്ത്രിയോ വകുപ്പ് സെക്രട്ടറിയോ

അല്ലെങ്കിൽ നിങ്ങളുടെ ഓഫീസോ ഇതിലേതെങ്കിലും ഒരു വാർത്ത നിഷേധിച്ചോ? 3400 കോടി രൂപയുടെ ബാധ്യതയിൽ സപ്ലൈകോ നിൽക്കുകയാണ്. കരാറുകാർക്കോ നെൽകർഷകർക്കോ കൊടുക്കാൻ പണമില്ല. കോവിഡ് കാലത്ത് ഭക്ഷ്യക്കിറ്റ് കൊടുത്തതിന്റെ പണം റേഷൻകടക്കാർക്ക് നൽകിയിട്ടില്ല. ഇത്രയും വലിയ തുക താങ്ങാനുള്ള കപ്പാസിറ്റി സപ്ലൈകോയ്ക്കില്ലെന്നതാണ് യാഥാർത്ഥ്യം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ................

ശ്രീ. വി. ഡി. സതീശൻ: സർ, സപ്ലൈകോയുടെ കാര്യത്തിൽ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് എന്താണ് കാര്യം? അദ്ദേഹം ഇടപെട്ട് തടസ്സപ്പെടുത്തുകയാണ്. (....ബഹളം...) ഭരണപക്ഷം വീണ്ടും എഴുന്നേൽക്കുകയാണ്.

മി. സ്പീക്കർ: പ്ലീസ്..... താങ്കൾ പ്രസംഗം തുടരൂ.

ശ്രീ. വി. ഡി. സതീശൻ: സർ, അങ്ങ് അവരോട് ഇരിക്കാൻ പറയൂ.

മി. സ്പീക്കർ: അവർ ഇരുന്നു.....പ്ലീസ്....പ്ലീസ്.....you can continue.

**11.00 a.m]**

ശ്രീ. വി. ഡി. സതീശൻ: സർ, പൊള്ളുന്ന യാഥാർത്ഥ്യങ്ങൾ പറയുമ്പോൾ അവർ അറിയാതെ എഴുന്നേൽക്കുകയാണ്. എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ചോദിക്കാനുള്ളത്, സപ്ലൈകോ വേണ്ടെന്നാണോ സർക്കാരിന്റെ തീരുമാനം; ഇത്രയും വലിയ തുക ബാധ്യത വരുത്തിയാൽ പ്രസ്തുത സ്ഥാപനം നിലനിൽക്കുമോ; സ്ഥാപനത്തിന് മാർക്കറ്റിൽ ഇടപെടാൻ കഴിയുമോ; സ്ഥാപനം എങ്ങനെ പ്രവർത്തിക്കും; അവിടെ ടെണ്ടർ പ്രൊസീഡ്യുവറോ മറ്റെന്തെങ്കിലും നടപടികളോ നടക്കുമോ; നെൽകർഷകർക്ക് പണം കൊടുക്കാൻ കഴിയുമോ എന്നാണ്. ധനകാര്യ വകുപ്പും ഭക്ഷ്യ-പൊതുവിതരണ വകുപ്പും തമ്മിലുള്ള തർക്കം നിലനിൽക്കുമ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെട്ട് പരിഹാരമുണ്ടാക്കിയോ? അങ്ങ് ഇടപെട്ടില്ലെന്നതാണ് ഞങ്ങൾ സൂചിപ്പിച്ചത്. കേരളത്തിൽ രൂക്ഷമായി വരുന്ന വിലക്കയറ്റം പകുതിയും നിങ്ങളുടെ സൃഷ്ടിയാണ്. പുതിയ സാമ്പത്തിക വർഷത്തിൽ നിങ്ങൾ ജനങ്ങളുടെ മേലുണ്ടാക്കിവച്ച ബാധ്യതകളുടെ മീതെയാണ് വിപണി ഇടപെടലുകൾ നടത്താതെയുള്ള ഈ വിലക്കയറ്റം ഉണ്ടായിരിക്കുന്നത്.

ജനങ്ങൾ പ്രയാസപ്പെടുകയും കഷ്ടപ്പെടുകയും ചെയ്യുമ്പോൾ നിങ്ങൾ ചെറുവിരലനക്കാതെ മൂകസാക്ഷികളെപ്പോലെ നോക്കിനിൽക്കുന്നു.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, (മൈക്ക് ഓഫ്)

ശ്രീ. വി. ഡി. സതീശൻ: സർ, ഇതെന്താണ്; ഒരു ധനകാര്യ വകുപ്പുമന്ത്രിക്ക് യോജിച്ചതാണോയിത്?

മി. സ്പീക്കർ: ധനകാര്യ വകുപ്പിനെക്കുറിച്ചുള്ള ആരോപണമുള്ളതുകൊണ്ടാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇടപെടാൻ ശ്രമിച്ചത്.

ശ്രീ. വി. ഡി. സതീശൻ: സർ, അവസരം വരുമ്പോൾ അക്കാര്യങ്ങൾ പറഞ്ഞാൽ മതിയാകും.

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് വഴങ്ങുന്നുണ്ടോ?

ശ്രീ. വി. ഡി. സതീശൻ: സർ, ഇല്ല. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്ക് സൂചിപ്പിക്കാനുള്ള കാര്യങ്ങൾ അവസരം വരുമ്പോൾ പറഞ്ഞാൽ മതിയാകും. പ്രസംഗം തടസ്സപ്പെടുത്താനുള്ള കാര്യങ്ങളാണിവിടെ ചെയ്യുന്നത്.

കൂടാതെ ധനകാര്യ വകുപ്പുമന്ത്രിക്കാണ് സഭയിൽ ഏറ്റവും കൂടുതൽ സംസാരിക്കാൻ അവസരം ലഭിക്കുന്നത്.

മി. സ്പീക്കർ: 15 മിനിട്ടിലധികമായി. പ്ലീസ് കൺക്ലൂഡ്.

ശ്രീ. വി. ഡി. സതീശൻ: സർ, വാക്കൗട്ട് പ്രസംഗത്തിൽ ക്രമപ്രശ്നം ഉന്നയിക്കാൻ കഴിയില്ല. ബഹുമാനപ്പെട്ട മന്ത്രിമാരുടെ നേതൃത്വത്തിൽ വാക്കൗട്ട് പ്രസംഗത്തെ നിരന്തരമായി തടസ്സപ്പെടുത്തുകയാണ്. ഞാൻ അങ്ങയുടെ മുന്നിൽ പരാതി ഉന്നയിക്കുകയാണ്. അങ്ങാണ് ചെയറിലിരിക്കുന്നത്. അങ്ങയുടെ അനുവാദത്തോടുകൂടിയാണ് ഞാൻ സംസാരിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രിമാരുടെ നേതൃത്വത്തിൽ മനഃപൂർവ്വമായ ഇടപെടൽ നടത്തി എന്റെ പ്രസംഗം തടസ്സപ്പെടുത്തുകയാണ്. നാട്ടിലെ ജനങ്ങളെ ബാധിക്കുന്ന ഏറ്റവും വലിയ വിഷയം നിയമസഭയിൽ സംസാരിക്കാൻ അനുവദിക്കില്ലെന്നത് ജനാധിപത്യവിരുദ്ധതയാണ്; ഇതുതന്നെയാണ് പാർലമെന്റിലും നടക്കുന്നത്. പറയാനുള്ളത് പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. പ്രസംഗത്തിലുടനീളം തടസ്സപ്പെടുത്തുന്നത് ശരിയായ സമീപനമല്ല. ഇത്തരം സമീപനങ്ങൾ

അവസാനിപ്പിക്കണം. ഇത് ആവർത്തിച്ചാൽ നിയമസഭാ നടപടികളുമായി സഹകരിച്ചുപോകാൻ ഞങ്ങൾക്ക് ബുദ്ധിമുട്ടാകുമെന്ന് അങ്ങയെ അറിയിക്കുകയാണ്. വകുപ്പുകൾ തമ്മിലുള്ള തർക്കം നടക്കുമ്പോൾ രൂക്ഷമായ സാമ്പത്തിക ബാധ്യതയുടെ പേരിൽ, സംസ്ഥാനത്തെ പൊതുവിപണിയിൽ ഇടപെടുന്ന ഏറ്റവും പ്രധാനപ്പെട്ടൊരു സ്ഥാപനം തകർന്ന് തരിപ്പണമാകുമ്പോൾ സർക്കാരും നോക്കുകുത്തിയായി നില്ക്കുന്നതിൽ ഞങ്ങൾക്കുള്ള ശക്തമായ പ്രതിഷേധം പ്രകടിപ്പിക്കുന്നു. ഇക്കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും സൂചിപ്പിക്കുകയാണ്. വിലക്കയറ്റത്തിനുമുന്നിൽ പിടിച്ചുനിൽക്കാൻ കഴിയാതെ ജനങ്ങൾ ദുരിതപൂർണ്ണമായ ജീവിതത്തിലേയ്ക്ക് കടക്കുമ്പോൾ, ഒരു കാര്യത്തിലും ഇടപെടില്ലെന്ന സർക്കാരിന്റെ നിലപാടിൽ ശക്തമായി പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷനേതാവും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

<u>ശ്രീ. കെ. പി. എ. മജീദ്</u>: സർ, ബഹുമാനപ്പെട്ട ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി എന്തുവാദഗതിയുന്നയിച്ചാലും വിലക്കയറ്റമെന്നത്

യാഥാർത്ഥ്യമായതിനാൽ അതിൽ നിന്ന് ഒഴിഞ്ഞുമാറാൻ കഴിയില്ല. അടിയന്തരപ്രമേയ നോട്ടീസ് അവതരിപ്പിച്ച് സംസാരിക്കുന്ന അവസരത്തിൽ എല്ലാ മന്ത്രിമാരും എഴുന്നേറ്റുനിന്ന് സംസാരിക്കുകയാണ്. അങ്ങനെയാണെങ്കിൽ ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യാമായിരുന്നു. ഓണക്കാലം വരികയാണ്. ഓണക്കാലത്ത് നിത്യോപയോഗ സാധനങ്ങളുടെ ലഭ്യതക്കുറവിൽ ഉണ്ടായേക്കാവുന്ന ആശങ്ക ഞങ്ങൾ പ്രകടിപ്പിക്കുകയാണ്. അത് സദുദ്ദേശപരമായി എടുക്കണ്ടേ; അനുവദിക്കപ്പെട്ട തുകപോലും ധനകാര്യ വകുപ്പിൽനിന്നും കിട്ടുന്നില്ലെന്നതാണ് പരാതി. അതിനൊക്കെ പ്രേരകമാണ് ഈ അടിയന്തരപ്രമേയം എന്നുള്ളതെങ്കിലും അങ്ങ് മനസ്സിലാക്കേണ്ടതായിരുന്നു. അതിനുബദലായി മറ്റ് സംസ്ഥാനങ്ങളുടെ കാര്യങ്ങൾ പരാമർശിച്ചിട്ടെന്ത് ഫലമാണുള്ളത്. ഇവിടെ ഗവൺമെന്റിന്റെ ചില പ്രവൃത്തികളുടെ ഫലമായി ബുദ്ധിമുട്ടുകൾ വന്നിട്ടുണ്ട്. കാരണം പെട്രോൾ-ഡീസൽ സെസ്സ് ഏർപ്പെടുത്തിയതിന്റെ ഫലമായി വിലക്കയറ്റമുണ്ടാകില്ലേ? പാലിന്റെ വില, വെള്ളക്കരം തുടങ്ങിയവ വർദ്ധിപ്പിച്ചു. കേന്ദ്രസർക്കാർ പാചകവാതകത്തിന് ഒരു കണക്കുമില്ലാതെ വില കൂട്ടിക്കൊണ്ടിരിക്കുകയാണ്. എല്ലാത്തിന്റെയും ഫലമായി

ജനങ്ങളുടെ നിത്യജീവിതം ദുസ്സഹമാകുകയും കുടുംബ ബഡ്ജറ്റ് തകർന്നുവരികയുമാണ്. നിത്യോപയോഗ സാധനങ്ങളുടെ വില ഗുരുതരമായി വർദ്ധിക്കുന്ന സാഹചര്യത്തിൽ ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതല്ലേ; ഇതിനേക്കാൾ വലിയ കാര്യമെന്താണുള്ളത്? ഇക്കാര്യം ചർച്ച ചെയ്യാൻ ഗവൺമെന്റ് മുന്നോട്ടുവരാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയിലെ അംഗങ്ങളും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. കെ. പി. എ. മജീദും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. മോൻസ് ജോസഫ്: സർ, സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ രൂക്ഷമായ വിലക്കയറ്റംമൂലം ജനങ്ങൾ പൊറുതിമുട്ടുമ്പോൾ, സത്യസന്ധമായും വസ്തുതാപരമായും കാര്യങ്ങൾ വിലയിരുത്തി സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യുകയെന്നുള്ളതായിരുന്നു ഏറ്റവും പ്രധാനപ്പെട്ട ആവശ്യം. കേരളത്തിലെ ജനങ്ങൾ പ്രയാസപ്പെടുന്ന ഒരു വിഷയം പ്രതിപക്ഷം ചൂണ്ടിക്കാണിച്ചപ്പോൾ അതിനെ രാഷ്ട്രീയമായി നേരിടുകയെന്ന

ജനാധിപത്യവിരുദ്ധ നിലപാടാണ് സർക്കാർ സ്വീകരിച്ചത്. ഇത് ചർച്ച ചെയ്യേണ്ട വിഷയമായിരുന്നു എന്നത് ഇത്രയേറെ മന്ത്രിമാർ ഒന്നിച്ച് എഴുന്നേറ്റതിൽനിന്ന് വ്യക്തമാണ്. ഇവരെല്ലാവരും മറുപടി പറയാൻ ആഗ്രഹിച്ച് എഴുന്നേൽക്കുകയാണ്. അങ്ങനെയാണെങ്കിൽ സഭ നിർത്തിവച്ചാൽ പോരായിരുന്നോ? സഭ നിർത്തിവച്ച് ചർച്ച ചെയ്യാൻ ഭക്ഷ്യ വകുപ്പുമന്ത്രിയും സർക്കാരും തയ്യാറാകുന്നില്ല. ഇത് ജനങ്ങളെ ബാധിക്കുന്ന വിഷയമാണ്. സബ്സിഡി നിരക്കിൽ കൊടുക്കുന്ന സാധനങ്ങൾ സപ്ലൈകോ ഔട്ട്ലെറ്റുകളിലോ മാവേലി സ്റ്റോറുകളിലോ ഇല്ല. ഇതെല്ലാം യാഥാർത്ഥ്യമായി നിലനിൽക്കുമ്പോൾ വസ്തുതാപരമായി പരിശോധിച്ച് പരിഹരിക്കാൻ സർക്കാർ തയ്യാറാകുകയെന്നതാണ് ജനങ്ങൾ ആഗ്രഹിക്കുന്നത്. അതിന് തയ്യാറാകാതെ മർക്കടമുഷ്ടിയുമായി നിന്നുകൊണ്ട് വിലക്കയറ്റം എങ്ങനെ വേണമെങ്കിലും പൊയ്ക്കോട്ടേയെന്ന നിലപാട് സ്വീകരിക്കുകയും എന്നിട്ട് കേന്ദ്രസർക്കാരിനെ കുറ്റം പറയുകയും ചെയ്യുകയാണ്. കേരളത്തിലെ സർക്കാർ ചെയ്യേണ്ട ജോലി ചെയ്യുന്നില്ല. അത് ചെയ്തതിനുശേഷം കേന്ദ്രസർക്കാരിനുനേരെ തിരിയണം. ഇവിടെ ചെയ്യേണ്ട കാര്യങ്ങൾ ചെയ്യുന്നില്ല. ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന

ഗുരുതരമായ സാഹചര്യത്തിൽ എത്തിനിൽക്കുകയാണ്. ഓണക്കാലം വരികയാണ്. വിലക്കയറ്റം രൂക്ഷമാകാൻ പോകുന്നു. ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ ഇനിയും വിലക്കയറ്റം വർദ്ധിക്കാനിടയാകുന്ന സാഹചര്യത്തിന് ഗവൺമെന്റ് കൂട്ടുനിൽക്കുകയാണ്. ഇത്തരം ജനാധിപത്യവിരുദ്ധവും ജനവിരുദ്ധവുമായ നിലപാടിൽ പ്രതിഷേധിച്ചുകൊണ്ട് ഞാൻ വാക്കൗട്ടിൽ പങ്കെടുക്കുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മോൻസ് ജോസഫ് സഭ വിട്ട് പുറത്തുപോയി.)

ശ്രീ. അനൂപ് ജേക്കബ്: സർ, ഓണക്കാലമാകുമ്പോൾ സാധനങ്ങൾ എത്തിച്ചേരുമെന്നാണ് ബഹുമാനപ്പെട്ട ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി മറുപടി പറഞ്ഞത്. പക്ഷേ കഴിഞ്ഞ ഒന്നുരണ്ടു മാസങ്ങളായി സപ്ലൈകോ ഔട്ട്ലെറ്റിലെ പ്രശ്നങ്ങൾ അതിരൂക്ഷമാണ്. സബ്സിഡി സാധനങ്ങൾ ലഭിക്കാത്തത് വലിയ രീതിയിൽ ജനങ്ങൾക്കിടയിൽ ആശങ്കയുണ്ടാക്കുന്നുണ്ട്. വിലക്കയറ്റം രൂക്ഷമായ സാഹചര്യത്തിൽ സബ്സിഡി സാധനങ്ങൾക്കായി

ഔട്ട്ലെറ്റുകളിലെത്തുമ്പോൾ അവിടെ ലഭ്യമല്ലാത്ത സാഹചര്യമാണ് കാണാൻ കഴിയുന്നത്. ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ ഓണക്കാലത്ത് സാധനങ്ങൾ എത്തിക്കുമെന്നാണ് സൂചിപ്പിക്കുന്നത്. ഓണക്കാലം കഴിഞ്ഞതിനുശേഷവും വിപണിയിലുണ്ടായിക്കൊണ്ടിരിക്കുന്ന വിലക്കയറ്റം നിയന്ത്രിക്കാൻ ഫലപ്രദമായ ഇടപെടൽ നടത്താൻ സർക്കാരിന് കഴിയുന്നില്ല. സപ്ലൈകോയ്ക്ക് കുടിശ്ശികയിനത്തിൽ ലഭിക്കാനുള്ള തുക സർക്കാർ നൽകണമെന്നതാണ് ഞങ്ങൾ പ്രധാനമായും ചൂണ്ടിക്കാണിച്ചത്. സബ്സിഡി സാധനങ്ങൾ നൽകുമ്പോൾ സപ്ലൈകോയ്ക്കുണ്ടാകുന്ന നഷ്ടം നികത്താനുള്ള ഉത്തരവാദിത്വം സർക്കാരിനാണ്. അത് സർക്കാർ നിർവ്വഹിക്കാത്തതുകൊണ്ടാണ് പ്രതിസന്ധി വർദ്ധിക്കുന്നത്. സഭയിൽ ഇങ്ങനെയൊരു രീതിയിലേയ്ക്കല്ല ഈ വിഷയം വരേണ്ടിയിരുന്നത്. പ്രതിപക്ഷനേതാവ് പ്രസ്തുതവിഷയത്തെ സംബന്ധിച്ച് സംസാരിക്കുമ്പോൾ ബഹുമാനപ്പെട്ട മന്ത്രിമാർ അദ്ദേഹത്തിന്റെ പ്രസംഗം തടസ്സപ്പെടുത്താൻ ശ്രമിക്കുകയാണുണ്ടായത്. ജനങ്ങൾ അനുഭവിക്കുന്ന ഏറ്റവും വലിയ ദുരിതമാണ് ഞങ്ങൾ ഇന്നിവിടെ അവതരിപ്പിച്ചത്. അതിനെ പോസിറ്റീവായി കണ്ടുകൊണ്ട്

പ്രസ്തുത വിഷയം എങ്ങനെ പരിഹരിക്കാമെന്നുള്ളതിലേയ്ക്ക് എത്തുന്നതിന് പകരം അതിനെ രാഷ്ട്രീയമായി കാണാനാണ് ബഹുമാനപ്പെട്ട മന്ത്രിമാരും ഭരണപക്ഷാംഗങ്ങളും ശ്രമിച്ചതെന്നത് ദൗർഭാഗ്യകരമാണ്. എന്തായാലും വിലക്കയറ്റം അതിരൂക്ഷമാണെന്നതും സപ്ലൈകോ ഔട്ട്ലെറ്റുകളിൽ സാധനങ്ങളില്ലെന്നതും യാഥാർത്ഥ്യമാണ്. അതുകൊണ്ട് വിപണി ഇടപെടലിനും സപ്ലൈകോയ്ക്കുണ്ടായിരിക്കുന്ന നഷ്ടം നികത്താനും അടിന്തരമായി തുക അനുവദിക്കാനുള്ള നടപടികൾ സ്വീകരിക്കണം. ജനങ്ങൾക്ക് ഇതുമായി ബന്ധപ്പെട്ടുണ്ടായിരിക്കുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിൽ സർക്കാർ സമ്പൂർണ്ണമായി പരാജയപ്പെട്ടിരിക്കുന്നു. പ്രസ്തുത വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭ വിട്ട് പുറത്തുപോയി.)

ശ്രീമതി കെ. കെ. രമ: സർ, സാധാരക്കാരിൽ സാധാരണക്കാരായ മനുഷ്യർ ദുരിതത്തിലാണ്. ബഹളമുണ്ടാക്കി വഴിതിരിച്ചുവിട്ടതുകൊണ്ട് ഇത്തരം

പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ സാധിക്കില്ല. വിപണിയിൽ ഇടപെട്ടുകൊണ്ട് പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുകയാണ് സർക്കാർ ചെയ്യേണ്ടത്. അതോടൊപ്പം കരിച്ചന്തയും പൂഴ്ത്തിവയ്പ്പും നടത്തി വൻകിടക്കാർക്ക് സൗകര്യമുണ്ടാക്കുന്ന തരത്തിലേയ്ക്കുള്ള പ്രവർത്തനങ്ങൾ നടത്തുന്നുണ്ടോയെന്നതിൽ ഗൗരവപൂർവ്വമായ അന്വേഷണം നടത്തുകയും വിലനിലവാരം പിടിച്ചുനിർത്താനാവശ്യമായ നടപടികൾ ഉണ്ടാകുകയും ചെയ്യണം. ജൈവവളം ഉപയോഗിച്ച് നിർമ്മിക്കുന്ന പച്ചക്കറികൾ ഹോർട്ടികോർപ്പിൽ നൽകിയതിന്റെ തുക സാധാരണ കർഷകർക്ക് ഇപ്പോഴും ലഭ്യമാകാനുണ്ട്. നെടുമങ്ങാട് ഉൾപ്പെടെയുള്ള പല സ്ഥലങ്ങളിലെയും കർഷകർ ദുരിതത്തിലാണെന്ന് സൂചിപ്പിക്കുന്ന സാഹചര്യവുമുണ്ട്. ഇത്തരം വിഷയങ്ങളിൽ ഗൗരവപൂർവ്വമായ അന്വേഷണം നടത്തി പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാനുള്ള ഇടപെടലാണ് സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകേണ്ടത്. അത്തരത്തിൽ ചർച്ച നടത്താത്തതിൽ പ്രതിഷേധിച്ച് വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീമതി കെ. കെ. രമ സഭ വിട്ട് പുറത്തുപോയി.)

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഇന്നത്തെ സഭാരേഖയിലെ കാര്യങ്ങൾ വർഷങ്ങൾ കഴിഞ്ഞ് എടുത്തുനോക്കുമ്പോൾ നമ്മളിവിടെ എന്താണ് സംസാരിച്ചതെന്ന് മനസ്സിലാകില്ല. ധനകാര്യ വകുപ്പും സിവിൽ സപ്ലൈസ് വകുപ്പും തമ്മിൽ തർക്കമാണ്, അതുപോലെ കെ.എസ്.ആർ.ടി.സി.-യെ സംബന്ധിച്ച് നടത്തിയ പരാമർശങ്ങൾ ഇവയൊക്കെ സഭാരേഖയിൽ ഉൾപ്പെടുന്നുണ്ട്. അടിസ്ഥാനരഹിതവും തെറ്റിദ്ധരിപ്പിക്കുന്നതുമായ കാര്യങ്ങളാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ പരാമർശിച്ചിട്ടുള്ളത്. ഇതിന്റെ വ്യക്തത രേഖയിൽ വന്നില്ലെങ്കിൽ കുഴപ്പമാണ്. ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട ചർച്ചയിൽ ഇക്കാര്യത്തെ സംബന്ധിച്ച് ഞാൻ വിശദമാക്കാം. വ്യക്തികളെയും വകുപ്പുകളെയും മോശപ്പെടുത്തി സംസാരിക്കുന്നതിൽ യാതൊരു തരത്തിലുള്ള പ്രൊട്ടക്ഷനും നൽകേണ്ടതില്ല. ഒരു കാര്യം പറഞ്ഞാൽ മറുപടി കേൾക്കാനുള്ള ഉത്തരവാദിത്വം കൂടിയുണ്ടാകണം. ഭാവിയിലും ചെയറിന്റെ ഭാഗത്തുനിന്ന് അക്കാര്യത്തിൽ ശ്രദ്ധയുണ്ടാകണം.

ഇത്തരം കാര്യങ്ങളിൽ റൂളിംഗ് വരേണ്ടതാണ്, റൂൾ 288-ൽ ഇത് കൃത്യമായി വ്യക്തമാക്കുന്നുണ്ട്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ഒരു കാര്യം സൂചിപ്പിക്കാനുള്ളത്, സഭാ ചട്ടങ്ങളിൽ ഇത് വളരെ വ്യക്തമാണെന്നതാണ്. ഒരു മന്ത്രിയായാലും അംഗമായാലും വഴങ്ങിയാൽ മാത്രമേ ചെയറിന് ഇടപെടാൻ സാധിക്കുകയുള്ളൂവെന്ന പുതിയ കീഴ്വഴക്കം കൊണ്ടുവന്നാൽ അത് എല്ലാത്തിനും ബാധകമാക്കേണ്ടിവരും. ഒരു ഘട്ടത്തിലും ക്രമപ്രശ്നം ഉന്നയിക്കാൻ പാടില്ലെന്ന് പറയുന്നത് ശരിയല്ല. ഒരു ക്രമപ്രശ്നം ഉന്നയിക്കുമ്പോൾ അത് ക്രമത്തിലാണോയെന്ന് ചെയർ പരിശോധിക്കേണ്ടതാണ്. സംസാരിച്ചുകൊണ്ടിരിക്കുന്നയാളിന്റെ അനുമതി മാത്രമാണ് ഇതിന് ആധാരമെന്ന് പറഞ്ഞാൽ സ്വാഭാവികമായും ചെയറായി പ്രവർത്തിക്കുന്നത് അംഗമായി മാറും. അത് നിയമസഭയെയും ജനാധിപത്യ സംവിധാനത്തെയും സംബന്ധിച്ച് വളരെ തെറ്റായ കീഴ്വഴക്കം സൃഷ്ടിക്കും.

ററൂളുകളെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടുള്ള നിലപാട് ചെയറിൽനിന്ന് പ്രതീക്ഷിക്കുന്നു.

മി. സ്പീക്കർ: നിയമസഭയിൽ ഇക്കാലമത്രയും അടിയന്തരപ്രമേയത്തിന്മേൽ പ്രസംഗിക്കുന്ന സമയത്ത് പ്രതിപക്ഷനേതാവോ, ബന്ധപ്പെട്ട അംഗങ്ങളോ വഴങ്ങിയില്ലെങ്കിൽ മറ്റംഗങ്ങൾക്ക് സംസാരിക്കാൻ അനുവാദം കൊടുക്കാറില്ല. ആ ഒരു പ്രൊസീഡ്യുവർ മാത്രമാണ് പാലിച്ചത്, ഇവിടെ ധനകാര്യ വകുപ്പുമന്ത്രി ഉന്നയിച്ച വാദം പരിശോധിക്കാം+.

(സഭ വിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അൽപ്പസമയത്തിനുശേഷം സഭയിൽ തിരികെ പ്രവേശിച്ചു.)

**11.11 a.m]**

**VI ശ്രദ്ധ ക്ഷണിക്കൽ**

## (1) നാളികേരത്തിന്റെ വിലയിടിവ്

\+ ബഹുമാനപ്പെട്ട സ്പീക്കറുടെ ഉത്തരവിൻപ്രകാരം (ഫയൽ നം. 13838/ഇ.ബി./2023/നി.സെ. തീയതി 08-08-2023) സഭാ രേഖയിൽ നിലനിർത്തി.

<u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: സർ, നാളികേരത്തിന്റെ വിലയിടിവ് കാരണം കേരളത്തിലെ ലക്ഷക്കണക്കിന് കേരകർഷകർ പ്രതിസന്ധി നേരിടുകയാണ്. കേരളത്തിൽ പ്രതിവർഷം 600 കോടി നാളികേരം ഉൽപ്പാദിപ്പിക്കുന്നതായിട്ടാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഉൽപ്പാദന ചെലവുമായി താരതമ്യം ചെയ്യുമ്പോൾ നാളികേരത്തിന് ലഭിക്കുന്ന വില വളരെ തുച്ഛമാണ്. Commission for Agricultural Costs and Prices (CACP)-ന്റെ കണക്കുകൾ പ്രകാരം നിലവിൽ ഒരു നാളികേരത്തിന്റെ ഉൽപ്പാദന ചെലവ് 13.94 രൂപയാണ്. യഥാർത്ഥത്തിൽ ഉൽപ്പാദന ചെലവ് 15 രൂപയിലും കൂടുതലാണ്. നിലവിലെ വിലയനുസരിച്ച് ഒരു തേങ്ങയ്ക്ക് എട്ടു രൂപയാണ് ലഭിക്കുന്നത്. അതായത്, ഒരു തേങ്ങയിൽനിന്നുള്ള നഷ്ടം ഏഴുരൂപയാണ്. 1993-94 കാലഘട്ടത്തിൽ കുറ്റ്യാടി ടൗണിൽ കൊണ്ടുപോയി ഒരു പച്ചത്തേങ്ങ വിറ്റാൽ ആറ് രൂപ കിട്ടുമായിരുന്നു. അന്ന് ഒരു കിലോ അരിക്ക് മൂന്നു രൂപയായിരുന്നു വില. ഒരു തേങ്ങ കൊടുത്താൽ രണ്ട് കിലോ അരി കിട്ടുമായിരുന്നു. അരിയുടെ വിലക്കയറ്റവുമായി താരതമ്യം ചെയ്യുമ്പോൾ ഒരു നാളികേരത്തിന് ഏറ്റവും കുറഞ്ഞത് 80 രൂപയെങ്കിലും കിട്ടേണ്ടതാണ്.

എന്നാൽ നിലവിൽ കേവലം എട്ടുരൂപ മാത്രമാണ് ലഭിക്കുന്നത്. ഒരു തേങ്ങ കൊടുത്താൽ പകരം ഒരു കോഴി മുട്ട കിട്ടാത്ത സാഹചര്യമാണ്. ഈ ദുരവസ്ഥയ്ക്ക് കാരണം കേന്ദ്രത്തിലെ മുൻ കോൺഗ്രസ് സർക്കാർ നടപ്പാക്കിയ പുത്തൻ സാമ്പത്തിക നയവും ഉദാരവൽക്കരണവുമാണ്. ആസിയാൻ കരാർ ഉൾപ്പെടെയുള്ള ഒട്ടനവധി കരാറുകളിൽ അന്നത്തെ സർക്കാർ ഏർപ്പെടുകയുണ്ടായി. ഇപ്പോൾ ബി.ജെ.പി. സർക്കാർ ഈ നയം ശക്തമായി നടപ്പാക്കുകയാണ്. വിലയിടിവ് നാളികേര മേഖലയെ ഒന്നടങ്കം തകർക്കുകയാണ്. 1980-കളിൽ കോഴിക്കോട് ജില്ലയിൽ നൂറുകോടി നാളികേരം ഉൽപ്പാദിപ്പിച്ചതായിട്ടാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഇപ്പോഴത് നാൽപ്പത്തിയെട്ട് കോടിയായി കുറഞ്ഞിരിക്കുന്നു. ഇന്നത്തെ അവസ്ഥയിൽ ഇനിയും ഉൽപ്പാദനം വലിയ രൂപത്തിൽ കുറയാൻ സാദ്ധ്യതയുണ്ട്. കാലവർഷം ആരംഭിക്കുമ്പോഴാണ് തെങ്ങിന്റെ പരിചരണം നടത്തേണ്ടത്. എന്നാൽ ഒരു പരിചരണവും എവിടെയും നടക്കുന്നില്ല. തെങ്ങിൻ തോട്ടങ്ങൾ മുഴുവൻ കാടുപിടിച്ച് കാട്ടുമൃഗങ്ങളുടെ ആവാസകേന്ദ്രമായി മാറിയിരിക്കുകയാണ്. വിത്തുനാളികേരം

ശേഖരിച്ചതിന്റെ തുകയും നൽകിയിട്ടില്ല. കേരകർഷക സംരക്ഷണ പ്രവർത്തനങ്ങൾ ഒന്നുംതന്നെ നടക്കുന്നില്ലയെന്നതാണ് വസ്തുത. എന്നാൽ ഈ സാമ്പത്തിക പ്രയാസങ്ങൾക്കിടയിലും നാളികേരത്തിന്റെ സംഭരണ വില 34 രൂപയായി ഉയർത്തിയ സംസ്ഥാന സർക്കാർ നടപടി പ്രശംസനീയമാണ്. ആ വില കർഷകർക്ക് കിട്ടുമെന്ന് ഉറപ്പാക്കണം. കഴിഞ്ഞ സീസണിലെ സംഭരണം ലക്ഷ്യം കണ്ടില്ലെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. രണ്ടാം ഘട്ടത്തിലെ സംഭരണം ഫലപ്രദമായി നടപ്പാക്കാൻ കഴിയണം. ഇപ്പോൾ 128 കേന്ദ്രങ്ങളിലാണ് സംഭരണം നടക്കുന്നതെന്നാണ് മനസ്സിലാക്കുന്നത്. ഇത് വളരെ അപര്യാപ്തമാണ്. കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും കൃഷിഭവൻ/സഹകരണ സ്ഥാപനങ്ങൾ മുഖേന ഒരു സംഭരണകേന്ദ്രമെങ്കിലും സ്ഥാപിക്കണം. അയൽ സംസ്ഥാനങ്ങളായ കർണ്ണാടകയും തമിഴ്നാട്ടും ഉണ്ടകൊപ്ര സംഭരിക്കുന്നതിനാൽ കേരളത്തിലും അതിനുള്ള സൗകര്യം ഏർപ്പെടുത്തണം. തമിഴ്നാട്-കർണ്ണാടക പൊതുമാർക്കറ്റിലെ കൊപ്രയുടെ വില കേരളത്തിലെ വിലയേക്കാൾ 1500 രൂപ കൂടുതലാണ്. സംഭരണ വ്യവസ്ഥയിൽ

ആവശ്യമായ മാറ്റങ്ങളുണ്ടാകണം. പച്ചത്തേങ്ങ സംഭരണ പദ്ധതി പ്രകാരം ഒരു തെങ്ങിൽനിന്നും സംഭരിക്കുന്ന നാളികേരത്തിന്റെ എണ്ണം അമ്പത് എന്നത് എഴുപതാക്കി ഉയർത്തിയത് സ്വാഗതാർഹമാണ്. അത് നൂറായി ഉയർത്തണമെന്നാണ് പറയാനുള്ളത്. പത്ത് ടൺ എന്ന നിലയിൽ സംഭരണം നടത്തണമെന്നാണ് നിർദ്ദേശിച്ചിരിക്കുന്നത്. പച്ചത്തേങ്ങ സംഭരിക്കുന്നത് ആഴ്ചയിൽ രണ്ടു ദിവസമെന്നത് അഞ്ച് ദിവസമാക്കാനുള്ള സംവിധാനമേർപ്പെടുത്തണം. കൃഷിക്കാർ ഉൽപ്പാദിപ്പിച്ച് കൊണ്ടുവരുന്ന മുഴുവൻ തേങ്ങയും സ്വീകരിക്കാനുള്ള സംവിധാനമുണ്ടാകണമെന്നാണ് പ്രധാനമായും ആവശ്യപ്പെടാനുള്ളത്. നൽകിയ തേങ്ങയ്ക്ക് വില കിട്ടുന്നതിലും വലിയ രൂപത്തിൽ പ്രയാസമനുഭവപ്പെടുന്നതുകൊണ്ട് സംഭരണ വില യഥാസമയം ലഭിക്കുന്നുണ്ടോയെന്നും ഉറപ്പാക്കണം. വിത്തുതേങ്ങയുടെയും സംഭരണ നാളികേരത്തിന്റെയും കുടിശ്ശികത്തുക ഓണത്തിനുമുമ്പ് കൊടുത്തുതീർക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, നാളികേര കർഷകർ നേരിടുന്ന വിലയിടിവ് പരിഹരിക്കാനും സംസ്ഥാനത്തെ നാളികേര ഉൽപ്പാദനം പ്രോത്സാഹിപ്പിക്കുന്നതിനുമായി സംസ്ഥാന സർക്കാർ പച്ചത്തേങ്ങ സംഭരിച്ചുവരുന്നുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം 32 രൂപ നിരക്കിലും നടപ്പുസാമ്പത്തിക വർഷം 34 രൂപ നിരക്കിലുമാണ് പച്ചത്തേങ്ങ സംഭരിക്കുന്നത്. പച്ചത്തേങ്ങ സംഭരണം വിപുലീകരിക്കുന്നതിന്റെ ഭാഗമായി കേരഫെഡ് നേരിട്ടും വിവിധ സഹകരണസംഘങ്ങൾ/എഫ്.പി.ഒ.-കൾ (ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻസ്) മുഖേനയും വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, കേരള (വി.എഫ്.പി.സി.കെ.)-യുടെ സ്വാശ്രയ കർഷക വിപണികൾ മുഖേനയും കേരള നാളികേര വികസന കോർപ്പറേഷന്റെ കേന്ദ്രങ്ങൾ വഴിയുമാണ് പച്ചത്തേങ്ങ സംഭരിക്കുന്നത്. 129 കേന്ദ്രങ്ങൾ ഇതിനായി പ്രവർത്തിക്കുന്നുണ്ട്. സംസ്ഥാന സർക്കാരിന്റെ പച്ചത്തേങ്ങ സംഭരണ പദ്ധതി തുടരുന്നതോടൊപ്പംതന്നെ കേന്ദ്രത്തിന്റെ കൊപ്ര സംഭരണ പദ്ധതിയിൽപ്പെടുത്തി കൊപ്ര സംഭരണവും ആരംഭിച്ചിട്ടുണ്ട്. കേന്ദ്രസർക്കാർ

നൽകുന്ന താങ്ങുവിലയ്ക്ക് പുറമേ (29.30 രൂപ) സംസ്ഥാനം പച്ചത്തേങ്ങയ്ക്ക് കിലോഗ്രാമിന് 4.70 രൂപ നിരക്കിൽ അധികം നൽകി 34 രൂപ അടിസ്ഥാനവില കർഷകന് കൊപ്ര സംഭരണത്തിലും ഉറപ്പാക്കുന്നുണ്ട്.

തേങ്ങയുടെ ഉൽപ്പാദനച്ചെലവും ഉൽപ്പാദനവും കണക്കാക്കിയാണ് സംഭരണ വിലയും തറവിലയും നിശ്ചയിക്കുന്നത്. CACP കണക്കുകൾ പ്രകാരം കർഷകരുടെ സ്വന്തം ഭൂമിയുടെ ഉപയോഗം ഉൾപ്പെടെയുള്ള മൊത്തം ഉൽപ്പാദനച്ചെലവിനെ (Cost C2) അടിസ്ഥാനമാക്കി 2022-23 വർഷം കേരളത്തിൽ ഒരു നാളികേരത്തിന്റെ ഉൽപ്പാദനച്ചെലവ് ബഹുമാന്യനായ അംഗം സൂചിപ്പിച്ചതുപോലെ 13.94 രൂപയും അഖിലേന്ത്യാ അടിസ്ഥാനത്തിൽ 12.24 രൂപയുമാണ്. എന്നാൽ കേന്ദ്ര സർക്കാർ അംഗീകരിച്ച ഉൽപ്പാദനോപാദികളുടെ ചെലവും കുടുംബ കൂലി ചെലവും (കോസ്റ്റ് A2 + ഫാമിലി ലേബർ) അടിസ്ഥാനമാക്കിയാൽ കേരളത്തിൽ ഒരു നാളികേരത്തിന്റെ ഉൽപ്പാദനച്ചെലവ് 9.91 രൂപയും അഖിലേന്ത്യാ അടിസ്ഥാനത്തിൽ 7.92 രൂപയുമാണ്. ഇപ്രകാരം അഖിലേന്ത്യാ അടിസ്ഥാനത്തിൽ കണക്കാക്കിയ ഉൽപ്പാദനച്ചെലവിനെ

അധിഷ്ഠിതമാക്കിയാണ് താങ്ങുവില പ്രഖ്യാപിക്കുന്നത്. കേന്ദ്രം പ്രഖ്യാപിക്കുന്ന ഈ താങ്ങുവില കേരളത്തെ സംബന്ധിച്ചിടത്തോളം വളരെ കുറവാണ്. കേരളത്തിന്റെ വർദ്ധിച്ച ഉൽപ്പാദനച്ചെലവ് പരിഗണിച്ച് സംസ്ഥാനാടിസ്ഥാനത്തിൽ താങ്ങുവില പ്രഖ്യാപിക്കണമെന്നും നിലവിലെ നിരക്ക് ഉയർത്തണമെന്നും കേന്ദ്ര സർക്കാരിനോട് കേരളം നിരവധി തവണ ആവശ്യപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ മാസം ബഹുമാനപ്പെട്ട കേന്ദ്രമന്ത്രിയെ നേരിട്ട് കണ്ട് ആവശ്യപ്പെട്ട കാര്യമാണ്.

ഒരു തെങ്ങിൽനിന്നും ലഭിക്കുന്ന നാളികേരത്തിന്റെ എണ്ണം ഒരു വർഷം അമ്പത് എന്നതായിരുന്നു പച്ചത്തേങ്ങ സംഭരിക്കുന്നതിന് അംഗീകരിച്ച കണക്ക്. എന്നാൽ ഈ നിരക്ക് വർദ്ധിപ്പിക്കണമെന്ന ആവശ്യം ഉയർന്നുവന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കർഷകരുടെ ആവശ്യങ്ങളുടെയും തുടർന്ന് നടത്തിയ പഠനത്തിന്റെയും അടിസ്ഥാനത്തിൽ ഒരുവർഷത്തിൽ തെങ്ങ് ഒന്നിന് പരമാവധി 70 നാളികേരം എന്ന കണക്കിൽ പച്ചത്തേങ്ങ സംഭരിക്കാൻ നിലവിൽ അനുവാദം നൽകിയിട്ടുണ്ട്. വർഷത്തിൽ ആറ് തവണയായി നടത്തിയിരുന്ന

പച്ചത്തേങ്ങ സംഭരണം കർഷകർ രേഖാമൂലം ആവശ്യപ്പെടുന്നപക്ഷം അഞ്ച് തവണയായും സംഭരിക്കുന്നതിന് സർക്കാർ ഉത്തരവിലൂടെ അനുവാദം നൽകിയിട്ടുണ്ട്.

സംസ്ഥാനത്തെ ചില മേഖലകളിൽ തെങ്ങിന്റെ ഉൽപ്പാദനക്ഷമത 70-ൽ അധികമാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം മേഖല കണ്ടെത്തുന്നതിന് കാർഷിക ഗവേഷണ സ്ഥാപനങ്ങളിലെ പ്രതിനിധികൾ ഉൾപ്പെടുന്ന വിദഗ്ദ്ധ സമിതിയെ ചുമതലപ്പെടുത്തുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്. കേന്ദ്രസർക്കാരിന്റെ പ്രൈസ് സപ്പോർട്ട് സ്കീം നിബന്ധന 29 പ്രകാരം കേരഫെഡിനെ കൊപ്ര സംഭരണത്തിൽനിന്നും നാഫെഡ് ഒഴിവാക്കിയതിനാൽ കേരഫെഡിന് കൊപ്ര സംഭരണം നടത്താൻ സാധിക്കുന്നില്ല. പ്രസ്തുത വ്യവസ്ഥ മാറ്റിനൽകണമെന്ന് കേന്ദ്ര സർക്കാരിനോട് രേഖാമൂലവും നേരിട്ടും ആവശ്യപ്പെട്ടിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ പദ്ധതി പൂർണ്ണമായും കൊപ്രസംഭരണം മാത്രമായിരിക്കുകയും ഉയർന്ന കൂലിച്ചെലവുമൂലം പച്ചത്തേങ്ങ കൊപ്രയാക്കാൻ കർഷകർ വിമുഖത കാണിക്കുകയും ചെയ്യുന്ന സാഹചര്യത്തിലാണ് സംസ്ഥാനത്തെ കേരള

കർഷകരുടെ താൽപര്യ സംരക്ഷണത്തിനായി സംസ്ഥാന സർക്കാർ ഇടപെട്ട് കൊപ്ര സംഭരണ പദ്ധതിയിൽ പച്ചത്തേങ്ങകൂടി സംഭരിച്ച് അംഗീകൃത ഏജൻസികൾ മുഖേന അത് കൊപ്രയാക്കി നാഫെഡിന് കൈമാറുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുള്ളത്. ഇതുകൂടാതെ കൊപ്ര സംഭരണത്തിൽ ഉണ്ടകൊപ്രകൂടി ഉൾപ്പെടുത്തണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കർഷകരുടെ ആവശ്യാനുസരണം പുതിയ സംഭരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് അംഗീകാരം നൽകാൻ കൃഷി വകുപ്പിലെ ഡയറക്ടർക്ക് അനുവാദവും നൽകിയിട്ടുണ്ട്. നാളികേരോൽപ്പാദനം കൂടുതലുള്ള മേഖലകളിൽ എം.എൽ.എ.-മാരുമായി കൂടിയാലോചിച്ച് പ്രാദേശിക സൗകര്യങ്ങൾ പരിശോധിച്ച് അവരുടെ സഹകരണത്തോടെ ആവശ്യാനുസരണം കൂടുതൽ സംഭരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് നിർദ്ദേശം നൽകുന്നതാണ്. സംഭരിച്ച നാളികേരത്തിന്റെയും വിത്ത് തേങ്ങയുടെയും രണ്ട് മാസത്തെ കുടിശ്ശിക വളരെ വേഗത്തിൽ തീർപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതായിരിക്കും. കേന്ദ്രഗവൺമെന്റിന്റെ ചില നയങ്ങൾ നമ്മുടെ

നാളികേര കർഷകർക്ക് വലിയ ബുദ്ധിമുട്ടുണ്ടാക്കുന്നുവെന്ന് ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ശരിയാണ്. ആസിയാൻ ഉൾപ്പെടെയുള്ള കരാറുകൾ നാളികേര ഉൽപ്പാദന മേഖലയ്ക്ക് പ്രശ്നമുണ്ടാക്കുന്നതുകൂടി പരിഗണിച്ചുകൊണ്ടാണ് കൂടുതൽ കേരഗ്രാമങ്ങളും മറ്റും അനുവദിച്ചത്. പരമാവധി കേര കർഷകരെ സഹായിക്കാനുള്ള പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. കേരഗ്രാമം പദ്ധതി വഴിയും സർക്കാർ സഹായങ്ങൾ ചെയ്തുവരുന്നുണ്ട്.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, നാളികേര സംഭരണത്തിൽ സഹകരണ സ്ഥാപനങ്ങളെക്കൂടി പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

ശ്രീ. പി. പ്രസാദ്: സർ, നാളികേര സംഭരണത്തിന് സഹകരണ സ്ഥാപനങ്ങളെ ഉൾപ്പെടുത്തുന്നതിന് തടസ്സമില്ല. കേരഫെഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 903-ഓളം സംഘങ്ങളിൽ അഞ്ചെണ്ണം മാത്രമേ നാളികേരം സംഭരിക്കുന്നതിന് തയ്യാറാകുന്നുള്ളൂ. നാളികേര സംഭരണത്തിന് തയ്യാറാകുന്ന

എല്ലാ സഹകരണ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തുന്നതിന് യാതൊരു തടസ്സവുമില്ല.

## (2) ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡംഗങ്ങളുടെ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കൽ

ശ്രീ. സി. ആർ. മഹേഷ്: സർ, കേരളത്തിലെ നിർമ്മാണ മേഖലയിൽ ജോലി ചെയ്യുന്ന പതിനായിരക്കണക്കിന് പാവങ്ങൾ അനുഭവിക്കുന്ന സങ്കടകരമായ അവസ്ഥ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. 1990-ൽ നിലവിൽ വന്നതാണ് കേരള നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ്. ക്ഷേമനിധിയിൽ അംഗത്വമെടുത്ത് കൃത്യമായി വരിസംഖ്യ അടച്ച് 60 വയസ്സ് പൂർത്തിയാകുന്നവർക്ക് അടച്ച തുകയും പെൻഷനും കൃത്യമായി ലഭിച്ചുകൊണ്ടിരുന്നതാണ്. എന്നാൽ ഇപ്പോൾ ഒൻപത് മാസത്തെ (2022 ഡിസംബർ മുതലുള്ള) പെൻഷൻ കുടിശ്ശികയാണ്. അതിൽ അടുത്ത സമയത്തായി പകുതിപേർക്ക് ഒരു മാസത്തെ പെൻഷൻ നൽകിയെന്ന് അറിയാൻ കഴിഞ്ഞു. പുതിയതായി അപേക്ഷ നൽകിയ നാൽപ്പതിനായിരത്തോളം തൊഴിലാളികൾക്ക് പെൻഷൻ അനുവദിച്ച

നൽകാനുണ്ട്. ഈ അപേക്ഷകൾ അടിയന്തരമായി പരിശോധിച്ച് പെൻഷൻ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം. രണ്ടര വർഷംകൊണ്ട് വിവാഹാനുകൂല്യങ്ങളുൾപ്പെടെയുള്ളവ കുടിശ്ശികയിലാണ്. വളരെയേറെ സാമ്പത്തിക ഭദ്രതയുണ്ടായിരുന്ന കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ്, പെൻഷൻ നൽകുന്നതിന് മറ്റ് ക്ഷേമനിധികളിൽനിന്നും വായ്പയെടുക്കുന്നതിനായി അപേക്ഷയുമായി കാത്തുകിടക്കുന്നത് ലജ്ജാകരമാണ്. തൊഴിലാളികളടയ്ക്കുന്ന വരിസംഖ്യയ്ക്ക് പുറമേ പബ്ലിക് വർക്കുകളുടെ അടങ്കൽ തുകയുടെ ഒരു ശതമാനവും സ്വകാര്യ വ്യക്തികളുടെ പത്ത് ലക്ഷത്തിലധികം അടങ്കൽ തുക വരുന്ന വർക്കിന്റെ ഒരു ശതമാനവും സെസ് ഇനത്തിൽ ക്ഷേമനിധിയിലേയ്ക്ക് അടയ്ക്കാൻ നിലവിൽ വ്യവസ്ഥയുണ്ട്. ഇതാണ് ക്ഷേമനിധിയിലേയ്ക്കുള്ള പ്രധാന വരുമാനം. എന്നാൽ സെസ് പിരിവ് കൃത്യമായി നടക്കുന്നില്ല. ഒരു ക്ഷേമനിധിയിലും വരിസംഖ്യ അടയ്ക്കാത്തവർക്കും 25-30 വർഷം വരിസംഖ്യ അടച്ചവർക്കും ഒരുപോലെ 1600/- രൂപ പെൻഷൻ നൽകുന്നതിൽ മാറ്റമുണ്ടാകണം. തൊഴിലാളികളുടെ ക്ഷേമനിധി അംശദായം 20/- രൂപയിൽനിന്നും 50/-

രൂപയാക്കി വർദ്ധിപ്പിച്ചതനുസരിച്ച് പെൻഷൻ 3000/- രൂപയായും കാലാനുസൃതമായി മറ്റെല്ലാ ആനുകൂല്യങ്ങളും വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെടുകയാണ്. ക്ഷേമനിധിയിൽ അംശദായമടച്ച് 60 വയസ്സിനുശേഷം പെൻഷൻ ലഭിച്ചുകൊണ്ടിരുന്ന തൊഴിലാളിക്ക്, ഭർത്താവ് മരണപ്പെട്ട് വിധവാപെൻഷൻ വാങ്ങുന്നുവെന്ന കാരണത്താൽ നിർമ്മാണ തൊഴിലാളി പെൻഷൻ നിർത്തലാക്കുകയാണ്. മുൻകാലങ്ങളിൽ തൊഴിലാളികൾക്ക് ഒന്നിൽ കൂടുതൽ പെൻഷൻ നൽകിയിരുന്നു. അംശദായം വർദ്ധിപ്പിക്കുന്നതിനനുസരിച്ച് ആനുകൂല്യങ്ങളും വർദ്ധിപ്പിക്കണം. 2015-ൽ 10,000/- രൂപയാക്കിയ വിധവാ പെൻഷൻ 30,000/- രൂപയെങ്കിലുമാക്കി മാറ്റണമെന്ന് ആവശ്യപ്പെടുന്നു. കെട്ടിട നിർമ്മാണ തൊഴിലാളി പെൻഷൻ ലഭിക്കുന്നവർ വാർദ്ധക്യ സഹജമായ രോഗങ്ങൾക്കുള്ള മരുന്ന് വാങ്ങുന്നതിനാണ് കൂടുതലായും തുക വിനിയോഗിക്കുന്നത്. കഷ്ടപ്പെട്ട് ജോലി ചെയ്ത് ലഭിക്കുന്ന തുകയിൽ നിന്നാണ് അവർ അംശദായം അടച്ചുകൊണ്ടിരുന്നത്. മുപ്പതും അതിൽ കൂടുതലും വർഷങ്ങൾ ജോലി ചെയ്തിട്ട് വാർദ്ധക്യത്തിൽ പെൻഷൻ വാങ്ങി ജീവിക്കാമല്ലോയെന്ന് കരുതിയാണ്

അവർ ഇത് കൃത്യമായും അടച്ചുകൊണ്ടിരിക്കുന്നത്. ഈ പാവങ്ങളുടെ ഗൗരവതരമായ വിഷയം സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതോടൊപ്പം അവരുടെ പ്രശ്നങ്ങൾക്ക് സർക്കാർ അനുകൂല നടപടി സ്വീകരിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച കുറച്ച് കാര്യങ്ങളിൽ വസ്തുതയുണ്ട്. കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിൽനിന്നും നിലവിൽ 3,80,014 പേർക്കാണ് പെൻഷൻ നൽകി വരുന്നത്. 2022 നവംബർ വരെയുള്ള പെൻഷനാണ് നിലവിൽ വിതരണം ചെയ്തിട്ടുള്ളതെന്നാണ് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത്. ഒരു മാസം പെൻഷൻ നൽകുന്നതിന് ഏകദേശം 57 കോടി രൂപയും മറ്റാനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനും ഭരണപരമായ ചെലവുകൾക്കുമായി 10 കോടി രൂപയുമടക്കം പ്രതിമാസം 67 കോടി രൂപയാണ് ആവശ്യമായി വരുന്നത്. ബോർഡിന്റെ പ്രധാന വരുമാന മാർഗ്ഗമായ സെസ് പിരിവിലൂടെ പ്രതിമാസം ഏകദേശം 30 കോടി രൂപ

മാത്രമാണ് ലഭിക്കുന്നത്. അതായത് ഒരു മാസംതന്നെ വരവും ചെലവും തമ്മിൽ 37 കോടി രൂപയുടെ വ്യത്യാസമുണ്ട്. ഇതുമായി ബന്ധപ്പെട്ട പ്രധാനപ്പെട്ടൊരു വസ്തുത അംഗങ്ങളുടെ എണ്ണം വളരെ കൂടുതലാണെന്നതാണ്. നാന്നൂറിലധികം തൊഴിലാളി സംഘടനകളുണ്ടെന്ന് പറഞ്ഞാൽ വിശ്വസിക്കുമെന്ന് തോന്നുന്നില്ല. ഈ തൊഴിലാളി സംഘടനകളാണ് ഒരാൾ കെട്ടിട നിർമ്മാണ തൊഴിലാളി ആണോ അല്ലയോയെന്ന് സർട്ടിഫൈ ചെയ്യുന്നത്. അതിന് എങ്ങനെ പരിഹാരം കാണാൻ സാധിക്കുമെന്നതിനെക്കുറിച്ച് കൂട്ടായി ആലോചിച്ച് നടപടി സ്വീകരിക്കേണ്ടതാണ്.

കാലാകാലങ്ങളിൽ വരവിലും ചെലവിലുമുണ്ടായ അന്തരംകൊണ്ടാണ് പെൻഷനും മറ്റാനുകൂല്യങ്ങളും വിതരണം ചെയ്യുന്നതിന് കാലതാമസം അനുഭവപ്പെടുന്നത്. അക്കാരണത്താൽ ഒരു വർഷത്തിൽ കൂടുതലായി വിവാഹാനുകൂല്യങ്ങളും മറ്റും വിതരണം ചെയ്യാൻ സാധിക്കുന്നില്ല. ബോർഡിന്റെ തനതുഫണ്ടിൽ നിന്നാണ് പെൻഷനടക്കമുള്ള എല്ലാ ആനുകൂല്യങ്ങളും നൽകിവരുന്നത്. മുൻ വർഷങ്ങളുമായി താരതമ്യം

ചെയ്യുമ്പോൾ സെസ് പിരിവിൽ കാര്യമായ വർദ്ധനവുണ്ടായിട്ടുണ്ട്. കഴിഞ്ഞ വർഷം ശരാശരി 23 കോടി രൂപയായിരുന്ന പ്രതിമാസ സെസ് കളക്ഷനെങ്കിൽ നിലവിൽ 30 കോടി രൂപ സെസ് കളക്ഷനായി പ്രതിമാസം ലഭിക്കുകയാണ്. ലേബർ വകുപ്പിന്റെ മേൽനോട്ടത്തിൽ സെസ് പിരിച്ചെടുക്കുന്നതിനായി അദാലത്തുകൾ ഊർജ്ജിതമായി നടത്തിവരുന്നുണ്ട്. 2018 ജനുവരി മുതൽ തൊഴിലാളികളുടെ അംശദായ തുക 20-ൽനിന്നും 50 രൂപയാക്കി വർദ്ധിപ്പിച്ചു. ടി വർദ്ധനവിനുശേഷം ആനുകൂല്യങ്ങളിലും വർദ്ധനവ് വരുത്തിയിട്ടുണ്ട്. പെൻഷൻകാരുടെ മരണാനന്തര ചെലവ് 2,000 രൂപയിൽ നിന്നും 3,000 രൂപയാക്കിയും അംഗത്തൊഴിലാളികളുടെ മരണാനന്തര ചെലവ് 2,000 രൂപയിൽ നിന്നും 4,000 രൂപയാക്കിയും വർദ്ധിപ്പിച്ചിട്ടുണ്ട്. ചില അസുഖങ്ങൾക്ക് (കണ്ണ് ഓപ്പറേഷൻ, ചിക്കൻപോക്സ്, പേപ്പട്ടി വിഷബാധ, പാമ്പുകടി) 2,000 രൂപയിൽനിന്ന് 4,000 രൂപയാക്കി വർദ്ധിപ്പിച്ചു. സാധാരണ ചികിത്സ/അപകട ചികിത്സാ ധനസഹായവും വർദ്ധിപ്പിച്ചിട്ടുണ്ട്. എസ്.എസ്.എൽ.സി. ക്യാഷ് അവാർഡ് 2500, 2000, 1500 എന്നീ

ക്രമത്തിൽ നൽകി വന്നിരുന്നത് 3,000 രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. അപകട മരണ ധനസഹായം 3,00,000 രൂപയിൽനിന്ന് 4,00,000 രൂപയാക്കിയും മരണാനന്തര ധനസഹായം 25,000 രൂപയിൽനിന്നും 50,000 രൂപയാക്കിയും വർദ്ധിപ്പിച്ചിട്ടുണ്ട്. മരങ്ങൾ, കുറ്റിച്ചെടികൾ എന്നിവ നീക്കം ചെയ്യുന്നതിനിടയിൽ അപകടമോ മരണമോ ഉണ്ടായാൽ 1,00,000 രൂപ നോമിനി/ആശ്രിതർക്ക് അനുവദിക്കുന്നതിന് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. തൊഴിൽ സ്ഥലത്തുവച്ചുള്ള അപകടത്തെത്തുടർന്ന് സ്ഥിരമായി അവശതയനുഭവിക്കുന്നവർക്കും ആനുകൂല്യം നൽകുന്നുണ്ട്. ഈ നിലയിലാണ് കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുള്ളത്. അങ്ങ് പറഞ്ഞതുപോലെ കുടിശ്ശിക നിലനിൽക്കുകയാണ്. കേരള ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിന്റെ സാമ്പത്തിക പ്രതിസന്ധി ചർച്ച ചെയ്യുന്നതിനായി ബഹുമാന്യരായ മുഖ്യമന്ത്രിയും തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയും തൊഴിൽ വകുപ്പുമന്ത്രിയും സംയുക്തയോഗം ചേർന്ന് സെസ് പിരിവ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഏൽപ്പിക്കണമെന്ന് നിർദ്ദേശം

നൽകിയിരുന്നു. ഇന്ന് നിലനിൽക്കുന്ന പ്രതിസന്ധികൾക്ക് പരിഹാരം കണ്ട് മുന്നോട്ടുകൊണ്ടുപോകണമെങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾവഴി സെസ് പിരിവ് നടത്തിയാൽ മാത്രമേ തുക പൂർണ്ണമായും ലഭിക്കുകയുള്ളൂ. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയാകുമ്പോൾ ഒന്നുകിൽ പെർമിറ്റ് നൽകുമ്പോഴോ അല്ലെങ്കിൽ കെട്ടിടം നിർമ്മിച്ചതിനുശേഷം അവസാനം നമ്പർ കൊടുക്കുന്ന അവസരത്തിലോ തുക ഈടാക്കാനാകും. ഇക്കാര്യം ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. ഉടൻതന്നെ ഒരു യോഗംകൂടി പ്രസ്തുത വിഷയത്തിൽ പരിഹാരം കണ്ട് ഓണത്തിനുമുമ്പുതന്നെ കുടിശ്ശികകൾ കുറേയെങ്കിലും വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കാം.

<u>ശ്രീ. സി. ആർ. മഹേഷ്</u>: സർ, പെൻഷനാകുന്ന മാസം മുതലായിരുന്നു അംഗങ്ങൾക്ക് പെൻഷൻ നൽകിയിരുന്നത്. ധനകാര്യ വകുപ്പിന്റെ 28-04-2022-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പെൻഷന് അർഹത നേടുന്ന മാസമോ അപേക്ഷ നൽകുന്ന മാസമോ പരിഗണിക്കാതെ അവർ അപേക്ഷ നൽകി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അല്ലെങ്കിൽ ബന്ധപ്പെട്ട

ഉദ്യോഗസ്ഥർ പെൻഷൻ അനുവദിച്ച് ഒപ്പുവയ്ക്കുന്ന മാസം മുതൽ പെൻഷൻ നൽകിയാൽ മതിയെന്ന് ഉത്തരവിറക്കി. ഈ രീതി നടപ്പാക്കിയാൽ തൊഴിലാളികൾക്ക് കുറേ മാസങ്ങളുടെ/വർഷങ്ങളുടെ പെൻഷൻ നഷ്ടപ്പെടും. ഓഫീസിലുണ്ടാകുന്ന കാലതാമസം കാരണം അംഗങ്ങൾക്ക് പെൻഷൻ നഷ്ടമാകുന്നത് അനീതിയായതിനാൽ സർക്കാർ ഈ ഉത്തരവ് പുനഃപരിശോധിച്ച് പെൻഷന് അർഹതനേടുന്ന മാസമോ അപേക്ഷിക്കുന്ന മാസമോ മുതൽ അംഗങ്ങൾക്ക് പെൻഷൻ നൽകുന്നതിന് നടപടി സ്വീകരിക്കുമോ; ഓണത്തിനുമുമ്പ് പെൻഷൻ കുടിശ്ശിക പൂർണ്ണമായും കൊടുത്തുതീർക്കുമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച ധനകാര്യ വകുപ്പിന്റെ ഉത്തരവ് മരവിപ്പിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ ഗവൺമെന്റ് ഇക്കാര്യത്തിൽ എങ്ങനെ ചിന്തിക്കുന്നുവെന്ന് അങ്ങേയ്ക്ക് മനസ്സിലായിക്കാണും. അവശേഷിക്കുന്നത് പെൻഷന്റെ കാര്യമാണ്. പെൻഷൻ ഓണത്തിനുമുമ്പ് കൊടുത്തുതീർക്കുമെന്ന് സഭയിൽ പറയുന്നില്ല.

എങ്കിലും അവർക്ക് ആശ്വാസം നൽകുന്ന രൂപത്തിലുള്ള നടപടി സ്വീകരിക്കുന്നതിന് പരമാവധി പരിശ്രമം നടത്താവുന്നതാണ്.

**11.30 a.m]**

**VII സബ്മിഷൻ**

(1) വാരപ്പെട്ടി പഞ്ചായത്തിലെ വാഴക്കൃഷി നശിപ്പിക്കൽ

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, സംസ്ഥാനത്തെ കർഷകരെയും കർഷകരെ സ്നേഹിക്കുന്ന ജനങ്ങളെയുമെല്ലാം വേദനയിലാഴ്ത്തിയ സംഭവമാണ് ഇന്നലെ എറണാകുളം വാരപ്പെട്ടിയിൽ കാവുംപുറത്ത് നടന്നത്. 220 കെ.വി. വൈദ്യുതിലൈനിനുതാഴെയുള്ള ഭൂമിയിൽ ശ്രീ. കെ. ഒ. തോമസ് എന്ന കർഷകൻ കൃഷി ചെയ്തിരുന്ന നൂറുകണക്കിന് കുലവാഴകളാണ് വാഴയില ലൈനിൽ മുട്ടിയെന്നപേരിൽ കെ.എസ്.ഇ.ബി.എൽ. ഉദ്യോഗസ്ഥർ യാതൊരു മുന്നറിയിപ്പും കൂടാതെ വെട്ടിനിരത്തിയത്. യഥാർത്ഥത്തിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ 220 കെ.വി. വൈദ്യുതിലൈനാണ് താഴോട്ട് പോയത്. ഈ വൈദ്യുതി ലൈൻ നേരെയാക്കേണ്ട ചുമതല കെ.എസ്.ഇ.ബി.എൽ. ഉദ്യോഗസ്ഥർക്കുള്ളതാണ്. വാഴ വെട്ടിക്കളഞ്ഞാൽ മാത്രം പ്രസ്തുത 220 കെ.വി. ലൈൻ

അപകടകരമല്ലാതായി മാറുന്നില്ല. അത് ഉയരത്തിലൂടെ പോകേണ്ട വൈദ്യുതിലൈനാണ്. നമ്മുടെ നാട്ടിൽ കുട്ടികളുൾപ്പെടെയുള്ള ധാരാളം പേർ ഇരുമ്പു തോട്ടി ഉപയോഗിച്ച് മാങ്ങയും മറ്റുംപറിക്കുന്നുണ്ട്. ഈ 220 കെ.വി. വൈദ്യുതിലൈൻ ശരിയായ രീതിയിൽ നിർത്തേണ്ടതിനുപകരം വാഴയില അതിൽ മുട്ടിയെന്ന കാരണത്താൽ മുഴുവൻ കുലവാഴകളും വെട്ടിനിരത്തുകയുണ്ടായി. അതായത്, ഈ ഓണക്കാലത്തെ വില്പനയുദ്ദേശിച്ച് നട്ടുവളർത്തിയ നാന്നൂറോളം വാഴകളാണ് നശിപ്പിച്ചത്. യാതൊരു മനഃസാക്ഷിയുമില്ലാത്ത പ്രവൃത്തിയല്ലേയിത്? ഈ വാർത്ത കേൾക്കുന്ന ആർക്കെങ്കിലും ഇത്തരമൊരു പ്രവൃത്തിയെ അംഗീകരിക്കാൻ സാധിക്കുമോ; അവിടത്തെ കർഷകർ എത്രമാത്രം സങ്കടത്തിലാണ് നിൽക്കുന്നത്? വീട്ടിലുള്ള സ്വർണ്ണം മുഴുവൻ രണ്ട് ലക്ഷം രൂപയ്ക്ക് പണയപ്പെടുത്തിയാണ് ഇദ്ദേഹം പമ്പ് സെറ്റ് വാങ്ങിയത്. കാശ് കടം വാങ്ങിയാണ് വാഴത്തൈകൾ വാങ്ങിയത്. ഓണമാകുമ്പോൾ വാഴക്കുലകൾ വിൽക്കുന്ന പണം കിട്ടുമെന്ന പ്രതീക്ഷയിലിരിക്കുമ്പോഴാണ് യാതൊരു മുന്നറിയിപ്പുമില്ലാതെ, വഴിയരികിൽ വൈദ്യുതിലൈനിൽ തട്ടിനിൽക്കുന്ന

മരച്ചില്ലകൾ വെട്ടിക്കളയുന്ന ലാഘവത്തോടുകൂടി ഈ കുലവാഴകൾ മുഴുവൻ വെട്ടിനിരത്തിയത്. ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയെ ഞാൻ കുറ്റപ്പെടുത്തുന്നില്ല, കാരണം ഇക്കാര്യം അറിഞ്ഞയുടൻ പ്രസ്തുത നടപടി തെറ്റായിപ്പോയിയെന്ന രീതിയിൽ അദ്ദേഹം പ്രതികരിച്ചു. അതുകൊണ്ട് ഇത്തരം കുറ്റങ്ങൾ ചെയ്യുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുന്നു. വളരെ തെറ്റായൊരു നടപടിയാണിത്. രണ്ടാമത്തെ കാര്യം, ഈ കർഷകനുണ്ടായിരിക്കുന്ന നഷ്ടം നികത്തണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കൂടി ഇക്കാര്യം ശ്രദ്ധിക്കണം. ഇത് കർഷകരെ അപമാനിച്ചതിനുതുല്യമായ സംഭവമാണ്. പണ്ടൊക്കെ വെട്ടിനിരത്തലും മറ്റ് കാര്യങ്ങളുമൊക്കെ നടന്നിട്ടുണ്ട്. ഇത് അന്നത്തെ കാലമല്ലല്ലോ. ഇപ്പോൾ നമ്മൾ കാർഷികവൃത്തിയെയും കാർഷിക ഉൽപ്പന്നങ്ങളുണ്ടാക്കുന്നതിനെയും പ്രോത്സാഹിപ്പിക്കുന്ന കാലമല്ലേ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കർഷകവികാരം ഏറ്റവുമധികം ഉൾക്കൊള്ളുന്ന മന്ത്രിയാണ് മറുപടി പറയാനിരിക്കുന്നത്. അതുകൊണ്ട് അദ്ദേഹം കൃത്യമായി മറുപടി പറയുമെന്ന് പ്രതീക്ഷിക്കാം.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഏറ്റവും നല്ല കർഷകനായ വൈദ്യുതി വകുപ്പുമന്ത്രിതന്നെ കർഷകന്റെ വാഴ മുഴുവൻ വെട്ടിനശിപ്പിക്കാൻ കൂട്ടുനിന്നോയെന്നാണ് കേരളത്തിലെ ജനങ്ങൾ ചോദിക്കുന്നത്. അതാണ് ഇവിടത്തെ പ്രശ്നം.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഞാൻ ആവർത്തിക്കുന്നില്ല. ഇത്തരം കുറ്റങ്ങൾ ചെയ്യുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുക്കണം. സംസ്ഥാനത്ത് ഒരിടത്തും ഇത്തരം സംഭവം ആവർത്തിക്കാൻ പാടില്ല. കൂടാതെ പൂർണ്ണമായ നഷ്ടപരിഹാരം കൊടുത്ത് അദ്ദേഹത്തെ ആശ്വസിപ്പിക്കണം. അതുപോലെ 220 കെ.വി. വൈദ്യുതി ലൈൻ ഇത്രയും താഴേയ്ക്ക് പോകാമോ? അത് വളരെ ഗൗരവത്തോടുകൂടി ചിന്തിക്കേണ്ട കാര്യമാണ്. 220 കെ.വി. ലൈനിൽ വാഴയില മുട്ടുന്നുവെന്നാണ് പറഞ്ഞത്. എത്ര വലിയ വാഴയായാലും അതിന് മാക്സിമം എത്ര പൊക്കമുണ്ടാകുമെന്ന് നമുക്കറിയാം. നമ്മളിൽ പലരും വാഴക്കൃഷി ചെയ്യുന്നവരുമാണ്. വാഴയുടെ ഇല 220 കെ.വി. ലൈനിൽ മുട്ടുന്നുവെന്ന് പറഞ്ഞാൽ അത് എത്ര താഴെക്കൂടിയാണ് കടന്നുപോകുന്നതെന്ന് ആലോചിക്കണം.

കുഞ്ഞുങ്ങളുൾപ്പെടെയുള്ളവർ ഒരു വടിവച്ച് അടിച്ചാൽ പോലും അപകടമുണ്ടാകും. അതുകൊണ്ട് ഇക്കാര്യങ്ങൾ അങ്ങ് പ്രത്യേകമായി ശ്രദ്ധിക്കണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്രസ്തുത വിഷയം സംബന്ധിച്ച് ശ്രീ. ആന്റണി ജോൺ, ഡോ. മാത്യു കുഴൽനാടൻ എന്നീ അംഗങ്ങളും നോട്ടീസ് നൽകിയിട്ടുണ്ട്.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, ആഗസ്റ്റ് മാസം 4-ാം തീയതി 12.56-ന് ഇടുക്കി-മൂലമറ്റം വൈദ്യുത നിലയത്തിൽനിന്നുള്ള ഇടുക്കി-കോതമംഗലം 220 കെ.വി. വൈദ്യുതി ലൈൻ തകരാറിലായതിനെത്തുടർന്ന് കെ.എസ്.ഇ.ബി.എൽ. ജീവനക്കാർ നടത്തിയ പരിശോധനയിൽ കാവുംപുറത്ത് ശ്രീ. കെ. ഒ. തോമസിന്റെ കൃഷിസ്ഥലത്തെ ചില വാഴകൾക്ക് തീ പിടിച്ചതായി കണ്ടെത്തി. വാഴയുടെ ഇലകൾ ലൈനിനുസമീപം എത്തിയതുമൂലമാകാം അങ്ങനെ സംഭവിച്ചതെന്ന് മനസ്സിലായിരുന്നു. കൂടാതെ സമീപവാസിയായ ശ്രീമതി അമ്മിണി രാഘവൻ എന്ന സ്ത്രീക്ക് വൈദ്യുതി ഷോക്കേറ്റതായും അറിയാൻ കഴിഞ്ഞു. 220 കെ.വി.

ലൈൻ ട്രിപ്പായ സമയത്താണ് ഈ അപകടം നടന്നതെന്നും മനസ്സിലാകുന്നു. അപകടസാധ്യത ഒഴിവാക്കേണ്ടതുള്ളതിനാലും സുപ്രധാനമായ പ്രസ്തുത ലൈൻ വൈകുന്നേരം 6 മണിക്ക് മുമ്പുതന്നെ പുനഃസ്ഥാപിക്കേണ്ടത് ആവശ്യമായിരുന്നതിനാലും ലൈനിന് സമീപം വളരെ ഉയരത്തിൽ വളർന്ന വാഴകൾ വെട്ടിമാറ്റാൻ നിർബന്ധിതരായി. വൈദ്യുതിലൈനിൽനിന്നും പാലിക്കേണ്ട അകലം കേന്ദ്ര വൈദ്യുതി അതോറിറ്റി നിശ്ചയിച്ചിട്ടുണ്ട്. 220 കെ.വി. വൈദ്യുതിലൈനിന് ഭൂനിരപ്പിൽനിന്നും നിയമാനുസരണം ആവശ്യമായ അകലം 7.02 മീറ്റർ ആണെന്നിരിക്കെ ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, എറണാകുളം നൽകിയ റിപ്പോർട്ടനുസരിച്ച് 07-08-2023-ൽ പരിശോധന നടത്തിയപ്പോൾ പ്രസ്തുത ലൈനിന് ഭൂമിനിരപ്പിൽനിന്നും 7.46 മീറ്റർ അകലമുള്ളതായി കണ്ടെത്തിയിട്ടുണ്ട്. 220 കെ.വി. ലൈനിനടിയിൽ അധികം ഉയരം വയ്ക്കാത്ത കാർഷിക വിളകൾ കൃഷി ചെയ്യുന്നതിന് തടസ്സമില്ല. എന്നാൽ, വാരപ്പെട്ടിയിൽ നട്ടിരുന്നത് ഉയരം കൂടിയ ഇനത്തിൽപ്പെട്ട വാഴകളായിരുന്നുവെന്നാണ് പരിശോധനയിൽ കണ്ടെത്തിയത്. വൈദ്യുതി വിശ്വസ്തനായ സുഹൃത്താണ്, ശ്രദ്ധിച്ചില്ലെങ്കിൽ

വളരെ അപകടകാരിയുമാണെന്ന് നാം ഓർക്കേണ്ടതുണ്ട്. പരാതി ശ്രദ്ധയിൽപ്പെട്ട ഉടൻതന്നെ ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി എന്നെ ഫോണിൽ ബന്ധപ്പെട്ട് വിഷയത്തിൽ ഇടപെടണമെന്ന് ആവശ്യപ്പെട്ടിരുന്നു. ഉടൻതന്നെ പ്രസരണവിഭാഗം ഡയറക്ടറോട് വിഷയം പരിശോധിച്ച് അടിയന്തര റിപ്പോർട്ട് നൽകാൻ നിർദ്ദേശിച്ചിട്ടുണ്ട്. കോതമംഗലം എം.എൽ.എ. ശ്രീ. ആന്റണി ജോണും ഇന്നലെത്തന്നെ കത്ത് നൽകിയിരുന്നു. വിളവെടുപ്പിന് തയ്യാറായ വാഴകളാണ് വെട്ടിയതെന്നും കർഷകനെ അറിയിക്കാൻ പറ്റിയില്ലായെന്ന വസ്തുതയും കർഷകനുണ്ടായ സാമ്പത്തികനഷ്ടവും കണക്കിലെടുത്ത് മാനുഷികപരിഗണന നൽകി ഇതൊരു പ്രത്യേക കേസ്സായി പരിഗണിച്ചിട്ടുണ്ട്. കൃഷി വകുപ്പുമായി ആലോചിച്ച് കർഷകന് ഉചിതമായ ധനസഹായം നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

(2) <u>കാസർഗോഡ് സർക്കാർ ഓഫീസുകളിലെ ഒഴിവുകൾ നികത്തൽ</u>

<u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു:</u> സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അടിയന്തരശ്രദ്ധ പതിയുന്നതിനുവേണ്ടിയാണ് ഞാൻ ഈ വിഷയം

അവതരിപ്പിക്കുന്നത്. കാസർഗോഡ് ജില്ലയിലെ വിവിധ സർക്കാർ ഓഫീസുകളിൽ 1700-ഓളം തസ്തികകൾ ജീവനക്കാരില്ലാതെ ഒഴിഞ്ഞുകിടക്കുകയാണ്. ആഗസ്റ്റ് 1-ലെ കണക്കനുസരിച്ച് 269 ഗസറ്റഡ് ഓഫീസർമാരുടെയും 1413 നോൺ ഗസറ്റഡ് ഓഫീസർമാരുടെയുമുൾപ്പെടെ 1682 തസ്തികകളാണ് ഒഴിഞ്ഞുകിടക്കുന്നത്. വിവിധ വിദ്യാലയങ്ങളിലായി അഞ്ഞൂറിലേറെ അധ്യാപകരുടെ തസ്തികകളും ഒഴിഞ്ഞുകിടക്കുന്നുണ്ട്. കാസർഗോഡിൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിലവിലില്ല. 48 മെഡിക്കൽ ഓഫീസർമാരുടെയും 137 ആരോഗ്യപ്രവർത്തകരുടെയും പി.ഡബ്ല്യു.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെയും മുനിസിപ്പൽ സെക്രട്ടറിമാരുടെയും തസ്തികകളുൾപ്പെടെ ഒഴിഞ്ഞുകിടക്കുകയാണ്. ഓൺലൈൻ ട്രാൻസ്ഫറിന്റെ ആനുകൂല്യം കൈപ്പറ്റി പലരും സ്ഥലംമാറിപ്പോയിരിക്കുകയാണ്. എന്നാൽ, കാസർഗോഡ് ജില്ല ഓപ്റ്റ് ചെയ്യാൻ മിക്കയാളുകളും തയ്യാറാകുന്നില്ല. തെക്കൻ ജില്ലകളിൽനിന്നും വരുന്നവർ ജോയിൻ ചെയ്തതിനുശേഷം ലീവെടുത്ത് പോകുന്നതു കാരണമാണ് തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നത്. ഇതുമൂലം

ആരോഗ്യമേഖലയിലെ പ്രശ്നം ഗുരുതരമാണ്. ഡോക്ടർമാർ ലീവെടുത്ത് ഉപരിപഠനത്തിന് പോകുന്നതിന്റെ ഫലമായി പുതിയ ഡോക്ടർമാരെ നിയമിക്കാൻ സാധിക്കാതെ വരുന്നു. ഡെപ്യൂട്ടേഷൻ വാങ്ങി സ്വന്തം ജില്ലകളിലേയ്ക്ക് പോകുന്ന പ്രവണതയും തുടരുന്നുണ്ട്. കാസർഗോഡ് ജില്ലയിലെ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്ന ഈ അവസ്ഥ പരിഹരിക്കുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി അടിയന്തരമായി ഇടപെടണമെന്ന് ആവശ്യപ്പെടുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ഇതുസംബന്ധിച്ച് ശ്രീ. എൻ. എ. നെല്ലിക്കുന്ന്, എം.എൽ.എ.-യും നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, വളരെ ഗൗരവമായ വിഷയമാണ് ഉന്നയിക്കപ്പെട്ടിട്ടുള്ളത്. കാസർഗോഡ്, ഇടുക്കി, വയനാട് എന്നീ ജില്ലകളിലെ വിവിധ വകുപ്പുകളിലുണ്ടാകുന്ന ഒഴിവുകൾ യഥാസമയം നികത്തുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്. എന്നാൽ ഈ ജില്ലകളിൽ നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥർ മറ്റ് ജില്ലകളിലേയ്ക്ക് ഡെപ്യൂട്ടേഷൻ/സ്ഥലംമാറ്റം നേടിപ്പോകുന്നതും അവധിയിൽ

പ്രവേശിക്കുന്നതും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇപ്രകാരം ജീവനക്കാരുടെ അഭാവമുണ്ടാകുന്നത് വിവിധ പദ്ധതികളുടെ സുഗമമായ നടത്തിപ്പിനെ ഗുരുതരമായി ബാധിക്കുന്ന സാഹചര്യം കണക്കിലെടുത്ത് ഈ ജില്ലകളിൽ നിയമനം ലഭിക്കുന്നവർ നിശ്ചിത കാലയളവിൽ ജോലി ചെയ്യുന്നുവെന്ന് ഉറപ്പാക്കാൻ 14-03-2022-ലെ സർക്കുലർ പ്രകാരം എല്ലാ വകുപ്പുതലവന്മാർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഓരോ പദ്ധതിയുടെയും ആവശ്യകത അടിസ്ഥാനമാക്കി കാലാവധി നിർണ്ണയിച്ച് പ്രസ്തുത കാലാവധി വരെ ഉദ്യോഗസ്ഥർ ജോലിയിൽ തുടരണമെന്ന നിർദ്ദേശമടങ്ങിയ നിയമന ഉത്തരവ് പുറപ്പെടുവിക്കാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി സംബന്ധിച്ച വിവരം ലഭ്യമാക്കാൻ എല്ലാ ജില്ലാകളക്ടർമാരോടും വകുപ്പുമേധാവികളോടും ആവശ്യപ്പെട്ടിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ എഞ്ചിനീയർ, ഡോക്ടർ, പാരാ മെഡിക്കൽ സ്റ്റാഫ്, വെൽഫെയർ വർക്കർ തുടങ്ങിയ വിവിധ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്ന വിഷയം ചീഫ് സെക്രട്ടറി തലത്തിൽ സർവ്വീസ് സംഘടനകളുമായി ചർച്ച ചെയ്യാനും തീരുമാനിച്ചിട്ടുണ്ട്.

## (3) കുറ്റ്യാടി ഇറിഗേഷൻ കനാലുകളുടെ പൂർത്തീകരണം

ശ്രീമതി കെ. കെ. രമ: സർ, വടകര നിയോജകമണ്ഡലത്തിലൂടെ കടന്നുപോകുന്ന കനാലുകളെ സംബന്ധിച്ച വളരെ ഗുരുതരവും അടിയന്തര പ്രാധാന്യമുള്ളതുമായ ഒരു വിഷയം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. കോഴിക്കോട്, കൊയിലാണ്ടി, വടകര താലൂക്കുകളിലെ പതിനയ്യായിരത്തോളം ഹെക്ടർ ഭൂമിയിൽ ജലസേചനം നടത്തുന്ന 50 വർഷത്തോളം പഴക്കമുള്ള കുറ്റ്യാടി ജലസേചന പദ്ധതിയുടെ ഭാഗമായുള്ള കനാലുകളാണ് എന്റെ മണ്ഡലത്തിലൂടെ കടന്നുപോകുന്നത്. വളരെ പഴക്കംചെന്ന അഴിയൂർ ബ്രാഞ്ച് കനാലും ഇതിലുൾപ്പെട്ടിട്ടുണ്ട്. ഈ കനാലുകളാണ് വടകര നിയോജകമണ്ഡലത്തിൽ കൃഷിക്കുപുറമെ കിണറുകളിലും മറ്റ് ജലസ്രോതസ്സുകളിലും ജലലഭ്യത ഉറപ്പുവരുത്തുന്നത്. പക്ഷേ, യഥാസമയം അറ്റകുറ്റപ്പണികൾ നടത്താത്തതും കാലപ്പഴക്കവുംമൂലം കനാലുകൾക്ക് കേടുപാടുകൾ സംഭവിക്കുകയും പഴയ അക്വഡക്ടുകൾ പലതും നിലംപതിക്കാറായ അവസ്ഥയിലുമാണുള്ളത്. അവ ഏതുസമയവും പൊട്ടി ആളുകളുടെ തലയിൽ വീഴാവുന്നൊരവസ്ഥയിൽ നിൽക്കുകയാണ്. അവ

അടിയന്തരമായി നീക്കംചെയ്തില്ലെങ്കിൽ ഗുരുതരമായ ഭീഷണിയാകുന്നതോടൊപ്പം വൻദുരന്തങ്ങൾക്ക് സാക്ഷിയാകേണ്ടിയും വരും. വടകര മണ്ഡലത്തിൽ കനാലിനായി ഏറ്റെടുത്ത സ്ഥലങ്ങളിൽ നിർമ്മാണം പൂർത്തിയാകാത്ത ഭാഗങ്ങളിൽ കാട് കയറിയതും വലിയ കുഴികൾ രൂപപ്പെട്ടതും പ്രദേശവാസികൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. മാത്രമല്ല ഈ ഭാഗങ്ങളിലൂടെ വൻതോതിലുള്ള ജലനഷ്ടവുമുണ്ടാകുന്നുണ്ട്. നിർമ്മാണം പൂർത്തിയാക്കാത്ത ഇത്തരം ഭാഗങ്ങൾ രണ്ടുപ്രദേശങ്ങളിലെ കനാലുകൾ തമ്മിലുള്ള ബന്ധം മുറിച്ച് വേർതിരിക്കുന്നതുകൂടിയാണ്. കനാലുകളുടെ ഇത്തരം വിടവുകൾ നികത്തിയാൽ പ്രദേശത്തെ ജലലഭ്യത വർദ്ധിപ്പിക്കാൻ സാധിക്കും. കനാലുകളുടെ കണക്ഷൻ പൂർത്തിയാക്കുന്നതിന് തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിൽദിനങ്ങൾകൂടി ഉപയോഗപ്പെടുത്തുന്നത് പദ്ധതി നടപ്പാക്കുന്നതിന് സഹായകമാകും. ഈ സാഹചര്യങ്ങളെല്ലാം പരിഗണിച്ച് വടകര നിയോജകമണ്ഡലത്തിലൂടെ കടന്നുപോകുന്ന കുറ്റ്യാടി ജലസേചന കനാലുകളുടെയും മറ്റ് നിർമ്മിതികളുടെയും പുനരുദ്ധാരണത്തിനും പൂർത്തിയാകാത്ത കനാലുകളുടെ പൂർത്തീകരണത്തിനും ആവശ്യമായ ഫണ്ട്

അനുവദിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ സർക്കാരിനോട് അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, കോഴിക്കോട് ജില്ലയിലെ കാർഷികാവശ്യങ്ങൾക്കുള്ള ജലസേചനത്തിനുവേണ്ടി 1972-ൽ ഭാഗികമായും 1993-ൽ പൂർണ്ണമായും കമ്മീഷൻ ചെയ്ത പദ്ധതിയാണ് കുറ്റ്യാടി ജലസേചന പദ്ധതി. കോഴിക്കോട് ജില്ലയിലെ വടകര, കൊയിലാണ്ടി, കോഴിക്കോട് താലൂക്കുകളിലായി 14569 ഹെക്ടർ ദേശത്ത് ജലസേചനം നടത്തുന്ന രീതിയിലാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. കോഴിക്കോട് ജില്ലയിലെ മൂന്ന് താലൂക്കുകളിലായി 603 കിലോമീറ്റർ നീളത്തിൽ പദ്ധതിയുടെ കനാൽ ശൃംഖല വ്യാപിച്ചുകിടക്കുന്നു. പ്രസ്തുത കനാൽ ശൃംഖലയിൽ അഴിയൂർ ബ്രാഞ്ച് കനാലും അതിന്റെ ഉപകനാലുകളും മണിയൂർ ബ്രാഞ്ച് കനാലിന്റെ ഉപകനാലുകളായ നടക്കുതാഴ, പുതുപ്പണം, ഡിസ്ട്രിബ്യൂട്ടറി കനാലുൾപ്പെടെ ഏകദേശം 50 കിലോമീറ്റർ നീളത്തിൽ വടകര നിയോജകമണ്ഡലത്തിലുൾപ്പെടുന്നു. അഴിയൂർ, കാർത്തികപ്പള്ളി, കുറിഞ്ഞാലിയോട് തുടങ്ങിയ ബ്രാഞ്ച് കനാലുകളും ഡിസ്ട്രിബ്യൂഷൻ

കനാലുകളുമായി ഏകദേശം പത്തോളം കനാലുകൾ വടകര നിയോജകമണ്ഡലത്തിന്റെ ഭാഗമായിട്ടുണ്ട്. അഴിയൂർ ബ്രാഞ്ച് കനാലിനായി 18/900 കിലോമീറ്റർ ദൂരത്തിൽ ഭൂമി ഏറ്റെടുത്തിട്ടുണ്ടെങ്കിലും 17/100 കിലോമീറ്റർ വരെയുള്ള ഭാഗം മാത്രമേ നിർമ്മിച്ചിട്ടുള്ളൂ. ബാക്കി ഭാഗത്തെ നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിക്കേണ്ടതുണ്ട്. എന്നാൽ പ്രസ്തുത ആവശ്യങ്ങൾക്കുവേണ്ടി ഏറ്റെടുത്തിട്ടുള്ള ഭൂമിയിൽ ഇതുവരെ അതിരുകൾ കൃത്യമായി മനസ്സിലാക്കാൻ സാധിക്കാത്തതിനാൽ ആയത് വ്യക്തമാക്കിത്തരുന്നതിന് വടകര താലൂക്ക് തഹസീൽദാർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അവരുടെ റിപ്പോർട്ട് ലഭിക്കുന്നമുറയ്ക്ക് മാത്രമേ തുടർനടപടിയിലേയ്ക്ക് പ്രവേശിക്കാൻ സാധിക്കുകയുള്ളൂ. സർവ്വേ നടപടികൾ വേഗത്തിലാക്കാൻ ശ്രമിക്കാം.

കുറ്റ്യാടി ജലസേചന പദ്ധതിയെ സംബന്ധിച്ച് സൂചിപ്പിച്ച കാര്യങ്ങൾ ശരിയാണ്. അവിടെ കനാലുകളും അനുബന്ധ നിർമ്മിതികളും കാലപ്പഴക്കംമൂലം അപകടഭീഷണിയിലാണ്. മാത്രമല്ല, കേടുപാടുകൾ സംഭവിച്ചിട്ടുള്ള കനാലുകൾക്ക് അറ്റകുറ്റപ്പണികൾ അത്യാവശ്യവുമാണ്.

എന്നാൽ ഇത്തരം പ്രവൃത്തികൾ പൂർത്തീകരിക്കാൻ കഴിയുന്ന സാമ്പത്തികസ്ഥിതി നമുക്കില്ല. അതിന് പരിഹാരമായി Renovation of Kuttiyadi Irrigation Project (Five Year Plan) Proposal for 2022-27 പ്രകാരം 180 കോടി രൂപ അനുവദിക്കണമെന്നാവശ്യപ്പെട്ട് ചീഫ് എഞ്ചിനീയർ പ്രോജക്ട്-I സമർപ്പിച്ച പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. കേരളത്തിലെ ഒട്ടുമിക്ക കനാൽ ശൃംഖലകളും ഇതുപോലെ കാലപ്പഴക്കംചെന്നവയാണ്. അതിലേയ്ക്ക് ഒഴുകി വരുന്ന ജലം പൂർണ്ണമായി ജലസേചനത്തിനും കുടിവെള്ളത്തിനും ഉപയോഗിക്കാൻ സാധിക്കാത്ത സ്ഥിതിയും കണ്ടുവരുന്നുണ്ട്. കനാലുകളെല്ലാം പുനരുദ്ധരിക്കേണ്ട കാലഘട്ടമാണിത്. മെയിന്റനൻസ് നടത്തിയതുകൊണ്ടുമാത്രം മുന്നോട്ടുകൊണ്ടുപോകാൻ കഴിയാത്ത സ്ഥിതി നിലനിൽക്കുന്നുവെന്ന് ബോദ്ധ്യപ്പെട്ടതുകൊണ്ട് മറ്റിതര കാര്യങ്ങൾ ചെയ്യുന്നതിന് ഡിപ്പാർട്ടുമെന്റ്/ഏജൻസികൾ മുഖാന്തരം ആവശ്യമായ പണം കണ്ടെത്താൻ കഴിയുമോയെന്ന് വകുപ്പ് പരിശോധിക്കുന്നുണ്ട്. ഇക്കാര്യങ്ങളിൽ സാധ്യമായ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു.

താലൂക്ക് സർവ്വേയറുടെ സർവ്വേ പൂർത്തീകരിച്ചാൽ ആവശ്യമായ തുടർനടപടികൾ വളരെ പെട്ടെന്ന് ചെയ്യാൻ സാധിക്കുമെന്നാണ് കരുതുന്നത്.

## (4) ജൽജീവൻ മിഷൻ പ്രവൃത്തികൾ

ശ്രീ. പി. മമ്മിക്കുട്ടി: സർ, ജൽജീവൻ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാനാവശ്യമായ രീതിയിലുള്ള ഇടപെടലുകളും പ്രവർത്തനങ്ങളും ഗവൺമെന്റിന്റെയും ജലവിഭവ വകുപ്പിന്റെയും നേതൃത്വത്തിൽ നടന്നുകൊണ്ടിരിക്കുന്നതിനെ അഭിനന്ദിക്കുകയാണ്. രണ്ട് മുനിസിപ്പാലിറ്റികളും ആറ് പഞ്ചായത്തുകളുമുൾപ്പെട്ട എന്റെ നിയോജകമണ്ഡലത്തിലെ എല്ലാ പ്രദേശങ്ങളിലേയ്ക്കും കുടിവെള്ളമെത്തിക്കുന്നതിന് വിവിധ പദ്ധതികളുണ്ട്. ജൽജീവൻ മിഷന്റെ ഷൊർണ്ണൂർ പി.എച്ച്. ഡിവിഷന്റെയും പാലക്കാട് ഡിവിഷന്റെയും ആഭിമുഖ്യത്തിലും കിഫ്ബി/അമൃത് പദ്ധതികളിലുമായി ശുദ്ധജല വിതരണ പദ്ധതികളുടെ പ്രവർത്തനം വ്യാപകമായി നടക്കുന്നുണ്ട്. എന്നാൽ ഈ പ്രവൃത്തി പൂർത്തിയാക്കണമെങ്കിൽ ഏകദേശം 22 കിലോമീറ്ററോളം

ദൂരംവരുന്ന 4 പി.ഡബ്ല്യു.ഡി. റോഡുകളിലൂടെ പൈപ്പ്ലൈൻ സ്ഥാപിക്കേണ്ടതുണ്ട്. അതിന്റെ ഡി.എൽ.പി. (Defect Liability Period)-യുമായി ബന്ധപ്പെട്ട പ്രശ്നങ്ങളുണ്ട്. ഡി.എൽ.പി. കുറയ്ക്കണമെന്നല്ല പറയുന്നത്; എന്നാൽ അതുമായി ബന്ധപ്പെട്ട് ചിലതിന് അനുവാദം ലഭിക്കുകയും ചിലതിന് ലഭിക്കാതിരിക്കുകയും ചെയ്യുകയാണ്. അതുകൊണ്ട് പി.ഡബ്ല്യു.ഡി. റോഡുകളിലൂടെ പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിന് അനുവാദം ലഭിക്കുന്നതിനുള്ള തടസ്സങ്ങൾ നീക്കി പൈപ്പ്ലൈൻ സ്ഥാപിക്കാനുള്ള ഇടപെടൽ നടത്തണം. മറ്റൊന്ന്, ചെർപ്പുളശ്ശേരി മുനിസിപ്പാലിറ്റിയെയും മൂന്ന് പഞ്ചായത്തുകളെയും ആസ്പദപ്പെടുത്തിക്കൊണ്ടുള്ള ചെർപ്പുളശ്ശേരി സമഗ്ര കുടിവെള്ള പദ്ധതിക്കുവേണ്ടി കുടിവെള്ളം സംഭരിക്കുന്നതിന് തൂതപ്പുഴയിലെ ഒരു പ്രദേശത്താണ് ഇറിഗേഷൻ സംവിധാനത്തിന്റെ ഭാഗമായ തടയണ നിർമ്മിക്കാൻ തീരുമാനിച്ചത്. ഐ.ഡി.ആർ.ബി.-യാണ് തടയണ നിർമ്മിക്കുന്നത്. പ്രസ്തുത തടയണയുടെ നിർമ്മാണം പൂർത്തിയായാൽ മാത്രമേ പ്രധാനപ്പെട്ട ട്രീറ്റ്മെന്റ് പ്ലാന്റിലേയ്ക്കും മറ്റ് സബ് ടാങ്കുകളിലേയ്ക്കും വെള്ളമെത്തിക്കാൻ സാധിക്കുകയുള്ളൂ. അതിനാൽ അതുമായി ബന്ധപ്പെട്ട

കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കണം. അതുപോലെ എൽ.എസ്.ജി.ഡി. റോഡുകൾ മുറിച്ച് പൈപ്പ് സ്ഥാപിച്ച സ്ഥലത്തെയും ഇനി പൈപ്പിടേണ്ട സ്ഥലങ്ങളിലെയും റെസ്റ്റോറേഷൻ വർക്കുകൾക്കാവശ്യമായ ഫണ്ട് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, വളരെ പ്രസക്തമായ വിഷയമാണ് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത്. അദ്ദേഹത്തിന്റെ നിയോജകമണ്ഡലമായ ഷൊർണ്ണൂരിൽ ജൽജീവൻ മിഷന്റെ പ്രവർത്തനങ്ങൾ മികച്ച രീതിയിൽ പുരോഗമിച്ചുവരുന്നുണ്ട്. 253.43 കോടി രൂപയുടെ പദ്ധതിക്കുള്ള ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്. അതിന്റെ ടെണ്ടർ നടപടികൾ 16-08-2022-ൽ പൂർത്തീകരിക്കുകയും 13-10-2022-ൽ തുക അവാർഡ് ചെയ്യുകയും 21-10-2022-ൽ പ്രവൃത്തികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തികളുമായി മുന്നോട്ടുപോകുമ്പോഴുണ്ടാകുന്ന തടസ്സങ്ങളാണ് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത്. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് കോതക്കുറിശ്ശി-ചെറമ്പറ്റക്കാവ് റോഡിന്റെ പരിപാലന

കാലാവധി (DLP) കഴിഞ്ഞിട്ടുണ്ട് എന്നതാണ്. മൺസൂൺ കാലഘട്ടത്തിലെ നിയന്ത്രണം മാറിയാലുടൻ ഇതിന്റെ പ്രവൃത്തി ആരംഭിക്കാൻ കഴിയും. അതുപോലെ ഒറ്റപ്പാലം-ചെർപ്പുളശ്ശേരി റോഡിന്റെ ഭാഗങ്ങളിൽ പി.ഡബ്ല്യു.ഡി. Dense Bituminous Macadam (DBM) പ്രവൃത്തി പൂർത്തീകരിച്ചതുകൊണ്ട് അനുമതി നൽകാനുള്ള പരിമിതിയെപ്പറ്റി അറിയിച്ചിട്ടുണ്ട്. ഇക്കാര്യങ്ങളും ഗൗരവപൂർവ്വമായി കാണുന്നതും ആയത് പരിഹരിക്കാൻ സാധിക്കുന്നതുമാണ്. വാണിയംകുളം-വല്ലപ്പുഴ റോഡിന്റെ ഡി.എൽ.പി. കഴിഞ്ഞിട്ടുള്ളതിനാൽ മൺസൂൺ കാലഘട്ടത്തിലെ നിയന്ത്രണം മാറിയാലുടൻ പ്രവൃത്തി ആരംഭിക്കാൻ കഴിയുന്നതാണ്. കൃഷ്ണപടി-കയിലിയാട് റോഡിന്റെ പരിപാലന കാലാവധി കഴിഞ്ഞിട്ടില്ല. പ്രസ്തുത റോഡുമായി ബന്ധപ്പെട്ടുള്ള ചില പ്രശ്നങ്ങൾ വളരെ പെട്ടെന്ന് പരിഹരിച്ച് പ്രവൃത്തി മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കും. കുളപ്പുള്ളി-എലിയപെറ്റ റോഡുമായി ബന്ധപ്പെട്ടുള്ള വകുപ്പുതല അന്വേഷണവും അടിയന്തരമായി പൂർത്തീകരിക്കാനുള്ള സാഹചര്യമാണുള്ളത്. ചെർപ്പുളശ്ശേരി സമഗ്ര കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് നിർമ്മിക്കുന്ന തടയണയുടെ

കാര്യം ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചു. അടിയന്തര നടപടി സ്വീകരിച്ച് ഐ.ഡി.ആർ.ബി.യുടെ പരിഗണനയിലുള്ള പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയുമോയെന്ന് പരിശോധിക്കുന്നതാണ്. ജൽജീവൻ മിഷന്റെ ഫേസ് I, II, III എന്നിവയിൽ ഉൾപ്പെട്ട എൽ.എസ്.ജി.ഡി. റോഡുകളുടെ റെസ്റ്റൊറേഷന് പ്രൊവിഷനില്ല. അത് എൽ.എസ്.ജി.ഡി. തന്നെ ത്രിതലപഞ്ചായത്ത് ഏജൻസികൾ മുഖാന്തരം ചെയ്യേണ്ടതാണ്. എന്നാൽ 15-ാം ധനകാര്യ കമ്മീഷന്റെ അൺടൈഡ് ഫണ്ട് റെസ്റ്റൊറേഷനുവേണ്ടി ഉപയോഗിക്കാൻ കഴിയുന്ന തരത്തിലുള്ള ഒരു നിർദ്ദേശം കേന്ദ്രഗവൺമെന്റിൽനിന്നും വാങ്ങി എല്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും ജില്ലാ കളക്ടർക്കുമാർക്കും കൈമാറിയിട്ടുണ്ട്. നാലും അഞ്ചും ഫേസിൽ ഉൾപ്പെട്ട റോഡുകൾ പൂർണ്ണമായും റെസ്റ്റോർ ചെയ്യാനുള്ള ഫണ്ടുകൂടി ജൽജീവൻ മിഷന്റെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇവിടെ സൂചിപ്പിക്കപ്പെട്ട പി.ഡബ്ല്യു.ഡി.യുമായി ബന്ധപ്പെട്ട വിഷയങ്ങൾക്കെല്ലാംതന്നെ പരിഹാരം കണ്ടെത്താൻ ശ്രമിക്കുന്നുണ്ട്. ഇത്തരം വിഷയങ്ങൾ സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പുമന്ത്രി ശ്രീ. പി.

എ. മുഹമ്മദ് റിയാസുമായി മൂന്ന് മാസത്തിലൊരിക്കൽ റിവ്യൂ നടത്തുന്നുണ്ട്. കേന്ദ്രഗവൺമെന്റിന്റെ കണക്കുകൾ പ്രകാരം കേരളത്തിൽ ജൽജീവൻ മിഷന്റെ കണക്ഷൻ 50 ശതമാനം കവർ ചെയ്തിട്ടുണ്ടെന്നത് വളരെ പ്രധാനപ്പെട്ടൊരു കാര്യമാണ്. ജൽജീവൻ മിഷന്റെ പ്രവർത്തനം തുടങ്ങുമ്പോൾ കേരളത്തിൽ 22 ശതമാനം കണക്ഷൻ മാത്രമേ ഉണ്ടായിരുന്നുള്ളൂ. അത് 50 ശതമാനമായിക്കഴിഞ്ഞിരിക്കുന്നു. കേരളത്തിലെ മുഴുവൻ കുടുംബങ്ങളിലേയ്ക്കും അതായത്, 7085000 കുടുംബങ്ങൾക്കാവശ്യമായ കണക്ഷൻ നൽകുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തീകരിച്ചുകഴിഞ്ഞിരിക്കുന്നു. ഇനി ഒരു പ്രവൃത്തിപോലും ടെണ്ടർ ചെയ്യാനില്ല. ഈ ആഴ്ചയിൽ ഏതാണ്ട് 6000 കണക്ഷനുകൾ പൂർത്തീകരിക്കുന്നതോടുകൂടി 100 ശതമാനം ടെണ്ടർ നടപടി പൂർത്തീകരിച്ചൊരു സംസ്ഥാനമായി കേരളം മാറുകയാണ്. എല്ലാവരും ജാഗ്രത പുലർത്തുന്നതിനാൽ ഈ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(5) തിരൂർ ജില്ലാ ആശുപത്രി കെട്ടിട നിർമ്മാണം

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, തിരൂർ ജില്ലാ ആശുപത്രിയോടനുബന്ധിച്ച് 9 നിലകളിലായി നിർമ്മിച്ച കെട്ടിടത്തിന്റെ ഉദ്ദേശ്യം പൂർത്തീകരിക്കുന്നതിനുവേണ്ടി ഓങ്കോളജി ബ്ലോക്ക് ആരംഭിക്കുന്നതിനാവശ്യമായ ഫണ്ട് കിഫ്ബിയിൽനിന്ന് അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ളതാണ് ഈ സബ്മിഷൻ. 70 കിലോമീറ്റർ നീളമുള്ള തീരപ്രദേശത്തോട് ചേർന്നുനിൽക്കുന്നതും ഏറ്റവും കൂടുതൽ ജനങ്ങൾ അധിവസിക്കുന്നതുമായ മലപ്പുറം ജില്ലയിൽ ഏറ്റവും കൂടുതൽ രോഗികൾ ആശ്രയിക്കുന്ന സർക്കാർ ആശുപത്രിയാണ് തിരൂർ ജില്ലാ ആശുപത്രി. വളരെ പാവപ്പെട്ട രോഗികൾ എത്തിച്ചേരുന്ന ഈ ആശുപത്രിയെ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയായി ഉയർത്തിയെങ്കിലും അതിനാവശ്യമായ സൗകര്യങ്ങളൊന്നും ഏർപ്പെടുത്തിയിട്ടില്ല. മലപ്പുറം ജില്ലയിലെ കാൻസർ രോഗികൾക്ക് ആശ്വാസം നൽകുന്നതിനുവേണ്ടി ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്ത് ഈ ആശുപത്രിയോടനുബന്ധിച്ച് ഓങ്കോളജി ബ്ലോക്ക് ആരംഭിക്കുന്നതിനുവേണ്ടി ഫണ്ട്

അനുവദിച്ചതനുസരിച്ച് നബാർഡിൽ നിന്ന് 52.85 കോടി രൂപ ലഭിക്കുകയും 9 നിലകളുള്ള കെട്ടിടം പൂർത്തീകരിക്കുകയും ചെയ്തു. ഇന്നലെ സഭ അനുസ്മരിച്ച മലയാളക്കരയുടെ മുഴുവൻ ആദരവും ഏറ്റുവാങ്ങിയ ഉമ്മൻ ചാണ്ടി 2016 ഫെബ്രുവരി 26-ന് നേരിട്ട് വന്ന് പ്രസ്തുത സ്ഥാപനത്തിന് തറക്കല്ലിടൽ കർമ്മം നിർവ്വഹിച്ചിരുന്നു. എന്നാൽ  ആശുപത്രി കെട്ടിടം നിർമ്മിച്ചെങ്കിലും ലക്ഷ്യം പൂർത്തീകരിച്ചിട്ടില്ല.   മലപ്പുറം ജില്ലയിലെ 7200-ലേറേ കാൻസർ രോഗികളുടെ ചികിത്സയുടെ ഭാഗമായി റേഡിയേഷൻ കൊടുക്കാനാവശ്യമായ സൗകര്യം ഈ ജില്ലയിലെ സർക്കാർ ആശുപത്രികളിലോ സ്വകാര്യ ആശുപത്രികളിലോ ഇല്ല. ഈ സാഹചര്യത്തിൽ തിരൂർ ജില്ലാ ആശുപത്രിയിൽ ഓങ്കോളജി വിഭാഗം ആരംഭിക്കേണ്ടതിന്റെ അനിവാര്യത ബോദ്ധ്യപ്പെട്ടതുകൊണ്ടാണ് കഴിഞ്ഞ ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്ത് ഇതിന് പണമനുവദിച്ചത്. ഇത് പൂർത്തീകരിക്കുകയാണെങ്കിൽ നൂറ് ബെഡ്ഡുകൾ അനുവദിച്ച് രോഗികൾക്ക് ആശ്വാസം പകരാൻ സാധിക്കുമായിരുന്നു. പശ്ചാത്തലസൗകര്യങ്ങൾ ഏറെയുണ്ടെങ്കിലും ആവശ്യമായ മെഷീനറി ലഭ്യമാകാത്തതാണ് നിലവിലുള്ള പ്രശ്നം.

അതിനായി 50 കോടി രൂപയിലേറെ ആവശ്യമുണ്ട്. 2019 ഡിസംബർ 9-ന് 157.83 കോടി രൂപ കിഫ്ബി അനുവദിച്ചിരുന്നുവെങ്കിലും 52 കോടി രൂപയുടെ നബാർഡ് ഫണ്ട് കിട്ടിയതുകൊണ്ട് തൽക്കാലം പ്രസ്തുത ഫണ്ട് മാറ്റിവയ്ക്കുകയാണുണ്ടായത്. അതുകൊണ്ട് ആ ഫണ്ടിൽനിന്ന് മെഷീനറി വാങ്ങാനുള്ള തുക അനുവദിക്കാൻ ദയവുണ്ടാകണമെന്നാണ് ഈ സന്ദർഭത്തിൽ സൂചിപ്പിക്കാനുള്ളത്. ബഹുമാന്യയായ ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രിയുടെ ചേമ്പറിൽ 2022 മാർച്ച് 16-ന് മലപ്പുറം ജില്ലക്കാരനായ ബഹുമാന്യനായ മന്ത്രി ശ്രീ. വി. അബ്ദുറഹിമാന്റെ സാന്നിദ്ധ്യത്തിൽ യോഗം ചേർന്ന് 9 നിലക്കെട്ടിടത്തിലെ മൂന്നുനില കാൻസർ ചികിത്സയ്ക്കും ബാക്കി ആറ് നില ജനറൽ ആവശ്യത്തിനും ഉപയോഗിക്കാമെന്ന ധാരണയിലെത്തുകയുണ്ടായി. കെട്ടിടം പൂർത്തീകരിക്കാനാവശ്യമായ പണം ജില്ലാ പഞ്ചായത്തിനോട് അനുവദിക്കണമെന്നാവശ്യപ്പെട്ടതനുസരിച്ച് 3 കോടി രൂപ അനുവദിക്കുകയും നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. നബാർഡിന്റെ ടെണ്ടർ സേവിംഗ്സ് തുക തരാമെന്ന് പറഞ്ഞിരുന്നത് ലഭിച്ചിട്ടില്ല. കാൻസർ

ചികിത്സയ്ക്കാവശ്യമായ മെഷീനുകൾ രണ്ടെണ്ണം വീതം ഉണ്ടായിരിക്കണമെന്നതാണ് പൊതുവെയുള്ള വ്യവസ്ഥ. എന്നാൽ സാമ്പത്തിക പ്രതിസന്ധിയുള്ള പുതിയ സാഹചര്യത്തിൽ ഓരോ മെഷീനെങ്കിലും അനുവദിച്ചുകൊണ്ട് ആവശ്യപ്പെട്ട 50 കോടി രൂപയുടെ പകുതിയെങ്കിലും നൽകിയാൽ ഏറ്റവും കൂടുതൽ കാൻസർ രോഗികളുള്ള മലപ്പുറം ജില്ലയിലെ രോഗികൾക്ക് ആശ്വാസം പകരാൻ സാധിക്കും. അതിനാവശ്യമായ നിർദ്ദേശം നൽകണമെന്ന് സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച കിഫ്ബി സംബന്ധിച്ചുള്ള ചോദ്യത്തിനുള്ള മറുപടി പറയാം. ബാക്കി പദ്ധതികൾ ആ സ്കീം അനുസരിച്ച് നടക്കുന്നതാണ്. ആരോഗ്യ മേഖലയ്ക്കുകീഴിൽ മെഡിക്കൽ കോളേജുകൾ, ജില്ലാ ആശുപത്രികൾ, താലൂക്കാശുപത്രികൾ എന്നിവയ്ക്കായി 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ 1050 കോടി രൂപയും 2017-18 ബഡ്ജറ്റ് പ്രസംഗ പ്രകാരം 2400 കോടി രൂപയുമുൾപ്പെടെ 3450 കോടി രൂപ സർക്കാർ

പ്രഖ്യാപിച്ചിരുന്നു. ആരോഗ്യമേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ഫണ്ട് നിക്ഷേപിക്കുന്നതിനുള്ള സർക്കാരിന്റെ മുൻഗണന കണക്കിലെടുത്ത് ആകെ 14728.8 കോടി രൂപയ്ക്ക് സർക്കാർ ഭരണാനുമതി നൽകുകയും അതിന്റെയടിസ്ഥാനത്തിൽ കിഫ്ബി ഇതിനോടകം 5761 കോടി രൂപയുടെ 73 പദ്ധതികൾക്ക് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. ഇത് ബഡ്ജറ്റ് പ്രസംഗങ്ങളിൽ സർക്കാർ പ്രഖ്യാപിച്ച മൊത്തം വിഹിതത്തേക്കാൾ കൂടുതലാണ്. കൂടാതെ, 726 കോടി രൂപയുടെ 12 പദ്ധതികൾ കിഫ്ബിയിൽ അപ്രൈസലിന്റെ വിവിധ ഘട്ടങ്ങളിലാണ്. നിലവിൽ 80,998.61 കോടിയിൽപ്പരം രൂപയുടെ 1057 പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. സർക്കാരിൽനിന്നും നിയമപ്രകാരം ലഭിക്കുന്ന ആന്വിറ്റി വിഹിതത്തിനുപുറമേ ധനവിപണിയിൽ നിന്നും വിവിധ മാർഗ്ഗങ്ങളിലൂടെ ധനസമാഹരണം നടത്തിയുമാണ് കിഫ്ബി അതിന്റെ പദ്ധതി പ്രവർത്തനങ്ങൾ നടത്തിവരുന്നത്. ഉചിതമായ രീതിയിൽ വിവേകപൂർണ്ണമായ ധനസമാഹരണം നടത്തുന്നതിന് കിഫ്ബിയെ സഹായിക്കുന്നത് അതിന്റെ അസറ്റ്-ലയബിലിറ്റി മാനേജ്മെന്റ്

സംവിധാനമാണ്. ഈ സംവിധാനത്തിന്റെ കണക്കുകൂട്ടലനുസരിച്ച് കിഫ്ബിക്ക് ലഭിച്ചുവരുന്ന ആന്വിറ്റികൊണ്ട് തിരിച്ചടയ്ക്കാവുന്ന തുകയ്ക്കുള്ള പദ്ധതികൾക്കാണ് നിലവിൽ അംഗീകാരം നൽകിയിട്ടുള്ളത്. കൂടാതെ സംസ്ഥാനത്തിന് അത്യന്തം പ്രാധാന്യമുള്ള പദ്ധതികൾ മാത്രം ഇനി കിഫ്ബിയിലേയ്ക്ക് നിർദ്ദേശിച്ചാൽ മതിയാകുമെന്ന് കിഫ്ബിയുടെ ഫണ്ട് ട്രസ്റ്റി ആന്റ് അഡ്വൈസറി കമ്മീഷൻ സർക്കാരിനെ മുൻപേതന്നെ അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ പദ്ധതിയുടെ പ്രാധാന്യവും മറ്റ് ഘടകങ്ങളും വിലയിരുത്തി സസൂക്ഷ്മം തെരഞ്ഞെടുക്കുന്ന പദ്ധതികൾ മാത്രം കിഫ്ബിയിലേയ്ക്ക് നിർദ്ദേശിക്കാനാണ് ഇപ്പോൾ തീരുമാനിച്ചിരിക്കുന്നത്. അതുകൊണ്ടുതന്നെ നിലവിൽ ഇത്രയും പദ്ധതികൾ നൽകിയിരിക്കുന്ന സാഹചര്യത്തിൽ പുതിയ പദ്ധതികൾ ഏറ്റെടുക്കുന്നത് ഇപ്പോൾ പരിഗണിക്കാൻ നിർവ്വാഹമില്ലെന്നാണ് പറയാനുള്ളത്. കൂടുതൽ പദ്ധതികൾ കിഫ്ബി ധനസഹായത്തോടെ അനുവദിക്കുന്ന സാഹചര്യമുണ്ടാകുന്നമുറയ്ക്ക് ഇക്കാര്യം പരിഗണിക്കാവുന്നതാണ്.

(6) <u>മുതലപ്പൊഴി മത്സ്യബന്ധന തുറമുഖം അപകടവിമുക്തമാക്കൽ</u>

<u>ശ്രീ. വി. ശശി</u>: സർ, മത്സ്യത്തൊഴിലാളികൾ നടത്തിയ നിരവധി സമരങ്ങളുടെയും കാത്തിരിപ്പിന്റെയും ഫലമായിട്ടാണ് 23 വർഷങ്ങൾക്കുമുമ്പ് മുതലപ്പൊഴിയിൽ ഒരു മത്സ്യബന്ധനതുറമുഖ നിർമ്മാണത്തിന് 13.66 കോടി രൂപയുടെ ഭരണാനുമതി ലഭിക്കുന്നത്. ചെന്നൈ ഐ.ഐ.ടി.-യുടെ സാങ്കേതിക സഹായത്തോടെ 2011-ൽ ഇതിന്റെ നിർമ്മാണം പൂർത്തിയാക്കി. എന്നാൽ പുലിമുട്ടുകളുടെ നിർമ്മാണത്തിലെ അശാസ്ത്രീയത കാരണം അപകടമരണങ്ങളുണ്ടായതിനെത്തുടർന്ന് 2012-ൽ സെൻട്രൽ വാട്ടർ ആൻഡ് പവർ റിസർച്ച് സ്റ്റേഷന്റെ (CWPRS) സാങ്കേതിക സഹായത്തോടുകൂടി രാഷ്ട്രീയ കൃഷി വികാസ് യോജന പ്രകാരം 31 കോടി രൂപ ചെലവഴിച്ച് ശാസ്ത്രീയമായി പുലിമുട്ടുകൾ പുനർനിർമ്മിച്ചു. എന്നാലതിനുശേഷവും അപകടങ്ങളും മരണങ്ങളും കുറയുന്നില്ലെന്നത് ഗൗരവമായി കാണേണ്ടതാണ്. 2011 മുതൽ ഇതിനകം ആകെ 66 പേർ മരണപ്പെട്ടുവെന്നാണ് കണക്ക്. അഴിമുഖത്ത് മാത്രം അപകടത്തിൽപ്പെട്ട് മരണമടഞ്ഞത് 25 പേരാണ്. ഗുരുതരമായ ഈ സ്ഥിതിവിശേഷത്തിന് ശാശ്വത പരിഹാരം കാണാൻ

ഗവൺമെന്റ് ആത്മാർത്ഥമായി ശ്രമിക്കുന്നുണ്ടെന്ന കാര്യത്തിൽ സംശയമില്ല. ഇക്കാര്യത്തിൽ മത്സ്യത്തൊഴിലാളികളും ഏറെ പ്രതീക്ഷയോടെയാണ് സർക്കാർ ഇപ്പോൾ പ്രഖ്യാപിച്ച പ്രവർത്തനങ്ങളെ നോക്കിക്കാണുന്നത്. മത്സ്യബന്ധനയാനങ്ങൾ അപകടത്തിൽപ്പെടുന്നതിനുള്ള സാഹചര്യങ്ങൾ പഠിച്ച് അവ തടയുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കാൻ കഴിഞ്ഞ വർഷം CWPRS-നെ വീണ്ടും സമീപിക്കുകയും അതിന്റെ ഉത്തരവാദിത്വം അവരെ ഏൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. അവർ പഠനം നടത്തി ജൂൺ മാസത്തിൽ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്. പ്രസ്തുത റിപ്പോർട്ട് ഉടൻതന്നെ സമർപ്പിക്കുമെന്നാണ് മനസ്സിലാക്കുന്നത്. മുതലപ്പൊഴി ഹാർബറിന്റെ തെക്കുഭാഗത്തുള്ള പുലിമുട്ടിന്റെ തെക്കുഭാഗത്ത് വന്നടിയുന്ന മണൽ അഗ്രഭാഗവും കടന്ന് ചാനലിൽ പ്രവേശിക്കുകയും ചാനലിന്റെ ആഴം കുറയുകയും ചെയ്യുന്ന പ്രതിഭാസമാണ് അപകടങ്ങൾക്ക് പ്രധാന കാരണം. ഉദ്ദേശം 1.50 ലക്ഷം ക്യൂബിക് മീറ്റർ മണൽ വർഷംതോറും ഇങ്ങനെ വന്നടിയുന്നുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്. തെക്കുഭാഗത്ത് വന്നടിയുന്ന ഈ മണ്ണ് തീരശോഷണം സംഭവിക്കുന്ന വടക്കുഭാഗത്തേയ്ക്ക് പമ്പ്

ചെയ്തുമാറ്റുന്നതിനുള്ള ഒരു സ്ഥിരസംവിധാനം (സാൻഡ് ബൈപാസിംഗ് സിസ്റ്റം) ഉണ്ടാകണമെന്ന നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ട്. ഈ വിഷയംകൂടി CWPRS മുഖേന പഠനവിധേയമാക്കി നടപ്പാക്കണമെന്നാണ് സബ്മിഷനിലൂടെ ഉന്നയിക്കുന്നത്.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതനുസരിച്ചുപ്രകാരം ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു): സർ, മുതലപ്പൊഴിയെ ആശ്രയിച്ച് ജീവിക്കുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികൾ അഭിമുഖീകരിക്കുന്ന ഗൗരവമായ പ്രശ്നമാണ് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത്. മുതലപ്പൊഴി മത്സ്യബന്ധന തുറമുഖ പ്രദേശത്ത് അടിക്കടി അപകടമുണ്ടാകുന്നതിനെത്തുടർന്ന് 22-10-2022-ലെ ഉത്തരവുപ്രകാരം ഈ വിഷയം പഠിച്ച് പരിഹാര നടപടികൾ നിർദ്ദേശിക്കുന്നതിന് പൂനെ ആസ്ഥാനമായ CWPRS-നെ ചുമതലപ്പെടുത്തുകയും പഠനം നടത്തുന്നതിനായി ഇതിനകം 37.454 ലക്ഷം രൂപ നൽകുകയും ചെയ്തിട്ടുണ്ട്. 2023 ഡിസംബർ മാസത്തിൽത്തന്നെ CWPRS-ൽ നിന്നും അന്തിമ റിപ്പോർട്ട് ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ഇതിനുമുന്നോടിയായി ഡാറ്റ ശേഖരണം വിലയിരുത്തുന്നതിന് 12-08-2023-ന് CWPRS വിദഗ്ദ്ധർ മുതലപ്പൊഴി നേരിട്ട് സന്ദർശിക്കുന്നതാണ്. കാലവർഷത്തിന് തൊട്ടുമുമ്പ് മുതലപ്പൊഴി ഭാഗത്ത് മണ്ണടിയുന്നതാണ് അഴിമുഖത്ത് അപകടങ്ങളുണ്ടാകുന്നതിനുള്ള പ്രധാന കാരണം. കഴിഞ്ഞ ഒരു വർഷമായി അഴിമുഖത്തും ചാനലിലും അദാനി പോർട്ട്സ്, എം.ഒ.യു. പ്രകാരം ചെയ്യേണ്ട ഡ്രെഡ്ജിംഗ് നടത്തിയിട്ടില്ല. 05-07-2023-ന് ബഹുമാന്യരായ മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രിയുടെയും തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പുമന്ത്രിയുടെയും സാന്നിദ്ധ്യത്തിൽ കൂടിയ യോഗത്തിൽ അടിയന്തരമായി ഡ്രെഡ്ജിംഗ് നടത്തുന്നതിനും ചാനൽ മാർക്ക് ചെയ്യുന്നതിനും റിമോട്ട് കൺട്രോളിംഗ് ബോയ് സ്ഥാപിക്കുന്നതിനും അദാനി പോർട്ട്സിന് കർശന നിർദ്ദേശം നൽകുകയുണ്ടായി. പ്രവൃത്തികൾ നടത്തിയില്ലെങ്കിൽ ശക്തമായ നിയമ നടപടികൾ സ്വീകരിക്കാനും അന്നത്തെ യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. തുടർന്ന് 31-07-2023-ന് മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്ത് അടിക്കടിയുണ്ടാകുന്ന അപകടങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിന് ബഹുമാന്യരായ

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി, മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി, ഗതാഗത വകുപ്പുമന്ത്രി, വർക്കല നിയോജകമണ്ഡലം എം.എൽ.എ. എന്നിവരുടെ സാന്നിദ്ധ്യത്തിൽ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, മത്സ്യത്തൊഴിലാളി സംഘടനാ പ്രതിനിധികൾ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവരുമായി ചേർന്ന് സുപ്രധാനമായ തീരുമാനങ്ങൾ കൈക്കൊള്ളുകയും ചില പ്രവർത്തനങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

**12.00 p.m]**

02-08-2023 മുതൽ അഴിമുഖത്തും ചാനലിലും ചിതറിക്കിടക്കുന്ന കല്ലുകൾ ലോംഗ് ബൂം എക്സ്കവേറ്ററുപയോഗിച്ച് നീക്കം ചെയ്ത് തുടങ്ങിയിട്ടുണ്ട്. കല്ലുകൾ നീക്കിയതിനുശേഷം മണ്ണ് നീക്കം ചെയ്യാനുള്ള പ്രവർത്തനങ്ങളും ആരംഭിക്കുന്നതാണ്. പ്രതികൂല കാലാവസ്ഥ മാറിയാൽ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ സൈറ്റിൽനിന്നും ഡ്രെഡ്ജർ കൊണ്ടുവന്ന് ഡ്രെഡ്ജിംഗ് നടത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഹാർബറിൽ സ്ഥിരമായി ആംബുലൻസ് സേവനം ലഭ്യമാക്കുകയും പ്രതികൂല കാലാവസ്ഥയിലും രക്ഷാപ്രവർത്തനം

സാധ്യമാക്കുന്നതിന് റിമോട്ട് കൺട്രോളിംഗ് ബോയ് വാങ്ങുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. രക്ഷാപ്രവർത്തനം സുഗമമാക്കുന്നതിന് പ്രധാന റോഡിൽനിന്നും വടക്കേ പുലിമുട്ടിലേയ്ക്കുള്ള അപ്രോച്ച് റോഡ് നവീകരിക്കുന്നതിന് 57.20 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിക്കഴിഞ്ഞു. ഹാർബറിന്റെ തെക്കേ പുലിമുട്ടിന്റെ തെക്കുഭാഗത്ത് അടിഞ്ഞുകൂടുന്ന മണ്ണ് വടക്കേ പുലിമുട്ടിന്റെ വടക്കുഭാഗത്തേയ്ക്ക് യന്ത്രസാമഗ്രികളുടെ സഹായത്തോടെ നിക്ഷേപിക്കുന്നതിന് സ്ഥിരമായ സാൻഡ് ബൈപാസിംഗ് സിസ്റ്റം സ്ഥാപിക്കുന്നതിന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് സമർപ്പിച്ച 11 കോടി രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. അടിയന്തര നടപടിയെന്ന നിലയിൽ ഹാർബറിന്റെ തെക്കേ പുലിമുട്ടിന്റെ തെക്കുഭാഗത്ത് അടിഞ്ഞുകിടക്കുന്ന മണ്ണ് ലോറിയിൽ നിറച്ച് വടക്കേ പുലിമുട്ടിന്റെ വടക്കുഭാഗത്ത് നിക്ഷേപിക്കുന്നതിന് ഒരു കോടി രൂപയുടെ ഭരണാനുമതി ഇതിനോടകം നൽകിയിട്ടുണ്ട്. ഹാർബറിൽ അടിയന്തരമായി ആറ് ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് കേരള ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡിന് സപ്ലൈ

ഓർഡർ നൽകിക്കഴിഞ്ഞു. ഹാർബറിലെ രക്ഷാപ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് മൂന്ന് യാനങ്ങളെയും മൂന്ന് ഷിഫ്റ്റുകളിലായി ആകെ പരിശീലനം നേടിയ 30 ലൈഫ്ഗാർഡുകളെയും നിയോഗിച്ചിട്ടുണ്ട്. ഇതുകൂടാതെ മത്സ്യത്തൊഴിലാളി സംഘടനകളുടെയും അവിടെയുള്ള ജനപ്രതിനിധികളുടെയും അഭിപ്രായം മാനിച്ചുകൊണ്ട് മത്സ്യബന്ധന തുറമുഖം അടച്ചിടണമെന്ന നിർദ്ദേശം സർക്കാർ മാറ്റിവയ്ക്കുകയും അടച്ചിടേണ്ടെന്ന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. സാധ്യമായ എല്ലാ നടപടികളും സ്വീകരിച്ചുവരികയാണ്. 2011 മുതലാണ് ഇവിടെ അപകടങ്ങൾ ആരംഭിച്ചത്. ഇപ്പോൾ വളരെ ഗൗരവമായി ഈ വിഷയങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരികയാണ്.

(7) വൈപ്പിൻകരയിലെ കടലാക്രമണവും വേലിയേറ്റവും

ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: സർ, കേരളത്തിന്റെ രാഷ്ട്രീയ-സാമൂഹിക-സാംസ്കാരിക മണ്ഡലങ്ങളിൽ പ്രത്യേകം അടയാളപ്പെടുത്തിയിട്ടുള്ള ഒരു പ്രദേശമാണ് വൈപ്പിൻ. ഏഷ്യയിലെ ഏറ്റവും ജനസാന്ദ്രതയേറിയ ദ്വീപായ വൈപ്പിൻകരയിലെ ജനങ്ങൾ

കടലാക്രമണത്താലും കാലാവസ്ഥാ വ്യതിയാനംമൂലമുള്ള വേലിയേറ്റത്താലും അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ വർഷംതോറും വർദ്ധിച്ചുവരികയാണ്. ഇരുപത്തിയഞ്ച് കിലോമീറ്റർ നീളവും മൂന്നര കിലോമീറ്റർ വീതിയും എട്ട് പഞ്ചായത്തുകളുമുൾപ്പെടുന്ന ഒരു നിയോജകമണ്ഡലമാണിത്. വൈപ്പിൻ മുതൽ മുനമ്പം വരെയുള്ള ആറ് പഞ്ചായത്തുകളിലെ തീരങ്ങളിലെ കടൽഭിത്തികൾ സുനാമി, ഓഖി, ടൗട്ടേ തുടങ്ങിയ പ്രകൃതി ദുരന്തങ്ങൾക്കുശേഷം തകർന്നടിഞ്ഞിരിക്കുകയാണ്. തീരദേശവാസികളെ കടലാക്രമണത്തിൽനിന്നും സംരക്ഷിക്കുന്നതിനായി ബഹുമാന്യനായ മുഖ്യമന്ത്രി അദ്ധ്യക്ഷനായ 'ജിഡ' (ഗോശ്രീ ഐലൻഡ്സ് ഡെവലപ്മെന്റ് അതോറിറ്റി)-യുടെ സഹായത്തോടെ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ, ഐ.ഐ.ടി. (ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി), ചെന്നൈയുടെ സഹകരണത്തോടെ വൈപ്പിൻ മുതൽ മുനമ്പം വരെയുള്ള തീരസംരക്ഷണത്തിനായി പഠനം നടത്തി 230 കോടി രൂപയുടെ വിശദമായ പദ്ധതി റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇത് ഫയൽ നം.ബി2/108/2023 പ്രകാരം മത്സ്യബന്ധന വകുപ്പിന്റെ

പരിഗണനയിലാണ്. വൈപ്പിൻകരയുടെ നിലനിൽപ്പിനുതന്നെ ഭീഷണിയാകുന്ന തരത്തിൽ കാലാവസ്ഥാ വ്യതിയാനംമൂലമുള്ള കടലാക്രമണവും വേലിയേറ്റവും മുമ്പെങ്ങുമില്ലാത്ത രീതിയിൽ രൂക്ഷമാകുമ്പോഴും സർക്കാർ പ്രഖ്യാപിച്ച ഹോട്ട്സ്പോട്ടുകളിൽ ദ്വീപ് മണ്ഡലമായ വൈപ്പിൻകര വിട്ടുപോയത് നിർഭാഗ്യകരമാണ്. വൈപ്പിൻകരയ്ക്കും അവിടുത്തെ ജനതയ്ക്കും ഭീഷണിയാകുന്ന തരത്തിൽ കടലാക്രമണവും വേലിയേറ്റവും രൂക്ഷമാകുന്ന സാഹചര്യം കണക്കിലെടുത്ത് ഐ.ഐ.ടി. നടത്തിയിട്ടുള്ള പഠന റിപ്പോർട്ട് പ്രകാരമുള്ള 230 കോടി രൂപയുടെ പദ്ധതി നടപ്പാക്കുന്നതിനായി ഇതുസംബന്ധിച്ച് മത്സ്യബന്ധന വകുപ്പിലെ മേൽ പരാമർശിച്ച ഫയലിൽ തുക അനുവദിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് പ്രത്യേകം അഭ്യർത്ഥിക്കുകയാണ്.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു): സർ, രൂക്ഷമായ കടലാക്രമണം നേരിടുന്ന വൈപ്പിൻ അഴിമുഖം മുതൽ മുനമ്പം വരെയുള്ള പ്രദേശത്തെ തീരം സംരക്ഷിക്കുന്നത് സംബന്ധിച്ച്

ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ എം.എൽ.എ. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പൊതുജന പരാതി പരിഹാര സംവിധാനം മുഖേന സമർപ്പിച്ച നിവേദനം സർക്കാരിന്റെ പരിഗണനയിലാണ്. ഗോശ്രീ ഐലൻഡ്സ് ഡെവലപ്മെന്റ് അതോറിറ്റിയുടെ ആവശ്യപ്രകാരം കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനും ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ചെന്നൈയും സംയുക്തമായി വൈപ്പിൻ അഴിമുഖം മുതൽ മുനമ്പം വരെയുള്ള 25 കിലോമീറ്റർ പ്രദേശത്തിന്റെ സമഗ്ര പഠനം നടത്തി മാതൃകാപഠന റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. നിരന്തരം കടലാക്രമണം നേരിടുന്ന ഈ പ്രദേശത്ത് നിലവിലുള്ള മത്സ്യബന്ധനം, ടൂറിസം തുടങ്ങിയ ഘടകങ്ങൾകൂടി പരിഗണിച്ചാണ് മാതൃകാപഠനവും പദ്ധതിയും തയ്യാറാക്കിയത്. മാതൃകാപഠന റിപ്പോർട്ട് ഗോശ്രീ ഐലൻഡ്സ് ഡെവലപ്മെന്റ് അതോറിറ്റി മറ്റ് ലൈൻ ഡിപ്പാർട്ടുമെന്റുകളായ ഹാർബർ എഞ്ചിനീയറിംഗ്, പൊതുമരാമത്ത്, ജലസേചനം, ടൂറിസം എന്നീ വകുപ്പുകളുടെയും ജനപ്രതിനിധികളുടെയും സംയുക്തയോഗത്തിൽ അവതരിപ്പിച്ച് ചർച്ച സംഘടിപ്പിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ റിപ്പോർട്ട് പരിഷ്കരിച്ച്

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനും ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, ചെന്നൈയും സംയുക്തമായി തയ്യാറാക്കിയ 230 കോടി രൂപയുടെ വിശദമായ പദ്ധതി റിപ്പോർട്ട് 27-05-2023-ന് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ സമർപ്പിച്ചിട്ടുണ്ട്. പദ്ധതിയുടെ വിശദമായ രൂപരേഖ ഗോശ്രീ ഐലൻഡ്സ് ഡെവലപ്മെന്റ് അതോറിറ്റിക്ക് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ 03-07-2023-ന് സമർപ്പിച്ചിട്ടുണ്ട്. പദ്ധതിക്കാവശ്യമായ തുക കണ്ടെത്തുന്നത് സംബന്ധിച്ചും മറ്റ് വിഷയങ്ങളിലും ഗോശ്രീ ഐലൻഡ്സ് ഡെവലപ്മെന്റ് അതോറിറ്റി, കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ, ജലസേചന വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്, വിനോദസഞ്ചാര വകുപ്പ് എന്നിവിടങ്ങളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി തുടർനടപടികൾ ഉടൻ കൈക്കൊള്ളുന്നതാണ്.

## (8) മമ്പാട്-പൂവത്തിങ്കലട്ടി റോഡ് ബി.എം. & ബി.സി. നിലവാരത്തിലേയ്ക്ക് ഉയർത്തൽ

ശ്രീ. കെ. ഡി. പ്രസേനൻ: സർ, കേരളത്തിന്റെ മുഖച്ഛായ മാറ്റിക്കൊണ്ടാണ് പൊതുമരാമത്ത് വകുപ്പിന്റെ ശ്ലാഘനീയമായ പ്രവർത്തനങ്ങൾ മുന്നോട്ടുപോകുന്നത്. ഗ്രാമീണ മേഖലകളിലൂൾപ്പെടെ അത്യാധുനിക റോഡുകളും പാലങ്ങളും അതിവേഗത്തിലാണ് ഈ സർക്കാരിന്റെ നേതൃത്വത്തിൽ പൊതുമരാമത്ത് വകുപ്പ് സാധ്യമാക്കുന്നത്. പൊതുവായ ഈ മുന്നേറ്റത്തിന് കളങ്കമായി ചില റോഡുകൾ അതീവ ശോചനീയാവസ്ഥയിൽ വർഷങ്ങളായി തുടരുകയാണ്. അതിലൊന്നാണ് ആലത്തൂർ മണ്ഡലത്തിലെ മമ്പാട്-പൂവത്തിങ്കലട്ടി റോഡ്. കേരളത്തിലെ ഏറ്റവും വലിയ പഞ്ചായത്തുകളിലൊന്നായ കിഴക്കഞ്ചേരിയിലെ ജനങ്ങൾ ഏറ്റവും കൂടുതൽ ആശ്രയിക്കുന്ന പ്രധാനപ്പെട്ട ഈ റോഡ് നിരവധി വർഷങ്ങളായി തകർന്നുകിടക്കുകയാണ്. കഴിഞ്ഞ പ്രളയത്തിന് മുൻപ് എസ്റ്റിമേറ്റ് തയ്യാറാക്കി അവിടെ അറ്റകുറ്റപ്പണിക്കായി ടെൻഡർ ചെയ്തിരുന്നുവെങ്കിലും നടപടികളിലേയ്ക്ക് കടന്നത് പ്രളയത്തിനുശേഷമാണ്.

പക്ഷേ അഞ്ചാറു തവണകളായി ടെൻഡർ നടപടികൾ നടത്തിയിട്ടും റോഡിന്റെ നിർമ്മാണം ഏറ്റെടുക്കാൻ കരാറുകാരാരും മുന്നോട്ടുവന്നില്ല. ഏറ്റവും അടിയന്തരമായി റോഡ് പുനർനിർമ്മിക്കേണ്ടതുണ്ട്. ഈ റോഡ് നവീകരണത്തിന് കഴിഞ്ഞ ബഡ്ജറ്റിൽ ഫണ്ട് അനുവദിക്കുന്നതിനായി 16 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി വകുപ്പ് സമർപ്പിച്ചെങ്കിലും തുക അനുവദിച്ചില്ല. 16 കോടിയിലധികം രൂപ ചെലവ് വരുന്ന പ്രോജക്ടാണിത്. പൂർണ്ണമായി തുക ഇപ്പോൾ അനുവദിക്കാൻ കഴിയില്ലെന്നാണ് ബന്ധപ്പെട്ട കേന്ദ്രങ്ങളിൽനിന്ന് അറിയാൻ സാധിച്ചത്. ആദ്യത്തെ റീച്ച് ബി.എം.&ബി.സി. നിലവാരത്തിൽ നവീകരിക്കുന്നതിനുവേണ്ടി 5 കോടി രൂപയെങ്കിലും അനുവദിക്കണമെന്ന് നിരവധി തവണ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇത് അടിയന്തര പ്രാധാന്യത്തോടെ അംഗീകരിക്കാൻ മുന്നോട്ടുവരണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ആലത്തൂർ നിയോജകമണ്ഡലത്തിലെ കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്തിലൂടെ കടന്നുപോകുന്ന മമ്പാട്-പൂവത്തിങ്കലട്ടി റോഡിന്റെ

പുനർനിർമ്മാണം സംബന്ധിച്ചാണ് ശ്രീ. കെ. ഡി. പ്രസേനൻ സബ്മിഷൻ ഉന്നയിച്ചിട്ടുള്ളത്. കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ ഫെബ്രുവരി മാസം 9-ന് ഇതുസംബന്ധിച്ച സബ്മിഷൻ ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചിരുന്നു. ഈ പ്രവൃത്തി ഏതെങ്കിലും പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കാമെന്നായിരുന്നു അന്ന് നൽകിയ മറുപടി. പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയ ഫ്ലഡ് ഡാമേജ് റോഡുകളുടെ പട്ടികയിൽ ഈ റോഡ് ഉൾപ്പെടുത്തിയ വിവരം സഭയെ അറിയിക്കാൻ ആഗ്രഹിക്കുകയാണ്. ആദ്യത്തെ അഞ്ചര കിലോമീറ്റർ റോഡ് പുതുക്കിപ്പണിയുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ആ പദ്ധതി ഇപ്പോൾ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്; അക്കാര്യം ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രിയുമായി സംസാരിക്കുകയും പദ്ധതിക്ക് അംഗീകാരം നൽകണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. ധനകാര്യ വകുപ്പിന്റെ തീരുമാനമുണ്ടാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതും റോഡിന്റെ ശേഷിക്കുന്ന ഭാഗം നവീകരിക്കുന്നതിന് മറ്റേതെങ്കിലും പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിയുമോയെന്ന കാര്യം പരിശോധിക്കുന്നതുമാണ്.

ബഹുമാന്യനായ എം.എൽ.എ. കേരളത്തിന്റെ പൊതുമരാമത്ത് വകുപ്പിന്റെ റോഡുകളെക്കുറിച്ച് സൂചിപ്പിച്ചിട്ടുണ്ട്. ഈ മഴക്കാലത്തും റോഡ് പരിപാലനം വലിയ നിലയിൽ ചർച്ച ചെയ്ത പ്രശ്നമാണ്. റണ്ണിംഗ് കോൺട്രാക്ട് സംവിധാനം ഇന്ത്യയിൽ ആദ്യമായി നമ്മുടെ സംസ്ഥാനത്ത് നടപ്പാക്കിയതിന്റെ ഗുണം റോഡുകളുടെ പരിപാലനത്തിൽ കാണാൻ സാധിക്കുന്നുണ്ട്. റണ്ണിംഗ് കോൺട്രാക്ടിനോടും ഓരോ കോൺസ്റ്റിറ്റ്യൂവൻസിയിലും മോണിറ്ററിംഗ് ടീം എന്നുള്ള 140 സി.എം.ടി.-യോടും സഹകരിച്ച എല്ലാ എം.എൽ.എ.-മാരെയും പ്രത്യേകം അഭിനന്ദിക്കാനും നന്ദി അറിയിക്കാനും ഈ അവസരം ഉപയോഗപ്പെടുത്താൻ ആഗ്രഹിക്കുകയാണ്.

(9) <u>തോലന്നൂർ ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജിന് കെട്ടിടം</u>

<u>ശ്രീ. പി. പി. സുമോദ്:</u> സർ, തോലന്നൂർ ഗവൺമെന്റ് കോളേജിന് സ്വന്തമായി കെട്ടിടം അനുവദിക്കണമെന്ന ആവശ്യമാണ് സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. ഒന്നാം പിണറായി വിജയൻ സർക്കാരിന്റെ കാലത്ത്, 2019-20 വർഷത്തെ ബഡ്ജറ്റിൽ 20 ശതമാനം ടോക്കൺ പ്രൊവിഷനിൽ

ഉൾപ്പെടുത്തി അനുവദിച്ച എന്റെ നിയോജകമണ്ഡലത്തിലെ കുത്തന്നൂർ ഗ്രാമപഞ്ചായത്തിലെ തോലന്നൂർ ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജ് നിലവിൽ പ്രവർത്തിക്കുന്നത് തോലന്നൂർ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ കെട്ടിടത്തിലാണ്. ഡിഗ്രി, പി.ജി. കോഴ്സുകൾ പഠിക്കുന്ന ഇവിടത്തെ വിദ്യാർത്ഥികൾ സ്ഥലപരിമിതിയും ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തതയും കാരണം ഏറെ പ്രയാസപ്പെടുന്ന സാഹചര്യമാണുള്ളത്. 13 ഏക്കർ ഭൂമി അളന്നുതിട്ടപ്പെടുത്തി റവന്യൂ നടപടികളെല്ലാം പൂർത്തീകരിച്ച് ഉന്നത വിദ്യാഭ്യാസ വകുപ്പിന് കൈമാറിയ സ്ഥലത്ത് 6 ഏക്കർ സ്ഥലം കെട്ടിടം നിർമ്മിക്കാൻ അനുയോജ്യമാണെന്ന് ജിയോളജി, പി.ഡബ്ല്യൂ.ഡി. വകുപ്പുകൾ വ്യക്തമാക്കിയിട്ടുള്ളതാണ്. അടിയന്തരമായി കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ച് സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയോട് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, തരൂർ നിയോജകമണ്ഡലത്തിലെ തോലന്നൂർ ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജിന്റെ നിർമ്മാണത്തിന് 2019-20-ലെ ബഡ്ജറ്റിൽ തുക അനുവദിച്ചിരുന്നു. അതനുസരിച്ച് റവന്യൂ വകുപ്പ് കൈമാറിയ ഭൂമിയിൽ ടോട്ടൽ സ്റ്റേഷൻ സർവ്വേയും സോയിൽ ഇൻവെസ്റ്റിഗേഷനും നടത്താനുള്ള ഭരണാനുമതി ലഭിച്ചു. എന്നാൽ സ്ഥലം കെട്ടിട നിർമ്മാണത്തിന് അനുയോജ്യമാണോയെന്ന സംശയവും ഭൂമിയുമായി ബന്ധപ്പെട്ട് മറ്റ് ചില വിഷയങ്ങളും ഉയർന്നുവന്നിരുന്നു. ബഹുമാന്യനായ എം.എൽ.എ.-യുടെ നേതൃത്വത്തിൽ ഇവ പരിഹരിച്ചതോടെ പൊതുമരാമത്ത് ചീഫ് ആർക്കിടെക്ട് വിഭാഗം കെട്ടിട നിർമ്മാണത്തിനുള്ള ഡ്രോയിംഗ് തയ്യാറാക്കിയിട്ടുണ്ട്. മണ്ണ് പരിശോധനാ നടപടികളും പൂർത്തിയാക്കി. ഡിസൈൻ തയ്യാറാക്കി ഭരണാനുമതിക്കായി എസ്റ്റിമേറ്റ് തയ്യാറാക്കുകയാണ് വേണ്ടത്. ഈ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന് പ്രത്യേക നിർദ്ദേശം നൽകിയിട്ടുണ്ട്. എന്തെങ്കിലും തരത്തിലുള്ള തടസ്സങ്ങളുണ്ടെങ്കിൽ ബഹുമാന്യനായ

എം.എൽ.എ. അത് ശ്രദ്ധയിൽപ്പെടുത്തണം. പ്രശ്നങ്ങൾ അപ്പപ്പോൾ പരിഹരിച്ച് മുന്നോട്ടുപോകാവുന്നതാണ്. സർക്കാർ കെട്ടിട നിർമ്മാണം വേഗത്തിലാക്കുന്നതുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പ് ഇപ്പോൾ പ്രത്യേക സംവിധാനം ഒരുക്കിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പുസെക്രട്ടറി തലത്തിൽ പ്രത്യേക അവലോകന യോഗം ചേർന്നിരുന്നു. വിദ്യാഭ്യാസം, ജയിൽ, കോടതി തുടങ്ങിയ വകുപ്പുകളിലെ കെട്ടിട നിർമ്മാണ പുരോഗതി വിലയിരുത്തുന്നുണ്ട്. ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ട മെഡിക്കൽ കോളേജുകൾ, ജില്ലാ ആശുപത്രികൾ എന്നിവയുടെ നിർമ്മാണം കൃത്യമായ പിരീഡ് നിശ്ചയിച്ച് റിവ്യൂ നടത്തുകയും അതിന് വലിയ റിസൾട്ടുണ്ടാകുന്നുണ്ടെന്നത് ആരോഗ്യ മേഖലയിലുള്ളവർ വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. ഭരണാനുമതി ലഭിച്ച പദ്ധതികളിലെ സാങ്കേതികാനുമതി യഥാസമയം നൽകി പ്രവൃത്തി ആരംഭിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. എ.എസ്. ലഭിച്ചാലും ടി.എസ്. ലഭിക്കുന്നതിന് വർഷങ്ങൾ എടുക്കുന്ന പ്രശ്നം സംസ്ഥാനത്തുണ്ടായിരുന്നു. അത് പരിഹരിക്കാൻ സാധിച്ചിട്ടുണ്ടെന്നുള്ളത് സഭയെ അറിയിക്കാൻ ആഗ്രഹിക്കുകയാണ്. ഗണ്യമായ പുരോഗതി

ഇതുമായി ബന്ധപ്പെട്ടുണ്ടാക്കിയിട്ടുണ്ട്. എല്ലാവരും സഹകരിച്ചതിന്റെ ഭാഗമായി റിസൾട്ടുണ്ടായിട്ടുണ്ട്. ഇനിയും നമുക്ക് നല്ല നിലയിൽ മുന്നോട്ടുപോകണം. അക്കാര്യത്തിൽ ആവശ്യമായ ഇടപെടലുകൾ നടത്താം. ഈ പ്രത്യേക വിഷയം ആ നിലയിൽ പരിഹരിക്കുന്നതിന് ഇടപെടുന്നതാണ്.

(10) <u>റേഷൻകടകളിലെ ഇ-പോസ് മെഷീനുകളുടെ തകരാർ</u>

<u>ശ്രീ. എ. പി. അനിൽ കുമാർ:</u> സർ, പൊതുവിതരണരംഗത്ത് റേഷൻ കടകളുടെ പങ്ക് ഏറ്റവും പ്രധാനപ്പെട്ടതാണ്. സാധാരണക്കാർക്ക് അവശ്യസാധനങ്ങൾ കിട്ടുന്നത് റേഷൻ കടകൾ വഴിയാണ്. അതൊക്കെ കുറെയേറെ പരിമിതപ്പെട്ടുവരുന്ന സ്ഥിതിയാണ്. ഞാൻ അതല്ല സൂചിപ്പിക്കുന്നത്. സാധനങ്ങൾ ലഭിക്കുന്നതിന് പാവപ്പെട്ടവർ നാലും അഞ്ചും പ്രാവശ്യം റേഷൻ കടകളിലേയ്ക്ക് കടന്നുചെല്ലേണ്ട സ്ഥിതിയാണ്. ഇ-പോസ് മെഷീൻ നടപ്പാക്കിയതുവഴിയുണ്ടായിട്ടുള്ള സാങ്കേതിക തകരാറുകൾകൊണ്ട് റേഷൻ വിതരണം മുടങ്ങുന്നത് സാർവ്വത്രികമായിരിക്കുകയാണ്. കഴിഞ്ഞ കുറെ നാളുകളായി ഇക്കാര്യങ്ങൾ പറഞ്ഞുകൊണ്ടിരിക്കുകയാണ്.

ഇക്കാര്യത്തിൽ പ്രയാസങ്ങൾ ഒന്നുമില്ലെന്നും എല്ലാം നല്ല രീതിയിൽ പോകുന്നുവെന്നുമാണ് സർക്കാർ പറയുന്നത്. പക്ഷേ, ഒരു വർഷംതന്നെ ഇത്തരത്തിലുള്ള ഏകദേശം അറുപത്തിയയ്യായിരത്തോളം കേസുകൾ റിപ്പോർട്ട് ചെയ്തതായാണ് കണക്കുകൾ ചൂണ്ടിക്കാണിക്കുന്നത്. 2018-ലാണ് 14 ജില്ലകളിലും ഇ-പോസ് മെഷീൻ നടപ്പാക്കിയത്. അന്നുണ്ടായിരുന്ന സെർവ്വർതന്നെയാണ് ഇപ്പോഴും നിലവിലുള്ളത്. അതിൽ മാറ്റം വരുത്തണം. മറ്റ് സംസ്ഥാനങ്ങളിലൊക്കെ മാറ്റം വന്നുകഴിഞ്ഞു. ഇവിടെ ഒരു മാറ്റവും വന്നിട്ടില്ലായെന്ന് മാത്രമല്ല, 2018-ൽ സ്ഥാപിച്ച സെർവ്വറും മെഷീനും ക്വാളിറ്റിയില്ലാത്തതാണെന്നാണ് പറയുന്നത്. അതുകൊണ്ടാണ് ഇത്രയും വലിയ രീതിയിലുള്ള പരാതികൾ വരുന്നതും റേഷൻ കടകൾ ദിവസങ്ങളോളം അടച്ചിടേണ്ട സാഹചര്യമുണ്ടാകുന്നതും. അതുകൊണ്ട് എത്രയും വേഗം മറ്റ് സംസ്ഥാനങ്ങൾ സ്വീകരിച്ച രീതി അവലംബിക്കാൻ കഴിയേണ്ടതുണ്ട്. അവിടെയൊക്കെ പരാതികൾ വന്നപ്പോൾ മെഷീനുകൾ മാറ്റി ജനങ്ങൾക്ക് എത്രയും വേഗം സർവ്വീസ് ലഭിക്കാനുള്ള സാഹചര്യം ഒരുക്കിക്കൊടുത്തിട്ടുണ്ടെങ്കിൽ ഇവിടെ ന്യായങ്ങൾ പറഞ്ഞ്

നീട്ടിക്കൊണ്ടുപോകുകയാണ്. അതുകൊണ്ട് പ്രശ്നങ്ങളെന്താണെന്ന് കണ്ടെത്തി, സെർവ്വറിനാണ് പ്രശ്നമെങ്കിൽ അത് മാറ്റി സ്ഥാപിച്ച് എത്രയുംവേഗം റേഷൻ കടകളിൽ വരുന്ന സാധാരണക്കാരന് സാധനങ്ങൾ വാങ്ങി മടങ്ങിപ്പോകാനുള്ള സൗകര്യം ഗവൺമെന്റ് ഒരുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, റേഷൻ വിതരണവുമായി ബന്ധപ്പെട്ട് സെർവ്വറുകളിലുണ്ടാകുന്ന സാങ്കേതിക പ്രശ്നം കാരണം ചുരുക്കം ചില അവസരങ്ങളിൽ റേഷൻ വിതരണത്തിൽ ഭാഗികമായി തടസ്സം നേരിടാറുണ്ട്. പ്രസ്തുത പ്രശ്നങ്ങൾ അനുബന്ധ ഏജൻസികളുമായി ബന്ധപ്പെട്ട് വളരെ കുറഞ്ഞ സമയത്തിനുള്ളിൽ പരിഹരിച്ച് റേഷൻ വിതരണം സുഗമമായി മുന്നോട്ടുപോകുന്നുണ്ട്. ഇ-പോസ് മെഷീനിൽ ഗുണഭോക്താവിന്റെ വിരലടയാളം ഉപയോഗിച്ച് ബയോമെട്രിക് ഓതന്റിക്കേഷൻ മുഖേനയുള്ള റേഷൻ വിതരണം സാദ്ധ്യമാകുന്നത് ഓതന്റിക്കേഷൻ യൂസർ ഏജൻസി (AUA), ഓതന്റിക്കേഷൻ സർവ്വീസ് ഏജൻസി (ASA), ആധാർ സെർവ്വർ (UIDAI) എന്നിവയുടെ ഒരുമിച്ചുള്ള

പ്രവർത്തനത്തിലൂടെയാണ്. സാങ്കേതിക പ്രശ്നങ്ങളില്ലാതെ ഈ സെർവ്വറുകൾ കൃത്യമായി പ്രവർത്തിച്ചാൽ മാത്രമേ വിതരണത്തിൽ തടസ്സം നേരിടുന്നത് പൂർണ്ണമായി ഒഴിവാക്കാൻ കഴിയുകയുള്ളൂ. ഓതന്റിക്കേഷൻ യൂസർ ഏജൻസിയുടെ സെർവ്വറിൽ ഉണ്ടാകുന്ന സാങ്കേതിക പ്രശ്നങ്ങൾ കാരണം റേഷൻ വിതരണം മുടങ്ങാതിരിക്കുന്നതിനായി എൻ.ഐ.സി.-യുടെ AUA സെർവ്വറുകൾകൂടി വിതരണത്തിൽ ഉൾപ്പെടുത്തുന്നതിന് എൻ.ഐ.സി.-യുമായും UIDAI-യുമായും ബന്ധപ്പെട്ട് തുടർ നടപടി സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ ഓതന്റിക്കേഷൻ സർവ്വീസ് ഏജൻസി, UIDAI എന്നിവയുടെ സെർവ്വറുകൾ സംസ്ഥാന സർക്കാരുകളുടെ നിയന്ത്രണത്തിലല്ലാത്തതിനാൽ പ്രസ്തുത സെർവ്വറുകളിൽ എന്തെങ്കിലും പ്രശ്നങ്ങളുണ്ടാകുകയാണെങ്കിൽ അനുബന്ധ ഏജൻസികളുമായി ബന്ധപ്പെട്ട് ഉടനടി പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

റേഷൻ വിതരണത്തിൽ ഭാഗികമായുണ്ടാകുന്ന സാങ്കേതിക പ്രശ്നങ്ങൾ ശാശ്വതമായി പരിഹരിക്കുന്നതിന്റെ ഭാഗമായി നിലവിൽ ഉപയോഗിച്ചിരുന്ന

ബി.എസ്.എൻ.എൽ. ബാൻഡ് വിഡ്ത്ത് 20mbps-ൽനിന്നും 50mbps-ലേക്ക് ഉയർത്തിയിട്ടുണ്ട്. സെർവ്വർ അപ്ഗ്രഡേഷൻ ചെയ്യുന്നതിനായി സിസ്റ്റം അഡ്മിനിസ്ട്രേറ്ററെ നിയമിക്കുന്നതിന് കെൽട്രോണിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഏപ്രിൽ 1 മുതൽ 30 വരെയുള്ള കാലയളവിൽ എല്ലാ ഇ-പോസ് മെഷീനുകളുടെയും സർവ്വീസ് പൂർത്തീകരിച്ചിട്ടുണ്ട്. വിതരണത്തിൽ ഉൾപ്പെടുന്ന സ്റ്റേക്ക്ഹോൾഡേഴ്സിനെ ഉൾപ്പെടുത്തി എല്ലാ മാസവും ആദ്യദിവസങ്ങളിൽ ഓൺലൈൻ വീഡിയോ കോൺഫറൻസിലൂടെ റേഷൻ വിതരണത്തിലെ പ്രശ്നങ്ങളും പുരോഗതിയും വീക്ഷിച്ചുവരുന്നുണ്ട്. കൂടാതെ റേഷൻ വിതരണത്തിലുണ്ടാകുന്ന സാങ്കേതിക പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണുന്നതിനായി 13-07-2023-ന് ഡൽഹി ആസ്ഥാനത്തുവച്ച് എൻ.ഐ.സി.-യുടെ ഉന്നത ഉദ്യോഗസ്ഥരുമായി ചർച്ചകൾ നടത്തുകയുണ്ടായി. പ്രസ്തുത ചർച്ചയിൽ റേഷൻ വിതരണത്തിലുണ്ടാകുന്ന സാങ്കേതിക പ്രശ്നങ്ങൾ പൂർണ്ണമായും പരിഹരിക്കപ്പെടുമെന്ന് എൻ.ഐ.സി. അധികാരികൾ ഉറപ്പുനൽകിയിട്ടുണ്ട്. ബയോമെട്രിക് ആധാർ ഓതന്റിക്കേഷൻ പരാജയപ്പെടുന്ന പക്ഷം ഒ.ടി.പി. നൽകി വിതരണം

ചെയ്യുകയും ആയതും നടപ്പാകാത്ത സാഹചര്യത്തിൽ മാന്വലായി വിതരണം നടത്തുകയും ചെയ്തുവരുന്നുണ്ട്. കൂടാതെ 2023 മേയ്, ജൂൺ, ജൂലൈ മാസങ്ങളിൽ എ.എ.വൈ. വിഭാഗത്തിൽപ്പെട്ട 97 ശതമാനം കാർഡുടമകളും പി.എച്ച്.എച്ച്. (പ്രയോറിറ്റി ഹൗസ്ഹോൾഡ്) വിഭാഗത്തിൽപ്പെട്ട 95 ശതമാനം കാർഡുടമകളും അവരുടെ റേഷൻ വിഹിതം കൈപ്പറ്റിയിട്ടുണ്ട്. കഴിഞ്ഞ മേയ്, ജൂൺ, ജൂലൈ മാസങ്ങളിൽ സംസ്ഥാനത്തെ 83 ശതമാനം കാർഡുടമകൾ റേഷൻ വിഹിതം കൈപ്പറ്റിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ ചുരുക്കം ചില അവസരങ്ങളിൽ ഉണ്ടാകുന്ന സാങ്കേതിക തടസ്സങ്ങൾ സംസ്ഥാനത്തെ റേഷൻ വിതരണത്തെ ബാധിക്കുന്നില്ലെന്ന കാര്യം വ്യക്തമാക്കുകയാണ്. സെർവ്വർ തകരാറുമൂലം റേഷൻ വിതരണം പൂർണ്ണമായും മുടങ്ങുകയോ ഗുണഭോക്താക്കൾക്ക് റേഷൻ കിട്ടാതിരിക്കുകയോ ചെയ്യുന്ന സാഹചര്യം നിലവിലില്ല.

**12.20 p.m]**

## VIII അറിയിപ്പ്

തമിഴ്നാട് ഐ.ടി. മിനിസ്റ്ററുടെ സന്ദർശനം

മി. സ്പീക്കർ: ബഹുമാനപ്പെട്ട സഭാംഗങ്ങളുടെ ശ്രദ്ധയിലേയ്ക്കായി ഒരു കാര്യം അറിയിക്കുകയാണ്. തമിഴ്നാട് വിവര സാങ്കേതികവിദ്യാ വകുപ്പുമന്ത്രി ബഹുമാനപ്പെട്ട പളനിവേൽ ത്യാഗരാജൻ ഉൾപ്പെടുന്ന ഒരു സംഘം നിയമസഭാ നടപടിക്രമങ്ങൾ വീക്ഷിക്കുന്നതിനായി ഡി.വി. ഗ്യാലറിയിൽ എത്തിയിട്ടുണ്ട്.

Honourable Minister for Information Technology and Digital Services of Tamil Nadu, Dr. Palanivel Thiagarajan and his team has came here to see the Assembly Proceedings of Kerala. We express our sincere gratitude to Dr. Palanivel Thiagarajan and his team on behalf of Kerala Legislative Assembly.

## IX മേശപ്പുറത്തുവച്ച കടലാസുകൾ

I. ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ക്രമ നമ്പർ | ഓർഡിനൻസിന്റെ പേര് | | | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| 1 | 2023 | 2 | ദി കേരള ടാക്സേഷൻ ലോസ് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2023 | അല്ല |

II. ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്):സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ക്രമ നമ്പർ | ഓർഡിനൻസിന്റെ പേര് | | | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| 1 | 2023 | 1 | 2023-ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ഭേദഗതി ഓർഡിനൻസ് | അല്ല |

**12.21.p.m]**

## X സമയം ദീർഘിപ്പിക്കുന്നതിനുള്ള പ്രമേയം

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, 2022-ലെ കേരള സഹകരണ സംഘ (മൂന്നാം ഭേദഗതി) ബിൽ സംബന്ധിച്ച സെലക്ട് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ സെലക്ട് കമ്മിറ്റിയുടെ

റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള സമയം 2023 ആഗസ്റ്റ് 8-ാം തീയതി വരെ ദീർഘിപ്പിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

**XI റിപ്പോർട്ടുകളുടെ സമർപ്പണം**

**(1) 2022-ലെ കേരള സഹകരണ സംഘ (മൂന്നാം ഭേദഗതി) ബിൽ സംബന്ധിച്ച സെലക്ട് കമ്മിറ്റി റിപ്പോർട്ട്**

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, 2022-ലെ കേരള സഹകരണ സംഘ (മൂന്നാം ഭേദഗതി) ബിൽ സംബന്ധിച്ച സെലക്ട് കമ്മിറ്റി റിപ്പോർട്ട് സമിതി അദ്ധ്യക്ഷനായ ഞാൻ സമർപ്പിക്കുന്നു.

**(2) 2022-2023 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും**

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ

അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

**12.23 p.m]**

**XII ഗവൺമെന്റ് പ്രമേയം (ചട്ടം 118)**

ഏക സിവിൽ കോഡ്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, "ഏക സിവിൽ കോഡ് അടിച്ചേൽപ്പിക്കാനുള്ള കേന്ദ്ര സർക്കാരിന്റെ നീക്കത്തിൽ കേരള നിയമസഭ ആശങ്കയും ഉൽക്കണ്ഠയും രേഖപ്പെടുത്തുന്നു. ധൃതി പിടിച്ചുള്ളതും ഏകപക്ഷീയവുമായ കേന്ദ്ര നീക്കം ഭരണഘടനയുടെ മതനിരപേക്ഷ സ്വഭാവത്തെ ഇല്ലായ്മ ചെയ്യുന്നതാണെന്ന് ഈ സഭ വിലയിരുത്തുന്നു.

ഭരണഘടന അതിന്റെ നിർദ്ദേശക തത്വങ്ങളിൽ മാത്രമാണ് പൊതു സിവിൽ നിയമത്തെക്കുറിച്ച് പരാമർശിക്കുന്നത്. നിർദ്ദേശക തത്വങ്ങളിൽ

മാത്രമായി ഇതു പരിമിതപ്പെടുത്തി എന്നത് ശ്രദ്ധേയമാണ്. നടപ്പാക്കണമെന്ന നിർബന്ധ സ്വഭാവമുള്ളവയല്ല നിർദ്ദേശക തത്വങ്ങൾ. മൗലികാവകാശങ്ങൾ നിർബന്ധിതമായി നടപ്പാക്കാൻ കോടതിക്ക് കൽപ്പിക്കാം. എന്നാൽ കോടതിക്കുപോലും നിർബന്ധിതമായി നടപ്പാക്കണമെന്ന് കൽപ്പിക്കാനാവാത്തതാണ് ഭരണഘടനയുടെ 44-ാം അനുച്ഛേദത്തിലെ നിർദ്ദേശക തത്വങ്ങൾ. ഭരണഘടനാ ശിൽപികൾ എത്രമേൽ ആലോചിച്ചാണിങ്ങനെ ചെയ്തതെന്നും എന്തുകൊണ്ടാണിങ്ങനെ ചെയ്തതെന്നും മനസ്സിലാക്കണം.

ഭരണഘടനയുടെ ആമുഖത്തിലൂടെ തന്നെ മതനിരപേക്ഷത ഉറപ്പുനൽകുന്ന രാജ്യമാണ് ഇന്ത്യ. ഏതു മതത്തിൽ വിശ്വസിക്കാനും അതിൻപ്രകാരം ജീവിക്കാനുമുള്ള പൗരന്റെ സ്വാതന്ത്ര്യം മൗലികാവകാശങ്ങളുടെ ഭാഗമാക്കിത്തന്നെ ഭരണഘടന ഉറപ്പുനൽകുന്നു. ഭരണഘടനയുടെ 25-ാം അനുച്ഛേദം ഉറപ്പുനൽകുന്ന ആ മതസ്വാതന്ത്ര്യം മതപരമായ വ്യക്തിനിയമങ്ങൾ അനുസരിക്കാനും ജീവിതത്തിൽ ആചരിക്കാനുമുള്ള അവകാശത്തെക്കൂടി ഉൾക്കൊള്ളുന്നതാണെന്നിരിക്കെ, ആ

ആചരിക്കലിനെ വിലക്കുന്ന നിയമനിർമ്മാണം, ഭരണഘടനാപരമായ മതസ്വാതന്ത്ര്യമെന്ന മൗലികാവകാശത്തിന്റെ നിഷേധവും ലംഘനവുമാകും. സ്വന്തം മതവിശ്വാസങ്ങൾക്കനുസരിച്ച് ജീവിക്കുക എന്നത് മൗലികമായ വ്യക്തിസ്വാതന്ത്ര്യമായിരിക്കെ, അത് നിഷേധിക്കലുമാകും.

ഭരണഘടനയുടെ 44-ാം അനുച്ഛേദത്തിൽ പറയുന്നത് ഒരു പൊതു സിവിൽ നിയമസംഹിത സംപ്രാപ്തമാക്കുവാൻ രാഷ്ട്രം യത്നിക്കേണ്ടതാണെന്ന് മാത്രമാണ്. അഭിപ്രായസമന്വയത്തിലൂടെയും വ്യത്യസ്ത മതവിഭാഗങ്ങളുമായുള്ള ആശയസംവാദത്തിലൂടെയും കാലക്രമത്തിൽ മാത്രം സാധിക്കേണ്ടതാണത് എന്നാണത് അതിന്റെ സൂചന. അത്തരത്തിലുള്ള ഒരു ആശയസംവാദം നടത്തുകയോ അഭിപ്രായസമന്വയം സൃഷ്ടിക്കുകയോ ചെയ്യാതെയാണ് കേന്ദ്രസർക്കാർ ഇത്തരത്തിലുള്ള ഏകപക്ഷീയ നീക്കവുമായി മുന്നോട്ടുവന്നിട്ടുള്ളത് എന്നത് വിവിധ ജനവിഭാഗങ്ങളിൽ ആശങ്കയുളവാക്കുന്നു. കേരള നിയമസഭയും ആ ആശങ്ക പങ്കുവയ്ക്കുന്നു. ജനങ്ങളുടെ ഒരുമയെ ഛിദ്രീകരിക്കാനുള്ള വർഗ്ഗീയ നീക്കമാണ്

ഇതെന്നും രാഷ്ട്രത്തിന്റെ ഐക്യത്തിന് ഹാനികരമാണ് ഇത്തരം അടിച്ചേൽപ്പിക്കലുകളെന്നും വിലയിരുത്തുന്നു.

കോൺസ്റ്റിറ്റ്യുവന്റ് അസംബ്ലിയിൽ തന്നെ ഏക സിവിൽ നിയമത്തെ സംബന്ധിച്ച വ്യത്യസ്ത അഭിപ്രായങ്ങൾ ഉയർന്നിരുന്നു. ആ അവസരത്തിൽ ഡോ. ബി. ആർ. അംബേദ്കർ ഇക്കാര്യത്തിലെടുത്ത നിലപാട് ശ്രദ്ധേയമാണ്. ഇന്ത്യയുടെ സങ്കീർണ്ണമായ സാമൂഹിക യാഥാർത്ഥ്യങ്ങളെ പരിഗണിക്കുന്നതും വ്യത്യസ്ത മതവിഭാഗങ്ങളുടെ സമന്വയത്തെ ശക്തമാക്കുന്നതുമായിരുന്നു അംബേദ്കറുടെ നിലപാട്. വൈവിധ്യത്തിലെ ഏകത്വത്തെ അംഗീകരിക്കുന്നതായിരുന്നു അത്.

വ്യക്തിനിയമങ്ങൾ തെരഞ്ഞെടുക്കാനുള്ള അവകാശം പൗരന്മാരിൽ നിലനിൽത്തിക്കൊണ്ടുള്ള പൊതു സിവിൽ നിയമത്തിനായി വേണമെങ്കിൽ പാർലമെന്റിന് ശ്രമിക്കാമെന്ന് പറഞ്ഞ അംബേദ്കർ അതുപോലും നിർബന്ധമായി വേണമെന്നു ശഠിച്ചില്ല. കേവലം ഒരു സാധ്യത സൂചിപ്പിക്കുക മാത്രമാണദ്ദേഹം ചെയ്തത്. അതിന്റെ പ്രതിഫലനമാണ് പൊതു സിവിൽ നിയമ പരാമർശം നിർദ്ദേശക തത്വങ്ങളിൽ മാത്രമായി പരിമിതപ്പെട്ടത്.

അംബേദ്കറുടെ വാക്കുകൾ ശ്രദ്ധിക്കുക: "ഭാവി ഇന്ത്യയിലെ പാർലമെന്റിന് രൂപം നൽകുക എന്നതും തുടക്കത്തിൽ തങ്ങൾ അതിൽ ഉൾപ്പെടാൻ സന്നദ്ധരാണെന്ന് പ്രഖ്യാപിക്കുന്ന വിഭാഗങ്ങൾക്ക് മാത്രം അത് ബാധകമായിരിക്കുക എന്നതും പരിപൂർണ്ണമായും സാധ്യമായ കാര്യമാണ്. അതായത്, ആദ്യഘട്ടത്തിൽ പൊതു സിവിൽ കോഡിന്റെ പ്രയോഗം പൂർണ്ണമായും സ്വമേധയാ ആയിരിക്കും," ഇതാണ് ഡോ. അംബേദ്കറുടെ വാക്കുകൾ. ഇതിനു തീർത്തും വിരുദ്ധമാണ് ഏക സിവിൽ കോഡ് ഏകപക്ഷീയമായി അടിച്ചേൽപ്പിക്കുന്നതിനുള്ള ഇപ്പോഴത്തെ നീക്കം.

രാജ്യത്തെ ജനങ്ങളെയാകെ ബാധിക്കുന്ന വിഷയങ്ങളിൽ വിവിധ ജനവിഭാഗങ്ങളോടും സംസ്ഥാനങ്ങളോടും മതിയായ കൂടിയാലോചനകൾ നടത്തി മാത്രമേ നിയമനിർമ്മാണത്തിലേയ്ക്ക് കടക്കാവൂ എന്നും ഏക സിവിൽ കോഡ് അടിച്ചേൽപ്പിക്കാനുള്ള നീക്കത്തിൽനിന്ന് കേന്ദ്ര സർക്കാർ പിന്തിരിയണമെന്നും കേരള നിയമസഭ ഐകകണ്ഠ്യേന ആവശ്യപ്പെടുന്നു."എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങൾക്ക് പ്രമേയത്തിന്മേൽ ഭേദഗതികൾ അവതരിപ്പിക്കാവുന്നതാണ്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1. പ്രമേയത്തിലെ ഒന്നാമത്തെ ഖണ്ഡികയിൽ ഒന്നാമത്തെ വരിയിൽ "ഏക സിവിൽ കോഡ്"എന്നതിനു മുൻപ് "രാജ്യത്ത്"എന്നത് ചേർക്കുക.

2. പ്രമേയത്തിലെ രണ്ടാമത്തെ ഖണ്ഡികയ്ക്ക് പകരമായി "ഭരണഘടനയിലെ മാർഗ്ഗ നിർദ്ദേശക തത്വങ്ങൾ നിരവധി വിഷയങ്ങൾ എണ്ണിപ്പറഞ്ഞ കൂട്ടത്തിൽ ഒരു കേവല നിർദ്ദേശം മാത്രമാണ് ഏക സിവിൽ കോഡ് എന്ന ആശയം. ഒരു കേവല ശിപാർശയിൽ കവിഞ്ഞ ഒരു പ്രാധാന്യവും ഈ നിർദ്ദേശത്തിനില്ല എന്നിരിക്കെ അതിപ്പോൾ പൊടി തട്ടിയെടുത്ത് കൊണ്ടുവരുന്നതിലെ താൽപ്പര്യം ജനങ്ങളെ ഭിന്നിപ്പിക്കുവാനും

വർഗ്ഗീയ ധ്രുവീകരണം ഉണ്ടാക്കുവാനും, അതുമൂലം രാഷ്ട്രീയ നേട്ടം ഉണ്ടാക്കുക എന്ന സംഘപരിവാറിന്റെ ദുഷ്ടലാക്ക് മാത്രമാണ്."എന്നത് ചേർക്കുക.

3. പ്രമേയത്തിലെ മൂന്നാമത്തെ ഖണ്ഡികയിലെ എട്ടാം വരിയിൽ "നിയമനിർമ്മാണം" എന്നതിനുശേഷം വരുന്ന ഭാഗങ്ങൾ പൂർണ്ണമായും ഒഴിവാക്കി "പൗരന്മാർക്ക് ഭരണഘടന ഉറപ്പുനൽകുന്ന മൗലികാവകാശങ്ങളുടെ നിഷേധവും ലംഘനവുമാകും.' എന്ന് ചേർക്കുക.

4. പ്രമേയത്തിലെ നാലാമത്തെ ഖണ്ഡികയിലെ മൂന്നാമത്തെ വരിയിൽ "അഭിപ്രായസമന്വയത്തിലൂടെയും വ്യത്യസ്ത മതവിഭാഗങ്ങളുമായുള്ള ആശയസംവാദത്തിലൂടെയും കാലക്രമത്തിൽ മാത്രം സാധിക്കേണ്ടതാണത് എന്നാണത് അതിന്റെ സൂചന. അത്തരത്തിലുള്ള ഒരു ആശയസംവാദം നടത്തുകയോ അഭിപ്രായ സമന്വയം സൃഷ്ടിക്കുകയോ ചെയ്യാതെയാണ് കേന്ദ്ര സർക്കാർ ഇത്തരത്തിലുള്ള"എന്നതിനുപകരം "ഈ നിർദ്ദേശത്തിന്റെ പേരും പറഞ്ഞാണ് കേന്ദ്ര സർക്കാർ "എന്നത് ചേർക്കുക.

5. പ്രമേയത്തിലെ ഏഴാമത്തെ ഖണ്ഡിക പൂർണ്ണമായും ഒഴിവാക്കുക.

6. പ്രമേയത്തിലെ എട്ടാമത്തെ ഖണ്ഡികയ്ക്ക് പകരമായി "രാജ്യത്തെ വിവിധ മതജാതി സമൂഹങ്ങൾക്ക് ഭരണഘടന ഉറപ്പുനൽകുന്ന മതവിശ്വാസ സ്വാതന്ത്ര്യത്തെ തകർക്കുന്ന ഏക സിവിൽ കോഡ് കൊണ്ടുവരാനുള്ള നീക്കങ്ങൾ പൂർണ്ണമായും കേന്ദ്ര സർക്കാർ ഉപേക്ഷിക്കണമെന്ന് കേരള നിയമസഭ ഈ പ്രമേയത്തിലൂടെ ഐകകണ്ഠ്യേന ആവശ്യപ്പെടുന്നു." എന്നത് ചേർക്കുക.

ഏക സിവിൽ കോഡിനെതിരായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച പ്രമേയത്തിന്റെ അന്തഃസത്തയോട് യോജിക്കുന്നു. എന്നാൽ ഇവിടെ അവതരിപ്പിക്കപ്പെട്ട പ്രമേയത്തിൽ ഒരുപാട് പോരായ്മകളുണ്ട്. അതിലുള്ള ചില പരാമർശങ്ങൾ പ്രമേയത്തിന്റെ ഫോക്കസ്സിനെ ദുർബ്ബലപ്പെടുത്തുന്നതുമാണ്. അതുകൊണ്ടാണ് ചില ഭേദഗതികൾ നിർദ്ദേശിച്ചത്. ഒന്നുരണ്ട് കാര്യങ്ങൾ മാത്രം പറയാം. ഈ പ്രമേയത്തിലെ രണ്ടാമത്തെ ഖണ്ഡികയ്ക്ക് പകരമായി "ഭരണഘടനയിലെ മാർഗ്ഗ നിർദ്ദേശക തത്വങ്ങളിൽ നിരവധി വിഷയങ്ങൾ എണ്ണിപ്പറഞ്ഞ കൂട്ടത്തിൽ ഒരു കേവല നിർദ്ദേശം മാത്രമാണ് ഏക സിവിൽ കോഡ് എന്ന ആശയം. ഒരു കേവല

ശിപാർശയിൽ കവിഞ്ഞ ഒരു പ്രാധാന്യവും ഈ നിർദ്ദേശത്തിനില്ല എന്നിരിക്കെ അതിപ്പോൾ പൊടി തട്ടിയെടുത്തു കൊണ്ടുവരുന്നതിലെ താൽപ്പര്യം ജനങ്ങളെ ഭിന്നിപ്പിക്കുവാനും വർഗ്ഗീയ ധ്രുവീകരണം ഉണ്ടാക്കുവാനും, അതുമൂലം രാഷ്ട്രീയ നേട്ടം ഉണ്ടാക്കുക എന്ന സംഘപരിവാറിന്റെ ദുഷ്ടലാക്ക് മാത്രമാണ്." എന്നത് ചേർക്കുക.

മി. സ്പീക്കർ: ഭേദഗതികൾ സർക്കുലേറ്റ് ചെയ്തതായതിനാൽ എല്ലാ ഭാഗങ്ങളും വായിക്കേണ്ടതില്ല.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, പ്രമേയത്തെക്കുറിച്ച് കുറച്ച് കാര്യങ്ങളെങ്കിലും പറയാൻ അനുവദിക്കണം. ഇത് വളരെ പ്രധാനപ്പെട്ടൊരു കാര്യമാണ്. പ്രമേയത്തിലെ മൂന്നാമത്തെയും നാലാമത്തെയും ഖണ്ഡികകളിലും ഭേദഗതി നിർദ്ദേശിച്ചിട്ടുണ്ട്. പ്രമേയത്തിലെ ഏഴാമത്തെ ഖണ്ഡിക പൂർണ്ണമായും ഒഴിവാക്കേണ്ടതാണ്. അംബേദ്കറുടെ ചില പരാമർശങ്ങൾ ഇംഗ്ലീഷിൽനിന്നും മലയാളത്തിലേയ്ക്ക് തർജ്ജമ ചെയ്തപ്പോൾ മിസ്റ്റേക്ക് സംഭവിച്ചിട്ടുണ്ട്. അംബേദ്കർ ഏക സിവിൽ കോഡിനെ അനുകൂലിച്ചുവെന്നോ അല്ലെങ്കിൽ ഒരു ഘട്ടത്തിൽ ഈ നിയമം

നടപ്പാക്കാമെന്നോയുള്ള രീതിയിലാണ് പ്രമേയത്തിലെ ഏഴാം ഖണ്ഡികയിൽ പറയുന്നത്. അതുകൊണ്ട് പ്രസ്തുത ഭാഗം പൂർണ്ണമായും ഒഴിവാക്കേണ്ടതാണ്. അതുപോലെ പ്രമേയത്തിലെ എട്ടാം ഖണ്ഡികയിൽ ആവശ്യമായ ചർച്ച നടത്തി ഏക സിവിൽകോഡ് നടപ്പാക്കാമെന്ന രീതിയിലുള്ള നിർദ്ദേശമുണ്ട്. എന്നാൽ ഒരു ചർച്ചയ്ക്കുശേഷവും ഏക സിവിൽ കോഡ് നടപ്പാക്കാൻ പാടില്ലെന്നാണ് ഞങ്ങളുടെ അഭിപ്രായം. അതിലൊരു  വ്യവസ്ഥ വയ്ക്കേണ്ട കാര്യമില്ല. ഇങ്ങനെയൊരു പ്രമേയം കൊണ്ടുവരാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തയ്യാറായത് സ്വാഗതാർഹമാണ്. ഇതുസംബന്ധിച്ച് റൂൾ 130 പ്രകാരമുള്ള ചർച്ചയ്ക്ക് നോട്ടീസ് നൽകിയിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രമേയം അവതരിപ്പിച്ച സാഹചര്യത്തിൽ പ്രസ്തുത നോട്ടീസ് ഞാൻ പിൻവലിക്കുകയാണ്. പ്രമേയം വളരെ ഉദ്ദേശ്യശുദ്ധിയോടെയുള്ളതും ശക്തമായ ഊന്നൽ നൽകി കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടുന്നതുമായിരിക്കണം.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1. പ്രമേയത്തിലെ രണ്ടാമത്തെ ഖണ്ഡികയിൽ അവസാനമായി "ഇന്ത്യ ഒരു ബഹുസ്വര സമൂഹമാണ്. അസംഖ്യം പാരമ്പര്യങ്ങൾ, ആചാരങ്ങൾ, ഭാഷകൾ, വിശ്വാസങ്ങൾ എന്നിവ ഉൾക്കൊള്ളുന്ന ഈ സംസ്കാരത്തിന്റെ സംരക്ഷണം ഇന്ത്യയുടെ ഐക്യവും അഖണ്ഡതയും സംരക്ഷിക്കുന്നതിനുള്ള ഭരണഘടനാപരമായ കടമയാണ്"എന്നത് കൂട്ടിച്ചേർക്കുക.

2. പ്രമേയത്തിലെ മൂന്നാമത്തെ ഖണ്ഡികയിൽ ഒൻപതാമത്തെ വരിയിൽ "ലംഘനവുമാകും" എന്നതിനുശേഷം "വ്യക്തികളുടെ വ്യക്തിപരവും സാമൂഹികവുമായ ജീവിതവുമായി ബന്ധപ്പെട്ടിരിക്കുന്നതിനാൽ ഈ സംസ്കാരങ്ങളും ആചാരങ്ങളും പാരമ്പര്യങ്ങളും വിശ്വാസ സംവിധാനങ്ങളും വ്യക്തികൾക്ക് പവിത്രമാണ്" എന്നത് കൂട്ടിച്ചേർക്കുക.

3. പ്രമേയത്തിലെ അവസാനത്തെ ഖണ്ഡികയിലെ ആദ്യത്തെ വരിയിൽ "വിഷയങ്ങളിൽ വിവിധ ജനവിഭാഗങ്ങളോടും സംസ്ഥാനങ്ങളോടും മതിയായ കൂടിയാലോചനകൾ നടത്തി മാത്രമേ നിയമനിർമ്മാണത്തിലേക്ക് കടക്കാവൂ" എന്നതിന് പകരം "വിഷയമായതിനാൽ ഏക സിവിൽ കോഡ്

നടപ്പിലാക്കുന്നതിനുള്ള ഏതൊരു നടപടിയും ഉപേക്ഷിക്കണമെന്നും”എന്നത് ചേർക്കുക.

ഒന്നും രണ്ടും ഭേദഗതികളെക്കുറിച്ച് ഞാൻ സംസാരിക്കുന്നില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച പ്രമേയത്തിന്റെ അവസാനത്തെ ഖണ്ഡികയിൽ "വിവിധ ജനവിഭാഗങ്ങളോടും സംസ്ഥാനങ്ങളോടും മതിയായ കൂടിയാലോചനകൾ നടത്തി മാത്രമേ നിയമനിർമ്മാണത്തിലേയ്ക്ക് കടക്കാവൂ,”എന്നതിനുപകരം "ഏക സിവിൽ കോഡ് നടപ്പിലാക്കുന്നതിനുള്ള ഏതൊരു നടപടിയും ഉപേക്ഷിക്കണമെന്നും" എന്നതാണ് എന്റെ ഭേദഗതി.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, ഈ പ്രമേയത്തെ ഞാൻ പിന്തുണയ്ക്കുകയും അഭിനന്ദിക്കുകയും ചെയ്യുന്നു. ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

പ്രമേയത്തിലെ നാലാമത്തെ ഖണ്ഡികയിൽ അവസാനമായി "ആ വൈവിധ്യമാണ് ഇന്ത്യൻ സംസ്കാരത്തിന്റെ മനോഹാരിത. ഏക സിവിൽ കോഡ് സംബന്ധിച്ച ചർച്ചകൾ ഇതിനകംതന്നെ വിവിധ സമൂഹത്തിൽ ആശങ്ക പരത്തിയിട്ടുണ്ട്. ഭരണഘടന പൗരന് ഉറപ്പുനൽകുന്ന

മൗലികാവകാശങ്ങളെ ഹനിക്കുന്ന തരത്തിൽ മാർഗ്ഗനിർദ്ദേശ തത്വങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ മൗലികാവകാശങ്ങളായിരിക്കണം സ്ഥാപിക്കപ്പെടേണ്ടത് " എന്നത് കൂട്ടിച്ചേർക്കുക. മാർഗ്ഗനിർദ്ദേശക തത്വങ്ങളും മൗലികാവകാശങ്ങളും വരുമ്പോൾ മൗലികാവകാശങ്ങളാണ് സ്ഥാപിക്കപ്പെടേണ്ടത്.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1. പ്രമേയത്തിലെ നാലാമത്തെ ഖണ്ഡികയിൽ ഒൻപതാമത്തെ വരിയിൽ "വിവിധ ജനവിഭാഗങ്ങളിൽ" എന്നതിനുപകരം "മതേതരത്വ ജനാധിപത്യ മൂല്യങ്ങളിൽ വിശ്വസിക്കുന്ന രാജ്യത്തെ വിവിധ ജനവിഭാഗങ്ങളിൽ" എന്നത് ചേർക്കുക.

2. പ്രമേയത്തിലെ നാലാമത്തെ ഖണ്ഡികയിൽ പത്താമത്തെ വരിയിൽ "ഛിദ്രീകരിക്കാനുള്ള" എന്നതിനു പകരം "ഛിദ്രീകരിക്കുന്നതിനുള്ള" എന്നത് ചേർക്കുക.

3. പ്രമേയത്തിലെ ഏഴാമത്തെ ഖണ്ഡികയിൽ അവസാനമായി “രാജ്യം കാത്തുസൂക്ഷിക്കുന്ന വൈവിധ്യങ്ങളെയും മതപരമായ വ്യത്യസ്തതകളെയും പൂർണ്ണമായും ഇല്ലാതാക്കി കളയുന്ന രീതിയിലാണ് ഏക സിവിൽ കോഡിന്റെ ആശയം തന്നെ നിലനിൽക്കുന്നത്" എന്നത് കൂട്ടി ചേർക്കുക.

രാജ്യത്തെ ജനങ്ങളെയാകെ ബാധിക്കുന്ന വിഷയങ്ങളിൽ വിവിധ ജനവിഭാഗങ്ങളോടും സംസ്ഥാനങ്ങളോടും മതിയായ കൂടിയാലോചനകൾ നടത്തി മാത്രമേ നിയമനിർമ്മാണത്തിലേയ്ക്ക് കടക്കാവൂയെന്നും ഏക സിവിൽ കോഡ് അടിച്ചേൽപ്പിക്കാനുള്ള നീക്കത്തിൽനിന്നും കേന്ദ്ര സർക്കാർ പിന്തിരിയണമെന്നും കേരള നിയമസഭ ഐകകണ്ഠ്യേന ആവശ്യപ്പെടുന്നു എന്നാണ് പ്രമേയത്തിലുള്ളത്. അങ്ങനെയൊരു ചർച്ചയ്ക്ക് വിധേയമാക്കേണ്ട ആവശ്യമില്ല. ഏക സിവിൽ കോഡെന്ന ആശയംതന്നെ ഭരണഘടനയ്ക്കും മതേതരമൂല്യങ്ങൾക്കുമെതിരാണ്. അതുകൊണ്ട് ഏഴാമത്തെ ഖണ്ഡികയുടെ അവസാനം "രാജ്യം കാത്തുസൂക്ഷിക്കുന്ന വൈവിദ്ധ്യങ്ങളെയും മതപരമായ വ്യത്യസ്തതകളെയും പൂർണ്ണമായും ഇല്ലാതാക്കി കളയുന്ന രീതിയിലാണ് ഏക സിവിൽ കോഡിന്റെ ആശയംതന്നെ നിലനിൽക്കുന്നത്" എന്നത്

കൂട്ടിച്ചേർത്തുകൊണ്ട് എട്ടാമത്തെ ഖണ്ഡിക പൂർണ്ണമായും ഉപേക്ഷിക്കണമെന്നുള്ളതാണ് എന്റെ ഭേദഗതി.

<u>ശ്രീ. ടി. സിദ്ദിഖ്</u>: സർ, പ്രമേയത്തിലെ അന്ത:സത്തയോട് യോജിക്കുന്നു. പ്രതിപക്ഷത്തോടുകൂടി ആലോചിച്ച് ഇങ്ങനെയൊരു പ്രമേയം കൊണ്ടുവന്നതിന് പ്രത്യേകം അഭിനന്ദിക്കുന്നു.

ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1. പ്രമേയത്തിലെ രണ്ടാമത്തെ ഖണ്ഡികയിൽ ആറാമത്തെ വരിയിലെ “എന്നാൽ, കോടതിക്കു പോലും നിർബന്ധിതമായി നടപ്പാക്കണം എന്ന് കൽപ്പിക്കാനാവാത്തതാണ് ഭരണഘടനയുടെ 44-ാം അനുച്ഛേദത്തിലെ നിർദ്ദേശക തത്വങ്ങൾ" എന്നതിനു പകരം "എന്നാൽ കോടതിക്കുപോലും നിർബന്ധിതമായി നടപ്പാക്കണം എന്ന് കൽപ്പിക്കാനാകാത്തതാണ് ഭരണഘടനയുടെ പാർട്ട് നാലിലെ നിർദ്ദേശക തത്വങ്ങളിൽപെട്ട 44-ാം അനുച്ഛേദം ” എന്നത് ചേർക്കുക.

2. പ്രമേയത്തിലെ രണ്ടാമത്തെ ഖണ്ഡികയിൽ എട്ടാമത്തെ വരിയിലെ 'നിർദ്ദേശക തത്വങ്ങൾ' എന്നതിനുശേഷം ഇനിപ്പറയുന്നത് കൂട്ടിച്ചേർക്കുക.

“നിർബന്ധിതമായോ, വ്യവഹാരത്തിലൂടെയോ, ഏകപക്ഷീയമോ ആയി ഭരണകൂടം മുകളിൽ നിന്ന് അടിച്ചേൽപ്പിക്കേണ്ട ഒന്നല്ല ഭരണഘടനയനുസരിച്ച് ഏകീകൃത സിവിൽ കോഡ് എന്നത്".

3. പ്രമേയത്തിലെ മൂന്നാമത്തെ ഖണ്ഡികയിലെ ആറാമത്തെ വരിയിലെ “ആചരിക്കാനുമുള്ള” എന്നതിന് പകരം “ആചരിക്കാനും പ്രചരിപ്പിക്കാനുമുള്ള" എന്നത് ചേർക്കുക.

4. പ്രമേയത്തിലെ നാലാമത്തെ ഖണ്ഡികയിലെ അവസാന ഭാഗത്തെ "അടിച്ചേൽപ്പിക്കലുകൾ എന്നും" എന്നതിനുശേഷം "ജനക്ഷേമ പദ്ധതികൾ നടപ്പാക്കുന്നതിലും രാജ്യത്തിന്റെയും ജനങ്ങളുടെയും പ്രധാന പ്രശ്നങ്ങൾ പരിഹരിക്കുന്നതിലും പരാജയപ്പെട്ട നരേന്ദ്ര മോദി സർക്കാർ അവസാനം അധികാരം നിലനിർത്താൻ നടത്തുന്ന ഹീനമായ ധ്രുവീകരണ രാഷ്ട്രീയത്തിന്റെ ഭാഗമാണ് ജനങ്ങളെ വിഭജിക്കാനുള്ള ഏകീകൃത സിവിൽ നിയമം നടപ്പാക്കുമെന്ന അദ്ദേഹത്തിന്റെ പ്രഖ്യാപനം എന്നും ഈ സഭ" എന്നീ വാക്കുകൾ കൂട്ടി ചേർക്കുക.

5. പ്രമേയത്തിലെ അവസാനത്തെ ഖണ്ഡിക ഇപ്രകാരം മാറ്റുക. "ജനങ്ങളെ വിഭജിക്കുന്നതും രാജ്യത്തിന്റെ ബഹുസ്വരതയെ തകർക്കുന്നതും വിശ്വാസങ്ങളെ ഹനിക്കുന്നതുമായ ഏക സിവിൽ കോഡ് അടിച്ചേൽപ്പിക്കാനുള്ള നീക്കത്തിൽനിന്ന് കേന്ദ്ര സർക്കാർ പിന്തിരിയണം എന്ന് കേരള നിയമസഭ ഐകകണ്ഠ്യേന ആവശ്യപ്പെടുന്നു".

പ്രമേയത്തിലെ രണ്ടാമത്തെ ഖണ്ഡികയുടെ അവസാനഭാഗത്ത് വ്യക്തതക്കുറവും തെറ്റും കാണുന്നുണ്ട്. അതിനാലാണ് അതിൽ ഭേദഗതി നിർദ്ദേശിച്ചത്. അതുപോലെ ആർട്ടിക്കിൾ 25-മായി ക്ലബ്ബ് ചെയ്തുവരുന്ന വാചകമായതുകൊണ്ടാണ് പ്രമേയത്തിലെ മൂന്നാമത്തെ ഖണ്ഡികയിൽ "ആചരിക്കാനുമുള്ള" എന്നതിന് പകരം "ആചരിക്കാനും പ്രചരിപ്പിക്കാനുമുള്ള" എന്നുള്ളതുകൂടി കൂട്ടിച്ചേർക്കണമെന്ന് നിർദ്ദേശിച്ചത്. പ്രമേയത്തിലെ നാലാമത്തെ ഖണ്ഡികയുടെ അവസാന ഭാഗത്ത് കാര്യങ്ങൾ കുറച്ചുകൂടി വ്യക്തതയോടുകൂടി പറയുന്നതിനാണ് ഭേദഗതി നിർദ്ദേശിച്ചത്. പ്രമേയത്തിന്റെ അവസാന ഖണ്ഡികയിൽ പറയുന്നതിലും ഒരു വലിയ പ്രശ്നമുണ്ട്. "രാജ്യത്തെ ജനങ്ങളെയാകെ ബാധിക്കുന്ന വിഷയങ്ങളിൽ വിവിധ

ജനവിഭാഗങ്ങളോടും സംസ്ഥാനങ്ങളോടും മതിയായ കൂടിയാലോചനകൾ നടത്തി മാത്രമെ നിയമനിർമ്മാണത്തിലേയ്ക്ക് കടക്കാവൂ" എന്ന് പറയുന്നതിൽ ഭാവിയിൽ ഏക സിവിൽ കോഡ് ചർച്ച നടത്തി നടപ്പാക്കണമെന്നുള്ള ധ്വനിയാണുള്ളത്. അത് അംഗീകരിക്കാൻ കഴിയില്ലെന്നുള്ളതിനാലാണ് ഭേദഗതി നിർദ്ദേശിച്ചത്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, പ്രതിപക്ഷവുമായി കൂടിയാലോചിച്ച് ഈ പ്രമേയം കൊണ്ടുവരാനുള്ള തീരുമാനത്തെ ഞങ്ങൾ സ്വാഗതം ചെയ്യുകയാണ്. ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ ചില ഭേദഗതികൾ ഉന്നയിക്കുകയുണ്ടായി. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് അവസാനത്തെ ഖണ്ഡികയിലേതാണ്. ആദ്യഭാഗത്തെല്ലാം നന്നായി വിശദീകരിച്ചിട്ടുണ്ടെങ്കിലും അതിനെ അല്പം ഡൈല്യൂട്ട് ചെയ്യുന്ന രീതിയിലാണ് അവസാനത്തെ ഖണ്ഡികയുള്ളത്. ആദ്യഭാഗങ്ങളിൽ പറഞ്ഞിരിക്കുന്നതുപോലെ കൃത്യമായി അവസാനത്തെ ഖണ്ഡികയിലും വരേണ്ടതാണ്. "രാജ്യത്തെ ജനങ്ങളെയാകെ ബാധിക്കുന്ന വിഷയങ്ങളിൽ വിവിധ ജനവിഭാഗങ്ങളോടും സംസ്ഥാനങ്ങളോടും മതിയായ

കൂടിയാലോചനകൾ നടത്തി മാത്രമേ നിയമനിർമ്മാണത്തിലേയ്ക്ക് കടക്കാവൂ" എന്ന ഭാഗം മാറ്റി, ഒരു കാരണവശാലും ഇത് നടപ്പാക്കാൻ പാടില്ല എന്ന രീതിയിലാക്കണം. കാരണം ഇതുസംബന്ധിച്ച് വിവിധ പ്രദേശങ്ങളിലെ ജനങ്ങളിൽനിന്ന് ലാ കമ്മീഷന് ധാരാളം അഭിപ്രായങ്ങൾ ലഭിച്ചിട്ടുണ്ട്, സംസ്ഥാനത്തുടനീളം ചർച്ച നടത്തുന്നുണ്ട് എന്നുള്ള വാദമാണ് കേന്ദ്രസർക്കാർ ഉന്നയിക്കുന്നത്. പ്രസ്തുത വാദത്തിന് ബലം നൽകുന്നൊരു വാചകം നമ്മുടെ പ്രമേയത്തിൽ വേണ്ട. നമ്മൾ എല്ലാവർക്കും ഒരു നിലപാടാണെന്ന് ഞാൻ കരുതുന്നു. അതുകൊണ്ട് നമ്മുടെ എല്ലാവരുടെയും നിലപാട് പ്രതിഫലിക്കുന്ന രീതിയിലുള്ള ഈ ഭേദഗതികൂടി ഉൾക്കൊണ്ടുകൊണ്ട് ആവശ്യമായ ഭേദഗതി വരുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി:</u> സർ, ഏക സിവിൽകോഡ് നടപ്പാക്കാനുള്ള നീക്കത്തിനെതിരെ പാർലമെന്റിൽ എല്ലാവരും യോജിച്ചുനിൽക്കുകയാണ്. പാർലമെന്റിലെ ഭരണകക്ഷി ഇടയ്ക്ക് കേരളത്തെ റഫറൻസായി എടുക്കുന്നുണ്ട്. അതുകൊണ്ട് കേരള നിയമസഭ പാസ്സാക്കുന്ന

പ്രമേയത്തിൽ എന്തെങ്കിലുമൊരു ഫ്ലോപ് ഉണ്ടെങ്കിൽ അത് ദുരുപയോഗം ചെയ്യപ്പെടും. അവിടെ ഇതിനെതിരായി ഒന്നിച്ച് നിൽക്കുന്ന കക്ഷികൾക്കും അത് ബുദ്ധിമുട്ടുണ്ടാക്കും. അതുകൊണ്ട് എല്ലാവരുമായി കൂടിയാലോചിച്ച് കുറ്റമറ്റൊരു പ്രമേയം കൊണ്ടുവരുന്നതാണ് നല്ലത്. ഇതിലെ ഓരോ വരിയും പ്രധാനപ്പെട്ടതാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഭരണഘടനയുടെ നിർദ്ദേശകതത്വങ്ങളിൽ പറയുന്ന ഏകീകൃത സിവിൽകോഡ് വേണോ വേണ്ടയോ എന്നതൊന്നുമല്ല ഇപ്പോൾ സംഘ്പരിവാർ ഇത് ചർച്ചയാക്കുന്നതിന്റെ പിന്നിലെ അജണ്ട. ഇവിടെ പ്രകടിപ്പിച്ച വികാരം പൂർണ്ണമായി അതിന്റെ ഭാഗമായി നാം കാണേണ്ടതായിട്ടുണ്ട്. ഭരണഘടനയിൽ പറയുന്ന പൊതു സിവിൽ നിയമമല്ല സംഘ്പരിവാറിന്റെ മനസ്സിലുള്ളത്. അത് മനുസ്മൃതി പ്രകാരമുള്ള ഒരു നിയമമാണ്. ഇതുസംബന്ധിച്ച് സംഘ്പരിവാർ പണ്ടേതന്നെ വ്യക്തമാക്കിയിട്ടുള്ളതാണ്. ഭരണഘടന ചർച്ചകൾ നടക്കുന്ന ഘട്ടത്തിൽ ഇന്നത്തെ സംഘ്പരിവാറിന്റെ പൂർവ്വരാഷ്ട്രീയ രൂപം അവരുടെ പത്രത്തിന്റെ മുഖപ്രസംഗത്തിൽ പറഞ്ഞത്,

'ഭരണഘടന രൂപപ്പെടുത്താൻ മാതൃകതേടി വിദേശ രാഷ്ട്രങ്ങളിലേയ്ക്കൊന്നും പോകേണ്ടതില്ല. നമ്മുടെ സ്വന്തം ബ്ലൂ പ്രിന്റ് ഇക്കാര്യത്തിൽ നമ്മുടെ മുന്നിലുണ്ട്. അത് മനുസ്മൃതിയാണ്' എന്നായിരുന്നു അതിന്റെ ഉള്ളടക്കം. പിന്നീട് 1950-ഓടെ ഭരണഘടന രൂപപ്പെട്ടപ്പോൾ അതിനെ അംഗീകരിക്കുന്നില്ലെന്ന് പറയാനും അവർക്ക് രണ്ടാമതൊന്ന് ആലോചിക്കേണ്ടിവന്നില്ല. ഭരണഘടനയെ അക്ഷരത്തിലും അർത്ഥത്തിലും തള്ളിപ്പറയുന്നവർ ഭരണഘടനയിലെ ഏതോ ഒരു കാര്യം നടപ്പാക്കാൻ ഇറങ്ങിയിരിക്കുകയാണെന്ന തെറ്റിദ്ധാരണയൊന്നും ആർക്കുംവേണ്ട. അവർക്ക് ഭരണഘടന മനുസ്മൃതിയാണ്. അതിലെ വ്യവസ്ഥകൾ പ്രകാരം ഇന്ത്യൻ സാമൂഹ്യഘടനയെ പുനഃക്രമീകരിക്കുകയാണ് അവർക്ക് വേണ്ടത്. സംഘ്പരിവാർ നമ്മുടെ രാജ്യത്തിന്റെ ഭരണഘടനയെ അംഗീകരിക്കുന്നില്ല. പിന്നെയല്ലേ അതിലെ നിർദ്ദേശക തത്വങ്ങളും സിവിൽ കോഡും അംഗീകരിക്കുന്നത്. സംഘ്പരിവാർ എപ്പോഴും നടത്തുന്നത് ഭരണഘടനയ്ക്കെതിരായ നീക്കമാണ്. അവരുടെ ഭരണഘടനാവിരുദ്ധ നീക്കങ്ങളുടെ കടന്നാക്രമണങ്ങളുടെ പട്ടികയിലെ ഒന്നുമാത്രമാണിത്.

അതല്ലാതെ ഭരണഘടനയിലെ നിർദ്ദേശകതത്വങ്ങളിൽ പറഞ്ഞിരിക്കുന്ന ഒരുകാര്യം നടപ്പാക്കിയെടുക്കാനോ ഭരണഘടനയെ ശക്തിപ്പെടുത്താനോ ഒന്നുമുള്ളതല്ല. ശരിഅത്തോ മുസ്ലീം വ്യക്തിനിയമമോ ഭരണഘടനയോ ഒന്നുമല്ല ഇവരുടെ ചർച്ചയുടെ ഫോക്കസ്. ഒരു ഹിന്ദു വർഗ്ഗീയ ചാതുർവർണ്ണ്യ നിയമത്തിൽ എല്ലാ ഇതരമതക്കാരെയും ഞെരിച്ചമർത്തുക എന്നതാണത്. 2025-ൽ ആർ.എസ്.എസ്. ശതാബ്ദി ആഘോഷിക്കേണ്ട വർഷമാണ്. അപ്പോഴേയ്ക്കും ചെയ്തുതീർക്കേണ്ട മൂന്ന് കാര്യങ്ങൾ ഇവർ നേരത്തേ പ്രഖ്യാപിച്ചിരുന്നു. ഹിന്ദുക്കളും മുസ്ലീംങ്ങളും ഇടകലർന്ന് ജീവിക്കുന്ന ഇന്ത്യൻ മതേതരത്വത്തിന്റെ പ്രതീകങ്ങളെയാകെ തകർക്കുക എന്നതാണത്. ആ മതനിരപേക്ഷ പ്രതീകങ്ങളിൽ ഒന്നായിരുന്നു ബാബറി മസ്ജിദ്. അത് തകർത്തു. മറ്റൊന്ന്, വിഭജനാനന്തരവും ഇന്ത്യയ്ക്കൊപ്പം നിൽക്കുന്ന മുസ്ലീം ഭൂരിപക്ഷ പ്രദേശമായ കാശ്മീരിന്റെ പ്രത്യേക പദവി എടുത്തുകളയലായിരുന്നു. അത് ചെയ്ത് കാശ്മീരിനെ ഖണ്ഡങ്ങളാക്കി. മൂന്നാമത്തേതാണ് ഭരണഘടനയെ മനുസ്മൃതികൊണ്ട് പകരംവയ്ക്കുക എന്നുള്ളത്. ഭരണഘടനയ്ക്കെതിരായ ഒരു കടന്നാക്രമണം എന്ന നിലയിലാണ്

ഇതിനെ കാണേണ്ടത്. ഹിന്ദു രാഷ്ട്രം സ്ഥാപിക്കാനുള്ള സംഘ്പരിവാറിന്റെ ചിരകാല സ്വപ്നത്തിന്റെ സാക്ഷാത്കാരത്തിനുവേണ്ടിയുള്ള വ്യഗ്രതയിലാണ് അവരിപ്പോൾ. ഇവിടെ ഉണ്ടായിരുന്നതും ലോകത്തിന്റെ പല പ്രദേശങ്ങളിൽനിന്ന് പല ഘട്ടങ്ങളിലായി ഇവിടെ വന്നുചേർന്നതുമായ വിവിധ സംസ്കാരങ്ങളടങ്ങിയതാണ് ഇന്നത്തെ ഇന്ത്യൻ സമൂഹം. ചരിത്രപരവും സാമൂഹ്യശാസ്ത്രപരവുമായ ആ യാഥാർത്ഥ്യം ഉൾക്കൊണ്ടുകൊണ്ടാണ് ദേശീയ പ്രസ്ഥാനത്തിന്റെ കാലത്ത് നാനാത്വത്തിൽ ഏകത്വമെന്ന ചിന്ത രൂപപ്പെട്ടുവന്നത്. ഉൾച്ചേർക്കലിൽ അടിസ്ഥാനപ്പെട്ട ആ കാഴ്ചപ്പാടാണ് ഇന്ത്യയുടെ ഏറ്റവും വലിയ സവിശേഷത. ആ കാഴ്ചപ്പാടിനെ ദൃഢപ്പെടുത്തുന്ന വിധത്തിലാണ് ഇന്ത്യൻ ഭരണഘടനയിൽ വിവിധ ഭാഷകളെയും സംസ്കാരങ്ങളെയും ജനവിഭാഗങ്ങളെയുമൊക്കെ ഉൾക്കൊള്ളുന്നതും അവയ്ക്ക് പ്രത്യേക പരിഗണനയോ സംരക്ഷണമോ വേണമെങ്കിൽ അത് ഉറപ്പ് വരുത്തുന്നതുമായ സമീപനം കൈക്കൊണ്ടത്. അത്തരമൊരു പൊതുവായ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണ് ഇന്ത്യൻ ഭരണഘടനയുടെ 21–ാം ഭാഗത്ത് ചില പ്രത്യേക വ്യവസ്ഥകൾ

ഉൾക്കൊള്ളിച്ചിട്ടുള്ളത്. അവയിൽ പ്രധാനപ്പെട്ടതാണ് 370, 371, 371 (എ)-(ഐ) വകുപ്പുകൾ. അവയിൽ ജമ്മുകാശ്മീരിന് ബാധകമായിരുന്ന 370-ാം വകുപ്പിനെ ഇപ്പോഴത്തെ കേന്ദ്ര സർക്കാർ അസാധുവാക്കിയ നടപടി നമ്മുടെയെല്ലാം ഓർമ്മയിലുണ്ട്. ഇപ്പോൾ ഏക സിവിൽ കോഡിനായി വാദിക്കുന്നവർ തന്നെയാണ് 370-ാം വകുപ്പ് എടുത്തുകളഞ്ഞ നടപടിയെ ന്യായീകരിക്കാനായി മുന്നിൽ നിന്നത്. ഇന്ത്യയുടെ ഏകീകരണത്തിന് ഉപകരിക്കുമെന്നുപറഞ്ഞ് അതിനെ സ്വാഗതം ചെയ്ത സംഘ്പരിവാറിതര രാഷ്ട്രീയശക്തികൾക്കുപോലും തങ്ങളുടെ സംസ്ഥാനങ്ങളിൽ സമാനമായ നടപടികൾ കൈക്കൊള്ളാൻ കേന്ദ്ര സർക്കാർ തുടങ്ങിയതോടെ അതിന്റെ ആപത്ത് മനസ്സിലായി. ഇന്ത്യൻ ഭരണഘടനയുടെ ആറാം ഷെഡ്യൂൾ പ്രകാരം ആദിവാസി ജനവിഭാഗങ്ങൾക്കായി ഓട്ടോണമസ് ഡിസ്ട്രിക്ട് കൗൺസിലുകൾ രൂപീകൃതമായിട്ടുണ്ട്. ആസ്സാം, മേഘാലയ, ത്രിപുര, മിസ്സോറം എന്നീ നാല് സംസ്ഥാനങ്ങളിലായി 10 ഓട്ടോണമസ് ഡിസ്ട്രിക്ട് കൗൺസിലുകളാണ് നിലവിലുള്ളത്. ഏക സിവിൽകോഡ് വേണമെന്ന് പറയുന്നവർ ഭരണഘടനാപരമായ ഈ ഓട്ടോണമസ് ഡിസ്ട്രിക്ട്

കൗൺസിലുകൾ വേണ്ടെന്ന് പറയുമോ? ഏക സിവിൽകോഡ് യാഥാർത്ഥ്യമായാൽ, ആദിവാസികളുടെ ഭൂമിയും അതിലെ വിഭവങ്ങളും വേണം എന്നാൽ അവരുടെ ജീവിതരീതികളും ഭക്ഷണക്രമവും അംഗീകരിക്കാനാകില്ലെന്ന പിന്തിരിപ്പൻ കാഴ്ചപ്പാട് മാറുമോ; ദളിതർക്കും ആദിവാസികൾക്കും പിന്നാക്കക്കാർക്കുമെല്ലാം ആരാധനാലയങ്ങളിൽ കയറാനും പ്രാർത്ഥന നടത്താനും പ്രാർത്ഥനകൾക്ക് നേതൃത്വം നൽകാനും കഴിയുമോ; വിദ്യാഭ്യാസത്തിലും തൊഴിലിലുമുള്ള ആദിവാസികളുടെയും ദളിതരുടെയും ന്യൂനപക്ഷങ്ങളുടെയും പിന്നാക്കക്കാരുടെയും പ്രാതിനിധ്യക്കുറവ് പരിഹരിക്കപ്പെടുമോ; തൊഴിലിന്റെയും വസ്ത്രത്തിന്റെയും ജീവിത പങ്കാളിയുടെയുമൊക്കെ പേരിൽ ദളിതർ ആക്രമിക്കപ്പെടാതിരിക്കുമോ; ഖാപ് പഞ്ചായത്തുകളെ ഇല്ലാതാക്കുമോ; പിന്തുടർച്ച, രക്ഷാകർതൃത്വം, ദത്തെടുക്കൽ എന്നിവയുമായി ബന്ധപ്പെട്ട നിയമങ്ങളിൽ ഹിന്ദു സ്ത്രീകൾ അനുഭവിക്കുന്ന വിവേചനം ഇല്ലാതാകുമോ?

സച്ചാർ കമ്മിറ്റി നിർദ്ദേശിച്ച തുല്യ അവസര കമ്മീഷൻ ഇനിയും യാഥാർത്ഥ്യമായിട്ടില്ല. രംഗനാഥ് മിശ്ര കമ്മീഷന്റെ സംവരണമുൾപ്പെടെയുള്ള

ശിപാർശകളും നടപ്പാക്കിയിട്ടില്ല. ഇതൊക്കെ സമൂഹത്തിലെ വിവിധ ജനവിഭാഗങ്ങളുടെയിടയിൽ തുല്യത ഉറപ്പുവരുത്താൻ ഉപകരിക്കുന്ന നിർദ്ദേശങ്ങളും ശിപാർശകളുമായിരുന്നു. അവയിലേയ്ക്കൊന്നും കടക്കാതെ നേരെ ഏകീകരണമെന്ന മുദ്രാവാക്യവുമായി സംഘ്പരിവാർ ഇറങ്ങിയിരിക്കുകയാണ്. സിവിൽ നിയമങ്ങൾ ഏകീകരിക്കണമെന്ന് പറയുന്നവർതന്നെയാണ് മുസ്ലീം സമുദായത്തിലെ വിവാഹ മോചനത്തെമാത്രം ക്രിമിനൽ കുറ്റമാക്കിമാറ്റിയതെന്ന് നാം ഓർക്കണം. നിയമങ്ങൾ എല്ലാവർക്കും ഒരുപോലെ ബാധകമാകണമെന്ന് പറയുന്നവർതന്നെയാണ് എല്ലാവർക്കും ഒരുപോലെ പൗരത്വം കൊടുക്കാൻ കഴിയില്ല എന്നുംപറയുന്നത്. നിയമങ്ങൾ എല്ലാവർക്കും ഒരുപോലെ ബാധകമാക്കുന്നതോടെ ഗുജറാത്തിലും മുസ്സാഫർ നഗറിലും കന്ധമാലിലും മണിപ്പൂരിലും സംഭവിച്ചത് ഇനിയൊരിക്കലും ആവർത്തിക്കാതിരിക്കുമോ? ഇന്ത്യൻ സമൂഹത്തെ ബാധിക്കുന്ന ഇത്തരം കാതലായ വിഷയങ്ങളെക്കുറിച്ച് സംസാരിക്കുന്നതിനോ അവ പരിഹരിക്കുന്നതിനോ ആവശ്യമായ ക്രിയാത്മക നടപടികൾ കൈക്കൊള്ളുന്നില്ല. അതേസമയം, ഏക സിവിൽ

കോഡ് എന്നുപറഞ്ഞുകൊണ്ട് വർഗ്ഗീയ ചേരിതിരിവ് സൃഷ്ടിക്കാനും രാഷ്ട്രീയ ലാഭം കൊയ്യാനുമാണ് സംഘ്പരിവാറും അവരുടെ ആജ്ഞാനുവർത്തികളായി അധികാര സ്ഥാനങ്ങളിലിരിക്കുന്നവരും ഇപ്പോൾ ശ്രമിക്കുന്നത്. രാജ്യത്ത് പൊതുതെരഞ്ഞെടുപ്പുകളാസന്നമാകുന്ന ഘട്ടങ്ങളിലെല്ലാം ജനങ്ങളെ ബാധിക്കുന്ന യഥാർത്ഥ വിഷയങ്ങളിൽനിന്ന് ശ്രദ്ധതിരിച്ചുവിടാനുള്ള ഇത്തരം നീക്കങ്ങൾ നടത്തപ്പെടാറുണ്ട്. 2014-ലെ ലോക്സഭാ തെരഞ്ഞെടുപ്പ് ഘട്ടത്തിൽ ബി.ജെ.പി. അഴിമതി, കള്ളപ്പണം, വിലക്കയറ്റം, സ്ത്രീ സുരക്ഷ എന്നിങ്ങനെ പലതിനെയുംകുറിച്ച് പറഞ്ഞിരുന്നു. എന്നാൽ ഇതൊക്കെ പരിഹരിക്കാൻ എന്തുചെയ്തുവെന്ന് പറയാൻ 2019-ലെ ലോക്സഭാ തെരഞ്ഞെടുപ്പ് ഘട്ടത്തിൽ ഒരിക്കൽപ്പോലും ബി.ജെ.പി. മുതിർന്നില്ല. അന്നവർ തീവ്രവാദത്തെക്കുറിച്ചും ദേശസുരക്ഷയെക്കുറിച്ചുമൊക്കെ പറഞ്ഞു. ഇനി 2024-ൽ അവർ അതിനെക്കുറിച്ച് മിണ്ടില്ലെന്ന് നമുക്കെല്ലാമറിയാം. കാരണം, ഇപ്പോഴും ഭീകരാക്രമണങ്ങൾ ഉണ്ടാകുന്നു, ഇന്ത്യൻ സൈനികർ കൊല്ലപ്പെടുന്നു. പുൽവാമയിൽ യഥാർത്ഥത്തിൽ സംഭവിച്ചത് എന്താണെന്നതിനെക്കുറിച്ച്

പല ആക്ഷേപങ്ങളും ഇപ്പോൾ ഉയർന്നുവന്നിട്ടുണ്ട്. ഇതിനെയൊക്കെ അതിജീവിക്കാനുള്ള അവരുടെ അടുത്ത പരിപാടിയാണ് ഏക സിവിൽ കോഡുമായി ബന്ധപ്പെട്ട് ഇപ്പോൾ ഉയർത്തിക്കൊണ്ടുവന്നിരിക്കുന്ന ചർച്ചകൾ എന്നത് നാം മനസ്സിലാക്കണം. ജനങ്ങളുടെ യഥാർത്ഥ ജീവൽപ്രശ്നങ്ങൾ ശ്രദ്ധയിൽനിന്ന് ഒഴിവാക്കിവിടാനുള്ള തന്ത്രമാണ് അവർ പയറ്റുന്നത്. ബി.ജെ.പി.-യും അവരുടെ സർക്കാരുകളും ഒരിക്കലും ദാരിദ്ര്യനിർമ്മാർജ്ജനത്തെക്കുറിച്ചോ, തൊഴിലില്ലായ്മ ഇല്ലാതാക്കുന്നതിനെക്കുറിച്ചോ, ദളിത് ജനവിഭാഗങ്ങൾ നിരന്തരം ആക്രമിക്കപ്പെടുന്നതിനെക്കുറിച്ചോ ഒന്നും പറയില്ല. രാജ്യം നേരിടുന്ന അത്തരം നീറുന്ന പ്രശ്നങ്ങളിൽനിന്ന് ജനശ്രദ്ധ മാറ്റിക്കാനുള്ള ഉപായം കൂടിയാണ് അവർക്ക് ഏക സിവിൽ കോഡ്. നിരവധി മതങ്ങളുടെയും സംസ്കാരങ്ങളുടെയും ഭാഷകളുടെയും വംശങ്ങളുടെയും സംഗമ ഭൂമിയാണ് ഇന്ത്യ. അവയൊക്കെ ഉൾക്കൊള്ളാനാണ് ഫെഡറൽ ഘടനയുള്ള മതനിരപേക്ഷ ജനാധിപത്യ റിപ്പബ്ലിക്കായി നമ്മുടെ ഭരണഘടനയിൽ ഇന്ത്യയെ വിഭാവനം ചെയ്തിരിക്കുന്നത്. ആ മൂല്യങ്ങളിൽ ഏതിനെതിരെ

നീങ്ങിയാലും അത് ഭരണഘടനയ്ക്കെതിരായ നീക്കമാണ്. സംഘ്പരിവാറാകട്ടെ അവയിൽ എല്ലാത്തിനുമെതിരായ നീക്കങ്ങളാണ് നടത്തുന്നത്. അതുകൊണ്ടുതന്നെ അത്തരം എല്ലാ നീക്കങ്ങൾക്കുമെതിരെ തികഞ്ഞ ജാഗ്രതയോടെയുള്ള പ്രതിരോധമാണ് ഈ ഘട്ടത്തിൽ ആവശ്യമായിട്ടുള്ളത്. കേരളമാകെ അത്തരത്തിലുള്ള ജാഗ്രത പുലർത്തുന്നുണ്ട് എന്നതിന്റെ തെളിവായി കേരള നിയമസഭ ഒറ്റക്കെട്ടായി ഇവിടെ പ്രമേയം അംഗീകരിക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്. ഇന്ത്യയിലാകെയുള്ള ജനാധിപത്യ മതനിരപേക്ഷവാദികൾ ആഗ്രഹിക്കുന്നതും അതുതന്നെയാണ്. ഇക്കാര്യം സഭയുടെ പരിഗണനയ്ക്കും അംഗീകാരത്തിനുമായി അവതരിപ്പിക്കുമ്പോൾ, ഇവിടെ കൊണ്ടുവന്നിട്ടുള്ള ഭേദഗതികൾകൂടി ഉൾക്കൊണ്ടുകൊണ്ട് ചില മാറ്റങ്ങളോടെ പ്രമേയം അവതരിപ്പിക്കാനാണ് ഞാൻ ഉദ്ദേശിക്കുന്നത്. ആ പ്രമേയം ഞാൻ വായിക്കാം.

"ഏക സിവിൽകോഡ് അടിച്ചേൽപ്പിക്കാനുള്ള കേന്ദ്ര സർക്കാരിന്റെ നീക്കത്തിൽ കേരള നിയമസഭ ആശങ്കയും ഉൽക്കണ്ഠയും രേഖപ്പെടുത്തുന്നു. ഏകപക്ഷീയവും ധൃതിപിടിച്ചുള്ളതുമായ കേന്ദ്ര നീക്കം ഭരണഘടനയുടെ

മതനിരപേക്ഷ സ്വഭാവത്തെ ഇല്ലായ്മ ചെയ്യുന്നതാണെന്ന് ഈ സഭ വിലയിരുത്തുന്നു.

ഭരണഘടന അതിന്റെ നിർദ്ദേശക തത്വങ്ങളിൽ മാത്രമാണ് പൊതുസിവിൽ നിയമത്തെക്കുറിച്ച് പരാമർശിക്കുന്നത്. നിർദ്ദേശക തത്വങ്ങളിൽ മാത്രമായി ഇതുപരിമിതപ്പെടുത്തി എന്നത് ശ്രദ്ധേയമാണ്. നടപ്പാക്കണമെന്ന നിർബന്ധ സ്വഭാവമുള്ളവയല്ല നിർദ്ദേശക തത്വങ്ങൾ. മൗലികാവകാശങ്ങൾ നിർബന്ധിതമായി നടപ്പാക്കാൻ കോടതിക്ക് കൽപ്പിക്കാം. എന്നാൽ, കോടതിക്കുപോലും നിർബന്ധിതമായി നടപ്പാക്കണമെന്ന് കൽപ്പിക്കാനാവാത്തതാണ് ഭരണഘടനയുടെ 44-ാം അനുച്ഛേദത്തിലെ നിർദ്ദേശക തത്വങ്ങൾ. ഭരണഘടനാ ശിൽപ്പികൾ എത്രമേൽ ആലോചിച്ചാണിങ്ങനെ ചെയ്തതെന്നും എന്തുകൊണ്ടാണിങ്ങനെ ചെയ്തതെന്നും മനസ്സിലാക്കണം.

ഭരണഘടനയുടെ ആമുഖത്തിലൂടെതന്നെ മതനിരപേക്ഷത ഉറപ്പുനൽകുന്ന രാജ്യമാണ് ഇന്ത്യ. ഏത് മതത്തിൽ വിശ്വസിക്കാനും അതിൻപ്രകാരം ജീവിക്കാനുമുള്ള പൗരന്റെ സ്വാതന്ത്ര്യം

മൗലികാവകാശങ്ങളുടെ ഭാഗമാക്കിത്തന്നെ ഭരണഘടന ഉറപ്പുനൽകുന്നു. ഭരണഘടനയുടെ 25-ാം അനുച്ഛേദം ഉറപ്പുനൽകുന്ന ആ മതസ്വാതന്ത്ര്യം മതപരമായ വ്യക്തിനിയമങ്ങൾ അനുസരിക്കാനും ജീവിതത്തിൽ ആചരിക്കാനുമുള്ള അവകാശത്തെക്കൂടി ഉൾക്കൊള്ളുന്നതാണെന്നിരിക്കെ, ആ ആചരിക്കലിനെ വിലക്കുന്ന നിയമനിർമ്മാണം, ഭരണഘടനാപരമായ മതസ്വാതന്ത്ര്യമെന്ന മൗലികാവകാശത്തിന്റെ നിഷേധവും ലംഘനവുമാകും. സ്വന്തം മതവിശ്വാസങ്ങൾക്കനുസരിച്ച് ജീവിക്കുക എന്നത് മൗലികമായ വ്യക്തി സ്വാതന്ത്ര്യമായിരിക്കെ, അത് നിഷേധിക്കലുമാകും.

ഭരണഘടനയുടെ 44-ാം അനുച്ഛേദത്തിൽ പറയുന്നത് ഒരു പൊതു സിവിൽ നിയമസംഹിത സംപ്രാപ്തമാക്കുവാൻ രാഷ്ട്രം യത്നിക്കേണ്ടതാണ് എന്നുമാത്രമാണ്. അഭിപ്രായസമന്വയത്തിലൂടെ, വ്യത്യസ്ത മതവിഭാഗങ്ങളുമായുള്ള ആശയസംവാദത്തിലൂടെ, കാലക്രമത്തിൽ മാത്രം സാധിക്കേണ്ടതാണത് എന്നതാണ് അതിന്റെ സൂചന. അത്തരത്തിലുള്ള ഒരു ആശയസംവാദം നടത്തുകയോ അഭിപ്രായ സമന്വയം സൃഷ്ടിക്കുകയോ ചെയ്യാതെയാണ് കേന്ദ്ര സർക്കാർ ഇത്തരത്തിലുള്ള ഏകപക്ഷീയ

നീക്കവുമായി മുന്നോട്ടുവന്നിട്ടുള്ളത് എന്നത് വിവിധ ജനവിഭാഗങ്ങളിൽ ആശങ്കയുളവാക്കുന്നു. കേരള നിയമസഭയും ആ ആശങ്ക പങ്കുവയ്ക്കുന്നു. ജനങ്ങളുടെ ഒരുമയെ ഛിദ്രീകരിക്കാനുള്ള വർഗ്ഗീയ നീക്കമാണ് ഇതെന്നും, രാഷ്ട്രത്തിന്റെ ഐക്യത്തിന് ഹാനികരമാണ് ഇത്തരം അടിച്ചേൽപ്പിക്കലുകളെന്നും വിലയിരുത്തുന്നു.

കോൺസ്റ്റിറ്റ്യുവന്റ് അസംബ്ലിയിൽ തന്നെ ഏക സിവിൽ നിയമത്തെ സംബന്ധിച്ച വ്യത്യസ്ത അഭിപ്രായങ്ങൾ ഉയർന്നിരുന്നു. ആ അവസരത്തിൽ ഡോ. ബി. ആർ. അംബേദ്കർ ഇക്കാര്യത്തിലെടുത്ത നിലപാട് ശ്രദ്ധേയമാണ്. ഇന്ത്യയുടെ സങ്കീർണ്ണമായ സാമൂഹിക യാഥാർത്ഥ്യങ്ങളെ പരിഗണിക്കുന്നതും വ്യത്യസ്ത മതവിഭാഗങ്ങളുടെ സമന്വയത്തെ ശക്തമാക്കുന്നതുമായിരുന്നു അംബേദ്കറുടെ നിലപാട്. വൈവിധ്യത്തിലെ ഏകത്വത്തെ അംഗീകരിക്കുന്നതായിരുന്നു അത്.

വ്യക്തിനിയമങ്ങൾ തെരഞ്ഞെടുക്കാനുള്ള അവകാശം പൗരജനങ്ങളിൽ നിലനിർത്തിക്കൊണ്ടുള്ള പൊതു സിവിൽ നിയമത്തിനായി വേണമെങ്കിൽ പാർലമെന്റിന് ശ്രമിക്കാമെന്ന് പറഞ്ഞ അംബേദ്കർ അതുപോലും

നിർബന്ധമായി വേണമെന്ന് ശഠിച്ചില്ല. കേവലം ഒരു സാധ്യത സൂചിപ്പിക്കുക മാത്രമാണ് അദ്ദേഹം ചെയ്തത്. അതിന്റെ പ്രതിഫലനമാണ് പൊതു സിവിൽ നിയമ പരാമർശം നിർദ്ദേശക തത്വങ്ങളിൽ മാത്രമായി പരിമിതപ്പെട്ടത്.

രാജ്യത്തെ ജനങ്ങളെയാകെ ബാധിക്കുന്ന ഈ വിഷയത്തിൽ ഏത് നീക്കം നടത്തുന്നതിൽനിന്നും കേന്ദ്ര സർക്കാർ പിന്തിരിയണമെന്ന് ഈ സഭ ഐകകണ്ഠ്യേന ആവശ്യപ്പെടുന്നു."

മി. സ്പീക്കർ: സർവ്വശ്രീ എൻ. ഷംസുദ്ദീൻ, മഞ്ഞളാംകുഴി അലി, ടി. വി. ഇബ്രാഹിം, പി. ഉബൈദുള്ള, ടി. സിദ്ദിഖ് എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഭേദഗതികൾ പ്രസ് ചെയ്യുന്നുണ്ടോ?

(ഭേദഗതികൾ പ്രസ് ചെയ്തില്ല)

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച പ്രമേയം പാസ്സാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കിയിരിക്കുന്നു.

**12.51 p.m]**

**XII നിയമനിർമ്മാണകാര്യം:**

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും:

(i)2023-ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ഭേദഗതി ബിൽ

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, 2023-ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ഭേദഗതി ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസുകൾ പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ട് ചട്ടം 75 (1) പ്രകാരമുള്ള സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

**ക്രമപ്രശ്നം**

<u>ധനകാര്യ മെമ്മോറാണ്ടത്തിലെ അപാകത</u>

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, നിയമസഭാ നടപടിചട്ടം 73-ൽ "പണചെലവ് അന്തർഭവിക്കുന്ന ബില്ലിനോടുകൂടി ഒരു ധനകാര്യ മെമ്മോറാണ്ടം ചേർക്കേണ്ടതാണ്. അത്, ചെലവ് അന്തർഭവിക്കുന്ന ഖണ്ഡങ്ങളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കേണ്ടതും, ബിൽ നിയമമായി പാസ്സാക്കുന്നപക്ഷം ഉൾക്കൊള്ളുന്ന ആവർത്തകവും അനാവർത്തകവുമായ മതിപ്പു ചെലവുകൂടി അതിൽ നൽകേണ്ടതും ആകുന്നു"എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ 2023-ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ഭേദഗതി ബില്ലിന്റെ ധനകാര്യ മെമ്മോറാണ്ടത്തിൽ, ബില്ലിലെ 5-ാം ഖണ്ഡം പ്രകാരം, പ്രധാന ആക്ടിലെ 7-ാം വകുപ്പിലെ (2)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ പ്രകാരം സുരക്ഷാ ഉദ്യോഗസ്ഥരെ നിയമിക്കുന്നതും സി.സി.ടി.വി. ക്യാമറ, മറ്റ് സുരക്ഷാ സാമഗ്രികൾ/ഉപകരണങ്ങൾ, കൺട്രോൾ റൂമുകൾ, അലാറം സിസ്റ്റം എന്നിവ ആശുപത്രികളിൽ

സ്ഥാപിക്കുന്നതിനായി സർക്കാരിന്റെ സഞ്ചിതനിധിയിൽനിന്നും കൃത്യമായ ചെലവുണ്ടാകുമെങ്കിലും ഈ ഘട്ടത്തിൽ ചെലവ് കൃത്യമായി കണക്കാക്കാൻ കഴിയില്ലായെന്ന് പറഞ്ഞിട്ടുള്ളത് സഭാ നടപടിചട്ടം 73-ന്റെ നിബന്ധനകൾക്ക് വിരുദ്ധമാണ്. 2014 ജൂൺ 10-ാം തീയതി 2014-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബില്ലിന്റെ ചർച്ചാവേളയിൽ ബില്ലിനോടൊപ്പം നൽകിയിരുന്ന ധനകാര്യ മെമ്മോറാണ്ടം ക്രമപ്രകാരമല്ലാത്തതിനാൽ പുതുക്കിയ ധനകാര്യ മെമ്മോറാണ്ടം സഭയിൽ വയ്ക്കണമെന്നാവശ്യപ്പെട്ട് ഒരംഗം ക്രമപ്രശ്നം ഉന്നയിച്ചതിന്മേൽ അന്നത്തെ സ്പീക്കർ ജി. കാർത്തികേയൻ റൂളിംഗ് നൽകുകയുണ്ടായി. സഞ്ചിതനിധിയിൽനിന്നും ചെലവുണ്ടാകുകയില്ലെങ്കിലും നിയമസഭാചട്ടം അനുശാസിക്കുംപ്രകാരം ചെലവ് അന്തർഭവിക്കുന്ന ബില്ലിനോടുകൂടി മതിപ്പുചെലവ് സഭയെ അറിയിക്കുന്നതായിരിക്കും ഉചിതമെന്നും പുതുക്കിയ ധനകാര്യ മെമ്മോറാണ്ടം ബിൽ പരിഗണിക്കുന്നതിനുമുൻപ് അംഗങ്ങളുടെ അറിവിലേയ്ക്ക് സർക്കുലേറ്റ് ചെയ്യണമെന്നുമായിരുന്നു റൂളിംഗ് നൽകിയത്. ഈ പശ്ചാത്തലത്തിൽ നിയമസഭാ നടപടിചട്ടം അനുശാസിക്കുന്ന പ്രകാരം

ഈ ബില്ലിലെ 5-ാം ഖണ്ഡത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള കാര്യങ്ങളെ സംബന്ധിച്ച് മതിപ്പുചെലവ് കണക്കാക്കി പുതിയ ധനകാര്യ മെമ്മോറാണ്ടം ബിൽ പരിഗണിക്കുന്നതിന് മുൻപായി അംഗങ്ങളുടെ അറിവിലേയ്ക്ക് സർക്കുലേറ്റ് ചെയ്യണമെന്ന് അങ്ങ് റൂൾ ചെയ്യണമെന്നതാണ് എന്റെ ക്രമപ്രശ്നം.

<u>ബില്ലിലെ വ്യവസ്ഥകളിലെ അവ്യക്തത</u>

<u>ശ്രീ. മാത്യു ടി. തോമസ്</u>: സർ, ഈ കരട് നിയമത്തിന്റെ ഖണ്ഡം 3 (iii) സംബന്ധിച്ചാണ് ക്രമപ്രശ്നം ഉന്നയിക്കുന്നത്. ഇന്ത്യൻ പീനൽ കോഡിലെ 320-ാം വകുപ്പിൽ നിർവ്വചിച്ച പ്രകാരമുള്ള അതികഠിന പരിക്കിന് (grievous hurt) വിധേയമാക്കുന്ന തരത്തിൽ കുറ്റം ചെയ്താലുള്ള ശിക്ഷയെക്കുറിച്ച് ബില്ലിൽ പരാമർശിക്കുന്നുണ്ട്. എന്നാൽ അങ്ങനെയുള്ള ഒരു കുറ്റത്തെ സംബന്ധിച്ചുള്ള ശിക്ഷ ഇന്ത്യൻ പീനൽ കോഡിലുള്ളപ്പോൾ അതിനെക്കുറിച്ച് മറ്റൊരു രൂപത്തിൽ ഈ നിയമത്തിൽ പറയുന്നത് ശരിയല്ല. പരസ്പരവിരുദ്ധമായി വരികയാണെങ്കിൽ കേന്ദ്ര നിയമമാണ് പ്രഭാവത്തിൽ വരിക. കേന്ദ്രനിയമത്തിന് repugnant ആയിവരുന്ന സംസ്ഥാന നിയമങ്ങൾ

അസാധുവാകുമെന്നാണ് ഭരണഘടനയുടെ അനുച്ഛേദം 251 പറയുന്നത്. ഈ ബില്ലിലെ പൊരുത്തക്കേടുകൾ സംബന്ധിച്ച് സൂചിപ്പിക്കാം. ഇന്ത്യൻ പീനൽ കോഡിൽ (ഐ.പി.സി.) മിനിമം ശിക്ഷ പറയുന്നില്ല, എന്നാൽ ഈ ബില്ലിൽ അതുസംബന്ധിച്ച് പറയുന്നുവെന്നതാണ് പ്രധാനമായുള്ളത്. അതുപോലെ ഐ.പി.സി. 325-ാം വകുപ്പിൽ പറയുന്ന ശിക്ഷയുടെ പിഴ നിജപ്പെടുത്തിയിട്ടില്ല. അങ്ങനെ ചെയ്യാത്തിടത്തോളം കാലം ഐ.പി.സി. 61-ാംവകുപ്പുപ്രകാരം എത്രവേണമെങ്കിലും പിഴ ചുമത്താം. എന്നാൽ ഈ ബില്ലിൽ നമ്മൾ പിഴ നിജപ്പെടുത്തുകയാണ്. അതുപോലെ ദേഹോപദ്രവം ഏൽപ്പിക്കപ്പെടുന്ന വ്യക്തി ഒരു പബ്ലിക് സെർവന്റാണെങ്കിലുള്ള ശിക്ഷയെക്കുറിച്ച് ഐ.പി.സി. 333-ാം വകുപ്പിൽ പറയുന്നുണ്ട്. അത് 10 വർഷം വരെയുള്ള കഠിന തടവാണ്. അതിൽ ഏതുവിധത്തിലുള്ള തടവുമാകാം. ഇവിടെ നമ്മൾ അത് 7 വർഷമായി നിജപ്പെടുത്തുകയാണ്. അതായത് ഈ നിയമത്തിൽ പ്രത്യേകമായി ഐ.പി.സി. 320-ാം വകുപ്പിൽ നിർവ്വചിച്ച പ്രകാരമുള്ള കുറ്റമെന്ന് പറയുകയും അതിന്റെ ശിക്ഷയ്ക്കുള്ള വ്യവസ്ഥ കേന്ദ്ര നിയമത്തിന് വിരുദ്ധമായാൽ നമ്മൾ പാസ്സാക്കുന്ന

നിയമത്തിലെ പ്രസ്തുത ഭാഗം വോയിഡ് ആയിമാറുമെന്നുള്ള ക്രമപ്രശ്നമാണ് ഉന്നയിക്കുന്നത്. ഇത് ഒരു തടസ്സവാദമെന്ന നിലയിലല്ല പറയുന്നത്. ഈ പ്രശ്നം സബ്ജക്ട് കമ്മിറ്റി ചർച്ച ചെയ്യുമ്പോൾ വ്യക്തത വരുത്താൻവേണ്ടി അങ്ങ് റൂളിംഗ് നൽകണമെന്നതാണ് എന്റെ ആവശ്യം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, ബഹുമാനപ്പെട്ട അംഗങ്ങൾ രണ്ട് വിഷയങ്ങളാണ് ഈ ബില്ലുമായി ബന്ധപ്പെട്ട് ഉന്നയിച്ചിരിക്കുന്നത്. ബില്ലിലെ ധനകാര്യ മെമ്മോറാണ്ടത്തിൽ ഒരു നിശ്ചിത തുക ക്വാട്ട് ചെയ്തിട്ടില്ലെന്ന വിഷയമാണ് ബഹുമാന്യനായ രമേശ് ചെന്നിത്തല നിയമസഭാ നടപടിചട്ടം 73 ഉദ്ധരിച്ചുകൊണ്ട് പറഞ്ഞിരിക്കുന്നത്. 2023-ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ഭേദഗതി ബില്ലിന്റെ ഖണ്ഡം 5 പ്രകാരം സർക്കാരിന് ഔദ്യോഗിക ഗസറ്റ് വിജ്ഞാപനം വഴി, ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിനായി ചില കാര്യങ്ങളിൽ പ്രത്യേക ചട്ടങ്ങൾ ഉണ്ടാക്കാൻ കഴിയുന്നതാണ്. അതാണ് അദ്ദേഹം ഇവിടെ ഉദ്ധരിച്ചത്.

സുരക്ഷാ ഉദ്യോഗസ്ഥർ ഉൾപ്പെടെയുള്ളവരെ നിയമിക്കൽ, സി.സി.ടി.വി. ക്യാമറ, മറ്റ് സുരക്ഷാ സാമഗ്രികൾ/ഉപകരണങ്ങൾ സ്ഥാപിക്കൽ, കൺട്രോൾ റൂമുകൾ, അലാറം സിസ്റ്റംസ് മുതലായവ ഏർപ്പെടുത്തൽ, തല്പരകക്ഷികളെ അറിയിക്കേണ്ട പ്രധാനപ്പെട്ട വിവരങ്ങൾ പ്രദർശിപ്പിക്കൽ, ഡോക്ടർമാർ, മറ്റ് ആരോഗ്യരക്ഷാ പ്രൊഫഷണലുകൾ, വിദ്യാർത്ഥികൾ മുതലായവർ എപ്രകാരം സംരക്ഷിക്കപ്പെടണമെന്നതും പെരുമാറണമെന്നതും സംബന്ധിച്ചുള്ള പ്രോട്ടോക്കോളുകൾ തയ്യാറാക്കൽ മുതലായ കാര്യങ്ങൾക്ക് ചട്ടങ്ങളുണ്ടാക്കാവുന്നതാണെന്നാണ് ഈ ഭേദഗതി ബില്ലിലൂടെ കൊണ്ടുവരുന്നത്. ഈ നിയമത്തിൻ കീഴിൽ ചട്ടങ്ങളുണ്ടാക്കുകയും നടപ്പിൽ വരുത്തുകയും ചെയ്യുമ്പോൾ ഇത്തരം സംവിധാനമില്ലാത്ത ആശുപത്രികളിൽ അധിക ചെലവ് വരുമെന്നകാര്യം ബില്ലിലെ ധനകാര്യ മെമ്മോറാണ്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം രേഖപ്പെടുത്തിയിരിക്കുന്നത്, "പ്രസ്തുത കാര്യങ്ങൾ സർക്കാർ ഘട്ടംഘട്ടമായാണ് നടപ്പാക്കുന്നത്. ആയതിന് സർക്കാരിന്റെ സഞ്ചിതനിധിയിൽനിന്നും ചെലവുണ്ടാകുന്നതാണ്. എന്നാൽ ഇതിനായി

എത്ര തുക ചെലവ് വരുമെന്ന് ഈ ഘട്ടത്തിൽ കണക്കാക്കാൻ കഴിയുകയില്ല" എന്നാണ്. ഇതിലെ ഓരോ ഘടകവും സംബന്ധിച്ച് ആവശ്യമായി വരുന്ന ചെലവ് കണക്കാക്കുന്നതിന് സമയമെടുക്കുമെന്നുള്ളതാണ് വസ്തുത. സർക്കാരിന്റെ സഞ്ചിതനിധിയിൽനിന്ന് മാത്രമല്ല, ഹോസ്പിറ്റൽ ഡെവലപ്മെന്റ് ഫണ്ട്, ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി ഫണ്ട്, സി.എസ്.ആർ. ഫണ്ട് തുടങ്ങിയവ ഉപയോഗിച്ചും ആശുപത്രികളിൽ സി.സി.ടി.വി., മറ്റ് സുരക്ഷാ ഉപകരണങ്ങൾ തുടങ്ങിയവയൊക്കെ സ്ഥാപിക്കാറുണ്ട്. ഒട്ടേറെ സ്ഥാപനങ്ങളിൽ അങ്ങനെ ചെയ്തിട്ടുണ്ട്. ഭരണഘടനയുടെ അനുച്ഛേദം 207(3) പ്രകാരം ഈ ബില്ലിന്റെ പരിഗണനയ്ക്ക് ബഹുമാനപ്പെട്ട ഗവർണ്ണറുടെ ശിപാർശ ലഭ്യമായിട്ടുണ്ട്. അത് സഹിതമാണ് ബിൽ അവതരിപ്പിച്ചിരിക്കുന്നതെന്നതുകൊണ്ട് ബില്ലിന് അവതരണാനുമതി നൽകണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്. അതുകൂടാതെ വളരെ പ്രധാനപ്പെട്ടൊരു കാര്യം കൂടിയുണ്ട്. ഇതിനുമുൻപ് സഭയിൽ അവതരിപ്പിച്ച ഇത്തരത്തിലുള്ള ബില്ലുകൾക്ക് അവതരണാനുമതി നൽകിക്കൊണ്ടുള്ള റൂളിംഗുകളുണ്ടായിട്ടുണ്ട്. 1976-ലെ കേരള ടോൾസ് ബില്ലിന്റെ

അവതരണവേളയിൽ ധനകാര്യ മെമ്മോറാണ്ടത്തിൽ ചെലവ് സംബന്ധിച്ച വ്യക്തതയില്ലെന്ന ക്രമപ്രശ്നം ഉന്നയിക്കുകയുണ്ടായി. ബില്ലിലെ വ്യവസ്ഥകൾ നടപ്പാക്കുമ്പോൾ വേണ്ടിവരുന്ന ചെലവ് മുൻകൂട്ടി തിട്ടപ്പെടുത്താൻ പ്രായോഗിക ബുദ്ധിമുട്ടുണ്ടെന്ന സർക്കാരിന്റെ നിലപാട് സഭാദ്ധ്യക്ഷൻ അന്ന് അംഗീകരിക്കുകയാണ് ചെയ്തത്. 1999-ലെ കേരള ലോക് ആയുക്ത ബില്ലിന്റെ അവതരണവേളയിലും ബില്ലിൽ ചെലവുകൾ വ്യക്തമല്ലെന്ന ക്രമപ്രശ്നം ഉന്നയിക്കപ്പെട്ടു. 2005-ലെ കേരള ചൂതാട്ട ഭേദഗതി ബില്ലും 2005-ലെ പേപ്പർ ലോട്ടറികളിന്മേലുള്ള കേരള നികുതി ബില്ലും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം ചർച്ച ചെയ്യവേ സമാനമായ ക്രമപ്രശ്നം ഉന്നയിക്കപ്പെട്ടിട്ടുണ്ട്. അതുകൊണ്ട് നേരത്തെയുള്ള റൂളിംഗുകൾകൂടി പരിഗണിച്ചുകൊണ്ട്, ഇങ്ങനെയൊരു ഓർഡിനൻസ് സംസ്ഥാന സർക്കാർ കൊണ്ടുവരാനിടയായ സാഹചര്യവും അതിന്റെ സദുദ്ദേശ്യവും ലക്ഷ്യവും സഭ പരിഗണിക്കണമെന്നും ഘട്ടംഘട്ടമായി വരുന്ന ചെലവ് ഒറ്റയടിക്ക് നിശ്ചയിക്കാൻ കഴിയാത്തതിനാലും ഭരണഘടനയുടെ 207(3) അനുച്ഛേദപ്രകാരം ബഹുമാനപ്പെട്ട ഗവർണ്ണറുടെ അനുമതി ലഭ്യമാക്കിയ

സാഹചര്യത്തിലും ബില്ലിന് അവതരണാനുമതി നൽകണമെന്നുള്ളതാണ് ബഹുമാന്യനായ രമേശ് ചെന്നിത്തല ഉന്നയിച്ച ക്രമപ്രശ്നത്തിന്മേൽ എനിക്ക് പറയാനുള്ളത്.

**1.00 p.m]**

ബഹുമാന്യനായ അംഗം മാത്യു ടി. തോമസ് ഉന്നയിച്ച വിഷയം സംബന്ധിച്ചാണ് രണ്ടാമത് വിശദീകരിക്കാനുള്ളത്. ഇന്ത്യൻ പീനൽ കോഡിലെ ശിക്ഷാ വ്യവസ്ഥകൾക്ക് വിരുദ്ധമായി ഒരു സംസ്ഥാന നിയമസഭയ്ക്ക് നിയമം നിർമ്മിക്കാൻ കഴിയുമോയെന്ന ക്രമപ്രശ്നമാണ് അദ്ദേഹം ഉന്നയിച്ചിരിക്കുന്നത്. 2012-ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ആക്ടിനുള്ള ഭേദഗതിയാണ് ഈ ബില്ലിലൂടെ കൊണ്ടുവന്നിരിക്കുന്നത്. ഒരു കേന്ദ്ര നിയമത്തിൽ നിർവ്വചിച്ചിരിക്കുന്ന കുറ്റകൃത്യത്തിനുള്ള ശിക്ഷയെക്കുറിച്ച് ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 320-ാം വകുപ്പ് ഉദ്ധരിച്ചുകൊണ്ടാണ് അദ്ദേഹം സംസാരിച്ചത്. എന്നാൽ പ്രസ്തുത വകുപ്പ് ഒരു ഡെഫനിഷനാണ്, Grievous hurt എന്നതിന്റെ നിർവ്വചനമാണ്

അതിൽ സൂചിപ്പിച്ചിരിക്കുന്നത്. അങ്ങനെയുള്ള കുറ്റങ്ങൾക്കുള്ള ശിക്ഷയെക്കുറിച്ച് പ്രതിപാദിച്ചിരിക്കുന്നത് ഐ.പി.സി. 325-ാം വകുപ്പിലാണ്. പ്രസ്തുത വകുപ്പിൽ പെനാൽട്ടി, തടവുശിക്ഷ എന്നിവയെക്കുറിച്ചും പറയുന്നുണ്ട് - "........shall be punished with imprisonment of either description for a term which may extend to seven years, and shall also be liable to fine". അതായത് ഈ ഭേദഗതി ബില്ലിലെ വ്യവസ്ഥകൾ കേന്ദ്രനിയമത്തിന് വിരുദ്ധമാകുന്നില്ല. മാത്രമല്ല, ഇത്തരം കുറ്റകൃത്യങ്ങൾക്ക് മിനിമം പിഴയും ശിക്ഷയും ഉറപ്പുവരുത്തുന്നതിനുവേണ്ടിയാണ് ഈ ഭേദഗതി നിയമം കൊണ്ടുവരുന്നത്. അത്തരത്തിലുള്ള ശിക്ഷാ നടപടികൾക്കായി സംസ്ഥാനത്തിന് ഇങ്ങനെയൊരു നിയമം കൊണ്ടുവരാൻ അധികാരമുണ്ടോ എന്നതാണ് അടുത്ത വിഷയം. Public Health, Public Order എന്നിവ ഉൾപ്പെടുന്നത് സ്റ്റേറ്റ് ലിസ്റ്റിലാണ്. സ്റ്റേറ്റ് ലിസ്റ്റിൽ വരുന്ന ഒരു വിഷയത്തിൽ പ്രത്യേക നിയമമുണ്ടാക്കുന്നതിനും നിയമലംഘനങ്ങൾക്ക് ശിക്ഷ കൊണ്ടുവരുന്നതിനും സംസ്ഥാനത്തിന് അധികാരമുണ്ടെന്ന് അതിന്റെ എൻട്രി 64-ൽ പറഞ്ഞിട്ടുമുണ്ട്. പബ്ലിക് സെർവന്റിന് ഐ.പി.സി.

നൽകിയിരിക്കുന്ന പരിരക്ഷ ഈ നിയമം വന്നാൽ ആരോഗ്യപ്രവർത്തകർക്ക് ലഭിക്കില്ലെന്നുള്ളതാണ് അടുത്ത വിഷയമായി പറഞ്ഞിരിക്കുന്നത്. എന്നാൽ പബ്ലിക് സെർവന്റിന് ഐ.പി.സി. നൽകുന്ന പരിരക്ഷ ഈ നിയമം പ്രാബല്യത്തിൽ വന്നാലും ലഭിക്കുമെന്നാണ് ഞാൻ കാണുന്നത്. "The General Clauses Act-ന്റെ 26-ാം വകുപ്പിൽ "Provision as to offences punishable under two or more enactments"എന്നാണ് പറയുന്നത്. ആ പരിരക്ഷ ആരോഗ്യപ്രവർത്തകർക്കും ലഭിക്കും. അതുകൂടാതെ കേന്ദ്ര നിയമമായ Criminal Procedure Code Section 4(2), 5 എന്നിവ പ്രകാരം പ്രത്യേകം ശിക്ഷാവ്യവസ്ഥകൾ ഏർപ്പെടുത്തുന്നതിനും അവ പ്രത്യേകമായി കൈകാര്യം ചെയ്യുന്നതിനും വ്യവസ്ഥയുണ്ടെന്നുള്ളതും ഇതിനൊപ്പം കാണേണ്ടതുണ്ട്. ഒരു വിഷയം കൂടി ഇതിന്റെ ഭാഗമായി വരുന്നുണ്ട്, "ഒരു പൊതുനിയമവും ഒരു സ്പെഷ്യൽ നിയമവും നിലവിലുണ്ടെങ്കിൽ അത് എങ്ങനെയായിരിക്കുമെന്നത് 'Legal Maxim'-ൽ വിശദമാക്കിയിട്ടുണ്ട്. "Generalia stands for general and Specialibus stands for special. It means that general laws do not prevail over special laws or the general does not

detract from specifics”എന്ന് പറയുന്നതിനാൽ സ്വീകരിക്കുന്ന നടപടി സംബന്ധിച്ച് വ്യക്തതയുണ്ടെന്നതും കാണേണ്ടതുണ്ട്. 'Generalia Specialibus Non Derogant' എന്ന ലാറ്റിൻ ലീഗൽ മാക്സിമിനകത്തും ഇക്കാര്യം പറയുന്നുണ്ട്. ഇക്കാര്യങ്ങളുടെയെല്ലാം അടിസ്ഥാനത്തിൽ ഈ ബില്ലിന് അവതരണാനുമതി നൽകണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ബഹുമാനപ്പെട്ട മാത്യു ടി. തോമസ് ഉന്നയിച്ച തടസ്സവാദം വളരെ പ്രസക്തമാണ്. ബഹുമാനപ്പെട്ട വകുപ്പുമന്ത്രി അതിന് മറുപടി പറഞ്ഞെങ്കിലും പ്രസ്തുത വാദം നിലനിൽക്കുന്നതല്ല. കാരണം ഇന്ത്യൻ പീനൽ കോഡ് ഒരു കേന്ദ്രനിയമമായതിനാൽ അതിന് repugnant ആയ ഒരു ശിക്ഷാവ്യവസ്ഥ സ്പെഷ്യൽ ആക്ടിലോ സംസ്ഥാന നിയമത്തിലോ നമുക്ക് കൂട്ടിച്ചേർക്കാൻ കഴിയില്ല. അങ്ങനെയുള്ള ശിക്ഷാ വ്യവസ്ഥകൾ സംസ്ഥാന നിയമത്തിൽ വന്നാലും കേന്ദ്രനിയമമേ നിലനിൽക്കുകയുള്ളൂ. ഈ വിഷയം സൂചിപ്പിക്കുന്നത് ഇന്ത്യൻ ശിക്ഷാ നിയമത്തിലെ സെക്ഷൻ 320, സെക്ഷൻ 325 എന്നിവയാണ്. സെക്ഷൻ 320-നെ അടിസ്ഥാനമാക്കിയാണ് സെക്ഷൻ

325-ൽ Penal Punishment-നെക്കുറിച്ച് പറയുന്നത്. ഐ.പി.സി. 325-ാം വകുപ്പിൽ പറയുന്ന പെനാൽറ്റിയെ ഒരു സംസ്ഥാന നിയമസഭ നിയമം കൊണ്ടുവന്ന് ലിമിറ്റ് ചെയ്യാൻ ശ്രമിക്കുകയാണ്. ലിമിറ്റ് ചെയ്യുകയെന്നാൽ "Law of Repugnancy" അവിടെ നിലനിൽക്കും. അതുകൊണ്ട് ഇക്കാര്യം ഗൗരവത്തോടെ ചർച്ച ചെയ്യണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി വിശദീകരിച്ച രണ്ടാമത്തെ ഭാഗം ബഹുമാനപ്പെട്ട അംഗം മാത്യു ടി. തോമസ് സൂചിപ്പിച്ച വിഷയം സംബന്ധിച്ചുള്ളതാണ്. അദ്ദേഹം സൂക്ഷ്മമായി ബില്ലുകൾ വായിക്കുന്ന വ്യക്തിയായതുകൊണ്ട് ഉന്നയിച്ചിരിക്കുന്നത് വളരെ പ്രസക്തമായൊരു പോയിന്റാണ്. ഒരു അക്കാഡമിക് എക്സർസൈസെന്ന രൂപത്തിൽത്തന്നെ അതിനെ കണക്കാക്കാവുന്നതാണ്. അദ്ദേഹം ഉന്നയിച്ച സംശയം ഭരണഘടനയുടെ ആർട്ടിക്കിൾ 251 അനുസരിച്ച് ഈ നിയമം നിലനിൽക്കുമോ, ഇല്ലയോ എന്നതാണ്. കേന്ദ്ര-സംസ്ഥാന നിയമങ്ങൾ തമ്മിൽ വൈരുദ്ധ്യമുണ്ടായാൽ കേന്ദ്രനിയമമേ നിലനിൽക്കുകയുള്ളൂ

എന്നാണ് പ്രസ്തുത ആർട്ടിക്കിളിൽ പറയുന്നത്. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി വിശദീകരിച്ചിട്ടുണ്ട്. 'Generalia Specialibus Non Derogant' എന്ന Latin Legal Maxim പറയുന്നത് "General law yields to special law should they operate in the same field on same subject"എന്നാണ്. ഒരേ മേഖലയിലെ ഒരേ വിഷയത്തെ സംബന്ധിച്ചാണ് General law-ഉം Special law-ഉം കൈകാര്യം ചെയ്യുന്നതെങ്കിൽ General law yields to special law, whether it is passed by Parliament or Assembly.

ശ്രീ. മാത്യു ടി. തോമസ്: സർ, പൊതുതത്വത്തെപ്പറ്റി തർക്കമില്ല, എന്നാൽ സംസ്ഥാന നിയമത്തിൽ ഐ.പി.സി. 320 എന്ന പദം ഉപയോഗിച്ചിരിക്കുകയാണ്. അതായത്, കേന്ദ്രനിയമത്തിലെ ഒരു വകുപ്പുതന്നെ സംസ്ഥാന നിയമത്തിൽ ചേർക്കുന്നുവെന്നതാണ് ചൂണ്ടിക്കാണിച്ചത്.

ശ്രീ. പി. രാജീവ്: സർ, ഇതുസംബന്ധിച്ചുള്ള നിർവ്വചനങ്ങൾ ഐ.പി.സി.-യിൽ പറയുന്നുണ്ട്. ഈ മേഖലയിലെ ശിക്ഷയുമായി ബന്ധപ്പെട്ട ഐ.പി.സി.-യിലെ വ്യവസ്ഥകൾ എങ്ങനെ നിൽക്കുന്നുവെന്ന് നോക്കണം.

അങ്ങ് പറഞ്ഞതിൽ ഒരു ഭാഗം ഒറ്റനോട്ടത്തിൽ ശരിയാണെന്ന് തോന്നാം. 'പബ്ലിക് സെർവന്റ്' എന്ന് പറയുമ്പോൾ രണ്ട് ഭാഗം വരും. ഒന്ന്, ഗവൺമെന്റ് സ്ഥാപനങ്ങളിൽ ജോലിചെയ്യുന്നവർ പബ്ലിക് സെർവന്റാണ്, എന്നാൽ അതേ നിർവ്വചനത്തിൽ പ്രൈവറ്റ് സ്ഥാപനങ്ങളിൽ ജോലിചെയ്യുന്നവർ ഉൾപ്പെടില്ല. അതുകൊണ്ട് പ്രത്യേക ഉദ്ദേശ്യത്തോടെ ഒരു ബിൽ കൊണ്ടുവരുമ്പോൾ പൊതുനിയമത്തിലുള്ളത് ബാധകമാക്കാൻ കഴിയില്ല. അതായത്, പബ്ലിക് സെർവന്റ് ആണെങ്കിൽ ഐ.പി.സി. 333-ാം വകുപ്പ് നിലനിൽക്കും. അതുപോലെ ഒരേ കുറ്റത്തിന് രണ്ട് നിയമങ്ങൾ സമാനമായി പരാമർശിക്കുന്നുവെങ്കിൽ രണ്ട് വിചാരണകൾ പാടില്ല. പബ്ലിക് സെർവന്റിന് എതിരെയാണ് കുറ്റമെങ്കിൽ, ഈ നിയമത്തോട് ചേർത്തുവച്ച് കൈകാര്യം ചെയ്യുമ്പോൾ, അതേ കുറ്റത്തിന് രണ്ട് നിയമത്തിൽ വ്യവസ്ഥയുണ്ടെങ്കിൽ അതെടുക്കാൻ പാടില്ലെന്നതാണ് പൊതുവെ അംഗീകരിക്കപ്പെട്ട തത്വം. ശിക്ഷയെ സംബന്ധിച്ച് ഇവിടെ പരാമർശിച്ചു. 7 വർഷം ജയിൽശിക്ഷ എന്നത് രണ്ട് നിയമത്തിലും ഒരുപോലെയാണ്, തർക്കം വന്നിരിക്കുന്നത് പിഴ ഈടാക്കുന്നതിലാണ്. ഇതുസംബന്ധിച്ച്

സുപ്രീംകോടതിയുടെ വിവിധ വിധികളുമുണ്ട്. ഉദാഹരണത്തിന് നികുതിയിന്മേൽ ഫൈൻ ഈടാക്കുന്നത് സംബന്ധിച്ച കോടതിവിധികളുണ്ട്. Sarabjit Rick Singh v. Union of India-ൽ ബഹുമാനപ്പെട്ട സുപ്രീംകോടതി വ്യക്തമാക്കിയിരിക്കുന്നത്, "The Act is a special statute. It shall, therefore, prevail over the provisions of a general statute like the Code of Criminal Procedure”എന്നാണ്. അതായത്, Cr.PC-യിലെ വ്യവസ്ഥകൾക്ക് മുകളിലാണ് സംസ്ഥാന നിയമത്തിലെ വ്യവസ്ഥ നിൽക്കുന്നതെന്ന് അതിൽ വ്യക്തമാക്കിയിട്ടുണ്ട്. ക്രമപ്രശ്നങ്ങളിന്മേൽ വളരെ കൃത്യമായി വകുപ്പുമന്ത്രി മറുപടി പറഞ്ഞിട്ടുണ്ട്.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, നാട്ടിൽ എല്ലാവർക്കുമുള്ള ഒരു സംശയം ചോദിക്കുകയാണ്, നിയമമോ ചട്ടമോ സംബന്ധിച്ചുള്ളതല്ല. ആരോഗ്യപ്രവർത്തകരോട് മോശമായി സംസാരിച്ചാൽപ്പോലും വലിയ ശിക്ഷയാണ് ബില്ലിൽ വ്യവസ്ഥ ചെയ്യുന്നത്. ഡോക്ടർമാർക്കും ജീവനക്കാർക്കും ഈ നിയമംമൂലം സംരക്ഷണം കൊടുക്കുന്നുണ്ട്, എന്നാൽ രോഗിക്കും ജനങ്ങൾക്കും ഈ നിയമംകൊണ്ട് ഏതെങ്കിലും തരത്തിലുള്ള

സംരക്ഷണമുണ്ടോ? നിയമത്തിലൂടെ അവർക്ക് എന്തെല്ലാം സംരക്ഷണം നൽകുമെന്ന് മന്ത്രി വ്യക്തമാക്കണം.

മി. സ്പീക്കർ: ബില്ലിന്റെ ചർച്ചവേളയിൽ ഇതുസംബന്ധിച്ച് വിശദമായി പറയാവുന്നതാണ്.

**റൂളിംഗ്**

മി. സ്പീക്കർ: 2023-ലെ ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ഭേദഗതി ബില്ലിൽ ചേർത്തിരിക്കുന്ന ധനകാര്യ മെമ്മോറാണ്ടം സമ്പൂർണ്ണമല്ല എന്നതാണ് ബഹുമാനപ്പെട്ട അംഗം രമേശ് ചെന്നിത്തല ക്രമപ്രശ്നത്തിലൂടെ ഉന്നയിച്ചത്. ഇത്തരത്തിലൊരു ധനകാര്യ മെമ്മോറാണ്ടം ബില്ലിൽ ഉൾപ്പെടുത്താനുണ്ടായ സാഹചര്യം സംബന്ധിച്ച് ബഹുമാനപ്പെട്ട ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി വിശദീകരിക്കുകയുണ്ടായി.

സഭാ നടപടിചട്ടം 73-ലെ വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ ചെയർ ഇക്കാര്യം പരിശോധിച്ചു. സഭയിൽ അവതരിപ്പിക്കുന്ന ഒരു ബിൽ നിയമമാകുന്നപക്ഷം പ്രസ്തുത നിയമത്തിലെ വ്യവസ്ഥകൾ

നടപ്പാക്കുന്നതിലേയ്ക്കായി സംസ്ഥാന സഞ്ചിതനിധിയിൽനിന്നും വരാവുന്ന ആവർത്തകവും അനാവർത്തകവുമായ ചെലവുകൾ സംബന്ധിച്ച ഒരു മതിപ്പ് തുക ധനകാര്യ മെമ്മോറാണ്ടത്തിൽ ഉൾപ്പെടുത്തണമെന്നാണ് ചട്ടവ്യവസ്ഥ. ഈ ബിൽ നിയമമാകുമ്പോൾ യഥാർത്ഥത്തിൽ സഞ്ചിതനിധിയിൽനിന്നും ചെലവുവരുമെന്നും എന്നാൽ എത്ര തുക ഏതെല്ലാം ഇനത്തിൽ വേണ്ടിവരുമെന്നതും സംബന്ധിച്ച് കൃത്യമായി ഈ സന്ദർഭത്തിൽ കണക്കാക്കാൻ കഴിയില്ല എന്നതിനാലാണ് ധനകാര്യ മെമ്മോറാണ്ടത്തിൽ അപ്രകാരം ചേർത്തത് എന്നതാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വിശദീകരിച്ചത്.

സഭയിൽ അവതരിപ്പിക്കപ്പെട്ട ബില്ലുകളിൽ മുൻകാലങ്ങളിലും ഇത്തരത്തിലുള്ള അപൂർണ്ണമായ ധനകാര്യ മെമ്മോറാണ്ടങ്ങൾ ചേർത്തിരുന്നതായി കാണാൻ കഴിയുമെങ്കിലും ആധുനിക കാലത്ത് പുതിയ സംവിധാനങ്ങളും ധനകാര്യ മാനേജ്മെന്റും നിലവിൽ വന്ന സാഹചര്യത്തിൽ വരാവുന്ന ചെലവുകൾ മുൻകൂട്ടി കണക്കാക്കുന്നത് ബുദ്ധിമുട്ടുള്ളൊരു കാര്യമല്ല. ആകയാൽ ബില്ലുകളിൽ ഉൾപ്പെടുത്താത്ത

ധനകാര്യ മെമ്മോറാണ്ടങ്ങൾ പരമാവധി യാഥാർത്ഥ്യബോധത്തോടുകൂടിത്തന്നെ തയ്യാറാക്കി ബില്ലുകളോടൊപ്പം സമർപ്പിക്കുകതന്നെയാണ് ഉത്തമ മാതൃകയെന്നാണ് ചെയറിന് ഇക്കാര്യത്തിൽ സൂചിപ്പിക്കാനുള്ളത്. ബഹുമാനപ്പെട്ട അംഗം മാത്യു ടി. തോമസ് ഇവിടെ ഉന്നയിച്ചത് ബില്ലിലെ ശിക്ഷാവിധികൾ സംബന്ധിച്ച വ്യവസ്ഥകളിൽ അടങ്ങിയിരിക്കുന്ന സാമാന്യമായ ചില നിയമപ്രശ്നങ്ങളാണ്. ബില്ലിന്റെ വിവിധ വകുപ്പുകളിൽ അദ്ദേഹം ചൂണ്ടിക്കാണിച്ച അവ്യക്തതകൾ ഉൾപ്പെടെയുള്ളവ സബ്ജക്ട് കമ്മിറ്റി തലത്തിൽ വിശദമായ പരിശോധനയ്ക്ക് വിധേയമാക്കുമെന്ന് ചെയർ കരുതുകയാണ്. ഉന്നയിക്കപ്പെട്ട രണ്ട് ക്രമപ്രശ്നങ്ങളും ആ രൂപത്തിൽ തീർപ്പാക്കുന്നു.

ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, 2023-ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ഭേദഗതി ബിൽ ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച

സബ്ജക്ട് കമ്മിറ്റി XII-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീമതി വീണാ ജോർജ്: സർ, പ്രധാനപ്പെട്ടൊരു ബില്ലാണ് സഭ ആദ്യംതന്നെ പരിഗണിക്കുന്നത്. 2012-ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ആക്റ്റിൽ വളരെ പ്രാധാന്യമർഹിക്കുന്നതും അനിവാര്യമായതുമായ ചില ഭേദഗതികൾ കൊണ്ടുവരുന്നതിനാണ് ഓർഡിനൻസ് ഇറക്കുകയും അതിപ്പോൾ ബില്ലായി നിയമസഭയിൽ അവതരിപ്പിക്കുകയും ചെയ്തത്. കേരള ഹൈക്കോടതി മുമ്പാകെ കേരള പ്രൈവറ്റ് ഹോസ്പിറ്റൽ അസോസിയേഷൻ ഫയൽ ചെയ്ത റിട്ട് പെറ്റീഷൻ നമ്പർ 11820/2021, ആർ.പി. നം.379/2021 എന്നിവയിന്മേൽ ഡോക്ടർമാർക്കും ഇതര ആരോഗ്യപ്രവർത്തകർക്കുമെതിരെയുണ്ടാകുന്ന ഇത്തരം സംഭവങ്ങളിൽ ബഹുമാനപ്പെട്ട ഹൈക്കോടതി സർക്കാരിന്റെ ഭാഗം

കേട്ടിരുന്നു. ഇക്കാര്യത്തിൽ സർക്കാർ സ്വീകരിക്കുന്ന നിലപാടുകൾ സംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതിയെ അറിയിക്കുകയും ഹൈക്കോടതി അതിൽ തൃപ്തി രേഖപ്പെടുത്തുകയും ചെയ്തിരുന്നു. അതിന്റെ ഭാഗമായാണ് 2012-ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ആക്ട് ഭേദഗതി വരുത്തുന്നതിന് സർക്കാർ തീരുമാനിക്കുകയും 2023 ഏപ്രിൽ മാസം 4-ാം തീയതി അതിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തത്. ആരോഗ്യപ്രവർത്തകരുടെയും ഡോക്ടർമാരുടെയും നഴ്സുമാരുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും ഈ മേഖലയുമായി ബന്ധപ്പെട്ട മറ്റുള്ളവരുടെയും യോഗം മന്ത്രിതലത്തിൽത്തന്നെ വിളിച്ചുചേർത്തിരുന്നു. 10-05-2023-ൽ കൊട്ടാരക്കര താലൂക്കാശുപത്രിയിൽ അതിദാരുണമായ, നമ്മുടെ നെഞ്ചിൽ നീറ്റലായി നിലനിൽക്കുന്ന ഡോക്ടർ വന്ദന ദാസിന്റെ കൊലപാതകമുണ്ടായ സാഹചര്യത്തിലാണ് ആരോഗ്യപ്രവർത്തകർക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനുവേണ്ടിയും കുറ്റക്കാർക്കെതിരെ മിനിമം ശിക്ഷ

ഉറപ്പുവരുത്തുന്നതടക്കമുള്ള കാര്യങ്ങൾ ക്രമീകരിക്കുന്നതിലേയ്ക്കായും 2012 ജൂലൈ മാസത്തിൽ പാസ്സാക്കിയ നിയമത്തിൽ ചില ഭേദഗതികൾ കൊണ്ടുവരുന്നതിന് സർക്കാർ തീരുമാനിച്ചത്. അതിന്റെ ഭാഗമായി രണ്ടുമൂന്ന് പ്രധാനപ്പെട്ട കാര്യങ്ങളാണ് ഭേദഗതിയായി അവതരിപ്പിക്കുന്നത്. അടിസ്ഥാനനിയമത്തിൽ 'ആരോഗ്യ രക്ഷാ സേവന പ്രവർത്തകർ' എന്നതിന്റെ നിർവചനത്തിൽ മെഡിക്കൽ പ്രാക്ടീഷണർമാർ, രജിസ്റ്റർ ചെയ്ത നഴ്സുമാർ, മെഡിക്കൽ വിദ്യാർത്ഥികൾ, നഴ്സിംഗ് വിദ്യാർത്ഥികൾ, പാരാമെഡിക്കൽ ജീവനക്കാർ എന്നിവരാണ് ഉൾപ്പെട്ടിരുന്നത്. അതിൽ പാരാമെഡിക്കൽ വിദ്യാർത്ഥികൾ, സെക്യൂരിറ്റി ഗാർഡുകൾ, മാനേജീരിയൽ സ്റ്റാഫ്, ആംബുലൻസ് ഡ്രൈവർമാർ, ഹെൽപ്പർമാർ തുടങ്ങിയവരെയും ഉൾപ്പെടുത്തുന്നതിനാണ് ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. സജീവ് ജോസഫ്)

ക്രമപ്രശ്നം ഉന്നയിച്ചുകൊണ്ട് നടത്തിയ ചർച്ചയിൽ ആക്രമണത്തിനുള്ള ശിക്ഷ സംബന്ധിച്ച ചില കാര്യങ്ങൾ സംസാരിക്കുകയുണ്ടായി. മിനിമം ശിക്ഷയും പിഴയും ഉറപ്പുവരുത്തിക്കൊണ്ട് മുന്നോട്ടുപോകണം. ശിക്ഷ

ഉറപ്പാക്കണമെന്നുള്ളൊരു ലക്ഷ്യത്തിന്റെ ഭാഗമായിട്ടാണ് മദർ ആക്ടിൽ അത്തരത്തിലുള്ള ഭേദഗതികൾ കൊണ്ടുവരുന്നതിന് സർക്കാർ തീരുമാനിച്ചത്. അന്വേഷണം സത്വരമായി പൂർത്തിയാക്കണമെന്നുള്ളതാണ് മറ്റൊരു ഭേദഗതി. അന്വേഷണം അനന്തമായി നീണ്ടുപോകാൻ പാടില്ലെന്നുള്ളതും ഇൻസ്പെക്ടർ റാങ്കിൽ കുറയാത്തൊരു പോലീസ് ഓഫീസർ അന്വേഷിക്കണമെന്നുള്ളതും എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്ത തീയതി മുതൽ അറുപതുദിവസങ്ങൾക്കുള്ളിൽ അന്വേഷണം പൂർത്തീകരിക്കണമെന്നുള്ളതുമാണ് ഇതിൽ മുന്നോട്ടുവയ്ക്കുന്ന മറ്റൊരു ഭേദഗതി. കേസിന്റെ വിചാരണ വിസ്താരം വേഗത്തിലാക്കുന്നതുസംബന്ധിച്ചും ഭേദഗതി കൊണ്ടുവന്നിട്ടുണ്ട്. മറ്റെന്തെങ്കിലും സാഹചര്യത്താൽ കേസ് ആറുമാസംകൂടി നീട്ടിവയ്ക്കേണ്ട പ്രത്യേക സാഹചര്യമുണ്ടെങ്കിൽ അത് കോടതിക്ക് തീരുമാനിക്കാം അല്ലെങ്കിൽ സാധാരണനിലയിൽ ഒരുവർഷത്തിനുള്ളിൽത്തന്നെ അതിന്റെ അന്വേഷണവും വിചാരണയും പൂർത്തിയാക്കണം. അതുകൂടാതെ സംസ്ഥാന സർക്കാർ ഹൈക്കോടതിയുടെ അനുവാദത്തോടെ ഓരോ ജില്ലയിലും ഒരു ക്ഷമതയുള്ള കോടതിയെ

സ്പെഷ്യൽ കോർട്ടായി നിയോഗിക്കേണ്ടതും അതിലേയ്ക്ക് കേസിന്റെ നടത്തിപ്പിനായി ഒരു സ്പെഷ്യൽ പ്രോസിക്യൂട്ടറെ നിയമിക്കാവുന്നതുമാണ്. കൂടാതെ ചില ചട്ടങ്ങൾ രൂപീകരിക്കാൻ അതത് ഘട്ടങ്ങളിൽ സർക്കാരിനെ അധികാരപ്പെടുത്തുന്ന വ്യവസ്ഥയും ഉൾപ്പെടുത്തിയിട്ടുണ്ട്. അതിന്റെ ഭാഗമായാണ് സുരക്ഷ ഉറപ്പുവരുത്തുന്നതിനുവേണ്ടി സി.സി.ടി.വി. സ്ഥാപിക്കൽ, സെക്യൂരിറ്റിയെ നിയോഗിക്കൽ, ആരോഗ്യപ്രവർത്തകർക്കുള്ള പ്രോട്ടോക്കോൾ തയ്യാറാക്കൽ തുടങ്ങിയവയൊക്കെ ഉൾപ്പെടുത്തുന്നത്. സർക്കാരിനെ സംബന്ധിച്ചിടത്തോളം ആരോഗ്യപ്രവർത്തകരുടെതോ, പൊതുജനങ്ങളുടെതോ ആകട്ടെ  ഓരോ ജീവനും വിലപ്പെട്ടതാണ്. ആ ജീവനുകൾ ചേർത്തുപിടിക്കുന്നതിനുള്ളൊരു ശ്രമമാണ് നടത്തുന്നത്. ബിൽ സഭ മുമ്പാകെ അവതരിപ്പിക്കുകയാണ്; ഇത് ചർച്ച ചെയ്യാം. ഇതിന്റെ ഭാഗമായി ഗുണകരമായ/ആരോഗ്യപരമായ ചർച്ചകളുണ്ടാകണം. മറ്റുവിഷയങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. ബഹുമാനപ്പെട്ട അംഗങ്ങൾ ചർച്ച ചെയ്ത് ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കാൻ അനുവദിക്കണമെന്ന പ്രമേയമാണ് അവതരിപ്പിച്ചിട്ടുള്ളത്.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) ചുമതലപ്പെടുത്തിയതുപ്രകാരം

ശ്രീ. രമേശ് ചെന്നിത്തല: സർ, I move that-

"This House resolves to disapprove The Kerala Healthcare Service Persons And Healthcare Service Institutions (Prevention Of Violence And Damage To Property) Amendment Ordinance, 2023 (Ordinance No.1 of 2023)."ആരോഗ്യ രംഗത്ത് വളരെയേറെ പുരോഗതി കൈവരിച്ച ഒരു സംസ്ഥാനമാണ് കേരളം. ലോകം മുഴുവൻ കേരളത്തിന്റെ ആരോഗ്യ-വിദ്യാഭ്യാസ മേഖലകളിലെ നേട്ടങ്ങളെപ്പറ്റി വളരെയേറെ പ്രശംസിച്ചിട്ടുണ്ടെന്നത് നമുക്കെല്ലാവർക്കും അറിയാവുന്ന കാര്യമാണ്. അതിനെയാണ് നമ്മൾ കേരള മോഡൽ എന്ന് വിളിക്കാറുള്ളത്. ആരോഗ്യ-വിദ്യാഭ്യാസ രംഗങ്ങളിൽ കേരളം കൈവരിച്ച നേട്ടങ്ങൾ ലോകത്തിനുതന്നെ മാതൃകയായ സാഹചര്യം നമ്മളെല്ലാവരും അഭിമാനത്തോടെ എപ്പോഴും ഓർക്കുന്ന ഒരു കാര്യമാണ്. കേരളം രൂപീകരിച്ചതിനുശേഷമുള്ള എല്ലാ ഗവൺമെന്റുകളും ഈ നേട്ടങ്ങൾക്ക് ഉത്തരവാദികളാണെന്ന കാര്യത്തിൽ സംശയമില്ല. ക്രമാനുഗതമായി കേരളം നേടിയ പുരോഗതിയാണത്. എല്ലാ

ഗവൺമെന്റുകളും അതിനായി അതിന്റേതായ സംഭാവനകൾ നൽകിയിട്ടുണ്ടെന്ന് ഞാൻ ഉറച്ച് വിശ്വസിക്കുന്നു. ആരോഗ്യ രംഗത്ത് യൂറോപ്യൻ സ്റ്റാൻഡേർഡ് പോലും വച്ചുപുലർത്താൻ നമ്മുടെ സംസ്ഥാനത്തിന് കഴിയുന്നത് ഈ രംഗത്തെ കാര്യക്ഷമതയോടുകൂടിയുള്ള പ്രവർത്തനത്തിന്റെ ഫലമായിട്ടാണ്. സർക്കാരുകൾ മാത്രമല്ല സംസ്ഥാനത്തെ സ്വകാര്യ മേഖലയിലെ ആശുപത്രികളും സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളും മെഡിക്കൽ കോളേജിന് സമാനമായി പ്രവർത്തിക്കുന്ന സ്വകാര്യ ആശുപത്രികളുമെല്ലാം ഈ രംഗത്ത് വലിയ തോതിലുള്ള സംഭാവനകൾ നൽകിയിട്ടുണ്ട്. കേരളത്തിൽനിന്ന് വിദേശരാജ്യങ്ങളിലേയ്ക്ക് പോകുന്ന ഡോക്ടർമാരെയും നഴ്സുമാരെയും പാരാമെഡിക്കൽ സ്റ്റാഫിനെയുമെല്ലാം ആ രാജ്യങ്ങളിലെ സമൂഹം വലിയ തോതിൽ വിലമതിക്കുന്നുണ്ട്. അവരുടെ സംഭാവനകളെപ്പറ്റി നമ്മൾ ചെല്ലുമ്പോഴെല്ലാം പറയാറുണ്ട്. ആരോഗ്യസേവനം നടത്താൻ കഴിവുള്ളവരും മികച്ച പ്രകടനം കാഴ്ചവയ്ക്കുന്നവരുമാണ് മലയാളികളെന്നുള്ള പേര് ഇപ്പോൾത്തന്നെ ലോകമെമ്പാടും നിലനിൽക്കുന്നുണ്ട്. അങ്ങനെയുള്ള

സാഹചര്യത്തിൽ നമ്മുടെ രാജ്യത്തിനകത്തും പുറത്തും വിവിധതലങ്ങളിൽ പ്രവർത്തിക്കുന്ന ആരോഗ്യപ്രവർത്തകർ, ഡോക്ടർമാർ, പാരാമെഡിക്കൽ സ്റ്റാഫുകൾ, നഴ്സുമാർ എന്നിവരെ സംരക്ഷിക്കേണ്ടത് നമ്മുടെ ചുമതലയാണ്. അതുകൊണ്ടാണ് യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് 2012-ൽ അന്നത്തെ ആരോഗ്യ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. വി. എസ്. ശിവകുമാർ ഇതുസംബന്ധിച്ച സമഗ്രമായ നിയമം കൊണ്ടുവന്നത്. എന്നാൽ സഭാതലം സംഘർഷഭരിതമായതുകൊണ്ട് ചർച്ച കൂടാതെ പ്രസ്തുത നിയമം പാസ്സാക്കേണ്ട അവസ്ഥയുണ്ടായി. 2012-ലേത് ഫലപ്രദമായ നിയമമായിരുന്നു. ആരോഗ്യമേഖലയിൽ മറ്റേത് സംസ്ഥാനത്തെക്കാളും സ്തുത്യർഹ സേവനം നടത്തിവരുന്ന നമ്മുടെ ആരോഗ്യപ്രവർത്തകരെയും ഡോക്ടർമാരെയും സംരക്ഷിക്കാനുള്ള ഒരു നിയമനിർമ്മാണമാണ് അന്നുണ്ടായത്. കേരളത്തിൽ മാത്രമല്ല ലോകത്തെമ്പാടുമുള്ളവർ ആ ബില്ലിനെക്കുറിച്ച് ശ്ലാഘനീയമായ നിലയിലാണ് സംസാരിച്ചതെന്നുള്ളത് നമ്മൾ കാണണം. എന്നാൽ കേരള മോഡൽ എന്ന് നാം അഭിമാനിക്കുന്ന ആരോഗ്യരംഗം ഇന്ന് തിരിച്ചടികൾ നേരിട്ടുകൊണ്ടിരിക്കുന്നുവെന്നുള്ളത്

കാണാതെ പോകരുത്. വിദ്യാഭ്യാസ രംഗവും അത്തരത്തിലുള്ള തിരിച്ചടികൾ നേരിടുന്നുണ്ട്. കേരള മോഡലിന് നിറം മങ്ങിയെന്നുപറഞ്ഞാൽ അതാരും എതിർക്കുമെന്ന് തോന്നുന്നില്ല. വിദ്യാഭ്യാസരംഗം പരിശോധിച്ചാൽ കേരളത്തേക്കാൾ മെച്ചപ്പെട്ട നിലയിൽ സിവിൽ സർവ്വീസ് പരീക്ഷകളെഴുതി ജയിക്കുന്ന വിദ്യാർത്ഥികൾ ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ ധാരാളമുണ്ടെന്ന് കാണാൻ കഴിയും. കോമ്പറ്റിറ്റീവ് പരീക്ഷകളെഴുതി പാസ്സാകുന്ന വിദ്യാർത്ഥികൾ കേരളത്തിലേതിനേക്കാൾ കൂടുതൽ ഇന്ത്യയിലെ മറ്റ് പല സംസ്ഥാനങ്ങളിലുമുണ്ട്. മാത്രമല്ല, കേരളത്തിലെ വിദ്യാർത്ഥികളാണ് വിദ്യാഭ്യാസത്തിനായി ലോകമെമ്പാടും പോകുന്നത്. ഒരു സ്ഥാപനം 8000 വിദ്യാർത്ഥികളെ കാനഡയിലേയ്ക്ക് അയച്ചുവെന്ന പത്രവാർത്ത ചൂണ്ടിക്കാണിച്ചുകൊണ്ട് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ എന്നോട് പറയുകയുണ്ടായി. ഇന്ന് കേരളത്തിലെ വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം ലഭിക്കണമെങ്കിൽ വിദേശരാജ്യങ്ങളിലേയ്ക്ക് പോകേണ്ടിയിരിക്കുന്നു. ഡോക്ടർമാരും എഞ്ചിനീയർമാരും വിദേശരാജ്യങ്ങളിൽപ്പോയി പഠിച്ച് ഡിഗ്രികൾ കരസ്ഥമാക്കുന്നത് നമ്മൾ

കണ്ടുകൊണ്ടിരിക്കുകയാണ്. സംസ്ഥാനത്തെ ആശുപത്രികളിൽ മെച്ചപ്പെട്ട സേവനം ലഭിക്കുന്നുണ്ടെന്നുള്ളത് വസ്തുതയാണ്. പക്ഷേ, പൊതുജനാരോഗ്യരംഗത്തെ നിലവിലെ ചില പ്രവണതകൾ കണ്ടില്ലെന്ന് നടിക്കാൻ കഴിയില്ല. ആരോഗ്യമേഖല കൂടുതൽ കുത്തഴിഞ്ഞതായും നാഥനില്ലാകളരിയായും മാറുന്നു. ഡെങ്കിപ്പനി, എലിപ്പനി പോലുള്ള പകർച്ചവ്യാധികൾ വ്യാപകമായി പടർന്നുപിടിക്കുന്നു. ഉന്മൂലനം ചെയ്യപ്പെട്ട മലമ്പനി പോലുള്ള രോഗങ്ങൾ തിരികെ വരുന്നത് ആശങ്കയുണ്ടാക്കുകയാണ്. ഡെങ്കിപ്പനിയും എലിപ്പനിയും ബാധിച്ച് മരിക്കുന്നവരുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. സർക്കാർ ആശുപത്രികളിൽ മരുന്നില്ലാത്ത വിഷയം ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി ശ്രദ്ധിക്കുന്നുണ്ടെന്ന് അറിയാം. പക്ഷേ ആരോഗ്യ വകുപ്പുമന്ത്രിമാത്രം വിചാരിച്ചാൽ ഈ അവസ്ഥയ്ക്ക് പരിഹാരമുണ്ടാക്കാൻ കഴിയില്ല. അതിനാവശ്യമായ സാമ്പത്തിക സഹായം ആരോഗ്യ വകുപ്പിന് നൽകണം. മിക്ക ആശുപത്രികളിലും ആന്റിബയോട്ടിക്, കുട്ടികളുടെ സിറപ്പുകൾ, ടി.ടി. ഇൻജക്ഷൻ, സ്റ്റോക്ക്, ഹൃദ്രോഗം പ്രമേഹം എന്നിവയ്ക്കുള്ള മരുന്നുകൾ എന്നിവ സ്റ്റോക്കില്ലെന്നുള്ള

പരാതികൾ ഉയർന്നുവരുന്നു. പനിക്കുള്ള പാരസെറ്റമോൾ ഗുളികപോലും പല ആശുപ്രതികളിലും ലഭിക്കുന്നില്ലെന്നുള്ള പരാതി വ്യാപകമാണ്. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് മരുന്ന് വാങ്ങാൻ നിവൃത്തിയില്ലാത്ത അവസ്ഥയാണെന്ന പരാതി നിലനിൽക്കുന്നുണ്ട്. ഡോക്ടർമാരുടെയും സീനിയർ റസിഡന്റ് ഡോക്ടർമാരുടെയും കുറവ് കാരണം ആലപ്പുഴ മെഡിക്കൽ കോളേജിലെ 150 എം.ബി.ബി.എസ്. സീറ്റുകളുടെയും കോഴിക്കോട്, കണ്ണൂർ, പരിയാരം, തൃശ്ശൂർ എന്നീ മെഡിക്കൽ കോളേജുകളിലെ പി.ജി. സീറ്റുകളുടെയും അംഗീകാരം ദേശീയ മെഡിക്കൽ കമ്മീഷൻ റദ്ദാക്കിയിരിക്കുകയാണ്. കുട്ടികളുടെ പഠനത്തെ ബാധിക്കില്ലെന്നാണ് ബഹുമാനപ്പെട്ട മന്ത്രി അതുസംബന്ധിച്ച് വിശദീകരണം നൽകിയത്. ദേശീയ മെഡിക്കൽ കമ്മീഷൻ സീറ്റുകളുടെ അംഗീകാരം റദ്ദാക്കാനുണ്ടായ അവസ്ഥയെക്കുറിച്ച് സർക്കാർ ഗൗരവമായി പരിശോധിക്കേണ്ടതല്ലേ? സംസ്ഥാനത്തെ സാധാരണക്കാരായ 42 ലക്ഷം പേർക്ക് സൗജന്യ ചികിത്സ നൽകുന്ന കാരുണ്യ സുരക്ഷാ പദ്ധതി സർക്കാർ പണം അനുവദിക്കാത്തതിനാൽ പ്രതിസന്ധിയിലായിരിക്കുകയാണ്.

ഏകദേശം 887.09 കോടി രൂപയാണ് കുടിശ്ശികയായി സർക്കാർ നൽകാനുള്ളത്. വൻതുക കുടിശ്ശികയായതോടെ പല ആശുപത്രികളും സൗജന്യ ചികിത്സ നാമമാത്രമാക്കി മാറ്റുന്നുവെന്നുള്ള പരാതികളും ഉയർന്നുവരുന്നുണ്ട്. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ രണ്ട് ഗോഡൗണുകളിലുണ്ടായ തീപിടുത്തങ്ങൾ ദുരൂഹമായി നിലനിൽക്കുകയാണ്. കോടിക്കണക്കിന് രൂപയുടെ മരുന്നുകൾ കത്തി നശിച്ചുവെന്നുള്ള പരാതി ഉയർന്നുവന്നിട്ടുണ്ട്. പ്രസ്തുത തീപിടുത്തമുണ്ടാകാനുള്ള കാരണമെന്താണ്? അവിടെ ബ്ലീച്ചിംഗ് പൗഡർ സൂക്ഷിച്ചതുകൊണ്ടാണെന്നാണ് ഒരു വാർത്ത പുറത്തുവന്നത്. എന്നാൽ കോവിഡ് കാലഘട്ടത്തിൽ അവിടെ നടന്ന പല അഴിമതികളും ക്രമക്കേടുകളും മൂടിവയ്ക്കാൻവേണ്ടിയാണ് തീപിടുത്തമുണ്ടായതെന്നുള്ള ആക്ഷേപം വ്യാപകമായി മാധ്യമങ്ങളിലൂടെ പുറത്തുവന്നതാണ്. ആരോഗ്യരംഗത്ത് നാം നേടിയ നേട്ടങ്ങളെയെല്ലാം ഇല്ലാതാക്കുന്ന തരത്തിൽ ജലജന്യരോഗങ്ങളും ഉന്മൂലനം ചെയ്തുവെന്ന് അഭിമാനിച്ചിരുന്ന രോഗങ്ങളും തിരിച്ചുവരുന്നു. ഇവയെ എങ്ങനെ നേരിടാൻ കഴിയും? ആരോഗ്യരംഗത്തെ പ്രവർത്തനങ്ങളെ കുറേക്കൂടി ഗൗരവത്തോടെ

ഗവൺമെന്റ് കാണേണ്ടിയിരിക്കുന്നു. ആവശ്യമായ പണം ലഭ്യമാക്കാത്തതുമൂലം ഈ രംഗത്ത് പ്രയാസങ്ങളുണ്ടാകുന്നു. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരുന്ന കാലത്ത് അദ്ദേഹം ആഗ്രഹിച്ച് നടപ്പാക്കിയ ശ്രുതിതരംഗം പദ്ധതി (കോക്ലിയർ ഇംപ്ലാന്റേഷൻ) നിലച്ചിരിക്കുകയാണ്. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി ഇടപെട്ട് അതിനൊരു പരിഹാരമുണ്ടാക്കിയെന്ന് പത്രത്തിൽ വായിക്കുകയുണ്ടായി. കോക്ലിയർ ഇംപ്ലാന്റുകളുടെ ആവശ്യകതയെക്കുറിച്ചും പ്രവർത്തനരഹിതമായവയുടെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനെക്കുറിച്ചും ധാരാളംപേർ ഞങ്ങളെപ്പോലുള്ള ജനപ്രതിനിധികളോട് പരാതി പറയുന്നുണ്ട്. ഹീമോഫീലിയ രോഗികൾക്കാവശ്യമായ മരുന്നും എയ്ഡ്സ് രോഗികൾക്ക് ലഭിക്കുന്ന സഹായങ്ങളും സർക്കാർ സമയബന്ധിതമായി നൽകേണ്ടതാണ്. ഇവയൊന്നും നൽകാത്തത് ബഹു. ആരോഗ്യ വകുപ്പുമന്ത്രിയുടെ കുഴപ്പമാണെന്ന് ഞാൻ കണക്കാക്കുന്നില്ല. ഇതിനൊക്കെ ആവശ്യമായ തുക ധനകാര്യ വകുപ്പിൽനിന്ന് നൽകിയാൽ മാത്രമേ ആരോഗ്യ വകുപ്പിന് നടപ്പാക്കാൻ സാധിക്കുകയുള്ളൂ.

ശ്രീ. എം. വിൻസെന്റ്: സർ, ആരോഗ്യ രംഗത്തെ വളരെ ഗൗരവതരമായിട്ടുള്ള പ്രശ്നങ്ങളാണ് ബില്ലിന്റെ ചർച്ചയുമായി ബന്ധപ്പെട്ട് അങ്ങ് അവതരിപ്പിച്ചുകൊണ്ടിരിക്കുന്നത്. കേരളത്തിലെ ഏറ്റവും പഴക്കമുള്ളതും കൂടുതൽ രോഗികൾ വരുന്നതുമായ തിരുവനന്തപുരം മെഡിക്കൽ കോളേജിലെ നാല് വാർഡുകൾ ഒരേസമയം അടച്ചിട്ട് അറ്റകുറ്റപ്പണി നടത്തുകയാണ്. ഈ നാല് വാർഡുകളിലേയ്ക്ക് വരുന്ന രോഗികൾ മറ്റ് വാർഡുകളിൽ പരിതാപകരമായ അവസ്ഥയിൽ കഴിയുകയാണ്. ഒരു ബെഡ്ഡിലും അതിനടിയിലുമായി രണ്ട് രോഗികളെ വീതം കിടത്തിയിരിക്കുകയാണ്. കൂടാതെ, സ്ട്രച്ചറിലും രോഗികൾ കിടക്കുന്നുണ്ട്. വാർഡുകൾ ഒന്നൊന്നായി നവീകരിച്ചിരുന്നെങ്കിൽ രോഗികൾ തിങ്ങിനിറഞ്ഞ് കിടക്കുന്നത് ഒഴിവാക്കാൻ സാധിക്കുമായിരുന്നു. ഒരു അവധാനതയുമില്ലാതെയാണിത് ചെയ്തിരിക്കുന്നത്. തിരുവനന്തപുരം മെഡിക്കൽ കോളേജിന് ചുറ്റുമാണ് സ്വകാര്യ മെഡിക്കൽ കോളേജുകളെല്ലാം വളർന്നുവന്നത്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ രണ്ടാമതൊരു മെഡിക്കൽ കോളേജുകൂടി തിരുവനന്തപുരത്ത് അനുവദിച്ചെങ്കിലും അതിന്റെ പ്രവർത്തനം

നാളിതുവരെ ആരംഭിച്ചിട്ടില്ല. അത് ആരംഭിച്ചിരുന്നെങ്കിൽ ഇത്തരത്തിലുള്ള പ്രശ്നങ്ങൾ ഒഴിവാക്കാൻ കഴിയുമായിരുന്നുവെന്ന അഭിപ്രായം അങ്ങേയ്ക്കുണ്ടോ?

ശ്രീ. രമേശ് ചെന്നിത്തല: സർ, തീർച്ചയായുമുണ്ട്. മൂന്നുനാല് വാർഡുകൾ ഒരുമിച്ച് നവീകരിച്ചാൽ അത് രോഗികൾക്ക് പ്രയാസമുണ്ടാകും. അത് പരിഹരിക്കാൻ ബഹുമാനപ്പെട്ട മന്ത്രി നടപടി സ്വീകരിക്കുമെന്ന് ഞാൻ കരുതുകയാണ്. കേരളത്തിൽ ഒരു ജില്ലയിൽ ഒരു മെഡിക്കൽ കോളേജ് എന്ന ആശയം ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്ത് ആരംഭിച്ചതാണ്. തിരുവനന്തപുരത്ത് രണ്ടാമതൊരു മെഡിക്കൽ കോളേജ് അനുവദിക്കുകയും അതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തതാണ്. പക്ഷേ ഈ സർക്കാർ വന്നതിനുശേഷം അത് നിർത്തലാക്കി. എന്റെ നിയോജകമണ്ഡലമായ ഹരിപ്പാടിൽ മെഡിക്കൽ കോളേജിനുവേണ്ടി സ്ഥലമേറ്റെടുത്ത് തറക്കല്ലിട്ട് പ്രവൃത്തി ആരംഭിക്കാനുള്ള നടപടികളുമായി മുന്നോട്ടുപോയതാണ്. പക്ഷേ ഈ ഗവൺമെന്റ് അതുംവേണ്ടെന്ന് തീരുമാനിച്ചു. ഇതുസംബന്ധിച്ച് ആലപ്പുഴ ജില്ലയിലെ എല്ലാ എം.എൽ.എ.-മാരും ഒരുമിച്ച് നിരവധി തവണ ബഹുമാനപ്പെട്ട മന്ത്രിയെ

കണ്ടതാണ്. മന്ത്രി ശ്രമിക്കാത്തതുകൊണ്ടല്ല. ആലപ്പുഴ മെഡിക്കൽ കോളേജ് ഇപ്പോഴും അതീവഗുരുതരാവസ്ഥയിലാണ്. ഒരു രോഗവുമായി പോകുന്ന രോഗി രണ്ട് രോഗങ്ങളുമായി തിരിച്ചുവരേണ്ട അവസ്ഥയാണ്. എന്റെ മണ്ഡലത്തിലുള്ളവർ ഇപ്പോൾ കോട്ടയം മെഡിക്കൽ കോളേജിലാണ് പോകുന്നത്. കുറച്ച് നല്ല നിലയിൽ പ്രവർത്തിക്കുന്ന ഒരു മെഡിക്കൽ കോളേജാണത്. മധ്യതിരുവിതാംകൂറിലെ കൂടുതൽ പേരും ആശ്രയിക്കുന്നത് കോട്ടയം മെഡിക്കൽ കോളേജിനെയാണ്. ഹൃദയശസ്ത്രക്രിയ ഉൾപ്പെടെയുള്ളവയ്ക്ക് ആധുനികസൗകര്യങ്ങളുള്ള ഒരു മെഡിക്കൽ കോളേജാണത്. അവിടത്തെ പാർലമെന്റ് അംഗമായിരുന്ന വ്യക്തിയായതുകൊണ്ട് എനിക്കതറിയാം. ശ്രീ. എം. വിൻസെന്റ് ഇവിടെ ചൂണ്ടിക്കാണിച്ചത് സത്യസന്ധമായ കാര്യമാണ്. കൂടുതൽ മെഡിക്കൽ കോളേജുകളുണ്ടാകുന്നതുകൊണ്ട് ഗവൺമെന്റിന് പ്രത്യേകിച്ച് എന്ത് ബാധ്യതയാണ് വരുന്നതെന്ന് എനിക്കറിയില്ല. അഥവാ ബാധ്യത വന്നാൽപ്പോലും നാടിനും സമൂഹത്തിനും ജനങ്ങൾക്കുംവേണ്ടിയാണെന്ന് കാണാനുള്ള മനോഭാവമാണ് ഗവൺമെന്റ് കൈക്കൊള്ളേണ്ടത്.

<u>ശ്രീ. നജീബ് കാന്തപുരം</u>: സർ, വളരെ ഗൗരവമായ വിഷയമാണ് സഭയിൽ അവതരിപ്പിച്ച് സംസാരിച്ചുകൊണ്ടിരിക്കുന്നത്. കാരണം കേരളം ഉറ്റുനോക്കുന്ന നിയമനിർമ്മാണത്തിന്റെ ചർച്ചയാണ് ഇപ്പോൾ നിയമസഭയിൽ നടക്കുന്നത്. ഡോ. വന്ദന ദാസ് കൊല്ലപ്പെട്ടതിനുശേഷം കേരളത്തിലുടനീളം, പ്രത്യേകിച്ച് ആരോഗ്യമേഖലയിൽ വലിയ ആശങ്കയുണ്ട്. പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ പ്രതിനിധിയെന്ന നിലയിൽ അക്കാര്യം എനിക്ക് പ്രത്യേകിച്ച് പറയാൻ സാധിക്കും. ഏറ്റവും കൂടുതൽ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളുള്ളതും ആയിരക്കണക്കിന് ഡോക്ടർമാരുള്ളതുമായ പ്രദേശമാണത്. ബഹുമാന്യനായ രമേശ് ചെന്നിത്തല സൂചിപ്പിച്ചതുപോലെ ഈ സാഹചര്യത്തിൽ കൈക്കൊള്ളേണ്ട ഏറ്റവും പ്രധാനപ്പെട്ട കാര്യം കുറ്റമറ്റ രീതിയിലുള്ള നിയമമുണ്ടാകുകയെന്നതാണ്. ക്ലാസ് ബൈ ക്ലാസായി ഇഴകീറി നിയമത്തെക്കുറിച്ച് ചർച്ച നടക്കുമ്പോഴും പല ഡോക്ടർമാരും ഇപ്പോഴും വലിയ ആശങ്കയിലാണ്. കാരണം ഏത് നിമിഷവും അവർക്കെതിരെ കൈയേറ്റവും ആക്രമണവും കൊലപാതകവും നടന്നേയ്ക്കാവുമെന്ന സാഹചര്യം നിലനിൽക്കുകയാണ്. മാത്രമല്ല ഇവരെ

നാടിന്റെ കാവൽക്കാർ എന്നുവിളിച്ച് വലിയതോതിൽ ആഘോഷിക്കുമ്പോൾത്തന്നെ അവരുടെ ജീവനുപോലും സംരക്ഷണം കൊടുക്കാൻ കഴിയാത്ത സർക്കാർ ഇവിടെ ഭരിക്കുകയും ചെയ്യുന്നുവെന്നത് സങ്കടകരമായ സംഗതിയാണ്. ഡോക്ടർമാർക്കെതിരെ നടക്കുന്ന കയ്യേറ്റത്തിനെതിരെ ഈ നിയമത്തെ ഉപയോഗിക്കാൻ സാധിക്കുമെന്നതുപോലെ നിരപരാധികൾക്കെതിരെ ഈ നിയമം ഉപയോഗിക്കാത്ത സാഹചര്യം കൂടി ഉറപ്പുവരുത്തേണ്ടതുണ്ട്. വെർബൽ അബ്യൂസ് പോലും ഈ നിയമത്തിനകത്ത് ശിക്ഷാർഹമായി കൊണ്ടുവരുമ്പോൾ ഒരു പേഷ്യന്റ് അല്ലെങ്കിൽ സാധാരണ മനുഷ്യനെതിരെ ഏതുസമയത്തും ഒരു ക്രിമിനൽ കുറ്റം ഉയർന്നുവരാവുന്ന സാഹചര്യമുണ്ടാകുമെന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, തീർച്ചയായും, ശ്രീ. നജീബ് കാന്തപുരം പറഞ്ഞത് ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കുമെന്ന് കരുതുകയാണ്. സംസ്ഥാനത്ത് 2012-ൽ കൊണ്ടുവന്ന മൂലനിയമത്തിന്റെ 2, 4, 7 വകുപ്പുകൾ ഭേദഗതി ചെയ്യുന്നതിനുള്ള ബില്ലാണ് ഇവിടെ കൊണ്ടുവന്നിരിക്കുന്നത്. ഈ

ഭേദഗതി ബിൽ കൊണ്ടുവരാനുള്ള കാരണം സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി വിശദീകരിക്കുകയുണ്ടായി. കൊട്ടാരക്കര ആശുപത്രിയിലുണ്ടായ വളരെ വേദനാജനകമായ സംഭവമാണ് ഈ ബിൽ കൊണ്ടുവരാൻ ഗവൺമെന്റിനെ പ്രേരിപ്പിച്ചത്. ഡോ. വന്ദന ദാസിന്റെ അമ്മയുടെ വീട് എന്റെ നിയോജകമണ്ഡലത്തിലെ തൃക്കുന്നപ്പുഴ കിഴക്കേക്കരയിലാണ്. ഈ കുട്ടിയുടെ അഡ്മിഷനുവേണ്ടി എന്റെ അടുക്കൽ വന്നത് ഞാൻ ഓർക്കുകയാണ്. സ്വന്തം മകളെ എം.ബി.ബി.എസ്. പഠിപ്പിച്ച് ഡോക്ടറാക്കണമെന്നുള്ള വലിയ ആഗ്രഹമായിരുന്നു ആ കുടുംബത്തിനുണ്ടായിരുന്നത്. അവരുടെ പിതാവായ ശ്രീ. മോഹൻദാസ്, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എ.-യുടെ സഹപാഠിയാണ്. ഞാൻ എം.പി.-ആയിരുന്ന സമയത്ത് ആ വീട്ടിൽ പോയിട്ടുണ്ട്. വ്യക്തിപരമായി എനിക്ക് വളരെയേറെ ബന്ധമുള്ള കുടുംബമാണ്. ആകെയുണ്ടായിരുന്ന മകളെ ഡോക്ടറാക്കണമെന്നായിരുന്നു ആ കുടുംബത്തിന്റെ ഏറ്റവും വലിയ ആഗ്രഹം. അതിനുവേണ്ടി ബാങ്കിൽനിന്നും ലോണെടുത്തും കഷ്ടപ്പെട്ടുമാണ് ഈ കുട്ടിയെ എം.ബി.ബി.എസ്. പഠിപ്പിച്ച് ഡോക്ടറാക്കാനുള്ള എല്ലാ നീക്കങ്ങളും

നടത്തിയത്. അങ്ങനെ അവരുടെ ശ്രമം വിജയിച്ചുവന്ന സാഹചര്യമാണുണ്ടായിരുന്നത്. എം.ബി.ബി.എസ്. പാസ്സായശേഷം കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ ഹൗസ് സർജനായി പ്രവർത്തിച്ചുകൊണ്ടിരുന്നപ്പോഴാണ് ഈ വേദനാജനകമായ സംഭവമുണ്ടായത്. പോലീസ് ഒരു പ്രതിയെ രാത്രിയിൽ കൊണ്ടുവരുമ്പോൾ ആ കുട്ടിയായിരുന്നു ഡ്യൂട്ടിയിലുണ്ടായിരുന്നത്. മദ്യപിച്ച് മദോന്മത്തനായി വന്ന ആ വ്യക്തി അധ്യാപകനാണെന്ന് പറയുമ്പോൾത്തന്നെ നമുക്കെല്ലാം അപമാനംകൊണ്ട് തലകുനിയുകയാണ്. അധ്യാപകനായ വ്യക്തിയാണ് ലഹരിക്കടിമപ്പെട്ട് ഈ കുട്ടിക്കുനേരെ ഇത്രയും വലിയ അക്രമം അഴിച്ചുവിട്ടത്. വാസ്തവത്തിൽ കേരളം വളരെ കണ്ണുനീരോടുകൂടിയാണ് ഇപ്പോഴും അത് ഓർക്കുന്നത്. കഴിഞ്ഞദിവസം ആ കുട്ടിയുടെ എം.ബി.ബി.എസ്. ഡിഗ്രി സർട്ടിഫിക്കറ്റ് ബഹുമാനപ്പെട്ട ഗവർണ്ണർ കൊടുക്കുന്ന സംഭവം കണ്ട് നിരവധിയാളുകൾ കരയുകയുണ്ടായി. മകളെ ഡോക്ടറാക്കുകയെന്ന ആ കുടുംബത്തിനുണ്ടായിരുന്ന ആഗ്രഹം പൊലിഞ്ഞുപോയല്ലോ എന്നോർത്ത് എല്ലാവരും വേദനിച്ചു. ഡോ. വന്ദന ദാസിന്റെ അച്ഛനും അമ്മയും ആ

വേദനയിൽനിന്നും ഇപ്പോഴും മോചിതരായിട്ടില്ല. പ്രസ്തുത സംഭവത്തെത്തുടർന്നാണ് ആരോഗ്യപ്രവർത്തകർക്കെതിരെയുള്ള വിവിധ കുറ്റകൃത്യങ്ങൾക്കായി 7 വർഷം വരെ തടവും 5 ലക്ഷം രൂപ പിഴയും ശിക്ഷയായി നൽകാൻ വ്യവസ്ഥ ചെയ്തുകൊണ്ടുള്ള ഭേദഗതി ഇപ്പോൾ കൊണ്ടുവന്നിരിക്കുന്നത്. ഈ ആക്ടിന്റെ പരിധിയിൽവരുന്ന ആക്രമണ കേസ്സുകൾ ഇൻസ്പെക്ടർ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥൻ അന്വേഷിക്കണമെന്നും 60 ദിവസത്തിനകം അന്വേഷണം പൂർത്തിയാക്കുന്നതിനുമാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. ഒരു വർഷത്തിനുള്ളിൽ വിചാരണ നടപടി പൂർത്തീകരിക്കണമെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്. കാരണം നമ്മുടെ നാട്ടിൽ ഇന്ന് അനന്തമായി കേസ്സുകൾ നീണ്ടുപോകാറുണ്ട്. "Justice delayed is justice denied". പലപ്പോഴും നമ്മൾ കോടതികൾ കയറിയിറങ്ങി നടക്കുമ്പോൾ കേസ്സുകൾ അനിയന്ത്രിതമായി നീണ്ടുപോകുന്നതുകൊണ്ട് ന്യായവും നീതിയും ലഭ്യമാകുന്നില്ല. അതുകൊണ്ട് ഒരു വർഷത്തിനുള്ളിൽ വിചാരണ നടപടി പൂർത്തീകരിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നത് വളരെ നല്ല കാര്യമാണ്. പല കാരണങ്ങൾ കൊണ്ടും

പോലീസിന്റെ അന്വേഷണം നീണ്ടുപോകാറുണ്ട്. അത് പോലീസിന്റെ കുറ്റം കൊണ്ടായിരിക്കില്ല. കേസ്സിന്റെ തെളിവുകൾ ശേഖരിക്കുന്ന കാര്യത്തിൽ പല കാരണങ്ങൾകൊണ്ടും നീണ്ടുപോകാറുണ്ട്. അന്വേഷിക്കുന്ന പോലീസ് ഉദ്യോഗസ്ഥന് മറ്റ് നിരവധി കേസ്സുകളും കാണും.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, അങ്ങ് പറയുന്നത് നടന്നുകൊണ്ടിരിക്കുന്ന കാര്യങ്ങളെക്കുറിച്ചാണ്. കേസന്വേഷണം വളരെ നീണ്ടുപോകുന്നുവെന്ന കാര്യം ശരിയാണ്. അങ്ങ് ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന ആളാണ്. ഒരു പ്രതി ജയിലിൽ കിടക്കുമ്പോൾ ഡിപ്പാർട്ടുമെന്റ് നടത്തുന്ന അന്വേഷണത്തിന് ധാരാളം പരിമിതികളുണ്ടെങ്കിൽപ്പോലും അതിവേഗതയിൽത്തന്നെ വിദ്യാഭ്യാസ വകുപ്പ് നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതാണ്. പ്രതിയായ അദ്ധ്യാപകനെ ജോലിയിൽനിന്നും പിരിച്ചുവിട്ട വിവരം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടാകുമല്ലോ. എന്നാൽ അങ്ങ് അക്കാര്യം സൂചിപ്പിച്ചതുമില്ല.

ശ്രീ. രമേശ് ചെന്നിത്തല: സർ, ബഹുമാനപ്പെട്ട മന്ത്രിയെ ഞാൻ അഭിനന്ദിക്കുകയാണ്. ഡോ. വന്ദന ദാസിനെ കൊലപ്പെടുത്തിയ

മദ്യലഹരിയിലായ അദ്ധ്യാപകനെ സർവ്വീസിൽനിന്നും പുറത്താക്കാനുള്ള തീരുമാനമെടുത്ത വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. വി. ശിവൻകുട്ടിയെ ഞാൻ പ്രത്യേകം അഭിനന്ദിക്കുകയാണ്. അക്കാര്യത്തിലൊരു സംശയവുമില്ല.

ശ്രീ. കെ. പി. എ. മജീദ്: സർ, മലപ്പുറം ജില്ലാ സഹകരണ ആശുപത്രിയിലെ സെക്യൂരിറ്റി ഓഫീസറെ തല്ലിയ പ്രതികളുടെ പേരിൽ ഇതുവരെ നടപടിയെടുത്തിട്ടില്ല. ഒരു മാസമായിട്ടും പോലീസ് പ്രതികളെ പിടികൂടുകയോ അന്വേഷണം നടത്തുകയോ ചെയ്യുന്നില്ല.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഓർഡിനൻസ് നിലവിൽ വന്നിട്ടുള്ളതിനാൽ ഗവൺമെന്റിന് അതിന്റെയടിസ്ഥാനത്തിൽ നടപടികളെടുക്കാവുന്നതാണ്. ബഹുമാനപ്പെട്ട മന്ത്രി അക്കാര്യത്തിൽ മറുപടി പറയുമെന്ന് കരുതുന്നു. ബിൽ ഇപ്പോഴാണ് സഭയിൽ അവതരിപ്പിച്ചതെങ്കിലും ഓർഡിനൻസ് നിലവിലുണ്ട്. ആ ഓർഡിനൻസ് റീപ്ലേസ് ചെയ്യാനുള്ള ബില്ലാണ് ഇപ്പോൾ കൊണ്ടുവന്നിരിക്കുന്നത്. ഓർഡിനൻസ് നിലവിൽ വന്നുകഴിഞ്ഞാൽ അത് നിയമമായി മാറുകയാണ്. അതിന്റെ അടിസ്ഥാനത്തിൽ നടപടികളെടുക്കാവുന്നതാണ്. 60 ദിവസത്തിനകം

അന്വേഷണവും ഒരു വർഷത്തിനുള്ളിൽ വിചാരണ നടപടികളും പൂർത്തിയാക്കണമെന്നുള്ള നിർദ്ദേശം സ്വാഗതാർഹമാണ്. അനന്തമായി കേസ്സുകൾ നീണ്ടുപോകാതെ ഉദ്യോഗസ്ഥർ സമയബന്ധിതമായി അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് കൊടുക്കാനും നിശ്ചിത സമയത്ത് വിചാരണ നടപടി പൂർത്തിയാക്കാനും കഴിഞ്ഞാൽ affected ആയിട്ടുള്ളവർക്ക് നീതി ലഭിച്ചുവെന്ന് ബോധമുണ്ടാകുമെന്ന കാര്യത്തിൽ സംശയമില്ല. 2012-ൽ യു.ഡി.എഫ്. ഗവൺമെന്റ് ഈ നിയമം കൊണ്ടുവരുമ്പോൾ നിയമത്തിലെ ഏറ്റവും പ്രധാനപ്പെട്ട കാര്യങ്ങളും ഇതുതന്നെയായിരുന്നു. Security of the Doctors, Paramedical staff and other health workers should be protected എന്ന ലക്ഷ്യമായിരുന്നു ഇതിനുമുണ്ടായിരുന്നത്. ആ ലക്ഷ്യത്തോടെ കൊണ്ടുവന്ന നിയമത്തിൽ ചില പാളിച്ചകൾ കണ്ടതുകൊണ്ടാണ് ചില വകുപ്പുകളിൽ ഇപ്പോൾ ഭേദഗതി വരുത്തേണ്ടി വന്നിരിക്കുന്നത്.

കേരളത്തിൽ ആരോഗ്യപ്രവർത്തകർക്ക് നേരെയുണ്ടാകുന്ന അതിക്രമങ്ങൾ വർദ്ധിച്ചുവരുന്നുവെന്നുള്ളത് കാണാതിരിക്കാൻ കഴിയില്ല.

നമ്മുടെ സംസ്ഥാനത്ത് വർഷങ്ങളായി ഇത്തരം അക്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. നിയമനടപടികളിലെ മെല്ലെപ്പോക്കും കുറ്റക്കാർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുന്നതിലുള്ള അലംഭാവവുമാണ് ഇത്തരം കേസുകൾ വർദ്ധിക്കാനുള്ള കാരണം. സീനിയർ അംഗമായ ശ്രീ. കെ. പി. എ. മജീദ് ചൂണ്ടിക്കാണിച്ചതുപോലുള്ള സംഭവങ്ങളിൽ കുറ്റക്കാർക്കെതിരെ നടപടിയെടുക്കുന്നില്ലെങ്കിൽ, മറ്റുള്ളവർക്ക് കുറ്റം ചെയ്യുന്നതിനുള്ള പ്രേരണ വർദ്ധിക്കുമെന്നുള്ളതും കാണാതിരിക്കരുത്. രോഗികൾക്ക് രക്ഷ നൽകേണ്ട ആരോഗ്യപ്രവർത്തകർ സ്വയം രക്ഷിക്കാൻ പാടുപെടുന്ന കാഴ്ച കേരള സമൂഹത്തിന് അപമാനകരമാണ്. സംസ്ഥാനത്തെ ഒരു പ്രമുഖ ആരോഗ്യ വിദഗ്ദ്ധൻ, ഡോ. വന്ദന ദാസിന്റെ കൊലപാതകം നടക്കുന്നതിന് ഏതാനും ആഴ്ചകൾക്കുമുമ്പ് ഇത്തരമൊരു ദുരന്തത്തിന്റെ സാധ്യതയിലേയ്ക്ക് വിരൽ ചൂണ്ടിക്കൊണ്ട് പറഞ്ഞ കാര്യങ്ങൾ പുറത്തുവരികയുണ്ടായി. ആരോഗ്യപ്രവർത്തകർക്കെതിരായ അക്രമങ്ങൾ നിർബാധം തുടർന്നിട്ടും അത് നിയന്ത്രിക്കുന്നതിൽ സർക്കാരിനും സമൂഹത്തിനും (ഞാൻ സർക്കാരിനെ മാത്രം കുറ്റപ്പെടുത്തുന്നില്ല)

മൊത്തമുണ്ടായ ഗുരുതരമായ വീഴ്ചയുടെ രക്തസാക്ഷിയാണ് ഡോ. വന്ദന ദാസ്. സമൂഹത്തിനും അതിൽ ഉത്തരവാദിത്വമുണ്ട്. ഒരു അധ്യാപകന്റെ ഭാഗത്തുനിന്നാണ് ഇത്തരമൊരു പ്രവൃത്തിയുണ്ടായത് എന്നുപറയുമ്പോൾ സമൂഹം എവിടെ നിൽക്കുന്നുവെന്നുകൂടി നാം കാണേണ്ട കാര്യമാണ്. ആർക്കും കയറി കൊട്ടാവുന്ന ചെണ്ടയായി ആരോഗ്യപ്രവർത്തകർ മാറുന്ന അവസ്ഥയുണ്ടാകാൻ പാടില്ല. സ്വയരക്ഷയ്ക്കായി കരാട്ടെ പഠിക്കേണ്ട ഗതികേടിലാണ് ഇന്ന് ആരോഗ്യപ്രവർത്തകർ. സ്വയം രക്ഷിക്കേണ്ട ഒരവസ്ഥകൂടി വന്നുചേർന്നിരിക്കുന്നുവെന്ന് ധാരാളം ഡോക്ടർമാർ എന്നോട് പറഞ്ഞിട്ടുണ്ട്. ഈ നിലയിലാണ് പോകുന്നതെങ്കിൽ അവർക്ക് സ്വയം രക്ഷിക്കാനുള്ള നടപടി കൈക്കൊള്ളേണ്ട ദുരവസ്ഥയാണ് വന്നുചേർന്നിരിക്കുന്നതെന്ന് ഡോക്ടറായ എന്റെ മകനും പറഞ്ഞിട്ടുണ്ട്.

2021 മുതൽ 2023 വരെ ആരോഗ്യപ്രവർത്തകർക്കെതിരായ അക്രമത്തിൽ വൻതോതിലുള്ള വർദ്ധനവാണുണ്ടായിരിക്കുന്നത്. ഈ കാലയളവിൽ മാത്രം 199 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. അതായത്, പ്രതിമാസം 10 മുതൽ 12 വരെ

കേസുകൾ രജിസ്റ്റർ ചെയ്യുന്നു. ഇതിന്റെ എത്രയോ ഇരട്ടി സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടാതെ പോകുന്നുണ്ടാകും. പല ഡോക്ടർമാരും ആരോഗ്യപ്രവർത്തകരും പലപ്പോഴും ഇതൊന്നും ആരോടും പറയാറില്ല. ഹൈവേ സൈഡുകളിൽ രാത്രികാലങ്ങളിൽ മദ്യപിച്ച് വരുന്നവർ ആശുപത്രികളിൽ കയറി ബഹളമുണ്ടാക്കുക, രാത്രി ഡ്യൂട്ടിയിലുള്ള ഡോക്ടർമാരോടും നഴ്സുമാരോടും മോശമായി പെരുമാറുക തുടങ്ങി ധാരാളം സംഭവങ്ങൾ സംസ്ഥാനത്ത് നടക്കുന്നുണ്ട്. ഭരിക്കുന്ന പാർട്ടിയുടെ, പ്രത്യേകിച്ച് സി.പി.ഐ.(എം.) പ്രവർത്തകർ പ്രതികളായ സംഭവങ്ങൾ നമ്മൾ കണ്ടുകൊണ്ടിരിക്കുകയാണ്. അതിന്റെ ഉദാഹരണമാണ് ശ്രീ. കെ. പി. എ. മജീദ് ഇവിടെ ചൂണ്ടിക്കാണിച്ചത്. ഭരിക്കുന്ന പാർട്ടിക്കും അതിൽ ഉത്തരവാദിത്വമുണ്ട്. കാരണം ഭരണത്തിലിരിക്കുന്നവർക്കാണ് പ്രതിപക്ഷത്തുള്ളവരേക്കാൾ ഇക്കാര്യത്തിൽ ഉത്തരവാദിത്വമുള്ളത്. കോഴിക്കോട് മെഡിക്കൽ കോളേജിലെ സുരക്ഷാ ജീവനക്കാരെ ഡി.വൈ.എഫ്.ഐ. പ്രവർത്തകരടങ്ങുന്ന ഒരു സംഘം അതിക്രൂരമായി മർദ്ദിച്ച് അവശരാക്കിയത് ദൃശ്യങ്ങളിൽ നമ്മൾ കണ്ടതാണ്. കോഴിക്കോട്

മെഡിക്കൽ കോളേജിന് മുന്നിൽ ഹർഷീനയെന്ന സ്ത്രീ ഇപ്പോഴും നിരാഹാര സമരം നടത്തുകയാണ്. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ നേരിട്ട് സംസാരിച്ചതാണ്. ഞങ്ങളെല്ലാവരും അവരെ പോയി കണ്ടിരുന്നു. ഓപ്പറേഷൻ നടത്തിയശേഷം കത്രിക വയറ്റിൽവച്ച് കുത്തിക്കെട്ടിയതിനെത്തുടർന്ന് പത്ത് വർഷമായി അവർ പ്രയാസമനുഭവിക്കുകയാണ്. ക്യാബിനറ്റ് തീരുമാനിച്ചതുപ്രകാരം ഗവൺമെന്റ് നഷ്ടപരിഹാരമായി അവർക്ക് രണ്ട് ലക്ഷം രൂപ കൊടുത്തു. എന്നാൽ അവർക്ക് അൻപത് ലക്ഷത്തിലേറെ രൂപ ചെലവായിട്ടുണ്ട്. കോഴിക്കോട് അവരുടെ നിരാഹാര പന്തലിൽ പോയശേഷം ബഹുമാനപ്പെട്ട മന്ത്രിയോട് ഫോണിൽ സംസാരിച്ചപ്പോൾ ഇക്കാര്യം ഞാൻ പറഞ്ഞു. കൂടാതെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ആ കുടുംബത്തിന് എല്ലാം നഷ്ടപ്പെട്ടു. കുട്ടികളെ വളർത്താൻ നിവൃത്തിയില്ല, ഭർത്താവ് ജോലി ചെയ്തുകൊണ്ടിരുന്ന സ്ഥാപനവും പൂട്ടി. അൻപത് ലക്ഷത്തിലധികം രൂപ അവർക്ക് കടബാധ്യത വന്നിരിക്കുകയാണ്. സ്പെഷ്യൽ കേസായി പരിഗണിച്ച് അൻപത് ലക്ഷം രൂപയെങ്കിലും അവർക്ക്

അനുവദിക്കണമെന്നാവശ്യപ്പെട്ട് ബഹുമാനപ്പെട്ട ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രിയുമായി സംസാരിച്ചശേഷം മുഖ്യമന്ത്രിക്ക് ഞാൻ ഒരു കത്തും കൊടുത്തതാണ്. ആത്മഹത്യയല്ലാതെ അവർക്കിനി യാതൊരു മാർഗ്ഗവുമില്ലാത്ത അവസ്ഥയാണ്.

നിരവധി കോടതിവിധികളും നിർദേശങ്ങളുമുണ്ടായിട്ടും ഔദ്യോഗിക സംവിധാനങ്ങൾ കൃത്യമായി പ്രവർത്തിക്കുന്നില്ല. നിയമമില്ലാത്തതുകൊണ്ടല്ല, അത് കർശനമായി പാലിക്കപ്പെടാത്തതാണ് ഇവിടത്തെ പ്രശ്നം. ഡോക്ടർമാരെയും ആരോഗ്യപ്രവർത്തകരെയും ജനങ്ങൾ ആക്രമിക്കുന്ന സംഭവങ്ങളുണ്ടാകുമ്പോൾ പോലീസ് കുറേക്കൂടി ജാഗ്രതയോടെ പെരുമാറേണ്ടിയിരിക്കുന്നു. സംസ്ഥാനത്തെ ആരോഗ്യപ്രവർത്തകർക്ക് ഭീതിയുടെ മുൾമുനയിൽ പ്രവർത്തിക്കേണ്ടിവരുന്ന സാഹചര്യം ഒട്ടും ഭൂഷണമല്ല. പരിശോധനയ്ക്കിടെ വനിതാ ആരോഗ്യപ്രവർത്തകർക്കുനേരെ ലൈംഗികാതിക്രമങ്ങളുണ്ടാകുന്നു എന്നുള്ളത് നമ്മെ ലജ്ജിപ്പിക്കുന്ന കാര്യമാണ്. ആശുപത്രികളെ സുരക്ഷിത മേഖലകളായി പ്രവർത്തിപ്പിക്കണമെന്നത് ആരോഗ്യ പ്രവർത്തകരുടെ ദീർഘകാലത്തെ

ആവശ്യമാണ്. ആരോഗ്യപ്രവർത്തകരെ അക്രമിക്കുന്ന പ്രതികളെ ഉടനടി അറസ്റ്റ് ചെയ്ത് അവർക്കെതിരെ നിയമനടപടികൾ സ്വീകരിക്കണം. ആരോഗ്യപ്രവർത്തകരുടെ സുരക്ഷ സംബന്ധിച്ച് നിരവധി ഹൈക്കോടതി വിധികൾ വന്നിട്ടുണ്ട്. താലൂക്ക്-ജില്ലാ-ജനറൽ ആശുപത്രികൾ, സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികൾ, മെഡിക്കൽ കോളേജുകൾ എന്നിവിടങ്ങളിൽ കാഷ്വാലിറ്റി വിഭാഗങ്ങളെയെങ്കിലും സി.സി.ടി.വി. സർവൈലൻസിന്റെ പരിധിയിൽ കൊണ്ടുവരണമെന്നും പ്രസ്തുത ദൃശ്യങ്ങൾ തൊട്ടടുത്ത പോലീസ് സ്റ്റേഷനിൽ ലഭ്യമാക്കണമെന്നും ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശിച്ചെങ്കിലും നടപടിയുണ്ടായിട്ടില്ല. മാത്രമല്ല, ഡോക്ടർമാരും സെക്യൂരിറ്റി ജീവനക്കാരും അക്രമിക്കപ്പെട്ടാലും ആശുപത്രി വസ്തുവകകൾ നശിപ്പിക്കപ്പെട്ടാലും ഒരു മണിക്കൂറിനകം പോലീസ് കേസെടുത്ത് കുറ്റവാളികളെ പിടികൂടണമെന്ന ഹൈക്കോടതിയുടെ മുൻ ഉത്തരവുകളും പാലിക്കപ്പെടുന്നില്ല. ഒരു മണിക്കൂറിനുള്ളിലെങ്കിലും ഫസ്റ്റ് ഇൻഫർമേഷൻ റിപ്പോർട്ട് (എഫ്.ഐ.ആർ.) ഫയൽ ചെയ്യണമെന്നുള്ളത് ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്.

കോവിഡ് കാലത്ത് നിസ്തുലസേവനം കാഴ്ചവച്ച ആരോഗ്യപ്രവർത്തകരെ നമ്മളെല്ലാവരും ചേർന്ന് അഭിനന്ദിച്ചിട്ടുള്ളതാണ്. എല്ലാ സ്ഥലങ്ങളിലും അവർക്ക് അവാർഡുകളും പാരിതോഷികങ്ങളും നൽകി. നിയമസഭയിൽ സർക്കാർ നൽകിയ മറുപടിപ്രകാരം, കോവിഡ് ഒന്നാം തരംഗത്തിലും രണ്ടാം തരംഗത്തിലുമായി ഇരുപത്തിയാറ് ആരോഗ്യ പ്രവർത്തകർ കോവിഡ് ബാധിച്ച് മരിച്ചു. സ്വന്തം ജീവൻപോലും തൃണവൽക്കരിച്ചുകൊണ്ട് ജനങ്ങളെ സംരക്ഷിക്കാനുള്ള ഇവരുടെ കർത്തവ്യബോധത്തെ എത്ര അഭിനന്ദിച്ചാലും മതിയാകില്ല. മദ്യപിച്ചും ലഹരി ഉപയോഗിച്ചും ആർക്കും എപ്പോഴും കടന്നുവരാവുന്ന പൊതുഇടങ്ങളായി നമ്മുടെ ആശുപത്രികൾ മാറാൻ പാടില്ല. ആശുപത്രികളിൽ പ്രത്യേക പോലീസ് ഔട്ട്പോസ്റ്റുകൾ സ്ഥാപിക്കണം. ചില ആശുപത്രികളിൽ ഇത് സ്ഥാപിച്ചിട്ടുണ്ട്. ഇത്തരത്തിൽ മദ്യപിച്ചും ലഹരി ഉപയോഗിച്ചും വരുന്നവരെയും സാമൂഹ്യ വിരുദ്ധരെയും അപ്പോൾത്തന്നെ പോലീസിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുള്ള നടപടികളുണ്ടാകണം. പല സർക്കാർ ആശുപത്രികളിലെയും അത്യാഹിത വിഭാഗത്തിന്റെ അവസ്ഥ ദയനീയമാണ്.

പലപ്പോഴും ഒരു ഡോക്ടർ മാത്രമായിരിക്കും അവിടെ ഡ്യൂട്ടിക്കുണ്ടാകുന്നത്. പനി ബാധിച്ചവർ മുതൽ അടിയന്തര വൈദ്യസഹായം ആവശ്യമുള്ള രോഗികൾവരെ അവിടെ ചികിത്സയ്ക്കെത്താറുണ്ട്. അതിനിടയിൽ പോലീസ് കൊണ്ടുവരുന്ന റിമാൻഡ് പ്രതികളെയും പരിശോധിക്കേണ്ടതുണ്ട്. ഇതിനിടയിൽ അക്രമമുണ്ടായാൽ അതും സഹിക്കേണ്ടി വരികയാണ്. ഒരു സർക്കാർ ആശുപത്രിയിലുണ്ടാകുന്ന പ്രശ്നങ്ങളിതാണെന്ന് നമ്മൾ കാണാതിരിക്കരുത്. ഇന്ത്യയിലെ എഴുപത്തിയഞ്ച് ശതമാനത്തോളം ഡോക്ടർമാരും തങ്ങളുടെ ജോലിക്കിടയിൽ ഒരിക്കലെങ്കിലും ശാരീരികമായോ മാനസികമായോ അക്രമത്തിന് വിധേയരായിട്ടുണ്ടെന്നാണ് ഇന്ത്യൻ മെഡിക്കൽ അസോസിയേഷന്റെ ഒരു പഠനത്തിൽ സൂചിപ്പിക്കുന്നത്. അതുതന്നെ എത്ര ഗൗരവമുള്ള കാര്യമാണെന്ന് ആലോചിക്കണം. ആശുപത്രികളിലുണ്ടാകുന്ന അക്രമങ്ങൾ അടിയന്തര ചികിത്സ ലഭിക്കേണ്ട നിസ്സഹായരായ രോഗികളുടെ ജീവനെപ്പോലും ബാധിക്കുന്ന ഒരു കാര്യമാണ്. എന്നാൽ ഈ പുതിയ നിയമഭേദഗതികൊണ്ടുമാത്രം ആരോഗ്യപ്രവർത്തകർക്ക് നേരെയുള്ള അതിക്രമങ്ങൾ അവസാനിക്കുമെന്ന

വിശ്വാസവും നമുക്കാർക്കുമില്ല. ആരോഗ്യപ്രവർത്തകരെയും ആശുപത്രികളെയും സംരക്ഷിക്കാൻ 2012-ൽ നിയമമുണ്ടായിട്ടും ഇപ്പോഴും ഡോക്ടർമാരും ആരോഗ്യപ്രവർത്തകരും അക്രമത്തിന് വിധേയരാകുന്നുവെന്നത് ഗൗരവമായ വിഷയമാണ്. കൂടാതെ പുതിയ ഓർഡിനൻസ് വന്ന് മണിക്കൂറുകൾക്കകമാണ് എറണാകുളം ജനറൽ ആശുപത്രിയിലെ ജീവനക്കാർക്കെതിരെ അക്രമമുണ്ടായത്. ശിക്ഷയുടെ വലിപ്പംകൊണ്ടോ കാഠിന്യംകൊണ്ടോ മാത്രം കുറ്റകൃത്യങ്ങളെ തടഞ്ഞുനിർത്താൻ സാധ്യമാകില്ലെന്ന മുൻ അനുഭവങ്ങൾ നമ്മുടെ മുന്നിലുണ്ട്. അതുകൊണ്ട് സർക്കാരിന് ഇക്കാര്യത്തിൽ നിർബന്ധമുണ്ടാകണം, ആരോഗ്യ വകുപ്പിന് ഇച്ഛാശക്തിയുണ്ടാകണം. എങ്കിൽ മാത്രമെ ഡോക്ടർമാർക്കും ജീവനക്കാർക്കും പൂർണ്ണ സുരക്ഷ ഉറപ്പാക്കാൻ കഴിയുകയുള്ളൂ. കേരളത്തിൽ പൊതുജനാരോഗ്യ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് ഒരു സുരക്ഷാ ഓഡിറ്റ് വേണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. ഇരുപത്തിനാല് മണിക്കൂറും പ്രവർത്തിക്കുന്ന താലൂക്ക്-ജില്ലാ-ജനറൽ ആശുപത്രികളിൽ സെക്യൂരിറ്റി ജീവനക്കാരുടെ സ്ഥിരം തസ്തികയില്ല എന്നുള്ളതും ഒരു

പോരായ്മയാണ്. ആരോഗ്യപ്രവർത്തകരും ആശുപത്രിയിലെത്തുന്നവരും തമ്മിൽ നേർക്കുനേർ ഏറ്റുമുട്ടുന്ന സാഹചര്യങ്ങൾ പരമാവധി ഒഴിവാക്കണം. ആരോഗ്യപ്രവർത്തകരും രോഗികളും കൂട്ടിരിപ്പുകാരും തമ്മിലുള്ള സംഘർഷങ്ങൾ വർദ്ധിച്ചുവരുന്നുവെന്നതും പ്രധാനപ്പെട്ട കാര്യമാണ്. ഡോക്ടർമാരും രോഗികളും തമ്മിലുള്ള സംഘർഷങ്ങൾ ഒരു പരിധി വരെ പരിഹരിക്കാൻ നമ്മൾ ശ്രമിക്കേണ്ടിയിരിക്കുന്നു. രോഗികൾ, ഡോക്ടർമാർ, മറ്റ് പാരാമെഡിക്കൽ സ്റ്റാഫ്, ആരോഗ്യപ്രവർത്തകർ, കൂട്ടിരിപ്പുകാർ എന്നിവരുടെ പരാതികൾ പരിഹരിക്കാനായി ഒരു 'Grievance Redressal Mechanism' ഉണ്ടാകേണ്ടത് ഏറ്റവും ആവശ്യമാണെന്ന് ഞാൻ കരുതുകയാണ്. അതുപോലെ നിയമത്തിലെ വ്യവസ്ഥകൾ ദുരുപയോഗപ്പെടുത്താനോ രോഗികളുടെ അവകാശങ്ങൾ ഹനിക്കപ്പെടാനോ പാടില്ല. ഈ നിയമനിർമ്മാണം കേരളത്തിൽ ഒരു പുതിയ അന്തരീക്ഷമുണ്ടാക്കട്ടെയെന്ന് പറയാനാണ് ഞാൻ ആഗ്രഹിക്കുന്നത്. ആരോഗ്യരംഗത്ത് സ്വതന്ത്രമായും സുരക്ഷിതത്വത്തോടുകൂടിയും പ്രവർത്തിക്കാൻ കേരളത്തിലെ ഡോക്ടർമാർക്കും ആരോഗ്യപ്രവർത്തകർക്കും

സാധിക്കുന്നതിനുവേണ്ടിയാണ് ഈ നിയമനിർമ്മാണം. ഇത് നൂറ് ശതമാനം വിജയമാകണം. പണ്ട് ഡോക്ടർമാരെ കാണപ്പെട്ട ദൈവമായാണ് കണക്കാക്കപ്പെട്ടിരുന്നത്. ഡോക്ടർ പറയുന്നത് നമ്മളെ സംബന്ധിച്ചിടത്തോളം അന്തിമ വാക്യമായിരുന്നു. ആരോഗ്യപ്രവർത്തകരാണ് നമ്മെ ചികിത്സിക്കുന്നത്. അതുകൊണ്ട് അവർക്ക് പൂർണ്ണസുരക്ഷ ഉറപ്പാക്കാനും ആരോഗ്യരംഗത്തെ കൂടുതൽ കരുത്തുള്ളതാക്കിമാറ്റാനും ഈ നിയമഭേദഗതി സഹായകമാകുമെന്ന് വിശ്വസിച്ചുകൊണ്ട് ഈ നിയമത്തെ ഞാൻ പൂർണ്ണമായി പിന്താങ്ങുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, നിരാകരണപ്രമേയത്തെ ഞാൻ പിന്താങ്ങുന്നു. ഈ ബില്ലിന്റെ പ്രാധാന്യവും എന്തുകൊണ്ടാണ് ഈ ബിൽ കൊണ്ടുവരാൻ ഗവൺമെന്റ് ലക്ഷ്യംവച്ചതെന്നും ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിക്കുകയുണ്ടായി. കേരളത്തിലെ ആരോഗ്യരംഗം വളരെയേറെ മുന്നോട്ടുപോയിട്ടുള്ള ഒരു മേഖലയാണ്. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് ആരോഗ്യരംഗത്ത് നമുക്ക് ഒട്ടനവധി നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. അതൊരു സുപ്രഭാതത്തിൽ നേടിയെടുത്തതല്ല,

കാലാകാലങ്ങളായിട്ടുള്ള പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ നമുക്ക് നേടിയെടുക്കാൻ കഴിഞ്ഞതാണ്. മലയാളികളുടെ ഉയർന്ന സാമൂഹ്യബോധം കാരണം ആരോഗ്യ പരിപാലന രംഗത്ത് നമുക്ക് ഏറെ മാറ്റങ്ങൾ സൃഷ്ടിച്ചെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇന്ന് ആരോഗ്യ വകുപ്പിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന ന്യൂനതകളെ സംബന്ധിച്ച് ശ്രീ. രമേശ് ചെന്നിത്തല പ്രതിപാദിക്കുകയുണ്ടായി. ഇത്തരം വിഷയങ്ങളിൽ ഗവൺമെന്റ് അവധാനതയോടെ ഇടപെടണമെന്നാണ് സൂചിപ്പിക്കാനുള്ളത്. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ ഗോഡൗണുകളിൽ കഴിഞ്ഞ ദിവസങ്ങളിൽ ആവർത്തിക്കപ്പെട്ട തീപിടിത്തങ്ങളെ സംബന്ധിച്ച് വലിയ ദുരൂഹതകൾ ആരോപിക്കപ്പെടുകയാണ്. ഒരു കോർപ്പറേഷന്റെ ഗോഡൗണുകളിൽ തീപിടിത്തം ആവർത്തിക്കുന്നത് എന്തുകൊണ്ടാണ്? സ്വാഭാവികമായും അതിൽ ഒരുപാട് ദുരൂഹതകൾ ഉയർന്നുവരുന്നുവെന്നുള്ളത് ഗവൺമെന്റ് ഗൗരവമായി കാണേണ്ടതാണ്. അതിലെ അന്വേഷണംപോലും പ്രഹസനമായി മാറിക്കൊണ്ടിരിക്കുന്നതിനാലാണ് സംശയങ്ങൾ തോന്നുന്നത്. നേരത്തെ പ്രതിപാദിച്ചതുപോലെ അവിടെ നടന്ന വിവിധ

പർച്ചേസുകൾ മൂടിവയ്ക്കാനാണോ ഈ തീപിടിത്തം എന്നുള്ള സ്വാഭാവികമായ ചോദ്യവും ഉയർന്നുവരും. ഇങ്ങനെയുള്ള കാര്യങ്ങളിൽ സുതാര്യമായ രീതിയിലുള്ള സമീപനമുണ്ടാകണം. ഡോക്ടർമാരും ആരോഗ്യപ്രവർത്തകരും ആക്രമിക്കപ്പെടുന്നത് ഇന്നൊരു നിത്യസംഭവമെന്ന നിലയിൽ വിശേഷിപ്പിച്ചാലും അതിശയോക്തിയില്ല. ഒട്ടനവധി ആരോഗ്യപ്രവർത്തകരും ഡോക്ടർമാരും ശാരീരികവും മാനസികവുമായ ഒരുപാട് ചൂഷണങ്ങൾക്കും ആക്രമണങ്ങൾക്കും ഇരയാവുന്നുവെന്നുള്ളത് യാഥാർത്ഥ്യമാണ്. കേരളത്തിൽത്തന്നെ കഴിഞ്ഞ രണ്ടുമൂന്ന് വർഷത്തിനിടയിൽ ഇരുന്നൂറിലേറെ ആക്രമണങ്ങളുണ്ടായി എന്നത് ഗൗരവമായ കാര്യമാണ്. പക്ഷേ ഇത്തരത്തിലുള്ള വിഷയങ്ങൾ വരുമ്പോൾ അവരെ സംരക്ഷിക്കാൻ കഴിയുന്ന സാഹചര്യമൊരുക്കണം. അതിനാണ് 2012-ൽ അന്നത്തെ ഗവൺമെന്റ് നിയമം കൊണ്ടുവന്നത്. ആ നിയമത്തെ കുറച്ചുകൂടി കർശനമാക്കാൻ വേണ്ടിയാണ് ഇപ്പോൾ ഈ ഭേദഗതി അവതരിപ്പിക്കുന്നതെന്ന് ബഹുമാനപ്പെട്ട മന്ത്രി പ്രഖ്യാപിക്കുകയുണ്ടായി. ആ നിയമം അതിന്റെ പൂർണ്ണതയിൽ നടപ്പാക്കി മുന്നോട്ടുപോകാൻ കഴിഞ്ഞിട്ടുണ്ടോ

ഇല്ലയോയെന്നുള്ളത് പരിശോധിക്കേണ്ടതാണ്. 2016 മുതൽ അഞ്ച് വർഷത്തിനിടയിൽ 31 കേസ്സുകൾ മാത്രമാണ് പ്രസ്തുത നിയമത്തിന്റെ അടിസ്ഥാനത്തിൽ എടുത്തിട്ടുള്ളത്, എന്നാൽ അതിനേക്കാൾ പതിന്മടങ്ങ് സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. സി. എച്ച്. കുഞ്ഞമ്പു]

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ ഈ വിഷയത്തിൽ നാം കർശന നടപടി സ്വീകരിക്കണം. ഇതൊരു എൽ.ഡി.എഫ്.-യു.ഡി.എഫ്. പ്രശ്നമല്ല, സമൂഹത്തിലാകെയുള്ളതാണ്. ഒരു പ്രതിയെ പോലീസ് അറസ്റ്റ് ചെയ്താൽ ആശുപത്രിയിൽ മെഡിക്കൽ ചെക്കപ്പിനായാണ് ആദ്യം കൊണ്ടുപോകേണ്ടത്. ഡോ. വന്ദന ദാസിന് നേരെയുണ്ടായ സംഭവത്തിനുശേഷം മെഡിക്കൽ ചെക്കപ്പിനായി പ്രതികളെ കൈവിലങ്ങ് വച്ചുതന്നെ കൊണ്ടുപോകണമെന്ന് നിർദ്ദേശം കൊടുത്തിരുന്നു. അങ്ങനെ തന്നെയാണ് അതിനുശേഷം നടന്നുകൊണ്ടിരിക്കുന്നത്. ചില മാധ്യമങ്ങളും പ്രസ്ഥാനങ്ങളും അതിനെ രാഷ്ട്രീയമായി കണ്ടുകൊണ്ട് കൈവിലങ്ങ്

വയ്ക്കുന്നത് മനഃപൂർവ്വമാണെന്നുള്ള രീതിയിൽ ചിത്രീകരിക്കുന്നു. അക്കാര്യങ്ങളിലുള്ള ശരിതെറ്റുകൾ മനസ്സിലാക്കിക്കൊണ്ട് എൽ.ഡി.എഫ്.-യു.ഡി.എഫ്. വ്യത്യാസമില്ലാതെ ഒറ്റക്കെട്ടായ നിലപാട് സ്വീകരിക്കുകയല്ലേ വേണ്ടത്?

ശ്രീ. അനൂപ് ജേക്കബ്: സർ, എനിക്ക് മുൻപ് സംസാരിച്ച ശ്രീ. രമേശ് ചെന്നിത്തല ബില്ലിനെ പൂർണ്ണമായും പിന്തുണയ്ക്കുന്നുവെന്ന് പറഞ്ഞുകൊണ്ട് അതിനോടുള്ള സമീപനം വ്യക്തമാക്കിയിരുന്നു. പക്ഷേ ഇതിലുണ്ടായിരിക്കുന്ന വിഷയങ്ങൾ ചൂണ്ടിക്കാണിക്കണ്ടേ? ഇതൊരു രാഷ്ട്രീയ വിഷയമായി കാണാൻ ഞങ്ങളാരും ആഗ്രഹിക്കുന്നില്ല. ആരോഗ്യപ്രവർത്തകരുടെ സുരക്ഷയെന്ന ഒരൊറ്റ വിഷയത്തിലേയ്ക്ക് ഈ പ്രശ്നത്തെ നിങ്ങൾ ചുരുക്കിക്കൊണ്ടുവരികയാണെന്നുള്ളത് ഒരു ആക്ഷേപം തന്നെയാണ്. ആരോഗ്യ മേഖലയിൽ പലവിധ പ്രശ്നങ്ങളുണ്ട്. നമ്മുടെ സ്റ്റാഫ് പാറ്റേൺ അടക്കമുള്ള വിഷയങ്ങൾ ആശുപത്രികളിൽ കലഹമുണ്ടാക്കാൻ ഇടയാക്കുന്നില്ലേ? പ്രൈമറി/കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ സപ്പോർട്ടിംഗ് സ്റ്റാഫിന്റെ എണ്ണത്തിലുള്ള കുറവ് പല രീതിയിലുള്ള

പ്രശ്നങ്ങളുണ്ടാക്കുന്നുണ്ട്. ഒരു ഡോക്ടർ ഒ.പി.-യിൽ എത്ര രോഗികളെയാണ് പരിശോധിക്കുന്നത്? ഒരു ഡോക്ടർക്കുണ്ടാകുന്ന ജോലി ഭാരം എത്ര വലുതാണ്. അഞ്ച് മുതൽ പത്ത് മിനിറ്റ് വരെയെങ്കിലും ഒരു രോഗിയെ പരിശോധിക്കാൻ സമയമെടുക്കും. അത്തരത്തിൽ പരിശോധിച്ചുകഴിയുമ്പോൾ സ്വാഭാവികമായും ക്യൂ വർദ്ധിക്കുകയും കാത്തുനിൽക്കുന്നവർ മുഷിയുകയും പ്രതികരണങ്ങളുണ്ടാകുകയും ചെയ്യും. അങ്ങനെയുള്ള പ്രതികരണങ്ങളിൽനിന്നാണ് സംഘർഷങ്ങളുണ്ടാകുന്നത്. ഈയൊരു നിയമം കൊണ്ടുവന്ന് ആരോഗ്യമേഖലയിലുള്ളവരെ എല്ലാ രീതിയിലും സുരക്ഷിതമാക്കാമെന്ന് കരുതുന്നുണ്ടെങ്കിൽ അത് ശരിയല്ല. കാരണം അതിനേക്കാളുമുപരിയായി ധാരാളം അടിസ്ഥാനപരമായ പ്രശ്നങ്ങളുണ്ട്. ആശുപത്രികളിൽ ആവശ്യമായ ഡോക്ടർമാരെയും സപ്പോർട്ടിംഗ് സ്റ്റാഫിനെയും നിയമിക്കണം, മരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്തണം, അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കണം. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നാല് വാർഡുകൾ ഒരുമിച്ച് അടച്ചിടുമ്പോൾ അതിൽ ഭരണ തകർച്ചയല്ലേ നമുക്ക് കാണാൻ കഴിയുന്നത്?

യാതൊരു സംശയവും അക്കാര്യത്തിലില്ല. ഡോ. വന്ദന ദാസിന്റെ കൊലപാതകം കേരളീയ പൊതുസമൂഹത്തിന് ഉണ്ടാക്കിയിരിക്കുന്ന ഞെട്ടൽ ഇന്നും മാറിയിട്ടില്ല, അത് വളരെ വേദനയുളവാക്കുന്ന ഒരു സംഭവമാണ്. ഏറെ പ്രതീക്ഷയോടുകൂടി പൊതുസമൂഹം നോക്കിക്കണ്ടിരുന്ന ഒരു യുവ ഡോക്ടർ പോലീസിന്റെ സാന്നിദ്ധ്യത്തിൽ കൊലപാതകത്തിനിരയായി എന്നുപറയുമ്പോൾ നമ്മുടെ സിസ്റ്റത്തിന്റെ തകർച്ചയാണ് കാണിക്കുന്നത്, ഞാൻ രാഷ്ട്രീയം പറയുകയല്ല. ഒരു പൗരന്റെ ജീവനും സ്വത്തിനും സംരക്ഷണം നൽകാൻ ഉത്തരവാദിത്വമുള്ള പോലീസിന്റെ സാന്നിദ്ധ്യത്തിലാണ് കൊട്ടാരക്കര താലൂക്കാശുപത്രിയിൽ ഈ ഹീനമായ സംഭവം അരങ്ങേറിയത്. അടിസ്ഥാനപരമായ ഡ്യൂട്ടിയെന്താണെന്നുപോലും അറിയാതെ പോകുകയാണോ നമ്മുടെ പോലീസ് ഉദ്യോഗസ്ഥർ? മാത്രമല്ല, നിലവിലുള്ള നിയമങ്ങൾ കർശനമായി നടപ്പാക്കാനും കഴിയണമായിരുന്നു. ആശുപത്രികളിൽ സി.സി.ടി.വി. സ്ഥാപിക്കൽ, പോലീസ് സുരക്ഷ ഉറപ്പാക്കൽ, ആർമിയിൽനിന്നും റിട്ടയർ ചെയ്ത വ്യക്തികളെ സെക്യൂരിറ്റി ഓഫീസറായി നിയമിക്കൽ തുടങ്ങിയവ സംബന്ധിച്ച് ഗവൺമെന്റ് 2021-ൽ

ഹൈക്കോടതി മുൻപാകെ ഉറപ്പ് നൽകിയിട്ടുള്ളതാണ്. പക്ഷെ എല്ലാ ആശുപത്രികളിലും അത്തരം സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടില്ലെന്നുള്ളത് ഒരു സത്യമാണ്. ബഹുമാനപ്പെട്ട മന്ത്രിക്കുതന്നെ അതറിയാം. ചിലപ്പോൾ പ്രായോഗികമായ ബുദ്ധിമുട്ടുകളുണ്ടായിട്ടുണ്ടാവാം. കൊട്ടാരക്കരയിലുണ്ടായ സംഭവത്തിന്റെ പിന്നിലുണ്ടായിരിക്കുന്ന വീഴ്ചകൾ സ്വാഭാവികമായും ചർച്ച ചെയ്യപ്പെടേണ്ടതാണ്. ഭാവിയിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കപ്പെടാതിരിക്കാൻ മുൻകരുതലുകളെടുക്കണം. എല്ലാ സേവന മേഖലകൾക്കും വളരെ പ്രാധാന്യം കൊടുക്കേണ്ടതുണ്ട്. എല്ലാവരും ഒരേ മനസ്സോടുകൂടി ഒറ്റക്കെട്ടായി മുന്നോട്ടുപോയതുകൊണ്ടാണ് കോവിഡിനെ പൊരുതി തോൽപ്പിക്കാൻ നമുക്ക് സാധിച്ചത്. അതിന് ആരോഗ്യപ്രവർത്തകരെടുത്ത റിസ്ക് ഒട്ടും ചെറുതായി കാണാൻ കഴിയുന്നതല്ല. സ്വന്തം ജീവൻപോലും പണയം വച്ചുകൊണ്ടുള്ള പരിശോധന-ചികിത്സാ സംവിധാനങ്ങളിലേയ്ക്ക് അവർ ഇറങ്ങിവരികയാണ് ചെയ്തത്. അങ്ങനെയുള്ള വലിയ മുന്നേറ്റത്തിന്റെ ഭാഗമായാണ് കോവിഡിനെ ഒരു പരിധിവരെയെങ്കിലും നമുക്ക് നിയന്ത്രിച്ച് നിർത്താൻ കഴിഞ്ഞത്.

എങ്കിൽപ്പോലും കേരളത്തിൽ വിലപ്പെട്ട എത്രയോ ജീവനുകൾ നഷ്ടപ്പെടുകയുണ്ടായി. എത്രപേർ കോവിഡ് ബാധിച്ച് മരണപ്പെട്ടു എന്നതിന്റെ കണക്കുകൾ ഇപ്പോഴും അവ്യക്തമാണെന്നതിൽ യാതൊരു സംശയവുമില്ല. എങ്കിൽപ്പോലും ഒരു പരിധിവരെ അതൊക്കെ നിയന്ത്രിക്കാൻ സാധിച്ചതിൽ നമ്മുടെ ആരോഗ്യപ്രവർത്തകരടക്കമുള്ളവരുടെ സേവനങ്ങളെ ഏറ്റവുമധികം അഭിനന്ദിക്കേണ്ടതാണ്.

**2.00 p.m]**

ആരോഗ്യപ്രവർത്തകരുടെ സുരക്ഷ ഉറപ്പുവരുത്താൻ കൊണ്ടുവരുന്ന ഈ നിയമഭേദഗതിയിലൂടെ സെക്യൂരിറ്റി ജീവനക്കാർ, ആംബുലൻസ് ഡ്രൈവർമാർ, ഹെൽപ്പർമാർ ഉൾപ്പെടെയുള്ളവരെല്ലാം ഇതിന്റെ പരിധിയിൽ വരികയാണ്. സംരക്ഷിത മേഖലാപരിധിയിലേയ്ക്ക് ഈ വിഭാഗങ്ങളെയെല്ലാം കൊണ്ടുവരുന്നു. നടപടിക്രമങ്ങൾ കുറച്ചുകൂടി വേഗത്തിലാക്കാനും എല്ലാ ജില്ലകളിലും ഓരോ കോടതികൾ സ്ഥാപിച്ച് അതിൽ പ്രത്യേകം പ്രോസിക്യൂട്ടർമാരെ നിയമിക്കുന്നതടക്കം ബില്ലിൽ പ്രതിപാദിച്ചിട്ടുള്ള കാര്യങ്ങളെല്ലാം സ്വാഗതാർഹമാണ്. പക്ഷേ ഇവിടെ ഉയർന്നുവരുന്ന

വലിയൊരു ആശങ്ക അങ്ങയുടെ ശ്രദ്ധയിലുണ്ടാകുമെന്ന് ഞാൻ കരുതുന്നു. അതായത് ഈ നിയമം ദുരുപയോഗപ്പെടുത്തുന്ന സാഹചര്യമുണ്ടാകരുത്. ഒരു നിയമനിർമ്മാണം നടത്തുമ്പോൾ അത് കൃത്യവും സ്പഷ്ടവുമായിരിക്കണമെന്നതിൽ യാതൊരു സംശയവുമില്ല. അവ്യക്തമായ ഒരു കാര്യവും നമുക്ക് നിയമത്തിൽ കൊണ്ടുവരാൻ കഴിയില്ല. ഇതിനകത്ത് ഏറ്റവുമധികം ചർച്ച ചെയ്യപ്പെടുന്നതും ആശങ്കയുളവാക്കുന്നതും 'വാക്കാലുള്ള അപമാനമോ' എന്നതിനെ സംബന്ധിച്ചാണ്. വാക്കാലുള്ള അപമാനമെന്ന് പറയുന്നത് എന്ത് വാക്കാണ്, ഏത് രീതിയിലുള്ളതാണ്, അത് എങ്ങനെ നിർവ്വചിക്കാൻ കഴിയുമെന്നതിനെക്കുറിച്ച് വ്യക്തമാക്കേണ്ടതാണ്. വാക്കുകൾകൊണ്ട് ഏതെങ്കിലും രീതിയിൽ ഒരു ആരോഗ്യപ്രവർത്തകൻ അപമാനിതനായാൽ മോശമായ വാക്ക് പ്രയോഗിച്ച ആൾക്ക് മൂന്നുമാസം വരെ തടവുശിക്ഷ/ഫൈൻ അല്ലെങ്കിൽ രണ്ടുംകൂടി ഒരുമിച്ചോ അനുഭവിക്കേണ്ടതായി വരും. അതുകൊണ്ട് ഇതുസംബന്ധിച്ച് വ്യക്തമായ ഡെഫനിഷനുണ്ടാകണം. കാരണം കേരളത്തിൽ പല രീതിയിൽ ഭാഷാശൈലികളുണ്ട്. തെക്കൻ കേരളത്തിലുള്ള ഭാഷാ ശൈലിയല്ല വടക്കൻ

കേരളത്തിലുള്ളത്. നിഷ്കളങ്കമായി ഒരാൾ സംസാരിക്കുന്നത് ഏതെങ്കിലും ഒരു വ്യക്തിക്ക് മോശമായി തോന്നി പരാതി കൊടുത്താൽ ഈ പറയുന്ന വാക്ക് പ്രയോഗിച്ച ആൾ മൂന്നുമാസം ജയിലിൽ പോകേണ്ട സാഹചര്യമുണ്ടാകും. അവിടെയാണ് നിരപരാധികൾക്കുനേരെ ഇത്തരം സാഹചര്യം വരുമോയെന്ന സംശയം ഉയർന്നുവരുന്നത്. ഈ ബില്ലിനെ പൊതുവായി ഞങ്ങൾ അംഗീകരിക്കുകയാണ്. ആരോഗ്യപ്രവർത്തകരുടെ സംരക്ഷണവും ഓരോ പൗരന്റെയും സുരക്ഷിതത്വവും നമുക്ക് ഉറപ്പുവരുത്തേണ്ടതുണ്ട്.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, verbal abuse സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗങ്ങൾ പലരും ഇവിടെ സൂചിപ്പിച്ചു. ഐ.പി.സി. സെക്ഷൻ 509-ലെ Modesty of a Woman എന്നതിൽ സ്ത്രീകളെ hurt ചെയ്യുന്നതിൽ verbal abuse എന്താണെന്ന് ഡിഫൈൻ ചെയ്തിട്ടുള്ളതിനെ അതുപോലെ നമ്മൾ എടുത്തിരിക്കുകയാണ്. ആ ഡെഫനിഷൻ ഈ ഭേദഗതി ബില്ലിന്റെ ബോഡിയിലാണുള്ളത്. അതിന്റെ ഉദ്ദേശ്യം എന്താണെന്നുള്ളത് ഡെഫനിഷനിൽ

വ്യക്തമാക്കിയിട്ടുണ്ട്. അങ്ങ് പരിശോധിക്കാൻകൂടിയാണ് ഞാൻ പറയുന്നത്. ഇത് ചർച്ച ചെയ്യുന്ന വേളയിൽ ശ്രദ്ധയിൽപ്പെടുത്തിയെന്നേയുള്ളൂ. ഇത് സഭയുടെ അറിവിലേയ്ക്കായി പറയുകയാണ്.

ശ്രീ. അനൂപ് ജേക്കബ്: സർ, ബഹുമാനപ്പെട്ട മന്ത്രി ഐ.പി.സി. ക്വാട്ട് ചെയ്താണ് സംസാരിച്ചത്. ഈ ക്ലോസ് ബില്ലിൽ വന്നുകഴിയുമ്പോൾ സ്വാഭാവികമായും ഉയർന്നുവരുന്ന വലിയൊരു ആശങ്കയാണ് ഞാൻ മുന്നോട്ടുവച്ചത്. ഇതേ രീതിയിൽ വന്നാൽ ബഹുമാനപ്പെട്ട മന്ത്രി പറയുന്ന വെർഷനിലായിരിക്കില്ല ഇത് നടപ്പാകാൻ പോകുന്നത്. അതുകൊണ്ട് ഇത് സബ്ജക്ട് കമ്മിറ്റിക്ക് പോകുമ്പോഴും പിന്നീട് ക്ലോസ് ബൈ ക്ലോസ് ചർച്ചയിലേയ്ക്ക് വരുമ്പോഴും ആവശ്യമായ മാറ്റം കൊണ്ടുവന്നേ മതിയാകുകയുള്ളൂ. മന്ത്രി സദുദ്ദേശ്യത്തോടെയാണ് സംസാരിച്ചത്, അങ്ങനെയായിരിക്കാം ഇത് ഡ്രാഫ്റ്റ് ചെയ്തതും. പക്ഷേ ഇത് നടപ്പാക്കുന്ന ഘട്ടം വരുമ്പോൾ മറ്റ് രീതിയിലേയ്ക്ക് മാറിപ്പോകുമെന്നുള്ള മുന്നറിയിപ്പുനൽകാൻ ഈ സന്ദർഭം ഞാൻ വിനിയോഗിക്കുകയാണ്. രോഗികളെ സംബന്ധിച്ച് ഞാൻ ആദ്യമേ പറഞ്ഞു, ആശുപത്രിയിലേയ്ക്ക്

വരുന്ന രോഗിക്ക് സേവനം ഉറപ്പാക്കാൻ കഴിയണം. നമ്മുടെ ആശുപത്രികളിൽ അനിവാര്യമായ മാറ്റങ്ങൾ വേണം. അത് വരാതിരിക്കുമ്പോൾ സ്വാഭാവികമായും തർക്കങ്ങൾ ഉടലെടുക്കും. വ്യക്തി ആഗ്രഹിക്കുന്ന നിലയിലുള്ള പ്രതിവിധിയുണ്ടായില്ലെങ്കിൽ അത് പ്രതികരണത്തിലേയ്ക്ക് പോകും. മെഡിക്കൽ എറർ കൊണ്ടുണ്ടാകുന്ന ജീവഹാനികൾ നിരവധിയാണ്. എത്രയോപേർ medical negligence കാരണം മരണപ്പെട്ടുപോകുന്നു. അങ്ങനെയുള്ള വിഷയങ്ങളിൽ വളരെ പരിമിതമായേ തുടർനടപടികളുണ്ടാകുന്നുള്ളൂ. അങ്ങനെയൊരു സിസ്റ്റത്തോട് പൊരുതി ജയിക്കാൻ ഒരു പൗരനും സാധിക്കുകയില്ല. ജനങ്ങളുടെ നന്മ ലക്ഷ്യം വച്ചുകൊണ്ടാണ് ഇവിടെ ഒരു നിയമം കൊണ്ടുവരുന്നത്. സാധാരണ ജനങ്ങളെ മുന്നിൽ കണ്ടുകൊണ്ടാകണം ഓരോ നിയമവും നിയമസഭകൾ പാസ്സാക്കേണ്ടത്. തീർച്ചയായും അവരുടെ വിഷയങ്ങൾ എന്താണെന്നുകൂടി മനസ്സിലാക്കാൻ കഴിയും. ഇവിടെയുണ്ടായിരിക്കുന്ന അതിദാരുണമായ ഒരു സംഭവത്തെ മറികടക്കാൻ സർക്കാർ നിയമനിർമ്മാണം കൊണ്ടുവരുമ്പോൾ അത് എല്ലാ തലങ്ങളിലും ശ്രദ്ധയോടെ കടക്കാൻ കഴിയണം. എല്ലാ

വിഭാഗങ്ങൾക്കും സുരക്ഷിതത്വവും നീതിയും ഉറപ്പുവരുത്താൻ കഴിയണം. അല്ലാതെ ഏകപക്ഷീയമായി പോകരുതെന്നുള്ള കാര്യം ഈ സന്ദർഭത്തിൽ ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. രോഗികളുടെ അവകാശപത്രിക പ്രഖ്യാപിക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോയെന്നതുസംബന്ധിച്ച് മറുപടി പറയുമ്പോൾ ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കണം. സ്വകാര്യത ഉറപ്പാക്കൽ, വിവേചനരാഹിത്യം ഉറപ്പാക്കൽ, നിശ്ചിത നിലവാരവും സുരക്ഷയും ഉറപ്പാക്കൽ, ബദൽ ചികിത്സാ സാധ്യതകൾ തേടാനുള്ള അവകാശം, നിരക്കുകളുടെ ഏകീകരണം, ക്ലിനിക്കൽ പരീക്ഷണങ്ങൾക്ക് വിധേയരാകുന്നവർക്കുള്ള സംരക്ഷണം, ആശുപത്രി മാറുന്നതിനുള്ള നടപടികൾ ലളിതമാക്കൽ തുടങ്ങി മനുഷ്യാവകാശ കമ്മീഷൻ ആവശ്യപ്പെട്ട രോഗികളുടെ അവകാശപത്രിക സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ടോ; അതോ അത്തരം അവകാശപത്രിക കൊണ്ടുവരാൻ സർക്കാരിന്റെ ഭാഗത്തുനിന്നും താമസമുണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തുകൊണ്ടാണ്? രോഗികളുടെ അവകാശം ഇതിനോടൊപ്പം

സംരക്ഷിക്കണമെന്നുള്ളതുകൊണ്ടാണ് ഞാൻ ഇത് പറഞ്ഞത്. ദീർഘമായ മറ്റ് വിഷയങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. ഈ നിയമം നടപ്പാക്കുമ്പോൾ അതിൽ യാതൊരു കുറവുമുണ്ടാകാൻ പാടില്ല. ആരോഗ്യപ്രവർത്തകർ പൂർണ്ണമായും സംരക്ഷിക്കപ്പെട്ട് മുമ്പോട്ടുപോകാനുള്ള സാഹചര്യമൊരുക്കാൻ നമുക്ക് കഴിയണം. അതിന് സർക്കാരെടുക്കുന്ന പോസിറ്റീവായ എല്ലാ കാര്യങ്ങൾക്കും ക്രിയാത്മക പിന്തുണ ഞങ്ങളുടെ ഭാഗത്തുനിന്നുമുണ്ടാകും. ഇതിനകത്തുള്ള ആശങ്കകൾ തീർച്ചയായും പരിഹരിച്ചായിരിക്കണം ഈ നിയമം നടപ്പാക്കേണ്ടതെന്ന് ഒരിക്കൽക്കൂടി ആവർത്തിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ ചുമതലപ്പെടുത്തിയതുപ്രകാരം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, 2023-ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ഭേദഗതി ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-09-2023 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഇതുപോലൊരു

നിയമമുണ്ടാക്കാനുള്ള പശ്ചാത്തലത്തെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി ബിൽ അവതരിപ്പിച്ചുകൊണ്ട് പറയുകയുണ്ടായി. ഡോ. വന്ദന ദാസിന്റെ ദാരുണമായ മരണമാണ് ഇതിനുള്ള സാഹചര്യമൊരുക്കിയത്. എനിക്ക് വളരെ അടുപ്പമുള്ള ശ്രീ. മോഹൻ ദാസിന്റെ മകളാണ് ഡോ. വന്ദന ദാസ്. ഞാൻ അവരുടെ വീട്ടിൽ പോയിരുന്നു. ആ കുടുംബത്തിന്റെ ഇപ്പോഴത്തെ സ്ഥിതി വളരെ കഷ്ടമാണ്. ദീർഘകാലം കാത്തിരുന്നതിനുശേഷമാണ് അവർക്ക് മകൾ ജനിച്ചത്. ആ കുട്ടി ഡോക്ടറായപ്പോൾ സന്തോഷത്തിന്റെ മാലപ്പടക്കമായിരുന്നു ആ ഭവനത്തിലുണ്ടായത്. ആ കുട്ടിയാണ് ക്രൂരമായി കൊല്ലപ്പെട്ടത്. അതിന്റെ പേരിൽ ഒരു പുതിയ നിയമമുണ്ടാക്കാൻ തീരുമാനിച്ച സർക്കാരിനെ എന്റെ അഭിനന്ദനം അറിയിക്കുകയാണ്. അതോടൊപ്പം ഈ പ്രസംഗം ഡോ. വന്ദന ദാസിന് സമർപ്പിക്കാനും ഈ സന്ദർഭം ഞാൻ വിനിയോഗിക്കുകയാണ്.

അതിക്രമങ്ങൾ തടയുന്നതിനുവേണ്ടി ഈ ബില്ലിൽ ചില വ്യവസ്ഥകളുണ്ട്. 2012-ലെ അടിസ്ഥാന നിയമത്തെക്കുറിച്ച് ശ്രീ. രമേശ് ചെന്നിത്തലയും ശ്രീ. അനൂപ് ജേക്കബും സംസാരിച്ചതുകൊണ്ട് ഞാൻ

ആവർത്തിക്കുന്നില്ല. 60 ദിവസത്തിനുള്ളിൽ കേസന്വേഷണം പൂർത്തിയാക്കണമെന്നാണ് ബില്ലിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. ഐ.പി.സി.-യിലെ വ്യവസ്ഥയനുസരിച്ച് ഏഴ് വർഷത്തിൽത്താഴെ ശിക്ഷ ലഭിക്കുന്ന ഏത് കേസിലും 60 ദിവസത്തിനുള്ളിൽ അന്വേഷണം പൂർത്തിയാക്കി ചാർജ്ജ് ഷീറ്റ് കൊടുക്കണമെന്നാണ്. ക്യാപിറ്റൽ പണിഷ്മെന്റിലേയ്ക്ക് പോകുകയാണെങ്കിൽ 90 ദിവസത്തിനകം ചാർജ്ജ് ഷീറ്റ് കൊടുത്താൽ മതിയാകും. 60 ദിവസം എന്നുള്ളതല്ല പ്രശ്നം, ഇതൊരു സമ്മറി ട്രയലിലേയ്ക്ക് കൊണ്ടുപോകാൻ സാധിക്കുമോയെന്ന് സർക്കാർ പരിശോധിക്കണമെന്നതാണ് എന്റെ അഭിപ്രായം. അങ്ങനെ ചെയ്താൽ സ്വാഭാവികമായും നടപടിക്രമങ്ങളുടെ സമയം ചുരുങ്ങും. ഐ.പി.സി.-യിലെ വ്യവസ്ഥയനുസരിച്ച് സമ്മറി ട്രയൽ നടത്താനുള്ള സാധ്യത ഇപ്പോൾതന്നെയുണ്ട്. ഡോക്ടറോ ആശുപത്രി ജീവനക്കാരോ ആക്രമിക്കപ്പെട്ടാൽ ഒരു മണിക്കൂറിനകം എഫ്.ഐ.ആർ. തയ്യാറാക്കണമെന്നാണ്. ഈ ഓർഡിനൻസ് പുറപ്പെടുവിച്ചതിനുശേഷം സ്റ്റേഷൻ ഹൗസ് ഓഫീസർക്ക് അതുസംബന്ധിച്ച് നിർദ്ദേശം നൽകിയിട്ടുണ്ട്.

അത് അദ്ദേഹത്തിന്റെ ജോലിയാണ്. എന്നാൽ ഡോ. വന്ദന ദാസിന്റെ ദാരുണമായ കൊലപാതകത്തിനുശേഷം അത് പാലിക്കപ്പെട്ടിട്ടുണ്ടോയെന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; പരിശോധിക്കണമായിരുന്നു. സർക്കാർ അവിടെനിന്നും തുടങ്ങണം. മരണത്തിനുശേഷമുള്ള കാര്യത്തെക്കുറിച്ച് ആലോചിക്കുന്നതിനേക്കാൾ ആ സാഹചര്യത്തിൽ നമുക്കത് ചെയ്യാൻ കഴിഞ്ഞിട്ടുണ്ടോയെന്നുള്ളത് പരിശോധിക്കണം. എഫ്.ഐ.ആർ. അനുസരിച്ച് ഈ സംഭവം നടന്നത് രാവിലെ അഞ്ച് മണിക്കാണ്. നാട്ടുകാർ പറയുന്നതും മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തതും ഈ സംഭവം അഞ്ച് മണിക്കാണ് നടന്നതെന്നാണ്. എന്നാൽ അവിടെനിന്നും അര കിലോമീറ്റർ മാത്രം ദൂരമുള്ള പോലീസ് സ്റ്റേഷനിൽ വിവരം ലഭിച്ച് എഫ്.ഐ.ആർ. തയ്യാറാക്കുന്നത് രാവിലെ 8.15-നാണ്. കുറ്റകൃത്യം നടന്നാൽ ഒരു മണിക്കൂറിനകം എഫ്.ഐ.ആർ. തയ്യാറാക്കണമെന്നിരിക്കെയാണ് ഇങ്ങനെ ചെയ്തത്. അതിനാൽ വീഴ്ച സംഭവിച്ചതെവിടെയാണെന്ന് ഗവൺമെന്റ് പരിശോധിക്കണം. എല്ലാറ്റിനെയും പൊതിഞ്ഞുമൂടി എല്ലാം ശരിയാണെന്ന നിലപാട് സ്വീകരിച്ചാൽ ഇതുപോലുള്ള സംഭവങ്ങൾ ആവർത്തിക്കും.

ദുരഭിമാനം നോക്കാതെ നിജസ്ഥിതി നോക്കി പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടിയാണ് സ്വീകരിക്കേണ്ടത്. രാവിലെ 8.15-നാണ് എഫ്.ഐ.ആർ. എടുക്കുന്നത്. GD Entry 011 എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. അതിന്റെ റിക്കോർഡുകൾ 9.39-നാണ് പൂർത്തിയാകുന്നത്. വെളുപ്പിന് അഞ്ച് മണിക്ക് പോലീസ് സ്റ്റേഷന്റെ സമീപത്തുണ്ടായ ഒരു സംഭവത്തിന് കേസെടുക്കുന്നതിന് ഇത്രയും താമസമെന്തിനാണ്? അവിടെത്തന്നെ നമുക്ക് തെറ്റുപറ്റി. നിയമലംഘനം നടത്തിയവർക്കെതിരെ എന്തെങ്കിലും നടപടിയെടുക്കാൻ സാധിച്ചോ? ഈ സഭയ്ക്ക് നിയമം പാസ്സാക്കാം. എന്നാൽ നിയമം നടപ്പാക്കേണ്ടത് സഭയല്ലല്ലോ; ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരല്ലേ? ആ ഉദ്യോഗസ്ഥരുടെ വീഴ്ചയാണ് യഥാർത്ഥത്തിൽ പ്രധാന പ്രശ്നമായി നമ്മുടെമുന്നിൽ നിൽക്കുന്നത്. അവർക്കെതിരെ നടപടി സ്വീകരിച്ചിട്ടില്ല. 10-05-2023-ന് രാവിലെ 9.30-ന് തയ്യാറാക്കിയ എഫ്.ഐ.ആർ.-ൽ ഐ.പി.സി. സെക്ഷൻ 302 ഉൾപ്പെടുത്താത്തത് സംബന്ധിച്ചും അങ്ങ് പരിശോധിക്കണം. നിയമമില്ലാത്തതുകൊണ്ടല്ല, നിയമപാലനം നടത്താൻ ബാദ്ധ്യതപ്പെട്ടവർ

നിയമത്തിൽനിന്നും വഴിമാറിപ്പോകുന്നു എന്നുള്ളതാണ് പ്രധാനപ്പെട്ട പ്രശ്നം. എഫ്.ഐ.എസ്. (ഫസ്റ്റ് ഇൻഫർമേഷൻ സ്റ്റേറ്റ്മെന്റ്)-ഉം എഫ്.ഐ.ആർ.-ഉം തമ്മിൽ വൈരുദ്ധ്യമുള്ളതിനെ സംബന്ധിച്ചും ഗവൺമെന്റ് പരിശോധിക്കണം. എഫ്.ഐ.എസ്.-ലും എഫ്.ഐ.ആർ.-ലും നിരവധി വീഴ്ചകളുണ്ട്. ഞാൻ അത് വിപുലപ്പെടുത്തി പറയാത്തതിനുകാരണം ഇക്കാര്യം കോടതിയിൽ കേസായിവരുമ്പോൾ ഈ കുടുംബത്തിനും കുട്ടിക്കുമെതിരായി എന്റെ വാക്കുകൾ വരരുതെന്നുള്ളതുകൊണ്ടാണ്. ഞാനൊരു വക്കീലാണ്; അതിന്റെ എല്ലാ റിക്കോർഡുകളും എന്റെ കൈവശമുണ്ട്.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (<u>ശ്രീ. വി. ശിവൻകുട്ടി</u>): സർ, മുൻ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന അങ്ങ് ആ സ്വാധീനംവച്ച് ഇതിന്റെ രേഖകളെല്ലാം എടുത്തിട്ടുണ്ടാകും.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> സർ, അങ്ങേയ്ക്ക് എന്റെ ബയോഡാറ്റയെല്ലാം അറിയാം. പിന്നെ എന്തിനാണ് എന്നോട് തർക്കിക്കുന്നത്. എനിക്ക് അങ്ങയേയും അങ്ങേയ്ക്ക് എന്നെയും അറിയാം.

അതുകൊണ്ട് ഞാൻ ഒരു തർക്കത്തിനില്ല. സമചിത്തതയോടുകൂടി നടപടിയെടുക്കേണ്ട ഉദ്യോഗസ്ഥർ വീഴ്ച വരുത്തിയിട്ടുണ്ടെങ്കിൽ അത് ഒഴിവാക്കേണ്ടത് ഭരണപക്ഷാംഗങ്ങളുടെയും പ്രതിപക്ഷാംഗങ്ങളുടെയും ആവശ്യമാണ്. ഒരു നിയമം പാസ്സാക്കുകയെന്നത് മാത്രമല്ല നിയമം നടപ്പാക്കുന്നതിൽ പാലിക്കപ്പെടേണ്ട ചില നിബന്ധനകളുമുണ്ട്. അത് പാലിക്കപ്പെട്ടിട്ടില്ലെന്നാണ് ഞാൻ പറഞ്ഞത്. എഫ്.ഐ.എസ്.-ലും എഫ്.ഐ.ആർ.-ലും ധാരാളം പ്രശ്നങ്ങളുണ്ട്. Place of occurrence വ്യത്യസ്തമായാണ് രണ്ടിലും രേഖപ്പെടുത്തിയിരിക്കുന്നത് എന്നുള്ളതിന് എന്റെ കൈവശം രേഖയുണ്ട്. ഞാൻ ഇതിൽ വാദിക്കുന്നില്ല. കാരണം പ്രതിക്ക് ഗുണകരമായി വരാതിരിക്കുന്നതിനുവേണ്ടി ഞാൻ ആ വാദഗതി മുന്നോട്ടുവയ്ക്കുന്നില്ല. പക്ഷേ ആ എഫ്.ഐ.എസ്. പബ്ലിക് പ്രോസിക്യൂട്ടറോട് ചോദിച്ചാൽ മതിയല്ലോ; അല്ലെങ്കിൽ ഡി.ജി.പി.-യോട് ഇതെല്ലാം സംഘടിപ്പിച്ച് നൽകണമെന്ന് പറഞ്ഞാലും മതിയല്ലോ. അതിനകത്തൊക്കെ ധാരാളം വൈരുദ്ധ്യങ്ങളുണ്ട്. അവ നിലനിന്നാൽ അതിന്റെ ഗുണം ലഭിക്കാൻ പോകുന്നത് പ്രതിക്കായിരിക്കും. അങ്ങനെ സംഭവിക്കാതിരിക്കാനാണ് ഇത്

ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ശ്രമിക്കുന്നത്. Place of occurrence മാറിപ്പോയത് ശരിയാണോ; ബഹുമാനപ്പെട്ട മന്ത്രി ശ്രീ. വി. ശിവൻകുട്ടി എന്റെ സ്നേഹിതനാണ്. ഞാൻ അങ്ങേയ്ക്ക് ഇത് നൽകാം (ഒരു പേപ്പർ ഉയർത്തിക്കാട്ടി). Place of occurrence വ്യത്യസ്തമായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. നിയമം ഇല്ലാത്തതല്ല പ്രശ്നം, നിയമമുണ്ട്. എന്നാൽ അത് നടപ്പാക്കുന്നതിൽ വീഴ്ച സംഭവിച്ചിരിക്കുകയാണ്. നമ്മൾ പാസ്സാക്കുന്ന നിയമത്തിന്റെ പുറത്തുകൂടി സമാന്തരമായി നീന്തിത്തുടിക്കുന്ന മറ്റുചിലരുണ്ട്; നിയമം നിയമത്തിന്റെ വഴിക്കല്ല അവരുടെ വഴിക്കാണ് പോകുന്നത്.

<u>ശ്രീ. സണ്ണി ജോസഫ്:</u> സർ, അങ്ങ് ഈ കേസുമായി ബന്ധപ്പെട്ട വിവരങ്ങൾ പറയുമ്പോൾ, ഇത് ആരോഗ്യ വകുപ്പിന്റെ വീഴ്ചയല്ല, ആഭ്യന്തര വകുപ്പിന്റേതാണെന്ന കാര്യം മനസ്സിലാക്കണം.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> സർ, അത് ഇവിടെ ഇരിക്കുന്നവർക്കെല്ലാം മനസ്സിലാകും. കാരണം ഇൻവെസ്റ്റിഗേഷൻ

നടത്തുന്നത് ആരോഗ്യ വകുപ്പല്ല. ഈ നിയമം കൊണ്ടുവരുന്നതോടുകൂടി കേരളത്തിലെ പ്രശ്നങ്ങളെല്ലാം പരിഹരിക്കപ്പെടുമെന്ന ധാരണയുണ്ട്; എന്നാൽ അങ്ങനെയുണ്ടാകില്ല. അത് പരിഹരിക്കപ്പെടണമെങ്കിൽ സ്വാഭാവികമായും നിയമം കൈകാര്യം ചെയ്യുന്നവർ കൃത്യതയോടുകൂടി പ്രവർത്തിക്കണം. നിയമമില്ലാത്തതല്ല നമ്മുടെ പ്രശ്നം. ആ നിയമം പാലിക്കാൻ സാധിച്ചിട്ടില്ലെന്നുള്ളതാണ്.

ആശുപത്രികളിൽ സി.സി.ടി.വി. സ്ഥാപിക്കണമെന്ന കോടതി വിധിയെക്കുറിച്ച് അങ്ങ് പറയുകയുണ്ടായി. കൊട്ടാരക്കര താലൂക്കാശുപത്രിയിൽ 16 സി.സി.ടി.വി. ഉണ്ടായിരുന്നതിൽ 10 എണ്ണവും പ്രവർത്തനരഹിതമായിരുന്നു. മാത്രമല്ല പ്രവർത്തിക്കുന്ന സി.സി.ടി.വി.-യിൽനിന്നും ലഭിച്ച ചിത്രം ക്ലാരിറ്റിയില്ലാത്തതുമാണ്. അത് നിയമമില്ലാത്തതിന്റെ പ്രശ്നമാണോ? നിയമമുണ്ടല്ലോ; നിയമമുണ്ടായിട്ടും കുട്ടി മരിച്ചുപോയില്ലേ; കൊന്നില്ലേ? അങ്ങനെ സംഭവിച്ചതെന്തുകൊണ്ടാണ്; അത് ഇനിയും ആവർത്തിക്കുമോ? കേരളത്തിലെ ആയിരക്കണക്കിന് ഡോക്ടർമാർക്കും ആരോഗ്യപ്രവർത്തകർക്കും സംരക്ഷണം

കൊടുക്കണമെങ്കിൽ നമ്മൾ മനസ്സിലാക്കേണ്ട ചില കാര്യങ്ങളുണ്ട്. അതിൽ ഉൾപ്പെട്ടവയാണ് ഞാൻ പറഞ്ഞത്. അങ്ങയുടെ മനസ്സാക്ഷിയോടാണ് ഞാൻ സംസാരിക്കുന്നത്. കൊട്ടാരക്കര താലൂക്കാശുപത്രിയിലെ സി.സി.ടി.വി. പ്രവർത്തിക്കാത്തത് സംബന്ധിച്ച് പരിശോധിക്കുകയും അതെല്ലാം മാറ്റി സ്ഥാപിക്കുകയും ചെയ്യണം. കൂടാതെ പരിക്കേറ്റ ഡോ. വന്ദന ദാസിന് യാതൊരു രീതിയിലുമുള്ള പ്രഥമ ശുശ്രൂഷയും കൊട്ടാരക്കര താലൂക്കാശുപത്രിയിൽ കൊടുത്തിട്ടില്ലെന്നതും പരിശോധിക്കണം. അവിടെയുണ്ടായിരുന്ന ചീഫ് ഫിസിഷ്യൻ panic ആയിപ്പോയതുകൊണ്ടാണ് ഡോ. വന്ദന ദാസിന് പ്രാഥമിക ശുശ്രൂഷ നൽകാത്തതെന്നാണ് പറഞ്ഞത്. ഞാൻ ആ ഫിസിഷ്യന്റെ പേര് പറയുന്നില്ല. കാരണം അവരെ പ്രൊഫഷണലായി ചെറുതാക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. Panic ആയിപ്പോയതുകൊണ്ട് ചികിത്സിക്കാൻ കഴിഞ്ഞില്ലെന്നുപറഞ്ഞ അവർ ഒരു മണിക്കൂർ കഴിഞ്ഞ് രോഗികളെ ചികിത്സിച്ചിട്ടുണ്ട്. ഡോ. വന്ദന ദാസിനെമാത്രം ചികിത്സിക്കാൻ കഴിയാത്തതെന്തുകൊണ്ടാണെന്ന് ഗവൺമെന്റ് പരിശോധിക്കണം. കൊട്ടാരക്കര താലൂക്കാശുപത്രിയിൽനിന്നും

പോലീസ് ജീപ്പിലാണ് ഈ കുട്ടിയെ കൊണ്ടുപോയത്. ആംബുലൻസ് പോലും ലഭിച്ചില്ല. ആംബുലൻസിൽ കൊണ്ടുപോയത് കുത്തുകിട്ടിയ നാല് പോലീസുകാരെയാണ്. ഈ കുട്ടിയെ ചുരുട്ടിക്കൂട്ടി പോലീസ് ജീപ്പിനകത്തിട്ടാണ് ഇത്രയും ദൂരം കൊണ്ടുപോയത്. ഇതെല്ലാം അങ്ങ് പരിശോധിച്ചോളൂ. ഞാൻ അങ്ങയുടെ മനസ്സാക്ഷിയോട് ചോദിക്കുകയാണ്, അവിടെയുള്ള രണ്ടുമൂന്ന് മെഡിക്കൽ കോളേജുകളുടെ മുന്നിൽക്കൂടിയല്ലേ ഈ കുട്ടിയെ കൊണ്ടുപോയത്? ഗോകുലം മെഡിക്കൽ കോളേജ്, അസീസിയ മെഡിക്കൽ കോളേജ്, പാരിപ്പള്ളി മെഡിക്കൽ കോളേജ് എന്നിങ്ങനെ മൂന്ന് മെഡിക്കൽ കോളേജിന്റെ മുന്നിൽക്കൂടിയാണ് പോയത്. അതിലൊരു മെഡിക്കൽ കോളേജിലാണ് ഡോ. വന്ദന ദാസ് പഠിച്ചത്. ആ മെഡിക്കൽ കോളേജിന്റെ മുന്നിലൂടെയാണ് ദീർഘദൂരം സഞ്ചരിച്ച് തിരുവനന്തപുരത്തെ ആശുപത്രി വരെ വന്നത്. ഡോ. വന്ദന ദാസിനെ പ്രവേശിപ്പിച്ച ആശുപത്രിയെക്കുറിച്ച് എനിക്ക് ആക്ഷേപമില്ല, തിരുവനന്തപുരത്തെ പ്രസിദ്ധമായ ആശുപത്രിയാണത്. പക്ഷേ ഒരാൾക്ക് പരിക്ക് പറ്റിയാൽ അതിന് അടിയന്തര ചികിത്സ ലഭ്യമാക്കുന്നതിനുവേണ്ടി സമീപത്തുള്ള

മെഡിക്കൽ കോളേജിൽ പ്രവേശിപ്പിക്കാനല്ലേ നമ്മൾ ശ്രമിക്കുകയുള്ളൂ. 3 മെഡിക്കൽ കോളേജുകൾ കടന്നാണ് കുട്ടിയെ തിരുവനന്തപുരത്ത് കൊണ്ടുവന്നത്. ആ ഡിലേ സംബന്ധിച്ച് ആർക്കെങ്കിലും പറയാൻ സാധിക്കുമോ; തിരുവനന്തപുരത്ത് എത്തിക്കഴിഞ്ഞപ്പോൾ ഈ കുട്ടി പോലീസ് വാഹനത്തിൽനിന്നും നടന്നാണ് ആശുപത്രിയിലേയ്ക്ക് പോയത്. ഇതുപോലുള്ള കാര്യങ്ങളെക്കുറിച്ചുകൂടി കൃത്യമായി പരിശോധിച്ച് ഇവിടെയുണ്ടായിട്ടുള്ള വിഷമങ്ങൾക്ക് പരിഹാരമുണ്ടാക്കുന്നതിനുള്ള നടപടിയിലേയ്ക്ക് പോകണമെന്നാണ് എനിക്ക് പറയാനുള്ളത്. ഈ അന്വേഷണത്തിനകത്തെ ഡിലേ സംബന്ധിച്ച് ഞാൻ പറഞ്ഞല്ലോ; എഫ്.ഐ.ആർ./എഫ്.ഐ.എസ്. എടുക്കുന്നതിലും കേസെടുത്ത് മുന്നോട്ട് പോയതിലുമെല്ലാം ഡിലേ വന്നപ്പോഴാണ് ഡോ. വന്ദന ദാസിന്റെ അച്ഛൻ ശ്രീ. കെ. ജി. മോഹൻദാസും അമ്മ ശ്രീമതി ടി. വസന്തകുമാരിയും ഒരുമിച്ച് ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ (ക്രിമിനൽ നമ്പർ 641/2023) നൽകിയത്. ഇൻവെസ്റ്റിഗേഷൻ ശരിയല്ലെന്നും അതുകൊണ്ട് അന്വേഷണം സി.ബി.ഐ.-യ്ക്ക് വിടണമെന്നും അവർ ആവശ്യപ്പെട്ടു. ഫെയർ ആൻഡ്

ജസ്റ്റിസ് ഈ അന്വേഷണത്തിൽ നടക്കുന്നില്ലെന്ന് കണ്ടപ്പോഴാണ് അവർ റിട്ട് പെറ്റീഷൻ നൽകിയത്. ഫെയർ ആൻഡ് എഫക്ടീവ് ഇൻവെസ്റ്റിഗേഷൻ ഉണ്ടാകണമെന്നുള്ള ആഗ്രഹത്തോടുകൂടിയാണ് സി.ബി.ഐ.-യ്ക്ക് അന്വേഷണം വിടണമെന്ന് അവർ ആവശ്യപ്പെട്ടത്. അവരുടെ മനസ്സിന്റെ വിഷമം കൊണ്ടായിരിക്കാം അങ്ങനെ പറഞ്ഞത്. എന്നാൽ സി.ബി.ഐ. അന്വേഷണത്തെ നിയമ വകുപ്പ് എതിർത്തു. ഇതുപോലൊരു ദുഃഖസ്ഥിതി നമ്മുടെ സംസ്ഥാനത്തുണ്ടായല്ലോ എന്നോർത്ത് വേദനയോടെ നമ്മൾ നിൽക്കുകയാണ്. നിയമ വകുപ്പ് കൊടുത്തിട്ടുള്ള ഉപദേശമാണിത് (ഒരു പേപ്പർ ഉയർത്തിക്കാട്ടി). Shri P. Narayanan, Additional Public Prosecutor with DGP (Director General of Prosecution) കൊടുത്തിട്ടുള്ള ഒരു കൗണ്ടർ അഫിഡവിറ്റിൽ പറഞ്ഞിരിക്കുന്നത് എന്താണ്? It is respectfully submitted that one of the grounds raised by the petitioners are sufficient to hand over the investigation to CBI, അത് ഈ വീട്ടുകാർ പറഞ്ഞതാണ്. നിയമ വകുപ്പിൽനിന്നും പറഞ്ഞത്, The investigation of the case is being conducted in a highly professional and

efficient manner. In the above circumstances, it is humbly submitted that the prayer of the petition is not maintainable എന്നാണ്. ഈ ഗവൺമെന്റിന് എന്താണ് കുഴപ്പം? മകൾ മരിച്ച ദുഃഖത്തിൽ അച്ഛനും അമ്മയും കരയുന്നു. അവർക്ക് ജീവിതത്തിലുള്ള ഏക സമ്പാദ്യമായ മകളാണ് മരണപ്പെട്ടത്. ഞാൻ ആ വീട്ടിൽ ചെന്നപ്പോൾ മുറിക്കകത്ത് മുഴുവൻ ഡോ. വന്ദന ദാസിന് ലഭിച്ച സമ്മാനങ്ങളും അവരുടെ ഫോട്ടോകളും കൊണ്ട് നിറച്ചിരിക്കുകയാണ്. മകൾ നഷ്ടപ്പെട്ട സാഹചര്യത്തിൽ കേസന്വേഷണം സി.ബി.ഐ.-യ്ക്ക് വിടണമെന്ന് അച്ഛനും അമ്മയും ആഗ്രഹിക്കുകയാണ്. അങ്ങേയ്ക്ക് കാണാൻവേണ്ടി വേണമെങ്കിൽ ഞാൻ നിയമ വകുപ്പിന്റെ മറുപടി മേശപ്പുറത്തുവയ്ക്കാം. The investigation of the case is being conducted in a highly professional and efficient manner എന്നാണ് അതിൽ പറഞ്ഞിരിക്കുന്നത്. ഇത് ഹൈലി പ്രൊഫഷണലാണോ, എഫ്.ഐ. സ്റ്റേറ്റ്മെന്റും എഫ്.ഐ.ആർ.-ഉം തമ്മിലും Place of occurrence-ലും വ്യത്യാസമുള്ള കാര്യം ഞാൻ പറഞ്ഞില്ലേ? ഈ കാര്യങ്ങളൊക്കെ നിലനിൽക്കുമ്പോൾ highly professional എന്നുപറഞ്ഞ് നടക്കാൻ

സാധ്യതയുള്ള ഡീറ്റെയിൽഡ് അന്വേഷണത്തെ ബ്ലോക്ക് ചെയ്യാൻ ശ്രമിച്ചത് ശരിയാണോ? നമ്മളെല്ലാവരും ഈ പാവപ്പെട്ട കുട്ടിയുടെ മരണത്തിൽ ദുഃഖിച്ചിരിക്കുകയല്ലേ; ഇൻവെസ്റ്റിഗേഷൻ എങ്ങനെയെങ്കിലും നടന്നുകൊള്ളട്ടെയെന്ന് കരുതിയാൽ മതിയോ? മാത്രമല്ല ഇതുസംബന്ധിച്ച് സുപ്രീംകോടതി വിധിയുണ്ട്. 1992-ൽ R. S. Sodhi Vs. State of U.P. എന്ന കേസിന്മേൽ, പ്രാദേശിക പോലീസ് ഉദ്യോഗസ്ഥർക്കെതിരെയാണ് ആരോപണങ്ങൾ ഉന്നയിക്കപ്പെട്ടതെങ്കിൽ സി.ബി.ഐ. പോലുള്ളൊരു സ്വതന്ത്ര ഏജൻസിയെ അന്വേഷണത്തിന് ചുമതലപ്പെടുത്താവുന്നതാണെന്ന സുപ്രീംകോടതി വിധിയുണ്ട്. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധി നിലനിൽക്കുമ്പോൾ അതിനെയൊന്നും കണ്ടില്ലെന്നുനടിച്ചാൽ ഇക്കാര്യത്തിൽ എന്ത് താല്പര്യമാണ് ഗവൺമെന്റിനുള്ളത്? നമ്മളെല്ലാവരും ഡോ. വന്ദന ദാസിനൊപ്പം നിൽക്കുന്ന സാഹചര്യത്തിൽ എന്ത് താല്പര്യമാണ് അങ്ങനെയൊരു അന്വേഷണം വേണ്ടെന്ന തീരുമാനത്തിലേയ്ക്ക് സർക്കാരിനെ നയിച്ചത്? ഡൽഹി പോലീസ് ആക്ടിലെ 6-ാം വകുപ്പനുസരിച്ച് മൂന്ന് രൂപത്തിൽ മാത്രമേ സി.ബി.ഐ.-യ്ക്ക് കേസെടുക്കാൻ

കഴിയുകയുള്ളൂ. ഒന്ന്, സി.ബി.ഐ. suo moto (സ്വമേധയാ) കേസെടുക്കണം. രണ്ട്, സ്റ്റേറ്റ് ഗവൺമെന്റ് നിർദ്ദേശിക്കണം. മൂന്ന്, കോടതി വഴി കൊടുക്കണം. സ്റ്റേറ്റ് ഗവൺമെന്റ് നിർദ്ദേശിക്കാതെ വന്നപ്പോൾ ആ കുടുംബത്തിന്റെ ഏക ആശ്രയം കോടതിയെ സമീപിക്കുക മാത്രമായിരുന്നു. ആ അവസരത്തിലെങ്കിലും സി.ബി.ഐ. അന്വേഷണം നടത്തിക്കോട്ടെയെന്ന് സർക്കാരിന് കരുതാമായിരുന്നു. അങ്ങനെയൊരു ദയാദാക്ഷിണ്യം അക്കാര്യത്തിൽ കാണിക്കണ്ടേ? എന്തിനാണ് അത് വേണ്ടെന്ന് തീരുമാനിച്ചത്, എന്തിനാണ് നമ്മൾ അതിനെ എതിർക്കുന്നത്? ആ അന്വേഷണം സി.ബി.ഐ. നടത്തിയതുകൊണ്ട് ആർക്കാണ് ആക്ഷേപം. നിജസ്ഥിതി പുറത്ത് വരണമെന്നല്ലേ നമ്മൾ ആഗ്രഹിക്കുന്നത്. കേരളത്തിൽ അടിക്കടി ഉണ്ടായിക്കൊണ്ടിരിക്കുന്ന ദുരന്തങ്ങൾ അവസാനിപ്പിക്കുന്നതിന് ഇതൊരു നിമിത്തമായി മാറണ്ടേ. അതിനുവേണ്ടിയുള്ള ശ്രമമുണ്ടായോ? എല്ലാ രേഖകളും എന്റെ കയ്യിലുണ്ട്. അത് ഗവൺമെന്റിൽ സമർപ്പിക്കാൻ ഞാൻ തയ്യാറാണ്. പക്ഷേ ഇക്കാര്യത്തിൽ അന്വേഷണം ശരിയായി

നടക്കണമെന്നുള്ളത് സമൂഹത്തിന്റെയും ആവശ്യമാണ്. അതിനുവേണ്ടി .ഗവൺമെന്റ് കർക്കശ നിലപാടെടുക്കണമെന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്

സംസ്ഥാനത്ത് ഇതുപോലുള്ള സംഭവങ്ങൾ വേറെയും നടക്കുന്നുണ്ട്. ഡോ. വന്ദന ദാസിന്റെ കേസിൽ വളരെ വേഗത്തിൽ പബ്ലിക് അട്രാക്ഷനുണ്ടായി. ആ കുട്ടി കൊട്ടാരക്കര താലൂക്കാശുപത്രിയിൽ ഹൗസ് സർജൻസി ചെയ്യുകയായിരുന്നു, അത് ആ കുട്ടി ചെയ്ത തെറ്റല്ലല്ലോ. അവരെ നിയോഗിച്ചതും സെലക്ട് ചെയ്തതും ഡ്യൂട്ടി നൽകിയതും ഗവൺമെന്റാണ്. മദ്യപിച്ച ഒരു വ്യക്തിയെ ആ കുട്ടിയുടെ അടുത്തുകൊണ്ടുവന്നത് പോലീസാണ്. ഡ്രെസിംഗ് ടേബിളിന് താഴെയിരുന്ന പ്രതിയുടെ മുറിവ് ഡോ.വന്ദന ദാസ് നിന്നുകൊണ്ട് ഡ്രെസ് ചെയ്യുമ്പോഴാണ് അയാൾ അവിടെയുണ്ടായിരുന്ന കത്തിയെടുത്ത് കുത്തിയത്. പ്രതി ആക്രോശിച്ചുകൊണ്ട് അടുത്തേയ്ക്ക് വന്നപ്പോൾ രക്ഷപ്പെടാനായി ആ കുട്ടി തൊട്ടടുത്ത മുറിയിലേയ്ക്ക് പോയപ്പോൾ പ്രതി പുറകെ ചെന്ന് അവരെ തട്ടിമറിച്ചിട്ടു. 25 വയസ്സുള്ള യുവഡോക്ടറായ ആ പാവം പെൺകുട്ടിയുടെ

മുകളിൽ കയറിയിരുന്ന് ആറ് പ്രാവശ്യം കുത്തിയതിന്റെ ഫലമായി ശ്വാസകോശത്തിന് പരിക്കുണ്ടായി ആ കുട്ടി നിശ്ചലമാകുകയാണ് ചെയ്തത്.

ശ്രീ. ഡി. കെ. മുരളി: സർ, വളരെ ദാരുണവും കേരളം ഞെട്ടിയ സംഭവവുമാണത്. ബഹുമാനപ്പെട്ട അംഗം പറയുന്നതെല്ലാം ശരിയാണ്. കുറ്റക്കാരനായ അധ്യാപകൻ കോൺഗ്രസ് അനുകൂല അധ്യാപക സംഘടനയുടെ അംഗമായിരുന്നുവെന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് ഇവിടെയും രാഷ്ട്രീയമാണോ പറയുന്നത്. മനസ്സാക്ഷിയോട് സംസാരിക്കണമെന്ന് ഞാൻ പറഞ്ഞവസാനിപ്പിച്ച ഉടനെ മനസ്സാക്ഷിരഹിതമായി ബഹുമാനപ്പെട്ട അംഗം സംസാരിക്കുകയാണ്. ദയവായി ഈ ചർച്ചയിൽ രാഷ്ട്രീയം ഒഴിവാക്കണം. എനിക്ക് ആ കുടുംബവുമായി ബന്ധമുണ്ടെന്ന കാര്യം എല്ലാവർക്കുമറിയാം.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, അങ്ങ് സംസാരിച്ചുകൊണ്ടിരിക്കുന്നത് രാഷ്ട്രീയമാണോ അതോ ഈ ബില്ലുമായി ബന്ധപ്പെട്ട എന്തെങ്കിലും പ്രശ്നമാണോ? ഡോ. വന്ദന ദാസിന്റെ

അത്യന്തം ദാരുണമായ കൊലപാതകം കേരളമാകെ അപലപിച്ചതാണ്. ആ സംഭവത്തെക്കുറിച്ച് പോലീസ് കൃത്യമായി അന്വേഷിച്ചു. സാധാരണഗതിയിൽ പോലീസിന്റെ അന്വേഷണത്തിൽ എന്തെങ്കിലും വീഴ്ചകളോ, കുറ്റവാളികളെ കണ്ടെത്താൻ കഴിയാത്ത സാഹചര്യമോ സംജാതമാകുമ്പോഴാണ് നമ്മൾ സി.ബി.ഐ. അന്വേഷണം ആവശ്യപ്പെടുന്നത്. എന്നാൽ ഇവിടെ കൃത്യമായി എല്ലാ കാര്യങ്ങളും ഒരു ചിത്രം പോലെ നമ്മുടെ മുന്നിലുണ്ട്. ഗവൺമെന്റ് ആവശ്യമായതെല്ലാം ചെയ്തു. വിദ്യാഭ്യാസ വകുപ്പ് പ്രതിയെ സർവ്വീസിൽനിന്നും പിരിച്ചുവിട്ടു. അത് ആ വ്യക്തി കോൺഗ്രസ് ആണോ മാർക്സിസ്റ്റ് ആണോയെന്ന് നോക്കിയിട്ടല്ല. കൊടുംകുറ്റവാളിയായ, കുറ്റവാളിയുടെ മനസ്സുള്ള ഒരാൾ ഇനി സർവ്വീസിൽ വേണ്ടെന്ന രീതിയിൽ നടപടിയെടുത്തു. ഈ കേസിൽ പ്രതിയെ കണ്ടുപിടിക്കേണ്ടതോ എന്തിനാണ് അയാൾ കുറ്റം ചെയ്തതെന്നോ അന്വേഷിക്കേണ്ട കാര്യമുണ്ടോ? എന്തിനാണ് നിങ്ങൾ സി.ബി.ഐ. അന്വേഷണത്തിന്റെ കാര്യം പറയുന്നത്. സി.ബി.ഐ.-യോട് എങ്ങനെയാണ് നിങ്ങൾക്ക് ഈ പ്രേമം വല്ലാതെ വന്ന് ഭവിക്കുന്നത്. ഇവിടെ

തെളിയിക്കപ്പെടേണ്ടതായ എന്തെങ്കിലും പുതിയ കാര്യങ്ങളുണ്ടോ? ബഹുമാനപ്പെട്ട അംഗം പക്കാ രാഷ്ട്രീയമാണ്/പച്ച രാഷ്ട്രീയമാണ് പറയുന്നത്. വളരെ പ്രധാനപ്പെട്ട ബില്ലിന്റെ ചർച്ചാ വേളയിൽ അനാവശ്യമായി സമയം ചെലവഴിക്കുകയാണ്. വേറെയൊന്നും പറയാനില്ലെങ്കിൽ ഇതുതന്നെ പറഞ്ഞുകൊണ്ടിരിക്കാം, ഒരു കുഴപ്പവുമില്ല.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ഡോ.വന്ദന ദാസിന്റെ അതിദാരുണമായ അന്ത്യത്തിന്റെ പശ്ചാത്തലത്തിലാണ് കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ഭേദഗതി ബിൽ കൊണ്ടുവന്നത്. എന്നാൽ ഈ ബിൽ നമ്മൾ ചർച്ച ചെയ്യുമ്പോൾ വൈക്കം താലൂക്കാശുപത്രിയിൽ സംഘട്ടനം നടന്നുകൊണ്ടിരിക്കുന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>മി. ചെയർമാൻ</u>: ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ, രണ്ട് ബിൽ കൂടി പരിഗണിക്കാനുണ്ട്. ദയവായി ചെയറുമായി സഹകരിക്കണം.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ചെയറുമായി നിസ്സഹരിക്കുന്ന പ്രശ്നമില്ല. ഇവിടെ ചർച്ച ചെയ്ത വിഷയം ഗൗരവമുള്ളതാണ്. ഡോ. വന്ദന

ദാസിന്റെ മരണത്തിൽ ഗവൺമെന്റ് ദുഃഖം രേഖപ്പെടുത്തുമെന്ന് ഞാൻ പ്രതീക്ഷിച്ചു. അക്കാര്യം ബഹുമാനപ്പെട്ട മന്ത്രി പറയാതിരുന്നതുകൊണ്ടാണ് ഞാനിത് പറയാനിടയായത്. ആ പശ്ചാത്തലം എനിക്ക് നന്നായി അറിയാവുന്നതാണ്. ഇതൊക്കെ രാഷ്ട്രീയമായി കാണുന്നവർക്ക് അങ്ങനെയേ കാണാൻ സാധിക്കുകയുള്ളൂ. അങ്ങനെയുള്ളവർ കണ്ണ് മാറ്റിവയ്ക്കുകയല്ലാതെ വേറെ നടപടിയൊന്നുമില്ല. ക്രൂരമായ കൊലപാതകമാണ് അവിടെ നടന്നത്. ആ കൊലപാതകത്തിന്റെ എഫ്.ഐ.എസ്.-ഉം എഫ്.ഐ.ആർ.-ഉം തമ്മിലും place of occurrence-ലും വ്യത്യാസമുണ്ട്. എന്ത് അന്വേഷണമാണ് നടത്തിയത്? നിങ്ങൾ നടത്തിയ അന്വേഷണത്തെക്കുറിച്ച് ഞാൻ പറയാം. എഫ്.ഐ.ആർ.-ഉം എഫ്.ഐ.എസ്.-ഉം തമ്മിൽ വ്യത്യാസമുണ്ടെങ്കിൽ അത് എവിടെയെത്തുമെന്നുള്ളത് കോടതി വരാന്തയിൽ കയറിയവർക്ക് അറിയില്ലേ; താമസം വഞ്ചിയൂർ കോടതിയുടെ അടുത്തല്ലേ? കോടതിയുടെ വരാന്തയിൽ കയറിയാൽ അറിയാമല്ലോ ഇത് എന്താണെന്നുള്ളത്. ഞാൻ ഇതിനെക്കുറിച്ച് മറ്റൊന്നും പറയുന്നില്ല. ഇക്കാര്യങ്ങളൊന്നും പറയാനിരുന്നതല്ല; എന്നെക്കൊണ്ട് പറയിപ്പിച്ചതാണ്. യഥാർത്ഥത്തിൽ ഈ

കേസന്വേഷണം ശരിയായ രീതിയിലല്ല മുന്നോട്ടുപോകുന്നത്. അന്വേഷണത്തിൽ തകരാറുണ്ടെന്ന് ഡോ.വന്ദന ദാസിന്റെ അച്ഛനും അമ്മയും പറയുന്നു. അച്ഛനമ്മമാരേക്കാൾ കൂടുതൽ അടുപ്പമുള്ള വേറെയാരാണ് ആ കുട്ടിക്കുള്ളത്. ആ കുട്ടിയുടെ അച്ഛനും അമ്മയും അവസാനം കോടതിയെ സമീപിക്കുകയാണ് ചെയ്തത്. കേസ് സി.ബി.ഐ. അന്വേഷണത്തിന് വിടാനുള്ള പശ്ചാത്തലത്തെക്കുറിച്ച് അവർതന്നെ പറയുന്നുണ്ട്. കേസന്വേഷണം ശരിയായ രീതിയിൽ നടക്കാത്തതാണ് ഇവിടെയുള്ള പ്രശ്നം. അത് ശരിയായ രീതിയിൽ നടക്കണം.

ശ്രീ. നജീബ് കാന്തപുരം: സർ, വളരെ വൈകാരികമായി ഈ വിഷയം സഭയിൽ അവതരിപ്പിക്കുമ്പോൾ ഇതിനെ ഇത്ര പ്രകോപനപരമായി കാണേണ്ടതില്ല. കാരണം, സംസ്ഥാനത്തെ വളരെ ഗുരുതരമായി ബാധിക്കുന്ന കാര്യങ്ങളെക്കുറിച്ചാണ് ചർച്ച നടത്തുന്നതെന്ന് ഓർക്കണം. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ രാഷ്ട്രീയമല്ല ഇവിടെ പറഞ്ഞതെന്നത് മനസ്സിലാക്കാൻ കഴിയാത്തതിന്റെ കുഴപ്പമാണ്. അദ്ദേഹം സാധാരണക്കാരായ ജനങ്ങളുടെ പ്രശ്നങ്ങളാണ് പറയുന്നത്. ഞാൻ അങ്ങയോട് ഒരു കാര്യം പറയാൻ

ആഗ്രഹിക്കുകയാണ്. ഒരാൾ കൊല്ലപ്പെട്ടശേഷം പുഷ്പചക്രം സമർപ്പിക്കാൻ ആളുകളുണ്ടാകും. പക്ഷേ ജീവിച്ചിരിക്കുമ്പോൾ ഒരു പൂവ് നൽകാൻപോലും തയ്യാറാകില്ല. അതാണ് കേരളം അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രശ്നം. സംസ്ഥാനത്തെ ആരോഗ്യപ്രവർത്തകരുടെ സുരക്ഷിതത്വത്തെ സംബന്ധിച്ച് സർക്കാരാണ് ഉത്തരം പറയേണ്ടത്. അത് ഡോ. വന്ദന ദാസിൽ മാത്രം ഒതുങ്ങുന്ന കേസല്ല. ധാരാളം പോരായ്മകളുള്ള ഈ നിയമത്തിന്റെ പരിധിയിൽ മാത്രം പ്രശ്നങ്ങൾ തീരുമെന്ന് ഇപ്പോഴും പ്രതീക്ഷിക്കുന്നില്ല. ആ പോരായ്മകളാണ് അങ്ങ് ചൂണ്ടിക്കാണിക്കേണ്ടത്. ഈ ബില്ലിൽ അറുപത് ദിവസത്തിനകം അന്വേഷണം പൂർത്തിയാക്കണമെന്ന് പറയുന്നുണ്ട്. എന്നാൽ അറുപതുദിവസത്തിനകം ഈ അന്വേഷണം സത്യസന്ധമായി പൂർത്തിയാക്കുമെന്ന് അങ്ങ് കരുതുന്നുണ്ടോ?

<u>മി. ചെയർമാൻ</u>: ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ പ്ലീസ് കൺക്ലൂഡ്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, സീനിയറായ ആളായതുകൊണ്ടാണ് ഇത് ബില്ലിന്മേലുള്ള ചർച്ചയാണെന്ന് ഞാൻ

അങ്ങയെ ഓർമ്മിപ്പിക്കാതിരുന്നത്. ഇതുസംബന്ധിച്ച കീഴ്വഴക്കം അങ്ങേയ്ക്കറിയാം. ദയവായി അങ്ങ് അതിൽ ഇടപെടാതിരിക്കണം.

മി. ചെയർമാൻ: രണ്ട് ബില്ലുകൾ കൂടി ചർച്ച ചെയ്യാനുള്ളതുകൊണ്ടാണ് പറഞ്ഞത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഡോ. വന്ദന ദാസിനെ ആശുപത്രിയിൽ കൊണ്ടുപോകുമ്പോൾ ശ്വാസതടസ്സമുണ്ടെന്ന് കുട്ടിതന്നെ പറഞ്ഞിരുന്നു. എന്നാൽ ആ കുട്ടിക്ക് ശ്വാസതടസ്സമുണ്ടായപ്പോൾ ഐ.സി.ഡി.ക്കുപകരം ഇന്റുബേറ്റ് നൽകിയെന്നുള്ളതാണ് ടെക്നിക്കലായി പറയുന്നത്. അത് ആരുടെ കുറ്റമാണ്? പാർട്ടിയിൽ കൊടി പിടിക്കാത്തതുകൊണ്ടാണെന്ന് ആരോ ഒരാൾ അവിടെനിന്ന് പറഞ്ഞു. അങ്ങനെ പറയുന്നത് മോശമല്ലേ? ആശുപത്രിയിലേയ്ക്ക് പോകുന്നവഴി ജീപ്പിലിരുന്ന് ആ കുട്ടി കൂടെയുണ്ടായിരുന്ന സഹഡോക്ടറുടെ കയ്യിൽ പിടിച്ച് എങ്ങനെയെങ്കിലും രക്ഷിക്കണമെന്നാണ് പറഞ്ഞത്. നമുക്ക് മനസ്സാക്ഷി വേണം, അതില്ലാതെ പോകുന്നത് ശരിയല്ല. ഡോ. വന്ദന ദാസിന് ഐ.സി.ഡി. നൽകേണ്ട സമയം ഇന്റുബേറ്റ് നൽകിയതാണ് പ്രധാന പ്രശ്നം.

നല്ല നിയമങ്ങൾ വരട്ടെ; ഈ നിയമനിർമ്മാണത്തിൽ ഞങ്ങളും സഹകരിക്കാം. നിയമം ഭംഗിയായി പോകുമ്പോൾ അത് പാലിക്കാത്ത ഒരന്തരീക്ഷം ഇവിടെ ഉദിക്കുന്നു. നിയമം കടലാസിൽ ഒതുങ്ങുന്നു; കാലന്മാർ വഴിയെ നടക്കുന്നു. അതാണ് ഇവിടെയുള്ള പ്രധാനപ്പെട്ട പ്രശ്നം. അതുകൊണ്ട് ഞാനെന്റെ പ്രസംഗം ഡോ. വന്ദന ദാസിന് സമർപ്പിക്കുന്നു.

<u>ശ്രീ. വി. കെ. പ്രശാന്ത്</u>: സർ, 2023-ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ഭേദഗതി ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന 2(ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഡോ.വന്ദന ദാസ് നമ്മുടെ എല്ലാവരുടെയും നെഞ്ചിലെ ഒരു നീറ്റലാണെന്ന് പറഞ്ഞുകൊണ്ടാണ് ഈ ബില്ലിന്റെ അവതരണത്തിലേയ്ക്ക് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി കടന്നത്. എനിക്കുമുമ്പ് സംസാരിച്ച ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അതൊന്നും മന്ത്രി പറഞ്ഞിട്ടില്ലെന്നുള്ള രീതിയിലാണ് സംസാരിച്ചത്. കേസിലെ പ്രതിയുടെ വക്കീലിന്റെ സഹായിയായി പ്രവർത്തിക്കുകയാണെന്നാണ് അദ്ദേഹത്തിന്റെ പ്രസംഗം കേൾക്കുമ്പോൾ

തോന്നുന്നത്. കേരളത്തിന്റെ പോലീസ്-നിയമ സംവിധാനങ്ങൾവഴി ഈ പ്രതിയെ ഇന്ന് ജയിലിലാക്കുകയും കേരളത്തിലെ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയടക്കമുള്ളവർ ഇടപെട്ടുകൊണ്ട് പ്രതിയെ സർവ്വീസിൽനിന്നും പിരിച്ചുവിടുകയും ചെയ്തു. ഇത്തരത്തിൽ നിയമപരമായ എല്ലാ നടപടികളും പ്രതിക്കെതിരായി കേരളീയ സമൂഹം സ്വീകരിച്ചുകഴിഞ്ഞു. ശ്രീ. രമേശ് ചെന്നിത്തലയടക്കം അക്കാര്യങ്ങൾ ഉൾക്കൊണ്ടുകൊണ്ട് രാഷ്ട്രീയത്തിനതീതമായി പറയാൻ ശ്രമിച്ചുവെന്ന് സൂചിപ്പിക്കുകയാണ്. എന്നാൽ ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ പ്രതിയുടെ വക്കാലത്ത് ഏറ്റെടുത്തോയെന്നുള്ള കാര്യത്തിൽ ഞങ്ങൾക്ക് സംശയമുണ്ട്. അദ്ദേഹം വക്കീലാണെന്ന കാര്യം നേരത്തെ സൂചിപ്പിച്ചു. ആ വക്കാലത്ത് എടുത്തശേഷം ഇങ്ങനെ പറയാൻ ശ്രമിക്കുന്നത് തെറ്റാണെന്നുകൂടി സൂചിപ്പിക്കുകയാണ്. ഡോ. വന്ദന ദാസിന് മരണാനന്തര ബഹുമതിയായിട്ടാണ് എം.ബി.ബി.എസ്. ബിരുദം നൽകിയത്.

**(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)**

ശ്രീ. പി. ടി. എ. റഹീം: സർ, പ്രതിക്കുവേണ്ടി വക്കാലത്തെടുത്തത് പോലെയാണ് അദ്ദേഹം ഇവിടെ വാദിച്ചത്. തൊണ്ണൂറ് ദിവസത്തിനുള്ളിൽ ചാർജ്ജ് ഷീറ്റ് കൊടുക്കണം, Time of occurrence-ഉം Place of occurrence-ഉം ശരിയല്ല തുടങ്ങിയ കാര്യങ്ങളാണ് പറഞ്ഞത്. ഇതൊക്കെ പ്രതിഭാഗം വക്കീൽ വാദിക്കുന്ന കാര്യങ്ങളാണ്. കൊലയാളിയെ സർവ്വീസിൽ തിരിച്ച് കൊണ്ടുവരാൻ വേണ്ടിയാണോ സി.ബി.ഐ. അന്വേഷണം ആവശ്യപ്പെടുന്നത്?

ശ്രീ. വി. കെ. പ്രശാന്ത്: സർ, ഞാനുൾപ്പെടെയുള്ള ഒരുപാട് വക്കീലന്മാർ ഇവിടെയുണ്ട്. വക്കാലത്ത് കിട്ടുന്നവരാണ് ഇക്കാര്യങ്ങളൊക്കെ കണ്ടുപിടിച്ച് ചെയ്യുന്നത്. അതാണ് ഞാൻ ആദ്യം സൂചിപ്പിക്കാൻ ശ്രമിച്ചത്. ഡോ. വന്ദന ദാസിന്റെ കൊലപാതകവുമായി ബന്ധപ്പെട്ട് നമുക്കെല്ലാവർക്കും വേദനയുണ്ട്. കേരളീയ സമൂഹം പൊതുവിൽ ആ വികാരം പ്രകടിപ്പിക്കുകയും അതിനനുസരിച്ച് കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകുകയും ചെയ്തത് നമ്മളെല്ലാവരും കണ്ടതാണ്. അതിന്റെ ഭാഗമായാണ് ഈ നിയമഭേദഗതിയടക്കം കൊണ്ടുവരുന്നത്. മാതൃനിയമത്തിലെ വ്യവസ്ഥകൾ

കുറച്ചുകൂടി കടുപ്പിക്കണമെന്നുള്ള സർക്കാരിന്റെ ആഗ്രഹമാണ് ഈ ബില്ലിലൂടെ വന്നിരിക്കുന്നത്. സ്വാഭാവികമായും അതിന്റെ നടപടികളിലൂടെ മുന്നോട്ടുപോകുകയാണ്. ബില്ലിൽ ചില കാര്യങ്ങൾകൂടി ശ്രദ്ധിക്കേണ്ടതുണ്ട്. അക്രമ സംഭവങ്ങൾ വർദ്ധിച്ചുവരുന്നത് യാഥാർത്ഥ്യമാണ്. അതിൽ ശാരീരിക ഉപദ്രവങ്ങൾക്ക് പുറമെ മാനസികമായി ഡോക്ടർമാരെ ജോലിചെയ്യാൻ അനുവദിക്കാത്ത പല വിഷയങ്ങളും വരുന്നുണ്ട്. ഇന്ന് സോഷ്യൽ മീഡിയയുടെ കാലമാണ്. അത് ഉപയോഗിച്ചുകൊണ്ട് ഡോക്ടർമാർക്കും അവരുടെ ബന്ധുക്കൾക്കുമെതിരായി വ്യാപകമായ പ്രചരണങ്ങൾ അഴിച്ചുവിടുന്നതും അപകീർത്തിപരമായ പരാമർശങ്ങൾ നടത്തുന്നതും ഇതിന്റെ ഭാഗമായി വരുന്നുണ്ട്. അക്കാര്യങ്ങളിലും ഈ നിയമത്തിന്റെ ശ്രദ്ധയെത്തണമെന്നുകൂടി സൂചിപ്പിക്കുകയാണ്. അവധി ദിവസങ്ങളിലും വിശേഷ ദിവസങ്ങളിലും ആശുപത്രികളിൽ ധാരാളം കേസ്സുകൾ വരാറുണ്ടെന്ന് ആരോഗ്യ കേന്ദ്രങ്ങളിൽ ജോലിചെയ്യുന്നവർക്കറിയാം. അതിൽ കൂടുതലും ആക്സിഡന്റ് കേസുകളാണ് വരുന്നത്. അത്തരം അവസരങ്ങളിൽ സ്വകാര്യ/സർക്കാർ ആശുപത്രികളിൽ കൂടുതൽ

ജീവനക്കാരെ നിയമിക്കുന്ന കാര്യത്തിൽ പ്രത്യേകമായി ഇടപെടണമെന്നുകൂടി ഈ അവസരത്തിൽ സൂചിപ്പിക്കുകയാണ്. വരുന്ന രോഗികൾക്കെല്ലാം പരിമിതമായ സ്റ്റാഫ് സ്ട്രെങ്ത്തിൽ ഒരേ സമയം ചികിത്സ കൊടുക്കേണ്ട നിലയിലേയ്ക്കെത്തുമ്പോഴാണ് ഇത്തരത്തിലുള്ള പ്രതികരണങ്ങളും അക്രമസംഭവങ്ങളുമുണ്ടാകുന്നതെന്നുകൂടി നമ്മൾ കാണേണ്ടതുണ്ട്. തലസ്ഥാനത്തെ പ്രമുഖമായ ഒരു ചികിത്സാ കേന്ദ്രത്തിൽ ഒരാളെ ആക്സിഡന്റായി പ്രവേശിപ്പിച്ചപ്പോൾ ചികിത്സക്കായി ഏതാണ്ട് ഒന്നര മണിക്കൂർ കാത്തുനിൽക്കേണ്ടതായി വന്നു. ബൈക്ക് ആക്സിഡന്റ് സംഭവിച്ച് വിരലുകളൊക്കെ അറ്റിരിക്കുന്ന ഈ രോഗിയെ ഒന്നര മണിക്കൂർ വൈകിയാണ് അവിടെയുള്ള പ്രധാന ഡോക്ടർ പരിശോധിച്ചത്. എനിക്ക് നേരിട്ട് അറിയാവുന്ന കാര്യമാണ്. അതുപോലെ, കഴിഞ്ഞ ദിവസം രണ്ട് മരണവീടുകളിൽ എനിക്ക് പോകേണ്ട അവസ്ഥ വന്നു. ആശുപത്രിയിൽ രോഗികളെ പ്രവേശിപ്പിച്ച് ഒന്നര-രണ്ട് മണിക്കൂർ കഴിഞ്ഞാണ് ഡോക്ടർ പരിശോധിക്കുന്നതെന്നാണ് ഞാൻ അവിടെ ചെന്നപ്പോൾ അവർ പരാതി പറഞ്ഞത്. ഇക്കാര്യത്തിൽ വ്യാപകമായ പരാതി രോഗികളുടെയും

കൂട്ടിരിപ്പുകാരുടെയും ഇടയിൽനിന്ന് വരുന്നുവെന്നത് ശ്രദ്ധിക്കേണ്ടതാണ്. ഞാൻ നേരത്തെ പറഞ്ഞതുമായി കൂട്ടിചേർത്തുവേണം ഇതിനെ കാണേണ്ടത്. സ്വാഭാവികമായും വലിയ തിരക്ക് വരുമ്പോൾ നിലവിലെ സംവിധാനങ്ങൾവച്ച് വരുന്ന രോഗികളെ മുഴുവൻ ശ്രദ്ധിക്കാൻ പലപ്പോഴും പ്രയാസമുണ്ടാകും. അതുംകൂടി ഇതിന്റെ ഭാഗമായി പരിഹരിക്കപ്പെടേണ്ട വിഷയമായി ഈ അവസരത്തിൽ സൂചിപ്പിക്കുകയാണ്.

ശ്രീമതി ശാന്തകുമാരി കെ.: സർ, ഞാൻ സാന്ദർഭികമായി ഒരു കാര്യം പറയുകയാണ്. ഗൗരവമേറിയ നിയമമാണ് പാസ്സാക്കാൻ പോകുന്നത്. അതോടൊപ്പം എന്റെ വ്യക്തിപരമായ ഒരനുഭവം സഭയ്ക്കുമുമ്പിൽ പറയാൻ ഞാനാഗ്രഹിക്കുന്നു. 2022 നവംബർ 11-ാം തീയതി ഞാൻ എന്റെ ഭർത്താവിനെ ചികിത്സിക്കാൻ പാലക്കാട് ജില്ലാ ആശുപത്രിയിൽ പോയപ്പോൾ അവിടെയുണ്ടായിരുന്ന രണ്ട് ഡോക്ടർമാരുടെ പെരുമാറ്റം വളരെ മോശമായ രീതിയിലുള്ളതായിരുന്നുവെന്നത് ദൗർഭാഗ്യകരമാണ്. ഈ സഭയിൽ ചർച്ച ചെയ്യപ്പെടുന്ന നിയമസംവിധാനങ്ങളിൽ സാധാരണക്കാർക്ക് ലഭിക്കേണ്ട പരിരക്ഷ കൂടി വിഭാവന ചെയ്യണമെന്ന് സദുദ്ദേശ്യപരമായി

ഞാൻ സൂചിപ്പിക്കുകയാണ്. എല്ലാവരെയും പറയുന്നില്ല; പരിണതപ്രജ്ഞരും കഴിവുള്ളവരുമായ ധാരാളം ഡോക്ടർമാരുണ്ട്. എം.എൽ.എ. എന്ന നിലയിൽ പറയുകയല്ല; സർക്കാർ ആശുപത്രികളിലെത്തുന്ന സാധാരണക്കാരായ രോഗികളോട് നല്ല രീതിയിൽ പെരുമാറാനും അവർക്ക് ചികിത്സ ലഭ്യമാക്കാനും കൃത്യമായ പ്രൊട്ടക്ഷൻ കിട്ടാവുന്ന തരത്തിലുമുള്ള ഒരു ഇടപെടൽ ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതല്ലേ എന്നുകൂടി സൂചിപ്പിക്കുകയാണ്.

ശ്രീ. വി. കെ. പ്രശാന്ത്: സർ, തീർച്ചയായും. ഈ പറഞ്ഞ കാര്യങ്ങളുംകൂടി വച്ചുകൊണ്ടുതന്നെയാണ് അക്കാര്യം പരാമർശിച്ചത്. ആശുപത്രികളിൽ നടക്കുന്ന സംഭവങ്ങളിൽ കൃത്യമായ ഇടപെടൽ സർക്കാരിന് നടത്തേണ്ടതായി വരും. അതിനാവശ്യമായ പ്രൊവിഷൻസ് ഈ ആക്ടിൽ വരണമെന്നുള്ളതാണ് ഞാൻ സൂചിപ്പിച്ചത്. അതുപോലെ 2(ബി) വകുപ്പിന്റെ ഭേദഗതിയിലൂടെ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന സെക്യൂരിറ്റി ഗാർഡുകൾ, മാനേജീരിയൽ സ്റ്റാഫ്, ആംബുലൻസ് ഡ്രൈവർമാർ, ഹെൽപ്പർമാർ എന്നിവരെയെല്ലാം ആരോഗ്യരക്ഷാ സേവന പ്രവർത്തകർ എന്നതിന്റെ പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്. അതും പ്രത്യേകം

സൂക്ഷ്മതയോടുകൂടി ചെയ്യണമെന്ന് ഞാൻ ഈ അവസരത്തിൽ അഭ്യർത്ഥിക്കുകയാണ്. ഇതിന്റെ ദുരുപയോഗസാധ്യത കാണാതെ പോകരുത്. ഗാർഹിക പീഡന നിരോധന നിയമം വ്യാപകമായി ദുരുപയോഗപ്പെടുന്നത് നമ്മുടെയെല്ലാവരുടെയും ശ്രദ്ധയിലുണ്ട്. അത് വരാതിരിക്കാനുള്ള ജാഗ്രത തീർച്ചയായും ഈ നിയമത്തിലും ഉണ്ടാകേണ്ടതുണ്ടെന്ന് സൂചിപ്പിക്കുകയാണ്. അതുമാത്രമല്ല നമ്മുടെ സമൂഹത്തിലും ഇക്കാര്യത്തിൽ വലിയ ഇടപെടൽ ഉണ്ടാകേണ്ടതായിട്ടുണ്ട്.

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, നിരന്തരമായി പ്രശ്നങ്ങളുണ്ടാകുന്ന ആശുപത്രികളും ഡോക്ടർമാരുമുണ്ടാകും. അങ്ങനെയുള്ള ഒന്നിലധികം കേസുകൾ നിരന്തരമായി വരികയാണെങ്കിൽ അവിടെയുള്ള സാഹചര്യം എന്താണെന്ന് പരിശോധിക്കുന്നത് നല്ലതാണ്. ആശുപത്രികളിലെ അത്യാഹിത വിഭാഗത്തിലെത്തുന്ന രോഗികളുടെ കൂട്ടിരിപ്പുകാർ വല്ലാത്ത മാനസികാവസ്ഥയിലായിരിക്കും വരുന്നത്. നേരത്തെ പറഞ്ഞതുപോലെ ഡോക്ടർമാരും വളരെ hectic-ഉം ഓവർലോഡഡായിട്ടുമായിരിക്കും ജോലി ചെയ്യുന്നത്. അങ്ങനെയുള്ള സന്ദർഭങ്ങളിൽ അവിടെ

സംഘർഷമുണ്ടാകാനുള്ള സാധ്യത വളരെക്കൂടുതലാണ്. ഇത്തരം കേസുകൾ അറ്റൻഡ് ചെയ്യാൻ പ്രൊഫഷണൽ/മെഡിക്കൽ സോഷ്യൽ വർക്കേഴ്സായിട്ടുള്ളവരെ നിയോഗിക്കുകയാണെങ്കിൽ എമർജൻസിയായി വരുന്നവരോട് അവർതന്നെ സംസാരിക്കുകയും കൃത്യമായി ഡോക്ടർമാരെ കാണേണ്ട സാഹചര്യമൊരുക്കുകയും ചെയ്യും. ഡോക്ടർമാരുടെയടുത്ത് നേരിട്ടെത്തുന്നതിനുമുമ്പ് ഇങ്ങനെയൊരു സഹായം ലഭിക്കുകയാണെങ്കിൽ പലപ്പോഴും ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കും. അതോടൊപ്പം താലൂക്കാശുപത്രി മുതലുള്ള മുഴുവൻ ആശുപത്രികളിലും സി.സി.ടി.വി.-യുണ്ടെങ്കിൽ ഇത്തരത്തിലുള്ള ദുരുപയോഗം തടയാനും കഴിയും.

ശ്രീ. വി. കെ. പ്രശാന്ത്: സർ, അങ്ങ് പറഞ്ഞ കാര്യം തീർച്ചയായും ചെയ്യേണ്ടതുതന്നെയാണ്. അതുപോലെ പൊതുജനങ്ങൾക്കിടയിലും അവബോധം സൃഷ്ടിക്കേണ്ടതായിട്ടുണ്ട്. ഡോക്ടറുടെ ശ്രദ്ധ കിട്ടിയില്ല, അവിടെയുള്ള സംവിധാനങ്ങൾ കൃത്യമായി ഉപയോഗിച്ചില്ലെന്നുള്ള രീതിയിൽ ഇപ്പോൾ ആശുപത്രിയിൽ ലഭിക്കുന്ന സേവനത്തിനെതിരെ പരാതിയുണ്ട്. ഏതൊക്കെ നിലയിൽ പൊതുജനങ്ങൾക്ക് ഇക്കാര്യത്തിൽ

പരാതിപ്പെടാമെന്നതിനെ സംബന്ധിച്ച് ആരോഗ്യ വകുപ്പ് പ്രത്യേകമായൊരു ക്യാമ്പയിൻ നടത്തുന്നത് നല്ലതായിരിക്കും. ആശുപത്രികളിൽ പോലീസ് എയ്ഡ് പോസ്റ്റടക്കമുള്ള സംവിധാനങ്ങൾ സ്ഥാപിക്കുമെന്ന് പറഞ്ഞത് ചില സ്ഥലങ്ങളിൽ കൃത്യമായി നടക്കുന്നുണ്ട്. അത് കുറച്ചുകൂടി വിപുലമാക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ശ്രീ. കെ. വി. സുമേഷ്: സർ, ഈ ബില്ലിന്റെ ആവശ്യകത അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. രോഗിയുടെ കൂടെവരുന്നയാൾ എക്സ്റേയും മറ്റുമെടുക്കണമെന്ന് നിർദ്ദേശിച്ച് ഡോക്ടർമാരിൽ സമ്മർദ്ദം ചെലുത്തുന്ന പ്രവണത നമ്മുടെ സംസ്ഥാനത്ത് വർദ്ധിച്ചുവരുന്നുണ്ട്. ഡോക്ടർ പറയുന്നതല്ല; അവർ പറയുന്നതുപോലെ ചികിത്സിക്കണം. അത് ചെയ്തില്ലെങ്കിൽ അവർക്ക് ദേഷ്യം വരികയും സംഘർഷമുണ്ടാക്കുകയും ചെയ്യും. നമ്മുടെ സംസ്ഥാനത്ത് ചില ആശുപത്രികളിലൊക്കെ ഡോക്ടർമാർക്കെതിരെ അതിക്രമങ്ങൾ നടക്കുന്നുണ്ട്. ഈ ഭാഗവും പ്രധാനമായും കാണേണ്ടതല്ലേ?

ശ്രീ. വി. കെ. പ്രശാന്ത്: സർ, അതുതന്നെയാണ് ഞാൻ സൂചിപ്പിച്ചത്. കൂട്ടിരിപ്പുകാർക്കും ഇത്തരം കാര്യങ്ങളിൽ അവബോധമുണ്ടാക്കണം.

പരാതിയുമായി ആരെ സമീപിക്കാമെന്നതിന് ബന്ധപ്പെട്ട ആശുപത്രികളിൽ സംവിധാനമുണ്ടാകണം. നിസ്വാർത്ഥ സേവനം നടത്തുന്ന നിരവധി ഡോക്ടർമാരും ആരോഗ്യപ്രവർത്തകരും നമ്മുടെ സംസ്ഥാനത്തുണ്ട്. സിസ്റ്റർ ലിനിയെ നമുക്കെല്ലാവർക്കുമറിയാം. നിപാ വൈറസിന്റെ കാലത്ത് ഏറ്റവും സ്തുത്യർഹമായി ഇടപെട്ട് ജീവൻ വെടിയേണ്ടി വന്ന ഒരു നഴ്സാണവർ. അങ്ങനെയുള്ള ആയിരക്കണക്കിന് ആരോഗ്യപ്രവർത്തകരുള്ള ഒരു നാടാണ് നമ്മുടേതെന്നുള്ളത് എല്ലാവരും ഓർമ്മിക്കേണ്ടതാണ്.

സംസ്ഥാനത്തെ താലൂക്ക്/ജില്ല/ജനറൽ ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും രാത്രികാലങ്ങളിൽ സീനിയർ ഡോക്ടർമാർക്കാണ് ചുമതല കൊടുക്കുന്നത്. നിർഭാഗ്യവശാൽ പലപ്പോഴും സീനിയർ ഡോക്ടർമാർ ജൂനിയർ ഡോക്ടർമാർക്ക് ചുമതല നൽകുന്ന സ്ഥിതിയുണ്ട്. ഇതുമായി ബന്ധപ്പെട്ട് സർക്കാർ സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളതാണ്. പി.ജി.ക്ക് പഠിക്കുന്നവരും ഹൗസ് സർജൻമാരുമൊക്കെ രാത്രികാലങ്ങളിൽ രോഗികളെ പരിശോധിക്കുന്ന സ്ഥിതിവരുന്നതിനെതിരെ കൃത്യമായ ഇടപെടലുണ്ടാകണം. അതുപോലെ

റഫറൽ മാനദണ്ഡം കൃത്യമായി പാലിക്കുന്നില്ല. നിലവിലുള്ള രോഗി, ഡോക്ടർ, നഴ്സസ് അനുപാതം കാലഹരണപ്പെട്ടതാണ്. രോഗികളുടെ എണ്ണം കൂടി വരികയാണ്. നേരത്തെ സൂചിപ്പിച്ചതുപോലെ കാഷ്വാലിറ്റിയിലടക്കം സംവിധാനങ്ങൾ വിപുലപ്പെടുത്തിയില്ലെങ്കിൽ ജനങ്ങൾ രോഷാകുലരാകുന്ന സ്ഥിതിയുണ്ടാകാനിടയുള്ളതിനാൽ അത് പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. ആരോഗ്യമേഖലയിൽ സർക്കാർ അറുന്നൂറിലധികം തസ്തികകൾ സൃഷ്ടിച്ച സമയമായതിനാൽ തീർച്ചയായും ഇത്തരം കാര്യങ്ങൾ ശക്തിപ്പെടുത്തുമെന്നുള്ളതിൽ തർക്കമില്ല. അതുപോലെ കാഷ്വാലിറ്റി സംവിധാനം മെച്ചപ്പെടുത്തുന്നതിനും സുരക്ഷാ ഓഡിറ്റ് സംബന്ധിച്ച പ്രവർത്തനങ്ങൾ നടത്തുന്നതിനും നടപടി സ്വീകരിക്കണം. ആരോഗ്യ പ്രവർത്തകർക്കും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങൾക്കും നേരെയുണ്ടാകുന്ന ആക്രമണങ്ങൾക്കെതിരെയുള്ള അന്വേഷണത്തിന് കാലാവധി നിശ്ചയിച്ചത് സ്വാഗതാർഹമാണ്. കേസ് വേഗത്തിൽ പരിഗണിക്കുന്നതിന് തീർച്ചയായും ഇത് സഹായകരമാകും. ഹോസ്പിറ്റൽ ഡെവലപ്മെന്റ് കമ്മിറ്റിക്ക് പ്രത്യേകം ചുമതല നൽകിക്കൊണ്ട്

സി.സി.ടി.വി. ഉൾപ്പെടെയുള്ളവ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നുകൂടി സൂചിപ്പിക്കുകയാണ്.

വിവിധ പോലീസ് സ്റ്റേഷനുകളിൽ ലഹരി-ക്രിമിനൽ കേസുകളിൽ അറസ്റ്റിലാകുന്നവരെ വൈദ്യപരിശോധനയ്ക്ക് ആശുപത്രികളിലേയ്ക്ക് കൊണ്ടുവരുന്നതിൽ പൊതുമാനദണ്ഡം നിശ്ചയിച്ചുകൊണ്ട് ജില്ലാതലത്തിലെങ്കിലും പ്രത്യേക സംവിധാനം ഏർപ്പെടുത്താൻ കഴിഞ്ഞാൽ കുറച്ചുകൂടി പ്രായോഗികമായിരിക്കുമെന്ന നിർദ്ദേശമുണ്ട്. എല്ലാ ആശുപത്രികളിലും പോലീസിനെ വിന്യസിക്കണമെന്നും മറ്റ് സംവിധാനങ്ങളേർപ്പെടുത്തണമെന്നും പറയുന്നതിൽ പ്രായോഗിക ബുദ്ധിമുട്ടുണ്ടായിരിക്കാം. അത്തരം കാര്യങ്ങളിൽ ഈയൊരു സെന്ററിന്റെ സേവനം നമുക്ക് പ്രയോജനപ്പെടുത്താൻ കഴിയും. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ഘട്ടമായിരുന്നിട്ടും ആരോഗ്യരംഗത്ത് കൃത്യമായ ഇടപെടൽ നടത്തുന്ന ഒരു ഗവൺമെന്റാണ് ഇപ്പോൾ കേരളം ഭരിച്ചുകൊണ്ടിരിക്കുന്നത്. മാതൃ-ശിശു മരണനിരക്ക് ഏറ്റവും കുറഞ്ഞ നാടാണ്

കേരളം. യൂറോപ്യൻ സ്റ്റാൻഡേർഡിന് സമാനമായ സ്ഥിതി അക്കാര്യത്തിൽ നമുക്ക് നേടാൻ സാധിച്ചിട്ടുണ്ട്.

ഡോ. സുജിത് വിജയൻപിള്ള: സർ, നേരത്തെയുള്ള ചർച്ചയിൽ കോട്ടയം അംഗവും ഹരിപ്പാട് അംഗവും സൂചിപ്പിച്ച ഒരു കാര്യമുണ്ട്. ഹരിപ്പാട് നിന്നുള്ള ഒരു രോഗി ഒരു മെഡിക്കൽ കോളേജും നിരവധി താലൂക്ക് ഹോസ്പിറ്റലുകളും ബൈപ്പാസ് ചെയ്ത് കോട്ടയം മെഡിക്കൽ കോളേജിലാണ് പോകുന്നതെന്ന് പറഞ്ഞു. അതുപോലെ ഡോ. വന്ദന ദാസിന്റെ കാര്യത്തിലും പല മെഡിക്കൽ കോളേജുകളും താലൂക്ക് ആശുപത്രികളും ജില്ലാ ആശുപത്രിയും ബൈപ്പാസ് ചെയ്തുകൊണ്ട് തിരുവനന്തപുരത്തേയ്ക്ക് കൊണ്ടുപോയ കാര്യവും പറഞ്ഞു. എന്തുകൊണ്ട് ഇങ്ങനെ സംഭവിക്കുന്നുവെന്നുള്ളതിനെക്കുറിച്ച് വിശദമായി ചർച്ച ചെയ്യണം. ഇതിനെ ഡിഫൻസീവ് പ്രാക്ടീസ് എന്നുപറയും. ഒരു താലൂക്കാശുപത്രിയെ സ്പെഷ്യാലിറ്റി ഹോസ്പിറ്റലായി ഉയർത്തുമ്പോൾ അവിടെ ആവശ്യമായ സംവിധാനങ്ങൾ ഉണ്ടെങ്കിൽപ്പോലും ഡോക്ടർമാർക്ക് ഒരു ഐ.സി.യു. ചികിത്സ നടത്താൻ ധൈര്യം കാണില്ല. അത് സമൂഹം നൽകേണ്ടതാണ്.

ഇവിടെയിരിക്കുന്ന ഓരോ പൊതുപ്രവർത്തകനും അതിനുവേണ്ടി ശക്തമായി നിൽക്കേണ്ടതാണ്. അതിനോടൊപ്പം എനിക്കൊരു നിർദ്ദേശമുള്ളത് ആശുപത്രിയിലെത്തുന്ന ഒരു രോഗിയുടെ ഫസ്റ്റ് കോൺടാക്ട് പേഴ്സൺ എന്നുപറയുന്ന സെക്യൂരിറ്റി ജീവനക്കാർ, ആംബുലൻസ് ജീവനക്കാർ എന്നിവർ മുതൽ റിസപ്ഷനിസ്റ്റുകൾക്കും ഡോക്ടർമാർക്കും ലാസ്റ്റ് വരുന്ന ഫാർമസിസ്റ്റ് ജീവനക്കാർക്കുമടക്കം രോഗികളോട് പെരുമാറേണ്ടത് എങ്ങനെയാണെന്നത് സംബന്ധിച്ച് ഒരു മൊഡ്യൂൾ കൊടുക്കണം എന്നാണ്. ഇത് തുടർച്ചയായി നൽകേണ്ട ഒരു കാര്യമാണ്. ഐ.എം.എ. (ഇൻഡ്യൻ മെഡിക്കൽ അസോസിയേഷൻ)-യുടെ നേതൃത്വത്തിൽ നിരവധി തവണ ഇത്തരം മൊഡ്യൂൾ ഡോക്ടേഴ്സിന് നൽകിയിട്ടുണ്ട്. അത് മറ്റ് ആരോഗ്യപ്രവർത്തകരിലേയ്ക്കുമെത്തണം. അതുപോലെ ക്യാമറയുടെ കാര്യം പറഞ്ഞു. ശിക്ഷിക്കാൻ വേണ്ടിയുള്ള നടപടികളിലേയ്ക്കാണ് അത് പോകുന്നത്. പക്ഷേ ഇങ്ങനെയൊരു സംഭവം ഉണ്ടാകാതിരിക്കാൻ എന്തൊക്കെ ഓട്ടോമേഷൻസ് നടത്താൻ സാധിക്കുമെന്നതിനെക്കുറിച്ച് ചിന്തിക്കണം. വിദേശരാജ്യങ്ങളിലെല്ലാംതന്നെ ഓട്ടോമാറ്റിക്കായുള്ള ഡോർ സമ്പ്രദായമുണ്ട്.

സംസ്ഥാനത്തെ ആശുപത്രികളിലെ കാഷ്വാലിറ്റി വിഭാഗത്തെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. അത്യാഹിതരോഗികളെ മാത്രം ചികിത്സിക്കുന്ന കാഷ്വാലിറ്റികളിൽ പനി ബാധിച്ചവരെ ചികിത്സിക്കാൻ ഒന്നോ രണ്ടോ ഡോക്ടർമാരെയാണ് നിയമിക്കുന്നത്. ഇതൊക്കെയാണെങ്കിലും ഈ സാഹചര്യങ്ങളിലെല്ലാം സംസ്ഥാനത്തെ ഒരു രോഗിക്ക് ഒരു സൂപ്പർ സ്പെഷ്യലിസ്റ്റ് ഡോക്ടറിനെ കാണുന്നതിനുള്ള അവസരം ലഭിക്കുന്നുണ്ട്. ഇംഗ്ലണ്ടിലുള്ള എഞ്ചിനീയറായ എന്റെ ഒരു സുഹൃത്തിനുണ്ടായ അനുഭവം പറയാൻ ആഗ്രഹിക്കുകയാണ്. അയാൾക്കൊരു sebaceous cyst വന്ന അവസരത്തിൽ ഫോട്ടോ എടുത്ത് എന്നെ കാണിച്ചപ്പോൾ സർജറി ചെയ്യാവുന്നതേയുള്ളൂവെന്ന് ഞാൻ പറഞ്ഞു. എന്നാൽ സർജന്റെ അപ്പോയിന്റ്മെന്റ് രണ്ട് മാസം കഴിഞ്ഞാണ് കിട്ടിയത്. ഒരാഴ്ചയ്ക്കുള്ളിൽ സിസ്റ്റ് പൊട്ടി. രണ്ട് മാസം കഴിഞ്ഞപ്പോൾ 'you have an appointment with surgeon' എന്ന് കത്തുവന്നു. ഇങ്ങനെയൊരു സാഹചര്യം കേരളത്തിലില്ലെന്നുള്ളത് മനസ്സിലാക്കണം. പരിമിതമായ സാഹചര്യത്തിലും ഡോക്ടർമാരുടെ മികച്ച സേവനങ്ങൾ നൽകാനും സാധാരണക്കാർക്ക്

മെഡിക്കൽ കോളേജുകളിൽ പോകാനുമുള്ള സാഹചര്യവും നമ്മുടെ നാട്ടിലുണ്ട്. പക്ഷേ ഇത് കേന്ദ്രീകൃതമാകാൻ പാടില്ല, ഡൈവേഴ്സിഫൈ ചെയ്ത് പോകണം. കൊല്ലത്തുനിന്നുള്ള ഒരു രോഗി ഒരിക്കലും പാരിപ്പള്ളി മെഡിക്കൽ കോളേജിൽ പോകാൻ ധൈര്യപ്പെടില്ല. അവർ തിരുവനന്തപുരം മെഡിക്കൽ കോളേജിലേയ്ക്കാണ് പോകുന്നത്. ഇതെല്ലാം കേന്ദ്രീകരിച്ച് പോകുന്നുവെന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. വി. കെ. പ്രശാന്ത്: സർ, ഒരു ഡോക്ടർ കൂടിയായ ഡോ.സുജിത് വിജയൻപിള്ളയുടെ അഭിപ്രായം മുഖവിലയ്ക്കെടുത്ത് അക്കാര്യങ്ങൾ ചെയ്യണം. ഇന്ത്യയിൽ ആരോഗ്യരംഗത്തിന്റെ ചെലവ് ഇപ്പോൾ വെട്ടിക്കുറച്ചുകൊണ്ടിരിക്കുകയാണ്. ഈ അവസരത്തിൽപ്പോലും കേരള മോഡൽ നിലനിർത്തി മുന്നോട്ടുപോകുന്നത് നമുക്കെല്ലാം അഭിമാനകരമാണ്. ക്ഷയരോഗവും ശിശുമരണ നിരക്കും ഏറ്റവും കൂടുതലുള്ളത് ഇന്ത്യയിലാണ്. എന്നാൽ കേന്ദ്ര ബഡ്ജറ്റിൽ ആരോഗ്യമേഖലയിൽ വകയിരുത്തിയ തുക 29 ശതമാനമായി വെട്ടിക്കുറച്ചിരിക്കുകയാണ്. ആ സമയത്താണ് കേരളം മാതൃകാപരമായ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്നത്. പബ്ലിക് അഫയേഴ്സ്

ഇൻഡക്സിൽ ഒന്നാം സ്ഥാനത്തും നീതി ആയോഗിന്റെ സൂചികയിൽ നാലുതവണ തുടർച്ചയായി ഒന്നാം സ്ഥാനത്തും കേരളം നിൽക്കുകയാണ്. ഏറ്റവും കുറവ് ശിശുമരണ നിരക്ക് കേരളത്തിലാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ആശുപത്രികളുടെ ഗുണനിലവാരത്തിന് നൽകുന്ന നാഷണൽ ക്വാളിറ്റി അഷ്വറൻസ് അവാർഡ്അടക്കം കേരളത്തിനാണ് ലഭിച്ചിട്ടുള്ളത്. ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകുന്ന സംസ്ഥാനവും കേരളമാണ്. ഇന്ത്യാ ടുഡെ അവാർഡ് ഉൾപ്പെടെ നിരവധി അവാർഡുകൾ കേരളത്തിന് ലഭിച്ചിട്ടുണ്ടെന്നുള്ളത് ആരോഗ്യ മേഖലയുടെ പകിട്ട് ഇപ്പോഴും കുറഞ്ഞിട്ടില്ലെന്നുള്ളതിനുള്ള തെളിവാണ്. ആരോഗ്യ വകുപ്പ് ഇക്കാര്യങ്ങൾ വളരെ സുദീർഘമായി മുന്നോട്ടുകൊണ്ടുപോകുന്നുണ്ട്. ശ്രീ. രമേശ് ചെന്നിത്തല കേരള മോഡലിന് നിറം മങ്ങിയെന്ന് ഇവിടെ സൂചിപ്പിച്ചതിന് മറുപടിയായിട്ടാണ് ഇക്കാര്യങ്ങൾ ഞാൻ പറഞ്ഞത്. കേരള മോഡലിന് ഒരു നിറവും മങ്ങിയിട്ടില്ല, കൂടുതൽ പ്രഭയോടെതന്നെ ഇത് മുന്നോട്ടുപോകുന്നുവെന്നാണ് ഞങ്ങൾക്ക് ഈ അവസരത്തിൽ സൂചിപ്പിക്കാനുള്ളത്. ഇവിടത്തെ വിദ്യാർത്ഥികളെല്ലാം

വിദേശത്തേയ്ക്ക് പോയെന്നാണ് അദ്ദേഹം പറഞ്ഞ മറ്റൊരു കാര്യം. കേരളത്തിനെതിരെ പൊതുവെ പറയുന്നൊരു കാര്യമാണിത്. ഇതുമായി ബന്ധപ്പെട്ട കണക്കുകൾ എന്താണ്? 3500-ൽ താഴെ മെഡിക്കൽ സീറ്റുകൾ മാത്രമെ കേരളത്തിലുള്ളൂ. മെറിറ്റ് സീറ്റിൽ ഉൾപ്പെട്ട ഏതെങ്കിലും ഒരുകുട്ടി വിദേശത്തുപോയി വിദ്യാഭ്യാസം ചെയ്യുമോ? ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും ഇതിനുള്ള മറുപടി പറയേണ്ടതാണ്. ഏജൻസികൾ മുഖേന 8000 വിദ്യാർത്ഥികൾ കാനഡയിലേക്ക് പോയെന്നാണ് അദ്ദേഹം പറഞ്ഞത്. മത്സര പരീക്ഷ എഴുതി ആദ്യത്തെ 3500-ാം റാങ്ക് ലിസ്റ്റിനുള്ളിൽ ഉൾപ്പെട്ട ഒരു കുട്ടി വിദേശത്ത് പഠനത്തിന് പോകുമോ; അതിനപ്പുറത്തേയ്ക്ക് റാങ്ക് ലഭിച്ച കുട്ടികൾ പോകുമായിരിക്കാം. അവർ ലോകത്ത് എവിടെ വേണമെങ്കിലും പോയി പഠിക്കട്ടെ; മെറിറ്റ് സീറ്റിൽ ഉൾപ്പെടുന്ന കുട്ടികൾ ഇവിടെ പഠിക്കുന്നുവെന്നത് നമ്മൾ കാണാതെ പോകരുത്. ആശുപത്രികളിൽ മരുന്നില്ലെന്നും അതുപോലെ മറ്റുപലകാര്യങ്ങളെ സംബന്ധിച്ചും അദ്ദേഹം പറഞ്ഞതിലേയ്ക്കൊന്നും ഞാൻ പോകുന്നില്ല. അഫിലിയേഷൻ ഇല്ലാതായിയെന്നും മെഡിക്കൽ സീറ്റുകൾ കുറഞ്ഞെന്നും പറഞ്ഞതിലെ

വസ്തുതയെന്താണ്; സീറ്റുകളുടെ എണ്ണം വർദ്ധിക്കുകയാണ് ചെയ്തത്. കെ.എം.എസ്.സി.എൽ.-ന്റെ ഗോഡൗണിലെ തീപിടിത്തത്തെക്കുറിച്ചും അദ്ദേഹം സൂചിപ്പിച്ചു. അതുസംബന്ധിച്ച കാര്യങ്ങൾ ബഹുമാനപ്പെട്ട മന്ത്രി വിശദീകരിക്കുന്നതാണ്. മെഡിക്കൽ കോളേജിനെ സംബന്ധിച്ചൊരു കാര്യം ശ്രീ. എം. വിൻസെന്റ് എം.എൽ.എ ഇവിടെ സൂചിപ്പിച്ചു. ശ്രീ. കടകംപള്ളി സുരേന്ദ്രൻ പ്രതിനിധാനം ചെയ്യുന്ന മണ്ഡലം കൂടിയാണത്. 1000 കോടി രൂപയ്ക്ക് മുകളിൽ മുതൽമുടക്കിക്കൊണ്ട് ഇന്ത്യയിലെതന്നെ ഏറ്റവും പ്രധാനപ്പെട്ട ചികിത്സാ കേന്ദ്രമാക്കി തിരുവനന്തപുരം മെഡിക്കൽ കോളേജിനെ മാറ്റിയത് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരാണ്. ഒരു ലക്ഷത്തിലധികം രോഗികൾ അവിടെ ചികിത്സയ്ക്കെത്തുകയാണ്. ഇതിൽ നിങ്ങൾ ചെയ്തത് എന്താണ്? ജനറൽ ആശുപത്രി കോമ്പൗണ്ടിൽ പുതിയ മെഡിക്കൽ കോളേജെന്നുപറഞ്ഞ് ഒരു ബോർഡ് സ്ഥാപിച്ചു. ബോർഡ് സ്ഥാപിച്ചാൽ മാത്രം മെഡിക്കൽ കോളേജാകുമോ? തിരുവനന്തപുരം മെഡിക്കൽ കോളേജിനെ തകർക്കുകയെന്നതിന്റെ ഭാഗമായാണ് അവിടെ ബോർഡ് സ്ഥാപിച്ചിട്ടുള്ളത്. ബോർഡ് സ്ഥാപിച്ചിട്ട് നിങ്ങൾ ബാക്കി

കാര്യങ്ങൾ ചെയ്തോ? അക്കാദമിക് ബ്ലോക്കെന്നുപറഞ്ഞ് ഒരു കെട്ടിടം നിർമ്മിച്ചശേഷം മതിയാക്കിപ്പോയി. തിരുവനന്തപുരത്തിന് ലഭ്യമായ രണ്ടാമത്തെ മെഡിക്കൽ കോളേജ് ഞങ്ങൾ അട്ടിമറിച്ചുവെന്ന് നിങ്ങൾ പ്രചരിപ്പിക്കുകയാണ്. ആൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് കിട്ടേണ്ട ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനം കേരളമല്ലേ; ബഹുമാന്യരായ മുഖ്യമന്ത്രിയും ആരോഗ്യ വകുപ്പുമന്ത്രിയും ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും കേന്ദ്ര ഗവൺമെന്റ് കഴിഞ്ഞ ബഡ്ജറ്റുകളിൽ കേരളത്തിന് എയിംസ് അനുവദിച്ചില്ലല്ലോ; ഇതിനെക്കുറിച്ച് നിങ്ങൾ ഒരക്ഷരം മിണ്ടുന്നുണ്ടോ; കേരളത്തിൽ എയിംസ് കിട്ടുകയെന്ന് പറയുന്ന ആവശ്യം ഉന്നയിക്കാൻ നിങ്ങൾ കൂടെയുണ്ടോ? അക്കാര്യത്തിലൊന്നും നിങ്ങൾ കൂടെയില്ലല്ലോ; അത് നിങ്ങൾ പ്രത്യേകമായി ശ്രദ്ധിക്കേണ്ടതാണ്.

ശ്രീ. എച്ച്. സലാം: സർ, കേരളത്തിന് എയിംസ് അനുവദിക്കണമെന്ന ആവശ്യം കേന്ദ്രത്തിൽ കോൺഗ്രസ്സ് ഭരിക്കുന്ന സമയം മുതലുള്ളതാണെന്നും അവർ അനുവദിക്കാത്തതാണെന്നുമുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. വി. കെ. പ്രശാന്ത്: സർ, കോൺഗ്രസ്സ് ഗവൺമെന്റിനും ഇപ്പോൾ ഭരിച്ചുകൊണ്ടിരിക്കുന്ന ബി.ജെ.പി. ഗവൺമെന്റിനും ഇക്കാര്യത്തിൽ തുല്യ ഉത്തരവാദിത്വമാണുള്ളത്. തുടർച്ചയായി അവാർഡുകൾ വാങ്ങുകയും ആരോഗ്യ മേഖലയിൽ കേരള വികസന മോഡൽ സൃഷ്ടിക്കുകയും ചെയ്ത കേരളത്തിന് എയിംസ് തരാതിരിക്കുന്നതിന്റെ ഉത്തരവാദിത്വം കോൺഗ്രസ്സിനും ബി.ജെ.പി.-ക്കും ഒരുപോലെയുണ്ടെന്ന് കേരളത്തിലെ മുഴുവൻ ജനങ്ങളും തിരിച്ചറിയുമെന്നുകൂടി ഞാൻ ഈ അവസരത്തിൽ സൂചിപ്പിക്കുകയാണ്. ഡോ. വന്ദന ദാസിന്റെ കൊലപാതകവുമായി ബന്ധപ്പെട്ടാണ് ഈ ഭേദഗതി നിയമം കൊണ്ടുവന്നതെങ്കിലും ഡോക്ടർമാർ അനുഭവിച്ചുകൊണ്ടിരിക്കുന്ന പ്രയാസങ്ങൾക്ക് ഈ നിയമത്തിലൂടെ പരിഹാരമുണ്ടാകുമെന്ന കാര്യത്തിൽ ആർക്കും തർക്കമില്ല. അതിനുവേണ്ടി മുന്നോട്ടുവന്ന കേരളത്തിലെ ബഹു.ആരോഗ്യ വകുപ്പുമന്ത്രിയെയും ആരോഗ്യ വകുപ്പിനെയും പ്രത്യേകമായി അഭിനന്ദിച്ചുകൊണ്ട് ഈ ബില്ലിനെ പിന്താങ്ങിക്കൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, വളരെ പ്രധാനപ്പെട്ട ബില്ലിന്റെ ചർച്ചയാണ് ഇവിടെ നടന്നത്. രണ്ട് ബില്ലുകൾകൂടി പരിഗണിക്കേണ്ടതുള്ളതിനാൽ ഒരു ദീർഘമായ പ്രസംഗത്തിന് ഞാൻ മുതിരുന്നില്ല. ആരോഗ്യപ്രവർത്തകർക്ക് മനോവീര്യത്തോടെ നിർഭയം സേവനം നടത്തുന്നതിനുള്ള സാഹചര്യമുണ്ടാകണമെന്നുള്ളതാണ് ഈ ബില്ലിന്റെ ഉദ്ദേശ്യലക്ഷ്യം എന്നത് തുടക്കത്തിൽത്തന്നെ പറഞ്ഞതാണ്. ഇതുസംബന്ധിച്ച അടിസ്ഥാന നിയമം പാസ്സാക്കിയത് 2012 ജൂലൈ മാസത്തിലാണ്. 2006-2011-ലെ സർക്കാരിന്റെ ഭരണകാലത്താണ് ഈ നിയമനിർമ്മാണത്തിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചത്. ഈ നിയമത്തെ കൂടുതൽ ശക്തമാക്കുന്നതിനായാണ് ഭേദഗതി ബിൽ കൊണ്ടുവന്നിരിക്കുന്നത്. ആരോഗ്യപ്രവർത്തകരുടെ സുരക്ഷ ഉറപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ഒട്ടേറെ ഘടകങ്ങളുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതുസംബന്ധിച്ച് യോഗങ്ങൾ വിളിച്ചുചേർത്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ പോലീസ്-ആരോഗ്യ വകുപ്പുകൾ സംയുക്തമായി 14 ജില്ലകളിലെയും മെഡിക്കൽ കോളേജുകളിലും താലൂക്ക്/ജില്ല/ജനറൽ

ആശുപത്രികളിലുമുൾപ്പെടെ സുരക്ഷാ ഓഡിറ്റ് നടത്തുകയുണ്ടായി. കാഷ്വാലിറ്റി, ഐ.സി.യു., ലേബർ റൂം, ഒ.പി. തുടങ്ങിയ സ്ഥലങ്ങളിൽ സി.സി.ടി.വി ക്യാമറകളുണ്ടോയെന്നും പരിശീലനം ലഭിച്ച സെക്യൂരിറ്റി ജീവനക്കാരാണോയുള്ളത്, അവരുടെ പ്രായം തുടങ്ങിയ ഒട്ടേറെ ഘടകങ്ങൾ സുരക്ഷാ ഓഡിറ്റിന്റെ ഭാഗമായി പരിശോധിച്ചിട്ടുണ്ട്. ഒരു മെഡിക്കൽ കോളേജ് ക്യാമ്പസിലേയ്ക്ക് പുറത്തുനിന്നുള്ളവർക്ക് വരുന്നതിനുവേണ്ടി പല മാർഗ്ഗങ്ങളുമുണ്ടാകും. അതുകൊണ്ട് അവിടത്തെ സമഗ്രമായ സുരക്ഷ ഉൾപ്പെടെയുള്ള കാര്യങ്ങൾ അവലോകനം ചെയ്തുകൊണ്ടാണ് 14 ജില്ലകളിലും ആഭ്യന്തര-ആരോഗ്യ വകുപ്പുകൾ സംയുക്തമായി സുരക്ഷാ ഓഡിറ്റ് പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിച്ചത്. പ്രസ്തുത റിപ്പോർട്ടിന്മേൽ സർക്കാർ നടപടികൾ സ്വീകരിക്കുകയാണ്. നിലവിലുള്ള പരിശോധനയിൽ ഹെൽത്ത് സർവ്വീസസ് ഡയറക്ടറേറ്റിന് കീഴിലുള്ള 125 മേജർ ആശുപത്രികളിൽ 96 എണ്ണത്തിലും ഇതിനോടകം സി.സി.ടി.വി. ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. അതുകൂടാതെ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ പ്രധാനപ്പെട്ട മെഡിക്കൽ കോളേജുകളിൽ ഇത്

പൂർത്തിയായിട്ടുണ്ട്. കോഴിക്കോട്, കോട്ടയം, മഞ്ചേരി, കണ്ണൂർ എന്നിവിടങ്ങളിൽ വൈകാതെ പൂർത്തിയാകുകയും ചെയ്യും. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർദ്ദേശിച്ചതിന്റെയടിസ്ഥാനത്തിൽ ആശുപത്രികളിൽ പോലീസ് ഔട്ട്പോസ്റ്റുകൾ സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ ആഭ്യന്തര വകുപ്പ് സ്വീകരിച്ചിട്ടുണ്ട്.

ശ്രീമതി സി. കെ. ആശ: സർ, വൈക്കം താലൂക്കാശുപത്രിയിൽ ഇന്നലെമുതൽ ഭീകരാന്തരീക്ഷമാണ് നിലനിൽക്കുന്നതെന്ന് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. മയക്കുമരുന്ന് മാഫിയയുടെ ആക്രമണത്തിൽ പരിക്കേറ്റ് ആശുപത്രിയിൽ പ്രവേശിപ്പിച്ചയാളെ ചികിത്സിച്ചതിനുപിറകെ എതിർകക്ഷികൾ ആശുപത്രി അടിച്ചുതകർക്കുന്ന സാഹചര്യമാണുണ്ടായത്. വൈക്കം താലൂക്കാശുപത്രിയിൽ ഒരു പോലീസ് എയ്ഡ് പോസ്റ്റ് നിലവിലുണ്ടായിരുന്നതാണ്. എന്നാൽ പുതിയ ആശുപത്രിയുടെ നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഈ ആശുപത്രി ഡബ്ല്യു.&സി. ആശുപത്രിയിലേയ്ക്ക് ഷിഫ്റ്റ് ചെയ്തപ്പോൾ എയ്ഡ് പോസ്റ്റ് പുനഃസ്ഥാപിച്ചില്ല. സ്റ്റേഷനിൽ ആവശ്യത്തിന് പോലീസ് ഇല്ലെന്ന

കാരണമാണ് അതിന് പോലീസ് വകുപ്പ് പറയുന്നത്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നും അടിയന്തര ഇടപെടൽ ഉണ്ടാകണമെന്നുകൂടി ഈ അവസരത്തിൽ ആവശ്യപ്പെടുകയാണ്.

ശ്രീമതി വീണാ ജോർജ്: സർ, കിഫ്ബിയിൽ ഉൾപ്പെടുത്തിക്കൊണ്ട് വൈക്കം താലൂക്കാശുപത്രിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുകയാണ്. ബഹുമാനപ്പെട്ട എം.എൽ.എ. പറഞ്ഞതുപോലെ ഡബ്ല്യു.& സി. ഹോസ്പിറ്റലിലാണ് ഇപ്പോൾ ഈ ആശുപത്രി പ്രവർത്തിക്കുന്നത്. അവിടെ പോലീസ് എയ്ഡ് പോസ്റ്റ് അനുവദിക്കപ്പെട്ടിട്ടുള്ളതാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തി അവിടെ എയ്ഡ് പോസ്റ്റ് ഉണ്ടാകുന്നത് ഉറപ്പാക്കാൻ സാധിക്കുന്നതാണ്. ഈ അമെന്റ്മെന്റിനോടൊപ്പംതന്നെ സ്വീകരിക്കുന്ന നടപടികളെക്കുറിച്ചാണ് ഞാൻ പറഞ്ഞുവന്നത്. 14 ജില്ലകളിലും സേഫ്റ്റി ഓഡിറ്റ് പൂർത്തിയാക്കി. അതുപോലെ രാജ്യത്ത് ഇതുവരെയും നടപ്പാക്കിയിട്ടില്ലാത്തതും എന്നാൽ രാജ്യാന്തരതലത്തിൽ അംഗീകരിക്കപ്പെട്ടിട്ടുള്ളതുമായ ഒരു കോഡ് ഗ്രേ പ്രോട്ടോക്കോൾ രൂപീകരിച്ചിട്ടുണ്ട്. ഒരു ആശുപത്രിയിലെ മുഴുവൻ സിസ്റ്റവും

ആക്രമണങ്ങൾക്കെതിരെ എങ്ങനെയാണ് പ്രതികരിക്കേണ്ടതെന്നത് സംബന്ധിച്ചും രോഗീസൗഹൃദമായ ഒരാശുപത്രിയിലെ ലാബ്, ഫാർമസി, പുറത്തേയ്ക്ക് പോകേണ്ടവഴി എന്നിങ്ങനെയുള്ള ദിശാസൂചികകൾ ഉൾപ്പെടെയുള്ള കാര്യങ്ങളെയും സുരക്ഷാക്രമീകരണങ്ങളെയുംക്കുറിച്ച് അവിടെ എത്തുന്ന ആരോഗ്യ പ്രവർത്തകർക്കും രോഗികൾക്കും അറിയുന്നതിനുവേണ്ടിയും ഒരു സമഗ്ര കോഡ് ഗ്രേ പ്രോട്ടോക്കോൾ ആരോഗ്യ വകുപ്പ് രൂപീകരിക്കുകയും അതിന്റെ ഡ്രാഫ്റ്റ് തയ്യാറാക്കി ആഭ്യന്തര വകുപ്പുമായി ചർച്ച നടത്തി ഫൈനലൈസ് ചെയ്തിരിക്കുകയുമാണ്. സർക്കാർ/സ്വകാര്യ ആശുപത്രികളിലും ഇത് നടപ്പാക്കുന്നതിനുവേണ്ടിയാണ് സർക്കാർ ശ്രമിക്കുന്നത്.

**3.00 p.m]**

ആരോഗ്യപ്രവർത്തകരെ സംരക്ഷിക്കുന്നതിനും അവർക്ക് നിർഭയം ജോലി ചെയ്യുന്നതിനുമുള്ള സാഹചര്യം സൃഷ്ടിക്കുന്നതോടൊപ്പംതന്നെ രോഗികളുടെ അവകാശവുമായി ബന്ധപ്പെട്ട വിഷയവും വളരെ പ്രധാനപ്പെട്ടതാണ്. ഈ വർഷത്തെ കണക്കെടുക്കുമ്പോൾ കേരളത്തിലെ സർക്കാർ

ആശുപത്രികളിലേയ്ക്ക് എത്തുന്നവരുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവാണുണ്ടായിട്ടുള്ളത്. തിരുവനന്തപുരം മെഡിക്കൽ കോളേജിനെക്കുറിച്ച് ഇവിടെ പരാമർശിച്ചു. അവിടെ ജനറൽ മെഡിസിൻ ഡിപ്പാർട്ട്മെന്റിൽ അനുവദിക്കപ്പെട്ട ബെഡ്ഡുകളുടെ എണ്ണം 336 ആണ്. എന്നാൽ നിലവിൽ പ്രസ്തുത വിഭാഗത്തിൽ അഡ്മിറ്റ് ചെയ്തിരിക്കുന്ന രോഗികളുടെ എണ്ണം ആയിരത്തിനും മുകളിലാണ്. രോഗവുമായി ആശുപത്രിയിൽ വരുന്നൊരു രോഗിയെ ചികിത്സയില്ലെന്ന് പറഞ്ഞ് തിരികെ അയയ്ക്കുന്നൊരു സമീപനം സ്വീകരിക്കാൻ സർക്കാരിന് കഴിയില്ല. അനുവദിക്കപ്പെട്ട ബെഡ്ഡുകളുടെ എണ്ണത്തേക്കാൾ എത്രയോ ഇരട്ടി രോഗികളെ സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ ഉൾക്കൊള്ളുന്നുവെന്നത് നമ്മുടെ മുന്നിലുള്ള യാഥാർത്ഥ്യമാണ്. രോഗികൾക്ക് ക്വാളിറ്റി ട്രീറ്റ്മെന്റ് നൽകുകയെന്നതും അവരുടെ അവകാശവും ജീവനും സംരക്ഷിക്കുകയെന്നതും വളരെ പ്രധാനപ്പെട്ട കാര്യമാണ്. രോഗികൾക്കോ ബൈസ്റ്റാൻഡേഴ്സിനോ എന്തെങ്കിലും പരാതികളുണ്ടെങ്കിൽ അത് എവിടെയാണ് കൊടുക്കേണ്ടത്, ആരാണത് അഡ്രസ്സ് ചെയ്യുന്നത് തുടങ്ങിയ

കാര്യങ്ങളെക്കുറിച്ച് ശ്രീ. രമേശ് ചെന്നിത്തല ഉൾപ്പെടെയുള്ള ചില ബഹുമാനപ്പെട്ട അംഗങ്ങൾ പരാമർശിക്കുകയുണ്ടായി. നമുക്ക് അതിനൊരു സംവിധാനമുണ്ടാകേണ്ടതുണ്ടെന്നത് ആരോഗ്യ വകുപ്പ് കണ്ടുകൊണ്ടാണ് ഒരു ത്രിതല സംവിധാനം ഏർപ്പെടുത്താൻ തീരുമാനിച്ചത്. സർജറി വൈകുന്നതോ അല്ലെങ്കിൽ ട്രീറ്റ്മെന്റ് സംബന്ധിച്ചോ തുടങ്ങി ഏത് തരത്തിലുള്ള പരാതികളും സ്ഥാപനതലത്തിൽതന്നെ പരിഹരിക്കുന്നതിനുവേണ്ടി ഒരു ഗ്രീവൻസ് റിഡ്രസൽ ഫോറം രൂപീകരിക്കുകയും അതിൽ ആരോഗ്യപ്രവർത്തകരെ കൂടാതെ രോഗിയുടെ ഭാഗത്തുനിന്നും ചിന്തിക്കുന്നതിനുവേണ്ടി പുറത്തുനിന്നുള്ള ഒരാളെക്കൂടി ഉൾപ്പെടുത്തുകയും ചെയ്യും. അതോടൊപ്പം സംസ്ഥാന-ജില്ലാ തലങ്ങളിലും ഇതുപോലെ പരാതി പരിഹാര സംവിധാനമുണ്ടാകും. അതുസംബന്ധിച്ച ചർച്ചകൾ അന്തിമഘട്ടത്തിലാണ്. അതുമായി ബന്ധപ്പെട്ട ഗവൺമെന്റ് ഉത്തരവും ഉടൻതന്നെ പുറപ്പെടുവിക്കുന്നതാണ്. ഇവിടെ ബഹുമാനപ്പെട്ട അംഗങ്ങൾ മുന്നോട്ടുവച്ച നിർദ്ദേശങ്ങളെല്ലാം സബ്ജക്ട് കമ്മിറ്റി പരിഗണിക്കുമ്പോൾ തീർച്ചയായും പരിശോധിക്കും. ബഹുമാനപ്പെട്ട

അംഗങ്ങളെല്ലാം ആവർത്തിച്ചുപറഞ്ഞ വെർബൽ അബ്യൂസിനെ സംബന്ധിച്ച കാര്യങ്ങളും അതുസംബന്ധിച്ച് പങ്കുവച്ച ആശങ്കകളും കമ്മിറ്റി പരിഗണിക്കുന്നതാണ്. നിയമം ദുരുപയോഗം ചെയ്യപ്പെടാതിരിക്കുന്നതിനുവേണ്ടിയുള്ള കാര്യങ്ങളും ചെയ്യുന്നതാണ്. മദർ ആക്ടിലെ 7-ാം വകുപ്പിൽ ചില കാര്യങ്ങൾ കൂട്ടിച്ചേർക്കുന്നുണ്ട്. നേരത്തെ ഇവിടെ ക്രമപ്രശ്നമുന്നയിച്ചപ്പോൾ ഇതുസംബന്ധിച്ച് പറഞ്ഞതാണ്. സി.സി.ടി.വി. ഉൾപ്പെടെയുള്ള സുരക്ഷാ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനും സെക്യൂരിറ്റി ജീവനക്കാരെ നിയമിക്കുന്നതിനോടൊപ്പംതന്നെ ആരോഗ്യപ്രവർത്തകർ എപ്രകാരം സംരക്ഷിക്കപ്പെടണമെന്നതും പെരുമാറണമെന്നതും സംബന്ധിച്ച പ്രോട്ടോക്കോൾ തയ്യാറാക്കുന്നതിനും അതിന്റെ ചട്ടങ്ങൾ രൂപീകരിക്കുന്നതിനും ബില്ലിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. സമഗ്രതയിൽ ഈ നിയമത്തെ സർക്കാർ കാണുന്നുവെന്നതാണ് പറഞ്ഞുവന്നത്. ആരോഗ്യ പ്രവർത്തകരോടൊപ്പം രോഗികളുടെ അവകാശങ്ങളും സംരക്ഷിക്കപ്പെടണമെന്നുതന്നെയാണ് സർക്കാരിന്റെ നിലപാട്. അതനുസരിച്ച് മുന്നോട്ടുപോകാനാണ് സർക്കാർ ആഗ്രഹിക്കുന്നത്.

സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കുശേഷം വീണ്ടും സഭയിൽ ബിൽ വരുമ്പോൾ വിശദമായി കാര്യങ്ങൾ ചർച്ച ചെയ്യാവുന്നതാണ്. ബില്ലിന്റെ ചർച്ചാവേളയിൽ ബഹുമാനപ്പെട്ട അംഗങ്ങൾ മെഡിക്കൽ കോളേജുകളെ സംബന്ധിച്ച് ചില കാര്യങ്ങൾ പറഞ്ഞു. ഈ കാലഘട്ടത്തിൽ ദേശീയ തലത്തിൽ മെഡിക്കൽ കോളേജുകളുടെ റാങ്കിംഗിൽ ആദ്യമായാണ് തിരുവനന്തപുരം മെഡിക്കൽ കോളേജ് 44-ാം സ്ഥാനത്ത് വന്നത്. എയിംസും സ്വകാര്യ സ്ഥാപനങ്ങളും ഓട്ടോണമസ് ഇൻസ്റ്റിറ്റ്യൂഷൻസും ഗവൺമെന്റ് മെഡിക്കൽ കോളേജുകളും ഉൾപ്പെടെയെടുക്കുമ്പോൾ നമ്മൾ മുന്നിലാണുള്ളത്. അതുപോലെ തിരുവനന്തപുരം ഗവൺമെന്റ് ദന്തൽ കോളേജ് 25-ാം റാങ്കിൽ  വന്നുവെന്നത് വളരെ സന്തോഷമുള്ള കാര്യമാണ്. ആലപ്പുഴ മെഡിക്കൽ കോളേജിൽ എല്ലാവർഷവും നാഷണൽ മെഡിക്കൽ കമ്മീഷൻ (എൻ.എം.സി.)-ന്റെ ഇൻസ്പെക്ഷൻ നടക്കാറുണ്ട്. എൻ.എം.സി. ചൂണ്ടിക്കാട്ടിയ ചില ന്യൂനതകൾ പരിഹരിച്ചുകൊണ്ടുള്ള കംപ്ലെയിൻസ് റിപ്പോർട്ട് സംസ്ഥാന മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് നൽകുകയുണ്ടായി. അതിന്റെയടിസ്ഥാനത്തിൽ നാഷണൽ അലോട്ട്മെന്റ് ലിസ്റ്റിൽ ആലപ്പുഴ

മെഡിക്കൽ കോളേജിനെ ഉൾപ്പെടുത്തിയതിന്റെ ഭാഗമായി വിദ്യാർത്ഥികൾക്ക് പ്രവേശനം നേടാൻ സാധിച്ചിട്ടുണ്ട്. അതായത് ആലപ്പുഴ മെഡിക്കൽ കോളേജിന് അംഗീകാരം നഷ്ടപ്പെടില്ലെന്നതാണ് ഞാൻ പറയുന്നത്. അതുപോലെതന്നെയാണ് കണ്ണൂർ, തൃശ്ശൂർ മെഡിക്കൽ കോളേജുകളിലെ പി.ജി. സീറ്റിന്റെ കാര്യവും. നമ്മുടെ ആവശ്യത്തിനനുസരിച്ച് കൂടുതൽ തസ്തികകൾ സൃഷ്ടിക്കുന്നതും സർക്കാരിന്റെ പരിഗണനയിലുണ്ട്. ഈ ഘട്ടത്തിലാണ് കേരളത്തിന്റെ ചരിത്രത്തിലില്ലാത്ത വിധത്തിൽ കോന്നിയിലും ഇടുക്കിയിലും ഓരോ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾകൂടി സർക്കാർ പുതുതായി ആരംഭിച്ചത്. നൂറ് സീറ്റുകൾ വീതമാണ് അവിടെ ലഭിച്ചത്. രണ്ടാം വർഷ പഠനത്തിനുവേണ്ടിയുള്ള അനുമതിയും ലഭിച്ചിട്ടുണ്ട്. മറ്റൊരു പ്രധാനപ്പെട്ടകാര്യം, നമ്മുടെ നഴ്സിംഗ് പ്രൊഫഷണലുകൾക്കും ഡോക്ടർമാർക്കും ആരോഗ്യപ്രവർത്തകർക്കുമൊക്കെ ആഗോളതലത്തിൽ വലിയ സ്വീകാര്യതയുണ്ടെന്നതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ യു.കെ.-യിൽ നടത്തിയ സന്ദർശനത്തിന്റെ അടിസ്ഥാനത്തിൽ നാലാമത്തെ ജോബ് ഫെസ്റ്റാണ് ഇപ്പോൾ നടക്കാൻ

പോകുന്നത്. അവിടെ ജോലി ചെയ്യാൻ ആഗ്രഹമുള്ള ആരോഗ്യപ്രവർത്തകരെ ഇടനിലക്കാരില്ലാതെ എൻ.എച്ച്.എസ്. (നാഷണൽ ഹെൽത്ത് സർവ്വീസ്) കൊച്ചിയിൽ വന്ന് നേരിട്ട് ഇന്റർവ്യൂ നടത്തി കൊണ്ടുപോകുന്ന സാഹചര്യമുണ്ട്. അതുപോലെ വെയിൽസ് ഉൾപ്പെടെയുള്ള മറ്റ് രാജ്യങ്ങളിലേയ്ക്കും നഴ്സുമാരെ കൊണ്ടുപോകുന്നുണ്ട്. അതിനാൽ നമുക്കിവിടെ കൂടുതൽ പ്രൊഫഷണലുകളുണ്ടാകേണ്ടതുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ നഴ്സിംഗ് വിദ്യാഭ്യാസ മേഖലയിൽ കഴിഞ്ഞവർഷം മാത്രം 1300 പുതിയ സീറ്റുകൾക്ക് എൻ.ഒ.സി. നൽകിയിരുന്നു. ഈ വർഷം നിലവിൽ സർക്കാരിന്റെ കീഴിലുള്ള നഴ്സിംഗ് കോളേജുകളിലെ സീറ്റുകൾ ഉൾപ്പെടെ ഇരട്ടിയാക്കുന്നതിനുള്ള ശ്രമമാണ് സർക്കാർ നടത്തുന്നത്. സാമ്പത്തിക ബുദ്ധിമുട്ടുകൾക്കിടയിലും ഈ രീതിയിലുള്ള ഇടപെടലുകളാണ് സർക്കാർ നടത്തുന്നത്. അതായത് വിദ്യാഭ്യാസത്തിന്റെ നിലവാരത്തിൽ യാതൊരു വിട്ടുവീഴ്ചയും വരുത്താതെ കൂടുതൽ അവസരങ്ങൾ നമ്മുടെ കുട്ടികൾക്ക് ഇവിടെ ലഭിക്കണമെന്നുതന്നെയാണ് സർക്കാർ ആഗ്രഹിക്കുന്നത്. അതുപോലെ സർക്കാർ മെഡിക്കൽ കോളേജുകളിൽ

ജനറ്റിക്സ് ഡിപ്പാർട്ട്മെന്റ്, ജെനോമിക്സ് ഡിപ്പാർട്ട്മെന്റ് തുടങ്ങിയ കാലോചിതമായ പുതിയ വിഭാഗങ്ങൾ രൂപീകരിക്കേണ്ടതായിട്ടുണ്ട്. ഈ ഘട്ടത്തിലാണ് എസ്.എ.ടി. ആശുപത്രിയെ ദേശീയതലത്തിൽ അപൂർവ്വ രോഗങ്ങൾക്കുവേണ്ടിയുള്ള സെന്റർ ഓഫ് എക്സലൻസ് പട്ടികയിൽ ഉൾപ്പെടുത്തിയത്.

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ 50 ബെഡ്ഡുകളുള്ള നാലുവാർഡുകളെ മെയിന്റനൻസിനുവേണ്ടി അടച്ചിട്ടുവെന്നകാര്യം ഇവിടെ പറയുകയുണ്ടായി. വാർഡ് മെയിന്റനൻസ് ആവശ്യമാണ്. അവിടെ യഥാർത്ഥത്തിൽ സംഭവിച്ചതെന്താണ്? 50 ബെഡ്ഡുകൾ വീതമുള്ള 16, 17, 18, 19 എന്നീ നാല് വാർഡുകളിലും 35 ബെഡ്ഡുകൾ വീതമുള്ള 24-ഉം 25-ഉം വാർഡുകളിലുമാണ് അറ്റകുറ്റപ്പണികൾ നടത്തിയത്. ഇതിനുപകരമായി 250 ബെഡ്ഡുകൾ അവിടെ ക്രമീകരിച്ചുകൊണ്ടാണ് മെയിന്റനൻസ് നടത്തിയത്. അതുമാത്രമല്ല ഇതിനായി പത്തുകോടി രൂപയോളം ചെലവഴിക്കുകയും പുതുതായി 27, 28 എന്നീ വാർഡുകൾ സ്ഥാപിക്കുകയും ചെയ്തു. കൂടാതെ 30 ബെഡ്ഡുകൾ ജെറിയാട്രിക്സിനായി അവിടെ ഒരുക്കിയിട്ടുണ്ട്. ബദൽ

സംവിധാനം ഒരുക്കികൊണ്ടാണ് അവിടെ അറ്റകുറ്റപ്പണി നടത്തിയത്. അതുമാത്രമല്ല അവിടെയൊരു ബ്ലോക്ക് പൊളിച്ചതിനുശേഷം കിഫ്ബിയിലൂടെ പുതിയ കെട്ടിടം നിർമ്മിക്കുകയും ചെയ്യുകയാണ്. കിലോമീറ്ററുകളുടെ വ്യത്യാസത്തിൽ അടുത്തടുത്തായി പുതിയ മെഡിക്കൽ കോളേജുകൾ സ്ഥാപിക്കുകയല്ല പകരം നിലവിലുള്ള മെഡിക്കൽ കോളേജുകളെ ശാക്തീകരിക്കുകയെന്നതാണ് സർക്കാരിന്റെ നയം. പെരിഫെറി സ്ട്രെങ്ത്തൺ ചെയ്തുകൊണ്ട് മാത്രമേ മെഡിക്കൽ കോളേജുകളിലേയ്ക്കുള്ള രോഗികളുടെ ഒഴുക്ക് നിയന്ത്രിക്കാൻ സാധിക്കുകയുള്ളൂ. അതായത്, തിരുവനന്തപുരം ജനറൽ ആശുപത്രി, പേരൂർക്കട ആശുപത്രി, നെയ്യാറ്റിൻകര ആശുപത്രി, പാറശ്ശാല ആശുപത്രി, കൊല്ലം പാരിപ്പള്ളി മെഡിക്കൽ കോളേജ് തുടങ്ങിയവയിൽനിന്നൊക്കെ തിരുവനന്തപുരം മെഡിക്കൽ കോളേജിലേയ്ക്ക് റഫറൻസ് ഉണ്ടാകുന്നുണ്ട്. അതിന്റെയടിസ്ഥാനത്തിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിലേയ്ക്കും കോഴിക്കോട് മെഡിക്കൽ കോളേജിലേയ്ക്കും ഏതൊക്കെ ആശുപത്രികളിൽനിന്നാണ് റഫറൻസുണ്ടാകുന്നതെന്ന് കണ്ടെത്തിക്കൊണ്ട്

അവയെ സ്ട്രെംഗ്തൻ ചെയ്യാനുള്ള ശ്രമമാണ് നടത്തുന്നത്. അതാണ് ശാസ്ത്രീയ സമീപനം. പെരിഫെറി സ്ട്രെംഗ്തൻ ചെയ്തുകൊണ്ട് ഇത് വികേന്ദ്രീകരിക്കുകയാണ് ചെയ്യുന്നത്. അതിനാണ് ഞങ്ങൾ ആർദ്രം പദ്ധതി നടപ്പാക്കിയത്. ഒരു പഞ്ചായത്തിൽ ഒരാൾക്ക് അസുഖമുണ്ടായാൽ ഉടനെ മെഡിക്കൽ കോളേജുകളിലേയ്ക്കോ സ്പെഷ്യാലിറ്റി ഹോസ്പിറ്റലുകളിലേയ്ക്കോ പോകുകയെന്നുള്ളതല്ല, പകരം നമ്മുടെ പഞ്ചായത്തിലെ കുടുംബാരോഗ്യ കേന്ദ്രത്തിൽ പോയി ഡോക്ടറെ കാണുകയെന്നുള്ളതാണ്. അവിടെ ഇലക്ട്രോണിക് ഐ.ഡി.-യുണ്ടാകും, വിവരങ്ങൾ ഡിജിറ്റലായി എന്റർ ചെയ്യും. പേപ്പറൊന്നും കരുതാതെതന്നെ റഫറൻസ് ആവശ്യമാണെങ്കിൽ ജില്ലാ ആശുപത്രിയിലേയ്ക്കോ മെഡിക്കൽ കോളേജിലേയ്ക്കോ പോകാൻ കഴിയണമെന്നതാണ് നമ്മുടെ സമീപനം. അതിനനുസൃതമായി ഒരുപാട് കാര്യങ്ങൾ മെഡിക്കൽ കോളേജുകളിൽ പുതുതായി ചെയ്തിട്ടുണ്ട്. അതുസംബന്ധിച്ച് വിശദമായി പറയാൻ സമയമെടുക്കുമെന്നുള്ളതുകൊണ്ട് അതിലേയ്ക്ക് കടക്കുന്നില്ല.

ഇവിടെ ഉന്നയിച്ച മറ്റൊരു വിഷയം കോക്ലിയർ ഇംപ്ലാന്റേഷനുമായി ബന്ധപ്പെട്ടതാണ്. അഞ്ച് വയസ്സുവരെ പ്രായമുള്ള കേൾവി പരിമിതിയുള്ള കുഞ്ഞുങ്ങൾക്കുവേണ്ടി നടത്തുന്ന ശസ്ത്രക്രിയയാണ് കോക്ലിയർ ഇംപ്ലാന്റേഷൻ. അഞ്ച് വയസ്സുവരെ പ്രായമുള്ള കുട്ടികളിൽനിന്നും ശ്രവണ വൈകല്യമുള്ളവരെ ചെറുപ്പത്തിൽത്തന്നെ കണ്ടെത്തി കോക്ലിയർ ഇംപ്ലാന്റേഷൻ സർജറി നടത്തി വൈകല്യം മാറ്റിയെടുക്കുന്ന പദ്ധതിയാണിത്. 06-07-2010-ൽ ഒരു ഗവൺമെന്റ് ഓർഡർ വഴിയാണ് ആദ്യമായി കോക്ലിയർ ഇംപ്ലാന്റേഷൻ സർക്കാരിന്റെ താലോലം പദ്ധതിയിൽ ഉൾക്കൊള്ളിക്കുന്നത്. അതിനുശേഷം 2011-16 കാലയളവിൽ അന്നത്തെ സർക്കാർ ഇതിനെ ശ്രുതിതരംഗം എന്ന പ്രത്യേക പദ്ധതിയായി കൊണ്ടുവന്നിരുന്നു. എന്നാൽ ഈ സർക്കാരിന്റെ നയമനുസരിച്ച് 14-ാം പഞ്ചവൽസര പദ്ധതിക്കാലത്ത് മെഡിക്കൽ അഷ്വറൻസ് വിപുലീകരിക്കുകയെന്ന ലക്ഷ്യം വച്ചുകൊണ്ട് ആവർത്തനം ഒഴിവാക്കുന്നതിനുവേണ്ടിയും ഏകോപനം സാധ്യമാക്കുന്നതിനുവേണ്ടിയും സമാനസ്വഭാവമുള്ള പദ്ധതികളെ സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയിലേയ്ക്ക്

കൊണ്ടുവരണമെന്ന തീരുമാനം കൈക്കൊണ്ടു. ഈ വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതി നടപ്പാക്കിയിരുന്ന സാമൂഹ്യനീതി വകുപ്പിന്റെ കെ.എസ്.എസ്.എം. (കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ)-ൽനിന്നും ആരോഗ്യ വകുപ്പിലെ എസ്.എച്ച്.എ. (സ്റ്റേറ്റ് ഹെൽത്ത് ഏജൻസി) മുഖാന്തരം ചെയ്യുന്നതിനുള്ള തീരുമാനമെടുത്തിട്ടുണ്ട്. കുഞ്ഞുങ്ങൾക്ക് കോക്ലിയർ ഇംപ്ലാന്റ് ചെയ്യുക, ബാറ്ററി, വയറുകൾ എന്നിവയുടെ മെയിന്റനൻസ് നടത്തുക, പ്രോസസ്സ് അപ്ഗ്രഡേഷൻ എന്നിങ്ങനെ മൂന്ന് പ്രോസസ്സാണ് ഇതിൽ നടക്കുന്നത്. ഇക്കാര്യങ്ങൾ ആവശ്യമുള്ള കുഞ്ഞുങ്ങൾക്ക് അത് സർക്കാർ ചെയ്യുന്നതാണ്. അതിന്റെ ഭാഗമായി 44 കുഞ്ഞുങ്ങൾക്ക് വിവിധ ആശുപത്രികളിലായി പുതിയതായി കോക്ലിയർ ഇംപ്ലാന്റേഷൻ നടത്താൻ പോകുകയാണ്. അതിനായി ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കുകയും ഗൈഡ്‌ലൈൻസ് പുറപ്പെടുവിക്കുകയും ചെയ്തു. കെ.എം.എസ്.സി.എൽ. വഴിയാണ് ടെണ്ടർ നടപടികൾ നടത്തുന്നത്. എസ്.എച്ച്.എ.-യിലേയ്ക്ക് മാറിയ ഈ ട്രാൻസിഷൻ പിരീഡിൽ ടെണ്ടർ നടപടികൾക്ക് കാലതാമസമുണ്ടാകാതിരിക്കാനായി നിലവിൽ

കെ.എസ്.എസ്.എം. ടെണ്ടർ നൽകിയ കമ്പനികളിൽനിന്ന് സാധനങ്ങൾ വാങ്ങിക്കുന്നതിനുള്ള നിർദ്ദേശം എംപാനൽഡ് ആശുപത്രികൾക്ക് നൽകിയിട്ടുണ്ട്. ഒരു കാലതാമസവും വരാൻ പാടില്ലെന്ന ലക്ഷ്യത്തോടെയാണ് ഇങ്ങനെയൊരു തീരുമാനം കൈക്കൊണ്ടത്. അതുപോലെ പ്രോസസ്സ് അപ്ഗ്രഡേഷന് 25 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. കുഞ്ഞുങ്ങളുടെ അപേക്ഷകൾ ഇനിയുമുണ്ടെങ്കിൽ എംപാനൽഡ് ആശുപത്രികളിൽ അത് നൽകാൻ സാധിക്കുന്നതാണ്. ആ രീതിയിൽ കോക്ലിയർ ഇംപ്ലാന്റേഷൻ ഒരു മുടക്കവുമില്ലാതെ മുന്നോട്ട് കൊണ്ടുപോകുന്നതിനുള്ള പരിശ്രമമാണ് സർക്കാർ നടത്തുന്നത്. കേൾവിയുണ്ടായിരുന്ന കുഞ്ഞുങ്ങൾക്ക് അതിന് സാധിക്കാതെ വരുമ്പോൾ അവർക്ക് വലിയ ബുദ്ധിമുട്ടുണ്ടാകും. അതുകൊണ്ട് സർക്കാർ അക്കാര്യത്തിൽ അടിയന്തര നിലപാട് സ്വീകരിക്കുകയാണ്. ഡെങ്കിപ്പനിയെയും എലിപ്പനിയെയും സംബന്ധിച്ച കാര്യങ്ങൾ പറഞ്ഞു. ഇതിനുമുമ്പ് ഡെങ്കിപ്പനി ഔട്ട്ബ്രേക്കുണ്ടായത് 2013-ലും 2017-ലുമാണ്. ഡെങ്കിപ്പനിയുടെ കാര്യത്തിൽ 2017-ൽ ഒരു ചാക്രിക വർദ്ധനവാണുണ്ടായത്. പിന്നീട് ചാക്രിക വർദ്ധനവ്

പ്രതീക്ഷിച്ചത് 2021-ലാണ്. പക്ഷേ 2021-ലെ കോവിഡ് സാഹചര്യം കൊണ്ട് അത്തരത്തിലുള്ള വർദ്ധനവ് ആ വർഷമുണ്ടായില്ല. 2017-ൽ ശ്രീലങ്ക ഉൾപ്പെടെയുള്ള രാജ്യങ്ങളിൽ വലിയ ഔട്ട്ബ്രേക്കുണ്ടായി. കേരളത്തിൽ നമ്മുടെ ആരോഗ്യജാഗ്രത കലണ്ടറിന്റെ അടിസ്ഥാനത്തിൽ 2023 ജനുവരിയിൽത്തന്നെ പ്രവർത്തനമാരംഭിക്കുകയും മാർച്ച് മാസത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ എല്ലാ വകുപ്പുമന്ത്രിമാരും ഉദ്യോഗസ്ഥരും ഉൾപ്പെടുന്ന ഒരു യോഗം ചേരുകയും ചെയ്തു. മേയ് മാസം ആദ്യം ഇങ്ങനെയൊരു കേസ് വർദ്ധനവുണ്ടാകുമെന്നുള്ളത് ആരോഗ്യ വകുപ്പുമന്ത്രിയെന്നുള്ള നിലയിൽ ഞാൻ തന്നെ അറിയിക്കുകയും ആഴ്ചതോറും മന്ത്രിതല അവലോകനം നടത്തുകയും ചെയ്തു. മുൻവർഷങ്ങളെ അപേക്ഷിച്ച് കേസ്സുകളിലും മരണത്തിലും ഒരുതരത്തിലുമുള്ള വർദ്ധനവുണ്ടായിട്ടില്ല. എന്നാൽ നമുക്ക് ആശ്വസിക്കാൻ സമയമായില്ല. കാരണം മഴക്കാലം കഴിഞ്ഞിട്ടില്ല. ശക്തമായ മഴ പെയ്യുമ്പോഴാണ് എലിപ്പനി റിപ്പോർട്ട് ചെയ്യുന്നത്. ശക്തമായ മഴയുണ്ടായാൽ എലിപ്പനിയും ഇടവിട്ടുള്ള

മഴയുണ്ടായാൽ ഡെങ്കിപ്പനിയും കൂടാൻ സാധ്യതയുണ്ട്. അതുകൊണ്ട് നമ്മൾ ജാഗ്രത പാലിക്കണം.

കെ.എം.എസ്.സി.എൽ.-ന്റെ ഗോഡൗണിലെ തീപിടുത്തവുമായി ബന്ധപ്പെട്ട കാര്യം പറയുകയുണ്ടായി. കെ.എം.എസ്.സി.എൽ.-ന്റെ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ഗോഡൗണുകളിൽ തീപിടിത്തമുണ്ടായതിന്റെ പശ്ചാത്തലത്തിൽ ആരോഗ്യ വകുപ്പ് രൂപീകരിച്ച കമ്മിറ്റി അന്വേഷണത്തിനായി ഒരു സ്പെഷ്യൽ ടീമിനെ നിയോഗിച്ചിരുന്നു. ഡയറക്ടർ ജനറൽ, കേരള ഫയർ ആൻഡ് റസ്ക്യൂ സർവ്വീസസ്; ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ; ചീഫ് എഞ്ചിനീയർ, പബ്ലിക് വർക്ക്സ് ഡിപ്പാർട്ടുമെന്റ്; ഡ്രഗ്സ് കൺട്രോളർ എന്നിവരാണ് ആ സ്പെഷ്യൽ ടീമിൽ അംഗങ്ങളായിട്ടുണ്ടായിരുന്നത്. അതുസംബന്ധിച്ച് അവർ 03-08-2023-ൽ സമർപ്പിച്ച റിപ്പോർട്ട് ആരോഗ്യ വകുപ്പിന്റെ പരിഗണനയിലാണ്. കെട്ടിടത്തിന്റെ ഘടനാപരമായ തകരാറോ, വൈദ്യുതി സംബന്ധമായ കാരണങ്ങളോ ആണ് തീപിടിത്തത്തിലേയ്ക്ക് നയിച്ച പ്രാഥമിക കാരണങ്ങളെന്ന് കണ്ടെത്തിയിട്ടില്ല. എന്നാൽ അവിടെ ബ്ലീച്ചിംഗ്

പൗഡറിന്റെ സാന്നിദ്ധ്യം വലിയ തോതിലുണ്ടായിരുന്നു. ആ ദിവസങ്ങളിൽ അവിടെ ശക്തമായ മഴയുമുണ്ടായിരുന്നു. അന്തരീക്ഷത്തിലെ താപനിലയും ഈർപ്പവുമാണ് ഓക്സിഡൈസിംഗ് ഏജന്റിന്റെ സ്ഥിരത നിർണ്ണയിക്കുന്നത്. ഈർപ്പമുള്ള വായുവുമായി സമ്പർക്കത്തിലാകുമ്പോൾ ധൃതഗതിയിലുള്ള വിഘടനത്തിന് വിധേയമാകുന്നുവെന്ന റിപ്പോർട്ടാണ് സ്പെഷ്യൽ ടീം നൽകിയിട്ടുള്ളത്. അനധികൃതമായി ചില കാര്യങ്ങൾ മറച്ചുവയ്ക്കുന്നതിന് വേണ്ടിയാണ് സ്പെഷ്യൽ ടീമിന്റെ റിപ്പോർട്ട് പുറത്തുവിടാത്തതെന്ന് പറയുകയുണ്ടായി. റിപ്പോർട്ട് അവർ 03-08-2023-ൽ ഗവൺമെന്റിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. 2012-2014 കാലഘട്ടത്തിലുണ്ടായിരുന്ന സർക്കാർ വാങ്ങിയ ഗുണനിലവാരം കുറഞ്ഞ മരുന്നുകളായിരുന്ന തിരുവനന്തപുരം ഗോഡൗണിലെ വെയർഹൗസുകളിൽ സൂക്ഷിച്ചിരുന്നത്. അത് കമ്പനികൾക്ക് തിരിച്ചുനൽകിയിരുന്നില്ല. ആ മരുന്നുകൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിന്റെ നടപടികളടക്കം ചെയ്യേണ്ടതുണ്ടായിരുന്നു. ഇപ്പോൾ അതുമായി ബന്ധപ്പെട്ട് ഗവൺമെന്റ് ഓർഡർ ഇറക്കിയിട്ടുണ്ട്. ഇമേജ്, കീൽ (KEIL - Kerala Enviro Infrastructure Limited) എന്നിവ അത് ഏറ്റെടുക്കുമെന്ന്

അറിയിച്ചിട്ടുണ്ട്. സ്പെഷ്യൽ ടീം ഒരു സമഗ്രമായ റിപ്പോർട്ടാണ് ലഭ്യമാക്കിയിട്ടുള്ളത്. അവരുടെ റിപ്പോർട്ട് പരിശോധിച്ചതിനുശേഷം അതിന്റെ അടിസ്ഥാനത്തിൽ കൂടുതൽ നടപടികൾ സ്വീകരിക്കുന്നതാണ്.

കോഴിക്കോട് ഹർഷീനയുടെ കാര്യം പറഞ്ഞു. 2017 നവംബർ മാസത്തിൽ കോഴിക്കോട് മെഡിക്കൽ കോളേജിൽ നടത്തിയ ഒരു ശസ്ത്രക്രിയയിലൂടെയാണ് ഉപകരണം അകത്തുപോയതെന്നാണ് പോലീസ് ഡി.എം.ഒ.-യ്ക്ക് നൽകിയ കത്തിൽ പറഞ്ഞിരിക്കുന്നത്. അതുസംബന്ധിച്ച് നിയമപരമായ നടപടികളിലൂടെ ഹർഷീനയ്ക്ക് നീതി ഉറപ്പാക്കുകതന്നെ ചെയ്യും. ഈ അവസരത്തിൽ ഇവിടെ പറഞ്ഞ മറ്റ് വിഷയങ്ങളിലേയ്ക്ക് കടക്കുന്നില്ല. മെഡിക്കൽ വിദ്യാഭ്യാസവുമായും ചികിത്സയുമായും ബന്ധപ്പെട്ട് ഏറ്റവും മികച്ച രീതിയിലുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനുവേണ്ടിയാണ് ആരോഗ്യ വകുപ്പ് ശ്രമിക്കുന്നത്.

കേരള മോഡലിനെ സംബന്ധിച്ച് ഇവിടെ പരാമർശിക്കുകയുണ്ടായി. കേരള മോഡൽ കൂടുതൽ മികവോടുകൂടി മുന്നോട്ടുകൊണ്ടുപോകുന്നതിന് സാധിച്ചെന്നത് അഭിമാനകരമായ കാര്യമാണ്. 13 പുരസ്കാരങ്ങളാണ് ഈ

ഘട്ടത്തിൽ ലഭിച്ചിട്ടുള്ളത്. ദേശീയ ഭക്ഷ്യ സുരക്ഷാ സൂചികയിൽ കേരളം ഒന്നാമതാണ്. കേരളത്തിന്റെ കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതിക്ക് (കാസ്പ്) ഹെൽത്ത് കെയർ അവാർഡ് ലഭിച്ചിട്ടുണ്ട്. ഏഷ്യയിലെതന്നെ ഏറ്റവും മികച്ച പദ്ധതികളിലൊന്നായി ഇത് തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. ആരോഗ്യ രംഗത്തെ മികച്ച പ്രകടനം കാഴ്ചവച്ച സംസ്ഥാനത്തിനുള്ള ഇന്ത്യ ടുഡെ-യുടെ അവാർഡും മാതൃമരണം കുറയ്ക്കുന്നതിനുള്ള ബെസ്റ്റ് പെർഫോമിംഗ് സ്റ്റേറ്റിനുള്ള ദേശീയ അവാർഡും ലഭിച്ചിട്ടുണ്ട്. ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകുന്ന സംസ്ഥാനം എന്ന നിലയിലും കേരളത്തിന് കേന്ദ്ര സർക്കാരിന്റെ പുരസ്കാരം ലഭിച്ചിട്ടുണ്ട്. ഏറ്റവും കൂടുതൽ നാഷണൽ ക്വാളിറ്റി അക്രെഡിറ്റേഷനുള്ള സ്ഥാപനങ്ങൾ കേരളത്തിനാണുള്ളത്. അടുത്ത സമയത്തും കൂടുതൽ സ്ഥാപനങ്ങൾക്ക് അക്രെഡിറ്റേഷൻ ലഭിക്കുകയുണ്ടായി. ക്ഷയരോഗ നിവാരണത്തിൽ കേരളമാണ് ഒന്നാം സ്ഥാനത്തുള്ളത്. അതിന് ദേശീയ പുരസ്കാരം ലഭിക്കുകയുണ്ടായി. ഇന്ത്യ ടുഡെ-യുടെ ഹെൽത്ത് ഗിരി പുരസ്കാരവും ലഭിച്ചിട്ടുണ്ട്. ഇ-സഞ്ജീവനി, കാരുണ്യ ബനവലന്റ് ഫണ്ട് എന്നീ

സംരംഭങ്ങൾക്ക് Governance Now-ന്റെ ഡിജിറ്റൽ ട്രാൻസ്ഫോർമേഷൻ അവാർഡ് ലഭിച്ചിട്ടുണ്ട്. അങ്ങനെ നിരവധി പുരസ്കാരങ്ങൾ കേരളത്തിന് ലഭിച്ചിട്ടുണ്ട്. കേരളത്തിന്റെ ആരോഗ്യ രംഗം കൂടുതൽ മികവോടുകൂടി മുന്നോട്ട് പോകുന്നുവെന്നത് മനസ്സിലാക്കാൻവേണ്ടിയാണ് ഇത്രയും പുരസ്കാരങ്ങൾ ലഭിച്ചുവെന്ന് പറഞ്ഞത്. ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന് ഒരിക്കൽക്കൂടി അഭ്യർത്ഥിക്കുകയാണ്.

<u>മി. സ്പീക്കർ</u>: ശ്രീ. രമേശ് ചെന്നിത്തല, 2023-ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ഭേദഗതി ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം പ്രസ് ചെയ്യുന്നുണ്ടോ?

(ബഹുമാനപ്പെട്ട അംഗം സീറ്റിലില്ല)

<u>മി. സ്പീക്കർ</u>: പ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഞാൻ പ്രസ് ചെയ്യുന്നു.

<u>മി. സ്പീക്കർ</u>: ഭേദഗതിയെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ......

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. കെ. പ്രശാന്ത്, അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. വി. കെ. പ്രശാന്ത്</u>: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

<u>മി. സ്പീക്കർ</u>: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2023-ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ഭേദഗതി ബിൽ ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .......................

പ്രതികൂലിക്കുന്നവർ ......................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റി XII-ന്റെ പരിഗണനയ്ക്കയയ്ക്കുന്നു.

(ii) 2022-ലെ കേരള മോട്ടോർ വാഹനത്തൊഴിലാളികൾക്ക് ന്യായമായ വേതനം നൽകൽ (ഭേദഗതി) ബിൽ

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, 2022-ലെ കേരള മോട്ടോർ വാഹനത്തൊഴിലാളികൾക്ക് ന്യായമായ വേതനം നൽകൽ (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, 2022-ലെ കേരള മോട്ടോർ വാഹനത്തൊഴിലാളികൾക്ക് ന്യായമായ വേതനം നൽകൽ (ഭേദഗതി) ബിൽ വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

<u>ശ്രീ. വി. ശിവൻകുട്ടി:</u> സർ, സംസ്ഥാനത്തെ മോട്ടോർ വാഹനത്തൊഴിലാളികൾക്ക് ന്യായമായ വേതനം ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനുവേണ്ടി, കേരള മോട്ടോർ വാഹനത്തൊഴിലാളികൾക്ക് ന്യായമായ വേതനം നൽകൽ നിയമം 1971-ലാണ് നിലവിൽ വന്നത്. മോട്ടോർ വാഹനത്തൊഴിലാളികൾക്ക് ന്യായമായ വേതനം നൽകാത്തതിനെതിരെ അവകാശവാദം സമർപ്പിക്കാൻ തൊഴിലാളികളെ പ്രാപ്തമാക്കുന്നതിനും പ്രസ്തുത ആക്ടപ്രകാരം ഒരു മോട്ടോർ വാഹനത്തൊഴിലാളിക്ക് ന്യായമായതിനേക്കാൾ കുറഞ്ഞ വേതനം ലഭിക്കുന്നുണ്ടെങ്കിൽ ക്ലെയിം ഫയൽ ചെയ്യുന്നതിനും കേൾക്കുന്നതിനും തീർപ്പാക്കുന്നതിനുംവേണ്ടി അധികാരിയെ നിയമിക്കുന്നതിനും അത്തരത്തിൽ നിയമിക്കുന്ന അധികാരിയുടെ തീരുമാനങ്ങളിലുള്ള അപ്പീൽ അധികാരിയെ നിശ്ചയിക്കുന്നതിനും നേരത്തെയുണ്ടായിരുന്ന ആക്ടിൽ വ്യവസ്ഥയില്ലായിരുന്നു. ന്യായമായ കൂലി നൽകാതിരുന്നാൽ പിഴയായി 500 രൂപ മാത്രമായിരുന്നു ചുമത്തിയിരുന്നത്. 1971-ൽ നിശ്ചയിച്ച തുകയാണിത്. പ്രസ്തുത തുക 5000 രൂപയാക്കി മാറ്റിനിശ്ചയിക്കാനും കോടതി മുമ്പാകെ പരാതി ബോധിപ്പിക്കുന്നതിനുള്ള അധികാരം ഇൻസ്പെക്ടർക്ക് നൽകുന്നതിനുള്ള വ്യവസ്ഥ

ഉൾപ്പെടുത്തുന്നതിനുമാണ് ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്. അപ്പീൽ അധികാരിയായി ലേബർ കമ്മീഷണറെ ഉയർത്തണമെന്ന അഭിപ്രായവും ഈ ബില്ലിലൂടെ ഉയർന്നുവരികയാണ്. മോട്ടോർ തൊഴിലാളികൾക്ക് പലപ്പോഴും അവരുടെ മുതലാളിമാർ ന്യായമായ കൂലി കൊടുക്കാത്തതിന്റെ സാഹചര്യമുണ്ട്. കേരളത്തിൽ പതിനാറോളം ക്ഷേമനിധി ബോർഡുകൾ വളരെ ഫലപ്രദമായി പ്രവർത്തിച്ചുവരികയാണ്. എഴുപത് ലക്ഷത്തോളം തൊഴിലാളികൾ അതിൽ അംഗങ്ങളാണ്. കൂടാതെ, മിനിമം വേജസ് കമ്മിറ്റി ഫലപ്രദമായി പ്രവർത്തിക്കുന്ന ഇന്ത്യയിലെ ചുരുക്കം ചില സംസ്ഥാനങ്ങളിലൊന്നാണ് കേരളം. എൺപതോളം ഇനങ്ങളിൽ മിനിമം വേതനം നിശ്ചയിക്കാനും നമുക്ക് കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞദിവസം കേരളം സന്ദർശിച്ച ഹരിയാനയിലെ തൊഴിൽ വകുപ്പുമന്ത്രിയുമായി സംസാരിച്ചപ്പോൾ അവിടെ 350 രൂപയാണ് മിനിമം വേതനമായി തൊഴിലാളിക്ക് ലഭിക്കുന്നതെന്ന് അറിയാൻ കഴിഞ്ഞു. എന്നാൽ ഇവിടെ അതിന്റെ ഇരട്ടി തുകയാണ് ലഭിക്കുന്നത്. സാങ്കേതികമായ മറ്റ് ജോലികൾ ചെയ്യുന്നവർക്ക് അതിലും കൂടുതൽ തുക ലഭിക്കുന്നുണ്ട്. തൊഴിലാളികളുടെ ന്യായമായ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള

എല്ലാ കാര്യങ്ങളും കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ ചെയ്യുകയാണ്. രണ്ടാം പിണറായി വിജയൻ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിരവധി തവണ തൊഴിലാളി സംഘടനകളുടെ യോഗം വിളിച്ചുചേർത്തിട്ടുണ്ട്. എല്ലാ തൊഴിലാളി സംഘടനകളും ഉന്നയിക്കുന്ന ന്യായമായ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുള്ള പരിശ്രമം നടത്തുന്നുണ്ട്. കൂലി നൽകാത്തതുമായി ബന്ധപ്പെട്ട പരാതികൾ ഗൗരവമായി കാണുന്നില്ലെന്നും പരാതി കേൾക്കാൻ കുറച്ചുകൂടി ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ വേണമെന്നും പിഴയായി 500 രൂപ മാത്രമാണ് ഈടാക്കുന്നതെന്നുമുള്ള കാര്യങ്ങൾ പരിഗണിച്ചുകൊണ്ടാണ് ഇത്തരത്തിലൊരു ഭേദഗതി ബിൽ കൊണ്ടുവന്നിരിക്കുന്നത്.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, 2022-ലെ കേരള മോട്ടോർ വാഹനത്തൊഴിലാളികൾക്ക് ന്യായമായ വേതനം നൽകൽ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 22-11-2023 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. സഭാംഗങ്ങളെല്ലാവരും സപ്പോർട്ട് ചെയ്യേണ്ട ബില്ലാണിത്.

മോട്ടോർ വാഹനത്തൊഴിലാളികളെന്നാൽ സമൂഹത്തിന്റെയും നമ്മുടെയെല്ലാവരുടെയും പിന്തുണയും സഹായങ്ങളും അർഹിക്കുന്നവരാണെന്ന കാര്യത്തിൽ സംശയമില്ല. മോട്ടോർ വാഹനത്തൊഴിലാളികളുടെ ന്യായമായ വേതനം സംബന്ധിച്ച തർക്കം പരിഹരിക്കുകയെന്നതാണ് പ്രസ്തുത ബില്ലുകൊണ്ട് ഉദ്ദേശിക്കുന്നത്. ബിൽ വായിച്ചപ്പോൾ ശ്രദ്ധയിൽപ്പെട്ട ചില ന്യൂനതകൾ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു. ബില്ലിലെ ഖണ്ഡം 3-ൽ, "(1)-ാം ഉപവകുപ്പിൽ പരാമർശിച്ച സ്വഭാവമുള്ള ഏതെങ്കിലും അവകാശവാദം ഒരു മോട്ടോർ വാഹനത്തൊഴിലാളിക്കുള്ള പക്ഷം, അയാൾക്ക് തന്നെയോ, ഏതെങ്കിലും ലീഗൽ പ്രാക്ടീഷണർക്കോ അങ്ങനെയുള്ള തൊഴിലാളിക്കുവേണ്ടി പ്രവർത്തിക്കാൻ രേഖാമൂലം അധികാരപ്പെടുത്തിയിട്ടുള്ള രജിസ്റ്റർ ചെയ്യപ്പെട്ട ഒരു തൊഴിലാളി സംഘടനയുടെ ഔദ്യോഗിക ഭാരവാഹിക്കോ ഏതെങ്കിലും ഇൻസ്പെക്ടർക്കോ (1)-ാം ഉപവകുപ്പുപ്രകാരം നിയമിക്കപ്പെട്ട അധികാരസ്ഥാനത്തിന്റെ അനുവാദത്തോടുകൂടി പ്രവർത്തിക്കുന്ന ഏതെങ്കിലും ആൾക്കോ (3)-ാം

ഉപവകുപ്പുപ്രകാരം ഉള്ള ഒരു നിർദ്ദേശത്തിനായി അങ്ങനെയുള്ള അധികാരസ്ഥാനത്തോട് അപേക്ഷിക്കാവുന്നതാണ്:" എന്നാണ് പറയുന്നത്. അതിലെ തൊഴിലാളി സംഘടനയുടെ ഔദ്യോഗിക ഭാരവാഹിയെന്ന പരാമർശത്തിൽ എന്തെങ്കിലും ദുരുദ്ദേശമോ മറ്റെന്തെങ്കിലുമുണ്ടോയെന്നതിനെക്കുറിച്ച് എനിക്ക് സംശയമുണ്ട്. ബഹുമാനപ്പെട്ട മന്ത്രി സംശയനിവാരണം നടത്തുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. അതുപോലെ ഖണ്ഡം 3(3)-ൽ, "(2)-ാം ഉപവകുപ്പ് പ്രകാരമുള്ള ഏതെങ്കിലും അപേക്ഷ സ്വീകരിക്കുന്ന പക്ഷം, അധികാരസ്ഥാനം, അപേക്ഷകനും 3-ാം വകുപ്പുപ്രകാരം ന്യായമായ വേതനം നൽകാൻ ബാദ്ധ്യസ്ഥനായ തൊഴിലുടമയ്ക്കും പറയുവാനുള്ളത് പറയാൻ ഒരവസരം നൽകേണ്ടതും ആവശ്യമെന്ന് അതിന് തോന്നുന്ന പ്രകാരമുള്ള അങ്ങനെയുള്ള കൂടുതൽ അന്വേഷണമേതെങ്കിലുമുണ്ടെങ്കിൽ, അതിനുശേഷം അധികാരസ്ഥാനത്തിന് ഈ ആക്റ്റ് പ്രകാരം തൊഴിലുടമ വിധേയനായേക്കാവുന്ന മറ്റേതെങ്കിലും ശിക്ഷയ്ക്ക് ഭംഗം വരാതെ മോട്ടോർ വാഹനത്തൊഴിലാളിക്ക് യഥാർത്ഥത്തിൽ നൽകപ്പെട്ട വേതനം അയാൾക്ക്

യഥാർത്ഥത്തിൽ ലഭിക്കേണ്ടതായ ന്യായമായ വേതനത്തിൽനിന്ന് എത്ര കുറവാണോ അത്രയും തുക, അങ്ങനെ കുറവ് വന്ന തുകയുടെ പത്തിരട്ടിയിൽ കവിയാത്തതും അധികാരസ്ഥാനത്തിന് യുക്തമെന്ന് തോന്നുന്നതുമായ അപ്രകാരമുള്ള നഷ്ടപരിഹാരത്തോടൊപ്പം നൽകുവാൻ നിർദ്ദേശിക്കാവുന്നതുമാണ്" എന്ന് പറയുന്നുണ്ട്. ഇക്കാര്യം ശരിയായി നിർവ്വചിക്കണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്. ആർബിട്രേറ്ററി പവർ നൽകുന്നതിനെക്കുറിച്ച് പരിശോധിക്കണമെന്നുകൂടി അങ്ങയോട് പറയുകയാണ്. മോട്ടോർ വാഹന വകുപ്പുമായി ബന്ധപ്പെട്ട നിയമങ്ങളിലെ അപാകതകൾമൂലം ഏറെ കഷ്ടപ്പെടുന്നത് തൊഴിലാളികളാണെന്നത് നമുക്കെല്ലാവർക്കുമറിയാം. ലൈറ്റ് മോട്ടോർ വാഹന ലൈസൻസ് ഉണ്ടെങ്കിൽ 7500 കിലോഗ്രാം വരെയുള്ള ട്രാൻസ്പോർട്ട് വാഹനം ഓടിക്കാൻ ബാഡ്ജ് ആവശ്യമില്ലെന്നാണ് ബഹുമാനപ്പെട്ട സുപ്രീംകോടതി അടുത്ത കാലത്തായി പുറപ്പെടുവിച്ച വിധിയിൽ പറയുന്നത്. പക്ഷേ ഇപ്പോൾ കേരളത്തിൽ ഹെവി വാഹനങ്ങൾക്ക് മാത്രമേ ബാഡ്ജ് നൽകുന്നുള്ളൂ. ചെറിയ വാഹനങ്ങളായ

ഓട്ടോറിക്ഷ, ഗുഡ്സ് ഓട്ടോറിക്ഷ, ട്രാക്ടർ, ട്രയിലർ തുടങ്ങി പലവിധ വാഹനങ്ങൾക്ക് ലൈസൻസ് പുതുക്കാൻ കഴിയുന്നില്ല. അതുപോലെ, പുതിയ ലൈസൻസ് നൽകുന്ന സമയത്തും ബാഡ്ജ് നൽകുന്നില്ല. നമുക്ക് മറക്കാനോ അവഗണിക്കാനോ കഴിയാത്ത ജനവിഭാഗമാണ് ഓട്ടോറിക്ഷാ തൊഴിലാളികൾ. ബഹുമാനപ്പെട്ട ഭക്ഷ്യ വകുപ്പുമന്ത്രി ഇപ്പോൾ സഭയിലില്ല, റേഷൻ കടകളിൽ വന്ന് സാധനം വാങ്ങാൻ കഴിയാത്ത കിടപ്പുരോഗികൾക്ക് വീടുകളിൽ റേഷൻ സാധനം എത്തിച്ചുകൊടുക്കുന്ന പദ്ധതി ഈ അടുത്ത കാലത്തായി അദ്ദേഹം കൊണ്ടുവന്നു. പദ്ധതി പ്രഖ്യാപിച്ചുവെന്നല്ലാതെ എങ്ങനെ ഇത് കിടപ്പുരോഗികളുടെ വീടുകളിലെത്തിക്കുമെന്നതിനെക്കുറിച്ച് ആരും ഒന്നും പറഞ്ഞില്ല. എന്റെ നിയോജകമണ്ഡലത്തിലെ കാസർഗോഡ് നഗരസഭയിലെ ഓട്ടോറിക്ഷാ തൊഴിലാളികൾ ഈ പദ്ധതിയെക്കുറിച്ച് അറിഞ്ഞപ്പോൾ അവർ സ്വയം ഈ ദൗത്യം ഏറ്റെടുക്കാമെന്ന് പറഞ്ഞ് മുന്നോട്ടുവന്നു. അതായത് വീടുകളിൽനിന്ന് പുറത്തിറങ്ങാൻ കഴിയാത്ത കിടപ്പ് രോഗികൾക്ക് റേഷൻ സാധനങ്ങൾ ഒരു ചെലവുംകൂടാതെ എത്തിച്ചുനൽകാമെന്ന് ഓട്ടോറിക്ഷാ തൊഴിലാളികൾ പറഞ്ഞു. ഇതുമായി

ബന്ധപ്പെട്ട് കാസർഗോഡ് താലൂക്ക് സപ്ലൈ ഓഫീസിൽ സംഘടിപ്പിച്ച ഒരു ചടങ്ങിൽ ഞാൻ പങ്കെടുക്കുകയും ഓട്ടോറിക്ഷാ തൊഴിലാളികളെ അഭിനന്ദിക്കുകയും ചെയ്തിരുന്നു. അങ്ങനെയുള്ളവരാണ് നമ്മുടെ നാട്ടിലെ ഓട്ടോറിക്ഷാ തൊഴിലാളികളെന്ന് പറയാൻ ആഗ്രഹിക്കുകയാണ്. പക്ഷേ റേഷൻ കടകൾവഴി ഭക്ഷ്യ സാധനങ്ങൾ കിടപ്പുരോഗികളുടെ വീടുകളിൽ എത്തുന്നുണ്ടോയെന്ന് വ്യക്തമാക്കേണ്ടത് ഭക്ഷ്യ വകുപ്പാണ്. മൂന്നുമാസം മുൻപ് ആരംഭിച്ച ആ പദ്ധതി ഇപ്പോഴും തുടരുന്നുണ്ടോയെന്ന് എനിക്കറിയില്ല.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. വാഴൂർ സോമൻ)

ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ ലൈറ്റ് മോട്ടോർ വാഹന ലൈസൻസ് ലഭിച്ച ഡ്രൈവർമാർക്കും അവരുടെ വാഹനങ്ങളിലെ യാത്രക്കാർക്കും അപകടം സംഭവിച്ചാൽ സംരക്ഷണം ലഭിക്കും. പക്ഷേ, പ്രസ്തുത ലൈസൻസില്ലാത്ത ത്രീ വീലർ പാസഞ്ചർ/ഗുഡ്സ് ഓട്ടോറിക്ഷ ഡ്രൈവർമാർക്ക് ഇൻഷ്വറൻസ് ലഭിക്കാത്ത അവസ്ഥയാണുള്ളത്. മോട്ടോർ വാഹന വകുപ്പിലെ തെറ്റായ നടപടിയാണ് ഈ അവസ്ഥയ്ക്ക് പ്രധാന കാരണം. ഇത് അടിയന്തരമായി പരിഹരിക്കണം.

ഓട്ടോറിക്ഷ ലൈസൻസ് മാത്രമുള്ള ഡ്രൈവർമാർക്ക് നിലവിൽ നൽകുന്ന ത്രീ വീലർ പാസഞ്ചർ എന്ന സ്വകാര്യ വാഹന ലൈസൻസ് ഉപയോഗിച്ച് വാഹനമോടിക്കുന്ന സമയത്ത് അപകടം സംഭവിച്ചാൽ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കാത്ത അവസ്ഥയാണ്. അതുപോലെ, ഓട്ടോറിക്ഷ, ചെറുചരക്ക് വാഹനങ്ങൾ എന്നിവയുടെ നിലനിൽപ്പിനെ ബാധിക്കുന്ന വിധത്തിൽ സ്ഥിരമായി വലിയതോതിൽ ചെലവ് വർദ്ധിക്കുന്നുവെന്നതാണ് മോട്ടോർ വാഹന തൊഴിലാളികൾ  അഭിമുഖീകരിക്കുന്ന മറ്റൊരു പ്രശ്നം. കാരണം, ഇപ്പോൾ മോട്ടോർ വാഹന വകുപ്പ് ഡ്രൈവിംഗ് ലൈസൻസ് പുതുക്കണമെന്ന് പറയുന്നുണ്ട്. നിലവിൽ പ്രൈവറ്റ് ലൈസൻസും ട്രാൻസ്പോർട്ട് ലൈസൻസും മിനിമം അനുവദനീയമായ കാലത്തേയ്ക്കാണ് പുതുക്കേണ്ടത്. ഈയടുത്ത കാലത്ത് ഒരു ക്ലാസ് മാത്രം പുതുക്കുന്ന രീതി ആരംഭിച്ചിരിക്കുന്നതിനാൽ ഒരു കാലാവധിയിൽ തന്നെ രണ്ടുതവണ ലൈസൻസ് പുതുക്കേണ്ട പ്രശ്നം തൊഴിലാളികൾ നേരിടുന്നുണ്ട്. ഇക്കാര്യം തീർച്ചയായും സർക്കാർ ശ്രദ്ധിക്കണം. അതുപോലെ, വാഹനത്തിന്റെ പുക പരിശോധന ടെസ്റ്റ് വർഷത്തിലൊരിക്കൽ മതിയെന്ന കേന്ദ്ര നിയമം

നിലനിൽക്കുമ്പോൾ ഇവിടെ ഓട്ടോറിക്ഷ തൊഴിലാളികൾ ആറുമാസത്തിലൊരിക്കൽ വാഹന പുക പരിശോധന നടത്തണമെന്നാണ് വ്യവസ്ഥ ചെയ്യുന്നത്. ഇതിലൂടെ സ്വകാര്യ വാഹന പുക പരിശോധന സ്ഥാപനങ്ങൾക്ക് പണം കൊയ്യാനുള്ള അവസരമാണോ സർക്കാർ ഒരുക്കികൊടുക്കുന്നതെന്ന വിഷയത്തെപ്പറ്റി ചിന്തിക്കണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് പറയാനുള്ളത്. ഇങ്ങനെയുള്ള പലവിധ നിയമലംഘനങ്ങൾ കാരണം തൊഴിലാളികളുടെ വരുമാനം കുറയുകയും ചെലവ് വർദ്ധിക്കുകയും ചെയ്യുന്നു. തൊഴിലാളികൾക്കുവേണ്ടിയാണ് സർക്കാർ ഈ ബിൽ അവതരിപ്പിക്കുന്നത് എന്നതിനാലാണ് അവർ നേരിടുന്ന പ്രശ്നങ്ങൾ ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. തൊഴിലാളികൾക്കുവേണ്ടി ശബ്ദിക്കുകയും ജീവിക്കുകയും പോരാടുകയും ചെയ്യുന്ന അങ്ങ് തൊഴിലാളികളുടെ ഇത്തരം പ്രശ്നങ്ങൾ തീർച്ചയായും പരിഗണിക്കുകയും ഫലപ്രദമായ നടപടി സ്വീകരിക്കുകയും ചെയ്യണമെന്നാണ് എനിക്ക് പറയാനുള്ളത്.

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, ദീർഘദൂരം സർവ്വീസ് നടത്തുന്ന ടാക്സി ഡ്രൈവർമാർ രാത്രിസമയങ്ങളിൽ വാഹനത്തിൽ കിടന്നുറങ്ങേണ്ട അവസ്ഥയാണുള്ളത്. ദീർഘദൂരം യാത്ര ചെയ്യുന്ന ഡ്രൈവർമാർക്ക് മതിയായ വിശ്രമം ലഭിക്കാത്തതുമൂലം അപകട സാധ്യത വർദ്ധിക്കുന്നു. ഹോട്ടലുകൾ, ഗസ്റ്റ് ഹൗസുകൾ എന്നിവ കേന്ദ്രീകരിച്ച് ഡ്രൈവർമാർക്ക് വിശ്രമസങ്കേതം ഏർപ്പെടുത്തേണ്ടത് അനിവാര്യമായ കാര്യമാണ്. കാരണം, ഗസ്റ്റുകൾ വലിയ ഹോട്ടലുകളിൽ റൂം ബുക്ക് ചെയ്യുമ്പോൾ ഡ്രൈവർമാർക്കുകൂടി അവിടെത്തന്നെ റൂം ബുക്ക് ചെയ്യാൻ അവർക്ക് കഴിഞ്ഞെന്നുവരില്ല. അവർ ടാക്സി വിളിക്കുമ്പോൾ ഡ്രൈവറുടെ താമസസൗകര്യത്തെക്കുറിച്ച് ശ്രദ്ധിക്കില്ല. ചിലപ്പോൾ ഒന്നിലധികം ദിവസം യാത്ര പോകേണ്ടതായി വരികയും രാത്രിയിൽ സ്റ്റേ ചെയ്യേണ്ട സാഹചര്യമുണ്ടാകുകയും ചെയ്യുന്നു. ഗസ്റ്റ് ഹൗസിലാണെങ്കിലും സ്വകാര്യ സ്ഥാപനങ്ങളിലാണെങ്കിലും ഡ്രൈവർമാർക്കുവേണ്ടി വിശ്രമസൗകര്യം ഏർപ്പെടുത്തുന്നതിന് നിയമനിർമ്മാണം കൊണ്ടുവരുന്നതിനെക്കുറിച്ച് ആലോചിക്കാവുന്നതാണ്. ഇത്തരത്തിലുള്ള ഡ്രൈവർമാർക്ക് വിശ്രമസങ്കേതം നിർബന്ധമായും

വേണമെന്നൊരാവശ്യം വ്യാപകമായി ഉയർന്നിട്ടുണ്ട്. യാത്രക്കാരുടെയും ഡ്രൈവർമാരുടെയും സുരക്ഷയ്ക്കുവേണ്ടിയും മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിലും പ്രസ്തുത വിഷയത്തിൽ നിർബന്ധമായും ഉചിതമായ തീരുമാനമുണ്ടാകേണ്ടതാണ്. ഈ വിഷയം അങ്ങയുടെ പ്രസംഗത്തിലൂടെ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുമോ?

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് വളരെ പ്രസക്തമായ കാര്യമാണ്. ദൂരസ്ഥലങ്ങളിലേയ്ക്ക് ടാക്സി/മറ്റിതര വാഹനങ്ങൾ മൂന്നും നാലും ദിവസത്തേയ്ക്ക് വാടകയ്ക്കെടുത്ത് പോകാറുണ്ട്. എന്നാൽ യാത്ര പോകുന്നവർ മുന്തിയ ഹോട്ടലുകളിലും മറ്റും താമസിക്കുമ്പോൾ കൂടെയുള്ള ഡ്രൈവർമാരുടെ അവസ്ഥയെക്കുറിച്ച് അവരിൽ പലരും ചിന്തിക്കാറില്ല. ഡ്രൈവർമാർ ഭക്ഷണം കഴിച്ചോയെന്നുപോലും പലരും അന്വേഷിക്കാറില്ല. തീർച്ചയായും അവർ കൂടി ഇക്കാര്യം ചിന്തിക്കണം. ഇത്തരം തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടിയാണ് ഇങ്ങനെയൊരു ബിൽ കൊണ്ടുവന്നിരിക്കുന്നത്. ശ്രീ. ഷാഫി പറമ്പിൽ പറഞ്ഞ കാര്യങ്ങൾ ബഹുമാനപ്പെട്ട മന്ത്രി പരിഗണിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

അതുപോലെ സ്വകാര്യ വാഹനങ്ങളുടെയും മോട്ടോർ സൈക്കിളുകളുടെയും എണ്ണം നാട്ടിൽ വർദ്ധിച്ചുകൊണ്ടിരിക്കുന്നതിന്റെ കാരണമെന്താണെന്നത് സംബന്ധിച്ച് സർക്കാർ പഠിക്കണം. പൊതുവാഹനങ്ങളും ചെറിയ ചരക്കുവാഹനങ്ങളുമാണ് മോട്ടോർ വാഹന രംഗത്ത് തൊഴിൽ നൽകുന്നത്. എന്നാൽ അനാവശ്യമായും ടാർജറ്റ് തികയ്ക്കാനുമായി ക്യാമറ മുഖേനയും ചെക്കിംഗ് എന്നപേരിലും എത്രമാത്രം പീഡനങ്ങളാണ് ആ മേഖലയിലെ ഡ്രൈവർമാർ നിരന്തരം അനുഭവിക്കേണ്ടി വരുന്നതെന്നതിനെക്കുറിച്ചും അങ്ങ് മനസ്സിലാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഒരു വരുമാനവും ലഭിക്കാത്ത ദിവസങ്ങളിൽപോലും പല നഗരങ്ങളിലെയും ടാക്സി ഡ്രൈവർമാർക്ക് സീറ്റ് ബെൽറ്റ് ഇടാത്തതിന്റെ പേരിൽ ഫൈൻ നൽകേണ്ടിവരാറുണ്ട്. കാസർഗോഡ് മുനിസിപ്പാലിറ്റിയിൽ എനിക്കറിയാവുന്ന നിരവധി ടാക്സി ഡ്രൈവർമാരുണ്ട്. ചില ദിവസങ്ങളിൽ അവർ രാവിലെ ടാക്സി സ്റ്റാൻഡിലെത്തിയാൽ വൈകുന്നേരം വീട്ടിലേയ്ക്ക് തിരിച്ചുപോകുന്നതുവരെയും നയാപൈസയുടെ വരുമാനം ലഭിക്കാറില്ല. ചിലപ്പോൾ അവരുടെ സീറ്റ് ബെൽറ്റ് കേട് വന്നിട്ടുണ്ടാകും. കേടായ സീറ്റ്

ബെൽറ്റ് നന്നാക്കാനുള്ള ത്രപ അവരുടെ കയ്യിലുണ്ടാവുകയില്ല, എന്നാലും സീറ്റ് ബെൽറ്റിടാത്തതിന്റെ പേരിൽ അവർക്കും പിഴ അടയ്ക്കേണ്ടിവരും. സർക്കാർ ഇത്തരത്തിലുള്ള ബില്ലുകൾ കൊണ്ടുവരുന്നത് പാവപ്പെട്ട തൊഴിലാളികൾക്ക് വേണ്ടിയാണെന്നതിനാൽ ഇക്കാര്യങ്ങൾ കൂടി ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കണമെന്നാണ് സൂചിപ്പിക്കാനുള്ളത്.

<u>ശ്രീ. ഷാഫി പറമ്പിൽ:</u> സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞതിനോടനുബന്ധമായി ഗുഡ്സ് കാരേജിൽ ഓവർ ലോഡിന് പിഴ ചുമത്തുന്നത് സംബന്ധിച്ച കാര്യംകൂടി സൂചിപ്പിക്കുകയാണ്. കുറച്ച് ദൂരത്തേയ്ക്ക് പോകുന്ന അവസരങ്ങളിൽ വാഹനത്തിൽ സാധനങ്ങൾ കയറ്റുമ്പോഴോ ഇറക്കുമ്പോഴോ ഭാരം പരിശോധിക്കാൻ സൗകര്യമുണ്ടാകാറില്ല. അതുകൊണ്ടുതന്നെ ചെറിയ വ്യത്യാസങ്ങളുടെ പേരിൽ വലിയ പിഴ ചുമത്തുകയും ദിവസങ്ങളോ മാസങ്ങളോ വാഹനമോടിയതിന് ലഭിക്കുന്ന പണം ഫൈനായി അടയ്ക്കേണ്ടിയും വരുന്നു. വായ്പയെടുത്ത് വാഹനം വാങ്ങിയതിന്റെ ബുദ്ധിമുട്ടുകൾ വേറെയുമുണ്ട്. അതുകൊണ്ട് അമിത ഭാരത്തിന്റെ പേരിൽ പിഴ ചുമത്തുമ്പോൾ പ്രായോഗിക പ്രയാസങ്ങൾകൂടി

പരിഗണിക്കണം. നിയമം പാലിക്കേണ്ട എന്നല്ല. ഒരു സ്ഥലത്തുനിന്ന് ലോഡ് കയറ്റി കുറച്ചുദൂരമുള്ള മറ്റൊരു സ്ഥലത്തേയ്ക്ക് ഇറക്കുന്നതിനിടയിൽ അവർക്ക് ലോഡിന്റെ ഭാരം അളക്കാനുള്ള സൗകര്യമുണ്ടാകണമെന്നില്ല. സ്ഥിരമായി ലോഡ് കയറ്റുന്നവർക്കും ഒരേ ലോഡ് കൈകാര്യം ചെയ്യുന്നവർക്കും ദീർഘദൂരം സവാരി പോകുന്നവർക്കും അതിന്റെ സൗകര്യങ്ങളുണ്ടാകാം. ചെറിയ വാഹനങ്ങളിൽ അടുത്തടുത്ത സ്ഥലങ്ങളിലേയ്ക്ക് ലോഡ് കൊണ്ടുപോകുന്നവർക്ക് ലോഡിന്റെ ഭാരം തൂക്കി നോക്കാനുള്ള സൗകര്യമില്ലാത്തതിന്റെ പേരിൽ പലപ്പോഴും അവരിൽനിന്നും പോലീസും മറ്റ് സംവിധാനങ്ങളും ഭീമമായ തുക ഫൈനായി ഈടാക്കുകയാണ്. പോകേണ്ട സ്ഥലത്തിന്റെ ദൂരമോ, ലോഡ് കയറ്റിയത് എവിടെനിന്നാണെന്നോ, ലോഡ് ഇറക്കേണ്ടത് എവിടെയാണെന്നോയുള്ള പരിശോധനകൾക്കപ്പുറത്തേയ്ക്ക് എല്ലാവർക്കും ഒരേ മാനദണ്ഡം പാലിച്ചുകൊണ്ടുള്ള ഫൈൻ ഈടാക്കുന്നത് ആ മേഖലയിൽ നിലനിൽക്കാൻ അവർക്ക് പ്രയാസമുണ്ടാക്കുന്നുണ്ട്. ഇതുസംബന്ധിച്ച് വ്യാപകമായി പരാതികൾ ഉയരുന്നുണ്ട്. പാവപ്പെട്ട തൊഴിലാളികളുടെ

വരുമാനത്തിൽനിന്നാണ് അധികവും പിഴ നൽകേണ്ടിവരുന്നത്. അവരുടെ സാഹചര്യംകൂടി അങ്ങ് പരിഗണിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: ശ്രീ. ഷാഫി പറമ്പിൽ പറഞ്ഞ കാര്യങ്ങൾ വളരെ പ്രധാനപ്പെട്ടതാണ്. നിയമങ്ങൾ അനുസരിക്കേണ്ടതുതന്നെയാണ്. നാം ഓരോരുത്തരും നിയമത്തിനനുസരിച്ച് ജീവിക്കുന്നതോടൊപ്പം മറ്റുള്ളവരെ അങ്ങനെ ജീവിക്കാൻ പ്രചോദിപ്പിക്കുകയും ഉപദേശിക്കുകയും വേണം. പക്ഷേ, നിയമത്തിന്റെ പേരിൽ പാവപ്പെട്ടവരെ ഉപദ്രവിക്കരുത്. അവർ യാതൊരു തെറ്റും ചെയ്തിട്ടുണ്ടാവില്ല; ചിലപ്പോൾ വീട്ടിൽനിന്നും അര കിലോമീറ്റർ ദൂരമുള്ള കടയിലേയ്ക്ക് സാധനങ്ങൾ വാങ്ങാൻ പോയതായിരിക്കാം. ആ സമയത്ത് അവർക്ക് സീറ്റ് ബെൽറ്റ്/ഹെൽമറ്റ് ധരിക്കാനുള്ള സാവകാശം കിട്ടിയിട്ടുണ്ടാവില്ല. ശ്രീ. ഷാഫി പറമ്പിൽ പറഞ്ഞതുപോലെ ഇത്തരത്തിലുള്ള ചില പ്രശ്നങ്ങളും നിലനിൽക്കുന്നുണ്ട്. ബഹുമാനപ്പെട്ട വകുപ്പുമന്ത്രി വളരെ സാഹസപ്പെട്ട് പൈലറ്റ് ചെയ്ത ഈ ബിൽ പാവപ്പെട്ടവരെ സഹായിക്കുന്നതിനുപകരം അവരെ ഉപദ്രവിക്കുന്നതിന് വേണ്ടിയാകരുതെന്ന് സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നു.

എടപ്പാളിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡ്രൈവർ ട്രെയിനിംഗ് ആൻഡ് റിസർച്ച് കേന്ദ്രത്തിൽ പരിശീലനത്തിനെത്തുന്ന ഡ്രൈവർമാരിൽനിന്നും അമിത ഫീസ് ഈടാക്കുന്നുണ്ടെന്ന പരാതിയുണ്ട്. ഇതിലൂടെ തൊഴിലാളികൾ പുതിയൊരു ചെലവുകൂടി വഹിക്കേണ്ടി വരുന്നുണ്ടെന്ന കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. തൊഴിൽ നഷ്ടപ്പെടുന്നുവെന്നതാണ് തൊഴിലാളികൾ നേരിടുന്ന മറ്റൊരു പ്രധാനപ്പെട്ട പ്രശ്നം. അവരെ പ്രോൽസാഹിപ്പിക്കാനും വളർത്താനും അവർക്ക് കൂടുതൽ വേതനം നൽകാനുമാണ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്. പക്ഷേ, അവർക്ക് തൊഴിൽ നഷ്ടപ്പെടുന്നൊരു സാഹചര്യമാണ് ഇന്ന് കേരളത്തിലുള്ളത്. തൊഴിലാളികളുടെ ജീവിതത്തേക്കാൾ ദയനീയമാണ് ബസ്സുടമകളുടെ ജീവിതമെന്ന് ബഹുമാനപ്പെട്ട മന്ത്രിക്കറിയാം. പല ബസ്സുടമകളും കടക്കെണിയിലാണെന്നും ദുരഭിമാനം കാരണം അവർ അക്കാര്യം പുറത്തുപറയുന്നില്ലെന്നും ഞാൻ പറയാതെതന്നെ അങ്ങേയ്ക്കറിയാം. അവരുടെ വീടിനകത്തും മനസ്സിനകത്തും ഏതുതരത്തിലുള്ള വേദനകളാണുള്ളതെന്ന് ഞാനിവിടെ വിവരിക്കേണ്ട ആവശ്യമില്ല.

ബസ്സുടമകളിൽ പലരും കടക്കെണിയിലാണ്. ആത്മഹത്യയുടെ വക്കിലെത്തി നിൽക്കുന്ന ബസ്സുടമകൾ കേരളത്തിലുണ്ടെന്ന് പറഞ്ഞാൽ അതിൽ അതിശയോക്തിയില്ല. തത്വത്തിൽ ആയിരം രൂപ ഇളവ് നൽകി അയ്യായിരം രൂപ സെസ്സായി ബസ്സുടമകളിൽനിന്നും സർക്കാർ പിരിച്ചെടുക്കുന്നുണ്ടെന്ന് മനസ്സിലാക്കണം. കേരള സംസ്ഥാന ബഡ്ജറ്റിൽ പെട്രോളിനും ഡീസലിനും ചുമത്തിയ രണ്ടു രൂപ അധിക സെസ് സ്വകാര്യ ബസ്സുടമകളെ സാരമായി ബാധിച്ചിട്ടുണ്ടെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ആയിരം രൂപ ഇളവ് നൽകി അയ്യായിരം രൂപയാണ് അവരിൽനിന്നും വസൂലാക്കുന്നത്. തിരുവനന്തപുരത്തെ ഒരു പഴഞ്ചൊല്ലായ 'മണങ്ങിട്ട് വാളയെ പിടിക്കുക' എന്നതിന് ഞങ്ങളുടെ നാട്ടിൽ 'കൊഞ്ചനിട്ട് കുളം വലിക്കുക' എന്നാണ് പറയുന്നത്. അതുപോലുള്ള ഏർപ്പാട് ശരിയല്ലെന്ന് സൂചിപ്പിക്കാൻ ഞാനാഗ്രഹിക്കുകയാണ്.

ബസ്സുകളിൽ വിദ്യാർത്ഥികൾക്ക് കൺസെഷനും സൗജന്യപാസും നൽകുമ്പോൾ വർഷങ്ങൾക്കുമുമ്പുള്ള നിരക്ക് മാത്രമേ ഇപ്പോഴും ബസ്സുടമകൾക്ക് ലഭിക്കുന്നുള്ളൂ. വിദ്യാർത്ഥികൾക്കും ബസ്സുടമകൾക്കും

ബുദ്ധിമുട്ടുണ്ടാകാത്ത തരത്തിൽ അതിനൊരു പരിഹാരം കാണണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് പറയാനുള്ളത്. എല്ലാ തൊഴിൽ മേഖലയിലും അഞ്ച് വർഷത്തിലൊരിക്കലാണ് ശമ്പള പരിഷ്കരണം നടപ്പാക്കുന്നത്. എന്നാൽ അഞ്ച് വർഷം കഴിഞ്ഞിട്ടും കേരള മോട്ടോർ വാഹനത്തൊഴിലാളികളുടെ ശമ്പള പരിഷ്കരണം നടപ്പാക്കിയിട്ടില്ല. മറ്റൊന്ന്, ക്ഷേമനിധിയിലേയ്ക്ക് വിഹിതം അടച്ചാൽ മാത്രമേ വാഹന നികുതി അടയ്ക്കാൻ സാധിക്കുകയുള്ളൂവെന്നത് സംബന്ധിച്ച് 2005-ൽ ഒരു നിയമം കൊണ്ടുവന്നുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. വിഹിതം അടയ്ക്കേണ്ടത് ബസ്സുടമകളാണ്. എന്നാലിപ്പോൾ അഞ്ച് വർഷത്തെ വാഹന നികുതി ഒന്നിച്ച് അടയ്ക്കുന്നതുമൂലം ക്ഷേമനിധിയുടെ വിഹിതം നമ്മൾ വിചാരിക്കുന്ന രീതിയിൽ വരുന്നില്ലെന്ന പോരായ്മയുണ്ടെന്ന് മനസ്സിലാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ഞാൻ ദീർഘിപ്പിക്കുന്നില്ല. അങ്ങ് തൊഴിൽ വകുപ്പുമന്ത്രി മാത്രമല്ല കേരളത്തിന്റെ പൊതുവിദ്യാഭ്യാസ വകുപ്പ് കൈകാര്യം ചെയ്യുന്ന മന്ത്രികൂടിയാണ്. അതുകൊണ്ട് പ്രസ്തുത മേഖലയുമായി ബന്ധപ്പെട്ട കാര്യങ്ങൾ

പറഞ്ഞില്ലെങ്കിൽ എന്റെ ഉത്തരവാദിത്വം നിർവ്വഹിക്കുന്നതിൽ പരാജയപ്പെട്ടുപോകുമെന്നതുകൊണ്ട് ചില കാര്യങ്ങൾ പറയാൻ ആഗ്രഹിക്കുന്നു. എന്റെ നിയോജകമണ്ഡലത്തിലെ മൂന്ന് സ്കൂളുകളിലും ശ്രീ. എ. കെ. എം. അഷ്റഫിന്റെ നിയോജകമണ്ഡലത്തിലെ നാല് സ്കൂളുകളിലും ഉദുമ നിയോജകമണ്ഡലത്തിലെ സ്കൂളുകളിലും കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിലെ സ്കൂളുകളിലും പ്ലസ് വൺ പ്രവേശനത്തിന് അധിക ബാച്ചുകൾ അനുവദിച്ചതിൽ ഞാൻ അങ്ങയെ അഭിനന്ദിക്കുന്നു. ബഹുമാന്യരായ ഉദുമ എം.എൽ.എ.-യുടെയും കാഞ്ഞങ്ങാട് എം.എൽ.എ-യുടെയും നിയോജകമണ്ഡലങ്ങളിലെ സ്കൂളുകളിൽ അധിക ബാച്ച് അനുവദിച്ചിട്ടും കുനിൻമേൽകുരുവെന്നപോലെ ദുരിതം വർദ്ധിച്ചുവെന്ന കാര്യം അവർക്കിവിടെ പറയാൻ സാധിക്കാത്തതുകൊണ്ടാണ് ഞങ്ങൾ പറയുന്നത്; അങ്ങയോടുള്ള വിരോധം കൊണ്ടല്ല സ്നേഹം കൊണ്ടാണ് പറയുന്നതെന്ന് മനസ്സിലാക്കിയാൽ മതി.

<u>മി. ചെയർമാൻ:</u> ബഹുമാനപ്പെട്ട മെമ്പർ വിഷയത്തിൽ ഒതുങ്ങി നിന്ന് സംസാരിക്കണം.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്:</u> സർ, എന്റെ നിയോജകമണ്ഡലത്തിലെ മൂന്ന് സ്കൂളുകൾക്കാണ് അധിക ബാച്ച് അനുവദിച്ചത്. ഒരു സ്കൂളിൽ 60 സീറ്റുകൾ വീതം മൂന്ന് സ്കൂളുകൾക്കുംകൂടി 180 സീറ്റുകൾ അനുവദിച്ചു. എന്റെ നിയോജകമണ്ഡലത്തിൽ 180 കുട്ടികളല്ല സീറ്റ് കിട്ടാതെ പരക്കം പായുന്നത്; സീറ്റ് കിട്ടാത്ത ധാരാളം കുട്ടികളുണ്ട്; അവരിൽ ചിലർക്ക് ഈ 180 സീറ്റുകളിൽനിന്നും ഏതെങ്കിലും ഒരു സീറ്റ് കിട്ടിയിരുന്നുവെങ്കിൽ നന്നായിരുന്നു. എന്നാൽ അവരിൽ ആർക്കുമല്ല അഡ്മിഷൻ ലഭിച്ചത്. മറ്റു പല സ്കൂളുകളിൽനിന്നും ട്രാൻസ്ഫർ വാങ്ങിച്ചാണ് ഈ 180 സീറ്റുകളിലേയ്ക്ക് കുട്ടികൾ വരുന്നത്.

<u>മി. ചെയർമാൻ:</u> ബഹുമാനപ്പെട്ട അംഗം ചുരുക്കണം. അങ്ങ് വിഷയത്തിൽ ഒതുങ്ങി നിന്ന് സംസാരിക്കണം.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്:</u> സർ, ഞാൻ എന്റെ വിഷയത്തിൽ ഒതുങ്ങി നിന്നാണ് സംസാരിക്കുന്നത്. എന്റെ നിയോജകമണ്ഡലത്തിലെ ചെർക്കള സെൻട്രൽ, ആലംപാടി ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, മൊഗ്രാൽപുത്തൂർ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ എന്നിവിടങ്ങളിൽ

അധിക ബാച്ച് അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. എന്നാൽ മൊഗ്രാൽപുത്തൂർ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിനെ അങ്ങയുടെ വകുപ്പ് പരിഗണിച്ചില്ല. ഇതുസംബന്ധിച്ച് ഞാൻ അങ്ങേയ്ക്ക് വീണ്ടും കത്ത് നൽകിയിട്ടുണ്ട്. അധിക ബാച്ച് അനുവദിക്കുന്നതിനായി പരിഗണിക്കാമെന്ന് പറഞ്ഞിട്ടുണ്ട്. അക്കാര്യം പരിഗണിച്ചാൽ എനിക്കും എന്റെ നിയോജകമണ്ഡലത്തിലെ ജനങ്ങൾക്കും സന്തോഷമാകുമെന്നാണ് പറയാനുള്ളത്. ഞാൻ വേദന കൊണ്ട് പറയുകയാണ്, അങ്ങയെ കാണാൻ വരുമ്പോൾ എന്നെയും സർവ്വശ്രീ എ. കെ. എം. അഷ്റഫിനെയും സി. എച്ച്. കുഞ്ഞമ്പുവിനെയും ഇ. ചന്ദ്രശേഖരനെയുമൊക്കെ സ്നേഹംകൊണ്ട് വീർപ്പുമുട്ടിക്കാറുണ്ട്. അതൊക്കെ ശരിയാണ്. പക്ഷേ എം.എൽ.എ.-മാരായ ഞങ്ങളുടെ വീടിനുമുമ്പിൽ ഓരോ ദിവസവും രാവിലെ സീറ്റ് കിട്ടാത്ത, നയാപൈസയ്ക്കുപോലും ഗതിയില്ലാത്ത, പ്രൈവറ്റ് സ്കൂളുകളിൽ ചേർക്കാൻ സാധിക്കാത്ത അച്ഛനമ്മമാരുടെയും കുട്ടികളുടെയും കൂട്ടനിലവിളിയാണ് കേൾക്കുന്നത്. അതുകൊണ്ട് ഞങ്ങൾ അവർക്ക് പ്രതീക്ഷ നൽകുന്നുണ്ട്. കേരളത്തിലെ ഒരു കുട്ടിക്കുപോലും സീറ്റ് കിട്ടാതെ വിദ്യാഭ്യാസം മുടങ്ങുന്ന

അവസ്ഥ ഉണ്ടാകുകയില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി നൽകിയ ഉറപ്പ് പാലിക്കുമെന്നുതന്നെയാണ് ഞങ്ങളുടെ പ്രതീക്ഷയെന്നുപറഞ്ഞ് ഓരോ ദിവസവും ഞങ്ങൾ അവരെ ആശ്വസിപ്പിച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഇനി സീറ്റ് കിട്ടുകയില്ലെന്ന് അവരോട് പറഞ്ഞേയ്ക്കെന്ന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി പറഞ്ഞാൽ ഞങ്ങൾക്ക് അക്കാര്യം അവരോട് പറയാമല്ലോ.

<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: സർ, പ്ലസ് വൺ-ന് സീറ്റ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട അംഗം പറയുന്ന കാര്യത്തിൽ ബഹു. പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി ഞങ്ങളുടെ ജില്ലയെ ഏറ്റവും കൂടുതൽ പരിഗണിച്ചിട്ടുണ്ട്. പക്ഷേ, കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരത്ത് നാല് ബാച്ച് അധികമായി അനുവദിച്ചിട്ടും ഇപ്പോഴും മുന്നൂറിലധികം കുട്ടികൾ സീറ്റ് ലഭിക്കാതെ വിഷമാവസ്ഥയിൽ നിൽക്കുകയാണ്. അദ്ധ്യയനവർഷം ആരംഭിച്ചതിനുശേഷം കൂടുന്ന സഭയെന്ന നിലയ്ക്ക് അക്കാര്യം ബഹുമാന്യനായ മന്ത്രി പ്രത്യേകം

പരിഗണിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, കാസർഗോഡ് ജില്ലയിലെ രണ്ട് നിയോജകമണ്ഡലങ്ങളിലെ കുട്ടികൾ അനുഭവിക്കുന്ന ദുരിതമാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയത്. ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുകയാണ്. പ്ലസ് വൺ സീറ്റ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ഞാനിവിടെ പറഞ്ഞ കാര്യങ്ങൾ അങ്ങയെ വേദനിപ്പിക്കാൻവേണ്ടിയല്ല. ഓരോ അച്ഛനുമമ്മയും മറ്റൊരു ഗതിയുമില്ലാതെ ഞങ്ങളുടെ വീടിനുമുന്നിൽ വന്നുനിന്ന് കരയുമ്പോൾ എന്റെയും എന്റെ കൂടെയുള്ള എം.എൽ.എ.-മാരുടെയും മനസ്സിലുണ്ടാക്കിയ ചലനമാണ് ഞാൻ അങ്ങയുടെ മുമ്പിൽ അവതരിപ്പിച്ചത്. അല്ലാതെ അങ്ങയോടുള്ള വിരോധം കൊണ്ടല്ല, സ്നേഹം കൊണ്ടാണ് പറഞ്ഞത്. പാവപ്പെട്ട കുട്ടികൾക്കും രക്ഷിതാക്കൾക്കുംവേണ്ടിയാണ് ഞാനിത് പറഞ്ഞതെന്ന് അങ്ങയെ ഓർമ്മിപ്പിച്ചുകൊണ്ട് ഒരു കാര്യം കൂടി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. കാസർഗോഡ് ബി.എഡ്. സെന്ററിൽ ഇപ്പോൾ പ്രവേശനം മുടങ്ങിയ

അവസ്ഥയുണ്ട്. ബഹുമാനപ്പെട്ട ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി കൈകാര്യം ചെയ്യേണ്ട വിഷയമാണിത്, ബഹുമാനപ്പെട്ട മന്ത്രി ഇപ്പോൾ സീറ്റിലില്ല. എന്റെ വാക്കുകൾ അവരുടെയും ശ്രദ്ധയിൽപ്പെടുമെങ്കിൽ ഞാൻ കൃതാർത്ഥനായെന്ന് പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ ചുമതലപ്പെടുത്തിയതുപ്രകാരം

ശ്രീ. എച്ച്. സലാം: സർ, 2022-ലെ കേരള മോട്ടോർ വാഹനത്തൊഴിലാളികൾക്ക് ന്യായമായ വേതനം നൽകൽ (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. 1971-ലെ അടിസ്ഥാന നിയമത്തിലെ ചില കുറവുകൾ കാലോചിതമായി പരിഷ്കരിച്ച് തൊഴിലാളികൾക്ക് അവരുടെ വേതനം ഉറപ്പുവരുത്താൻ കഴിയുന്ന നിലയിലേയ്ക്കുള്ള ഭേദഗതി ബില്ലാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ അവതരിപ്പിച്ചത്. ന്യായമായ വേതനം നൽകാത്തതിൽ അവകാശവാദമുന്നയിക്കാനും ക്ലെയിം ഫയൽ ചെയ്യാനും ആയത് തീർപ്പാക്കാൻ അധികാരിയെ ചുമതലപ്പെടുത്താനും പിഴത്തുക

വർദ്ധിപ്പിക്കാനുമുൾപ്പെടെയുള്ള ഭേദഗതികൾ ബില്ലിലുണ്ട്. 3 എ എന്ന പുതിയ വകുപ്പിൽ, "ന്യായമായ വേതനം നൽകാത്തത് സംബന്ധിച്ച് ഉണ്ടാകുന്ന അവകാശവാദങ്ങളും, ദുരുദ്ദേശപരവും ശല്യപ്പെടുത്താൻ വേണ്ടിയുള്ളതുമായ അവകാശവാദങ്ങൾക്കുള്ള ശിക്ഷയും,-(1) ഏതെങ്കിലും ഒരു പ്രത്യേക പ്രദേശത്ത് നിയോഗിക്കപ്പെട്ടിരിക്കുന്നവരോ അവിടെവച്ച് വേതനം നൽകപ്പെടുന്നവരോ ആയ മോട്ടോർ പരിവഹണത്തൊഴിലാളികൾക്ക് ന്യായമായതിനേക്കാൾ കുറഞ്ഞ വേതനം നൽകിയതിൽ നിന്നുൽഭവിക്കുന്ന എല്ലാ അവകാശവാദങ്ങളും, അങ്ങനെയുള്ള അവകാശവാദങ്ങൾക്ക് ആനുഷംഗികമായ എല്ലാ കാര്യങ്ങളുമുൾപ്പെടെ, കേൾക്കുന്നതിനും തീർപ്പാക്കുന്നതിനുമുള്ള അധികാരസ്ഥാനമായി തൊഴിലാളികളുടെ നഷ്ടപരിഹാരത്തിനുള്ള ഏതെങ്കിലും കമ്മീഷണറേയോ അല്ലെങ്കിൽ സംസ്ഥാന സർക്കാരിന്റെ ഡെപ്യൂട്ടി ലേബർ കമ്മീഷണറുടെ പദവിയിൽ താഴെയല്ലാത്ത ഏതെങ്കിലും ഉദ്യോഗസ്ഥനെയോ സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി നിയമിക്കാവുന്നതാണ്" എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതുപോലെ ന്യായമായ കൂലി നൽകുന്നില്ലെങ്കിൽ തൊഴിലുടമ നൽകേണ്ട

പിഴ 'അഞ്ഞൂറു രൂപ' എന്നത് 'അയ്യായിരം രൂപ' ആക്കി വർദ്ധിപ്പിക്കണമെന്നുള്ള നിർദ്ദേശമാണ് 4-ാം വകുപ്പിന്റെ ഭേദഗതിയിലൂടെ വന്നിട്ടുള്ളത്. ശ്രീ. എൻ. എ. നെല്ലിക്കുന്ന് പറഞ്ഞതുപോലെ, മോട്ടോർ വ്യവസായ രംഗത്ത് പ്രത്യേകിച്ച് ബസ് സർവ്വീസ് മേഖലയിലെ പലരും ആ വ്യവസായം ഉപേക്ഷിച്ചുപോകുന്നൊരു സാഹചര്യമാണ് നിലനിൽക്കുന്നത്. അത്തരം കാര്യങ്ങൾകൂടി പരിഗണിച്ചുകൊണ്ടായിരിക്കണം പിഴത്തുക 5000 രൂപയാക്കി നിശ്ചയിക്കാനാവശ്യമായ നിലപാട് സ്വീകരിക്കുന്നതിലേയ്ക്ക് വരേണ്ടതെന്നാണ് വകുപ്പ് 4-ന്റെ ഭേദഗതിയുമായി ബന്ധപ്പെട്ട് പ്രത്യേകമായി സൂചിപ്പിക്കാനുള്ളത്. വകുപ്പ് 6-ന്റെ ഭേദഗതിയിൽ ചൂണ്ടിക്കാണിക്കപ്പെട്ട 'സർക്കാർ ഗസറ്റ് വിജ്ഞാപനം മുഖേന നിശ്ചയിക്കുന്ന അങ്ങനെയുള്ള ഇൻസ്പെക്ടർ' എന്ന് അധികാരപ്പെടുത്തുന്ന ഭേദഗതി ആ രീതിയിൽത്തന്നെ അംഗീകരിക്കാവുന്നതാണ്.

ജനങ്ങളുടെ സാമൂഹിക ജീവിതത്തിലും സമ്പദ്വ്യവസ്ഥയുടെ ചലനത്തിലും അതിന്റെ വളർച്ചയിലും ഏറ്റവും പ്രധാനപ്പെട്ട ഭാഗമാണ് റോഡ് ഗതാഗത മേഖല. ഏതൊരു ഉൽപ്പാദന വ്യവസ്ഥയുടെയും വളർച്ചയുടെയും

നിലനിൽപ്പിന്റെയും അടിസ്ഥാനം ഉൽപ്പാദനവും ആ ഉൽപ്പന്നത്തിന്റെ കൈമാറ്റവുമാണ്. ഉൽപ്പന്നങ്ങളുടെ/ചരക്കിന്റെ നീക്കം കഴിയുന്നത്ര വേഗതയിൽ കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് എത്തിക്കുകയെന്നുള്ളതാണ് ഉൽപ്പാദന വ്യവസ്ഥയുടെ വളർച്ചയിൽ പ്രധാനമായും കണക്കാക്കേണ്ട കാര്യം. അങ്ങനെ വരുമ്പോൾ റോഡ് ഗതാഗത മേഖലയെ രാഷ്ട്രത്തിന്റെ സമ്പദ് വ്യവസ്ഥയുമായി ബന്ധപ്പെടുത്തിയും ഏറെ പ്രാധാന്യം നിലനിൽക്കുന്ന മേഖലയെന്ന പരിഗണനയിലും ഇതിനെ സംരക്ഷിക്കാൻ കഴിയുന്ന കാര്യങ്ങൾകൂടി ചർച്ചയുടെ ഭാഗമായുണ്ടാകണമെന്നാണ് സൂചിപ്പിക്കാനുള്ളത്. മുൻകാലങ്ങളിൽ ചരക്കുനീക്കത്തിനായി മൃഗങ്ങളെയും പിന്നീട് മൃഗങ്ങൾ വലിക്കുന്ന വാഹനങ്ങളായ കുതിരവണ്ടിയും കാളവണ്ടിയും ഉപയോഗിച്ചിട്ടുണ്ട്. കൂടാതെ കഴുതയുടെ പുറത്തുകയറ്റിയും ചരക്കുനീക്കം നടത്തിയിട്ടുണ്ട്. എന്നാൽ ആധുനിക സമൂഹത്തിലേയ്ക്കെത്തിയപ്പോൾ മോട്ടോർ വാഹനങ്ങളുപയോഗിച്ചുള്ള ചരക്കുനീക്കം പ്രധാനപ്പെട്ട ഒന്നായി വളർന്നുവന്നു. മോട്ടോർ വാഹനത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം വളരെയേറെ പ്രയാസകരമായ സാഹചര്യമാണ് നിലവിലുള്ളത്. അതുപോലെ

വാഹനഉടമകളും പ്രയാസങ്ങൾ നേരിടുകയാണ്. പ്രൈവറ്റ് ബസ് മേഖലയിലെ കഴിഞ്ഞ പതിനഞ്ച് വർഷത്തെ കണക്കെടുത്താൽ ഒരുപാട് പേർ ഈ മേഖല ഉപേക്ഷിച്ചതിന്റെ ഫലമായി അത്തരം വാഹനങ്ങളുടെ എണ്ണം കേരളത്തിൽ വളരെയധികം കുറഞ്ഞിരിക്കുകയാണെന്ന് മനസ്സിലാക്കാൻ കഴിയും. ഒരു ബസ് മാത്രമുള്ള ഉടമകളുമുണ്ട്. ഞങ്ങളുടെ നാട്ടിൽ നാലോ-അഞ്ചോ ചെറുപ്പക്കാർ ചേർന്ന് ഷെയർ ചെയ്ത് ഒരു പ്രൈവറ്റ് ബസ് വാങ്ങി സർവ്വീസ് നടത്താറുണ്ട്. അവരെയെല്ലാം ബസ്സുടമയെന്ന് പറയാൻ കഴിയുമെങ്കിലും അവരുടെ കുടുംബത്തിന്റെ ഉപജീവനമാർഗ്ഗമായി മാത്രമേ അതിനെ കണക്കാക്കാൻ കഴിയൂ. വിവിധ കാരണങ്ങളാൽ ഈയൊരു സംരംഭം മുന്നോട്ടുകൊണ്ടുപോകാൻ കഴിയാത്ത അവസ്ഥയാണെന്നാണ് പലയാളുകളും പറയുന്നത്. പെട്രോൾ-ഡീസൽ വില വർദ്ധനവ്, കേന്ദ്ര സർക്കാരിന്റെ നിലപാട് തുടങ്ങിയവ കാരണം സർവ്വീസ് നടത്തുന്നതിനുള്ള ചെലവ് വർദ്ധിച്ചിരിക്കുകയാണ്. ബഹുമാന്യനായ അംഗം എൻ. എ. നെല്ലിക്കുന്ന് സംസാരിച്ചപ്പോൾ ചില ഉപമയൊക്കെ പറഞ്ഞുവെങ്കിലും ആ മേഖലയെ തകർക്കുന്ന കേന്ദ്ര സർക്കാർ

നയത്തെക്കുറിച്ച് ചെറിയൊരു വാക്കുപോലും പറഞ്ഞില്ല. ഞങ്ങളുടെ നാട്ടിൽ 'അടക്കംകൊല്ലിയിട്ട് മീൻ പിടിക്കുക' എന്ന പ്രയോഗമുണ്ട്. ആലപ്പുഴയിലും കുട്ടനാട്ടിലും മീൻ പിടിക്കുമ്പോൾ അടക്കംകൊല്ലി വച്ചാൽ ഒരു പരൽമീൻപോലും അതിന്റെ പുറത്തുപോകാതെ എല്ലാം കിട്ടും. അതുപോലെ അടക്കംകൊല്ലിയിട്ടു പിടിക്കുന്ന കേന്ദ്രനയത്തെക്കുറിച്ച് ഒരു വാക്കുപോലും പറയാതെയാണ് ബഹുമാന്യനായ അംഗം ശ്രീ. എൻ. എ. നെല്ലിക്കുന്ന് പ്രസംഗം അവസാനിപ്പിച്ചത്. കേന്ദ്ര മോട്ടോർ വാഹന (ഭേദഗതി) നിയമത്തിന്റെ ഭാഗമായി സംഭവിക്കുന്ന തകർച്ചയെന്നുപറയുന്നത് നമുക്ക് നിർണ്ണയിക്കാൻപോലും കഴിയില്ല. മോട്ടോർ വാഹനരംഗത്തെ നേതാവുകൂടിയായ അദ്ദേഹത്തിന് അതിന്റെയൊക്കെ വിശദാംശങ്ങൾ നല്ലരീതിയിൽ അറിയാവുന്നതാണ്. പക്ഷേ, എന്തുകൊണ്ടോ അദ്ദേഹം അത്തരം കാര്യങ്ങൾ സംസാരിച്ചില്ലെന്നതുകൂടി ഞാനിവിടെ സൂചിപ്പിക്കുകയാണ്. പെട്രോൾ, ഡീസൽ വിലവർദ്ധനയുടെ ഭാഗമായി സംഭവിക്കുന്ന പ്രയാസം അതികഠിനമാണ്. അന്താരാഷ്ട്ര കമ്പോളത്തിൽ ക്രൂഡ് ഓയിലിന്റെ വില കുറയുന്നതിനനുസരിച്ച് ഇവിടെ പെട്രോളിന്റെയും

ഡീസലിന്റെയും വില കുറയുന്നില്ല. ഇന്ത്യാ ഗവൺമെന്റ് സെസ് ആയും എക്സൈസ് ഡ്യൂട്ടിയായുമെല്ലാം ഭീമമായ സംഖ്യ പിരിച്ചുകൊണ്ടിരിക്കുന്നു. കോൺഗ്രസ് ഭരിക്കുന്ന കാലഘട്ടത്തിൽ പെട്രോൾ വില നിർണ്ണയിക്കാനുള്ള അവകാശം എണ്ണക്കമ്പനികൾക്ക് വിട്ടുകൊടുത്തതുപോലെ ബി.ജെ.പി. സർക്കാർ വന്നപ്പോൾ ഡീസലിന്റെകൂടി വില നിർണ്ണയാവകാശം കമ്പനികൾക്ക് വിട്ടുകൊടുത്തു. ഇത്തരം നയങ്ങളുടെ ഭാഗമായി എണ്ണ വിൽക്കുന്നവർക്കുതന്നെ എണ്ണ വില തീരുമാനിക്കാൻ കഴിയുന്ന ഒരു സാഹചര്യം സംജാതമാക്കപ്പെട്ടുവെന്നുള്ളതാണ് പ്രശ്നം. ഒരു മാസത്തിലോ രണ്ട് മാസം കൂടുമ്പോഴോ അല്ല ഇന്ധനവില വർദ്ധിക്കുന്നത്. ആഴ്ചതോറും വില കൂട്ടിക്കൊണ്ടിരിക്കുന്ന സ്ഥിതിവിശേഷമാണ്. 2023-ൽ അന്താരാഷ്ട്ര കമ്പോളത്തിൽ ക്രൂഡ് ഓയിലിന്റെ വില 80 ഡോളറായപ്പോൾ ഇവിടെ ഒരു ലിറ്റർ പെട്രോളിന് 108 രൂപയും ഡീസലിന് 100 രൂപയ്ക്കുമുകളിലുമാണ് വില. 2014-ൽ ക്രൂഡ് ഓയിലിന് ഇതിനേക്കാൾ കൂടിയ വിലയായ 93.17 ഡോളറായിരുന്ന സമയത്ത് പെട്രോൾ വില 73 രൂപയും ഡീസൽ വില 66 രൂപയുമായിരുന്നു. അന്താരാഷ്ട്ര കമ്പോളത്തിലെ ശുദ്ധീകരിക്കാത്ത

എണ്ണയുടെ വില കുറയുമ്പോൾ പെട്രോൾ, ഡീസൽ വില കുറയ്ക്കാതിരിക്കുകയും ഏതെങ്കിലും സമയത്ത് അവിടെ വില കൂടുമ്പോൾ പ്രസ്തുത ന്യായം പറഞ്ഞ് ഇന്ത്യയിലെ എണ്ണ വില കൂട്ടുകയും ചെയ്യുന്ന സ്ഥിതിയാണ്. ഇതിന്റെ ഭാഗമായി സാധാരണ ഓട്ടോറിക്ഷ മുതൽ വലിയ വാഹനങ്ങൾ വരെയുള്ളവർക്ക് അവരുടെ ദൈനംദിന സർവ്വീസിന്റെ ഭാഗമായി ചെലവ് കൂടുകയും വരുമാനം കൂടാതിരിക്കുകയും ചെയ്യുന്നു. നമ്മുടെ നാട്ടിലെ ഓട്ടോറിക്ഷ, ടാക്സി എന്നിവ സാധാരണക്കാരന്റെ വാഹനമാണ്. അത് മഹാഭൂരിപക്ഷവും സ്വന്തമായി കണ്ടെത്തപ്പെട്ട തൊഴിൽ മേഖലയാണ്. അപൂർവ്വമായി ചിലപ്പോൾ ഏതെങ്കിലും  തദ്ദേശസ്വയംഭരണ സ്ഥാപനം സഹായിച്ചതിന്റെ ഭാഗമായി ഓട്ടോറിക്ഷയോ ടാക്സിയോ ലഭിച്ചവരുണ്ടാകാം. പക്ഷേ, മഹാഭൂരിപക്ഷവും തന്റെ കുടുംബത്തിന്റെ ഉപജീവനത്തിനുവേണ്ടി മറ്റ് വഴിയില്ലാതെ സ്വന്തമായി കണ്ടെത്തപ്പെട്ട തൊഴിൽ മേഖലയാണ് ഓട്ടോറിക്ഷ-ടാക്സി സർവ്വീസ്. അത് ഓടിക്കുന്ന തൊഴിലാളിക്ക് ഒരു ഗ്യാരന്റിയുണ്ട്. തനിക്ക് ആരോഗ്യവും തന്റെ വാഹനവുമുള്ള കാലത്തോളം ഈ വാഹനം ഓടിച്ച് വരുമാനം കണ്ടെത്തി കുടുംബത്തെ പോറ്റുമെന്ന

ജീവിതത്തിന്റെ നേരെയുള്ള തൊഴിലാളിയുടെ ഗ്യാരന്റിയാണത്. ആ ഗ്യാരന്റിയില്ലാതാക്കുന്ന നിലപാടാണ് കേന്ദ്ര ഗവൺമെന്റ് പാർലമെന്റിൽ പാസ്സാക്കിയ നിയമത്തിന്റെ ഭാഗമായി സംഭവിച്ചിരിക്കുന്നത്. ടാക്സി മേഖലയിലേയ്ക്ക് വൻകിടക്കാർ കടന്നെത്തുന്ന സ്ഥിതിവരുന്നു. രാജ്യത്തെ റോഡ് ഗതാഗതമേഖലയെ കോർപ്പറേറ്റ് കമ്പനികൾക്ക് പരിപൂർണ്ണമായി പണയപ്പെടുത്താൻ കഴിയുന്ന നയമായി ആവിഷ്കരിക്കപ്പെടുകയും നടപ്പാക്കപ്പെടുകയും ചെയ്യുന്നു. അത് പൂർണ്ണമായും നടപ്പാക്കപ്പെട്ടാലുണ്ടാകുന്ന ഭയാനകമായ സ്ഥിതിവിശേഷം ഈ സന്ദർഭത്തിൽ ഗൗരവമായി പരിഗണിക്കേണ്ടതാണ്. സ്പെയർ പാർട്സ് ഷോപ്പുകൾ, വർക്ക് ഷോപ്പുകൾ, ഡ്രൈവിംഗ് സ്കൂൾ മേഖല തുടങ്ങി റോഡ് ഗതാഗതവുമായി ബന്ധപ്പെട്ട അനുബന്ധ മേഖലകളെയെല്ലാം തകർക്കുന്ന നിലയിൽ അതെല്ലാം പരിപൂർണ്ണമായി കുത്തക കമ്പനികളുടെ കൈയിലേയ്ക്ക് എത്തിച്ചേരാൻ കഴിയുന്ന രീതിയിലേയ്ക്കുള്ള നിലപാടാണ് കേന്ദ്ര ഗവൺമെന്റ് പാസ്സാക്കിയ നിയമത്തിൽ കാണാൻ കഴിയുന്നത്.

**4.00 p.m]**

അതിനുപുറമെയാണ് രജിസ്ട്രേഷൻ, ലൈസൻസ്, ഫിറ്റ്നസ് സർട്ടിഫിക്കറ്റ് തുടങ്ങിയവയുള്ള ഫീസുകൾ കുത്തനെ വർദ്ധിപ്പിക്കാൻ കേന്ദ്രഗവൺമെന്റ് തീരുമാനിച്ചത്. ഇൻഷ്വറൻസ് റെഗുലേറ്ററി ആൻഡ് ഡെവലപ്മെന്റ് അതോറിറ്റി നിശ്ചയിച്ചിരുന്ന ഇൻഷ്വറൻസ് പ്രീമിയവും വലിയ തോതിൽ വർദ്ധിപ്പിച്ചു. എണ്ണവില മാത്രമല്ല, ഇന്ത്യാ ഗവൺമെന്റ് നിശ്ചയിച്ച ഫീസ് വർദ്ധനവിന്റെ ഫലമായി സാധാരണ മോട്ടോർ വാഹനത്തൊഴിലാളികളുടെ ദൈനംദിന ചെലവ് താങ്ങാൻ കഴിയാത്തവിധം വർദ്ധിക്കുകയും ചെലവ് കൂടുകയും അതിനനുസരിച്ച് വരുമാനം കൂടാതിരിക്കുകയും ചെയ്യുന്നു. ഇതിലൂടെ സാധാരണ മോട്ടോർ വാഹനത്തൊഴിലാളികൾ വളരെ ബുദ്ധിമുട്ട് അനുഭവിക്കുന്ന സാഹചര്യമാണുണ്ടാകുന്നത്. ജീവിതത്തിന്റെ രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ പ്രയാസപ്പെടുന്ന നിലയിലേയ്ക്ക് സാധാരണ മോട്ടോർ വാഹനത്തൊഴിലാളികളുടെ ജീവിതം പരിമിതപ്പെടുകയാണ്. അവരുടെ അദ്ധ്വാനത്തിന്റെ ഫലമായി കൂടിയാണ് നമ്മുടെ ഗതാഗത മേഖലയും ചരക്ക് നീക്കവും മുന്നോട്ടുപോകുന്നതെന്ന കാര്യവും ഗൗരവമായി

കണക്കാക്കേണ്ടതുണ്ട്. അത്തരമൊരു ഗൗരവതരമായ പരിഗണനയിലേയ്ക്ക് മോട്ടോർ വാഹനത്തൊഴിലാളി വിഭാഗത്തെ കാണുകയെന്ന കാര്യം പ്രസക്തമായിട്ടുള്ളതാണ്. പ്രൈവറ്റ് ബസ് ഡ്രൈവർമാർ, ലോറി ഡ്രൈവർമാർ, മിൽമ വാഹന ഡ്രൈവർമാർ എന്നിവർക്ക് ലഭിക്കുന്ന കൂലി പരിശോധിച്ചാൽ അത് മനസ്സിലാകും. ഞങ്ങളുടെ നാട്ടിൽ ബസ് ഡ്രൈവർമാർക്ക് നൽകുന്ന കൂലി 808 രൂപയാണ്, കളക്ഷന്റെ ഭാഗമായി ലഭിക്കുന്ന ബാറ്റയുടെ അടിസ്ഥാനത്തിൽ ചില സ്ഥലങ്ങളിൽ വ്യത്യാസമുണ്ടാകാം. കണ്ടക്ടർമാർക്ക് 790 രൂപയും ക്ലീനർമാർക്ക് 774 രൂപയുമാണ് കൂലി. വെളുപ്പിന് 3 മണിക്ക് ഡ്യൂട്ടി ആരംഭിക്കുന്ന ആലപ്പുഴയിലെ മിൽമ ടാങ്കർ ലോറി ഡ്രൈവർമാർക്ക് ലഭിക്കുന്ന കൂലി 630 രൂപ മാത്രമാണ്. തൊഴിലാളിയുടെ അദ്ധ്വാനത്തിന്റെ പ്രയാസംകൂടി കണക്കിലെടുത്താൽ ഒരു നിലയ്ക്കും നീതീകരിക്കാൻ കഴിയാത്തവിധത്തിലുള്ള കൂലിയാണ് അവർക്ക് ലഭിക്കുന്നത്.

ശ്രീ. പി. ടി. എ. റഹീം: സർ, അങ്ങ് ഇവിടെ തൊഴിലാളികളുടെ പ്രയാസങ്ങളെ സംബന്ധിച്ചാണ് സംസാരിക്കുന്നത്. ദീർഘദൂര റൂട്ടിൽ വാഹനമോടിക്കുന്ന ഡ്രൈവർമാർക്ക് ചിലപ്പോൾ 10-12 മണിക്കൂർ തുടർച്ചയായി ഡ്യൂട്ടി ചെയ്യേണ്ടിവരുന്നു. അവർക്ക് വിശ്രമത്തിനായി 'Take a Break' എന്ന രീതിയിൽ ഇടത്താവളങ്ങളുണ്ടാക്കണമെന്ന അഭിപ്രായം താങ്കൾക്കുണ്ടോ?

ശ്രീ. കെ. ഡി. പ്രസേനൻ: സർ, കൂലിയിലുള്ള കുറവ് ഈ തൊഴിൽമേഖലയിലേയ്ക്ക് പുതിയ ആളുകൾ കടന്നുവരുന്നതിന് തടസ്സമായി മാറുകയാണ്. സ്വാഭാവികമായി ഡ്രൈവർമാരുടെ കുറവ് അനുഭവപ്പെടുന്നുണ്ട്, പ്രത്യേകിച്ച് സ്വകാര്യമേഖലയിൽ. ദീർഘദൂര ടൂറിസ്റ്റ് ബസ്സുകളിൽ ഒരേ ഡ്രൈവർതന്നെ തുടർച്ചയായി ഡ്യൂട്ടി ചെയ്യേണ്ടിവരുന്നത് പല അപകടങ്ങൾക്കും കാരണമാകുകയും സാമൂഹ്യ വിപത്തായി മാറുകയും ചെയ്യുന്നു. അതുകൊണ്ട് സാമൂഹ്യ ഇടപെടലിലൂടെ ജനങ്ങളുടെ ജീവൻ

രക്ഷിക്കുന്ന ഒരു ബില്ലായി ഇത് മാറുകയാണെന്ന അഭിപ്രായം താങ്കൾക്കുണ്ടോ?

ശ്രീ. എച്ച്. സലാം: സർ, ബഹുമാനപ്പെട്ട രണ്ടംഗങ്ങളും പറഞ്ഞത് വളരെ പ്രസക്തമായ കാര്യങ്ങളാണ്. റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട കാര്യങ്ങൾ വളരെ പ്രാധാന്യത്തോടെ കണക്കാക്കേണ്ടതാണ്. നേരത്തെ ഞാൻ ചൂണ്ടിക്കാണിച്ചതുപോലെ മിൽമ ടാങ്കർ ലോറി ഡ്രൈവർക്ക് 630 രൂപയാണ് കൂലി. വെളുപ്പിന് മൂന്ന് മണി മുതൽ തുടർച്ചയായി 13 മണിക്കൂർ വാഹനമോടിച്ചതിനുശേഷം അയാൾതന്നെ ടാങ്കിനുള്ളിൽ കയറി അത് ക്ലീൻ ചെയ്യുകയും വേണം. എന്നാൽ കിട്ടുന്ന കൂലി വെറും 630 രൂപയാണ്. അധിക സമയം വാഹനമോടിക്കുന്നതിനാൽ സംഭവിക്കുന്ന അപകടങ്ങൾ റോഡ് സുരക്ഷയുടെ ഭാഗമായിത്തന്നെ കാണേണ്ടതുണ്ടെന്ന് ഇവിടെ ബഹുമാനപ്പെട്ട അംഗങ്ങൾ ചൂണ്ടിക്കാണിച്ചത് ഗൗരവതരമായി കണക്കാക്കേണ്ടതാണ്. നിശ്ചയിച്ച കൂലി കൊടുക്കാതെ, കൂലിയുടെ കാര്യത്തിൽ ഉറപ്പില്ലാത്ത അവസ്ഥ നിലനിൽക്കുന്ന സാഹചര്യത്തിലാണ് ഈ ഭേദഗതി

കൊണ്ടുവരുന്നത്. നിശ്ചയിക്കപ്പെട്ട കുറഞ്ഞ കൂലിപോലും കൃത്യമായി കൊടുക്കാത്തതിനാൽ ആയത് ക്ലെയിം ചെയ്ത് കൃത്യമായി വാങ്ങിയെടുക്കാനാവശ്യമായ നിലയിലേയ്ക്കുള്ള മാറ്റമാണ് ഈ ഭേദഗതിയിലൂടെ ലക്ഷ്യമിടുന്നത്. ഇക്കാര്യത്തിൽ മാത്രം ഒതുങ്ങേണ്ടതല്ല ഈ ഭേദഗതി ബിൽ. കൂലി വർദ്ധിപ്പിക്കാനാവശ്യമായ ഭേദഗതികൾകൂടി ഇതിന്റെ ഭാഗമായി വരേണ്ടതുണ്ട്. മോട്ടോർ വാഹനത്തൊഴിലാളി മേഖലയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഗൗരവമായി കണക്കാക്കണം. അതിന്റെ ഫലമായി മോട്ടോർ വാഹനത്തൊഴിലാളികളുടെ ഉപജീവനം നിലച്ചുപോകുന്നുവെന്ന പ്രശ്നമാണ് നമ്മുടെ കൺമുന്നിലുള്ളത്. കേവലമൊരു സംസ്ഥാന നിയമത്തിന്റെ ഭാഗമായി മാത്രം അത് തരണം ചെയ്യാൻ കഴിയുകയില്ല. സംസ്ഥാനത്തിന്റെ അധികാര പരിധിക്കകത്തുനിന്നുകൊണ്ട് മോട്ടോർ വാഹനത്തൊഴിലാളി മേഖലയ്ക്കുവേണ്ടി ചെയ്യാൻകഴിയുന്ന പരമാവധി സഹായങ്ങൾ ചെയ്യണം. തൊഴിൽ വകുപ്പ് അത്തരം കാര്യങ്ങളിൽ ശ്രദ്ധ പതിപ്പിച്ചിട്ടുണ്ട്. ഓൺലൈൻ ടാക്സികളുടെ കടന്നുവരവ് മോട്ടോർ വ്യവസായ മേഖലയിലെ ടാക്സി തൊഴിലാളികൾ അഭിമുഖീകരിച്ച ഏറ്റവും ഗൗരവമായ

പ്രശ്നമായിരുന്നു. എറണാകുളം പോലെയുള്ള പ്രധാന നഗരങ്ങളിലേയ്ക്ക് വൻകിട കോർപ്പറേറ്റ് കമ്പനികളുടെ 20-25 ടാക്സികൾ ഒരുപോലെ വരികയും അവിടെയുള്ള ടാക്സി ഡ്രൈവർമാരുടെ ജോലി നഷ്ടപ്പെടുത്തുന്ന സാഹചര്യമുണ്ടാക്കുകയും അത് പലപ്പോഴും സംഘർഷാവസ്ഥ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. ഈ പ്രശ്നം പരിഹരിക്കുന്നതിനായി കേരളത്തിലെ തൊഴിൽ വകുപ്പ് ഓട്ടോ-ടാക്സി മേഖലകളെ തമ്മിൽ ബന്ധിപ്പിച്ച് "കേരള സവാരി" എന്ന പേരിൽ ഓൺലൈൻ ടാക്സി സംവിധാനം ഇന്ത്യയിൽ ആദ്യമായി നടപ്പാക്കി. വൻകിട കമ്പനികളുടെ കുത്തകയായിരുന്ന ഓൺലൈൻ ടാക്സി മേഖലയിൽ നമ്മുടെ ടാക്സി തൊഴിലാളികളെക്കൂടി ഉൾപ്പെടുത്തി വിജയകരമായി പദ്ധതി നടപ്പാക്കാൻ സാധിച്ചു. അതിന്റെ ഇംപ്ലിമെന്റേഷന്റെ ഭാഗമായി ചില പോരായ്മകൾ സംഭവിച്ചിട്ടുണ്ട്. അതുകൂടി പരിഹരിച്ച് ആ സംവിധാനത്തെ കുറച്ചുകൂടി മെച്ചപ്പെടുത്തി മുന്നോട്ടുപോകാൻ സാധിക്കുന്നതാണ്. കേരളത്തിലെ തൊഴിലാളികൾക്ക് മിനിമം കൂലി ഉറപ്പാക്കാനാവശ്യമായ, വ്യക്തമായ നിലപാട് സർക്കാർ സ്വീകരിച്ചു. ഏതാണ്ട് 59 തൊഴിൽ മേഖലകളിൽ

മിനിമം വേതനം പുതുക്കി നിശ്ചയിച്ചത് കേരളത്തിന്റെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റാണ്. രണ്ടാം പിണറായി വിജയൻ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതാണ്ട് 11 മേഖലകളിൽ മിനിമം കൂലിയും വേതനവും പുതുക്കി നിശ്ചയിക്കുന്ന സാഹചര്യമുണ്ടായി എന്നത് പ്രത്യേകം എടുത്തുപറയേണ്ടതാണ്. കൂലിയുടെ കാര്യത്തിൽ ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ, രാജ്യത്ത് ഏറ്റവും കൂടുതൽ കൂലി ലഭിക്കുന്ന സംസ്ഥാനം കേരളമാണെന്ന റിസർവ് ബാങ്കിന്റെ അംഗീകാരം ലഭിക്കുകയുണ്ടായി. ഇവിടെ ഏറ്റവും ഉയർന്ന കൂലി 837 രൂപയാണ്. തൊഴിൽ വകുപ്പ് ചുമട്ടുതൊഴിലാളി മേഖലയിൽ ചുമടിന്റെ അളവ് കുറച്ചുനിശ്ചയിച്ചത് അതുപോലെ പ്രധാനപ്പെട്ടതാണ്. ചുമടിന്റെ അളവ് 75 കിലോഗ്രാമിൽനിന്നും 55 കിലോഗ്രാമായി കുറച്ചു. സ്ത്രീകൾക്കും കൗമാരപ്രായക്കാർക്കും എടുക്കേണ്ട ചുമടിന്റെ തൂക്കം 35 കിലോഗ്രാമായി കുറച്ചു. ഇങ്ങനെ സാധാരണക്കാരായ തൊഴിലാളികളുടെ കൂലി മെച്ചപ്പെടുത്താനും ജോലി ലഘൂകരിക്കാനും കഴിയുന്ന വിധത്തിലുള്ള

വ്യക്തമായ നിലപാടുകൾ കേരളത്തിലെ തൊഴിൽ വകുപ്പ് സ്വീകരിച്ചുവെന്നത് ഈ സന്ദർഭത്തിൽ പ്രത്യേകമായി ചൂണ്ടിക്കാണിക്കുകയാണ്.

ശ്രീമതി യു. പ്രതിഭ: സർ, മോട്ടോർ വാഹനത്തൊഴിലാളികളുടെ വേതനത്തെക്കുറിച്ചും മോട്ടോർ വാഹനങ്ങളെക്കുറിച്ചും റോഡിനെക്കുറിച്ചും ചർച്ച ചെയ്യുമ്പോൾതന്നെ ധാരാളം റോഡപകടങ്ങൾ നടക്കുന്ന നാടാണ് നമ്മുടേതെന്ന കാര്യംകൂടി ഞാൻ ഓർമ്മപ്പെടുത്തുകയാണ്. ഈ അടുത്ത കാലത്ത് ശ്രദ്ധേയമായ ചില ഇടപെടലുകൾ ഇക്കാര്യത്തിൽ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായി. അതിനുശേഷം അപകടങ്ങളുടെ എണ്ണത്തിൽ കുറവുണ്ടായതായി അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിനുപരിയായി ഇക്കാര്യത്തിൽ വലിയൊരു ക്യാമ്പയിൻ നടത്തേണ്ടതല്ലേ; ബഹുമാനപ്പെട്ട അംഗം ഇവിടെ ഓൺലൈൻ ടാക്സി സംവിധാനത്തെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. സ്ത്രീകൾക്ക് കൂടുതൽ ജോലി സാധ്യത ലഭിക്കുന്നൊരു മേഖലയാണിത്. ഓൺലൈൻ ടാക്സി സംവിധാനം കുറച്ചുകൂടി കാര്യക്ഷമമാക്കാനുള്ള നിർദ്ദേശങ്ങളെക്കുറിച്ച് അങ്ങ് ആലോചിച്ചിട്ടുണ്ടോ?

<u>ശ്രീ. എച്ച്. സലാം</u>: സർ, ഓൺലൈൻ ടാക്സി മേഖലയെക്കുറിച്ച് ബഹുമാന്യയായ അംഗം പ്രധാനപ്പെട്ട കാര്യമാണ് പറഞ്ഞത്. 'കേരള സവാരി'-യിൽ വനിതാ ടാക്സി ഡ്രൈവേഴ്സ് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. ഏതാണ്ട് 24-28 സ്ത്രീ ടാക്സി ഡ്രൈവർമാർ അതിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളതായി കാണാൻ സാധിക്കും. സ്ത്രീകളെ പ്രൊമോട്ട് ചെയ്യാൻ കഴിയുന്ന നിലയിലേയ്ക്ക് അത്തരത്തിലുള്ള പദ്ധതികളെ മാറ്റാൻ നമ്മുടെ നാടിന് കഴിയുന്നുവെന്നുള്ള കാര്യം അഭിമാനകരമായിട്ടുള്ളതാണ്. മറ്റൊരുകാര്യം, അപകടം സംബന്ധിച്ചുള്ളതാണ്. അത്തരം കാര്യത്തിൽ കാലോചിതമായി ഉയർത്തിക്കൊണ്ടുവരുന്ന പരിഷ്കാരങ്ങളെ ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ സ്വീകരിക്കാൻ നമുക്ക് കഴിയുന്നില്ലെന്നൊരു കുറവ് ഈ ആധുനികയുഗത്തിലും നമ്മുടെ നാട്ടിലുണ്ടാകുന്നുവെന്നത് ഒരു പരിമിതിയാണ്. എ.ഐ. ക്യാമറ കേരളത്തിൽ വ്യാപകമായി സ്ഥാപിച്ചപ്പോൾ അതിന്റെ ശരിയായ വശത്തെ മനസ്സിലാക്കാനും അത് സമൂഹത്തെ ബോധ്യപ്പെടുത്താനും ഭരണപക്ഷത്തെപ്പോലെ ഉത്തരവാദിത്വം പ്രതിപക്ഷത്തിനുമുണ്ട്. പക്ഷേ നിർഭാഗ്യവശാൽ പ്രതിപക്ഷത്തിന്

അത്തരമൊരു നല്ല കാര്യത്തെ നല്ലതാണെന്ന് ഉറക്കെപ്പറയാനുള്ള സമീപനമുണ്ടായില്ല എന്നുകാണാനാകും. ചിലർ ആ ക്യാമറയെ കുട്ട വച്ച് മൂടിയ അനുഭവം കേരളത്തിലുണ്ടായിയെന്ന അപമാനകരമായ സാഹചര്യം പോലും നമ്മൾ കണ്ടു. പക്ഷേ ആദ്യസമയത്തുണ്ടായിരുന്ന പ്രതിഷേധവും പ്രയാസകരമായ ക്യാമ്പയിനിംഗും അവസാനിച്ചു. അത് അവസാനിച്ചതെങ്ങനെയാണ്; കേരള സമൂഹത്തിൽ അത് ഗുണകരമായി ഭവിച്ചുവെന്ന് സ്വയം ബോധ്യമായതിന്റെ ഭാഗമായി സംഭവിച്ച മാറ്റമാണ്. അതിന്റെ കണക്കുൾപ്പെടെ ഗവൺമെന്റ് ഔദ്യോഗികമായി വ്യക്തമാക്കിയിട്ടുണ്ട്. നേരത്തേയുള്ള അപകടത്തിന്റെ കണക്ക്, എ.ഐ. ക്യാമറ വന്നതിനുശേഷമുള്ള അപകടത്തിന്റെ കണക്ക്, മരണസംഖ്യയിലുണ്ടായ വ്യത്യാസം, രജിസ്റ്റർ ചെയ്ത കേസ്സുകളുടെ എണ്ണത്തിലുണ്ടായ വ്യത്യാസം എന്നിവയിലെല്ലാം പോസിറ്റീവായ മാറ്റം നാം കണ്ടു. ആധുനിക സമൂഹത്തിൽ ഉണ്ടാക്കിയെടുക്കേണ്ട കാര്യം തന്നെയാണതെന്ന് വിമർശിച്ചവരെപ്പോലും ബോദ്ധ്യപ്പെടുത്തുന്ന ഫലങ്ങളാണ് ഇതിന്റെ ഭാഗമായി ഉണ്ടായതെന്ന് കാണാൻ സാധിക്കും.

കഴിഞ്ഞദിവസം മറ്റ് സംസ്ഥാനത്തുള്ളവർ കേരളത്തിലേയ്ക്ക് അതിനെക്കുറിച്ച് പഠിക്കാൻ വരുന്ന സാഹചര്യമുണ്ടായിയെന്ന് കാണാൻ സാധിക്കും. മോട്ടോർ വ്യവസായ മേഖല തൊഴിലാളികൾ മാത്രമുള്ള മേഖലയല്ല, ടി വ്യവസായം നമ്മുടെ സമ്പദ്ഘടനയിലുണ്ടാക്കുന്ന പ്രാധാന്യത്തെ കണക്കിലെടുക്കണം. ആ മേഖലയിലെ ഉടമകളടക്കമുള്ളവരുടെ താൽപ്പര്യം പരിഗണിച്ചുകൊണ്ട് അത്തരം കാര്യത്തിൽ പരിഷ്കാരങ്ങൾവരുത്തി മുന്നോട്ടുപോകാൻ കഴിയുകയെന്നത് വളരെ പ്രധാനപ്പെട്ടതാണ്. എല്ലാ അർത്ഥത്തിലും ആ മേഖലയുടെ പ്രാധാന്യം കണക്കിലെടുത്തുകൊണ്ടാണ് ഈ നിയമഭേദഗതി മുന്നോട്ടുവച്ചിട്ടുള്ളതെന്ന് സൂചിപ്പിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, മോട്ടോർ വാഹനത്തൊഴിലാളിരംഗത്തെ ബാധിക്കുന്ന ഗൗരവമുള്ള പ്രശ്നങ്ങൾ ചർച്ചയിൽ പങ്കെടുത്ത രണ്ടംഗങ്ങളും വളരെ കാര്യമായിത്തന്നെ അവതരിപ്പിച്ചു. അതിൽ ഗതാഗത വകുപ്പും മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റും കൈകാര്യം ചെയ്യേണ്ട ചില വിഷയങ്ങൾ

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിക്കുകയുണ്ടായി. ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്ത് അക്കാര്യത്തിൽ എന്തുചെയ്യാൻ കഴിയുമെന്ന് ആലോചിക്കാമെന്നാണ് അതുസംബന്ധിച്ച് സൂചിപ്പിക്കാനുള്ളത്. ഇന്ന് രാജ്യത്താകെ മോട്ടോർ വ്യവസായ മേഖല പ്രതിസന്ധിയിലാണ്. ഇന്ത്യയിൽ കാർഷിക മേഖല കഴിഞ്ഞാൽ ഏറ്റവും കൂടുതൽ പേർ പണിയെടുക്കുന്നത് മോട്ടോർ വ്യവസായ രംഗത്താണ്. കേന്ദ്ര ഗവൺമെന്റിന്റെ ചില നയങ്ങൾ മോട്ടോർ വ്യവസായ രംഗത്തെ പാവപ്പെട്ട തൊഴിലാളികളുടെ ജീവിതത്തെ പ്രതികൂലമായി ബാധിച്ചിരിക്കുകയാണ്. തൊഴിലാളികളെ സംരക്ഷിക്കുന്നതിനുള്ള ഒരു നടപടിയും കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്നില്ല. മാത്രമല്ല രാജ്യത്തെ തൊഴിലാളികളെ സംരക്ഷിക്കുന്നതിനുവേണ്ടി കാലാകാലങ്ങളിൽ കേന്ദ്ര ഗവൺമെന്റ് പാസ്സാക്കിയിട്ടുള്ള നിയമങ്ങൾപോലും റദ്ദ് ചെയ്യുന്നതിനുള്ള തീരുമാനമാണ് എടുത്തുകൊണ്ടിരിക്കുന്നത്. 4 ലേബർ കോഡുകൾ രാജ്യത്ത് നടപ്പാക്കുന്നതിനുവേണ്ടിയുള്ള തയ്യാറെടുപ്പിലാണ് കേന്ദ്ര ഗവൺമെന്റ്. ഓരോ സംസ്ഥാനത്തും പ്രസ്തുത കോഡുകൾ നടപ്പാക്കുന്നതിനുള്ള നടപടികൾ

ഏതുവരെയായിയെന്ന് ആവർത്തിച്ചാവർത്തിച്ച് കേന്ദ്ര ഗവൺമെന്റ് ചോദിക്കുകയാണ്. രണ്ടാഴ്ചയിലൊരിക്കലെങ്കിലും കേന്ദ്ര ലേബർ സെക്രട്ടറി സംസ്ഥാന ലേബർ സെക്രട്ടറിയോട് ഇതിന്റെ നിജസ്ഥിതി ആരാഞ്ഞുകൊണ്ടിരിക്കുകയാണ്. കേന്ദ്ര ഗവൺമെന്റിന്റെ ന്യായമായ തീരുമാനങ്ങൾ നടപ്പാക്കേണ്ടിവരും. പക്ഷേ കേരളത്തിന്റെ പ്രത്യേക സാഹചര്യംകൂടി കണക്കിലെടുത്തുകൊണ്ട് മാത്രമേ നമുക്കത് നടപ്പാക്കുന്നതിന് കഴിയുകയുള്ളൂ. കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ള തൊഴിലാളി വിരുദ്ധ നിലപാടുകളിൽനിന്ന് കുറെയൊക്കെ അവർക്ക് പിന്നോട്ട് പോകേണ്ടിവന്നിട്ടുണ്ട്. രാജ്യത്താകെ 21 ദേശീയ പണിമുടക്കുകളാണ് ബി.ജെ.പി.-യുടെ തൊഴിലാളി സംഘടന ഒഴികെയുള്ളവ നടത്തിയിട്ടുള്ളത്. അതിന്റെയടിസ്ഥാനത്തിൽ തൊഴിലാളി-കർഷകരംഗത്ത് അവർ നടപ്പാക്കാനുദ്ദേശിച്ച നടപടികളിൽനിന്ന് പിന്മാറുന്ന സാഹചര്യമുണ്ടായിട്ടുണ്ട്.

പെട്രോളിന്റെയും ഡീസലിന്റെയും വില വർദ്ധിച്ചുവരികയാണ്. ലോകമാർക്കറ്റിൽ പെട്രോളിന്റെയും ഡീസലിന്റെയും അസംസ്കൃത

സാധനങ്ങളുടെയും വില കുറഞ്ഞാൽപ്പോലും നമ്മുടെ രാജ്യത്ത് വില കുറയുന്നില്ല. ഇന്ത്യയിൽ പെട്രോളിന്റെയും ഡീസലിന്റെയും വില നിശ്ചയിക്കുന്നതിനുള്ള അധികാരം എണ്ണക്കമ്പനികൾക്ക് വിട്ടുകൊടുത്തിരിക്കുകയാണ്. അത് അന്തിമമായി ബാധിക്കുന്നത് തൊഴിലാളികളെയും അവർ മുഖാന്തരം ജനങ്ങളെയുമാണ്. അതുപോലെ സ്പെയർ പാർട്സിന്റെ വില വർദ്ധിച്ചുവരികയാണ്. ഓട്ടോറിക്ഷ തൊഴിലാളികൾക്കായിരുന്നാലും ബസ് മുതലാളിമാർക്കായിരുന്നാലും ചാർജ്ജ് വർദ്ധിപ്പിക്കുന്നതിന് ചില പരിമിതികളുണ്ട്. അതുകൊണ്ടുതന്നെ ആ രംഗത്ത് പ്രവർത്തിക്കുന്നവർ നിരവധി പ്രയാസങ്ങൾ അനുഭവിക്കുന്നുണ്ട്. പ്രൈവറ്റ് ബസ് മേഖല പഴയരൂപത്തിൽ ശക്തമല്ല. മുൻകാലങ്ങളിൽ ഒരു മുതലാളിക്ക് അമ്പതും നൂറും ബസ്സുകളുണ്ടാകുമായിരുന്നു. നേരത്തേ ഇവിടെ സൂചിപ്പിച്ചതുപോലെ, ഏതാനും സുഹൃത്തുക്കൾ ചേർന്ന് വാങ്ങിയ ഒരു ബസ്സായിരിക്കും സർവ്വീസ് നടത്തുന്നത്. അയാളെ മുതലാളി എന്നൊന്നും പറയാൻ പറ്റില്ല. മോട്ടോർ വാഹനത്തൊഴിലാളികൾക്കായി 1971-ലെ ഒരു നിയമമാണ് സംസ്ഥാനത്ത് നിലവിലുള്ളത്. തൊഴിലാളിക്ക് ന്യായമായ കൂലി

കൊടുക്കാത്തതിനുള്ള പിഴ 500 രൂപയിൽനിന്ന് വർത്തമാന കാലഘട്ടത്തിലെ സാഹചര്യമനുസരിച്ച് 5,000 രൂപയാക്കി മാറ്റുന്നതിനും അധികാര സ്ഥാനങ്ങളുടെ തീരുമാനങ്ങളിന്മേലുള്ള അപ്പീലുകൾ സ്വീകരിക്കുന്നതിന് ലേബർ കമ്മീഷണറെ ചുമതലപ്പെടുത്തുന്നതിനുമുള്ള ഭേദഗതികളാണ് ബില്ലിലൂടെ കൊണ്ടുവന്നിരിക്കുന്നത്. ശ്രീ. എൻ. എ. നെല്ലിക്കുന്ന് ഇപ്പോൾ സഭയിലില്ല. ബില്ലിലെ ഖണ്ഡം 3-ൽ പറയുന്ന 'തൊഴിലാളി സംഘടനയുടെ ഔദ്യോഗിക ഭാരവാഹി' എന്നതിൽ എന്തെങ്കിലും ദുരുദ്ദേശമോ വേറെന്തെങ്കിലുമുണ്ടോയെന്നതിനെക്കുറിച്ച് സംശയമുണ്ടെന്ന് അദ്ദേഹം സൂചിപ്പിച്ചിരുന്നു. അക്കാര്യത്തിൽ ഒരു ദുരുദ്ദേശ്യവുമില്ല. ശ്രീ. എൻ. എ. നെല്ലിക്കുന്ന് ബിൽ നല്ലതുപോലെ വായിച്ച് മനസ്സിലാക്കിയിട്ടില്ലെന്ന് തോന്നുന്നു. കുറഞ്ഞ വേതനം സംബന്ധിച്ച് തൊഴിലാളിക്ക് മാത്രമല്ല, തൊഴിലാളി സംഘടനയ്ക്കും പരാതി കൊടുക്കുന്നതിനുള്ള അവകാശമുണ്ടായിരിക്കുമെന്നാണ് സൂചിപ്പിച്ചിരിക്കുന്നത്. മാത്രമല്ല, വേതനക്കുടിശ്ശികയുടെ കാര്യത്തിൽ തീരുമാനമായാൽ പത്തിരട്ടി വരെ ഈടാക്കുന്നതിനുവേണ്ടിയുള്ള

അവകാശമുണ്ടെന്നും അതിൽ സൂചിപ്പിച്ചിട്ടുണ്ട്. ദീർഘദൂരം സഞ്ചരിക്കുന്ന ടാക്സികൾക്ക് പാർക്ക് ചെയ്യാനും ഡ്രൈവർമാർക്ക് താമസ സൗകര്യമൊരുക്കാനും പ്രത്യേക സൗകര്യങ്ങളുണ്ടാക്കണം എന്നുള്ളതാണ് ചർച്ചയിൽ ഉയർന്നുവന്ന മറ്റൊരു കാര്യം. അതുസംബന്ധിച്ച് ലേബർ വകുപ്പുമാത്രമല്ല തദ്ദേശസ്വയംഭരണ വകുപ്പുകൂടി ആലോചിച്ച് കാര്യങ്ങൾ ചെയ്യേണ്ടതാണ്. സ്റ്റാർ ഹോട്ടലുകളുടെ നിർമ്മാണപ്രവർത്തനങ്ങൾക്ക് ബിൽഡിംഗ് പെർമിറ്റ് അനുവദിക്കുന്നയവസരത്തിൽ ടാക്സി ഡ്രൈവർമാർക്ക് താമസിക്കുന്നതിനുവേണ്ടിയുള്ള റൂമും പാർക്കിംഗ് സൗകര്യവുമുണ്ടാകണമെന്നുള്ള നിർദ്ദേശം കൊടുക്കേണ്ടതായിട്ടുണ്ട്. അതുസംബന്ധിച്ച കാര്യങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുമായി ആലോചിച്ച് ചെയ്യാവുന്നതാണെന്നാണ് സൂചിപ്പിക്കാനുള്ളത്.

ശ്രീ. എം. വിൻസെന്റ്: സർ, മോട്ടോർ വാഹനത്തൊഴിലാളികൾക്ക് ന്യായമായ വേതനം ഉറപ്പുവരുത്താനും അവരുടെ ക്ഷേമത്തിനുമായിട്ടാണ് ഈ ബിൽ അവതരിപ്പിച്ചിരിക്കുന്നത്. എന്നാൽ കെ.എസ്.ആർ.ടി.സി.-യിലെ മോട്ടോർ വാഹനത്തൊഴിലാളികളുടെ ഡ്യൂട്ടി സമയം തീരുമാനിക്കപ്പെടുന്നത്

മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ടിന്റെ അഞ്ചാമത്തെ അദ്ധ്യായത്തിലെ 13, 14 വകുപ്പനുസരിച്ചാണ്. 8 മണിക്കൂർ ഡ്യൂട്ടി, ഒരാഴ്ചയിൽ പരമാവധി 48 മണിക്കൂർ ഡ്യൂട്ടി എന്നാണ് ആക്ടിൽ പറഞ്ഞിരിക്കുന്നത്. എന്തെങ്കിലും അസാധാരണമായ സാഹചര്യമുണ്ടായാൽ അത് 12 മണിക്കൂർവരെ നീളും. എന്നാലും ഒരാഴ്ച 52 മണിക്കൂർ മാത്രമേ പരമാവധി പാടുള്ളൂവെന്നാണ്. എന്നാൽ ഇന്ന് കെ.എസ്.ആർ.ടി.സി.-യിൽ സിംഗിൾ ഡ്യൂട്ടി നടപ്പാക്കിയതുകൊണ്ട് ഓരോ ദിവസവും 12 മണിക്കൂർ വരെ നിയമവിരുദ്ധമായി ജോലി ചെയ്യേണ്ടി വരുന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. വി. ശിവൻകുട്ടി: സർ, ശ്രദ്ധയിൽപ്പെടാത്തതിന്റെ കുറവൊന്നുമല്ല. കെ.എസ്.ആർ.ടി.സി.-യുടെ സ്ഥിതി എൽ.ഡി.എഫ്. -ഉം യു.ഡി.എഫ്.-ഉം ഭരിച്ചിരുന്നപ്പോൾ എന്തായിരുന്നുവെന്ന് നമുക്കറിയാം. നമ്മുടെയാരുടെയും കുറ്റംകൊണ്ടല്ല ഇങ്ങനെയായത്. ഏതെങ്കിലും തരത്തിൽ നന്നാക്കാൻ വേണ്ടി ശ്രമിച്ചുകൊണ്ടിരിക്കുമ്പോൾ ശ്രീ. എം. വിൻസെന്റ് അതിൽ തടയിടരുത്.

അത് ഏതെങ്കിലും രൂപത്തിൽ നന്നായി പോകട്ടെ. നമ്മൾ പറഞ്ഞ് അതിനെ ശല്യം ചെയ്യാൻ പോകേണ്ട.

സംസ്ഥാന ഗവൺമെന്റിന്റെ നേതൃത്വത്തിലുള്ള 'കേരള സവാരി' ഓൺലൈൻ ടാക്സി സംവിധാനത്തെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. ഇന്ത്യയിലാദ്യമായി തിരുവനന്തപുരത്ത് നടപ്പാക്കിയ പ്രസ്തുത പദ്ധതി വമ്പിച്ച വിജയമാണെന്നൊന്നും പറയാൻ കഴിയില്ല. പരസ്യത്തിന്റെ കുറവുണ്ട്; പൊതുജനങ്ങൾക്കിടയിൽ പ്രചരണം നടത്തേണ്ടതുണ്ട്. അത് വനിതകൾക്കും ഒരു സെക്യൂരിറ്റി കൂടിയാണ്. 'കേരള സവാരി' ഓൺലൈൻ ടാക്സി സംവിധാനം എറണാകുളം ജില്ലയിലും പരീക്ഷണാർത്ഥം നടപ്പാക്കുകയാണ്. കേരളത്തിലെ എല്ലാ നഗരങ്ങളിലും ഇത് നടപ്പാക്കാൻ പോകുകയാണ്. അതുസംബന്ധിച്ച് വ്യാപകമായ പ്രചരണം നൽകിയാൽ ടാക്സി/ഓട്ടോറിക്ഷ രംഗത്തുള്ള പ്രതിസന്ധികൾക്ക് പരിഹാരം കാണാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. മോട്ടോർ ട്രാൻസ്പോർട്ട് രംഗത്തെ തൊഴിലാളികളുടെ വേതനം പുതുക്കി നിശ്ചയിക്കുന്നതിനുവേണ്ടി റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർ ശ്രീ. സുരേഷ് കുമാർ ഡി.

ചെയർമാനായും വിവിധ തൊഴിലാളി സംഘടനാ പ്രതിനിധികളും തൊഴിലുടമ പ്രതിനിധികളും അംഗങ്ങളുമായിട്ടുള്ള ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിനെ സംബന്ധിച്ചിടത്തോളം തൊഴിലാളികളുടെ ക്ഷേമം ഏറ്റവും പ്രധാനപ്പെട്ട ഒരു വിഷയം തന്നെയാണ്. എല്ലാ മേഖലയിലുമുള്ള പരമാവധി തൊഴിലാളികളെ സംരക്ഷിക്കുന്നതിനുള്ള നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ബിൽ സംബന്ധിച്ച ചർച്ചയിൽ പ്രതിപക്ഷത്തുനിന്നും നല്ല പിന്തുണയുണ്ടായിരുന്നു. തൊഴിലാളികളുടെ കാര്യത്തിൽ നമുക്കെല്ലാപേർക്കും ഒരുമിച്ചുനിന്ന് തീരുമാനമെടുക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇത് വളരെ ചെറിയൊരു ഭേദഗതി ബില്ലാണ്. ഈ ഭേദഗതി ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>മി. ചെയർമാൻ</u>: ശ്രീ. എൻ. എ. നെല്ലിക്കുന്ന്, അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

(ബഹുമാനപ്പെട്ട അംഗം സീറ്റിലില്ല)

<u>മി. ചെയർമാൻ:</u> ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എച്ച്. സലാം, അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. എച്ച്. സലാം</u>: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

<u>മി. ചെയർമാൻ:</u> ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2022-ലെ കേരള മോട്ടോർ വാഹനത്തൊഴിലാളികൾക്ക് ന്യായമായ വേതനം നൽകൽ (ഭേദഗതി) ബിൽ വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റി VII-ന്റെ പരിഗണനയ്ക്കയയ്ക്കുന്നു.

(iii) 2023-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി (ഭേദഗതി) ബിൽ

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, 2023-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. ചെയർമാൻ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ശ്രീമതി ജെ. ചിഞ്ചുറാണി: സർ, 2023-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി (ഭേദഗതി) ബിൽ കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീമതി ജെ. ചിഞ്ചുറാണി: സർ, ക്ഷീരകർഷകർക്കും അവരുടെ കുടുംബത്തിനും സഹായം ലഭ്യമാക്കാൻ സാധിക്കുന്ന ഇൻഷ്വറൻസ് പദ്ധതികൾ നടപ്പാക്കുന്നതിനും അവരുടെ ഉരുക്കൾക്കും മറ്റും തീറ്റയും ഔഷധവും മിതമായ നിരക്കിൽ വിതരണം ചെയ്യുന്നതിനുമുള്ള പദ്ധതികൾ

നടപ്പാക്കുന്നതിനും നിലവിൽ നിയമവ്യവസ്ഥയുണ്ടായിരുന്നില്ല. ഭേദഗതിയിലൂടെ അവ ഉൾപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കും. നിലവിലെ ഭരണസമിതിയിൽ ആനന്ദ് മാതൃകാ സംഘങ്ങളുടെയും സംസ്ഥാന ധനകാര്യ/നിയമ/ക്ഷീരവികസന വകുപ്പുകളുടെയും ഉദ്യോഗസ്ഥ പ്രാതിനിധ്യമുണ്ടായിരുന്നില്ല. ഇവയെല്ലാം ക്ഷേമനിധിയുടെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമാണെന്ന് സർക്കാർ വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിലാണ് ഒരു ഭേദഗതി ബിൽ കൊണ്ടുവരാൻ തീരുമാനിച്ചത്. സംസ്ഥാനത്ത് കന്നുകാലി വളർത്തലിൽ ഏർപ്പെട്ടിരിക്കുന്ന ക്ഷീരകർഷകർക്ക് ആശ്വാസം പകരുന്നതിനും അവരുടെ ക്ഷേമം ഉറപ്പാക്കുന്നതിനും അവർക്ക് പെൻഷൻ നൽകുന്നതിനുംവേണ്ടിയാണ് കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡ് രൂപീകരിച്ചിട്ടുള്ളത്. ക്ഷീരകർഷകർക്ക് സാമൂഹിക-സാമ്പത്തിക ഉന്നമനം ഉറപ്പാക്കുക, പാലുൽപ്പാദന രംഗത്ത് സ്വയംപര്യാപ്തത നേടുക, സഹകരണ മേഖല ശക്തിപ്പെടുത്തുക, കൂടുതൽ യുവജനങ്ങളെ ഈ മേഖലകളിലേയ്ക്ക് ആകർഷിക്കുക എന്നീ ലക്ഷ്യങ്ങളോടുകൂടിയാണ് ഭാരതത്തിലെ മറ്റ് സംസ്ഥാനങ്ങൾക്ക്

മാതൃകയായി ഇങ്ങനെയൊരു ക്ഷേമ പദ്ധതിക്ക് സർക്കാർ തുടക്കമിട്ടത്. ക്ഷീരകർഷക ക്ഷേമനിധിയിലെ അംഗങ്ങൾക്ക് പെൻഷൻ, കുടുംബ പെൻഷൻ, വിവാഹ ധനസഹായം, മരണാനന്തര ധനസഹായം, വിദ്യാഭ്യാസ ധനസഹായം, മികച്ച ക്ഷീരകർഷകർക്കുള്ള അവാർഡ് തുടങ്ങിയ ക്ഷേമപദ്ധതികളാണ് നടപ്പാക്കിവരുന്നത്. ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ ചുമതലപ്പെടുത്തിയതുപ്രകാരം

ശ്രീ. എം. എം. മണി: സർ, 2023-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-12-2023 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. കേരളജനതയുടെ നിത്യജീവിതത്തിൽ എട്ട് ലക്ഷത്തിലധികം വരുന്ന ക്ഷീരകർഷകരുണ്ടെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. സാമൂഹിക ജീവിതത്തിൽ വലിയ പങ്ക് വഹിക്കുന്ന ക്ഷീരമേഖലയിൽ നിരവധി പ്രശ്നങ്ങളുണ്ട്. മുൻപും നിയമസഭാംഗങ്ങൾ ക്ഷീരകർഷകർ നേരിടുന്ന

പ്രശ്നങ്ങൾ ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അതുകൊണ്ട് ഈ ഭേദഗതി നിയമം ക്ഷീരകർഷകർക്ക് അനുകൂലമാകുമെന്നുതന്നെയാണ് വിശ്വസിക്കുന്നത്. ഇന്ത്യയിലെ മറ്റൊരു സംസ്ഥാനത്തുമില്ലാത്ത നിലയിൽ ക്ഷീരകർഷകർക്ക് സംരക്ഷണം നൽകുന്ന നിയമമാണ് കേരളത്തിൽ നിലനിൽക്കുന്നത്. അതിനെ കൂടുതൽ വിപുലീകരിക്കാൻ ഈ പുതിയ ബിൽ നിശ്ചയമായും സഹായകരമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. അതിന് എല്ലാ വിഭാഗത്തിന്റെയും പിന്തുണയുണ്ടാകണം. എട്ട് ലക്ഷത്തിലധികം വരുന്ന ക്ഷീരകർഷകരെ സംരക്ഷിക്കുന്നതിന് സഹായകരമായ നിലപാട് സ്വീകരിക്കേണ്ട ബാധ്യത കേരള നിയമസഭയ്ക്കുണ്ട്. ഈ ബിൽ അതിന് സഹായകരമാകുമെന്ന് ഞാൻ ഈ അവസരത്തിൽ അഭിപ്രായപ്പെടുന്നു. ഈ ബില്ലിനെ പിന്താങ്ങിക്കൊണ്ടും അത് ചർച്ച ചെയ്ത് സമ്പൂർണ്ണമായി പാസ്സാക്കിത്തരണമെന്ന് സഭാംഗങ്ങളോട് അഭ്യർത്ഥിച്ചുകൊണ്ടും ഞാനെന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. എം. മുകേഷ് ചുമതലപ്പെടുത്തിയതുപ്രകാരം

ശ്രീ. എം. രാജഗോപാലൻ: സർ, 2023-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി

(ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. 'പശു' രാഷ്ട്രീയത്തിൽ പ്രവേശിച്ച കാലത്താണ് ഇതുപോലൊരു ചർച്ചയ്ക്ക് ഈ സഭ വേദിയാകുന്നത്. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി 'പശുവും കിടാവും' എന്ന ചിഹ്നത്തിൽ മത്സരിച്ചാണ് 26-ാം വയസ്സിൽ പാർലമെന്റിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടത്. പശുവും കാളയുമൊക്കെ രാഷ്ട്രീയത്തിൽ പ്രവേശിച്ച ഈ കാലത്ത്, സ്വതന്ത്രവും നിഷ്പക്ഷവും ശക്തവുമായ അഭിപ്രായം പറയാനുള്ള സ്വാതന്ത്ര്യത്തെപോലും ദുർബലപ്പെടുത്തുന്ന വിധത്തിലേയ്ക്കാണ് സമൂഹത്തിൽ പുതിയ ചർച്ചകളും പ്രവണതകളും വന്നുകൊണ്ടിരിക്കുന്നത്. അത് സാമൂഹിക വളർച്ചയുടെ മുന്നേറ്റത്തിന്റെ വികാസത്തിന് അനുഗുണമാണോയെന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു.

ചെറിയ ഭേദഗതിയാണെങ്കിലും വളരെ പ്രസക്തമായ കാര്യങ്ങളാണ് ഈ ബില്ലിൽ ചൂണ്ടിക്കാണിക്കുന്നത്. കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡംഗങ്ങളുടെ എണ്ണം നിലവിലെ 12-ൽ നിന്നും 15 ആക്കി മാറ്റാനാണ് ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്. ആനന്ദ് മാതൃകാ ക്ഷീരസംഘങ്ങളുടെ

പ്രതിനിധികൾക്ക് ബോർഡിൽ അംഗത്വം ഉറപ്പാക്കുമെന്നാണ് ബില്ലിൽ വിഭാവന ചെയ്യുന്നത്. ആനന്ദ് മാതൃകാ ക്ഷീരോൽപ്പാദക സഹകരണ സംഘം പ്രസിഡന്റുമാരിൽനിന്ന് മൂന്ന് പേരെ ബോർഡിലേയ്ക്ക് സർക്കാർ നോമിനേറ്റ് ചെയ്യുമെന്നും ബോർഡ് ഓഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി ക്ഷീരവികസന വകുപ്പിലെ ജോയിന്റ് ഡയറക്ടർ തസ്തികയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെ നിയമിക്കുമെന്നും അംശദായം കൃത്യമായി അടയ്ക്കാത്ത സംഘങ്ങളിലെ ചുമതലപ്പെട്ട ഉദ്യോഗസ്ഥരിൽനിന്നും പലിശസഹിതം തുക ഈടാക്കുമെന്നും കാലതാമസം നേരിട്ടതിന് മതിയായ കാരണം ബോധിപ്പിച്ചാൽ അതുസംബന്ധിച്ച് പുനഃപരിശോധന നടത്തുമെന്നും ബില്ലിൽ പറഞ്ഞിട്ടുണ്ട്. ക്ഷീരകർഷകരെ സംബന്ധിച്ച് സംസാരിക്കുമ്പോൾ, കേരളത്തിന്റെ നവോത്ഥാനകാല ചരിത്രത്തിന്റെ സൂക്ഷ്മ വായനയ്ക്ക് സഹായിച്ച കൃതിയാണ് പി. ഭാസ്കരനുണ്ണിയുടെ 'പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളം'. ആ കാലഘട്ടത്തിൽ കേരളത്തിലെ ക്ഷീരകർഷകർ അനുഭവിച്ച പ്രയാസങ്ങളും പ്രതിസന്ധികളും അടിമത്ത സമാനമായ സാമൂഹിക അവസ്ഥയെയും അതിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഗോരസങ്ങളിലെ

ഏതെങ്കിലുമൊന്ന് ഭക്ഷണത്തിനുണ്ടാവുക മലയാളിക്ക് പ്രിയമായിരുന്നുവെന്ന് കേൾക്കുമ്പോൾ അത് സവർണ്ണർക്ക് മാത്രമായിരുന്നുവെന്ന് ഓർക്കണം. അവർണ്ണന് ആ കാലഘട്ടത്തിൽ പശുക്കളെ തീറ്റാനല്ലാതെ പോറ്റാനോ കറക്കാനോ അവകാശമുണ്ടായിരുന്നില്ല. പശു ലക്ഷ്മിയാണ്; പശു പ്രസവിച്ചാൽ അന്തർജ്ജനം പ്രസവിക്കുമ്പോഴുള്ളതുപോലെ പത്ത് ദിവസത്തെ പുലയാണ് ആചരിക്കുന്നത്. ആ പുല കഴിഞ്ഞ് പശുവിനെ കറക്കുന്നതും പാലും മറ്റ് ഉൽപ്പന്നങ്ങളും കൈകാര്യം ചെയ്യുന്നതും സവർണ്ണർതന്നെയാവണമെന്നായിരുന്നു രാജനിശ്ചയം. പാലും വെണ്ണയും നെയ്യുമെല്ലാം സമൃദ്ധിയായി ഉപയോഗിക്കേണ്ടിയിരുന്നത് സവർണ്ണ പ്രഭുക്കളും നാട്ടിലെ തമ്പുരാക്കന്മാരുമായിരുന്നു. അവർക്ക് പ്രിയപ്പെട്ട ഭക്ഷണ സാധനങ്ങൾ അയിത്തമാകാതെ സംരക്ഷിക്കേണ്ടത് അവരുടെ കടമയാണ്. ആ കാലഘട്ടത്തിൽ കേരളത്തിലെ രാജാക്കന്മാർ കിരീട ധാരണ വേളയിൽ സത്യപ്രതിജ്ഞ ചെയ്യുന്നതിലെ പ്രധാന ഭാഗംതന്നെ പശുക്കളെയും ബ്രാഹ്മണരെയും രക്ഷിക്കാമെന്നാണ്. ഒരു അവർണ്ണൻ പശുവിനെ കറന്നാൽ

അതിന് വലിയ ശിക്ഷ അനുഭവിക്കേണ്ട കാലഘട്ടമായിരുന്നു. അതിനൊരു ഉദാഹരണമുണ്ട്. അന്നത്തെ കാലത്ത് അധികാരികൾ ഒരു വിധി പ്രഖ്യാപിക്കുകയുണ്ടായി. "നാളത് കുടിയക്കോണത്ത് കുടിയിരിക്കും ഈഴം ശങ്കരൻ ശങ്കരൻ പേരിൽ ടിയാൻ പച്ചവുകെട്ടിക്കറന്ന പിഴയ്ക്ക് മുപ്പത് പണം ഉത്തിരിപ്പാട് " എന്നതായിരുന്നു ആ വിധിന്യായം. ഇത് തിരുവിതാംകൂറിലെ നിയമവ്യവസ്ഥയായിരുന്നു. കൊച്ചിയിലേത് അതിനേക്കാൾ പ്രയാസകരമായിരുന്നു. പണ്ടുകാലത്ത് കേരളത്തിൽ പശുക്കളെ കറന്ന് പാൽ ഉപയോഗിക്കാൻ സവർണ്ണ ഹിന്ദുക്കൾക്ക് മാത്രമേ അർഹതയുണ്ടായിരുന്നുള്ളൂ. അങ്ങനെയൊരു വിശ്വാസവും ആചാരവും ഇവിടെ നിലനിന്നിരുന്നു. പിന്നീടൊരു ഘട്ടമെത്തിയപ്പോൾ പാർശ്വവൽക്കരിക്കപ്പെട്ട സാധാരണക്കാരുടെ വീടുകളിൽ പശു പ്രസവിച്ചാൽ പതിനൊന്നാം ദിവസം പാൽ മനയ്ക്കലേയ്ക്ക് കൊടുക്കണമായിരുന്നു. പതിനൊന്നാം ദിവസം രാവിലെ ആളെ അയച്ച് പശുവിനെ കറന്ന് പാൽ കൊണ്ടുപോരണമെന്ന് പശുവിന്റെ ഉടമസ്ഥൻ പത്താം ദിവസംതന്നെ ഇല്ലത്തുപോയി അപേക്ഷിക്കണം. അപ്രകാരം പാൽ കൊണ്ടുവന്നിരുന്ന ഒരു

കാലമുണ്ടായിരുന്നു. പശുവിനെ ആർക്കും വളർത്താം. പക്ഷേ, അത് പ്രസവിച്ചാൽ പാൽ കറന്നെടുക്കാൻ ഈഴവർക്കും മറ്റും അവകാശമില്ല. അടുത്തുള്ള നായർ പ്രമാണിയെത്തന്നെ പശുവിനെ ഏൽപ്പിക്കണം. കറവ തീരുമ്പോൾ പശുവിനെ തിരിച്ച് കൊടുക്കും. കൊടുക്കുമ്പോഴും വാങ്ങുമ്പോഴും ഓരോ ഊണ് കിട്ടിയെന്നുവരും. ഇതാണ് പ്രതിഫലം. അന്ന് പാൽ സൊസൈറ്റിയൊന്നുമില്ല. ഇത് ലംഘിച്ചാൽ പശുവിന്റെ ഉടമസ്ഥനെ മരത്തിൽ കെട്ടി അടിക്കും. സ്വന്തക്കാർ ചെന്ന് വെറ്റിലപ്പാക്ക് വച്ച് ക്ഷമാപ്രാർത്ഥന ചെയ്ത് പശുവിനെ കൊടുത്ത് അയാളെ മരത്തിൽനിന്നും അഴിച്ചുവിടുവിക്കണം. ഇതായിരുന്നു അന്നത്തെ വ്യവസ്ഥ. പിന്നീട് 1876-80 കാലഘട്ടത്തിൽ ഇതിനെതിരെ പ്രതിരോധം ശക്തിപ്പെട്ടു. ചേർത്തലയിലെ തണ്ണീർമുക്കത്ത് ഉഴുതുമ്മേൽ കിട്ടൻ എന്ന ഒരു സാമൂഹിക പരിഷ്കർത്താവ് ഇതിനെതിരായി ശക്തമായി ഇടപെടുകയുണ്ടായി. അന്ന് അദ്ദേഹത്തിന് പതിനൊന്നോളം പശുക്കളുണ്ടായിരുന്നു. പശു കറവകൾക്കുള്ള സവർണ്ണരുടെ മേൽക്കോയ്മയ്ക്ക് അദ്ദേഹം വിഘ്നം വരുത്തി. അദ്ദേഹത്തിനെതിരെ അന്നത്തെ പ്രമാണിയായ ഞർക്കുരു കുട്ടിപ്പണിക്കർ കേസ് കൊടുത്തു. പാവപ്പെട്ട

കറവക്കാരെല്ലാംകൂടിചേർന്ന് പണപ്പിരിവ് നടത്തി കേസ് ജയിച്ചതായിരുന്നു ചരിത്രം. ഇന്ന് അതിൽനിന്നും ഏറെ വ്യത്യസ്തമാണ്. സമൂഹം ഏറെ മുന്നോട്ടുപോയി. പാർശ്വവൽക്കരിക്കപ്പെട്ട എല്ലാ വിഭാഗം ജനങ്ങൾക്കും മാന്യമായി നിവർന്നുനടക്കാൻ സാധിച്ചു. അധഃസ്ഥിത ജനവിഭാഗങ്ങളെയെല്ലാം പുഴുക്കളെപ്പോലെയും ഇരുകാലി മൃഗങ്ങളായും സങ്കൽപ്പിച്ചിരുന്ന വ്യവസ്ഥ മാറി. സാമൂഹിക പരിഷ്കർത്താക്കളുടെയും നവോത്ഥാന നായകരുടെയുമെല്ലാം പ്രവർത്തനത്തിന്റെ ഫലമായി അഭിമാനബോധമുള്ളവരാക്കി കേരളത്തെ മാറ്റാൻ നമുക്ക് കഴിഞ്ഞു. അതിനനുസൃതമായി സമൂഹം വളർന്നു. അതിന്റെ തലത്തിൽനിന്നും മികച്ച മുന്നേറ്റം സൃഷ്ടിക്കുന്ന ഈ ഒരു കാലയളവിൽ ശ്രദ്ധേയമായ രീതിയിലുള്ള പ്രവർത്തനങ്ങളുമായാണ് ക്ഷീര വികസന വകുപ്പ് മുന്നോട്ടുപോകുന്നത്. അതുസംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിക്കുകയുണ്ടായി.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

കന്നുകാലി വളർത്തലിൽ ഏർപ്പെട്ടിരിക്കുന്ന സംസ്ഥാനത്തെ ക്ഷീരകർഷകർക്ക് ആശ്വാസം പകരുന്നതിനും അവരുടെ ക്ഷേമം

ഉറപ്പുവരുത്തുന്നതിനും അവർക്ക് പെൻഷൻ നൽകുന്നതിനുംവേണ്ടിയാണ് കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡ് നിലവിൽ വന്നത്. ക്ഷീരകർഷകരുടെ സാമൂഹിക-സാമ്പത്തിക ഉന്നമനം ഉറപ്പാക്കുന്നതിനും പാൽ ഉൽപ്പാദനരംഗത്ത് സ്വയംപര്യാപ്തത കൈവരിക്കുന്നതിനും സഹകരണ മേഖലയെ ശക്തിപ്പെടുത്തുന്നതിനും ഇതുവഴി സാധിക്കുന്നുണ്ട്. സഹകരണ സ്പർശമേൽക്കാത്ത ഒരു കുടുംബമോ വ്യക്തിയോ കേരളീയ സമൂഹത്തിലില്ല. എല്ലാ മേഖലകളിലും സഹകരണ മേഖല ശക്തിപ്പെട്ടുവരികയാണ്. വളരെ ശ്രദ്ധേയമായ ഇടപെടലുകളാണ് പാൽ സൊസൈറ്റികളുടെ ഭാഗത്തുനിന്നുണ്ടായിക്കൊണ്ടിരിക്കുന്നത്. യുവജനങ്ങളെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുകയെന്ന ലക്ഷ്യം ബഹുമാനപ്പെട്ട മന്ത്രി ചൂണ്ടിക്കാണിക്കുകയുണ്ടായി. 2022-23 സാമ്പത്തിക വർഷം ക്ഷേമനിധി നിയമപ്രകാരം നിശ്ചിത യോഗ്യത നേടിയ 58479 അംഗങ്ങൾക്ക് പ്രതിമാസം 1,600/- രൂപ നിരക്കിൽ പെൻഷനും പെൻഷണർ മരണപ്പെട്ടാൽ അനന്തരാവകാശിക്ക് പ്രതിമാസം 550/- രൂപ നിരക്കിൽ കുടുംബ പെൻഷനും നൽകിവരുന്നു. നിലവിൽ 3973 അംഗങ്ങളുടെ നോമിനികൾക്ക്

കുടുംബ പെൻഷൻ നൽകിവരുന്നുണ്ട്. അംഗങ്ങളുടെ പെൺമക്കളുടെ വിവാഹത്തിന് 5,000/- രൂപ ധനസഹായം നൽകുന്നുണ്ട്. മരണപ്പെടുന്ന അംഗങ്ങളുടെ മരണാനന്തര ചടങ്ങുകൾ നിർവ്വഹിക്കുന്നതിന് നൽകുന്ന ധനസഹായമായ 3,000/- രൂപ കാലതാമസമില്ലാതെ കൊടുക്കാൻ കഴിയുന്നത് ശ്രദ്ധേയമാണ്. എസ്.എസ്.എൽ.സി., പ്ലസ് ടു, ഡിഗ്രി, പ്രൊഫഷണൽ കോഴ്സുകൾ തുടങ്ങിയ തലങ്ങളിൽ മികച്ച വിജയം കരസ്ഥമാക്കിയവർക്ക് യഥാക്രമം 1000, 1500, 2000, 2500 രൂപ നിരക്കിൽ വിദ്യാഭ്യാസ ധനസഹായം നൽകാൻ കഴിയുന്നുണ്ട്. മികച്ച ക്ഷീരകർഷകനുള്ള ധനസഹായം, ക്ഷീര സുരക്ഷാ പദ്ധതി, കോവിഡ് ധനസഹായം, ഓണമധുരം തുടങ്ങി വിവിധ പേരുകളിൽ ശ്രദ്ധേയമായ രീതിയിലുള്ള സാന്ത്വനസ്പർശമാണ് ഈ മേഖലയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. 2022-23 സാമ്പത്തിക വർഷത്തിൽ കേരള ക്ഷീരകർഷക ക്ഷേമനിധിയിൽനിന്നും ലഭ്യമാക്കിയ വിവിധ ധനസഹായങ്ങൾ ശ്രദ്ധേയമാണ്. പെൻഷൻ ഇനത്തിൽ 9,28,53,900/- രൂപയും കുടുംബ പെൻഷൻ ഇനത്തിൽ 1,88,86,600/- രൂപയും വിവാഹ

ധനസഹായമായി 753 പേർക്ക് 37,65,000/- രൂപയും മരണാനന്തര സഹായമായി 2486 പേർക്ക് 74,58,000/- രൂപയും ക്ഷീര സുരക്ഷാ പദ്ധതിയിൽ 243 പേർക്ക് 39,33,990/- രൂപയും നൽകിയിട്ടുണ്ട്. വിദ്യാഭ്യാസ ധനസഹായമായി 7,16,000/- രൂപയും കോവിഡ് ധനസഹായമായി 2,59,46,616/- രൂപയും ഓണമധുരം പദ്ധതിയിൽ 30453 പേർക്ക് 76,13,250/- രൂപയും നൽകി. മികച്ച ക്ഷീര കർഷക അവാർഡിന് 14 ജില്ലകളിലുമായി 70,000/- രൂപയും മികച്ച ക്ഷീരകർഷകർക്കുള്ള സംസ്ഥാന അവാർഡായി 10,000/- രൂപയും നൽകി. 99,69,03,356/- രൂപയാണ് ഈ മേഖലയിൽ ആകെ ചെലവഴിച്ചത്. ക്ഷീര വികസന വകുപ്പ് പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ഉൽപ്പാദന ചെലവ് കുറയ്ക്കുന്നതിനും ക്ഷീര സംഘങ്ങളെ ശാക്തീകരിക്കുന്നതിനും വിവിധ പദ്ധതികൾ നടപ്പാക്കിവരുന്നു. ഗ്രാമീണ വിജ്ഞാന വ്യാപന പ്രവർത്തനം, തീറ്റപ്പുൽകൃഷി, എം.എസ്.ഡി.പി. (മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാം), ക്ഷീരഗ്രാമം, ക്ഷീര സംഘങ്ങൾക്കുള്ള പ്രധാന ധനസഹായം തുടങ്ങിയ പദ്ധതികളെല്ലാം പ്രധാനപ്പെട്ടവയാണ്. മിൽമയുടെ പ്രവർത്തനവും വളരെ ശ്രദ്ധേയമാണ്. മിൽമയുടെ പാൽ

വിതരണം പ്രതിദിനം ശരാശരി 1278024 ലിറ്ററായിരുന്നത് 2022 ഒക്ടോബറിൽ 1592331 ലിറ്ററായി വർദ്ധിച്ചു. കർണ്ണാടകയിൽനിന്നുള്ള 'നന്ദിനി' പാൽ കേരളത്തിൽ നേരിട്ട് വിൽക്കുന്നത് നിയന്ത്രിക്കുന്നതിന് എങ്ങനെയെല്ലാം ഇടപെടാമെന്നത് സർക്കാർ പരിശോധിക്കേണ്ട വിഷയമാണ്. 2021-22-ൽ 10 ക്ഷീരഗ്രാമമുണ്ടായിരുന്നത് 2022-23-ൽ 20 ആയി ഉയർത്താൻ കഴിഞ്ഞു. 3644-ൽപ്പരം ക്ഷീരോത്പാദക സഹകരണ സംഘങ്ങളും കേരള സഹകരണ ക്ഷീരവിപണന ഫെഡറേഷനും 3 മിൽമ മേഖലാ യൂണിയനുകളും സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. ക്ഷീരോത്പാദക സഹകരണ സംഘങ്ങളിൽ 275000 ക്ഷീരകർഷകർ അംഗങ്ങളായിട്ടുണ്ട്. പ്രതിദിനം ഏകദേശം 20 ലക്ഷത്തോളം ലിറ്റർ പാൽ സംഭരിക്കാനും പ്രാദേശിക വിപണനം കഴിഞ്ഞ് 15 ലക്ഷത്തോളം ലിറ്റർ പാൽ മിൽമയ്ക്ക് നൽകാനും കഴിയുന്നുണ്ട്. പാലുൽപ്പാദന മേഖലയിൽ വിസ്മയകരമായ പുരോഗതിയാണ് കേരളത്തിൽ കൈവരിക്കാൻ സാധിച്ചിട്ടുള്ളത്. ഈ അനുകൂലമായ കാര്യങ്ങളെല്ലാം ചർച്ച ചെയ്യുമ്പോഴും ക്ഷീരകർഷകർ  അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പറയാതിരിക്കാൻ കഴിയില്ല.

അവയെല്ലാം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം. ഒന്ന്, മികച്ച കന്നുകുട്ടികളുടെ അപര്യാപ്തത പരിഹരിക്കണം. രണ്ട്, ആഭ്യന്തരോത്പാദനം വർദ്ധിപ്പിച്ച് പാലിൽ സ്വയംപര്യാപ്തതയുണ്ടാക്കി അന്യസംസ്ഥാനങ്ങളിൽനിന്നും പാൽ കൊണ്ടുവരുന്നത് ഒരു പരിധിവരെ ഒഴിവാക്കുന്നതിന് ശക്തമായ നടപടികൾ സ്വീകരിക്കണം. മൂന്ന്, രോഗപ്രതിരോധ മാർഗ്ഗങ്ങളുടെ ശാസ്ത്രീയത ഇല്ലായ്മ നിമിത്തം പകർച്ചവ്യാധികൾ ഉൾപ്പെടെ വ്യാപിക്കുകയും കന്നുകാലി സമ്പത്തിൽ വ്യാപക നാശനഷ്ടമുണ്ടാകുകയും ചെയ്യുന്നത് പ്രതിരോധിക്കാൻ കഴിയണം. നാല്, കാലിത്തീറ്റയിലും കാലിത്തീറ്റയിൽ ഉൾപ്പെടുത്തേണ്ട വസ്തുക്കളുടെയും അനിയന്ത്രിതമായ വിലക്കയറ്റവും കൊള്ളയും നിയന്ത്രിക്കപ്പെടണം. അഞ്ച്, പ്രതിരോധ കുത്തിവയ്പിൽ സമയബന്ധിത ഇടപെടൽ ഇല്ലാത്തൊരു വിഷയം നിലവിലുണ്ട്. അത് പരിഹരിക്കപ്പെടണം. ആറ്, ത്രിതല പഞ്ചായത്തുകളേയും മറ്റ് സാമ്പത്തിക ഏജൻസികളേയും ഉൾപ്പെടുത്തി ഓരോ ജില്ലയിലും മികച്ച കന്നുക്കുട്ടികളെ കൃഷിക്കാർക്ക് ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണം. ഏഴ്, കർഷകർക്ക് പുൽക്കൃഷി ചെയ്യാനും ശാസ്ത്രീയപരമായി

പരിചരിക്കാനുംവേണ്ട ധനസഹായം ഉറപ്പുവരുത്തണം. എട്ട്, ചെലവ് കുറഞ്ഞതും പ്രകൃതിക്കനുയോജ്യവുമായ തൊഴുത്തുകളുടെ അപര്യാപ്തത പരിഹരിക്കാൻ കഴിയണം. കാസർഗോഡ് ജില്ലയിൽ, പ്രത്യേകിച്ച് എന്റെ മണ്ഡലത്തിൽ ഈയടുത്ത സമയത്താണ് കുളമ്പുരോഗം ബാധിച്ച് നിരവധി പശുക്കൾ ചത്തൊടുങ്ങിയത്. ആ വിഷയത്തിലുണ്ടായ മന്ത്രിയുടെ ഇടപെടലിനെ പ്രത്യേകം അഭിനന്ദിക്കുകയാണ്. ഈ വിഷയം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾത്തന്നെ അവിടേയ്ക്ക് പ്രത്യേക അന്വേഷണ സംഘത്തെ അയച്ച് പ്രശ്നങ്ങൾ പഠിക്കാനും റിപ്പോർട്ട് സമർപ്പിക്കാനും തയ്യാറായി. വളരെ കഷ്ടപ്പെട്ടുണ്ടാക്കിയ തുക ഉപയോഗിച്ച് പശുക്കളെ വാങ്ങിയ സാധാരണക്കാരായ സഹോദരിമാർ ഇപ്പോൾ വളരെ പ്രയാസത്തിലാണ്. അവർക്ക് അർഹമായ നഷ്ടപരിഹാരം നൽകണം. വാക്സിനേഷൻ സമയബന്ധിതമായി നടക്കാപ്പാക്കാത്തതാണ് ഇതിന് പ്രധാനപ്പെട്ട കാരണം. പക്ഷേ, അതിന്റെ പ്രത്യാഘാതം വലുതായിരുന്നു. ആറ് മാസത്തിൽ വാക്സിനെടുക്കേണ്ട പശുക്കൾക്ക് എട്ടുമാസമായിട്ടും എടുക്കാൻ കഴിഞ്ഞില്ല. അത് കേന്ദ്ര സർക്കാർ ഏറ്റെടുത്തതിനുശേഷമാണ്

കാലതാമസം കൂടുതലായി അനുഭവപ്പെടാൻ തുടങ്ങിയത്. കാസർഗോഡ് ജില്ലയിലെ ചെറുവത്തൂർ, പിലിക്കോട്, കയ്യൂർ, ചീമേനി, തൃക്കരിപ്പൂർ തുടങ്ങിയ പഞ്ചായത്തുകളിലായി നാൽപ്പതോളം പശുക്കളും പത്തൊൻപത് കിടാരിയും ഈ രോഗം ബാധിച്ച് ചാകാനിടയായി. അതോടൊപ്പംതന്നെ അഞ്ഞൂറിലധികം പശുക്കൾ രോഗബാധിതരായി. അതിനാൽ വളരെ ശ്രദ്ധേയമായ ഇടപെടൽ ഇതുമായി ബന്ധപ്പെട്ടുണ്ടാകണം. കാസർഗോഡ് ജില്ലയുടെ സമ്പത്താണ് കുള്ളൻ പശുക്കൾ. എന്നാൽ ബദിയടുക്കയിൽ സ്ഥിതി ചെയ്യുന്ന കുള്ളൻ പശുക്കളുടെ ഫാം സൗകര്യക്കുറവുകൊണ്ട് വീർപ്പുമുട്ടുകയാണ്. 120 പശുക്കളെ പാർപ്പിക്കേണ്ട സ്ഥാനത്ത് 186 എണ്ണത്തെയാണ് പാർപ്പിച്ചിരിക്കുന്നത്. അതിനാൽ അടിയന്തരമായി ഈ ഫാമിന്റെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കണം. വെറ്ററിനറി ഡോക്ടർമാരുടെ ഒഴിവുകൾ അടിയന്തരമായി നികത്തുകയെന്നുള്ളതാണ് മറ്റൊരു വിഷയം. ഇതുകാരണം വലിയ പ്രയാസങ്ങളാണ് ജില്ലയിൽ നേരിടുന്നത്. അതിൽ അടിയന്തര നടപടിയുണ്ടാകുമെന്ന് പ്രതീക്ഷിക്കുകയാണ്. ജില്ലയിലെ ഒഴിവുകൾ നികത്തുന്നതുമായി ബന്ധപ്പെട്ട്

ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയിൽ അറിയിച്ച വിവരം വളരെ സന്തോഷം നൽകുന്നതാണ്.

ശ്രീ. എ. പ്രഭാകരൻ: സർ, നാലഞ്ച് പശുക്കളെ വളർത്തുന്ന ഒരു കുടുംബത്തിലെ അംഗങ്ങൾക്ക് രോഗം ബാധിച്ചാൽ ചികിത്സ തേടുന്നതിനോ ബന്ധുക്കളുടെ വീട് സന്ദർശിക്കുന്നതിനോ കല്യാണത്തിനോ വിരുന്നിനോ പങ്കെടുക്കുന്നതിനോ കഴിയാത്ത ബുദ്ധിമുട്ടിനെക്കുറിച്ച് താങ്കൾ ചിന്തിച്ചിട്ടുണ്ടോ? അവർക്ക് നിലവിലുള്ള ആനുകൂല്യം മതിയാകുമോയെന്നതാണ് എന്റെ ചോദ്യം.

ശ്രീ. എം. രാജഗോപാലൻ: സർ, വളരെ ന്യായവും യുക്തിയുള്ളതുമായ അഭിപ്രായ പ്രകടനമാണ് ബഹുമാനപ്പെട്ട അംഗത്തിന്റെ ഭാഗത്തുനിന്നുമുണ്ടായത്. അക്കാര്യം പരിശോധിച്ച് ന്യായമായ സഹായം ഉറപ്പുവരുത്തണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ നിർത്തുന്നു.

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, 2023-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി (ഭേദഗതി) ബില്ലുമായി ബന്ധപ്പെട്ട ഇന്നത്തെ ചർച്ചയിൽ ശ്രീ. എം. രാജഗോപാലൻ

വളരെ മനോഹരമായി പലകാര്യങ്ങളും വിശദീകരിച്ചു. ഞാൻ അദ്ദേഹത്തെ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. അതോടൊപ്പം ചർച്ചയിൽ പങ്കെടുത്ത ശ്രീ. എം. എം. മണിക്കും പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു. ക്ഷേമനിധിയുടെ പ്രവർത്തനങ്ങളെപ്പറ്റി വളരെ വിശദമായി ബഹുമാനപ്പെട്ട അംഗം പറഞ്ഞതുകൊണ്ട് ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. എന്നാൽ മറ്റുചില കാര്യങ്ങളെക്കുറിച്ച് അദ്ദേഹം സൂചിപ്പിച്ചു. കേരളത്തിൽ ഗവൺമെന്റിന്റെ ചെലവിൽത്തന്നെ ക്ഷീര സംഘങ്ങൾവഴി കന്നുക്കുട്ടി പരിപാലന പദ്ധതി നടപ്പാക്കിവരുന്നുണ്ട്. അതോടൊപ്പം കിടാരി പാർക്കുകളുമുണ്ട്. പലപ്പോഴും എം.എസ്.ഡി.പി. പോലെയുള്ള പദ്ധതികളിലേയ്ക്ക് ആവശ്യമായ പശുക്കളെ അയൽസംസ്ഥാനങ്ങളിൽനിന്ന് വാങ്ങിക്കൊണ്ടുവരുന്ന അവസ്ഥയിലേയ്ക്ക് കേരളം പോലെയുള്ള സംസ്ഥാനങ്ങൾ പോകുകയാണ്. അത് കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടംമുതലുള്ള ഒരു പദ്ധതിയാണ്. കാരണം, ഒരു പദ്ധതി പ്രകാരം പശുവിനെ വാങ്ങണമെന്ന് പറയുമ്പോൾ, തൊട്ടടുത്ത വീടുകളിലെ പശുവിനെ അഴിച്ചുകൊണ്ടുവന്ന് കാണിക്കുന്ന പ്രവണത കേരളത്തെ സംബന്ധിച്ച് ഉണ്ടായതുകൊണ്ടാണ് അന്ന് കേരളത്തിന്

പുറത്തുപോയി ഇത്തരത്തിലുള്ള പശുക്കളെ കൊണ്ടുവരണമെന്ന് പറഞ്ഞത്. ഇന്ന് അതിനുപകരമായി കേരളത്തിലെ എല്ലാ ജില്ലകളിലും കിടാരി പാർക്കുകൾ ആരംഭിക്കുന്നതിനുള്ള വലിയ പരിശ്രമമാണ് സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. 50 കിടാരികളുള്ള ഓരോ പാർക്ക് ഇടുക്കി ഉൾപ്പെടെയുള്ള പല ജില്ലകളിലും തുടങ്ങിക്കഴിഞ്ഞു. നമ്മുടെ കർഷകർക്കാവശ്യമായ നല്ലയിനം പശുക്കളെ  കിടാരി പാർക്കിൽത്തന്നെ വളർത്തിയെടുക്കുന്ന സംവിധാനം ആരംഭിച്ചിട്ടുണ്ട്. അതോടൊപ്പംതന്നെ ഇന്ന് പശുക്കളെ ബാധിക്കുന്ന ഒട്ടനവധി രോഗങ്ങളുണ്ട്. അയൽസംസ്ഥാനങ്ങളിൽനിന്നും കേരളത്തിലേയ്ക്ക് കൊണ്ടുവരുന്ന പശുക്കളെ ക്വാറന്റൈനിൽ ആക്കാതിരുന്നതിനാലാണ് കേരളത്തിലെ കന്നുകാലികളിൽ കുളമ്പുരോഗം, ചർമ്മരോഗം ഉൾപ്പെടെയുള്ളവ പടർന്നുപിടിച്ചത്. അതൊരു യാഥാർത്ഥ്യമാണ്. അതിനാൽ ഈ ഗവൺമെന്റ് അധികാരത്തിൽവന്നപ്പോൾത്തന്നെ കുളമ്പുരോഗം സംബന്ധിച്ച വിഷയം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും അവർ ഇതിനുള്ള വാക്സിനെത്തിക്കുന്നതിന് കാലതാമസം വരുത്തുകയാണെങ്കിൽ

കേരളത്തിൽത്തന്നെ അതിനുള്ള വാക്സിനെടുക്കുമെന്ന് ഞങ്ങൾ അറിയിക്കുകയും ചെയ്തു. എന്നാൽ ഇപ്രാവശ്യം കേന്ദ്ര ഗവൺമെന്റ് സമയബന്ധിതമായി വാക്സിൻ എത്തിക്കുകയും പശുക്കൾക്ക് മൂന്ന് ടേമിലായി കുളമ്പുരോഗത്തിനുള്ള മരുന്ന് കുത്തിവയ്ക്കുകയും ചെയ്തു. പക്ഷേ ചില പ്രദേശങ്ങളിൽ ഈ മരുന്ന് ലഭ്യമല്ലെന്ന കാരണത്താൽ ചിലർ അങ്ങോട്ട് പോകുകയോ വാക്സിൻ നൽകുകയോ ചെയ്യുന്നില്ല എന്ന പരാതിയുണ്ട്. അതിന് ഉദാഹരണമാണ് ശ്രീ. എം. രാജഗോപാലൻ എം.എൽ.എ. സൂചിപ്പിച്ച കാസർഗോഡുള്ള കാര്യം. അവിടെയുള്ള രോഗം ബാധിച്ച പശുക്കൾക്ക് പെട്ടെന്ന് വാക്സിൻ കൊടുക്കാൻ കഴിയില്ല. എന്നാൽ പരിസര പ്രദേശത്തുള്ള മറ്റ് പശുക്കൾക്ക് അടിയന്തരമായി വാക്സിനും ഡോക്ടർമാരുടെ സേവനങ്ങളും ലഭ്യമാക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്. ചർമ്മ മുഴ ബാധിച്ച പശുക്കൾക്ക് ആനുകൂല്യങ്ങൾ പ്രഖ്യാപിക്കുമെന്ന് കഴിഞ്ഞ സമ്മേളനത്തിൽ പറഞ്ഞിരുന്നു. അതിനർഹതയുള്ളവരുടെ ലിസ്റ്റുകൾ ഇപ്പോൾ തയ്യാറാക്കിയിട്ടുണ്ട്. അത് കൊടുക്കാനുള്ള സംവിധാനത്തിലേയ്ക്ക് പോകുകയാണ്. കേരളത്തിലെ തനത് പശുക്കളാണ് കുള്ളൻ, വെച്ചൂർ

പശുക്കൾ. അതിൽ വെച്ചൂർ പശുവിനെ വ്യാപകമായി വളർത്തുന്നതിനുള്ള സംവിധാനത്തിലേയ്ക്ക് എത്തിച്ചേർന്നിട്ടുണ്ട്. കഴിഞ്ഞ വർഷം പ്രോജക്ട് സമർപ്പിച്ചത് കുട്ടമ്പുഴ കുള്ളൻ പശുവിനാണ്. ആയിനം പശുക്കളുടെ വർദ്ധന കേരളത്തിൽ ഇപ്പോൾ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. അത്തരം ആയിരം പശുക്കൾ കേരളത്തിലുണ്ടെങ്കിൽ കുട്ടമ്പുഴ കുള്ളൻ പശു നമ്മുടെ തനത് പശുവായി അംഗീകരിക്കപ്പെടാൻ സാധിക്കും. അതിനുവേണ്ടിയുള്ള സംവിധാനങ്ങളെല്ലാം വകുപ്പ് ചെയ്യുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം പറഞ്ഞ മറ്റൊരു കാര്യം വെറ്ററിനറി ഡോക്ടർമാരുടെ അഭാവമാണ്. അതിനായി പി.എസ്.സി. ലിസ്റ്റ് പ്രസിദ്ധീകരിച്ച് ഡോക്ടർമാരുടെ നിയമനം നടത്തിയിട്ടുണ്ട്. ഒഴിവുള്ളയിടങ്ങളിലെല്ലാം ഡോക്ടർമാരുടെ സേവനം ഉറപ്പുവരുത്തുന്നതിനുള്ള എല്ലാ കാര്യങ്ങളും വകുപ്പ് ചെയ്യുന്നതാണ്. കേരളത്തിലെ ക്ഷീര കർഷക ക്ഷേമനിധി ബോർഡിന്റെ ഒരു നിയമ ഭേദഗതിയുമായി ബന്ധപ്പെട്ടാണ് ഈ ബിൽ ചർച്ചയ്ക്ക് കൊണ്ടുവന്നിട്ടുള്ളത്. ക്ഷീര കർഷകർക്കും അവരുടെ കുടുംബങ്ങൾക്കും സഹായം ലഭ്യമാക്കാൻ സാധിക്കുന്ന ഇൻഷ്വറൻസ് പദ്ധതികളും അവരുടെ ഉരുക്കൾക്കും മറ്റും തീറ്റയും

ഔഷധങ്ങളും മിതമായ വിലയിൽ വിതരണം ചെയ്യുന്നതിനുള്ള പദ്ധതികളും നടപ്പാക്കുന്നതിന് നിലവിൽ നിയമ വ്യവസ്ഥയുണ്ടായിരുന്നില്ല. ഭേദഗതിവഴി അവ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡിലെ നിലവിലുള്ള ഭരണ സമിതിയിൽ ആനന്ദ് മാതൃകാ ക്ഷീരസംഘങ്ങളുടെയും ധനകാര്യ/നിയമ/ക്ഷീരവികസന വകുപ്പുകളുടെയും ഉദ്യോഗസ്ഥ പ്രാതിനിധ്യം ഉണ്ടായിരുന്നില്ല. ഇവയെല്ലാം ക്ഷേമനിധിയുടെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമാണെന്ന് വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിലാണ് ഒരു ഭേദഗതി നിയമം കൊണ്ടുവരുന്നതിനായി സർക്കാർ ആലോചിച്ചത്. ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>മി. സ്പീക്കർ</u>: ശ്രീ. എം. എം. മണി, അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

(ബഹുമാനപ്പെട്ട അംഗം സീറ്റിലില്ല)

<u>മി. സ്പീക്കർ</u>: ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. രാജഗോപാലൻ, അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എം. രാജഗോപാലൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2023-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി (ഭേദഗതി) ബിൽ കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I -ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ...............

പ്രതികൂലിക്കുന്നവർ...............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു; ബിൽ സബ്ജക്ട് കമ്മിറ്റി I-ന്റെ പരിഗണനയ്ക്കയയ്ക്കുന്നു.

ഓർഡർ....... ഓർഡർ..... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2023 ആഗസ്റ്റ് മാസം 9-ാം തീയതി ബുധനാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 4.50-ന് പിരിഞ്ഞു.)

**അനുബന്ധം I**

## രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ലൈഫ് ഭവന പദ്ധതി

5 (*5) ശ്രീ. പി. നന്ദകുമാർ:
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. ലിന്റോ ജോസഫ്:
ശ്രീ. എം. മുകേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ലൈഫ് ഭവന പദ്ധതിയുടെ ഇതുവരെയുള്ള പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഉണ്ട്. ലൈഫ് സമ്പൂർണ്ണ പാർപ്പിട പദ്ധതിയുടെ ഭാഗമായി 2017 മുതൽ 31-07-2023 വരെ 348026 ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 4 ഭവന സമുച്ചയങ്ങളുടെ (174 യൂണിറ്റുകൾ) നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്. 117762 വ്യക്തിഗതഭവനങ്ങളും 25

ഭവനസമുച്ചയങ്ങളും നിർമ്മാണപുരോഗതിയിലാണ്. 25 ഭവന സമുച്ചയങ്ങളിലായി 1201 യൂണിറ്റുകളുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലൈഫ് പദ്ധതി പ്രകാരം ഫ്ലാറ്റ് സമുച്ചയങ്ങൾ എവിടെയെല്ലാമാണ് ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതെന്നും അതിനായി സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ടോയെന്നും അറിയിക്കുമോ?

തിരുവനന്തപുരം ജില്ലയിലെ പൂവച്ചൽ ഗ്രാമപഞ്ചായത്തിലും എറണാകുളം ജില്ലയിലെ നെല്ലിക്കുഴി ഗ്രാമപഞ്ചായത്തിലും ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ടി സ്ഥലങ്ങളിൽ ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് 'മനസ്സോടിത്തിരി മണ്ണ്' കാമ്പയിനിന്റെ ഭാഗമായി സ്ഥലം ലഭ്യമായിട്ടുണ്ട്. പൂവച്ചൽ ഭവന സമുച്ചയത്തിൽ 114 യൂണിറ്റുകളും നെല്ലിക്കുഴി ഭവന സമുച്ചയത്തിൽ 24 യൂണിറ്റുകളും ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) ലൈഫ് പദ്ധതിക്കായി ഇതുവരെ ചെലവഴിച്ച തുകയുടെ വിശദാംശം ലഭ്യമാക്കുമോ?

ലൈഫ് പദ്ധതിക്കായി 2017-18 മുതൽ 31-07-2023 വരെ ആകെ 13,736.10 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| നം. | ഇനം | തുക (കോടിയിൽ) |
|---|---|---|
| 1 | ലൈഫ് മിഷന്റെ തനത് ശീർഷകത്തിൽ നിന്ന് | 2082.46 |
| 2 | പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പിന്റെ വിഹിതം | 906.17 |
| 3 | ഫിഷറീസ് വകുപ്പിന്റെ വിഹിതം | 5.28 |
| 4 | ഹഡ്കോ ലോൺ | 3958 |
| 5 | ബാങ്ക് ലോൺ | 425 |
| 6 | ഗ്രാമ-നഗര പി.എം.എ.വൈ. സ്കീമിന് വേണ്ടിയുള്ള സംസ്ഥാന വിഹിതം | 905.10 |
| 7 | ഗ്രാമ-നഗര പി.എം.എ.വൈ. സ്കീമിന് വേണ്ടിയുള്ള കേന്ദ്ര വിഹിതം | 2024.65 |
| | ആകെ | 10306.66 |

മേൽപ്പറഞ്ഞ 10,306.66 കോടി രൂപയ്ക്കുപുറമെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതമായും വകുപ്പുകൾ മുഖേനയും 3429.94 കോടി രൂപയും ഉൾപ്പെടെ ആകെ 13,736.10 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത പദ്ധതി പ്രകാരമുള്ള ഗുണഭോക്താക്കൾക്ക് വീടിന്റെ നിർമ്മാണപ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സാങ്കേതിക തടസ്സങ്ങൾ നേരിടുകയാണെങ്കിൽ അവ ദൂരീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുമോ; വ്യക്തമാക്കാമോ?

തടസ്സങ്ങൾ സമയബന്ധിതമായി ദൂരീകരിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഗുണഭോക്താക്കളുടെ ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട സാങ്കേതിക തടസ്സങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയും ജില്ലാതലത്തിലും പരിഹരിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ട്.

**ശ്രുതിതരംഗം പദ്ധതി പുനരാരംഭിക്കാൻ നടപടി**

6 (*6) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. ഷാഫി പറമ്പിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അഞ്ച് വയസ്സുവരെ പ്രായമുള്ളതും ശ്രവണവൈകല്യമുള്ളതുമായ കുട്ടികൾക്കായി 2011-16 കാലയളവിൽ ആരംഭിച്ച ശ്രുതിതരംഗം പദ്ധതി മുടങ്ങിയതിന്റെ കാരണം വിശദമാക്കാമോ?

സംസ്ഥാനത്തെ അഞ്ച് വയസ്സ് വരെയുള്ള കുട്ടികളിലെ ശ്രവണ വൈകല്യം കണ്ടെത്തി പരിഹരിക്കുന്നതിന് നടത്തിവരുന്ന ശ്രുതിതരംഗം പദ്ധതി മുടങ്ങിയിട്ടില്ല. പദ്ധതി മുഖാന്തരം സർജറി നടത്തുന്നതിനായി ലഭിച്ചിട്ടുള്ള അപേക്ഷകൾ പരിശോധിച്ച് തീർപ്പാക്കിവരുന്നുണ്ട്. കോക്ലിയർ ഇംപ്ലാന്റേഷൻ സർജറിയുമായി ബന്ധപ്പെട്ട് ലഭിച്ച 52 അപേക്ഷകളിൽ സാങ്കേതിക സമിതി പരിശോധിച്ച് 44 കുട്ടികൾക്ക് അടിയന്തര ശസ്ത്രക്രിയ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത പദ്ധതിയിൽ പുതുതായി കുട്ടികളെ ഉൾപ്പെടുത്താത്തതും അപ്ഗ്രഡേഷൻ നടത്തേണ്ട കുട്ടികൾക്ക് തുടർന്നും സഹായം ലഭ്യമാക്കാൻ സാധിക്കാത്തതും കാരണം ശ്രവണവൈകല്യമുള്ള കുട്ടികളുടെ ഭാവി

പ്രതിസന്ധിയിലായിരിക്കുകയാണെന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദമാക്കാമോ?

കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പാക്കിവന്നിരുന്ന ശ്രുതിതരംഗം പദ്ധതി, 2023-24 സാമ്പത്തിക വർഷം മുതൽ സ്റ്റേറ്റ് ഹെൽത്ത് ഏജൻസി മുഖേന നടപ്പാക്കുമെന്ന് സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നു. പ്രസ്തുത പദ്ധതി മുഖാന്തരം സർജറി നടത്തിപ്പിനായി ലഭിച്ചിട്ടുള്ള അപേക്ഷകൾ പരിശോധിച്ച് തീർപ്പാക്കിവരുന്നുണ്ട്. കൂടാതെ, ചികിത്സ നൽകുന്ന എംപാനൽ ചെയ്യപ്പെട്ട ആശുപത്രികൾ വഴി ലഭിക്കുന്ന പുതിയ അപേക്ഷകളും പരിഗണിക്കുന്നതാണ്. പ്രോസസ്സർ അപ്ഗ്രഡേഷനുമായി ബന്ധപ്പെട്ട് നാളിതുവരെ 25 അപേക്ഷകൾ ലഭിക്കുകയും സ.ഉ (സാധാ) 1821/2023/ആ.കു.വ. പ്രകാരം അവയ്ക്കുള്ള ധനസഹായമായി 59,47,500/- രൂപ സർക്കാർ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

(സി) സാമൂഹ്യനീതി വകുപ്പിന് കീഴിലായിരുന്ന പ്രസ്തുത പദ്ധതി ആരോഗ്യവകുപ്പിന്റെ കീഴിലേയ്ക്ക് മാറ്റിയതിന്റെ കാരണം വിശദമാക്കാമോ?

പതിനാലാം പഞ്ചവത്സര പദ്ധതിക്കാലത്ത് മെഡിക്കൽ അഷ്വറൻസ് വിപുലീകരിക്കുന്നതിനുള്ള ലക്ഷ്യം വച്ചുകൊണ്ട് സമാനസ്വഭാവമുള്ള പദ്ധതികൾ ഏകോപിപ്പിക്കുന്നതിനും ആവർത്തനം ഒഴിവാക്കുന്നതിലേയ്ക്കുമായി വിവിധ വകുപ്പുകൾ നടപ്പാക്കിവരുന്ന ഇൻഷ്വറൻസ് പദ്ധതികൾ/ചികിത്സാ സഹായം/മെഡിക്കൽ ഇൻഷ്വറൻസ് തുടങ്ങിയവ സ്റ്റേറ്റ് ഹെൽത്ത് ഏജൻസി വഴി നടപ്പാക്കുന്നതിന് സംസ്ഥാന ആസൂത്രണ ബോർഡ് നിർദ്ദേശിക്കുകയുണ്ടായി. ചികിത്സാ സഹായത്തിനായി വരുന്ന രോഗികൾക്ക് വിവിധ വകുപ്പുകൾ കയറിയിറങ്ങുന്നത് ഒഴിവാക്കാനും പൂർണ്ണമായും പണരഹിത ഇടപാടിൽതന്നെ പദ്ധതിയുടെ ഗുണഫലം ലഭ്യമാക്കാനും ഇതുവഴി സാധിക്കും. സംസ്ഥാന ആസൂത്രണ ബോർഡിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലും തുടർന്ന് 2023-24-ലെ സംസ്ഥാന ബഡ്ജറ്റിലെ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിലുമാണ് സാമൂഹ്യനീതി വകുപ്പിനുകീഴിൽ നടപ്പാക്കി വന്നിരുന്ന ശ്രുതിതരംഗം, താലോലം, കാൻസർ സുരക്ഷ എന്നീ പദ്ധതികൾ ആരോഗ്യ വകുപ്പിലേയ്ക്ക് മാറ്റിയത്.

(ഡി) പ്രസ്തുത പദ്ധതി പുനരാരംഭിച്ച് അർഹരായ എല്ലാ കുട്ടികൾക്കും സഹായം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

പ്രസ്തുത പദ്ധതി മുടങ്ങിയിട്ടില്ല. പദ്ധതി മുഖാന്തരം സർജറി നടത്തുന്നതിനായി ലഭിച്ചിട്ടുള്ള അപേക്ഷകൾ പരിശോധിച്ച് തീർപ്പാക്കി വരുന്നുണ്ട്. കൂടാതെ, ചികിത്സ നൽകുന്ന എംപാനൽ ചെയ്യപ്പെട്ട ആശുപത്രികൾ വഴി ലഭിക്കുന്ന പുതിയ അപേക്ഷകളും പരിഗണിക്കുന്നതാണ്.

(ഇ) കോക്ലിയർ ഇംപ്ലാന്റേഷൻ അപ്ഗ്രഡേഷൻ നടത്തേണ്ട കുട്ടികൾക്ക് അടിയന്തരമായി സഹായം ലഭ്യമാക്കാൻ തയ്യാറാകുമോ; വിശദമാക്കാമോ?

ശ്രുതിതരംഗം പദ്ധതിയോടനുബന്ധിച്ച് അടിയന്തരമായി പ്രോസസ്സർ അപ്ഗ്രേഡ് ചെയ്യേണ്ടത് സംബന്ധിച്ച് നാളിതുവരെ ലഭിച്ച 25 അപേക്ഷകൾക്ക്, സ.ഉ. (സാധാ) നം.1821/2023/ആ.കു.വ. പ്രകാരം ധനസഹായമായി 59,47,500/- രൂപ കേരള സാമൂഹ്യ സുരക്ഷാ മിഷന് അനുവദിച്ചിട്ടുണ്ട്.

**സപ്ലൈകോ സംഭരിച്ച നെല്ലിന്റെ വില ലഭ്യമാക്കാൻ നടപടി**

7 (*7) <u>ശ്രീ. പി. ജെ. ജോസഫ്</u>:
<u>ശ്രീ. മോൻസ് ജോസഫ്</u>:
<u>ശ്രീ. അനൂപ് ജേക്കബ്</u>:
<u>ശ്രീ. മാണി സി. കാപ്പൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ) സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോ സംഭരിച്ച നെല്ലിന്റെ വില കർഷകർക്ക് പൂർണ്ണമായും കൊടുത്ത് തീർക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

2022-23 നെല്ല് സംഭരണ സീസണിലെ നെല്ലിന്റെ വില പൂർണ്ണമായും കൊടുത്തു തീർക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു. ഈ സീസണിൽ 31-07-2023 വരെ സപ്ലൈകോ 731184 മെട്രിക് ടൺ നെല്ല് സംഭരിച്ചിട്ടുണ്ട്. ഒരു കിലോഗ്രാം നെല്ലിന്റെ വിലയായ 28.20 രൂപ, കൈകാര്യ ചെലവിനത്തിലുള്ള 12 പൈസ എന്നിവ ഉൾപ്പെടെ ആകെ 2070.71 കോടി രൂപയിൽ 1637.83 കോടി രൂപ നൽകിക്കഴിഞ്ഞിട്ടുണ്ട്. നെല്ലിന്റെ വില,

കൈകാര്യ ചെലവ് എന്നിവയുടെ ഇനത്തിൽ ഏകദേശം 433 കോടി രൂപ ഇനിയും കൊടുത്ത് തീർക്കാനുണ്ട്. ഇതിനായി 31-7-2023-ലെ സ.ഉ.(സാധാ)നം.327/2023/എഫ്.&സി.എസ്. പ്രകാരം 60 കോടി രൂപയും 02-8-2023 ലെ സ.ഉ.(സാധാ)നം.331/2023/എഫ്.&സി.എസ്. പ്രകാരം 120 കോടി രൂപയും ഉൾപ്പെടെ ആകെ 180 കോടി രൂപ ഇപ്പോൾ സർക്കാർ അനുവദിച്ചിട്ടുണ്ട്. ശേഷിക്കുന്ന തുക നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കർഷകരിൽനിന്നും താങ്ങുവില നൽകി നെല്ല് സംഭരിച്ച് സംസ്കരിച്ച് പൊതുവിതരണ സംവിധാനം വഴി വിതരണം ചെയ്യുന്നതാണ് ഈ പദ്ധതി. കേന്ദ്രസർക്കാർ നൽകുന്ന അടിസ്ഥാനവിലയും സംസ്ഥാന സർക്കാർ നൽകുന്ന പ്രോത്സാഹന ബോണസും ഉൾപ്പെടെ ഒരു കിലോഗ്രാം നെല്ലിന് 28.20 രൂപയാണ് നിലവിൽ നൽകിവരുന്നത്. ഇപ്രകാരം സംഭരിച്ച നെല്ല് സംസ്കരിച്ച് അരിയാക്കി പൊതുവിതരണ സംവിധാനത്തിലൂടെ വിതരണം ചെയ്തതിനുശേഷം മാത്രമേ കേന്ദ്രവിഹിതം ലഭിക്കാനുള്ള ക്ലെയിം സമർപ്പിക്കാൻ സാധിക്കുകയുള്ളൂ. ക്ലെയിം സമർപ്പിച്ച് തുക

അനുവദിക്കപ്പെട്ടുമ്പോഴേയ്ക്കും നെല്ല് സംഭരിച്ച് 6 മാസം വരെ കാലതാമസം വരാറുണ്ട്. ഇപ്രകാരം സർക്കാർ വിഹിതം ലഭിക്കുന്നതുവരെ കാത്തിരിക്കാതെ നെല്ല് സംഭരിച്ചാലുടൻ കർഷകർക്ക് വില നൽകുന്നതിനുവേണ്ടി വായ്പാ സംവിധാനം ക്രമീകരിക്കുകയാണ് സപ്ലൈകോ ചെയ്തുവന്നിട്ടുള്ളത്. ബാങ്കുകളിൽനിന്ന് വായ്പ അനുവദിക്കാനും അനുവദിച്ച വായ്പ വിതരണം ചെയ്യാനുമുണ്ടാകുന്ന കാലതാമസംമൂലമാണ് നെല്ലിന്റെ വില കർഷകർക്ക് കൊടുക്കാൻ കൂടുതൽ സമയമെടുക്കേണ്ടതായി വന്നിട്ടുള്ളത്.

(ബി) നെല്ല് സംഭരണത്തിനുവേണ്ടി സപ്ലൈകോ സഹകരണ ബാങ്കുമായി വായ്പയ്ക്ക് കരാർ ഒപ്പുവച്ചിട്ടുണ്ടോ; ആയതിന്റെ വിശദാംശം അറിയിക്കാമോ; പ്രസ്തുത വായ്പ ലഭിക്കുന്നതിനുള്ള പ്രധാന തടസ്സം വ്യക്തമാക്കാമോ?

02-02-2023 ലെ സ.ഉ.(സാധാ)നം.44/2023/എഫ്.&സി.എസ്. പ്രകാരം വായ്പയെടുക്കുന്നതിന് കരാറിൽ ഏർപ്പെടുകയും ടി തുക കർഷകർക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. സഹകരണ ബാങ്ക് ഉൾപ്പെടെ വിവിധ ബാങ്കുകളിൽനിന്നും വായ്പയെടുക്കാനാവശ്യമായ ക്രമീകരണം

നടത്തിക്കൊണ്ടാണ് സപ്ലൈകോ സർക്കാർ വിഹിതം ലഭ്യമാകുന്നതിനുമുമ്പ് തന്നെ നെല്ലിന്റെ വില കർഷകർക്ക് ലഭിക്കാൻ കഴിയുന്ന സംവിധാനം ഒരുക്കുന്നത്. ഭാവിയിൽ കൂടുതൽ കാര്യക്ഷമമായി നെല്ല് സംഭരണ പദ്ധതി മുന്നോട്ടുകൊണ്ടുപോകുന്നതിന് കഴിയുന്ന ഒരു വായ്പാ സംവിധാനം ക്രമീകരിക്കുന്നതിന് കേരള ബാങ്കുമായി വിവിധ തലത്തിലുള്ള ചർച്ചകൾ പുരോഗമിക്കുന്നു.

**(സി) നെല്ല് സംഭരണത്തിനായി കേന്ദ്ര സർക്കാർ തുക അനുവദിക്കുന്നുണ്ടോ; സംഭരണ തുകയിൽ സംസ്ഥാന വിഹിതം കുറച്ചിട്ടുണ്ടോ; കേന്ദ്ര വിഹിതം വർദ്ധിപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ?**

ഓരോ സീസണിലും നെല്ല് സംഭരണത്തിനായി കേന്ദ്ര സർക്കാർ തുക അനുവദിക്കുന്നുണ്ട്. കേന്ദ്ര സർക്കാരിലേയ്ക്ക് ക്ലെയിം ചെയ്ത തുകകളുടെയും അനുവദിച്ച തുകകളുടെയും അനുവദിക്കാൻ ബാക്കിയുള്ള തുകകളുടെയും വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2021-22 വർഷത്തിൽ കേന്ദ്രവിഹിതമായ 19.4 രൂപയും സംസ്ഥാന വിഹിതമായ 8.60 രൂപയും ഉൾപ്പെടെ 28 രൂപയാണ് സംഭരണവിലയായി നൽകിയിരുന്നത്. നിലവിൽ 2022-23 വർഷത്തിൽ കേന്ദ്രവിഹിതം 20.40 രൂപയായി വർദ്ധിച്ചു. ഇപ്പോൾ ഒരു കിലോഗ്രാം നെല്ലിന് മുൻവർഷത്തെ 28 രൂപയിൽനിന്ന് വർദ്ധിപ്പിച്ച് 28.20 രൂപ കർഷകർക്ക് ലഭ്യമാകുന്ന രീതിയിൽ ക്രമീകരിച്ചിട്ടുണ്ട്.

**കേരള സെന്റർ ഫോർ ഡിസീസ് കൺട്രോൾ ആൻഡ് പ്രിവൻഷൻ**

8 (*8) ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. പി. ബാലചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പകർച്ചവ്യാധികളുടെയും ഇതര രോഗങ്ങളുടെയും പ്രതിരോധത്തിനും നിയന്ത്രണത്തിനുമായി സമഗ്രമായ നടപടികൾ

സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഓരോ പ്രദേശത്തിന്റെയും ലഭ്യമായ രോഗവിവരങ്ങൾ അതത് പ്രദേശങ്ങളിലെ ഇതര വകുപ്പുകളുമായി ബന്ധപ്പെട്ട വിവരങ്ങൾ, ജന്തുജന്യ രോഗങ്ങൾ, കാലാവസ്ഥാ വ്യതിയാനം, ഭൂപ്രകൃതി, ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ട രോഗ സ്ഥിതിവിവര കണക്കുകൾ തുടങ്ങിയവ ഉപയോഗിച്ചുകൊണ്ട് പകർച്ചവ്യാധികൾ വരുന്നത് മുൻകൂട്ടി പ്രവചിക്കേണ്ടത് രോഗപ്രതിരോധത്തിനായുള്ള മുൻകരുതലുകൾ സ്വീകരിക്കാനും രോഗപകർച്ച തടയാനും രോഗാതുരതയും മരണങ്ങളും കുറയ്ക്കാനും ആവശ്യമാണ്. മനുഷ്യരുടെ ആരോഗ്യം, മൃഗങ്ങളുടെ ആരോഗ്യം, സസ്യങ്ങളുടെ ആരോഗ്യം, പരിസ്ഥിതി ആരോഗ്യം എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ട് ഏകാരോഗ്യ പദ്ധതി നടപ്പാക്കിവരുന്നു. മേൽ പ്രസ്താവിച്ച മേഖലകളിലെയും രോഗാവസ്ഥകളെയും സവിശേഷമായ സ്ഥിതിവിശേഷങ്ങളെയും അപകടകരമായ മുന്നറിയിപ്പുകളെയും (Red Flags) മുൻകൂട്ടി മനസ്സിലാക്കുന്നതിനും സ്ഥിരീകരിക്കുന്നതിനും ഏകാരോഗ്യ

പദ്ധതിയുടെ ഭാഗമായി സജ്ജീകരിക്കുന്ന നിരീക്ഷണ-സ്ഥിരീകരണ സംവിധാനം വഴി സാധ്യമാകും. ബന്ധപ്പെട്ട വകുപ്പുകളുമായുള്ള സംയോജനവും വിവര കൈമാറ്റവും തൽസമയ റിപ്പോർട്ടിംഗും വഴി എപ്പിഡമിക് - പാൻഡമിക് പ്രിപ്പേർഡ്നെസ്സ് സുഗമമാക്കുന്നു. കൂടാതെ പകർച്ചവ്യാധികളെയും പാരിസ്ഥിതിക പ്രശ്നങ്ങളെയും മുൻകൂട്ടി തടയാനും സാധിക്കുന്നു. രോഗങ്ങളുടെ തുടർച്ചയായ നിരീക്ഷണവും വിവിധ വകുപ്പുകളുമായി ചേർന്ന് ബന്ധപ്പെട്ട മറ്റ് വകുപ്പുകളുടെ സ്ഥിതി വിവരകണക്കുകളും ഉപയോഗിച്ച് രോഗങ്ങളുടെ സാധ്യത മുൻകൂട്ടി പ്രവചിക്കാനും വിവിധ വകുപ്പുകൾ ഒരു കുടക്കീഴിൽ പ്രവർത്തിക്കാനും അതത് സമയങ്ങളിൽ താഴെത്തട്ടിലേയ്ക്ക് രോഗപ്രതിരോധ നടപടികൾക്കും തുടർപ്രവർത്തനങ്ങൾക്കുമായി നിർദ്ദേശങ്ങൾ നൽകാനും സംസ്ഥാന തലത്തിൽ കേരള വൺ ഹെൽത്ത് സെന്റർ, കേരള സെന്റർ ഫോർ ഡിസീസ് കൺട്രോൾ എന്നിവ സജ്ജമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. രോഗങ്ങൾ പൊട്ടിപ്പുറപ്പെടുന്നത് മുൻകൂട്ടി കാണാനും രോഗനിയന്ത്രണം നടപ്പാക്കാനും സർവൈലൻസ് ശക്തിപ്പെടുത്താനും

നടപടി സ്വീകരിച്ചുവരുന്നു. ആയതിന്റെ ഭാഗമായി സംസ്ഥാന മോണിറ്ററിംഗ് സെൽ മുഖേന രോഗാവസ്ഥകൾ വിശകലനം ചെയ്ത് നടപടികൾ നിർദ്ദേശിച്ചുവരുന്നു. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ പകർച്ചവ്യാധികൾ ഉൾപ്പെടെയുള്ള രോഗങ്ങളുടെ പ്രതിരോധത്തിനായും ഏകോപനത്തിനായും സംസ്ഥാനതലത്തിലും മെഡിക്കൽ കോളേജ് തലത്തിലും PEID CELL-കൾ പ്രവർത്തിച്ചുവരുന്നു.

(ബി) അമേരിക്കൻ മാതൃകയിൽ പകർച്ചവ്യാധികളുടെയും ഇതര രോഗങ്ങളുടെയും പ്രതിരോധത്തിനും നിയന്ത്രണത്തിനുമായി കോവിഡ് കാലത്ത് കേരള സെന്റർ ഫോർ ഡിസീസ് കൺട്രോൾ ആൻഡ് പ്രിവൻഷൻ (കെ.സി.ഡി.സി.) സ്ഥാപിക്കാൻ തീരുമാനിച്ചിരുന്നോ; 2021-ലെ ബഡ്ജറ്റിൽ ഇതിനായി തുക അനുവദിച്ചിരുന്നുവോ; വിശദമാക്കാമോ?

പകർച്ചവ്യാധികളുടെയും ഇതര രോഗങ്ങളുടെയും പ്രതിരോധത്തിനും നിയന്ത്രണത്തിനുമായി കോവിഡ് കാലത്ത്, അമേരിക്കയിലെ US CDC-യുടെ മാതൃകയിൽ കേരള സെന്റർ ഫോർ ഡിസീസ് കൺട്രോൾ

ആൻഡ് പ്രിവെൻഷൻ (കെ.സി.ഡി.സി) സ്ഥാപിക്കാൻ തീരുമാനിച്ചിരുന്നു. 2021-ലെ റിവൈസ്ഡ് ബഡ്ജറ്റിൽ കെ.സി.ഡി.സി.-യുടെ പ്രാരംഭ നടപടികൾക്കായി 50 ലക്ഷം രൂപ വകയിരുത്തിയിരുന്നു.

(സി) കേരള സെന്റർ ഫോർ ഡിസീസ് കൺട്രോൾ ആൻഡ് പ്രിവൻഷൻ (കെ.സി.ഡി.സി.) സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

2021-ലെ റിവൈസ്ഡ് ബഡ്ജറ്റ് സ്പീച്ച് പ്രകാരം 50 ലക്ഷം രൂപ കെ.സി.ഡി.സി.-യുടെ പ്രാരംഭ ചെലവുകൾക്കായി വകയിരുത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ കെ.സി.ഡി.സി സ്ഥാപിക്കുവാൻ 10-02-2022-ലെ സ.ഉ. (പി)നം.6/2022/ആ.കു.വ. പ്രകാരം തത്വത്തിൽ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു.

(ഡി) വിവരശേഖരണം, ഏകോപനം എന്നിവ ദ്രുതഗതിയിലാക്കുന്നതിന് വിവിധയിടങ്ങളിൽ കെ.സി.ഡി.സി. സാറ്റലൈറ്റ് കേന്ദ്രങ്ങൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

കെ.സി.ഡി.സി.-യുടെ ഡീറ്റെയിൽഡ് പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഡി.പി.ആർ. ലഭിക്കുന്നമുറയ്ക്ക് ഈ വിഷയം പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ഇ) ഫീൽഡുതല പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള വിവിധ മേഖലകളെയും സ്ഥാപനങ്ങളെയും ഏകോപിപ്പിച്ച് ആരോഗ്യപരിപാലനത്തിന്റെ എല്ലാ മേഖലകളിലും മികച്ച നവീകരണ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള ആശയകേന്ദ്രമായി കെ.സി.ഡി.സി.-യെ മാറ്റാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഫീൽഡുതല പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള വിവിധ മേഖലകളെയും സ്ഥാപനങ്ങളെയും ഏകോപിപ്പിച്ച് ആരോഗ്യ പരിപാലനത്തിന്റെ എല്ലാ മേഖലകളിലും മികച്ച നവീകരണ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള ആശയകേന്ദ്രമായി കെ.സി.ഡി.സി.-യെ മാറ്റാൻ ഉദ്ദേശിക്കുന്നു. ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**സപ്ലൈകോയുടെ വിപണി ഇടപെടൽ**

9 (*9) <u>ശ്രീ. വി. ശശി</u>:
<u>ശ്രീ. പി. എസ്. സുപാൽ</u>:
<u>ശ്രീമതി സി. കെ. ആശ</u>:
<u>ശ്രീ. വാഴൂർ സോമൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിപണി ഇടപെടൽ ശക്തിപ്പെടുത്താനും അവശ്യവസ്തുക്കളുടെ ലഭ്യത ഉറപ്പുവരുത്താനും എന്തെല്ലാം സംവിധാനങ്ങളാണ് സപ്ലൈകോ നിലവിൽ നടത്തിവരുന്നതെന്ന് വിശദമാക്കാമോ?

സർക്കാരിന്റെ വിപണിയിടപെടൽ പദ്ധതിയുടെ ഭാഗമായി 13 ഇനം നിത്യോപയോഗ സാധനങ്ങൾ സബ്സിഡി നിരക്കിൽ സപ്ലൈകോ വില്പനശാലകൾ വഴി എല്ലാ റേഷൻ കാർഡുടമകൾക്കും വിൽപ്പന നടത്തിവരുന്നു. ഈ സാധനങ്ങളുടെ വിൽപ്പന വില വർദ്ധിപ്പിക്കുകയില്ല എന്ന സർക്കാർ നയത്തിനനുസൃതമായി 2016 മേയ് മാസം മുതൽ ഈ 13

ഇനങ്ങളുടെ വില വർദ്ധിപ്പിച്ചിട്ടില്ല. പൊതു വിപണിയെക്കാൾ 28 മുതൽ 74 ശതമാനം വരെ വിലക്കുറവിലാണ് സപ്ലൈകോ ഈ 13 ഇനം സബ്സിഡി സാധനങ്ങൾ വിൽപ്പന നടത്തുന്നത്. മേൽ പരാമർശിച്ച 13 ഇനം സബ്സിഡി ഉൽപ്പന്നങ്ങൾ പൊതുവിപണിയിൽനിന്നും വാങ്ങുന്നതിന് 1383/- രൂപ നൽകേണ്ടിവരുമ്പോൾ, സപ്ലൈകോ വിൽപ്പനശാലകളിൽ ഇത് കേവലം 756/- രൂപയ്ക്ക് ലഭിക്കുന്നു. ഇതിലൂടെ ഒരു ഉപഭോക്താവിന് 627/- രൂപയുടെ ആനുകൂല്യം ലഭിക്കുന്നു. ഇന്ത്യയിലെ ഒരു സംസ്ഥാനത്തും ഇത്തരത്തിലുള്ള ഒരു വിപണി ഇടപെടൽ നടക്കുന്നില്ല. പ്രതിമാസം ശരാശരി 35 ലക്ഷത്തിലധികം റേഷൻ കാർഡുടമകൾ ഈ സബ്സിഡി പദ്ധതി പ്രയോജനപ്പെടുത്തുന്നുണ്ട്. സബ്സിഡിയിൽ വിൽക്കുന്ന ഉൽപ്പന്നങ്ങൾ ഉൾപ്പെടെ 35 ഇനം അവശ്യ ഭക്ഷ്യധാന്യങ്ങൾ പൊതു വിപണിയെക്കാൾ 10 മുതൽ 20 ശതമാനം വരെ വില കുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ പൊതുജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കിവരുന്നു. ഇതുകൂടാതെ ചായപ്പൊടി, മല്ലിപ്പൊടി, മുളകുപൊടി, മഞ്ഞൾപ്പൊടി, ആട്ട എന്നീ ഉൽപ്പന്നങ്ങൾ സപ്ലൈകോയുടെ സ്വന്തം

ബ്രാൻഡായ 'ശബരി' ബ്രാൻഡിൽ കർശന ഗുണനിലവാര പരിശോധനയ്ക്കുശേഷം പൊതുവിപണി വിലയെക്കാൾ ഏകദേശം 20 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ വിറ്റുവരുന്നു.

ഇതിനുപുറമേ മറ്റ് അവശ്യ സാധനങ്ങളും എഫ്.എം.സി.ജി. ഉൽപ്പന്നങ്ങളും എം.ആർ.പി.യെക്കാൾ/മാർക്കറ്റ് വിലയെക്കാൾ 5 മുതൽ 30% വരെ വിലക്കുറവിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കിവരുന്നു. ഈ നടപടിമൂലം പൊതുവിപണിയിലുണ്ടാകുന്ന വിലക്കയറ്റം സാധാരണക്കാരിൽ അധിക ബാധ്യത ഏൽപ്പിക്കുന്നില്ലായെന്നത് ഉറപ്പുവരുത്തുന്നതിന് സാധിക്കുന്നുണ്ട്.

ഇതിനുപുറമെ ഉത്സവ സീസണുകളിൽ വിലക്കുറവിൽ നിത്യോപയോഗ സാധനങ്ങൾക്കായി ഫെയറുകൾ സർക്കാർ സംഘടിപ്പിച്ചുവരുന്നുണ്ട്. കൂടാതെ, സപ്ലൈകോ വിൽപ്പനശാലകളുടെ സേവനം കൂടുതൽ മെച്ചപ്പെട്ട രീതിയിൽ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി 285 വിൽപ്പനശാലകൾ നവീകരിക്കുകയുണ്ടായി. അരിവിലയിൽ കാര്യമായ വർദ്ധനവുണ്ടായ അടിയന്തര സാഹചര്യത്തിൽ സപ്ലൈകോ വില്പനശാലകളുടെ

പ്രവർത്തനത്തിനൊപ്പം നിലവിലെ മൊബൈൽ മാവേലി വാഹനങ്ങൾ 'അരി വണ്ടി' എന്ന പേരിൽ എല്ലാ താലൂക്കുകളിലും എത്തിച്ചേരുന്ന വിധത്തിൽ താൽക്കാലികമായി പുനഃക്രമീകരിച്ച് സംസ്ഥാനത്തിലെ റേഷൻകാർഡുടമകൾക്ക് അരിയും മറ്റ് അവശ്യ ഭക്ഷ്യവസ്തുക്കളും ലഭ്യമാക്കുകയുണ്ടായി. സഞ്ചരിക്കുന്ന റേഷൻഷോപ്പുകളുടെ സേവനം സംസ്ഥാനത്തെ 136 ആദിവാസി ഊരുകളിലേയ്ക്ക് വ്യാപിപ്പിക്കാൻ കഴിഞ്ഞു.

(ബി) ഈ ഓണക്കാലത്ത് സംസ്ഥാനത്ത് അവശ്യവസ്തുക്കളുടെ വിലക്കയറ്റമുണ്ടാകാതിരിക്കാൻ ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

ഈ ഓണക്കാലത്ത് സംസ്ഥാനത്ത് അവശ്യവസ്തുക്കളുടെ വിലക്കയറ്റമുണ്ടാകാതിരിക്കാൻ ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഓണത്തിനാവശ്യമായ സാധനങ്ങൾ ലഭ്യമാക്കുന്നതിനായി പ്രതിമാസ ഇ-ടെണ്ടറിന് പുറമെ പ്രത്യേകമായി ഇ-ടെണ്ടർ ക്ഷണിച്ച് പർച്ചേസ് ഓർഡറുകൾ നൽകുന്നുണ്ട്. സർക്കാരിന്റെ വിപണി ഇടപെടലിന്റെ ഭാഗമായി ഈ വർഷം സബ്സിഡി ഇനങ്ങൾക്കുപുറമേ തെരഞ്ഞെടുത്ത

സപ്ലൈകോ ശബരി ഉൽപ്പന്നങ്ങൾക്കും ജനപ്രിയ എഫ്.എം.സി.ജി. ഉൽപ്പന്നങ്ങൾക്കും ആകർഷകമായ ഡിസ്കൗണ്ടും ഓഫറുകളും നൽകിക്കൊണ്ട് 2023 ആഗസ്റ്റ് 18 മുതൽ 28 വരെ എല്ലാ ജില്ലകളിലും വിപുലമായ തോതിൽ സപ്ലൈകോ 'ഓണം ഫെസ്റ്റ്-2023'എന്ന പേരിൽ പ്രത്യേകം ഓണം ജില്ലാ ഫെയറുകൾ സംഘടിപ്പിക്കുന്നുണ്ട്. സപ്ലൈകോ 'ഓണം ഫെസ്റ്റ്-2023' നടത്തുന്നതിന് ജനപ്രിയ ബ്രാൻഡുകളുടെ പ്രമുഖ ഉൽപ്പന്നങ്ങൾ നിലവിൽ നൽകിവരുന്ന ഡിസ്കൗണ്ടിനുപുറമേ 5% മുതൽ 50% വരെ അധിക വിലക്കുറവിൽ വിവിധ ഓഫറുകളോടുകൂടി പൊതുജനങ്ങൾക്ക് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പച്ചക്കറി, പാൽ ഉൽപ്പന്നങ്ങൾ എന്നിവയ്ക്കും ഓണം ജില്ലാ ഫെയറുകളിൽ പ്രാധാന്യം നൽകിയിട്ടുണ്ട്. കൂടാതെ ആഗസ്റ്റ് 22 മുതൽ 28 വരെ താലൂക്ക് തലത്തിലും പ്രമുഖ സപ്ലൈകോ വില്പനശാലകളോടനുബന്ധിച്ച് പച്ചക്കറി ഉൾപ്പെടെയുള്ള ഓണം താലൂക്ക് ഫെയറുകളും സംഘടിപ്പിക്കുന്നുണ്ട്. ആഗസ്റ്റ് 24 മുതൽ 28 വരെ സപ്ലൈകോയുടെ എല്ലാ വില്പനശാലകളും ഓണം മാർക്കറ്റുകളായി പ്രവർത്തിക്കുന്നതാണ്.

(സി) വിലനിലവാരം നിയന്ത്രിക്കുന്നതിനായി ഉൽപ്പാദന കേന്ദ്രങ്ങളിൽനിന്ന് അവശ്യവസ്തുക്കൾ മൊത്തമായി സംഭരിച്ച് വിപണനം ചെയ്യാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

വിലനിലവാരം നിയന്ത്രിക്കുന്നതിനായി ജയ അരി, പഞ്ചസാര എന്നിവ സംഭരിക്കുന്നതിനുവേണ്ടി യഥാക്രമം ആന്ധ്രാപ്രദേശ്, കർണ്ണാടക എന്നിവിടങ്ങളിലെ സിവിൽ സപ്ലൈസ് കോർപ്പറേഷനുമായി ചർച്ചകൾ നടത്തിവരുന്നു. കേന്ദ്ര ഗവൺമെന്റ് സംഭരിച്ച കടല, ചെറുപയർ മുതലായവ കേന്ദ്ര ഗവൺമെന്റിന്റെ സബ്സിഡി സ്കീം മുഖേന നാഫെഡ്/എൻ.സി.സി.എഫ്. എന്നിവ മുഖേന സംഭരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

**ഡിജിറ്റൽ സർവ്വകലാശാല**

10 (*10) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:
ശ്രീ. പി. നന്ദകുമാർ:
ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. ലിന്റോ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സെന്റർ ഫോർ മെറ്റീരിയൽസ് ഫോർ ഇലക്ട്രോണിക് ടെക്നോളജീസുമായി സഹകരിച്ച് എന്തെല്ലാം പദ്ധതികളാണ് ഡിജിറ്റൽ സർവ്വകലാശാല ആവിഷ്കരിച്ച് നടപ്പാക്കിവരുന്നതെന്ന് അറിയിക്കുമോ?

<u>ഇന്ത്യ ഇന്നൊവേഷൻ സെന്റർ ഫോർ ഗ്രാഫീൻ (IICG)</u> - ഭാവിയുടെ പദാർത്ഥമായി അറിയപ്പെടുന്ന ഗ്രാഫീന്റെ ഉല്പാദനത്തിനും വികസനത്തിനുമായിട്ടാണ് ഇന്ത്യ ഇന്നൊവേഷൻ സെന്റർ ഫോർ ഗ്രാഫീൻ (IICG) എന്ന പേരിൽ ഡിജിറ്റൽ സർവ്വകലാശാലയുടെയും കേന്ദ്ര സർക്കാർ സ്ഥാപനമായ C-MET-ന്റെയും നേതൃത്വത്തിൽ എറണാകുളത്ത് ഈ മികവിന്റെ കേന്ദ്രം സ്ഥാപിക്കുന്നത്. M/s ടാറ്റ സ്റ്റീൽ, മുംബൈയാണ് പദ്ധതിയിലെ പ്രധാന വ്യവസായ പങ്കാളി. ഇന്ത്യയിലെ ഗ്രാഫീൻ അധിഷ്ഠിത വ്യവസായങ്ങളുടെ വളർച്ചയ്ക്കും വികാസത്തിനും കാരണമാകുന്ന ഒരു പ്രധാന വിജ്ഞാന കേന്ദ്രമായി മാറുക എന്നതാണ് ഐ.ഐ.സി.ജി.-യുടെ ലക്ഷ്യം. ഗ്രാഫീനും 2 ഡി മെറ്റീരിയലുകളും ഉപയോഗിച്ച് ഒരു വ്യവസായ നിലവാരമുള്ള ഉൽപ്പന്നം നിർമ്മിക്കുന്നതിനുള്ള

സൗകര്യങ്ങൾക്കൊപ്പം, ആവശ്യമായ ബിസിനസ് മെന്റർഷിപ്പ് പിന്തുണയും നൽകി പുതിയ സ്റ്റാർട്ടപ്പുകളുടെയും എം.എസ്.എം.ഇ.-കളുടെയും വികസനം സുഗമമാക്കാനും ഐ.ഐ.സി.ജി. ലക്ഷ്യമിടുന്നു. ഇത് ഗ്രാഫീൻ, 2 ഡി മെറ്റീരിയലുകളുടെ വികസനം, രൂപകൽപ്പന, ഭാവി ഇലക്ട്രോണിക് ഘടകങ്ങളുടെയും ഉപകരണങ്ങളുടെയും നിർമ്മാണം എന്നിവ പോലുള്ള വളർന്നുവരുന്ന സാങ്കേതികവിദ്യ മേഖലയിൽ തൊഴിലവസരങ്ങളും സൃഷ്ടിക്കുന്നതിന് സഹായകമാകും.

<u>ഇന്റലിജന്റ് ഐ.ഒ.ടി. സെൻസേഴ്സ്</u> - 2021 ജൂലൈയിൽ ഡിജിറ്റൽ യൂണിവേഴ്സിറ്റി കേരളയും (DUK) സെന്റർ ഫോർ മെറ്റീരിയൽസ് ഫോർ ഇലക്ട്രോണിക്സ് ടെക്നോളജിയും (C-MET) സംയുക്തമായി സ്ഥാപിച്ച മികവിന്റെ കേന്ദ്രമായ ഇന്റലിജന്റ് ഐ.ഒ.ടി. (Internet of Things) സെൻസേർസ്, ഇന്ത്യയിലെ ഐ.ഒ.ടി. ആവാസവ്യവസ്ഥയെ കാലാനുസൃതമായ മാറ്റമുണ്ടാക്കുന്ന ഒരു ശ്രദ്ധേയമായ പങ്കാളിത്തമാണ്. ഐ.ഒ.ടി. ബോർഡുകളും ഗേറ്റ്‌വേകളും, ഡിജിറ്റൽ-സ്മാർട്ട് തെർമോമീറ്ററുകൾ, ഐ.ഒ.ടി. ഫയർ അലാറങ്ങൾ, പോർട്ടബിൾ ഇ.സി.ജി.

മോണിറ്ററിംഗ് സിസ്റ്റങ്ങൾ, ബ്ലഡ്പ്രഷർ മെഷർമെന്റ് ഉപകരണങ്ങൾ എന്നിവയുൾപ്പെടെ നിരവധി സെൻസർ അധിഷ്ഠിത ഉൽപ്പന്നങ്ങൾ വികസിപ്പിക്കുന്നതിൽ ഈ മികവിന്റെ കേന്ദ്രം അതിന്റെ തുടക്കം മുതൽ ശ്രദ്ധേയമായ പുരോഗതി കൈവരിച്ചിട്ടുണ്ട്.

(ബി) ഡിജിറ്റൽ സർവ്വകലാശാല കേന്ദ്രമാക്കി നിർമ്മിത ബുദ്ധി, മെഷീൻ ലേണിംഗ്, ഡാറ്റാ സയൻസ്, സൈബർ സെക്യൂരിറ്റി എന്നീ മേഖലകളിൽ മികവിന്റെ കേന്ദ്രങ്ങൾ സൃഷ്ടിക്കുന്നതിലുണ്ടായിട്ടുള്ള പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

നിർമ്മിതബുദ്ധി, മെഷീൻ ലേണിംഗ്, ഡാറ്റാ സയൻസ് മേഖലകളിൽ മികവിന്റെ കേന്ദ്രങ്ങൾ സൃഷ്ടിക്കുന്നതിലേയ്ക്കായി അന്താരാഷ്ട്ര സ്ഥാപനങ്ങളായ എഡിൻബറോ യൂണിവേഴ്സിറ്റി, ക്യൂ.എൽ. സ്പേസ് തുടങ്ങിയ സ്ഥാപനങ്ങളുമായി സഹകരിക്കുന്നതിനുള്ള ധാരണാപത്രം ഒപ്പിട്ടുകഴിഞ്ഞു. ഈ മേഖലയുമായി ബന്ധപ്പെട്ട് ഡിജിറ്റൽ സയൻസ് പാർക്കിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് മേഖലയിൽ ഒരു സെന്റർ ഓഫ് എക്സലൻസ് ആരംഭിച്ചു. സൈബർ സെക്യൂരിറ്റി മേഖലയിൽ മികവിന്റെ കേന്ദ്രം

തുടങ്ങുന്നതിനുള്ള നടപടികൾക്ക് തുടക്കമിട്ടു. ഇതിന്റെ ഭാഗമായി ആഗോളതലത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുമായി ചർച്ച പുരോഗമിച്ചുവരുന്നു.

(സി) ഡിജിറ്റൽ സർവ്വകലാശാല നടത്തിവരുന്ന നൈപുണ്യ പരിശീലന പരിപാടിയിൽ ഇതിനകം എത്രപേർ പരിശീലനം പൂർത്തിയാക്കിയിട്ടുണ്ടെന്ന് അറിയിക്കാമോ?

ഇ-ഗവേണൻസ്, ബ്ലോക്ക് ചെയിൻ, ഇലക്ട്രോണിക് സിസ്റ്റം ഡിസൈൻ തുടങ്ങിയ മേഖലകളിൽ 28000-ത്തിൽപ്പരം ആളുകൾക്ക് നൈപുണ്യ പരിശീലനം നൽകിക്കഴിഞ്ഞു.

(ഡി) കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ വിവിധ ഏജൻസികൾക്കായി ഡാറ്റാ അനലിറ്റിക്സ്, ജിയോ സ്പെഷ്യൽ അനലിറ്റിക്സ് എന്നിവയിൽ ഡിജിറ്റൽ സർവ്വകലാശാല തയ്യാറാക്കിയ പ്രോജക്ടുകൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

ഡാറ്റാ അനലിറ്റിക്സിൽ താഴെപ്പറയുന്ന പ്രോജക്ടുകൾ ഡിജിറ്റൽ സർവ്വകലാശാല തയ്യാറാക്കിയിട്ടുണ്ട്.

i. ജി.എസ്.ടി. അനലിറ്റിക്സ്

ii. ഡാറ്റാ അനലിറ്റിക്സ് ഫോർ വി.എസ്.എസ്.സി.

ഡിജിറ്റൽ സർവ്വകലാശാലയിലെ ജിയോ സ്പെഷ്യൽ അനലിറ്റിക്സിൽ നിരവധി പ്രോജക്ടുകൾ ഏറ്റെടുത്ത് നടത്തിയിട്ടുണ്ട്. അതിൽ പ്രധാനപ്പെട്ടവ താഴെപ്പറയുന്നവയാണ്.

(i) സംസ്ഥാന സോയിൽ സർവ്വേ വകുപ്പിന്റെ ധനസഹായത്തോടെ കേരളത്തിലെ വിവിധ വിളകളുടെ/ഇനങ്ങളുടെ ലൊക്കേഷൻ-നിർദ്ദിഷ്ട മണ്ണ് പോഷകനില മാപ്പിംഗിനും വളം ശിപാർശ സംവിധാനത്തിനുമുള്ള മൊബൈൽ ആപ്പിന്റെയും വെബ് അധിഷ്ഠിത ജി.ഐ.എസ്. ആപ്ലിക്കേഷന്റെയും രൂപകൽപ്പനയും വികസനവും.

(ii) സംസ്ഥാന മൃഗസംരക്ഷണ വകുപ്പിന്റെ ധനസഹായത്തോടെ മാപ്പിംഗ്, മോണിറ്ററിംഗ്, മോഡലിംഗ് ഡിസീസസ് എന്നിവയ്ക്കായി ഒരു

വെബ് ആക്സസിബിൾ ജിയോഗ്രഫിക്കൽ ഇൻഫർമേഷൻ സിസ്റ്റം നടപ്പിലാക്കൽ.

(iii) സംസ്ഥാന റബ്ബർ ബോർഡിന്റെ ധനസഹായത്തോടെ സമഗ്ര റബ്ബർ ഇൻഫർമേഷൻ സിസ്റ്റം പോർട്ടൽ.

(iv) സംസ്ഥാന തുറമുഖ വകുപ്പിലെ ഹൈഡ്രോഗ്രാഫി വിംഗിന്റെ ധനസഹായത്തോടെ ഹൈഡ്രോഗ്രാഫിക്കുവേണ്ടി ജിയോപോർട്ടലിന്റെ രൂപകൽപ്പനയും വികസനവും.

**സംസ്ഥാനങ്ങൾക്കുള്ള ഭക്ഷ്യധാന്യങ്ങൾ വെട്ടിക്കുറച്ച നടപടി**

11 (*11) ശ്രീ. പി. ടി. എ. റഹീം:
ശ്രീ. എം. എം. മണി:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. എം. നൗഷാദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ) സദയം മറുപടി നൽകുമോ:

(എ) പൊതുവിപണിയിലെ വിലക്കയറ്റം നിയന്ത്രിക്കുന്നതിനും ജനങ്ങൾക്ക് ഗുണനിലവാരമുള്ള നിത്യോപയോഗ സാധനങ്ങൾ ലഭ്യമാക്കുന്നതിനുമായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

സർക്കാരിന്റെ വിപണിയിടപെടൽ പദ്ധതിയുടെ ഭാഗമായി 13 ഇനം നിത്യോപയോഗ സാധനങ്ങൾ സബ്സിഡി നിരക്കിൽ സപ്ലൈകോ വില്പനശാലകൾ വഴി എല്ലാ റേഷൻ കാർഡുടമകൾക്കും വിൽപ്പന നടത്തിവരുന്നു. ഈ സാധനങ്ങളുടെ വിൽപ്പന വില വർദ്ധിപ്പിക്കുകയില്ല എന്ന സർക്കാർ നയത്തിനനുസൃതമായി 2016 മേയ് മാസം മുതൽ ഈ 13 ഇനങ്ങളുടെ വില വർദ്ധിപ്പിച്ചിട്ടില്ല. പൊതു വിപണിയേക്കാൾ 28 മുതൽ 74 ശതമാനം വരെ വിലക്കുറവിലാണ് സപ്ലൈകോ ഈ 13 ഇനം സബ്സിഡി സാധനങ്ങൾ വിൽപ്പന നടത്തുന്നത്. മേൽ പരാമർശിച്ച 13 ഇനം സബ്സിഡി ഉൽപ്പന്നങ്ങൾ പൊതുവിപണിയിൽനിന്നും വാങ്ങുന്നതിന് 1383/- രൂപ നൽകേണ്ടിവരുമ്പോൾ, സപ്ലൈകോ വിൽപ്പനശാലകളിൽ ഇത് കേവലം 756/- രൂപയ്ക്ക് ലഭിക്കുന്നു. ഇതിലൂടെ ഒരു ഉപഭോക്താവിന്

627/- രൂപയുടെ ആനുകൂല്യം ലഭിക്കുന്നു. ഇന്ത്യയിലെ ഒരു സംസ്ഥാനത്തും ഇത്തരത്തിലുള്ള ഒരു വിപണി ഇടപെടൽ നടക്കുന്നില്ല. പ്രതിമാസം ശരാശരി 35 ലക്ഷത്തിലധികം റേഷൻ കാർഡുടമകൾ ഈ സബ്സിഡി പദ്ധതി പ്രയോജനപ്പെടുത്തുന്നുണ്ട്. ഇതിനുപുറമെ ഉത്സവ സീസണുകളിൽ വിലക്കുറവിൽ നിത്യോപയോഗ സാധനങ്ങൾക്കായി ഫെയറുകൾ സർക്കാർ സംഘടിപ്പിച്ചുവരുന്നുണ്ട്. കൂടാതെ, സപ്ലൈകോ വിൽപ്പനശാലകളുടെ സേവനം കൂടുതൽ മെച്ചപ്പെട്ട രീതിയിൽ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി 285 വിൽപ്പനശാലകൾ നവീകരിക്കുകയുണ്ടായി. സഞ്ചരിക്കുന്ന റേഷൻഷോപ്പുകളുടെ സേവനം സംസ്ഥാനത്തെ 136 ആദിവാസി ഊരുകളിലേയ്ക്ക് വ്യാപിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്.

എൻ.എഫ്.എസ്.എ. നിയമപ്രകാരമുള്ള ടാർജറ്റ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ നടപ്പാക്കിയതിലൂടെ സംസ്ഥാനത്തെ വലിയൊരു വിഭാഗം റേഷൻ ആനുകൂല്യങ്ങൾക്ക് പുറത്തായി. കേവലമൊരു ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ 57% വരുന്ന ജനവിഭാഗം റേഷൻ സംവിധാനത്തിന് പുറത്തായത് വലിയ പ്രതിസന്ധിയാണ് സൃഷ്ടിച്ചത്.

എന്നാൽ കേരളത്തിലെ മുൻഗണനേതര വിഭാഗത്തിൽപ്പെട്ടവർക്കും കഴിയുന്ന തോതിൽ ഭക്ഷ്യവിതരണം നടത്തുന്ന സമീപനമാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നത്.

സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ് ശ്രദ്ധയിൽപ്പെട്ട ഉടൻതന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ മറ്റ് വകുപ്പുമന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, ജില്ലാ കളക്ടർമാർ, ജില്ലാ പോലീസ് മേധാവിമാർ എന്നിവരുമായി യോഗം ചേരുകയും വില വർദ്ധനവ് പിടിച്ചുനിർത്തുന്നതിനുവേണ്ട അടിയന്തര നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തു. ഈ യോഗത്തിന്റെ തുടർച്ചയായി ബഹുമാനപ്പെട്ട ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി മൊത്ത വ്യാപാരി പ്രതിനിധികളെ വിളിച്ചുചേർക്കുകയും കരിഞ്ചന്ത-പൂഴ്ത്തിവയ്പ്പ് എന്നിവ തടയുന്നതിന് കർശന നിർദ്ദേശം നൽകുകയും ചെയ്തു. തുടർന്ന് ഈ വിഷയത്തിലെ പുരോഗതി വിലയിരുത്തുന്നതിനായി ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ അവലോകന യോഗങ്ങൾ നടത്തിവരുന്നുമുണ്ട്. ടി യോഗങ്ങളുടെ

അടിസ്ഥാനത്തിൽ കേരളത്തിലെ 14 ജില്ലകളിലും കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും തടയുന്നതിനും വിലവിവരപ്പട്ടിക പ്രദർശിപ്പിക്കുന്നതിനും ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ ജില്ലാ സപ്ലൈ ഓഫീസർ, ലീഗൽ മെട്രോളജി ഇൻസ്പെക്ടർ, ഫുഡ് സേഫ്റ്റി ഓഫീസർ എന്നിവരും താലൂക്ക് തലത്തിൽ താലൂക്ക് സപ്ലൈ ഓഫീസർ, റേഷനിംഗ് ഇൻസ്പെക്ടർമാർ എന്നിവരും പൊതുവിപണിയിൽ വിപുലമായ പരിശോധനകൾ നടത്തുകയും വിലവിവരം പ്രദർശിപ്പിക്കാത്ത വ്യാപാരികൾക്കെതിരെ നോട്ടീസ് നൽകി നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം സംസ്ഥാനത്താകെ 2612 പരിശോധനകൾ നടത്തുകയും 760 ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടതിൽ നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്.

അവശ്യ വസ്തുക്കളുടെ വിലയുടെ നിരീക്ഷണത്തിനും ശേഖരണത്തിനും വേണ്ടി കേന്ദ്ര സർക്കാരിന്റെ പദ്ധതിയായ 'Price Monitoring Cell' പ്രവർത്തിച്ചുവരുന്നു. 14 ജില്ലകളിൽനിന്നും വിലകൾ ശേഖരിച്ച് സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പിന്റെ സഹായത്തോടെ PMS ആപ്പ്-ൽ അപ്‌ലോഡ് ചെയ്തുവരുന്നു. കൂടാതെ ടി വിലകൾ കേന്ദ്ര സർക്കാർതലത്തിൽ

പരിശോധിക്കുകയും ചെയ്തുവരുന്നു. പൊതുവിപണിയിൽ വില നിരീക്ഷണം സംബന്ധിച്ച് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ വിഭാവനം ചെയ്തിട്ടുള്ള രീതിയിൽ വില ശേഖരണം നടപ്പിൽ വരുത്തുന്നതിനും സർക്കാരിന് കാര്യക്ഷമമായ ഇടപെടൽ പൊതുവിപണിയിൽ നടത്തുന്നതിനും കഴിയുന്നുണ്ട്.

(ബി) പ്രതിപക്ഷ കക്ഷികൾ ഭരിക്കുന്ന സംസ്ഥാനങ്ങൾക്കുള്ള ഭക്ഷ്യധാന്യങ്ങൾ വെട്ടിക്കുറച്ച കേന്ദ്ര സർക്കാർ നടപടി തിരുത്തുന്നതിനാവശ്യമായ ഇടപെടൽ നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഭക്ഷ്യ ഭദ്രതാ നിയമപ്രകാരമുള്ള അലോട്ട്മെന്റിൽ നിലവിൽ കുറവ് വരുത്തിയിട്ടില്ല. എന്നാൽ ഓരോ മാസത്തിലും അനുവദിച്ചിരിക്കുന്ന അളവിൽ കൂടുതൽ വിതരണം വന്നാൽ (മുൻ മാസത്തെ നീക്കിയിരിപ്പുകൂടി ചേർത്ത് വിതരണം നടത്തിയാൽ) ആയതിന് എം.എസ്.പി. നിരക്കിലുള്ള വില അടവാക്കേണ്ടതായി വരുന്നുണ്ട്. ടൈഡ്ഓവർ വിഹിതത്തിന്മേലുള്ള monthly ceiling ഒഴിവാക്കണമെന്നും പരിധി കടന്നാൽ പിഴ ഈടാക്കുന്നത്

ഒഴിവാക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര പൊതുവിതരണ വകുപ്പുമന്ത്രിക്ക് കത്ത് നൽകിയിട്ടുണ്ട്. കൂടാതെ ടൈഡ്ഓവർ വിഹിതമായി ലഭ്യമായി വന്നിരുന്ന 6459.074 മെട്രിക് ടൺ ഗോതമ്പ് കുറവ് ചെയ്ത് പകരം അത്രയും അളവ് അരിയാണ് 2022 ജൂൺ മുതൽ ലഭ്യമായി വരുന്നത്. അതിനാൽ Non NFSA വിഭാഗത്തിന് ആട്ട നൽകാൻ കഴിയുന്നില്ലെന്ന് മാത്രമല്ല 6.10 രൂപയ്ക്ക് ലഭിച്ചുകൊണ്ടിരുന്ന ഗോതമ്പിന് പകരം 8.30 രൂപ നൽകി അരി വാങ്ങി വിതരണം നടത്തുമ്പോൾ സർക്കാരിന് സാമ്പത്തിക ബാധ്യതയുമുണ്ടാകുന്നു. പ്രസ്തുത ഗോതമ്പ് വിഹിതം പുനഃസ്ഥാപിക്കുന്നതിന് കത്ത് മുഖേനയും നേരിട്ടും കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നുവെങ്കിലും ഇതുവരെ നടപടിയുണ്ടായിട്ടില്ല.

(സി) സംസ്ഥാന സർക്കാരിന്റെ വിവിധ പദ്ധതികൾക്കായി അരി, ഗോതമ്പ് എന്നിവ വിതരണം ചെയ്യേണ്ടതില്ലെന്ന് ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയ്ക്ക് കേന്ദ്ര സർക്കാർ നിർദ്ദേശം നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംസ്ഥാനത്തെ പൊതുവിതരണ

മേഖലയെ ഏതെല്ലാം തരത്തിലാണ് ബാധിക്കുന്നതെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഇപ്രകാരം എഫ്.സി.ഐ.-ക്ക് നിർദ്ദേശം നൽകിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ എഫ്.സി.ഐ. വഴിയുള്ള Open Market Sales Scheme (OMSS) വഴി ടെൻഡറിലൂടെ എം.എസ്.പി. റേറ്റിൽ അരി വാങ്ങാനുള്ള സൗകര്യത്തിൽനിന്നും സംസ്ഥാന സർക്കാരുകളെ ഇപ്പോൾ ഒഴിവാക്കിയിട്ടുണ്ട്. പ്രസ്തുത ഒഴിവാക്കൽ പുനഃപരിശോധിക്കണമെന്ന് ആവശ്യപ്പെട്ട് കേന്ദ്ര മന്ത്രിക്ക് കത്ത് നൽകിയിട്ടുണ്ട്.

**വൻകിട പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടി**

12 (*12) ശ്രീ. എച്ച്. സലാം:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. പി. വി. അൻവർ:
ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൻകിട പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നതിൽ മുൻകാലങ്ങളിൽ വീഴ്ചകളുണ്ടായിട്ടുണ്ടോ; എങ്കിൽ സംസ്ഥാനത്തിന്റെ വികസനത്തെ ഇത് ഏതെല്ലാം തരത്തിൽ ബാധിച്ചിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) 2011 മേയ് മുതൽ 2016 ജൂൺ വരെയുള്ള കാലയളവിൽ സംസ്ഥാനത്ത് ഏതെല്ലാം വൻകിട പദ്ധതികൾ ആരംഭിച്ചുവെന്നും പ്രസ്തുത കാലയളവിൽ അതിൽ എത്ര ശതമാനം പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

(എ&ബി) 2011-16 കാലയളവിൽ ഗെയിൽ പാചകവാതക പൈപ്പ് ലൈൻ പദ്ധതി, ഇടമൺ-കൊച്ചി പവർ ഹൈവേ, ദേശീയപാതാ വികസനം എന്നീ പദ്ധതികളുടെ പ്രവർത്തനം മുന്നോട്ടുപോകാത്ത സ്ഥിതിയുണ്ടായിട്ടുണ്ട്. സംസ്ഥാനത്ത് ഊർജ്ജ-വാതക വിതരണ മേഖലയിലെ അധിക ചെലവിനും വൈദ്യുതി രംഗത്തെ പ്രതിസന്ധിക്കും സങ്കീർണ്ണമായ ഗതാഗത പ്രശ്നങ്ങൾക്കും ഇത് കാരണമായിട്ടുണ്ട്.

സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഏതാനും വൻകിട പദ്ധതികൾക്ക് 2011-16 കാലയളവിൽ സർക്കാർ തുടക്കം കുറിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി മുഖ്യ അടിസ്ഥാന സൗകര്യ വികസന പ്രോജക്ടുകൾ (MIDP) എന്ന പേരിൽ ഒരു പുതിയ പദ്ധതി 2013-14 വാർഷിക ബഡ്ജറ്റിൽ ഉൾപ്പെടുത്തുകയും തുടർന്നുള്ള വർഷങ്ങളിൽ നടപ്പാക്കിവരികയും ചെയ്യുന്നു. കൊച്ചി മെട്രോ, ഗെയിൽ പാചകവാതക പൈപ്പ് ലൈൻ പദ്ധതി, മലയോര ഹൈവേ, ഹൈസ്പീഡ് റെയിൽ കോറിഡോർ, തിരുവനന്തപുരം-കോഴിക്കോട് മോണോ റെയിൽ പ്രോജക്ട്, കണ്ണൂർ വിമാനത്താവളം, കൊച്ചി-പാലക്കാട് നാഷണൽ ഇൻവെസ്റ്റ്മെന്റ് & മാനുഫാക്ചറിംഗ് സോൺ (NIMZ), പെട്രോളിയം കെമിക്കൽസ് & പെട്രോ കെമിക്കൽ ഇൻവെസ്റ്റ്മെന്റ് റീജിയൺ (PCPIR), വിഴിഞ്ഞം അന്താരാഷ്ട്ര ആഴക്കടൽ വിവിധോദ്ദേശ്യ തുറമുഖം, 35-ാം നാഷണൽ ഗെയിംസ് പദ്ധതികൾ, മൊബിലിറ്റി ഹബ്, തലസ്ഥാന മേഖല വികസന പദ്ധതി എന്നിവ 2013-14 വാർഷിക MIDP ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത്തരം പദ്ധതികൾക്ക് ഒരു ലക്ഷം രൂപ

മാത്രം ടോക്കൺ വിഹിതം വകയിരുത്തുകയും MIDP-യിൽ നിന്ന് വിഹിതം അനുവദിക്കുകയുമാണ് ചെയ്തിരുന്നത്.

(സി) പ്രസ്തുത കാലയളവിൽ ഉപേക്ഷിക്കപ്പെട്ട ഏതെല്ലാം പദ്ധതികളാണ് 2016-21-ലെ സർക്കാരിന്റെ കാലത്ത് ഏറ്റെടുത്ത് നടപ്പാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ?

കൊച്ചി-ഇടമൺ പവർഹൈവേ, മലയോര ഹൈവേ, ഗെയിൽ പാചകവാതക പൈപ്പ് ലൈൻ, ദേശീയപാതാ ആറുവരി വികസനം എന്നീ പദ്ധതികൾ 2016-21-ലെ സർക്കാർ ഏറ്റെടുക്കുകയും അവയിൽ ചിലത് പൂർത്തീകരിക്കുകയും മറ്റുള്ളവ നടപ്പാക്കിവരികയും ചെയ്യുന്നു. കണ്ണൂർ വിമാനത്താവളം, കൊച്ചി മെട്രോ എന്നിവ പൂർത്തിയാക്കിയതും വിഴിഞ്ഞം പദ്ധതി അന്തിമഘട്ടത്തിലെത്തിച്ചതും ഇക്കാലത്താണ്.

(ഡി) മുൻ സർക്കാരിന്റെ കാലത്ത് ആരംഭിച്ചതും നിലവിൽ തുടരുന്നതുമായ വൻകിട പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

നിലവിൽ സംസ്ഥാനത്ത് പ്രവർത്തിയിലിരിക്കുന്ന വൻകിട പദ്ധതികളുടെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**(1) അന്താരാഷ്ട്ര ആയുർവ്വേദ ഗവേഷണകേന്ദ്രം സ്ഥാപിക്കൽ**

- ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ നടപ്പാക്കി വരുന്ന വൻകിട പദ്ധതിയാണ് അന്താരാഷ്ട്ര ആയുർവ്വേദ ഗവേഷണ കേന്ദ്രം സ്ഥാപിക്കൽ.
- പദ്ധതി നടപ്പാക്കുന്നതിന് കണ്ണൂർ ജില്ലയിൽ കല്യാട് വില്ലേജിൽ 311.76 ഏക്കർ സ്ഥലം കണ്ടെത്തി അതിൽ 36.57 ഏക്കർ സർക്കാർ ഭൂമി ആദ്യഘട്ടം നടപ്പാക്കുന്നതിന് ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്.
- പദ്ധതിയുടെ നോഡൽ ഏജൻസിയായി നാഷണൽ ആയുഷ് മിഷനെ ചുമതലപ്പെടുത്തുകയും ഡി.പി.ആർ. തയ്യാറാക്കുന്നതിന് നോഡൽ ഏജൻസിയായ നാഷണൽ ആയുഷ് മിഷൻ മുഖേന സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി കിറ്റ്കോയെ തെരഞ്ഞെടുക്കുകയും ആയത്

തയ്യാറാക്കുന്നതിനുള്ള നടപടികൾക്കായി 1.45 കോടി രൂപയുടെ എസ്റ്റിമേറ്റ് അനുസരിച്ച് തുക നോഡൽ ഏജൻസിയായ നാഷണൽ ആയുഷ് മിഷന് കൈമാറുകയും ചെയ്തിട്ടുണ്ട്. കണ്ടെത്തിയ 311.76 ഏക്കർ സ്ഥലത്തിൽ 36.57 ഏക്കർ സർക്കാർ ഭൂമി ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് കൈമാറ്റം ചെയ്യുന്നതിനും ബാക്കിയുള്ള സ്ഥലം ഏറ്റെടുക്കുന്നതിനും കണ്ണൂർ ജില്ലാ കളക്ടർ ശിപാർശ സമർപ്പിക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കുന്നതിനുള്ള എസ്റ്റിമേറ്റ് തുകയുടെ ആദ്യഗഡുവായി 50 ലക്ഷം രൂപ കണ്ണൂർ കളക്ടർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ ആദ്യഘട്ടത്തിന്റെ ശിലാസ്ഥാപനം മുഖ്യമന്ത്രി നിർവ്വഹിച്ചു. ആദ്യഘട്ടത്തിന്റെ പ്രോജക്ട് റിപ്പോർട്ട് അനുസരിച്ച് ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യസ വകുപ്പിന് കൈമാറിക്കിട്ടിയ 36.57 ഏക്കർ സ്ഥലത്തിൽ 100 ബെഡ് അടങ്ങുന്ന റിസർച്ച് ആശുപത്രി, മാനുസ്ക്രിപ്റ്റ് സ്റ്റഡി സെന്റർ എന്നിവ സ്ഥാപിക്കുന്നതിനായുള്ള നിർമ്മാണ പ്രവർത്തനങ്ങൾ കിറ്റ്കോ മുഖേന നടന്നുവരുന്നു. ഒന്നാംഘട്ട

നിർമ്മാണ പ്രവർത്തനങ്ങൾ 2024 ജനവരി മാസത്തോടെ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**(2) കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴി**

സംസ്ഥാനത്തെ ഉൽപ്പാദന മേഖലയുടെ വികസനത്തിനും കൊച്ചി-പാലക്കാട് മേഖലയെ തെക്കേ ഇൻഡ്യയിലെ സുപ്രധാന നിർമ്മാണ ഹബ്ബായി മാറ്റുന്നതിനുവേണ്ടിയും വിഭാവനം ചെയ്ത പദ്ധതിയാണ് കൊച്ചി-ബംഗലൂരു ഇൻഡസ്ട്രിയൽ കോറിഡോർ. ഇന്ത്യയിലെ 5 പ്രധാന വ്യാവസായിക ഇടനാഴികളിൽ ഉൾപ്പെടുന്ന ചെന്നൈ-ബംഗലൂരു വ്യാവസായിക ഇടനാഴിയുടെ വിപുലീകരണമാണ് ഈ പദ്ധതി.

**(3) സിറ്റി ഗ്യാസ് വിതരണ പദ്ധതി**

വ്യാവസായിക/വാണിജ്യ/ഗാർഹിക യൂണിറ്റുകൾക്ക് കുറഞ്ഞ നിരക്കിൽ പ്രകൃതി വാതക ലഭ്യത ഉറപ്പുവരുത്താൻ സംസ്ഥാനത്ത് നടപ്പാക്കിവരുന്ന പദ്ധതിയാണ് സിറ്റി ഗ്യാസ് വിതരണ പദ്ധതി. പ്രസ്തുത പദ്ധതിയുടെ ഏകദേശ പദ്ധതി തുക 4500 കോടി രൂപയാണ്. 28 ലക്ഷം

മുതൽ ഒരു കോടി വരെയുള്ള ഉപഭോക്താക്കൾക്ക് PNG/CNG വ്യാവസായിക/ വാണിജ്യ/ഗാർഹിക ഗ്യാസ് കണക്ഷൻ നൽകാൻ ഉദ്ദേശിച്ചിട്ടുള്ളതാണ്.

**(4) വൈദ്യുതി**

10000 കോടി രൂപയുടെ ട്രാൻസ്ഗ്രിഡ് 2.0. പദ്ധതി അടുത്ത രണ്ട് ദശകത്തേയ്ക്ക് സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ നിർവ്വഹിക്കാൻ കഴിയുംവിധം പരിവർത്തനം ചെയ്യും. ട്രാൻസ്ഗ്രിഡ് പദ്ധതി നടപ്പാക്കുന്നതിലൂടെയും മറ്റ് പ്രസരണ ശൃംഖലാ വികസന/നവീകരണ പദ്ധതികൾ വഴിയും 2025-ഓടെ പ്രസരണ ശൃംഖലയുടെ ലഭ്യത 99 ശതമാനമായി ഉയർത്താനാകും. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സൗര പദ്ധതിയിലൂടെ 6668 പുരപ്പുറങ്ങളിലായി 34.67 മെഗാ വാട്ടിന്റെ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ചു.

**(5) ഐ.ടി. കോറിഡോർ**

തിരുവനന്തപുരം ടെക്നോപാർക്ക് ഫേസ് 3 മുതൽ കൊല്ലം വരെയും ചേർത്തല മുതൽ എറണാകുളം വരെയും എറണാകുളം മുതൽ കൊരട്ടി

വരെയും കോഴിക്കോട് മുതൽ കണ്ണൂർ വരെയും എൻ.എച്ച്. 66-ന് സമാന്തരമായാണ് ഐ.ടി. ഇടനാഴികൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്.

ഐ.ടി. പാർക്കിന് അനുയോജ്യമായ 15 മുതൽ 25 ഏക്കർ വരെ വിസ്തൃതിയുള്ള ഭൂമി കണ്ടെത്തി പ്രസ്തുത പദ്ധതിക്കാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനായുള്ള റിക്വിസിഷനിംഗ് അതോറിറ്റി (Requisitioning Authority) ആയി കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിനെ (KSITIL) സർക്കാർ നിയോഗിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി നടപ്പാക്കുന്ന 5 ലാൻഡ് പാഴ്സലുകൾക്ക് ഭൂമി ഏറ്റെടുക്കുന്ന നടപടി പൂർത്തീകരണത്തിന്റെ പാതയിലാണ്.

**(6) പുതുവൈപ്പിൻ എൽ.പി.ജി. ടെർമിനൽ**

പാചകവാതകം സുലഭമാക്കാൻ കൊച്ചി പുതുവൈപ്പിനിലെ എൽ.പി.ജി. ടെർമിനൽ പ്രവർത്തനം ലക്ഷ്യംവയ്ക്കുന്നു. 1236 കോടി രൂപയുടെ പദ്ധതി 96 ശതമാനം പൂർത്തിയായി.

**(7) ശബരി റെയിൽ പദ്ധതി**

അങ്കമാലി മുതൽ എരുമേലി വരെ 111 കി.മീ. ദൈർഘ്യമുള്ള ശബരി റെയിൽപ്പാത തീർത്ഥാടകർക്ക് യാത്രാസൗകര്യമുണ്ടാക്കുന്നതോടൊപ്പം മധ്യകേരളത്തിലെയും മലയോര പ്രദേശങ്ങളിലെയും സമഗ്ര വികസനത്തിന് സഹായകരവുമാണ്. പദ്ധതി ചെലവിന്റെ 50 ശതമാനം വഹിക്കാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

**(8) ഹിൽ ഹൈവേ**

മലയോര മേഖലകളിലെ പശ്ചാത്തല സൗകര്യ വികസനം ലക്ഷ്യമാക്കി കാസർഗോഡ് ജില്ലയിലെ നന്ദാരപടവ് തുടങ്ങി തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല വരെ 13 ജില്ലകളിലെ മലയോര മേഖലകളെ ബന്ധിപ്പിച്ചുകൊണ്ട് 1251 കി.മീ. ദൂരത്തിൽ മലയോരപ്പാത നിർമ്മിക്കുന്ന പദ്ധതിയാണ് ഹിൽ ഹൈവേ. പ്രസ്തുത പദ്ധതിയുടെ പദ്ധതി ചെലവ് 3500 കോടി രൂപയാണ്. ഡിസംബർ 2025-ഓടുകൂടി പദ്ധതി

പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. ആയതിന്റെ ഫിസിക്കൽ പ്രോഗ്രസ് 32.5 ശതമാനവും ഫിനാൻഷ്യൽ പ്രോഗ്രസ് 27.8 ശതമാനവുമാണ്.

**(9) കോസ്റ്റൽ ഹൈവേ**

സംസ്ഥാനത്തെ തീരദേശ മേഖലകളിലെ ഗതാഗത സൗകര്യം വികസിപ്പിക്കുന്നതിലേയ്ക്കായി തിരുവനന്തപുരം ജില്ലയിലെ കൊല്ലംകോട് എന്ന സ്ഥലത്ത് തുടങ്ങി കാസർഗോഡ് ജില്ലയിലെ കുഞ്ചത്തൂർ അവസാനിക്കുന്ന, 9 ജില്ലകളിലൂടെ കടന്നുപോകുന്ന 655 കി.മീ. ദൈർഘ്യം വരുന്ന തീരദേശ പാത നിർമ്മിക്കുന്ന പദ്ധതിയാണിത്. ഇതിന്റെ ഏകദേശ നിർമ്മാണ ചെലവ് 6500 കോടി രൂപയാണ്. 2027 ഏപ്രിലിൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

**(10) വയനാട് തുരങ്കപാത**

താമരശ്ശേരി ചുരം റോഡിന് ബദലായി നിർമ്മിക്കുന്ന 8.11 കി.മീ. ദൂരമുള്ള ആനക്കാംപൊയിൽ-കള്ളാടി-മേപ്പാടി തുരങ്കപാത യാഥാർത്ഥ്യമാക്കുന്നതിന് ഭൂമി ഏറ്റെടുക്കൽ നടപടി ആരംഭിച്ചു. ഫോറസ്റ്റ് ക്ലിയറൻസിനുള്ള അപേക്ഷ

വനം വകുപ്പിന്റെ പരിഗണനയിലാണ്. ഈ പദ്ധതിയുടെ ഏകദേശ നിർമ്മാണ ചെലവ് 2043 കോടി രൂപയാണ്. 2029 ഫെബ്രുവരിയോടുകൂടി പദ്ധതി പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**(11) ലൈറ്റ് മെട്രോ, തിരുവനന്തപുരം**

തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതിയുടെ മുന്നോടിയായി ശ്രീകാര്യം, പട്ടം, ഉള്ളൂർ എന്നിവിടങ്ങളിൽ മേൽപ്പാലങ്ങൾ നിർമ്മിക്കാൻ കഴിഞ്ഞ സർക്കാർ അനുമതി നൽകിയിരുന്നു. പ്രസ്തുത നിർമ്മാണത്തിനാവശ്യമായ തുക കിഫ്ബിയിൽനിന്ന് ലഭ്യമാക്കാനും അനുമതി നൽകി. തുടർന്ന് സ്ഥലമെടുപ്പിനുള്ള നടപടികൾ ആരംഭിച്ചു. നിലവിൽ സ്ഥലമെടുപ്പ് പ്രക്രിയ പുരോഗമിച്ചുവരുന്നു. ശ്രീകാര്യം മേൽപ്പാലത്തിനാവശ്യമായ സ്ഥലമെടുപ്പിന്റെ നടപടികൾ അന്തിമഘട്ടത്തിലാണ്. പട്ടം, ഉള്ളൂർ എന്നിവിടങ്ങളിലേയ്ക്കുള്ള സ്ഥലമെടുപ്പിന്റെ നടപടികളും പുരോഗമിക്കുന്നുണ്ട്. ലൈറ്റ് മെട്രോ പദ്ധതിക്ക് കേന്ദ്രത്തിന്റെ അംഗീകാരം ലഭിക്കുന്നമുറയ്ക്ക് അതുമായി ബന്ധപ്പെട്ട

സ്ഥലമെടുപ്പും മറ്റ് നടപടികളും ആരംഭിക്കും. ഈ പദ്ധതിയുടെ പദ്ധതി ചെലവ് 4673 കോടി രൂപയാണ്.

**(12) ശബരിമല വിമാനത്താവളം**

സംസ്ഥാനത്തെ പ്രധാന തീർത്ഥാടന കേന്ദ്രമായ ശബരിമലയിൽ തീർത്ഥാടകരുടെ സൗകര്യം വർദ്ധിപ്പിക്കുന്നതിനായി കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ മാതൃകയിൽ ചെറുവള്ളി എസ്റ്റേറ്റിലെ 570 ഏക്കർ ഭൂമി ഉപയുക്തമാക്കി അന്താരാഷ്ട്ര വിമാനത്താവളം നിർമ്മിക്കുന്ന പദ്ധതിയാണിത്. ഈ പദ്ധതിയുടെ ഏകദേശ നിർമ്മാണ ചെലവ് 3411 കോടി രൂപയാണ്. കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരത്തിനായി നവംബർ 2023-ൽ അപേക്ഷ സമർപ്പിക്കും.

**(13) നിലാവ് പദ്ധതി**

സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പരമ്പരാഗത തെരുവ് വിളക്കുകൾ മാറ്റി എൽ.ഇ.ഡി. ബൾബ് സ്ഥാപിക്കാൻ ഉദ്ദേശിച്ച്

നടപ്പാക്കുന്ന പദ്ധതിയാണിത്. പദ്ധതി നിർവ്വഹണത്തിന് സംസ്ഥാന വൈദ്യുതി ബോർഡിനെ എസ്.പി.വി. ആയി ചുമതലപ്പെടുത്തിയിരിക്കുന്നു.

**(14) വേസ്റ്റ് ടു എനർജി പ്ലാന്റ്സ്**

ഗാർഹിക-ഖര മാലിന്യങ്ങൾ ശേഖരിച്ച് വേർതിരിച്ച് പൂർണ്ണമായും പരിസ്ഥിതി സൗഹൃദമായ പ്ലാന്റിലൂടെ വൈദ്യുതി ഉൽപാദിപ്പിച്ച് സംസ്ഥാന വൈദ്യുതി ബോർഡിന് നൽകുന്ന വേസ്റ്റ് ടു എനർജി പ്ലാന്റ് പദ്ധതി നടപ്പാക്കുന്നതിലൂടെ മാലിന്യ സംസ്കരണത്തോടൊപ്പം പരിസ്ഥിതി സൗഹൃദ ഊർജ്ജോൽപ്പാദനവും സാധ്യമാകുന്നു. ഈ പദ്ധതി കണ്ണൂർ, കൊച്ചി, തൃശ്ശൂർ, തിരുവനന്തപുരം കോർപ്പറേഷനുകളിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നതാണ്. കോഴിക്കോട് കോർപ്പറേഷനിൽ ഇതിന്റെ നിർമ്മാണം ആഗസ്റ്റ് 2023-ലും പാലക്കാട് ഈ പദ്ധതി സെപ്റ്റംബർ 2023-ലും ആരംഭിക്കുന്നതാണ്.

**(15) കെ-ഫോൺ**

സംസ്ഥാനത്തെ പൗരൻമാർക്കും സർക്കാർ സ്ഥാപനങ്ങൾക്കും അതിവേഗ ഇന്റർനെറ്റ് സംവിധാനം ലഭ്യമാക്കാനും സാമ്പത്തികമായി

പിന്നോക്കം നിൽക്കുന്നവർക്ക് സൗജന്യ ഇന്റർനെറ്റ് സേവനം നൽകാനും ലക്ഷ്യമിട്ടുള്ള പദ്ധതിയാണിത്. ഇതിലൂടെ ഏറ്റവും ഉയർന്ന അതിവേഗ ഫൈബർ ഡാറ്റാ കണക്ടിവിറ്റിയുള്ള സംസ്ഥാനമായി കേരളം മാറും. പദ്ധതി പ്രകാരം 27651 ഓഫീസുകളിൽ/സ്ഥാപനങ്ങളിൽ കെ-ഫോൺ കണക്ഷൻ നൽകുന്നതിനുള്ള അനുബന്ധ ഉപകരണങ്ങൾ സ്ഥാപിക്കുകയും ഇതിൽ 18063 ഓഫീസുകളിൽ/സ്ഥാപനങ്ങളിൽ ഇന്റർനെറ്റ് ലഭ്യത ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 3715 കുടുംബങ്ങൾക്ക് ഇതുവരെ കെ-ഫോൺ കണക്ഷൻ നൽകിയിട്ടുണ്ട്.

**(16) സ്മാർട്ട് സിറ്റി**

ഇന്ത്യൻ കമ്പനീസ് ആക്ട് 2013-ന്റെ സെക്ഷൻ 2(68) പ്രകാരം പ്രവർത്തിക്കുന്ന ഒരു പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയാണ് സ്മാർട്ട് സിറ്റി (കൊച്ചി) പ്രൈവറ്റ് ലിമിറ്റഡ്. കേരള സർക്കാർ (16%), സ്മാർട്ട് സിറ്റി (ഇന്ത്യ) FZ LLC UAE (84%) എന്നിവരാണ് ഇതിന്റെ ഷെയർ ഹോൾഡർമാർ.

എറണാകുളം ജില്ലയിലെ കനയന്നൂർ, കുന്നത്തുനാട് താലൂക്കുകളിൽ 246

ഏക്കർ വിസ്തൃതിയിൽ വ്യാപിച്ചുകിടക്കുന്ന സ്മാർട്ട് സിറ്റി (കൊച്ചി) വിജ്ഞാനാധിഷ്ഠിതമായ വിവര സാങ്കേതിക ടൗൺഷിപ്പ് വികസിപ്പിച്ചുവരുന്നു.

**(17) കൊച്ചി അർബൻ ഡെവലപ്മെന്റ് ആൻഡ് വാട്ടർ ട്രാൻസ്പോർട്ട്**

ഇടപ്പള്ളി കനാൽ, തേവര കനാൽ, തേവര-പേരണ്ടൂർ കനാൽ, ചിലവന്നൂർ കനാൽ, മാർക്കറ്റ് കനാൽ, കോന്തുരുത്തി കനാൽ എന്നീ ആറ് കനാലുകൾ നവീകരിച്ച് ജലഗതാഗത യോഗ്യമാക്കുന്നതിന് കിഫ്ബി ധനസഹായത്തോടെ കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് നിർവ്വഹണ ഏജൻസിയായി പ്രവർത്തിക്കുന്ന ഇന്റഗ്രേറ്റഡ് അർബൻ റീജനറേഷൻ ആൻഡ് വാട്ടർ ട്രാൻസ്പോർട്ട് സിസ്റ്റം എന്ന പ്രോജക്റ്റിന് അനുമതി നൽകിയിരുന്നു. ഈ കനാലുകളുടെ വികസനം വെള്ളപ്പൊക്കം ലഘൂകരിക്കാനും മറ്റ് ഗതാഗത ടൂറിസം പദ്ധതികളുമായി ഇന്റർ മോഡൽ കണക്റ്റിവിറ്റിക്കായി കനാൽ നാവിഗേഷൻ പുനഃസ്ഥാപിക്കാനും ഉദ്ദേശിച്ചുള്ളതാണ്. ഇതിന്റെ ഭാഗമായി കനാൽ വൃത്തിയാക്കൽ, ആഴംകൂട്ടൽ,

എഫ്.ബി.എം. രേഖകൾ അനുസരിച്ച് കനാലുകളുടെ വീതി കൂട്ടൽ, തീരസംരക്ഷണം, ഫൂട്ട് ഓവർ ബ്രിഡ്ജുകൾ, സാനിറ്ററി സ്വീവേജ് ലൈനും എസ്.ടി.പി.-കളും സ്ഥാപിക്കുക, ശുചിത്വ സൗകര്യങ്ങൾ, ജെട്ടികൾ, അടിസ്ഥാന സൗകര്യ വികസനം, കനാൽ തീരങ്ങളുടെ സൗന്ദര്യവൽക്കരണം എന്നീ പ്രവൃത്തികൾ ഉൾപ്പെടുന്നു.

ഇടപ്പള്ളി കനാലിന്റെ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ടുള്ള സാമൂഹികാഘാത പഠനം റവന്യൂ വകുപ്പ് അംഗീകരിച്ചിട്ടുണ്ട്. ഇടപ്പള്ളി കനാലിന്റെ പുറമ്പോക്ക് നിശ്ചയിക്കുന്നതിനുവേണ്ടിയുള്ള DGPS-സർവ്വേ നടപടികൾ ജില്ലാഭരണകൂടവുമായി യോജിച്ച് പുരോഗമിക്കുന്നു. 29.77 കോടി രൂപയുടെ മാർക്കറ്റ് കനാൽ നവീകരണ ജോലികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ചിലവന്നൂർ കനാലിന്റെ നവീകരണത്തിന്റെ ഭാഗമായി, ടാങ്ക് ബണ്ട് റോഡ് ബ്രിഡ്ജ് പുനർനിർമ്മിക്കുന്നതിനുവേണ്ടി, കിഫ്ബിയിൽനിന്നും 32.17 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.

പദ്ധതിയുടെ ഭാഗമായി നഗരത്തിൽ 4 സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനായി 1423 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ഇതിൽ ഉൾപ്പെട്ട ഏലംകുളം സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് പദ്ധതി നടപ്പാക്കുന്നതിനുവേണ്ടി കിഫ്ബിയിൽനിന്നും 341.97 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. IURWTS സ്വീവറേജ് പദ്ധതിയുടെ ഭാഗമായി 2 പ്ലാന്റുകൾ സ്ഥാപിക്കുന്നതിനായി 60% പദ്ധതി വിഹിതം കേന്ദ്രസർക്കാരിൽനിന്നും NRCD പദ്ധതിയിൽ ഉൾപ്പെടുത്തി ലഭ്യമാക്കുന്നതിനുവേണ്ടി പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

**(18) പശ്ചിമതീര കനാൽ വികസന പദ്ധതി**

സംസ്ഥാനത്തെ ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തി സമഗ്രവികസനം സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെ ഗതാഗതസൗകര്യം പരമാവധി മെച്ചപ്പെടുത്തുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളിലൊന്നാണിത്. തിരുവനന്തപുരം ജില്ലയിലെ കോവളം മുതൽ

കാസർഗോഡ് ജില്ലയിലെ ബേക്കൽ വരെ വെസ്റ്റ് കോസ്റ്റ് കനാലിന്റെ (WCC) വികസനം, ജലഗതാഗതത്തിനും വൻതോതിലുള്ള ജലമാർഗ്ഗമുള്ള ചരക്ക് ഗതാഗതത്തിനും വഴിതുറക്കുകയും തന്മൂലം ഈ മേഖലകളിൽ പണിയെടുക്കുന്നതും ജീവിക്കുന്നതുമായ ജനങ്ങളുടെ ഉന്നമനത്തിന് ഇടയാക്കുകയും ചെയ്യും. വെസ്റ്റ് കോസ്റ്റ് കനാൽ (WCC) പൂർണ്ണതോതിൽ ജലഗതാഗതത്തിന് തുറന്നുകൊടുക്കപ്പെടുന്നത് ടൂറിസം വികസനത്തിന് കുതിപ്പേകുകയും ഈ പ്രദേശങ്ങളിലെ ജനവിഭാഗങ്ങൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുകയും തന്മൂലം ജനങ്ങളുടെ ജീവിത നിലവാരവും സാമ്പത്തിക നിലവാരവും ഉയരുകയും ആയതുമൂലം സംസ്ഥാനത്തിന് വൻതോതിൽ വിദേശനാണ്യം നേടിത്തരികയും സാമ്പത്തികനില മെച്ചപ്പെടുകയും ചെയ്യുന്നതാണ്. പശ്ചിമതീര കനാൽ പൂർണ്ണമായും ജലപാതാനിലവാരത്തിൽ വികസിപ്പിക്കുന്നതിനായുള്ള വികസന പ്രവൃത്തികളും മാഹി-വളപട്ടണം റീച്ച്, നീലേശ്വരം -ബേക്കൽ റീച്ച് എന്നിവിടങ്ങളിൽ പുതിയ കനാൽ രൂപീകരണവും മൂന്ന് ഘട്ടങ്ങളിലായാണ് വിഭാവനം ചെയ്തിരിക്കുന്നത്. കനാലുകൾ ശുചീകരിക്കുകയും നിലവിലെ

വീതി നിലനിർത്തിക്കൊണ്ട് ജലഗതാഗതത്തിനും വിനോദസഞ്ചാരത്തിനും അനുയോജ്യമാക്കുകയുമാണ് ആദ്യഘട്ടത്തിൽ വിഭാവനം ചെയ്തിരുന്ന പ്രവൃത്തികൾ. കനാലുകളുടെ വീതി കൂട്ടാൻ ഒന്നാംഘട്ടത്തിലും, പുനരധിവാസ പ്രക്രിയയിലൂടെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കാൻ രണ്ടാംഘട്ടത്തിലും, 2025 അവസാനത്തോടെ ദേശീയ ജലപാതകളുടെ നിലവാരത്തിൽ കനാലുകൾ വികസിപ്പിച്ച് ചരക്കുനീക്കം 500 ടൺ കപ്പാസിറ്റിയായി മെച്ചപ്പെടുത്താനും ടൂറിസം മേഖലയ്ക്ക് ഉത്തേജനം നൽകാനും മൂന്നാം ഘട്ടത്തിലും ലക്ഷ്യമിടുന്നു. സംസ്ഥാന പ്ലാൻ ഫണ്ടും കിഫ്ബി ധനസഹായവും ഉപയോഗിച്ചാണ് പദ്ധതികൾ നടപ്പാക്കിവരുന്നത്. ജലപാതാ വികസനം സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി കേരള വാട്ടർവേയ്സ് & ഇൻഫ്രാസ്ട്രക്ചേഴ്സ് (KWIL) എന്ന സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ചിട്ടുണ്ട്. പ്രവൃത്തികൾ സമയക്രമം പാലിച്ച് നടപ്പാക്കുന്നതിലേയ്ക്കായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഓഫീസ് നേരിട്ടും ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിലും അവലോകന യോഗങ്ങൾ നടത്തി പ്രവൃത്തിയുടെ പുരോഗതി സമയബന്ധിതമായി

വിലയിരുത്തി വരുന്നുണ്ട്. പദ്ധതിയുടെ ഭാഗമായി നിലവിൽ നടന്നുവരുന്ന വികസന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

- കുട്ടനാട് നിയോജകമണ്ഡലത്തിലെ 9 ബോട്ട് ജെട്ടികളിൽ 8 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്.
- വടകര-മാഹി റീച്ച് 5-ൽ 3 കി.മീ. ദൂരത്തിൽ കനാൽ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചു.
- വടകര-മാഹി കനാലിന് കുറുകെ വെങ്ങോളി റോഡ് ബ്രിഡ്ജ് നിർമ്മാണം
- ആലപ്പുഴ ജില്ലയിലെ തൃക്കുന്നപ്പുഴയിൽ നാവിഗേഷൻ ലോക്കിന്റെ പുനർനിർമ്മാണം
- കോഴിക്കോട് വടകര - മാഹി കനാലിന് കുറുകെ മൂഴിക്കലിലെ ലോക്ക് കം ബ്രിഡ്ജ്; അപ്രോച്ച് റോഡ് നിർമ്മാണം
- വടകര-മാഹി കനാലിന് കുറുകെ കരിങ്ങാലിമുക്ക് ലോക്ക്-കം-ബ്രിഡ്ജ് നിർമ്മാണം

- പൊന്നാനി താലൂക്കിൽ വെസ്റ്റ്-കോസ്റ്റ് കനാലിൽ വെളിയംകോട് ലോക്ക്-കം-ബ്രിഡ്ജ് നിർമ്മാണം (ചെ. 316.728 കി.മീ.)

- ടി.എസ്. കനാലിൽ ചെ. 24.23 കി.മീ.-ൽ കഠിനംകുളം ഭാഗത്ത് സെന്റ് ആൻഡ്രൂസ് ബ്രിഡ്ജിന്റെ പുനർനിർമ്മാണം

- ടി.എസ്. കനാലിൽ ചെ. 16.90 കി.മീ. മുതൽ 22.55 കി.മീ. വരെയുള്ള ഭാഗത്ത് 4 റീച്ചുകളിലായി കനാലിന്റെ ആഴവും വീതിയും കൂട്ടുന്ന പ്രവൃത്തികൾ

- തിരുവനന്തപുരം കോർപ്പറേഷനിൽ പാർവ്വതി പുത്തനാറിന് കുറുകെ കരിക്കകം, പനത്തുറ, പുത്തൻപാലം എന്നിവിടങ്ങളിൽ സ്റ്റീൽ ലാറ്റിസ് ബ്രിഡ്ജിന്റെ നിർമ്മാണം എന്നിവ നടന്നുവരുന്നു.

**(19) ജലജീവൻ പദ്ധതി**

2024-ഓടെ ഗ്രാമപ്രദേശങ്ങളിലെ എല്ലാ വീടുകളിലേയ്ക്കും മതിയായ അളവിൽ ശുദ്ധജലം ലഭ്യമാക്കുന്നതിനുവേണ്ടി പ്രവർത്തനക്ഷമമായ പൈപ്പ് കണക്ഷൻ നൽകുന്ന പദ്ധതിയാണിത്. ഇതിന്റെ നിർമ്മാണ തുക 40203.61

കോടി രൂപയാണ്. 3549864 ഉപഭോക്താക്കൾക്ക് കണക്ഷൻ നൽകിയിട്ടുണ്ട് (50.11%)

**(20) കൊച്ചി മെട്രോ റെയിൽ**

കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെ നിർമ്മാണ ചെലവ് Phase 1B- 448.33 കോടി രൂപയാണ്. ഡിസംബർ 2023-ഓടുകൂടി പദ്ധതി പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഇതിന്റെ ഫിസിക്കൽ പ്രോഗ്രസ് 65 ശതമാനവും ഫിനാൻഷ്യൽ പ്രോഗ്രസ് 74 ശതമാനവുമാണ്. Phase II- 1957.05 കോടി രൂപയാണ്. ആഗസ്റ്റ് 2025-ഓടുകൂടി പദ്ധതി പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഭൂമി ഏറ്റെടുക്കലിന്റെ 82.4% പൂർത്തീകരിച്ചു.

**(21) കൊച്ചി ജല മെട്രോ പദ്ധതി**

കൊച്ചിയിലെ പതിനാറ് റൂട്ടുകളിലെ 76 കി.മീ. ജലപാതയുടെ വികസനമാണ് പദ്ധതി ലക്ഷ്യമിടുന്നത്. കൊച്ചി മെട്രോ റെയിൽ കോർപ്പറേഷനാണ് ഇത് നടപ്പാക്കുന്നത്. 1136 കോടി രൂപയാണ് ഇതിന്റെ

നിർമ്മാണ ചെലവ്. ഇതിന്റെ ഫിസിക്കൽ പ്രോഗ്രസ് 42.2 ശതമാനവും ഫിനാൻഷ്യൽ പ്രോഗ്രസ് 38.6 ശതമാനവുമാണ്.

**(22) തിരുവനന്തപുരം ഔട്ടർ റിംഗ് റോഡ്**

എൻ.എച്ച്.-66 പാരിപ്പള്ളിക്ക് സമീപം നാവായിക്കുളത്തുനിന്നും ആരംഭിച്ച് വിഴിഞ്ഞം ബൈപ്പാസിൽ അവസാനിക്കുന്നതാണ് തിരുവനന്തപുരം ഔട്ടർ റിംഗ് റോഡ്. ഏകദേശം 78.88 കി.മീ. നീളമുള്ള ഈ റോഡ് ഇപ്പോൾ നാലുവരിപ്പാതയായി ആവശ്യം വന്നാൽ ഭാവിയിൽ 6 വരിപ്പാതയായും വികസിപ്പിക്കാവുന്ന തരത്തിലാണ് രൂപകൽപ്പന ചെയ്തിരിക്കുന്നത്. ഇതിന് എൻ.എച്ച്.എ.ഐ.-യുടെ അംഗീകാരം കിട്ടിയിട്ടുണ്ട്.

**(23) ആക്കുളം തടാകത്തിന്റെ പുനരുജ്ജീവിപ്പിക്കൽ**

19-10-2019-ൽ 185.23 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി ലഭിച്ചു. 07-02-2020-ൽ 64.1 കോടി രൂപയുടെ അംഗീകാരം കിഫ്ബിയിൽ നിന്നും ലഭിച്ചു. എസ്.പി.വി. ആയി WAPCOS Ltd.-നെ നിയമിച്ചിട്ടുണ്ട്.

05-02-2021-ന് e-bidding പ്രക്രിയ പൂർത്തിയായി. ടെക്നിക്കൽ/PQ മൂല്യനിർണ്ണയം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**(24) സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട്സ്**

സംസ്ഥാനത്തെ നഗര പ്രദേശങ്ങളിലെ റോഡ് ഗതാഗതം സുഗമമാക്കുന്നതിലേയ്ക്കായി കണ്ണൂർ, ആലപ്പുഴ, കൊല്ലം ജില്ലകളിൽ പ്രാഥമിക ഘട്ടത്തിൽ നടപ്പാക്കിവരുന്ന ബൃഹത് പദ്ധതിയാണ് സിറ്റി റോഡ് ഇംപ്രൂവ്മെന്റ്.

**(25) കേരള-സെമി ഹൈസ്പീഡ് റെയിൽ**

തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള 531 കി.മീ. ദൂരത്തിൽ സെമി-ഹൈസ്പീഡ് ട്രെയിനുകൾക്കായി നിലവിലുള്ള ഇരട്ടപ്പാതയ്ക്ക് സമാന്തരമായി മണിക്കൂറിൽ ശരാശരി 180 മുതൽ 200 കി.മീ. വരെ വേഗത്തിൽ ട്രെയിനുകൾക്ക് സഞ്ചരിക്കുന്നതിനായുള്ള മൂന്നും നാലും പാതകൾ/ഗ്രീൻഫീൽഡ് കോറിഡോർ വിഭാവനം ചെയ്തുകൊണ്ടുള്ള

പദ്ധതിയാണിത്. കേന്ദ്രാനുമതി ലഭിക്കുന്നമുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

**(26) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി**

സംസ്ഥാനത്തെ സാമ്പത്തിക വാണിജ്യ രംഗങ്ങളിൽ വലിയ മുന്നേറ്റത്തിന് വഴിയൊരുക്കുന്നതാണ് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി. തുറമുഖ നിർമ്മാണം നിലവിൽ 80% പൂർത്തിയായിട്ടുണ്ട്. രാജ്യത്തിന് മുഴുവൻ പ്രയോജനപ്പെടുന്നതും പാരിസ്ഥിതിക പ്രശ്നങ്ങളില്ലാത്തതുമാണ് ഈ ട്രാൻസ്ഷിപ്പ്മെന്റ് തുറമുഖം. അയൽ രാജ്യങ്ങൾക്ക് ചരക്കുകൾ കൈമാറ്റം ചെയ്യുന്നതിനുള്ള ഏറ്റവും പ്രധാനപ്പെട്ട വാതായനമാണ് വിഴിഞ്ഞം തുറമുഖം.

കയറ്റുമതിയും ഇറക്കുമതിയും വർദ്ധിക്കുന്നതിലൂടെ കേരളത്തിലെ വ്യവസായ മേഖലകളിൽ വൻ കുതിച്ചുചാട്ടമുണ്ടാകുന്നതാണ് വിഴിഞ്ഞം പദ്ധതി. വിഴിഞ്ഞം തുറമുഖത്തിൽ ആദ്യ ഘട്ടത്തിൽ 10 ലക്ഷം കണ്ടെയ്നറുകൾ കൈകാര്യം ചെയ്യാൻ വിഭാവനം ചെയ്യുന്നു. ഇത് 30 ലക്ഷം

വരെ ഉയർത്താനും ഇതിന്റെ തുടർ ഘട്ടങ്ങൾ പൂർത്തിയാകുന്നതോടുകൂടി സാധിക്കുന്നതാണ്.

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം പ്രവർത്തനമാരംഭിക്കുന്നതോടുകൂടി കേരളം ഉൾപ്പെടെയുള്ള തെക്കൻ സംസ്ഥാനങ്ങളിൽ വ്യാവസായിക ഇടനാഴികളുടെ വളർച്ചയ്ക്കും വികസനങ്ങൾക്കും പുത്തനുണർവ് കൈവരുന്നതാണ്. കണ്ടെയ്നർ ഒന്നിന് ശരാശരി 6 പ്രവൃത്തി ദിനങ്ങൾ തുറമുഖത്തിനകത്തും പുറത്തും സൃഷ്ടിക്കപ്പെടുമെന്ന് അനുമാനിക്കുന്നു. ഇതിലൂടെ കേരളത്തിന് വമ്പിച്ച രീതിയിലുള്ള തൊഴിൽ സാദ്ധ്യതകളും വരുമാന വർദ്ധനവും ലഭ്യമാകുന്നതാണ്. ഇത്തരത്തിലുള്ള ചരക്ക് നീക്കം പ്രാവർത്തികമാകുന്നതോടുകൂടി കേരളത്തിലെ ചെറുകിട വ്യവസായങ്ങളായ കരകൗശലം, ഫർണിച്ചർ നിർമ്മാണം, ടെക്സ്റ്റൈൽസ്, കാർഷിക മേഖല തുടങ്ങിയവയിൽ അനുബന്ധ വിപണി സാന്നിദ്ധ്യംമൂലം വൻ പുരോഗതിയും നേട്ടങ്ങളും കൈവരുന്നതാണ്.

വിഴിഞ്ഞം തുറമുഖത്തിന്റെ വരവോടുകൂടി കുറഞ്ഞ ചെലവിൽ നിർമ്മാണ സാമഗ്രികൾ ഇറക്കുമതി ചെയ്യാനുള്ള സാദ്ധ്യതകൾ മുൻ നിർത്തി നിർമ്മാണ മേഖലയിലും വൻ പുരോഗതി പ്രതീക്ഷിക്കുന്നു.

**(27) ഡിജിറ്റൽ സയൻസ് പാർക്ക്**

തിരുവനന്തപുരം ഡിജിറ്റൽ സർവ്വകലാശാല കാമ്പസിനോട് ചേർന്ന്, ടെക്നോസിറ്റിയിലെ 14 ഏക്കറിൽ ഡിജിറ്റൽ സയൻസ് പാർക്ക് 3 വർഷത്തിനുള്ളിൽ പൂർത്തിയാക്കുന്നതിന് ലക്ഷ്യമിടുന്നു. സ്ഥാപനങ്ങൾക്ക് പുതിയ സാങ്കേതികവിദ്യ വളർത്തിയെടുക്കാനും ഇതിന് വിവിധ സർവ്വകലാശാലകളുമായി ചേർന്ന് പ്രവർത്തിക്കാനുമുള്ള കൺസൾട്ടൻസി സഹായം പാർക്കിലുണ്ടാകും.

**(28) അഴീക്കൽ പോർട്ട്**

മലബാർ മേഖലയെ സാമ്പത്തികമായും ഭൗതികമായും വളർത്തുക എന്ന ലക്ഷ്യത്തോടെ തുറമുഖ വകുപ്പിന്റെ കീഴിൽ നടപ്പാക്കിവരുന്ന പദ്ധതിയാണ് അഴീക്കൽ പോർട്ട് വികസനം. ഈ ബൃഹത് പദ്ധതിയുടെ

നിർവ്വഹണ ഏജൻസി മലബാർ ഇന്റർനാഷണൽ പോർട്സും SEZ-ഉം ആണ്. ഈ പദ്ധതിയുടെ ആകെ എസ്റ്റിമേറ്റ് തുക 5,047 കോടി രൂപയാണ്.

**(29) മുഴപ്പിലങ്ങാടി ബീച്ച് വികസനം**

ടൂറിസം വകുപ്പിന്റെ കീഴിൽ KIIDC-യുടെ നേതൃത്വത്തിൽ കിഫ്ബി ഫണ്ട് മുഖേന നടപ്പാക്കിവരുന്ന പദ്ധതിയാണ് മുഴപ്പിലങ്ങാടി ബീച്ച് വികസനം. ഇതിന്റെ എസ്റ്റിമേറ്റ് തുക 233.71 കോടി രൂപയാണ്. 2023 ഡിസംബർ മാസത്തോടെ പദ്ധതി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**(30) സ്മാർട്ട് അങ്കണവാടി**

വനിതാ ശിശു വികസന വകുപ്പിന്റെ കീഴിൽ തദ്ദേശസ്വയംഭരണ വകുപ്പ് നടപ്പാക്കിവരുന്ന പദ്ധതിയാണ് സ്മാർട്ട് അങ്കണവാടി. പ്രസ്തുത പദ്ധതിക്ക് താഴെപ്പറയുന്ന രീതികളിൽ ഫണ്ടിംഗ് നടത്തിവരുന്നു.

- റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവ് (2020-21)-Rs. 8.30 കോടി രൂപ (29 അങ്കണവാടികൾ)

- പ്രളയത്തിൽ തകർന്ന അങ്കണവാടികളുടെ പുനരുദ്ധാരണം (2020-21) -Rs. 2.50 കോടി രൂപ (9 അങ്കണവാടികൾ)

- സ്മാർട്ട് അങ്കണവാടി (2020-21)-Rs. 15.38 കോടി രൂപ (48 അങ്കണവാടികൾ)

- സ്മാർട്ട് അങ്കണവാടി (2021-22)-Rs. 20.18 കോടി രൂപ (66 അങ്കണവാടികൾ)

- സ്മാർട്ട് അങ്കണവാടി (2022-23)-Rs. 15.53 കോടി രൂപ (52 അങ്കണവാടികൾ)

163 അങ്കണവാടികൾക്കായി ടെക്നിക്കൽ സാംഗ്ഷൻ അനുവദിച്ചു. 28 അങ്കണവാടികൾക്ക് ടെക്നിക്കൽ സാംഗ്ഷൻ അനുവദിക്കുന്നതിനായി നടപടികൾ ആരംഭിച്ചു. 157 അങ്കണവാടികൾക്കായുള്ള ടെണ്ടർ നടപടികൾ ആരംഭിച്ചു.

**(31) വഴിയോര വിശ്രമകേന്ദ്രം**

സംസ്ഥാനത്ത് ദേശീയ പാതയോരങ്ങളിൽ പൊതുജനങ്ങൾക്കാവശ്യമായ സൗകര്യങ്ങളോടെ 30 വഴിയോര വിശ്രമ കേന്ദ്രങ്ങൾ ഒരുക്കുന്നതിന് പദ്ധതി ലക്ഷ്യമിടുന്നു. ഇതിൽ 5 വിശ്രമ കേന്ദ്രങ്ങൾക്കായി സ്ഥലം കണ്ടെത്തുകയും ആയത് ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയും ചെയ്യുന്നു. നോർക്ക വകുപ്പിന് കീഴിൽ നടപ്പാക്കുന്ന പദ്ധതിയുടെ നിർവ്വഹണ ഏജൻസി OKIHL (Overseas Keralites Investment & Holdings Limited) ആണ്.

**(32) റൂം ഫോർ റിവർ**

ജലസേചന വകുപ്പിന്റെ കീഴിൽ റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ നിർവ്വഹണ നേതൃത്വത്തിൽ ആരംഭിച്ച പദ്ധതിയാണ് റൂം ഫോർ റിവർ. മുഖ്യ നദികളായ അച്ചൻകോവിൽ, പമ്പ, മണിമലയാർ, മീനച്ചിൽ, മൂവാറ്റുപുഴ എന്നീ നദികളെ തോട്ടപ്പള്ളി പൊഴിമുഖം വഴി ജലത്തിന്റെ ബാഹുല്യം തടഞ്ഞ് അറബിക്കടലിലേയ്ക്ക് ഒഴുക്കി പ്രളയം തടയുന്ന പദ്ധതി. 4.5 കോടി രൂപ ഇതിനായി ജലവിഭവ വകുപ്പ് അനുവദിക്കുകയുണ്ടായി. ഐ.ഐ.റ്റി.

മദ്രാസ് ഇതിനായുള്ള ഹൈഡ്രോഡൈനാമിക് പഠനം നടത്തിയിട്ടുണ്ട്. ജലസേചന വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഡി.പി.ആർ. തയ്യാറാക്കി തുടർ പ്രവർത്തനങ്ങൾ നടത്തുന്നതാണ്.

(ഇ) സംസ്ഥാനത്തെ വൻകിട പദ്ധതികളുടെ മേൽനോട്ടവും നടത്തിപ്പും കൂടുതൽ കാര്യക്ഷമതയോടെ നടപ്പാക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

പദ്ധതികൾ മുൻഗണനാടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത് അവ സമയബന്ധിതമായി പൂർത്തീകരിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനായി മുഖ്യമന്ത്രിയുടെ ഓഫീസിലെ പ്രോഗ്രാം ഇംപ്ലിമെന്റേഷൻ സെല്ലും പദ്ധതി നിർവ്വഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പും സംയുക്തമായി പുരോഗതി വിലയിരുത്തുന്നുണ്ട്. പദ്ധതികളുടെ അവലോകനം കൃത്യമായ ഇടവേളകളിൽ മുഖ്യമന്ത്രി, മന്ത്രിമാർ, വകുപ്പ് സെക്രട്ടറി തലങ്ങളിൽ നടന്നുവരുന്നു.

സംസ്ഥാനത്തിന്റെ വികസനത്തിന് നിർണ്ണായക വൻകിട പദ്ധതികളെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മുൻഗണനാ പദ്ധതികളിൽ ഉൾപ്പെടുത്തി

സസൂക്ഷ്മം അവലോകനം ചെയ്തുവരുന്നു. കേന്ദ്ര സർക്കാരിന്റെ e-PMG Portal വഴി പദ്ധതി നടത്തിപ്പിലുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുന്ന സംവിധാനവും നിലവിലുണ്ട്. കേന്ദ്ര സർക്കാരിന്റെ e-samiksha portal കേരളത്തിന് അനുയോജ്യമാക്കി മാറ്റി (e-samiksha kerala portal) കേന്ദ്ര സർക്കാരിന്റെ പദ്ധതി സംബന്ധമായതുൾപ്പെടെയുള്ള കത്തിടപാടുകൾ സമയബന്ധിതമായി തുടർനടപടി സ്വീകരിച്ച് e-Samiksha National Portal വഴി അറിയിക്കുന്ന സംവിധാനം നിലവിലുണ്ട്.

മേൽപ്പറഞ്ഞ വിവര സാങ്കേതിക വിനിമയ വിദ്യകൾ ഫലപ്രദമായി ഉപയോഗിച്ച് സംസ്ഥാനത്തെ വൻകിട പദ്ധതികളുടെ മേൽനോട്ടവും നടത്തിപ്പും കാര്യക്ഷമതയോടെയും വേഗതയോടെയും നടപ്പാക്കിവരുന്നു.

**റേഷൻ വിതരണ രംഗത്തെ പ്രതിസന്ധി പരിഹരിക്കാൻ നടപടി**

13 (*13) ശ്രീ. മാണി സി. കാപ്പൻ:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. മോൻസ് ജോസഫ്:

<u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റേഷൻ വിതരണ രംഗത്ത് മാസങ്ങളായി തുടരുന്ന പ്രതിസന്ധിയുടെ കാരണങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

റേഷൻ വിതരണവുമായി ബന്ധപ്പെട്ട് പ്രതിസന്ധികളുണ്ടായിട്ടില്ല. സെർവ്വറുകളിലുണ്ടാകുന്ന സാങ്കേതികപ്രശ്നം കാരണം കഴിഞ്ഞ മാസങ്ങളിലെ ചില ദിവസങ്ങളിൽ റേഷൻവിതരണത്തിൽ ഭാഗികമായ തടസ്സം നേരിട്ടിരുന്നു. ഇ-പോസ് മെഷീനിൽ ഗുണഭോക്താവിന്റെ വിരലടയാളം ഉപയോഗിച്ച് ബയോമെട്രിക് ഓതന്റിക്കേഷൻ മുഖേനയുള്ള റേഷൻ വിതരണം സാധ്യമാകുന്നത് ഓതന്റിക്കേഷൻ യൂസർ ഏജൻസി (AUA), ഓതന്റിക്കേഷൻ സർവ്വീസ് ഏജൻസി (ASA), UIDAI (ആധാർ സെർവ്വർ) എന്നിവയുടെ ഒരുമിച്ചുള്ള പ്രവർത്തനത്തിലൂടെയാണ്. സാങ്കേതിക പ്രശ്നങ്ങളില്ലാതെ ഈ സെർവ്വറുകൾ കൃത്യമായി പ്രവർത്തിച്ചാൽ മാത്രമേ വിതരണത്തിൽ തടസ്സം നേരിടുന്നത് പരിപൂർണ്ണമായി ഒഴിവാക്കാൻ

കഴിയുകയുള്ളൂ. നിലവിൽ ഈ പ്രവർത്തനം സുഗമമായി നടന്നുവരുന്നു. കഴിഞ്ഞ മേയ്, ജൂൺ, ജൂലൈ മാസങ്ങളിൽ എ.എ.വൈ. വിഭാഗത്തിൽപ്പെട്ട 97% കാർഡുടമകളും പി.എച്ച്.എച്ച്. വിഭാഗത്തിൽപ്പെട്ട 95% കാർഡുടമകളും റേഷൻ കൈപ്പറ്റിയിട്ടുണ്ട്. ടി മാസങ്ങളിൽ സംസ്ഥാനത്തെ ആകെ കാർഡുടമകളുടെ 83% പേരും റേഷൻ കൈപ്പറ്റിയിട്ടുണ്ട്.

(ബി) സെർവ്വർ, ഇ-പോസ് മെഷീൻ തകരാറുകൾ പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

ഓതന്റിക്കേഷൻ യൂസർ ഏജൻസി (AUA)-യുടെ സെർവ്വറിൽ ഉണ്ടാകുന്ന സാങ്കേതിക പ്രശ്നങ്ങൾ കാരണം റേഷൻ വിതരണം മുടങ്ങാതിരിക്കുന്നതിനായി എൻ.ഐ.സി.-യുടെ AUA സെർവ്വറുകൾകൂടി വിതരണത്തിൽ ഉൾപ്പെടുത്തുന്നതിന് എൻ.ഐ.സി.-യുമായും UIDAI-മായും ബന്ധപ്പെട്ട് തുടർനടപടി സ്വീകരിച്ചുവരുന്നു. കൂടാതെ ഓതന്റിക്കേഷൻ സർവ്വീസ് ഏജൻസി (ASA), UIDAI (ആധാർ സെർവ്വർ) എന്നിവയുടെ സെർവ്വറുകൾ സംസ്ഥാന സർക്കാരുകളുടെ നിയന്ത്രണത്തിലുള്ളതല്ലാത്തതിനാൽ പ്രസ്തുത സെർവ്വറുകളിൽ എന്തെങ്കിലും

പ്രശ്നങ്ങൾ ഉണ്ടാകുകയാണെങ്കിൽ അനുബന്ധ ഏജൻസികളുമായി ബന്ധപ്പെട്ട് ഉടനടി പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ട്.

റേഷൻവിതരണത്തിൽ ഭാഗികമായുണ്ടാകുന്ന സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്റെ ഭാഗമായി വിതരണത്തിൽ ഉപയോഗിച്ചിരുന്ന ബി.എസ്.എൻ.എൽ. ബാൻഡ് വിഡ്ത്ത് 20 mbps-ൽനിന്നും 50 mbps-ലേയ്ക്ക് ഉയർത്തിയിട്ടുണ്ട്. വകുപ്പ് സെർവ്വർ അപ്ഗ്രഡേഷൻ ചെയ്യുന്നതിനായി സിസ്റ്റം അഡ്മിനിസ്ട്രേറ്ററെ നിയമിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഏപ്രിൽ 1 മുതൽ 30 വരെയുള്ള കാലയളവിൽ എല്ലാ ഇ-പോസ് മെഷീനുകളുടെയും സർവ്വീസ് പൂർത്തീകരിച്ചിട്ടുണ്ട്. വിതരണത്തിൽ ഉൾപ്പെടുന്ന എല്ലാ തലങ്ങളിലെ വ്യക്തികളെയും ഉൾപ്പെടുത്തി എല്ലാ മാസവും ആദ്യ ദിവസങ്ങളിൽ ഓൺലൈൻ വീഡിയോ കോൺഫറൻസിലൂടെ റേഷൻ വിതരണത്തിലെ പ്രശ്നങ്ങളും പുരോഗതിയും വിശകലനം ചെയ്തുവരുന്നു. ബയോമെട്രിക് ഓതന്റിക്കേഷൻ പരാജയപ്പെടുന്നപക്ഷം ഒ.ടി.പി. നൽകി വിതരണം ചെയ്യുകയും ആയതും

നടപ്പാകാത്ത സാഹചര്യത്തിൽ മാനുവലായി വിതരണം നടത്തുകയും ചെയ്തുവരുന്നു. റേഷൻ വിതരണം പൂർണ്ണമായും മുടങ്ങുന്ന സാഹചര്യമോ റേഷൻ കിട്ടാതിരിക്കുന്ന സാഹചര്യമോ നാളിതുവരെയുണ്ടായിട്ടില്ല.

(സി) കോവിഡ് കാലത്ത് കിറ്റ് വിതരണം ചെയ്ത വകയിൽ റേഷൻ വ്യാപാരികൾക്ക് നൽകാനുള്ള കമ്മീഷൻ തടഞ്ഞുവച്ചിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ; പ്രസ്തുത കുടിശ്ശിക തുക കൊടുത്തുതീർക്കാൻ നടപടി സ്വീകരിക്കുമോ?

കോവിഡ് കാലത്തെ കിറ്റ് വിതരണത്തിന് റേഷൻ വ്യാപാരികൾക്ക് കമ്മീഷൻ നൽകുന്നത് സംബന്ധിച്ച വിഷയത്തിൽ സുപ്രീംകോടതിയിൽ അപ്പീൽ ഫയൽ ചെയ്തിരുന്നതിനാൽ വിധിയാകുന്നതുവരെ നടപടി സ്വീകരിച്ചിരുന്നില്ല. നിലവിൽ ബഹുമാനപ്പെട്ട കോടതി അപ്പീൽ തീർപ്പാക്കിയിട്ടുള്ളതിനാൽ കോടതി വിധിക്കനുസരിച്ച് നടപടി സ്വീകരിച്ചുവരുന്നു.

(ഡി) റേഷൻ വ്യാപാരികളുടെ ക്ഷേമ പെൻഷൻ തുക അർഹതപ്പെട്ടവർക്ക് വിതരണം ചെയ്യുന്നതിൽ മുടക്കം വന്നിട്ടുണ്ടോ;

ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കാമോ; മറ്റ് ക്ഷേമ പെൻഷൻ ഫണ്ടുകളിൽ നൽകുന്നതുപോലെ സർക്കാർ വിഹിതം ഈ ഫണ്ടിലും നൽകാൻ നടപടി സ്വീകരിക്കുമോ?

റേഷൻ വ്യാപാരികളുടെ ക്ഷേമ പെൻഷൻ വിതരണത്തിൽ മുടക്കം വന്നിട്ടില്ല. റേഷൻ വ്യാപാരി ക്ഷേമനിധിയിൽനിന്ന് ത്രൈമാസികമായാണ് പെൻഷൻ അനുവദിച്ചുവരുന്നത്. 2023 ഏപ്രിൽ, മേയ്, ജൂൺ മാസങ്ങളിലെ പെൻഷൻ ഗഡു ജൂലൈ മാസത്തിൽ അനുവദിച്ചിട്ടുണ്ട്. എന്നാൽ ഫണ്ടിന്റെ അപര്യാപ്തതമൂലം മറ്റ് ക്ഷേമനിധി ആനുകൂല്യങ്ങളായ അംശദായം തിരികെ നൽകൽ, മരണാനന്തര ധനസഹായം, ചികിത്സാ ധനസഹായം, വിദ്യാഭ്യാസ സ്കോളർഷിപ്പ്, പുതുതായി പെൻഷനാകുന്നവർക്കുള്ള പെൻഷൻ എന്നിവ അനുവദിക്കാൻ കഴിയാത്ത സാഹചര്യമുണ്ട്. മറ്റ് ക്ഷേമ പെൻഷൻ ഫണ്ടുകളിൽ നൽകുന്നതുപോലെ സർക്കാർ വിഹിതം റേഷൻ വ്യാപാരി ക്ഷേമനിധി ഫണ്ടിലും നൽകുന്നത് നിലവിൽ പരിഗണനയിലില്ല.

**ലേബർ റൂം ക്വാളിറ്റി ഇംപ്രൂവ്മെന്റ് ഇനിഷ്യേറ്റീവ്**

14 (*14) ശ്രീമതി ശാന്തകുമാരി കെ.:

<u>ശ്രീമതി യു. പ്രതിഭ:</u>

<u>ശ്രീമതി ഒ. എസ്. അംബിക:</u>

<u>ശ്രീമതി കാനത്തിൽ ജമീല:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്) സദയം മറുപടി നൽകുമോ:

(എ) പ്രസവ ചികിത്സാ സൗകര്യങ്ങളിലെ മികവിന് ദേശീയ ആരോഗ്യദൗത്യം ഏർപ്പെടുത്തിയ ലക്ഷ്യ (ലേബർ റൂം ക്വാളിറ്റി ഇംപ്രൂവ്മെന്റ് ഇനിഷ്യേറ്റീവ്) സർട്ടിഫിക്കേഷന് സംസ്ഥാനത്തെ ആശുപത്രികളെ തെരഞ്ഞെടുത്തിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ ആശുപത്രികൾക്കാണ് സർട്ടിഫിക്കേഷൻ ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. പ്രസവ ചികിത്സാ സൗകര്യങ്ങളിലെ മികവിന് ദേശീയ ആരോഗ്യ ദൗത്യം ഏർപ്പെടുത്തിയ ലക്ഷ്യ (ലേബർ റൂം ക്വാളിറ്റി ഇംപ്രൂവ്മെന്റ് ഇനിഷ്യേറ്റീവ്) സർട്ടിഫിക്കേഷന് കേരളത്തിലെ മെഡിക്കൽ കോളേജ്, ജില്ലാ ആശുപത്രി, ജനറൽ ആശുപത്രി, താലൂക്ക് ആശുപത്രി

എന്നിവയുൾപ്പെടെ 45 സ്ഥാപനങ്ങളെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്. ഇതിൽ 10 സ്ഥാപനങ്ങൾക്കാണ് ലക്ഷ്യ അംഗീകാരം ലഭിച്ചിട്ടുള്ളത്. അംഗീകാരം ലഭിച്ച സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

1. താലൂക്ക് ആശുപത്രി, പുനലൂർ, കൊല്ലം
2. കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രി
3. ജനറൽ ആശുപത്രി, എറണാകുളം
4. സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, കോഴിക്കോട്
5. കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയുടെ അനുബന്ധ സ്ഥാപനമായ ഐ.എം.സി.എച്ച്.
6. ജനറൽ ആശുപത്രി, കോഴിക്കോട്
7. ജില്ലാ ആശുപത്രി , മാനന്തവാടി, വയനാട്
8. സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, മങ്ങാട്ടുപറമ്പ്, കണ്ണൂർ
9. ജില്ലാ ആശുപത്രി, മാവേലിക്കര, ആലപ്പുഴ
10. സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, പൊന്നാനി, മലപ്പുറം

(ബി) ഇതിനടിസ്ഥാനമായി പ്രസ്തുത സർട്ടിഫിക്കേഷൻ ലഭിച്ച ആശുപത്രികളിൽ ഒരുക്കിയിട്ടുള്ള സൗകര്യങ്ങളും സേവനങ്ങളും വിശദമാക്കാമോ?

ലക്ഷ്യ സർട്ടിഫിക്കേഷൻ ലഭിച്ച ആശുപത്രികളിൽ ഒരുക്കിയിട്ടുള്ള സൗകര്യങ്ങളുടെയും സേവനങ്ങളുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

- ലക്ഷ്യ സർട്ടിഫിക്കേഷൻ ലഭിച്ച ആശുപത്രികളിൽ 24 മണിക്കൂറും സാധാരണ പ്രസവം, അസിസ്റ്റഡ് ഡെലിവറി, സിസേറിയൻ സെക്ഷൻ ഉൾപ്പെടെയുള്ള പ്രസവ സൗകര്യവും പ്രസവാനന്തര ശുശ്രൂഷയും ഉറപ്പുവരുത്തുന്നു.
- പ്രസവാനന്തരമുള്ള ഗർഭനിരോധന മാർഗ്ഗങ്ങൾ (PPIUCD) തുടങ്ങിയവ ഉറപ്പുവരുത്തുന്നു.
- പ്രസവാനന്തര സങ്കീർണ്ണതകൾ യഥാസമയം കണ്ടെത്തി ചികിത്സിക്കുകയും ആവശ്യമെങ്കിൽ higher centres-ലേയ്ക്ക് റഫർ ചെയ്യുകയും ചെയ്യുന്നു.

- നവജാത ശിശുക്കൾക്ക് അവശ്യംവേണ്ട ഗുണമേന്മയുള്ള പരിചരണം 24 മണിക്കൂറും ഉറപ്പുവരുത്തുന്നു.
- Point of care diagnostic test – ഗർഭിണികൾക്ക് ആവശ്യമായ ലബോറട്ടറി പരിശോധനകൾ (HIV, Hb, Blood Sugar, Protein, Urea തുടങ്ങിയവയുടെ രക്തപരിശോധനകൾ) 24 മണിക്കൂറും സ്ഥാപനത്തിൽ ഉറപ്പുവരുത്തുന്നു.
- രോഗികളുടെ അവകാശങ്ങൾ സംബന്ധിച്ച സേവന വിവരങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്ന വിധത്തിൽ പ്രദർശിപ്പിച്ചുവരുന്നു.
- സേവനങ്ങളുടെ ലഭ്യത സംബന്ധിച്ച വിവിധ ദിശാസൂചികകൾ (Signage board) മലയാളത്തിൽ എഴുതി പ്രദർശിപ്പിക്കുന്നു.
- സ്ത്രീകളുടെയും കുട്ടികളുടെയും ആരോഗ്യ പരിചരണത്തിനും ചികിത്സയ്ക്കും ആവശ്യമായ ബോധവത്കരണ സന്ദേശങ്ങൾ യഥാവിധി പ്രദർശിപ്പിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നു.

- സാമൂഹികവും സാമ്പത്തികവും മതപരവും ലിംഗപരവുമായ യാതൊരു വിവേചനവുമില്ലാതെ എല്ലാവർക്കും ഗുണമേന്മയുള്ള സേവനങ്ങൾ ഉറപ്പുവരുത്തുന്നു.
- ഗർഭിണികളുടെ സ്വകാര്യതയും അന്തസ്സും മാനിച്ചുകൊണ്ടുള്ള ഗുണമേന്മയുള്ള സേവനം ലഭ്യമാകുന്നതിനുള്ള ഭൗതിക സാഹചര്യം ഉറപ്പുവരുത്തുന്നു.
- രോഗികൾക്കും അവരുടെ ബന്ധുക്കൾക്കും രോഗനിർണ്ണയവും ചികിത്സയും സംബന്ധിച്ച വിവരങ്ങൾ യഥാസമയം കൈമാറുകയും ഗർഭിണികളുടെയും ബന്ധുക്കളുടെയും അഭിപ്രായം മാനിച്ചുകൊണ്ടുള്ള ചികിത്സ ഉറപ്പുവരുത്തുകയും ചെയ്യുന്നു.
- ഗർഭിണികൾക്ക് രോഗനിർണ്ണയത്തിനാവശ്യമായ വിവിധ പരിശോധനകൾ, മരുന്ന്, രക്തം നൽകുന്നതുൾപ്പെടെയുള്ള ചികിത്സാ സൗകര്യങ്ങൾ സൗജന്യമായി ലഭ്യമാക്കുന്നു.
- ലക്ഷ്യ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചുള്ള ശുദ്ധജല സൗകര്യം, ശുചിമുറികളുടെ ലഭ്യത, വസ്ത്രം മാറുന്നതിനുള്ള സൗകര്യം തുടങ്ങിയവ

ഉറപ്പുവരുത്തുന്നു. പ്രസവ മുറി, ഓപ്പറേഷൻ തിയേറ്റർ, നവജാത ശിശു പരിചരണ യൂണിറ്റ് എന്നിവ പരസ്പരബന്ധിതമാക്കിയുള്ള ഭൗതിക സാഹചര്യം ഉറപ്പുവരുത്തുന്നു.

- ഗർഭിണികളുടെയും കുഞ്ഞുങ്ങളുടെയും സുരക്ഷയ്ക്ക് ഹാനികരമായ യാതൊരു വസ്തുക്കളും ചികിത്സാ കേന്ദ്രങ്ങളിൽ (Infrastructural/furniture/equipment related) ഇല്ലെന്ന് ഉറപ്പുവരുത്തുന്നു.
- അഗ്നിശമന സുരക്ഷാ മാർഗ്ഗങ്ങളും മറ്റും ഉറപ്പുവരുത്തുന്നു.
- ലക്ഷ്യ സ്റ്റാൻഡേർഡ്സ് പ്രകാരം സ്ഥാപനങ്ങളിൽ ഗൈനക്കോളജിസ്റ്റ്, പീഡിയാട്രീഷ്യൻ, അനസ്തേഷ്യോളജിസ്റ്റ് മുതലായ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനം ഉറപ്പുവരുത്തുന്നു. എല്ലാ ആരോഗ്യ പ്രവർത്തകർക്കും ആവശ്യമായ പരിശീലനം സിദ്ധിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നു.
- ലേബർ റൂം, ഓപ്പറേഷൻ തിയേറ്റർ എന്നിവയുടെ നിലവാരം ലക്ഷ്യ മാനദണ്ഡങ്ങളനുസരിച്ച് അത്യാധുനിക രീതിയിൽ വർദ്ധിപ്പിച്ചു.

- പ്രസവ സഖി - ഗർഭിണികൾ അഡ്മിറ്റാകുന്ന സമയം മുതൽ ഡിസ്ചാർജ്ജ് ആകുന്നതുവരെ രോഗീപരിചരണത്തിനായി മുഴുവൻ സമയവും രോഗി നിർദ്ദേശിക്കുന്ന കൂട്ടിരിപ്പുകാരിയെ കൂടെ നിർത്തുന്നു.
- സഖി - ഒരു ഗർഭിണിക്ക് ഒരു ലേബർ റൂം എന്ന രീതിയിൽ ക്രമീകരിച്ചിരിക്കുന്നതുകൊണ്ട് രോഗിയുടെ സ്വകാര്യത കാത്തുസൂക്ഷിക്കുന്നു.
- ഗർഭിണികളിലുള്ള മാനസിക സംഘർഷം ലഘൂകരിക്കുന്നതിനായി ഒ.പി.-യിലെത്തുന്ന എല്ലാ ഗർഭിണികൾക്കും പെരിനേറ്റൽ കൗൺസിലിംഗ് നൽകുന്നു.
- ഉയർന്ന നിലവാരത്തിലുള്ള അണുബാധ നിയന്ത്രണം, ഇൻഫ്രാസ്ട്രക്ചർ മെച്ചപ്പെടുത്തൽ എന്നിവ നടപ്പിലാക്കി. ലക്ഷ്യ നിലവാരം കാത്തുസൂക്ഷിക്കുന്നതിനായി ക്വാളിറ്റി അഷ്വറൻസ് കമ്മിറ്റി, ഹോസ്പിറ്റൽ സേഫ്റ്റി കമ്മിറ്റി തുടങ്ങിയ വിവിധ കമ്മിറ്റികൾ സജീവമായി പ്രവർത്തിക്കുന്നു.

(സി) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾക്ക് പ്രസ്തുത അംഗീകാരം ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. സംസ്ഥാനത്ത് തെരഞ്ഞെടുത്ത ആറ് മെഡിക്കൽ കോളേജുകളിൽ കോട്ടയം മെഡിക്കൽ കോളേജിനും കോഴിക്കോട് മെഡിക്കൽ കോളേജിന്റെ അനുബന്ധ സ്ഥാപനമായ ഐ.എം.സി.എച്ച്.-നും ലക്ഷ്യ സർട്ടിഫിക്കേഷൻ ലഭ്യമാക്കിയിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം എന്നീ ജില്ലകളിലുള്ള സർക്കാർ മെഡിക്കൽ കോളേജുകളിൽ ലക്ഷ്യ സർട്ടിഫിക്കേഷനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

(ഡി) സംസ്ഥാനത്തെ എല്ലാ മെഡിക്കൽ കോളേജുകളിലും ആധുനിക പ്രസവ ചികിത്സ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

സംസ്ഥാനത്തെ എല്ലാ മെഡിക്കൽ കോളേജുകളിലും ആധുനിക പ്രസവ ചികിത്സ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ഓരോ വർഷവും സ്റ്റാൻഡേർഡൈസേഷൻ ഓഫ് മെറ്റേണൽ ആൻഡ് ചൈൽഡ് ഹെൽത്ത്

എന്ന പദ്ധതിയിലൂടെ ഫണ്ട് വിനിയോഗിച്ചുവരുന്നു. 2023-24 സാമ്പത്തിക വർഷത്തിലും വിവിധ മെഡിക്കൽ കോളേജുകൾക്കായി 5 കോടി രൂപയുടെ ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ പുരോഗമിച്ചുവരുന്നു. പ്രസവ ചികിത്സ നൽകുന്നതിന് മെഡിക്കൽ കോളേജുകളിലെ സൗകര്യങ്ങളും സേവനങ്ങളും ചുവടെ ചേർക്കുന്നു.

**സർക്കാർ മെഡിക്കൽ കോളേജ്, തിരുവനന്തപുരം**

- എസ്.എ.ടി ആശുപത്രിയിൽ ആധുനിക പ്രസവ ചികിത്സയ്ക്കുള്ള സംവിധാനങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.
- ആധുനിക സൗകര്യങ്ങളോടുകൂടിയ "അമ്മമാരുടെ തീവ്ര പരിചരണ വിഭാഗം" തയ്യാറാക്കി.
- ലേബർ റൂം ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തി.
- പ്രസവത്തോടനുബന്ധിച്ചുള്ള ഗർഭനിരോധന മാർഗ്ഗങ്ങളുടെ ശതമാനം വർദ്ധിച്ചു.
- പ്രസവ സമയത്ത് ഏറ്റവും അടുത്ത ബന്ധുക്കളിൽ ഒരാളെ കൂടെ നിർത്തി വരുന്നു.
- അണുബാധ നിയന്ത്രണങ്ങൾ
- ബഹുമാനത്തോടെയുള്ള മാതൃപരിചരണം

- ഫയർ ആൻഡ് സേഫ്റ്റി
- ആശയവിനിമയം
- ദുരന്ത നിവാരണ മാർഗ്ഗങ്ങൾ
- അടിയന്തര ചികിത്സാ മാർഗ്ഗങ്ങൾ
- രോഗി സുരക്ഷാ മാർഗ്ഗങ്ങൾ എന്നിവ സ്വീകരിച്ചുവരുന്നു.

**സർക്കാർ മെഡിക്കൽ കോളേജ്, കൊല്ലം**

ലേബർ റൂമിൽ ക്വാളിറ്റി കെയർ നൽകുന്നുണ്ട്. ലേബർ റൂമിൽ വരുന്ന ഗർഭിണികൾക്കായി കൃത്യമായ പ്രോട്ടോക്കോൾ ഉണ്ടാക്കുകയും അതിനനുസരിച്ച് എത്തുന്നവർക്ക് കൃത്യമായ ചികിത്സ നൽകുകയും ചെയ്യുന്നു. വിദഗ്ദ്ധ പരിശീലനം ലഭിച്ച ഡോക്ടർമാരുടെയും നഴ്സുമാരുടെയും സേവനം 24 മണിക്കൂറും ലഭ്യമാണ്. ഡോക്ടർമാർക്കും നഴ്സുമാർക്കും നിശ്ചിത ഇടവേളകളിൽ കൃത്യമായ പരിശീലനം നൽകിവരുന്നു. നവജാത ശിശുക്കൾക്ക് Neo Natal Care നൽകിവരുന്നു. എമർജൻസി ഓപ്പറേഷൻ തിയേറ്ററിന്റെയും ബ്ലഡ് ബാങ്കിന്റെയും സേവനം 24 മണിക്കൂറും പ്രവർത്തനസജ്ജമാണ്.

**സർക്കാർ മെഡിക്കൽ കോളേജ്, ആലപ്പുഴ**

ആലപ്പുഴ മെഡിക്കൽ കോളേജിലെ ലേബർ റൂം ഇപ്പോൾത്തന്നെ ആധുനിക ചികിത്സ ലഭ്യമാക്കുന്നുണ്ട്. പുതിയ ലേബർ റൂം കോംപ്ലക്സിലേയ്ക്ക് മാറ്റുമ്പോൾ അമ്മയ്ക്കൊരു കൂട്ട് പദ്ധതിയും ആരംഭിക്കും.

**സർക്കാർ മെഡിക്കൽ കോളേജ്, കോട്ടയം**

ആധുനിക പ്രസവ ചികിത്സ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അത്യാധുനിക സൗകര്യങ്ങളോടുകൂടിയ ലേബർ റൂം, സർവ്വ സജ്ജമായ ഓപ്പറേഷൻ തിയേറ്റർ, ആധുനിക രീതിയിലുള്ള തീവ്രപരിചരണ വിഭാഗം, 24 മണിക്കൂറും വിദഗ്ധ പരിശീലനം ലഭിച്ച ഡോക്ടർമാരുടെയും മറ്റ് ജീവനക്കാരുടെയും കൗൺസിലറുടെയും സേവനം തുടങ്ങി എല്ലാവിധ സൗകര്യങ്ങളോടൊപ്പം ഗർഭിണികൾക്ക് അവരുടെ ഗർഭകാലത്തും പ്രസവ സമയത്തും പ്രസവാനന്തര ഘട്ടത്തിലും ആദരവോടെയുള്ള ശുശ്രൂഷയും ജനനസമയത്തെ കൂട്ടാളിയുടെ സാന്നിധ്യത്തിലുള്ള പ്രോത്സാഹനവും നൽകുന്നതോടൊപ്പം ഉചിതമായ ആസൂത്രണ മാർഗ്ഗങ്ങൾ

സ്വീകരിക്കുന്നതിനാവശ്യമായ ക്രമീകരണങ്ങളും ഈ ആശുപത്രിയിൽ ഏർപ്പെടുത്തിയിട്ടുണ്ട്.

**സർക്കാർ മെഡിക്കൽ കോളേജ്, എറണാകുളം**

എറണാകുളം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ആധുനിക പ്രസവ ചികിത്സാസൗകര്യങ്ങളോടുകൂടിയ ലേബർ റൂം നിലവിലുണ്ട് (Mobile Doppler, Ultra Sound Scan, CTG Machines, Multipara Monitor, CPAC Machine, Defibrillator, Crash Cart etc). ലേബർ റൂം മുഴുവനായും എയർകണ്ടീഷൻ സ്ഥാപിച്ച് ശീതീകരിച്ചു.

**സർക്കാർ മെഡിക്കൽ കോളേജ്, തൃശ്ശൂർ**

തൃശ്ശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിൽ സുരക്ഷിത പ്രസവത്തിനും പ്രസവാനന്തര ചികിത്സയ്ക്കും അടിയന്തര ശസ്ത്രക്രിയകൾക്കുംവേണ്ട അടിസ്ഥാന സൗകര്യങ്ങളോടെയുള്ള സംവിധാനം നിലവിലുണ്ട്. 2019-20 സാമ്പത്തിക വർഷത്തിൽ തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജിൽ 04-07-2019-ലെ സ.ഉ. (സാധാ) നം. 1616/2019/ആ.കു.വ. നമ്പർ ഉത്തരവ് പ്രകാരം Mother & Child Block നിർമ്മിക്കുന്നതിന് 277.76 കോടി രൂപയുടെ

ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ആയത് പൂർത്തിയാകുന്നമുറയ്ക്ക് ആധുനിക പ്രസവ ചികിത്സ സാധ്യമാകും.

**സർക്കാർ മെഡിക്കൽ കോളേജ്, മഞ്ചേരി**

സർക്കാർ മെഡിക്കൽ കോളേജ് മഞ്ചേരിയിൽ നോർമൽ കേസുകൾ മാത്രമാണ് ചെയ്തുവരുന്നത്. നോർമൽ ഡെലിവറി, നോർമൽ സിസേറിയൻ, ഹൈ റിസ്ക് പ്രഗ്നൻസി, എക്ടോപ്പിക് പ്രഗ്നൻസി തുടങ്ങിയവ ചെയ്തുവരുന്നുണ്ട്.

**സർക്കാർ മെഡിക്കൽ കോളേജ്, കണ്ണൂർ**

കണ്ണൂർ ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രിയിൽ സുരക്ഷിത പ്രസവത്തിനും പ്രസവാനന്തര ചികിത്സയ്ക്കും ആവശ്യമായ അടിയന്തര ശസ്ത്രക്രിയാ തിയേറ്റർ, ഐ.സി.യു. ഉൾപ്പടെയുള്ള ആധുനിക സൗകര്യങ്ങൾ എന്നിവ ലഭ്യമാണ്. സ്റ്റാന്റേഡൈസേഷൻ ഓഫ് മെറ്റേണൽ ആൻഡ് ചൈൽഡ് ഹെൽത്ത് പദ്ധതി പ്രകാരം എല്ലാ സാമ്പത്തിക വർഷവും മാതൃശിശു ചികിത്സാ സൗകര്യം മെച്ചപ്പെടുത്തുന്നതിനും ആധുനികവത്കരിക്കുന്നതിനും ആവശ്യമായ ഫണ്ട് അനുവദിച്ചുവരുന്നുണ്ട്.

പ്രസ്തുത ഫണ്ട് ഉപയോഗിച്ച് നൂതന ചികിത്സാ സൗകര്യങ്ങൾ നൽകുന്നതിനാവശ്യമായ ആധുനിക യന്ത്രോപകരണങ്ങൾ ഈ സ്ഥാപനത്തിൽ ലഭ്യമാക്കിയിട്ടുണ്ട്.

(ഇ) സംസ്ഥാന സർക്കാരിന്റെ മൂന്നാം നൂറുദിന പരിപാടിയുടെ ഭാഗമായി ആശുപത്രികളിൽ ലോകോത്തര പ്രസവ ചികിത്സ സൗകര്യം ഉറപ്പുവരുത്തുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ?

മാതൃശിശു മരണ നിരക്ക് കുറയ്ക്കുക, ഗർഭിണികളായ സ്ത്രീകൾക്കും അമ്മമാർക്കും നവജാത ശിശുക്കൾക്കും മികച്ച ആരോഗ്യ പരിചരണം ഉറപ്പുവരുത്തുക എന്ന ഉദ്ദേശ്യത്തോടുകൂടി ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം ആവിഷ്കരിച്ച പദ്ധതിയാണ് ലക്ഷ്യ (Labour Room Quality Improvement Initiative). ലോകോത്തര നിലവാരത്തിലുള്ള ഗുണമേന്മയുള്ള പ്രസവ ചികിത്സ ലഭ്യമാക്കുക, പ്രസവ സമയത്ത് മെച്ചപ്പെട്ട സംരക്ഷണം, പ്രസവാനന്തരമുള്ള ശുശ്രൂഷ, അണുബാധ കുറയ്ക്കുക, പ്രസവ മുറികളുടെയും ഗർഭിണികൾക്കുള്ള ഓപ്പറേഷൻ തിയേറ്ററുകളുടെയും ഗുണനിലവാരം മെച്ചപ്പെടുത്തുക,

ഗുണഭോക്താക്കളുടെ സംതൃപ്തി ഉറപ്പാക്കുക എന്നിവയാണ് "ലക്ഷ്യ" പദ്ധതിയിലൂടെ നടപ്പാക്കുന്നത്. സംസ്ഥാന സർക്കാരിന്റെ മൂന്നാം നൂറുദിന പരിപാടിയുടെ ഭാഗമായി ആശുപത്രികളിൽ ലോകോത്തര പ്രസവ ചികിത്സാ സൗകര്യം ഉറപ്പുവരുത്തുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**തിരുവനന്തപുരം**

സംസ്ഥാന സർക്കാരിന്റെ മൂന്നാം നൂറു ദിന പരിപാടികളുടെ ഭാഗമായി ലോകോത്തര പ്രസവ ചികിത്സാ സൗകര്യങ്ങൾ (ലക്ഷ്യ നിലവാരത്തിലേയ്ക്ക്) ഉയർത്തുന്നതിന് ആരോഗ്യ കേരളം തിരുവനന്തപുരം ജില്ലയിൽ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, തൈക്കാട്, ജില്ലാ മോഡൽ ആശുപത്രി, പേരൂർക്കട എന്നീ ആശുപത്രികളെ തെരഞ്ഞെടുത്തിരുന്നു. ഈ ആശുപത്രികളിൽ ലേബർ റൂം സൗകര്യങ്ങൾ ലക്ഷ്യ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനാവശ്യമായ നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ടുകൊണ്ട് നടപടികൾ സ്വീകരിച്ചുവരികയാണ്. ഇവയിൽ തൈക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലെ ലേബർ റൂം

നവീകരണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. പേരൂർക്കട ജില്ലാ മോഡൽ ആശുപത്രിയിലെ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.

**എറണാകുളം**

സർക്കാരിന്റെ മൂന്നാം നൂറുദിന പരിപാടിയുടെ ഭാഗമായി ജില്ലാ ആശുപത്രി ആലുവയിലെ ലേബർ റൂമും ലേബർ ഓപ്പറേഷൻ തിയേറ്ററിന്റെയും നവീകരണ പ്രവർത്തനങ്ങൾ നടത്തി. നിലവിലുണ്ടായിരുന്ന ലേബർ റൂമിനെയും എമർജൻസി ഓപ്പറേഷൻ തിയേറ്ററിനെയും വിപുലീകരിച്ചും നവീകരിച്ചുമാണ് 'ലക്ഷ്യ' മാനദണ്ഡപ്രകാരം ഇവിടെ സൗകര്യങ്ങൾ ഒരുക്കിയിരിക്കുന്നത്.

**തൃശ്ശൂർ**

ലോകോത്തര പ്രസവ ചികിത്സാ സൗകര്യം ഉറപ്പുവരുത്തുന്നതിനായി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി ചാലക്കുടിയിൽ ഇൻഫ്രാസ്ട്രക്ചർ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്.

**വയനാട്**

നബാർഡ് മുഖേന താലൂക്ക് ആശുപത്രി, വൈത്തിരിയിൽ മെറ്റേണിറ്റി കെട്ടിടത്തിന് 750 ലക്ഷം രൂപ അനുവദിച്ച് പ്രവൃത്തി പൂർത്തീകരിച്ചു.

**കണ്ണൂർ**

ജനറൽ ആശുപത്രി തലശ്ശേരിയിൽ 98,30,000 /- രൂപയ്ക്ക് 'ലക്ഷ്യ' നിലവാരത്തിലുള്ള ലേബർ റൂം സജ്ജീകരണ പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. അവസാന ഘട്ടമായ ഓപ്പറേഷൻ തിയേറ്റർ പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

**കാസർഗോഡ്**

കാസർഗോഡ് ജില്ലയിൽ കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ 1.79 കോടി രൂപ ഉപയോഗിച്ച് 'ലക്ഷ്യ' നിലവാരത്തിലുള്ള ലേബർ ബ്ലോക്കിന്റെ പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. ഈ പ്രവൃത്തിയിൽ ലക്ഷ്യ ഗുണനിലവാരത്തിലുള്ള ട്രയാജ് റൂം, ഓപ്പറേഷൻ തിയേറ്റർ, എച്ച്.ഡി.യു., പോസ്റ്റ് ഓപ്പറേറ്റീവ് ഐ.സി.യു., നവീകരിച്ച മെറ്റേണിറ്റി വാർഡ്, നവീകരിച്ച ലേബർ റൂം തുടങ്ങിയ സൗകര്യങ്ങൾ ഉൾപ്പെടുന്നു.

## അപൂർവ്വ രോഗബാധിതർക്ക് സൗജന്യ ചികിത്സ

15 (*15) ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അപൂർവ്വ രോഗബാധിതർക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; രാജ്യത്ത് ആദ്യമായിട്ടാണോ ഒരു സംസ്ഥാന സർക്കാർ ഇത്തരത്തിൽ ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്?

ഉണ്ട്. സ്പൈനൽ മസ്കുലാർ അട്രോഫി (SMA)-യുടെ ചികിത്സയ്ക്കുവേണ്ടി രാജ്യത്ത് ആദ്യമായിട്ടാണ് ഒരു സംസ്ഥാന സർക്കാർ ഇത്തരത്തിൽ ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്.

(ബി) ഈ പദ്ധതി പ്രകാരം ഇതിനോടകം എത്ര പേർക്ക് ചികിത്സ ലഭ്യമാക്കിയിട്ടുണ്ട്; വിശദാംശം നൽകാമോ?

ഈ പദ്ധതി പ്രകാരം നാൽപ്പതിലധികം സ്പൈനൽ മസ്കുലർ അട്രോഫി ബാധിച്ച 6 വയസ്സിന് താഴെയുള്ള കുട്ടികൾക്ക് ചികിത്സ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ഈ കുട്ടികളുടെ വിവിധ തരത്തിലുള്ള ആരോഗ്യ പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ സ്പൈനൽ മസ്കുലർ അട്രോഫി ക്ലിനിക് (Multi disciplinary) ശ്രീ അവിട്ടം തിരുനാൾ (SAT) ആശുപത്രിയിൽ പ്രവർത്തിച്ചുവരുന്നു. സ്പൈനൽ മസ്കുലർ അട്രോഫി ബാധിതർക്ക് നട്ടെല്ലിലുണ്ടാകുന്ന വളവിനുള്ള സ്പൈനൽ സർജറി തിരുവനന്തപുരം മെഡിക്കൽ കോളേജ് ഓർത്തോ വിഭാഗത്തിൽ തുടങ്ങിയിട്ടുണ്ട്. കൂടാതെ ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് & ടെക്നോളജി തിരുവനന്തപുരം, ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രി, കോഴിക്കോട് എന്നിവിടങ്ങളിലും ചികിത്സ ലഭ്യമാണ്.

(സി) കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെ അപൂർവ്വ രോഗചികിത്സയ്ക്ക് വേണ്ടിയുള്ള സെന്റർ ഓഫ് എക്സലൻസ് പട്ടികയിൽ തിരുവനന്തപുരം മെഡിക്കൽ കോളേജ് എസ്.എ.ടി. ആശുപത്രിയെ ഉൾപ്പെടുത്തിയിട്ടുണ്ടോ;

സ്പൈനൽ മസ്കുലാർ അട്രോഫിപോലുള്ള അപൂർവ്വ രോഗങ്ങൾ കണ്ടുപിടിച്ചാൽ പ്രസ്തുത ആശുപത്രിയിൽ നിലവിൽ ചികിത്സ ലഭ്യമാണോ; വ്യക്തമാക്കാമോ?

കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെ അപൂർവ്വ രോഗ ചികിത്സയ്ക്ക് വേണ്ടിയുള്ള സെന്റർ ഓഫ് എക്സലൻസ് പട്ടികയിൽ തിരുവനന്തപുരം മെഡിക്കൽ കോളേജ് എസ്.എ.ടി. ആശുപത്രിയെ ഉൾപ്പെടുത്തിയിട്ടുണ്ട്. സ്പൈനൽ മസ്കുലർ അട്രോഫിപോലുള്ള അപൂർവ്വ രോഗങ്ങൾക്ക് വിവിധ സ്പെഷ്യാലിറ്റികൾ ഏകോപിപ്പിച്ചുകൊണ്ട് ചികിത്സ ലഭ്യമാണ്.

(ഡി) ജനിതക രോഗങ്ങളുടെ പരിശോധന, രോഗ നിർണ്ണയം, ചികിത്സ എന്നിവ പ്രസ്തുത ആശുപത്രിയിൽ ഇപ്പോൾ സാധ്യമാണോ; അപൂർവ്വ രോഗം കണ്ടെത്തിയാൽ ചെലവേറിയ ചികിത്സ നൽകാൻ സാധിക്കാത്തവർക്ക് ഈ പദ്ധതി എത്രത്തോളം സഹായകരമാണ്; വിശദാംശം നൽകാമോ?

ജനിതക രോഗങ്ങളുടെ പരിശോധന, രോഗ നിർണ്ണയം, ചികിത്സ എന്നിവ എസ്.എ.ടി. ആശുപത്രിയിലെ ജനിതക ക്ലിനിക്കിലൂടെ എല്ലാ ചൊവ്വാഴ്ചകളിലും സാധ്യമാണ്. കൂടാതെ ജനിതക അനുബന്ധ ചികിത്സയും ജനിതക കൗൺസിലിംഗും ലാബ് സൗകര്യവും പൂർണ്ണമായും സൗജന്യമാണ്.

ചെലവേറിയ ചില ചികിത്സകൾ കേന്ദ്ര ഗവൺമെന്റിന്റെ Rare disease policy 2021 പദ്ധതിയിൽ ഉൾപ്പെടുത്തി 50 ലക്ഷം രൂപവരെയുള്ള ചികിത്സാ സഹായം നൽകിവരുന്നു.

**നോർക്കയുടെ പുനരധിവാസ പദ്ധതി**

16 (*16) ശ്രീമതി ദെലീമ:
ഡോ. കെ. ടി. ജലീൽ:
ശ്രീ. കെ. വി. സുമേഷ്:
ശ്രീ. എം. നൗഷാദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) കോവിഡാനന്തരം വിദേശത്തുനിന്നും മടങ്ങിയെത്തി നാട്ടിൽ സ്ഥിരതാമസമാക്കുന്നവർക്കായി നോർക്ക നടപ്പിലാക്കുന്ന പുനരധിവാസ പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ?

വിദേശ രാജ്യങ്ങളിൽ തൊഴിൽ നഷ്ടപ്പെട്ട് തിരികെയെത്തിയ പ്രവാസി കേരളീയർക്ക് കോവിഡിന്റെ പശ്ചാത്തലത്തിൽ നാട്ടിൽ സംരംഭങ്ങൾ തുടങ്ങാൻ സഹായിക്കുന്നതിനായി പ്രവാസി ഭദ്രതാ പദ്ധതിക്ക് രൂപം നൽകിയിരുന്നു. വിവിധ തൊഴിൽ സാഹചര്യങ്ങളിൽ

നിന്നും തിരികെയെത്തിയവർക്ക് ഉപജീവനമാർഗ്ഗവും വരുമാനമാർഗ്ഗവും കണ്ടെത്തുന്നതിലേയ്ക്ക് മൂന്ന് വായ്പാ പദ്ധതികളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

1. അവിദഗ്ദ്ധ തൊഴിൽ മേഖലയിൽനിന്നുള്ള കുറഞ്ഞ വരുമാന പരിധിയിൽപ്പെട്ടവർക്കായി കുടുംബശ്രീ മുഖാന്തരം-പ്രവാസി ഭദ്രതാ-പേൾ (ഒരാൾക്ക് പരമാവധി 2 ലക്ഷം രൂപ പലിശ രഹിത വായ്പ)

2. സൂക്ഷ്മ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിലേയ്ക്കായി, കെ.എസ്.എഫ്.ഇ./കേരള ബാങ്ക് മുഖാന്തരം - പ്രവാസി ഭദ്രതാ - മൈക്രോ (ഒരാൾക്ക് പരമാവധി 5 ലക്ഷം രൂപ വായ്പയ്ക്ക് പരമാവധി ഒരു ലക്ഷം രൂപ മൂലധന സബ്സിഡിയും + 3% പലിശ സബ്സിഡിയും)

3. ചെറുകിട വ്യവസായ സംരംഭങ്ങൾക്കായി കെ.എസ്.ഐ.ഡി.സി. മുഖാന്തരം - പ്രവാസി ഭദ്രതാ - മെഗാ (ഒരാൾക്ക് പരമാവധി 2 കോടി രൂപ വരെയുള്ള വായ്പകൾ - 5% പലിശ നിരക്കിൽ)

പ്രവാസി ഭദ്രതാ പദ്ധതികൾക്ക് പുറമെ വിദേശത്തുനിന്ന് തിരികെയെത്തിയ പ്രവാസി കേരളീയർക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) പദ്ധതി നിലവിലുണ്ട്. ടി പദ്ധതി പ്രകാരം 30 ലക്ഷം രൂപ വരെ പദ്ധതിത്തുക വരുന്ന സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് പൊതുമേഖലാ ബാങ്കുകളും ഷെഡ്യൂൾഡ് ബാങ്കുകളും ഉൾപ്പടെ 18 ധനകാര്യ സ്ഥാപനങ്ങളിൽനിന്നും വായ്പാ സൗകര്യം ലഭ്യമാണ്. 30 ലക്ഷം രൂപ വരെയുള്ള പ്രോജക്ടുകൾക്ക് പദ്ധതിച്ചെലവിന്റെ 15% (പരമാവധി 3 ലക്ഷം രൂപ) മൂലധന സബ്സിഡിയും കൃത്യമായ തിരിച്ചടവുകൾക്ക് 3% പലിശ സബ്സിഡിയും (ആദ്യ നാലുവർഷത്തേയ്ക്ക്) അനുവദിക്കുന്നുണ്ട്.

(ബി) ടൂറിസം, പശ്ചാത്തല സൗകര്യങ്ങൾ, വ്യവസായങ്ങൾ, സേവന കേന്ദ്രങ്ങൾ തുടങ്ങിയവയിൽ പ്രവാസികൾക്ക് നിക്ഷേപം നടത്തുന്നതിന് സൗകര്യമൊരുക്കുന്നതിനായി ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ്

ആൻഡ് ഹോൾഡിംഗ് ലിമിറ്റഡ് എന്ന പേരിൽ കമ്പനി രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഒന്നാം ലോക കേരള സഭയുടെ സ്റ്റാൻഡിംഗ് കമ്മിറ്റി ശിപാർശ പ്രകാരം ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് ആൻഡ് ഹോൾഡിംഗ് ലിമിറ്റഡ് (OKIHL) എന്ന 100% സർക്കാർ ഓഹരിയോടെയുള്ള കമ്പനി രൂപീകരിച്ചു. കമ്പനിയുടെ നയപരവും ഭരണപരവുമായ കാര്യങ്ങളിൽ തീരുമാനമെടുക്കാനുള്ള അധികാരവും കമ്പനിയുടെ നിയന്ത്രണവും സർക്കാരിൽ നിക്ഷിപ്തമാണ്.

(സി) പ്രസ്തുത കമ്പനിയുടെ അനുബന്ധ കമ്പനിയായ റെസ്റ്റ്സ്റ്റോപ്പ് പാതയോര വിശ്രമകേന്ദ്രങ്ങൾ ഏറ്റെടുത്തിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) പ്രസ്തുത വിശ്രമകേന്ദ്രങ്ങളിൽ എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത്?

(സി&ഡി) ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് ആൻഡ് ഹോൾഡിംഗ് ലിമിറ്റഡിന്റെ (OKIHL) പ്രഥമ സംരംഭമാണ് അന്താരാഷ്ട്ര നിലവാരത്തിലുള്ള ദേശീയ/സംസ്ഥാന പാതയോരത്തെ വേസൈഡ്

അമിനിറ്റീസ് പ്രോജക്ട്. റെസ്റ്റ്സ്റ്റോപ്പ് എന്ന പേരിലാണ് ഈ പദ്ധതി നടപ്പാക്കുന്നത്. റെസ്റ്റ്സ്റ്റോപ്പ് പ്രോജക്ടിൽ ഫുഡ് കോർട്ടുകൾ, സ്റ്റോറുകൾ, പെട്രോൾ സ്റ്റേഷനുകൾ, വാഹന അറ്റകുറ്റപ്പണി കേന്ദ്രങ്ങൾ, പോലീസ് എയ്ഡ് പോസ്റ്റുകൾ, ചെറിയ ക്ലിനിക്കുകൾ, വാഷ്റൂമുകൾ തുടങ്ങിയവ ഉൾപ്പെടുന്നു. അന്താരാഷ്ട്ര സവിശേഷതകളും സൗകര്യങ്ങളുമുള്ള റെസ്റ്റ്സ്റ്റോപ്പ് സെന്ററുകളുടെ ഡിസൈൻ അന്താരാഷ്ട്ര ആർക്കിടെക്ച്ചർ കമ്പനി ഇതിനകം വികസിപ്പിച്ചെടുത്തിട്ടുണ്ട്. പ്രസ്തുത സംരംഭം ആരംഭിക്കുന്നതിനായി അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തിവരുന്നു. കാസർഗോഡ് ജില്ലയിലെ തലപ്പാടിയിൽ പ്രഥമ റെസ്റ്റ്സ്റ്റോപ്പ് ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ഇ) മടങ്ങിയെത്തുന്ന പ്രവാസികൾക്ക് ഇത്തരം കേന്ദ്രങ്ങളിൽ തൊഴിലവസരം ഒരുക്കാനും നിക്ഷേപം നടത്തുന്നതിന് അവസരം നൽകാനും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

പ്രവാസി മലയാളികൾക്ക് ലാഭകരമായി നിക്ഷേപിക്കാനും മടങ്ങി എത്തിയ പ്രവാസികൾക്ക് അവരുടെ കഴിവുകളും വൈദഗ്ധ്യവും

പ്രയോജനപ്പെടുത്താനുമുള്ള സാധ്യതകളാണ് റെസ്റ്റ്സ്റ്റോപ്പ് നൽകുന്നത്. മടങ്ങിയെത്തിയ പ്രവാസികൾക്ക് തൊഴിലും സ്വയംതൊഴിൽ കണ്ടെത്താനുള്ള അവസരങ്ങളും ലഭിക്കുന്ന മാതൃകയിലാണ് റെസ്റ്റ്സ്റ്റോപ്പ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്

**തെരുവുനായ്ക്കളുടെ ആക്രമണം**

17 (*17) ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. നജീബ് കാന്തപുരം:
ശ്രീ. കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആക്രമണകാരികളായ തെരുവുനായ്ക്കളുടെ ശല്യം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) തെരുവുനായ്ക്കളെ പിടികൂടി ജനന നിയന്ത്രണം ഫലപ്രദമായി നടപ്പാക്കാൻ കഴിയാത്തതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

തെരുവുനായ്ക്കളുടെ ജനന നിയന്ത്രണ പരിപാടിയുടെ പുരോഗതി പരിശോധിച്ചിട്ടുണ്ട്. നിലവിലെ കേന്ദ്ര നിയമ വ്യവസ്ഥകൾക്കുള്ളിൽ നിന്നുകൊണ്ട് ഫലപ്രദമായ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

തെരുവുനായ നിയന്ത്രണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പിന്റെ നേതൃത്വത്തിൽ മൃഗസംരക്ഷണ വകുപ്പുമായി സഹകരിച്ചാണ് നടന്നുവരുന്നത്. അനിമൽ വെൽഫെയർ ബോർഡിന്റെ അംഗീകാരമില്ലാത്തതിനാൽ 2021-ൽ കോടതി ഉത്തരവുപ്രകാരം കുടുംബശ്രീയെ ഈ പ്രവർത്തനങ്ങളിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്. അനിമൽ വെൽഫെയർ ബോർഡിന്റെ അംഗീകാരമുള്ള സംഘടനകൾ ആവശ്യത്തിന് ഇല്ലാത്തതിനാൽ തദ്ദേശസ്വയംഭരണ വകുപ്പും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മൃഗസംരക്ഷണ വകുപ്പിന്റെ സഹകരണത്തോടെ സംയുക്തമായാണ് പദ്ധതി നടപ്പാക്കിവരുന്നത്. നിലവിൽ സംസ്ഥാനത്ത് 22

കേന്ദ്രങ്ങളിലാണ് എ.ബി.സി. നടപ്പാക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളുള്ളത്. പുതിയതായി 14 എ.ബി.സി. കേന്ദ്രങ്ങളുടെ നിർമ്മാണം നടന്നുവരുന്നു. പൊതുജനങ്ങളുടെ എതിർപ്പുമൂലം എ.ബി.സി. കേന്ദ്രങ്ങൾ നടത്തുന്നതിനുള്ള ശ്രമങ്ങൾ വിജയിക്കാത്ത സാഹചര്യവുമുണ്ട്. 01-04-2022 മുതൽ 31-05-2023 വരെയുള്ള 14 മാസം കൊണ്ട് സംസ്ഥാനത്ത് 18852 തെരുവുനായ്ക്കളെ വന്ധീകരിച്ചിട്ടുണ്ട്. 2023-ലെ ഭേദഗതി ചെയ്ത എ.ബി.സി. റൂൾ പ്രകാരം സി.സി.ടി.വി., ഇൻസിനറേറ്റർ എന്നിവ അടക്കമുള്ള ഏറെ അടിസ്ഥാന സൗകര്യങ്ങളും ഒരു എ.ബി.സി. കേന്ദ്രത്തിൽ തയ്യാറാക്കേണ്ടതുണ്ട്. എ.ബി.സി. ചെയ്യുന്നതിനായി നിയോഗിക്കപ്പെടുന്ന ഡോക്ടർ 2000 എ.ബി.സി. സർജറികൾ ചെയ്തിട്ടുണ്ടായിരിക്കണം. ഇതുമൂലം പുതുതായി വരുന്ന വെറ്ററിനറി ഡോക്ടർമാരെ എ.ബി.സി. കേന്ദ്രങ്ങളിൽ നിയമിക്കുന്നതിന് തടസ്സമുണ്ടാകുന്നു. ഇത് എ.ബി.സി. കേന്ദ്രങ്ങളുടെ പ്രവർത്തനത്തെ ബാധിക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന എ.ബി.സി. പദ്ധതികൾ, പുതുക്കിയ എ.ബി.സി. റൂൾ പ്രകാരം അനിമൽ വെൽഫെയർ ബോർഡ് ഓഫ് ഇൻഡ്യയുടെ കീഴിലുള്ള പ്രോജക്ട്

റെക്കഗ്നിഷൻ കമ്മിറ്റിയുടെ അംഗീകാരത്തോടുകൂടി മാത്രമേ നടപ്പാക്കാൻ കഴിയൂ. പ്രോജക്ട് റെക്കഗ്നിഷൻ കമ്മിറ്റിയുടെ അംഗീകാരമില്ലാതെ ഒരു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും എ.ബി.സി. പദ്ധതി ഏറ്റെടുക്കാൻ പാടുള്ളതല്ലെന്ന് പുതുക്കിയ എ.ബി.സി. റൂളിൽ നിഷ്കർഷിച്ചിട്ടുണ്ട്.

(സി) തെരുവുനായ്ക്കളെ ഫലപ്രദമായി നിയന്ത്രിക്കാൻ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

സർക്കാർ വെറ്ററിനറി ആശുപത്രികളിലെ അടിസ്ഥാന സൗകര്യം ഉപയോഗിച്ചുകൊണ്ടും കരാറടിസ്ഥാനത്തിൽ വെറ്ററിനറി ഡോക്ടർമാർ, ഡോഗ് ക്യാച്ചർമാർ, മൃഗ പരിപാലകർ എന്നിവരെ നിയോഗിച്ചുകൊണ്ടും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എ.ബി.സി. പദ്ധതി നടപ്പാക്കിവരുന്നു. 26-07-2022-ന് നടന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി ഇതുസംബന്ധിച്ച് വിശദമായി ചർച്ച ചെയ്ത് തീരുമാനമെടുക്കുകയും 23-08-2022-ന് തദ്ദേശസ്വയംഭരണ വകുപ്പ് സ.ഉ. (സാധാ) നമ്പർ 2065/2022/LSGD ആയി ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. പുതിയ 14 എ.ബി.സി. കേന്ദ്രങ്ങൾ കണ്ടെത്തി.

ആയവയുടെ നിർമ്മാണം പുരോഗമിച്ചുവരികയാണ്. ജനങ്ങളുടെ പ്രതിഷേധം കാരണം എ.ബി.സി. കേന്ദ്രങ്ങൾ തുടങ്ങാൻ സാധിക്കാത്ത സാഹചര്യവും നിലവിലുണ്ട്.

തെരുവുനായ ശല്യം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി നിർമ്മാണത്തിലിരിക്കുന്ന എ.ബി.സി. കേന്ദ്രങ്ങൾ ഉടൻ പ്രവർത്തനസജ്ജമാക്കുന്നതിനും സ്ഥലസൗകര്യമുള്ള മൃഗാശുപത്രികളിൽ വന്ധ്യംകരണ കേന്ദ്രങ്ങൾ തുടങ്ങുന്നതിനും ആയതിനാവശ്യമായ തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നൽകുന്നതിനുമുള്ള തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ട്. മേൽ പറഞ്ഞവ കൂടാതെ സംസ്ഥാനത്ത് തെരുവുനായ്ക്കളുടെ ആക്രമണവും പേവിഷബാധയും നിയന്ത്രണ വിധേയമാക്കുന്നതിലേയ്ക്കായി 15-09-2022- ലെ സ.ഉ. (സാധാ)2224/2022/ത.സ്വ.ഭ.വ. ഉത്തരവുപ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അടിയന്തര പ്രാധാന്യത്തോടെ തന്നെ പ്രസ്തുത വിഷയം കൈകാര്യം ചെയ്യുകയും പ്രതിരോധ പരിപാടികൾ ഊർജ്ജിതപ്പെടുത്തുകയും

വാക്സിനേഷൻ ഡ്രൈവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്.

(ഡി) തെരുവുനായ ആക്രമണത്തിൽ കൊല്ലപ്പെട്ട മുഴപ്പിലങ്ങാട് നിഹാലിന്റെ കുടുംബത്തിന് നൽകിയിട്ടുള്ള സാമ്പത്തിക സഹായം സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

തെരുവുനായ ആക്രമണത്തിൽ കൊല്ലപ്പെട്ട മുഴപ്പിലങ്ങാട് വില്ലേജിലെ ദാറുൽ റഹ്മാ വീട്ടിൽ നിഹാൽ എന്ന കുട്ടിയുടെ കുടുംബത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും സ.ഉ. (കൈ) 148/2023/ആർ.ഡി. ഉത്തരവ് പ്രകാരം 10 ലക്ഷം (പത്ത് ലക്ഷം) രൂപ അനുവദിച്ച് ഉത്തരവായിട്ടുള്ളതാണ്.

**ക്ഷേമ പെൻഷനുകളുടെ വിതരണം**

18(*18) ഡോ. കെ. ടി. ജലീൽ:
ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീ. ടി. ഐ. മധുസൂദനൻ:

**ശ്രീ. എം. മുകേഷ്:** താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ ഏതൊക്കെ ക്ഷേമ പെൻഷനുകളാണ് വിതരണം ചെയ്തുവരുന്നതെന്ന് അറിയിക്കാമോ?

സംസ്ഥാനത്ത് വിതരണം ചെയ്യുന്ന ക്ഷേമ പെൻഷനുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

- അഞ്ചിനം സാമൂഹ്യ സുരക്ഷാ പെൻഷനുകൾ.
- സാംസ്കാരിക വകുപ്പ് മുഖേനയുള്ള കലാകാര പെൻഷൻ, അവശകലാകാര പെൻഷൻ.
- കായിക യുവജന ക്ഷേമ വകുപ്പ് മുഖേനയുള്ള സർക്കസ് പെൻഷൻ, അവശകായികതാര പെൻഷൻ.
- പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേനയുള്ള വിശ്വകർമ്മ പെൻഷൻ.

- തൊഴിലും നൈപുണ്യവും വകുപ്പ് മുഖേനയുള്ള മരംകയറ്റ തൊഴിലാളി ക്ഷേമ പെൻഷൻ.
- 16 ഇനം ക്ഷേമനിധി ബോർഡ് പെൻഷനുകൾ.

13 ക്ഷേമനിധി ബോർഡുകൾ (ചുമട്ടു തൊഴിലാളി സ്കാറ്റേർഡ് വിഭാഗം ഒഴികെ) അവരുടെ തനത് ഫണ്ടിൽനിന്നും ക്ഷേമ പെൻഷൻ നൽകുന്നുണ്ട്.

സാമൂഹ്യ സുരക്ഷാ പെൻഷനുകൾ, ക്ഷേമനിധി ബോർഡ് പെൻഷനുകൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) ഓരോ ക്ഷേമ പെൻഷനുകളിലും കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ വിഹിതം സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്ത് നിലവിലുള്ള അഞ്ചിനം സാമൂഹ്യ സുരക്ഷാ പെൻഷനുകളിൽ ദേശീയ വാർദ്ധക്യകാല പെൻഷൻ, ദേശീയ വികലാംഗ പെൻഷൻ, ദേശീയ വിധവാ പെൻഷൻ എന്നീ പെൻഷനുകൾക്കാണ് കേന്ദ്രസഹായം ലഭിക്കുന്നത്. എൻ.എസ്.എ.പി. മാർഗ്ഗനിർദ്ദേശങ്ങൾ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രകാരമുള്ള കേന്ദ്ര വിഹിതവും സംസ്ഥാന വിഹിതവും സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(സി) 2011-16, 2016-21 എന്നീ കാലയളവുകളിൽ ക്ഷേമ പെൻഷൻ നൽകിയ വകയിൽ ചെലവഴിച്ച തുക, ഗുണഭോക്താക്കളുടെ എണ്ണം എന്നിവയിലുണ്ടായിട്ടുള്ള വ്യത്യാസം എന്നിവ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ എത്ര വീതമെന്ന് അറിയിക്കാമോ?

ഉണ്ട്. 2011-16, 2016-21 എന്നീ കാലയളവുകളിൽ ക്ഷേമ പെൻഷൻ നൽകിയ വകയിൽ ചെലവഴിച്ച തുക, ഗുണഭോക്താക്കളുടെ എണ്ണം എന്നീ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+ 2006-11 കാലയളവിൽ 110 രൂപയുണ്ടായിരുന്ന പെൻഷൻ 500 രൂപയാക്കി വർദ്ധിപ്പിച്ചു. പിന്നീടത് 600 രൂപയായും 2016-21 കാലയളവിൽ 1600 രൂപയിലേയ്ക്കും വർദ്ധിപ്പിച്ചു.

(ഡി) നിലവിലെ ക്ഷേമ പെൻഷൻ ഗുണഭോക്താക്കളുടെ എണ്ണവും മുൻകാലങ്ങളിലെ എണ്ണവും തമ്മിലുള്ള വ്യത്യാസം എത്രയാണെന്നും

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എണ്ണത്തിൽ വ്യത്യാസമുണ്ടാകാനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ?

2016 മേയ് മാസത്തിൽ 3443414 ഗുണഭോക്താക്കൾക്കും 2023 ഏപ്രിൽ മാസത്തിൽ 5057901 ഗുണഭോക്താക്കൾക്കും സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം ചെയ്തു. ഗുണഭോക്താക്കളുടെ എണ്ണത്തിലുള്ള വ്യത്യാസം 1614487 ആണ്.

ഓൺലൈനായി അടക്കം അപേക്ഷ നൽകാൻ അവസരം നൽകിക്കൊണ്ട് അർഹരായ ഗുണഭോക്താക്കളെ പുതുതായി ചേർത്തതിനാലും അർഹരായവർക്ക് പെൻഷൻ ലഭിക്കുംവിധം മാനദണ്ഡങ്ങളിൽ വരുത്തിയ മാറ്റങ്ങൾകൊണ്ടും മരണപ്പെട്ട ഗുണഭോക്താക്കളെ ഒഴിവാക്കിയതുകൊണ്ടുമാണ് എണ്ണത്തിൽ വ്യത്യാസമുണ്ടായത്.

**തെരുവുനായ നിയന്ത്രണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ നടപടി**

19 (*19) <u>ശ്രീമതി ഒ. എസ്. അംബിക:</u>
<u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:</u>

ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തെരുവുനായശല്യം നിയന്ത്രിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് നിലവിൽ സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ?

തെരുവുനായ്ക്കളുടെ വംശവർദ്ധനവ് നിയന്ത്രിക്കുന്നതിനുള്ളതാണ് ആനിമൽ ബർത്ത് കൺട്രോൾ (എ.ബി.സി.) പദ്ധതി. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനതലങ്ങളിലും ഈ പദ്ധതി നടപ്പാക്കി വരുന്നുണ്ട്. ആയത് ഊർജ്ജിതപ്പെടുത്തുന്നതിനുവേണ്ടി തദ്ദേശസ്വയംഭരണ വകുപ്പ് വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനങ്ങൾ നടപ്പാക്കി 23-08-2022-ൽ സ.ഉ. (സാധാ) 2065/2022/ത.സ്വ.ഭ.വ. നമ്പരായി ഉത്തരവ് പുറപ്പെടുവിക്കുകയും 15-09-2022-ലെ സ.ഉ (സാധാ) 2244/2022/ത.സ്വ.ഭ.വ., 29-09-2022-ലെ സ.ഉ. (സാധാ) 2376/2022/ത.സ്വ.ഭ.വ. എന്നീ നമ്പർ

സർക്കാർ ഉത്തരവുകൾ പ്രകാരം അടിയന്തര തുടർനടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അടിയന്തര പ്രാധാന്യത്തോടെ പ്രതിരോധ പരിപാടികൾ ഊർജ്ജിതപ്പെടുത്തുകയും തെരുവുനായ്ക്കളുടെ തീവ്ര വാക്സിനേഷൻ യജ്ഞം നടത്തുകയും ശുചിത്വ യജ്ഞം, ഐ.ഇ.സി. കാമ്പയിൻ തുടങ്ങിയവ സംഘടിപ്പിക്കുകയും കൂടാതെ സ്കൂളുകളുമായി ബന്ധപ്പെട്ട് പ്രത്യേക ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കൂടുതൽ എ.ബി.സി. കേന്ദ്രങ്ങൾ സജ്ജീകരിച്ച് പ്രാവർത്തികമാക്കുന്നതിനും വാക്സിനേഷൻ യജ്ഞം നടപ്പാക്കുന്നതിനുമായി പദ്ധതി രൂപീകരണം/പുതുക്കലിന് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ഇത്തരം പ്രവർത്തനങ്ങൾക്കായി സംസ്ഥാനതലത്തിലും ജില്ലാതലത്തിലും തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിലും കമ്മിറ്റികൾ രൂപീകരിക്കുന്നതിന് ഉത്തരവാകുകയും ഓരോ കമ്മിറ്റികളുടെയും ഉത്തരവാദിത്വങ്ങൾ വിശദമാക്കുകയും ചെയ്തിട്ടുണ്ട്.

(ബി) തെരുവുനായ നിയന്ത്രണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് തടസ്സമായ എന്തെല്ലാം വ്യവസ്ഥകളാണ് കേന്ദ്ര ചട്ടങ്ങളിൽ നിലവിലുള്ളതെന്ന് പരിശോധിച്ചിട്ടുണ്ടോ?

തെരുവുനായ നിയന്ത്രണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് തടസ്സമായ പ്രധാന വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു.

2023-ലെ എ.ബി.സി. റൂൾസിലെ 3(1)(2) പ്രകാരം എ.ബി.സി. പ്രോജക്ട് നടത്തുന്നതിന് AWBI-യുടെ അനുമതി ലഭിച്ചിരിക്കണം.

ഓരോ എ.ബി.സി. കേന്ദ്രവും പ്രവർത്തിക്കുന്നതിനാവശ്യമായ Project Recognition ആനിമൽ വെൽഫെയർ ബോർഡ് ഓഫ് ഇന്ത്യയിൽ നിന്ന് നേടേണ്ടതുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന എ.ബി.സി. പദ്ധതികൾ, പുതുക്കിയ എ.ബി.സി. റൂൾ പ്രകാരം ആനിമൽ വെൽഫെയർ ബോർഡ് ഓഫ് ഇന്ത്യയുടെ കീഴിലുള്ള പ്രോജക്ട് റെക്കഗ്നിഷൻ കമ്മിറ്റിയുടെ അംഗീകാരത്തോടുകൂടി മാത്രമേ നടപ്പാക്കാൻ കഴിയൂ.

റൂൾ 3(8) പ്രകാരം അപേക്ഷകൻ ഗവൺമെന്റ് അതോറിറ്റിക്ക് നൽകുന്ന അനുഭവ സാക്ഷ്യപത്രത്തിന്റെ പകർപ്പും ഒപ്പം വിന്യസിക്കാൻ

നിർദ്ദേശിക്കുന്ന ഒരു വെറ്ററിനറി ഡോക്ടർക്ക് ഇന്ത്യയിൽ എവിടെയെങ്കിലും കുറഞ്ഞത് 2000 ആനിമൽ ബർത്ത് കൺട്രോൾ സർജറികൾ നടത്തിയ പരിചയവുമുണ്ടായിരിക്കണം.

റൂൾ 10 (5) അനുസരിച്ച് ലോക്കൽ അതോറിറ്റിക്ക് ആനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം സ്വന്തം ജീവനക്കാരെ വച്ച് നടത്താൻ ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ഉണ്ടായിരിക്കേണ്ടതാണ്.

സംസ്ഥാനതലത്തിലും ജില്ലാതലത്തിലും പദ്ധതി മോണിറ്റർ ചെയ്യുന്നതിന് പുതിയ കമ്മിറ്റികൾ ചട്ടപ്രകാരം രൂപീകരിക്കണം.

സി.സി.ടി.വി., ഇൻസിനറേറ്റർ എന്നിവ അടക്കമുള്ള എല്ലാ അടിസ്ഥാന സൗകര്യങ്ങളും എ.ബി.സി. സെന്ററിൽ ക്രമീകരിക്കണം.

(സി) സംസ്ഥാനത്തെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് കേന്ദ്ര ചട്ടത്തിൽ ഭേദഗതി അനിവാര്യമാണെന്ന കാര്യം കേന്ദ്ര സർക്കാരിനെ ബോധ്യപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

ഭേദഗതി ചെയ്ത എ.ബി.സി. റൂളിൽ ആവശ്യമായ മാറ്റം വരുത്തുന്നതിന് മൃഗസംരക്ഷണ വകുപ്പ് കേന്ദ്ര സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

(ഡി) തെരുവുനായ ശല്യത്തിൽനിന്നും ജനങ്ങളെ സംരക്ഷിക്കുന്നതിനായി കേന്ദ്ര ചട്ടങ്ങളിൽ ഭേദഗതി ആവശ്യപ്പെട്ട് കോടതിയെ സമീപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ?

കേന്ദ്ര ചട്ടങ്ങളിലെ ഭേദഗതി ആവശ്യം ബഹുമാനപ്പെട്ട കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) പേവിഷബാധയുള്ളതോ അപകടകാരികളോ ആയ തെരുവുനായ്ക്കളെ ദയാവധത്തിന് വിധേയമാക്കാൻ അനുമതി നൽകണമെന്നാവശ്യപ്പെട്ട് സംസ്ഥാനത്തെ ഏതെങ്കിലും തദ്ദേശസ്ഥാപനം സുപ്രീംകോടതിയെ സമീപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതുസംബന്ധിച്ച കോടതി നടപടികൾ പൂർത്തിയായിട്ടുണ്ടോ; വിശദമാക്കാമോ?

സർക്കാർ ബഹുമാനപ്പെട്ട സുപ്രീംകോടതിയെ സമീപിച്ചെങ്കിലും അനുമതി ലഭിച്ചിട്ടില്ല. പ്രസ്തുത ആവശ്യം സംബന്ധിച്ച് കണ്ണൂർ ജില്ലാ

പഞ്ചായത്ത് ബഹുമാനപ്പെട്ട സുപ്രീംകോടതിയെ സമീപിച്ചിട്ടുണ്ട്. ഈ ഹർജി ബഹുമാനപ്പെട്ട സുപ്രീംകോടതി 2023 ആഗസ്റ്റ് 16-ന് പരിഗണിക്കുന്നുണ്ട്.

**കമ്പ്യൂട്ടർ എമർജൻസി റെസ്പോൺസ് ടീം കേരള**

20 (*20) ശ്രീ. ആന്റണി ജോൺ:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. കെ. പ്രേംകുമാർ:
ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സമഗ്രമേഖലയിലും ഡിജിറ്റൽ സൗകര്യങ്ങൾ ഏർപ്പെടുത്തുകയും വ്യാപിപ്പിക്കുകയും ചെയ്യുമ്പോഴും സൈബർ കുറ്റകൃത്യങ്ങളും അതിക്രമങ്ങളും ഐ.ടി. മേഖലയെ ആശങ്കപ്പെടുത്തുന്നത് ഗൗരവമായി വിലയിരുത്തിയിട്ടുണ്ടോ?

ഉണ്ട്. ഡിജിറ്റൽ സൗകര്യങ്ങൾ വർദ്ധിക്കുകയും അത് കൂടുതൽ ജനങ്ങളിലേയ്ക്ക് വ്യാപിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ഇവയുടെ ഉപയോഗത്തിലും കാര്യക്ഷമതയിലും സൈബർ സുരക്ഷ ഉറപ്പുവരുത്തേണ്ടത് ആവശ്യമാണ്. ഇതോടൊപ്പം തന്നെ സാമൂഹിക മാധ്യമങ്ങൾ വഴി

ഉണ്ടായേക്കാവുന്ന പല തരത്തിലുള്ള തട്ടിപ്പുകളുടെ പശ്ചാത്തലത്തിലും ഓൺലൈൻ സാമ്പത്തിക ക്രയവിക്രയങ്ങളുടെ പശ്ചാത്തലത്തിലും വിവിധ തരത്തിൽ ശേഖരിച്ചിട്ടുള്ള ക്രിട്ടിക്കൽ ഇൻഫർമേഷൻ ചോർന്നുപോകാതെ സംരക്ഷിക്കുന്നതിനും ക്രിയാത്മകമായ സൈബർ സുരക്ഷ ഉറപ്പുവരുത്തേണ്ടതുണ്ട്. ഇത്തരത്തിലുള്ള കുറ്റകൃത്യങ്ങൾ ഫലപ്രദമായി നേരിടുന്നതിനുവേണ്ടി എല്ലാ പോലീസ് ജില്ലകളിലും (കണ്ണൂർ റൂറൽ ഒഴികെ) സൈബർക്രൈം പോലീസ് സ്റ്റേഷനുകൾ പ്രവർത്തിച്ചുവരുന്നു. സൈബർ മേഖലയിൽ സ്വകാര്യ പങ്കാളിത്തത്തോടെ ഗവേഷണം നടത്തുന്നതിനും സൈബർ വെല്ലുവിളികൾക്ക് സമയബന്ധിതമായി പരിഹാരം കാണുന്നതിനും തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ സ്ഥലങ്ങൾ കേന്ദ്രീകരിച്ച് സൈബർ ഡോമുകൾ സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്നു. സൈബർ മേഖലയിലുള്ള ചലനങ്ങൾ നിരീക്ഷിക്കുന്നതിനും നിർദ്ദേശങ്ങൾ രൂപവത്കരിക്കുന്നതിനും എസ്.പി. ടെക്നിക്കൽ ഇന്റലിജൻസ് തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. സൈബർ കുറ്റകൃത്യങ്ങളിൽ ക്രിയാത്മകമായ ഇടപെടൽ നടത്തുന്നതിനും സാങ്കേതിക നിർദ്ദേശങ്ങൾ നൽകുന്നതിനും കേന്ദ്രവും ഇതര

സംസ്ഥാനങ്ങളുമായി ഏകോപന പ്രവർത്തനങ്ങൾ നടത്തുന്നതിനും ഐ.ജി. സൈബർ ഓപ്പറേഷൻസ്, എസ്.പി. സൈബർ ഓപ്പറേഷൻസ് എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ സൈബർ സുരക്ഷയെയും കുറ്റകൃത്യങ്ങളെയും സംബന്ധിച്ച് സുരക്ഷിതമായി ഓൺലൈൻ സങ്കേതങ്ങൾ ഉപയോഗിക്കുന്നതിനെക്കുറിച്ചും സ്വീകരിക്കേണ്ട മുൻകരുതലുകളെക്കുറിച്ചും സൈബർ പോലീസ് സ്റ്റേഷനുകൾ, ഹൈ-ടെക് ക്രൈം എൻക്വയറി സെൽ, സൈബർ ഡോം മുതലായവ വഴിയും കേരളാ പോലീസിന്റെ വിവിധ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിലൂടെയും ആവശ്യമായ ബോധവത്കരണം നിരന്തരം നടത്തിവരുന്നുണ്ട്. സൈബർ കുറ്റകൃത്യങ്ങളുടെ ഉറവിടത്തിന്റെ വലിയൊരു ശതമാനവും മറ്റ് സംസ്ഥാനങ്ങളിലാണെന്നുള്ള കാര്യംകൂടി പരിഗണിച്ച് കേന്ദ്ര സർക്കാരുമായി സഹകരിച്ച് സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനും സൈബർ സുരക്ഷ ഉറപ്പുവരുത്തുന്നതിനും ഈ മേഖലയിലെ സാങ്കേതിക വളർച്ചയ്ക്ക് അനുസരിച്ചുള്ള ജാഗ്രതയും ഇടപെടലും നടത്തി സൈബർ കുറ്റാന്വേഷണം ത്വരിതപ്പെടുത്തുന്നതിനുംവേണ്ട സത്വര നടപടികൾ സംസ്ഥാന പോലീസ് സ്വീകരിച്ചുവരുന്നു.

(ബി) സൈബർ കുറ്റകൃത്യങ്ങളും അതിക്രമങ്ങളും തടയുന്നതിനായി എന്തെല്ലാം നൂതന സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

- സൈബർ കുറ്റകൃത്യങ്ങളും അതിക്രമങ്ങളും തടയുന്നതിനും സങ്കീർണ്ണമായ സൈബർ കുറ്റകൃത്യങ്ങൾ അന്വേഷിക്കുന്നതിനുംവേണ്ടി എല്ലാ പോലീസ് ജില്ലകളിലും (കണ്ണൂർ റൂറൽ ഒഴികെ) സൈബർ പോലീസ് സ്റ്റേഷനുകൾ രൂപീകരിച്ചിട്ടുണ്ട്. സൈബർ പോലീസ് സ്റ്റേഷനുകളിൽ സൈബർ കുറ്റകൃത്യങ്ങൾ കൈകാര്യം ചെയ്യുന്നതിൽ വൈദഗ്ധ്യം നേടിയ പോലീസുകാരെ നിയോഗിച്ചിട്ടുള്ളതും സൈബർ ലോകത്തെ വെല്ലുവിളികൾ നേരിടുന്നതിനായി പോലീസുദ്യോഗസ്ഥർക്ക് സിഡാക്ക്, എൻ.സി.ആർ.ബി. എന്നിവിടങ്ങളിൽ പരിശീലനം നൽകിവരുന്നുമുണ്ട്. സൈബർ കുറ്റകൃത്യങ്ങളും അതിക്രമങ്ങളും തടയുന്നതിനായി രൂപീകരിച്ചിട്ടുള്ള കേരള സൈബർ ക്രൈം കോ-ഓർഡിനേഷൻ സെന്റർ (കെ 4 സി), ഇന്ത്യൻ സൈബർ ക്രൈം കോ-ഓർഡിനേഷൻ സെന്റർ

(ഐ 4 സി)-യുമായി സഹകരിച്ച് പ്രവർത്തിച്ചുവരുന്നു. രജിസ്റ്റർ ചെയ്ത കേസുകളുടെ അന്വേഷണത്തിനായി പരമാവധി നൂതന ഡിജിറ്റൽ എവിഡൻസ് കളക്ഷൻ ഉപകരണങ്ങളും ദ്രുതഗതിയിലുള്ള നടപടികൾ സ്വീകരിക്കുന്നതിനായി നാഷണൽ സൈബർ ക്രൈം റിപ്പോർട്ടിംഗ് പോർട്ടലിന്റെ സേവനവും ഉപയോഗപ്പെടുത്തി വരുന്നുണ്ട്. 1930 എന്ന നമ്പരിൽനിന്നും പോർട്ടൽ മുഖേന ഓൺലൈനായും പൊതുജനങ്ങൾക്ക് പരാതി ഫോൺ മുഖാന്തരം അറിയിക്കാവുന്നതാണ്. സാമ്പത്തിക തട്ടിപ്പുകളുമായി ബന്ധപ്പെട്ട് അന്വേഷണ ഏജൻസികളും ബാങ്കുകൾ, ആർ.ബി.ഐ., സാമ്പത്തിക ഇടനിലക്കാർ, പേമെന്റ് വാലറ്റുകൾ, എൻ.പി.സി.ഐ. (നാഷണൽ പേമെന്റ്സ് കോർപ്പറേഷൻ ഓഫ് ഇന്ത്യ) മുതലായവ ഒരുമിച്ച് പ്രവർത്തിക്കുന്ന ഒരു പൊതുസംയോജിത പ്ലാറ്റ്ഫോമാണ് നാഷണൽ സൈബർ ക്രൈം റിപ്പോർട്ടിംഗ് പോർട്ടൽ. തട്ടിപ്പുകാരിലേയ്ക്ക് പോകുന്ന പണത്തിന്റെ ഒഴുക്ക് തടയുന്നതിന് സംസ്ഥാന പോലീസിന് ദ്രുതഗതിയിലുള്ള നടപടി സ്വീകരിക്കാൻ ഇതുവഴി കഴിയുന്നു.

- സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളുടെ ഇ-ഗവേണൻസ് ആപ്ലിക്കേഷനുകൾ സുരക്ഷിതമായി കൈകാര്യം ചെയ്യുന്നതിനായി കേരള സംസ്ഥാന ഐ.ടി. മിഷന്റെ കീഴിൽ പ്രവർത്തിക്കുന്ന രണ്ട് ഡാറ്റാ സെന്ററുകളിലായി ഹോസ്റ്റ് ചെയ്തിരിക്കുന്നു. ഇങ്ങനെ ഹോസ്റ്റ് ചെയ്തിരിക്കുന്ന ആപ്ലിക്കേഷനുകളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി അത്യാധുനിക സംവിധാനങ്ങൾ സ്റ്റേറ്റ് ഡാറ്റാ സെന്ററുകളിൽ സജ്ജമാക്കിയിട്ടുണ്ട്.
- പുതുതായി രൂപകല്പന ചെയ്ത ഇ-ഗവേണൻസ് ആപ്ലിക്കേഷനുകൾ ഹോസ്റ്റ് ചെയ്യുന്നതിന് മുൻപായി സെക്യൂരിറ്റി ഓഡിറ്റ് നടത്തി ആപ്ലിക്കേഷനുകളിലെ സുരക്ഷാ ന്യൂനതകളെല്ലാം പരിഹരിച്ച് "സേഫ് ടു ഹോസ്റ്റ് സർട്ടിഫിക്കറ്റ്" സമർപ്പിച്ചെങ്കിൽ മാത്രമേ ഹോസ്റ്റ് ചെയ്യാനുള്ള തുടർനടപടിക്കായി അനുമതി ലഭിക്കുകയുള്ളൂ. ഇതിനുവേണ്ട മാർഗ്ഗനിർദ്ദേശ രേഖകൾ സർക്കാർ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

- സൈബർ ഇടം ശക്തിപ്പെടുത്തുന്നതിന് സംസ്ഥാന ഐ.ടി. മിഷന് കീഴിലുള്ള സെർട്ട്-കെ ദേശീയ സൈബർ കോ-ഓർഡിനേഷൻ സെന്ററുമായി ചേർന്ന് പ്രവർത്തിച്ചുവരുന്നു.
- ഒരു മുൻകരുതൽ നടപടിയായി, നിലവിൽ ഹോസ്റ്റ് ചെയ്തിട്ടുള്ള ഇ-ഗവേണൻസ് ആപ്ലിക്കേഷനുകളുടെ സുരക്ഷാ ന്യൂനതകൾ സെർട്ട് -കെ പീരിയോഡിക്കലായി പരിശോധിച്ച് കണ്ടെത്തുകയും അതിലെ സുരക്ഷാ പാളിച്ചകൾ യഥാസമയം അതത് വകുപ്പുകളെ അറിയിക്കുകയും വേണ്ട സുരക്ഷാ മാർഗ്ഗങ്ങൾ, നിർദ്ദേശങ്ങൾ എന്നിവ സെർട്ട് -കെ മുഖേന നൽകിവരികയും ചെയ്യുന്നു.

(സി) പുതുതായി ഉയർന്നുവരുന്ന സൈബർ ഭീഷണികളെ നേരിടുന്നതിന് പര്യാപ്തമാകുംവിധം പ്രസ്തുത സംവിധാനങ്ങളെ വൈവിദ്ധ്യവൽക്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

- സ്വീകരിച്ചുവരുന്നുണ്ട്. കാര്യക്ഷമമായ പോലീസിംഗിനുള്ള സാങ്കേതികവിദ്യ വർദ്ധിപ്പിക്കുന്നതും സൈബർ ഇന്റലിജൻസ്, സൈബർ സെക്യൂരിറ്റി, ഇൻസിഡൻസ് റെസ്പോൺസ്, സൈബർ

സേഫ്റ്റി, ഡാർക്ക് നെറ്റ്/വി.പി.എൻ. മോണിറ്ററിംഗ് തുടങ്ങിയവയും സൈബർഡോമിന്റെ ചില പ്രധാന പ്രവർത്തനങ്ങളാണ്. സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾ, നാഷണൽ സർവ്വീസ് സ്കീം വോളന്റിയർമാർ, കോളേജ് സ്റ്റുഡന്റ്, റസിഡന്റ്സ് അസോസിയേഷനുകൾ, മറ്റ് സർക്കാർ സ്ഥാപനങ്ങൾ എന്നിവർക്കായി നിരന്തരം സൈബർ ബോധവത്കരണ ക്ലാസ്/പ്രോഗ്രാമുകൾ നടത്തി ഓൺലൈൻ ചൂഷണങ്ങൾക്കെതിരായി പൊതുജനങ്ങളെ ബോധവത്കരിക്കാനുള്ള നടപടികൾ സംസ്ഥാന പോലീസ് സ്വീകരിച്ചുവരുന്നു.

- ദേശീയ സൈബർ പ്രതിസന്ധികൾക്കുപോലും കാരണമാകുന്ന സൈബർ ആക്രമണങ്ങൾക്ക് ഇരയാകാതിരിക്കാൻ നിർണ്ണായക വിവര സംവിധാനങ്ങൾ ഏറ്റവും ഉയർന്ന മുൻഗണനയോടെ സുരക്ഷിതമാക്കുകയും പരിരക്ഷിക്കുകയും വേണം. സൈബർ പ്രതിസന്ധിയിൽനിന്ന് കരകയറുന്നതിനും പ്രതികരിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുമുള്ള ഒരു കർമ്മ പദ്ധതി തയ്യാറാക്കി

നടപ്പാക്കേണ്ടതുണ്ട്. ഇതിന്റെ ഭാഗമായി ഒരു കരട് ആക്ഷൻ പ്ലാൻ തയ്യാറാക്കിവരികയാണ്.

- ഇൻഫർമേഷൻ സെക്യൂരിറ്റി പോളിസി തയ്യാറാക്കുന്നതിനുള്ള നടപടികൾ സെർട്ട് -കെ സ്വീകരിച്ചുവരുന്നു.
- സൈബർ സുരക്ഷാ അവബോധം ഫലപ്രദമായി കൂടുതൽ തലങ്ങളിലേയ്ക്ക് പ്രചരിപ്പിക്കുന്നതിനായി സ്കൂളുകൾ, കോളേജുകൾ, ജോലി സ്ഥലങ്ങൾ, വ്യവസായ തലങ്ങളിൽ ശിൽപ്പശാലകൾ, വെബിനാറുകൾ, മത്സരങ്ങൾ എന്നിവയുടെ പരമ്പരകൾ നടത്താൻ സെർട്ട്-കെ പദ്ധതി തയ്യാറാക്കിവരുന്നു.

(ഡി) നിലവിൽ സൈബർ ഭീഷണി നേരിടുന്നതിനായി കമ്പ്യൂട്ടർ എമർജൻസി റെസ്പോൺസ് ടീം കേരള (CERT-K)-യുടെ നേതൃത്വത്തിൽ നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

സൈബർ സുരക്ഷയുമായി ബന്ധപ്പെട്ട വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിനായി 2010 മേയ് മാസത്തിൽ കമ്പ്യൂട്ടർ എമർജൻസി റെസ്പോൺസ് ടീം-കേരളയുടെ പ്രവർത്തനം ആരംഭിച്ചു. കമ്പ്യൂട്ടർ എമർജൻസി

റെസ്പോൺസ് ടീം-ഇന്ത്യ (CERT-In) എന്ന വിഭാഗവുമായി CERT-K സഹകരിച്ച് പ്രവർത്തിക്കുന്നു.

**ചുമതലകൾ**

- സർക്കാർ വെബ്സൈറ്റുകളെ സൈബർ ആക്രമണങ്ങളിൽനിന്നും പ്രതിരോധിക്കുന്നതിനായി സെർട്ട്-കെ വെബ്സൈറ്റുകളുടെ സുരക്ഷാ ഓഡിറ്റിംഗ് നടത്തുകയും അതിലെ സുരക്ഷാ പാളിച്ചകൾ അതാത് വകുപ്പുകളെ അറിയിക്കുകയും അതിനുവേണ്ട സുരക്ഷാമാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്തുവരുന്നു.
- സൈബർ സുരക്ഷാ ആക്രമണങ്ങൾക്ക് വിധേയമാകുന്ന സർക്കാർ വെബ്സൈറ്റ്/വെബ് ആപ്ലിക്കേഷന്റെ ഇൻസിഡന്റ്/ലോഗ് അനാലിസിസ് നടത്തുകയും ഭാവിയിൽ ഇത്തരത്തിലുള്ള ആക്രമണങ്ങൾ വരാതിരിക്കാൻവേണ്ടിയുള്ള മുൻകരുതലുകൾ ആവിഷ്കരിക്കുകയും ചെയ്യുന്നു.
- വിവിധ വകുപ്പുകളിലുള്ള വിവര സാങ്കേതിക മേഖലയിലെ ഉദ്യോഗസ്ഥർക്ക് സൈബർ സെക്യൂരിറ്റി സംബന്ധമായ

ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും സുരക്ഷാ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. കൂടാതെ സൈബർ സുരക്ഷയെ സംബന്ധിച്ച ബോധവത്കരണം സർക്കാർ ജീവനക്കാർ, പൊതുജനങ്ങൾ എന്നിവരിലേയ്ക്ക് പരമാവധി എത്തിക്കുക എന്ന ലക്ഷ്യത്തോടെ ഒരു ഓൺലൈൻ പോർട്ടൽ സജ്ജീകരിച്ചിട്ടുണ്ട്.

- ഓരോ ഓർഗനൈസേഷന്റെയും വകുപ്പുതല ചീഫ് ഇൻഫർമേഷൻ സെക്യൂരിറ്റി ഓഫീസർ (CISO) തിരിച്ചറിയുന്നതിനുള്ള നടപടികൾ ഇതിനകംതന്നെ ആരംഭിച്ചുകഴിഞ്ഞു.
- SDC/SECWAN എന്നിവയിലെ സെർവ്വർ /നെറ്റ്‌വർക്കുകളുടെ സുരക്ഷാ വിടവുകൾ തിരിച്ചറിഞ്ഞ് ശിപാർശ ചെയ്യുന്നതിനായി ഇൻഫ്രാസ്ട്രക്ചർ ഓഡിറ്റ് നടത്തി സുരക്ഷ വർദ്ധിപ്പിക്കുന്നതിനുള്ള സുരക്ഷാമാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്തുവരുന്നു.
- സൈബർ സ്വച്ഛതാ കേന്ദ്രം, NCIIPC, NIC-CERT മുതലായവയിൽ നിന്ന് ലഭിക്കുന്ന പ്രധാനപ്പെട്ട സൈബർ ഭീഷണി അലെർട്ടുകളും CERT-In പ്രസിദ്ധീകരിക്കുന്ന അഡ്വൈസറികളും പ്രതിരോധ നടപടികളും

അതത് സർക്കാർ വകുപ്പുകൾക്കും ഡാറ്റാ സെന്ററുകൾക്കും നൽകിവരുന്നു.

- സോഷ്യൽ മീഡിയ, ഡിജിറ്റൽ പേമെന്റുകൾ തുടങ്ങിയവയുടെ ദ്രുതഗതിയിലും വ്യാപകവുമായ ഉപയോഗത്തെക്കുറിച്ച് പൗരന്മാർക്കിടയിൽ അവബോധം സൃഷ്ടിക്കാൻ ലക്ഷ്യമിട്ട് ഇലക്ട്രോണിക്സ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി മന്ത്രാലയം (MeitY) 'സ്റ്റേ സേഫ് ഓൺലൈനിൽ' എന്ന പേരിൽ ഒരു കാമ്പയിൻ നടത്തിവരുന്നു. അതിന്റെ ഭാഗമായി ഒഫീഷ്യൽ സോഷ്യൽ മീഡിയ ഹാൻഡിലുകൾ വഴി അവബോധം നൽകിവരുന്നു.
- സൈബർ ഇടം ശക്തിപ്പെടുത്തുന്നതിന് ദേശീയ സൈബർ കോ-ഓർഡിനേഷൻ സെന്ററുമായി ചേർന്ന് പ്രവർത്തിച്ചുവരുന്നു.

**ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ**

21 (*21) <u>ഡോ. സുജിത് വിജയൻപിള്ള:</u>
<u>ശ്രീ. ഡി. കെ. മുരളി:</u>
<u>ശ്രീ. പി. മമ്മിക്കുട്ടി:</u>

ശ്രീമതി കാനത്തിൽ ജമീല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്) സദയം മറുപടി നൽകുമോ:

(എ) ദേശീയ ഭക്ഷ്യസുരക്ഷാ സൂചികയിൽ സംസ്ഥാനത്തിന് ദേശീയതലത്തിൽ ഒന്നാം സ്ഥാനം ലഭിച്ചിട്ടുണ്ടോ; ഏതൊക്കെ മേഖലകളിലെ മികവിന്റെ അടിസ്ഥാനത്തിലാണ് കേരളം ഈ സ്ഥാനം കൈവരിച്ചത്; ദേശീയ പുരസ്കാരം ലഭിക്കുന്നതിനടിസ്ഥാനമായ എന്തൊക്കെ കാര്യങ്ങളാണ് സംസ്ഥാനത്ത് നടപ്പാക്കിവരുന്നത്; വിശദാംശം നൽകാമോ?

2022-23 കാലയളവിലെ പ്രവർത്തനങ്ങൾക്ക് ദേശീയ ഭക്ഷ്യ സുരക്ഷാ സൂചികയിൽ സംസ്ഥാനത്തിന് ഒന്നാം സ്ഥാനം ലഭിച്ചിട്ടുണ്ട്. ഭക്ഷ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി സംസ്ഥാനങ്ങൾ നടത്തിയിട്ടുള്ള വിവിധ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യ (FSSAI) നിശ്ചയിച്ചിട്ടുള്ള 6 മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് ഭക്ഷ്യ സുരക്ഷാ സൂചികയിൽ

സംസ്ഥാനങ്ങളുടെ സ്ഥാനം നിർണ്ണയിക്കപ്പെടുന്നത്. ആയതിൽ വലിയ സംസ്ഥാനങ്ങളുടെ പട്ടികയിലാണ് കേരളം ഉൾപ്പെട്ടിട്ടുള്ളത്. ചുവടെ ചേർത്തിരിക്കുന്ന 6 മേഖലകളിലെ പ്രവർത്തനമികവാണ് ഇതിനായി പരിഗണിച്ചിട്ടുള്ളത്.

1. Human Resources and Institutional Data
2. Compliances
3. Food Testing Infrastructure
4. Training and Capacity Building
5. Consumer Empowerment
6. Improvement in SFSI Rank

സംസ്ഥാനത്തിന് കഴിഞ്ഞ ഒരു വർഷക്കാലയളവിലെ പ്രവർത്തനങ്ങൾക്ക് വിവിധ മേഖലകളിൽ ചുവടെ ചേർക്കും പ്രകാരം FSSAI സ്കോർ നൽകിയിട്ടുണ്ട്.

| Large State | Kerala |
|---|---|
| Human Resources & Institutional Data | 8.5 |

| | |
|---|---|
| Compliance | 15 |
| Food Testing Infrastructure | 13.5 |
| Training and Capacity Building | 8 |
| Consumer Empowerment | 16 |
| Improvement in SFSI Rank | 2 |
| Total | 63 |

ഭക്ഷ്യ സുരക്ഷ ഉറപ്പുവരുത്തുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ എല്ലാ ഭക്ഷ്യ പരിശോധനാ ലബോറട്ടറികൾക്കും എൻ.എ.ബി.എൽ. അംഗീകാരം നേടിയതിനും പ്രസ്തുത ലാബുകളിൽ ഇന്റഗ്രേറ്റഡ് അസ്സസ്മെന്റ് നടത്തിയിട്ടുള്ളതിനും കൂടാതെ ലാബുകളിലെ ഫുഡ് അനലിസ്റ്റുമാരുടെ ഒഴിഞ്ഞ് കിടന്നിട്ടുള്ള തസ്തികകളിൽ യോഗ്യരായ ഉദ്യോഗസ്ഥരെ നിയമിച്ചതിനും ഒഴിഞ്ഞ് കിടന്നിട്ടുള്ള ഭക്ഷ്യ സുരക്ഷാ തസ്തികകളിൽ ഉദ്യോഗസ്ഥരെ നിയമിച്ചതിനും സംസ്ഥാനത്തെ എല്ലാ ജില്ലകളിലും സഞ്ചരിക്കുന്ന ഭക്ഷ്യ പരിശോധനാ ലബോറട്ടറിയുടെ പ്രവർത്തനം ഉറപ്പാക്കിയതിനും ആയതിൽ പരിശോധന, ട്രെയിനിംഗ്, ബോധവത്കരണം എന്നിവ നടത്തുന്നുണ്ടെന്നുള്ളതിനും കേന്ദ്ര ഭക്ഷ്യ

സുരക്ഷാ അതോറിറ്റിയുടെ പ്രത്യേക പരാമർശം ലഭിച്ചിട്ടുണ്ട്. രാജ്യത്ത് തന്നെ എല്ലാ ജില്ലകളിലും പൊതുജന സേവനത്തിനായി മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലബോറട്ടറിയുടെ സേവനം ഉറപ്പാക്കുന്ന ഏക സംസ്ഥാനമാണ് കേരളം. ആയതിന്റെ മാതൃകാപരമായ പ്രവർത്തനങ്ങളും FSSAI-യുടെ അംഗീകാരത്തിന് കാരണമായിട്ടുണ്ട്.

(ബി) ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; ഭക്ഷ്യസുരക്ഷാ പരിശോധന, ലാബുകളുടെ പരിശോധനാ മികവ്, ജീവനക്കാർക്ക് പരിശീലനം എന്നിവ ഉറപ്പുവരുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഭക്ഷ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി നടത്തിയ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ഉൾപ്പെടെ 2022 ഏപ്രിൽ മുതൽ 2023 ജൂൺ വരെ 84681 പരിശോധനകൾ നടത്തുകയും പരിശോധനകളുടെ ഭാഗമായി 10144 എണ്ണം സ്റ്റാറ്റ്യൂട്ടറി സാമ്പിളുകളും 27798 എണ്ണം സർവൈലൻസ് സാമ്പിളുകളും ശേഖരിക്കുകയുണ്ടായി. പരിശോധനകളുടെ

ഭാഗമായി ശേഖരിച്ച സ്റ്റാറ്റ്യൂട്ടറി സാമ്പിളുകളിൽ 772 എണ്ണം Unsafe ആയും 315 എണ്ണം Substandard ആയും 573 എണ്ണം Misbranded ആയും പരിശോധനാ ഫലം ലഭിക്കുകയുണ്ടായി. ആയതിൽ ആവശ്യമായ തുടർ നിയമ നടപടികൾ ഉറപ്പാക്കിയിട്ടുള്ളതാണ്. വിവിധ സ്ഥാപനങ്ങളിൽ നടത്തിയ പരിശോധനയുടെ അടിസ്ഥാനത്തിൽ ടി കാലയളവിൽ 10006 നോട്ടീസുകളും 7121 കോമ്പൗണ്ടിംഗ് നോട്ടീസുകളും നൽകുകയുണ്ടായി. പിഴയിനത്തിൽ ടി കാലയളവിൽ 3,33,12,000/- രൂപ ഈടാക്കുകയും ചെയ്തു. പ്രസ്തുത കാലയളവിൽ 768 അഡ്ജ്യൂഡിക്കേഷൻ കേസുകളും 481 പ്രോസിക്യൂഷൻ കേസുകളും ഫയൽ ചെയ്യുകയുണ്ടായി.

ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിച്ചുവരുന്ന മൂന്ന് ലബോറട്ടറികളും NABL –FSSAI Integrated Assessment-ൽ പങ്കെടുത്ത് മികവ് തെളിയിച്ചിട്ടുള്ളതാണ്. സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ലാബുകൾ അത്തരം ഒരു അസ്സസ്മെന്റ് വിജയകരമായി പൂർത്തിയാക്കി എന്നത് സംസ്ഥാനത്തിന് അഭിമാനകരമായ നേട്ടമാണ്.

പ്രസ്തുത ലബോറട്ടറികളിലെല്ലാം തന്നെ Liquid Chromatograph Coupled with Mass Spectrophotometer (LC-MS/MS), Gas Chromatograph coupled with Mass Spectrophotometer (GC-MS/MS), Inductively Coupled Plasma Optical Emission Spectrophotometer (ICP-OES), Inductively Coupled Plasma Mass Spectrophotometer (ICP-MS), Gas Chromatograph Flame Ionisation Detector (GC-FID) High-Performance Liquid Chromatography (HPLC) തുടങ്ങിയ അത്യാധുനിക ഉപകരണങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്. പ്രസ്തുത ഉപകരണങ്ങൾ ഉപയോഗിച്ച് ഭക്ഷ്യ വസ്തുക്കളിലെ കീടനാശിനിയുടെ സാന്നിദ്ധ്യം, മെറ്റൽസ്, ടോക്സിൻസ്, ആന്റിബയോട്ടിക്സ്, ഫാറ്റി ആസിഡ് പ്രൊഫൈൽ, പ്രിസർവേറ്റീവ്സ്, സിന്തറ്റിക് കളേഴ്സ്, ആന്റി ഓക്സിഡന്റ്സ്, ആർട്ടിഫിഷ്യൽ സ്വീറ്റ്നേഴ്സ് എന്നിവയുടെ സാന്നിദ്ധ്യവും അളവും പരിശോധിച്ചുവരുന്നു. ഇതിനെല്ലാം തന്നെ എൻ.എ.ബി.എൽ. അംഗീകാരം ലഭിച്ചിട്ടുണ്ട്.

വകുപ്പിലുള്ള എല്ലാ വിഭാഗം ജീവനക്കാരുടെയും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി പരിശീലനം നൽകിവരുന്നു. നിയമ

ലംഘനങ്ങൾക്കെതിരെ വകുപ്പ് സ്വീകരിച്ചുവരുന്ന നിയമനടപടികൾ കുറ്റമറ്റതാക്കുകയും കൂടുതൽ കാര്യക്ഷമമാക്കുകയും ചെയ്യുകയെന്ന ഉദ്ദേശ്യത്തോടുകൂടി വകുപ്പിലെ എൻഫോഴ്സ്മെന്റ്/മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർക്ക് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ മൂന്ന് മേഖലകളിലായി തിരിച്ച് എ.ഡി.ജി.പി. (പ്രോസിക്യൂഷൻ)-ന്റെ നേതൃത്വത്തിൽ ലീഗൽ അവയർനസ് നൽകിയിരുന്നു. ഇത്തരത്തിലുള്ള കൂടുതൽ പരിശീലന പരിപാടികൾ വകുപ്പിലെ എല്ലാ വിഭാഗം ജീവനക്കാർക്കും നൽകുന്ന കാര്യവും പരിശോധിച്ചുവരികയാണ്. പുതിയതായി ജോലിയിൽ പ്രവേശിച്ച 35 ഭക്ഷ്യ സുരക്ഷാ ഓഫീസർമാർക്ക് നിയമനടപടികൾ സ്വീകരിക്കുന്നതിന് ആവശ്യമായ രണ്ട് മാസം നീളുന്ന സ്റ്റാറ്റ്യൂട്ടറി പരിശീലനം FSSAI-യുടെ സഹകരണത്തോടുകൂടി പൂർത്തിയാക്കിയിട്ടുള്ളതും ആയവരെ നോട്ടിഫൈ ചെയ്തിട്ടുള്ളതുമാണ്. അതോടൊപ്പംതന്നെ പുതിയതായി പ്രൊമോഷൻ ലഭിച്ച 8 ഡെസിഗ്നേറ്റഡ് ഓഫീസർമാർക്കും സ്റ്റാറ്റ്യൂട്ടറി പരിശീലനം ലഭ്യമാക്കിയിട്ടുള്ളതാണ്.

വകുപ്പിന് കീഴിലുള്ള ലബോറട്ടറി വിഭാഗം ജീവനക്കാർക്കായി പാൽ, സുഗന്ധവ്യഞ്ജനങ്ങൾ, എണ്ണ, ധാന്യങ്ങൾ, പയർവർഗ്ഗങ്ങൾ, നട്ട്സ്, ഫ്രൂട്ട് ആൻഡ് ഫ്രൂട്ട് പ്രോഡക്ട്സ് എന്നിവയിലെ കീടനാശിനികൾ, ടോക്സിൻസ്, മെറ്റൽസ് എന്നിവയുടെ സാന്നിധ്യവും അളവും കണ്ടുപിടിക്കുന്നതിനുള്ള പരിശീലനം Vimta Labs, Hyderabad, Eurofins Lab, Bangalore എന്നിവിടങ്ങളിൽ വച്ചും റൈസ് ഫോർട്ടിഫിക്കന്റ് അനാലിസിസിലുള്ള പരിശീലനം Efrac Labs, Calcutta-യിൽവച്ചും നൽകുകയുണ്ടായി. മത്സ്യത്തിലെ ഫോർമാലിൻ, ആന്റിബയോട്ടിക്സ്, കീടനാശിനി എന്നിവ കണ്ടെത്തുന്നതിനായി CIFT, Kochi-യിൽവച്ചും മാംസവും മാംസ ഉൽപ്പന്നങ്ങളുടെയും പരിശോധനയ്ക്കായി National Research Centre on Meat, Hyderabad-ൽവച്ചും പരിശീലനം നൽകുകയുണ്ടായി. Institute of Hotel Management, Bangalore-ൽവച്ച് FSSAI സംഘടിപ്പിച്ച NABL Integrated Assessment-നെക്കുറിച്ച് അവബോധം, ടെസ്റ്റിംഗ് ലബോറട്ടറികൾക്ക് NABL ലഭ്യമാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ISO-IEC

17025:2017 എന്ന വിഷയത്തിലും പരിശീലനം ഈ കാലയളവിൽ നൽകിയിട്ടുണ്ട്.

മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർക്കായി SPARK, BIMS, BAMS, INCOME TAX, TDS, GST, GEM, E-OFFICE, RTI, MALAYALAM COMPUTING, COMPUTER AWARENESS, PERSONALITY DEVELOPMENT തുടങ്ങി നിരവധി പരിശീലനങ്ങൾ നൽകിയിട്ടുണ്ട്. കൂടുതൽ പരിശീലനങ്ങൾ തുടർന്നും നൽകുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(സി) സംസ്ഥാനത്ത് ഈറ്റ് റൈറ്റ് മേളകൾ സംഘടിപ്പിച്ചിട്ടുണ്ടോ; ഇതിന് പ്രത്യേക അംഗീകാരം ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

2022-23 കാലയളവിൽ സംസ്ഥാനത്തൊട്ടാകെ 155 ഈറ്റ് റൈറ്റ് മേളകൾ സംഘടിപ്പിച്ചിട്ടുണ്ട്. ഇന്ത്യയിലെ സംസ്ഥാനങ്ങളിൽ ഏറ്റവും കൂടുതൽ ഈറ്റ് റൈറ്റ് മേളകൾ സംഘടിപ്പിച്ചതിന് FSSAI-യുടെ പ്രത്യേക അംഗീകാരം കേരളത്തിന് ലഭിച്ചിട്ടുണ്ട്.

(ഡി) ഭക്ഷ്യ സുരക്ഷാ സൂചികയിൽ ലഭിച്ച പുരസ്കാരങ്ങളും സംസ്ഥാനത്ത് നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളും കേരളീയ

സമൂഹത്തിന്റെ ആരോഗ്യ സംരക്ഷണം ഉറപ്പുവരുത്തുന്നതിന് എത്രത്തോളം സഹായകരമാണ്; വിശദമാക്കാമോ?

Food Safety Compliance-ന്റെ ഭാഗമായി ലൈസൻസ് രജിസ്ട്രേഷൻ ഡ്രൈവുകൾ നടത്തിവരുന്നു. ആയതിന്റെ ഫലമായി ലൈസൻസ് രജിസ്ട്രേഷൻ എന്നിവയിൽ വർദ്ധനവുണ്ടായിട്ടുണ്ട്. മാർക്കറ്റിൽ ലഭ്യമാകുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി എല്ലാ ഭക്ഷ്യ വസ്തുക്കളുടെയും സ്റ്റാറ്റ്യൂട്ടറി/സർവൈലൻസ് സാമ്പിളുകൾ ഭക്ഷ്യ സുരക്ഷാ ഓഫീസർമാർ ശേഖരിക്കുന്നുണ്ട്. പൊതുജനങ്ങളെ ഭക്ഷ്യ സുരക്ഷാ വിഷയങ്ങളിൽ കൂടുതൽ ബോധവത്കരിക്കുന്നതിന്റെ ഭാഗമായി ഈറ്റ് റൈറ്റ് ഇനിഷ്യേറ്റീവുകളായ ഈറ്റ് റൈറ്റ് സ്കൂൾ, ഈറ്റ് റൈറ്റ് കാമ്പസ്, ഈറ്റ് റൈറ്റ് സ്റ്റേഷൻ, ഭോഗ്, സേവ് ഫുഡ് ഷെയർ ഫുഡ്, ഹൈജീൻ റേറ്റിംഗ്, ക്ലീൻ സ്ട്രീറ്റ് ഫുഡ് ഹബ്, ക്ലീൻ വെജിറ്റബിൾ മാർക്കറ്റ് എന്നിവ നടപ്പാക്കിവരുന്നു. കേരളത്തിലെ ഭക്ഷ്യ പരിശോധനാ ലബോറട്ടറികളെല്ലാം തന്നെ NABL അംഗീകാരം നേടിയിട്ടുള്ളതും ഇന്റഗ്രേറ്റഡ് അസ്സസ്മെന്റ് കഴിഞ്ഞിട്ടുള്ളവയുമാണ്. എല്ലാ ജില്ലകളിലും സഞ്ചരിക്കുന്ന ഭക്ഷ്യ

പരിശോധനാ ലബോറട്ടറികൾ സജ്ജീകരിച്ചിട്ടുള്ളതും ആയത് വഴി പരിശോധന, ട്രെയിനിംഗ്, ബോധവത്കരണ പരിപാടികൾ എന്നിവ നടത്തിവരുന്നു. പൊതുജനങ്ങൾക്ക് ഭക്ഷ്യ വസ്തുക്കൾ പരിശോധിക്കുന്നതിനുള്ള സൗകര്യം സഞ്ചരിക്കുന്ന ഭക്ഷ്യ പരിശോധനാ ലാബുകളിൽ ലഭ്യമാണ്. FSW വഴി Rapid Detection ടെസ്റ്റുകൾ പൊതുജനങ്ങൾക്ക് പരിചയപ്പെടുത്തുന്നു. ബോധവത്കരണത്തിന്റെ ഭാഗമായി സ്കൂളുകളിലും കോളേജുകളിലും ഇതിന്റെ സേവനം ലഭ്യമാക്കുന്നുണ്ട്. FSSAI നിശ്ചയിച്ച വിവിധ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് അഭിമാനകരമായ രീതിയിൽ അംഗീകാരം ലഭിക്കുന്നതിന് ഭക്ഷ്യ സുരക്ഷാ വിഭാഗത്തിലെ വിവിധ മേഖലയിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥരുടെ ഏകോപിതമായ പ്രവർത്തനം ഉറപ്പാക്കിയുള്ള പ്രവർത്തനം ഈ ദേശീയ അംഗീകാരം ലഭിക്കുന്നതിന് കാരണമായി. കേവലം വ്യാപകമായ പരിശോധനകളിലൂടെ മാത്രം ഭക്ഷ്യ സുരക്ഷാ മേഖലയിൽ ആശങ്കയില്ലാത്ത സ്ഥിതിവിശേഷം സൃഷ്ടിക്കാൻ കഴിയുന്നതല്ല. ഇതൊരു കൂട്ടുത്തരവാദിത്വമാണ്. Food Safety and Standards Authority of India നിശ്ചയിക്കുന്ന മാനദണ്ഡങ്ങൾ

സംസ്ഥാനത്തിന്റെ പ്രഖ്യാപിത മുദ്രാവാക്യത്തിനുതകുന്ന രീതിയിലാണെന്നത് പ്രത്യേകം കാണേണ്ടതാണ്.

**കെ- ഫോൺ പദ്ധതി**

22 (*22) ശ്രീ. പി. പി. സുമോദ്:
ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) കെ-ഫോൺ പദ്ധതിയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ?

കെ-ഫോൺ പദ്ധതിയുടെ പ്രവർത്തന പുരോഗതി ചുവടെ ചേർക്കുന്നു:-

6709 കിലോമീറ്റർ ബാക്ക്ബോൺ, 19271 കിലോമീറ്റർ എ.ഡി.എസ്.എസ്. (All-Dielectric Self Supporting Cable), ഒ.എഫ്.സി., ആക്സസ് കേബിൾ, 371 പോയിന്റ് ഓഫ് പ്രെസൻസുകൾ, നെറ്റ്‌വർക്ക് ഓപ്പറേറ്റിംഗ് സെന്ററിലെ ഐ.ടി/നോൺ-ഐ.ടി. സംബന്ധമായ പണികൾ എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്.

27651 ഓഫീസുകളിൽ/സ്ഥാപനങ്ങളിൽ കെ-ഫോൺ കണക്ഷൻ നൽകുന്നതിനുള്ള അനുബന്ധ ഉപകരണങ്ങൾ സ്ഥാപിക്കുകയും ഇതിൽ 18195 ഓഫീസുകളിൽ/സ്ഥാപനങ്ങളിൽ ഇന്റർനെറ്റ് ലഭ്യത ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 3836 കുടുംബങ്ങൾക്ക് ഇതുവരെ കെ-ഫോൺ കണക്ഷൻ നൽകിയിട്ടുണ്ട്.

(ബി) പാർശ്വവൽകൃത ജനവിഭാഗങ്ങളെയും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരെയും പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കുമോ?

പാർശ്വവൽകൃത ജനവിഭാഗങ്ങളെയും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരെയും കെ-ഫോൺ പദ്ധതിയുടെ ഗുണഭോക്താക്കളാക്കുന്നതിന് ആദ്യഘട്ടത്തിൽ, ഓരോ നിയമസഭാ മണ്ഡലത്തിൽനിന്നും തെരഞ്ഞെടുക്കപ്പെടുന്ന സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 100 കുടുംബങ്ങൾക്ക് വീതം ആകെ 14000 കുടുംബങ്ങൾക്ക് സൗജന്യമായി ഇന്റർനെറ്റ് കണക്ഷൻ നൽകാൻ തീരുമാനിക്കുകയും അതിൽ എസ്.സി.,

എസ്.ടി. വിഭാഗങ്ങൾക്ക് യഥാക്രമം 10%, 3% എന്നിങ്ങനെ മുൻഗണന നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ 3836 വീടുകളിൽ കെ-ഫോൺ കണക്ഷൻ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ, ഗ്രാമീണ വിദൂര പ്രദേശങ്ങളിൽ വൈഫൈ ഹോട്ട്സ്പോട്ട് സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി വയനാട് ജില്ലയിലെ കണിയാമ്പറ്റ പഞ്ചായത്തിലെ പന്തലാടിക്കുന്ന് കോളനിയിൽ വൈഫൈ ഹോട്ട്സ്പോട്ട് സ്ഥാപിച്ചു. തിരുവനന്തപുരം ജില്ലയിലെ സാമൂഹ്യ പഠന മുറികളിൽ വൈഫൈ ഹോട്ട്സ്പോട്ടുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിച്ചുവരികയാണ്.

(സി) ഐ.ടി. രംഗത്ത് വർക്ക് ഫ്രം ഹോം, വർക്ക് നിയർ ഹോം, വർക്ക് എവേ ഫ്രം ഹോം തുടങ്ങിയ രീതികൾ വർദ്ധിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത പദ്ധതിയുടെ പ്രയോജനം ഈ മേഖലയിലുള്ളവർക്കും ലഭിക്കുംവിധം വീടുകളിൽ കെ-ഫോൺ കണക്ഷനുകൾ വ്യാപിപ്പിക്കുന്നതിനുള്ള പ്രവൃത്തിയുടെ വിശദാംശം ലഭ്യമാക്കുമോ?

വിവരസാങ്കേതികവിദ്യയുടെയും ആശയവിനിമയ സാങ്കേതിക വിദ്യയുടെയും വ്യാപനത്തിന് കെ-ഫോൺ പദ്ധതി വഴി ഒരുക്കുന്ന അടിസ്ഥാന സൗകര്യങ്ങൾ സഹായകരമാകും. മറ്റുള്ള സ്വകാര്യ ടെലികോം കമ്പനികളെ അപേക്ഷിച്ച് കുറഞ്ഞ ചെലവിൽ കേരളത്തിലെവിടെയും കെ-ഫോണിന്റെ സേവനം ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്. ഫൈബർ ടു ഹോം കണക്ഷൻ നൽകുന്നതിനായുള്ള താരിഫ് പ്ലാനുകൾ അവതരിപ്പിച്ചിട്ടുണ്ട്. കെ-ഫോൺ കണക്ഷൻ കൈകാര്യം ചെയ്യുന്നതിന് സൗകര്യമൊരുക്കുന്നതിനായി എന്റെ KFON (ente KFON) എന്ന മൊബൈൽ ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത ആപ്ലിക്കേഷൻ ഗൂഗിൾ പ്ലേസ്റ്റോറിൽ ലഭ്യമാണ്. ആപ്ലിക്കേഷനിലൂടെ വരിക്കാർക്ക് അവരുടെ കെ-ഫോൺ അക്കൗണ്ട് വീക്ഷിക്കാനും താരിഫ് പ്ലാൻ തെരഞ്ഞെടുക്കാനും സാധിക്കും. ആപ്ലിക്കേഷൻ മുഖേന രജിസ്റ്റർ ചെയ്യുന്ന ഉപഭോക്താക്കളെ ബന്ധപ്പെട്ട് കെ-ഫോൺ കണക്ഷൻ നൽകുന്നതിനുള്ള നടപടികൾ കൈക്കൊള്ളാനാണ് ഉദ്ദേശിക്കുന്നത്. വീടുകളിൽ കെ-ഫോൺ ലഭ്യമാക്കുന്നതിനുള്ള ലാസ്റ്റ് മൈൽ നെറ്റ്‌വർക്ക് ദാതാവിനെ

തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. പ്രസ്തുത നടപടികൾ പൂർത്തീകരിച്ച ശേഷമേ വീടുകളിലേയ്ക്കുള്ള വാണിജ്യ കണക്ഷൻ നൽകി തുടങ്ങാൻ സാധിക്കുകയുള്ളൂ.

**പുതിയ മദ്യനയം**

23 (*23) ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. മാണി സി. കാപ്പൻ:
ശ്രീ. പി. ജെ. ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ പുതിയ മദ്യനയം സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

സംസ്ഥാന സർക്കാരിന്റെ 2023-24 വർഷത്തെ മദ്യനയം 27-07-2023-ലെ സ.ഉ. (കൈ)79/2023/നികുതി നമ്പർ ഉത്തരവിലൂടെ പ്രഖ്യാപിച്ചിട്ടുള്ളതാണ്. പരമ്പരാഗത വ്യവസായം എന്ന നിലയിൽ കള്ള് ചെത്ത് വ്യവസായത്തിന് പ്രോത്സാഹനം നൽകി, വൃത്തിയുള്ള

അന്തരീക്ഷത്തിലും കെട്ടിടങ്ങളിലും കള്ളുഷാപ്പുകളുടെ പ്രവർത്തനം ഉറപ്പുവരുത്തി കേരളത്തിന്റെ തനത് പാനീയമെന്ന നിലയിൽ കള്ള് പ്രോത്സാഹിപ്പിക്കുന്നതിനുതകുന്ന മദ്യനയമാണ് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ളത്. അതോടൊപ്പംതന്നെ സംസ്ഥാനത്തെ ടൂറിസം, വ്യവസായം എന്നീ മേഖലകൾക്ക് ഉണർവ് നൽകുന്നതിനുതകുന്ന പ്രഖ്യാപനങ്ങളും 2023-24-ലെ മദ്യനയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ധാന്യേതര കാർഷികോൽപ്പന്നങ്ങളെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കുന്നതിലൂടെ കർഷകർക്ക് അധിക വരുമാനം കൂടിയുണ്ടാകും. അതിലുപരി അധിക നിക്ഷേപം, കൂടുതൽ തൊഴിലവസരങ്ങൾ, കയറ്റുമതി എന്നീ മേഖലകളിലും പുരോഗതിയുണ്ടാകും. മദ്യനിരോധനം പ്രായോഗികമായി നടപ്പാക്കാൻ കഴിയില്ലെന്ന് ബോദ്ധ്യമായതിന്റെ അടിസ്ഥാനത്തിലാണ് സർക്കാർ മദ്യവർജ്ജനമെന്ന ആശയത്തിലൂന്നി മദ്യനയം പ്രഖ്യാപിച്ച് നടപ്പാക്കിവരുന്നത്. ലഹരി ഉപയോഗത്തിനെതിരെ പൊതുജനങ്ങളെ, പ്രത്യേകിച്ച് വിദ്യാർത്ഥികളെയും യുവജനങ്ങളെയും ഇതിൽനിന്ന് പിൻതിരിപ്പിക്കുന്നതിന് വ്യാപകമായ ബോധവത്കരണ

പ്രവർത്തനങ്ങളും വിദ്യാർത്ഥികളെയും യുവജനങ്ങളെയും അവരുടെ ക്രിയാശേഷി ശരിയായ ദിശയിൽ ഉപയോഗപ്പെടുത്തുന്നതിനുള്ള പദ്ധതികൾ വിമുക്തി മിഷൻ വഴി നടപ്പാക്കുന്നതിനുള്ള നിർദ്ദേശങ്ങളും ഈ വർഷത്തെ മദ്യനയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) മദ്യത്തിന്റെ ലഭ്യത വർദ്ധിപ്പിക്കാനുള്ള സർക്കാരിന്റെ പുതിയ നയത്തിൽ വ്യതിയാനം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

മദ്യത്തിന്റെ ലഭ്യത വർദ്ധിപ്പിക്കുക എന്നത് സർക്കാർ പ്രഖ്യാപിച്ച മദ്യനയത്തിന്റെ ലക്ഷ്യമല്ല. മദ്യവർജ്ജനത്തിലൂന്നിയ ബോധവത്കരണ പ്രവർത്തനങ്ങളിലൂടെ സമൂഹത്തിൽ വർദ്ധിച്ചുവരുന്ന മദ്യാസക്തി കുറച്ചുകൊണ്ട് വരുന്നതിനുള്ള പ്രവർത്തനങ്ങൾക്കാണ് മദ്യനയത്തിൽ ഊന്നൽ നൽകിയിട്ടുള്ളത് എന്നതിനാൽ പുതിയ മദ്യനയത്തിൽ വ്യതിയാനം വരുത്തുന്നതിന് ഉദ്ദേശിക്കുന്നില്ല.

(സി) പുതിയ മദ്യനയം സർക്കാരിന്റെ വിമുക്തി പദ്ധതിക്ക് വിരുദ്ധമാണെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

പുതിയ മദ്യനയം സർക്കാരിന്റെ വിമുക്തി പദ്ധതിക്ക് വിരുദ്ധമല്ല. സമ്പൂർണ്ണ മദ്യനിരോധനം ഫലപ്രദമല്ലാത്തതിനാൽ മദ്യവർജ്ജനത്തിലൂന്നിയുള്ള നയമാണ് സ്വീകരിച്ചിട്ടുള്ളത്. മദ്യവർജ്ജനത്തിലൂന്നിയ ബോധവത്കരണ പ്രവർത്തനങ്ങളിലൂടെ മാത്രമേ സമൂഹത്തിൽ വർദ്ധിച്ചുവരുന്ന മദ്യാസക്തി കുറച്ചുകൊണ്ട് വരുന്നതിന് സാധിക്കുകയുള്ളൂവെന്ന യാഥാർത്ഥ്യം തിരിച്ചറിഞ്ഞതുകൊണ്ടാണ് സംസ്ഥാനത്ത് കഴിഞ്ഞ വർഷങ്ങളിൽ പ്രഖ്യാപിച്ച മദ്യനയത്തിൽ ലഹരിക്കെതിരെയുള്ള ബോധവത്കരണ പ്രവർത്തനങ്ങൾക്ക് പ്രത്യേകം ഊന്നൽ നൽകിയിരുന്നത്. കഴിഞ്ഞ വർഷങ്ങളിൽ എക്സൈസ് വകുപ്പ് വിവിധ സർക്കാർ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടും സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ടും ശക്തമായ ബോധവത്കരണ പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്. ഇത് സമൂഹത്തിൽ ലഹരി വ്യാപനത്തിനെതിരെയുള്ള ഒരു ബഹുജന മുന്നേറ്റത്തിന് വഴിയൊരുക്കിയിട്ടുണ്ട്. വിമുക്തി പദ്ധതിയിലൂടെ സ്കൂൾ തലത്തിൽ വിദ്യാർത്ഥികൾക്കിടയിൽ ബോധവത്കരണം നടത്തുന്നതിന് പി.ടി.എ.,

എസ്.പി.സി. എന്നിവരും സജീവമാണ്. നിയോജകമണ്ഡല അടിസ്ഥാനത്തിൽ പ്രത്യേക ബോധവത്കരണ പരിപാടിയും ആവിഷ്കരിച്ചിട്ടുണ്ട്.

(ഡി) എങ്കിൽ ലഹരിവർജ്ജനം എന്ന സർക്കാർ നയവും പുതിയ മദ്യനയവും തമ്മിലുള്ള പൊരുത്തക്കേടുകൾ പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

ലഹരിവർജ്ജനമെന്ന സർക്കാർ നയവും പുതിയ മദ്യനയവും തമ്മിൽ പൊരുത്തക്കേടുകളില്ല. ലഹരിമുക്ത കേരളം ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങൾക്കായി രൂപീകരിച്ചിട്ടുള്ള വിമുക്തി മിഷന്റെ പ്രവർത്തനങ്ങൾ ഫലപ്രദമായി മുന്നോട്ടുപോകുന്നുണ്ട്. വിമുക്തി മിഷന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ പുതിയ മദ്യനയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വിമുക്തി മിഷന്റെ ആഭിമുഖ്യത്തിൽ എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ വിവിധ വകുപ്പുകളെയും സംഘടനകളെയും അണിനിരത്തി നടത്തുന്ന പ്രവർത്തനങ്ങൾക്ക് പൊതുസമൂഹത്തിൽനിന്ന് വളരെയധികം പിന്തുണയാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്.

മദ്യ-മയക്കുമരുന്ന് വ്യാപനത്തെ ഫലപ്രദമായി നേരിടാൻ നിയമപാലകർക്കൊപ്പം സമൂഹത്തിന്റെ നാനാതുറയിലുള്ള സാധാരണക്കാരും വിവിധ ജനകീയ കൂട്ടായ്മകളും മുന്നിട്ടിറങ്ങുന്ന കാഴ്ചയ്ക്ക് കഴിഞ്ഞകാലങ്ങളിൽ കേരളം സാക്ഷ്യം വഹിച്ചിട്ടുള്ളതാണ്. യാഥാർത്ഥ്യബോധത്തോടെ സംസ്ഥാനത്തെ ടൂറിസം വികസനത്തിനും വ്യവസായ വികസനത്തിനും ആവശ്യമായ നിർദ്ദേശങ്ങളാണ് മദ്യനയത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

**ആഭ്യന്തര വകുപ്പിന്റെ ലഹരിവിരുദ്ധ നടപടികൾ**

24 (*24) ശ്രീമതി സി. കെ. ആശ:
ശ്രീ. പി. എസ്. സുപാൽ:
ശ്രീ. വി. ശശി:
ശ്രീ. വാഴൂർ സോമൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആശങ്കാജനകമായി വർദ്ധിച്ചുവരുന്ന ലഹരി, മയക്കുമരുന്ന് കേസുകൾ തടയാൻ ആഭ്യന്തര വകുപ്പിന്റെ നിലവിലുള്ള പദ്ധതികൾ കൂടുതൽ വിപുലവും കാര്യക്ഷമവുമാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) വകുപ്പിന്റെ ലഹരിവിരുദ്ധ നടപടികൾ ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായി പ്രത്യേകാന്വേഷണ സംഘവും ആവശ്യമായ അനുബന്ധ സംവിധാനങ്ങളും രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

(എ&ബി) സമൂഹത്തിനാകെ ആശങ്കാജനകമായിക്കൊണ്ടിരിക്കുന്ന മഹാവിപത്തായ ലഹരി ഉപയോഗം തടയാനും നിരന്തര ബോധവത്കരണത്തിനുമായി വിപുലമായ കാമ്പയിനുകളാണ് സംസ്ഥാനത്ത് സംഘടിപ്പിച്ചുവരുന്നത്. അതോടൊപ്പം രാജ്യത്ത് ലഹരി വിൽപ്പന സംഘങ്ങളുടെ ശൃംഖല ഏറിവരുന്ന സാഹചര്യത്തിൽ അത്തരം സംഘങ്ങൾക്കെതിരെ കർശനമായ നടപടികളും സ്വീകരിച്ചുവരുന്നു.

**'No to Drugs' കാമ്പയിൻ** - പൊതുജന പങ്കാളിത്തത്തോടെ 2022-ലെ ഗാന്ധിജയന്തി ദിനത്തിൽ ആരംഭിച്ച് 2023-ലെ റിപ്പബ്ലിക് ദിനത്തിൽ അവസാനിക്കുംവിധം രണ്ട് ഘട്ടങ്ങളിലായി ഒരു കോടിയോളം പേർ പങ്കെടുത്ത 'No to Drugs' കാമ്പയിൻ സംഘടിപ്പിച്ചു. നാനാവിഭാഗത്തിലുള്ള ആളുകളുടെയും പങ്കാളിത്തംകൊണ്ട് സജീവമായ ഒരു പ്രവർത്തനമായിരുന്ന

ഇത്. മയക്കുമരുന്നിന്റെ വിപത്തുകളുമായി ബന്ധപ്പെട്ട സന്ദേശം ജനങ്ങളിലെത്തിക്കുന്നതിനായി കുടുംബശ്രീ, ഗ്രന്ഥശാലകൾ, ക്ലബ്ബുകൾ, റസിഡന്റ്സ് അസോസ്സിയേഷനുകൾ, വിമുക്തി ക്ലബ്ബുകൾ എന്നിവയുടെ സജീവ പങ്കാളിത്തം ഈ കാമ്പയിനിൽ ഉടനീളമുണ്ടായിട്ടുണ്ട്.

കാമ്പയിന്റെ മൂന്നാംഘട്ടം വിദ്യാഭ്യാസ സ്ഥാപനങ്ങളെ കേന്ദ്രീകരിച്ചാണ് നടപ്പാക്കിവരുന്നത്. ഈ പ്രവർത്തനങ്ങൾ കൂടുതൽ വിപുലവും കാര്യക്ഷമവുമാക്കുക മാത്രമല്ല, ഒരു തുടർപ്രക്രിയയായി നിലനിർത്തുന്നതിനുള്ള തീരുമാനമാണ് കൈക്കൊണ്ടിട്ടുള്ളത്.

**സ്പെഷ്യൽ ഓപ്പറേഷൻ ഗ്രൂപ്പ് -** ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ നടത്തുന്നതിന് എല്ലാ പോലീസ് സ്റ്റേഷനുകളിലും സബ് ഇൻസ്പെക്ടർമാരുടെ നേതൃത്വത്തിൽ 2 പോലീസുകാർ ഉൾപ്പെടുന്ന ഒരു സ്പെഷ്യൽ ഓപ്പറേഷൻ ഗ്രൂപ്പ് രൂപീകരിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്ക് മയക്കുമരുന്നുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങളെ സംബന്ധിച്ച വിവരങ്ങൾ വാട്സാപ്പ് മുഖേനയോ ഫോൺ മുഖാന്തരമോ അറിയിക്കുന്നതിനായി 9497927797 എന്ന ഹെൽപ്പ്ലൈൻ നമ്പർ നിലവിലുണ്ട്. വിവരം നൽകുന്ന സ്രോതസ്സ് തികച്ചും രഹസ്യമായി

സൂക്ഷിക്കുമെന്നതിനാൽ നിരവധി പേർ ഈ സംവിധാനം ഉപയോഗിച്ചുവരുന്നു.

**സംയുക്ത പ്രവർത്തനങ്ങൾ** - ലഹരിപദാർത്ഥങ്ങളുടെ ദുരുപയോഗം നടക്കാനിടയുള്ള സ്ഥലങ്ങളിൽ എക്സൈസ്, പോലീസ്, വനം വകുപ്പ് എന്നിവയുടെ നേതൃത്വത്തിൽ നിരന്തര രഹസ്യ നിരീക്ഷണം നടത്തിവരുന്നു. ഒപ്പം, പോലീസും എക്സൈസും ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളാണ് നടത്തുന്നത്. ദൈനംദിന പരിശോധനകൾക്ക് പുറമെ പ്രത്യേക കോമ്പിംഗ് ഓപ്പറേഷനുകൾ, രാത്രികാല സ്പെഷ്യൽ പരിശോധനകൾ എന്നിവ പോലീസ്, എക്സൈസ് വകുപ്പുകൾ നടത്തിവരുന്നു.

ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായി എല്ലാ പോലീസ് ജില്ലകളിലും DANSAF (District Anti-Narcotic Special Action Force) ടീം രൂപീകരിച്ചു. മയക്കുമരുന്ന് വിതരണക്കാരെയും അതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരെയും പ്രത്യേകം നിരീക്ഷിച്ച് എൻ.ഡി.പി.എസ്. ആക്ട് പ്രകാരം കുറ്റവാളികളെ നിയമത്തിന് മുമ്പിൽ കൊണ്ടുവരുന്നതിന് DANSAF ടീമിന് സാധിക്കുന്നുണ്ട്.

കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള Narcotics Control Bureau (NCB)-യുടെ പ്രവർത്തനങ്ങൾക്കാവശ്യമായ സഹായം നൽകുന്നതിനും മയക്കുമരുന്ന് ഉൽപ്പാദനവും വിതരണവും തടയുന്നതിന് ഇതര സംസ്ഥാനങ്ങളുമായി ചേർന്ന് നടപടികൾ സ്വീകരിക്കുന്നതിനും Anti Narcotic Task Force (ANTF) നോഡൽ ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ക്രമസമാധാന ചുമതലയുള്ള എ.ഡി.ജി.പി.-യാണ് ANTF-ന്റെ തലവൻ.

**'യോദ്ധാവ്'** - സ്കൂൾ വിദ്യാർത്ഥികൾക്കിടയിലെ ലഹരിവ്യാപനം തടയുന്നതിനായി കാര്യക്ഷമമായ ഇടപെടലുകളാണ് പോലീസ് നടത്തിവരുന്നത്. പൊതുജനങ്ങളിലും വിദ്യാർത്ഥികളിലും മയക്കുമരുന്ന് ഉപഭോഗത്തിനെതിരെ അവബോധം സൃഷ്ടിക്കുന്നതിനും മയക്കുമരുന്ന് ഇരകളെ തിരിച്ചറിയുന്നതിനുമായി ആരംഭിച്ച പുതിയ കാമ്പയിനാണ് 'യോദ്ധാവ്'. ഈ പരിപാടിയുടെ ഭാഗമായി യോദ്ധാവായി തെരഞ്ഞെടുക്കപ്പെട്ട അദ്ധ്യാപകർക്ക് മയക്കുമരുന്ന് ഉപയോഗിക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തുന്നതിനും അവർക്ക് ആവശ്യമുള്ള കൗൺസിലിംഗ് നൽകുന്നതിനുമുള്ള പരിശീലനം നൽകിവരുന്നു. സ്റ്റുഡന്റ്

പോലീസ് കേഡറ്റുകൾക്ക് ലഹരിവിരുദ്ധ പ്രവർത്തനത്തിനാവശ്യമായ പരിശീലനം നൽകിവരുന്നു. ജനമൈത്രി സുരക്ഷാ സമിതികളുടെ ആഭിമുഖ്യത്തിൽ ലഹരിവിരുദ്ധ അവബോധന പ്രവർത്തനങ്ങൾ വ്യാപകമായി സംഘടിപ്പിക്കാനുമായി സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പുകളുടെ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തും. ലഹരിവിൽപ്പന സംശയിക്കുന്ന കച്ചവട സ്ഥാപനങ്ങളിൽ പോലീസിന്റെയും എക്സൈസിന്റെയും നിരീക്ഷണം ശക്തമാക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്.

**നിരീക്ഷണ സംവിധാനങ്ങൾ** - സ്കൂൾ പരിസരത്തുള്ള വ്യാപാര സ്ഥാപനങ്ങൾ ഇത്തരം പദാർത്ഥങ്ങൾ വിൽപ്പന നടത്തുന്നതായി കണ്ടെത്തിയാൽ അവ പൂട്ടുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ വിവരങ്ങൾ കൈമാറിവരുന്നു. സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ ആന്റിനർക്കോട്ടിക് ക്ലബ്ബുകൾ രൂപീകരിക്കുകയും അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും മയക്കുമരുന്നിന്റെ ദൂഷ്യവശങ്ങളെക്കുറിച്ച് നിരന്തരബോധവത്കരണം നൽകിവരികയും ചെയ്യുന്നുണ്ട്. സ്കൂൾ-കോളേജ് പരിസരങ്ങൾ, ബസ് സ്റ്റോപ്പുകൾ, സ്കൂളിന്

സമീപത്തെ കടകൾ എന്നിവിടങ്ങളിൽ മഫ്തി പോലീസിന്റെ നിരീക്ഷണം ശക്തിപ്പെടുത്തിയിട്ടുണ്ട്. മാത്രമല്ല, വിദ്യാർത്ഥികൾക്കിടയിലെ ലഹരി, മയക്കുമരുന്ന് ഉപയോഗം തടയുന്നതിനായി പോലീസ്, വനിത-ശിശുവികസനം, സാമൂഹ്യനീതി, പൊതുവിദ്യാഭ്യാസം, എക്സൈസ്, തദ്ദേശസ്വയംഭരണം, ആരോഗ്യം എന്നീ വകുപ്പുകളുടെ സംയുക്താഭിമുഖ്യത്തിൽ ഒരു സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജ്വർ തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങളും എക്സൈസ് വകുപ്പിന് കീഴിൽ പുരോഗമിക്കുന്നു.

ലഹരിക്കടത്തിൽ ഉൾപ്പെടുന്നവരുടെയും ശിക്ഷിക്കപ്പെടുന്നവരുടെയും വിവരങ്ങൾ ശേഖരിച്ച് തയ്യാറാക്കുന്ന ഹിസ്റ്ററി ഷീറ്റ് എല്ലാ പോലീസ് സ്റ്റേഷനുകളിലും എക്സൈസ് റേഞ്ച് ഓഫീസുകളിലും ലഭ്യമാകുന്ന സംവിധാനം ഏർപ്പെടുത്തിവരുന്നു.

**PITNDPS Act** - ലഹരിയുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾ ആവർത്തിക്കുന്നവർക്കെതിരെ The Prevention of Illicit Traffic in Narcotic Drugs and Psychotropic Substances Act 3(1) പ്രകാരം കരുതൽ തടങ്കലിൽ

പാർപ്പിക്കുന്നതിനും അവരുടെ സ്വത്തുവകകൾ കണ്ടുകെട്ടുന്നതിനുമുള്ള നടപടികളും സ്വീകരിച്ചുവരുന്നു. എൻ.ഡി.പി.എസ്. ആക്ട് പ്രകാരം ശിക്ഷിക്കപ്പെടുന്ന വ്യക്തി കുറ്റകൃത്യം ആവർത്തിച്ചാൽ പരമാവധി ശിക്ഷയുടെ ഒന്നര ഇരട്ടി അധികം ശിക്ഷ ലഭിക്കുന്നതിന് ആക്ടിലെ സെക്ഷൻ 3(1) പ്രകാരം നടപടിയെടുക്കുകയും ചെയ്യുന്നു.

(സി) ലഹരി കേസുകളിൽ പരിശോധനാ ഫലങ്ങൾ ലഭിക്കാൻ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഫോറൻസിക് സയൻസ് ലാബുമായി സഹകരിച്ച് ലഹരി കേസുകളിലെ പരിശോധനാ ഫലങ്ങൾ കാലതാമസം കൂടാതെ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

ചില കേസുകളിൽ പരിശോധനാ ഫലം ലഭിക്കുന്നതിന് കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ലഹരി കേസുകളിൽ ഉൾപ്പെട്ടിട്ടുള്ള സാമ്പിളുകൾ പരിശോധിക്കുന്നതിന് കേരളത്തിലെ സംസ്ഥാന ഫോറൻസിക് സയൻസ് ലബോറട്ടറിയിലും മൂന്ന് റീജിയണൽ ഫോറൻസിക് സയൻസ് ലബോറട്ടറികളിലും പൂർണ്ണമായ സംവിധാനങ്ങൾ നിലവിലുണ്ട്.

നാർക്കോട്ടിക് വസ്തുക്കൾ പരിശോധിക്കുന്നതിന് മാത്രമായി തൃശ്ശൂർ റീജിയണൽ ഫോറൻസിക് സയൻസ് ലാബിൽ നാർക്കോട്ടിക് വിഭാഗം പ്രവർത്തിക്കുന്നുണ്ട്. കൂടാതെ എല്ലാ ജില്ലകളിലും പുതുതായി ആരംഭിച്ച ജില്ലാ ലാബുകളിലും ലഹരി പദാർത്ഥങ്ങൾ പരിശോധിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. ആധുനിക സംവിധാനങ്ങൾ ഉപയോഗിച്ച് ലഹരി കേസുകളുടെ പരിശോധനാ റിപ്പോർട്ട് കാലതാമസം കൂടാതെ ലഭ്യമാക്കാൻ സാധിക്കുന്നതാണ്.

(ഡി) വിദ്യാലയങ്ങളിലെ ലഹരി കേസുകൾ തടയാൻ വകുപ്പിൽ നിലവിലുള്ള പദ്ധതികൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ലഹരി മാഫിയയുടെ പിടിയിലകപ്പെടുന്ന കുട്ടികളെ ഇരകളായി കണക്കാക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ഇ) വിൽപ്പനയ്ക്കായി മയക്കുമരുന്ന് കൈവശം വയ്ക്കുന്നവർക്കെതിരെ കർശനമായ നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; മയക്കുമരുന്നിന്റെ വിതരണവും ഉപയോഗവും വ്യാപനവും തടയാനായി നടപ്പാക്കിയ യോദ്ധാവ് പദ്ധതി ഫലപ്രദമാണോ; വിശദമാക്കാമോ?

(ഡി&ഇ) സ്കൂൾ വിദ്യാർത്ഥികൾക്കിടയിലെ ലഹരിവ്യാപനം തടയുന്നതിനും മയക്കുമരുന്ന് ഉപഭോഗത്തിനെതിരെ അവബോധം സൃഷ്ടിക്കുന്നതിനും മയക്കുമരുന്ന് ഇരകളെ തിരിച്ചറിയുന്നതിനുമായി ആരംഭിച്ച പുതിയ കാമ്പയിനാണ് 'യോദ്ധാവ്'. ഇതുവഴി കാര്യക്ഷമമായ ഇടപെടലാണ് പോലീസ് നടത്തിവരുന്നത്.

മയക്കുമരുന്ന് കേസ്സിൽ അകപ്പെട്ടുപോകുന്ന കുട്ടികളെയും വിൽപ്പനക്കാരുടെ കാരിയർമാരായി പ്രവർത്തിക്കുന്ന കുട്ടികളെയും ലഹരി വിപണന സംഘത്തിന്റെ വലയിൽപ്പെട്ടുപോകുന്ന കുട്ടികളെയും ശ്രദ്ധാപൂർവ്വം മനസ്സിലാക്കി അദ്ധ്യാപകർക്ക് ഇവരെ സംബന്ധിക്കുന്ന വിവരങ്ങൾ രഹസ്യമായി പോലീസ്/എക്സൈസ് ഉദ്യോഗസ്ഥർക്ക് കൈമാറുന്നതിന് കഴിയും. ഇതിന് സഹായകരമായ വിധമാണ് പ്രവർത്തനരീതി ആസൂത്രണം ചെയ്തിട്ടുള്ളത്. അതോടൊപ്പം മെഡിക്കൽ കൗൺസിലർമാരുടെ സേവനം ഉറപ്പാക്കാനും നിർദ്ദേശിച്ചിട്ടുണ്ട്.

എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ജനജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. ഇവയുടെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുന്നതുമാണ്.

സ്കൂൾ പരിസരങ്ങളിൽ പ്രത്യേകിച്ച് മഫ്തി പോലീസിന്റെ നിരീക്ഷണം ഏർപ്പെടുത്തിയിട്ടുണ്ട്. സംശയകരമായി ചുറ്റിത്തിരിയുന്ന വാഹനങ്ങൾ ഉൾപ്പെടെയുള്ളവയ്ക്ക് നിരീക്ഷണം ഏർപ്പെടുത്തിയിട്ടുണ്ട്. വീടുകളിലും സ്കൂളുകളിലും സ്വഭാവവ്യതിയാനം പ്രകടിപ്പിക്കുന്ന കുട്ടികളെക്കുറിച്ച് രക്ഷകർത്താക്കളും വിദ്യാർത്ഥികളെക്കുറിച്ച് അദ്ധ്യാപകരും പരസ്പരം അറിയിക്കുന്നതിന് തയ്യാറാകേണ്ടതുണ്ട്. ഇതിലൂടെ മാത്രമേ നാം ഉദ്ദേശിക്കുന്നവിധം പ്രവർത്തനങ്ങൾ ഫലപ്രാപ്തിയിലെത്തുകയുള്ളൂ.

**നെല്ല് സംഭരണ കുടിശ്ശിക നൽകാൻ നടപടി**

25 (*25) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ) സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോ മുഖേന സംഭരിച്ച നെല്ലിന്റെ വില കർഷകർക്ക് നൽകാത്തതിന്റെ കാരണം വിശദമാക്കാമോ;

(ബി) നെല്ല് സംഭരണ തുക കിട്ടാത്തതിനാൽ അടുത്ത കൃഷിയിറക്കാനാകാതെ കർഷകർ ദുരിതത്തിലാണെന്ന വസ്തുത ഗൗരവമായി കാണുന്നുണ്ടോ;

(സി) സപ്ലൈകോ മുഖേന സംഭരിച്ച നെല്ലിന്റെ വില കർഷകർക്ക് അടിയന്തരമായി നൽകാൻ നടപടി സ്വീകരിക്കുമോ?

(എ-സി) കർഷകർക്ക് നെല്ല് സംഭരിച്ചതിന്റെ തുക അനുവദിക്കുന്നത് ഗൗരവമായി കണ്ട് സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2022-23 സീസണിൽ കർഷകർക്ക് ആകെ നൽകേണ്ടിയിരുന്നത് 2070.71 കോടി രൂപയാണ്. അതിൽ 1637.83 കോടി രൂപ കൊടുത്തുകഴിഞ്ഞിട്ടുണ്ട്. ശേഷിക്കുന്ന 433 കോടി രൂപയിൽ 31-07-2023-ലെ സ.ഉ.(സാധാ)നം.327/2023/F&CS പ്രകാരം 60 കോടി രൂപയും 02-08-2023-ലെ സ.ഉ.(സാധാ)നം.331/2023/ F&CS പ്രകാരം 120 കോടി രൂപയും ഉൾപ്പെടെ 180 കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. ശേഷിക്കുന്ന തുക നൽകുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു. ഇതോടൊപ്പം വായ്പ ലഭ്യമാക്കുന്നതിനായി എസ്.ബി.ഐ., കാനറാ ബാങ്ക്, ഫെഡറൽ

ബാങ്ക് എന്നിവയടങ്ങിയ കൺസോർഷ്യവുമായി ചർച്ച നടത്തിവരുന്നു. കൂടുതൽ കാര്യക്ഷമമായി ഭാവിയിൽ നെല്ലുസംഭരണം മുന്നോട്ടുകൊണ്ടുപോകാൻ കഴിയുന്ന വായ്പാ സംവിധാനം ക്രമീകരിക്കുന്നതിന് കേരള ബാങ്കുമായും കൂടിയാലോചനകൾ നടത്തുന്നുണ്ട്. കേന്ദ്രസർക്കാർ നൽകുന്ന എം.എസ്.പി.-യും സംസ്ഥാന സർക്കാർ നൽകുന്ന സംസ്ഥാന പ്രോത്സാഹന ബോണസുമാണ് വികേന്ദ്രീകൃത ധാന്യസംഭരണ-സംസ്കരണ വിതരണ പദ്ധതി പ്രകാരം സംഭരിക്കുന്ന നെല്ലിന്റെ വിലയായി കർഷകന് ലഭിക്കുന്നത്. സംഭരിച്ച നെല്ല് അരിയാക്കി പൊതുവിതരണ സംവിധാനം വഴി വിതരണം ചെയ്തശേഷം മാത്രമേ തുക ലഭിക്കുന്നതിനുള്ള ക്ലെയിം കേന്ദ്രസർക്കാരിലേയ്ക്ക് അയയ്ക്കാൻ സാധിക്കുകയുള്ളൂ. മൂന്ന് മാസത്തിലൊരിക്കലാണ് ഇപ്രകാരം ക്ലെയിം സമർപ്പിക്കാൻ സാധിക്കുന്നത്. ആയതിനാൽ നെല്ല് സംഭരിച്ചതിനുശേഷം ആറുമാസംവരെ കഴിഞ്ഞാണ് ഈ തുക ലഭിക്കുന്നത്. നെല്ല് സംഭരിച്ചാലുടൻ തന്നെ കർഷകർക്ക് സംഭരണ വില നൽകുന്നതിന് കഴിയുംവിധം കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽനിന്ന് മേൽപ്പറഞ്ഞ വിഹിതങ്ങൾ ലഭിക്കാതെ വരുന്നതിനാൽ പദ്ധതി

നടത്തിപ്പിനുള്ള തുക മുൻകൂറായി സപ്ലൈകോ കണ്ടെത്തേണ്ടിവരുന്നു. ബാങ്കുകളുമായി ധാരണയിലെത്തി പി.ആർ.എസ്. വായ്പയായിട്ടാണ് നെല്ലുസംഭരണവില കർഷകർക്ക് നൽകാനുള്ള ക്രമീകരണം നടത്തിവരുന്നത്. സപ്ലൈകോയുടെ കടമെടുപ്പ് പരിധി അധികരിച്ചതിനാൽ വായ്പ അനുവദിക്കാൻ ബാങ്കുകൾ വിമുഖത കാണിക്കുന്നതുമൂലമാണ് ഇപ്പോൾ നെല്ലിന്റെ വില നൽകാൻ കാലതാമസം നേരിട്ടിട്ടുള്ളത്.

**പകർച്ചപ്പനി നിയന്ത്രിക്കാൻ നടപടി**

26 (*26) ശ്രീ. മഞ്ഞളാംകുഴി അലി:
ഡോ. എം. കെ. മുനീർ:
ശ്രീ. പി. കെ. ബഷീർ:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്) സദയം മറുപടി നൽകുമോ:

(എ) മഴക്കാലം ആരംഭിച്ചതോടുകൂടി സംസ്ഥാനത്ത് പകർച്ചപ്പനി ബാധിതരുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചുവരുന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ടോ?

സംസ്ഥാനത്ത് എല്ലാ വർഷവും മഴക്കാലത്തോടെയുണ്ടാകുന്നതുപോലെ പകർച്ചപ്പനി കേസുകളുടെ വർദ്ധനവ് 2023-ലും ഉണ്ടായിട്ടുണ്ട്.

(ബി) ഡെങ്കിപ്പനിയും എലിപ്പനിയും ബാധിച്ചവരിൽ മരണനിരക്ക് വർദ്ധിച്ച് വരുന്നതായി കണ്ടെത്തിയിട്ടുണ്ടോ?

2018 മുതൽ 2023 വരെയുള്ള കാലയളവിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള ഡെങ്കിപ്പനി, എലിപ്പനി (സ്ഥിരീകരിച്ചതും സംശയിക്കുന്നതും ഉൾപ്പെടെ) കേസുകളിലെ മരണനിരക്ക് നോക്കുമ്പോൾ ഗണ്യമായ വർദ്ധന രേഖപ്പെടുത്തിയിട്ടില്ല.

(സി) പനിബാധിതരുടെ എണ്ണം വർദ്ധിച്ചതിനനുസരിച്ച് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിലുണ്ടായ അനാസ്ഥ, മരണങ്ങൾ വർദ്ധിക്കുന്നതിന് കാരണമായിട്ടുണ്ടോ?

കഴിഞ്ഞ വർഷവുമായി തുലനം ചെയ്യുമ്പോൾ ഈ വർഷം പനി മരണ നിരക്ക് വർദ്ധിച്ചിട്ടില്ല. ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിൽ അനാസ്ഥയുണ്ടായിട്ടില്ല. പകർച്ചപ്പനി വ്യാപനം നിയന്ത്രിക്കുന്നതിനായി എല്ലാ ജില്ലകളിലും താലൂക്കാശുപത്രി, താലൂക്ക് ആസ്ഥാന ആശുപത്രി, ജില്ലാ

ആശുപത്രി, ജനറൽ ആശുപത്രി, മെഡിക്കൽ കോളേജ് ആശുപത്രി എന്നിവിടങ്ങളിൽ പനിബാധിതരുടെ ഒ.പി. ചികിത്സയ്ക്കായുള്ള ഫീവർ ക്ലിനിക്കുകൾ തുടങ്ങുകയും ഫീവർ വാർഡുകൾ സജ്ജമാക്കുകയും ചെയ്തിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷത്തേയ്ക്കുള്ള മരുന്ന് വിതരണത്തിനുള്ള നടപടികൾ കഴിഞ്ഞ വർഷം സെപ്റ്റംബറിൽത്തന്നെ ആരംഭിക്കുകയും അപ്രകാരം ആശുപത്രികളിൽ മരുന്ന് ലഭ്യത ഉറപ്പുവരുത്തുകയും ചെയ്തിരുന്നു. പകർച്ചപ്പനി നിയന്ത്രണ പ്രവർത്തനങ്ങളുടെ ഭാഗമായി സ്റ്റേറ്റ് മെഡിക്കൽ ബോർഡിലെ അംഗങ്ങളും ആരോഗ്യ വകുപ്പ് ഡയറക്ടറും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറും ഉൾപ്പെട്ട 15 അംഗ സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് സെൽ രൂപീകരിച്ചിട്ടുണ്ട്. ആരോഗ്യ വകുപ്പിന് കീഴിലുള്ള പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനും ജനങ്ങൾക്കും ആരോഗ്യപ്രവർത്തകർക്കുമുള്ള സംശയങ്ങൾ ദൂരീകരിക്കുന്നതിനുമായി ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ സ്റ്റേറ്റ് കൺട്രോൾ റൂമും ജില്ലകളിൽ ജില്ലാതല കൺട്രോൾ റൂമും ആരംഭിച്ചു.

ഡെങ്കിപ്പനി മൂർച്ഛിച്ച് മരണമുണ്ടാകുന്നത് ഒഴിവാക്കാനായി ഈ ഘട്ടത്തിൽ ആശുപത്രികൾ കർശനമായും പാലിക്കേണ്ട റഫറൽ

പ്രോട്ടോക്കോൾ പുറത്തിറക്കിയിട്ടുണ്ട്. കുട്ടികളിലെ ഇൻഫ്ലുവൻസ, മസ്തിഷ്ക ജ്വരത്തിലേയ്ക്ക് നയിച്ച് മരണമുണ്ടാകുന്നത് തടയുന്നതിനായി 'Influenza Associated Encephalities'-ന്റെ മാനേജ്മെന്റ് പ്രോട്ടോക്കോൾ പുറപ്പെടുവിക്കുകയും സംസ്ഥാനത്തെ ചെറുതും വലുതുമായ ക്ലിനിക്കുകൾ ഉൾപ്പെടെയുള്ള എല്ലാ ആരോഗ്യ സ്ഥാപനങ്ങൾക്കും നൽകുകയും ചെയ്തിട്ടുണ്ട്. ഭാവിയിൽ മരണങ്ങൾ ഒഴിവാക്കുന്നതിനായി ഡെത്ത് ഓഡിറ്റ് കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. പ്രവർത്തന സജ്ജമായ ഐസൊലേഷൻ വാർഡുകൾ രോഗീപരിചരണത്തിന് ഉപയോഗിക്കാനായി നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും രോഗപ്രതിരോധ നടപടികൾ കൈക്കൊള്ളുന്നതിനും എന്തെല്ലാം പ്രവർത്തനങ്ങൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

സ്ഥിരമായി രോഗങ്ങൾ റിപ്പോർട്ട് ചെയ്യുന്ന ഹോട്ട്സ്പോട്ടുകൾ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും രോഗപ്രതിരോധത്തിനായുള്ള മുൻകരുതലുകളും പ്രതിരോധ മരുന്നുകളും

ചികിത്സാ മാർഗ്ഗരേഖകളും പ്രസിദ്ധീകരിക്കുകയും വിവിധ തലത്തിലുള്ള ആശുപത്രികളിലെ (സർക്കാർ/സ്വകാര്യ) ഡോക്ടർമാർക്കും ആരോഗ്യ വകുപ്പിലെ ഫീൽഡ് വിഭാഗം ജീവനക്കാർ, പാരാ മെഡിക്കൽ സ്റ്റാഫ് എന്നിവർക്കും സംസ്ഥാനതലത്തിൽനിന്നും ജില്ലാതലത്തിൽനിന്നും പരിശീലനങ്ങൾ നൽകുകയും ചികിത്സാ മാർഗ്ഗരേഖകൾ എല്ലാ ആശുപത്രികളിലും ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. താലൂക്ക്/ജില്ലാ ആശുപത്രികളിൽ ക്രിട്ടിക്കൽ കെയർ മാനേജ്മെന്റ് സൗകര്യങ്ങൾ ഉറപ്പാക്കാനും ആരോഗ്യ പ്രവർത്തകർക്ക് പരിശീലനം, ബോധവത്കരണം എന്നിവ നൽകാനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാന മെഡിക്കൽ ബോർഡിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യത്തിൽ നിലവിലുള്ള ചികിത്സാ മാർഗ്ഗരേഖകൾ പരിഷ്കരിച്ച് പ്രസിദ്ധീകരിക്കുകയും ആയത് സ്വകാര്യ ആശുപത്രികൾ/ക്ലിനിക്കുകൾ ഉൾപ്പെടെയുള്ള എല്ലാ തലങ്ങളിലേയും ഡോക്ടർമാർക്ക് എത്തിക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന പരിശീലന കേന്ദ്രത്തിന്റെ (Kerala State Institute of Health & Family Welfare, Thycaud) നേതൃത്വത്തിൽ

പ്രഗത്ഭരായ ഫാക്കൽറ്റിയെ ഉൾപ്പെടുത്തി ഡോക്ടർമാർക്ക് പരിശീലനം നൽകിവരുന്നുണ്ട്. പൊതുജനങ്ങൾ, ചെറിയ രോഗലക്ഷണം മാത്രമുള്ളതിനാൽ ഡോക്ടറെ കണ്ടശേഷം ഡോക്ടറുടെ ഉപദേശാനുസരണം വീട്ടിൽ നിരീക്ഷണത്തിൽ കഴിയുന്നവർ, ആരോഗ്യ പ്രവർത്തകർ, ആശുപത്രികളിലെ രോഗികളുടെ കൂട്ടിരിപ്പുകാർ തുടങ്ങിയവർക്ക് രോഗപ്രതിരോധത്തിനായി അനുവർത്തിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി രോഗം നേരത്തെ കണ്ടുപിടിക്കുന്നതിനായി ലാബുകളുടെ ലഭ്യതയും ശാക്തീകരണവും ഉറപ്പാക്കുന്നതിന് സംസ്ഥാനത്ത് 39 സെന്റിനെൽ ലാബുകളിൽ ഡെങ്കിപ്പനി, ചിക്കൻഗുനിയ, എലിപ്പനി, ഹെപ്പറ്റൈറ്റിസ് എ തുടങ്ങിയവ, ELISA ടെസ്റ്റ് ചെയ്യുന്നതിനാവശ്യമായ സംവിധാനം, 11 സെന്റിനെൽ ലാബുകളിൽ എലിപ്പനി വളരെ നേരത്തെതന്നെ സ്ഥിരീകരിക്കുന്നതിനുള്ള പി.സി.ആർ. ടെസ്റ്റ് ചെയ്യുന്നതിനാവശ്യമായ സംവിധാനം, തിരുവനന്തപുരത്തുള്ള സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബിൽ എലിപ്പനി, ഡെങ്കിപ്പനി എന്നിവയുടെ

സെറോടൈപ്പിംഗ്, സ്ക്രബ് ടൈഫസ്, ഇൻഫ്ലുവൻസ വൈറസ്, സിക്ക തുടങ്ങിയവയുടെ പി.സി.ആർ. ടെസ്റ്റ് ചെയ്യുന്നതിനുള്ള സംവിധാനം എന്നിവ ഒരുക്കിയിട്ടുണ്ട്.

Encephalitis കേസുകൾ സ്ഥിരീകരിക്കുന്നതിനായി സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബ് തിരുവനന്തപുരം, 3 ഗവൺമെന്റ് മെഡിക്കൽ കോളേജുകളിലെ വി.ആർ.ഡി. ലാബുകൾ, എൻ.ഐ.വി. ആലപ്പുഴ ലാബ് എന്നിവിടങ്ങളിൽ സംവിധാനം ലഭ്യമാണ്. കൂടാതെ സിക്ക, മങ്കിപോക്സ് സ്ഥിരീകരിക്കുന്നതിനായുള്ള പി.സി.ആർ. ടെസ്റ്റ് ചെയ്യുന്നതിനുള്ള സംവിധാനവും ഇവിടങ്ങളിലുണ്ട്. കേരളത്തിൽ സ്ഥിരീകരിക്കാൻ സാധിക്കാത്ത പകർച്ചവ്യാധി രോഗങ്ങളുടെ സാംപിളുകൾ എൻ.ഐ.വി. പൂനെയിൽ അയച്ച് സ്ഥിരീകരിക്കുന്നു.

ഏകാരോഗ്യം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ ലാബുകൾ ശാക്തീകരിക്കുന്നതിനായുള്ള നടപടികൾ പുരോഗമിക്കുന്നു. ആരോഗ്യ വകുപ്പ്, ആരോഗ്യ വിദ്യാഭ്യാസ വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, ഭക്ഷ്യ സുരക്ഷാ വകുപ്പ്, കൃഷി വകുപ്പ്, ഫിഷറീസ് വകുപ്പ്, യൂണിവേഴ്സിറ്റി ഓഫ് വെറ്ററിനറി

സയൻസ്, മണ്ണുത്തി തുടങ്ങിയ വകുപ്പുകളിലുള്ള തെരഞ്ഞെടുത്ത ലാബുകളിലാണ് ശാക്തീകരണത്തിന്റെ ഭാഗമായി ലാബ് അസസ്സ്മെന്റ് പൂർത്തീകരിച്ചിട്ടുള്ളത്.

രോഗം നേരത്തെ കണ്ടുപിടിച്ച് ശരിയായ ചികിത്സ ലഭ്യമാക്കുക വഴി മരണം തടയുക എന്ന ലക്ഷ്യത്തിനായി, രോഗം വരാനുള്ള സാഹചര്യങ്ങൾ ഇല്ലാതാക്കുക, രോഗപ്രതിരോധ മാർഗ്ഗങ്ങൾ സ്വീകരിക്കുക, തുടർ നിർദ്ദേശങ്ങൾ പാലിക്കുക എന്നീ കാര്യങ്ങളെക്കുറിച്ചും രോഗങ്ങളെയും രോഗപകർച്ച, പ്രതിരോധമാർഗ്ഗങ്ങൾ, രോഗസാധ്യത കൂടിയ വിഭാഗങ്ങൾ, രോഗം വരാൻ സാധ്യതയുള്ള കാലഘട്ടം തുടങ്ങിയവയെക്കുറിച്ചും ജനങ്ങൾക്ക് നിരന്തരം അവബോധം നൽകുകയും പ്രതിരോധ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നു. മറ്റ് വകുപ്പുകളുമായി സംയോജിച്ച് രോഗപ്രതിരോധ പ്രവർത്തനങ്ങൾ നടത്തുകയും ചികിത്സക്കായി അടിസ്ഥാന സൗകര്യ വികസനം ഉറപ്പാക്കുകയും ചെയ്യുന്നു.

രോഗപ്രതിരോധ നടപടികളുടെ ഭാഗമായി വെക്ടർ സർവ്വേ, സോഴ്സ് റിഡക്ഷൻ ബോധവത്കരണ ക്ലാസുകൾ, രോഗപ്രതിരോധ പ്രവർത്തനങ്ങളുടെ വിലയിരുത്തൽ മുതലായവ നടത്തിവരുന്നു. ആരോഗ്യ ബോധവത്കരണ പ്രവർത്തനങ്ങൾ വാർഡുകൾതോറും നടത്തിവരുന്നുണ്ട്. പ്രതിരോധ മരുന്നുകൾ നൽകിവരുന്നു. ക്ലോറിനേഷൻ പ്രവർത്തനങ്ങൾ നടത്തിവരുന്നു. അവലോകന യോഗങ്ങളിൽ പ്രത്യേക അജണ്ട വച്ച് വിലയിരുത്തുന്നു. എലിപ്പനി, ഡെങ്കിപ്പനി തുടങ്ങിയ പകർച്ചവ്യാധികളുടെ ചികിത്സയ്ക്കാവശ്യമായ എല്ലാവിധ മരുന്നുകളുടെയും സ്റ്റോക്ക് ആശുപത്രികളിൽ ലഭ്യമാക്കിയിട്ടുണ്ട്. ആശുപത്രികളിൽ ഡോക്സിസൈക്ലിൻ ഗുളികകൾ വിതരണം ചെയ്യുന്നതിനായി ഡോക്സികോർണറുകൾ പ്രവർത്തിച്ചുവരുന്നു. സംസ്ഥാനത്തെ നിയോജകമണ്ഡലാടിസ്ഥാനത്തിൽ അനുവദിച്ചിട്ടുള്ള ഐസൊലേഷൻ വാർഡുകൾ പ്രവർത്തനസജ്ജമാകുന്ന മുറയ്ക്ക് ആയവ പനിബാധിതരുടെ ചികിത്സയ്ക്കായി ഉപയോഗപ്പെടുത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

മെഡിക്കൽ കോളേജുകളിൽ കൊതുകുകളുടെ ഉറവിട നശീകരണം, കാമ്പസ് ക്ലീനിംഗ് തുടങ്ങിയ കാര്യങ്ങൾ ഏകോപിപ്പിക്കുന്നതിനും നടപ്പാക്കുന്നതിനും നോഡൽ ഓഫീസറെ നിയമിക്കുകയും നോഡൽ ഓഫീസറുടെ മേൽനോട്ടത്തിൽ വിദ്യാർത്ഥികളും ജീവനക്കാരും വിവിധ ഗ്രൂപ്പുകളായി കാമ്പസ് ക്ലീനിംഗ് നടത്തുകയും ബയോ വേസ്റ്റ്, ഇ-വേസ്റ്റ്, പ്ലാസ്റ്റിക് വേസ്റ്റ് തുടങ്ങിയവ തരംതിരിച്ച് നിർമ്മാർജ്ജനം ചെയ്യുകയും ചെയ്യുന്നു.

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ സംസ്ഥാനതലത്തിൽ പകർച്ചവ്യാധികൾ പ്രതിരോധിക്കുന്നതിനായി SPEID Cell (State Prevention of Epidemic and Infectious Disease cell) പ്രവർത്തിക്കുന്നു. എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും Regional PEID Cell സ്ഥാപിച്ചിട്ടുണ്ട്. സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ എത്തുന്ന പകർച്ചവ്യാധി കേസുകൾ കൃത്യമായി നിരീക്ഷിക്കാനും പ്രതിരോധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് ഉടനടി നടപ്പിൽവരുത്താനും ഈ സംവിധാനം വളരെ സഹായകമാണ്. മെഡിക്കൽ കോളേജുകളിലെ ഇൻഫെക്ഷൻ കൺട്രോൾ

പ്രവർത്തനങ്ങൾക്ക് PEID Cell-കൾ നേതൃത്വം നൽകുന്നു. പകർച്ചവ്യാധികൾ പൊട്ടിപ്പുറപ്പെടുന്ന സാഹചര്യങ്ങളിൽ ആരോഗ്യ വകുപ്പുമായി ചേർന്ന് മെഡിക്കൽ കോളേജിലെ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം Out break Investigation നടത്തുകയും പ്രതിരോധ പ്രവർത്തനങ്ങളിൽ ക്രിയാത്മകമായി ഇടപെടുകയും ചെയ്തുവരുന്നു. പകർച്ചവ്യാധികൾ പ്രതിരോധിക്കുന്നതിനും നിർമ്മാർജ്ജനം ചെയ്യുന്നതിനുമായി നിരവധി ദേശീയ പരിപാടികളോടൊപ്പം പ്രാദേശികമായി വരുന്ന പകർച്ചവ്യാധിക്കെതിരെ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിനായി വാർഡ് തലത്തിൽ റാപ്പിഡ് റെസ്പോൺസ് ടീം (R.R.T) പ്രവർത്തിച്ചുവരുന്നു. പകർച്ചവ്യാധികൾ നിർമ്മാർജ്ജനം ചെയ്യാൻ ബോധവത്കരണ ക്ലാസ്സുകൾ കമ്മ്യൂണിറ്റി തലത്തിൽ ആവിഷ്കരിച്ച് നടപ്പാക്കുന്നു. ആശാവർക്കർ, അങ്കണവാടി വർക്കർ, ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് (JPHN), ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ (JHI), സന്നദ്ധ പ്രവർത്തകർ എന്നിവരെല്ലാം ഈ പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നു. പകർച്ചവ്യാധികൾ ഉന്മൂലനം ചെയ്യാനായി ലോകാരോഗ്യ സംഘടനയുടെ നേതൃത്വത്തിൽ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ആരോഗ്യ

വകുപ്പും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പും മുഖേന നടപ്പാക്കുന്നുണ്ട്. വാക്സിനേഷൻ കുറവുള്ളയിടങ്ങളിൽ പ്രത്യേകമായി ഊന്നൽ നൽകി പ്രതിരോധ കുത്തിവയ്പുകൾ നൽകുന്നു. കൂടാതെ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തിന് കീഴിൽ പ്രവർത്തിച്ചുവരുന്ന അർബൻ സെന്ററിലും റൂറൽ സെന്ററിലും പകർച്ചവ്യാധികൾ കുറയ്ക്കാനുള്ള ബോധവത്കരണ ക്ലാസ്സുകൾ വെക്ടർ സർവ്വേ, മറ്റ് പ്രതിരോധ പ്രവർത്തനങ്ങൾ എന്നിവ നിരന്തരം നടത്തിവരുന്നു.

**ഹൃദ്യം പദ്ധതി**

27 (*27) ശ്രീ. എം. എം. മണി:
ശ്രീമതി യു. പ്രതിഭ:
ശ്രീ. ജി. സ്റ്റീഫൻ:
ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്) സദയം മറുപടി നൽകുമോ:

(എ) ജന്മനായുള്ള ഹൃദ്രോഗം സമയബന്ധിതമായി ശസ്ത്രക്രിയ നടത്തി കുട്ടികളെ രക്ഷപ്പെടുത്തുന്നതിനുതകുന്ന ഹൃദ്യം പദ്ധതി ആവിഷ്കരിച്ചതെപ്പോഴാണ്; പദ്ധതിയുടെ വിശദാംശം നൽകാമോ?

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലെ സ്ഥാപനങ്ങളിൽ 2017 മുതൽ ഹൃദ്യം പദ്ധതി ആരംഭിച്ച് നടപ്പാക്കിവരുന്നു. സങ്കീർണ്ണമായ ഹൃദയരോഗങ്ങളുമായി ജനിക്കുന്ന 18 വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് സൗജന്യമായി ഹൃദയ ശസ്ത്രക്രിയ നടത്തുന്ന പദ്ധതിയാണിത്. നാഷണൽ ഹെൽത്ത് മിഷന് കീഴിൽ വരുന്ന ഈ പദ്ധതിയിൽ ഹൃദയ സംബന്ധമായ അസുഖമുള്ള 18 വയസ്സിന് താഴെയുള്ള എല്ലാ കുട്ടികൾക്കും വരുമാന പരിധിയില്ലാതെ ചികിത്സ നൽകിവരുന്നു. ഈ പദ്ധതിയുടെ സേവനങ്ങൾ ലഭിക്കുന്നതിനായി www.hridyam.kerala.gov.in എന്ന ലിങ്കിലൂടെ രജിസ്റ്റർ ചെയ്യാവുന്നതാണ്. ഹൃദ്യം വഴി എക്കോ, സി.ടി., കാത്ത് ലാബ് പ്രൊസീജ്യർ, എം.ആർ.ഐ. തുടങ്ങിയ അവശ്യപരിശോധനകളും സർജറികൾ അല്ലെങ്കിൽ ഇന്റർവെൻഷനുകൾ തുടങ്ങിയവയും സൗജന്യമായി

നടത്തിവരുന്നു. അവശ്യഘട്ടങ്ങളിൽ എംപാനൽ ചെയ്ത ആശുപത്രികളിലേയ്ക്ക് വെന്റിലേറ്റർ സൗകര്യമുള്ള ആംബുലൻസ് സേവനവും ലഭ്യമാക്കിവരുന്നു.

(ബി) ഈ പദ്ധതി പ്രകാരം മുൻ സർക്കാരിന്റെ കാലത്തും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷവും എത്ര ഹൃദയ ശസ്ത്രക്രിയകൾ നടത്തിയിട്ടുണ്ട്; വിശദമാക്കാമോ?

ഹൃദ്യം പദ്ധതി പ്രകാരം മുൻസർക്കാരിന്റെ കാലത്ത് 3048 കുട്ടികൾക്കും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 3158 കുട്ടികൾക്കും സർജറി നടത്തിയിട്ടുണ്ട്.

(സി) രോഗത്തിന്റെ തീവ്രതയനുസരിച്ച് കുട്ടികൾക്ക് വിദഗ്ധ ചികിത്സ കാലതാമസം കൂടാതെ ലഭ്യമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; ഏതെല്ലാം ആശുപത്രികളിലാണ് പ്രസ്തുത ശസ്ത്രക്രിയ സംവിധാനം ഒരുക്കിയിട്ടുള്ളത്; തുടർ ചികിത്സയ്ക്കായി സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

രജിസ്റ്റർ ചെയ്യപ്പെടുന്ന ഓരോ കുട്ടിയെയും അടുത്ത 24 മണിക്കൂറിനുള്ളിൽത്തന്നെ അതാത് ജില്ലകളിലെ DEIC (District Early

Intervention Centre)-കളിൽനിന്നും ബന്ധപ്പെടുകയും കുട്ടിയുടെ രോഗ വിവരങ്ങൾ പരിശോധിച്ചുറപ്പിക്കുകയും ചെയ്യുന്നു. തുടർന്ന് ഓരോ കുട്ടിയുടെയും ഡയഗ്നോസിസ്/രോഗത്തിന്റെ തീവ്രതയ്ക്കനുസരിച്ച് വിദഗ്ധരായ മൂന്ന് ഡോക്ടർമാരുടെ നിർദ്ദേശാനുസരണം (Expert opinion) ഓരോ കേസും കാറ്റഗറൈസ് ചെയ്യുകയും തുടർന്ന് എംപാനൽ ചെയ്തിട്ടുള്ള ആശുപത്രികൾക്ക് സർജറിയോ ഇന്റർവെൻഷനോ ചെയ്യാൻ സാധ്യമാകുന്ന തീയതി നൽകുന്നതിനായി ഹൃദ്യം പോർട്ടലിൽ കേസ് ഓപ്പൺ ചെയ്യുകയും വിവരങ്ങൾ കുട്ടിയുടെ മാതാപിതാക്കൾക്ക് SMS വഴി ലഭ്യമാക്കുകയും ചെയ്യുന്നു. അടിയന്തരമായി ശസ്ത്രക്രിയ ആവശ്യമായ കുട്ടികൾക്ക് (eg. OBSTRUCTED TAPVC, BAV etc) രജിസ്റ്റർ ചെയ്ത് ഒന്നോ രണ്ടോ ദിവസങ്ങൾക്കുള്ളിൽ സർജറി ചെയ്തുകൊടുക്കാൻ സാധിക്കാറുണ്ട്. ഉടനെ സർജറി ആവശ്യമില്ലാത്ത കുട്ടികളെ ആറ് മാസത്തേയ്ക്കോ ഒരു വർഷത്തേയ്ക്കോ മെഡിക്കൽ ഫോളോഅപ്പിൽ വയ്ക്കാറുണ്ട്. ഹൃദ്യം പദ്ധതിയിൽ മൂന്ന് സർക്കാർ ആശുപത്രികളും അഞ്ച് സ്വകാര്യ ആശുപത്രികളുമാണ് നിലവിൽ എംപാനൽ ചെയ്തിട്ടുള്ളത്. എസ്.എ.ടി. (ശ്രീ അവിട്ടം തിരുനാൾ

ആശുപത്രി) തിരുവനന്തപുരം, മെഡിക്കൽ കോളേജ് കോട്ടയം, മെഡിക്കൽ കോളേജ് കോഴിക്കോട് എന്നിവ കൂടാതെ സ്വകാര്യ ആശുപത്രികളായ അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് കൊച്ചി, ആസ്റ്റർ മെഡിസിറ്റി കൊച്ചി, ലിസി ഹോസ്പിറ്റൽ എറണാകുളം, ബിലീവേഴ്സ് ചർച്ച് ആശുപത്രി തിരുവല്ല, മിംസ് ആശുപത്രി കോഴിക്കോട് എന്നിവ ആർ.ബി.എസ്.കെ. മാർഗ്ഗനിർദ്ദേശം അനുസരിച്ച് എംപാനൽ ചെയ്ത് ചികിത്സ നൽകിവരുന്നു. കൂടാതെ ശ്രീ ചിത്രാ ആശുപത്രി കൂടി ഹൃദ്യം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള ചർച്ച പുരോഗമിക്കുന്നു. കുട്ടികളുടെ തുടർചികിത്സയും ഫോളോഅപ്പും ആർ.ബി.എസ്.കെ. ജില്ലാ കോ-ഓർഡിനേറ്ററുടെ നേതൃത്വത്തിൽ പഞ്ചായത്ത് തലത്തിൽ നിയമിക്കപ്പെട്ടിട്ടുള്ള ആർ.ബി.എസ്.കെ. നഴ്സുമാർ വഴി നടത്തിവരുന്നു.

**നെല്ല് സംഭരിച്ച വകയിൽ കർഷകർക്കുള്ള കുടിശ്ശിക**

28 (*28) ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. പി. ഉബൈദുള്ള:

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ) സദയം മറുപടി നൽകുമോ:

(എ) കർഷകരിൽനിന്നും നെല്ല് സംഭരിച്ച വകയിൽ തുക നൽകാനുണ്ടോയെന്ന് വെളിപ്പെടുത്തുമോ;

(ബി) സംഭരണ വില യഥാസമയം നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ; കർഷകർക്ക് നൽകാനുള്ള തുക കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

(എ&ബി) 2022-23 നെല്ല് സംഭരണ സീസണിലെ നെല്ലിന്റെ വില കൊടുത്തുതീർക്കുന്ന നടപടി പുരോഗമിക്കുകയാണ്. ഈ സീസണിൽ 31-07-2023 വരെ സപ്ലൈകോ 731184 മെട്രിക് ടൺ നെല്ല് സംഭരിച്ചിട്ടുണ്ട്. ആയതിൽ നെല്ലിന്റെ വിലയായ 28.20 രൂപ, കൈകാര്യ ചെലവിനത്തിലുള്ള 12 പൈസ എന്നിവ ഉൾപ്പെടെ ആകെ നൽകാനുള്ള 2070.71 കോടി രൂപയിൽ 1637.83 കോടി രൂപ നൽകിയിട്ടുണ്ട്. നെല്ലിന്റെ വില, കൈകാര്യ ചെലവ് എന്നിവയുടെ ഇനത്തിൽ ഏകദേശം 433 കോടി രൂപ ഇനിയും

കൊടുത്ത് തീർക്കാനുണ്ട്. ഇതിനായി 31-07-2023-ലെ സ.ഉ.(സാധാ)നം.327/2023/F&CS പ്രകാരം 60 കോടി രൂപയും 02-08-2023-ലെ സ.ഉ.(സാധാ)നം.331/2023/ F&CS പ്രകാരം 120 കോടി രൂപയും ചേർത്ത് ആകെ 180 കോടി രൂപ ഇപ്പോൾ സർക്കാർ അനുവദിച്ചിട്ടുണ്ട്. ശേഷിക്കുന്ന തുക നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കർഷകർക്ക് തുക നൽകുന്നതിനായി ഏതെല്ലാം ബാങ്കുകളുമായാണ് കരാറിൽ ഏർപ്പെട്ടിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

2022-23 സീസണിൽ നെല്ല് സംഭരണ വില പി.ആർ.എസ്. വായ്പയായി നൽകുന്നതിനായി കേരള ബാങ്കുമായും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, കാനറാ ബാങ്ക്, ഫെഡറൽ ബാങ്ക് എന്നീ ബാങ്കുകൾ ഉൾപ്പെടുന്ന ബാങ്കിംഗ് കൺസോർഷ്യവുമായും സപ്ലൈകോ മുഖേന ധാരണാപത്രത്തിൽ ഒപ്പ് വച്ചിട്ടുണ്ട്.

(ഡി) തുക നൽകുന്നതിൽ നിലവിലുള്ള തടസ്സങ്ങൾ പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

31-07-2023-ലെ സ.ഉ.(സാധാ)നം.327/2023/F&CS പ്രകാരം 60 കോടി രൂപയും 02-08-2023-ലെ സ.ഉ.(സാധാ)നം.331/2023/F&CS പ്രകാരം 120 കോടി രൂപയും ഉൾപ്പെടെ ആകെ 180 കോടി രൂപ ഇപ്പോൾ സർക്കാർ അനുവദിച്ചിട്ടുണ്ട്. ശേഷിക്കുന്ന തുക നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നുണ്ട്. വായ്പ ലഭ്യമാക്കുന്നതിനായി ബാങ്കിംഗ് കൺസോർഷ്യവുമായി ചർച്ച നടത്തുന്നുണ്ട്. കൂടാതെ, ഭാവിയിൽ നെല്ലുസംഭരണം കൂടുതൽ കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകാൻ കഴിയുന്ന ഒരു വായ്പാ സംവിധാനം രൂപീകരിക്കുന്നതിനായി കേരള ബാങ്കുമായും കൂടിയാലോചിക്കുന്നുണ്ട്.

**കാർഷിക, മൃഗസംരക്ഷണ മേഖലകളിൽ ഡിജിറ്റൽ സാങ്കേതികവിദ്യ**

29 (*29) <u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ:</u>
<u>ശ്രീ. എം. വിജിൻ:</u>
<u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:</u>

<u>ശ്രീ. എം. എസ്. അരുൺ കുമാർ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) അഞ്ച് വർഷംകൊണ്ട് ഇരുപത് ലക്ഷം പേർക്ക് തൊഴിൽ ലഭ്യമാക്കുകയെന്ന ലക്ഷ്യം കൈവരിക്കുന്നതിനായി കേരള നോളഡ്ജ് ഇക്കോണമി മിഷനും കെ-ഡിസ്കും സംയുക്തമായി നടപ്പാക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തെ അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ പരിഹരിക്കാൻ കെ-ഡിസ്കിന്റെ ആഭിമുഖ്യത്തിൽ കേരള സർക്കാരിനുകീഴിൽ ആവിഷ്കരിച്ച പദ്ധതിയാണ് കേരള നോളഡ്ജ് ഇക്കോണമി മിഷൻ. സംസ്ഥാനത്തെ 20 ലക്ഷം അഭ്യസ്തവിദ്യരായ തൊഴിൽരഹിതർക്ക് 5 വർഷത്തിനുള്ളിൽ പ്രാദേശിക-ആഗോളതലങ്ങളിൽ സർക്കാരേതര മേഖലകളിൽ ജോലി ലഭ്യമാക്കുക എന്നതാണ് ലക്ഷ്യം. ഇടക്കാലത്ത് തൊഴിൽ ഉപേക്ഷിച്ച വനിതകൾ, മടങ്ങിയെത്തിയ പ്രവാസികൾ തുടങ്ങിയവർക്കും വിദൂരജോലിയിൽ ഏർപ്പെടുന്നതിന് ആവശ്യമായ സാഹചര്യം കേരള

നോളഡ്ജ് ഇക്കോണമി മിഷൻ ഒരുക്കുന്നു. അഭ്യസ്തവിദ്യരായ യുവാക്കളുടെ താൽപ്പര്യാനുസരണം തൊഴിൽ കമ്പോളത്തിലെ സാധ്യത ഉപയോഗപ്പെടുത്തുന്നതിന് പര്യാപ്തമായ നൈപുണ്യവികസനം നൽകുകയും പദ്ധതിയുടെ ലക്ഷ്യമാണ്. ഇതിനായി ഡിജിറ്റൽ വർക്ക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം (ഡി.ഡബ്ല്യു.എം.എസ്.) എന്ന ഡിജിറ്റൽ പ്ലാറ്റ്ഫോം ഒരുക്കിയിട്ടുണ്ട്. പ്രാദേശികമായും ആഗോളതലത്തിലും ലഭ്യമായിട്ടുള്ള തൊഴിലുകളെ ഈ സംവിധാനത്തിലൂടെ ക്രോഡീകരിച്ച് നൽകുന്നു.

തൊഴിൽദാതാക്കളായ മോൺസ്റ്റർ (പുതിയ പേര് ഫൗണ്ട് ഇറ്റ്), സി.ഐ.ഐ. എന്നിവയെയും ഫ്രീലാൻസ് പ്രോജക്ട് ജോലികൾ ലഭ്യമാക്കുന്ന ഫ്രീലാൻസർ, അവൈൻ തുടങ്ങിയ പ്ലാറ്റ്ഫോമുകളെയും ബന്ധിപ്പിച്ച് പ്ലാറ്റ്ഫോം ഓഫ് പ്ലാറ്റ്ഫോംസ് എന്ന സംവിധാനം സൃഷ്ടിക്കാനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയാണ്. കൗൺസിലിംഗിന്റെയും ക്യൂറേഷന്റെയും ഭാഗമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ എംപ്ലോയബിലിറ്റി കേന്ദ്രങ്ങൾ, കുടുംബശ്രീയുടെ വാർഡുതല പ്രവർത്തകർ, കരിയർ ഫെസിലിറ്റേറ്റർ ഇന്റേൺസ്, പേഴ്സണാലിറ്റി

ഡെവലപ്മെന്റ് പ്രൊഫഷണൽസ് തുടങ്ങിയ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി വരുന്നു. ഉദ്യോഗാർത്ഥിയുടെ കഴിവ് ഏതൊക്കെ മേഖലകളിലാണോ അവയെല്ലാം പരിഗണിച്ചുകൊണ്ട് നൈപുണ്യങ്ങളെപ്പറ്റിയും സൃഷ്ടിക്കപ്പെട്ട അവസരങ്ങളെ സംബന്ധിച്ചും അവരെ ബോധ്യപ്പെടുത്തി കരിയർ പ്രൊഫൈലിംഗിനും അതുവഴി അവരവരുടെ പ്രൊഫൈൽ സമ്പുഷ്ടമാക്കുന്നതിനും കരിയർ കൗൺസിലിംഗിനും വേണ്ടിയുള്ള സംവിധാനം ഡി.ഡബ്ല്യൂ.എം.എസ്.-ൽ ഏകോപിപ്പിച്ചു. തൊഴിൽദാതാക്കൾക്ക് ഉദ്യോഗാർത്ഥികളെക്കുറിച്ച് മുൻകൂർ അറിവ് ലഭിക്കുന്നതിന്, റോബോട്ടിക് ഇന്റർവ്യൂവിന്റെ ഒരു പ്രക്രിയയും ഡി.ഡബ്ല്യൂ.എം.എസ്. പ്ലാറ്റ്ഫോമിൽ സംയോജിപ്പിച്ചിരിക്കുന്നു. ഡി.ഡബ്ല്യൂ.എം.എസ്. പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ തൊഴിലന്വേഷകർക്കും ഇന്റർവ്യൂ ഗ്രൂമിംഗ് നൽകുന്നതിലേയ്ക്കായി 15 മണിക്കൂർ ദൈർഘ്യമുള്ള സൗജന്യ വർക്ക് റെഡിനസ് പ്രോഗ്രാം തയ്യാറാക്കിയിട്ടുണ്ട്. തൊഴിലന്വേഷകരെ തൊഴിലിടങ്ങളിലെ ആശയവിനിമയം, കൂട്ടായ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്ന ശേഷി തുടങ്ങിയവ മെച്ചപ്പെടുത്തി അവരെ

അനുയോജ്യമായ തൊഴിലിലേയ്ക്ക് സജ്ജരാക്കാനായി പേഴ്സണാലിറ്റി ഡെവലപ്മെന്റ് ട്രെയിനിംഗ് പ്രോഗ്രാം നൽകിവരുന്നു. നൈപുണ്യ വികസനത്തിനും ഗ്രൂമിംഗിനുംവേണ്ടി കുടുംബശ്രീ, സർവ്വകലാശാലകളും ഉന്നതവിദ്യാഭാസ സ്ഥാപനങ്ങളും, അസാപ്, NIELIT, വനിതാ വികസന കോർപ്പറേഷൻ എന്നിവ ഉൾപ്പെടെയുള്ള ഏജൻസികളെ ഡി.ഡബ്ല്യൂ.എം.എസ്. പ്ലാറ്റ്ഫോമിലേയ്ക്ക് ബന്ധിപ്പിച്ചിട്ടുണ്ട്. ഉദ്യോർഗാർത്ഥികൾക്ക് തങ്ങളുടെ ഇംഗ്ലീഷ് പ്രാവീണ്യ നിലവാരം അറിയാനും കഴിവുകൾ വേഗത്തിൽ വിലയിരുത്തുന്നതിനും വേണ്ടി കോമൺ യൂറോപ്യൻ ഫ്രെയിംവർക്ക് ഓഫ് റഫറൻസ് (സി.ഇ.എഫ്.ആർ.) സ്കെയിൽ ആസ്പദമാക്കിയുള്ള ബ്രിട്ടീഷ് കൗൺസിൽ രൂപകൽപ്പന ചെയ്ത 'ഇംഗ്ലീഷ് സ്കോർ' പരീക്ഷ സംവിധാനവും ഡി.ഡബ്ല്യൂ.എം.എസ്.-ൽ ലഭ്യമാക്കിയിട്ടുണ്ട്.

തൊഴിൽ അന്വേഷകരുടെയും തൊഴിൽദായകരുടെയും വിവരങ്ങൾ ഏകോപിപ്പിക്കുന്നതിനും മാർഗ്ഗനിർദ്ദേശം നൽകുന്നതിനും അനുയോജ്യമായ വിധത്തിൽ ഡി.ഡബ്ല്യൂ.എം.എസ്. പ്ലാറ്റ്ഫോമിന്റെ ഒന്നാംഘട്ടം ഡിജിറ്റൽ സർവ്വകലാശാല തയ്യാറാക്കിയിട്ടുണ്ട്. രണ്ടാം ഘട്ടത്തിന്റെ പ്രവർത്തനങ്ങൾ

പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ഇതിനെ മൊബൈൽ ആപ്ലിക്കേഷനായി മാറ്റുന്ന പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും ചെയ്തു. തൊഴിലന്വേഷകരെ കണ്ടെത്തുന്നതിനും ഡി.ഡബ്ല്യൂ.എം.എസ്.-ൽ രജിസ്റ്റർ ചെയ്യുന്നതിന് അവരെ പിന്തുണയ്ക്കുന്നതിനുമുള്ള കമ്മ്യൂണിറ്റി കേന്ദ്രീകൃത പ്രചാരണമായ 'എന്റെ തൊഴിൽ എന്റെ അഭിമാനം' എന്ന പദ്ധതിക്കുശേഷം, തെരഞ്ഞെടുക്കപ്പെട്ട കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തൊഴിൽക്ലബ്ബ് അംഗങ്ങളായിട്ടുള്ളവർക്കും പുതുതായി ഡി.ഡബ്ല്യൂ.എം.എസ്.-ൽ രജിസ്റ്റർ ചെയ്യുന്നവർക്കും തദ്ദേശസ്വയംഭരണ വകുപ്പിന്റെ മേൽനോട്ടത്തിൽ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്ന കേരള നോളഡ്ജ് ഇക്കോണമി മിഷന്റെ പ്രത്യേക തൊഴിൽ പദ്ധതിയാണ് എന്റെ തൊഴിൽ എന്റെ അഭിമാനം 2.0.

തൊഴിൽ സാഹചര്യങ്ങളിൽവന്ന മാറ്റത്തിനനുസരിച്ച് നമ്മുടെ തൊഴിൽ സംസ്കാരത്തെ മാറ്റിയെടുക്കേണ്ടതുണ്ട്. ഇതിനായി നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്ന് പുറത്തുവരുന്ന വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കണം. ഈ പ്രവർത്തനങ്ങൾക്ക് ഒരു തുടക്കമെന്ന നിലയിൽ KKEM ആരംഭിക്കുന്ന കാമ്പയിനാണ് കണക്ട് കരിയർ ടു കാമ്പസ്

(CCC). 'കരിയർ ടു കാമ്പസ്-2022' പദ്ധതിയിൽ രജിസ്റ്റർ ചെയ്ത 914 ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ 149000-ത്തിലധികം വിദ്യാർത്ഥികൾ ഡി.ഡബ്ല്യു.എം.എസ്.-ൽ രജിസ്റ്റർ ചെയ്യുകയും വിവിധ തരത്തിലുള്ള പരിശീലനങ്ങളിൽ ഭാഗഭാക്കാകുകയും ചെയ്തു. കേരളത്തിലുള്ള എല്ലാ ഗവൺമെന്റ്, എയ്ഡഡ്, സെൽഫ് ഫിനാൻസിംഗ് കോളേജുകൾക്കും CCC-യുടെ ഭാഗമാക്കിക്കൊണ്ട് കണക്ട് കരിയർ ടു കാമ്പസ് – 2023 പദ്ധതിയുടെ ഉദ്ഘാടനം 31-07-2023-ന് ബഹുമാനപ്പെട്ട ഉന്നത വിദ്യാഭ്യാസ, സാമൂഹ്യനീതി വകുപ്പുമന്ത്രി നടത്തുകയുണ്ടായി.

പാർശ്വവൽക്കരിക്കപ്പെട്ട സമൂഹത്തിനെ നൈപുണ്യവികസന പരിശീലനം നൽകി വൈജ്ഞാനിക തൊഴിൽമേഖലയിലേയ്ക്ക് എത്തിക്കാനുള്ള പ്രവർത്തനത്തിന്റെ ഭാഗമായി കേരള നോളഡ്ജ് ഇക്കോണമി മിഷൻ താഴെപ്പറയുന്ന അഞ്ച് ഡൈവേഴ്സിറ്റി ഇൻക്ലൂഷൻ പദ്ധതികൾ നടപ്പാക്കിവരുന്നു.

1. പട്ടികവർഗ്ഗ വിഭാഗത്തിനായുള്ള പ്രത്യേക വൈജ്ഞാനിക തൊഴിൽ പദ്ധതി

2. പട്ടികജാതി വിഭാഗത്തിനായുള്ള പ്രത്യേക വൈജ്ഞാനിക തൊഴിൽ പദ്ധതി
3. പ്രൈഡ് - ട്രാൻസ്ജെൻഡർ വിഭാഗത്തിനായുള്ള പ്രത്യേക വൈജ്ഞാനിക തൊഴിൽ പദ്ധതി
4. തൊഴിൽതീരം - മത്സ്യബന്ധന സമൂഹത്തിനായുള്ള പ്രത്യേക വൈജ്ഞാനിക തൊഴിൽ പദ്ധതി
5. സമഗ്ര - ഭിന്നശേഷി വിഭാഗത്തിനായി പ്രത്യേക വൈജ്ഞാനിക തൊഴിൽ പദ്ധതി.

സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തവും കരിയർ വിടവ് വന്ന സ്ത്രീകൾക്ക് പ്രത്യേകമായും ഒരു പിന്തുണാ സംവിധാനവും ലക്ഷ്യമാക്കി കേരള നോളഡ്ജ് ഇക്കോണമി മിഷൻ നടപ്പാക്കിയ പദ്ധതിയാണ് 'തൊഴിലരങ്ങത്തേയ്ക്ക്'. ഇതിന്റെ ആദ്യഘട്ടത്തിൽ 60 ദിവസങ്ങൾകൊണ്ട് 1500 പേർക്ക് ഓഫർ ലെറ്റർ കൈമാറിയിരുന്നു. തൊഴിലരങ്ങത്തേയ്ക്ക് പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾ നോളഡ്ജ് ഇക്കോണമി മിഷൻ ആരംഭിച്ചിട്ടുണ്ട്. ഡി.ഡബ്ല്യു.എം.എസ്.-ൽ ഇതുവരെ രജിസ്റ്റർ ചെയ്ത

തൊഴിലന്വേഷകരുടെ എണ്ണം 1424864 ആണ്. 570011 തൊഴിലവസരങ്ങൾ കൊണ്ടുവരികയും 51494 പേർക്ക് ഇതുവരെ തൊഴിൽ നൽകാനും സാധിച്ചു.

(ബി) ഇതിനായി ഡിജിറ്റൽ സർവ്വകലാശാല തയ്യാറാക്കി വരുന്ന ഡിജിറ്റൽ വർക്ക് ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം എന്ന അതിനൂതന സംവിധാനം എത്രമാത്രം പ്രയോജനകരമായിട്ടുണ്ട്; വിശദമാക്കാമോ?

തൊഴിലന്വേഷകരെയും തൊഴിൽ ദാതാക്കളെയും നൈപുണ്യ പരിശീലന ഏജൻസികളെയും ബന്ധിപ്പിക്കുന്നതിന് ഡിജിറ്റൽ വർക്ക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റത്തിന് (ഡി.ഡബ്ല്യൂ.എം.എസ്.) സാധിക്കുന്നു. തൊഴിൽ മേഖലയിലേയ്ക്കാവശ്യമായ മാനുഷിക വിഭവത്തിന്റെ ലഭ്യതയും ആവശ്യവും വിതരണവും കൈകാര്യം ചെയ്യുന്ന പ്ലാറ്റ്ഫോമായി ഡി.ഡബ്ല്യൂ.എം.എസ്. പ്രവർത്തിക്കും. തൊഴിലന്വേഷകർക്കും തൊഴിൽദാതാക്കൾക്കും പ്ലാറ്റ്ഫോമിൽ രജിസ്റ്റർ ചെയ്യാം. തൊഴിലുടമകൾക്ക് അവരുടെ ആവശ്യകതകളെ അടിസ്ഥാനമാക്കി അനുയോജ്യരായ പ്രതിഭകളെ കണ്ടെത്താനും തൊഴിലന്വേഷകർക്ക് വിപണിയുടെ

ആവശ്യകതയെ അടിസ്ഥാനമാക്കി സ്വയം മെച്ചപ്പെടാനും നൈപുണ്യ പരിശീലനത്തിനുമുള്ള അവസരം ഈ പ്ലാറ്റ്ഫോമിലൂടെ സാധ്യമാകും.

'ലോകത്തിലെ ഏറ്റവും വലിയ ടാലന്റ് മാർക്കറ്റ്പ്ലേസ്' ആകാനാണ് ഡിജിറ്റൽ വർക്ക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം ലക്ഷ്യമിടുന്നത്. ഡി.ഡബ്ല്യു.എം.എസ്. പ്ലാറ്റ്ഫോമിന്റെ മൂന്ന് വ്യത്യസ്ത ഘടകങ്ങൾ തൊഴിലന്വേഷകർ, തൊഴിൽ ദാതാക്കൾ, നൈപുണ്യവികസനം എന്നിവയാണ്.

ഡിജിറ്റൽ ഇന്ത്യ അവാർഡ്-2022-ൽ 'സ്റ്റാർട്ടപ്പുകളുമായി സഹകരിച്ച് ഡിജിറ്റൽ സംരംഭങ്ങൾ' എന്ന വിഭാഗത്തിന് കീഴിൽ പ്ലാറ്റിനം അവാർഡ് ഡി.ഡബ്ല്യു.എം.എസ്. പ്ലാറ്റ്ഫോമിന്റെ മികച്ച പ്രവർത്തനത്തിന് കേരള നോളഡ്ജ് ഇക്കോണമി മിഷൻ കരസ്ഥമാക്കി. കൂടാതെ 2023-ലെ സ്കോച്ച് അവാർഡും കേരള ഇക്കോണമി മിഷന് ലഭിച്ചു.

ഡിജിറ്റൽ വർക്ക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റത്തിന്റെ തൊഴിലന്വേഷക വിഭാഗത്തിൽ താഴെപ്പറയുന്നവർക്ക് രജിസ്ട്രേഷനും പ്രൊഫൈൽ സൃഷ്ടിക്കുന്നതിനുമുള്ള സൗകര്യങ്ങളുണ്ട്.

1. തൊഴിലിൽ മുൻപരിചയമില്ലാത്തവർ
2. വിദ്യാസമ്പന്നരായ തൊഴിൽരഹിതർ
3. കരിയർ ബ്രേക്ക് വന്ന സ്ത്രീകൾ
4. മടങ്ങിവരുന്ന പ്രവാസികൾ
5. കൂട്ടായ്മകൾ

ഡിജിറ്റൽ വർക്ക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റത്തിൽ തൊഴിൽദാതാവ് എന്ന വിഭാഗത്തിൽ താഴെപ്പറയുന്നവർക്ക് തൊഴിൽ സൃഷ്ടിക്കുന്നതിനും ഒഴിവുകൾ പോസ്റ്റ് ചെയ്യുന്നതിനുമുള്ള സൗകര്യങ്ങൾ നൽകുന്നു.

1. തൊഴിൽദാതാക്കൾ
2. തൊഴിൽ സമാഹരിക്കുന്നവർ
3. ഗിഗ് തൊഴിലുകൾ നൽകുന്നവർ

ഡിജിറ്റൽ വർക്ക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റത്തിൽ നൈപുണ്യ വികസനത്തിന്റെ ഭാഗത്ത് താഴെപ്പറയുന്നവർക്ക് നൽകുന്ന നൈപുണ്യം, കൗൺസിലിംഗ്, ക്യൂറേഷൻ എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാണ്.

1. നൈപുണ്യദാതാക്കൾ

2. വിദ്യാഭ്യാസ സ്ഥാപനങ്ങൾ
3. സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾ
4. തൊഴിലവസരങ്ങൾക്കായി ഉദ്യോഗാർത്ഥികളെ ഒരുക്കുന്ന ഏജൻസികൾ
5. കൗൺസിലിംഗ് & ക്യൂറേഷൻ സേവനങ്ങൾ

ഡിജിറ്റൽ വർക്ക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റത്തിന്റെ തുടർച്ചയായി, 'ഡി.ഡബ്ല്യൂ.എം.എസ്. കണക്ട്' എന്ന പേരിൽ ഡി.ഡബ്ല്യൂ.എം.എസ്.-ന്റെ ഒരു മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിച്ചെടുത്തു.

ഡിജിറ്റൽ വർക്ക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റത്തിന്റെ പ്രധാന സവിശേഷതകൾ താഴെപ്പറയുന്നവയാണ്:

1. സ്വകാര്യ പ്ലാറ്റ്ഫോം ദാതാക്കൾ, വ്യവസായ വൈദഗ്ധ്യം പ്രാപ്തമാകാൻ സഹായിക്കുന്നവർ, സ്വകാര്യ നൈപുണ്യ ഏജൻസികൾ, സർക്കാർ നൈപുണ്യ ഏജൻസികൾ, അക്കാദമിക സമ്പർക്ക മുഖങ്ങൾ, ഉദ്യോഗാർത്ഥികൾ, വ്യവസായങ്ങൾ എന്നിവയെ ഒരൊറ്റ

പ്ലാറ്റ്ഫോമിൽ കൊണ്ടുവരുന്നതിലൂടെ പ്ലാറ്റ്ഫോമുകളുടെ ഒരു പ്ലാറ്റ്ഫോമായി പ്രവർത്തിക്കുന്നു.

2. ഡി.ഡബ്ല്യു.എം.എസ്.-ൽ രജിസ്റ്റർ ചെയ്യുന്ന തൊഴിലന്വേഷകരെ പിന്തുണയ്ക്കുന്നതിനായി 16X7 പ്രവർത്തിക്കുന്ന കോൾ സെന്റർ സൗകര്യം നൽകിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി നൽകുന്ന പിന്തുണ സേവനങ്ങളിൽ ടെലികോളിംഗ്, സന്ദേശമയയ്ക്കൽ, വാട്ട്സ്ആപ്പ് സേവനങ്ങൾ എന്നിവ ഉൾപ്പെടുന്നു.
3. കോൾസെന്റർ സൗകര്യത്തിന് പുറമെ ആർട്ടിഫിഷ്യൽ ഇന്റലിജൻസ്-മെഷീൻ ലേണിംഗ് അടിസ്ഥാനമാക്കിയുള്ള ചാറ്റ്ബോട്ട് സേവനവും ഡി.ഡബ്ല്യു.എം.എസ്. പോർട്ടലിൽ ലഭ്യമാക്കിയിട്ടുണ്ട്.
4. തൊഴിലന്വേഷകരുടെ ഒരു 360-ഡിഗ്രി സൈക്കോമെട്രിക് വിശകലനവും തൊഴിലന്വേഷകർക്ക് കരിയർ പ്രൊഫൈലിംഗ് സൗകര്യവും ലഭ്യമാക്കിയിട്ടുണ്ട്. നാളിതുവരെ 54865 ഉദ്യോഗാർത്ഥികൾ ഈ സേവനം പ്രയോജനപ്പെടുത്തിയിട്ടുണ്ട്.

5. സൈക്കോമെട്രിക് വിശകലനത്തിന്റെ റിപ്പോർട്ടിനെ ആസ്പദമാക്കി തൊഴിലന്വേഷകന്റെ സൗകര്യപ്രദമായ സമയം അനുസരിച്ച് കരിയർ കൗൺസിലറുടെ സേവനം തൊഴിലന്വേഷകന്റെ സൗകര്യപ്രദമായ സമയമനുസരിച്ച് ഓൺലൈനായി എടുക്കാനുള്ള സൗകര്യവും ഡി.ഡബ്ല്യൂ.എം.എസ്.-ൽ ഉണ്ട്. നാളിതുവരെ 67222 ഉദ്യോഗാർത്ഥികൾ ഈ സേവനം പ്രയോജനപ്പെടുത്തിയിട്ടുണ്ട്
6. തൊഴിലന്വേഷകരുടെ ആശയവിനിമയ കഴിവുകൾ വിലയിരുത്തുന്നതിനായി ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അടിസ്ഥാനമാക്കിയുള്ള റോബോട്ടിക് ഇന്റർവ്യൂ സംവിധാനം ഡി.ഡബ്ല്യൂ.എം.എസ്.-മായി സംയോജിപ്പിച്ചിരിക്കുന്നു. നാളിതുവരെ 8327 ഉദ്യോഗാർത്ഥികൾ ഈ സേവനം പ്രയോജനപ്പെടുത്തിയിട്ടുണ്ട്.
7. തൊഴിലന്വേഷകരുടെ അവസരങ്ങൾ വർദ്ധിപ്പിക്കുന്നതിന് ഇംഗ്ലീഷ് ഭാഷാ പരിശീലനവും വ്യക്തിത്വ വികസന പരിശീലനവും പോലുള്ള മൂല്യവർദ്ധിത സേവനങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.

8. ഡി.ഡബ്ല്യൂ.എം.എസ്.-ൽ രജിസ്റ്റർ ചെയ്ത തൊഴിലന്വേഷകർക്ക് അഭിമുഖ കഴിവുകൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടി രൂപകൽപ്പന ചെയ്തിരിക്കുന്ന പദ്ധതിയാണ് 'വർക്ക് റെഡിനസ് പ്രോഗ്രാം'. 15 മണിക്കൂർ പരിശീലന മൊഡ്യൂൾ ഓഫ് ലൈൻ, ഹൈബ്രിഡ് മോഡുകളിലൂടെ അസാപ് കേരള കണ്ടെത്തിയ വിവിധ പരിശീലന കേന്ദ്രങ്ങളിലൂടെ നൽകിവരുന്നു. നാളിതുവരെ 17746 ഉദ്യോഗാർത്ഥികൾ വർക്ക് റെഡിനസ് പ്രോഗ്രാമിൽ പരിശീലനം നേടിയിട്ടുണ്ട്.

9. തൊഴിലന്വേഷകർക്ക് അവരുടെ ഇംഗ്ലീഷ് ഭാഷയിലുള്ള പ്രാവീണ്യത്തിന്റെ നിലവാരം മനസ്സിലാക്കുന്നതിനുവേണ്ടി മൊബൈൽ ആപ്പ് അടിസ്ഥാനമാക്കിയുള്ള ഒരു ഇംഗ്ലീഷ് സ്കോർ അസസ്മെന്റ് ഫീച്ചറും ഡി.ഡബ്ല്യൂ.എം.എസ്.-ൽ നൽകിയിട്ടുണ്ട്. നാളിതുവരെ 14170 ഉദ്യോഗാർത്ഥികൾ ഈ സേവനം പ്രയോജനപ്പെടുത്തിയിട്ടുണ്ട്.

10. നൈപുണ്യദാതാക്കളുടെയും അവരുടെ കോഴ്സുകളുടെയും ഇന്റേൺഷിപ്പുകളുടെയും അപ്രന്റീസ്ഷിപ്പുകളുടെയും ഒരു പട്ടിക തയ്യാറാക്കുകയും തൊഴിലന്വേഷകർക്ക് ഇഷ്ടമുള്ളവ

അവർക്കനുയോജ്യമായ നൈപുണ്യ ദാതാക്കളിൽനിന്ന് തെരഞ്ഞെടുക്കാനുള്ള അവസരം നൽകുകയും ചെയ്യുന്നു.

11. മികച്ച ഉദ്യോഗാർത്ഥികളെ തിരയുന്ന തൊഴിലുടമകൾക്ക് അവരുടെ ആവശ്യകതയ്ക്കനുസരിച്ച് ഉദ്യോഗാർത്ഥികളെ കണ്ടെത്തി കൊടുക്കുന്നതിനും അതോടൊപ്പം തൊഴിലന്വേഷകർക്ക് അവരുടെ യോഗ്യതകളും വൈദഗ്ധ്യവും അനുസരിച്ച് അനുയോജ്യമായ തൊഴിൽ കണ്ടെത്തി നൽകുന്നതിനുമുള്ള ആർട്ടിഫിഷ്യൽ ഇന്റലിജന്റ്സ്-മെഷീൻ ലേണിംഗ് അടിസ്ഥാനമാക്കിയുള്ള സംവിധാനവും ഡി.ഡബ്ല്യു.എം.എസ്. പോർട്ടലിലെ മറ്റൊരു പ്രധാന സവിശേഷതയാണ്.

12. ഉദ്യോഗാർത്ഥികളുടെ തൊഴിൽക്ഷമത കൂട്ടുകയും അതിലൂടെ മികച്ച തൊഴിലവസരങ്ങൾ നേടിയെടുക്കാനുമായി 387-ൽപ്പരം നൈപുണ്യ കോഴ്സുകൾ ഡി.ഡബ്ല്യു.എം.എസ്. വഴി നൽകിവരുന്നുണ്ട്. നാളിതുവരെ 8005 ഉദ്യോഗാർത്ഥികൾ വിവിധ നൈപുണ്യ കോഴ്സുകളിൽ പരിശീലനം നേടിയിട്ടുണ്ട്.

13. ഡി.ഡബ്ല്യൂ.എം.എസ്. പ്ലാറ്റ്ഫോം എ.പി.ഐ. ഇന്റഗ്രേഷൻ വഴി വിവിധ പ്ലാറ്റ്ഫോമുകളുമായി ബന്ധിപ്പിക്കുന്ന പ്ലാറ്റ്ഫോമുകളുടെ ഒരു പ്ലാറ്റ്ഫോമായി പ്രവർത്തിക്കുന്നു. ഡി.ഡബ്ല്യൂ.എം.എസ്. അതുമായി ബന്ധിപ്പിച്ചിട്ടുള്ള സേവനദാതാക്കളെയും മറ്റ് പ്ലാറ്റ്ഫോമുകളുമായും അവരുടെ പ്രവർത്തന പുരോഗതി ക്രോഡീകരിക്കാനായി സൃഷ്ടിച്ചിട്ടുള്ള റിവേഴ്സ് എ.പി.ഐ. വികസിപ്പിച്ചെടുത്തതിനാൽ ഓരോ ഉദ്യോഗാർത്ഥിയും ഡി.ഡബ്ല്യൂ.എം.എസ്. വഴി ഉപയോഗിക്കുന്ന സേവനങ്ങളുടെ വിശദാംശങ്ങൾ അവരുടെ പ്രൊഫൈലിൽ പ്രതിഫലിക്കും. KKEM തൊഴിൽമേളകൾ കൂടുതൽ കാര്യക്ഷമമാക്കാൻ ഏറ്റെടുക്കുന്ന മൈക്രോ പ്ലാനുകൾ ഫലപ്രദമായി നടത്താനും വിശദമായ ഡാറ്റ വിശകലനങ്ങൾക്കും റിവേഴ്സ് എ.പി.ഐ. വഴി ലഭിക്കുന്ന വിവരങ്ങൾ സഹായിക്കുന്നു. ബ്രിട്ടീഷ് കൗൺസിൽ ഇംഗ്ലീഷ് സ്കോർ, ട്രാൻസ് ന്യൂറോൺ ഐ ട്രാക്ക്, ലൈഫോളജി, സാപ്പി ഹയർ തുടങ്ങിയ പ്ലാറ്റ്ഫോമുകളുമായാണ് റിവേഴ്സ് എ.പി.ഐ. ഇന്റഗ്രേഷൻ നിലവിൽ സാധ്യമായിട്ടുള്ളത്.

(സി) പരമ്പരാഗത മേഖലയിൽ ഡിജിറ്റൽ പരിവർത്തന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ഡിജിറ്റൽ സർവ്വകലാശാല ഡിജിറ്റൽ ഇന്നൊവേഷൻ ആൻഡ് പ്രോഡക്ട് ഡെവലപ്മെന്റ് സെന്റർ എന്ന മികവിന്റെ കേന്ദ്രം സ്ഥാപിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഡിജിറ്റൽ പരിവർത്തന പ്രവർത്തനങ്ങളുടെ രൂപീകരണത്തിനും ഗവേഷണത്തിനും പ്രവർത്തനങ്ങൾക്കുമായി ഡിജിറ്റൽ സർവ്വകലാശാല സെന്റർ ഫോർ ഡിജിറ്റൽ ഇന്നൊവേഷൻ ആൻഡ് പ്രോഡക്ട് ഡെവലപ്മെന്റ് (CDIPD) എന്ന മികവിന്റെ കേന്ദ്രം സ്ഥാപിച്ചിട്ടുണ്ട്. ഈ സെന്ററിന്റെ പ്രവർത്തനങ്ങൾ താഴെപ്പറയുന്നു.

1. ഡിജിറ്റൽ സാങ്കേതികവിദ്യാ അധിഷ്ഠിതമായ പരിവർത്തന പ്രവർത്തനങ്ങളുടെ രൂപീകരണം, ഗവേഷണവും വികസനവും, ഇന്നൊവേഷൻ, പ്രോഡക്ട് വികസനം എന്നിവയുടെ കൺസൾട്ടൻസി സേവനങ്ങൾ എന്നിവയാണ് ഈ സെന്ററിന്റെ പ്രധാന പ്രവർത്തനങ്ങൾ.

2. ഈ മേഖലയിൽ നിരവധി പദ്ധതികളുടെ പ്രവർത്തനങ്ങൾ ഈ സെന്ററിന് കീഴിൽ നടന്നുവരുന്നു.

3. കുറഞ്ഞ കാലയളവിനുള്ളിൽ നിരവധി ഇന്നവേഷനുകളും പ്രോഡക്ടുകളും ഈ സെന്ററിന് കീഴിൽ പൂർത്തീകരിച്ചിട്ടുണ്ട്.

4. പരമ്പരാഗത മേഖലകളിലെ ഡിജിറ്റൽ പരിവർത്തന പ്രവർത്തനങ്ങളുടെ ഭാഗമായി കൃഷി, മൃഗസംരക്ഷണം, വ്യവസായം, മണ്ണ് സംരക്ഷണം, തൊഴിൽ നൈപുണ്യ വികസനം എന്നീ മേഖലകളിൽ വിവിധ ഡിജിറ്റൽ ഇന്നൊവേഷൻ സൊല്യൂഷനുകളും പ്രോഡക്ടുകളും പദ്ധതികളും ഈ സെന്റർ വികസിപ്പിച്ച് നടപ്പാക്കി വരുന്നു. അതിൽ ചില സൊല്യൂഷനുകളും പദ്ധതികളും ദേശീയ അംഗീകാരങ്ങളും ശ്രദ്ധയും നേടിയിട്ടുണ്ട്.

(ഡി) കാർഷിക, മൃഗസംരക്ഷണ മേഖലകളിൽ ഡിജിറ്റൽ സാങ്കേതികവിദ്യ അധിഷ്ഠിതമായ എന്തെല്ലാം അതിനൂതന പദ്ധതികൾ ആരംഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഡിജിറ്റൽ സാങ്കേതികവിദ്യ അധിഷ്ഠിതമായി കൃഷി വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു.

**(a) കേരളാ കൃഷി ഹബ്/കേരള അഗ്രി-സ്റ്റാക്ക്**

ഐ.ടി. അധിഷ്ഠിത ഡിജിറ്റൽ സാങ്കേതികവിദ്യകളുടെയും വിവിധ ഡാറ്റാബേസുകളുടെയും സംയോജിത പ്ലാറ്റ്ഫോമാണ് അഗ്രി-സ്റ്റാക്ക്. കാർഷിക മേഖലയുമായി ബന്ധപ്പെട്ടുള്ള വിവിധ ഡാറ്റാബേസുകൾ അടിസ്ഥാനമാക്കിയും അവയെ വിശകലനം ചെയ്തും ഈ മേഖലയുടെ സമഗ്ര പുരോഗതിക്കും കർഷകരുടെ ഉന്നമനത്തിനുമായുള്ള പ്രവർത്തനങ്ങൾ നടപ്പാക്കുകയാണ് അഗ്രി-സ്റ്റാക്കിന്റെ പ്രധാന ഉദ്ദേശ്യം. കേന്ദ്രസർക്കാർ നിർദ്ദേശിച്ചിട്ടുള്ള അഗ്രി-സ്റ്റാക്ക് മാതൃകയിൽ, കേരളത്തിന്റെ കാർഷിക മേഖലയ്ക്കും കർഷകർക്കും അനുയോജ്യമായ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനുള്ള സമഗ്ര പദ്ധതിയാണ് കേരള കൃഷി ഹബ്/കേരള അഗ്രി-സ്റ്റാക്ക് (കേരള ഇന്റഗ്രേറ്റഡ് അഗ്രികൾച്ചറൽ ഡാറ്റാ ഹബ് ആൻഡ് ഫാർമർ സർവ്വീസസ് പ്ലാറ്റ് ഫോം). പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിനായി നബാർഡിന്റെ സ്വന്തം സബ്സിഡിയറിയായ

നാബ്കോൺസിനെ (നബാർഡ് കൺസൾട്ടൻസി സർവ്വീസസ് പ്രൈവറ്റ് ലിമിറ്റഡിനെ) ചുമതലപ്പെടുത്തിയിട്ടുണ്ട്. മൊത്തം പദ്ധതി തുകയായ 29.83 കോടി രൂപയുടെ അൻപത് ശതമാനം സംസ്ഥാന സർക്കാരും അൻപത് ശതമാനം നാബ്കോൺസും വഹിക്കുന്നതാണ്. നാബ്കോൺസുമായി ഇതുസംബന്ധിച്ച ധാരണാപത്രം കൃഷി വകുപ്പ് ഒപ്പുവച്ചിട്ടുണ്ട്. പദ്ധതിയുടെ മേൽനോട്ടവും ഏകോപനവും കാർഷികോത്പാദന കമ്മീഷണർ ചെയർമാനായുള്ള ഉന്നതാധികാര കമ്മിറ്റിയിൽ നിക്ഷിപ്തമാണ്.

**(b) ഡിജിറ്റൽ ക്രോപ് സർവ്വേ (ഡിജിറ്റൽ, വിള – വിവരശേഖരണം)**

കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ഡിജിറ്റൽ കാർഷിക മിഷൻ, വിവരസാങ്കേതികവിദ്യ ഉൾപ്പെടെയുള്ള സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തി കാർഷിക മേഖലയുടെ സമഗ്ര വികസനത്തിനും കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു. അഗ്രി-സ്റ്റാക്ക് പദ്ധതിയുടെ ഭാഗമായുള്ള ഡിജിറ്റൽ ക്രോപ്പ് സർവ്വേ പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പാക്കുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട സംസ്ഥാനങ്ങളിൽ കേരളം ഉൾപ്പെട്ടിട്ടുണ്ട്. ആലപ്പുഴ, പാലക്കാട്, വയനാട്

ജില്ലകളിലെ 299 വില്ലേജുകളിലാണ് ഡിജിറ്റൽ ക്രോപ്പ് സർവ്വേ പൈലറ്റ് അടിസ്ഥാനത്തിൽ നടത്തുന്നത്. കൃഷി, റവന്യൂ വകുപ്പുകൾ സംയുക്തമായാണ് പദ്ധതി നടപ്പാക്കുന്നത്. സംസ്ഥാനത്ത് ഡിജിറ്റൽ ക്രോപ്പ് സർവ്വേ പൈലറ്റ് അടിസ്ഥാനത്തിൽ നടത്തുന്നതുമായി ബന്ധപ്പെട്ട് ആലപ്പുഴ ജില്ലയിലെ മാന്നാർ വില്ലേജിൽ റഫറൻസ് ആപ്ലിക്കേഷൻ പരീക്ഷണാടിസ്ഥാനത്തിൽ പ്രവർത്തിപ്പിക്കുകയും കേന്ദ്ര സർക്കാർ പ്രതിനിധികളുമായി ഇതുസംബന്ധിച്ച ധാരണാപത്രം ഒപ്പുവയ്ക്കുകയും ചെയ്തിട്ടുണ്ട്.

**(c) അഗ്രിക്കൾച്ചർ ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം (എയിംസ് 2.0)**

വിവിധ കാർഷിക വികസന പദ്ധതികളുടെ ആനുകൂല്യങ്ങൾ അർഹരായ കർഷകർക്ക് വേഗത്തിൽ ലഭ്യമാക്കുക, പഞ്ചായത്തുതലം മുതൽ സംസ്ഥാനതലം വരെയുള്ള വകുപ്പിന്റെ പ്രവർത്തനങ്ങൾ സുതാര്യവും കാര്യക്ഷമവുമാക്കുക, തത്സമയ സ്ഥിതിവിവര കണക്കുകളുടെ അടിസ്ഥാനത്തിൽ വകുപ്പുതലത്തിലും സർക്കാർ തലത്തിലും നയപരമായ തീരുമാനങ്ങൾ കൈക്കൊള്ളാൻ സഹായിക്കുക എന്നീ ലക്ഷ്യങ്ങളോടെ

കൃഷി വകുപ്പ് നടപ്പാക്കുന്ന ഒരു സംയോജിത മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റമാണ് എയിംസ് 2.0.

കാർഷിക പദ്ധതികളുടെ നടത്തിപ്പിൽ നടപടിക്രമങ്ങൾ പരമാവധി ലഘൂകരിച്ചുകൊണ്ട്, എയിംസിൽ രജിസ്റ്റർ ചെയ്ത കർഷകർക്ക് വേഗത്തിൽ ആനുകൂല്യങ്ങൾ നൽകുന്നതിന് സഹായകരമായ ഈ സംവിധാനത്തിൽ ആധുനിക ഡിജിറ്റൽ സാങ്കേതികവിദ്യയുടെ സഹായത്തോടെ കാലാവസ്ഥ മുന്നറിയിപ്പ് ഉൾപ്പെടെയുള്ള സേവനങ്ങളും ലഭ്യമാണ്.

ഡിജിറ്റൽ സാങ്കേതികവിദ്യ അധിഷ്ഠിതമായി മൃഗസംരക്ഷണ വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു.

**1. ഇ-ഓഫീസ്** - 2016 നവംബർ മുതൽ മൃഗസംരക്ഷണ വകുപ്പിലെ ജില്ലാതല, പഞ്ചായത്തുതല ഓഫീസുകളുൾപ്പെടെ ഇ-ഓഫീസ് ഫയൽ മാനേജ്മെന്റ് സംവിധാനത്തിലാണ് ഫയലുകൾ കൈകാര്യം ചെയ്യുന്നത്. ഇ-ഓഫീസ് സംവിധാനം വഴി പൊതുജനങ്ങൾക്ക് അവരെ സംബന്ധിക്കുന്ന ഫയലുകളിലെ സ്ഥിതി ഓൺലൈൻ മുഖേന ട്രാക്ക് ചെയ്യാൻ സാധിക്കുന്നതാണ്.

**2. ഭൂമിക** - മൃഗസംരക്ഷണ വകുപ്പും കേരളാ സ്റ്റേറ്റ് ഐ.ടി. മിഷനുകീഴിലുള്ള ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി-കേരള (ഇപ്പോൾ ഡിജിറ്റൽ യൂണിവേഴ്സിറ്റി, കേരള)യും സംയുക്തമായി നടപ്പാക്കുന്ന പദ്ധതിയാണ് "ഭൂമിക". കേരളത്തിലെ മുഴുവൻ വീടുകളുടെയും ജ്യോഗ്രഫിക് ലൊക്കേഷൻ "ഭൂമിക" എന്ന മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ച് ശേഖരിക്കുകയും മൃഗങ്ങളെയും മൃഗങ്ങളിൽനിന്ന് മനുഷ്യരിലേയ്ക്കും വ്യാപിക്കുന്ന വിവിധ രോഗങ്ങളുടെ (Zoonotic Diseases) വിവരങ്ങൾ അപ്പപ്പോൾ ഒരു മാപ്പിൽ അടയാളപ്പെടുത്താനും അടിയന്തര നടപടികൾ ദ്രുതഗതിയിൽ സ്വീകരിക്കാനും ഉദ്ദേശിച്ചിട്ടുള്ള ഒരു സമഗ്ര പദ്ധതിയാണിത്. കൂടാതെ ഒരു പ്രദേശത്തെ മൃഗസംരക്ഷണ പ്രവർത്തനങ്ങളുടെ സാധ്യത പഠിച്ച് നൂതന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനും (Spatial Planning) ഇത് വളരെയധികം പ്രയോജനപ്പെടും. ഉദാഹരണം എരുമ, താറാവ്, പുൽ വളർത്തൽ എന്നീ പദ്ധതികൾ ജലലഭ്യത കൂടുതലുള്ള പ്രദേശങ്ങളിൽ മാത്രമായി ആസൂത്രണം ചെയ്ത് നിർവ്വഹിക്കാനാകും.

മൃഗസംരക്ഷണ വകപ്പിന്റെ സേവനപരിധിയിൽവരുന്ന കേരളത്തിലെ എല്ലാ വീടുകളും അക്ഷാംശത്തിന്റെയും രേഖാംശത്തിന്റെയും (Latitude and Longitude) അടിസ്ഥാനത്തിൽ ഭൂപടത്തിൽ അടയാളപ്പെടുത്തുന്നതിനായി വികസിപ്പിക്കപ്പെട്ട ആൻഡ്രോയിഡ് ആപ്ലിക്കേഷനാണ് "ഭൂമിക". വകുപ്പിലെ ഉദ്യോഗസ്ഥർ ചികിത്സ, വാക്സിനേഷൻ, ഇൻഷ്വറൻസ് തുടങ്ങി നിരവധി സേവനങ്ങൾ നൽകുന്നതിനായി കർഷകരുടെ ഭവനങ്ങൾ സന്ദർശിക്കുന്ന സമയത്താണ് ഈ പ്രവർത്തനംകൂടി നിർവ്വഹിച്ചുവരുന്നത്. ഇതുവരെ 546673 കർഷകരെ ഇങ്ങനെ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

**3. ഇ-സമൃദ്ധ** - സാങ്കേതികവിദ്യയിലൂടെ കർഷകനെയും ഉരുക്കളെയും കോർത്തിണക്കി ഡിജിറ്റൽ വിവരശേഖരണം നടത്തുന്നതാണ് ഇ-സമൃദ്ധ പദ്ധതി. ഇതിന്റെ ഭാഗമായി ഉരുക്കൾക്ക് റേഡിയോ ഫ്രീക്വൻസി ഐഡന്റിഫിക്കേഷൻ ഡിവൈസ് (ആർ.എഫ്.ഐ.ഡി.) ഘടിപ്പിക്കൽ, സംസ്ഥാനത്തെ മുഴുവൻ മൃഗാശുപത്രികളെയും ബന്ധിപ്പിച്ചുകൊണ്ടുള്ള ഡിജിറ്റൽ ഹെൽത്ത് മാനേജ്മെന്റ് സംവിധാനം, കർഷകർക്ക്

മൃഗാശുപത്രികളുടെ സേവനങ്ങൾ ഓൺലൈനായി ലഭിക്കുന്നതിനുള്ള ഒരു മൊബൈൽ അപ്ലിക്കേഷൻ എന്നിവയുണ്ടാകും.

**4. റേഡിയോ ഫ്രീക്വൻസി ഐഡന്റിഫിക്കേഷൻ ഡിവൈസ് (RFID) –** സംസ്ഥാന മൃഗസംരക്ഷണ വകുപ്പ് വഴി പശുക്കൾക്ക് റേഡിയോ ഫ്രീക്വൻസി ഐഡന്റിഫിക്കേഷൻ ഡിവൈസ് (RFID) ഘടിപ്പിച്ച് സാങ്കേതികവിദ്യയിലൂടെ കർഷകനെയും ഉരുക്കളെയും കോർത്തിണക്കി ഡിജിറ്റൽ വിവരശേഖരണം നടത്തുന്നതാണ് പദ്ധതി. ഇപ്രകാരം ടാഗ് ചെയ്ത മൃഗങ്ങളുടെ ഉൽപ്പാദനശേഷിയും ആരോഗ്യവും ഉടമസ്ഥരുടെ വിവരങ്ങളും ഉൾപ്പെട്ട സമഗ്രമായ ഒരു ഡാറ്റാ ബേസ് ഇ-സമൃദ്ധ പദ്ധതിയിലൂടെ ലഭ്യമാക്കുന്നതാണ്. ആദ്യഘട്ടമായി പത്തനംതിട്ട ജില്ലയിലെ മുഴുവൻ പശുക്കൾക്കും എരുമകൾക്കും RFID ഘടിപ്പിക്കുന്ന നടപടി പൂർത്തിയായി വരുന്നു. അടുത്തഘട്ടമായി സംസ്ഥാനത്തെ മുഴുവൻ കന്നുകാലികൾക്കും ഓമന മൃഗങ്ങൾക്കും ഇത്തരം RFID ചിപ്പ് ഘടിപ്പിക്കുന്നതിനാണ് വകുപ്പ് ഉദ്ദേശിക്കുന്നത്.

**5. ഡിജിറ്റൽ ഹെൽത്ത് മാനേജ്മെന്റ് സംവിധാനം** - ഇ-സമൃദ്ധ പദ്ധതിയുടെതന്നെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ മൃഗാശുപത്രികളെയും ബന്ധിപ്പിച്ചുകൊണ്ടുള്ള ഡിജിറ്റൽ ഹെൽത്ത് മാനേജ്മെന്റ് സംവിധാനം പ്രാബല്യത്തിൽ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**6. കർഷകർക്ക് മൊബൈൽ ആപ്ലിക്കേഷൻ** - കർഷകർക്ക് മൃഗാശുപത്രികളുടെ സേവനങ്ങൾ ഓൺലൈനായി ലഭിക്കുന്നതിനുള്ള ഒരു മൊബൈൽ ആപ്ലിക്കേഷനും തയ്യാറായി കഴിഞ്ഞു. ഇതിലൂടെ കർഷകർക്ക് ഓൺലൈൻ ഒ.പി. സംവിധാനം, ലാബ് റിപ്പോർട്ടുകൾ ലഭ്യമാക്കൽപോലുള്ള സൗകര്യങ്ങൾ ലഭിക്കും. ഇതും ഇ-സമൃദ്ധ പദ്ധതിയുടെ ഭാഗമാണ്.

**7. കേരള ഫീഡ്സ് ലിമിറ്റഡ്** - കേരള ഫീഡ്സിൽ വിവിധ വിഭാഗങ്ങളെയും യൂണിറ്റുകളെയും ഏകോപിപ്പിച്ചുകൊണ്ട് എല്ലാ വകുപ്പുകളിലെയും പ്രതിദിന ട്രാൻസാക്ഷൻസ് കാര്യക്ഷമമായി നടപ്പാക്കുന്നതിന് മൈക്രോസോഫ്റ്റ് ഡൈനാമിക്സ് നാവിഗേഷൻ എന്ന സോഫ്റ്റ്‌വെയർ നടപ്പാക്കി.

കേരള ഫീഡ്സിലെ നടപടിക്രമങ്ങളായ തപാൽ രൂപീകരണം, ഫയൽ രൂപീകരണം, ഫയൽ തുടർനടപടികൾ, ഉത്തരവുകൾ പുറപ്പെടുവിക്കൽ

തുടങ്ങിയവ സമയബന്ധിതമായും കാര്യക്ഷമമായും കൈകാര്യം ചെയ്യുന്നതിനുവേണ്ടിയുള്ള അപ്ലിക്കേഷനായ ഇ-ഓഫീസ് (File Flow Management System) സംവിധാനം കെൽട്രോണിന്റെ സഹായത്തോടുകൂടി നടപ്പാക്കിയിട്ടുണ്ട്.

എസ്.എം.എസ്. സംവിധാനം - കേരള ഫീഡ്സ് കസ്റ്റമേഴ്സിന് അവരുടെ അടച്ച തുകയുടെയും കാലിത്തീറ്റ വിതരണത്തിന്റെയും വിവരങ്ങൾ എസ്.എം.എസ്. മുഖേന ലഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

**8. കെ.എൽ.ഡി.ബി.** - മൃഗസംരക്ഷണ മേഖലയിൽ കെ.എൽ.ഡി. ബോർഡിനുവേണ്ടി ഡിജിറ്റൽ സർവ്വകലാശാല "ADAPT (Application of Data Analysis in Progeny Testing Programme) എന്ന സോഫ്റ്റ്‌വെയർ വികസിപ്പിക്കുകയുണ്ടായി. രണ്ട് ഭാഗങ്ങളായി തിരിച്ചിരിക്കുന്ന ഈ സോഫ്റ്റ്‌വെയർ വിവരശേഖരണം നടത്തുന്നത് ഒരു മൊബൈൽ ആപ്ലിക്കേഷൻ വഴിയും വിവരവിശകലനം നടത്തുന്നത് ഒരു കംപ്യൂട്ടർ ആപ്ലിക്കേഷൻ വഴിയുമാണ്. ഒരു പശുവിന്റെ ജനനം മുതൽ അതിന്റെ ടാഗിംഗ്, വളർച്ച, പാൽ അളക്കൽ തുടങ്ങി എല്ലാ വിവരങ്ങളും ഒരു

മൊബൈൽ ഫോണിലൂടെ വളരെ എളുപ്പത്തിൽ ശേഖരിക്കാൻ സാധിക്കുന്ന രീതിയിലാണ് ADAPT-ന്റെ ഡിസൈൻ. ഡിജിറ്റൽ ത്തുലാസ് സോഫ്റ്റ്‌വെയറുമായി ബന്ധിപ്പിച്ച് പശുക്കളുടെ പാൽ അളക്കുന്ന രീതിയാണ് ADAPT-ൽ ഉപയോഗിക്കുന്നത്. പാൽ അളക്കുന്ന പ്രവൃത്തി മുതൽ രേഖകൾ വിശകലനം ചെയ്യുന്നത് വരെയുള്ള എല്ലാ മേഖലകളിലും ADAPT സോഫ്റ്റ്‌വെയർ നിലവിലുള്ള രീതിയെക്കാൾ മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവയ്ക്കുന്നു.

**കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് സർവ്വകലാശാല- KVASU**

കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് സർവ്വകലാശാല, ഡിജിറ്റൽ സാങ്കേതികവിദ്യ ഉപയോഗിച്ച് മൃഗസംരക്ഷണ മേഖലകളിൽ ആരംഭിച്ച് നടപ്പാക്കിക്കൊണ്ടിരിക്കുന്ന നൂതന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. സർവ്വകലാശാലയുടെ വെബ്സൈറ്റ് മുഖേന പൊതുജനങ്ങൾക്കും സംരംഭകർക്കും കർഷകർക്കും വിദ്യാർത്ഥികൾക്കും ആവശ്യമായ

പൊതുവിവരങ്ങൾ നൽകാനും സംശയനിവാരണങ്ങൾ നടത്താനും സാധ്യമാണ്.

2. മൃഗസംരക്ഷണ മേഖലയുമായി ബന്ധപ്പെട്ട അറിവുകൾ നൽകുന്നതിനായി വിവിധ മൊബൈൽ ആപ്പുകൾ പ്രചാരത്തിലാക്കിയിട്ടുണ്ട്.

3. ഡിജിറ്റൽ സാങ്കേതികവിദ്യാ അധിഷ്ഠിതമായ വിദൂര വിദ്യാഭ്യാസ കോഴ്സുകൾ സർവ്വകലാശാല നടത്തിവരുന്നു.

4. സർവ്വകലാശാലയുടെ കണ്ടുപിടിത്തങ്ങൾ വിജ്ഞാനവ്യാപനം നടത്തുന്നതിനും പൊതുജനങ്ങളിലേയ്ക്കും യുവജനങ്ങളിലേയ്ക്കും ആശയവിനിമയം നടത്തുന്നതിനും സമൂഹമാധ്യമങ്ങളായ ഫേസ്ബുക്ക്, ഇൻസ്റ്റാഗ്രാം, ട്വിറ്റർ, ത്രഡ്, ലിങ്ക്ഡ് ഇൻ, യൂട്യൂബ് എന്നിവയും സജ്ജമാണ്.

**സംസ്ഥാന സർക്കാരിനെതിരായുള്ള കേന്ദ്രനയം**

30 (*30) ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കെ. പി. മോഹനൻ:

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) രാജ്യത്തിന്റെ ഫെഡറൽ സംവിധാനത്തെ തകർക്കുന്ന രീതിയിലും സംസ്ഥാന സർക്കാരിന്റെ പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്ന തരത്തിലുമുള്ള നടപടികൾ കേന്ദ്ര സർക്കാർ സ്വീകരിക്കുന്നുണ്ടോ; എങ്കിൽ ഇത് തടയാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ;

(ബി) കേന്ദ്ര സർക്കാർ നടപ്പാക്കിയ നയങ്ങൾമൂലം സംസ്ഥാനം ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നുണ്ടോ; എങ്കിൽ അവ പരിഹരിക്കാൻ മറ്റ് സംസ്ഥാനങ്ങളുമായി സഹകരിച്ച് നിയമപരമായ നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) ഉണ്ട്. നമ്മുടെ ഭരണഘടനയുടെ അടിസ്ഥാനഘടനയുടെ അവിഭാജ്യഘടകമായ ഫെഡറലിസത്തിന്റെ അന്തഃസത്തയെ ചോർത്തുന്ന ചില നടപടികൾ കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകുന്നുണ്ട്. അതിന്റെ ഉദാഹരണങ്ങളാണ് സമാവർത്തി ലിസ്റ്റിൽപ്പെട്ട വൈദ്യുതി

മേഖലയുടെ നിയന്ത്രണത്തെ സംബന്ധിച്ച് കേന്ദ്ര സർക്കാർ കൊണ്ടുവന്ന ബിൽ. അതിനുപുറമെ, സംസ്ഥാന ലിസ്റ്റിലെ വിഷയങ്ങളായ മൈനർ തുറമുഖങ്ങൾ, മൈനർ ഡാമുകൾ, സഹകരണസംഘങ്ങളെ ബാധിക്കുന്ന ബാങ്കിംഗ് റെഗുലേഷൻ ആക്ടിലെ ഭേദഗതി എന്നിവയുടെ കാര്യത്തിലും കേന്ദ്രസർക്കാർ നടത്തുന്ന നിയമനിർമ്മാണങ്ങൾ. ഭരണഘടനയുടെ ഏഴാം പട്ടികയിൽ കൃത്യമായി സംസ്ഥാന വിഷയങ്ങളിൽപ്പെടുന്ന ഇനങ്ങളിലാണ് കേന്ദ്രം നിയമനിർമ്മാണം നടത്തുന്നത്.

കേന്ദ്ര-സംസ്ഥാന ധനകാര്യ ബന്ധങ്ങളിൽ ധനകാര്യ ഫെഡറലിസത്തിന് വിരുദ്ധമായ സമീപനങ്ങൾ കേന്ദ്ര സർക്കാർ സ്വീകരിക്കുന്നുണ്ട്. സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കേണ്ട നികുതി വിഭജന പൂളിൽ ഉൾപ്പെടാത്ത സർചാർജ്ജുകളിലും സെസ്സുകളിലും അടിക്കടി വരുത്തുന്ന വലിയ വർദ്ധനവ് അതിന്റെ ഏറ്റവും നല്ല ദൃഷ്ടാന്തമാണ്. ഇപ്പോൾ കേന്ദ്രത്തിന്റെ ആകെ നികുതി വരുമാനത്തിന്റെ 19-20 ശതമാനത്തോളം സർചാർജ്ജുകളും സെസ്സുകളും വരും. ഇത് സംസ്ഥാനങ്ങളുടെ പൊതു ധനകാര്യസ്ഥിതിയെ തീർത്തും പ്രതികൂലമായി ബാധിക്കുന്ന നടപടിയാണ്.

മറ്റൊരു ഫെഡറൽ വിരുദ്ധ പ്രവണത സംസ്ഥാനങ്ങളുടെ കമ്പോളവായ്പാ പരിധിയെ ഏകപക്ഷീയമായി വെട്ടിച്ചുരുക്കാൻ കേന്ദ്ര ധനമന്ത്രാലയം സ്വീകരിക്കുന്ന നടപടികളാണ്. ധനകാര്യ കമ്മീഷനുകളുടെ ശിപാർശകൾ ബഹുമാനപ്പെട്ട രാഷ്ട്രപതി അംഗീകരിച്ച് പാർലമെന്റിന്റെ ഇരു സഭകളിലും വച്ചതിനുശേഷം, ആ റിപ്പോർട്ടുകളിൽ സംസ്ഥാനങ്ങൾക്ക് അനുവദനീയമെന്ന് കേന്ദ്രം കൂടി അംഗീകരിച്ച വായ്പാ പരിധി ശിപാർശകൾക്ക് വിരുദ്ധമായി കേന്ദ്ര ധനമന്ത്രാലയം എക്സിക്യൂട്ടീവ് ഉത്തരവുകളിലൂടെ കമ്പോള വായ്പാ പരിധി കുറയ്ക്കുകയാണ്. 2022 മാർച്ച് 31-ന് കേന്ദ്ര ധനമന്ത്രാലയം പുറപ്പെടുവിച്ച കത്തിൽ നിയമപ്രകാരം പ്രത്യേക നിലനിൽപ്പുള്ള പൊതുമേഖലാ സ്ഥാപനങ്ങളും സ്പെഷ്യൽ പർപ്പസ് വെഹിക്കിളുകളും എടുക്കുന്ന വായ്പകൾ സംസ്ഥാനത്തിന്റെ വായ്പയിൽ ഉൾപ്പെടുത്തുമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇത് ഭരണഘടനാ തത്വങ്ങൾക്ക് അനുസൃതമല്ല.

കോവിഡാനന്തര കാലത്ത് നമ്മൾ നേരിടുന്ന സാമ്പത്തിക പ്രശ്നങ്ങൾ കേന്ദ്ര ധനമന്ത്രാലയത്തിന് മുന്നിലും ജി.എസ്.ടി. കൗൺസിലിന് മുമ്പിലും

ശക്തിയായി അവതരിപ്പിച്ചപ്പോഴും അനുകൂലമായ സമീപനം ജി.എസ്.ടി. നഷ്ടപരിഹാരത്തിന്റെയും ഗ്രാന്റുകളുടെയും കാര്യത്തിൽ കേന്ദ്രസർക്കാരിൽ നിന്നുമുണ്ടായിട്ടില്ല. ഈ അനുഭവങ്ങളുടെ വെളിച്ചത്തിൽ കാണാൻ കഴിയുന്നത് കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളുടെ സാമ്പത്തിക ഞെരുക്കത്തിന് കാരണമാകുന്ന രീതിയിൽ ഫെഡറൽ തത്വങ്ങൾക്ക് നിരക്കാത്ത സമീപനമാണ് കേന്ദ്ര സർക്കാർ കൈക്കൊള്ളുന്നത് എന്നാണ്.

കേന്ദ്ര സർക്കാരിന്റെ മേൽപ്പറഞ്ഞ സമീപനങ്ങൾ ഫെഡറൽ തത്വങ്ങൾക്ക് അനുസൃതമല്ലെന്ന് ചൂണ്ടിക്കാട്ടി ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്കും ബഹുമാനപ്പെട്ട കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിക്കും കേരളം വിശദമായ മെമ്മോറാണ്ടം സമർപ്പിച്ചിട്ടുണ്ട്. ജി.എസ്.ടി. കൗൺസിലിൽ മറ്റ് സംസ്ഥാനങ്ങളോടൊപ്പം ചേർന്ന് നഷ്ടപരിഹാര കാലാവധി ദീർഘിപ്പിക്കുന്ന കാര്യത്തിൽ കേരളം നേതൃപരമായ പങ്കാണ് വഹിച്ചത്.

സംസ്ഥാന വിഷയങ്ങളിൽ കടന്നുകയറി കേന്ദ്രം നടത്തുന്ന നിയമനിർമ്മാണങ്ങൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കാനുള്ള മുന്നൊരുക്കങ്ങളും കേരളം നടത്തിയിട്ടുണ്ട്. ബാങ്കിംഗ് റെഗുലേഷൻ ആക്ടിൽ

വരുത്തിയ, സഹകരണ സംഘങ്ങളെ പ്രതികൂലമായി ബാധിക്കുന്ന നിയമ ഭേദഗതിക്കെതിരെ കേരളം ഇതിനകം ബഹുമാനപ്പെട്ട സുപ്രീംകോടതിയെ സമീപിച്ചുകഴിഞ്ഞു. മറ്റ് നിയമനിർമ്മാണങ്ങളുടെ കാര്യത്തിലും വായ്പാപരിധിയുടെ കാര്യത്തിലും കേരളം സാധ്യമായ നിയമനടപടികളെക്കുറിച്ച് നിയമോപദേശം തേടിയിട്ടുണ്ട്.

സാമൂഹിക-മാനവവിഭവശേഷി മേഖലകളിൽ വലിയ നേട്ടങ്ങൾ കൈവരിച്ച നമ്മുടെ സംസ്ഥാനത്തിന് കേന്ദ്രത്തിൽനിന്നും ധനകാര്യ കമ്മീഷനുകളുടെ ശിപാർശ പ്രകാരം ലഭിക്കുന്ന നികുതി വിഹിതം ക്രമാനുഗതമായി കുറഞ്ഞുവരുന്നതായാണ് കാണപ്പെടുന്നത്. ഇത്തരം കാര്യങ്ങളിൽ മറ്റ് സംസ്ഥാനങ്ങളുമായി കൂടിയാലോചിച്ചുകൊണ്ട് വരാൻ പോകുന്ന പതിനാറാം ധനകാര്യ കമ്മീഷന് മുമ്പാകെ എടുക്കേണ്ട പൊതു സമീപനത്തെക്കുറിച്ചും സംസ്ഥാന സർക്കാർ ആലോചിച്ചുവരികയാണ്.

### (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### സർക്കാർ ജീവനക്കാരുടെ ഓൺലൈൻ സ്ഥലംമാറ്റം

1 (1) <u>ശ്രീ. വി. ആർ. സുനിൽ കുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതൊക്കെ വകുപ്പുകളിലാണ് സർക്കാർ ജീവനക്കാർക്ക് ഓൺലൈൻ സ്ഥലംമാറ്റം നടപ്പാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ?

ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ്, ലാൻഡ് റവന്യൂ, പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്, വൊക്കേഷണൽ ഹയർ സെക്കൻഡറി ഡയറക്ടറേറ്റ്, ഹയർ സെക്കൻഡറി ഡയറക്ടറേറ്റ്, രജിസ്ട്രേഷൻ, കാർഷിക വികസന കർഷകക്ഷേമം, മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണം, ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്, ഫയർ & റെസ്ക്യൂ സർവ്വീസസ്, ഫാക്ടറീസ് & ബോയിലേഴ്സ്, മോട്ടോർ വാഹനം, സാങ്കേതിക വിദ്യാഭ്യാസം, എൻ.സി.സി. ഡയറക്ടറുടെ കാര്യാലയം, ഭൂവിനിയോഗ ബോർഡ്, സാമ്പത്തിക സ്ഥിതിവിവരക്കണക്ക്, ഭാരതീയ ചികിത്സാ, ഹോമിയോപ്പതി, ഹോമിയോ മെഡിക്കൽ വിദ്യാഭ്യാസം, നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ്, ഇൻഷ്വറൻസ്, ഭൂജല വകുപ്പ്, ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ കാര്യാലയം, ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് (അദ്ധ്യാപകരുടേത് ഒഴികെ), സ്റ്റേഷനറി

കൺട്രോളറുടെ കാര്യാലയം, (പാക്കർ തസ്തിക ഒഴികെ) അച്ചടി വകുപ്പ്, ഡ്രഗ്സ് കൺട്രോളറുടെ കാര്യാലയം, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ കാര്യാലയം, വ്യവസായ പരിശീലന വകുപ്പ്, ലേബർ കമ്മീഷണറുടെ കാര്യാലയം, പൊതുമരാമത്ത് വകുപ്പ്, വ്യവസായ വാണിജ്യ ഡയറക്ടറുടെ കാര്യാലയം, വാട്ടർ അതോറിറ്റി എന്നീ വകുപ്പ്/സ്ഥാപനങ്ങളിലാണ് ഇതിനകം ഓൺലൈൻ സ്ഥലംമാറ്റം നടപ്പാക്കിയിട്ടുള്ളത്.

(ബി) എല്ലാ വകുപ്പുകളിലും ഓൺലൈൻ സ്ഥലംമാറ്റം നടപ്പാക്കാത്തതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ?

എൻ.ഐ.സി. മുഖേന സോഫ്റ്റ്‌വെയർ തയ്യാറാക്കുന്നതിനും സ്പാർക്കിൽ ജീവനക്കാരുടെ വിവരങ്ങൾ പൂർണ്ണമായും അപ്ഡേറ്റ് ചെയ്യുന്നതിനുമുള്ള കാലതാമസം കാരണമാണ് ഓൺലൈൻ സ്ഥലംമാറ്റം എല്ലാ വകുപ്പിലും നടപ്പാക്കാൻ കഴിയാത്തത്. ഇതിനുള്ള നടപടികൾ സത്വരമായി സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

**സംസ്ഥാനത്തിന്റെ വികസന പദ്ധതികൾ**

2(2) <u>ശ്രീ. പി. മമ്മിക്കുട്ടി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വികസന പദ്ധതികളുടെ നേട്ടങ്ങൾ എല്ലാ വിഭാഗം ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനും അർഹരായ എല്ലാവർക്കും ക്ഷേമപദ്ധതികളുടെ ഗുണഫലങ്ങൾ ലഭ്യമാക്കി നവകേരളത്തിലേയ്ക്ക് ചുവടുവയ്ക്കുന്നതിനുമായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ?

മനുഷ്യവിഭവശേഷിയോടൊപ്പം അറിവിന്റെ അനന്തമായ സാധ്യതകളും ഉപയോഗപ്പെടുത്തി അടിസ്ഥാനസൗകര്യ വികസനം, ഉൽപ്പാദനം എന്നിവയിൽ ഊന്നൽ നൽകി കേരളത്തിലെ ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് ഈ സർക്കാർ പ്രവർത്തിച്ചുവരുന്നത്. കേരളത്തിന്റെ സമഗ്രവും സുസ്ഥിരവുമായ വികസനം ലക്ഷ്യമാക്കി ഒട്ടനവധി പദ്ധതികൾ ഫലപ്രദമായി നടപ്പാക്കിവരുന്നു.

ഇവയിൽ പ്രധാനപ്പെട്ട പദ്ധതികളുടെ സംക്ഷിപ്ത വിവരണം താഴെ കൊടുക്കുന്നു.

**സിറ്റി ഗ്യാസ് ഡിസ്ട്രിബ്യൂഷൻ –** ഗാർഹിക, ഗതാഗത, വാണിജ്യ, വ്യാവസായിക ഉപഭോക്താക്കൾക്ക് സുരക്ഷിതവും അപകടരഹിതവുമായ രീതിയിൽ പ്രകൃതി വാതക ലഭ്യത ഉറപ്പുവരുത്താൻ സംസ്ഥാനത്ത് നടപ്പാക്കിവരുന്ന പദ്ധതിയാണിത്.

**വെസ്റ്റ് കോസ്റ്റ് കനാൽ ഡെവലപ്മെന്റ്** – കോവളം മുതൽ ബേക്കൽ വരെയുള്ള 590 കി.മീ. വരുന്ന ജലപാത വികസിപ്പിക്കുന്നതിലൂടെ ജലഗതാഗതം, ടൂറിസം, മത്സ്യബന്ധനം തുടങ്ങിയ മേഖലകളിലെ സാമ്പത്തിക കുതിച്ചുചാട്ടത്തിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി വെസ്റ്റ് കോസ്റ്റ് കനാൽ ഡെവലപ്മെന്റ് പ്രോജക്ട് നടപ്പാക്കിവരുന്നു. ഇതിനായി മലബാറിൽ 53 കി.മീ. ദൂരം പുതിയ കൃത്രിമ കനാൽ നിർമ്മിച്ച് നിലവിലുള്ള കനാലുകളുമായി ബന്ധിപ്പിക്കുന്നു.

**വേസ്റ്റ് ടു എനർജി പ്ലാന്റ് –** ഗാർഹിക-ഖര മാലിന്യങ്ങൾ ശേഖരിച്ച് വേർതിരിച്ച് പൂർണ്ണമായും പരിസ്ഥിതി സൗഹൃദമായ പ്ലാന്റിലൂടെ വൈദ്യുതി

ഉൽപ്പാദിപ്പിച്ച് സംസ്ഥാന വൈദ്യുതി ബോർഡിന് നൽകുന്ന വേസ്റ്റ് ടു എനർജി പ്ലാന്റ് പദ്ധതി നടപ്പാക്കുന്നതിലൂടെ മാലിന്യ സംസ്കരണത്തോടൊപ്പം പരിസ്ഥിതി സൗഹൃദ ഊർജ്ജോൽപ്പാദനവും സാധ്യമാകുന്നു.

**കെ-ഫോൺ** - സംസ്ഥാനത്തെ പൗരൻമാർക്കും സർക്കാർ സ്ഥാപനങ്ങൾക്കും അതിവേഗ ഇന്റർനെറ്റ് സംവിധാനം ലഭ്യമാക്കാനും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് സൗജന്യ ഇന്റർനെറ്റ് സേവനം നൽകാനും ലക്ഷ്യമിട്ടുള്ള പദ്ധതിയാണിത്. ഇതിലൂടെ ഏറ്റവും ഉയർന്ന അതിവേഗ ഫൈബർ ഡാറ്റാ കണക്ടിവിറ്റിയുള്ള സംസ്ഥാനമായി കേരളം മാറും.

**ഇൻഡസ്ട്രിയൽ കോറിഡോർ** - സംസ്ഥാനത്തെ ഉൽപ്പാദന മേഖലയുടെ വികസനത്തിനും കൊച്ചി-പാലക്കാട് മേഖലയെ തെക്കേ ഇൻഡ്യയിലെ സുപ്രധാന നിർമ്മാണ ഹബ്ബായി മാറ്റുന്നതിനുവേണ്ടിയും വിഭാവനം ചെയ്ത പദ്ധതിയാണ് കൊച്ചി-ബംഗലൂരു ഇൻഡസ്ട്രിയൽ കോറിഡോർ. ഇന്ത്യയിലെ

5 പ്രധാന വ്യാവസായിക ഇടനാഴികളിൽ ഉൾപ്പെടുന്ന ചെന്നൈ-ബംഗലൂരു വ്യവസായിക ഇടനാഴിയുടെ വിപുലീകരണമാണ് ഈ പദ്ധതി.

**കൊച്ചി ജല മെട്രോ പദ്ധതി** - കൊച്ചിയിലെ പതിനാറ് റൂട്ടുകളിലെ 76 കി.മീ. ജലപാതയുടെ വികസനമാണ് പദ്ധതി ലക്ഷ്യമിടുന്നത്. കൊച്ചി മെട്രോ റെയിൽ കോർപ്പറേഷനാണ് ഇത് നടപ്പാക്കുന്നത്.

**ഹിൽ ഹൈവേ** - മലയോര മേഖലകളിലെ പശ്ചാത്തല സൗകര്യ വികസനം ലക്ഷ്യമാക്കി കാസർഗോഡ് ജില്ലയിലെ നന്ദാരപടവ് തുടങ്ങി തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല വരെ 13 ജില്ലകളിലെ മലയോര മേഖലകളെ ബന്ധിപ്പിച്ചുകൊണ്ട് 1251 കി.മീ. ദൂരത്തിൽ മലയോരപ്പാത നിർമ്മിക്കുന്ന പദ്ധതിയാണ് ഹിൽ ഹൈവേ.

**കോസ്റ്റൽ ഹൈവേ** - സംസ്ഥാനത്തെ തീരദേശ മേഖലകളിലെ ഗതാഗത സൗകര്യം വികസിപ്പിക്കുന്നതിലേയ്ക്കായി തിരുവനന്തപുരം ജില്ലയിലെ കൊല്ലംകോട് എന്ന സ്ഥലത്ത് തുടങ്ങി കാസർഗോഡ് ജില്ലയിലെ കുഞ്ചത്തൂർ അവസാനിക്കുന്ന, 9 ജില്ലകളിലൂടെ കടന്നുപോകുന്ന

655 കി.മീ. ദൈർഘ്യം വരുന്ന തീരദേശ പാത നിർമ്മിക്കുന്ന പദ്ധതിയാണിത്.

**ശബരിമല വിമാനത്താവളം** - സംസ്ഥാനത്തെ പ്രധാന തീർത്ഥാടന കേന്ദ്രമായ ശബരിമലയിൽ തീർത്ഥാടകരുടെ സൗകര്യം വർദ്ധിപ്പിക്കുന്നതിനായി കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ മാതൃകയിൽ ചെറുവള്ളി എസ്റ്റേറ്റിലും എസ്റ്റേറ്റിന് പുറത്ത് അധിക ഭൂമിയും ഉപയുക്തമാക്കി അന്താരാഷ്ട്ര വിമാനത്താവളം നിർമ്മിക്കുന്ന പദ്ധതിയാണിത്.

**തിരുവനന്തപുരം ഔട്ടർ റിംഗ് റോഡ്** - എൻ.എച്ച്.-66 പാരിപ്പള്ളിക്ക് സമീപം നാവായിക്കുളത്തുനിന്നും ആരംഭിച്ച് വിഴിഞ്ഞം ബൈപ്പാസിൽ അവസാനിക്കുന്നതാണ് തിരുവനന്തപുരം ഔട്ടർ റിംഗ് റോഡ്. ഏകദേശം 78.88 കി.മീ. നീളമുള്ള ഈ റോഡ് ഇപ്പോൾ നാലുവരിപ്പാതയായി ആവശ്യം വന്നാൽ ഭാവിയിൽ 6 വരിപ്പാതയായും വികസിപ്പിക്കാവുന്ന തരത്തിലാണ് രൂപകൽപ്പന ചെയ്തിരിക്കുന്നത്. ഇതിന് എൻ.എച്ച്.എ.ഐ.-യുടെ അംഗീകാരം കിട്ടിയിട്ടുണ്ട്.

**സിറ്റി റോഡ് ഇംപ്രൂവ്മെന്റ്** - സംസ്ഥാനത്തെ നഗരപ്രദേശങ്ങളിലെ റോഡ് ഗതാഗതം സുഗമമാക്കുന്നതിലേയ്ക്കായി കണ്ണൂർ, ആലപ്പുഴ, കൊല്ലം ജില്ലകളിൽ പ്രാഥമിക ഘട്ടത്തിൽ നടപ്പാക്കിവരുന്ന ബൃഹത് പദ്ധതിയാണ് സിറ്റി റോഡ് ഇംപ്രൂവ്മെന്റ്.

**ഐ.ടി. കോറിഡോർ** - തിരുവനന്തപുരം ടെക്നോപാർക്കിൽ ഫേസ് 3 മുതൽ കൊല്ലം വരെയും ചേർത്തല മുതൽ എറണാകുളം വരെയും എറണാകുളം മുതൽ കൊരട്ടി വരെയും കോഴിക്കോട് മുതൽ കണ്ണൂർ വരെയും എൻ.എച്ച് 66-ന് സമാന്തരമായാണ് ഐ.ടി. ഇടനാഴികൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്. പദ്ധതിക്ക് ഭൂമി ഏറ്റെടുക്കുന്നതിനുള്ള റിക്വസിഷനിംഗ് അതോറിറ്റിയായി KSITIL-നെ സർക്കാർ നിയോഗിച്ചിട്ടുണ്ട്. പദ്ധതി നടപ്പാക്കുന്ന 5 പാഴ്സലുകൾക്ക് ഭൂമി ഏറ്റെടുക്കുന്ന നടപടി പൂർത്തീകരിച്ചുവരുന്നു.

**ശബരി റെയിൽ** - അങ്കമാലി മുതൽ എരുമേലി വരെ 111 കി.മീ. ദൈർഘ്യമുള്ള ശബരി റെയിൽപ്പാത തീർത്ഥാടകരുടെ യാത്രാസൗകര്യം

വർദ്ധിപ്പിക്കുന്നതോടൊപ്പം മധ്യകേരളത്തിലെയും മലയോര പ്രദേശങ്ങളിലെയും സമഗ്ര വികസനത്തിന് സഹായകരവുമാണ്.

**വൈദ്യുതി** - 10,000 കോടി രൂപയുടെ ട്രാൻസ്ഗ്രിഡ് 2.0 പദ്ധതി അടുത്ത രണ്ട് ദശകത്തേയ്ക്ക് സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ നിർവ്വഹിക്കാൻ കഴിയുംവിധം പരിവർത്തനം ചെയ്യും. ട്രാൻസ്ഗ്രിഡ് പദ്ധതി നടപ്പാക്കുന്നതിലൂടെയും മറ്റ് പ്രസരണ ശൃംഖലാ വികസന/നവീകരണ പദ്ധതികൾ വഴിയും 2025-ഓടെ പ്രസരണ ശൃംഖലയുടെ ലഭ്യത 99 ശതമാനമായി ഉയർത്താനാകും. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സൗര പദ്ധതിയിലൂടെ 6668 പുരപ്പുറങ്ങളിലായി 34.67 മെഗാവാട്ടിന്റെ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ചു.

**വിഴിഞ്ഞം പദ്ധതി** - സംസ്ഥാനത്തെ സാമ്പത്തിക/വാണിജ്യ രംഗങ്ങളിൽ വലിയ മുന്നേറ്റത്തിന് വഴിയൊരുക്കുന്നതാണ് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി. തുറമുഖ നിർമ്മാണം നിലവിൽ 80 ശതമാനം പൂർത്തിയായിട്ടുണ്ട്. രാജ്യത്തിന് മുഴുവൻ പ്രയോജനപ്പെടുന്നതും പാരിസ്ഥിതിക പ്രശ്നങ്ങളില്ലാത്തതുമാണ് ഈ ട്രാൻഷിപ്മെന്റ് തുറമുഖം.

അയൽരാജ്യങ്ങൾക്ക് ചരക്കുകൾ കൈമാറ്റം ചെയ്യുന്നതിനുള്ള ഏറ്റവും പ്രധാനപ്പെട്ട വാതായനമാണ് വിഴിഞ്ഞം തുറമുഖം.

**ഡിജിറ്റൽ സയൻസ് പാർക്ക്** - തിരുവനന്തപുരം ഡിജിറ്റൽ സർവ്വകലാശാല കാമ്പസിനോട് ചേർന്ന്, ടെക്നോസിറ്റിയിലെ 14 ഏക്കറിൽ ഡിജിറ്റൽ സയൻസ് പാർക്ക് മൂന്ന് വർഷത്തിനുള്ളിൽ പൂർത്തിയാക്കുന്നതിന് ലക്ഷ്യമിടുന്നു. സ്ഥാപനങ്ങൾക്ക് പുതിയ സാങ്കേതികവിദ്യ വളർത്തിയെടുക്കാനും ഇതിന് വിവിധ സർവ്വകലാശാലകളുമായി ചേർന്ന് പ്രവർത്തിക്കാനുമുള്ള കൺസൾട്ടൻസി സഹായം പാർക്കിലുണ്ടാകും.

**പുതുവൈപ്പിൻ എൽ.പി.ജി. ടെർമിനൽ** - പാചകവാതകം സുലഭമാക്കാൻ കൊച്ചി പുതുവൈപ്പിനിലെ എൽ.പി.ജി. ടെർമിനൽ പ്രവർത്തനം ലക്ഷ്യംവയ്ക്കുന്നു. 1236 കോടി രൂപയുടെ പദ്ധതി 96 ശതമാനം പൂർത്തിയായി.

**വയനാട് തുരങ്കപാത** - താമരശ്ശേരി ചുരം റോഡിന് ബദലായി നിർമ്മിക്കുന്ന 8.11 കി.മീ. ദൂരമുള്ള ആനക്കാംപൊയിൽ - കള്ളാടി - മേപ്പാടി തുരങ്കപാത യാഥാർത്ഥ്യമാക്കുന്നതിന് ഭൂമി ഏറ്റെടുക്കൽ നടപടി ആരംഭിച്ചു. ഫോറസ്റ്റ് ക്ലിയറൻസിനുള്ള അപേക്ഷ വനം വകുപ്പിന്റെ പരിഗണനയിലാണ്.

2029 ഫെബ്രുവരിയോടുകൂടി പദ്ധതി പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

**അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി** - സമൂഹത്തിലെ ഏറ്റവും ദരിദ്രരായവരെ കണ്ടെത്തുന്നതിനും അവർക്ക് മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങളും കഴിവുകളും നൽകാനും ലക്ഷ്യമിട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് നടപ്പാക്കുന്ന പദ്ധതിയാണിത്. സംസ്ഥാനത്തെ 1034 തദ്ദേശസ്ഥാപനങ്ങളിലെ 19489 വാർഡുകളിൽ നടത്തിയ സമഗ്രമായ സർവ്വേയിലൂടെയും വിവിധ തലങ്ങളിലെ വിശദ പരിശോധനകളിലൂടെയും ഭക്ഷണ ലഭ്യത, ആരോഗ്യം, വരുമാനം എന്നീ ക്ലേശങ്ങളുടെ അതിതീവ്രത മാനദണ്ഡമാക്കുകയും ഇതനുസരിച്ച് 64006 പേർ സംസ്ഥാനത്ത് അതിദാരിദ്ര്യ വിഭാഗത്തിലുള്ളതെന്ന് കണ്ടെത്തിയിട്ടുമുണ്ട്. ദരിദ്ര കുടുംബങ്ങളെ പ്രത്യേകമെടുത്ത് ഓരോന്നിന്റെയും പ്രശ്നങ്ങളും ആവശ്യങ്ങളും പഠിച്ച് അവ പരിഹരിക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തലത്തിൽ മൈക്രോ പ്ലാനുകൾ തയ്യാറാക്കി അഞ്ച് വർഷംകൊണ്ട് ഇവരെ സ്ഥായിയായ രൂപത്തിൽ അതിദാരിദ്ര്യത്തിൽനിന്നും കരകയറ്റുന്നതിനുള്ള

പദ്ധതിയാണിത്. ഇതിന്റെ തുടർപ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയാണ്. ആലപ്പുഴ ജില്ലയിലെ കുമാരപുരം, കാസർഗോഡ് ജില്ലയിലെ കല്ലാർ എന്നീ ഗ്രാമപഞ്ചായത്തുകളിൽ അതിദരിദ്രർ ഇല്ലെന്നും കണ്ടെത്തിയിട്ടുണ്ട്.

**സുഭിക്ഷ കേരളം പദ്ധതി** - കോവിഡ് കാലത്ത് സുഭിക്ഷ കേരളം പദ്ധതിയിലൂടെ ആയിരക്കണക്കിന് ഏക്കർ തരിശുനിലങ്ങളിൽ പുതുതായി കൃഷിയിറക്കി. സുസ്ഥിര നെൽക്കൃഷി വികസനത്തിന് ഉൽപ്പാദനോപാധികൾക്കുള്ള സഹായവും നെൽവയൽ ഉടമസ്ഥർക്ക് റോയൽറ്റിയും ഈ പദ്ധതി വഴി നൽകുന്നതാണ്.

**ജലജീവൻ മിഷൻ** - 2024-ഓടെ ഗ്രാമപ്രദേശങ്ങളിലെ എല്ലാ വീടുകളിലേയ്ക്കും മതിയായ അളവിൽ ശുദ്ധജലം ലഭ്യമാക്കുന്നതിനുവേണ്ടി പ്രവർത്തനക്ഷമമായ പൈപ്പ് കണക്ഷൻ നൽകുന്ന പദ്ധതിയാണിത്.

**വഴിയോര വിശ്രമകേന്ദ്രം** - സംസ്ഥാന-ദേശീയ പാതയോരങ്ങളിൽ പൊതുജനങ്ങൾക്കാവശ്യമായ വിവിധ സൗകര്യങ്ങളോടുകൂടിയ 30 വഴിയോര വിശ്രമ കേന്ദ്രങ്ങൾ ഒരുക്കുന്നതിനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്.

**വാതിൽപ്പടി സേവനം** - 60 വയസ്സിനുമുകളിൽ പ്രായമുള്ളവർ, ഭിന്നശേഷിക്കാർ, മെഡിക്കൽ, പാലിയേറ്റീവ് സഹായം ആവശ്യമുള്ളവർ, അവശത അനുഭവിക്കുന്നവർ എന്നിവരിൽ അർഹരായവർക്ക് ആശാപ്രവർത്തകരും സന്നദ്ധസേന വോളണ്ടിയർമാരും മുഖേന വീട്ടുവാതിൽക്കൽ അവശ്യസേവനങ്ങൾ എത്തിക്കുന്നതിനുള്ള പദ്ധതിയാണ് വാതിൽപ്പടി സേവനം.

**കുളങ്ങളിൽ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കൽ** - നഗര തദ്ദേശസ്ഥാപനങ്ങളുടെ കൈവശമുള്ള കുളങ്ങളിലും പൊതു-സ്വകാര്യ കുളങ്ങളിലും മത്സ്യകൃഷി പ്രോത്സാഹിപ്പിക്കാനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. മത്സ്യകൃഷിക്ക് അനുയോജ്യമെന്ന് തോന്നുന്ന ഏത് ജലാശയങ്ങളും ഈ പദ്ധതിക്ക് കീഴിൽ ഏറ്റെടുക്കാം.

**കേരള ട്രൈബൽ പ്ലസ്** - മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മുഖേന പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 100 ദിവസത്തെ അധിക തൊഴിൽ ഉറപ്പാക്കുന്നതിനായി 2018-19 കാലഘട്ടത്തിൽ "കേരള

ട്രൈബൽ പ്ലസ്" പദ്ധതി ആരംഭിച്ചു. ഇതിൽ ആകെ 125000-ഓളം പട്ടികവർഗ്ഗ കുടുംബങ്ങൾ ഉൾപ്പെടുന്നു.

മേൽപ്പറഞ്ഞ പദ്ധതികൾ കൂടാതെ, കേന്ദ്ര പദ്ധതികളും സംസ്ഥാന പദ്ധതികളും സംസ്ഥാനത്ത് നടപ്പാക്കിവരുന്നുണ്ട്.

(ബി) ഇതിലേയ്ക്കായി ഇ-ഗവേണൻസ് സംവിധാനങ്ങൾക്ക് എന്തുചെയ്യാൻ കഴിയുമെന്ന് വിശദമാക്കാമോ?

പൊതുജനങ്ങൾക്ക് സർക്കാർ വകുപ്പുകൾ നടപ്പാക്കിവരുന്ന വിവിധ ക്ഷേമപദ്ധതികൾക്കായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ സുഗമമാക്കുന്നതിന് സംസ്ഥാന ഐ.ടി. മിഷൻ വിവിധ വകുപ്പുകളുടെ ഓൺലൈൻ സേവനങ്ങൾ ഇ-സേവനം എന്ന കേന്ദ്രീകൃത സർവ്വീസ് പോർട്ടലിലൂടെ (https://services.kerala.gov.in/) ജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത പോർട്ടലിൽ 80 വകുപ്പുകളിൽനിന്നുള്ള 911 സേവനങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഓഫീസുകൾ കയറിയിറങ്ങാതെ വീട്ടിലിരുന്നുകൊണ്ടുതന്നെ സേവനങ്ങൾ സൗജന്യമായി ഉപയോഗപ്പെടുത്താൻ ഇ-സേവനം പോർട്ടൽ, എം-സേവനം മൊബൈൽ

ആപ്ലിക്കേഷൻ എന്നിവയിലൂടെ സാധിക്കുന്നു. എം-സേവനം മൊബൈൽ ആപ്ലിക്കേഷനിൽ 80 വകുപ്പുകളുടെ 705 സേവനങ്ങൾ ലഭ്യമാണ്. ഇപ്രകാരം വിവിധ വകുപ്പുകൾ നൽകിവരുന്ന ഓൺലൈൻ സേവനങ്ങൾ പൊതുജനങ്ങൾക്ക് സമയബന്ധിതമായി ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് ഡാഷ്ബോർഡ് സംവിധാനം തയ്യാറാക്കിയിട്ടുണ്ട് (https://dashboard.kerala.gov.in). ജനങ്ങൾക്ക് ഫയൽ നീക്കം സംബന്ധിച്ച വിവരം ലഭ്യമാക്കുന്നതിനായി ഇ-ഓഫീസ് സിറ്റിസൺ പോർട്ടൽ (https://eoffice.kerala.gov.in) നിലവിലുണ്ട്. സിറ്റിസൺ പോർട്ടലിലെ ഫയൽ/തപാൽ തിരയൽ സംവിധാനം വഴി തപാൽ നമ്പരോ ഫയൽ നമ്പരോ വിഷയമോ, പ്രേഷിതന്റെ വിവരങ്ങളോ നൽകിയാൽ ഏത് ഉദ്യോഗസ്ഥന്റെ അടുത്താണ് നിലവിൽ ഫയലുള്ളതെന്ന വിവരം അറിയാൻ സാധിക്കും. ഇ-ഓഫീസ് സംവിധാനം നടപ്പാക്കിയ സെക്രട്ടേറിയറ്റ്, കളക്ടറേറ്റുകൾ, താലൂക്ക് ഓഫീസുകൾ, സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെയും വിവരങ്ങൾ ഈ പോർട്ടൽ വഴി ലഭ്യമാകുന്നുണ്ട്.

## സിറ്റി ഗ്യാസ് പദ്ധതി

3 (3) ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിറ്റി ഗ്യാസ് പദ്ധതി ആദ്യഘട്ടത്തിൽ നടപ്പാക്കുമ്പോൾ ഏതൊക്കെ ജില്ലകളിലെ ഏതൊക്കെ പ്രദേശങ്ങളിലെ എത്രമാത്രം ജനങ്ങൾക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നതെന്ന് വിശദമാക്കാമോ?

സിറ്റി ഗ്യാസ് പദ്ധതി നടപ്പാക്കുന്നതിന് ലൈസൻസ് നൽകുന്ന കേന്ദ്ര സർക്കാരിന്റെ പെട്രോളിയം ആൻഡ് നാച്ചറൽ ഗ്യാസ് റെഗുലേറ്ററി ബോർഡ് (പി.എൻ.ജി.ആർ.ബി.)-ന്റെ മാനദണ്ഡപ്രകാരം അനുവദിക്കപ്പെട്ട പ്രദേശങ്ങളിലാണ് സിറ്റി ഗ്യാസ് പദ്ധതി നടപ്പാക്കുന്നത്. സംസ്ഥാനത്തെ 14 ജില്ലകളിലും അനുവദിക്കപ്പെട്ട പ്രദേശങ്ങളിൽ പദ്ധതി നടപ്പാക്കുന്നതും പ്രകൃതിവാതകം ലഭ്യമാക്കുന്നതുമാണ്.

(ബി) സിറ്റിഗ്യാസ് വിലയും എൽ.പി.ജി. വിലയും തമ്മിലുള്ള വ്യത്യാസം എത്രയെന്ന് കണക്കാക്കാൻ കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഗാർഹിക ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന ഒരു എൽ.പി.ജി. സിലിണ്ടറിൽ അടങ്ങിയിരിക്കുന്ന ഇന്ധനം 14.2 kg ആണ്. എന്നാൽ, സിറ്റി ഗ്യാസ് പദ്ധതി മുഖേന ഗാർഹിക ഉപഭോക്താക്കൾക്ക് നൽകുന്ന പ്രകൃതിവാതകത്തിന്റെ അളവ് എത്ര മില്യൺ മെട്രിക് ബ്രിട്ടീഷ് തെർമൽ യൂണിറ്റ് (MMBTU) ഉപയോഗിച്ചു എന്നതിനെ അടിസ്ഥാനമാക്കിയാണ് വില ഈടാക്കുന്നത്. അതിനാൽ വിലയുടെ കാര്യത്തിൽ എൽ.പി.ജി.-യും പ്രകൃതിവാതകവും തമ്മിൽ നേരിട്ടുള്ള താരതമ്യം സാധ്യമല്ല. എന്നിരുന്നാലും എൽ.പി.ജി. സിലിണ്ടറിൽ അടങ്ങിയിരിക്കുന്ന ഇന്ധനത്തിന് തത്തുല്യമായി വേണ്ടിവരുന്ന പൈപ്ഡ് നാച്ചുറൽ ഗ്യാസ് ഉപയോഗിക്കുന്ന ഉപഭോക്താവിന് ചെലവിൽ ഏകദേശം 20 ശതമാനം ലാഭിക്കാനാകുമെന്ന് കരുതുന്നു.

(സി) ഏതൊക്കെ പ്രദേശങ്ങളിലാണ് സിറ്റി ഗ്യാസ് പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; ഇതിന്റെ പ്രവർത്തനങ്ങളുടെ ഇതുവരെയുള്ള പുരോഗതി ലഭ്യമാക്കാമോ?

കേരളത്തിൽ സിറ്റി ഗ്യാസ് പദ്ധതി നടപ്പാക്കുന്നതിന് പെട്രോളിയം ആൻഡ് നാച്വറൽ ഗ്യാസ് റെഗുലേറ്ററി ബോർഡ് (പി.എൻ.ജി.ആർ.ബി.) മൂന്ന് കമ്പനികൾക്കാണ് അനുമതി നൽകിയിട്ടുള്ളത്.

ഇന്ത്യൻ ഓയിൽ-അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡിന് എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കണ്ണൂർ, കാസർഗോഡ്, കോഴിക്കോട്, വയനാട് എന്നീ ജില്ലകളിൽ പ്രകൃതി വാതകം വിതരണം ചെയ്യുന്നതിനുള്ള അനുമതിയാണ് ലഭിച്ചിട്ടുള്ളത്. എറണാകുളം, പാലക്കാട്, മലപ്പുറം, കണ്ണൂർ, കോഴിക്കോട് എന്നിവിടങ്ങളിൽ സിറ്റി ഗേറ്റ് സ്റ്റേഷനും ഒഡോറൈസേഷൻ യൂണിറ്റും സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ മേല്പറഞ്ഞ 8 ജില്ലകളിലും പ്രകൃതി വാതക പൈപ്പ്ലൈനുകൾ സ്ഥാപിക്കുകയും സി.എൻ.ജി. സ്റ്റേഷനുകളിലേയ്ക്കും ഗാർഹിക, വാണിജ്യ-വ്യവസായ സ്ഥാപനങ്ങളിലേയ്ക്കും പ്രകൃതിവാതകം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ എന്നീ ജില്ലകളിൽ പ്രകൃതിവാതകം വിതരണം ചെയ്യുന്നതിനുള്ള അനുമതി AG&P City Gas Private Limited-നും ഇടുക്കി, കോട്ടയം, പത്തനംതിട്ട ജില്ലകളിൽ

പ്രകൃതിവാതകം വിതരണം ചെയ്യുന്നതിനുള്ള അനുമതി മെ. ഷോലഗാസ്കോ പ്രൈവറ്റ് ലിമിറ്റഡിനുമാണ് ലഭിച്ചിട്ടുള്ളത്.

തിരുവനന്തപുരം ജില്ലയിലെ കൊച്ചുവേളിയിൽ 56.8 KL സ്റ്റോറേജ് കപ്പാസിറ്റിയുള്ള നാല് ലിക്വിഡ് കംപ്രസ്ഡ് നാച്ചുറൽ ഗ്യാസ് സ്റ്റേഷനുകൾ (LCNG) സ്ഥാപിച്ചിട്ടുണ്ട്. തിരുവനന്തപുരം നഗരത്തിലെ ശംഖുമുഖം, വെട്ടുകാട് വാർഡുകളിലെ 93% വീടുകളിലും സിറ്റി ഗ്യാസ് പൈപ്പ് ലൈൻ കണക്ഷൻ ലഭ്യമാക്കിയിട്ടുണ്ട്. ചാക്ക, മുട്ടത്തറ, പാൽക്കുളങ്ങര, പെരുന്താന്നി, ശ്രീകണ്ഠേശ്വരം, കമലേശ്വരം, ശ്രീവരാഹം എന്നീ വാർഡുകളിൽ സിറ്റി ഗ്യാസ് പൈപ്പ് ലൈൻ കണക്ഷൻ നൽകി തുടങ്ങിയിട്ടുണ്ട്.

ഷോലഗാസ്കോ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനി കോട്ടയം ജില്ലയിലാണ് ആദ്യം ഗ്യാസ് വിതരണം ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്. സി.എൻ.ജി. സ്റ്റേഷൻ സ്ഥാപിക്കുന്നതിനാവശ്യമായ ഉപകരണങ്ങൾ ഓർഡർ ചെയ്യുന്ന നടപടി പുരോഗമിച്ചുവരുന്നു.

പി.എൻ.ജി.ആർ.ബി.-യുടെ അംഗീകാരപത്രത്തിൽ പ്രതിപാദിച്ചിട്ടുള്ള കണക്കുകൾക്കനുസൃതമായി സമയക്രമം പാലിച്ച് സിറ്റി ഗ്യാസ് വിതരണ

പദ്ധതി നടപ്പാക്കാനാണ് കമ്പനികൾ ലക്ഷ്യമിടുന്നത്. സിറ്റി ഗ്യാസ് പദ്ധതി നടപ്പാകുന്നതോടുകൂടി സംസ്ഥാനത്തെ 14 ജില്ലകളിലെയും ഗാർഹിക, വാണിജ്യ-വ്യവസായ ഉപഭോക്താകൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കും.

**സെമി-ഹൈസ്പീഡ് റെയിൽ**

4 (4) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:
ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സെമി-ഹൈസ്പീഡ് റെയിൽ പദ്ധതിക്കായി ഇതുവരെ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഇതുമായി ബന്ധപ്പെട്ട് ട്രാഫിക് സർവ്വേ, ടോപ്പോഗ്രാഫിക്കൽ സർവ്വേ (ലിഡാർ/ഡ്രോൺ), ജിയോ ടെക്നിക്കൽ ഇൻവെസ്റ്റിഗേഷൻ, ഇ.ഐ.എ. പഠനം, ഹൈഡ്രോഗ്രാഫിക്, ടോപ്പോഗ്രാഫിക് സർവ്വേ, സിൽവർലൈൻ സ്റ്റേഷനുകളുടെ ആർക്കിടെക്ച്ചറൽ ഡിസൈൻ, കണ്ടൽക്കാടുകളുടെ സംരക്ഷണവും പരിപാലനവുമായി ബന്ധപ്പെട്ടുള്ള പ്ലാൻ, CRZ മാപ്പിംഗ് എന്നീ

പ്രവർത്തനങ്ങൾ കേരള സെമി-ഹൈസ്പീഡ് റെയിൽ പദ്ധതിക്കായി ഇതുവരെ നടത്തിയിട്ടുള്ളതാണ്.

(ബി) 'ഗ്രീൻഫീൽഡ് കോറിഡോർ' പദ്ധതിയുടെ അനുമതിക്കായി മന്ത്രിതലത്തിൽ കേന്ദ്ര സർക്കാരുമായി നടത്തിവരുന്ന ആശയവിനിമയത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

സിൽവർലൈൻ പദ്ധതിയുടെ അനുമതിക്കായും പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുംവേണ്ടി സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും യഥാസമയം ഇടപെടലുകൾ നടത്തിവരുന്നു. 27-12-2022-ന് ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുമായി കൂടിക്കാഴ്ച നടത്തുകയും സിൽവർലൈൻ പദ്ധതിയെ സംബന്ധിച്ച് ചർച്ച ചെയ്യുകയും പദ്ധതിയുടെ അന്തിമാനുമതി വേഗത്തിലാക്കണമെന്ന ആവശ്യം മുന്നോട്ടുവയ്ക്കുകയും ചെയ്തു. തുടർന്ന് 25-03-2023-ലെ ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുമായുള്ള കൂടിക്കാഴ്ചയിലും പ്രസ്തുത പദ്ധതിയെക്കുറിച്ച് ചർച്ച ചെയ്യുകയുണ്ടായി. പ്രൊഫ. കെ. വി. തോമസ് (ന്യൂഡൽഹിയിൽ കേരള സർക്കാരിന്റെ പ്രത്യേക പ്രതിനിധി) കേന്ദ്ര റെയിൽ വകുപ്പുമന്ത്രിക്ക് സിൽവർലൈൻ ഉൾപ്പെടെയുള്ള

പദ്ധതികൾ ഉൾപ്പെടുത്തിക്കൊണ്ട് ഒരു കത്ത് അയയ്ക്കുകയും പ്രധാനമന്ത്രിയുമായി കൂടിക്കാഴ്ച നടത്തുകയും ചെയ്യുകയുണ്ടായി. സിൽവർലൈൻ ഉൾപ്പെടെയുള്ള വിവിധ റെയിൽവേ പദ്ധതികൾക്കായി 30-06-2023-ന് കേന്ദ്ര റെയിൽവേ മന്ത്രിക്ക് അടിയന്തര ഇടപെടൽ ആവശ്യപ്പെട്ടുകൊണ്ട് കത്ത് നൽകിയിട്ടുണ്ട്.

(സി) കെ-റെയിലിനെ എതിർത്തവർപോലും വന്ദേഭാരതിന്റെ വരവോടുകൂടി അനുകൂലമായ അഭിപ്രായങ്ങൾ പ്രകടിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വന്ദേഭാരത് വന്നതോടുകൂടി അതിന് ലഭിച്ച സ്വീകാര്യത ജനങ്ങൾ അതിവേഗ റെയിൽവേ സർവ്വീസ് ആഗ്രഹിക്കുന്നുവെന്നതിന്റെ തെളിവാണ്.

(ഡി) കെ-റെയിൽ പദ്ധതി അടഞ്ഞ അദ്ധ്യായമല്ലെന്ന കേന്ദ്ര റെയിൽമന്ത്രിയുടെ പ്രതികരണം പ്രസ്തുത പദ്ധതിയുമായി മുന്നോട്ടുപോകുന്നതിന് പ്രചോദനം നൽകുന്നുണ്ടോ?

കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചതിനുശേഷം പദ്ധതിയുമായി മുന്നോട്ടുപോകാനാണ് സർക്കാർ തീരുമാനിച്ചിരിക്കുന്നത്. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ ഇത്തരത്തിലുള്ള റെയിൽപ്പാതകൾ റെയിൽവേ അംഗീകരിച്ച് നടപ്പാക്കുന്നുണ്ട്. പുതിയ കാലത്ത് ജനങ്ങൾ ഇത്തരം സൗകര്യങ്ങൾ ആഗ്രഹിക്കുന്നുണ്ട്. ഈ യാഥാർത്ഥ്യം ഈ പദ്ധതി എതിർക്കുന്നവർക്കുപോലും അംഗീകരിക്കേണ്ടിവരും. ഇതിന്റെ പ്രതിഫലനമാണ് ഇപ്പോൾ ഉണ്ടായിട്ടുള്ള പ്രതികരണങ്ങൾ.

**വേഗറെയിൽ പദ്ധതി**

5 (5) ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിൽവർലൈൻ പദ്ധതിയിൽ മാറ്റം വരുത്തി വേഗറെയിൽ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ചുള്ള രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ?

സിൽവർലൈൻ (അർദ്ധ അതിവേഗ റെയിൽ) തിരുവനന്തപുരം - കാസർഗോഡ് പദ്ധതിയുടെ വിശദ പദ്ധതി റിപ്പോർട്ട് റെയിൽവേ ബോർഡിൽ പരിശോധനാഘട്ടത്തിലാണ്. സിൽവർലൈൻ പദ്ധതിയിൽ മാറ്റം വരുത്തി വേഗറെയിൽ പദ്ധതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ടുള്ള നിർദ്ദേശങ്ങൾ ഒന്നുംതന്നെ റെയിൽവേ ബോർഡിൽനിന്നും ലഭിച്ചിട്ടില്ല.

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കാനുള്ള ചുമതല ആരെ ഏൽപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) പ്രസ്തുത പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ?

(ബി&സി) ബാധകമല്ല.

**സർക്കാർ ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി**

6 (6) <u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഓഫീസുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ സ്വീകരിച്ച നടപടി വിശദമാക്കാമോ?

സിവിൽ സർവ്വീസ് കൂടുതൽ ജനകീയവും കാര്യക്ഷമവും വേഗതയുള്ളതുമാക്കി മാറ്റുന്നതിനുള്ള ഫലപ്രദമായ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. സിവിൽ സർവ്വീസ് ശക്തമാക്കുന്നതിനായി കഴിഞ്ഞ ആറ് വർഷത്തിനിടെ 27000-ത്തിലധികം തസ്തികകൾ പുതുതായി സൃഷ്ടിച്ചു. പി.എസ്.സി. മുഖേനയുള്ള നിയമനങ്ങൾ ത്വരിതപ്പെടുത്തി. സിവിൽ സർവ്വീസിലെ മധ്യതല സംവിധാനം ശക്തമാക്കുന്നതിന് കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിച്ചു. ആദ്യബാച്ച് പരിശീലനം പൂർത്തിയാക്കി സർവ്വീസിൽ പ്രവേശിച്ചു. കാലാനുസൃതമായി സിവിൽ സർവ്വീസ് മെച്ചപ്പെടുത്തുക, ജീവനക്കാരും പൊതുജനങ്ങളും തമ്മിലുള്ള സഹകരണം വർദ്ധിപ്പിക്കുക, സർക്കാർ തലത്തിലുള്ള പദ്ധതികളും ജനക്ഷേമ പ്രവർത്തനങ്ങളും പൊതുസമൂഹത്തിന് കൂടുതൽ വേഗത്തിൽ അനുഭവവേദ്യമാക്കുക, ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുക തുടങ്ങിയ കാര്യങ്ങളിൽ സമഗ്രമായ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി രൂപീകരിച്ച നാലാം ഭരണപരിഷ്കാര കമ്മീഷന്റെ ശിപാർശകൾ നടപ്പാക്കിവരികയാണ്.

എല്ലാ സർക്കാർ വകുപ്പുകളിലെയും സ്ഥാപനങ്ങളിലെയും ജീവനക്കാരെ കർത്തവ്യബോധമുള്ളവരും പൊതുജനക്ഷേമ തൽപ്പരരുമാക്കുന്നതിനായി സംസ്ഥാന പരിശീലനനയം പരിഷ്കരിച്ച് നടപ്പാക്കിവരുന്നു. എല്ലാ വകുപ്പുകളിലേയും ജീവനക്കാർക്കായി വിവിധ പരിശീലന പരിപാടികൾ ഐ.എം.ജി. മുഖേന നടത്തിവരുന്നുണ്ട്.

ഫയൽ നീക്കം വേഗത്തിലാക്കുന്നതിനായി സെക്രട്ടേറിയറ്റിലും വിവിധ വകുപ്പുകളിലും ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. എല്ലാ വകുപ്പുകളിലും ഇലക്ട്രോണിക് ഫയൽ സംവിധാനം നടപ്പാക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. ജീവനക്കാരുടെ കൃത്യനിഷ്ഠയും കാര്യക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാനത്തെ എല്ലാ സർക്കാർ ഓഫീസുകളിലും ബയോമെട്രിക് പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനകം വിവിധ വകുപ്പുകളിൽ ഇത് ഏർപ്പെടുത്തിക്കഴിഞ്ഞു. അവശേഷിക്കുന്ന സ്ഥാപനങ്ങളിൽ കൂടി പഞ്ചിംഗ് ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. ജീവനക്കാരുടെ ജോലിഭാരത്തിന് അനുസരിച്ച് തസ്തികകൾ ക്രമീകരിക്കുന്നതിനും അധിക തസ്തികകൾ

കണ്ടെത്തുന്നതിനുമായി ഓരോ വകുപ്പിലും പ്രത്യേക സമിതികൾ രൂപീകരിക്കാൻ നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ചുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. പൊതുജനങ്ങൾക്ക് സേവനങ്ങൾ കൃത്യമായും സമയബന്ധിതമായും ലഭിക്കുന്നതിന് സേവനാവകാശ നിയമം നടപ്പാക്കിയിട്ടുണ്ട്. ഫയൽ നടപടിക്രമങ്ങളിലെ കാലതാമസം ഒഴിവാക്കുന്നതിനായി ഫയൽ നീക്കത്തിലെ തട്ടുകൾ നിജപ്പെടുത്തികൊണ്ട് 28-04-2022-ൽ സ.ഉ. (കൈ) നം.4/2022/ഉ.ഭ.പ.വ. നമ്പർ ഉത്തരവ് (അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട് +) പുറപ്പെടുവിച്ചിട്ടുണ്ട്.

സെക്രട്ടേറിയറ്റ് ഓഫീസ് മാനുവലിലും മാനുവൽ ഓഫ് ഓഫീസ് പ്രൊസീജുവറിലും ഫയലുകൾ സമയബന്ധിതമായി കൈകാര്യം ചെയ്യുന്നതിന് വ്യവസ്ഥയുണ്ട്. സെക്രട്ടേറിയറ്റിലെ ഫയൽ നീക്കത്തിന്റെ വേഗത വർദ്ധിപ്പിക്കുന്നതിന് സെക്ഷൻ ഓഫീസർ മുതൽ സെക്രട്ടറി/മന്ത്രി തലം വരെയുള്ള ഫയൽ ചംക്രമണ കാലാവധി പത്ത് ദിവസമായി നിജപ്പെടുത്തി നിർദ്ദേശം നിലവിലുണ്ട്. ഇതിനുപുറമെ കാലതാമസം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഒഴിവാക്കുന്നതിനായി കർശന നിർദ്ദേശം നൽകിക്കൊണ്ടുള്ള സർക്കുലറുകളും ഉത്തരവുകളും പുറപ്പെടുവിക്കുന്നുണ്ട്. അടിയന്തര പ്രാധാന്യമുള്ള ഫയലുകൾ സമയബന്ധിതമായി പരിശോധിച്ച് ഉത്തരവുകൾ നൽകുന്നതിനും വ്യവസ്ഥകളുണ്ട്.

(ബി) സേവനങ്ങൾ പൂർണ്ണമായി ഓൺലൈനിൽ നൽകുന്നതിന് എല്ലാ വകുപ്പുകളിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

പൊതുജനങ്ങൾക്ക് സർക്കാർ ഓഫീസുകൾ സന്ദർശിക്കാതെതന്നെ സർക്കാർ സേവനങ്ങൾ ലഭ്യമാക്കുന്ന സംവിധാനം നടപ്പാക്കാൻ 27-05-2021-ലെ ജി.ഒ.(എം.എസ്)നമ്പർ.18/2021/വി.സാ.വ. പ്രകാരം (അനുബന്ധം 2+) ഉത്തരവായിട്ടുള്ളതാണ്. തുടർന്ന് എല്ലാ വകുപ്പുകളും പൊതുജനങ്ങൾക്ക് സേവനങ്ങൾ പൂർണ്ണമായി ഓൺലൈനിൽ നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. വിവിധ വകുപ്പുകൾ നൽകുന്ന സേവനം 'ഇ- സേവനം' എന്ന കേന്ദ്രീകൃത സർവ്വീസ് പോർട്ടലിലൂടെയും 'എം

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സേവനം' എന്ന മൊബൈൽ ആപ്ലിക്കേഷനിലൂടെയും പൊതുജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്.

(സി) എല്ലാ സർക്കാർ ഓഫീസുകളിലും പൊതുജന പരാതിപരിഹാര വിഭാഗം പ്രവർത്തിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

മുഖ്യമന്ത്രിയുടെ പൊതുജന പരാതിപരിഹാര വിഭാഗം മുഖേന സംസ്ഥാന സർക്കാരിന് കീഴിലുള്ള എല്ലാ ഓഫീസുകളിലും പൊതുജന പരാതി പരിഹരിക്കുന്നതിനുള്ള സംവിധാനം പ്രവർത്തിച്ചുവരുന്നു. 15-11-2021-ലെ സി.എം.സി.സി.9/35/2021-സി.എം.സി.സി. (അനുബന്ധം 3+) പ്രകാരം സി.എം.ഒ. വെബ്പോർട്ടലിന്റെ പ്രവർത്തനനിലവാരം മെച്ചപ്പെടുത്തുന്നതിനായി എല്ലാ സർക്കാർ ഓഫീസുകളിലും ചാർജ്ജ് ഓഫീസറെ നിയമിക്കണമെന്നും വിശദാംശങ്ങൾ ഓഫീസിൽ പ്രദർശിപ്പിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**സർക്കാർ ഓഫീസുകളിലെ അഴിമതി തടയാൻ നടപടി**

7(7) <u>ശ്രീ. വി. ആർ. സുനിൽ കുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഓഫീസുകളിൽ അഴിമതിയും കൈക്കൂലിയും വർദ്ധിച്ചുവരുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത പരാതികളുടെ അടിസ്ഥാനത്തിൽ എത്ര ജീവനക്കാരെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്നും അവർക്കെതിരെ എന്ത് നടപടി എടുത്തുവെന്നും അറിയിക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൈക്കൂലി വാങ്ങിയവർക്കെതിരെ രജിസ്റ്റർ ചെയ്ത 114 ട്രാപ്പ് കേസുകളുടെ അടിസ്ഥാനത്തിൽ 118 സർക്കാർ ഉദ്യോഗസ്ഥരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. അവർക്കെതിരെ രജിസ്റ്റർ ചെയ്ത കേസുകളിൽ അന്വേഷണം

പൂർത്തിയാകുന്നമുറയ്ക്ക് വിജിലൻസ് കോടതി മുമ്പാകെ കുറ്റപത്രം സമർപ്പിക്കുകയും വിചാരണ നടത്തി ശിക്ഷാനടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

(സി) ഇത് തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

അഴിമതിയും കൈക്കൂലിയും പൂർണ്ണമായും ഇല്ലാതാക്കുന്നതിനായി അഴിമതി നിരോധന നിയമം 1988 അനുസരിച്ച് വിജിലൻസ് വകുപ്പ് വളരെ ഫലപ്രദമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. അഴിമതി സംബന്ധിച്ച് ലഭിക്കുന്ന പരാതികളിൽ പരാതിയുടെ സ്വഭാവമനുസരിച്ച് രഹസ്യാന്വേഷണം/സത്വരാന്വേഷണം/പ്രാഥമികാന്വേഷണം/വിജിലൻസ് അന്വേഷണം/മിന്നൽ പരിശോധന/ട്രാപ്പുകൾ എന്നിവ നടത്തുകയും തെളിവുകളുടെ അടിസ്ഥാനത്തിൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്യേണ്ടവയിൽ കേസ് രജിസ്റ്റർ ചെയ്യുകയും മറ്റുള്ളവയിൽ തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. സസ്പെൻഷൻ, മറ്റ് വകുപ്പുതല നടപടികൾ എന്നിവ ആവശ്യമായവയിൽ കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നടപടി

സ്വീകരിക്കാറുണ്ട്. കൂടാതെ, കൈക്കൂലി ആവശ്യപ്പെടുന്ന ഉദ്യോഗസ്ഥർക്കെതിരെ പൊതുജനങ്ങളിൽനിന്ന് ലഭിക്കുന്ന പരാതിയുടെ അടിസ്ഥാനത്തിൽ ട്രാപ്പ് കേസുകൾ രജിസ്റ്റർ ചെയ്യുകയും സർക്കാർ സ്ഥാപനങ്ങളിലെ അപാകതകൾ സംബന്ധിച്ച് ലഭിക്കുന്ന വിവരങ്ങളിൽനിന്നും സോഴ്സ് റിപ്പോർട്ട് തയ്യാറാക്കി ഇത്തരം ഓഫീസുകളിൽ സംസ്ഥാന വ്യാപകമായി മിന്നൽ പരിശോധനകൾ നടത്തിയും അഴിമതിക്കും ക്രമക്കേടുകൾക്കുമെതിരെ നടപടി സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തെ മിക്ക സർക്കാർ വകുപ്പുകളിലും ആഭ്യന്തര വിജിലൻസ് സംവിധാനം നിലവിലുണ്ട്. സർക്കാർ ഫണ്ടുകൾ തിരിമറി നടത്തുന്നതുമായി ബന്ധപ്പെട്ട് ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ആഭ്യന്തര-വിജിലൻസ് സംവിധാനം ഉപയോഗിച്ച് പ്രാഥമികാന്വേഷണം നടത്തുകയും ആരോപണം ശരിയാണെന്ന് തെളിയുന്ന അവസരങ്ങളിൽ ആയത് വിജിലൻസ് അന്വേഷിക്കേണ്ടതാണെങ്കിൽ അന്വേഷണം വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയ്ക്ക് കൈമാറി തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

**തദ്ദേശസ്വയംഭരണ വകുപ്പ് അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) നിയമനം**

8(8) <u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയം ഭരണ വകുപ്പ് അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) (കാറ്റഗറി നമ്പർ 125/2020) തസ്തികയുടെ റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; പ്രസ്തുത ലിസ്റ്റിൽനിന്നും നാളിതുവരെ എത്ര റാങ്ക് വരെയുള്ളവർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ?

23-06-2023 വരെ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള ഒഴിവുകളിലേയ്ക്ക് 263 ഉദ്യോഗാർത്ഥികൾക്ക് നിയമനശിപാർശ നൽകിയിട്ടുണ്ട്. നിയമനശിപാർശ വിവരം ചുവടെ ചേർക്കുന്നു.

ഒ.സി.-182, ഇ.ഡബ്ല്യൂ.എസ്.-296, ഈഴവ-190, എസ്.സി.-Nil, എസ്.റ്റി. - S/L 24, മുസ്ലീം - 193, എൽ.സി. - 668, ഒ.ബി.സി. - 216, വിശ്വകർമ്മ - 207, എസ്.ഐ.യു.സി. നാടാർ - 543, എസ്.സി.സി.സി.- S/L 2, ധീവര - 266, ഹിന്ദു നാടാർ - S/L 2, ഡി.എ. (എൽ.വി.) - 10, ഡി.എ. (എച്ച്.ഐ.) -7, ഡി.എ. (എൽ.ഡി./സി.പി.) -7.

(ബി) പ്രസ്തുത തസ്തികയിൽ നിലവിൽ എത്ര ഒഴിവാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്; ഈ ഒഴിവുകളിൽ നിയമന ശിപാർശ അയച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ?

റിപ്പോർട്ട് ചെയ്ത എല്ലാ ഒഴിവുകളിലേയ്ക്കും നിയമന ശിപാർശ നൽകിയിട്ടുണ്ട്.

**ഇ -ഓഫീസ് സംവിധാനം മെച്ചപ്പെടുത്തൽ**

9 (9) **ശ്രീ. മുഹമ്മദ് മുഹസിൻ:** താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകളുടെയും മറ്റ് വിവിധ ഓഫീസുകളുടെയും ഫയൽ നീക്കം സുഖമമാക്കുന്നതിന് നടപ്പാക്കിയ ഇ-ഓഫീസ് സംവിധാനത്തിൽ ഫയൽ കൈകാര്യം ചെയ്യുന്നതിൽ ചില ഉദ്യോഗസ്ഥർ വരുത്തുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഫയലുകൾ കൈകാര്യം ചെയ്യുന്നതിലെ കാലതാമസം നിരീക്ഷിക്കുന്നതിന് സംസ്ഥാനതലത്തിലും ജില്ലാതലത്തിലും പ്രത്യേക സമിതികൾ രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കാമോ?

(എ&ബി) ഫയലുകൾ സമയബന്ധിതമായി കൈകാര്യം ചെയ്യുന്നതിനും കാലതാമസവും വീഴ്ചയും പരിശോധിക്കുന്നതിനും സെക്രട്ടേറിയറ്റ് ഓഫീസ് മാന്വലിലും മാന്വൽ ഓഫ് ഓഫീസ് പ്രൊസീജ്വറിലും വ്യവസ്ഥയുണ്ട്. ഇതിനായി പ്രത്യേക സമിതി രൂപീകരിച്ചിട്ടില്ല.

(സി) ഇത്തരത്തിലുള്ള സമിതികൾ രൂപീകരിച്ചിട്ടില്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

പരിഗണനയിലില്ല.

(ഡി) ഓഫീസ് മാന്വൽ പ്രകാരം ഒരു ഉദ്യോഗസ്ഥന് എത്ര ദിവസം ഫയൽ കൈവശം വയ്ക്കാവുന്നതിനുള്ള അധികാരമുണ്ടെന്നത് സംബന്ധിച്ച വിശദാംശം നൽകാമോ?

തപാലുകൾ ഓഫീസിൽ കിട്ടി 5 ദിവസത്തിനകം സമർപ്പിക്കേണ്ടതാണെന്ന് ഓഫീസ് മാന്വലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. സെക്രട്ടേറിയറ്റിൽ സെക്ഷൻ ഓഫീസർ മുതൽ സെക്രട്ടറി/മന്ത്രിതലം

വരെയുള്ള ഫയൽ ചംക്രമണ കാലാവധി 10 ദിവസമായി നിജപ്പെടുത്തിക്കൊണ്ടുമുള്ള ഉത്തരവ് നിലവിലുണ്ട്.

**സ്പെഷ്യൽ റൂൾ വഴിയുള്ള പി.എസ്.സി. നിയമനങ്ങൾ**

10 (10) ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പി.എസ്.സി. മുഖേനയല്ലാതെ നിയമനങ്ങൾ നടത്തുന്ന സർക്കാർ/അർദ്ധസർക്കാർ/പൊതുമേഖല/സഹകരണമേഖല സ്ഥാപനങ്ങൾ, മറ്റ് സർക്കാർ ഏജൻസികൾ എന്നിവ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ നിലവിൽ നിയമനങ്ങൾ നടത്തുന്നത് ആരാണെന്ന് അറിയിക്കാമോ; എങ്കിൽ ഇത്തരം നിയമനങ്ങൾക്കുള്ള മാനദണ്ഡം വിശദീകരിക്കാമോ?

(എ&ബി) സർക്കാരിന്റെ അധീനതയിലുള്ള എല്ലാ സ്ഥാപനങ്ങളിലെയും നിയമനങ്ങൾ പി.എസ്.സി.-യുടെ പരിധിയിൽ കൊണ്ടുവരുന്നതിനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്.

(സി) സംസ്ഥാനത്ത് സ്പെഷ്യൽ റൂൾസ് നിലവിലില്ലാത്ത സർക്കാർ/അർദ്ധസർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങൾ ഏതെല്ലാമാണ്; ഇത്തരം സ്ഥാപനങ്ങളിൽ അടിയന്തരമായി സ്പെഷ്യൽ റൂൾ നടപ്പാക്കാനും നിയമനങ്ങൾ സുതാര്യമാക്കി പി.എസ്.സി. മുഖേന നടത്തുന്നതിനും സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ട സ്ഥാപനങ്ങളിൽ പി.എസ്.സി. മുഖേന നിയമനം നടത്തുന്നതിന് നിയമന ചട്ടങ്ങൾ അടിയന്തരമായി രൂപീകരിക്കാൻ ബന്ധപ്പെട്ട എല്ലാ ഭരണ വകുപ്പുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. വകുപ്പുകൾ നിയമന ചട്ടങ്ങൾ രൂപീകരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) നിയമനങ്ങൾ പൂർണ്ണമായും പി.എസ്.സി. മുഖേനയാക്കിയ പല പൊതുമേഖലാ സ്ഥാപനങ്ങളും ഇപ്പോഴും നേരിട്ട് നിയമനം നടത്തുന്നുവെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിൽ നിയമനം നടത്തിയ സ്ഥാപനങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിയമനങ്ങൾ പി.എസ്.സി.-ക്കുവിട്ട പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾ നിയമന ചട്ടങ്ങൾ തയ്യാറാക്കിയശേഷം പി.എസ്.സി. മുഖേന മാത്രമേ നടത്താൻ പാടുള്ളൂവെന്നും അതുവരെയുള്ള കാലയളവിൽ ഭരണപരമായ പ്രവർത്തനത്തിന് ഏറ്റവും അത്യാവശ്യമായ നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തണമെന്നും ടി കാലയളവിൽ ടി തസ്തികകളിലേയ്ക്ക് സ്ഥിരനിയമനങ്ങൾ നടത്തരുതെന്നും 08-08-2018-ലെ ഉപ.സി-1/208/17/ഉ.ഭ.പ.വ. നമ്പർ സർക്കുലർ മുഖേന നിർദ്ദേശം നൽകിയിട്ടുണ്ട്.

**സീനിയോരിറ്റി പുനഃസ്ഥാപിച്ച് നൽകാൻ നടപടി**

11 (11) <u>ശ്രീ. തോമസ് കെ. തോമസ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. ജീവനക്കാരനായ ശ്രീ. ജോൺസൺ ജി.-യുടെ സീനിയോരിറ്റി പുനഃസ്ഥാപിച്ച് നൽകാൻ മൂന്ന് കോടതി ഉത്തരവുകളും രണ്ട് സർക്കാർ സ്പഷ്ടീകരണ ഉത്തരവുകളും ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ മാതൃവകുപ്പിൽനിന്നും നഷ്ടപ്പെട്ട 2004 മുതലുള്ള മുഴുവൻ സീനിയോരിറ്റിയും

മറ്റ് സാമ്പത്തിക ആനുകൂല്യങ്ങളും നൽകാനുള്ള പി.എസ്.സി. സെക്രട്ടറിയുടെ ഉത്തരവ് ഏകദേശം അഞ്ച് മാസമായിട്ടും നാളിതുവരെ നടപ്പാക്കാനായി പ്രൊസീഡിംഗ്സ് ഇറക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ സേവനത്തിലിരിക്കെ പഞ്ചായത്ത് വകുപ്പിൽ എൽ.ഡി. ക്ലാർക്ക് തസ്തികയിൽ നിയമനം ലഭിച്ച് 25-06-2004-ൽ വിടുതൽ ചെയ്ത ശ്രീ. ജോൺസൺ ജി.-യെ 03-04-2013-ൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ പുന:പ്രവേശിപ്പിക്കുകയും 18-10-2016 വരെയുള്ള സീനിയോരിറ്റി പുനർനിർണ്ണയിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ പുന:പ്രവേശിച്ചതിനുശേഷം, താഴ്ന്ന വിഭാഗം ജീവനക്കാരിൽനിന്നും തസ്തികമാറ്റം മുഖേന അസിസ്റ്റന്റ് തസ്തികയിലേയ്ക്കുള്ള നിയമനത്തിനായി ഒഴിവ് നിലവിൽവന്ന ക്രമത്തിൽ ടിയാൻ അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ, 19-10-2016 മുതൽ അസിസ്റ്റന്റ്

തസ്തികയിൽ നിയമനം നൽകുകയും അതിന് തുടർച്ചായി, ടി കേഡറിലെ ഉദ്യോഗക്കയറ്റം അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പി.എസ്.സി. സെക്രട്ടറിയുടെ ഉത്തരവ് പ്രസിദ്ധീകരിക്കാൻ വിമുഖത കാണിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; പ്രസ്തുത ഉദ്യോഗസ്ഥരെ മാതൃകാപരമായി ശിക്ഷിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) ഉത്തരവ് അടിയന്തരമായി പ്രസിദ്ധീകരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ;

(ഡി) പൊതുഭരണ വകുപ്പ് നൽകിയ രണ്ട് സ്പഷ്ടീകരണ ഉത്തരവുകളിലും 2004 മുതലുള്ള എല്ലാ സീനിയോരിറ്റിക്കും ശ്രീ. ജോൺസൺ ജി.-ക്ക് അർഹതയുണ്ടെന്നും അത് നൽകുന്നതിന് ഉത്തരവായിട്ടും ആ ഉത്തരവ് മനസ്സിലാക്കാൻ കഴിയുന്നില്ലെന്ന് നോട്ട് എഴുതിയ മേലുദ്യോഗസ്ഥൻ ആരാണ്; വീണ്ടും ഉത്തരവ് വളരെ വ്യക്തമായി നൽകിയിട്ടും പ്രസ്തുത ഉദ്യോഗസ്ഥൻ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി

എന്തൊക്കെയെന്ന് വ്യക്തമാക്കാമോ; ഇക്കാര്യത്തിൽ നൽകിയ രണ്ട് സ്പഷ്ടീകരണ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(ഇ) ശ്രീ. ജോൺസൺ ജി.-ക്ക് കെ.എസ്.&എസ്.എസ്.ആർ. റൂൾ 8 പ്രകാരം മാതൃവകുപ്പിൽ മുഴുവൻ സീനിയോരിറ്റിക്കും അർഹതയുണ്ടെന്ന് മൂന്ന് അപ്പീൽ പെറ്റീഷനുകൾ തള്ളിക്കൊണ്ട് കോടതി ഉത്തരവുകൾ നൽകിയിട്ടുണ്ടെങ്കിലും ഒരു ജീവനക്കാരന് അർഹതപ്പെട്ട സർവ്വീസ് ആനുകൂല്യങ്ങൾ നിഷേധിക്കുന്നത് അടിയന്തരമായി പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(എഫ്) ഈ വിഷയത്തിൽ പി.എസ്.സി. മെമ്പർമാരുടെ ഒരു സബ് കമ്മിറ്റി വിശദമായി അന്വേഷിച്ച് മേലിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കുമോ; ചട്ടവിരുദ്ധമായി നോട്ട് എഴുതി നിയമലംഘനം നടത്തിയ ജീവനക്കാരിൽനിന്നും നഷ്ടപരിഹാരം ടിയാന് നൽകുന്നതിന് വ്യവസ്ഥയുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

(ബി-എഫ്) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 28-04-2022-ലെ EST3-3/34872/06/GW നമ്പർ ഉത്തരവ് പ്രകാരം

ശ്രീ. ജോൺസൺ ജി.-ക്ക് മാതൃവകുപ്പിൽ സീനിയോരിറ്റി അനുവദിച്ച് ഉത്തരവാകുകയും ആയത് പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ വിഷയത്തിൽ പൊതുഭരണ വകുപ്പ് നൽകിയ രണ്ട് സ്പഷ്ടീകരണ ഉത്തരവുകളുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.+

## കോഴിക്കോട് ജില്ലയിൽ ആശ്രിത നിയമനം

12 (12) ശ്രീ. ഇ. കെ. വിജയൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്രപേർക്ക് കോഴിക്കോട് ജില്ലയിൽ ആശ്രിത നിയമനം വഴി ജോലി നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) ആശ്രിത നിയമനത്തിനായി സർക്കാരിലേയ്ക്ക് നിലവിൽ എത്ര അപേക്ഷകളാണ് കോഴിക്കോട് ജില്ലയിൽനിന്നും സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ&ബി) 24-05-1999-ലെ G.O.(P) No. 12/99/P&ARD ഉത്തരവിലെ വ്യവസ്ഥകളുടെയും അനുബന്ധ ഉത്തരവുകളിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിലുമാണ് സംസ്ഥാന സർക്കാരിൽ ജോലി ചെയ്യുവരവെ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം നൽകേണ്ടത്. ടി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ അതത് ഭരണ വകുപ്പുകളാണ് ആശ്രിതനിയമനത്തിനുള്ള അപേക്ഷ പരിശോധിച്ച് നിയമനത്തിന് അനുമതി നൽകുന്നത്. ആശ്രിതനിയമനം നൽകിയത് സംബന്ധിച്ച ജില്ല തിരിച്ചുള്ള വിവരം ക്രോഡീകരിച്ചിട്ടില്ല.

**മാർത്താണ്ഡവർമ്മ പാലത്തിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കാൻ നടപടി**

13 (13) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ ബൈപ്പാസിലെ മാർത്താണ്ഡവർമ്മ പാലത്തിലുണ്ടാകുന്ന ഗതാഗതക്കുരുക്ക് ഒഴിവാക്കി ദേശീയപാതയിലൂടെയുള്ള യാത്ര സുഗമമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന നിവേദനത്തിന്മേൽ (CMO

File No. G -3221200926) നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

സി.എം.ഒ. പോർട്ടൽ മുഖേന ലഭിച്ച നിവേദനം (CMO File No. G-3221200926) പദ്ധതി നടപ്പാക്കുന്ന ദേശീയപാത അതോറിറ്റിക്ക് പോർട്ടൽ മുഖേന സമയബന്ധിതമായി നടപടി സ്വീകരിച്ച് റിപ്പോർട്ടിനായി നൽകിയിരുന്നു. ദേശീയപാത അതോറിറ്റിയുടെ പാലക്കാട് പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റ് പ്രോജക്ട് ഡയറക്ടർ ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കി 04-05-2023-ന് ബഹുമാനപ്പെട്ട എം.എൽ.എ.- യ്ക്ക് മറുപടി നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത വിഷയത്തിൽ പൊതുമരാമത്ത് ദേശീയപാത വിഭാഗം അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) വിഷയത്തിൽ ആവശ്യമായ തുടർനടപടികൾ ത്വരിതഗതിയിൽ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(ബി&സി) സി.എം.ഒ. പോർട്ടലിലെ നിവേദനത്തിൽ പൊതുമരാമത്ത് ദേശീയപാത വിഭാഗം സർക്കാരിലേയ്ക്ക് പ്രത്യേകമായി റിപ്പോർട്ട് നൽകിയിട്ടില്ല. ഭാരത്മാല പരിയോജനയുടെ കീഴിൽ അങ്കമാലി മുതൽ കുണ്ടന്നൂർ (ഗ്രീൻ ഫീൽഡ്) വരെയുള്ള അങ്കമാലി ബൈപ്പാസിന്റെ വികസനപ്രവർത്തനങ്ങൾ ദേശീയപാത അതോറിറ്റിയാണ് നടപ്പാക്കുന്നത്. അതിനായി ഡി.പി.ആർ. തയ്യാറാക്കുന്നതിനും 3(A) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുന്നതിനുമുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുന്നു. നിർദ്ദിഷ്ട ബൈപ്പാസ് പൂർത്തീകരിക്കുന്നതോടെ ആലുവ മാർത്താണ്ഡവർമ്മ പാലത്തിലെ ഗതാഗതം സുഗമമാകും. ദേശീയപാത അതോറിറ്റിയുടെ ഡി.പി.ആർ. കൺസൾട്ടന്റാണ് ഡി.പി.ആർ. തയ്യാറാക്കിവരുന്നത്. പ്രസ്തുത ഡി.പി.ആർ. ഫീസിബിലിറ്റി സ്റ്റേജിലാണ്. ഡി.പി.ആർ.-ഉം സ്ഥലമെടുപ്പും മറ്റ് പ്രോജക്ട് ക്ലിയറൻസുകളും ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ പുരോഗമിച്ചുവരുന്നു. എൽ.എ. കമ്മിറ്റിയുടെ സ്റ്റേജ് 1, സ്റ്റേജ് 2 അംഗീകാരം നൽകിയിട്ടുണ്ട്. 3(a) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചു. 3(A) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരണ ഘട്ടത്തിലാണ്.

## റീ-ബിൽഡ് കേരള

14 (14) ശ്രീ. കെ. ബാബു (നെന്മാറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിൽ റീ-ബിൽഡ് കേരളയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ നാളിതുവരെ തുടങ്ങാൻ കഴിഞ്ഞിട്ടില്ലെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പ്രവൃത്തികൾ തുടങ്ങുന്നതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടിക്രമങ്ങളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്നും എന്ന് തുടങ്ങാൻ കഴിയുമെന്നും വിശദമാക്കുമോ?

(എ-സി) റീ-ബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിവരുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**എലത്തൂർ ട്രെയിൻ അപകടത്തിൽ പരിക്ക് പറ്റിയവർക്കുള്ള ധനസഹായം**

15 (15) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എലത്തൂർ ട്രെയിൻ അപകടത്തിൽ പരിക്ക് പറ്റിയവരുടെ ചികിത്സയ്ക്ക് സർക്കാർ ധനസഹായം പ്രഖ്യാപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ;

(ബി) പ്രസ്തുത ധനസഹായം എപ്പോൾ വിതരണം ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

(എ&ബി) 11-04-2023-ലെ സ.ഉ. (എം.എസ്) നം. 78/2023/റവ. പ്രകാരം 02-04-2023-ൽ കോഴിക്കോട് എലത്തൂരിൽ ട്രെയിനിൽ വച്ചുണ്ടായ ആക്രമണത്തിനിടയിൽ മരണപ്പെട്ട കണ്ണൂർ സ്വദേശികളായ കെ.പി. നൗഫീക്ക്, എ. റഹ്മത്ത്, കോഴിക്കോട് സ്വദേശിയായ സെഹ്റ ബത്തൂൽ എന്നിവരുടെ ആശ്രിതർക്ക്/കുടുംബങ്ങൾക്ക് അഞ്ച് ലക്ഷം രൂപ വീതം അനുവദിച്ചും ചികിത്സാ ചെലവിനുള്ള തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിക്കുന്നതാണെന്നും ഉത്തരവായിരുന്നു. (പകർപ്പ്

ഉള്ളടക്കം ചെയ്യുന്നു.[+]) മരണപ്പെട്ടവരുടെ ആശ്രിതർക്കുള്ള ധനസഹായം അനുവദിച്ചിട്ടുള്ളതും പരിക്ക് പറ്റിയിട്ടുള്ളവരുടെ ചികിത്സാ സഹായത്തിനുള്ള അപേക്ഷകൾ ജില്ലാ കളക്ടർമാർ മുഖേന ലഭിച്ചിട്ടില്ലാത്തതും ആയത് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതുമാണ്.

**ബോർഡുകളിലെ ഓവർസിയർ ഗ്രേഡ് നിയമനം**

16 (16) ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഭവന നിർമ്മാണ ബോർഡ് (KSHB), കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് (KLDB) എന്നീ വകുപ്പുകളിൽ ഓവർസിയർ ഗ്രേഡ് 1 (സിവിൽ) തസ്തികയിൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച് ആറ് മാസമായിട്ടും പി.എസ്.സി.-യിൽനിന്നും നിയമന ശിപാർശ നൽകിയിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കാലതാമസം വരാനുള്ള കാരണം വ്യക്തമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംസ്ഥാന ഭവന നിർമ്മാണ ബോർഡിൽ ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് I/ ഓവർസിയർ (സിവിൽ) തസ്തികയിൽ 13 പേർക്കും കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡിൽ ജൂനിയർ ഓവർസിയർ (സിവിൽ) തസ്തികയിൽ 8 പേർക്കും നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത തസ്തികയിൽ നിലവിൽ എത്ര ഒഴിവുകൾ പി.എസ്.സി.- ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ?

നിലവിൽ റിപ്പോർട്ട് ചെയ്ത ഒഴിവുകളിലെല്ലാം നിയമന ശിപാർശ നൽകിയിട്ടുണ്ട്.

**നിലമ്പൂരിൽ റോഡ് പുനരുദ്ധാരണവുമായി ബന്ധപ്പെട്ട പദ്ധതികൾ**

17 (17) <u>ശ്രീ. പി. വി. അൻവർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ഗ്രാമീണ റോഡ് പുനരുദ്ധാരണ പദ്ധതി പ്രകാരം നിലമ്പൂർ നിയോജകമണ്ഡലത്തിൽ നിർമ്മാണം പൂർത്തീകരിച്ച റോഡുകളുടെ പേര്, പഞ്ചായത്ത്, എത്ര തുക ചെലവഴിച്ച എന്നിവ വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം നിർമ്മാണം പൂർത്തീകരിക്കാത്ത റോഡുകളുടെ പേര്, പഞ്ചായത്ത്, ശേഷിക്കുന്ന പ്രവൃത്തികൾ, ആയതിനുള്ള കാരണം, ഇതുവരെ എത്ര തുക ചെലവായി എന്നിവ വ്യക്തമാക്കാമോ?

(എ&ബി) പ്രവൃത്തികളുടെ വിശദാംശങ്ങൾ അടങ്ങുന്ന പട്ടിക അനുബന്ധമായി ചേർക്കുന്നു.+

(സി) പ്രസ്തുത പദ്ധതി പ്രകാരം നിലമ്പൂർ നിയോജകമണ്ഡലത്തിലെ മൂത്തേടം ഗ്രാമപഞ്ചായത്തിലെ മരത്തിൻ കടവ് - കോട്ടക്കുന്ന് റിംഗ് റോഡ് നിർമ്മാണം പൂർത്തിയായിട്ടുണ്ടോ; ആയതിനുള്ള ഫണ്ട് കൈമാറിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

മരത്തിൽ കടവ് കോട്ടക്കുന്ന് റിംഗ് റോഡ് നിർമ്മാണമെന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. നിലവിൽ ടി പ്രവൃത്തിയുടെ ഫണ്ട് കൈമാറിയിട്ടില്ല.

8,73,566/- രൂപയ്ക്ക് ശ്രീ. അബ്ദുൽ അസീസ് എന്ന കരാറുകാരൻ 01-07-2020-ൽ മൂത്തേടം പഞ്ചായത്തിൽ കരാർവച്ച് ഏറ്റെടുത്ത മേൽപ്രവൃത്തിയുടെ നിർമ്മാണവേളയിൽ സംരക്ഷണഭിത്തി തകർന്ന്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വീണതിനെത്തുടർന്ന് പുനർനിർമ്മാണം നടത്താൻ ആവശ്യപ്പെട്ട് ടിയാന് പല തവണ നോട്ടീസ് അയച്ചിരുന്നെങ്കിലും ടിയാന്റെ ഭാഗത്തുനിന്നും നടപടിയൊന്നുമുണ്ടായില്ലെന്ന് മൂത്തേടം ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിനാൽ ടിയനുമായുള്ള കരാർ, പഞ്ചായത്ത് ഭരണസമിതി അംഗീകാരത്തിന് വിധേയമായി, കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ ടെർമിനേറ്റ് ചെയ്ത് മറ്റൊരു ഏജൻസി വഴി, പഞ്ചായത്ത് തീരുമാനത്തിന് വിധേയമായി, റെക്ടിഫിക്കേഷൻ നടത്തി പൂർത്തീകരിക്കുന്നതാണെന്ന് തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**റീ-ബിൽഡ് കേരള പദ്ധതി**

18 (18) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആലപ്പുഴ നിയോജകമണ്ഡലത്തിൽ റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവുമായി ബന്ധപ്പെട്ട് അംഗീകാരം ലഭിച്ച പദ്ധതികളുടെ വിശദാംശങ്ങൾ നൽകാമോ;

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി, ചെലവഴിക്കുന്ന തുക, നിർവ്വഹണ ഏജൻസി എന്നീ വിവരങ്ങൾ ലഭ്യമാക്കാമോ?

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആലപ്പുഴ നിയോജകമണ്ഡലത്തിൽ റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവുമായി ബന്ധപ്പെട്ട് അംഗീകാരം നൽകിയ പുതിയ പ്രവൃത്തികൾ നിലവിലില്ല. എന്നാൽ 2018-നുശേഷം റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവുമായി ബന്ധപ്പെട്ട് ആലപ്പുഴ നിയോജകണ്ഡലത്തിൽ അനുവദിച്ചിരുന്ന പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്.

**തവനൂർ നിയോജകമണ്ഡലത്തിലെ റീ-ബിൽഡ് കേരള പദ്ധതികൾ**

19 (19) ഡോ. കെ. ടി. ജലീൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തവനൂർ നിയോജകമണ്ഡലത്തിൽ റീ-ബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

(എ&ബി) തവനൂർ നിയോജകമണ്ഡലത്തിൽ റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവിന് കീഴിൽ നടപ്പാക്കുന്ന പദ്ധതികളുടെ നിലവിലുള്ള സ്ഥിതി സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

**കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ റീ-ബിൽഡ് കേരള പദ്ധതി**

20 (20) <u>ശ്രീ. പി. വി. ശ്രീനിജിൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ റീ-ബിൽഡ് കേരള പദ്ധതി പ്രകാരം നടന്നുവരുന്ന റോഡ് നിർമ്മാണ പ്രവൃത്തികളുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) റോഡ് നിർമ്മാണ പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ?

(എ-സി) കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവിനുകീഴിൽ നടപ്പാക്കുന്ന റോഡ് നിർമ്മാണ പ്രവൃത്തികളുടെ നിലവിലുള്ള സ്ഥിതി സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു.+ ആർ.കെ.ഐ. ഭരണാനുമതി നൽകിയ 6 റോഡുകളിൽ മൂന്നെണ്ണം പൂർത്തിയായിട്ടുണ്ട്. ശേഷിക്കുന്നവ പുരോഗമിക്കുന്നു. പ്രസ്തുത പ്രവൃത്തികളുടെ പ്രവർത്തന പുരോഗതി ഇടയ്ക്കിടെ വിവിധ തലങ്ങളിൽ വിലയിരുത്തുന്നുണ്ട്.

(ഡി) റീ-ബിൽഡ് കേരള പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ മണ്ഡലത്തിൽനിന്ന് കൂടുതൽ പദ്ധതികൾ ഉൾപ്പെടുത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

റീ-ബിൽഡ് കേരള പദ്ധതിയുടെ രണ്ടാംഘട്ടം തത്കാലം പരിഗണനയിലില്ല.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## റീ-ബിൽഡ് കേരള പദ്ധതി

21 (21) ശ്രീ. എം. എം. മണി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉടുമ്പൻചോല നിയോജകമണ്ഡലത്തിൽ റീ-ബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള പ്രവൃത്തികൾ, എസ്റ്റിമേറ്റ് തുക ഇവ സംബന്ധിച്ച വിശദാംശം നൽകാമോ;

(ബി) ഈ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള പ്രവർത്തനങ്ങളിൽ എത്രയെണ്ണം പൂർത്തിയായി; നിലവിൽ നിർമ്മാണം ആരംഭിച്ചവ, അനുവദിച്ച തുക ഇവ സംബന്ധിച്ച വിശദാംശം നൽകാമോ?

(എ&ബി) ഉടുമ്പൻചോല നിയോജകമണ്ഡലത്തിൽ റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി നടപ്പാക്കിവരുന്ന പദ്ധതികളും അവയുടെ പുരോഗതി ഉൾപ്പെടെയുള്ള വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു.+

(സി) റീ-ബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെട്ടിരുന്നതും നാളിതുവരെ നിർമ്മാണം ആരംഭിക്കാത്തതുമായ പ്രവൃത്തികൾ സംബന്ധിച്ച വിശദാംശം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നൽകാമോ; ഈ പ്രവൃത്തികൾക്കായുള്ള നടപടിക്രമങ്ങൾ നിലവിൽ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകാമോ?

മാങ്ങാത്തൊട്ടി-കനകപ്പുഴ-എൻ.ആർ. സിറ്റി റോഡ് - ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു.

**കാർഷിക - മൂല്യവർദ്ധിത വ്യവസായങ്ങളുടെ വൈവിദ്ധ്യവത്കരണത്തിന് ബയോടെക്നോളജി**

22 (22) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. വി. ജോയി:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പരമ്പരാഗത വ്യവസായങ്ങളുടെയും കാർഷിക - മൂല്യവർദ്ധിത വ്യവസായങ്ങളുടെയും വൈവിദ്ധ്യവത്കരണത്തിന് ബയോടെക്നോളജി ഉപയോഗപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ?

ഗ്രാമീണ മേഖലയിൽ ബയോടെക്നോളജി വികസനത്തിനായി കേരള ബയോടെക്നോളജി കമ്മീഷൻ നടത്തിവരുന്ന പദ്ധതിയാണ് ബയോടെക്നോളജി ഇന്നൊവേഷൻസ് ഫോർ റൂറൽ ഡെവലപ്‌മെന്റ് (BIRD). ഈ പദ്ധതിയിലൂടെ സ്വയംസഹായ സംഘങ്ങൾക്കും കുടുംബശ്രീ കൂട്ടായ്മകൾക്കും ജൈവസാങ്കേതികവിദ്യ അടിസ്ഥാനമാക്കിയുള്ള കാർഷിക ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധനവിനും മികച്ച നിലവാരത്തിലുള്ള കാർഷിക വിളകൾ ഉൽപ്പാദിപ്പിക്കുന്നതിനും 5 ലക്ഷം രൂപ വരെ ധനസഹായം നൽകിവരുന്നു.

ബയോടെക്നോളജി വിഭാഗത്തിൽപ്പെട്ട അഗ്രോ ബയോടെക്നോളജി, ഇൻഡസ്ട്രിയൽ ബയോടെക്നോളജി, ബയോ-ഫാർമ എന്നീ ഉപവിഭാഗങ്ങളിൽപ്പെട്ട നൂതനമായ ടെക്നോളജീസ് കണ്ടുപിടിക്കുന്ന വിധത്തിലാണ് തിരുവനന്തപുരത്ത് ലൈഫ് സയൻസ് പാർക്ക് വിഭാവനം ചെയ്തിരിക്കുന്നത്. ഇതുമൂലം കാർഷിക ഉൽപ്പന്നങ്ങളുടെ വൈവിധ്യവത്കരണത്തിന് സാധ്യതയുണ്ടാകുമെന്നാണ് കരുതുന്നത്.

(ബി) തോന്നയ്ക്കലിലെ ലൈഫ് സയൻസ് പാർക്കിന്റെ നിർമ്മാണ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഉണ്ട്. തിരുവനന്തപുരത്തെ തോന്നയ്ക്കലിൽ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ (കെ.എസ്.ഐ.ഡി.സി) സ്ഥാപിക്കുന്ന ലൈഫ് സയൻസ് പാർക്ക് പദ്ധതി രണ്ട് ഘട്ടങ്ങളായിട്ടാണ് നടപ്പാക്കുന്നത്. പാർക്കിൽ അത്യാധുനിക ഓഫീസ് സ്ഥലം, ഇൻകുബേഷൻ സെന്റർ, ഇൻഫ്രാസ്ട്രക്ചർ സൗകര്യങ്ങളുള്ള ലാബ് മൊഡ്യൂളുകൾ എന്നിവ ഉൾപ്പെടുത്തുന്നുണ്ട്. കാര്യനിർവ്വഹണ സൗകര്യാർത്ഥം ആദ്യഘട്ടത്തിൽ 70 ഏക്കർ ഭൂമിയും രണ്ടാംഘട്ടത്തിൽ 86 ഏക്കർ ഭൂമിയും ഏറ്റെടുത്തുകഴിഞ്ഞു. 20 മീറ്റർ വീതിയുള്ള ആന്തരിക റോഡുകളുൾപ്പെടെ പാർക്കിൽ അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി ജലവും (1 MLD) വൈദ്യുതിയും (3MVA) വിതരണം ചെയ്യുന്നതിനുള്ള ക്രമീകരണങ്ങൾ ഒന്നാംഘട്ടത്തിൽ ഒരുക്കിയിട്ടുണ്ട്.

സംസ്ഥാന ശാസ്ത്ര-സാങ്കേതിക വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി, കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി (K-VASU)-യുടെ കീഴിൽ പ്രവർത്തിക്കുന്ന റിസർച്ച്-കം-ലേണിംഗ് സെന്റർ എന്നിവയാണ് ഇപ്പോൾ

പാർക്കിൽ പ്രവർത്തിക്കുന്ന പ്രധാന പദ്ധതികൾ. കൂടാതെ, രണ്ടാംഘട്ടത്തിൽ ഏറ്റെടുത്ത 86 ഏക്കറിൽ പ്ലാൻ ചെയുന്ന പാർക്കിന്റെ അടിസ്ഥാനസൗകര്യ വികസനത്തിനാവശ്യമായ ആന്തരിക റോഡുകൾ, ചുറ്റുമതിലുകൾ, തെരുവ് വിളക്കുകൾ തുടങ്ങിയവയുടെ നിർമ്മാണ പ്രവൃത്തികൾ മാർച്ച് 2024-ൽ പൂർത്തീകരിക്കുന്നതാണ്. ശ്രീചിത്തിരതിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജിയുമായി (SCTIMST) ചേർന്ന് സംയുക്ത സംരംഭമായി കെ.എസ്.ഐ.ഡി.സി., ലൈഫ് സയൻസ് പാർക്കിലെ 9 ഏക്കർ സ്ഥലത്ത് മെഡിക്കൽ ഉപകരണ പാർക്ക് (മെഡ്സ് പാർക്ക്) സ്ഥാപിക്കുന്നത് സംബന്ധിച്ച നടപടികൾ സ്വീകരിച്ചുവരുന്നു.

മെഡ്സ് പാർക്കിലെ നിർദ്ദിഷ്ട സൗകര്യങ്ങൾ ചുവടെ വിശദമാക്കിയിരിക്കുന്നു.

Large Animal Breeding Centre, Prototyping – Pilot Manufacturing and Incubation Centre, Medical Device Testing & Evaluation Centre, R&D and Knowledge Resource Centre.

മെഡ്സ് പാർക്ക് പദ്ധതിയുടെ എസ്റ്റിമേറ്റ് ചെലവ് 286 കോടി രൂപയാണ്. പദ്ധതിയിലുൾപ്പെട്ട ആനിമൽ ഹൗസ്, പ്രോട്ടോടൈപ്പ് & ഇൻകുബേഷൻ സെന്റർ തുടങ്ങിയവയുടെ നിർമ്മാണം നിലവിൽ നടന്നുകൊണ്ടിരിക്കുന്നു. ടി നിർമ്മാണങ്ങൾ 2024 സെപ്റ്റംബറോടെ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഇതുകൂടാതെ വിവിധ പദ്ധതികൾ സ്ഥാപിക്കുന്നതിനായി അഞ്ചോളം കമ്പനികൾക്ക് സ്ഥലം അനുവദിച്ചിട്ടുണ്ട്.

**(സി) കെ.എസ്.സി.എസ്.റ്റി.ഇ. (കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ്, ടെക്നോളജി & എൻവയോൺമെന്റ്)-യുടെ വൈറോളജി പ്രോജക്ടിന്റെ അടുത്തഘട്ട പ്രവർത്തനങ്ങളിൽ എന്തെല്ലാം സൗകര്യങ്ങളാണ് സജ്ജീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?**

1. സംസ്ഥാന ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി പ്രോജക്ടിന്റെ രണ്ടാംഘട്ട വികസനത്തിന്റെ ഭാഗമായി ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഫേസ് IB

(80000 ചതുരശ്ര അടി) കെട്ടിടത്തിൽ 8 ബി.എസ്.എൽ. II ലാബുകൾ സജ്ജീകരിച്ച് പ്രവർത്തനം തുടങ്ങി.

2. ക്ലിനിക്കൽ സാമ്പിളുകളിൽനിന്ന് അജ്ഞാത രോഗകാരികളെ കണ്ടെത്തുന്നതിന് മെറ്റാജെനോമിക് സീക്വൻസിംഗ് ഫെസിലിറ്റി പ്രവർത്തനം തുടങ്ങി.

3. വാക്സിൻ ഇമ്മ്യൂൺ സ്റ്റഡീസിനും സീറോ സർവൈലൻസ് സ്റ്റഡീസിനും വേണ്ടി വൈറൽ ബയോഅസ്സെ ഫെസിലിറ്റി (Viral Bioassay Facility) പ്രവർത്തനം തുടങ്ങി.

4. റീകോമ്പിനന്റ് ഹ്യൂമൻ മോണോക്ലോണൽ ആന്റിബോഡികൾ (mAbs) ഉൽപ്പാദിപ്പിക്കുന്നതിനുള്ള ഫേജ് ഡിസ്പ്ലേ സ്ക്രീനിംഗ് ഫെസിലിറ്റി നിർമ്മിക്കുന്നതിനായി ബാക്ടീരിയോഫേജ് ലാബ് പ്രവർത്തനം തുടങ്ങി.

കൂടാതെ ബി.എസ്.എൽ. III ഫെസിലിറ്റി, ട്രാൻസ്ജെനിക് അനിമൽ റിസർച്ച് ഫെസിലിറ്റി തുടങ്ങിയവ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു.

(ഡി) പ്രസ്തുത പ്രോജക്ടിനോടനുബന്ധിച്ച് വ്യവസായ യൂണിറ്റുകൾക്ക് സ്ഥല സൗകര്യങ്ങൾ നൽകുന്നതിനോടൊപ്പം ഗവേഷണത്തിനും ആവശ്യമായ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ടോ?

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയിൽ വൈറോളജി ഗവേഷണങ്ങൾക്കും പുതിയ കണ്ടുപിടിത്തങ്ങൾ ഉൽപ്പന്നങ്ങളാക്കുന്നതിനും വേണ്ടിയുള്ള ഇൻകുബേഷൻ സൗകര്യങ്ങൾ ചെയ്തുവരികയാണ്. വൈറോളജി/ബയോടെക്നോളജി സ്ഥാപനങ്ങളുമായി യോജിച്ച് പുതിയ ഉപകരണങ്ങളും മരുന്നുകളും ഉത്പാദിപ്പിക്കാനുള്ള പദ്ധതിയും വിഭാവനം ചെയ്തിട്ടുണ്ട്.

**വിവിധ തസ്തികകളിലുണ്ടാകുന്ന സൂപ്പർആനുവേഷൻ ഒഴിവുകൾ നികത്തൽ**

23 (23) <u>ശ്രീ. എച്ച്. സലാം</u>: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

എല്ലാ സർക്കാർ വകുപ്പുകളിലും സ്പാർക്ക് നിർബന്ധമാക്കിയതോടെ വിവിധ തസ്തികകളിലുണ്ടാകുന്ന സൂപ്പർ ആനുവേഷൻ ഒഴിവുകൾ നികത്തുന്നതിനും ആയത് വിവിധ പി.എസ്.സി. റാങ്ക് ലിസ്റ്റിലുള്ള

ഉദ്യോഗാർത്ഥികൾക്ക് ലഭ്യമാക്കുന്നതിനും ഒരു സംവിധാനം പി.എസ്.സി.-യിൽ ഏർപ്പെടുത്തുന്നത് സംബന്ധിച്ച സബ്മിഷന് നൽകിയ മറുപടിയിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

ഒഴിവുകൾ കൃത്യമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതും റാങ്ക് പട്ടികയിൽ ഉൾപ്പെടുത്തേണ്ട ഉദ്യോഗാർത്ഥികളുടെ എണ്ണം എന്നിവ അടക്കമുള്ള വിഷയങ്ങൾ പരിശോധിക്കുന്നതിനായി പി.എസ്.സി. അംഗങ്ങളും പി.എസ്.സി. ഉദ്യോഗസ്ഥരും സർക്കാർ പ്രതിനിധികളും ഉൾപ്പെടുന്ന ഒരു കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. സ്പാർക്ക് മുഖേന ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച വിഷയവും ടി കമ്മിറ്റി പരിശോധിക്കുന്നതാണ്.

**എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എഞ്ചിനീയർ നിയമനം**

24 (24) ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) (കാറ്റഗറി നമ്പർ 125/2020) തസ്തികയ്ക്കായി റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ;

എങ്കിൽ നാളിതുവരെ എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) എത്ര റാങ്ക് വരെയുള്ളവർക്കാണ് നിയമന ശിപാർശ നൽകിയിട്ടുള്ളതെന്ന് അറിയിക്കുമോ?

263 ഉദ്യോഗാർത്ഥികൾക്ക് നിയമനശിപാർശ നൽകിയിട്ടുണ്ട്. നിയമനശിപാർശ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) പ്രസ്തുത തസ്തികയിൽ എത്ര ഒഴിവുകളാണ് നിലവിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളത്; ഈ ഒഴിവുകളിൽ നിയമന ശിപാർശ അയച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ?

റിപ്പോർട്ട് ചെയ്ത എല്ലാ ഒഴിവുകളിലേയ്ക്കും നിയമന ശിപാർശ നൽകിയിട്ടുണ്ട്.

### പി.എസ്.സി. നിയമനം

25 (25) ശ്രീ. കെ. ബാബു (നെന്മാറ): താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ഉദ്യോഗാർത്ഥികൾക്കാണ് പി.എസ്.സി. മുഖേന ജോലി നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ; ആയതിന്റെ വകുപ്പ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

2023 ജൂൺ വരെ 54419 (അൻപത്തിനാലായിരത്തി നാനൂറ്റി പത്തൊൻപത്) ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി. നിയമന ശിപാർശ നൽകിയിട്ടുണ്ട്. വകുപ്പ് തിരിച്ചുള്ള വിവരങ്ങൾ ക്രോഡീകരിച്ചിട്ടില്ല.

**പി.എസ്.സി. വഴി നിയമനം കിട്ടിയ പട്ടികവർഗ്ഗക്കാർ**

26 (26) ശ്രീ. ഒ. ആർ. കേളു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2016 ജൂൺ മുതൽ 2023 ജൂലൈ 31 വരെയുള്ള കാലയളവിൽ പി.എസ്.സി. വഴി നിയമനം കിട്ടിയ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളുകളുടെ എണ്ണം വകുപ്പ്, ജില്ല എന്നിവ തിരിച്ച് ലഭ്യമാക്കാമോ?

2016 ജൂൺ മുതൽ 2023 ജൂൺ വരെ ആകെ 7170 പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി. നിയമന ശിപാർശ നൽകിയിട്ടുണ്ട്. വകുപ്പ്, ജില്ല തിരിച്ചുള്ള വിവരം ശേഖരിച്ചിട്ടില്ല.

(ബി) പട്ടികവർഗ്ഗക്കാർക്കുവേണ്ടി 2016 ജൂണിനുശേഷം പി.എസ്.സി. ഏതൊക്കെ തസ്തികകളിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തിയിട്ടുണ്ടെന്നും ഓരോ റിക്രൂട്ട്മെന്റിലും എത്ര പേർക്ക് നിയമനം നൽകിയെന്നുമുള്ള കണക്ക് പുരുഷ/വനിത എന്നിങ്ങനെ തിരിച്ച് ലഭ്യമാക്കാമോ?

2016 ജൂണിനുശേഷം ആകെ 1924 (ആയിരത്തി തൊള്ളായിരത്തി ഇരുപത്തിനാല്) പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്. സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തിയ തസ്തികകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.+ പുരുഷ/വനിത എന്നിങ്ങനെ തരംതിരിച്ചുള്ള കണക്ക് ശേഖരിക്കാറില്ല.

**പി.എസ്.സി. മുഖേനയുള്ള നിയമനങ്ങൾ**

27 (27) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ എത്രപേർക്ക് പി.എസ്.സി. മുഖേന നിയമനം നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ?

2023 ജൂൺ വരെ 54419 (അൻപത്തിനാലായിരത്തി നാന്നൂറ്റി പത്തൊൻപത്) പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ബി) ഒഴിവുകൾ കൃത്യമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഒഴിവുകൾ കൃത്യമായി ഓൺലൈനായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഓൺലൈൻ മുഖേന ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് പി.എസ്.സി. പരിശീലനവും നൽകിയിട്ടുണ്ട്.

(സി) പി.എസ്.സി. മുഖേനയുള്ള നിയമനങ്ങൾ വേഗതയിലാക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

റാങ്ക് ലിസ്റ്റുകളിൽനിന്ന് പരമാവധി നിയമനങ്ങൾ നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഒരു കലണ്ടർ വർഷത്തെ പ്രതീക്ഷിത ഒഴിവുകളുൾപ്പെടെ എല്ലാ ഒഴിവുകളും മുൻകൂട്ടി/യഥാസമയം റിപ്പോർട്ട് ചെയ്യാൻ എല്ലാ നിയമനാധികാരികൾക്കും കർശന നിർദ്ദേശം നൽകിവരുന്നു. പി.എസ്.സി.-യുടെ പ്രവർത്തനങ്ങൾ കൂടുതൽ വേഗത്തിലാക്കുന്നതിനും സുതാര്യമാക്കുന്നതിനുമായി തെരഞ്ഞെടുപ്പ് നടപടികൾക്ക് ഓൺലൈൻ സംവിധാനങ്ങൾ പ്രയോജനപ്പെടുത്തിവരുന്നു. ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നത് മുതൽ റാങ്ക് പട്ടിക തയ്യാറാക്കുന്നത് വരെ മുഴുവൻ നടപടികളും കമ്പ്യൂട്ടർവത്കരിച്ചിട്ടുണ്ട്. പി.എസ്.സി. ആസ്ഥാന ഓഫീസിലും വിവിധ ജില്ലകളിലും ഓൺലൈൻ പരീക്ഷാ കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. നിയമന ശിപാർശ കൂടി കമ്പ്യൂട്ടർവത്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2022 വരെ വിജ്ഞാപനം ചെയ്ത എല്ലാ തസ്തികകളുടെയും പരീക്ഷകൾ 2023-ൽ പൂർത്തിയാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. Uniformed Forces-ലെ ഒഴിവുകൾ സമയബന്ധിതമായി നികത്തുന്നതിലേയ്ക്ക് വാർഷിക തെരഞ്ഞെടുപ്പ് നടപ്പാക്കിയിട്ടുണ്ട്.

**പി.എസ്.സി. നിയമനം ത്വരിതപ്പെടുത്താൻ നടപടി**

28 (28) <u>ശ്രീ. എം. വിജിൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-ലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2023 ജൂൺ മാസം വരെ എത്ര ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി. വഴി നിയമനം നൽകാൻ കഴിഞ്ഞിട്ടുണ്ട്; വിശദമാക്കാമോ?

2016 മുതൽ 2023 ജൂൺ വരെ 215687 (രണ്ട് ലക്ഷത്തി പതിനയ്യായിരത്തി അറുന്നൂറ്റി എൺപത്തിയേഴ്) ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ബി) പി.എസ്.സി. വഴിയുള്ള നിയമനം ത്വരിതപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

റാങ്ക് ലിസ്റ്റുകളിൽനിന്ന് പരമാവധി നിയമനങ്ങൾ നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഒരു കലണ്ടർ വർഷത്തെ പ്രതീക്ഷിത ഒഴിവുകളുൾപ്പെടെ എല്ലാ ഒഴിവുകളും

മുൻകൂട്ടി/യഥാസമയം റിപ്പോർട്ട് ചെയ്യാൻ എല്ലാ നിയമനാധികാരികൾക്കും കർശന നിർദ്ദേശം നൽകിവരുന്നു.

പി.എസ്.സി.-യുടെ പ്രവർത്തനങ്ങൾ കൂടുതൽ വേഗത്തിലാക്കുന്നതിനും സുതാര്യമാക്കുന്നതിനുമായി തെരഞ്ഞെടുപ്പ് നടപടികൾക്ക് ഓൺലൈൻ സംവിധാനങ്ങൾ പ്രയോജനപ്പെടുത്തിവരുന്നു. ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നത് മുതൽ റാങ്ക് പട്ടിക തയ്യാറാക്കുന്നത് വരെ മുഴുവൻ നടപടികളും കമ്പ്യൂട്ടർവത്കരിച്ചിട്ടുണ്ട്. പി.എസ്.സി. ആസ്ഥാന ഓഫീസിലും വിവിധ ജില്ലകളിലും ഓൺലൈൻ പരീക്ഷാ കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. നിയമന ശിപാർശകൂടി കമ്പ്യൂട്ടർവത്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2022 വരെ വിജ്ഞാപനം ചെയ്ത എല്ലാ തസ്തികകളുടെയും പരീക്ഷകൾ 2023-ൽ പൂർത്തിയാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. Uniformed Forces-ലെ ഒഴിവുകൾ സമയബന്ധിതമായി നികത്തുന്നതിലേയ്ക്ക് വാർഷിക തെരഞ്ഞെടുപ്പ് നടപ്പാക്കിയിട്ടുണ്ട്.

## എൽ.ഡി. ടൈപ്പിസ്റ്റ് റാങ്ക് ലിസ്റ്റ്

29 (29) <u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ വിവിധ വകുപ്പുകളിലേയ്ക്കുള്ള എൽ.ഡി. ടൈപ്പിസ്റ്റ് റാങ്ക് ലിസ്റ്റ് എന്നാണ് നിലവിൽ വന്നതെന്നും എത്രപേരുടെ റാങ്ക് ലിസ്റ്റാണ് നിലവിലുള്ളതെന്നും ഇതിൽനിന്നും എത്രപേർക്ക് നിയമനം നൽകിയെന്നും വിശദമാക്കാമോ?

റാങ്ക് പട്ടിക 10-11-2020-ന് നിലവിൽ വന്നിട്ടുണ്ട്. റാങ്ക് പട്ടികയിൽ 804 ഉദ്യോഗാർത്ഥികൾ ഉൾപ്പെട്ടിട്ടുണ്ട്. (മെയിൻ പട്ടിക-395, സപ്ലിമെന്ററി പട്ടിക - 347, ബൈട്രാൻസ്ഫർ-62). 175 ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ബി) കഴിഞ്ഞ പ്രാവശ്യം ഇതേ തസ്തികയിൽ എത്രപേരുടെ റാങ്ക് ലിസ്റ്റാണ് ഉണ്ടായിരുന്നതെന്നും അതിൽനിന്നും എത്രപേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ടെന്നുമുള്ള വിശദാംശം നൽകാമോ?

മുൻ റാങ്ക് പട്ടികയിൽ 1783 ഉദ്യോഗാർത്ഥികൾ ഉൾപ്പെട്ടിരുന്നു (മെയിൻ പട്ടിക - 676, സപ്ലിമെന്ററി പട്ടിക - 1107). ടി റാങ്ക് പട്ടികയിൽ നിന്നും 330 ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(സി) പി.എസ്.സി.-യിലേയ്ക്ക് ഇതേ തസ്തികയിൽ നിയമന ശിപാർശയ്ക്കായി എത്ര ഒഴിവുകളാണ് നിലവിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

റിപ്പോർട്ട് ചെയ്ത 12 ഒഴിവുകളിലേയ്ക്ക് നിയമന ശിപാർശ നൽകുന്നതിനുള്ള നടപടികൾ പി.എസ്.സി.-യിൽ പുരോഗമിച്ചുവരുന്നു.

(ഡി) എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ അടുത്ത രണ്ട് വർഷങ്ങളിലായി തിരുവനന്തപുരം ജില്ലയിൽ എത്രപേർ സർവ്വീസിൽനിന്നും വിരമിക്കുമെന്നും ഇതിന് ആനുപാതികമായി എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്യുമെന്നും വിശദമാക്കാമോ?

ഒഴിവുകളുണ്ടാകുന്ന മുറയ്ക്കുതന്നെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ എല്ലാ വകുപ്പ് മേധാവികൾക്കും നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) സംസ്ഥാനത്തെ വിവിധ വകുപ്പുകളിൽ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ എംപ്ലോയ്മെന്റ് വഴിയോ താൽക്കാലികമായോ ജോലി ചെയ്യുന്നവരുണ്ടോ; എങ്കിൽ അവരെ അടിയന്തരമായി മാറ്റി ആ ഒഴിവുകളിലേയ്ക്ക് പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും നിയമന ശിപാർശ നൽകുമോ; വ്യക്തമാക്കാമോ?

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനം, ദിവസക്കൂലി/കരാർ നിയമനം മുതലായ താത്കാലിക നിയമന രീതികളൊന്നും പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുള്ള ഒരു തസ്തികയിലും അവലംബിക്കാൻ പാടുള്ളതല്ലെന്ന് വകുപ്പ് മേധാവികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(എഫ്) കോവിഡ് രോഗബാധ രൂക്ഷമായിരുന്ന കാലയളവിൽ പ്രസിദ്ധീകരിക്കപ്പെട്ട റാങ്ക് ലിസ്റ്റുകളിൽനിന്നും മതിയായ രീതിയിൽ നിയമനം നടക്കാത്ത സാഹചര്യത്തിൽ ആ കാലയളവിൽ പ്രസിദ്ധീകരിക്കപ്പെട്ട റാങ്ക് ലിസ്റ്റുകൾ ഒരു വർഷത്തേയ്ക്ക് നീട്ടുന്ന കാര്യം ഗൗരവമായി പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ?

റാങ്ക് പട്ടികകളുടെ കാലാവധി ദീർഘിപ്പിക്കുന്ന വിഷയം പരിഗണനയിലില്ല.

**ഡിസെബിലിറ്റി ലീവ്**

30 (30) <u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.&എസ്.എസ്.ആർ. റൂൾ 97-ലും 98-ലും പ്രതിപാദിക്കുന്ന ജോലിയിലിരിക്കെ സംഭവിക്കുന്ന അപകടങ്ങൾക്ക് നൽകുന്ന ഡിസെബിലിറ്റി ലീവിന്റെ നിർവ്വചനം ജോലിക്ക് പോകുമ്പോഴും വരുമ്പോഴുമുള്ള യാത്രാമധ്യേ സംഭവിക്കുന്ന അപകടങ്ങൾക്കും ബാധകമാണെന്ന് ഹൈക്കോടതി ഡിവിഷൻ ബഞ്ച് പ്രസ്താവിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വീട്ടിൽനിന്നും ഓഫീസിലേയ്ക്കുള്ള യാത്രയ്ക്കിടയിൽ അപകടം സംഭവിച്ച ശ്രീമതി ഷൈലജ ഉണ്ണിത്താന് കെ.എസ്.ആർ. ഭാഗം I, ചട്ടം 98 പ്രകാരം പ്രത്യേക അവശത അവധി അനുവദിക്കാവുന്നതാണെന്ന് W.P.(C) No.

27593 of 2019 നമ്പർ കേസിലെ 19-11-2020-ലെ വിധിന്യായത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ആയതിന്റെ അടിസ്ഥാനത്തിൽ സമാന സാഹചര്യങ്ങളിൽ ചില പ്രത്യേക വിഭാഗം ജീവനക്കാർക്ക് ബാധകമായ റൂൾ 103 അനുസരിച്ചുള്ള ഹോസ്പിറ്റൽ ലീവിനും ഹൈക്കോടതി റൂൾ ബാധകമാകുമോ; ഇല്ലെങ്കിൽ ആയത് വിശദീകരിക്കാമോ;

(സി) കേരള ഹൈക്കോടതി ഉത്തരവിന്റെ അന്ത:സത്ത ഉൾക്കൊള്ളാതെ ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സംസ്ഥാന പോലീസ് മേധാവിക്ക് 04-02-2022-ന് നൽകിയ എ-4/154/2021 നമ്പർ കത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പിൻവലിക്കാൻ നിർദ്ദേശം നൽകാമോ;

(ഡി) കേരള ഹൈക്കോടതി ഉത്തരവിന് ആനുപാതികമായി റൂൾ 103 പ്രകാരം ജോലിക്ക് പോകുന്ന വഴി സംഭവിച്ച അപകടത്തെ തുടർന്ന് എടുത്തിട്ടുള്ള ലീവ് ഹോസ്പിറ്റൽ ലീവിന്റെ പരിധിയിൽ വരില്ലെന്ന

കാരണത്താൽ പോലീസ് വകുപ്പിൽ ആയത് നിരസിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(ബി-ഡി) പ്രത്യേക അവശത അവധി (ചട്ടം 97, 98), ആശുപത്രി അവധി (ചട്ടം 103) എന്നിവ കേരള സർവ്വീസ് ചട്ടങ്ങളിലെ വ്യത്യസ്ത ചട്ടങ്ങൾ പ്രകാരമാണ് അനുവദിക്കുന്നത്. W.P.(C) No. 27593 of 2019 നമ്പർ കേസിലെ 19-11-2020-ലെ വിധിന്യായത്തിൽ ശ്രീമതി ഷൈലജ ഉണ്ണിത്താന് കെ.എസ്.ആർ., ഭാഗം I, ചട്ടം 98 പ്രകാരം പ്രത്യേക അവശത അവധി അനുവദിക്കാനാണ് ഉത്തരവായിട്ടുള്ളത്. എന്നാൽ കെ.എസ്.ആർ., ഭാഗം I, ചട്ടം 103 പ്രകാരം ചില പ്രത്യേക വിഭാഗം ജീവനക്കാർക്ക് അനുവദനീയമായ ആശുപത്രി അവധി ഔദ്യോഗിക കൃത്യനിർവ്വഹണത്തിലെ അപകട സാധ്യതമൂലം നേരിട്ട് സംഭവിച്ച പരിക്ക് അല്ലെങ്കിൽ രോഗം എന്നിവയുടെ ചികിത്സയ്ക്കായാണ് അനുവദിക്കുന്നത്. കൂടാതെ, പരിക്ക് അല്ലെങ്കിൽ രോഗം ഔദ്യോഗിക കൃത്യനിർവ്വഹണത്തിലെ അപകട സാധ്യതമൂലം നേരിട്ട് സംഭവിച്ചതാണ് എന്നത് സംബന്ധിച്ച് ഓഫീസ് തലവനിൽനിന്നുള്ള

സാക്ഷ്യപത്രത്തിന്റെയും മെഡിക്കൽ സർട്ടിഫിക്കറ്റിന്റെയും അടിസ്ഥാനത്തിൽ മാത്രമെ ആശുപത്രി അവധി അനുവദിക്കുകയുള്ളൂവെന്നും ചട്ടങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ 19-11-2020-ലെ ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവ് കെ.എസ്.ആർ., ഭാഗം I, ചട്ടം 103 പ്രകാരമുള്ള ആശുപത്രി അവധിക്ക് ബാധകമാകുന്നില്ല. മേൽ വ്യക്തമാക്കിയിട്ടുള്ള ചട്ടങ്ങൾക്ക് അനുസൃതമായാണ് 04-02-2022-ലെ സർക്കാർ കത്ത് നം. എ 4/154/2021/ആഭ്യന്തരം പുറപ്പെടുവിച്ചിട്ടുള്ളത് എന്നതിനാൽ ഈ കത്ത് പിൻവലിക്കാനുള്ള സാഹചര്യം നിലവിലില്ല.

(ഇ) ഇത്തരത്തിൽ ലീവ് നിരസിച്ചതിനെതിരെ ഏതെങ്കിലും ജീവനക്കാർ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിനെ സമീപിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത്തരത്തിലുള്ള എത്ര കേസുകൾ നിലവിലുണ്ട്; പ്രസ്തുത കേസുകളിൽ സർക്കാർ സമയബന്ധിതമായി സത്യവാങ്മൂലം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

(എഫ്) കെ.എസ്.&എസ്.എസ്.ആർ. റൂൾ 97, 98 എന്നിവയ്ക്ക് സമാനമായ സാഹചര്യങ്ങൾ റൂൾ 103-ലും പ്രതിപാധിക്കുന്നതിനാൽ കേരള ഹൈക്കോടതിയുടെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ റൂൾ 103 ബാധകമായ ജീവനക്കാർക്കും ഡിസെബിലിറ്റി ലീവ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

നിലവിൽ ഈ വിഷയം സർക്കാരിന്റെ പരിഗണനയിലില്ല.

**മാതൃവകുപ്പിൽ തിരിച്ചെത്തുന്ന ജീവനക്കാരന് സീനിയോരിറ്റി നൽകുന്നതിൽ കാലതാമസം**

31 (31) ശ്രീ. തോമസ് കെ. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാതൃവകുപ്പിൽ നിന്ന് പി.എസ്.സി.-യുടെ പുതിയ അഡ്വൈസിൽ മറ്റൊരു ജോലിയിൽ പ്രവേശിക്കുന്ന ഒരു വ്യക്തിക്ക് കെ.എസ്.& എസ്.എസ്.ആർ. ചട്ടം 8 പ്രകാരം തിരികെ മാതൃവകുപ്പിൽ എത്തുമ്പോൾ സീനിയോരിറ്റി യഥാസമയം പുന:സ്ഥാപിച്ച് നൽകാതെ ബുദ്ധിമുട്ടിക്കുന്നത്

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) കെ.എസ്.&എസ്.എസ്.ആർ. ചട്ടം 8 പ്രകാരം മാതൃവകുപ്പിൽ തിരിച്ചെത്തുന്ന ഒരു ജീവനക്കാരന് സീനിയോരിറ്റി നൽകുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ എന്തെന്ന് വ്യക്തമാക്കുമോ; ഇതുസംബന്ധിച്ച് സർക്കാർ ഇറക്കിയിട്ടുള്ള വിവിധ ഉത്തരവുകളുടെ കോപ്പികളും കോടതി ഉത്തരവുകളും ലഭ്യമാക്കുമോ?

(എ&ബി) സീനിയോരിറ്റിയും മറ്റ് സർവ്വീസ് ആനുകൂല്യങ്ങളും നഷ്ടപ്പെടാതെ 5 വർഷത്തിനുള്ളിൽ മാതൃവകുപ്പിൽ തിരികെ പ്രവേശിക്കുന്നതിനുള്ള വ്യവസ്ഥകൾ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് ഭാഗം രണ്ടിലെ ചട്ടം 8-ൽ ഉണ്ട്. 5 വർഷത്തിന് ശേഷമാണെങ്കിൽ തിരികെ പ്രവേശിക്കാനുള്ള അവകാശം മാത്രമാണ് നിലനിർത്തിയിട്ടുള്ളത്. പ്രസ്തുത ചട്ടവുമായി ബന്ധപ്പെട്ട് സർക്കാർ

പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെയും സർക്കുലറുകളുടെയും കോടതി ഉത്തരവുകളുടെയും പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.+

(സി) ഇതുസംബന്ധിച്ച് നിരവധി വ്യവഹാരങ്ങൾ നടക്കുന്ന സാഹചര്യത്തിൽ ഈ ചട്ടത്തിന്റെ പ്രയോഗം സംബന്ധിച്ച് വിശദമായ ഒരു സ്പഷ്ടീകരണ ഉത്തരവ് ഇറക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് ഭാഗം രണ്ടിലെ ചട്ടം 8-ന്റെ പ്രയോഗം വ്യക്തമാക്കിക്കൊണ്ടുള്ള ഉത്തരവുകളും സർക്കുലറുകളും നിലവിലുണ്ട്.

**എസ്.എൽ.ആർ. തസ്തികയിൽ ജോലി ചെയ്യുന്നവരുടെ വിശദാംശങ്ങൾ**

32 (32) ഡോ. സുജിത് വിജയൻപിള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ സർക്കാർ വകുപ്പുകളിലായി എസ്.എൽ.ആർ. തസ്തികയിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണം എത്രയാണെന്ന് അറിയിക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിവിധ സർക്കാർ വകുപ്പുകളിലായി എസ്.എൽ.ആർ. തസ്തികയിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണം പ്രത്യേകമായി ശേഖരിച്ചിട്ടില്ല.

(ബി) 58 വയസ്സുവരെ സർക്കാർ സേവനം അനുഷ്ഠിച്ച എസ്.എൽ.ആർ. വിഭാഗം ജീവനക്കാർക്ക് പെൻഷൻ ലഭിക്കാതെ ബുദ്ധിമുട്ടുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എസ്.എൽ.ആർ. വിഭാഗം ജീവനക്കാർക്ക് പെൻഷൻ പദ്ധതി നടപ്പാക്കുന്നത് പരിഗണിക്കുമോ?

(ബി&സി) സ്ഥിരം ജീവനക്കാരല്ലാത്തതിനാൽ നിലവിലുള്ള ചട്ടപ്രകാരം എസ്.എൽ.ആർ. ജീവനക്കാർക്ക് പെൻഷന് അർഹതയില്ല. ഈ വിഭാഗം ജീവനക്കാർക്ക് പെൻഷൻ പദ്ധതി നടപ്പാക്കുന്നത് പരിഗണനയിലില്ല.

**കണ്ണൂർ റീ-സർവ്വേ അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയത്തിലെ ജീവനക്കാര്യം**

33 (33) <u>ശ്രീ. സജീവ് ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ റീ-സർവ്വേ അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയത്തിലെ ഓഫീസ് അറ്റൻഡന്റായ മുഹമ്മദ് കുഞ്ഞി അപകടത്തിൽപ്പെട്ട് ശരീരം തളർന്ന് കിടപ്പിലായതിനാൽ ആർ.പി.ഡബ്ല്യു.ഡി. ആക്ട് 2016 സെക്ഷൻ 20/4 അനുസരിച്ച് അനുയോജ്യമായ നിയമനം ലഭിക്കുന്നതിനുവേണ്ടി സമർപ്പിച്ച അപേക്ഷയിന്മേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) അംഗപരിമിതരായ സഹോദരിമാർ ഉൾപ്പെടുന്ന കുടുംബത്തിലുള്ള ബധിരനും മൂകനുമായ പ്രസ്തുത വ്യക്തിയുടെ അപേക്ഷ പരിഗണിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) കണ്ണൂർ റവന്യൂ ഭരണത്തിലെ ഓഫീസ് അറ്റൻഡന്റായ ശ്രീ. പി. മുഹമ്മദ് കുഞ്ഞി സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ ടിയാന് മുൻപനുവദിച്ച ശൂന്യവേതനാവധിക്ക് തുടർച്ചയായി 01-06-2020 മുതൽ 31-05-2023 വരെ 25-05-2023-ലെ സ.ഉ.(സാധാ) നം.1993/2023/ആർ.ഡി. പ്രകാരം ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവാകുകയുണ്ടായി. ശ്രീ. മുഹമ്മദ് കുഞ്ഞിയുടെ അപകടത്തെത്തുടർന്ന്

RPWD Act 2016 പ്രകാരമുള്ള മറ്റ് ആനുകൂല്യങ്ങൾ അനുവദിക്കാമോ എന്ന വിഷയം പരിശോധിച്ചുവരുന്നു.

**കോഴിക്കോട് സർക്കാർ സൈബർ പാർക്ക്**

34 (34) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സർക്കാർ സൈബർ പാർക്ക് വികസനത്തിനായി നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; പാർക്ക് വികസനത്തിനായി ഭൂമി ഏറ്റെടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ?

കോഴിക്കോട് സൈബർപാർക്കിന്റെ വികസനവുമായി ബന്ധപ്പെട്ടിട്ടുള്ള ചുറ്റുമതിൽ, റോഡ് വികസനം, പ്രവേശന കവാടം, റിക്രിയേഷൻ ഫെസിലിറ്റി (ഫുട്ബോൾ മൈതാനം, ടെന്നീസ് കോർട്ട് മുതലായവ), വാഹന പാർക്കിംഗ് സൗകര്യം വികസിപ്പിക്കുന്നതിനുള്ള പ്രവൃത്തികൾ എന്നിവ കെ.എസ്.ഐ.ടി.ഐ.എൽ.-ന്റെ മേൽനോട്ടത്തിൽ

പുരോഗമിച്ചുവരുന്നു. സൈബർപാർക്കിന്റെ 4 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള രണ്ടാമത്തെ ഐ.ടി. കെട്ടിടസമുച്ചയം 184 കോടി രൂപ മുടക്കി നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. തുടർനടപടികൾ പുരോഗമിച്ചുവരുന്നു. സൈബർപാർക്ക് വികസനത്തിനായി നിലവിൽ അധിക ഭൂമി ഏറ്റെടുത്തിട്ടില്ല.

(ബി) കോഴിക്കോട് സൈബർ പാർക്ക് വികസനത്തോടൊപ്പം ഗ്രാമീണ മേഖലയിൽ ഐ.ടി. വികസനത്തിനായി ഫോസ്റ്റേറ (ഫോസ്റ്ററിംഗ് ടെക്നോളജീസ് ഇൻ റൂറൽ ഏരിയ) എന്ന പദ്ധതി ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ?

ഗ്രാമീണമേഖലയിൽ ഐ.ടി. വികസനവുമായി ബന്ധപ്പെട്ട് ഫോസ്റ്റേറ (ഫോസ്റ്ററിംഗ് ടെക്നോളജീസ് ഇൻ റൂറൽ ഏരിയ) എന്ന പദ്ധതിക്ക് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. ഗ്രാമപ്രദേശങ്ങളിൽ ചെലവ് കുറഞ്ഞ രീതിയിൽ ഐ.ടി./ഐ.ടി.ഇ.എസ്./ബി.പി.ഒ. സംരംഭങ്ങൾ സ്ഥാപിക്കാനും തദ്വാര ഗ്രാമപ്രദേശങ്ങളിൽ തൊഴിലവസരങ്ങൾ

സൃഷ്ടിക്കാനും ഉദ്ദേശിച്ച് വിഭാവനം ചെയ്തതാണ് ഫോസ്റ്റേറ പദ്ധതി. ഈ പദ്ധതിയുടെ ആനുകൂല്യം കേരളത്തിലെ ഗ്രാമപ്രദേശങ്ങളിൽ സ്ഥാപിക്കുന്ന സംരംഭങ്ങൾക്ക് പ്രയോജനപ്പെടുത്താവുന്നതാണ്. ഈ പദ്ധതി പ്രകാരം, സംരംഭങ്ങൾ സ്ഥാപിക്കുന്നതിനുള്ള മുതൽമുടക്കിന്റെയും പ്രവർത്തനച്ചെലവിന്റെയും അൻപത് ശതമാനം വരെ വ്യവസ്ഥകൾക്ക് വിധേയമായി അർഹരായ കമ്പനികൾക്ക് സർക്കാർ ഇൻസെന്റീവായി ധനസഹായം നൽകുന്നതാണ്. കൂടാതെ, 50 ശതമാനം സ്ത്രീ തൊഴിലാളികളുള്ള യൂണിറ്റുകൾക്ക് 5 ശതമാനവും 100 ശതമാനം സ്ത്രീ തൊഴിലാളികളുള്ള യൂണിറ്റുകൾക്ക് 10 ശതമാനവും ഭിന്നശേഷി തൊഴിലാളികൾ 4 ശതമാനമുള്ള യൂണിറ്റുകൾക്ക് 2 ശതമാനവും ട്രാൻസ്ജെൻഡർ തൊഴിലാളികളുള്ള യൂണിറ്റുകൾക്ക് 0.5 ശതമാനവും കൂടാതെ ലക്ഷ്യമിട്ട തൊഴിലവസരങ്ങളുടെ 2 മടങ്ങ് അധികം സൃഷ്ടിക്കുന്ന യൂണിറ്റുകൾക്ക് 5 ശതമാനവും 3 മടങ്ങ് അധികം സൃഷ്ടിക്കുന്ന യൂണിറ്റുകൾക്ക് 7.5 ശതമാനവും 4 മടങ്ങ് അധികം സൃഷ്ടിക്കുന്ന യൂണിറ്റുകൾക്ക് 10 ശതമാനവും സ്പെഷ്യൽ ഇൻസെന്റീവായി നൽകുന്നതാണ്.

**കെ-ഫോൺ പദ്ധതി**

35 (35) ശ്രീ. എം. എം. മണി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ ഏതെല്ലാം സർക്കാർ ഓഫീസുകളിലാണ് കെ-ഫോൺ പദ്ധതി പ്രകാരം കണക്ഷൻ ലഭിച്ചിട്ടുള്ളത്; വകുപ്പ്, ഓഫീസ് എന്നിവ തിരിച്ച് വിശദാംശം നൽകാമോ?

643 ഓഫീസുകളിൽ കെ-ഫോൺ കണക്ഷൻ നൽകിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

(ബി) കെ-ഫോൺ പദ്ധതി കൂടുതൽ സർക്കാർ ഓഫീസുകളിൽ വ്യാപിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

27651 ഓഫീസുകളിൽ/സ്ഥാപനങ്ങളിൽ കെ-ഫോൺ കണക്ഷൻ നൽകുന്നതിനുള്ള അനുബന്ധ ഉപകരണങ്ങൾ സ്ഥാപിക്കുകയും ഇതിൽ 18195 (05-08-2023 വരെ) ഓഫീസുകളിൽ/സ്ഥാപനങ്ങളിൽ ഇന്റർനെറ്റ് ലഭ്യത ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്. കൂടുതൽ ഓഫീസുകളിൽ കെ-ഫോൺ കണക്ഷൻ ലഭ്യമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

7610 ഓഫീസുകളിൽ സർവ്വേ നടത്താനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

(സി) പൊതുജനങ്ങൾക്ക് കെ-ഫോൺ കണക്ഷൻ ലഭിക്കുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; ആയതിനായി നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങളും മറ്റ് വിശദാംശവും ലഭ്യമാക്കാമോ?

സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരെ കെ-ഫോൺ പദ്ധതിയുടെ ഗുണഭോക്താക്കളാക്കുന്നതിന്, ആദ്യഘട്ടത്തിൽ, ഓരോ നിയമസഭാ മണ്ഡലത്തിൽനിന്നും തെരഞ്ഞെടുക്കപ്പെടുന്ന സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 100 കുടുംബങ്ങൾക്ക് വീതം ആകെ 14000 കുടുംബങ്ങൾക്ക് സൗജന്യമായി ഇന്റർനെറ്റ് കണക്ഷൻ നൽകാൻ തീരുമാനിക്കുകയും അതിൽ എസ്.സി., എസ്.ടി. വിഭാഗങ്ങൾക്ക് യഥാക്രമം 10%, 3% എന്നിങ്ങനെ മുൻഗണന നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. പൊതുജനങ്ങൾക്കും സ്ഥാപനങ്ങൾക്കും ഫൈബർ ടു ഹോം കണക്ഷൻ നൽകുന്നതിനായുള്ള താരിഫ് പ്ലാനുകൾ അവതരിപ്പിച്ചിട്ടുണ്ട്. കെ-ഫോൺ കണക്ഷൻ കൈകാര്യം ചെയ്യുന്നതിന് സൗകര്യമൊരുക്കുന്നതിനായി എന്റെ

കെഫോൺ (enteKFON) എന്ന മൊബൈൽ ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത ആപ്ലിക്കേഷൻ ഗൂഗിൾ പ്ലേസ്റ്റോറിൽ ലഭ്യമാണ്. ആപ്ലിക്കേഷനിലൂടെ വരിക്കാർക്ക് അവരുടെ കെ-ഫോൺ അക്കൗണ്ട് വീക്ഷിക്കാനും താരിഫ് പ്ലാൻ തെരഞ്ഞെടുക്കാനും സാധിക്കും. ആപ്ലിക്കേഷൻ മുഖേന രജിസ്റ്റർ ചെയ്യുന്ന ഉപഭോക്താക്കളെ ബന്ധപ്പെട്ട് കെ-ഫോൺ കണക്ഷൻ നൽകുന്നതിനുള്ള നടപടികൾ കൈക്കൊള്ളാനാണ് ഉദ്ദേശിക്കുന്നത്. വീടുകളിൽ കെ-ഫോൺ ലഭ്യമാക്കുന്നതിനുള്ള ലാസ്റ്റ് മൈൽ നെറ്റ്‌വർക്ക് ദാതാവിനെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

**കെ-ഫോൺ പദ്ധതിയുമായി ബന്ധപ്പെട്ട ഡാർക്ക് ഫൈബർ**

36 (36) <u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-ഫോൺ പദ്ധതിയിലെ ഡാർക്ക് ഫൈബർ ലീസ് ചെയ്യുന്നതുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ എം.എസ്.പി. കരാറിൽ പ്രതിപാദിക്കുന്നുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത ഡാർക്ക് ഫൈബർ ലീസ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് ഏതെങ്കിലും സ്ഥാപനങ്ങൾ മുന്നോട്ടുവന്നിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

ഡാർക്ക് ഫൈബർ ലീസ് ചെയ്യാനായി താല്പര്യപത്രം ക്ഷണിച്ചപ്പോൾ ചുവടെ ചേർക്കുന്ന 14 കമ്പനികൾ ഡാർക്ക് ഫൈബർ ഉപയോഗിക്കുന്നതിനായി താൽപര്യം അറിയിച്ചിട്ടുണ്ട്:-

1. പവർ ഗ്രിഡ് കോർപറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ്
2. എയർടെലോ
3. കിംഗ്സ് ബ്രോഡ്ബാൻഡ് പ്രൈവറ്റ് ലിമിറ്റഡ്
4. റെയിൽടെൽ കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ്
5. കേരള കമ്മ്യൂണിക്കേറ്റേഴ്സ് കേബിൾ ലിമിറ്റഡ്
6. ഏഷ്യാനെറ്റ് സാറ്റലൈറ്റ് കമ്മ്യൂണിക്കേഷൻസ് ലിമിറ്റഡ്
7. മൾട്ടിസ്റ്റാർ കേബിൾ വിഷൻ
8. വൺ ഡിജിറ്റൽ നെറ്റ്‌വർക്ക്
9. യെസ് ബ്രോഡ്ബാൻഡ് പ്രൈവറ്റ് ലിമിറ്റഡ്

10. സാറ്റ്‌ലിങ്ക്സ്

11. വേൾഡ് വിഷൻ കേബിൾ ടി.വി. നെറ്റ്‌വർക്ക്

12. ഡി-വാൻ സപ്പോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡ്

13. ടാറ്റ കമ്മ്യൂണിക്കേഷൻസ് ലിമിറ്റഡ്

14. റേഡിയന്റ് കമ്മ്യൂണിക്കേഷൻസ്.

(സി) പ്രസ്തുത ലീസ് പ്രവൃത്തിയുമായി ബന്ധപ്പെട്ട് എസ്.ആർ.ഐ.ടി. എന്ന സ്ഥാപനവുമായി എന്തെങ്കിലും കരാറിലോ ധാരണയിലോ ഏർപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച രേഖകളുടെ പകർപ്പ് ലഭ്യമാക്കാമോ?

ഉണ്ട്. കരാറിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

**ഇ-ഗവേണൻസ് പദ്ധതിയിൽ സ്വതന്ത്ര സോഫ്റ്റ്‌വെയറുകൾ**

37 (37) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ. പി. വി. ശ്രീനിജിൻ:

ശ്രീ. കെ. പ്രേംകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(എ) സർക്കാർ സേവനങ്ങൾ സുതാര്യമായും വേഗത്തിലും ജനങ്ങളുടെ വിരൽത്തുമ്പിൽ എത്തിക്കുന്ന പദ്ധതികളിൽ പ്രധാനപ്പെട്ട ഇ-ഗവേണൻസ് ശൃംഖല ശക്തിപ്പെടുത്തുന്നതിനും നവീകരിക്കുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് ഇ-ഗവേണൻസ് സമ്പ്രദായം സാർവ്വത്രികമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന ഐ.ടി. മിഷൻ വിവിധ വകുപ്പുകളുടെ ഓൺലൈൻ സേവനങ്ങൾ ഇ-സേവനം എന്ന കേന്ദ്രീകൃത സർവ്വീസ് പോർട്ടലിലൂടെ (https://services.kerala.gov.in/) ജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത പോർട്ടലിൽ 80 വകുപ്പുകളിൽ നിന്നുള്ള 911 സേവനങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഓഫീസുകൾ കയറിയിറങ്ങാതെ വീട്ടിലിരുന്നുകൊണ്ടുതന്നെ സേവനങ്ങൾ സൗജന്യമായി ഉപയോഗപ്പെടുത്താൻ ഇ-സേവനം പോർട്ടൽ, എം-സേവനം മൊബൈൽ ആപ്ലിക്കേഷൻ എന്നിവയിലൂടെ സാധിക്കുന്നു. എം-സേവനം മൊബൈൽ ആപ്ലിക്കേഷനിൽ 70 വകുപ്പുകളുടെ 705 സേവനങ്ങൾ ലഭിക്കും.

സർക്കാർ സേവനങ്ങൾ സുതാര്യമായും വേഗത്തിലും ജനങ്ങളിൽ എത്തിക്കാനുതകുന്നവിധത്തിൽ സാമൂഹ്യസുരക്ഷാ പെൻഷൻ തുക, ആധാർ ഉപയോഗിച്ച് റേഷൻ, എസ്.സി./എസ്.ടി. സ്കോളർഷിപ്പ് വിവരങ്ങൾ, റവന്യൂ യൂണിക് തണ്ടപ്പേര് തുടങ്ങിയ ഇ-ഗവേണൻസ് പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. ഇ-ഗവേണൻസ് ശൃംഖല ശക്തിപ്പെടുത്തുന്നതിനും നവീകരിക്കുന്നതിനുമായി ഡിജിറ്റൽ കേരള ആർക്കിടെക്ച്ചർ പദ്ധതിയുടെ ഭാഗമായി ഒരു ഏകീകൃത സർവ്വീസ് ഡെലിവറി പ്ലാറ്റ്ഫോം വിഭാവനം ചെയ്യുന്നു. ഒരൊറ്റ ലോഗിൻ, ഒറ്റ പ്രൊഫൈൽ സൗകര്യം ഉപയോഗിച്ച് കേരള സർക്കാർ നൽകുന്ന എല്ലാ സേവനങ്ങളും ഈ പ്ലാറ്റ്ഫോം പൗരന്മാർക്ക് ലഭ്യമാക്കും. വിവിധ വകുപ്പുകളുടെ സേവനങ്ങൾ ലഭിക്കുന്നതിന് ഒന്നിലധികം വെബ്സൈറ്റുകളിലേയ്ക്ക് പോകേണ്ടിവരില്ല; പകരം ഒരിടത്തുതന്നെ അപേക്ഷിക്കുന്നതിനും അവയുടെ തൽസ്ഥിതി യഥാസമയം അറിയുന്നതിനും തങ്ങളുടെ പരാതികളിന്മേലുള്ള തീരുമാനം അറിയാനും സാധിക്കുന്നതാണ്.

(ബി) ഇ-ഗവേണൻസ് പദ്ധതിയിൽ സ്വതന്ത്ര സോഫ്റ്റ്‍വെയറുകൾ കൂടുതൽ ഉപയോഗിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; നിലവിൽ ഏതെല്ലാം

മേഖലകളാണ് സ്വതന്ത്ര സോഫ്റ്റ്‌വെയറിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നതെന്ന് അറിയിക്കാമോ?

ഉണ്ട്. നിലവിൽ ഭാഷാ സാങ്കേതികവിദ്യ, ജി.ഐ.എസ്. മാപ്പിംഗ്, ഓപ്പൺ ഇ.ആർ.പി. എന്നീ മേഖലകളിൽ സ്വതന്ത്ര സോഫ്റ്റ്‌വെയറിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിച്ചുവരുന്നു.

(സി) ഓപ്പൺ സോഴ്സ് ആപ്ലിക്കേഷനുകളുടെ വികസനം, പരിശീലനം എന്നിവയ്ക്കായി ഇന്റർനാഷണൽ സെന്റർ ഫോർ ഫ്രീ ആൻഡ് ഓപ്പൺ സോഴ്സ് സോഫ്റ്റ്‌വെയർ (ഐ.സി.ഫോസ്)-നെ ചുമതലപ്പെടുത്തിയിട്ടുണ്ടോ?

ഉണ്ട്.

(ഡി) സംസ്ഥാനത്തെ ചെറുകിട-ഇടത്തരം വ്യവസായ മേഖലയിൽ ഐ.ടി. ഉപയോഗം വ്യാപിപ്പിക്കാൻ ഓപ്പൺ സോഴ്സ് അധിഷ്ഠിതമായ ആപ്ലിക്കേഷനുകൾ പ്രോത്സാഹിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

സംസ്ഥാനത്തെ ചെറുകിട-ഇടത്തരം വ്യവസായ മേഖലയിൽ ഐ.ടി. ഉപയോഗം വ്യാപിപ്പിക്കുന്നതിനുവേണ്ടി ഇന്റർനാഷണൽ സെന്റർ ഫോർ

ഫ്രീ & ഓപ്പൺ സോഴ്സ് സോഫ്റ്റ്‌വെയർ (ഐ.സി.ഫോസ്) സ്വതന്ത്ര സോഫ്റ്റ്‌വെയർ പരിവർത്തനത്തിനായുള്ള പരിശീലന കേന്ദ്രവും ഹെൽപ്പ്ഡെസ്കും സ്ഥാപിച്ചിട്ടുണ്ട്. ഇതോടൊപ്പം ഓപ്പൺ ഇ.ആർ.പി., അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയറായ GNU, ഘാട്ട എന്നീ ആപ്ലിക്കേഷനുകളുടെ ഉപയോഗവും പ്രോത്സാഹിപ്പിച്ചുവരുന്നു.

**എസ്.ആർ.ഐ.ടി.**

38 (38) ശ്രീ. സണ്ണി ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.ആർ.ഐ.ടി. എന്ന സ്ഥാപനത്തിന് 2016 മുതൽ ഐ.ടി. വകുപ്പിന്റെ ഭാഗമായുള്ള എത്ര പദ്ധതികൾ നൽകിയിട്ടുണ്ടെന്ന് ഓരോ പദ്ധതിയുടെ വിശദാംശം ഉൾപ്പെടെ നൽകാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ ആകെ തുക എത്രയെന്നും ടെൻഡർ നടപടികളിലൂടെയാണോ ഈ സ്ഥാപനത്തെ തെരഞ്ഞെടുത്തതെന്നുമുള്ള വിവരങ്ങൾ നൽകാമോ?

(എ&ബി) ഐ.ടി. വകുപ്പിന്റെ കീഴിൽ നടപ്പാക്കുന്ന കെ-ഫോൺ പദ്ധതി കരാർ ഏറ്റെടുത്ത് നടപ്പാക്കുന്നത് ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡിന്റെ (BEL) നേതൃത്വത്തിലുള്ള കൺസോർഷ്യമാണ്. ഈ കൺസോർഷ്യത്തിൽ എസ്.ആർ.ഐ.ടി ഉൾപ്പെട്ടിട്ടുണ്ട്. കെ-ഫോൺ ടെൻഡർ തുക 1611 കോടി രൂപയാണ്.

(സി) 2016 മുതൽ നാളിതുവരെ പ്രസ്തുത സ്ഥാപനത്തിന് ഐ.ടി. വകുപ്പിന്റെ ഭാഗമായുള്ള പദ്ധതികളുടെ നടത്തിപ്പിനായി എത്ര രൂപ നൽകിയെന്ന് പദ്ധതി അടിസ്ഥാനത്തിൽ വിശദാംശങ്ങൾ നൽകാമോ?

പ്രസ്തുത സ്ഥാപനത്തിന് നാളിതുവരെ കെ.എസ്.ഐ.ടി.ഐ.എൽ./കെ-ഫോണിൽ നിന്നും ഒരു തുകയും നൽകിയിട്ടില്ല.

**കെ-ഫോൺ പദ്ധതി**

39 (39) <u>ശ്രീമതി ഉമ തോമസ്</u>: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കെ-ഫോൺ പദ്ധതിയുടെ ഭാഗമായുള്ള ടെൻഡറിൽ ബെൽ (BEL) കൺസോർഷ്യം സമർപ്പിച്ച ടെക്നിക്കൽ ഡോക്യുമെന്റിന്റെ പകർപ്പ് ലഭ്യമാക്കാമോ?

പകർപ്പ് സോഫ്റ്റ് കോപ്പി രൂപത്തിൽ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.+

**കെ-ഫോൺ പദ്ധതി**

40 (40) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-ഫോൺ പദ്ധതിയുടെ സുപ്രധാന ഘടകമായ ഓപ്റ്റിക്കൽ ഗ്രൗണ്ട് വയറുകൾ അഥവാ ഒ.പി.ജി.ഡബ്ല്യു. കേബിളുകൾ സംബന്ധിച്ച് സി.എ.ജി. ഒബ്സർവ്വേഷൻ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ രേഖകളുടെ പകർപ്പ് ലഭ്യമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉണ്ട്; ഒ.പി.ജി.ഡബ്ല്യു. കേബിളുകൾ സംബന്ധിച്ച് സി.എ.ജി. സമർപ്പിച്ച ഒബ്സർവ്വേഷന്റെ പകർപ്പ് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.+

(ബി) പ്രസ്തുത കേബിളുകൾ സംബന്ധിച്ച് കെ.എസ്.ഇ.ബി. നടത്തിയ പരിശോധനയുടെ വിവരങ്ങൾ കെ.എസ്.ഐ.ടി.ഐ.എൽ.-ന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉണ്ട്; കെ.എസ്.ഐ.ടി.ഐ.എൽ.-ന് സമർപ്പിച്ച വിവരങ്ങൾ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.+

**സ്മാർട്ട് സിറ്റി മിഷൻ പദ്ധതി**

41 (41) <u>ശ്രീ. എം. മുകേഷ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്മാർട്ട് സിറ്റി മിഷൻ പദ്ധതിയുടെ കീഴിൽ നടപ്പാക്കിവരുന്ന പ്രധാനപ്പെട്ട പദ്ധതികൾ ഏതെല്ലാമാണ്; വിശദവിവരം ലഭ്യമാക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

വിശദവിവരം അനുബന്ധമായി ചേർക്കുന്നു.+

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്മാർട്ട് സിറ്റി മിഷൻ പദ്ധതിയിൽ അംഗീകാരത്തിനായി സമർപ്പിക്കപ്പെട്ട പദ്ധതികൾ ഏതെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ?

സ്മാർട്ട് സിറ്റി ഗൈഡ്‌ലൈൻ പ്രകാരം രൂപീകരിച്ച എസ്.പി.വി. ആയ കൊച്ചിൻ സ്മാർട്ട് മിഷൻ ലിമിറ്റഡ്/സ്മാർട്ട് സിറ്റി തിരുവനന്തപുരം ലിമിറ്റഡിന്റെ ബോർഡ് അംഗീകാരത്തോടെയാണ് കൊച്ചി, തിരുവനന്തപുരം സിറ്റികളിൽ വിവിധ പദ്ധതികൾ നടപ്പാക്കിവരുന്നത്. ഈ സർക്കാരിന്റെ കാലയളവിൽ ബോർഡ് അംഗീകരിച്ച പദ്ധതികൾ സംബന്ധിച്ച വിശദവിവരം അനുബന്ധമായി ചേർക്കുന്നു.+

(സി) കൊല്ലം നഗരത്തെ സ്മാർട്ട് സിറ്റി മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

പുതിയ നഗരങ്ങളെ സ്മാർട്ട് സിറ്റി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നിർദ്ദേശം കേന്ദ്രസർക്കാരിൽനിന്നും ലഭ്യമായിട്ടില്ല.

**കെ-ഫോൺ പദ്ധതിയെ അട്ടിമറിക്കാൻ ശ്രമം**

42 (42) ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ. എം. വിജിൻ:
ശ്രീ. ഐ. ബി. സതീഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-ഫോൺ പദ്ധതിയെ അട്ടിമറിക്കാൻ ചില കേന്ദ്രങ്ങളിൽ നിന്നുണ്ടാകുന്ന ശ്രമങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കെ-ഫോൺ പദ്ധതിയുടെ നടത്തിപ്പിലെ സുതാര്യതയും കാര്യക്ഷമതയും ഉറപ്പാക്കുന്നതിനും സമയബന്ധിതമായി പദ്ധതി നടപ്പാക്കുന്നതിനുമായി എന്തെല്ലാം മുൻകരുതലും നടപടികളുമാണ് സ്വീകരിച്ചതെന്ന് അറിയിക്കുമോ;

(സി) സംസ്ഥാനത്തെ ഗ്ലോബൽ ഇൻഫർമേഷൻ ഹൈവേയുമായി ബന്ധപ്പെടുത്തുക വഴി ആഗോളമാനങ്ങളുള്ള നവകേരള നിർമ്മിതിക്ക് പശ്ചാത്തലമൊരുക്കുമെന്നതിനാൽ കെ-ഫോൺ പദ്ധതി നടത്തിപ്പ് ത്വരിതപ്പെടുത്തുന്നതിനും വ്യാപിപ്പിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

(ബി&സി) കെ-ഫോൺ പദ്ധതിയുടെ പ്രവർത്തനം മുഖ്യമന്ത്രിയുടെ നേതൃത്വത്തിലും ഇലക്ട്രോണിക്സും വിവര സാങ്കേതികവിദ്യാ വകുപ്പ് സെക്രട്ടറിയും അവലോകനം ചെയ്യുകയും പദ്ധതിയുടെ പുരോഗതിക്കാവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുമുണ്ട്. പദ്ധതിയുടെ നടത്തിപ്പിനാവശ്യമായ വിവിധ സേവനദാതാക്കളെ കണ്ടെത്തുന്നത് സുതാര്യമായ ടെൻഡർ പ്രക്രിയയിലൂടെയാണ്. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കൂടുതൽ ആളുകളിലേയ്ക്ക് പദ്ധതി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി, കൂടുതൽ ബി.പി.എൽ. കുടുംബങ്ങൾക്ക് സൗജന്യമായി കെ-ഫോൺ കണക്ഷൻ നൽകുന്നതിന് 2 കോടി രൂപ 2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

## യംഗ് ഇന്നവേറ്റേഴ്സ് പ്രോഗ്രാം

43 (43) <u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നൂതനവിദ്യാ പ്രോത്സാഹനത്തിന്റെ ഭാഗമായി രൂപീകരിച്ച യംഗ് ഇന്നവേറ്റേഴ്സ് പ്രോഗ്രാമിൽ നാളിതുവരെ എത്ര ടീമുകൾ ഭാഗമായി എന്ന് വ്യക്തമാക്കുമോ?

യംഗ് ഇന്നവേറ്റേഴ്സ് പ്രോഗ്രാമിൽ (YIP) നാളിതുവരെ 279055 വിദ്യാർത്ഥികൾ രജിസ്റ്റർ ചെയ്യുകയും 31591 ടീമുകൾ ആശയങ്ങൾ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. 2018-ൽ ആരംഭിച്ച ആദ്യ പതിപ്പിൽ വ്യക്തിഗത ആശയ സമർപ്പണം ആയിരുന്നെങ്കിൽ YIP 2019 മുതൽ ടീമുകളായാണ് വിദ്യാർത്ഥികൾ ആശയങ്ങൾ സമർപ്പിക്കുന്നത്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത പ്രോഗ്രാമിലേയ്ക്ക് ടീമുകളെ തെരഞ്ഞെടുക്കുന്നതിന് ഇന്നൊവേഷൻ ചലഞ്ച് മത്സരങ്ങൾ സംഘടിപ്പിച്ചിട്ടുണ്ടോ, എങ്കിൽ ആയതിന്റെ വിശദാംശം ജില്ല തിരിച്ച് ലഭ്യമാക്കുമോ?

യംഗ് ഇന്നവേറ്റേഴ്സ് പ്രോഗ്രാമിന്റെ ഭാഗമായി ടീമുകളെ തെരഞ്ഞെടുക്കാൻ എല്ലാകൊല്ലവും നടത്തുന്ന ചലഞ്ചുകളിൽ രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(സി) പ്രസ്തുത പ്രോഗ്രാമിൽ അവതരിപ്പിക്കുന്ന നൂതനവിദ്യകൾ വാണിജ്യാടിസ്ഥാനത്തിൽ വികസിപ്പിക്കുന്നതിനും നടപ്പാക്കുന്നതിനും എന്തെല്ലാം തുടർനടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ; വിശദവിവരം നൽകുമോ?

സംസ്ഥാനതലത്തിൽ വിജയികളാകുന്ന YIP ടീമുകൾക്ക് നോർമൽ ഇന്നവേഷൻ ട്രാക്ക്, ആക്സിലറേറ്റഡ് ഇന്നവേഷൻ ട്രാക്ക് എന്നീ രണ്ട് ട്രാക്കുകളിലൂടെ പ്രോജക്ടുകൾ പൂർത്തിയാക്കാൻവേണ്ട സാമ്പത്തിക സഹായവും മെന്റർപിന്തുണയും നൽകുന്നു. അതേത്തുടർന്ന് കെ-ഡിസ്കിന്റെ പങ്കാളി സ്ഥാപനമായ കേരള സ്റ്റാർട്ടപ്പ് മിഷന്റെ ഫെയിൽ ഫാസ്റ്റ് ഓർ സക്സീഡ് (എഫ്.എഫ്.എസ്.) എന്ന ഇൻകുബേഷൻ പരിപാടിയിലേയ്ക്ക്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

എടുക്കുന്നു. അതോടൊപ്പം മെച്ചപ്പെട്ട പ്രോജക്ടുകളുടെ പേറ്റന്റ് പരിശോധന നടത്തുന്നു. YIP-യിലൂടെ ഉളവായി വരുന്ന ഉൽപ്പന്നങ്ങളുടെ വാണിജ്യ സാധ്യതകളും ഇതോടൊപ്പം പരിശോധിക്കുന്നു. ഇത്തരത്തിൽ വാണിജ്യ സാധ്യതകളുള്ള ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനത്തിനും വിപണനത്തിനും വിവിധ സർക്കാർ വകുപ്പുകളിലൂടെ തുടർസാധ്യതകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കെ-ഫോൺ പദ്ധതിയുടെ ഓപ്റ്റിക്കൽ ഗ്രൗണ്ട് വയർ കേബിൾ**

44 (44) ശ്രീ. റോജി എം. ജോൺ:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-ഫോൺ പദ്ധതിയുടെ സുപ്രധാന ഘടകമായ ഓപ്റ്റിക്കൽ ഗ്രൗണ്ട് വയർ (ഒ.പി.ജി.ഡബ്ല്യൂ.) കേബിളുകൾ ഇന്ത്യൻ നിർമ്മിതമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ?

പരിശോധിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത കേബിളുകൾ കെ-ഫോണിനായി നൽകിയത് ബെൽ (BEL) കൺസോർഷ്യം പാർട്ണറായ എൽ.എസ്. കേബിൾ എന്ന സ്ഥാപനമാണോയെന്ന് വ്യക്തമാക്കാമോ;

(സി) എൽ.എസ്. കേബിൾ എന്ന സ്ഥാപനത്തിന് ഇത്തരം ഒ.പി.ജി.ഡബ്ല്യൂ. കേബിളുകൾ നിർമ്മിക്കാനുള്ള സൗകര്യമില്ലെന്നും കേബിളുകൾ ചൈനയിൽ നിന്നുമാണ് ഇറക്കുമതി ചെയ്യുന്നതെന്നും കെ-ഫോൺ പദ്ധതിയിലെ പാർട്ണറായ കെ.എസ്.ഇ.ബി.എൽ. കണ്ടെത്തി കെ.എസ്.ഐ.ടി.ഐ.എൽ.-നെ അറിയിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

(ബി&സി) കെ-ഫോൺ പദ്ധതിയുടെ സിസ്റ്റം ഇന്റഗ്രേറ്ററായ ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡിന്റെ കൺസോർഷ്യം മുഖാന്തരമാണ് ഒ.പി.ജി.ഡബ്ല്യൂ. കേബിളുകൾ ലഭ്യമാക്കപ്പെട്ടത്. പ്രസ്തുത ഒ.പി.ജി.ഡബ്ല്യൂ. കേബിളുകൾ സംബന്ധിച്ച് കെ.എസ്.ഇ.ബി.എൽ. കെ.എസ്.ഐ.ടി.ഐ.എൽ.-നെ അഭിപ്രായം അറിയിച്ചിരുന്നു. ഒ.പി.ജി.ഡബ്ല്യൂ. കേബിളുകളുടെ ഗുണനിലവാരം കെ-ഫോൺ പദ്ധതിയുടെ

ടെക്നിക്കൽ കമ്മിറ്റി പരിശോധിച്ച് വിലയിരുത്തുകയും ആയത് "മേക്ക് ഇൻ ഇന്ത്യ" വ്യവസ്ഥകൾ പാലിച്ചിട്ടുണ്ടെന്ന് കണ്ടെത്തുകയും ചെയ്തിട്ടുണ്ട്.

(ഡി) ഒ.പി.ജി.ഡബ്ല്യു. കേബിളുകളുടെ നിർമ്മാതാക്കളിൽനിന്നും 25 വർഷത്തെ വാറന്റി ഉറപ്പാക്കണമെന്ന് ടെൻഡറിൽ വ്യവസ്ഥ ചെയ്യുന്നുണ്ടോയെന്നും പ്രസ്തുത വ്യവസ്ഥ കെ.എസ്.ഐ.ടി.ഐ.എൽ. ഉറപ്പ് വരുത്തിയിട്ടുണ്ടോയെന്നും വിശദമാക്കാമോ?

ഒ.പി.ജി.ഡബ്ല്യു. കേബിളുകളുടെ നിർമ്മാതാക്കളിൽനിന്നും 25 വർഷത്തെ വാറന്റി ഉറപ്പാക്കണമെന്ന് ടെൻഡറിൽ വ്യവസ്ഥ ചെയ്തിരുന്നു. 25 വർഷത്തെ പെർഫോർമൻസ് വാറന്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടുണ്ട്.

**സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള ഐ.ടി. പാർക്കുകൾ**

45 (45) ശ്രീമതി യു. പ്രതിഭ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള ഐ.ടി. പാർക്കുകളിൽ 2011 മേയ് മുതൽ 2016 മേയ് വരെയുള്ള കാലയളവിൽ പുതുതായി രജിസ്റ്റർ ചെയ്ത കമ്പനികൾ, ഐ.ടി. മേഖലയിൽ ഉണ്ടായിട്ടുള്ള പുരോഗതി,

തൊഴിലവസരങ്ങൾ, ഐ.ടി. കയറ്റുമതി, ആകെ നിക്ഷേപം എന്നിവയുടെ വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള ഐ.ടി. പാർക്കുകളിൽ 2011 മേയ് മുതൽ 2016 മേയ് വരെയുള്ള കാലയളവിൽ പുതുതായി രജിസ്റ്റർ ചെയ്ത കമ്പനികൾ, ഐ.ടി. മേഖലയിലുണ്ടായിട്ടുള്ള പുരോഗതി, തൊഴിലവസരങ്ങൾ, ഐ.ടി. കയറ്റുമതി, ആകെ നിക്ഷേപം എന്നിവയുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) 2016 മേയ് മുതൽ നാളിതുവരെ സർക്കാരിന്റെ കീഴിലുള്ള ഐ.ടി. പാർക്കുകളിൽ പുതുതായി രജിസ്റ്റർ ചെയ്ത കമ്പനികൾ, ഐ.ടി. സ്പേസിലുണ്ടായ വർദ്ധനവ്, തൊഴിലവസരങ്ങൾ, ഐ.ടി. കയറ്റുമതി, ആകെ നിക്ഷേപം എന്നിവയുടെ വിശദാംശം ലഭ്യമാക്കാമോ?

2016 മേയ് മുതൽ നാളിതുവരെ സർക്കാരിന്റെ കീഴിലുള്ള ഐ.ടി. പാർക്കുകളിൽ പുതുതായി രജിസ്റ്റർ ചെയ്ത കമ്പനികൾ, ഐ.ടി.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

സ്പേസിലുണ്ടായ വർദ്ധനവ്, തൊഴിലവസരങ്ങൾ, ഐ.ടി. കയറ്റുമതി, ആകെ നിക്ഷേപം എന്നിവയുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.+

**ഓപ്റ്റിക്കൽ ഗ്രൗണ്ട് വയർ കേബിളുകളുടെ ഗുണനിലവാരം**

46 (46) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-ഫോൺ പദ്ധതിയുടെ സുപ്രധാന ഘടകമായ ഓപ്റ്റിക്കൽ ഗ്രൗണ്ട് വയർ (ഒ.പി.ജി.ഡബ്ല്യൂ.) കേബിളുകളുടെ ഗുണനിലവാരം പരിശോധിച്ചിട്ടുണ്ടോ?

പരിശോധിച്ചിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച ടെൻഡർ വ്യവസ്ഥകൾ പ്രകാരം ഈ കേബിളുകൾ ഇന്ത്യയിൽ നിർമ്മിക്കുന്ന സ്ഥാപനത്തിൽനിന്നും ആയിരിക്കണമെന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(സി) പ്രസ്തുത വ്യവസ്ഥകൾക്ക് വിപരീതമായി ചൈനയിൽനിന്നും ഇറക്കുമതി ചെയ്ത ഒ.പി.ജി.ഡബ്ല്യൂ. കേബിളുകളാണ് കെ-ഫോൺ പദ്ധതിക്കായി ഉപയോഗിച്ചിരിക്കുന്നത് എന്നത് വസ്തുതയാണോ; വ്യക്തമാക്കുമോ;

(ഡി) ടെൻഡർ വ്യവസ്ഥകൾക്ക് വിപരീതമായി ഗുണനിലവാരം കുറഞ്ഞ കേബിളുകൾ ഉപയോഗിച്ച പ്രസ്തുത കമ്പനിക്കെതിരെ നടപടിയെടുക്കാൻ തയ്യാറാകുമോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വിശദമാക്കാമോ?

(ബി-ഡി) ടെൻഡർ വ്യവസ്ഥകൾ പ്രകാരം ഒ.പി.ജി.ഡബ്ല്യൂ. കേബിളുകൾ ഇന്ത്യൻ നിർമ്മാതാവിന്റേതാകണമെന്ന് നിഷ്കർഷിച്ചിരുന്നു. ഒ.പി.ജി.ഡബ്ല്യൂ. കേബിളുകളുടെ ഗുണനിലവാരം കെ-ഫോൺ പദ്ധതിയുടെ ടെക്നിക്കൽ കമ്മിറ്റി പരിശോധിച്ചിരുന്നു. ആയത് 'മേക്ക് ഇൻ ഇന്ത്യ' വ്യവസ്ഥകൾ പാലിക്കപ്പെട്ടിട്ടുണ്ടെന്ന് പ്രസ്തുത കമ്പനി അറിയിച്ചിട്ടുണ്ട്. ടെൻഡർ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് ഗുണനിലവാരമുള്ള

കേബിളുകളാണ് ഉപയോഗിച്ചിട്ടുള്ളതെന്ന് കെ-ഫോൺ കമ്പനി അറിയിച്ചിട്ടുണ്ട്.

**കെ-ഫോൺ പദ്ധതി**

47 (47) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. എം. വിൻസെന്റ്:
ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-ഫോൺ പദ്ധതിയുമായി ബന്ധപ്പെട്ട് ഐ.എസ്.പി. ഹാർഡ്‌വെയർ, സോഫ്റ്റ്‌വെയർ ടെൻഡറിൽ എൽ.വൺ ആയി തെരഞ്ഞെടുത്ത തിരുവനന്തപുരത്തെ സ്റ്റാർട്ടപ്പ് കമ്പനിക്ക് കരാർ നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ;

(ബി) പ്രസ്തുത ടെൻഡറിൽ പങ്കെടുത്ത റെയിൽ ടെൽ, അക്ഷര എന്നീ കമ്പനികൾ നൽകിയ കത്തിന്റെ അടിസ്ഥാനത്തിലാണ് എൽ.വൺ ആയ കമ്പനിക്ക് കരാർ നൽകാത്തത് എന്നത് വസ്തുതയാണോ; വ്യക്തമാക്കാമോ?

(എ&ബി) കരാർ നൽകിയിട്ടില്ല. പ്രസ്തുത ടെൻഡറിൽ പങ്കെടുത്ത ചില കമ്പനികൾ ടെൻഡർ പ്രക്രിയയുടെ നടപടിക്രമം സംബന്ധിച്ച് പരാതി ഉന്നയിച്ചിരുന്നു. പരാതി പരിശോധിച്ച ശേഷം ടെൻഡർ നടപടിക്രമത്തിൽ പിശക് കണ്ടെത്തിയതിനെത്തുടർന്നാണ് നിലവിലുള്ള ടെൻഡർ റദ്ദ് ചെയ്ത ശേഷം റീടെൻഡർ ചെയ്യാൻ നിർദ്ദേശം നൽകിയത്.

(സി) കെ-ഫോൺ പദ്ധതിയുമായി ബന്ധപ്പെട്ട് ഐ.എസ്.പി. ഹാർഡ്‌വെയർ, സോഫ്റ്റ്‌വെയർ ടെൻഡറിൽ എസ്.ആർ.ഐ.ടി. എന്ന സ്ഥാപനത്തിന്റെ സോഫ്റ്റ്‌വെയർ ഉപയോഗിക്കണമെന്ന് ടെൻഡർ കണ്ടീഷൻ വ്യവസ്ഥ ചെയ്യുന്നുണ്ടോ;

(ഡി) ഇത് നിയമാനുസൃതമാണോ എന്നത് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

(സി&ഡി) ഐ.എസ്.പി. ഹാർഡ്‌വെയർ, സോഫ്റ്റ്‌വെയർ ടെൻഡറിൽ എസ്.ആർ.ഐ.ടി. എന്ന സ്ഥാപനത്തിന്റെ സോഫ്റ്റ്‌വെയർ ഉപയോഗിക്കണമെന്ന് വ്യവസ്ഥ ചെയ്തിരുന്നില്ല.

(ഇ) കെ-ഫോൺ പദ്ധതിയുടെ ഒരു കരാറും എസ്.ആർ.ഐ.ടി., റെയിൽടെൽ ഒഴികെയുള്ള മറ്റ് സ്ഥാപനങ്ങൾക്ക് ലഭിക്കാൻ പാടില്ലെന്ന ലക്ഷ്യമാണ് ടെൻഡർ പൂർത്തിയായശേഷം ടെൻഡർ ക്യാൻസൽ ചെയ്തതിന് പിന്നിൽ എന്ന ആക്ഷേപം ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദമാക്കാമോ?

ഇല്ല.

**ബെൽ കൺസോർഷ്യത്തിന് കരാർ നൽകാനുണ്ടായ സാഹചര്യം**

48 (48) ശ്രീ. അൻവർ സാദത്ത്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-ഫോൺ പദ്ധതി എന്നാണ് തുടക്കം കുറിച്ചതെന്നും എത്ര മാസംകൊണ്ടാണ് പൂർത്തിയാക്കാൻ ഉദ്ദേശിച്ചിരുന്നതെന്നും വിശദമാക്കാമോ;

(ബി) എസ്.ആർ.ഐ.ടി. അടങ്ങുന്ന ബെൽ കൺസോർഷ്യത്തിന് നൽകിയ കരാറിൽ രണ്ട് വർഷംകൊണ്ട് പ്രവൃത്തികൾ പൂർത്തിയാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടോ;

(സി) മേല്പറഞ്ഞ കരാർ ഒപ്പിട്ട് നാല് വർഷത്തിലധികമായിട്ടും പ്രവൃത്തികൾ പൂർത്തിയാക്കാൻ സാധിക്കാത്തതിന്റെ കാരണം വിശദമാക്കാമോ?

(എ-സി) കെ-ഫോൺ പദ്ധതിയുടെ നടത്തിപ്പിനായി കെ.എസ്.ഐ.ടി.ഐ.എൽ. (കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ്) കെ-ഫോൺ പദ്ധതിയുടെ സിസ്റ്റം ഇന്റഗ്രേറ്ററായ ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡുമായി 09-03-2019-നാണ് കരാറിൽ ഏർപ്പെട്ടത്. പ്രസ്തുത കരാർ പ്രകാരം, 30-06-2021-നാണ് പദ്ധതി പൂർത്തീകരിക്കേണ്ടിയിരുന്നത്. കൊറോണ മഹാമാരിമൂലമുണ്ടായ ലോക്ക്ഡൗൺ, ദേശീയപാതാ വികസനവുമായി ബന്ധപ്പെട്ട റോഡ് വീതികൂട്ടലും റോഡ് നിർമ്മാണവും, റെയിൽവേ, ദേശീയപാതാ അതോറിറ്റികളിൽനിന്നും റൈറ്റ് ഓഫ് വേ അനുമതി ലഭിക്കാനുണ്ടായ

കാലതാമസം മുതലായ കാരണങ്ങൾകൊണ്ടാണ് പദ്ധതി പൂർത്തിയാക്കുന്നതിന് കാലതാമസം നേരിട്ടത്.

(ഡി) പ്രസ്തുത കരാർ കാലാവധി നീട്ടി നൽകിയിട്ടുണ്ടോയെന്ന് അറിയിക്കാമോ?

കരാർ കാലാവധി 30-09-2023 വരെ നീട്ടി നൽകിയിട്ടുണ്ട്.

(ഇ) ധനകാര്യ വകുപ്പിന്റെ 2017-ലെ ഉത്തരവിലെ നിബന്ധനകൾക്ക് വിരുദ്ധമായി കെ-ഫോൺ പദ്ധതിയിൽ എസ്റ്റിമേറ്റ് തുകയുടെ അൻപത് ശതമാനത്തിൽ കൂടുതൽ തുകയ്ക്ക് എസ്.ആർ.ഐ.ടി. അടങ്ങുന്ന ബെൽ കൺസോർഷ്യത്തിന് കരാർ നൽകാനുണ്ടായ സാഹചര്യം വിശദമാക്കാമോ?

2017-ൽ കെ-ഫോൺ പദ്ധതിക്ക് ഭരണാനുമതി നൽകിയപ്പോൾ, പ്രതിവർഷ പ്രവർത്തന ചെലവായ 104.4 കോടി രൂപ (പ്രധാന, അനുബന്ധ ശൃംഖലകൾക്ക്) 7 വർഷത്തേയ്ക്ക് കണക്കാക്കുന്നതിന് പകരം, ഒരു വർഷത്തേയ്ക്ക് മാത്രമായി കണക്കാക്കുകയും അങ്ങനെ ഭരണാനുമതി തുക 1028.20 കോടി രൂപയായി നിജപ്പെടുത്തുകയുമാണുണ്ടായത്.

പ്രവർത്തനചെലവുകൾക്കുവേണ്ടി വരുന്ന തുക, 2-ാം വർഷം മുതൽ പദ്ധതിയുടെ വരുമാന മാർഗ്ഗങ്ങളിൽനിന്നും കണ്ടെത്താമെന്ന അനുമാനത്തിലാണ് ഇങ്ങനെ കണക്കാക്കിയത്. എന്നാൽ ടെണ്ടർ കൈക്കൊണ്ട സ്ഥാപനം (എൽ-1 ബിഡ്ഡർ) നെറ്റ്‌വർക്ക് സജ്ജമാക്കുന്നതിന് പുറമെ മൂലധന ചെലവും പ്രവർത്തന ചെലവും കൂടാതെ ഏഴുവർഷത്തേയ്ക്കുള്ള പരിപാലന ചെലവും ടെണ്ടറിലൂടെതന്നെ കണ്ടെത്തേണ്ടി വന്നപ്പോഴാണ് തുക വർദ്ധിക്കുന്ന സാഹചര്യമുണ്ടായത്. സാധുവായ 3 ടെണ്ടറുകളിൽനിന്നും, സാങ്കേതിക വിലയിരുത്തലുകൾക്കുശേഷം, ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയ ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡിന്റെ കൂട്ടായ്മയെ (ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡിന്റെ കൺസോർഷ്യത്തെ) കെ-ഫോൺ പദ്ധതിയുടെ നടത്തിപ്പിനായി തെരഞ്ഞെടുക്കുകയുണ്ടായി. തുടർന്ന്, 2019-ൽ കെ-ഫോൺ പദ്ധതിക്ക് 1548.08 കോടി രൂപയ്ക്ക് (ബാധകമായ നികുതികൾ പുറമെ) പുതുക്കിയ ഭരണാനുമതി നൽകി. ധനകാര്യ വകുപ്പിന്റെ അംഗീകാരം നേടിയശേഷം മന്ത്രിസഭായോഗത്തിന്റെ അനുമതിയോടെയാണ് പുതുക്കിയ ഭരണാനുമതി നൽകിയത്.

**എസ്റ്റിമേറ്റ് തുകയെക്കാൾ ഉയർന്ന തുകയ്ക്ക് കരാർ നൽകാനുണ്ടായ സാഹചര്യം**

49 (49) ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-ഫോൺ പദ്ധതിയിൽ എസ്റ്റിമേറ്റ് തുകയുടെ അമ്പത് ശതമാനത്തിൽ കൂടുതൽ തുകയ്ക്ക് എസ്.ആർ.ഐ.ടി. അടങ്ങുന്ന ബെൽ കൺസോർഷ്യത്തിന് കരാർ നൽകാനുണ്ടായ സാഹചര്യം വിശദമാക്കാമോ;

(ബി) ടെൻഡർ വ്യവസ്ഥകൾ സംബന്ധിച്ച 2017-ലെ ധനകാര്യ വകുപ്പിന്റെ ഉത്തരവ് പ്രകാരം പത്ത് ശതമാനത്തിൽ കൂടുതൽ ടെൻഡർ എക്സസ് അനുവദനീയമല്ലെന്ന നിബന്ധന മറികടക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ;

(സി) ധനകാര്യ വകുപ്പിന്റെ പ്രസ്തുത ഉത്തരവ് പ്രകാരം കെ-ഫോൺ പദ്ധതിയുടെ ടെൻഡർ റീടെൻഡർ ചെയ്യേണ്ടതായിരുന്നു എന്നത് വസ്തുതയല്ലേ; വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ഉത്തരവിലെ നിബന്ധനകൾ പാലിക്കാത്തതുമൂലം സംസ്ഥാന ഖജനാവിന് അഞ്ഞൂറ് കോടി രൂപയുടെ നഷ്ടമുണ്ടായത് ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദമാക്കുമോ?

(എ-ഡി) 2017-ൽ കെ-ഫോൺ പദ്ധതിക്ക് ഭരണാനുമതി നൽകിയപ്പോൾ, പ്രതിവർഷ പ്രവർത്തന ചെലവായ 104.4 കോടി രൂപ (പ്രധാന, അനുബന്ധ ശൃംഖലകൾക്ക്) 7 വർഷത്തേയ്ക്ക് കണക്കാക്കുന്നതിന് പകരം, ഒരു വർഷത്തേയ്ക്ക് മാത്രമായി കണക്കാക്കുകയും ഭരണാനുമതി തുക 1028.20 കോടി രൂപയായി നിജപ്പെടുത്തുകയുമാണുണ്ടായത്. പ്രവർത്തനചെലവുകൾക്കുവേണ്ടി വരുന്ന തുക, 2-ാം വർഷം മുതൽ പദ്ധതിയുടെ വരുമാന മാർഗ്ഗങ്ങളിൽനിന്നും കണ്ടെത്താമെന്ന അനുമാനത്തിലാണ് ഇങ്ങനെ കണക്കാക്കിയത്. എന്നാൽ ടെൻഡർ കൈക്കൊണ്ട സ്ഥാപനം (എൽ-1 ബിഡ്ഡർ) നെറ്റ്‌വർക്ക്

സജ്ജമാക്കുന്നതിനുപുറമെ അവ പദ്ധതിയുടെ മുഴുവൻ കാലയളവിലും പരിപാലിക്കേണ്ടതായും വരുന്നു. അതിനാൽ നെറ്റ്‌വർക്ക് സജ്ജമാക്കുന്നതിനുള്ള മൂലധനചെലവും പ്രവർത്തനചെലവും കൂടാതെ ഏഴുവർഷത്തേയ്ക്കുള്ള പരിപാലന ചെലവും ടെൻഡറിലൂടെതന്നെ കണ്ടെത്തേണ്ടി വന്നപ്പോഴാണ് തുക വർദ്ധിക്കുന്ന സാഹചര്യമുണ്ടായത്. സാധുവായ 3 ടെൻഡറുകളിൽനിന്നും, സാങ്കേതിക വിലയിരുത്തലുകൾക്കുശേഷം, ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയ ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡിന്റെ കൂട്ടായ്മയെ (ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡിന്റെ കൺസോർഷ്യത്തെ) കെ-ഫോൺ പദ്ധതിയുടെ നടത്തിപ്പിനായി തെരഞ്ഞെടുക്കുകയുണ്ടായി. തുടർന്ന്, 2019-ൽ കെ-ഫോൺ പദ്ധതിക്ക് 1548.08 കോടി രൂപയ്ക്ക് (ബാധകമായ നികുതികൾ പുറമെ) പുതുക്കിയ ഭരണാനുമതി നൽകി. ധനകാര്യ വകുപ്പിന്റെ അംഗീകാരം നേടിയശേഷം മന്ത്രിസഭായോഗത്തിന്റെ അനുമതിയോടെയാണ് പുതുക്കിയ ഭരണാനുമതി നൽകിയത്. നിയമാനുസൃതമായി നടപടികൾ സ്വീകരിച്ചുവരുന്നതിനാൽ, റീടെൻഡർ നടത്തേണ്ട സാഹചര്യം

നിലവിലില്ല. സർക്കാരിന് 500 കോടി രൂപയുടെ നഷ്ടമുണ്ടായതായി കണ്ടെത്തിയിട്ടില്ല.

**ഐ.ടി. പദ്ധതികളുടെ കരാറുകൾ**

50 (50) <u>ശ്രീ. ഷാഫി പറമ്പിൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ ഊരാളുങ്കൽ സൊസൈറ്റിക്കും അതിന്റെ അനുബന്ധ സ്ഥാപനങ്ങൾക്കും ഐ.ടി. വകുപ്പിന്റെ ഭാഗമായുള്ള എത്ര പദ്ധതികൾ നിർവ്വഹണത്തിനായി നൽകിയിട്ടുണ്ട്; ഓരോ പദ്ധതിയുടെയും വിശദാംശങ്ങൾ നൽകാമോ?

കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (കെ.എസ്.ഐ.ടി.ഐ.എൽ.)-ന്റെ കീഴിലുള്ള 6 പദ്ധതികളുടെ നിർവ്വഹണ കരാർ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. കളമശ്ശേരി ടെക്നോളജി ഇന്നൊവേഷൻ സോണിലെ ഒന്നാമത്തെ കെട്ടിടത്തിന്റെ നിർമ്മാണം.

2. ടെക്നോപാർക്ക് ഫേസ്-1 കാമ്പസിലെ സി-ഡാക്ക് കെട്ടിടത്തിലെ 3, 4, 5 നിലകളിൽ കേരള സ്റ്റാർട്ടപ്പ് മിഷനുവേണ്ടി നടപ്പാക്കിയ ഇന്റീരിയർ വർക്കുകൾ.
3. കോഴിക്കോട് സൈബർപാർക്ക് കാമ്പസിലെ റോഡ് നിർമ്മാണം.
4. കോഴിക്കോട് സൈബർ പാർക്ക് കാമ്പസിലെ പ്രവേശന കവാടത്തിന്റെ നിർമ്മാണം.
5. കെ-ഫോണിന്റെ പുതിയ ഓഫീസിലെ ഇന്റീരിയർ വർക്കുകൾ.
6. കെ-സ്പേസിന്റെ പുതിയ ഓഫീസിലെ ഇന്റീരിയർ വർക്കുകൾ.

(ബി) പ്രസ്തുത പദ്ധതികളുടെ മൊത്തം തുകയും, ടെൻഡർ നടപടികളിലൂടെയാണോ ഈ സ്ഥാപനത്തിനെ തെരഞ്ഞെടുത്തത് എന്നുമുള്ള വിവരങ്ങൾ നൽകാമോ?

പ്രസ്തുത പദ്ധതികളുടെ നിർവ്വഹണത്തിലേയ്ക്കായി മൊത്തം 111.87 കോടി രൂപയുടെ കരാറിൽ കെ.എസ്.ഐ.ടി.ഐ.എൽ. ഊരാളുങ്കൽ സൊസൈറ്റിയുമായി ഏർപ്പെട്ടിട്ടുണ്ട്. ടെക്നോളജി ഇന്നവേഷൻ സോണിലെ ഒന്നാമത്തെ കെട്ടിടത്തിന്റെ നിർമ്മാണം, കോഴിക്കോട് സൈബർ പാർക്കിലെ റോഡ് നിർമ്മാണം, സൈബർപാർക്കിലെ പ്രവേശന

കവാടത്തിന്റെ നിർമ്മാണം എന്നീ പ്രവൃത്തികൾക്കായി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ ടെൻഡർ നടപടികളിലൂടെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്. ടെക്നോപാർക്ക് ഫേസ് -1 കാമ്പസിലെ സി-ഡാക്ക് കെട്ടിടത്തിന്റെ (കേരള സ്റ്റാർട്ടപ്പ് മിഷന് വേണ്ടിയുള്ള) ഇന്റീരിയർ വർക്കുകൾ, കെ-സ്പേസിന്റെ ഇന്റീരിയർ വർക്കുകൾ എന്നിവ സർക്കാരിന്റെ അക്രഡിറ്റേഷൻ ഏജൻസി എന്ന നിലയിൽ നേരിട്ടാണ് നൽകിയിട്ടുള്ളത്. കെ-ഫോണിന്റെ ഇന്റീരിയർ വർക്കുകൾ സർക്കാരിന്റെ അക്രഡിറ്റേഷൻ ഏജൻസികളിൽനിന്ന് ടെൻഡർ നടപടികളിലൂടെ തെരഞ്ഞെടുത്താണ് കരാർ നൽകിയിട്ടുള്ളത്.

**ഐ.ടി. മേഖലയിലെ തൊഴിലവസരം**

51 (51) ശ്രീ. എ. സി. മൊയ്തീൻ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഐ.ടി. മേഖലയിൽ തൊഴിലവസരങ്ങൾ കൂട്ടുന്നതിനായി നിലവിൽ പ്രവർത്തിക്കുന്ന ആഗോള കമ്പനികൾക്കുപുറമേ മറ്റ് പ്രമുഖ കമ്പനികളെ

കൊണ്ടുവരുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്; വിശദമാക്കാമോ?

ഐ.ടി. മേഖലയിൽ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനായി നിലവിൽ പ്രവർത്തിക്കുന്ന ആഗോള ഐ.ടി. കമ്പനികൾക്കുപുറമേ കേരളത്തിൽ സാന്നിദ്ധ്യമില്ലാത്ത പ്രമുഖ കമ്പനികളെ ആകർഷിക്കുന്നതിനായി നിലവിലെ മാർക്കറ്റിംഗ്/ബ്രാൻഡിംഗ് പ്രവർത്തനങ്ങൾക്കുപുറമേ വിപുലമായ മാർക്കറ്റിംഗ് പ്രവർത്തനങ്ങൾക്ക് സംസ്ഥാനത്തെ ഐ.ടി. പാർക്കുകൾ തയ്യാറെടുക്കുന്നു. ഇത്തരത്തിൽ നടത്തുന്ന പ്രചാരണ പരിപാടികളുടെ ഭാഗമായി തല്പരരാകുന്ന കമ്പനികളുടെ നിക്ഷേപം ഐ.ടി. പാർക്കുകളിൽ കാര്യക്ഷമമായ രീതിയിൽ പ്രാവർത്തികമാക്കുന്നതിനായുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ നിക്ഷേപവും തൊഴിലവസരങ്ങളും വർദ്ധിപ്പിക്കാനുള്ള പുതിയ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി ഐ.ടി. നയം പരിഷ്കരിക്കാനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

**അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ**

52 (52) <u>ശ്രീ. ഇ. കെ. വിജയൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

അക്ഷയ കേന്ദ്രങ്ങൾ പുതുതായി അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ?

30-07-2021-ലെ സ.ഉ.(കൈ)നം.24/2021/വി.സ.വ. നമ്പർ സർക്കാർ ഉത്തരവുപ്രകാരം രണ്ട് അക്ഷയ കേന്ദ്രങ്ങൾ തമ്മിലുള്ള ദൂരപരിധി ഗ്രാമപഞ്ചായത്തുകളിൽ 2 കിലോമീറ്ററും മുനിസിപ്പാലിറ്റികളിൽ 1.5 കിലോമീറ്ററും കോർപ്പറേഷനിൽ ഒരു കിലോമീറ്ററുമായി നിശ്ചയിച്ചിട്ടുണ്ട്. ഈ ദൂരപരിധി പാലിച്ചുകൊണ്ട് ജില്ലാ ഇ-ഗവേണൻസ് സൊസൈറ്റിയുടെ ശിപാർശയോടുകൂടി അക്ഷയ ഡയറക്ടർ സമർപ്പിക്കുന്ന പ്രൊപ്പോസൽ പരിശോധിച്ച് അക്ഷയ ലൊക്കേഷനുകൾ അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇപ്രകാരം അംഗീകാരം ലഭിച്ച ലൊക്കേഷനുകളിലേയ്ക്ക് സംരംഭകരെ തെരഞ്ഞെടുക്കുന്നതിനായി അതത് ജില്ലാ ഓഫീസുകളിൽനിന്നും വിജ്ഞാപനം പുറപ്പെടുവിക്കുമ്പോൾ

പ്ലസ് ടു/പ്രീഡിഗ്രി പാസ്സായവരും 18 വയസ്സിനും 50 വയസ്സിനും ഇടയിൽ പ്രായമുള്ളതുമായ ഏതൊരാൾക്കും ഓൺലൈനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്. തുടർന്ന് ഓൺലൈൻ പരീക്ഷ, അഭിമുഖം, എന്നിവയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നാണ് അക്ഷയ സംരംഭകരെ തെരഞ്ഞെടുക്കുന്നത്. ഇപ്രകാരമാണ് നിലവിൽ അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നത്.

**മലപ്പുറം ജില്ലയിലെ അക്ഷയ കേന്ദ്രങ്ങൾ**

53 (53) ഡോ. കെ. ടി. ജലീൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ എത്ര അക്ഷയ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

മലപ്പുറം ജില്ലയിൽ നിലവിൽ 307 അക്ഷയ കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു.

(ബി) ജില്ലയിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന അക്ഷയ കേന്ദ്രങ്ങളിൽ ഏതെങ്കിലും നിലവിൽ പ്രവർത്തിക്കുന്നില്ലെന്ന് കണ്ടെത്തിയിട്ടുണ്ടോ?

ഇല്ല.

(സി) എങ്കിൽ അത് എത്രയെണ്ണമാണെന്നും ഏതെല്ലാമെന്നും വ്യക്തമാക്കാമോ?

ബാധകമല്ല.

**അക്ഷയ കേന്ദ്രങ്ങളുടെ പ്രവർത്തനം**

54 (54) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ പ്രവർത്തിച്ചുവന്നിരുന്ന എത്ര അക്ഷയ കേന്ദ്രങ്ങൾ പ്രവർത്തനരഹിതമായിട്ടുണ്ടെന്ന് വിശദമാക്കാമോ?

തിരുവനന്തപുരം ജില്ലയിൽ പ്രവർത്തിച്ചുവന്നിരുന്ന 29 അക്ഷയ കേന്ദ്രങ്ങൾ നിലവിൽ പ്രവർത്തനരഹിതമാണ്.

(ബി) പ്രവർത്തനരഹിതമായ അക്ഷയ കേന്ദ്രങ്ങൾക്ക് പകരം അതത് മേഖലയിൽ പുതിയ അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പ്രവർത്തനരഹിതമായ അക്ഷയ കേന്ദ്രങ്ങൾക്ക് പകരം അതത് മേഖലയിൽ പുതിയ അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

**കെ-ഫോൺ പദ്ധതിയുടെ എം.എസ്.പി. കരാർ**

55 (55) ശ്രീ. റോജി എം. ജോൺ:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. എ. പി. അനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-ഫോൺ പദ്ധതിയുടെ എം.എസ്.പി. (മാനേജ്ഡ് സർവ്വീസ് പ്രൊവൈഡർ) കരാർ എസ്.ആർ.ഐ.ടി. എന്ന കമ്പനിക്ക് നൽകിയിട്ടുണ്ടോ?

നൽകിയിട്ടുണ്ട്.

(ബി) കെ-ഫോൺ പദ്ധതിയുടെ ആദ്യ കരാർ ലഭിച്ച ബെൽ കൺസോർഷ്യത്തിൽ ഉൾപ്പെട്ട എസ്.ആർ.ഐ.ടി.-ക്ക് ഏതൊക്കെ

വ്യവസ്ഥകൾ പ്രകാരമാണ് എം.എസ്.പി. കരാർ നൽകിയിരിക്കുന്നതെന്ന് വിശദമാക്കാമോ?

വ്യവസ്ഥകൾ അടങ്ങിയ കരാറിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

(സി) എസ്.ആർ.ഐ.ടി.-യോടൊപ്പം ആദ്യ ടെൻഡർ നേടിയ റെയിൽടെൽ സ്ഥാപനമായ റെയിൽവയറിന്റെ എം.എസ്.പി.-കളാണ് പ്രസ്തുത ടെൻഡറിൽ പങ്കെടുത്ത മൂന്ന് കമ്പനികൾ എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ടെൻഡർ നടപടികളിൽ കാർട്ടൽ ഉണ്ടാക്കാൻ പാടില്ലെന്ന സെൻട്രൽ വിജിലൻസ് കമ്മീഷൻ ഗൈഡ്‌ലൈനിന് വിരുദ്ധമായി നടത്തിയ പ്രസ്തുത പ്രവൃത്തിക്കെതിരെ നടപടി സ്വീകരിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഇ) കാർട്ടലിൽ നേടിയ പ്രസ്തുത ടെൻഡർ നടപടികൾ റദ്ദാക്കാൻ തയ്യാറാകുമോ; വിശദമാക്കുമോ?

(ഡി&ഇ) ടെൻഡർ നടപടികളിൽ കാർട്ടൽ ഉണ്ടാക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**കേരള നോളഡ്ജ് ഇക്കോണമി മിഷൻ**

56 (56) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ കേരള നോളഡ്ജ് ഇക്കോണമി മിഷന്റെ നേതൃത്വത്തിൽ നൈപുണ്യ പരിശീലനം നൽകുന്നതിനായി എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കുന്നതെന്ന് വിശദമാക്കാമോ?

കേരള നോളഡ്ജ് ഇക്കോണമി മിഷന്റെ ഭാഗമായി ഡിജിറ്റൽ വർക്ക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം (DWMS) പോർട്ടലിൽ മുന്നൂറിൽപ്പരം കോഴ്സുകൾ ലഭ്യമാണ്. പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ തൊഴിലന്വേഷകർക്കും അവരുടെ പ്രൊഫൈൽ വഴി ഈ നൈപുണ്യ വികസന കോഴ്സുകൾ തെരഞ്ഞെടുക്കാവുന്നതാണ്.

'എന്റെ തൊഴിൽ എന്റെ അഭിമാനം' എന്ന പദ്ധതിയുമായി ബന്ധപ്പെട്ട് ആലപ്പുഴ ജില്ലയിൽനിന്നും 31 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് താല്പര്യം അറിയിച്ചിരിക്കുന്നത്. ഈ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും രജിസ്റ്റർ ചെയ്തിരിക്കുന്ന തൊഴിലന്വേഷകർക്ക് സ്കിൽ ഗ്യാപ് കണ്ടുപിടിച്ച് അവർക്കുള്ള നൈപുണ്യ വികസന കോഴ്സുകൾ നൽകി തൊഴിൽ സജ്ജരാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കേരള നോളഡ്ജ് ഇക്കോണമി മിഷന്റെ 'തൊഴിൽതീരം' പദ്ധതിയുമായി ബന്ധപ്പെട്ട് ആലപ്പുഴ ജില്ലയിലെ തീരപ്രദേശത്തുനിന്നും DWMS-ലേയ്ക്ക് രജിസ്റ്റർ ചെയ്തിരിക്കുന്ന തൊഴിലന്വേഷകർക്ക് നൈപുണ്യ വികസനത്തിനായുള്ള പ്രത്യേക പദ്ധതിയും രൂപീകരിച്ചിട്ടുണ്ട്.

ആലപ്പുഴയിലെ ചേർത്തല ഇൻഫോപാർക്കിന്റെ സഹായത്തോടെ കമ്പനികളുടെ ഒരു കൺസോർഷ്യം രൂപീകരിച്ചിട്ടുണ്ട്. ഐ.ടി. മേഖലയിലെ തൊഴിലുകൾക്കുവേണ്ടിയുള്ള പ്രത്യേക നൈപുണ്യ പരിശീലന പരിപാടികളും ആസൂത്രണം ചെയ്തിട്ടുണ്ട്.

(ബി) 'ഒരു ജില്ല ഒരു ആശയം' പദ്ധതി ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആലപ്പുഴ ജില്ലയിൽ നടപ്പാക്കുന്ന പ്രസ്തുത പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. ആലപ്പുഴ ജില്ലയിൽ 'ഒരു ജില്ല ഒരു ആശയം' പദ്ധതിയിൽ രണ്ട് ക്ലസ്റ്ററുകളാണ് തെരഞ്ഞെടുത്തിട്ടുള്ളത്. ഒരേതരം ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്ന എം.എസ്.എം.ഇ.-കളെ കോർത്തിണക്കിയാണ് ക്ലസ്റ്ററുകൾ രൂപപ്പെടുത്തിയിരിക്കുന്നത്. കുട്ടനാട് ഇനിഷ്യേറ്റീവ്സ് എന്ന ഫുഡ് ക്ലസ്റ്ററും ഏടനാട് പ്രിന്റിംഗ് എം.എസ്.എം.ഇ. ക്ലസ്റ്ററുമാണ് കെ-ഡിസ്കിന്റെ 'ഒരു ജില്ല ഒരു ആശയം' പദ്ധതിയുടെ കീഴിൽ ആലപ്പുഴ ജില്ലയിൽ ഉൾപ്പെടുന്നത്. ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ സ്ഥിതിചെയ്യുന്ന ഏടനാട് പ്രിന്റിംഗ് ക്ലസ്റ്ററിൽ പാക്കേജിംഗ്, പ്രിന്റിംഗ് ഉൽപ്പന്നങ്ങളാണ് ഉൽപാദിപ്പിക്കുന്നത്. ക്ലസ്റ്ററിൽ 20 സജീവ അംഗങ്ങളുണ്ട്. കുട്ടനാട് നിയോജകമണ്ഡലത്തിൽ സ്ഥിതിചെയ്യുന്ന കുട്ടനാട് ഇനിഷ്യേറ്റീവ്സ് കാർഷിക അധിഷ്ഠിത ഉൽപ്പന്നങ്ങൾ, കോഴിവളർത്തൽ, അക്വാകൾച്ചർ, ടൂറിസം, അക്വാട്ടിക് സ്പോർട്സ് എന്നീ മേഖലകളിൽ

പ്രവർത്തിക്കുന്നു. 50 സജീവ അംഗങ്ങളാണ് ക്ലസ്റ്ററിൽ ഉൾപ്പെടുന്നത്. പ്രസ്തുത ക്ലസ്റ്ററുകളുടെ നിലവിലെ സാഹചര്യങ്ങൾ പഠിച്ച് ഈ ക്ലസ്റ്ററുകളുടെ വികസനത്തിനുള്ള ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നതിനുവേണ്ടി ആലപ്പുഴ ജില്ലയിലെ കാർമൽ കോളേജ് ഓഫ് എഞ്ചിനീയറിംഗിനെയും മഹാഗുരു ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയെയും ചുമതലപ്പെടുത്തിയിരുന്നു. പ്രസ്തുത മെന്ററിംഗ് സ്ഥാപനങ്ങളുടെ സഹായത്തോടെ ഉയർന്ന തൊഴിൽ ലഭ്യതയ്ക്കും ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധനവിനുമുതകുന്ന തരത്തിലുള്ള ആക്ഷൻ പ്ലാനുകൾ തയ്യാറാക്കുന്നതിനുവേണ്ടിയുള്ള സഹായം ഉറപ്പുവരുത്തിയിട്ടുണ്ട്. ഇത്തരത്തിൽ തയ്യാറാക്കിയ ആക്ഷൻ പ്ലാനുകളുടെ ആദ്യഘട്ട ഇവാലുവേഷൻ പ്രക്രിയ Entrepreneurship Development Institute of India (EDII), Ahmedabad-ന്റെ സഹായത്തോടുകൂടി നടപ്പാക്കിവരുന്നു. സമർപ്പിച്ചിട്ടുള്ള വിവിധ ആക്ഷൻ പ്ലാനുകൾ ആദ്യഘട്ട ഇവാലുവേഷനിൽ മാർക്കിന്റെ അടിസ്ഥാനത്തിൽ A, B, C എന്നീ മൂന്ന് തരമായി ക്ലസ്റ്ററുകളെ തിരിക്കുകയുണ്ടായി. അടുത്തഘട്ടത്തിലേയ്ക്ക് A-യിലും B-യിലും ഉൾപ്പെട്ടിട്ടുള്ള ക്ലസ്റ്ററുകളെ തെരഞ്ഞെടുത്തു. ആലപ്പുഴ ജില്ലയിലെ 2 ക്ലസ്റ്ററുകളിൽ ഒന്നായ

കുട്ടനാട് ഇനിഷ്യേറ്റീവ്സ് എന്ന ഫുഡ് ക്ലസ്റ്റർ B തരത്തിൽ ഉൾപ്പെടുകയും അടുത്ത ഘട്ടത്തിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു. എന്നാൽ പട്ടികയിൽ ഉൾപ്പെടുത്തിയവയിൽ ഏടനാട് പ്രിന്റിംഗ് ക്ലസ്റ്ററിന്റെ സ്ഥാനം C വിഭാഗത്തിൽ ആയതിനാൽ അടുത്ത ഘട്ടത്തിലേയ്ക്ക് തെരഞ്ഞെടുത്തിട്ടില്ല.

രണ്ടാം ഘട്ടത്തിൽ ഇന്നവേഷൻ പ്ലാനിനെ അടിസ്ഥാനമാക്കി EDII നടത്തിയ മൂല്യനിർണ്ണയത്തിൽ കുട്ടനാട് ഇനിഷ്യേറ്റീവ്സ് എന്ന ഫുഡ് ക്ലസ്റ്റർ അടുത്ത ഘട്ടത്തിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുകയുണ്ടായില്ല.

(സി) സംസ്ഥാനത്ത് നോളഡ്ജ് മിഷൻ മുഖേന നടത്തിയ തൊഴിൽ മേളകളുടെ വിശദവിവരം ജില്ല തിരിച്ച് ലഭ്യമാക്കാമോ?

കേരള നോളഡ്ജ് ഇക്കോണമി മിഷൻ മുഖേന സംസ്ഥാനത്ത് നടത്തിയ തൊഴിൽ മേളകളുടെ ജില്ല തിരിച്ച് വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

**വാമനപുരം മണ്ഡലത്തിൽ കെ-ഫോൺ പദ്ധതി**

57 (57) **ശ്രീ. ഡി. കെ. മുരളി:** താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) കെ-ഫോൺ പദ്ധതിയുടെ പുരോഗതി അറിയിക്കാമോ?

കെ-ഫോൺ പദ്ധതിയുടെ പ്രവർത്തന പുരോഗതി ചുവടെ ചേർക്കുന്നു:-

6709 കിലോമീറ്റർ ബാക്ക്ബോൺ, 19271 കി.മീ. എ.ഡി.എസ്.എസ് (All-Dielectric Self Supporting Cable), ഒ.എഫ്.സി., ആക്സസ് കേബിൾ, 371 പോയിന്റ് ഓഫ് പ്രെസെൻസുകൾ, നെറ്റ്‌വർക്ക് ഓപ്പറേറ്റിംഗ് സെന്ററിലെ ഐ.ടി./നോൺ ഐ.ടി. സംബന്ധമായ പണികൾ എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്.

27651 ഓഫീസുകളിൽ/സ്ഥാപനങ്ങളിൽ കെ-ഫോൺ കണക്ഷൻ നൽകുന്നതിനുള്ള അനുബന്ധ ഉപകരണങ്ങൾ സ്ഥാപിക്കുകയും ഇതിൽ 18195 (05-08-2023 വരെ) ഓഫീസുകളിൽ/സ്ഥാപനങ്ങളിൽ ഇന്റർനെറ്റ് ലഭ്യത ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 3836 (05-08-2023 വരെ) കുടുംബങ്ങൾക്ക് കെ-ഫോൺ കണക്ഷൻ നൽകിയിട്ടുണ്ട്.

(ബി) ഓരോ നിയോജകമണ്ഡലത്തിലും നൂറ് വീടുകൾക്ക് സൗജന്യമായി കണക്ഷൻ നൽകുന്നതിന്റെ ഭാഗമായി വാമനപുരം

നിയോജകമണ്ഡലത്തിലെ ഒൻപത് ഗ്രാമപഞ്ചായത്തുകളിൽനിന്നും ലഭിച്ച അപേക്ഷകളിന്മേൽ ഇതുവരെ സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

വാമനപുരം നിയോജകമണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും ലഭിച്ച പട്ടികയിലെ 34 കുടുംബങ്ങൾക്ക് കെ-ഫോൺ കണക്ഷൻ നൽകിയിട്ടുണ്ട്. ബാക്കിയുള്ള വീടുകളിൽ കണക്ഷൻ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

(സി) അപേക്ഷിക്കുന്ന എല്ലാവർക്കും കണക്ഷൻ നൽകാൻ കഴിയുമോ; വ്യക്തമാക്കാമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും ലഭിക്കുന്ന ഗുണഭോക്താക്കളുടെ പട്ടിക അടിസ്ഥാനമാക്കിയാണ് നിലവിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് കെ-ഫോൺ കണക്ഷൻ നൽകിവരുന്നത്. വീടുകളിൽ വാണിജ്യ കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള ലാസ്റ്റ് മൈൽ നെറ്റ്‌വർക്ക് ദാതാവിനെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. പ്രസ്തുത നടപടികൾ പൂർത്തീകരിച്ചശേഷം എന്റെ KFON (enteKFON) എന്ന

മൊബൈൽ ആപ്ലിക്കേഷൻ മുഖേന രജിസ്റ്റർ ചെയ്യുന്ന ഉപഭോക്താക്കൾക്ക് കെ-ഫോൺ കണക്ഷൻ നൽകുന്നതിനുള്ള നടപടികൾ കൈക്കൊള്ളാനാണ് ഉദ്ദേശിക്കുന്നത്.

**ഐ.ടി. മേഖലയിൽ തൊഴിലും ഐ.ടി. സ്റ്റാർട്ടപ്പുകളും**

58 (58) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ ഐ.ടി. മേഖലയിൽ സംസ്ഥാനത്തിനകത്തും പുറത്തുമായി എത്രപേർക്ക് തൊഴിൽ ലഭ്യമായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

2016 മുതൽ നാളിതുവരെ ഐ.ടി. മേഖലയിൽ സംസ്ഥാനത്തിനകത്തും പുറത്തുമായി ഏകദേശം 85000 പേർക്ക് തൊഴിൽ ലഭ്യമായിട്ടുണ്ട്.

(ബി) ഐ.ടി. സ്റ്റാർട്ടപ്പുകളുടെ പ്രോത്സാഹനങ്ങൾക്കായി രൂപീകരിച്ച ഐ.ടി. മിഷന്റെ പ്രവർത്തനം എന്തൊക്കെയെന്ന് വിശദമാക്കാമോ?

ഐ.ടി. മേഖല ഉൾപ്പെടെയുള്ള സാങ്കേതിക വിദ്യ മേഖലയിലെ സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കുന്നതിനായാണ് കേരള സ്റ്റാർട്ടപ്പ് മിഷൻ

രൂപീകരിച്ചത്. സ്റ്റാർട്ടപ്പുകൾക്കാവശ്യമായ അന്തർദ്ദേശീയ നിലവാരമുള്ള അടിസ്ഥാനഘടകങ്ങൾ ഒരുക്കുന്ന ടെക്നോളജി ഇന്നവേഷൻ സോൺ പദ്ധതി, കോളേജുകളിൽ ഇന്നവേഷൻ ആൻഡ് എന്റർപ്രണർഷിപ് ഡെവലപ്മെന്റ് സെന്ററുകൾ സ്ഥാപിക്കുന്നതുൾപ്പെടെ സ്കൂൾ തലം മുതൽ കോളേജ്, പ്രൊഫഷണലുകൾ, പൊതുജനം എന്നിവരിൽ സാങ്കേതികതയും സംരംഭകത്വവും പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രചാരണ പരിപാടികൾ, ഇൻകുബേറ്ററുകൾ, ആക്സിലറേറ്ററുകൾ, ഫാബ് ലാബുകൾ, സൂപ്പർ ഫാബ് ലാബ്, ഫ്യൂച്ചർ ലാബ് തുടങ്ങിയ വിജ്ഞാന പരിപാടികൾ, നിക്ഷേപം ലഭ്യമാക്കുന്നതിനായി ഫണ്ട് ഓഫ് ഫണ്ട്സ് പദ്ധതി, ലഘുവായ വ്യവസ്ഥയിൽ വായ്പ ലഭ്യമാക്കുന്ന സീഡ് ലോൺ, അന്തർദ്ദേശീയ വിനിമയ പദ്ധതി തുടങ്ങിയ വിവിധ ഘടകങ്ങളുള്ള യുവ സംരംഭകത്വ പദ്ധതി എന്നിവയാണ് ഐ.ടി. സ്റ്റാർട്ടപ്പുകളുടെ പ്രോത്സാഹനത്തിനായി കേരളാ സ്റ്റാർട്ടപ്പ് മിഷൻ നടപ്പാക്കി വരുന്ന പ്രധാന പദ്ധതികൾ. ഈ പദ്ധതികൾ നടപ്പാക്കുന്നതുവഴി കൂടുതൽ സ്റ്റാർട്ടപ്പ് സംരംഭങ്ങൾ ആരംഭിക്കാനും നിലവിൽ

ആരംഭിച്ച സംരംഭങ്ങളെ മികച്ച സ്ഥാപനങ്ങളാക്കി വളർത്തിയെടുക്കാനും കഴിയും.

**കൊല്ലം ഐ.ടി. ഇടനാഴി പദ്ധതി**

59 (59) ശ്രീ. എം. മുകേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 ബഡ്ജറ്റിൽ പ്രഖ്യാപിച്ച കൊല്ലം ഐ.ടി. ഇടനാഴി പദ്ധതിയുടെ പദ്ധതി രൂപീകരണ പുരോഗതി വിശദമാക്കുമോ;

(ബി) പദ്ധതിക്കായി ഭൂമി കണ്ടെത്തുന്നതിനും ഏറ്റെടുക്കുന്നതിനുമായി സ്വീകരിച്ചുവരുന്ന നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

(എ&ബി) 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രഖ്യാപനത്തിൽ ദേശീയപാത 66-ന് സമാന്തരമായി നാല് ഐ.ടി. ഇടനാഴികൾ സ്ഥാപിക്കുന്നതിന് കിഫ്ബി ലാൻഡ് അക്വിസിഷൻ പൂളിൽനിന്നും 1000 കോടി രൂപ വകയിരുത്തിയിരുന്നു. കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡിനെ ഈ പദ്ധതിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി നിയോഗിച്ചുകൊണ്ടും ഐ.ടി. ഇടനാഴികൾ

സ്ഥാപിക്കുന്നതിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള റിക്വിസിഷനിംഗ് അതോറിറ്റിയായി മാനേജിംഗ് ഡയറക്ടർ, കെ.എസ്.ഐ.ടി.ഐ.എൽ.-നെ നിയമിച്ചുകൊണ്ടും നാല് ഐ.ടി. ഇടനാഴികൾ സ്ഥാപിക്കാൻ സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ ടെക്നോപാർക്ക് മൂന്നാംഘട്ടം മുതൽ കൊല്ലം വരെ ഉൾപ്പെട്ടതാണ് ഒന്നാം ഇടനാഴി. ഈ ഇടനാഴിക്കുവേണ്ടി 17 ലാൻഡ് പാഴ്സലുകൾ കണ്ടെത്തിയിരുന്നു. ഇവയുടെ സ്വീകാര്യത പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിനായി സർക്കാർ ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തുകയും കമ്മിറ്റി സ്ഥലങ്ങൾ സന്ദർശിച്ച് ഇതിൽ 6 ലാൻഡ് പാഴ്സലുകൾ (ഏകദേശം 200 ഏക്കറോളം ഭൂമി) പദ്ധതിക്ക് അനുയോജ്യമാണെന്ന് കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട തുടർനടപടി സർക്കാർ പരിശോധിച്ചുവരികയാണ്.

**ഡിജിറ്റൽ സാങ്കേതികവിദ്യ പ്രവർത്തനങ്ങൾ**

60 (60) <u>ശ്രീ. എ. സി. മൊയ്തീൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഏതൊക്കെ പരമ്പരാഗത മേഖലകളിലാണ് ഡിജിറ്റൽ സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി ഡിജിറ്റൽ പരിവർത്തന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് ആരംഭം കുറിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

- ഡിജിറ്റൽ സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി സമസ്തമേഖലകളിലും ഡിജിറ്റൽ പരിവർത്തനപ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി നിലവിൽ വിവിധ വകുപ്പുകളിൽനിന്നുള്ള 911 സേവനങ്ങൾ ഉൾപ്പെടുത്തി ഇ-സേവനം എന്ന ഓൺലൈൻ പോർട്ടൽ കേരള സംസ്ഥാന ഐ.ടി. മിഷൻ വികസിപ്പിച്ചിട്ടുണ്ട്. ഇതുകൂടാതെ എഴുന്നൂറിലധികം സേവനങ്ങൾ വാഗ്ദാനം ചെയ്യുന്ന എം-സേവനം എന്ന മൊബൈൽ ആപ്ലിക്കേഷനും ലഭ്യമാണ്. ഭാവിയിൽ ബന്ധപ്പെട്ട ഡിപ്പാർട്ട്മെന്റൽ സർവ്വീസ് പോർട്ടലുകളിലേയ്ക്ക് റീഡയറക്ട് ചെയ്യേണ്ടതിന്റെ ആവശ്യകത ഇല്ലാതാക്കി മുഴുവൻ സേവനത്തെയും ഒരൊറ്റ പോർട്ടലിലേയ്ക്ക് സംയോജിപ്പിക്കാൻ പദ്ധതിയുണ്ട്. ഈ സംയോജനം ഒരു പൗരനെ സംബന്ധിക്കുന്ന എല്ലാ വിവരങ്ങളും

ഒരിടത്ത് കേന്ദ്രീകരിക്കാൻ ലക്ഷ്യമിടുന്നു. അതിനാൽ പൗരന്മാർക്ക് സേവന ലഭ്യതയ്ക്കായി വിവിധ വെബ്സൈറ്റുകൾ സന്ദർശിക്കുകയോ ഓരോ ആപ്ലിക്കേഷനുവേണ്ടിയും പ്രത്യേകം ഡാറ്റ പൂരിപ്പിക്കുകയോ ചെയ്യേണ്ടതില്ല.

- കൃഷി, മൃഗസംരക്ഷണം, മണ്ണ് സംരക്ഷണം, മത്സ്യബന്ധന മേഖല, ജലവിഭവ സംരക്ഷണം, ഖരമാലിന്യ സംസ്കരണം എന്നീ പരമ്പരാഗത മേഖലകളിൽ ഡിജിറ്റൽ പരിവർത്തന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഡിജിറ്റൽ സർവ്വകലാശാല വിവിധ പ്രവർത്തനങ്ങളും പദ്ധതികളും നടപ്പാക്കിവരുന്നു.
- കാർഷിക മേഖലയിൽ കീടനാശിനി പ്രയോഗം, നീര ശേഖരിക്കൽ എന്നീ ആവശ്യങ്ങൾക്ക് സ്റ്റാർട്ടപ്പുകൾ ഡിജിറ്റൽ സാങ്കേതികവിദ്യയിലൂടെ ഉപകരണങ്ങൾ വികസിപ്പിച്ചിട്ടുണ്ട്. കൂടാതെ കാർഷിക ഉൽപ്പന്നങ്ങൾ, കയർ, ചണം, ഹാൻഡ്‌ലൂം, ഹാൻഡിക്രാഫ്റ്റ്, വന വിഭവങ്ങൾ എന്നീ മേഖലയിലെ ഉൽപ്പന്നങ്ങളുടെ

വിപണനത്തിനും ഡിജിറ്റൽ സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തിവരുന്നു.

- കാർഷിക മേഖലയിലെ കാലാവസ്ഥാ വ്യതിയാനങ്ങൾ നിരീക്ഷിക്കുന്നതിനുള്ള ഇന്റർനെറ്റ് അധിഷ്ഠിത ഉപകരണങ്ങൾ ഐെസിഫോസ് വിന്യസിച്ചിട്ടുണ്ട് (pilot). മണ്ണിലെ ഈർപ്പം, താപനില അളക്കുന്ന ഉപകരണങ്ങളും കന്നുകാലി വളർത്തൽ കേന്ദ്രങ്ങളിലെ താപനില, അന്തരീക്ഷ ആർദ്രത എന്നിവ അളക്കുന്ന ഉപകരണങ്ങളും വിന്യസിക്കാൻ സാധിച്ചു.
- ഹാൻഡിക്രാഫ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരളയ്ക്കുവേണ്ടി പരമ്പരാഗത ക്രാഫ്റ്റ് ഉൽപ്പന്നങ്ങൾ ഓൺലൈനായി വില്പന നടത്തുന്നതിന് സഹായകമായ രീതിയിലുള്ള വെബ്സൈറ്റ് (kerala handicrafts.in) സി.ഡിറ്റ് രൂപകൽപന ചെയ്ത് വിന്യസിച്ച് നൽകിയിട്ടുണ്ട്. ഇതുവഴി വിവിധ ഉൽപ്പന്നങ്ങളുടെ ചിത്രങ്ങൾ കാണുന്നതിനും ആമസോൺ/ഷോപ്പ് ഓൺലൈൻ മുഖേന ഓർഡർ ചെയ്യുന്നതിനും സൗകര്യമുണ്ട്.

- പരമ്പരാഗത രീതിയിൽ ഫയൽ കൈകാര്യം ചെയ്യുന്നതിനുപകരം പൂർണ്ണമായും ഡിജിറ്റലായി ഫയൽ കൈകാര്യം ചെയ്യുന്നതിന് പ്രാപ്തമാകുന്ന കടലാസ് രഹിത സംവിധാനമാണ് ഇ-ഓഫീസ്. 2014 ഫെബ്രുവരിയോടെ സെക്രട്ടേറിയറ്റിൽ ഇ-ഓഫീസ് സംവിധാനം നിലവിൽ വന്നു. 2017 മുതൽ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകളിലും ഇ-ഓഫീസ് സംവിധാനം പൂർണ്ണമായും നടപ്പാക്കി. ഇതിനുപുറമെ മുഴുവൻ കളക്ടറേറ്റുകൾ, റവന്യൂ ഡിവിഷണൽ ഓഫീസുകൾ, 1317 വില്ലേജ് ഓഫീസുകൾ, 164 സർക്കാർ/അർദ്ധ സർക്കാർ വകുപ്പുകൾ, സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഇതിനോടകം ഇലക്ട്രോണിക്സ് ഫയൽ സംവിധാനം നടപ്പാക്കിയിട്ടുണ്ട്.

**കെ-ഫോൺ പദ്ധതി**

61 (61) ശ്രീ. എ. സി. മൊയ്തീൻ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കെ-ഫോൺ പദ്ധതി എത്ര ബി.പി.എൽ. കുടുംബങ്ങൾക്ക് സൗജന്യമായി ഇന്റർനെറ്റ് കണക്ഷൻ നൽകുന്നതിന് ലക്ഷ്യമിടുന്നതെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് ബി.പി.എൽ. കുടുംബങ്ങൾക്ക് കെ-ഫോൺ പദ്ധതിയിലൂടെ ഘട്ടംഘട്ടമായി സൗജന്യമായി ഇന്റർനെറ്റ് കണക്ഷൻ നൽകാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി പദ്ധതിയുടെ ആദ്യഘട്ടത്തിൽ ഓരോ നിയമസഭാ മണ്ഡലത്തിൽനിന്നും തെരഞ്ഞെടുക്കപ്പെടുന്ന സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 100 കുടുംബങ്ങൾക്ക് വീതം ആകെ 14000 കുടുംബങ്ങൾക്ക് സൗജന്യമായി ഇന്റർനെറ്റ് കണക്ഷൻ നൽകാൻ തീരുമാനിക്കുകയും കണക്ഷൻ നൽകിത്തുടങ്ങുകയും ചെയ്തിട്ടുണ്ട്. ബി.പി.എൽ. കുടുംബങ്ങൾക്ക് സൗജന്യമായി കെ-ഫോൺ കണക്ഷൻ നൽകുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് 2 കോടി രൂപ 2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

**ഐ.ടി. മേഖലയിലെ വികസനം**

62 (62) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 സാമ്പത്തിക വർഷം സംസ്ഥാനത്തെ ഐ.ടി. മേഖലയിൽ എത്ര കോടി രൂപയുടെ ഹാർഡ്‌വെയർ ഉൽപ്പാദനമാണ് നടന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഉൽപ്പാദനം 2025-26 വർഷം ആകുമ്പോഴേയ്ക്കും എത്ര കോടി രൂപയായി ഉയർത്താനാണ് ലക്ഷ്യമിടുന്നതെന്ന് അറിയിക്കാമോ?

(എ&ബി) സോഫ്റ്റ്‌വെയർ സ്റ്റാർട്ടപ്പ് മേഖലകളിലാണ് സംസ്ഥാനത്തെ ഐ.ടി. മേഖലയ്ക്ക് പ്രമുഖ സ്ഥാനമുള്ളത്. 2022-23 സാമ്പത്തിക വർഷം സംസ്ഥാനത്തെ ഐ.ടി. മേഖലയിൽ 9.8 ലക്ഷം രൂപയുടെ ഹാർഡ്‌വെയർ ഉൽപ്പാദനമാണ് നടന്നത്. 2025-26 വർഷം ആകുമ്പോഴേയ്ക്കും ഉൽപ്പാദനം ഗണ്യമായി ഉയർത്താനാണ് ലക്ഷ്യമിടുന്നത്.

(സി) സംസ്ഥാനത്തെ സ്വകാര്യ ഐ.ടി. പാർക്കുകളെ പ്രോത്സാഹിപ്പിക്കാൻ നൂതനമായ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത്; വ്യക്തമാക്കുമോ?

സർക്കാർ ഉടമസ്ഥതയിലുള്ള ഐ.ടി. പാർക്കുകളെ കേന്ദ്രീകരിച്ചാണ് കൂടുതലായും ഐ.ടി. വികസനത്തിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നത്. ഈ ഐ.ടി. പാർക്കുകളിൽ സ്വകാര്യ സംരംഭകരെയും കമ്പനികളെയും ആകർഷിക്കുന്നതിനാവശ്യമായ എല്ലാ നടപടികളും സർക്കാർ കൈക്കൊണ്ടുവരുന്നു.

(ഡി) സംസ്ഥാനത്ത് നിലവിലുള്ള ഐ.ടി. സംരംഭകർ എത്രയെന്നും ഐ.ടി., ഐ.ടി. അനുബന്ധ മേഖലയിലെ ജീവനക്കാരുടെയും തൊഴിലാളികളുടെയും എണ്ണം എത്രയെന്നും വ്യക്തമാക്കുമോ?

സംസ്ഥാനത്ത് നിലവിൽ തിരുവനന്തപുരം ടെക്നോപാർക്കിലെ 486 -ഉം കൊച്ചി ഇൻഫോപാർക്കിലെ 572-ഉം കോഴിക്കോട് സൈബർപാർക്കിലെ 84-ഉം ഉൾപ്പെടെ ആകെ 1142 ഐ.ടി. സംരംഭങ്ങളാണുള്ളത്. ടെക്നോപാർക്കിൽ 72000-ത്തോളം ജീവനക്കാരും കൊച്ചി ഇൻഫോ പാർക്കിൽ 65900-ത്തോളം ജീവനക്കാരും കോഴിക്കോട് സൈബർ പാർക്കിൽ 2200-ഓളം ജീവനക്കാരും ഉൾപ്പെടെ

ഏകദേശം 140100 ജീവനക്കാർ സംസ്ഥാനത്തെ സർക്കാർ ഐ.ടി. പാർക്കുകളിലെ ഐ.ടി./ഐ.ടി. അനുബന്ധ മേഖലകളിൽ ജോലി ചെയ്യുന്നു.

(ഇ) ടെക്നോപാർക്ക്, ഇൻഫോപാർക്ക്, സൈബർ പാർക്ക് എന്നിവയുടെ വികസനത്തിനായി മുൻ സർക്കാരും ഈ സർക്കാരും നടത്തിയ പ്രധാന പ്രവർത്തനങ്ങളും അതുവഴിയുണ്ടാക്കിയ തൊഴിലവസരങ്ങളും വ്യക്തമാക്കുമോ?

മികച്ച മാർക്കറ്റിംഗ് സംവിധാനങ്ങളിലൂടെ ദേശീയ-അന്തർദ്ദേശീയ ഐ.ടി. കമ്പനികളെ സംസ്ഥാനത്തേയ്ക്ക് ആകർഷിച്ച് ഐ.ടി. സംരംഭങ്ങളിൽ നിക്ഷേപം നടത്തുന്നതിനുവേണ്ടി അവർക്ക് ആവശ്യാനുസരണം പ്രത്യേക സാമ്പത്തിക മേഖല/പ്രത്യേക സാമ്പത്തിക മേഖലയിൽ അല്ലാത്തവ എന്നീ മേഖലകളിൽ ഭൂമി, കെട്ടിടങ്ങൾ, സ്മാർട്ട് ബിസിനസ്സ് ഓഫീസുകൾ, കോ-വർക്കിംഗ് സ്പെയിസുകൾ, ജലം, വൈദ്യുതി, കണക്ടിവിറ്റി സൗകര്യങ്ങൾ, അപ്രോച്ച് റോഡുകൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളും മറ്റ് അനുബന്ധ സൗകര്യങ്ങളും ഐ.ടി. പാർക്കുകളിൽ സജ്ജീകരിച്ചിട്ടുണ്ട്.

പാർക്കുകൾ നേരിട്ടും ഉപസംരംഭകർ മുഖേനയും ഈ സർക്കാരിന്റെ കാലത്ത് പുതുതായി വികസിപ്പിച്ച 62000 ചതുരശ്ര അടി ഉൾപ്പെടെ 201.62 ലക്ഷം ചതുരശ്ര അടി അടിസ്ഥാന സൗകര്യങ്ങൾ ഐ.ടി. പാർക്കുകളിൽ നിലവിലുണ്ട്.

ടെക്നോപാർക്കിന്റെ നാലാംഘട്ടമായ ടെക്നോസിറ്റിയിൽ വികസിപ്പിക്കുന്ന ഒരേ കാമ്പസിൽ ജോലി, പാർപ്പിട സൗകര്യങ്ങൾ, ഷോപ്പിംഗ് സൗകര്യങ്ങൾ, ആശുപത്രി, വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയ സൗകര്യങ്ങളോടെ ഒരു സംയോജിത മിനി ടൗൺഷിപ്പ് പദ്ധതിയായ 'ക്വാഡ് (QUAD)' - ന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്.

ദേശീയപാതയോട് ചേർന്ന് കണ്ണൂർ മുതൽ തിരുവനന്തപുരം വരെ 5 ജി സാങ്കേതികവിദ്യയിലധിഷ്ഠിതമായി 20 ചെറുകിട ഐ.ടി. പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. നിലവിലെ മൂന്ന് സർക്കാർ ഐ.ടി. പാർക്കുകളിൽനിന്ന് അകലെയായി ആ സ്ഥലത്തെ ഇപ്പോഴത്തെ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട് 5000 മുതൽ 50000 വരെ

ചതുരശ്ര അടി വിസ്തൃതിയിൽ ഐ.ടി. സ്പെയിസുകൾ സ്ഥാപിക്കുന്നതിന് സർക്കാർ തത്ത്വത്തിൽ അനുമതി നൽകിയിട്ടുണ്ട്.

ടെക്നോപാർക്കിൽ 72000-ത്തോളം തൊഴിലവസരങ്ങളും കൊച്ചി ഇൻഫോ പാർക്കിൽ 65900-ത്തോളം തൊഴിലവസരങ്ങളും കോഴിക്കോട് സൈബർ പാർക്കിൽ 2200-ഓളം തൊഴിലവസരങ്ങളും ഉൾപ്പെടെ ഏകദേശം 140100 തൊഴിലവസരങ്ങൾ സംസ്ഥാനത്ത് സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്.

**കെ-ഫോൺ പദ്ധതിയുടെ പുരോഗതി**

63 (63) ഡോ. കെ. ടി. ജലീൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പാക്കി വരുന്ന കെ-ഫോൺ പദ്ധതിയുടെ നാളിതുവരെയുള്ള പുരോഗതി വിശദമാക്കാമോ?

കെ-ഫോൺ പദ്ധതിയുടെ പ്രവർത്തന പുരോഗതി ചുവടെ ചേർക്കുന്നു:-

6709 കിലോമീറ്റർ ബാക്ക്ബോൺ, 19271 കി.മീ. എ.ഡി.എസ്.എസ് (All-Dielectric Self Supporting Cable), ഒ.എഫ്.സി., ആക്സസ് കേബിൾ, 371

പോയിന്റ് ഓഫ് പ്രെസെൻസുകൾ, നെറ്റ്‌വർക്ക് ഓപ്പറേറ്റിംഗ് സെന്ററിലെ ഐ.ടി./ഐ.ടി. സംബന്ധമായ പണികൾ എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്.

27651 ഓഫീസുകളിൽ/സ്ഥാപനങ്ങളിൽ കെ-ഫോൺ കണക്ഷൻ നൽകുന്നതിനുള്ള അനുബന്ധ ഉപകരണങ്ങൾ സ്ഥാപിക്കുകയും ഇതിൽ 18195 (05-08-2023 വരെ) ഓഫീസുകളിൽ/സ്ഥാപനങ്ങളിൽ ഇന്റർനെറ്റ് ലഭ്യത ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്. 05-08-2023 വരെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 3836 കുടുംബങ്ങൾക്ക് കെ-ഫോൺ കണക്ഷൻ നൽകിയിട്ടുണ്ട്.

(ബി) മലപ്പുറം ജില്ലയിൽ എത്ര കണക്ഷനുകൾ നൽകിയെന്ന് മണ്ഡലാടിസ്ഥാനത്തിൽ അറിയിക്കുമോ?

മലപ്പുറം ജില്ലയിൽ 1515 സർക്കാർ ഓഫീസ്/സ്ഥാപനങ്ങളിലും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 404 കുടുംബങ്ങൾക്കും കെ-ഫോൺ കണക്ഷൻ നൽകിയിട്ടുണ്ട്. പട്ടിക അനുബന്ധമായി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കെ-ഫോൺ പദ്ധതി

64 (64) <u>ശ്രീ. അൻവർ സാദത്ത്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-ഫോൺ പദ്ധതിയുടെ ഭാഗമായി ഒപ്റ്റിക്കൽ ഫൈബർ കേബിൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട നോട്ട് ഫയലിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) കെ-ഫോൺ പദ്ധതിയുടെ ഭാഗമായി ഒപ്റ്റിക്കൽ ഫൈബർ കേബിൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട കറന്റ് ഫയലിന്റെ പകർപ്പ് ലഭ്യമാക്കാമോ?

(എ&ബി) കെ-ഫോൺ പദ്ധതിയുടെ ഒപ്റ്റിക്കൽ ഫൈബർ കേബിൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ തീരുമാനങ്ങളെടുക്കുന്നത് സർക്കാർ തലത്തിലല്ല, കെ-ഫോൺ ലിമിറ്റഡിന്റെ ടെക്നിക്കൽ കമ്മിറ്റിയാണ്.

## വയനാട് ജില്ലയിലെ കെ-ഫോൺ കണക്ഷൻ

65 (65) <u>ശ്രീ. ഒ. ആർ. കേളു</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ നാളിതുവരെ നൽകിയ കെ-ഫോൺ കണക്ഷനുകളുടെ എണ്ണം പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ;

(ബി) എത്ര ബി.പി.എൽ. കുടുംബങ്ങൾക്കാണ് പ്രസ്തുത ജില്ലയിൽ കെ-ഫോൺ കണക്ഷൻ നൽകിയിട്ടുള്ളത്; വിശദമാക്കാമോ;

(സി) വയനാട് ജില്ലയിൽ എത്ര സർക്കാർ ഓഫീസുകൾക്ക് കെ-ഫോൺ കണക്ഷൻ നൽകിയിട്ടുണ്ട്; വ്യക്തമാക്കാമോ?

(എ-സി) സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 71 കുടുംബങ്ങൾക്കും 531 ഓഫീസുകൾ/സ്ഥാപനങ്ങൾക്കുമാണ് കെ-ഫോൺ കണക്ഷൻ നൽകിയിട്ടുള്ളത്. പ്രസ്തുത കണക്ഷനുകൾ സംബന്ധിച്ച വിശദാംശം അനുബന്ധമായി ഉള്ളടക്കം ചെയ്തിട്ടുണ്ട്.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) പ്രസ്തുത ജില്ലയിലെ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് കെ-ഫോൺ കണക്ഷനുകൾ ലഭ്യമാക്കുന്നതിന് പ്രത്യേക പദ്ധതികൾ നടപ്പാക്കുന്ന കാര്യം പരിഗണിക്കാമോ?

നിലവിൽ ഓരോ നിയമസഭാ മണ്ഡലത്തിൽനിന്നും സൗജന്യ കെ-ഫോൺ കണക്ഷൻ നൽകുന്നതിനായി 100 ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുമ്പോൾ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 3 ശതമാനം മുൻഗണന നിശ്ചയിച്ചിട്ടുണ്ട്. പദ്ധതി പുരോഗമിക്കുന്നതിനനുസരിച്ച് ആവശ്യകത പരിശോധിച്ചശേഷം മാത്രമേ വയനാട് ജില്ലയിലെ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് കെ-ഫോൺ കണക്ഷനുകൾ ലഭ്യമാക്കുന്നതിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ടോയെന്ന വിഷയം പരിശോധിക്കാൻ സാധിക്കുകയുള്ളൂ.

## പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ വാസയോഗ്യമല്ലാത്ത സ്ഥലങ്ങളിൽ താമസിക്കുന്നവരുടെ പുനരധിവാസം

66(66) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി എന്നിവർ നടത്തിയ പഠനങ്ങളുടെ അടിസ്ഥാനത്തിൽ ദുരന്ത നിവാരണ (എ) വകുപ്പിന്റെ 29-10-2021-ലെ സ.ഉ. (കൈ) നം. 5/2021/D.M.D. പ്രകാരം കാഞ്ഞിരപ്പള്ളി താലൂക്കിലെ 110 കുടുംബങ്ങളെയും മീനച്ചിൽ താലൂക്കിലെ 138 കുടുംബങ്ങളെയും നിലവിലെ സ്ഥലത്തുനിന്നും മാറ്റേണ്ടതും ഇവർക്ക് വസ്തു വാങ്ങി വീട് നിർമ്മിക്കുന്നതിന് ഒരു കുടുംബത്തിന് പത്ത് ലക്ഷം രൂപവീതം നൽകേണ്ടതാണെന്നുമുള്ള റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ?

ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ, സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി എന്നിവ നടത്തിയ പഠനങ്ങളുടെ അടിസ്ഥാനത്തിൽ കാഞ്ഞിരപ്പള്ളി താലൂക്കിലെ 110 കുടുംബങ്ങളെയും മീനച്ചിൽ താലൂക്കിലെ 138 കുടുംബങ്ങളെയും നിലവിലെ താമസസ്ഥലത്തുനിന്ന് മാറ്റിപാർപ്പിക്കുന്നതിനും വസ്തു വാങ്ങുന്നതിനും വീട് നിർമ്മിക്കുന്നതിനുമായി ഒരു കുടുംബത്തിന് പത്തുലക്ഷം രൂപവീതം അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ജില്ലാ കളക്ടറുടെ ശിപാർശ ലഭിച്ചിട്ടുണ്ട്. പ്രസ്തുത ശിപാർശയിലുൾപ്പെട്ടിട്ടുള്ള

കുടുംബങ്ങളിലാർക്കെങ്കിലും സംസ്ഥാനത്ത് മറ്റെവിടെയെങ്കിലും ഭൂമിയുണ്ടോയെന്ന വിവരം, മാറ്റിപ്പാർപ്പിക്കേണ്ടവരുടെ വിശദാംശങ്ങൾ, ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെയും കാഞ്ഞിരപ്പള്ളി മീനച്ചിൽ താലൂക്ക് തഹസിൽദാർമാരുടെയും റിപ്പോർട്ട് എന്നിവകൂടി ഉൾപ്പെടുത്തി വിശദമായ റിപ്പോർട്ട് സമർപ്പിക്കാൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിലവിൽ എത്ര കുടുംബങ്ങൾക്ക് മേൽപ്പറഞ്ഞ തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഇനിയും എത്ര കുടുംബങ്ങൾക്കാണ് പ്രസ്തുത ആനുകൂല്യം അനുവദിക്കാനുള്ളതെന്നും അതിനുള്ള കാലതാമസത്തിന്റെ കാരണവും വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ ഇനിയും മാറ്റിപ്പാർപ്പിക്കാനുള്ളവരെ പുനരധിവസിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

(ബി-ഡി) ജില്ലാ കളക്ടറുടെ റിപ്പോർട്ട് ലഭ്യമാകുന്നമുറയ്ക്ക് ഗുണഭോക്താക്കളുടെ അർഹത പരിശോധിച്ച് ധനസഹായം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ചികിത്സാ സഹായം**

67 (67) ശ്രീമതി ദെലീമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ചികിത്സാ സഹായത്തിന് അപേക്ഷ സമർപ്പിക്കുമ്പോൾ ഹോസ്പിറ്റൽ ബിൽ നിർബന്ധമാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

മെഡിക്കൽ സർട്ടിഫിക്കറ്റിൽ ചെലവായ തുക 1,00,000/- (ഒരു ലക്ഷം) രൂപയ്ക്കുമുകളിൽ രേഖപ്പെടുത്തുന്ന കേസുകളിൽ അപേക്ഷകർക്ക് അർഹമായ തുക ലഭിക്കുന്നതിന് മെഡിക്കൽ ബില്ലുകൾ, ചികിത്സാ രേഖകൾ/ഡിസ്ചാർജ് സമ്മറി എന്നിവ സമർപ്പിക്കേണ്ടതാണെന്ന് 08-05-2023-ലെ REV-DRF-A1/55/2023/REV സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. ചികിത്സാരേഖകൾ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് 28-06-

2022-ലെ REV-DRF-A1/48/2022/REV സർക്കുലർ പ്രകാരവും നിർദ്ദേശം നൽകിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

(ബി) ഗവൺമെന്റ് ഹോസ്പിറ്റലുകളിൽ ചികിത്സയിൽ കഴിയുന്നവരും എന്നാൽ ചികിത്സയ്ക്കും മറ്റ് പരിശോധനകൾക്കുമായി വളരെയധികം തുക ചെലവാക്കുന്ന രോഗികൾക്ക് ബിൽ ഇല്ലെന്ന കാരണത്താൽ വില്ലേജ് ഓഫീസർമാർ ചികിത്സാ സഹായത്തിനുള്ള അപേക്ഷ നിരസിക്കുന്നത് സാധാരണക്കാരെ വലിയ രീതിയിൽ ബാധിക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം വില്ലേജ് ഓഫീസർക്ക് അപേക്ഷ നിരസിക്കാനുള്ള അധികാരമില്ലാത്തതാകുന്നു.

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി**

68 (68) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) കഴിഞ്ഞ സർക്കാരിന്റെ കാലം (2016) മുതൽ നാളിതുവരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ സംഭാവനയായി ആകെ എത്ര തുക ലഭിച്ചിട്ടുണ്ട്; പ്രത്യേകം കണക്ക് ലഭ്യമാക്കുമോ?

മുൻ സർക്കാർ അധികാരത്തിൽവന്ന 25-05-2016 മുതൽ 31-07-2023 വരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവനയായി 6211.41 കോടി രൂപ ലഭ്യമായിട്ടുണ്ട്.

| മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് ലഭിച്ച സംഭാവന (25-05-2016 മുതൽ 31-07-2023 വരെ) | |
|---|---|
| കാലയളവ് | തുക (കോടിയിൽ) |
| 25-05-2016 മുതൽ 06-12-2017 വരെ | 15.79 |
| 06-12-2017 മുതൽ 26-07-2018 വരെ (ഓഖി) | 108.59 |
| 27-07-2018 മുതൽ 26-03-2020 വരെ (പ്രളയം) | 4970.29 |
| 27-03-2020 മുതൽ 31-07-2023 വരെ (കോവിഡ്) | 1116.74 |
| ആകെ | 6211.41 |

(ബി) പ്രസ്തുത കാലഘട്ടങ്ങളിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് ചികിത്സാ ധനസഹായമായും അപകടത്തിൽ

മരണമടഞ്ഞവരുടെ ആശ്രിതർക്കുള്ള സഹായധനമായും ആകെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; പ്രത്യേകം കണക്ക് ലഭ്യമാക്കുമോ;

(സി) പ്രസ്തുത കാലഘട്ടങ്ങളിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് മറ്റാവശ്യങ്ങൾക്കായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും എന്തെല്ലാം കാര്യങ്ങൾക്കാണ് ഇപ്രകാരം തുക ചെലവഴിച്ചതെന്നും പ്രത്യേകം കണക്ക് ലഭ്യമാക്കുമോ?

(ബി&സി) കഴിഞ്ഞ സർക്കാർ അധികാരത്തിൽവന്ന 25-05-2016 മുതൽ 31-07-2023 വരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 7516.93 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഓരോ ഇനത്തിലും ചെലവഴിച്ച തുക അനുബന്ധമായി ചേർക്കുന്നു.+

**ദുരിതാശ്വാസ നിധി തട്ടിപ്പ് തടയാൻ നടപടി**

69 (69) ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നുള്ള ധനസഹായം തട്ടിയെടുക്കുന്നതിനായി ഏജന്റുമാരും ഉദ്യോഗസ്ഥരുമുൾപ്പെടുന്ന വൻലോബി പ്രവർത്തിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ വിജിലൻസിന്റെ കണ്ടെത്തലുകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

(എ&ബി) സംസ്ഥാനത്ത് ഏറ്റവും കാര്യക്ഷമമായി പ്രവർത്തിക്കുന്ന സംവിധാനമാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി. അർഹരായവർക്ക് 100 മണിക്കൂറിനുള്ളിൽ സഹായധനം കൈമാറുകയെന്ന ലക്ഷ്യത്തോടെയാണ് ഈ സംവിധാനം പ്രവർത്തിക്കുന്നത്. മുൻസർക്കാർ അധികാരത്തിൽ (25-05-2016-ൽ) വരുമ്പോൾ 29930 പേരുടെ അപേക്ഷകളിൽ ദുരിതാശ്വാസ നിധിയിൽനിന്നും സഹായം അനുവദിച്ചിട്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചിരുന്നെങ്കിലും തുക അനുവദിക്കപ്പെട്ടിരുന്നില്ല. ഈ അപേക്ഷകളിൽ അർഹരായ എല്ലാവർക്കും തുക അനുവദിച്ചത് കഴിഞ്ഞ സർക്കാരാണ്. 2016 ജൂൺ മാസം മുതൽ ദുരിതാശ്വാസ നിധിയിലേയ്ക്കുള്ള അപേക്ഷകൾക്കായി വെബ്സൈറ്റ് മുഖേനയോ അക്ഷയ കേന്ദ്രങ്ങൾ

വഴിയോ നേരിട്ടോ അപേക്ഷ സമർപ്പിക്കാവുന്ന സംവിധാനവും അതോടൊപ്പം അർഹത നിർണ്ണയിക്കുന്നതിനുള്ള ഓൺലൈൻ ഓഫീസ് സംവിധാനങ്ങളും ആ ഘട്ടത്തിലേർപ്പെടുത്തി. നിലവിൽ ബന്ധപ്പെട്ട കളക്ടർമാർ അപേക്ഷകൾ ശിപാർശ ചെയ്യുന്നവിധം പൂർണ്ണമായും ഓൺലൈനിൽ പ്രവർത്തിക്കുന്ന സംവിധാനമാണ് നിലവിലുള്ളത്. ഇത്തരം സംവിധാനങ്ങൾ ഏർപ്പെടുത്തിയെങ്കിലും അനർഹരായ ചിലരെങ്കിലും ധനസഹായം നേടിയെടുക്കുന്നതായ പരാതിയെത്തുടർന്ന് മുഖ്യമന്ത്രിയുടെ ഓഫീസിൽനിന്നുള്ള നിർദ്ദേശപ്രകാരം എല്ലാ ജില്ലാ കളക്ടറേറ്റുകളിലും വിജിലൻസ് മിന്നൽ പരിശോധന നടത്തി. വ്യാജരേഖകളുപയോഗിച്ച് അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളതായും അപേക്ഷകരുടെ നിജസ്ഥിതി പരിശോധിക്കാതെയും മതിയായ ഫീൽഡ് പരിശോധന നടത്താതെയും വരുമാനം കൃത്യമായി കണ്ടെത്താതെയും അപേക്ഷകളോടൊപ്പം നൽകിയിരിക്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റുകളിൽ തിരുത്തലുകൾ വരുത്തിയും ധനസഹായത്തിന് ശിപാർശ ചെയ്തതിന്റെയടിസ്ഥാനത്തിൽ

ധനസഹായം അനുവദിച്ചിട്ടുള്ളതായി വിജിലൻസ് പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്.

(സി) ദുരിതാശ്വാസ നിധിയിലെ തട്ടിപ്പ് തടയുന്നതിനായി എന്തെങ്കിലും നിർദ്ദേശങ്ങൾ വിജിലൻസ് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയുടെ മിന്നൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളുടെ അടിസ്ഥാനത്തിൽ ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് അന്വേഷണത്തിനും വകുപ്പുതല അച്ചടക്ക നടപടികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

**ദുരന്തനിവാരണത്തിനായി സന്നദ്ധ സേവ പ്രവർത്തകരുടെ സേവനം**

70 (70) ശ്രീ. പി. പി. സുമോദ്: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് മഴക്കെടുതിമൂലമുണ്ടാകുന്ന പ്രകൃതി ദുരന്തങ്ങളെ സർക്കാർ സംവിധാനങ്ങൾക്കൊപ്പംനിന്ന് നേരിടുന്നതിനും

ലഘൂകരിക്കുന്നതിനും എത്ര സന്നദ്ധ സേന പ്രവർത്തകരെ ഫയർ ആൻഡ് റെസ്ക്യൂ സർവ്വീസസ്, കേരള സംസ്ഥാന ദുരന്തനിവാരണം എന്നീ വകുപ്പുകൾക്കുകീഴിൽ പരിശീലനം നൽകി സജ്ജമാക്കിയിട്ടുണ്ട്; വ്യക്തമാക്കാമോ?

കേരള സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി കേരള ഫയർ ആൻഡ് റെസ്ക്യൂ സർവ്വീസസുമായി ചേർന്ന് നടപ്പിലാക്കിയ സന്നദ്ധപ്രവർത്തകരുടെ ദുരന്തപ്രതികരണ പരിശീലന പദ്ധതിയായ 'ആപ്ദാ മിത്ര' പദ്ധതിപ്രകാരം 4500 വോളന്റിയർമാരെയും കേരള ഫയർ സർവ്വീസസിന്റെ കീഴിൽ 6200 സിവിൽ ഡിഫൻസ് വോളന്റിയർമാരെയും ദുരന്തപ്രതികരണ പ്രവർത്തനങ്ങളിൽ സർക്കാർ സംവിധാനങ്ങൾക്കൊപ്പം പ്രവർത്തിക്കുന്നതിന് പരിശീലനം നൽകി സജ്ജരാക്കിയിട്ടുണ്ട്.

**കോടശ്ശേരി ഗ്രാമപഞ്ചായത്തിലെ സൂക്ഷ്മതല ഉരുൾപൊട്ടൽ സാധ്യതാ പഠനം**

71 (71) <u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ കോടശ്ശേരി ഗ്രാമപഞ്ചായത്തിൽ മണ്ണിടിച്ചിൽ സാധ്യതയുള്ളതായി സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി കണ്ടെത്തിയ പ്രദേശങ്ങളിൽ സൂക്ഷ്മതല ഉരുൾപ്പൊട്ടൽ സാധ്യതാ പഠനം നടത്തുന്നതിന് ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

സൂക്ഷ്മതല ഉരുൾപ്പൊട്ടൽ സാധ്യതാ പഠനം നടത്തുന്നതിന് ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ ഇക്കാര്യത്തിൽ സന്നദ്ധത അറിയിച്ചിട്ടുണ്ടോയെന്നും ഇതിനായി പഠനം ആരംഭിച്ചിട്ടുണ്ടോയെന്നും വിശദമാക്കുമോ?

ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ മറുപടി ലഭിച്ചിട്ടില്ല.

(സി) സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ ഉരുൾപ്പൊട്ടൽ ഉപദേശക സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ചില പ്രദേശങ്ങളിൽ നിർമ്മാണ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതിൽ

പൊതുജനങ്ങൾക്കുണ്ടായിട്ടുള്ള പ്രയാസങ്ങൾ കണക്കിലെടുത്ത് ഇക്കാര്യത്തിൽ സത്വര നടപടികൾ സ്വീകരിക്കുമോ?

ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ പഠന റിപ്പോർട്ട് ലഭ്യമാകുന്നമുറയ്ക്ക് ഇക്കാര്യത്തിൽ ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

**റീ-ബിൽഡ് കേരള ഇൻഷ്യേറ്റീവ്**

72 (72) ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. പി. വി. അൻവർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2021 സർക്കാരിന്റെ കാലത്തുണ്ടായ പ്രളയങ്ങളിലും പ്രകൃതിദുരന്തങ്ങളിലും നിന്നുമുള്ള അനുഭവത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് നടത്തിവരുന്ന ദുരന്ത നിവാരണ പ്രതിരോധ പ്രവർത്തനങ്ങളുടെയും അടിസ്ഥാനസൗകര്യ പുനർനിർമ്മാണങ്ങളുടെയും നിലവിലെ പുരോഗതി വ്യക്തമാക്കുമോ?

മുൻകാലങ്ങളിലുണ്ടായ ദുരന്തങ്ങളിൽനിന്നും പാഠങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ദുരന്തപ്രതികരണ/ലഘൂകരണ പ്രവർത്തനങ്ങൾ ഫലപ്രദമായി നടത്തുന്നതിനാവശ്യമായ എല്ലാ നടപടികളും സർക്കാർ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാന അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രത്തിലും ജില്ലാ കേന്ദ്രങ്ങളിലും സാങ്കേതിക വിദഗ്ദ്ധരുടെയും വിവിധ മേഖലയിലുള്ള വിഷയ വിദഗ്ദ്ധരുടെയും സേവനം ഉറപ്പുവരുത്തിയിട്ടുണ്ട്. ദുരന്ത പ്രതികരണത്തിൽ സാധാരണ ജനങ്ങളെ ശാക്തീകരിക്കുകയെന്ന ലക്ഷ്യത്തോടുകൂടി വിവിധ ദുരന്തപ്രതികരണ സേനകളെ രൂപീകരിച്ച് പരിശീലനം നല്കിവരുന്നു. 6300 സിവിൽ ഡിഫൻസ് പ്രവർത്തകർ, ഒരു ലക്ഷം വരുന്ന സന്നദ്ധസേന സേനാംഗങ്ങൾ എന്നിവർ ദുരന്ത പ്രതികരണത്തിൽ പരിശീലനം നേടി വിവിധ അടിയന്തര സാഹചര്യങ്ങളിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്നു. വിവിധ വകുപ്പുകളുടെയും പ്രതികരണങ്ങളുടെയും മാധ്യമങ്ങളുടെയും ഏകോപനത്തിനായി സംസ്ഥാന അടിയന്തരഘട്ട നിർവ്വഹണ കേന്ദ്രം വാട്സ്ആപ്പ്, ട്വിറ്റർ, ഫേസ്ബുക്ക്, മൊബൈൽ, എസ്.എം.എസ്., ലാൻഡ് ഫോൺ, ഇമെയിൽ,

ഫാക്സ്, സാറ്റലൈറ്റ് ഫോൺ എന്നിവ പ്രവർത്തിപ്പിക്കുന്നുണ്ട്. സംസ്ഥാന കേന്ദ്രത്തിലും എല്ലാ ജില്ലകളിലും പ്രത്യേകം മൊബൈൽ ഫോണുകളും കമ്പ്യൂട്ടർ/ഫാക്സ് സംവിധാനങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. ഐ.എ.എസ്., ഐ.പി.എസ്. ഉദ്യോഗസ്ഥർ, ജില്ലാ കളക്ടർമാർ, ജില്ലാ പോലീസ് മേധാവികൾ, പ്രതികരണ സേനകൾ, മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർ, മാധ്യമങ്ങൾ, ഫിഷറീസ്/പോലീസ് കൺട്രോൾ റൂമുകളും ഉൾപ്പെടുന്ന പ്രത്യേകം വാട്സ്ആപ്പ് ഗ്രൂപ്പുകൾ വഴി ദൈനംദിന മുന്നറിയിപ്പുകൾ, ദുരന്ത ലഘൂകരണ പരിപാടികൾ എന്നിവ സംബന്ധിച്ച് വിവരങ്ങൾ കൈമാറുന്നു. ദുരന്ത നിവാരണത്തിൽ വകുപ്പുകളെ ശാക്തീകരിക്കുകയെന്ന ലക്ഷ്യത്തോടുകൂടി 26 വകുപ്പുകളിൽ വിർച്വൽ കേഡർ സംവിധാനം നടപ്പിലാക്കിയതിന്റെ ഭാഗമായി ഓരോ വകുപ്പിനും ദുരന്ത നിവാരണ പ്ലാനുകളും തയ്യാറാക്കിയിട്ടുണ്ട്. ദുരന്ത നിവാരണത്തിൽ സർക്കാരിതര സംഘടനകളുടെ പങ്കാളിത്തത്തിനായി സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സർക്കാരിതര ഏജൻസികളുടെ സഹകരണ പ്ലാറ്റ്ഫോമായി ഇന്റർ ഏജൻസി ഗ്രൂപ്പുകൾ (ഐ.എ.ജി.) രൂപീകരിച്ചു. സംസ്ഥാനത്തെ ദുരന്ത

പ്രതികരണ പ്രവർത്തനങ്ങളിൽ 400-ഓളം വരുന്ന സംഘടനകൾ ഇതിൽ പ്രവർത്തിച്ചുവരുന്നു. യു.എൻ.ഡി.പി. ദുരന്തനിവാരണ കാലാവസ്ഥ വ്യതിയാന പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം നഗരസഭയിൽ ദുരന്ത നിവാരണ സംഘം രൂപീകരിച്ച് ഉദ്യോഗസ്ഥർക്ക് ഇൻസിഡന്റ് റെസ്പോൺസ് സിസ്റ്റത്തിൽ പരിശീലനം നൽകി. തിരുവനന്തപുരം നഗരസഭയ്ക്ക് ദുരന്ത ലഘൂകരണ പദ്ധതി, ദുരന്തസാധ്യതാ അവലോകനം, മുന്നറിയിപ്പ് സംവിധാന അവലോനം എന്നിവ തയ്യാറാക്കി നൽകി. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി വെബ്സൈറ്റ് കൂടുതൽ കാര്യക്ഷമമാക്കി. ദുരന്ത ലഘൂകരണത്തിന് വിവിധതരം കൈപ്പുസ്തകങ്ങളും ലഘുലേഖകളും തയ്യാറാക്കി. കേരളത്തിലെ ദുരന്ത സാധ്യതകൾ മനസ്സിലാക്കാൻ സഹായിക്കുന്ന ദുരന്ത സാധ്യതാ ഭൂപടങ്ങൾ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ഗൂഗിൾ എർത്തിൽ ഉപയോഗിക്കത്തക്കരീതിയിൽ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി ഒരു യൂട്യൂബ് ചാനൽ ആരംഭിച്ചു. കുട്ടികളെ ഉദ്ദേശിച്ചുള്ള അനിമേഷൻ വീഡിയോകൾ, പരിസ്ഥിതി

സംരക്ഷണം, ഇടിമിന്നൽ സുരക്ഷ, നായ്ക്കളിൽനിന്നുള്ള സുരക്ഷ, കേൾവി പരിമിതർക്കുള്ള ആംഗ്യഭാഷാ വീഡിയോകൾ, ഇടിമിന്നൽ സുരക്ഷ, ഭൂമികുലുക്ക സുരക്ഷ, അഗ്നി സുരക്ഷ, വെള്ളപ്പൊക്ക സുരക്ഷ, വരൾച്ചാ സുരക്ഷ ഇങ്ങനെയുള്ള വീഡിയോകൾ ചാനലിലുൾപ്പെടുത്തി ദുരന്ത നിവാരണത്തിൽ ജനങ്ങളിൽ അവബോധം സൃഷ്ടിക്കാൻ ശ്രമിച്ചുവരുന്നു. 2018-ലെ പ്രളയത്തിലും ഉരുൾപ്പൊട്ടലിലും പാർപ്പിടങ്ങൾ പൂർണ്ണമായോ ഭാഗികമായോ തകർന്ന വീട്ടുടമസ്ഥർക്ക് പ്രളയത്തേയും ഉരുൾപ്പൊട്ടലിനേയും അതിജീവിക്കുന്ന തരത്തിലുള്ള കെട്ടിടനിർമ്മാണ രീതികളെക്കുറിച്ച് അറിവ് പകരുക എന്നതിനോടൊപ്പം കേരളത്തിലെ ജനങ്ങൾക്ക് സുരക്ഷിതമായ ഭവനനിർമ്മാണ രീതികൾ പരിചയപ്പെടുത്തുകയെന്ന ഉദ്ദേശ്യത്തോടുകൂടി യു.എൻ.ഡി.പി.-യോട് ചേർന്ന് റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവിനുവേണ്ടി കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി "സുരക്ഷിത ഭവന നിർമ്മാണം: പ്രളയവും ഉരുൾപ്പൊട്ടലും (വാല്യം 2)" എന്ന കൈപ്പുസ്തകം പ്രസിദ്ധീകരിച്ചു. പ്രളയ ദുരന്തത്തിന്റെ പാഠങ്ങൾകൂടി ഉൾക്കൊണ്ടുകൊണ്ട് ദുരന്ത സമയങ്ങളിൽ വിവര സംവേദനത്തിന് തടസ്സം നേരിടാതിരിക്കാൻ

സംസ്ഥാനത്തെ എല്ലാ ജില്ലാ കളക്ടർമാർക്കും ഉപഗ്രഹ ഫോൺ (Satellite Phone) നൽകി. പ്രാദേശികമായി ദുരന്ത സാധ്യതയുടെ പ്രവചനം അതാത് ദുരന്തങ്ങൾ പ്രവചിക്കാൻ ദേശീയ ദുരന്ത നിവാരണ ആസൂത്രണരേഖ പ്രകാരം നിർണ്ണയിക്കപ്പെട്ടിരിക്കുന്ന കേന്ദ്ര ഏജൻസികളിൽനിന്നും ലഭിക്കുന്നമുറയ്ക്ക് പ്രസ്തുത പ്രദേശങ്ങളിൽ മാത്രമായി ചുരുക്കി എസ്.എം.എസ്. സന്ദേശങ്ങളായി നൽകാൻ Location Based Messaging System എന്ന സാങ്കേതികവിദ്യ ഉപയോഗിച്ചു. സംസ്ഥാന, ജില്ലാ ദുരന്ത ലഘൂകരണ പദ്ധതികൾ പുതുക്കുന്ന നടപടികൾ ആരംഭിച്ചു. പ്രാദേശിക അടിസ്ഥാനത്തിൽ ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ സഹായത്തോടെ മണ്ണിടിച്ചിൽ/ഉരുൾപൊട്ടൽ എന്നിവ ബാധിച്ച പ്രദേശങ്ങളിൽ മുമ്പ് വീടുണ്ടായിരുന്ന, നിലവിൽ വീട് നിർമ്മിക്കുവാൻ പാടില്ലാത്ത പ്രദേശങ്ങൾ കണ്ടെത്തുന്ന പഠനം നടത്തി. ഇത്തരത്തിൽ മാറ്റി പാർപ്പിക്കണമെന്നാവശ്യപ്പെട്ട കുടുംബങ്ങൾക്ക് സ്ഥലം വാങ്ങി വീടുവയ്ക്കാൻ 10 ലക്ഷം രൂപ നൽകിവരുന്നു. കേന്ദ്ര കാലാവസ്ഥാ വകുപ്പിനോട് കാലാവസ്ഥാ നിരീക്ഷണ സംവിധാനങ്ങൾ വർദ്ധിപ്പിക്കാനും മുന്നറിയിപ്പ് സംവിധാനങ്ങൾ

മെച്ചപ്പെടുത്താനും 256 ഓട്ടോമാറ്റിക് കാലാവസ്ഥാ മാപിനികൾ സ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. കേരളത്തിൽ ഒരു റഡാർകൂടി കോഴിക്കോട്, വയനാട് അതിർത്തിയിൽ സ്ഥാപിക്കാനും കൂടാതെ 10 തീർത്ഥാടന/ടൂറിസ്റ്റ് കേന്ദ്രങ്ങളിലും ഓട്ടോമാറ്റിക് കാലാവസ്ഥാ മാപിനികളും ഡിസ്പ്ലേ ബോർഡും സ്ഥാപിക്കാനും കേന്ദ്ര കാലാവസ്ഥ വകുപ്പിനോട് ആവശ്യപ്പെട്ടു. ഐ.എസ്.ആർ.ഒ.-യുടെ 65 ഓട്ടോമാറ്റിക് കാലാവസ്ഥാ മാപിനികളും പ്രവർത്തനക്ഷമമാക്കാൻ ആവശ്യപ്പെട്ടു. വെള്ളപ്പൊക്കം ബാധിച്ച പ്രദേശങ്ങളുടെ കൃത്യമായ ഭൂപടം, വെള്ളപ്പൊക്കത്തിൽ വെള്ളം കയറിയ ഉയരമുൾപ്പെടെയുള്ള വിവരങ്ങൾ തയ്യാറാക്കാൻ സംസ്ഥാനത്തെ സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്മെന്റ് & മാനേജ്മെന്റ്, കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, എം.ജി. യൂണിവേഴ്സിറ്റി, കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്റർ എന്നിവരെ ചുമതലപ്പെടുത്തി. പൊതുജനങ്ങൾക്ക് ഈ പ്രവർത്തനത്തിൽ പങ്കെടുക്കാൻ ഒരു മൊബൈൽ ആപ്പ് തയ്യാറാക്കി പ്രസിദ്ധീകരിച്ചു. ഇത്തരത്തിൽ ശേഖരിച്ച വിവരം കേന്ദ്ര ജല കമ്മീഷന് ആധികാരിക ഭൂപടം നിർമ്മിക്കാൻ നൽകി.

കടലിൽ മത്സ്യത്തൊഴിലാളികൾക്ക് വിവിധ വിവരങ്ങൾ ലഭ്യമാക്കാൻ ആകാശവാണിയുടെ മീഡിയം വേവ് സംവിധാനം തുടർച്ചയായി പുനരാരംഭിക്കണമെന്ന് കേന്ദ്ര ദുരന്തനിവാരണ അതോറിറ്റിയെ അറിയിച്ചു. വെള്ളപ്പൊക്കം ബാധിച്ച സ്ഥലങ്ങളിൽ ജലം വന്നെത്തിയ ഉയരം രേഖപ്പെടുത്താൻ നിർദ്ദേശം നൽകി. പൊതുജനങ്ങളിൽനിന്നും ലഭിക്കുന്ന അടിയന്തര സന്ദേശങ്ങൾ 112 എന്ന ഒരൊറ്റ എമർജൻസി നമ്പർ ഉപയോഗിച്ച് ഒരു സംയോജിത അടിയന്തര പ്രതികരണ സംവിധാനം ആരംഭിക്കുന്നതിനുള്ള ഏജൻസി റെസ്പോൺസ് സപ്പോർട്ട് സിസ്റ്റം ആരംഭിച്ചു. കാലാവസ്ഥാ മുന്നറിയിപ്പുകൾ കൃത്യതയോടെ മുൻകൂട്ടി പ്രവചിക്കാനും മുന്നറിയിപ്പ് പൊതുജനങ്ങൾക്കും ബന്ധപ്പെട്ട വകുപ്പുകൾക്കും വേഗത്തിൽ എത്തിക്കാനും 'കവചം' സാങ്കേതികവിദ്യ ഉപയോഗിക്കുന്നു. യു.എൻ.ഡി.പി.-യുടെ പിന്തുണയോടെ സംസ്ഥാനത്ത് പൈലറ്റ് സ്കൂൾ സുരക്ഷാ പദ്ധതി ആരംഭിച്ചു. എല്ലാ ജില്ലയിലെയും രണ്ട് സ്കൂളുകളിൽ സ്കൂൾ സുരക്ഷാ പദ്ധതി നടപ്പാക്കി. സ്കൂൾ സുരക്ഷയിൽ വിദ്യാർത്ഥികൾ, അദ്ധ്യാപകർ, അനദ്ധ്യാപക ജീവനക്കാർ എന്നിവർക്ക് പരിശീലനം

നൽകുകയും മോക്ക് ഡ്രില്ലുകൾ നടത്തുകയും സ്കൂൾ സുരക്ഷാ സമിതി രൂപീകരിക്കുകയും സ്കൂൾ സുരക്ഷാ പദ്ധതികൾ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2018-19 വർഷങ്ങളിലെ പ്രളയത്തിനുശേഷം റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവിനുകീഴിൽ നടപ്പിലാക്കിവരുന്ന അടിസ്ഥാനസൗകര്യ പുനർനിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവ് വഴി സംസ്ഥാനത്തെ വിവിധ വകുപ്പുകളിലായി നടപ്പിലാക്കിവരുന്ന പദ്ധതികളുടെ ഏകോപനത്തിനും സമയബന്ധിതമായ പൂർത്തീകരണത്തിനും സ്വീകരിച്ച നടപടികളെന്തെല്ലാമാണ്; വിശദീകരിക്കാമോ?

റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവിനുകീഴിൽ വിവിധ വകുപ്പുകളിലായി നടപ്പിലാക്കിവരുന്ന പദ്ധതികളുടെ ഏകോപനം ആർ.കെ.ഐ. സെക്രട്ടേറിയറ്റ് മുഖേന സാധ്യമാക്കിവരുന്നു. പദ്ധതികളുടെ നിർവ്വഹണ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പുരോഗതി വിലയിരുത്തുന്നതിന് സി.ഇ.ഒ. ആർ.കെ.ഐ.-യുടെ നേതൃത്വത്തിൽ കൃത്യമായ ഇടവേളകളിൽ യോഗം ചേരുകയും തുടർനടപടികൾ സ്വീകരിക്കുയും ചെയ്യുന്നുണ്ട്. ഇതിനുപുറമേ ആർ.കെ.ഐ. നിർവ്വഹണ സമിതി, ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഉന്നതാധികാര സമിതി എന്നിവ കാലാകാലങ്ങളിൽ യോഗങ്ങൾ ചേരുകയും പ്രവർത്തന പുരോഗതി വിലയിരുത്തൽ, പുതിയ പദ്ധതികൾക്ക് അംഗീകാരം നൽകൽ, പദ്ധതികളിലെ കാതലായ വ്യതിയാനങ്ങൾ, അധിക ധനാഭ്യർത്ഥനകൾ എന്നിവ സംബന്ധിച്ച വിഷയങ്ങളിന്മേൽ തീരുമാനങ്ങൾ കൈക്കൊള്ളൽ തുടങ്ങിയവ നിർവ്വഹിച്ചുവരുന്നു. പദ്ധതികളുടെ പുരോഗതി അപ്ഡേറ്റ് ചെയ്യുന്നതിനും വീക്ഷിക്കുന്നതിനുമായി പ്രോജക്ട് മാനേജ്മെന്റ് പോർട്ടൽ (PMS) സജ്ജീകരിച്ചിട്ടുണ്ട്. പുരോഗതി വിലയിരുത്തുന്നതിനുപുറമേ പദ്ധതികളുടെ സുഗമമായ നിർവ്വഹണത്തിന് നേരിടുന്ന തടസ്സങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള സംവിധാനവും പോർട്ടലിൽ ഉൾച്ചേർത്തിട്ടുണ്ട്. അന്താരാഷ്ട്ര ഏജൻസികളിൽനിന്നും ധനസഹായം സ്വീകരിച്ചുകൊണ്ട് നടപ്പിലാക്കിവരുന്ന ആർ.കെ.ഐ. ഉൾപ്പെടെയുള്ള പദ്ധതികൾക്ക്

ധനവിനിയോഗം സുഗമമാക്കുന്നതിന് ക്വാട്ടർലി സീലിംഗ് ലിമിറ്റ് (Quarterly Ceiling Limit) ഇളവ് ചെയ്ത് നൽകുകയും ചെയ്തിട്ടുണ്ട്.

(സി) റീ-ബിൽഡ് കേരള ഇൻഷ്യേറ്റീവിലുൾപ്പെട്ട ആദിവാസി ദുർബ്ബല ജനവിഭാഗങ്ങളുടെ ഉപജീവനം മെച്ചപ്പെടുത്തുന്നതിനുതകുന്ന എന്തെല്ലാം പ്രവൃത്തികളാണ് നടപ്പാക്കിവരുന്നതെന്ന് വ്യക്തമാക്കാമോ?

സുസ്ഥിര കൃഷി, മാർക്കറ്റ് ലിങ്കേജ് എന്നിവയിലൂടെ അതിരപ്പിള്ളിയിലെ പട്ടികവർഗ്ഗ ന്യൂനപക്ഷങ്ങളുടെ ഉപജീവന സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനുള്ള പദ്ധതി (7.14 കോടി രൂപ) - കൃഷി, വനം, സഹകരണം, വനം-വന്യജീവി എന്നീ വകുപ്പുകളുടെ പങ്കാളിത്തത്തോടെ അതിരപ്പിള്ളിയിലെ പട്ടികവർഗ്ഗ ന്യൂനപക്ഷങ്ങളുടെ ഉപജീവനോപാധികൾ മെച്ചപ്പെടുത്തുന്നതിനുള്ള ഒരു ഏകീകൃത സമീപനമാണ് പദ്ധതി ലക്ഷ്യമിടുന്നത്. പട്ടികവർഗ്ഗ കൃഷിക്കാർ, സ്ത്രീകൾ തുടങ്ങിയവർ പദ്ധതിയുടെ ഗുണഭോക്താക്കളാണ്.

അട്ടപ്പാടി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി സമഗ്രവും സുസ്ഥിരവുമായ കാർഷിക വികസന പദ്ധതി (7.99 കോടി രൂപ) - തെരഞ്ഞെടുക്കപ്പെട്ട

എഴുപതോളം പട്ടികവർഗ്ഗ സെറ്റിൽമെന്റുകളിലെ താമസക്കാരാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ. മില്ലറ്റ്, പച്ചക്കറികൾ, എണ്ണക്കുരുക്കൾ, പയറുവർഗ്ഗങ്ങൾ തുടങ്ങിയ വിളകളാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഉപജീവന മാർഗ്ഗങ്ങളുടെ വികാസത്തോടൊപ്പം പ്രദേശവാസികളുടെ ഭക്ഷണസംസ്കാരത്തിൽ ആരോഗ്യകരമായ മാറ്റങ്ങൾ കൊണ്ടുവരാനും പദ്ധതികൊണ്ട് സാധിച്ചിട്ടുണ്ട്. പ്രോസസിംഗ് യൂണിറ്റുകൾ മുഖേന മൂല്യവർദ്ധന സാദ്ധ്യമാക്കാനും കച്ചവടം മെച്ചപ്പെടുത്തി കൂടുതൽ വില ലഭ്യമാക്കാനും പദ്ധതി ലക്ഷ്യമിടുന്നു.

പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പങ്കാളിത്തത്തോടെ വയനാട് ബാണാസുരസാഗർ അണക്കെട്ടിൽക്കൂടി മത്സ്യകൃഷി (3 കോടി രൂപ) - പട്ടികവർഗ്ഗ വിഭാഗങ്ങളുൾപ്പെടെ സമൂഹത്തിന്റെ താഴെത്തട്ടിലുള്ള പ്രദേശവാസികൾക്ക് അധിക ഉപജീവനമാർഗ്ഗങ്ങൾ സൃഷ്ടിച്ച് അവരുടെ സാമൂഹിക-സാമ്പത്തിക ഉന്നമനം സാധ്യമാക്കുന്നതിനും പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതിയാണിത്. ഇതുകൂടാതെ, ഇടുക്കി, വയനാട് ജില്ലകളിലെ പട്ടികവർഗ്ഗ

മേഖലകളിലേയ്ക്കുള്ള കണക്റ്റിവിറ്റി മെച്ചപ്പെടാനുതകുന്ന വിവിധ പൊതുമരാമത്ത് റോഡുകൾ, ഇടുക്കി, വയനാട് ജില്ലകളിലെ പട്ടികവർഗ്ഗ മേഖലകളിലേയ്ക്കുള്ള കണക്റ്റിവിറ്റി മെച്ചപ്പെടാനുതകുന്ന തദ്ദേശസ്വയംഭരണ വകുപ്പിന്റെ വിവിധ റോഡുകൾ എന്നിവയുടെ പുനർനിർമ്മാണ പ്രവൃത്തികളും ആർ.കെ.ഐ.-ക്കുകീഴിൽ ഏറ്റെടുത്തിട്ടുണ്ട്.

**പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ റോഡ് നവീകരണ പ്രവൃത്തികൾ**

73(73) **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:** താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2023 വരെ ദുരന്ത നിവാരണ വകുപ്പ് പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ ഫ്ലഡ് പ്രവൃത്തി ഇനത്തിൽ റോഡ് നവീകരണത്തിന് അനുവദിച്ച തുക, പ്രവൃത്തിയുടെ പേരുകൾ, ഉത്തരവ് നമ്പറുകൾ എന്നിവ ഇനം തിരിച്ച് വിശദമാക്കാമോ;

(ബി) ഇത്തരത്തിൽ തുക അനുവദിച്ചുകൊണ്ട് ഉത്തരവ് ലഭ്യമായ പ്രവൃത്തികളിൽ ഏതെല്ലാം പ്രവൃത്തികൾക്ക് ജില്ലാ കളക്ടർ എസ്റ്റിമേറ്റ്

സാംഗ്ഷൻ ലഭ്യമാക്കിയെന്നും പ്രസ്തുത പ്രവൃത്തികളുടെ നിർമ്മാണ പുരോഗതിയും ഇനം തിരിച്ച് വിശദമാക്കാമോ?

(എ&ബി) 2016 മുതൽ 2023 വരെയുള്ള പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ റോഡ് നവീകരണം സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.+

(സി) സർക്കാർ ഉത്തരവ് ലഭ്യമാക്കിയിട്ടും ജില്ലാ കളക്ടർ എസ്റ്റിമേറ്റ് സാംഗ്ഷൻ ലഭ്യമാക്കാത്തതിന്റെ കാരണങ്ങളും പ്രസ്തുത പ്രവൃത്തികൾ ഇനി പൂർത്തീകരിക്കാനുള്ള നടപടികളും വിശദമാക്കാമോ?

സംസ്ഥാന ദുരന്തപ്രതികരണ നിധിയിൽനിന്നും ഭരണാനുമതി നൽകുന്ന റോഡ് പുനരുദ്ധാരണ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സമർപ്പിക്കുന്നമുറയ്ക്ക് കാലതാമസം കൂടാതെ ജില്ലാ കളക്ടർ നിർവ്വഹണാനുമതി നൽകിവരുന്നുണ്ട്. ഭരണാനുമതി തീയതി മുതൽ ആറുമാസത്തിനുള്ളിൽ കരാറിലേർപ്പെടാത്തപക്ഷം ഭരണാനുമതി റദ്ദാകുമെന്ന വ്യവസ്ഥയുള്ളതിനാൽ ടി കാലയളവിനുശേഷം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സമർപ്പിക്കുന്ന എസ്റ്റിമേറ്റുകൾക്കും മാനദണ്ഡങ്ങൾക്കും വിരുദ്ധമായ പ്രവൃത്തികളുൾക്കൊള്ളിച്ചുകൊണ്ട് സമർപ്പിക്കുന്ന എസ്റ്റിമേറ്റുകൾക്കും നിർവ്വഹണാനുമതി നൽകാൻ സാധിക്കാതെവരുന്നു. ജി.എസ്.ടി. വർദ്ധനവ്, പ്രൈസ് മൊഡ്യൂളിലെ തിരുത്തലുകൾ എന്നിവമൂലമുണ്ടായ കാലതാമസത്തിനുമാത്രമാണ് കാലാവധി ദീർഘിപ്പിച്ച് നൽകുന്നത്. നിർവ്വഹണാനുമതി നൽകാതിരുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി/കരാർ കാലാവധി ദീർഘിപ്പിച്ച് നൽകുന്നതിനായി ലഭിക്കുന്ന ശിപാർശകൾ പരിശോധിച്ച് ഭരണാനുമതി/കരാർ കാലാവധി സർക്കാർ ദീർഘിപ്പിച്ച് നൽകിവരുന്നു. ഇതുപ്രകാരം ഭരണാനുമതി പുതുക്കി ഉത്തരവാകുന്നമുറയ്ക്ക് ബ്ലോക്ക്/മുനിസിപ്പാലിറ്റി തലത്തിൽ കരാറിലേർപ്പെട്ട് പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു.

**കോഴിക്കോട് വിമാനത്താവള വികസനത്തിന് ഭൂമി ഏറ്റെടുക്കൽ**

74 (74) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് വിമാനത്താവള വികസനത്തിന് സ്ഥലം ഏറ്റെടുക്കുന്ന നടപടി ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ 'റെസ' വികസനത്തിനായി 14.5 ഏക്കർ ഭൂമി പള്ളിക്കൽ, നെടിയിരുപ്പ് എന്നീ വില്ലേജുകളിൽനിന്നും ഏറ്റെടുക്കുന്നതിന് ഗതാഗത വകുപ്പിന്റെ 11-08-2022-ലെ ജി.ഒ. (ആർ.റ്റി.) നം. 337/2022/ട്രാൻസ്., റവന്യൂ വകുപ്പിന്റെ 12-08-2022-ലെ ജി.ഒ. (ആർ.റ്റി.) നം. 3440/2022/ആർ.ഡി. എന്നിവ പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. തുടർന്ന് 19-08-2022-ലെ 6(1) വിജ്ഞാപനവും 06-1-2023-ലെ 4(1) വിജ്ഞാപനവും പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതുമാണ്. 2013-ലെ എൽ.എ.ആർ.ആർ. നിയമ പ്രകാരം ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ടുപോകുന്നതിന് 05-06-2023-ലെ ജി.ഒ. (ആർ.റ്റി.)നം. 129/2023/ആർ.ഡി. ഉത്തരവ് പുറപ്പെടുവിക്കുകയും 08-06-2023-ലെ ജി.ഒ. (പി)നം. 140/2023/ആർ.ഡി. പ്രകാരം പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. കുടിയൊഴിപ്പിക്കപ്പെടുന്ന 64 കുടുംബങ്ങൾക്ക് പ്രത്യേക പുനരധിവാസ

പാക്കേജ് അനുവദിച്ച് 03-08-2023-ലെ സ.ഉ. (കൈ) നം. 187/2023/റവ. പ്രകാരം ഉത്തരവായിട്ടുണ്ട്.

(ബി) എത്ര ഏക്കർ സ്ഥലമാണ് ഇപ്പോൾ ഏറ്റെടുക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ 'റെസ' വികസനത്തിനായി കൊണ്ടോട്ടി താലൂക്കിലെ പള്ളിക്കൽ വില്ലേജിൽനിന്നും 7 ഏക്കർ ഭൂമിയും നെടിയിരുപ്പ് വില്ലേജിൽനിന്ന് 7.5 ഏക്കർ ഭൂമിയും ഉൾപ്പെടെ ആകെ 14.5 ഏക്കർ ഭൂമിയാണ് ഏറ്റെടുക്കുന്നത്.

(സി) പ്രസ്തുത പദ്ധതിക്കുള്ള തുക ആരാണ് വഹിക്കുന്നതെന്നും എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

ഭൂമി ഏറ്റെടുക്കുന്നതിനുള്ള ചെലവ് കേരള സർക്കാരും റെസ വികസനത്തിന്റെ ചെലവ് എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയും വഹിക്കും. റൺവേ വികസിപ്പിക്കുന്നതിനായി ഭൂമി നിരപ്പാക്കുന്നതിനാവശ്യമായ തുകയിൽ 100 കോടി രൂപ എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ വഹിക്കും. ഭൂമി ഏറ്റെടുന്നതിനും പുനരധിവാസ

പാക്കേജിനും ബന്ധപ്പെട്ട അനുബന്ധ പ്രവർത്തനങ്ങൾക്കുമായി 84.10 കോടി രൂപ ചെലവ് കണക്കാക്കിയിട്ടുണ്ട്.

(ഡി) വ്യോമയാന വകുപ്പോ എയർപോർട്ട് അതോറിറ്റിയോ എത്ര ഏക്കർ സ്ഥലം ഏറ്റെടുത്ത് നൽകണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; സ്ഥലം ഏറ്റെടുത്ത് നൽകിയിട്ടില്ലെങ്കിൽ റൺവേ എൻഡ് സേഫ്റ്റി ഏരിയ (റെസ)യുടെ നീളം വർദ്ധിപ്പിക്കാൻ റൺവേയുടെ നീളം കുറയ്ക്കേണ്ടിവരുമെന്ന് ഇവർ രേഖാമൂലം അറിയിപ്പ് നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

'റെസ' വികസനത്തിനായി 14.5 ഏക്കർ ഭൂമി സ്ഥലം ഏറ്റെടുത്ത് നൽകണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളത്. സമയപരിധിക്കുള്ളിൽ സ്ഥലം ഏറ്റെടുത്ത് നൽകിയിട്ടില്ലെങ്കിൽ റൺവേയുടെ നീളം കുറയ്ക്കേണ്ടിവരുമെന്ന് കേന്ദ്രവ്യോമയാന വകുപ്പുമന്ത്രി കത്തിലൂടെ അറിയിച്ചിരുന്നു. ആയതിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഇ) വീടും ഭൂമിയും വിട്ട് നൽകുന്നവർക്ക് ലഭിക്കേണ്ട പുനരധിവാസം, നഷ്ടപരിഹാര പാക്കേജുകൾ പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(എഫ്) പ്രസ്തുത വിമാനത്താവളത്തിൽ വലിയ വിമാനങ്ങൾ ഇറക്കുന്നതിനുള്ള വിലക്കുകൾ നീക്കുന്നതിനും വിമാനത്താവള വികസനത്തിനും സത്വര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

റൺവേ വികസനം സാധ്യമാക്കി വലിയ വിമാനങ്ങൾ ഇറക്കുന്നതിനും വിമാനത്താവള വികസനം സാധ്യമാക്കുന്നതിനുമുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**എയർ സ്ട്രിപ്പ് സ്ഥാപിക്കുന്നതിന് നടപടി**

75 (75) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 വർഷത്തെ ബഡ്ജറ്റിൽ എയർ സ്ട്രിപ്പ് സ്ഥാപിക്കുന്നതിന് തുക വകയിരുത്തിയിട്ടുണ്ടോ;

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) എങ്കിൽ ഏതൊക്കെ സ്ഥലങ്ങളിലാണ് എയർ സ്ട്രിപ്പ് നടപ്പിലാക്കുന്നതെന്നും ആയതിന്റെ തുടർനടപടികൾ ഏതുഘട്ടത്തിലാണെന്നും വിശദമാക്കാമോ?

(എ&ബി) ഉണ്ട്. ഇടുക്കി, വയനാട്, കാസർഗോഡ് ജില്ലകളിൽ എയർസ്ട്രിപ് സ്ഥാപിക്കുന്നതിന്റെ ഭാഗമായി ഫീസിബിലിറ്റി സ്റ്റഡി നടത്തുന്നതിനുള്ള കൺസൾട്ടൻസിയെ തെരഞ്ഞെടുക്കുന്ന വിഷയം പരിശോധിച്ചുവരുന്നു.

**സിൽവർ ലൈൻ പദ്ധതിയും ബദൽ നിർദ്ദേശങ്ങളും**

76 (76) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിൽവർ ലൈൻ പദ്ധതി പാരിസ്ഥിതികാഘാത പഠനത്തിനായി കൺസോർഷ്യത്തെ കെ-റെയിൽ ചുമതലപ്പെടുത്തുകയുണ്ടായോ; എങ്കിൽ ഏതൊക്കെ സ്ഥാപനങ്ങളാണ് പ്രസ്തുത കൺസോർഷ്യത്തിലുൾപ്പെട്ടിട്ടുള്ളത്?

സിൽവർലൈൻ പദ്ധതിയുടെ പാരിസ്ഥിതികാഘാത പഠനത്തിനായി കൺസോർഷ്യത്തെ ദർഘാസ് വിജ്ഞാപനം പുറപ്പെടുവിച്ചുകൊണ്ട് (Open

tender) കെ-റെയിൽ ചുമതലപ്പെടുത്തുകയുണ്ടായി. സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

- M/s EQMS India Private Limited
- M/s Infer Development Consulting Private Limited
- M/s EQMS Global Private Limited

(ബി) കെ-റെയിൽ പദ്ധതിക്കുപകരമായി സാങ്കേതിക വിദഗ്ധനായ ശ്രീ. ഇ. ശ്രീധരൻ ബദൽ നിർദ്ദേശങ്ങളടങ്ങിയ പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായോ?

കത്ത് ലഭിച്ചിട്ടുണ്ട്.

(സി) എന്തൊക്കെ വിഷയങ്ങളാണ് പഠന വിധേയമാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; പഠനം പൂർത്തിയായിട്ടുണ്ടോ; എങ്കിൽ പഠന റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) പ്രൊപ്പോസലിലെ പ്രധാന നിർദ്ദേശങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; പ്രൊപ്പോസലിന്റെ പകർപ്പ് ലഭ്യമാക്കാമോ?

(സി&ഡി) ബാധകമല്ല.

## സിൽവർലൈൻ പദ്ധതി

77 (77) <u>ശ്രീ. ഷാഫി പറമ്പിൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ.ക്യൂ.എം.എസ്. പ്രൈവറ്റ് ലിമിറ്റഡ് സമർപ്പിച്ച സിൽവർ ലൈൻ പദ്ധതിയുടെ ഇ.ഐ.എ. റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

പ്രസ്തുത റിപ്പോർട്ട് അന്തിമമായിട്ടുള്ളതല്ല. ആയത് പരിശോധനയിലാണ്.

(ബി) സിൽവർ ലൈൻ പദ്ധതിക്കുപകരമായി അതിവേഗ റെയിൽപ്പാത സംബന്ധിച്ച് ശ്രീ. ഇ. ശ്രീധരൻ അടുത്തിടെ സർക്കാരിന് നൽകിയ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

റിപ്പോർട്ട് രൂപത്തിൽ സമർപ്പിച്ചിട്ടില്ല.

## പറമ്പിക്കുളം-ആളിയാർ കരാർ പുതുക്കൽ

78 (78) <u>ശ്രീ. കെ. ബാബു (നെന്മാറ)</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം-ആളിയാർ കരാർ പുതുക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

പെരിയാർ, ചാലക്കുടിപ്പുഴ, ഭാരതപ്പുഴ എന്നീ മൂന്ന് നദീതടങ്ങളിലെ ജലം പങ്കിടുന്നതിനായി 1970 മേയ് 29-ന് നിലവിൽവന്ന പറമ്പിക്കുളം-ആളിയാർ പദ്ധതി (പി.എ.പി.) കരാറിന് 1958 നവംബർ 9 മുതൽ മുൻകാല പ്രാബല്യം നൽകുകയും ഉഭയകക്ഷി സമ്മതപ്രകാരം നിലവിലുള്ള കരാറിലെ വ്യവസ്ഥകൾ (ഖണ്ഡിക 5 (സി) അനുസരിച്ച്) ഓരോ 30 വർഷത്തിന്റെയും അനുഭവത്തിന്റെ വെളിച്ചത്തിൽ പുനരവലോകനം ചെയ്യാമെന്ന വ്യവസ്ഥയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതനുസരിച്ച് കരാറിലെ വ്യവസ്ഥകൾ പുനരവലോകനം ചെയ്യാനുള്ള കാലാവധി 1988 നവംബർ 9-ന് പൂർത്തിയാക്കുകയും കരാർ പുനരവലോകനം ചെയ്യുന്നതിനുള്ള നടപടികൾ കേരളം ആരംഭിക്കുകയും ചെയ്തിരുന്നെങ്കിലും സംയുക്ത ഗേജിംഗിലൂടെ വ്യക്തമായ അധിക ജലലഭ്യത പങ്കുവയ്ക്കുന്നതുൾപ്പെടെയുള്ള വിഷയങ്ങളിൽ ഇരുസംസ്ഥാനങ്ങളും തമ്മിൽ ധാരണയിലെത്താൻ കഴിയാത്തതിനാൽ

പുനരവലോകനം യാഥാർത്ഥ്യമായിട്ടില്ല. അന്തർസംസ്ഥാന നദീജല കരാറുകൾ സംബന്ധിച്ച പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ 25-09-2019-ന് തിരുവനന്തപുരത്ത് ചേർന്ന കേരള-തമിഴ്നാട് മുഖ്യമന്ത്രിമാരുടെ യോഗ തീരുമാനപ്രകാരം കരാർ പുതുക്കാനായി ഇരുസംസ്ഥാനങ്ങളിലെയും വകുപ്പ് സെക്രട്ടറിമാരുടെ നേതൃത്വത്തിൽ സാങ്കേതിക അംഗങ്ങളുൾപ്പെട്ട അഞ്ചംഗങ്ങൾ വീതമുള്ള ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. സെക്രട്ടറിതല സാങ്കേതിക സമിതി ഇതുവരെ മൂന്ന് യോഗം ചേർന്നിട്ടുണ്ട് (ഒന്നാം യോഗം 12-12-2019-ൽ-ചെന്നൈ, രണ്ടാം യോഗം 11-09-2020-ൽ- തിരുവനന്തപുരം, മൂന്നാം യോഗം 17-09-2021-ൽ ഓൺലൈൻ). പ്രസ്തുത യോഗങ്ങളിൽ പി.എ.പി. കരാർ പുതുക്കി നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട പ്രാരംഭ ചർച്ചകൾ ഇരുസംസ്ഥാനങ്ങളും തമ്മിൽ നടത്തിയിട്ടുണ്ട്. മൂന്നാം സെക്രട്ടറിതല യോഗത്തിൽ പറമ്പിക്കുളം-ആളിയാർ കരാർ പുനരവലോകനത്തിനും തമിഴ്നാടിന്റെ നീരാർ-നല്ലാർ-ആനമലയാർ പദ്ധതികളുടെ വിശകലനത്തിനുമായി ഒരു സബ്കമ്മിറ്റി രൂപീകരിക്കാൻ തീരുമാനിക്കുകയും തുടർന്ന് 16-05-2022-ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഒ.

(ആർ.റ്റി.)നം.410/2022/ഡബ്ല്യു.ആർ.ഡി. പ്രകാരം പ്രസ്തുത സബ്കമ്മിറ്റി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും അന്തർസംസ്ഥാന ജലവും), എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഹൈഡ്രോളജി ഡിവിഷൻ-തൃശ്ശൂർ, ജോയിന്റ് ഡയറക്ടർ, ജെ.ഡബ്ല്യു.ആർ. ഡിവിഷൻ-പാലക്കാട്, ശ്രീ. ജെയിംസ് വിൽസൺ എക്സിക്യൂട്ടീവ് എഞ്ചിനീയർ, കെ.എസ്.ഇ.ബി.എൽ. എന്നിവരാണ് കേരളത്തിന്റെ അംഗങ്ങൾ. പ്രസ്തുത സബ്കമ്മിറ്റിയുടെ കേരളത്തിന്റെ അംഗങ്ങളുടെ രണ്ട് യോഗം ഇതുവരെ കൂടുകയും തമിഴ്നാടിന്റെ നീരാർ-നല്ലാർ പദ്ധതി, ആനമലയാർ പദ്ധതി എന്നിവ ജെ.ഡബ്ല്യു.ആർ. ബോർഡ് സംയുക്തമായി അംഗീകരിച്ച യീൽഡ് പ്രകാരം പുനർവിശകലനം ചെയ്യുകയും നീരാർ-നല്ലാർ പദ്ധതി യഥാർത്ഥ്യമായാലുണ്ടാകാനിടയുള്ള ജലശാസ്ത്രപരമായ ആഘാത പഠനം (Hydrological Impact Analysis) പ്രാഥമികമായി പരിശോധിക്കുകയും പറമ്പിക്കുളം-ആളിയാർ പദ്ധതി കരാറിന്റെ പുനരവലോകന സാദ്ധ്യതകൾ വിശകലനം ചെയ്യുകയും ചെയ്തിട്ടുണ്ട്. കൂടാതെ കഴിഞ്ഞ കാലങ്ങളിൽ പറമ്പിക്കുളം, ഷോളയാർ, തുണക്കടവ് എന്നീ ഡാമുകളുടെ സ്പിൽവേയിലൂടെ

ഒഴുകിപ്പോകുന്ന ജലത്തിന്റെ അളവ് വിലയിരുത്താനും തീരുമാനിക്കുകയുണ്ടായി. ഇതിനുപുറമേ നീരാർ-നല്ലാർ പദ്ധതി യാഥാർത്ഥ്യമായാൽ പ്രസ്തുത ഡൈവേർഷൻമൂലം തമിഴ്നാട് ഷോളയാർ, പറമ്പിക്കുളം ഗ്രൂപ്പ് ഓഫ് ഡാം എന്നിവിടങ്ങളിലെ ജലലഭ്യതയെ എങ്ങനെ ബാധിക്കുമെന്ന് വിശദമായ പഠനം നടത്താനും തീരുമാനിക്കുകയുണ്ടായി. പ്രസ്തുത പഠനത്തിന്റെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ കരാർ പുനരവലോകനവുമായി ബന്ധപ്പെട്ട കേരളത്തിന്റെ വ്യക്തമായ നിലപാട് രൂപപ്പെടുത്തിയശേഷം തമിഴ്നാടുമായി തുടർചർച്ചകൾ നടത്തി മെച്ചപ്പെട്ട ജലവിഹിതം നേടിയെടുത്ത് കരാർ പുനരവലോകനം യഥാർത്ഥ്യമാക്കാനാണ് കേരളം ശ്രമിക്കുന്നത്.

(ബി) സംസ്ഥാനത്തിന് അർഹതപ്പെട്ട ജലം സമയബന്ധിതമായി ലഭിക്കുന്നതിന് എന്തെല്ലാം ഇടപെടലുകളാണ് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

പറമ്പിക്കുളം ആളിയാർ പദ്ധതി (പി.എ.പി.)-യിൽനിന്നും കേരളത്തിന് അർഹതപ്പെട്ട ജലം ലഭ്യമാക്കാൻ സംയുക്ത ജലക്രമീകരണ സമിതി

യോഗങ്ങളിൽ കേരളം ശക്തമായ നിലപാട് സ്വീകരിക്കുന്നുണ്ട്. 10-01-2023-ൽ കൂടിയ 106-ാമത് ജെ.ഡബ്ല്യൂ.ആർ. ബോർഡ് യോഗത്തിലും കരാർ പ്രകാരമുള്ള ജലം മുഴുവനും കേരളത്തിന് ലഭ്യമാക്കണമെന്ന് കേരളം തമിഴ്നാടിനോട് ആവശ്യപ്പെട്ടിരുന്നു. കേരളത്തിന് അർഹതപ്പെട്ട ജലം ലഭിക്കാത്ത സാഹചര്യത്തിൽ ഈ വിഷയത്തിൽ സർക്കാർ തലത്തിൽ ശക്തമായ ഇടപെടലുകൾ നടത്തിയിട്ടുണ്ട്. ഇതിനായി കേരള ചീഫ് സെക്രട്ടറിയും ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയും തമിഴ്നാട് സർക്കാരിന് കത്തുകൾ നൽകിയിരുന്നു. സർക്കാർ തലത്തിലുള്ള ശക്തമായ ഇടപെടലുകളെത്തുടർന്ന് കഴിഞ്ഞ ജലവർഷത്തിൽ പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരമുള്ള ജലം ഒട്ടുമിക്ക സ്റ്റേഷനുകളിലും ലഭ്യമാക്കാൻ കേരളത്തിന് സാധിച്ചിട്ടുണ്ട്. ഈ ജലവർഷവും (2023-24) കരാർ പ്രകാരം കേരളത്തിന് അർഹതപ്പെട്ട ജലം ലഭിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കേരളത്തിനർഹതപ്പെട്ട ജലവിഹിതം ഉറപ്പുവരുത്തുന്നതിന് സർവ്വകക്ഷി മീറ്റിംഗിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട സുപ്രീംകോടതി മുമ്പാകെ 2013 വർഷം കേരളം ഒരു അസ്സൽ

അന്യായം (OS No.2/2013) ഫയൽ ചെയ്തിട്ടുണ്ട്. പ്രസ്തുത കേസ് ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ പരിഗണനയിലാണ്.

(സി) പ്രസ്തുത കരാറിലൂടെ ഓരോ വർഷവും സംസ്ഥാനത്തിന് ലഭിക്കുന്ന ജലം എത്രയെന്ന് വിശദമാക്കുമോ; ഇതുസംബന്ധിച്ച് കഴിഞ്ഞ പത്ത് വർഷത്തെ കണക്ക് ലഭ്യമാക്കുമോ?

പറമ്പിക്കുളം-ആളിയാർ പദ്ധതി കരാറിന്റെ ഷെഡ്യൂൾ II-ലെ വിവിധ ഖണ്ഡികകൾ പ്രകാരം താഴെപ്പറയുന്ന അളവിലുള്ള ജലം ഓരോ ജലവർഷവും കേരളത്തിന് അവകാശപ്പെട്ടതാണ്.

- കരാറിലെ ഖണ്ഡിക 1(ii)(a) പ്രകാരം ഒക്ടോബർ 1 മുതൽ ജനവരി 31 വരെയുള്ള കാലയളവിൽ (4 മാസം) അപ്പർ നീരാർ വിയറിൽ ലഭ്യമാകുന്ന നീരാർ നദിയിലെ മുഴവൻ സ്വാഭാവിക നീരൊഴുക്കും കേരളത്തിന് അവകാശപ്പെട്ടതാണ്.
- ഖണ്ഡിക 2 പ്രകാരം കേരള ഷോളയാർ റിസർവോയറിൽനിന്ന് സെക്കന്റിൽ ശരാശരി 390 ഘനയടി എന്ന തോതിലുള്ള ഡിസ്ചാർജിന് വിധേയമായും അടിയന്തര ഘട്ടങ്ങളിൽ മാത്രമേ

സ്പിൽവേയിലൂടെ ജലം പുറത്തേയ്ക്ക് ഒഴുക്കാവൂയെന്ന വ്യവസ്ഥയ്ക്ക് വിധേയമായും ഒരു ജലവർഷം 12.3 ടി.എം.സി.എഫ്.ടി. ജലം കേരളത്തിനർഹതപ്പെട്ടതാണ്. ഈ ജലം കേരളാ ഷോളയാർ പവർഹൗസിലാണ് അളന്ന് പുറത്തുവിടേണ്ടത്. തമിഴ്നാട് ഷോളയാർ റിസർവോയറിനും കേരള ഷോളയാറിനും ഇടയിലുള്ള വൃഷ്ടിപ്രദേശത്ത് നിന്നുള്ള ജലലഭ്യതയോടൊപ്പം ഷോളയാർ നദിയിലെ ജലസംഭരണിയിൽ (തമിഴ്നാട് ഷോളയാർ ഡാം) നിന്നും തമിഴ്നാട് ജലം ലഭ്യമാക്കിക്കൊണ്ടാകണം മേൽപ്പറഞ്ഞ 12.3 ടി.എം.സി.എഫ്.ടി. ജലം കേരള ഷോളയാറിൽ ഉറപ്പുവരുത്തേണ്ടത്. കൂടാതെ സെപ്തംബർ 1-നും ഫെബ്രുവരി 1-നും ജലനിരപ്പ്, പൂർണ്ണ ജലനിരപ്പായ +2663 അടിയിൽ തമിഴ്നാട് എത്തിക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

- ഖണ്ഡിക 4(a) പ്രകാരം കേരള സംസ്ഥാന അതിർത്തിയിൽ മണക്കടവ് വിയറിൽ ഒരു ജലവർഷം 7.25 TMCft ജലം (ഉപയോഗയോഗ്യമല്ലാത്ത പ്രളയജലം ഒഴികെ) ചിറ്റൂർപുഴ പ്രദേശത്തെ 20,000 ഏക്കറിലെ കൃഷി ആവശ്യങ്ങൾക്കായി കേരളത്തിന് അർഹതപ്പെട്ടതാണ്.

- ഖണ്ഡിക 3(b)(ii) പ്രകാരം പറമ്പിക്കുളം ഗ്രൂപ്പിൽനിന്നും ലോവർ നീരാറിൽനിന്നുമുള്ള മൊത്തം ജലലഭ്യത (യീൽഡ്) 16.5 ടി.എം.സി.എഫ്.ടി.-യിൽ (ബാഷ്പീകരണ നഷ്ടം ഉൾപ്പെടെ) കൂടുതൽ വരുന്ന ജലവർഷങ്ങളിൽ 16.5 ടി.എം.സി.എഫ്.ടി.-യിൽ മുകളിലുള്ള ആദ്യത്തെ 2.5 ടി.എം.സി.എഫ്.ടി. ജലം കേരളത്തിലെ ചിറ്റൂർ താലൂക്കിലെ കൃഷിക്കായും അതിനുമുകളിൽ അധികജലം ലഭ്യമാണെങ്കിൽ ആ ജലം ചാലക്കുടി നദീതടത്തിലേയ്ക്ക് പറമ്പിക്കുളം ഗ്രൂപ്പിലെ ഡാമുകളുടെ സ്പിൽവേ/ഔട്ട്‌ലെറ്റ് സംവിധാനങ്ങളിലൂടെയോ ലഭ്യമാക്കണമെന്നും കരാറിൽ പറഞ്ഞിരിക്കുന്നു.

- കഴിഞ്ഞ 10 വർഷത്തെ കണക്കെടുത്താൽ 2015-16 മുതൽ 2018-19 വരെ തമിഴ്നാട് കേരളത്തിന് അർഹതപ്പെട്ട 12.3 ടി.എം.സി. ജലം തരുന്നതിൽ വീഴ്ച വരുത്തുകയുണ്ടായി. അപ്പർ നീരാറിൽനിന്നുള്ള ഒക്ടോബർ 1 മുതൽ ജനുവരി 31 വരെയുള്ള ജലം കഴിഞ്ഞ 10 വർഷ കാലയളവിൽ മുടക്കം കൂടാതെ ഇടമലയാർ നദിയിലേയ്ക്ക് ലഭിച്ചിട്ടുണ്ട്. ഇതുകൂടാതെ കാലവർഷ സമയത്ത് ലോവർ നീരാർ സ്പിൽവേ, റിവർ

സ്ലൂയിസ് വഴിയും ഇടമലയാർ നദീതടത്തിലേയ്ക്ക് അധികജലം ലഭിച്ചിട്ടുണ്ട്.

പറമ്പിക്കുളം-ആളിയാർ പദ്ധതി കരാർപ്രകാരം കഴിഞ്ഞ പത്ത് ജലവർഷത്തിൽ കേരളത്തിന് ലഭിച്ച ജലത്തിന്റെ കണക്കുകൾ അനുബന്ധമായി ചേർക്കുന്നു.+

**വെസ്റ്റ് കോസ്റ്റ് കനാൽ നിർമ്മാണ പ്രവൃത്തി**

79 (79) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വടക്ക് ബേക്കൽ മുതൽ തെക്ക് കോവളം വരെ വെസ്റ്റ് കോസ്റ്റ് കനാൽ നിർമ്മാണ പ്രവൃത്തി നിലവിൽ ഏതുഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

കോവളം മുതൽ ബേക്കൽ വരെയുള്ള വെസ്റ്റ് കോസ്റ്റ് കനാൽ നിർമ്മാണ പ്രവൃത്തി നിലവിൽ രണ്ടാം ഘട്ടത്തിലാണ്. വിവിധ ഭാഗങ്ങളിൽ നടന്നുവരുന്ന വികസന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

കോവളം - കൊല്ലം

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കോവളം മുതൽ കൊല്ലം വരെയുള്ള സംസ്ഥാന ജലപാത ക്ലാസ്-3 സ്റ്റാൻഡേർഡിലേയ്ക്ക് വികസിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കോവളം മുതൽ വർക്കല വരെയുള്ള ഭാഗത്ത് കനാൽ പുറമ്പോക്കിൽ താമസിക്കുന്ന 1275-ഓളം കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് 247.2 കോടി രൂപയുടെ കിഫ്ബി ധനസഹായം ലഭ്യമാക്കുന്നതിന് തത്വത്തിലുള്ള അനുമതി നൽകിയിട്ടുണ്ട്. ഈ കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള സർവ്വേ പ്രവർത്തനങ്ങൾ നിലവിൽ നടന്നുവരുന്നു. ഉൾനാടൻ ജലഗതാഗത വകുപ്പും പദ്ധതിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ കേരള വാട്ടർവെയ്സ് & ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ് (ക്വിൽ)-ഉം സംയുക്തമായി നടത്തിവരുന്ന പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. കോവളം-ആക്കുളം ഭാഗത്ത് 16 കിലോമീറ്റർ ദൂരത്തെ കനാൽ വികസന പ്രവർത്തനങ്ങൾക്ക് 183 കോടി രൂപ കിഫ്ബിയിൽനിന്നും അനുവദിച്ചിട്ടുണ്ട്. കരിക്കകം, പുത്തൻപാലം, പനത്തുറ പാലങ്ങളുടെ നിർമ്മാണ നടപടികൾ പുരോഗമിക്കുന്നു. ആക്കുളം മുതൽ കഠിനംകുളം വരെയുള്ള 10.5 കിലോമീറ്റർ ദൂരം കനാലുകൾ

വികസിപ്പിക്കുന്നതിനായി 8 കോടി രൂപയുടെ 4 പ്രവൃത്തികൾ നടന്നുവരുന്നു. പള്ളിത്തുറ ഭാഗത്ത് ജലപാതയ്ക്കുകുറുകെ വരുന്നതും കാലപ്പഴക്കം ചെന്നതുമായ സെന്റ് ആൻഡ്രൂസ് ബ്രിഡ്ജിന്റെ പുനർനിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. കഠിനംകുളം ഭാഗത്ത് 194-ഓളം കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ഈ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതോടെ കോവളം മുതൽ കഠിനംകുളം വരെയുള്ള 27 കിലോമീറ്റർ ദൂരം പൂർണ്ണമായും ഗതാഗതയോഗ്യമാകും. കഠിനംകുളം മുതൽ ഒന്നാംപാലം വരെ പൂർണ്ണമായും ഗതാഗതയോഗ്യമാണ്. ഒന്നാംപാലം മുതൽ വർക്കല വരെ 400 കുടുംബങ്ങളെ പുനരധിവസിപ്പിക്കാനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. പുനരധിവാസ പ്രവൃത്തികൾ പൂർത്തിയായാൽ മാത്രമേ കനാലിന്റെ ബാക്കി പ്രവൃത്തികൾ പൂർത്തിയാക്കാൻ സാധിക്കുകയുള്ളൂ. ഇതുവരെ പുനരധിവാസ പദ്ധതിയിലുൾപ്പെടുത്തി മുന്നൂറോളം കുടുംബങ്ങൾക്ക് തുക കൈമാറിയിട്ടുള്ളതും 240 കുടുംബങ്ങളെ പുനരധിവസിപ്പിച്ചിട്ടുള്ളതുമാണ്. വർക്കല ശിവഗിരി ഭാഗത്തെ 722 മീറ്റർ നീളത്തിലുള്ള വലിയ തുരങ്കവും

ചിലക്കൂർ ഭാഗത്തെ 350 മീറ്റർ നീളത്തിലുള്ള ചെറിയ തുരങ്കവും നിലവിലുള്ള അവസ്ഥയിൽ ചെളിയും മണ്ണും മറ്റ് തടസ്സങ്ങളും മാറ്റി പൂർണ്ണതോതിൽ ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്. രണ്ട് തുരങ്കങ്ങളിലും ലൈറ്റ് & സൗണ്ട് ഷോ നടപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. തുരങ്കത്തിന്റെ ഘടനാപരമായ സ്ഥിരത (Structural Stability) ഉറപ്പുവരുത്തുന്നതിനായി കൊങ്കൺ റെയിൽവേയിൽനിന്നുള്ള ടണൽ വിദഗ്ധർ സ്ഥലം പരിശോധിക്കുകയും ഘടനാപരമായ സ്ഥിരത ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്. നടയറ മുതൽ കൊല്ലംവരെ ഗതാഗതയോഗ്യമാണ്. ജലപാതയുടെ ഭാഗമായ കൊല്ലംതോടിൽ നിലവിലുള്ള ചെറിയ തടസ്സങ്ങൾ നീക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

<u>കൊല്ലം - കോട്ടപ്പുറം</u>

കൊല്ലം മുതൽ കോഴിക്കോട് വരെയുള്ള ദേശീയ ജലപാത (NW-3)-യിൽ കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള 168 കിലോമീറ്റർ പൂർണ്ണതോതിൽ ജലഗതാഗതയോഗ്യമാണെങ്കിലും ചവറ-കോവിൽതോട്ടം ഭാഗത്ത് ഒരു നടപ്പാലം പൊളിച്ച് പണിയുന്നതും ആലപ്പുഴ ജില്ലയിലെ

തൃക്കുന്നപ്പുഴ ഭാഗത്ത് ഒരു നാവിഗേഷൻ ലോക്ക് - കം - ബ്രിഡ്ജിന്റെ നിർമ്മാണവും പൂർത്തിയാകാനുണ്ട്.

<u>കോട്ടപ്പുറം - ചാവക്കാട്</u>

തൃശ്ശൂർ-കാട്ടൂർ, മധുരംപള്ളി ഭാഗത്ത് 5 കിലോമീറ്റർ ദൂരത്തിൽ ആഴവും വീതിയുംകൂട്ടി ദേശീയ ജലപാത നിലവാരത്തിലേയ്ക്കെത്തിച്ചു. തൃപ്രയാർ, കണ്ടശ്ശാൻകടവ്, ഏനമാവ് എന്നിവിടങ്ങളിലായി 3 ബോട്ട് ജെട്ടികളുടെ നിർമ്മാണത്തിന് 2.25 കോടി രൂപയുടെ അനുമതിയും ചേറ്റുവ-ചാവക്കാട് ഭാഗത്ത് ആഴവും വീതിയുംകൂട്ടി ദേശീയ ജലപാത നിലവാരത്തിലാക്കുന്നതിനായി 1 കോടി രൂപയുടെ അനുമതിയും തൃശ്ശൂർ ജില്ലയിലെ വില്യംസ് ബ്രിഡ്ജിന്റെ അറ്റകുറ്റപ്പണികൾ നടത്തി ജലയാനങ്ങൾ കടന്നുപോകുന്നതിനുള്ള സൗകര്യങ്ങൾ ചെയ്യുന്നതിനായുള്ള പ്രവൃത്തിക്ക് 2.25 കോടി രൂപയുടെ അനുമതിയും ലഭ്യമായതിനെത്തുടർന്ന് ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു.

ചേറ്റുവ – കല്ലായി

പൊന്നാനിയിലെ വെളിയംകോട് ഭാഗത്ത് NW-3 ൽ 46 കോടി രൂപ ചെലവിൽ വെളിയംകോട് ലോക്ക്-കം-ബ്രിഡ്ജ് നിർമ്മാണ പ്രവൃത്തി 2024 ജൂൺ മാസത്തോടുകൂടി പൂർത്തീകരിക്കത്തക്ക രീതിയിൽ ദ്രുതഗതിയിൽ നടന്നുവരുന്നു. പൊന്നാനി ചേറ്റുവ കനാലിന്റെ 12.334 കിലോമീറ്റർ ദൈർഘ്യമുള്ള ഭാഗത്തായി ജലഗതാഗതം സുഗമമാക്കുന്നതിനുവേണ്ടി 2.17 കോടി രൂപയുടെ ഡ്രെഡ്ജിംഗ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. കൊല്ലം മുതൽ കോഴിക്കോട് വരെയുള്ള ദേശീയ ജലപാത 328 കിലോമീറ്റർ കഴിഞ്ഞുവരുന്ന കല്ലായി മുതൽ ഇരഞ്ഞിക്കൽ വരെയുള്ള ഏകദേശം 11 കിലോമീറ്റർ ദൂരത്തിലുള്ള കനോലി കനാൽ വികസിപ്പിക്കുന്നതിനായി 'കോഴിക്കോട് കനാൽസിറ്റി പ്രോജക്ട്' എന്നപേരിൽ 1118 കോടി രൂപയുടെ കിഫ്ബി ധനസഹായ പ്രോജക്ടിന്റെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി KWIL-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വിശദമായ പദ്ധതി രൂപരേഖ (DPR) തയ്യാറാക്കിവരുന്നു. ദേശീയ ജലപാത 3-ന്റെ എക്സ്റ്റൻഷനായി പ്രഖ്യാപിച്ചിട്ടുള്ള കോട്ടപ്പുറം മുതൽ കോഴിക്കോട് വരെയുള്ള 160 കിലോമീറ്റർ

വീതികൂട്ടിയും ആഴം വർദ്ധിപ്പിച്ചും ദേശീയ ജലപാതയ്ക്ക് നിഷ്കർഷിച്ചിട്ടുള്ള നിലവാരത്തിലേയ്ക്ക് വികസിപ്പിക്കുന്നതിലേയ്ക്കായുള്ള നടപടികൾ ഇൻലാന്റ് വാട്ടർവെയ്സ് അതോറിറ്റി ഓഫ് ഇൻഡ്യ (IWAI) യാണ് സ്വീകരിക്കേണ്ടത്.

<u>വടകര - മാഹി</u>

വടകര മുതൽ മാഹി വരെ വരുന്ന 17.61 കിലോമീറ്റർ ദൂരത്തിൽ 14 കിലോമീറ്റർ ദൂരം കനാൽ നാവിഗബിൾ ആയിട്ടുണ്ട്. ഒന്നാം റീച്ചിന്റെയും അഞ്ചാം റീച്ചിന്റെയും ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയായിക്കഴിഞ്ഞു. ഈ പാതയിൽ വരുന്ന മൂഴിക്കൽ ലോക്കിന്റെയും വെങ്ങോലി ലോക്ക്-കം-ബ്രിഡ്ജിന്റെയും നിർമ്മാണ പ്രവൃത്തികൾ അന്തിമഘട്ടത്തിലാണ്. കരിങ്ങാലിമുക്ക് ലോക്കിന്റെ പ്രവൃത്തി പുരോഗമിക്കുന്നു. റീച്ച് അഞ്ചിൽ 3 കിലോമീറ്റർ ദൂരം പൂർത്തീകരിച്ചു.

<u>മാഹി - വളപട്ടണം</u>

മാഹി-വളപട്ടണം റീച്ചിന്റെ 58.51 കിലോമീറ്റർ ദൂരം വരുന്ന കനാൽ ഭാഗം ഗതാഗതയോഗ്യമാകാനുണ്ട്. മൂന്ന് പ്രധാന 'അൺകട്ട്' ഭാഗങ്ങളിൽ മൂന്ന് റീച്ചുകളിലായി തിരിച്ച് വികസന പ്രവർത്തനങ്ങൾ കേരള

വാട്ടർവേയ്സ് & ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ് (KWIL)-ന്റെയും ഇൻലാൻഡ് നാവിഗേഷന്റെയും സംയുക്ത നേതൃത്വത്തിൽ നടത്തിവരുന്നു. ഒന്നും രണ്ടും റീച്ചുകളുടെ അലൈൻമെന്റ് അന്തിമമാക്കുകയും ഭരണാനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തിക്കായി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ വിവിധ ഘട്ടങ്ങളിലായി നടന്നുവരുന്നു. മൂന്നാം റീച്ചിലെ അതിർത്തിക്കല്ലുകൾ പൂർണ്ണമായും സ്ഥാപിച്ചിട്ടുണ്ട്.

<u>നീലേശ്വരം - ബേക്കൽ</u>

നീലേശ്വരം-ബേക്കൽ ഭാഗത്ത് 6.5 കിലോമീറ്റർ ദൂരം പുതുതായി കനാൽ നിർമ്മിക്കേണ്ടതുണ്ട്. ഇത് KWIL മുഖാന്തരം ഉൾനാടൻ ജലഗതാഗത വകുപ്പാണ് നടപ്പാക്കുന്നത്. സ്ഥലമേറ്റെടുക്കൽ പ്രവൃത്തികൾക്കായി കിഫ്ബി മുഖേന 189 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിനായുള്ള 'വാട്ടർ ബാലൻസ് സ്റ്റഡി' പൂർത്തീകരിക്കുകയും വിശദമായ പദ്ധതിരേഖ തയ്യാറാക്കിവരികയും ചെയ്യുന്നു. പ്രവൃത്തിക്കായി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ വിവിധ ഘട്ടങ്ങളിലായി നടന്നുവരുന്നു.

(ബി) പ്രസ്തുത പദ്ധതി എന്ന് യാഥാർത്ഥ്യമാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്ന് വിശദമാക്കാമോ?

കോവളം മുതൽ ബേക്കൽ വരെ 616 കിലോമീറ്റർ ദൈർഘ്യമുള്ള പശ്ചിമതീര ജലപാതയുടെ കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള 168 കിലോമീറ്റർ പൂർണ്ണതോതിൽ ജലഗതാഗതയോഗ്യമാണ്. കോവളം മുതൽ കൊല്ലം വരെ 76.18 കിലോമീറ്ററിൽ ആക്കുളം മുതൽ കൊല്ലം വരെയുള്ള 60.18 കിലോമീറ്റർ ജലപാത ദേശീയ ജലപാത നിലവാരത്തിലേയ്ക്ക് ഉയർത്തുന്ന പ്രവൃത്തി 2023 ഡിസംബറോടെ പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. കോട്ടപ്പുറം ചാവക്കാട് 60 കിലോമീറ്റർ വരുന്ന ഭാഗത്ത് ജലഗതാഗതത്തിനുള്ള തടസ്സങ്ങൾ നീക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ചാവക്കാട്-കല്ലായി 100 കിലോമീറ്റർ ദൈർഘ്യത്തിലുള്ള ഭാഗം NW-3 നിലവാരത്തിലേയ്ക്ക് ഉയർത്തുന്ന പ്രവർത്തനങ്ങൾ 2024 ഡിസംബറോടെ പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. വിവിധ ഇടങ്ങളിലായി ഏകദേശം 85 കിലോമീറ്റർ ദൂരത്തിലുള്ള കനാലുകൾ, വടകര–മാഹി കനാലുകളുൾപ്പെടെ പൂർണ്ണതോതിൽ വികസിപ്പിക്കുകയും ആവശ്യമായ സ്ഥലങ്ങളിൽ പാലങ്ങൾ

പുനർനിർമ്മിക്കുകയും മറ്റും ചെയ്ത് 2025-ൽ ഗതാഗതയോഗ്യമാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഇതോടൊപ്പം മൂന്നാംഘട്ടത്തിൽ വിവിധ ഇടങ്ങളിലായി 61 കിലോമീറ്റർ ദൂരത്തിലുള്ള കനാലുകൾ "കോഴിക്കോട് കനാൽ സിറ്റി പ്രോജക്ട്"ഉൾപ്പെടെ പൂർത്തീകരിച്ച് പശ്ചിമതീര കനാലുകളുടെ ടെർമിനലുകളുടെ നിർമ്മാണവും ഫീഡർ കനാലുകളുടെ വികസനവും നടപ്പിലാക്കി 2026-ൽ പൂർണ്ണതോതിൽ പൂർത്തിയാക്കാൻ കഴിയുമെന്ന് കരുതുന്നു.

(സി) ഇതിന് എത്ര കോടി രൂപ ചെലവ് വരുമെന്നും ഇതിനായി തുക വകയിരുത്തിയിട്ടുണ്ടോയെന്നും വിശദമാക്കാമോ?

വെസ്റ്റ് കോസ്റ്റ് കനാൽ നിർമ്മാണ പ്രവൃത്തിക്കായി ഏകദേശം 6500 കോടി രൂപ ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു. സംസ്ഥാന പ്ലാൻ ഫണ്ട്, കിഫ്ബി ഫണ്ട്, നബാർഡ് ധനസഹായം, IWAI ഡെപ്പോസിറ്റ്, ടൂറിസം ഫണ്ട് എന്നിവ ഉപയോഗിച്ചാണ് പ്രവൃത്തികൾ നടന്നുവരുന്നത്. എല്ലാ വർഷവും പ്രവൃത്തി പുരോഗതി വിലയിരുത്തി ആവശ്യമായ ഫണ്ട് ലഭ്യമാക്കിയാണ് പ്രവൃത്തികൾ നടത്തിവരുന്നത്. വിവിധ ഭാഗങ്ങൾക്കായി

ഇതിനോടകം അനുവദിച്ച തുകയുടെ വിവരങ്ങൾ എ-പിരിവിനുള്ള മറുപടിയിൽ പറഞ്ഞിട്ടുണ്ട്.

കോവളം-വർക്കല ഭാഗത്തെ കനാൽ പുറമ്പോക്കിൽ കുടിയേറി താമസിക്കുന്ന 1275-ഓളം കുടുംബങ്ങളുടെ പുനരധിവാസത്തിനായി 247.2 കോടി രൂപയും കോവളം-ആക്കുളം ഭാഗത്തെ 16 കിലോമീറ്റർ വികസന പ്രവർത്തനങ്ങൾക്ക് 183 കോടി രൂപയും കിഫ്ബി ഫണ്ടിൽനിന്നും ലഭ്യമായിട്ടുണ്ട്. കോഴിക്കോട് വെസ്റ്റ് കോസ്റ്റ് കനാലിന്റെ ഭാഗമായ കനോലി കനാലിനെ ജലപാത നിലവാരത്തിൽ വികസിപ്പിക്കുന്നതിന്റെ ഭാഗമായി കനാൽ സിറ്റി പ്രോജക്ടിനായി കിഫ്ബി ധനസഹായത്തോടുകൂടി 1118 കോടി രൂപയ്ക്ക് തത്വത്തിൽ അംഗീകാരം ലഭ്യമായിട്ടുണ്ട്. മാഹി-വളപട്ടണം ഭാഗത്തെ 3 റീച്ചുകളിലായി ഭൂമിയേറ്റെടുക്കുന്നതിന് 650 കോടി രൂപ കിഫ്ബി ഫണ്ടിൽനിന്നും തത്വത്തിൽ അനുമതി ലഭ്യമായിട്ടുണ്ട്. നീലേശ്വരം-ബേക്കൽ ഭാഗത്ത് 6.5 കിലോമീറ്റർ ദൂരം പുതുതായി കനാൽ നിർമ്മിക്കുന്നതിനായി കിഫ്ബി മുഖേന 189 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

## കോസ്റ്റൽ റെഗുലേഷൻ സോൺ അനുമതി

80 (80) ശ്രീ. കെ. വി. സുമേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിട നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കോസ്റ്റൽ റെഗുലേഷൻ സോൺ അനുമതിയുടെ ദൂരം വിശദമാക്കുന്ന ചാർട്ട് കാറ്റഗറി തിരിച്ച് ലഭ്യമാക്കാമോ?

CRZ മേഖലയിലെ കെട്ടിട നിർമ്മാണത്തിൽ പാലിക്കേണ്ട നിബന്ധനകളും ദൂരപരിധിയും കാറ്റഗറി തിരിച്ച് അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത അനുമതി ലഭ്യമാകേണ്ടത് അതത് ജില്ലകളിൽ നിന്നാണോ, സംസ്ഥാന ഓഫീസിൽ നിന്നാണോ; വിശദാംശം ലഭ്യമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചുവടെ പരാമർശിക്കുന്ന പ്രകാരം CRZ മേഖലയിലെ വാസഗൃഹ നിർമ്മാണത്തിന് തീരദേശ പരിപാലന അതോറിറ്റിയുടെ (KCZMA) ജില്ലാ കമ്മിറ്റികൾ മുഖാന്തരം അനുമതി നൽകിവരുന്നു.

| CRZ മേഖല | ദൂരപരിധി | ജില്ലാകമ്മിറ്റികൾക്ക് അനുമതി നൽകാവുന്ന വിസ്തീർണ്ണം |
|---|---|---|
| CRZ II | കടലിന്റെ വേലിയേറ്റ രേഖയിൽ നിന്നും 0-500 മീറ്ററിനും ഇടയിൽ | 250 m2 വരെയുള്ള ഭവനങ്ങളുടെ നിർമ്മാണത്തിനും പുനർ നിർമ്മാണത്തിനും |
| CRZ III | കടലിന്റെ വേലിയേറ്റ രേഖയിൽനിന്നും 0-100 മീറ്റർ & കായൽ/നദി/തോട് എന്നിവയുടെ വേലിയേറ്റ രേഖയിൽനിന്നും 100 മീറ്ററിനും ഇടയിൽ | നിലവിലുള്ള തറ വിസ്തീർണ്ണത്തിന് വിധേയമായി വീടുകളുടെ അറ്റകുറ്റപ്പണികളും പുനർ നിർമ്മാണവും |
| | 100-200 മീറ്ററിനും ഇടയിൽ | 100 m2 വരെ തറ വിസ്തീർണ്ണമുള്ള വീടുകളുടെ നിർമ്മാണവും പുനർനിർമ്മാണവും അറ്റകുറ്റപ്പണികളും |
| | 200 മീറ്ററിനും 500 മീറ്ററിനും ഇടയിൽ | 250 m2 വരെയുള്ള വീടുകളുടെ നിർമ്മാണത്തിനും പുനർനിർമ്മാണത്തിനും |

250 m2-നുമുകളിലുള്ള വാസഗൃഹങ്ങളുടെ നിർമ്മാണങ്ങൾക്കും/പുനർ നിർമ്മാണങ്ങൾക്കും CRZ മേഖലയിലെ മറ്റ് എല്ലാത്തരം നിർമ്മാണ പ്രവർത്തനങ്ങൾക്കും അനുമതി നൽകുന്നത് KCZMA-യുടെ സംസ്ഥാന ഓഫീസിൽനിന്നാണ്.

(സി) അനുമതി ലഭിക്കേണ്ടുന്ന അപേക്ഷകൾ ഓൺലൈനായി കൈകാര്യം ചെയ്യുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

250m2 വരെയുള്ള ഭവനങ്ങളുടെ നിർമ്മാണത്തിനും പുനർ നിർമ്മാണത്തിനുമുള്ള അപേക്ഷകൾ ഓൺലൈനായി 'സങ്കേതം' സോഫ്റ്റ്‌വെയർ മുഖാന്തരം അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സമർപ്പിക്കുകയും ആയത് ജില്ലാതല കമ്മിറ്റികളിൽ പരിഗണിച്ച് തീരുമാനം കൈക്കൊള്ളുകയും ചെയ്തുവരുന്നു. പ്രസ്തുത അപേക്ഷകൾ 'സങ്കേതം' സോഫ്റ്റ്‌വെയർ മുഖേന അതത് ജില്ലാ ടൗൺ പ്ലാനർ കേരള തീരദേശ പരിപാലന അതോറിറ്റിയിൽ സമർപ്പിക്കുകയും തീരദേശ പരിപാലന അതോറിറ്റിയുടെ യോഗത്തിൽ പരിഗണിച്ച് ജില്ലാതല കമ്മിറ്റി തീരുമാനം സാധൂകരിക്കുകയും ചെയ്തുവരുന്നു.

## നാദാപുരം നിയോജകമണ്ഡലത്തിൽ ഇൻലാൻഡ് നാവിഗേഷൻ വകുപ്പ് നടത്തിവരുന്ന പ്രവൃത്തികൾ

81 (81) ശ്രീ. ഇ. കെ. വിജയൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം നിയോജകമണ്ഡലത്തിൽ ഇൻലാൻഡ് നാവിഗേഷൻ വകുപ്പ് നടത്തിവരുന്ന പ്രവൃത്തികളിൽ ഓരോ പ്രവൃത്തിയുടെയും നിർമ്മാണ പുരോഗതി വിശദമാക്കാമോ?

നാദാപുരം നിയോജകമണ്ഡലത്തിൽ ഉൾനാടൻ ജലഗതാഗത വകുപ്പ് നടപ്പാക്കിവരുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | നിലവിലെ സ്ഥിതി |
|---|---|---|
| 1. | വടകര-മാഹി കനാൽ നിർമ്മാണം (ചെയിനേജ് 460.620 മുതൽ 464.210 വരെ) | എഗ്രിമെന്റ് പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ അംഗീകാരം ലഭിച്ച റിവൈസ്ഡ് എസ്റ്റിമേറ്റിൽ മണ്ണിന്റെ റിക്കവറി നിരക്കുകൾ കൂടുതലായി ഈടാക്കിയതിനാൽ ടി എസ്റ്റിമേറ്റ് പ്രകാരമുള്ള ബാക്കി പ്രവൃത്തികൾ നടപ്പാക്കാൻ കരാറുകാരൻ തയ്യാറായിട്ടില്ല. പ്രവൃത്തിയുമായി ബന്ധപ്പെട്ട കേസ് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ |

| | | |
|---|---|---|
| | | പരിഗണനയിലാണ്. |
| 2. | വടകര – മാഹി കനാലിന് കുറുകെ കരിങ്ങാലിമുക്കിൽ ലോക്ക്-കം-ബ്രിഡ്ജ് നിർമ്മാണം | പ്രവൃത്തി നല്ല രീതിയിൽ പുരോഗമിച്ചുവരുന്നു. നിലവിൽ 57% പൂർത്തിയായിട്ടുണ്ട്. |
| 3. | വടകര – മാഹി കനാലിന് കുറുകെ വെങ്ങോലിയിൽ ലോക്ക് -കം -ബ്രിഡ്ജ് നിർമ്മാണം | 82% പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. ബാക്കി പ്രവൃത്തികൾ നടന്നുവരുന്നു. |
| 4. | എടച്ചേരി പഞ്ചായത്തിലെ കായപ്പനിച്ചിയിൽ മാഹി പുഴയുടെ ഇടതു കരയിൽ ബോട്ട് ജെട്ടി നിർമ്മാണം | പ്രവൃത്തി നല്ല രീതിയിൽ പുരോഗമിച്ചുവരുന്നു. 65% പൂർത്തിയായിട്ടുണ്ട്. |
| 5. | വടകര - മാഹി കനാലിന്റെ വലതുകരയിൽ വെങ്ങോലി മുതൽ പൊതിമഠത്തിൽ താഴെ വരെ കനാൽ ബണ്ട് റോഡ് വികസന പ്രവൃത്തി | പ്രവൃത്തിയുടെ 60% പൂർത്തിയായിട്ടുണ്ട്. ശേഷിച്ച പ്രവൃത്തികൾ നടന്നുവരുന്നു. |
| 6. | എടച്ചേരി | പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ |

| | | |
|---|---|---|
| | പഞ്ചായത്തിലെ കച്ചേരിയിൽ മാഹി പുഴയുടെ ഇടതുകരയിൽ ബോട്ട് ജെട്ടി നിർമ്മാണം | പൂർത്തിയായിട്ടുണ്ട്. CRZ അനുമതിക്കുള്ള നടപടികൾ പുരോഗമിക്കുന്നു. |
| 7. | വടകര – മാഹി കനാലിന് കുറുകെ കേളോത്ത് കണ്ടിതാഴെ സ്റ്റീൽ ഫൂട്ട് ബ്രിഡ്ജ് നിർമ്മാണം | പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. |

(ബി) കളിയാംവള്ളി പാലം നിർമ്മാണത്തിന് ഇൻലാൻഡ് നാവിഗേഷൻ വകുപ്പ് നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

കളിയാംവള്ളി പാലം നിർമ്മിക്കുന്നതിന് ഇറിഗേഷൻ ഡിസൈൻ & റിസർച്ച് ബോർഡ് (IDRB) തയ്യാറാക്കിയ ഡിസൈൻ പ്രകാരം ഡി.പി.ആർ. തയ്യാറാക്കിവരുന്ന സമയത്ത് കോട്ടപ്പള്ളിയിൽ നിർമ്മിക്കേണ്ട പാലത്തിന്റെ ഡിസൈനിൽ ധനകാര്യ ചീഫ് ടെക്നിക്കൽ എക്സാമിനർ (CTE) ചില മാറ്റങ്ങൾ നിർദ്ദേശിച്ചതിനാൽ പ്രസ്തുത മാറ്റങ്ങൾ കളിയാംവള്ളി

പാലത്തിനുകുടി വരുത്തുന്നതിന് ഡിസൈൻ പുതുക്കുന്നതിനായി ഐ.ഡി.ആർ.ബി.-യിലേയ്ക്ക് പ്രൊപ്പോസൽ നൽകിയിരിക്കുകയാണ്.

**ദേശീയ ജലപാതയുടെ ഭാഗമായി ചേറ്റുവ-പൊന്നാനി ജലപാത വികസനം**

82 (82) ശ്രീ. പി. നന്ദകുമാർ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ദേശീയ ജലപാത വികസനത്തിന്റെ ഭാഗമായി ചേറ്റുവ-പൊന്നാനി ജലപാത പ്രവൃത്തി ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ നിലവിലെ സ്ഥിതി വിശദമാക്കാമോ?

മലപ്പുറം ജില്ലയിലെ പൊന്നാനി-ചേറ്റുവ കനാലിന്റെ ഭാഗമായ അണ്ടത്തോട് മുതൽ ഭാരതപ്പുഴ വരെയുള്ള (ചെയിനേജ് 310.18 കി.മീ. മുതൽ 321.556 കി.മീ. വരെ) ജലപാത ദേശീയ ജലപാതയിൽ ഉൾപ്പെടുന്നതാണ്. ഈ കനാൽ ദേശീയ ജലപാത-3 മാനദണ്ഡങ്ങളനുസരിച്ച് വികസിപ്പിക്കുന്നതിനായി സർവ്വേ പ്രവൃത്തികളും കനാലിന് കുറുകെയുള്ള പാലങ്ങളും നടപ്പാലങ്ങളും പുനർനിർമ്മിക്കുന്നതിനുള്ള മണ്ണ് പര്യവേക്ഷണ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുള്ളതും ജലപാത വികസനത്തിനായുള്ള

നിലവിലെ കനാലിന്റെ അതിർത്തി പുനർനിർണ്ണയം പൂർത്തീകരിച്ചിട്ടുള്ളതുമാണ്. NW-3 മാനദണ്ഡങ്ങളനുസരിച്ച് കനാൽ വികസിപ്പിക്കുന്നതിനാവശ്യമായ സ്കെച്ച് തയ്യാറാക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ചെയിനേജ് 316.728-ൽ വെളിയംകോട് ലോക്ക്-കം-ബ്രിഡ്ജിന്റെ പ്രവർത്തനം നടന്നുവരുന്നതും പ്രസ്തുത പ്രവൃത്തിയുടെ ഭാഗമായി ചെറിയ ബോട്ടുകളുടെ സഞ്ചാരത്തിനായുള്ള സമാന്തര പാതയും മറ്റ് വികസനങ്ങൾക്കുമായി 5720.11 ചതുരശ്രമീറ്റർ സ്ഥലം ഏറ്റെടുക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. ചെയിനേജ് 321.294-ൽ പൊന്നാനി അങ്ങാടിപ്പാലം, ദേശീയ ജലപാത-3 മാനദണ്ഡങ്ങളനുസരിച്ച് പുതുക്കിപ്പണിയുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ച് ഡിസൈൻ ലഭിക്കുന്നതിനായി ഇൻഡന്റ് ഐ.ഡി.ആർ.ബി.-ക്ക് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്കായി 2640 m2 സ്ഥലം ഏറ്റെടുക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കൊടുങ്ങല്ലൂർ - കോട്ടപ്പുറം (ചെ. 242.18) മുതൽ ചാവക്കാട് അഞ്ചോട് (ചെ. 310.18) വരെയുള്ള ഭാഗവും ദേശീയ ജലപാതയിലുൾപ്പെടുന്നതാണ്.

ജലപാത വികസനവുമായി ബന്ധപ്പെട്ട് എടക്കഴിയൂർ മൂവിംഗ് ബ്രിഡ്ജിനും തങ്ങൽപ്പടി ബ്രിഡ്ജിനും ഇടയിലുള്ള ഭാഗത്ത് ഇരുവശത്തും സർവ്വേ ചെയ്ത് അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ചേറ്റുവ ബ്രിഡ്ജിനും എടക്കഴിയൂർ ബ്രിഡ്ജിനും ഇടയിലുള്ള ഭാഗത്ത് ഇരുവശത്തും സർവ്വേ ചെയ്ത് അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി നടന്നുവരുന്നു. കൂടാതെ തൃശ്ശൂർ ജില്ലയിലെ ഏനമാവ് ബോട്ട് ജെട്ടിയുടെ നിർമ്മാണം, ചാവക്കാട് ബ്രിഡ്ജിനും തിരുവത്ര ബ്രിഡ്ജിനുമിടയിൽ ഡീസിൽറ്റിംഗ് പ്രവൃത്തി എന്നിവയ്ക്ക് ഭരണാനുമതിയും നൽകിയിട്ടുണ്ട്.

**വടകര-മാഹി കനാൽ പദ്ധതി**

83 (83) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര-മാഹി കനാൽ പദ്ധതിയുടെ മൂന്നാം റീച്ചിലെ പ്രവൃത്തിയുടെ നിലവിലത്തെ സ്ഥിതി അറിയിക്കാമോ?

വടകര-മാഹി കനാൽ പദ്ധതിയുടെ മൂന്നാം റീച്ചിലെ പ്രവൃത്തി 50 ശതമാനം പൂർത്തിയായിട്ടുണ്ട്. പ്രസ്തുത റീച്ചിലെ 800 മീറ്റർ നീളം വരുന്ന ഉയർന്ന ഭാഗത്തുള്ള മണ്ണ് തീരെ ഉറപ്പില്ലാത്തതായതിനാൽ ഈ ഭാഗത്തെ പാർശ്വസംരക്ഷണം വളരെ സങ്കീർണ്ണതകൾ നിറഞ്ഞതാണ്. ഇതുമായി ബന്ധപ്പെട്ട് 22-12-2022-ൽ കിഫ്ബി എക്സിക്യൂട്ടിവ് ഡയറക്ടർ വിളിച്ചുചേർത്ത ഉന്നതതല യോഗത്തിൽ നിലവിൽ തയ്യാറാക്കിയിരുന്ന ഡിസൈൻ പുതുക്കുന്നതിനും പകരമായി മറ്റ് സാങ്കേതികവിദ്യകൾ ഉപയോഗിച്ചുള്ള സംരക്ഷണ പ്രവൃത്തിയുടെ സാധ്യതകൾ പഠിക്കുന്നതിനുമായി തീരുമാനമെടുത്തിട്ടുണ്ട്. ഇതിനായി എൽ.ബി.എസ്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ഫോർ വിമെൻ, തിരുവനന്തപുരം, കേരള വാട്ടർവേയ്സ് & ഇൻഫ്രാസ്ട്രക്‌ചേഴ്സ് ലിമിറ്റഡിന്റെ (KWIL) നേതൃത്വത്തിൽ നടപ്പാക്കുന്ന കനാൽ സിറ്റി പ്രോജക്ടിന്റെ കൺസൾട്ടന്റായ ലീ അസോസിയേറ്റ്സ് എന്നിവരുമായി ബന്ധപ്പെട്ടിട്ടുണ്ട്. അതുകൂടി പരിശോധിച്ച് പാർശ്വസംരക്ഷണ പ്രവൃത്തി നടപ്പാക്കുന്നതിൽ യുക്തമായ തീരുമാനമെടുത്ത് മുന്നോട്ടുപോകാൻ കഴിയും. ഈ റീച്ചിൽ കനാലിന്റെ

മറ്റുഭാഗങ്ങളിൽനിന്നും കുഴിച്ചെടുക്കുന്ന ഗുണനിലവാരം തീരെ കുറഞ്ഞ മണ്ണ് നിക്ഷേപിക്കുന്നതിന് ജില്ലാകളക്ടറുടെ ഇടപെടലുണ്ടായിട്ടും പര്യാപ്തമായ സ്ഥലം ലഭിക്കാത്ത സാഹചര്യവും നിലവിലുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തിയുടെ സാങ്കേതിക റിപ്പോർട്ട് ഏത് ഏജൻസിയാണ് തയ്യാറാക്കുന്നതെന്നും ഏത് ഏജൻസിയാണ് അംഗീകരിക്കുന്നതെന്നും ഈ പ്രവൃത്തിക്ക് എന്നാണ് സാങ്കേതികാനുമതി നൽകാനുദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ?

പ്രവൃത്തി നടപ്പാക്കേണ്ട ഏജൻസിയെ തെരഞ്ഞെടുക്കുന്നതിനായി വിവിധ ഏജൻസികളിൽനിന്നും ക്വട്ടേഷൻ ക്ഷണിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

(സി) 2025 വർഷത്തോടെ പ്രസ്തുത പദ്ധതി പൂർത്തീകരിച്ച് വടകര-മാഹി കനാലിലൂടെ ജലഗതാഗതം സാദ്ധ്യമാകുന്ന തരത്തിൽ പ്രവൃത്തികൾ ക്രമീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

പാർശ്വസംരക്ഷണ പ്രവൃത്തികൾ തീരുമാനിക്കുന്നതിനുവേണ്ടിയുള്ള പരിശോധനാ പ്രവൃത്തികൾ നടപ്പാക്കുന്നതിന് ക്വട്ടേഷൻ നടപടികൾ

സ്വീകരിച്ചുവരികയാണ്. 2025 വർഷത്തോടെ ഈ പദ്ധതി നടപ്പാക്കണമെന്ന ലക്ഷ്യത്തോടെയുള്ള പ്രവർത്തനങ്ങളാണ് ദ്രുതഗതിയിൽ നടത്തിവരുന്നത്.

**പ്രവാസി ഭദ്രതാ പലിശരഹിത വായ്പാ പദ്ധതി**

84 (84) ശ്രീ. പി. പി. സുമോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് കാലത്ത് ജോലി നഷ്ടപ്പെട്ട് കേരളത്തിലെത്തിയ പ്രവാസികൾക്കുള്ള പ്രവാസി ഭദ്രതാ പദ്ധതിപ്രകാരം തരൂർ മണ്ഡലത്തിലെ എത്രപേർക്ക് നോർക്ക/കുടുംബശ്രീ മുഖേന നൽകുന്ന സ്വയം തൊഴിൽ സ്വയം സംരംഭ പലിശരഹിത വായ്പ നൽകിയിട്ടുണ്ട്?

കോവിഡ് കാലത്ത് ജോലി നഷ്ടപ്പെട്ട് കേരളത്തിലെത്തിയ പ്രവാസികൾക്കായി സംരംഭ സഹായ പദ്ധതിയായ പ്രവാസി ഭദ്രത-പേൾ പദ്ധതിപ്രകാരം സംസ്ഥാനത്താകെ നാളിതുവരെയായി 4020 ഗുണഭോക്താക്കൾക്ക് കുടുംബശ്രീ മുഖാന്തരം സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി പലിശരഹിത വായ്പ അനുവദിച്ചിട്ടുണ്ട്.

നിയോജകമണ്ഡലാടിസ്ഥാനത്തിൽ കണക്കുകൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

(ബി) എത്ര രൂപ ഇതുവരെ പ്രവാസി ഭദ്രതാ പദ്ധതിയിലൂടെ പലിശരഹിത വായ്പയായി നൽകിയിട്ടുണ്ട്; വ്യക്തമാക്കാമോ?

2021-22, 2022-23 സാമ്പത്തിക വർഷങ്ങളിലായി ഇതുവരെ 50.97 കോടി രൂപ പ്രവാസി ഭദ്രതാ-പേൾ പദ്ധതിപ്രകാരം പലിശരഹിത വായ്പയായി അനുവദിച്ചിട്ടുണ്ട്.

**വിമാനയാത്രാ കമ്പനികൾ നടത്തുന്ന ചൂഷണം**

85 (85) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അവധിക്കാലങ്ങളിൽ പ്രവാസികളുടെ യാത്രാനിരക്ക് വർദ്ധിപ്പിച്ച് വിമാന കമ്പനികൾ നടത്തുന്ന ചൂഷണം നിയന്ത്രിക്കുന്നതിനായി സംസ്ഥാന സർക്കാർ കേന്ദ്ര സിവിൽ വ്യോമയാന മന്ത്രാലയവുമായി ഇടപെട്ടതിനെത്തുടർന്ന് എന്തെങ്കിലും നടപടികളുണ്ടായിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ?

വിമാന കമ്പനികൾ നടത്തുന്ന ചൂഷണം നിയന്ത്രിക്കുന്നത് സംബന്ധിച്ച വിഷയം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നെങ്കിലും അനുകൂല പ്രതികരണം ലഭ്യമായിട്ടില്ല. വിമാനയാത്രാ നിരക്കുകൾ നിശ്ചയിക്കുന്നത് കേന്ദ്രവ്യോമയാന മന്ത്രാലയമല്ലെന്നും 1937-ലെ എയർക്രാഫ്റ്റ് ചട്ടങ്ങൾ പ്രകാരം സർവ്വീസിന്റെ പ്രത്യേകത, നടത്തിപ്പ്, യാത്രക്കാരുടെ തിരക്ക്, ചെലവ്, ലാഭം എന്നിവ പരിഗണിച്ച് യാത്രാനിരക്ക് നിശ്ചയിക്കുന്നതിനുള്ള പൂർണ്ണാധികാരം വിമാന കമ്പനികൾക്കുണ്ടെന്നുമാണ് കേന്ദ്ര വ്യോമയാന മന്ത്രാലയം അറിയിച്ചിട്ടുള്ളത്. ഇക്കാര്യത്തിലുണ്ടായിരുന്ന നിയന്ത്രണം 1994-ൽ കേന്ദ്രസർക്കാർ എടുത്തുകളഞ്ഞതിലൂടെ എയർക്രാഫ്റ്റുകൾക്ക് സ്വന്തം നിലയിൽ നിരക്ക് നിശ്ചയിക്കാൻ കേന്ദ്രസർക്കാർ സ്വാതന്ത്ര്യം നൽകിയിരിക്കുകയാണ്.

(ബി) സംസ്ഥാനത്തെ വിമാനത്താവളങ്ങളിൽനിന്നുള്ള ആഭ്യന്തരം, വിദേശ സർവ്വീസുകളുടെ യാത്രാ ചെലവ് കുറയ്ക്കുന്നതിലേയ്ക്കായി ഏവിയേഷൻ ടർബൈൻ ഫ്യൂവലിന്മേൽ ചുമത്തിയിരുന്ന കെ.ജി.എസ്.ടി.-യിൽ സംസ്ഥാനം കുറവ് വരുത്തിയിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ?

സംസ്ഥാനത്തെ വിമാനത്താവളങ്ങളിൽനിന്നുള്ള ആഭ്യന്തര, വിദേശ സർവ്വീസുകളുടെ യാത്രാച്ചെലവ് കുറയ്ക്കുന്നതിലേയ്ക്കായി വിമാന ടിക്കറ്റുകളുടെ നിരക്ക് നിർണ്ണയിക്കുന്നതിൽ പ്രധാന ഘടകമായ ഏവിയേഷൻ ടർബൈൻ ഫ്യൂവലിന്മേൽ (ATF) ചുമത്തിയിരുന്ന കെ.ജി.എസ്.ടി.-യിൽ സംസ്ഥാനം കുറവ് വരുത്തിയിട്ടുണ്ട്.

**പ്രവാസിക്ഷേമത്തിനായുള്ള പദ്ധതികൾ**

86 (86) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസികളുടെ ക്ഷേമത്തിനായി പുതിയ പദ്ധതികൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ?

പ്രവാസികളുടെ ക്ഷേമത്തിനായി 2023-24 സാമ്പത്തിക വർഷത്തിൽ കേരളീയ പ്രവാസികാര്യ വകുപ്പ് മുഖാന്തരം ചുവടെ വിശദമാക്കുന്ന രണ്ട് പദ്ധതികൾ പുതുതായി നടപ്പിലാക്കുന്നുണ്ട്.

(I) നോർക്ക ശുഭയാത്ര:- അഭ്യസ്തവിദ്യരായ ഉദ്യോഗാർത്ഥികളുടെ വിദേശ തൊഴിൽ സ്വപ്നങ്ങൾ സാക്ഷാത്കരിക്കാൻ അവരെ

സഹായിക്കുന്നതിനായി ഷെഡ്യൂൾഡ് ബാങ്കുകൾ, ദേശസാൽകൃത ബാങ്കുകൾ, കോ-ഓപ്പറേറ്റീവ് ബാങ്കുകൾ, നോൺ ബാങ്കിംഗ് ഫിനാൻഷ്യൽ കമ്പനികൾ തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങൾ മുഖേന കുറഞ്ഞ പലിശ നിരക്കിൽ 2 ലക്ഷം രൂപവരെ വായ്പ അനുവദിക്കുന്ന നോർക്ക ശുഭയാത്ര പദ്ധതിയിൽ ചുവടെ ചേർക്കുന്ന 2 സോഫ്റ്റ് ലോൺ പദ്ധതികളുൾപ്പെടുത്തിയിട്ടുണ്ട്.

(i) <u>നോർക്ക ശുഭയാത്ര (Skilling Support Scheme)</u>: ഫോറിൻ എംപ്ലോയബിലിറ്റി സ്കില്ലിംഗ് അസിസ്റ്റൻസ് സോഫ്റ്റ് ലോൺ - വിദേശ രാജ്യങ്ങളിൽ തൊഴിലിനാവശ്യമായ നൈപുണ്യ പരിശീലനത്തിനായും തൊഴിലുമായി ബന്ധപ്പെട്ട പരീക്ഷയുടെ ചെലവുകൾക്കായും നൽകുന്ന സോഫ്റ്റ് ലോൺ.

(ii) <u>നോർക്ക ശുഭയാത്ര (Travel Support Scheme)</u>: തൊഴിൽ കുടിയേറ്റവുമായി ബന്ധപ്പെട്ട പ്രിപ്പറേറ്ററി ചെലവുകൾ വഹിക്കാനായി നൽകുന്ന സോഫ്റ്റ് ലോൺ. രജിസ്റ്റേർഡ് റിക്രൂട്ടിംഗ് ഏജൻസികൾ മുഖേന ലഭിക്കുന്ന ജോബ് ഓഫറിന്റെ അടിസ്ഥാനത്തിൽ ലഭ്യമാക്കുന്ന വായ്പ. പ്രസ്തുത

പദ്ധതി മുഖാന്തരമുള്ള വായ്പകളുടെ ആദ്യത്തെ ആറ് മാസത്തെ മുഴുവൻ പലിശയും 4 വർഷത്തേയ്ക്ക് 4 ശതമാനം പലിശ സബ്സിഡിയും സർക്കാർ വഹിക്കുന്നു. പദ്ധതി നടത്തിപ്പിനായി നടപ്പ് സാമ്പത്തിക വർഷം 200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(II) നോർക്ക അസിസ്റ്റഡ് ആൻഡ് മൊബിലൈസ്ഡ് എംപ്ലോയ്മെന്റ് പദ്ധതി (NAME):- പ്രവാസ ജീവിതം കഴിഞ്ഞ് മടങ്ങിയെത്തിയവർക്ക് കേരളത്തിലുള്ള സംരംഭങ്ങളിൽ ഒരു ലക്ഷം തൊഴിൽ ദിനങ്ങൾ ഉറപ്പാക്കാൻ സഹായകരമായ നൂതന പദ്ധതിക്കായി നടപ്പ് സാമ്പത്തിക വർഷം 500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പ്രവാസികളുടെ അറിവും അനുഭവപരിചയവും സംരംഭങ്ങൾക്ക് പ്രയോജനപ്പെടുത്തുന്നതോടൊപ്പം പ്രവാസികൾക്ക് കൂടുതൽ തൊഴിലും തൊഴിലവസരങ്ങളും ലഭ്യമാക്കുകയും ചെയ്യുന്ന പദ്ധതിയിൽ ഒരു വർഷം പൂർണ്ണമായും തൊഴിലവസരങ്ങൾ ലഭ്യമാക്കുന്ന സ്ഥാപനങ്ങൾക്ക് 100 ദിവസത്തെ വേതനം നിബന്ധനകൾക്ക് വിധേയമായി വേജ് കോമ്പൻസേഷനായി നൽകുന്നതാണ്. 2023-24

സാമ്പത്തിക വർഷത്തിലെ പദ്ധതി നടത്തിപ്പിനായി 500 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) ഈ സർക്കാർ വിവിധ പദ്ധതികളിലായി പ്രവാസികൾക്കായി ഇതുവരെ എത്ര തുക, ഏതൊക്കെ പദ്ധതികൾക്കായി ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. +

(സി) വിവിധ പദ്ധതികളിലായി വിവിധ സഹായങ്ങൾക്കായി പ്രവാസികൾ നൽകിയ അപേക്ഷകൾ പരിഗണിക്കുന്നതിന് കാലതാമസം നേരിടുന്ന സാഹചര്യത്തിൽ സമയബന്ധിതമായി പ്രസ്തുത അപേക്ഷകളിൽ നടപടി സ്വീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

വിവിധ പദ്ധതികളിലായി വിവിധ സഹായങ്ങൾക്കായി പ്രവാസികൾ നൽകിയ അപേക്ഷകൾ പരിഗണിക്കുന്നതിന് കാലതാമസം നേരിടുന്ന സാഹചര്യം ഇപ്പോൾ നിലനിൽക്കുന്നില്ല.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ പ്രവാസികൾക്ക് പെൻഷൻ**

87 (87) ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ എത്ര പ്രവാസികൾ നോർക്ക റൂട്ട്സിലും പ്രവാസി ക്ഷേമനിധിയിലും അംഗങ്ങളായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) മണ്ഡലത്തിലെ എത്ര പേർക്കാണ് പ്രസ്തുത ക്ഷേമനിധിയിൽനിന്ന് പെൻഷൻ അനുവദിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) നിയോജകമണ്ഡലാടിസ്ഥാനത്തിൽ കണക്കുകൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

**ആസിഡ് ആക്രമണങ്ങൾ**

88 (88) ശ്രീമതി ഉമ തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സംസ്ഥാനത്ത് എത്ര ആസിഡ് ആക്രമണങ്ങൾ നടന്നിട്ടുണ്ട്; എത്ര പേർക്ക് പരിക്കേറ്റിട്ടുണ്ട്; എത്രപേർ മരണപ്പെട്ടിട്ടുണ്ട്; വിശദാംശം നൽകുമോ?

മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സംസ്ഥാനത്ത് 113 ആസിഡ് ആക്രമണങ്ങൾ നടന്നിട്ടുണ്ട്. അതിൽ 133 പേർക്ക് പരിക്കേറ്റിട്ടുണ്ട്. 11 പേർക്ക് മരണം സംഭവിച്ചിട്ടുണ്ട്.

(ബി) ആസിഡ് ആക്രമണത്തിന് ഇരയാകുന്നവർക്ക് ലഭിക്കുന്ന നഷ്ടപരിഹാരത്തിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ; നഷ്ടപരിഹാരം ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

കേരള സർക്കാരിന്റെ നഷ്ടപരിഹാര പദ്ധതിയിൽപ്പെടുന്ന കേരള വിക്ടിം കോമ്പൻസേഷൻ സ്കീം പ്രകാരം കേരള ലീഗൽ സർവ്വീസ് അതോറിറ്റിയിൽനിന്നും ആസിഡ് ആക്രമണത്തിന് ഇരയായവർക്ക് നഷ്ടപരിഹാരം നൽകിവരുന്നുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ആസിഡ് ആക്രമണം (40%) -ൽ കൂടുതലുള്ള രൂപഭംഗം) 3,00,000/- രൂപയും ആസിഡ് ആക്രമണം (40%)-ൽ കുറവുള്ള രൂപഭംഗം) 1,00,000/-രൂപയുമാണ്

നഷ്ടപരിഹാരം. ആസിഡ് ആക്രമണത്തിന് ഇരയായവർക്ക് 1,00,000/-രൂപ സംഭവം നടന്ന് പതിനഞ്ച് ദിവസത്തിനുള്ളിൽ നൽകേണ്ടതാണ്.

നടപടിക്രമം - കേസിന്റെ വിചാരണയ്ക്കുശേഷം കോടതിയുടെ ശിപാർശപ്രകാരം കുറ്റാരോപിതനായ വ്യക്തിയെ കണ്ടുപിടിക്കാതെയോ തിരിച്ചറിയാതെയോ വരികയും തന്മൂലം കോടതിയിൽ കേസിന്റെ വിചാരണ അസാധ്യമാകുകയും ചെയ്താൽ കുറ്റകൃത്യം നടന്ന് ആറുമാസത്തിനുള്ളിൽ ജില്ലാ ലീഗൽ സർവ്വീസ് അതോറിറ്റിക്ക് അപേക്ഷ നൽകാവുന്നതാണ്. ഇതിന് പ്രത്യേക ഫോം ഇല്ല. മതിയായ കാരണങ്ങളുണ്ടെങ്കിൽ കാലതാമസം മാപ്പാക്കുന്നതാണ്. കോടതിയിൽനിന്ന് ശിപാർശയോ ഇരയുടെയോ ആശ്രിതരുടെയോ അപേക്ഷയോ കിട്ടിയാൽ രണ്ടുമാസത്തിനുള്ളിൽ ജില്ലാ ലീഗൽ സർവ്വീസ് അതോറിറ്റി ഉചിതമായ അന്വേഷണം നടത്തി രേഖകളും മറ്റ് വിവരങ്ങളും പരിശോധിച്ച് പദ്ധതിപ്രകാരം നഷ്ടപരിഹാരത്തുക നിർണ്ണയിക്കേണ്ടതാണ്. നഷ്ടപരിഹാരത്തുക ഒറ്റത്തവണയായോ ഒന്നോ രണ്ടോ തവണകളായോ ബാങ്ക് അക്കൗണ്ടിലൂടെ നൽകും. കൂടാതെ, വനിത ശിശു വികസന വകുപ്പിന്റെ 10-12-2018-ൽ നിലവിൽ വന്ന ആശ്വാസ നിധി

പദ്ധതിയിലൂടെ ആസിഡ് ആക്രമണത്തിന് ഇരയാകുന്നവർക്ക് ഒരു ലക്ഷം മുതൽ രണ്ട് ലക്ഷം രൂപ വരെ ആക്രമണത്തിന്റെയും ആഘാതത്തിന്റെയും തോതനുസരിച്ച് അനുവദിക്കുന്നതാണ്. അപേക്ഷകൾ ജില്ലാ ശിശു സംരക്ഷണ ഓഫീസർ (കുട്ടികൾക്ക്), ജില്ലാ വനിത സംരക്ഷണ ഓഫീസർ (സ്ത്രീകൾക്ക്) എന്നിവർക്കാണ് സമർപ്പിക്കേണ്ടത്.

(സി) ആസിഡ് ആക്രമണത്തിൽ ഇരയായ എത്രപേർക്ക് നാളിതുവരെ എത്ര തുക വീതം നഷ്ടപരിഹാരം ലഭിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ?

വിക്ടിം കോമ്പൻസേഷൻ സ്കീം പ്രകാരം നഷ്ടപരിഹാരം നൽകിയ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+ വനിത ശിശു വികസന വകുപ്പിന്റെ ആശ്വാസനിധി പദ്ധതിയിലൂടെ ആസിഡ് ആക്രമണം അതിജീവിച്ച 19 പേർക്ക് 2019 ജനവരി മുതൽ 2023 മാർച്ച് മാസം വരെ ഒരു ലക്ഷം മുതൽ രണ്ട് ലക്ഷം രൂപ വരെയുള്ള തുകകൾ അനുവദിച്ച് നൽകിയിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പൗരത്വഭേദഗതി നിയമവുമായി ബന്ധപ്പെട്ട കേസുകൾ

89 (89) ശ്രീ. എ. പി. അനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൗരത്വഭേദഗതി നിയമവുമായി ബന്ധപ്പെട്ട് നടന്ന സമരങ്ങളിൽ പങ്കെടുത്തവർക്കെതിരെ സംസ്ഥാനത്ത് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

പൗരത്വ ഭേദഗതി നിയമവുമായി ബന്ധപ്പെട്ട് നടന്ന സമരങ്ങളിൽ പങ്കെടുത്തവർക്കെതിരെ സംസ്ഥാനത്ത് 835 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) പ്രസ്തുത സമരവുമായി ബന്ധപ്പെട്ട് ഗുരുതര ക്രിമിനൽ സ്വഭാവമുള്ളതും ഇല്ലാത്തതുമായ കേസുകൾ എത്രയാണെന്ന് തരംതിരിച്ച് വ്യക്തമാക്കാമോ?

- ഗുരുതര ക്രിമിനൽ സ്വഭാവമുള്ള കേസുകൾ - 103
- ഗുരുതര സ്വഭാവമില്ലാത്ത കേസുകൾ - 732

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) രജിസ്റ്റർ ചെയ്ത കേസുകളിൽ ഏതൊക്കെ സംഘടനകൾ ഉൾപ്പെട്ടിട്ടുണ്ടെന്നുള്ള വിശദവിവരം ലഭ്യമാക്കാമോ?

പ്രസ്തുത കേസുകളിലുൾപ്പെട്ടിട്ടുള്ള സംഘടനകളുടെ വിവരം ചുവടെ ചേർക്കുന്നു.

സി.പി.ഐ.(എം), എസ്.എഫ്.ഐ., ഡി.വൈ.എഫ്.ഐ., സി.പി.ഐ., എ.ഐ.വൈ.എഫ്., എ.ഐ.എസ്.എഫ്., ഇന്ത്യൻ നാഷണൽ കോൺഗ്രസ് (ഐ), യൂത്ത് കോൺഗ്രസ്, കെ.എസ്.യു., ഐ.എൻ.ടി.യു.സി., ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗ്, മുസ്ലീം യൂത്ത് ലീഗ്, എം.എസ്.എഫ്., സോഷ്യലിസ്റ്റ് ജനതാദൾ, ബി.ജെ.പി., ബി.എം.എസ്., എ.ബി.വി.പി., എസ്.ഡി.പി.ഐ., ക്യാമ്പസ് ഫ്രണ്ട്, പി.എഫ്.ഐ, വെൽഫെയർ പാർട്ടി തുടങ്ങിയ രാഷ്ട്രീയ സംഘടനകളും/പോഷക സംഘടനകളിലെ പ്രവർത്തകരും നേതാക്കളും മേൽപ്പറയുന്ന സമരങ്ങളിൽ പ്രതികളാക്കപ്പെട്ടിട്ടുണ്ട്. കൂടാതെ വിവിധ മുസ്ലീം സാമുദായിക/സാംസ്കാരിക സംഘടനകളിലെ പ്രവർത്തകർ പ്രസ്തുത സമരത്തിൽ പങ്കെടുത്തതിന്റെ പേരിൽ കേസുകളിലുൾപ്പെട്ടിട്ടുണ്ട്.

(ഡി) 26-02-2021-ലെ സ.ഉ. (കൈ)നം. 70/2021/ആഭ്യന്തരം ഉത്തരവ് പ്രകാരം നാളിതുവരെ എത്ര കേസുകൾ പിൻവലിച്ചിട്ടുണ്ട്; നിലവിൽ രജിസ്റ്റർ ചെയ്ത കേസുകൾ പിൻവലിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ: വിശദമാക്കാമോ?

26-02-2021-ലെ സ.ഉ. (കൈ) നം. 70/2021/ആഭ്യന്തരം ഉത്തരവിന്റെ അടിസ്ഥാനത്തിൽ സി.ആർ.പി.സി. 321 പ്രകാരം കേസുകൾ പിൻവലിക്കുന്നതിനായി 63 കേസുകളിൽ നിരാക്ഷേപപത്രം നൽകിയിട്ടുണ്ട്. കേസുകൾ പിൻവലിക്കുന്നത് ബന്ധപ്പെട്ട കോടതികളാണ്. കേസുകൾ പിൻവലിക്കുന്നതിന് ഹർജി ലഭിച്ച എല്ലാ ഹർജികളിലും കേസ് പിൻവലിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

**പോലീസ് സേനയുടെ ആധുനികവത്കരണം**

90 (90) <u>ശ്രീ. ജി. സ്റ്റീഫൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പോലീസിന്റെ ആധുനികവത്കരണത്തിനായി ഈ സർക്കാർ ചെലവഴിച്ച തുക എത്രയാണെന്ന് വിശദമാക്കാമോ?

കേരള പോലീസിന്റെ ശാക്തീകരണത്തിനും ആധുനികവത്കരണത്തിനുംവേണ്ടി ഈ സർക്കാർ "Assistance to States and UTs for Modernisation of Police" (ASUMP) എന്ന പദ്ധതിപ്രകാരം 2021-22, 2022-23 എന്നീ സാമ്പത്തിക വർഷങ്ങളിലായി 47,07,81,493/- രൂപ (നാൽപ്പത്തിയേഴ് കോടി ഏഴ് ലക്ഷത്തി എൺപത്തിയൊന്നായിരത്തി നാന്നൂറ്റി തൊണ്ണൂറ്റിമൂന്ന് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ 2021-22 വർഷത്തെ പ്ലാൻ സ്കീം പ്രകാരം 150,47,25,000/- (നൂറ്റിയമ്പത് കോടി നാൽപ്പത്തിയേഴ് ലക്ഷത്തി ഇരുപത്തിയയ്യായിരം രൂപ മാത്രം) രൂപയും കൂടാതെ 2022-23 വർഷത്തെ പ്ലാൻ സ്കീം പ്രകാരം 110,12,03,000/- (നൂറ്റിപ്പത്ത് കോടി പന്ത്രണ്ട് ലക്ഷത്തി മൂവായിരം രൂപ മാത്രം) രൂപയും ചെലവഴിച്ചിട്ടുണ്ട്.

(ബി) കേരള പോലീസിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ആധുനികവത്കരിക്കുന്നതിനുമായി ആരംഭിക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ പോലീസ് സേനയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെയും ആധുനികവൽക്കരിക്കുന്നതിന്റെയും ഭാഗമായി സി.സി.റ്റി.എൻ.എസ്.-ന് ആവശ്യമായ ഇൻഫ്രാസ്ട്രക്ച്ചർ ഡിജിറ്റൽ സിഗ്നേച്ചർ വാങ്ങുന്നതിനും ഓപ്പറേഷൻ & മെയിന്റനൻസ് നടത്തുന്നതിനും സ്റ്റേറ്റ് പ്ലാൻ സ്കീം 2022-23-ൽ മൂന്ന് കോടി രൂപ അനുവദിച്ചിരുന്നു. സ്റ്റേറ്റ് പ്ലാൻ സ്കീം 2021-22, 2022-23-ൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ബേസ്ഡ് മൊബൈൽ ആപ്ലിക്കേഷനുവേണ്ടി ഓരോ കോടി രൂപവീതം അനുവദിച്ചിട്ടുണ്ട്. കൂടാതെ സ്റ്റേറ്റ് പ്ലാൻ സ്കീം 2021-22, 2022-23 ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ബേസ്ഡ് ഡ്രോൺ/ആന്റിഡ്രോൺ സംവിധാനത്തിനുവേണ്ടി ഓരോ കോടി രൂപവീതം അനുവദിച്ചിട്ടുണ്ട്. ട്രാഫിക് മാനേജ്മെന്റിനായി ലഭിച്ച തുക ഉപയോഗിച്ച് 106 ആൽക്കോമീറ്റർ, സ്പീഡ് റഡാർ എന്നിവ വാങ്ങിയിട്ടുണ്ട്. ട്രെയിനിംഗിനും റെയിൽവേ പോലീസ് നവീകരണത്തിനുമായി സ്റ്റേറ്റ് പ്ലാൻ വഴി തുക അനുവദിച്ചിട്ടുണ്ട്. ബി.ഡി.ഡി.എസ്.-നാവശ്യമായ സെക്യൂരിറ്റി ഉപകരണങ്ങൾ വാങ്ങുന്നതിലേയ്ക്കായി അനുവദിച്ച 58 ലക്ഷം രൂപ ഉപയോഗിച്ച് 8 ഡോർ

ഫ്രെയിം മെറ്റൽ ഡിറ്റക്ടർ (DFMD), 11 HHMD (ഹാൻഡ്ഹെൽഡ് മെറ്റൽ ഡിറ്റക്ടർ) എന്നിവ വാങ്ങിയിട്ടുണ്ട്. കൂടാതെ ആന്റി ടെററിസ്റ്റ് സ്ക്വാഡിന്റെ നവീകരണത്തിനായി 2 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കേരള പോലീസിന്റെ പ്രവർത്തന വൈദഗ്ധ്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടി ആവശ്യമായ ടെലികമ്മ്യൂണിക്കേഷൻ ഉപകരണങ്ങൾ വാങ്ങുന്നതിനായി സ്റ്റേറ്റ് പ്ലാൻ സ്കീം 2022-23-ൽ 150 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. സ്റ്റേറ്റ് പ്ലാൻ സ്കീം 2022-23-ൽ സൈബർ ഡോമിനായി 465 ലക്ഷം രൂപ അനുവദിക്കുകയും സൈബർ പോലീസ് സ്റ്റേഷനുവേണ്ടി സോഫ്റ്റ്‌വെയർ/ഹാർഡ്‌വെയർ വാങ്ങുന്നതിനായി ഒരു കോടി രൂപ അനുവദിക്കുകയും ചെയ്തിരുന്നു. ശാസ്ത്രീയ കുറ്റാന്വേഷണം ശാക്തീകരിക്കുന്നതിനായി സയന്റിഫിക് ഉപകരണങ്ങളായ റെഫ്രിജറേറ്റഡ് സെൻട്രിഫ്യൂജ്, മൊബൈൽ കോംപാക്ടർ സ്റ്റോറേജ് തുടങ്ങിയ ആധുനിക ഉപകരണങ്ങൾ ഫോറൻസിക് സയൻസ് ലാബിലേയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. നിലവിലെ അനലോഗ് ടെലി ഉപകരണങ്ങൾക്കുപകരം അത്യാധുനിക രീതിയിലുള്ള ഡിജിറ്റൽ റേഡിയോ കമ്മ്യൂണിക്കേഷൻ സിസ്റ്റം തൃശ്ശൂർ ജില്ലയിൽ ആവിഷ്കരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഫിംഗർപ്രിന്റ് ബ്യൂറോയെ ഡിജിറ്റൈസ് ചെയ്യുന്നതിലേയ്ക്കായി ആട്ടോമേറ്റഡ് ഫിംഗർപ്രിന്റ് ഐഡന്റിഫിക്കേഷൻ സിസ്റ്റം (AFIS) നടപ്പിലാക്കിയിട്ടുണ്ട്. ടെലിഫോൺ കോളുകൾ, മെസേജുകൾ എന്നിവ നിയമപരമായി intercept ചെയ്യുന്നതിനായി സി.എം.എസ്. (സെൻട്രൽ മോണിറ്ററിംഗ് സിസ്റ്റം) നടപ്പിലാക്കിയിട്ടുണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കും നേരെ വർദ്ധിച്ചുവരുന്ന സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനായി കേന്ദ്രസർക്കാർ സഹായത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന Cyber Crime Prevention Against Women and Children (CCPWC) Project-ന്റെ ഭാഗമായി കേരള പോലീസ് അക്കാദമിയിൽ ഒരു സൈബർ ഫോറൻസിക് ലാബ് ഉൾപ്പെട്ട ട്രെയിനിംഗ് സെന്റർ ആരംഭിച്ചിട്ടുണ്ട്. ശബരിമലയിലെ അധിക സുരക്ഷയ്ക്കായി പോർട്ടബിൾ എക്സ്-റേ ബാഗേജ് സ്കാനർ വാങ്ങി നൽകിയിട്ടുണ്ട്. കെ.എ.എൻ.എസ്.എ.എഫ്. (കേരള ആന്റി നാർക്കോട്ടിക് സ്പെഷ്യൽ ആക്ഷൻ ഫോഴ്സ്) സ്കീം പ്രകാരം 50 Multi Line Screen Test Device (Urine), 7 Multi Line Twist Screen Test Device (Oral fluid) എന്നിവ വാങ്ങി യൂണിറ്റുകൾക്ക് നൽകിയിട്ടുണ്ട്. ക്രമസമാധാനപാലന പ്രവർത്തനങ്ങൾ

കൂടുതൽ മികവുറ്റതാക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി പ്രധാന സ്ഥലങ്ങളിൽ സി.സി.ടി.വി. ക്യാമറകളും ജില്ലാ അതിർത്തികളിൽ ആട്ടോമേറ്റഡ് നമ്പർ പ്ലേറ്റ് റിക്കഗ്നിഷൻ (ANPR) ക്യാമറകളും സ്ഥാപിച്ച് നിരീക്ഷിച്ചുവരുന്നു. ടി ക്യാമറകളിലൂടെ ലഭിക്കുന്ന വിവരങ്ങൾ വിശകലനം ചെയ്യുന്നതിനായി ഒരു കേന്ദ്രീകൃത ഡാറ്റാബേസ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ട്രാഫിക് നിയമലംഘകരെ കണ്ടെത്തുന്നതിനും ട്രാഫിക് അപകടങ്ങൾ കുറയ്ക്കുന്നതിനും മറ്റുമായി ക്യാമറകൾ ഉൾപ്പെടുത്തിയുള്ള 'ഇന്റഗ്രേറ്റഡ് ഡിജിറ്റൽ ട്രാഫിക് എൻഫോഴ്സ്മെന്റ് സിസ്റ്റം' എന്ന പദ്ധതി 'BOOT' (Build Own Operate Transfer) പ്രകാരം നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു. സംസ്ഥാനത്തെ എല്ലാ ലോക്കൽ പോലീസ് സ്റ്റേഷനുകളുൾപ്പെടെ 520 പോലീസ് സ്റ്റേഷനുകളിലും സി.സി.ടി.വി. ക്യാമറകളും കൂടാതെ എല്ലാ ജില്ലാ പോലീസ് ഓഫീസുകളിലും പോലീസ് ആസ്ഥാനത്തും സി.സി.ടി.വി. ക്യാമറ മോണിറ്ററിംഗ് സിസ്റ്റവും സ്ഥാപിക്കുന്നതിനായുള്ള പ്രവൃത്തികൾ അവസാനഘട്ടത്തിലാണ്.

2022-23 സംസ്ഥാന പ്ലാൻ പദ്ധതിപ്രകാരം പോലീസ് സ്റ്റേഷനുകൾക്കായി 98 LMV, മലയോര പോലീസ് സ്റ്റേഷനുകൾക്കായി 10 Four Wheel Drive LMV, കൺട്രോൾ റൂമുകൾക്കായി 8 LMV, ബറ്റാലിയനും വിവിധ സ്പെഷ്യൽ യൂണിറ്റുകൾക്കുമായി 36 LMV, ജില്ലകളിലേയ്ക്കായി 6 മീഡിയം ബസ്, 2 വാട്ടർ ടാങ്കർ, 2 ഓപ്പൺ ലോറി, 2 ആംബുലൻസ്, 69 ടൂ വീലറുകൾ എന്നിവ വാങ്ങിയിട്ടുണ്ട്. ഫിംഗർപ്രിന്റ് ബ്യൂറോയ്ക്കുവേണ്ടി 20 LMV വാങ്ങി നൽകിയിട്ടുണ്ട്. ഇക്കോണമിക് ഒഫൻസ് വിംഗിനുവേണ്ടി 7 LMV വാഹനങ്ങൾ വാങ്ങിയിട്ടുണ്ട്. കൂടാതെ റോഡ് സേഫ്റ്റി ഫണ്ട് ഉപയോഗിച്ച് 27 LMV-യും 16 റിക്കവറി വാഹനങ്ങളുടെ ചെയ്സുകളും വാങ്ങിയിട്ടുണ്ട്.

സംസ്ഥാന പ്ലാൻ പദ്ധതി 2022-23 പ്രകാരം ബോഡി പ്രൊട്ടക്ടീവ് ഗിയർ-1250, ഫൈബർ ഷീൽഡ്-2000, ഹെൽമെറ്റ്-8055, ഹെവി മൂവബിൾ ബാരിക്കേഡ്-76 തുടങ്ങിയ ലഹള നിയന്ത്രണ ഉപകരണങ്ങളും സേനയ്ക്കായി വാങ്ങി നൽകിയിട്ടുണ്ട്. ആന്റി നാർക്കോട്ടിക്സ് വിഭാഗത്തിനായി 25 എൻ.ഡി.പി.എസ്. ഡിറ്റക്ഷൻ കിറ്റുകൾ വാങ്ങി നൽകിയിട്ടുണ്ട്. സ്റ്റേറ്റ് പ്ലാൻ സ്കീം 2022-23-ന്റെ ഭാഗമായി ഒരു കോടി രൂപ 20 പോലീസ് ജില്ലകൾക്ക് 50

പോലീസ് സ്റ്റേഷനുകൾ സ്ത്രീ സൗഹൃദ സ്റ്റേഷൻ ആക്കുന്നതിനുള്ള ചെലവുകൾക്കായി അനുവദിച്ചിട്ടുണ്ട്. വിമെൻ വിക്ടിം സപ്പോർട്ട് സ്കീമിനായി 20 പോലീസ് ജില്ലകൾക്ക് ഒരു ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്. 2022-23 സംസ്ഥാന പ്ലാൻ പദ്ധതിപ്രകാരം 75 ലക്ഷം രൂപ എല്ലാ ജില്ലകളിലെയും വനിതാ കൗൺസിലർമാർക്കും 80 ലക്ഷം രൂപ 8 ജില്ലകളിലെ നിർഭയ വോളന്റിയർമാർക്കും റമ്യൂണറേഷൻ അനുവദിച്ചിട്ടുണ്ട്.

ഇന്റർനെറ്റിന്റെയും മൊബൈൽ ഫോണിന്റെയും ദുരുപയോഗംകൊണ്ട് കുട്ടികളിലുണ്ടാകുന്ന മാനസിക വിഷമങ്ങൾ പരിഹരിക്കുന്നതിനായി കേരളത്തിലെ 6 മേജർ സിറ്റികളിൽ ഡിജിറ്റൽ ഡി-അഡിക്ഷൻ സെന്ററുകൾ നടത്തുന്നതിനായി സോഷ്യൽ പോലീസിംഗ് ഡയറക്ടറേറ്റിന് 80 ലക്ഷം രൂപ നൽകിയിട്ടുണ്ട്. 2022-23 സംസ്ഥാന സർക്കാർ പ്ലാൻ പദ്ധതിപ്രകാരം 440 ലക്ഷം രൂപ കമ്മ്യൂണിറ്റി പോലീസിംഗ് സ്കീം പ്രകാരം കുട്ടികളുടെയും സ്ത്രീകളുടെയും സംരക്ഷണത്തിനും ഉന്നമനത്തിനുമായി ഫണ്ട് അനുവദിച്ചിട്ടുണ്ട്. കൺട്രോൾ റൂം ഹൈവേ പട്രോൾ, പോലീസ് സ്റ്റേഷൻ വെഹിക്കിളുകൾ എന്നിവയിൽ ഘടിപ്പിക്കുന്നതിനായി 245 മൊബൈൽ

ഡാറ്റാ ടെർമിനൽസ്, കാർ ചാർജറുകൾ, ബാറ്ററികൾ എന്നിവ വാങ്ങി നൽകിയിട്ടുണ്ട്.

ക്രമസമാധാന പ്രശ്നങ്ങൾ ഇല്ലാതാക്കുന്നതിന് പൊതുജനങ്ങളുമായി നല്ല ബന്ധം സ്ഥാപിക്കുന്നതിന് ജനമൈത്രി പോലീസ് സംവിധാനം ശക്തമായി നടപ്പിലാക്കിവരുന്നു. ക്രമസമാധാനപാലനം, കുറ്റാന്വേഷണം എന്നിവയ്ക്കുപുറമെ പൗരസേവനത്തിലും ഊന്നൽ നൽകിക്കൊണ്ട് കേരള പോലീസ് വിവിധങ്ങളായ പദ്ധതികൾ ആവിഷ്കരിച്ച് വിജയകരമായി നടപ്പിലാക്കിവരുന്നു. അവയിൽ വനിതകളെയും കുട്ടികളെയും മുതിർന്ന പൗരന്മാരേയും സഹായിക്കുന്നതിനായി നടപ്പിലാക്കിയിട്ടുള്ള കൂട്ട്, പിങ്ക് പ്രൊട്ടക്ഷൻ പ്രോജക്ട്, പോൾ-ആപ്പ്, ഡൊമസ്റ്റിക് കോൺഫ്ലിക്റ്റ് റെസല്യൂഷൻ സെന്റർ, സീനിയർ സിറ്റിസൺ ഹെൽപ് ഡെസ്ക്, വിമെൻ ഹെൽപ് ഡെസ്ക്, നിർഭയ, സി.എ.പി. (ചിൽഡ്രൻ & പോലീസ്) ഹൗസ്, ചിരി ഹെൽപ് ഡെസ്ക്, പ്രോജക്ട് ഹോപ്, ചൈൽഡ് ഫ്രെണ്ട്ലി പോലീസ് സ്റ്റേഷൻ, അപരാജിത, പിങ്ക് പോലീസ് പട്രോൾ, വിമെൻ സെൽഫ്

ഡിഫൻസ് ട്രെയിനിംഗ് പ്രോഗ്രാം, കൗണ്ടർ ചൈൽഡ് സെക്ഷ്വൽ എക്സ്പ്ലോയിറ്റേഷൻ സെന്റർ എന്നീ പദ്ധതികൾ നിലവിലുണ്ട്.

**കുമ്പള, മഞ്ചേശ്വരം, ബദിയടുക്ക പോലീസ് സ്റ്റേഷനുകളിലെ മോഷണ കവർച്ച കേസുകൾ**

91 (91) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ കുമ്പള, മഞ്ചേശ്വരം, ബദിയടുക്ക പോലീസ് സ്റ്റേഷൻ പരിധിയിലെ പ്രദേശങ്ങളിൽ മോഷണം, കവർച്ച എന്നിവ വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 1-1-2021 മുതൽ 31-7-2023 വരെയുള്ള കാലയളവിൽ പ്രസ്തുത പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മോഷണം, കവർച്ച കേസുകളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത കേസുകളിൽ എത്ര പ്രതികളെ അറസ്റ്റ് ചെയിതിട്ടുണ്ടെന്നും ഏതൊക്കെ കേസുകളിലാണ് അറസ്റ്റുണ്ടായതെന്നും പോലീസ് സ്റ്റേഷൻ തിരിച്ച് വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത കാലയളവിലെ മോഷണം, കവർച്ച കേസുകളിൽ തെളിയിക്കപ്പെടാത്ത കേസുകൾ ഏതൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ?

(എ-ഡി) കാസർഗോഡ് ജില്ലയിലെ കുമ്പള, മഞ്ചേശ്വരം, ബദിയടുക്ക പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്ത കവർച്ച കേസുകളുടെ വിശദവിവരങ്ങൾ, അറസ്റ്റ് ചെയ്ത പ്രതികളുടെ എണ്ണം, ആയതിൽ തെളിയിക്കപ്പെടാത്ത കേസുകൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+ പ്രസ്തുത പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മോഷണ കേസുകളുടെ വിശദവിവരങ്ങൾ, അറസ്റ്റ് ചെയ്ത പ്രതികളുടെ എണ്ണം, ആയതിൽ തെളിയിക്കപ്പെടാത്ത കേസുകൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ഇ) മോഷണം, കവർച്ച എന്നിവ തടയുന്നതിനായി പ്രസ്തുത പോലീസ് സ്റ്റേഷനുകളിൽ എന്തെല്ലാം പ്രത്യേക നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രസ്തുത പോലീസ് സ്റ്റേഷനുകളിൽ മോഷണം, കവർച്ച എന്നിവ തടയുന്നതിനായി സ്റ്റേഷൻ പരിധിയിൽ പട്രോളിംഗ് ശക്തിപ്പെടുത്തിയിട്ടുള്ളതും രാത്രികാല പട്രോളിംഗിൽ MO (modus operandi) ക്രിമിനലുകളെ ചെക്ക് ചെയ്തും സംശയം തോന്നുന്ന വാഹനം, ആൾക്കാർ എന്നിവ പരിശോധന നടത്തിയും ഏതെങ്കിലും ഒരു സ്ഥലത്ത് കുറ്റകൃത്യം, മോഷണം, കവർച്ച എന്നിവ നടന്നിട്ടുണ്ടെങ്കിൽ ബോർഡർ സീലിംഗ് ചെയ്തും സി.സി.ടി.വി., എ.എൻ.പി.ആർ. ക്യാമറ പൊതു/പ്രൈവറ്റ് വ്യക്തികളുടെ അധീനതയിലുള്ള ക്യാമറകൾ എന്നിവ പരിശോധിച്ചും കുറ്റവാളികളെ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ധനകാര്യ സ്ഥാപനങ്ങൾ, ബാങ്കുകൾ, സർക്കാർ ഓഫീസുകൾ എന്നിവിടങ്ങളിൽ പട്ടാ ബുക്കുകൾ സ്ഥാപിച്ചും രാത്രികാല നിരീക്ഷണം ഊർജ്ജിതമാക്കിയിട്ടുണ്ട്. പുലർകാലങ്ങളിൽ റെയിൽവേ സ്റ്റേഷൻ, ബസ് സ്റ്റാന്റ്, ജംഗ്ഷനുകൾ എന്നിവിടങ്ങളിൽ പ്രത്യേകം ശ്രദ്ധ പതിപ്പിക്കാനും പുലർകാലത്ത് പുറപ്പെടുന്ന വാഹനങ്ങൾ ചെക്ക് ചെയ്യുന്നതിനും തൽസമയം ഡ്യൂട്ടിയിലുണ്ടാകുന്ന സ്റ്റേഷൻ മൊബൈൽ പട്രോളിംഗ്, ഫ്ലൈയിംഗ് സ്ക്വാഡ്

വാഹനങ്ങളിലെ ഡ്യൂട്ടിക്കാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. പൂട്ടിക്കിടക്കുന്ന വീടുകൾ, ഒറ്റയ്ക്ക് താമസിക്കുന്ന വയോജനങ്ങളുടെ താമസസ്ഥലങ്ങൾ എന്നിവ കേന്ദ്രീകരിച്ച് നൈറ്റ് പട്രോളിംഗ് ശക്തിപ്പെടുത്തിയിട്ടുണ്ട്. കൂടാതെ റിപ്പോർട്ട് ചെയ്യുന്ന കേസുകളുടെ അന്വേഷണത്തിന് ഫിംഗർ പ്രിന്റ്, ഡോഗ് സ്ക്വാഡ്, സൈബർ സെൽ തുടങ്ങിയ വിഭാഗങ്ങളുടെ സേവനവും ഉപയോഗപ്പെടുത്താറുണ്ട്. കൂടാതെ ജനമൈത്രി ബീറ്റ് ഓഫീസർമാർ മുഖാന്തരം അതത് പ്രദേശങ്ങളിലെ മുൻ ശിക്ഷക്കാരെക്കുറിച്ച് വിവരങ്ങൾ ശേഖരിച്ച് നിരീക്ഷിച്ചുവരുന്നുണ്ട്. കേസന്വേഷണത്തിൽ ആവശ്യം വരുന്നമുറയ്ക്ക് ഇതര സംസ്ഥാനങ്ങളിലെ പോലീസിന്റെ സഹായവും തേടാറുണ്ട്.

**കൊല്ലം തുറമുഖത്ത് ഇമിഗ്രേഷൻ, സുരക്ഷ ഉദ്യോഗസ്ഥരുടെ നിയമനം**

92 (92) <u>ശ്രീ. എം. മുകേഷ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം തുറമുഖത്തെ അംഗീകൃത ഇമിഗ്രേഷൻ ചെക്ക്പോസ്റ്റായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി ഇമിഗ്രേഷൻ

പ്രവർത്തനങ്ങൾക്കായി കേരള പോലീസിൽനിന്നും രണ്ട് സർക്കിൾ ഇൻസ്പെക്ടർ, എട്ട് സബ് ഇൻസ്പെക്ടർ, നാല് കോൺസ്റ്റബിൾ എന്നിവരുടെ ഡെപ്യൂട്ടേഷൻ നിയമനത്തിനായുള്ള പ്രൊപ്പോസൽ സംസ്ഥാന പോലീസ് മേധാവിയിൽനിന്നും സർക്കാരിന് ലഭ്യമായിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ലഭ്യമായിട്ടില്ല.

(ബി) പ്രസ്തുത തുറമുഖത്തിലെ സുരക്ഷാ ജോലികൾക്കായി സ്റ്റേറ്റ് ഇൻഡസ്ട്രിയൽ സെക്യൂരിറ്റി ഫോഴ്സിൽനിന്നും സുരക്ഷാ ഉദ്യോഗസ്ഥരെ നിയോഗിക്കുന്നതിനായുള്ള പ്രൊപ്പോസലിൽ സ്വീകരിച്ചുവരുന്ന നടപടികൾ എപ്രകാരമാണ് പുരോഗമിക്കുന്നതെന്ന് വിശദമാക്കാമോ?

കേരള മാരിടൈം ബോർഡിന്റെ നിയന്ത്രണത്തിലുള്ള കൊല്ലം തുറമുഖത്തെ കേന്ദ്ര ആഭ്യന്തര മന്ത്രാലയം മുഖേന ഒരു ഇമിഗ്രേഷൻ ചെക്ക് പോയിന്റായി പ്രഖ്യാപിക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ ഭാഗമായി സ്റ്റേറ്റ് ഇൻഡസ്ട്രിയൽ സെക്യൂരിറ്റി ഫോഴ്സ് (SISF)-ൽനിന്നും സുരക്ഷാ ഉദ്യോഗസ്ഥരെ നിയോഗിക്കുന്നത് സംബന്ധിച്ച് ഒരു സെക്യൂരിറ്റി ആഡിറ്റ് നടത്തിയിട്ടുണ്ട്.

പോലീസ് മേധാവി 24-07-2023-ന് ഓഡിറ്റ് റിപ്പോർട്ട് സർക്കാരിന് ലഭ്യമായിട്ടുണ്ട്.

(സി) കൊല്ലം തുറമുഖത്തെ അംഗീകൃത ഇമിഗ്രേഷൻ ചെക്ക്പോസ്റ്റായി കേന്ദ്ര സർക്കാർ പ്രഖ്യാപിക്കുന്നതിന് ഇമിഗ്രേഷൻ ഉദ്യോഗസ്ഥരുടെയും സുരക്ഷാ ഉദ്യോഗസ്ഥരുടെയും നിയമനം അനിവാര്യമാകയാൽ ഇതിനായി സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ ഊർജ്ജിതമാക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

കൊല്ലം തുറമുഖത്തെ ഇമിഗ്രേഷൻ ചെക്ക് പോസ്റ്റിലേയ്ക്ക് ബ്യൂറോ ഓഫ് എമിഗ്രേഷൻ മുഖേന നിയമനം നൽകുന്നതിന് ഇമിഗ്രേഷൻ ഡയറക്ടർക്ക് അയച്ചിട്ടുള്ള ഉദ്യോഗസ്ഥരുടെ പാനൽ സംബന്ധിച്ച് ബ്യൂറോ ഓഫ് ഇമിഗ്രേഷനിൽനിന്നും മറുപടി ലഭിച്ചിട്ടില്ലെന്ന് സംസ്ഥാന പോലീസ് മേധാവി അറിയിച്ചിട്ടുണ്ട്.

**മലപ്പുറം ജില്ലാ പോലീസ് വകുപ്പിലെ ജീവനക്കാര്യം**

93 (93) <u>ശ്രീ. കെ. പി. എ. മജീദ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ നിലവിലുള്ള ജില്ലാ പോലീസ് സൂപ്രണ്ട് അധികാരമേറ്റതിനുശേഷം എത്ര പോലീസുകാരാണ് വോളണ്ടറി റിട്ടയർമെന്റ് വാങ്ങിയതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ എത്ര പേരെയാണ് സസ്പെൻഡ് ചെയ്തിട്ടുള്ളതെന്നും ആയതിനുള്ള കാരണങ്ങളും എത്രപേർക്കാണ് വകുപ്പുതല നടപടികൾ വന്നിട്ടുള്ളതെന്നും വിശദമാക്കാമോ?

(എ&ബി) ക്രിമിനൽ കേസിൽ പ്രതിയാകുക, മണൽ മാഫിയകളുമായി ബന്ധം സ്ഥാപിക്കുക, സ്വർണ്ണ കള്ളക്കടത്തുകാരുമായി ബന്ധം സ്ഥാപിക്കുക, ഡ്യൂട്ടിക്കിടെ മദ്യപിച്ച് കാണപ്പെടുക, പെരുമാറ്റ ചട്ടലംഘനം നടത്തുക, പൊതുജനങ്ങളോട് മോശമായി പെരുമാറുക, കൈക്കൂലി ആവശ്യപ്പെടുക, അലക്ഷ്യമായി ഡ്യൂട്ടി നോക്കുക, ക്രിമിനൽ കേസിലെ പ്രതികളുമായി ബന്ധം സ്ഥാപിക്കുക, ലോട്ടറി ചൂതാട്ടം നടത്തുക തുടങ്ങിയവയുമായി ബന്ധപ്പെട്ട് സസ്പെൻഡ് ചെയ്യപ്പെട്ട 39 പേരുൾപ്പെടെ മലപ്പുറം ജില്ലാ പോലീസ് വിഭാഗത്തിൽപ്പെട്ട ആകെ 98 പേർക്കെതിരെ

വകുപ്പുതല നടപടി സ്വീകരിച്ചിട്ടുണ്ട്. 10 പേർ വിവിധ കാരണങ്ങൾ കാണിച്ച് അപേക്ഷ നൽകി സ്വമേധയാ സർവ്വീസിൽനിന്നും വിരമിച്ചിട്ടുണ്ട്.

**മലപ്പുറം ജില്ലാ പോലീസ് സൂപ്രണ്ടുമാർ**

94 (94) ശ്രീ. കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ മലപ്പുറം ജില്ലയിൽ എത്ര ജില്ലാ പോലീസ് സൂപ്രണ്ടുമാർ ജോലി ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ?

കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ മലപ്പുറം ജില്ലയിൽ ജില്ലാ പോലീസ് മേധാവിയായി ജോലി ചെയ്ത ഉദ്യോഗസ്ഥരുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| 14-06-2016 മുതൽ 25-05-2018 വരെ | ശ്രീ. ദേബേഷ് കുമാർ ബെഹ്റ, ഐ.പി.എസ്. |
| 26-05-2018 മുതൽ 13-06-2019 വരെ | ശ്രീ. പ്രതീഷ് കുമാർ, ഐ.പി.എസ്. |
| 14-06-2019 മുതൽ 05-07-2019 വരെ | ശ്രീ. നാരായണൻ ടി., ഐ.പി.എസ്. |
| 06-07-2019 മുതൽ 03-02-2021 വരെ | ശ്രീ. യു. അബ്ദുൾ കരിം, ഐ.പി.എസ്. |

| | |
|---|---|
| 04-02-2021 മുതൽ | ശ്രീ. സുജിത് ദാസ് എസ്., ഐ.പി.എസ്. |

(ബി) അവർ ഓരോരുത്തരും ജോലി ചെയ്ത കാലയളവിൽ ജില്ലയിൽ എത്ര ക്രിമിനൽ കേസുകൾ, എത്ര പെറ്റി കേസുകൾ എന്നിവ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ?

മേൽ ഉദ്യോഗസ്ഥർ ജോലി ചെയ്ത കാലയളവിൽ ജില്ലയിൽ രജിസ്റ്റർ ചെയ്ത ക്രിമിനൽ കേസുകൾ, പെറ്റി കേസുകൾ എന്നിവയുടെ വിവരം ചുവടെ ചേർക്കുന്നു.

<u>14-06-2016 മുതൽ 25-05-2018 വരെ</u>

ക്രിമിനൽ കേസുകൾ (IPC + SLL + Security Cases) - 21160

പെറ്റി കേസുകളുടെ എണ്ണം - 414163

<u>26-05-2018 മുതൽ 13-06-2019 വരെ</u>

ക്രിമിനൽ കേസുകൾ (IPC + SLL + Security Cases) - 12074

പെറ്റി കേസുകളുടെ എണ്ണം- 65311

<u>14-06-2019 മുതൽ 05-07-2019 വരെ</u>

ക്രിമിനൽ കേസുകൾ (IPC + SLL + Security Cases) - 540

പെറ്റി കേസുകളുടെ എണ്ണം- 28009

06-07-2019 മുതൽ 03-02-2021 വരെ

ക്രിമിനൽ കേസുകൾ (IPC + SLL + Security Cases) - 25249

പെറ്റി കേസുകളുടെ എണ്ണം- 251289

04-02-2021 മുതൽ

ക്രിമിനൽ കേസുകൾ (IPC + SLL + Security Cases) - 68522

പെറ്റി കേസുകളുടെ എണ്ണം- 1358577

(സി) പ്രസ്തുത കാലയളവിൽ രാഷ്ട്രീയ പാർട്ടികൾ നടത്തിയ ഉപരോധ സമരങ്ങൾ, നിരത്തുകളിലെ പ്രകടനങ്ങൾ, ധർണ്ണ, മറ്റ് സമരങ്ങൾ എന്നിവയുടെ കണക്കുകളും സമരങ്ങൾ നടത്തിയ സംഘടനകളുടെ പേരുവിവരങ്ങളും ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത സമരങ്ങളിൽ ഏതെല്ലാം രാഷ്ട്രീയപാർട്ടി പ്രവർത്തകർക്കെതിരെയാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ഇ) കേസ്സെടുത്തിട്ടുള്ള പ്രവർത്തകരുടെയും രാഷ്ട്രീയ പാർട്ടികളുടെയും ഇനം തിരിച്ചുള്ള കണക്കും കസ്റ്റഡിയിലെടുത്ത വാഹനങ്ങളുടെ വിവരങ്ങളും ലഭ്യമാക്കാമോ?

(സി-ഇ) വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

**പെരിങ്ങോം പോലീസ് സ്റ്റേഷൻ നവീകരണം**

95 (95) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിങ്ങോം പോലീസ് സ്റ്റേഷനിൽ പഴയ സ്റ്റാഫ് ക്വാർട്ടേഴ്സ് കെട്ടിടം ഉപയോഗശൂന്യമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മാവോയിസ്റ്റ് ഭീഷണി നിലനിൽക്കുന്ന പോലീസ് സ്റ്റേഷന് ചുറ്റുമതിലില്ലാത്തതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പഴയ ക്വാർട്ടേഴ്സ് കെട്ടിടം പൊളിച്ചുമാറ്റി പുതിയത് നിർമ്മിക്കുന്ന കാര്യവും ചുറ്റുമതിൽ നിർമ്മാണത്തിന് ഫണ്ട് അനുവദിക്കുന്ന കാര്യവും പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പെരിങ്ങോം പോലീസ് സ്റ്റേഷനിൽ പുതിയ ക്വാർട്ടേഴ്സ് കെട്ടിടം നിർമ്മിക്കുന്നതിനായി സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ച ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു. പെരിങ്ങോം പോലീസ് സ്റ്റേഷന്റെ ചുറ്റുമതിൽ നിർമ്മിക്കുന്നതിനായി ലൊക്കേഷൻ സ്കെച്ച് സഹിതം പൊതുമരാമത്ത് എഞ്ചിനീയർക്ക് സംസ്ഥാന പോലീസ് മേധാവി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

**സി.ഐ.-മാരെ എസ്.എച്ച്.ഒ.-മാരായി നിയമിച്ച നടപടി**

96 (96) ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പോലീസ് സ്റ്റേഷനുകളിൽ സി.ഐ.-മാരെ എസ്.എച്ച്.ഒ. -മാരായി നിയോഗിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

സംസ്ഥാനത്ത് 478 പോലീസ് സ്റ്റേഷനുകളിൽ പോലീസ് ഇൻസ്പെക്ടർമാരെ എസ്.എച്ച്.ഒ.-മാരായി നിയമിച്ചിട്ടുണ്ട്.

(ബി) അങ്ങനെയുള്ള സ്റ്റേഷനുകളിൽ അന്വേഷണത്തിന്റെ കാര്യക്ഷമതയ്ക്ക് കുറവ് വരുന്നതായും കേസ്സന്വേഷണത്തിന്റെ

പൂർത്തീകരണത്തിന് താമസം വരുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) അങ്ങനെയുള്ള പോലീസ് സ്റ്റേഷനുകളിൽ നിലവിലുള്ള എസ്.ഐ.-മാർക്ക് സ്വതന്ത്രമായി പ്രവർത്തിക്കാൻ സാധിക്കുകയില്ലെന്നത് സംബന്ധിച്ച് ഏതെങ്കിലും റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) സി.ഐ.-മാരെ എസ്.എച്ച്.ഒ.-മാരായി നിയമിച്ച നടപടി പിൻവലിക്കാൻ ആലോചിക്കുന്നുണ്ടോ; വിശദമാക്കാമോ?

(ബി-ഡി) പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനം പഠിക്കുന്നതിനും വിലയിരുത്തുന്നതിനുമായി പോലീസ് ആസ്ഥാനത്തെ എ.ഡി.ജി.പി. ആയിരുന്ന ശ്രീ. കെ. പത്മകുമാർ, ഐ.പി.എസ്.-ന്റെ നേതൃത്വത്തിൽ ചുവടെ ചേർക്കുന്ന ഉദ്യോഗസ്ഥർ അംഗങ്ങളായി ഒരു കമ്മിറ്റി സംസ്ഥാന പോലീസ് മേധാവി രൂപീകരിച്ചിരുന്നു.

ശ്രീ. ടി. കെ. വിനോദ്കുമാർ ഐ.പി.എസ്., എ.ഡി.ജി.പി. (ഇന്റലിജൻസ്); ശ്രീ. എം. ആർ. അജിത്കുമാർ ഐ.പി.എസ്.,

എ.ഡി.ജി.പി. (എൽ&ഒ); ശ്രീമതി ഹർഷിത അട്ടല്ലൂരി ഐ.പി.എസ്., ഐ.ജി.പി. ക്രൈം ബ്രാഞ്ച്; ശ്രീ. ഹരിശങ്കർ ഐ.പി.എസ്., എ.ഐ.ജി. പോലീസ് ആസ്ഥാനം. പ്രസ്തുത സമിതി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

**സബ് ഇൻസ്പെക്ടർ ഒഴിവുകളും എസ്.എച്ച്.ഒ. നിയമനവും**

97 (97) ശ്രീ. വി. കെ. പ്രശാന്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡയറക്ട് സബ് ഇൻസ്പെക്ടർമാരുടെ (ജനറൽ എക്സിക്യൂട്ടീവ്) നിലവിലെ കേഡർ സ്ട്രെംഗ്ത്, നിലവിലെ ഒഴിവുകൾ, പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകൾ എന്നിവ അറിയിക്കാമോ?

കേരള പോലീസിൽ നിലവിലെ സബ് ഇൻസ്പെക്ടർമാരുടെ അംഗീകൃത അംഗബലം 1011 ആണ്. 344 ഒഴിവുകൾ നിലവിലുള്ളത് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) 268 പോലീസ് സ്റ്റേഷനുകളിൽ ഇൻസ്പെക്ടർ റാങ്കിലുള്ള ഉദ്യോഗസ്ഥരെ എസ്.എച്ച്.ഒ.-മാരായി നിയമിക്കുന്നതിനുള്ള 2018-ലെ സർക്കാർ ഉത്തരവ് പ്രകാരം എത്രപേരെ നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) മേൽ സൂചിപ്പിച്ച പ്രകാരമുള്ള എസ്.എച്ച്.ഒ. നിയമനത്തിലൂടെ എത്ര ഡയറക്ട് സബ് ഇൻസ്പെക്ടർമാരുടെ ഒഴിവുകളുണ്ടായിട്ടുണ്ടെന്നും അവയിൽ എത്രയെണ്ണം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

(ബി&സി) 268 പോലീസ് സ്റ്റേഷനുകളിലും സ്റ്റേഷൻ ഹൗസ് ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. 29-09-2018-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 150/2018/ആഭ്യന്തരം പ്രകാരം 268 സബ് ഇൻസ്പെക്ടർ തസ്തികകൾ അപ്ഗ്രേഡ് ചെയ്താണ് എസ്.എച്ച്.ഒ. ഇൻസ്പെക്ടർ തസ്തികകൾ സൃഷ്ടിച്ചത് എന്നതിനാൽ ഇതുവഴി പുതിയ സബ് ഇൻസ്പെക്ടർ ഒഴിവുകളുണ്ടാകുന്നില്ല.

(ഡി) വനിതാ സബ് ഇൻസ്പെക്ടർ തസ്തികയിൽ ആകെയുള്ള അംഗീകൃത തസ്തികകളുടെ എണ്ണവും പ്രസ്തുത തസ്തികയിൽ നിലവിലുള്ള ഡയറക്ട് സബ് ഇൻസ്പെക്ടർ (ജനറൽ എക്സിക്യൂട്ടീവ്) ഒഴിവുകളും അറിയിക്കാമോ?

കേരള പോലീസിൽ Closed കേഡറിൽ 101, നേരിട്ടുള്ള നിയമനത്തിനായി 30 എന്നിങ്ങനെ 131 വനിതാ സബ് ഇൻസ്പെക്ടർമാരുടെ അംഗീകൃത അംഗബലമുണ്ട്. നിലവിൽ കേരള പോലീസിൽ നേരിട്ട് നിയമനം ലഭിച്ച 72 വനിതാ സബ് ഇൻസ്പെക്ടർമാർ പ്രവൃത്തിയെടുത്തുവരുന്നു. ടി തസ്തികയിൽ നേരിട്ട് നിയമനം നൽകേണ്ട വനിതാ സബ് ഇൻസ്പെക്ടർമാരുടെ ഒഴിവുകൾ നിലവിലില്ല.

(ഇ) കേരള പോലീസിൽനിന്നും BoI, CBI, NIA, IB എന്നിവയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന ഡയറക്ട് സബ് ഇൻസ്പെക്ടർമാരുടെയും ഇൻസ്പെക്ടർമാരുടെയും എണ്ണം പട്ടിക തിരിച്ച് വ്യക്തമാക്കാമോ?

ഇതുസംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

| | ഇൻസ്പെക്ടർമാരുടെ | സബ് |
|---|---|---|

| | എണ്ണം | ഇൻസ്പെക്ടർമാരുടെ എണ്ണം |
|---|---|---|
| BoI | 0 | 31 |
| CBI | 2 | 0 |
| NIA | 2 | 3 |
| IB | 0 | 0 |
| Total | 4 | 34 |

(എഫ്) കേരള പോലീസിൽനിന്നും BoI, CBI, NIA, IB എന്നിവയിൽ 6 മാസത്തിന് മുകളിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സേവനമനുഷ്ഠിച്ചുവരുന്ന പ്രസ്തുത ഉദ്യോഗസ്ഥരുടെ ഒഴിവുകൾ കേരള പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തതുസംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ?

നിലവിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ എസ്.ഐ. (കെ.സി.പി.) തസ്തികയിലെ ഉദ്യോഗസ്ഥർ BoI, CBI, NIA, IB എന്നീ വിഭാഗങ്ങളിൽ പ്രവൃത്തിയെടുക്കുന്നതിന്റെ ഫലമായുണ്ടായ 40 ഒഴിവുകൾ കേരള പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**മുഖ്യമന്ത്രി പങ്കെടുക്കുന്ന ചടങ്ങുകളിലെ പി.എ. സിസ്റ്റം പരിശോധന**

98 (98) <u>ശ്രീ. ഷാഫി പറമ്പിൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രി പങ്കെടുക്കുന്ന പൊതു ചടങ്ങുകളിലുപയോഗിക്കുന്ന മൈക്ക് സുരക്ഷാ പരിശോധനയ്ക്ക് വിധേയമാക്കാറുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ പരിശോധനകളാണ് നടത്തുന്നതെന്നും ആരാണ് ഇത്തരം പരിശോധനകൾ നിർവ്വഹിക്കുന്നതെന്നും അതിന്റെ നടപടിക്രമങ്ങളും വ്യക്തമാക്കുമോ;

(ബി) 24-7-2023-ന് സംഘടിപ്പിച്ച ഉമ്മൻ ചാണ്ടി അനുസ്മരണ യോഗത്തിൽ മുഖ്യമന്ത്രി പങ്കെടുക്കുന്നതിന്റെ ഭാഗമായി ഇത്തരം സുരക്ഷാ പരിശോധനകൾ നടത്തിയിരുന്നോ; എങ്കിൽ എന്തൊക്കെ പരിശോധനകളാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

(എ&ബി) മുഖ്യമന്ത്രി പങ്കെടുക്കുന്ന പൊതുചടങ്ങുകളിൽ ഉപയോഗിക്കുന്ന മൈക്ക്, ചടങ്ങിനുമുമ്പ് മതിയായ സുരക്ഷാ പരിശോധനകൾക്ക് വിധേയമാക്കാറുണ്ട്. പൊതുമരാമത്ത് വകുപ്പിലെ ഇലക്ട്രിക്കൽ വിഭാഗത്തിലെ ഉദ്യോഗസ്ഥർ, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്

ഉദ്യോഗസ്ഥർ, ജില്ലാ പോലീസിലെ ബി.ഡി.ഡി.എസ്. യൂണിറ്റിലെ ഉദ്യോഗസ്ഥർ എന്നീ വിഭാഗങ്ങളാണ് ഇത്തരം സുരക്ഷാ പരിശോധനകൾ നടത്തുന്നത്. 24-07-2023-ന് നടന്ന ഉമ്മൻ ചാണ്ടി അനുസ്മരണ യോഗത്തിലും ഇത്തരം പരിശോധനകൾ നടത്തിയിട്ടുള്ളതാണ്. സംരക്ഷിത വ്യക്തികളുടെ പൊതു ചടങ്ങുകളോടനുബന്ധിച്ച് നടത്തുന്ന സുരക്ഷാ പരിശോധനകളുടെ നടപടിക്രമങ്ങൾ രഹസ്യ സ്വഭാവമുള്ളവയാണ്.

(സി) പ്രസ്തുത ചടങ്ങിൽ മുഖ്യമന്ത്രി പ്രസംഗിക്കുന്നതിനിടയിൽ മൈക്കിൽനിന്നും ഹൗളിംഗ് ഉണ്ടായതിനെത്തുടർന്ന് പോലീസ് കേസ് രജിസ്റ്റർ ചെയ്തിരുന്നോ; എങ്കിൽ എന്തൊക്കെ കുറ്റാരോപണങ്ങളാണ് എഫ്.ഐ.ആർ.-ലുൾപ്പെടുത്തിയത്; ഏത് വകുപ്പ് പ്രകാരമാണ് കേസ് രജിസ്റ്റർ ചെയ്തതെന്നും ആരെയൊക്കെയാണ് പ്രതി ചേർത്തതെന്നുള്ള വിവരങ്ങളും എഫ്.ഐ.ആർ.-ന്റെ പകർപ്പും ലഭ്യമാക്കുമോ;

(ഡി) വി.ഐ.പി.-കൾ പങ്കെടുക്കുന്ന പൊതുചടങ്ങിൽ മൈക്കിന് തകരാർ സംഭവിച്ചതിനെത്തുടർന്ന് 2016 ജൂൺ മുതൽ നാളിതുവരെ സംസ്ഥാനത്ത് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; പ്രസ്തുത കേസുകളിൽ

ഏതൊക്കെ വകുപ്പുകൾ ചേർത്ത് ആരെയൊക്കെ പ്രതിചേർത്തുവെന്നും ഇതിൽ എത്ര കേസുകളിൽ പ്രതികൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ടെന്നുമുള്ള വിവരങ്ങളും ഓരോ കേസിന്റെയും എഫ്.ഐ.ആർ. പകർപ്പും ലഭ്യമാക്കുമോ?

(സി&ഡി) ഇതുസംബന്ധിച്ച് കന്റോൺമെന്റ് പോലീസ് സ്റ്റേഷനിൽ ക്രൈം നം.762/2023 പ്രകാരം ഒരു കേസ് രജിസ്റ്റർ ചെയ്തിരുന്നു. കേസിൽ ആരെയും പ്രതി ചേർത്തിട്ടില്ല. പ്രസ്തുത കേസിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരിശോധന നടത്തി പ്രസ്തുത കേസ് Further Action Dropped ആയി അന്തിമ റിപ്പോർട്ട് ബഹുമാനപ്പെട്ട കോടതിയിൽ പോലീസ് സമർപ്പിച്ചിട്ടുള്ളതാണ്. എഫ്.ഐ.ആർ.-ന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.+

**വടക്കാഞ്ചേരി കേന്ദ്രമാക്കി പോലീസ് സബ് ഡിവിഷണൽ ഓഫീസ്**

99 (99) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

തൃശ്ശൂർ സിറ്റി പോലീസ് പരിധിയിലെ വടക്കാഞ്ചേരി, ചേലക്കര, പഴയന്നൂർ, ചെറുതുരുത്തി പോലീസ് സ്റ്റേഷൻ പരിധികളിലെ മുഴവൻ ജനങ്ങൾക്കും സൗകര്യപ്രദമാകുന്ന രീതിയിൽ വടക്കാഞ്ചേരി കേന്ദ്രമാക്കി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഒരു പോലീസ് സബ് ഡിവിഷണൽ ഓഫീസ് ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

തൃശ്ശൂർ സിറ്റി പോലീസ് ജില്ലയിൽ വടക്കാഞ്ചേരി കേന്ദ്രമാക്കി പോലീസ് സബ് ഡിവിഷണൽ ഓഫീസ് ആരംഭിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

**പോലീസ് സേനയുടെ കാര്യക്ഷമത വർദ്ധിപ്പിക്കൽ**

100 (100) ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. വി. ജോയി:
ശ്രീമതി ശാന്തകുമാരി കെ.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയുടെ കാര്യക്ഷമത നിലനിർത്തുന്നതിനും സേനയെ കാലാനുസൃതമായി നവീകരിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

പോലീസ് സേനയുടെ കാര്യക്ഷമത നിലനിർത്തുന്നതിനും സേനയെ കാലാനുസൃതമായി നവീകരിക്കുന്നതിനും ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ താഴെപ്പറയുന്നു.

പോലീസ് സേനയെ നവീകരിക്കുന്നതിന്റെ ഭാഗമായി സി.സി.റ്റി.എൻ.എസ്.-ന് ആവശ്യമായ ഇൻഫ്രാസ്ട്രക്ച്ചർ ഡിജിറ്റൽ സിഗ്നേച്ചർ വാങ്ങുന്നതിനും ഓപ്പറേഷൻ & മെയിന്റനൻസ് നടത്തുന്നതിനും സ്റ്റേറ്റ് പ്ലാൻ സ്കീം 2022-23-ൽ മൂന്ന് കോടി രൂപ അനുവദിച്ചിരുന്നു. സ്റ്റേറ്റ് പ്ലാൻ സ്കീം 2021-22, 2022-23-ൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ബേസ്ഡ് മൊബൈൽ ആപ്ലിക്കേഷനുവേണ്ടി ഓരോ കോടി രൂപവീതം അനുവദിച്ചിട്ടുണ്ട്. കൂടാതെ സ്റ്റേറ്റ് പ്ലാൻ സ്കീം 2021-22, 2022-23 ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ബേസ്ഡ് ഡ്രോൺ/ആന്റിഡ്രോൺ സംവിധാനത്തിനുവേണ്ടി ഓരോ കോടി രൂപവീതം അനുവദിച്ചിട്ടുണ്ട്. ട്രാഫിക് മാനേജ്മെന്റിനായി ലഭിച്ച തുക ഉപയോഗിച്ച് 106 ആൽക്കോമീറ്റർ, സ്പീഡ് റഡാർ എന്നിവ വാങ്ങിയിട്ടുണ്ട്. ട്രെയിനിംഗിനും റെയിൽവേ പോലീസ് നവീകരണത്തിനുമായി സ്റ്റേറ്റ് പ്ലാൻ വഴി തുക അനുവദിച്ചിട്ടുണ്ട്.

ബി.ഡി.ഡി.എസ്.-നാവശ്യമായ സെക്യൂരിറ്റി ഉപകരണങ്ങൾ വാങ്ങുന്നതിലേയ്ക്കായി 58 ലക്ഷം രൂപ അനുവദിച്ചതുപയോഗിച്ച് 8 ഡോർ ഫ്രെയിം മെറ്റൽ ഡിറ്റക്ടർ (DFMD), 11 HHMD (ഹാൻഡ്ഹെൽഡ് മെറ്റൽ ഡിറ്റക്ടർ) എന്നിവ വാങ്ങിയിട്ടുണ്ട്. കൂടാതെ ആന്റി ടെററിസ്റ്റ് സ്ക്വാഡിന്റെ നവീകരണത്തിനായി 2 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

കേരള പോലീസിന്റെ പ്രവർത്തന വൈദഗ്ധ്യങ്ങൾ മെച്ചപ്പെടുത്തുന്നതിനാവശ്യമായ ടെലികമ്മ്യൂണിക്കേഷൻ ഉപകരണങ്ങൾ വാങ്ങുന്നതിനായി സ്റ്റേറ്റ് പ്ലാൻ സ്കീം 2022-23-ൽ 150 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. സ്റ്റേറ്റ് പ്ലാൻ സ്കീം 2022-23-ൽ സൈബർ ഡോമിനായി 465 ലക്ഷം രൂപ അനുവദിക്കുകയും സൈബർ പോലീസ് സ്റ്റേഷനുവേണ്ടി സോഫ്റ്റ്‌വെയർ/ഹാർഡ്‌വെയർ വാങ്ങുന്നതിനായി ഒരു കോടി രൂപയും അനുവദിച്ചിരുന്നു. ശാസ്ത്രീയ കുറ്റാന്വേഷണം ശാക്തീകരിക്കുന്നതിനായി സയന്റിഫിക് ഉപകരണങ്ങളായ റെഫ്രിജറേറ്റഡ് സെൻട്രിഫ്യൂജ്, മൊബൈൽ കോംപാക്ടർ സ്റ്റോറേജ് തുടങ്ങിയ ആധുനിക ഉപകരണങ്ങൾ ഫോറൻസിക് സയൻസ് ലാബിലേയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. നിലവിലെ

അനലോഗ് ടെലി ഉപകരണങ്ങൾക്ക് പകരം അത്യാധുനിക രീതിയിലുള്ള ഡിജിറ്റൽ റേഡിയോ കമ്മ്യൂണിക്കേഷൻ സിസ്റ്റം തൃശ്ശൂർ ജില്ലയിൽ ആവിഷ്കരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഫിംഗർപ്രിന്റ് ബ്യൂറോയെ ഡിജിറ്റൈസ് ചെയ്യുന്നതിലേയ്ക്കായി ആട്ടോമേറ്റഡ് ഫിംഗർപ്രിന്റ് ഐഡന്റിഫിക്കേഷൻ സിസ്റ്റം (AFIS) നടപ്പിലാക്കിയിട്ടുണ്ട്. ടെലിഫോൺ കോളുകൾ, മെസേജുകൾ എന്നിവ നിയമപരമായി intercept ചെയ്യുന്നതിനായി സി.എം.എസ്. (സെൻട്രൽ മോണിറ്ററിംഗ് സിസ്റ്റം) നടപ്പിലാക്കിയിട്ടുണ്ട്.

സ്ത്രീകൾക്കും കുട്ടികൾക്കും നേരെ വർദ്ധിച്ചുവരുന്ന സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനായി കേന്ദ്രസർക്കാർ സഹായത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതിയായ Cyber Crime Prevention Against Women and Children (CCPWC) പ്രോജക്ടിന്റെ ഭാഗമായി കേരള പോലീസ് അക്കാദമിയിൽ ഒരു സൈബർ ഫോറൻസിക് ലാബ് ഉൾപ്പെട്ട ട്രെയിനിംഗ് സെന്റർ ആരംഭിച്ചിട്ടുണ്ട്.

ശബരിമലയിലെ അധിക സുരക്ഷയ്ക്കായി പോർട്ടബിൾ എക്സ്-റേ ബാഗേജ് സ്കാനർ വാങ്ങി നൽകിയിട്ടുണ്ട്. കെ.എ.എൻ.എസ്.എ.എഫ്. (കേരള ആന്റി നാർക്കോട്ടിക് സ്പെഷ്യൽ ആക്ഷൻ ഫോഴ്സ്) സ്കീം പ്രകാരം 50 Multi Line Screen Test Device (Urine), 7 Multi Line Twist Screen Test Device (Oral fluid) എന്നിവ വാങ്ങി യൂണിറ്റുകൾക്ക് നൽകിയിട്ടുണ്ട്.

ക്രമസമാധാനപാലന പ്രവർത്തനങ്ങൾ കൂടുതൽ മികവുറ്റതാക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി പ്രധാന സ്ഥലങ്ങളിൽ സി.സി.ടി.വി. ക്യാമറകളും ജില്ലാതിർത്തികളിൽ ആട്ടോമേറ്റഡ് നമ്പർ പ്ലേറ്റ് റിക്കഗ്നിഷൻ (ANPR) ക്യാമറകളും സ്ഥാപിച്ച് നിരീക്ഷിച്ചുവരുന്നു. ടി ക്യാമറകളിലൂടെ ലഭിക്കുന്ന വിവരങ്ങൾ വിശകലനം ചെയ്യുന്നതിനായി ഒരു കേന്ദ്രീകൃത ഡാറ്റാബേസ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ട്രാഫിക് നിയമലംഘകരെ കണ്ടെത്തുന്നതിനും ട്രാഫിക് അപകടങ്ങൾ കുറയ്ക്കുന്നതിനും മറ്റുമായി ക്യാമറകൾ ഉൾപ്പെടുത്തിയുള്ള 'ഇന്റഗ്രേറ്റഡ് ഡിജിറ്റൽ ട്രാഫിക് എൻഫോഴ്സ്മെന്റ് സിസ്റ്റം' എന്ന പദ്ധതി

'BOOT'(Build Own Operate Transfer) പ്രകാരം നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു.

സംസ്ഥാനത്തെ എല്ലാ ലോക്കൽ പോലീസ് സ്റ്റേഷനുകളുൾപ്പെടെ 520 പോലീസ് സ്റ്റേഷനുകളിലും സി.സി.ടി.വി. ക്യാമറകളും കൂടാതെ ജില്ലാ പോലീസ് ഓഫീസുകളിലും പോലീസ് ആസ്ഥാനത്തും സി.സി.ടി.വി. ക്യാമറ മോണിറ്ററിംഗ് സിസ്റ്റവും സ്ഥാപിക്കുന്നതിനായുള്ള പ്രവൃത്തികൾ അവസാനഘട്ടത്തിലാണ്. 2022-23 സംസ്ഥാന പ്ലാൻ സ്കീം പ്രകാരം പോലീസ് സ്റ്റേഷനുകൾക്കായി 98 LMV, മലയോര പോലീസ് സ്റ്റേഷനുകൾക്കായി 10 Four Wheel Drive LMV, കൺട്രോൾ റൂമുകൾക്കായി 8 LMV, ബറ്റാലിയനും വിവിധ സ്പെഷ്യൽ യൂണിറ്റുകൾക്കുമായി 36 LMV, ജില്ലകളിലേയ്ക്കായി 6 മീഡിയം ബസ്, 2 വാട്ടർ ടാങ്കർ, 2 ഓപ്പൺ ലോറി, 2 ആംബുലൻസ്, 69 ടൂ വീലറുകൾ എന്നിവ വാങ്ങിയിട്ടുണ്ട്. ഫിംഗർപ്രിന്റ് ബ്യൂറോയ്ക്കുവേണ്ടി 20 LMV വാങ്ങി നൽകിയിട്ടുണ്ട്. ഇക്കോണമിക് ഒഫൻസ് വിംഗിനുവേണ്ടി 7 LMV വാഹനങ്ങൾ വാങ്ങിയിട്ടുണ്ട്. കൂടാതെ റോഡ് സേഫ്റ്റി

ഫണ്ടുപയോഗിച്ച് 27 LMV-യും 16 റിക്കവറി വാഹനങ്ങളുടെ ചെയ്സുകളും വാങ്ങിയിട്ടുണ്ട്.

സംസ്ഥാന പ്ലാൻ സ്കീം 2022-23 പ്രകാരം ബോഡി പ്രൊട്ടക്ടീവ് ഗിയർ-1250, ഫൈബർ ഷീൽഡ്-2000, ഹെൽമെറ്റ്-8055, ഹെവി മൂവബിൾ ബാരിക്കേഡ്-76 തുടങ്ങിയ ലഹള നിയന്ത്രണ ഉപകരണങ്ങളും സേനയ്ക്കായി വാങ്ങി നൽകിയിട്ടുണ്ട്. ആന്റി നാർക്കോട്ടിക്സ് വിഭാഗത്തിനായി 25 എൻ.ഡി.പി.എസ്. ഡിറ്റക്ഷൻ കിറ്റുകൾ വാങ്ങി നൽകിയിട്ടുണ്ട്. സ്റ്റേറ്റ് പ്ലാൻ സ്കീം 2022-23-ന്റെ ഭാഗമായി ഒരു കോടി രൂപ 20 പോലീസ് ജില്ലകൾക്ക് 50 പോലീസ് സ്റ്റേഷനുകൾ സ്ത്രീ സൗഹൃദ സ്റ്റേഷനാക്കുന്നതിനുള്ള ചെലവുകൾക്കായി അനുവദിച്ചിട്ടുണ്ട്. വിമെൻ വിക്ടിം സപ്പോർട്ട് സ്കീമിനായി 20 പോലീസ് ജില്ലകൾക്ക് ഒരു ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്. 2022-23 സംസ്ഥാന പ്ലാൻ പദ്ധതിപ്രകാരം 75 ലക്ഷം രൂപ എല്ലാ ജില്ലകളിലെയും വനിതാ കൗൺസിലർമാർക്കും 80 ലക്ഷം രൂപ 8 ജില്ലകളിലെ നിർഭയ വോളന്റിയർമാർക്കും റെമ്യൂണറേഷൻ അനുവദിച്ചിട്ടുണ്ട്. ഇന്റർനെറ്റിന്റെയും മൊബൈൽ ഫോണിന്റെയും ദുരുപയോഗംകൊണ്ട് കുട്ടികളിലുണ്ടാകുന്ന

മാനസിക വിഷമങ്ങൾ പരിഹരിക്കുന്നതിനായി കേരളത്തിലെ 6 മേജർ സിറ്റികളിൽ ഡിജിറ്റൽ ഡി-അഡിക്ഷൻ സെന്ററുകൾ നടത്തുന്നതിനായി സോഷ്യൽ പോലീസിംഗ് ഡയറക്ടറേറ്റിന് 80 ലക്ഷം രൂപ നൽകിയിട്ടുണ്ട്. 2022-23 സംസ്ഥാന സർക്കാർ പ്ലാൻ പദ്ധതിപ്രകാരം 440 ലക്ഷം രൂപ കമ്മ്യൂണിറ്റി പോലീസിംഗ് സ്കീം പ്രകാരം കുട്ടികളുടെയും സ്ത്രീകളുടെയും സംരക്ഷണത്തിനും ഉന്നമനത്തിനുമായി ഫണ്ട് അനുവദിച്ചിട്ടുണ്ട്. കൺട്രോൾ റൂം ഹൈവേ പട്രോൾ, പോലീസ് സ്റ്റേഷൻ വെഹിക്കിളുകൾ എന്നിവയിൽ ഘടിപ്പിക്കുന്നതിനായി 245 മൊബൈൽ ഡാറ്റാ ടെർമിനൽസ്, കാർ ചാർജറുകൾ, ബാറ്ററികൾ എന്നിവ വാങ്ങി നൽകിയിട്ടുണ്ട്.

ക്രമസമാധാന രംഗത്ത് സേനയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി വിവിധങ്ങളായ പദ്ധതികൾ നടപ്പിലാക്കിവരുന്നു. iCOPS എന്ന ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയതിലൂടെ പോലീസിന്റെ സേവനങ്ങൾ മെച്ചപ്പെട്ട രീതിയിലും വേഗത്തിലും പൊതുജനങ്ങൾക്ക് എത്തിക്കാൻ സാധിച്ചു. കുറ്റവാളികളെ കണ്ടെത്തുന്നതിനും തിരിച്ചറിയുന്നതിനുമുള്ള ഇന്റഗ്രേറ്റഡ് കോർ

പോലീസിംഗ് സിസ്റ്റം ആപ്ലിക്കേഷനിലെ ഒരു മൊഡ്യൂളാണ് ക്രിമിനൽ ഗ്യാലറി. ക്രമസമാധാന പ്രശ്നങ്ങൾ ഇല്ലാതാക്കുന്നതിന് പൊതുജനങ്ങളുമായി നല്ല ബന്ധം സ്ഥാപിക്കുന്നതിന് ജനമൈത്രി പോലീസ് സംവിധാനം ശക്തമായി നടപ്പിലാക്കിവരുന്നു. ക്രമസമാധാനപാലനം, കുറ്റാന്വേഷണം എന്നിവയ്ക്കുപുറമെ പൗരസേവനത്തിലും ഊന്നൽ നൽകിക്കൊണ്ട് കേരള പോലീസ് വിവിധങ്ങളായ പദ്ധതികൾ ആവിഷ്കരിച്ച് വിജയകരമായി നടപ്പിലാക്കിവരുന്നു. അവയിൽ വനിതകളെയും കുട്ടികളെയും മുതിർന്ന പൗരന്മാരെയും സഹായിക്കുന്നതിനായി നടപ്പിലാക്കിയിട്ടുള്ള കൂട്ട്, പിങ്ക് പ്രൊട്ടക്ഷൻ പ്രോജക്ട്, പോൾ-ആപ്പ്, ഡൊമസ്റ്റിക് കോൺഫ്ലിക്റ്റ് റെസല്യൂഷൻ സെന്റർ, സീനിയർ സിറ്റിസൺ ഹെൽപ് ഡെസ്ക്, വിമെൻ ഹെൽപ് ഡെസ്ക്, നിർഭയ, സി.എ.പി. (ചിൽഡ്രൻ & പോലീസ്) ഹൗസ്, ചിരി ഹെൽപ് ഡെസ്ക്, പ്രോജക്ട് ഹോപ്, ചൈൽഡ് ഫ്രെണ്ട്‌ലി പോലീസ് സ്റ്റേഷൻ, അപരാജിത, പിങ്ക് പോലീസ് പട്രോൾ, വിമെൻ സെൽഫ് ഡിഫൻസ് ട്രെയിനിംഗ് പ്രോഗ്രാം, കൗണ്ടർ ചൈൽഡ് സെക്ഷ്വൽ എക്സ്പ്ലോയിറ്റേഷൻ സെന്റർ  എന്നീ പദ്ധതികൾ നിലവിലുണ്ട്.

(ബി) പതിറ്റാണ്ടുകളായി തെളിയിക്കപ്പെടാതിരുന്ന നിരവധി കുറ്റകൃത്യങ്ങളിൽ പഴുതടച്ച അന്വേഷണത്തിലൂടെ യഥാർത്ഥ കുറ്റവാളികളെത്തന്നെ കണ്ടെത്തി പിടികൂടുന്നതിനും നിയമത്തിന്റെ മുന്നിലെത്തിക്കുന്നതിലും പോലീസ് സേന കൈവരിച്ച പ്രധാന നേട്ടങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

പതിറ്റാണ്ടുകളായി തെളിയിക്കപ്പെടാതിരുന്ന നിരവധി കുറ്റകൃത്യങ്ങൾ പഴുതടച്ച അന്വേഷണത്തിലൂടെ യഥാർത്ഥ കുറ്റവാളികളെ കണ്ടെത്തി പിടികൂടി നിയമത്തിനുമുന്നിലെത്തിക്കുന്നതിന് പോലീസിന് സാധിച്ചിട്ടുണ്ട്. അവയിൽ പ്രധാനപ്പെട്ട കേസുകളുടെ വിവരം ചുവടെ ചേർക്കുന്നു.

പത്തനംതിട്ട ജില്ലയിലുള്ള ഒരു വീട്ടിൽനിന്നും സ്വർണ്ണവും വജ്രവും പണവും മോഷണം പോയതുമായി ബന്ധപ്പെട്ട് പത്തനംതിട്ട പോലീസ് സ്റ്റേഷനിൽ 004-ൽ രജിസ്റ്റർ ചെയ്ത ക്രൈം നം. 645/2004 നമ്പർ കേസിലെ പ്രതികളായ രാജൻ, സുരേഷ് എന്നിവരെ 17 വർഷത്തിനുശേഷം അറസ്റ്റ് ചെയ്തു.

തൃശ്ശൂർ റൂറൽ പോലീസ് ജില്ലയിലെ മതിലകം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നം. 214/2007 നമ്പർ കൊലപാതക കേസിലെ അഞ്ചാം പ്രതി ജിത്ത് മാധവൻ @ കണ്ണൻ എന്നയാൾ സംഭവത്തിനുശേഷം 15 വർഷത്തോളം മഹാരാഷ്ട്രയിലെ നാസിക്കിനടുത്തുള്ള രാജ്ഗൂരിയിൽ പ്രദേശവാസികളുടെ വേഷം ധരിച്ച് ഒളിവിൽ കഴിഞ്ഞുവരികയായിരുന്നു. ടിയാനെ അതിസാഹസികമായി 05-03-2023-ൽ അറസ്റ്റ് ചെയ്തു.

ആലപ്പുഴ ജില്ലയിലെ മാവേലിക്കര പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1990/1976 കേസിൽ ബഹുമാനപ്പെട്ട ഹൈക്കോടതി ജീവപര്യന്തം ശിക്ഷിച്ചതിനെത്തുടർന്ന് ഒളിവിൽ പോകുകയും കഴിഞ്ഞ 27 വർഷമായി പോലീസിന് പിടികൊടുക്കാതെ കോട്ടയം ജില്ലയിലെ വിവിധ സ്ഥലങ്ങളിലും തമിഴ്നാട്ടിലുമായി പേരുമാറ്റി താമസിച്ചുവന്നിരുന്ന മിനിരാജു എന്ന റെജി@അച്ചാമയെ പോലീസ് അറസ്റ്റ് ചെയ്തിട്ടുണ്ട്.

പത്തനംതിട്ട ജില്ലയിൽ 50 വയസ്സുള്ള രമാദേവി എന്ന സ്ത്രീയെ കഴുത്തിനുവെട്ടി കൊലപ്പെടുത്തിയതിന് കോയിപ്രം പോലീസ് സ്റ്റേഷൻ ക്രൈം നം. 163/2006 പ്രകാരം രജിസ്റ്റർ ചെയ്ത കേസ് പത്തനംതിട്ട ക്രൈം

ബ്രാഞ്ച് യൂണിറ്റ് ഏറ്റെടുത്ത് അന്വേഷണം നടത്തി 17 വർഷങ്ങൾക്കുശേഷം പ്രതി ടിയാളുടെ ഭർത്താവായ ജനാർദ്ദനൻ നായരെ 11-07-2023 -ൽ അറസ്റ്റ് ചെയ്തു.

ഇടുക്കി ജില്ലയിൽ കട്ടപ്പന പോലീസ് സ്റ്റേഷനിൽ കുഞ്ഞുമോൾ എന്ന് വിളിക്കുന്ന അന്നമ്മ എന്നയാൾ വീടിനുള്ളിലെ അടുക്കള മുറിയിൽ മരണപ്പെട്ട കാര്യത്തിന് ക്രൈം നമ്പർ 716/2008 പ്രകാരം രജിസ്റ്റർ ചെയ്ത കേസിന്റെ അന്വേഷണം ഇടുക്കി ക്രൈംബ്രാഞ്ച് യൂണിറ്റ് ഏറ്റെടുത്ത് നടത്തുകയും തുടർന്ന് 12 വർഷങ്ങൾക്കുശേഷം ടി കേസിലെ പ്രതിയായ ഗിരീഷ് എന്നയാളെ 30-11-2020-ൽ അറസ്റ്റ് ചെയ്യുകയുണ്ടായി.

എറണാകുളം ജില്ലയിലെ കളമശ്ശേരി പോലീസ് സ്റ്റേഷൻ പരിധിയിൽ നാരായണിയമ്മാളെയും ടിയാളുടെ ജ്യേഷ്ഠത്തിയുടെ മകൻ നാരായണ അയ്യരേയും വെട്ടികൊലപ്പെടുത്തിയതിന് കളമശ്ശേരി പോലീസ് സ്റ്റേഷൻ ക്രൈം നം. 182/2004 പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് തുടർന്നുള്ള അന്വേഷണം എറണാകുളം ക്രൈംബ്രാഞ്ച് യൂണിറ്റ് ഏറ്റെടുത്ത് നടത്തി 17

വർഷങ്ങൾക്കുശേഷം ടി കേസിലെ പ്രതിയായ ജയാനന്ദൻ എന്നയാളെ 15-12-2021-ൽ അറസ്റ്റ് ചെയ്തു.

മലപ്പുറം ജില്ലയിൽ എടക്കര പോലീസ് സ്റ്റേഷൻ പരിധിയിൽ ബാവകുഞ്ഞ് ഹൈദ്ര എന്നയാളെ കൊലപ്പെടുത്തിയതിന് എടക്കര പോലീസ് സ്റ്റേഷനിൽ ക്രൈം 205/2005 നമ്പരായി കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും ഈ കേസിന്റെ തുടർന്നുള്ള അന്വേഷണം മലപ്പുറം ക്രൈംബ്രാഞ്ച് യൂണിറ്റ് ഏറ്റെടുത്ത് നടത്തി 15 വർഷങ്ങൾക്കുശേഷം 12-11-2021-ൽ ടി കേസിലെ പ്രതിയായ മൂസ എന്നയാളെ അറസ്റ്റ് ചെയ്തിട്ടുമുണ്ട്.

(സി) കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിനും നടപടികൾ സ്വീകരിക്കുന്നതിനും ആധുനിക സങ്കേതങ്ങളൊരുക്കുന്നതിന് ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കുന്ന പദ്ധതികളെന്തെല്ലാമാണ്; വിശദമാക്കാമോ?

കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിനായി സംസ്ഥാനത്തെ പ്രധാന കേന്ദ്രങ്ങളിലും ജില്ലാതിർത്തികളിലും ആട്ടോമേറ്റഡ് നമ്പർ പ്ലേറ്റ് റിക്കഗ്നിഷൻ (ANPR) ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ കേരള പോലീസ്

സേനയിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തുന്നതിന്റെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട പോലീസുദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഡെഡിക്കേറ്റഡ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ടീം രൂപീകരിക്കുകയും പ്രസ്തുത ടീമിന് ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആൻഡ് മാനേജ്മെന്റ് ഇൻ കേരള നടത്തുന്ന ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആൻഡ് ഡാറ്റ അനലിറ്റിക്സ് കോഴ്സിൽ പങ്കെടുക്കുന്നതിനുള്ള അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ശാസ്ത്രീയമായി കുറ്റകൃത്യങ്ങൾ തെളിയിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് എല്ലാ റവന്യൂ ജില്ലകളിലും ജില്ലാതല ഫോറൻസിക് ലാബുകൾ ആരംഭിച്ചിട്ടുണ്ട്. ആധുനിക സാങ്കേതികവിദ്യയുടെ വരവോടെ സൈബർ കുറ്റകൃത്യങ്ങൾ വർദ്ധിച്ചിട്ടുള്ളതും കുറ്റകൃത്യങ്ങൾ ചെയ്യുന്നതിനായി ആധുനിക സാങ്കേതികവിദ്യ വലിയ തോതിൽ ഉപയോഗിച്ചുവരുന്നുമുണ്ട്. ഇത്തരം കുറ്റകൃത്യങ്ങൾ തടയുന്നതിനായി സംസ്ഥാനത്ത് കണ്ണൂർ റൂറൽ ഒഴികെയുള്ള എല്ലാ പോലീസ് ജില്ലകളിലും സൈബർ പോലീസ് സ്റ്റേഷൻ സ്ഥാപിച്ചിട്ടുണ്ട്. ഇതുമൂലം സൈബർ ക്രൈം കേസുകളുടെ അന്വേഷണം

കാര്യക്ഷമമായിട്ടുണ്ട്. കൂടാതെ സൈബർ ഡോം, ഹൈ-ടെക് ക്രൈം എൻക്വയറി സെൽ എന്നിവയും സൈബർ കുറ്റാന്വേഷണത്തിനാവശ്യമായ സഹായങ്ങൾ നൽകിവരുന്നുണ്ട്.

## മലപ്പുറം ജില്ലയിൽ രജിസ്റ്റർ ചെയ്ത പോലീസ് കേസുകൾ

101 (101) ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ വിവിധ പോലീസ് സ്റ്റേഷനുകളിൽ 2022 ജനുവരി മുതൽ 2023 ജൂലൈ 15 വരെ രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം, പോലീസ് സ്റ്റേഷൻ, മാസം, ഒരോ കേസുകളിലും ഉൾപ്പെട്ട പ്രതികളുടെ എണ്ണം എന്നിവ തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

മലപ്പുറം ജില്ലയിലെ വിവിധ പോലീസ് സ്റ്റേഷനുകളിലായി 2022 ജനുവരി മുതൽ 2023 ജൂലൈ 15 വരെ 52275 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആയതിൽ 68698 പ്രതികളുൾപ്പെട്ടിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത കാലയളവിൽ ഗുരുതര കുറ്റകൃത്യങ്ങളിലുൾപ്പെട്ട എത്ര കേസുകളിലായി എത്ര പേർക്കെതിരെ കേസെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

പ്രസ്തുത കാലയളവിൽ ഗുരുതര കുറ്റകൃത്യങ്ങളിലുൾപ്പെട്ട 830 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആയതിൽ 1067 പ്രതികളുൾപ്പെട്ടിട്ടുണ്ട്.

(സി) പ്രസ്തുത കാലയളവിൽ രാഷ്ട്രീയ പാർട്ടികളുടെ പ്രകടനം, സമരം എന്നിവയെത്തുടർന്ന് എത്ര കേസുകളിലായി എത്ര പേർക്കെതിരെ കേസെടുത്തിട്ടുണ്ട്?

പ്രസ്തുത കാലയളവിൽ രാഷ്ട്രീയ പാർട്ടികളുടെ പ്രകടനം, സമരം എന്നിവയെത്തുടർന്ന് 415 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആയതിൽ 4547 പ്രതികളുൾപ്പെട്ടിട്ടുണ്ട്.

**പോലീസ് സേനയ്ക്ക് ലഭിച്ച അംഗീകാരങ്ങൾ**

102 (102) <u>ശ്രീമതി യു. പ്രതിഭ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 മേയ് മുതൽ 2016 മേയ് വരെ സംസ്ഥാന പോലീസ് സേനയ്ക്ക് ലഭിച്ച അവാർഡുകളും അംഗീകാരങ്ങളും എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

2011 മേയ് മുതൽ 2016 മേയ് വരെ സംസ്ഥാന പോലീസ് സേനയ്ക്ക് ലഭിച്ച അംഗീകാരങ്ങളുടെ ലഭ്യമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

• ചീഫ് മിനിസ്റ്റേഴ്സ് അവാർഡ് ഫോർ ഇന്നൊവേഷൻ ഇൻ പബ്ലിക് പോളിസി – 2012

• ഫിക്കി സ്മാർട്ട് പോലീസിംഗ് അവാർഡ് 2016 - ഫോർ ദി ഇന്നൊവേഷൻ ഓഫ് സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്.

(ബി) 2016 മേയ് മുതൽ ഇതുവരെ പോലീസ് സേനയ്ക്ക് ലഭിച്ചിട്ടുള്ള അവാർഡുകളും അംഗീകാരങ്ങളും എന്തൊക്കെയാണെന്ന് പ്രത്യേകം വിശദമാക്കാമോ?

• സംസ്ഥാനത്ത് ഐ.എസ്.ഒ. അംഗീകാരം ലഭിക്കുന്ന ആദ്യ എസ്.പി. ഓഫീസായി കൊല്ലം ജില്ലാ പോലീസ് ഓഫീസ് തെരഞ്ഞെടുക്കപ്പെട്ടു. ഓഫീസ് നിർവ്വഹണത്തിലെ മികവിനും ദൈനംദിന പ്രവർത്തനങ്ങളിൽ

ഉയർന്ന നിലവാരം കാത്തുസൂക്ഷിക്കുന്നതിനുമാണ് ഐ.എസ്.ഒ. 9001-2017 സർട്ടിഫിക്കേഷൻ നൽകിവരുന്നത്.

• ഒരു സ്വതന്ത്ര സംഘടന നൽകുന്ന രാജ്യത്തെ ഏറ്റവും ഉയർന്ന അംഗീകാരമാണ് സ്കോച്ച് അവാർഡ്. 2019-ൽ കേരള പോലീസിലെ വെർച്വൽ ക്യൂ, ഇ-വി.ഐ.പി., വാട്ട്സ്ആപ്പ് സിസ്റ്റം എന്നീ പദ്ധതികൾക്കാണ് അവാർഡ് ലഭിച്ചത്. കേരളത്തിലെ മഹാപ്രളയത്തിൽ കാര്യക്ഷമമായി രക്ഷാപ്രവർത്തനങ്ങൾ നടത്തിയതിനാണ് (ജലരക്ഷ-2018) SKOCH GOLD അവാർഡ് കേരള പോലീസ് കരസ്ഥമാക്കിയത്. സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി, ഹോപ്പ് പദ്ധതി, പിങ്ക് പോലീസ് പട്രോൾ എന്നിവയ്ക്ക് 2018-ലെ SKOCH ഓർഡർ ഓഫ് മെരിറ്റ് അവാർഡ് കരസ്ഥമാക്കി.

• 2016-ലെ Elets Digital India Knowledge Summit-ൽ ഏറ്റവും മികച്ച പദ്ധതികളിലൊന്നായി കേരള പോലീസ് സൈബർഡോം തെരഞ്ഞെടുക്കപ്പെട്ടു. കൂടാതെ 2018-ലെ SKOCH സിൽവർ അവാർഡ്, 2019-ൽ SKOCH ഓർഡർ ഓഫ് മെരിറ്റ് അവാർഡ്, ഐ.എസ്.എൽ.എ. (ഇൻഫർമേഷൻ സെക്യൂരിറ്റി ലീഡർഷിപ്പ് അവാർഡ്), 2018-ൽ

കെ7-സെക്യൂരിറ്റി മെഡൽ ഓഫ് ഹോണർ അവാർഡ്, 2019-ലെ സിസോ മാഗ് അവാർഡിലെ ഏറ്റവും മികച്ച ഡിജിറ്റൽ ഇനിഷ്യേറ്റീവ് അവാർഡ്, 2019-ലെ ബിസിനസ് വേൾഡ് ഡിജിറ്റൽ ഇന്ത്യ അവാർഡ് എന്നിങ്ങനെ നിരവധി അംഗീകാരങ്ങൾ സൈബർ ഡോമിന് ലഭിച്ചിട്ടുണ്ട്.

• 2018-ൽ യു.എ.ഇ.-യിലെ ദുബായിൽ വച്ചുനടന്ന World Government Summit-ൽ യു.എൻ., യു.എസ്.എ. എന്നിവയുടെ ഗെയിമിംഗ് ആപ്പുകളെ പിന്നിലാക്കി ഏറ്റവും മികച്ച ഗതാഗത ബോധവൽക്കരണ ഗെയിം ആയി 'ട്രാഫിക് ഗുരു' എന്ന ഗെയിമിംഗ് ആപ്പ് തെരഞ്ഞെടുക്കപ്പെട്ടു.

• കേരള പോലീസ് നടപ്പിലാക്കിയ 'SOFT' പദ്ധതിക്ക് (Save Our Fellow Traveller), 2017-ലെ നഗരകാര്യമന്ത്രാലയം, ഭാരതസർക്കാർ ഏർപ്പെടുത്തിയ അവാർഡ് ലഭിച്ചു.

• ഇലെറ്റ്സ് ടെക്നോ മീഡിയ പ്രൈവറ്റ് ലിമിറ്റഡ് നൽകുന്ന ഇലെറ്റ്സ് അവാർഡ് ഓഫ് എക്സലൻസ് 2020 കേരള പോലീസ് സൈബർഡോം കരസ്ഥമാക്കി. ഇന്ത്യയിലെ ഏറ്റവും മികച്ച സൈബർ സുരക്ഷാ ഏജൻസി ആയി സൈബർഡോം തെരഞ്ഞെടുക്കപ്പെട്ടു.

• 2019-20-ൽ പാസ്സ്പോർട്ട് വെരിഫിക്കേഷൻ കൃത്യതയിലെ മികവിന് കേരള പോലീസിന് ദേശീയ അംഗീകാരം ലഭിക്കുകയുണ്ടായി. 'പാസ്സ്പോർട്ട് സേവാ ദിവസ്'' ആഘോഷത്തിന്റെ ഭാഗമായി പാസ്സ്പോർട്ട് വെരിഫിക്കേഷൻ നടത്തുന്നതിലെ പ്രവർത്തന മികവ് അടിസ്ഥാനമാക്കി കഴിഞ്ഞ വർഷവും കേരള പോലീസ് ഈ അവാർഡ് കരസ്ഥമാക്കി.

• സമൂഹ മാധ്യമവേദികളിൽ സാമ്പ്രദായിക ബോധവൽക്കരണ പരിപാടികളിൽനിന്നും വിഭിന്നമായി കേരള പോലീസിന്റെ സോഷ്യൽ മീഡിയ സെൽ നടത്തിവരുന്ന വേറിട്ട ബോധവൽക്കരണ പരിപാടികളും സമ്പർക്ക പരിപാടികളും അടിസ്ഥാനമാക്കി സംസ്ഥാന ഗവൺമെന്റിന്റെ ഇ-ഗവേണൻസ് അവാർഡ് വിഭാഗത്തിൽ കേരള പോലീസിന്റെ സോഷ്യൽ മീഡിയ സെല്ലിന് ഒന്നാം സമ്മാനം ലഭിക്കുകയുണ്ടായി.

• ഡിജിറ്റൽ പ്ലാറ്റ്ഫോം മുഖേന നടത്തുന്ന പോലീസ് സംരംഭങ്ങൾക്ക് കേരള പോലീസ് സൈബർഡോമിന് സംസ്ഥാന സർക്കാരിന്റെ ഇ-ഗവേണൻസ് അവാർഡ് ലഭ്യമായി.

• കോവിഡ്-19 മഹാമാരി കാലത്ത് പ്രചോദനാത്മകവും പരിവർത്തനാത്മകവുമായ പ്രകടനം കാഴ്ചവച്ചതിന് കേരള പോലീസിന് സ്കോച്ച് അവാർഡ് ലഭിക്കുകയുണ്ടായി.

• നിയമനിർവ്വഹണ ഏജൻസികൾക്ക് കാര്യക്ഷമത പരിപോഷണത്തിനായി മികച്ച പ്രവർത്തനം കാഴ്ചവച്ചതിന് കേരള പോലീസ് സൈബർഡോമിന് 2020-ലെ ഡാറ്റാ സെക്യൂരിറ്റി കൗൺസിൽ ഓഫ് ഇന്ത്യയുടെ എക്സലൻസ് അവാർഡ് ലഭിച്ചു.

• ജനകീയ പോലീസ് പദ്ധതികളോടൊപ്പം ശിശുസൗഹൃദ പോലീസ് സ്റ്റേഷൻ പദ്ധതിയും വിജയകരമായി നടപ്പിലാക്കിയതിന് കോഴിക്കോട് സിറ്റിയിലെ കോഴിക്കോട് ടൗൺ പോലീസ് സ്റ്റേഷന് ISO 9001 : 2005 അംഗീകാരം ലഭിക്കുകയുണ്ടായി.

• പത്തനംതിട്ട ജില്ലയിൽ പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ ISO അംഗീകാരം ലഭിക്കുന്ന ആദ്യ സ്റ്റേഷനായി എരുമേലി പോലീസ് സ്റ്റേഷൻ മാറി.

• 2016-17-ൽ നോൺ ഗസറ്റഡ് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്ന ദക്ഷിണ മേഖലയിലെ ഏറ്റവും മികച്ച പരിശീലന കേന്ദ്രമായി തൃശ്ശൂരിലെ കേരള പോലീസ് അക്കാദമി തെരഞ്ഞെടുക്കപ്പെട്ടു. കേന്ദ്ര ആഭ്യന്തര മന്ത്രാലയമാണ് ഈ അവാർഡ് ഏർപ്പെടുത്തിയിട്ടുള്ളത്.

• കോപ്സ് ടുഡേ ഇന്റർനാഷണൽ എന്ന ജേണൽ ഏർപ്പെടുത്തിയ 2017-ലെ പോലീസ് എക്സലൻസ് അവാർഡ് ജനമൈത്രി പോലീസിന് ലഭിച്ചു.

• കേന്ദ്ര ആഭ്യന്തര മന്ത്രാലയം നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ 2018-ലെ രാജ്യത്തെ ഏറ്റവും മികച്ച 10 പോലീസ് സ്റ്റേഷനുകളിൽ ഒന്നായി വളപട്ടണം പോലീസ് സ്റ്റേഷൻ തെരഞ്ഞെടുക്കപ്പെട്ടു.

• കേന്ദ്ര ആഭ്യന്തര മന്ത്രാലയം നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ 2019-ലെ രാജ്യത്തെ ഏറ്റവും മികച്ച 10 പോലീസ് സ്റ്റേഷനുകളിലൊന്നായി ഒല്ലൂർ പോലീസ് സ്റ്റേഷൻ തെരഞ്ഞെടുക്കപ്പെട്ടു.

• കേരള പോലീസിലെ 'കൗണ്ടർ ചൈൽഡ് സെക്ഷ്വൽ എക്സ്പ്ലോയിറ്റേഷൻ സെന്റർ', 'എമർജൻസി റെസ്പോൺസ് സപ്പോർട്ട്

സിസ്റ്റം' എന്നിവയ്ക്ക് സ്മാർട്ട് പോലീസിംഗിനുള്ള അംഗീകാരമായ FICCI അവാർഡ് ലഭിച്ചു.

• കേരള വനം, വന്യജീവി വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ള വനമിത്ര അവാർഡ് കൊല്ലം കോസ്റ്റൽ പോലീസിന് ലഭിച്ചു.

• ക്രമസമാധാന പാലനം, കുറ്റകൃത്യനിയന്ത്രണം, വി.ഐ.പി. സുരക്ഷ എന്നീ മേഖലകളിലെ പ്രവർത്തന മികവിന് കണ്ണൂർ സിറ്റിയിലെ ചക്കരക്കൽ പോലീസ് സ്റ്റേഷന് ഐ.എസ്.ഒ. സർട്ടിഫിക്കറ്റ് ലഭിച്ചു.

• 2019-ലെ സംസ്ഥാനത്തെ ഏറ്റവും മികച്ച പോലീസ് സ്റ്റേഷനുള്ള മുഖ്യമന്ത്രിയുടെ ട്രോഫി പത്തനംതിട്ട, മണ്ണുത്തി എന്നീ പോലീസ് സ്റ്റേഷനുകൾ പങ്കിട്ടു. രണ്ടാം സ്ഥാനം പാമ്പാടി പോലീസ് സ്റ്റേഷനും മൂന്നാം സ്ഥാനം തമ്പാനൂർ പോലീസ് സ്റ്റേഷനും ലഭിച്ചു.

•ഇന്ത്യൻ പോലീസ് ഫൗണ്ടേഷൻ നടത്തിയ സർവ്വേ പ്രകാരം അഴിമതിയില്ലാത്ത പോലീസ് സേനയെന്ന ബഹുമതി കേരള പോലീസിന് ലഭിച്ചു.

•2020-21-ലെ നാഷണൽ ഇ-ഗവേണൻസ് അവാർഡ് കേരള പോലീസിലെ സോഷ്യൽ മീഡിയ സെല്ലിനും സൈബർഡോമിനും ലഭിച്ചു.

• സൈബർ കുറ്റകൃത്യങ്ങൾ കാര്യക്ഷമമായി നിയന്ത്രിക്കുന്നതിൽ മികച്ച പ്രവർത്തനം കാഴ്ചവച്ചതിന് സൈബർ ഡോമിന് ഐ.എസ്.ഒ. അംഗീകാരം ലഭിച്ചു.

•കൊല്ലം നീണ്ടകര കോസ്റ്റൽ പോലീസ് സ്റ്റേഷന്റെ ഹരിത സംരംഭങ്ങൾക്കുള്ള അംഗീകാരമായി കേരള വനം, വന്യജീവി വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ള ജൈവ വൈവിദ്ധ്യ അവാർഡ് ലഭിക്കുകയുണ്ടായി.

•കുറ്റകൃത്യങ്ങളുടെ കണ്ടെത്തലും പ്രതിരോധവും ക്രമസമാധാനപാലനം, പൊതുസമൂഹത്തിൽ ശാന്തിയും സമാധാനവും സ്ഥാപിക്കൽ, മറ്റ് പോലീസിംഗ് പ്രവർത്തനങ്ങൾ എന്നിവ കണക്കിലെടുത്ത് ഇടുക്കി ജില്ലയിലെ മുട്ടം പോലീസ് സ്റ്റേഷന് ഐ.എസ്.ഒ. 9001: 2015 സർട്ടിഫിക്കേഷൻ ലഭിച്ചു.

•2020-21-ലെ ദേശീയ ഇ-ഗവേണൻസ് അവാർഡിൽ 6-mw വിഭാഗമായ കോവിഡ്-19 നിയന്ത്രിക്കുന്നതിൽ വിവര സാങ്കേതികവിദ്യയുടെ

ഉപയോഗം എന്നതിൽ കേരള പോലീസിന്റെ സോഷ്യൽ മീഡിയ സെല്ലിൽ നടത്തുന്ന കോവിഡ് പദ്ധതികൾക്ക് 'ഗോൾഡ്' അംഗീകാരം ലഭിച്ചു.

• കോവിഡ്-19 മഹാമാരിക്കാലത്ത് ആരോഗ്യ വകുപ്പുമായി ചേർന്ന് നടത്തിയ പ്രവർത്തന മികവിന് ആലപ്പുഴ ജില്ലയിൽ ഐ.എസ്.ഒ. അംഗീകാരം ലഭിക്കുന്ന ആദ്യ സ്റ്റേഷനായി മാരാരിക്കുളം പോലീസ് സ്റ്റേഷൻ മാറി.

• കുറ്റകൃത്യങ്ങളുടെ കണ്ടെത്തലും പ്രതിരോധവും ക്രമസമാധാന പാലനം, പൊതുജനങ്ങൾക്കായി ആധുനിക സൗകര്യങ്ങളൊരുക്കുക, ഹരിത പ്രോട്ടോക്കോൾ, കൃഷി, വിദ്യാഭ്യാസം, മറ്റ് സേവനങ്ങൾ എന്നിവയിലെ മികവിന് തൃശ്ശൂർ റൂറൽ ജില്ലയിലെ കൊരട്ടി പോലീസ് സ്റ്റേഷന് ഐ.എസ്.ഒ. 9001: 2018 സർട്ടിഫിക്കറ്റ് ലഭിച്ചു.

• ശാസ്താംകോട്ട, ചവറ, കോഴിക്കോട് ടൗൺ, എരുമേലി, ചക്കരയ്ക്കൽ, മുട്ടം, മരാരിക്കുളം, കൊരട്ടി എന്നീ പോലീസ് സ്റ്റേഷനുകൾക്ക് ഐ.എസ്.ഒ. സർട്ടിഫിക്കറ്റ് ലഭിച്ചു.

• 2021-ലെ സംസ്ഥാനത്തെ ഏറ്റവും മികച്ച പോലീസ് സ്റ്റേഷനായി പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം പോലീസ് സ്റ്റേഷൻ കേന്ദ്ര ആഭ്യന്തര മന്ത്രാലയം തെരഞ്ഞെടുത്തു.

• 2011-ൽ പോലീസിന്റെ ഔദ്യോഗിക ഇൻസ്റ്റഗ്രാം അക്കൗണ്ട് ഒരു മില്ല്യൻ ഫോളോവേഴ്സ് എന്ന അസാധാരണ നേട്ടത്തിന് അർഹമായി. ഈ മേഖലയിലെ ന്യൂയോർക്ക് പോലീസിന്റെയും ഇന്റർപോളിന്റെയും റെക്കോർഡുകൾ ഭേദിച്ചുകൊണ്ടാണ് കേരള പോലീസ് ഈ നേട്ടം കൈവരിച്ചത്.

• തൃശ്ശൂർ സിറ്റി പോലീസ് ജില്ലയിലെ മണ്ണുത്തി പോലീസ് സ്റ്റേഷന് ഐ.എസ്.ഒ. 9001:2015 പുരസ്കാരം ലഭിക്കുകയുണ്ടായി. ഐ.എസ്.ഒ. 9001-2015 സർട്ടിഫിക്കേഷൻ ലഭിക്കുന്ന തൃശ്ശൂർ സിറ്റി ജില്ലയിലെ ആദ്യ പോലീസ് സ്റ്റേഷനാണ് മണ്ണുത്തി. കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിലും തടയുന്നതിലുമുള്ള മികവ്, കൃത്യമായ ക്രമസമാധാനപാലനം, മയക്കുമരുന്ന് വിൽപ്പനയും ഉപയോഗവും കണ്ടെത്തി തടയുന്നതിലുള്ള മികവ്, ആധുനിക

സംവിധാനങ്ങൾ ഉപയോഗിച്ചുള്ള പൊതുജനസേവനം എന്നിവ അവാർഡിന് പരിഗണിച്ചു.

• തിരുവനന്തപുരത്ത് പിരപ്പൻകോട് ഡോ. ബി. ആർ. അംബേദ്കർ അന്താരാഷ്ട്ര സ്വിമ്മിംഗ് കോംപ്ലക്സിൽ സമാപിച്ച ആൾ ഇന്ത്യ പോലീസ് അക്വാട്ടിക് ചാമ്പ്യൻഷിപ്പിൽ സംസ്ഥാന പോലിസ് വിഭാഗത്തിൽ കേരള പോലീസ് ഒന്നാം സ്ഥാനം കരസ്ഥമാക്കി.

• കേരള പോലീസ് ഡ്രോൺ ഫോറൻസിക് ലാബ് & റിസർച്ച് സെന്ററിന് 2022-ലെ ടെക്നോളജി സഭ അവാർഡ് ലഭിച്ചു.

• കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിനുകീഴിലുള്ള സെൻട്രൽ ഫിംഗർപ്രിന്റ് ബ്യൂറോ നടത്തിയ സ്മാർട്ട് യൂസ് ഓഫ് ഫിംഗർപ്രിന്റ് സയൻസ് ഇൻ ഇൻവെസ്റ്റിഗേഷൻ മത്സരത്തിൽ കേരള പോലീസിന് മൂന്നാം സ്ഥാനം ലഭിച്ചു. ആലപ്പുഴ വെൺമണി ഇരട്ടക്കൊലപാതക കേസ് തെളിയിച്ചതിൽ വിരലടയാള വിദഗ്ധരുടെ വൈദഗ്ധ്യം വിലയിരുത്തിയാണ് പുരസ്കാരം നൽകിയത്.

• 2022-ലെ രാജപ്രമുഖൻ ചമ്പക്കുളം മൂലം വള്ളംകളിയിൽ കേരള പോലീസ് ടീം ജേതാക്കളായി.

**മാധ്യമ പ്രവർത്തകർക്കെതിരെയുള്ള കേസുകൾ**

103 (103) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെയും നിലവിലെ സർക്കാരിന്റെയും കാലത്ത് സംസ്ഥാനത്ത് എത്ര മാധ്യമ പ്രവർത്തകർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഏതെല്ലാം കുറ്റങ്ങൾ ആരോപിച്ചാണ് കേസ്സെടുത്തിട്ടുള്ളത്; വിശദമാക്കുമോ?

വിവരം ശേഖരിച്ചുവരുന്നു.

(ബി) പ്രസ്തുത കാലയളവിൽ സർക്കാരിനെതിരെ വാർത്തകൾ റിപ്പോർട്ട് ചെയ്തതിന് മാധ്യമ പ്രവർത്തകർക്കെതിരെ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടോ; വ്യക്തമാക്കുമോ?

സർക്കാരിനെതിരെ വാർത്തകൾ റിപ്പോർട്ട് ചെയ്തതിന്റെ പേരിൽമാത്രം മാധ്യമ പ്രവർത്തകർക്കെതിരെ കേസുകൾ രജിസ്റ്റർ ചെയ്തിട്ടില്ല.

(സി) മാധ്യമങ്ങൾക്കും മാധ്യമ സ്വാതന്ത്ര്യത്തിനുമെതിരെ നടപടി സ്വീകരിക്കുന്നത് ജനാധിപത്യവിരുദ്ധവും ഭരണഘടനാ ലംഘനവുമാണെന്ന തരത്തിലുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

മാധ്യമങ്ങളുടെ ജനാധിപത്യ അവകാശങ്ങൾക്കും മാധ്യമ സ്വാതന്ത്ര്യത്തിനുമെതിരെ നടപടി സ്വീകരിക്കുന്നതിന് സർക്കാർ എതിരാണ്.

**വയനാട് മുട്ടിൽ മരംമുറി കേസ്**

104 (104) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് മുട്ടിൽ മരംമുറി കേസിന്റെ നിലവിലെ അവസ്ഥയെന്താണെന്ന് വിശദമാക്കുമോ; പ്രസ്തുത കേസിൽ എത്ര പ്രതികളുൾപ്പെട്ടിട്ടുണ്ടെന്നും അവർ ആരെല്ലാമാണെന്നും വിശദമാക്കുമോ?

വയനാട് മുട്ടിൽ അനധികൃതമായി മരം മുറിച്ചുകടത്തിയ സംഭവവുമായി ബന്ധപ്പെട്ട് വയനാട് ജില്ലയിലെ മീനങ്ങാടി, മേപ്പാടി എന്നീ പോലീസ്

സ്റ്റേഷനുകളിലായി രജിസ്റ്റർ ചെയ്ത 6 കേസുകളിന്മേൽ അന്വേഷണം നടന്നുവരുന്നു. ടി കേസിലുൾപ്പെട്ട പ്രതികളുടെ വിവരം ചുവടെ ചേർക്കുന്നു.

1) മീനങ്ങാടി പി.എസ്. ക്രൈം നം.281/2021 U/s 406,409,420, 468, 471, 212 r/w 34 IPC Sec. 3 (1) of PDPP Act & Sec. 10 of KLC Act. കേസിലെ പ്രതികൾ:- റോജി അഗസ്റ്റിൻ, ജോസ് കുട്ടി അഗസ്റ്റിൻ, ആന്റോ അഗസ്റ്റിൻ, വിനീഷ് എം. എസ്., ചാക്കോ @ തങ്കച്ചൻ, സുരേഷ്, അജി കെ. കെ., സിന്ധു കെ. ഒ., അബ്ദുൾ നാസർ എൻ., രവി, അബൂബക്കർ, മനോജ് കെ. ആർ.

2) മീനങ്ങാടി പി.എസ്. ക്രൈം. നം. 319/2021 U/s 420,426 IPC ടി കേസിലെ പ്രതികൾ:- ബിനേഷ് പി. ജെ., റോജി അഗസ്റ്റിൻ, മനോജ് കെ. ആർ.

3) മീനങ്ങാടി പി.എസ് ക്രൈം. നം..400/2021,U/s 406, 426,r/w 34 IPC & Sec 3(1) of PDPP Act കേസിലെ പ്രതികൾ:- റോജി അഗസ്റ്റിൻ, നാസർ.

4) മീനങ്ങാടി പി.എസ് ക്രൈം. നം.589/2021 U/s 406,426,379 r/w 34 IPC, Sec 7(a) of KLC Act and Sec 3(1) of PDPP Act കേസിലെ പ്രതികൾ:- ടി.പി. തോമസ്, ബാബു, വൽസ ബാബു, ഏലിയാസ്.

5) മേപ്പാടി പി.എസ്. ക്രൈം. നം. 296/2021 U/s 406,426IPC 3(1) of PDPP Act കേസിലെ പ്രതികൾ:- സുഹറ, അബ്ദുൾ ഷരീഫ്.

6) മേപ്പാടി പി.എസ് ക്രൈം. നം. 297/2021 U/s 406,426 IPC, 3(1) of PDPP Act കേസിലെ പ്രതികൾ:- റോജി അഗസ്റ്റിൻ, ജോസ് കുട്ടി അഗസ്റ്റിൻ, ആന്റോ അഗസ്റ്റിൻ.

(ബി) പ്രസ്തുത കേസിൽ നാളിതുവരെയും കുറ്റപത്രം സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ?

മീനങ്ങാടി പോലീസ് സ്റ്റേഷൻ ക്രൈം നം. 281/2021 എന്ന കേസിൽ അനധികൃതമായി മുറിച്ചുകടത്തിയ വീട്ടി മരത്തിന്റെ ഡി.എൻ.എ. സർട്ടിഫിക്കറ്റും പ്രായം നിർണ്ണയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റും ലഭിച്ചിട്ടുണ്ട്. ടി കേസിൽ കുറ്റപത്രം സമർപ്പിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു. ബാക്കിയുള്ള കേസുകളിലേയ്ക്ക് കേരള ഫോറസ്റ്റ്

ഇൻസ്റ്റിറ്റ്യൂട്ടിൽനിന്നും കേസിലുൾപ്പെട്ട വീട്ടി മരത്തിന്റെ പ്രായനിർണ്ണയ സർട്ടിഫിക്കറ്റ്, വനം വകുപ്പിൽനിന്നുള്ള വിലനിർണ്ണയ സർട്ടിഫിക്കറ്റ് എന്നിവ ലഭിക്കുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**മുട്ടിൽ മരം മുറി കേസ് പ്രതികൾ**

105 (105) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുട്ടിൽ മരം മുറി കേസിലെ പ്രതികളായ ആന്റോ അഗസ്റ്റിൻ, ജോസ് കുട്ടി അഗസ്റ്റിൻ, റോജി അഗസ്റ്റിൻ എന്നിവർക്കെതിരെ ഏതെല്ലാം പോലീസ് സ്റ്റേഷനുകളിൽ കേസുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ?

മുട്ടിൽ മരംമുറി കേസിലെ പ്രതികളായ ആന്റോ അഗസ്റ്റിൻ, ജോസ് കുട്ടി അഗസ്റ്റിൻ, റോജി അഗസ്റ്റിൻ എന്നിവർക്കെതിരെ വയനാട് ജില്ലയിലെ കൽപ്പറ്റ മേപ്പാടി, മീനങ്ങാടി പോലീസ് സ്റ്റേഷനുകളിൽ കേസുകൾ നിലവിലുണ്ട്.

(ബി) ഓരോ പ്രതിയുടെയും പേരിലുള്ള ക്രൈം കേസുകളുടെ വിവരങ്ങൾ, കേസ് നമ്പർ, ചുമത്തിയിരിക്കുന്ന വകുപ്പുകൾ എന്നിവ ഏതെല്ലാമെന്ന്

വ്യക്തമാക്കാമോ; പ്രസ്തുത കേസുകളിൽ എത്രയെണ്ണത്തിൽ കുറ്റപത്രം നൽകിയിട്ടുണ്ടെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ?

ആന്റോ അഗസ്റ്റിൻ, ജോസ് കുട്ടി അഗസ്റ്റിൻ, റോജി അഗസ്റ്റിൻ എന്നിവരുടെ പേരിൽ മുട്ടിൽ മരം മുറിയുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത അന്വേഷണാവസ്ഥയിലുള്ള കേസുകളുടെ വിവരം ചുവടെ ചേർക്കുന്നു. ടി കേസുകളെല്ലാം അന്വേഷണാവസ്ഥയിലാണ്.

(1) മീനങ്ങാടി പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ Cr.No.281/21 U/s 406, 409, 420, 468, 471, 212 r/w 34 IPC, Sec 3(1) of PDPP Act and Sec 10 of KLC Act.

1. റോജി അഗസ്റ്റിൻ s/o അഗസ്റ്റിൻ, മൂങ്ങനാനിയിൽ വീട്, വാഴവറ്റ (പി.ഒ.), മുട്ടിൽ അംശം.

2. ജോസ് കുട്ടി അഗസ്റ്റിൻ s/o അഗസ്റ്റിൻ, മൂങ്ങനാനിയിൽ വീട്, വാഴവറ്റ (പി. ഒ.), മുട്ടിൽ അംശം.

3. ആന്റോ അഗസ്റ്റിൻ s/o അഗസ്റ്റിൻ, മൂങ്ങനാനിയിൽ വീട്, വാഴവറ്റ (പി. ഒ.), മുട്ടിൽ അംശം.

(2) <u>മീനങ്ങാടി പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 319/21 U/s 420, 426 IPC</u>

1. റോജി അഗസ്റ്റിൻ s/o അഗസ്റ്റിൻ, മൂങ്ങനാനിയിൽ വീട്, വാഴവറ്റ (പി. ഒ.), മുട്ടിൽ അംശം.

(3) <u>മീനങ്ങാടി പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 400/21, U/s 406, 426 r/w 34 IPC and Sec 3(1) of PDPP Act</u>

1. റോജി അഗസ്റ്റിൻ s/o അഗസ്റ്റിൻ, മൂങ്ങനാനിയിൽ വീട്, വാഴവറ്റ (പി. ഒ.), മുട്ടിൽ അംശം.

(4) <u>മേപ്പാടി പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ. 297/2021 U/s 406,426 r/w 34 IPC 3(1) of PDPP Act</u>

1. റോജി അഗസ്റ്റിൻ s/o അഗസ്റ്റിൻ, മൂങ്ങനാനിയിൽ വീട്, വാഴവറ്റ, മുട്ടിൽ.

2. ജോസ് കുട്ടി അഗസ്റ്റിൻ s/o അഗസ്റ്റിൻ മൂങ്ങനാനിയിൽ വീട്, വാഴവറ്റ, മുട്ടിൽ.

3. ആന്റോ അഗസ്റ്റിൻ s/o അഗസ്റ്റിൻ, മൂങ്ങനാനിയിൽ വീട്, വാഴവറ്റ, മുട്ടിൽ.

മേൽപ്പറഞ്ഞ കേസുകൾ കൂടാതെ ടി പ്രതികൾക്കെതിരെ മീനങ്ങാടി, കൽപ്പറ്റ, മേപ്പാടി എന്നീ പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്ത് കുറ്റപത്രം സമർപ്പിച്ച കേസുകളുടെ വിവരം ചുവടെ ചേർക്കുന്നു.

ആന്റോ അഗസ്റ്റിൻ എന്നയാൾക്കെതിരെ മീനങ്ങാടി പോലീസ് സ്റ്റേഷനിൽ താഴെപ്പറയുന്ന 8 കേസുകളും കൽപ്പറ്റ പോലീസ് സ്റ്റേഷനിൽ ഒരു കേസും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

1. മീനങ്ങാടി പി.എസ്. ക്രൈം നം. 47/2005 U/s 341,294(b),353 r/w 34 IPC
2. മീനങ്ങാടി പി.എസ്. ക്രൈം. നം.242/2007 U/s 143,147,341,323 r/w 34 IPC
3. മീനങ്ങാടി പി.എസ്. ക്രൈം നം. 89/2016 U/s 447,506 r/w 34 IPC
4. മീനങ്ങാടി പി.എസ്. ക്രൈം നം. 466/2016 U/s 308 r/w 34 IPC
5. മീനങ്ങാടി പി.എസ്. ക്രൈം നം. 460/2016 U/s 225(b),353 r/w 34 IPC.Sec 3(1) of PDPP Act.
6. മീനങ്ങാടി പി.എസ്. ക്രൈം നം. 528/2016 U/s 107 CrPC
7. മീനങ്ങാടി പി.എസ്. ക്രൈം നം. 293/2019 U/s 323,324 r/w 34 IPC
8. മീനങ്ങാടി പി.എസ്. ക്രൈം നം.49/2021 U/s 143,147,353 r/w 149 IPC
9. കൽപ്പറ്റ പി.എസ്. ക്രൈം നം. 648/2014 U/s 353,506(1)r/w 34 IPC.

ജോസ് കുട്ടി അഗസ്റ്റിൻ എന്നയാൾക്കെതിരെ മീനങ്ങാടി പോലീസ് സ്റ്റേഷനിൽ താഴെപ്പറയുന്ന 4 കേസുകളും കൽപ്പറ്റ പോലീസ് സ്റ്റേഷനിൽ ഒരു കേസും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

1. മീനങ്ങാടി പി.എസ്. ക്രൈം നം. 89/2016 U/s 447,506 r/w 34 IPC
2. മീനങ്ങാടി പി.എസ്. ക്രൈം നം. 466/2016 U/s 308 r/w 34 IPC
3. മീനങ്ങാടി പി.എസ്. ക്രൈം നം. 49/2021 U/s 143,147,353 r/w 149 IPC
4. മീനങ്ങാടി പി.എസ്. ക്രൈം നം. 293/2019 U/s 323,324 r/w 34 IPC
5. കൽപ്പറ്റ പി.എസ്. ക്രൈം നം 648/2014 U/s 353,506(1)r/w 34 IPC

റോജി അഗസ്റ്റിൻ എന്നയാൾക്കെതിരെ മീനങ്ങാടി പോലീസ് സ്റ്റേഷനിൽ താഴെപ്പറയുന്ന 3 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

1. മീനങ്ങാടി പി.എസ്. ക്രൈം നം. 47/2005 U/s 341, 294(b),353 r/w 34 IPC
2. മീനങ്ങാടി പി.എസ്. ക്രൈം നം. 89/2016 U/s 447, 506 r/w 34 IPC
3. മീനങ്ങാടി പി.എസ്. ക്രൈം നം. 293/2019 U/s 323, 324 r/w 34 IPC

(സി) പ്രസ്തുത പ്രതികൾക്കെതിരെ കാപ്പ ചുമത്താൻ ശിപാർശ നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

പ്രസ്തുത പ്രതികൾക്കെതിരെ കാപ്പ ചുമത്താൻ ശിപാർശ നൽകിയിട്ടില്ല.

**മാധ്യമ പ്രവർത്തകർക്കെതിരെയുള്ള കേസ്**

106 (106) ശ്രീ. റോജി എം. ജോൺ:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാർത്തകൾ റിപ്പോർട്ട് ചെയ്തതിന്റെ പേരിൽ മാധ്യമ പ്രവർത്തകർക്കെതിരെ കേസെടുത്ത സാഹചര്യം വിശദമാക്കാമോ?

വാർത്തകൾ റിപ്പോർട്ട് ചെയ്തതിന്റെ മാത്രം പേരിൽ മാധ്യമ പ്രവർത്തകർക്കെതിരെ കേസുകൾ രജിസ്റ്റർ ചെയ്തിട്ടില്ല.

(ബി) സർക്കാരിന് അനുകൂലമല്ലാത്ത വാർത്തകൾ റിപ്പോർട്ട് ചെയ്തതിന്റെ പേരിൽ മാധ്യമപ്രവർത്തകർക്കെതിരെ കേസെടുക്കുന്നത് നിയമാനുസൃതമാണോയെന്ന് വ്യക്തമാക്കാമോ?

ബാധകമല്ല.

(സി) ഭരണഘടന ഉറപ്പുനൽകുന്ന അഭിപ്രായ സ്വാതന്ത്ര്യത്തിന്റെയും മാധ്യമ സ്വാതന്ത്ര്യത്തിന്റെയും ലംഘനമായ ഇത്തരം നടപടികൾ അവസാനിപ്പിക്കാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കാമോ?

ഭരണഘടന ഉറപ്പുനൽകുന്ന അഭിപ്രായ സ്വാതന്ത്ര്യത്തിനും മാധ്യമ സ്വാതന്ത്ര്യത്തിനും അനുസൃതമായ നിയമപരമായ പ്രവർത്തനങ്ങളാണ് പോലീസ് നടത്തിവരുന്നത്.

**സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് (എസ്.പി.സി.) പദ്ധതി**

107 (107) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൂടുതൽ സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിൽ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് (എസ്.പി.സി.) പദ്ധതി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

2023-24 അദ്ധ്യയന വർഷത്തിലേയ്ക്ക് പുതുതായി സ്കൂളുകളിൽ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടില്ല. ആയത് പ്രസിദ്ധീകരിക്കുന്നമുറയ്ക്ക് സർക്കാർ, എയ്ഡഡ്

വിദ്യാലയങ്ങളിൽ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് (എസ്.പി.സി.) പദ്ധതി അനുവദിക്കുന്നതിനുള്ള അപേക്ഷകൾ സ്വീകരിക്കുന്നതാണ്.

(ബി) പുതുക്കാട് മണ്ഡലത്തിൽപ്പെട്ട മറ്റത്തൂർ പഞ്ചായത്തിലെ ശ്രീകൃഷ്ണ എച്ച്.എസ്.-ൽ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് (എസ്.പി.സി.) പദ്ധതി അനുവദിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷ പരിഗണിക്കുന്നതിനും ഈ അദ്ധ്യയന വർഷംതന്നെ ആയത് അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

പുതുക്കാട് മണ്ഡലത്തിൽപ്പെട്ട മറ്റത്തൂർ പഞ്ചായത്തിലെ ശ്രീകൃഷ്ണ ഹൈസ്കൂളിൽ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് യൂണിറ്റ് അനുവദിക്കുന്നതിനായി സ്കൂൾ അധികാരികളിൽനിന്നും 29-07-2023-ൽ ഒരു അപേക്ഷ ലഭിച്ചിട്ടുണ്ട്. 2023-24 അദ്ധ്യയന വർഷത്തിലേയ്ക്ക് സ്കൂളുകളിൽ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുന്നമുറയ്ക്ക് പ്രസ്തുത അപേക്ഷയിന്മേൽ ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

**കീഴാറ്റൂർ പഞ്ചായത്ത് ഓഫീസിന് തീവച്ച സംഭവം**

108 (108) <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി നിയോജകമണ്ഡലത്തിലെ കീഴാറ്റൂർ പഞ്ചായത്ത് ഓഫീസിന്  തീവച്ച സംഭവത്തിൽ കേസ്സെടുത്തിട്ടുണ്ടോ;

(ബി) ഇതുസംബന്ധിച്ച കേസ്സന്വേഷണം പൂർത്തിയായോ; നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

(എ&ബി) ഇക്കാര്യത്തിൽ മേലാറ്റൂർ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 581/2023 പ്രകാരം രജിസ്റ്റർ ചെയ്ത കേസിൽ അന്വേഷണം നടന്നുവരുന്നു. കേസിലെ പ്രതിയെ 21-06-2023-ൽ അറസ്റ്റ് ചെയ്ത് ബഹു<u>മാന</u>പ്പെട്ട കോടതി മുമ്പാകെ ഹാജരാക്കിയിട്ടുള്ളതുമാണ്.

**പോക്സോ, ബലാത്സംഗ കേസുകൾ**

109 (109) <u>ഡോ. മാത്യു കുഴൽനാടൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ എത്ര ബലാത്സംഗ കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; എത്ര കേസുകളിൽ മുഴവൻ പ്രതികളെയും പിടികൂടിയിട്ടുണ്ട്; എത്ര കേസുകളിൽ പ്രതികൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ട്; എത്ര കേസുകളിൽ പ്രതികളെ വെറുതെ വിട്ടിട്ടുണ്ട്; വിശദാംശങ്ങൾ ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ എത്ര പോക്സോ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; എത്ര കേസുകളിൽ മുഴവൻ പ്രതികളെയും പിടികൂടിയിട്ടുണ്ട്; എത്ര കേസുകളിൽ പ്രതികൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ട്; എത്ര കേസുകളിൽ പ്രതികളെ വെറുതെ വിട്ടിട്ടുണ്ട്; വിശദാംശങ്ങൾ ജില്ല തിരിച്ച് വ്യക്തമാക്കുമോ?

(എ&ബി) ക്രോഡീകരിച്ച വിവരങ്ങൾ ലഭ്യമല്ല.

**കഴക്കൂട്ടം കൃഷി ഭവൻ ഗോഡൗണിലെ പീഡനം**

110 (110) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴക്കൂട്ടത്ത് യുവതിയെ കൃഷി ഭവന്റെ ഗോഡൗണിലെത്തിച്ച് മാനഭംഗപ്പെടുത്തിയ കേസിന്റെ പുരോഗതി വ്യക്തമാക്കാമോ?

കഴക്കൂട്ടം പോലീസ് സ്റ്റേഷനിൽ 25-06-2023-ൽ ക്രൈം നമ്പർ 893/2023 പ്രകാരം രജിസ്റ്റർ ചെയ്ത കേസിലെ പ്രതിയായ അവനവഞ്ചേരി സ്വദേശി കിരൺ എന്നയാളെ 25-06-2023 -ന് അറസ്റ്റ് ചെയ്തിട്ടുള്ളതും ജുഡീഷ്യൽ കസ്റ്റഡിയിൽ പാർപ്പിച്ചിട്ടുള്ളതുമാണ്. പ്രതിയുടെ മൊബൈൽ ഫോൺ ശാസ്ത്രീയ പരിശോധനയ്ക്കായി അയച്ചും കൂടുതൽ തെളിവുകൾ ശേഖരിച്ചും വിശദമായി അന്വേഷണം നടത്തിവരുന്നു.

(ബി) തിരുവനന്തപുരത്ത് ഈ വർഷം നാളിതുവരെ സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുണ്ടായ അതിക്രമങ്ങൾ സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഇനം തിരിച്ച് വ്യക്തമാക്കാമോ?

തിരുവനന്തപുരത്ത് 01-01-2023 മുതൽ 03-08-2023 വരെ സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച് 1308 കേസുകളും കുട്ടികൾക്കെതിരെയുണ്ടായ അതിക്രമങ്ങൾ സംബന്ധിച്ച് 399 കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

**ലഹരിക്കടിമപ്പെട്ടവർ പ്രതികളായ കേസുകൾ**

111 (111) <u>ശ്രീ. ടി. സിദ്ദിഖ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ലഹരിക്കടിമപ്പെട്ടവർ പ്രതികളായ എത്ര കൊലപാതക കേസുകളും അക്രമങ്ങളുമുണ്ടായിട്ടുണ്ടെന്നുള്ള വിശദാംശം ജില്ല തിരിച്ച് നൽകാമോ;

(ബി) പ്രസ്തുത കേസുകളിൽ പ്രതികൾ ശിക്ഷിക്കപ്പെട്ടിട്ടുള്ളതും പ്രതികളെ വെറുതെ വിട്ടിട്ടുള്ളതുമായ കേസുകളുടെ വിശദാംശം ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) പ്രസ്തുത കേസുകളിൽ എത്രയെണ്ണത്തിൽ പ്രതികൾക്ക് മാനസികാസ്വാസ്ഥ്യമുള്ളതായി കണ്ടെത്തിയിട്ടുണ്ട്; ഇപ്രകാരം കണ്ടെത്തിയതിനെത്തുടർന്ന് ശിക്ഷയിൽ ഇളവ് ലഭിച്ച എത്ര കേസുകളുണ്ട്; വിശദാംശം ജില്ല തിരിച്ച് വ്യക്തമാക്കുമോ?

(എ-സി) ക്രോഡീകരിച്ച വിവരങ്ങൾ ലഭ്യമല്ല.

**ഐരത്തോണ അബ്ദുൾ കരീം വധക്കേസ്**

112 (112) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ക്രൈംബ്രാഞ്ച് അന്വേഷിച്ചുവരുന്ന ഐരത്തോണ അബ്ദുൾ കരീം വധക്കേസിൽ ജാമ്യത്തിലിറങ്ങിയ പ്രതികൾ താമരശ്ശേരി ക്രൈം നമ്പർ 687/22 കേസിലുൾപ്പെട്ടതിനാൽ പ്രതികളുടെ ജാമ്യം റദ്ദ് ചെയ്യുന്നതിനായി നടപടികൾ സ്വീകരിക്കുന്നതിന് താമരശ്ശേരി പോലീസിനോട് ക്രൈംബ്രാഞ്ച് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ചുവരുന്ന നടപടികളെന്തെല്ലാമെന്ന് വിശദമാക്കാമോ?

(എ&ബി) കോഴിക്കോട് ക്രൈംബ്രാഞ്ച് യൂണിറ്റിൽ അന്വേഷണത്തിലിരിക്കുന്ന ഐരത്തോണ അബ്ദുൾ കരീം വധക്കേസിൽ ജാമ്യത്തിലുള്ള പ്രതികൾ താമരശ്ശേരി പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 687/22 എന്ന കേസിലുൾപ്പെട്ടിട്ടുള്ളതായി വിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾക്കായി താമരശ്ശേരി

പോലീസിൽനിന്നുള്ള വിശദാംശങ്ങൾ ക്രൈംബ്രാഞ്ച് യൂണിറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടും പ്രതികളുടെ ജാമ്യവ്യവസ്ഥകളും പരിശോധിച്ചുവരുന്നു.

**സൈബർ കുറ്റകൃത്യങ്ങൾ**

113 (113) ശ്രീ. പി. നന്ദകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൈബർ കുറ്റകൃത്യങ്ങൾ അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ കുറ്റവാളികൾക്ക് മാതൃകാപരമായ ശിക്ഷ ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പോലീസ് സേനയിൽ സൈബർ വിംഗിൽ കൂടുതൽ ആളുകൾക്ക് പരിശീലനം നൽകി ഈ വിഭാഗത്തിന്റെ അംഗബലം വർദ്ധിപ്പിക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

(എ&ബി) ഓൺലൈൻ സാമ്പത്തിക തട്ടിപ്പ് തടയുന്നതിനായി കേരള പോലീസിന്റെ ഒരു കേന്ദ്രീകൃത കോൾ സെന്റർ (ടോൾ ഫ്രീ നമ്പർ 1930)

പ്രവർത്തിച്ചുവരുന്നു. സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനായി നടപ്പിലാക്കിവരുന്ന പദ്ധതിയാണ് സൈബർ ക്രൈം പ്രിവൻഷൻ എഗയിൻസ്റ്റ് വിമൻ ആൻഡ് ചിൽഡ്രൻ (CCPWC) പ്രോജക്ട്. ഈ പ്രോജക്ടിന്റെ ഭാഗമായി സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള കുറ്റകൃത്യങ്ങൾ തടയുന്നതിനുവേണ്ടി സൈബർ ക്രൈം റിപ്പോർട്ടിംഗ് പോർട്ടൽ (www.cybercrime.gov.in) എന്ന വെബ് പോർട്ടൽ നിലവിലുണ്ട്. ഈ പോർട്ടലിൽ പ്രധാനമായും Child Pornography, Rape, Gang Rape എന്നിവയുമായി ബന്ധപ്പെട്ട പരാതികളാണ് റിപ്പോർട്ട് ചെയ്യപ്പെടുന്നത്. സൈബർ സുരക്ഷയ്ക്കും സൈബർ കുറ്റകൃത്യങ്ങൾ നേരിടുന്നതിനുമായി സംസ്ഥാനത്ത് സൈബർ ഡോം രൂപീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം ടെക്നോപാർക്കിലെ സൈബർ ഡോം ആസ്ഥാനത്തിനുപുറമെ കോഴിക്കോട്ടും കൊച്ചിയിലും സൈബർ യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു. മയക്കുമരുന്ന്, ആയുധവ്യാപാരം, സാമ്പത്തിക തട്ടിപ്പുകൾ, ലൈംഗിക വ്യാപാരം, മോഷ്ടിച്ച ഡാറ്റ, വ്യാജ ഐഡന്റിറ്റികൾ, ഹാക്കിംഗ് ടൂളുകൾ എന്നിവയുൾപ്പെടെ നിയമവിരുദ്ധ അധോലോക

വിപണികളുടെ കേന്ദ്രമായ ഡാർക്ക് വെബ്ബിലെ കുറ്റകൃത്യങ്ങൾ വിശകലനം ചെയ്യുന്നതിനായി കേരള പോലീസ് സൈബർ ഡോം Grapnel എന്ന സോഫ്റ്റ്‌വെയർ വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഡാർക്ക് വെബ്ബിലൂടെ നടക്കുന്ന കുറ്റകൃത്യങ്ങൾ ഈ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് കണ്ടെത്താനും കുറ്റമറ്റ രീതിയിൽ അന്വേഷണം നടത്താനും സാധിക്കുന്നുണ്ട്. ഡാറ്റകൾ, ഫോട്ടോഗ്രാഫുകൾ, സി.സി.ടി.വി. ഫൂട്ടേജുകൾ, കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട രേഖകൾ, തെളിവ് ഫയലുകൾ തുടങ്ങിയവയുടെ അതിവേഗ വിശകലനത്തിന് കൃത്രിമ ബുദ്ധി സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തിവരുന്നു. സൈബർ കുറ്റകൃത്യങ്ങളും ഓൺലൈൻ തട്ടിപ്പ് സംഭവങ്ങളും റിപ്പോർട്ട് ചെയ്യപ്പെട്ടാൽ കേസ് രജിസ്റ്റർ ചെയ്യുകയും തുടർന്ന് ബന്ധപ്പെട്ട വിവരങ്ങൾ, CDR (Call Detail Record), CDF (Common Data Format), ബന്ധപ്പെട്ട ബാങ്കുകളിൽനിന്നും സർവ്വീസ് പ്രൊവൈഡറിൽനിന്നും ലഭിക്കുന്ന മറ്റ് വിവരങ്ങൾ, അനുബന്ധരേഖകൾ തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ പ്രതികളെ അറസ്റ്റ് ചെയ്തും മേൽവിവരിച്ച പ്രകാരമുള്ള സാങ്കേതിക സംവിധാനങ്ങൾ പ്രയോജനപ്പെടുത്തി തെളിവുകൾ ശേഖരിച്ചും

ശിക്ഷ ഉറപ്പാക്കുന്നതിനാവശ്യമായ നിയമനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ADGP, SCRB-ക്കുകീഴിൽ IG Cyber Operations, SP (ICT & Cyber Operations) എന്നീ തസ്തികകൾ സൃഷ്ടിച്ചും സൈബർ മേഖലയെ നിരീക്ഷിക്കുന്നതിന് സൈബർ കുറ്റകൃത്യങ്ങളിലാവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനുപുറമെ എസ്.പി. ടെക്നിക്കൽ ഇന്റലിജൻസ് വിഭാഗത്തിനുകീഴിൽ പ്രത്യേക നിരീക്ഷണ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

സൈബർ കുറ്റകൃത്യങ്ങൾ അന്വേഷിക്കുന്നതിനുള്ള പരിശീലനം കേരള പോലീസ് അക്കാദമിയിൽ നൽകിവരുന്നുണ്ട്. പ്രത്യേക പരിശീലനം നേടിയ പോലീസുകാരുടെ സേവനം എല്ലാ സൈബർ പോലീസ് സ്റ്റേഷനുകളിലും ലഭ്യമാക്കിയിട്ടുണ്ട്. പോലീസ് സ്റ്റേഷൻ തലത്തിൽ ഇത്തരം കേസുകളുടെ അന്വേഷണത്തിന് പരിശീലനം ലഭിച്ച ഒരു സൈബർ ഫോറൻസിക് ടീം പ്രവർത്തിക്കുന്നുണ്ട്.

## പോലീസ് എയ്ഡ് പോസ്റ്റ് സ്ഥാപിക്കലും പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണവും

114 (114) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിലെ ധനുവച്ചപുരം, അമ്പൂരി ജംഗ്ഷൻ എന്നിവിടങ്ങളിൽ പോലീസ് എയ്ഡ് പോസ്റ്റ് സ്ഥാപിക്കുന്നതിനായി സമർപ്പിച്ചിരുന്ന നിവേദനത്തിന്മേൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) പ്രസ്തുത സ്ഥലങ്ങളിൽ പോലീസ് എയ്ഡ് പോസ്റ്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ; വിശദാംശങ്ങൾ അറിയിക്കാമോ?

(എ&ബി) പാറശ്ശാല നിയോജകമണ്ഡലത്തിലെ ധനുവച്ചപുരത്ത് ഒരു പോലീസ് എയ്ഡ് പോസ്റ്റ് സ്ഥാപിക്കുന്നതിനുള്ള ശിപാർശ സർക്കാർ പരിശോധിച്ചിരുന്നു. സംസ്ഥാനത്ത് പുതുതായി പോലീസ് എയ്ഡ് പോസ്റ്റുകൾ സ്ഥാപിക്കുന്ന കാര്യത്തിൽ നിലവിൽ തീരുമാനമെടുത്തിട്ടില്ല.

(സി) നിലവിൽ വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന മാരായമുട്ടം പോലീസ് സ്റ്റേഷനുവേണ്ടി പുതിയ കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് സമർപ്പിച്ചിരുന്ന നിവേദനത്തിന്മേൽ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

മാരായമുട്ടം പോലീസ് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിലേയ്ക്കായി പെരുങ്കടവിള വില്ലേജിൽ ബ്ലോക്ക് നം.25-ൽ റീസർവ്വേ നം.930, 217/3 എന്നിവയിൽ ഉൾപ്പെട്ട ഇറിഗേഷൻ വകുപ്പിന്റെ 50 സെന്റ് ഭൂമി പോലീസ് വകുപ്പിന് കൈമാറി കിട്ടുന്നതിനായി ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ പ്രസ്തുത ഭൂമി പോലീസ് സ്റ്റേഷൻ നിർമ്മാണത്തിന് അനുവദിക്കാൻ നിർവ്വാഹമില്ലെന്ന് ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. ആയതിനാൽ അനുയോജ്യമായ മറ്റൊരു ഭൂമി കണ്ടെത്താൻ ജില്ലാ പോലീസ് മേധാവിക്ക് സംസ്ഥാന പോലീസ് മേധാവി നിർദ്ദേശം നൽകിയിട്ടുണ്ട്.

**പുതുക്കാട് സ്റ്റേറ്റ് സ്പെഷ്യൽ ബ്രാഞ്ച് റൂറൽ ഓഫീസ്**

115 (115) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് സ്പെഷ്യൽ ബ്രാഞ്ചിന്റെ റൂറൽ ഓഫീസ് പുതുക്കാട് അനുവദിച്ചിട്ടുണ്ടോ?

സ്റ്റേറ്റ് സ്പെഷ്യൽ ബ്രാഞ്ചിന്റെ റൂറൽ ഡിറ്റാച്മെന്റ് ഓഫീസ് കെട്ടിടം പ്രവർത്തിക്കുന്നതിനായി 03-11-2022-ൽ പഴയ പുതുക്കാട് സി.ഐ. ഓഫീസ് കെട്ടിടം അനുവദിച്ച് നൽകിയിട്ടുണ്ട്.

(ബി) എങ്കിൽ പ്രസ്തുത ഓഫീസ് പ്രവർത്തന സജ്ജമായിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ എന്നത്തേയ്ക്ക് പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

(ബി&സി) കെട്ടിടത്തിന്റെ അറ്റകുറ്റപ്പണിയും ഇലക്ട്രിക്കൽ വർക്കും പൂർത്തിയായിട്ടുണ്ട്. ഓഫീസിന്റെ പ്രവർത്തനത്തിനാവശ്യമായ ഇലക്ട്രോണിക് ഉപകരണങ്ങൾ, ബ്രോഡ്ബാൻഡ് കണക്ഷൻ എന്നിവ ലഭ്യമാകുന്നമുറയ്ക്ക് ഓഫീസ് പ്രവർത്തനം ആരംഭിക്കുന്നതാണ്.

## എം.എൽ.എ.-മാർക്കെതിരെ കാലടി പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത കേസ്

116 (116) <u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥി സംഘടനാ പ്രവർത്തകരെ നടപടിക്രമങ്ങൾ പാലിക്കാതെ അറസ്റ്റ് ചെയ്ത് ലോക്കപ്പിൽ അടച്ചതിനെത്തുടർന്ന് കാലടി പോലീസ് സ്റ്റേഷനിലെത്തിച്ചേർന്ന നിയമസഭാ സാമാജികരോട് പോലീസ് അപമര്യാദയായി പെരുമാറുകയും കയ്യേറ്റം ചെയ്യുകയും ചെയ്തതായി പറയപ്പെടുന്ന സംഭവവുമായി ബന്ധപ്പെട്ട് ശ്രീ. സനീഷ് കുമാർ ജോസഫ്, എം.എൽ.എ. ഡി.ജി.പി.-ക്ക് നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ നാളിതുവരെ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

ശ്രീ. സനീഷ് കുമാർ ജോസഫ്, എം.എൽ.എ. 29-07-2023-ന് സംസ്ഥാന പോലീസ് മേധാവിക്ക് നൽകിയ പരാതിയിൽ വിശദമായ

അന്വേഷണം നടത്തുന്നതിനായി എറണാകുളം റേഞ്ച് ഡി.ഐ.ജി.-ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) കുറ്റക്കാരായ പോലീസുദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാതെ എം.എൽ.എ.-മാർക്കെതിരെ പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ ആയതിന്റെ അടിസ്ഥാനമെന്താണെന്ന് വ്യക്തമാക്കുമോ;

(സി) സാമാജികർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ അത് റദ്ദാക്കുന്നതിനും സംഭവത്തിന് ഉത്തരവാദികളായ പോലീസുദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും നിർദ്ദേശം നൽകുമോ; വ്യക്തമാക്കുമോ?

(ബി&സി) 16-07-2023-ന് അതിരാവിലെ കാലടി പോലീസ് സ്റ്റേഷനിലുണ്ടായ സംഭവങ്ങളുമായി ബന്ധപ്പെട്ട് കാലടി പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 526/2023 പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. അങ്കമാലി എം.എൽ.എ. ശ്രീ. റോജി എം. ജോൺ, ചാലക്കുടി എം.എൽ.എ. ശ്രീ. സനീഷ് കുമാർ ജോസഫ് എന്നിവർ കേസിന്റെ

പ്രതിപ്പട്ടികയിലുൾപ്പെടുന്നു. പ്രസ്തുത കേസ് അന്വേഷണഘട്ടത്തിലാണ്. പോലീസുദ്യോഗസ്ഥർ അപമര്യാദയായി പെരുമാറുകയും കയ്യേറ്റം ചെയ്തതായും കാണിച്ച് എം.എൽ.എ.-മാർ സംസ്ഥാന പോലീസ് മേധാവിക്ക് സമർപ്പിച്ച പരാതിയും അന്വേഷണാവസ്ഥയിലാണ്.

**കൈപ്പമംഗലം പോലീസ് സ്റ്റേഷനിൽ പോലീസുകാരുടെ എണ്ണം വർദ്ധിപ്പിക്കൽ**

117 (117) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കൈപ്പമംഗലം നിയോജകമണ്ഡലത്തിലെ തീരദേശ മേഖലയിൽ പുതുതായി ഉടലെടുക്കുന്ന ലഹരി മാഫിയയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും നിരന്തര കടലേറ്റമുള്ളതുകൊണ്ടും കൂടുതൽ പോലീസുദ്യോഗസ്ഥർ ആവശ്യമായതിനാൽ കൈപ്പമംഗലം സ്റ്റേഷനിലെ പോലീസുകാരുടെ എണ്ണം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

കൈപ്പമംഗലം പോലീസ് സ്റ്റേഷനിലെ പോലീസുദ്യോഗസ്ഥരുടെ അംഗബലം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിൽ ലഭിക്കുന്നമുറയ്ക്ക് പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

## മലപ്പുറം ജില്ല പോലീസ് സൂപ്രണ്ട് കേസ് രജിസ്റ്റർ ചെയ്യുന്നതിന് നൽകിയ നിർദ്ദേശങ്ങൾ

118 (118) ശ്രീ. കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ മലപ്പുറം ജില്ല പോലീസ് സൂപ്രണ്ട് അധികാരമേറ്റശേഷം ജില്ലയിലെ പോലീസ് സ്റ്റേഷനുകളിലെ എസ്.എച്ച്.ഒ.-മാർക്ക് രാവിലെ 8 മണി മുതൽ നിർബന്ധമായും ഇത്ര പെറ്റി കേസുകൾ വീതം റജിസ്റ്റർ ചെയ്ത് കേസെടുക്കണമെന്ന നിർദ്ദേശം നൽകിയിരുന്നുവോ; വിശദമാക്കാമോ?

ഇത്തരത്തിലുള്ള ഒരു നിർദ്ദേശം നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) അതുപ്രകാരം പെറ്റി കേസുകൾ രജിസ്റ്റർ ചെയ്ത് പൊതുജനങ്ങളെ പ്രയാസപ്പെടുത്തുന്നതായ പരാതി ലഭിച്ചിരുന്നുവോ; എങ്കിൽ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

അപ്രകാരം പരാതികളൊന്നും ലഭിച്ചിട്ടില്ല.

(സി) ഡി.ജി.പി.-യുടെ നിർദ്ദേശപ്രകാരമാണ് ഇപ്രകാരം ചെയ്യുന്നതെന്ന് പരാതിക്കാരോട് മലപ്പുറം പോലീസ് സൂപ്രണ്ട് വെളിപ്പെടുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ നിജസ്ഥിതി വിശദമാക്കാമോ;

(ഡി) ട്രാഫിക് നിയന്ത്രണത്തിന് ചുമതലപ്പെടുത്തിയിട്ടുള്ള ഹോം ഗാർഡുകൾ ഇത്തരം പെറ്റി കേസുകൾ എടുക്കുന്നതായി ശ്രദ്ധയിൽവന്നിട്ടുണ്ടോ; വിശദമാക്കാമോ?

(സി&ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) തിരൂരങ്ങാടി, പരപ്പനങ്ങാടി പോലീസ് സ്റ്റേഷൻ പരിധിയിൽ ഹോം ഗാർഡുകളാണ് പെറ്റി കേസുകളെടുക്കുന്നതെന്ന പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഇപ്രകാരം ഒരു പരാതി ലഭിച്ചിട്ടില്ല.

(എഫ്) ഹോം ഗാർഡുകൾ കേസ്സെടുക്കുന്നതിന് മലപ്പുറം ജില്ല പോലീസ് സൂപ്രണ്ട് അനുവാദം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

അനുവാദം നൽകിയിട്ടില്ല.

**കാസർഗോഡ് ജില്ലയിലെ പോലീസ് സ്റ്റേഷനുകൾ**

119 (119) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ നിലവിലുള്ള പോലീസ് സ്റ്റേഷനുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിൽ മഞ്ചേശ്വരം, കുമ്പള, കാസർഗോഡ്, ബദിയഡുക്ക, വിദ്യാനഗർ, ആദൂർ, മേൽപ്പറമ്പ, ബേക്കൽ, രാജപുരം, അമ്പലത്തറ, ബേഡകം, ചന്തേര, ചീമേനി, ചിറ്റാരിക്കൽ, ഹോസ്ദുർഗ്ഗ്, നീലേശ്വരം, വെള്ളരിക്കുണ്ട്, കാസർഗോഡ് വനിതാ പോലീസ് സ്റ്റേഷൻ, സൈബർ പോലീസ് സ്റ്റേഷൻ എന്നീ പോലീസ് സ്റ്റേഷനുകൾ നിലവിലുണ്ട്.

(ബി) പ്രസ്തുത പോലീസ് സ്റ്റേഷനുകൾ ഏതുവർഷം നിർമ്മിച്ചതാണെന്നും നിർമ്മാണ ചെലവ് എത്രയാണെന്നും സ്റ്റേഷൻ തിരിച്ച് വ്യക്തമാക്കാമോ;

(സി) നിർമ്മിച്ചതിനുശേഷം അറ്റകുറ്റപ്പണികൾക്കും മോടി പിടിപ്പിക്കുന്നതിനും മറ്റ് സംവിധാനങ്ങളേർപ്പെടുത്തുന്നതിനും ചെലവഴിച്ച തുക എത്രയാണെന്ന് സ്റ്റേഷൻ തിരിച്ച് വ്യക്തമാക്കാമോ?

(ബി&സി) വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്. +

(ഡി) പ്രസ്തുത തുക ഏത് ഫണ്ടിൽനിന്നാണ് വിനിയോഗിച്ചതെന്ന് വ്യക്തമാക്കാമോ?

സ്റ്റേറ്റ് പ്ലാൻ സ്കീം, MoPF എന്നീ ഫണ്ടും ബേസിക് അമിനിറ്റി ഫണ്ടുകളിൽനിന്നുമാണ് പ്രസ്തുത തുക വിനിയോഗിച്ചിട്ടുള്ളത്.

(ഇ) അറ്റകുറ്റപ്പണി അനിവാര്യമായിട്ടുള്ളതും പുതുക്കിപ്പണിയേണ്ടതുമായ അവസ്ഥയിലുള്ളതുമായ പോലീസ് സ്റ്റേഷനുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിൽ മഞ്ചേശ്വരം, കുമ്പള, കാസർഗോഡ്, ബദിയടുക്ക, വിദ്യാനഗർ, ചന്തേര, ചീമേനി, ചിറ്റാരിക്കൽ, ഹോസ്ദുർഗ്ഗ്,

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നീലേശ്വരം, വെള്ളരിക്കുണ്ട് എന്നീ പോലീസ് സ്റ്റേഷനുകൾക്ക് അറ്റകുറ്റപ്പണികൾ ആവശ്യമുള്ളതായി കണ്ടെത്തിയിട്ടുണ്ട്.

## മേലാറ്റൂർ പോലീസ് സ്റ്റേഷനിൽ എൻ.ഡി.പി.എസ്. ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്ത കേസ്

120 (120) ശ്രീ. കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ മേലാറ്റൂർ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 580/22-ൽ നാർക്കോട്ടിക്ക് ഡ്രഗ്സ് & സൈക്കോട്രോപ്പിക് സബ്സ്റ്റൻസസ് ആക്ട് അനുസരിച്ച് കേസെടുത്ത് എത്രപേരെ അറസ്റ്റ് ചെയ്തുവെന്ന് വിശദമാക്കാമോ;

(ബി) ഇപ്രകാരം അറസ്റ്റ് ചെയ്തവരിൽ എത്രപേരെ റിമാൻഡ് ചെയ്തു; വിശദമാക്കാമോ?

(എ&ബി) നാലുപേരെ അറസ്റ്റ് ചെയ്യുകയും അവരെ റിമാൻഡിൽ പാർപ്പിക്കുകയും ചെയ്തിരുന്നു. 16-01-2023-ൽ ബഹുമാനപ്പെട്ട പെരിന്തൽമണ്ണ ജെ.എഫ്.സി.എം.II കോടതി ഇവർക്ക് ജാമ്യം അനുവദിച്ചിട്ടുണ്ട്.

(സി) ഇവരിൽനിന്നും എത്ര അളവ് മയക്കുമരുന്നാണ് പിടിച്ചെടുത്തതെന്നും ഇത് ഏത് ലാബിലാണ് കെമിക്കൽ ടെസ്റ്റ് നടത്തിയതെന്നും വിശദമാക്കാമോ;

(ഡി) പ്രസ്തുത കേസുകളുടെ നിലവിലെ സ്ഥിതിയെന്താണെന്ന് വിശദമാക്കാമോ?

(സി&ഡി) ഇവരിൽനിന്നും മയക്കുമരുന്ന് ഇനത്തിൽപ്പെട്ട 32.72 ഗ്രാം എം.ഡി.എം.എ. പിടിച്ചെടുത്തിട്ടുണ്ട്. ഇത് കെമിക്കൽ എക്സാമിനേഷനുവേണ്ടി റീജിയണൽ കെമിക്കൽ എക്സാമിനേഷൻ ലാബ്, കോഴിക്കോട്, റീജിയണൽ ഫോറൻസിക് സയൻസ് ലാബ്, തൃശ്ശൂർ എന്നീ സ്ഥാപനങ്ങളിലേയ്ക്ക് അയച്ചിട്ടുണ്ട്. ഈ കേസ് നിലവിൽ അന്വേഷണാവസ്ഥയിലാണ്.

**മങ്കട പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണം**

121 (121) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട പോലീസ് സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

മങ്കട പോലീസ് സ്റ്റേഷനുവേണ്ടി കെട്ടിടം നിർമ്മിക്കുന്നതിന് മങ്കട വില്ലേജിൽ കർക്കിടകം ദേശത്ത് സർവ്വേ നമ്പർ 48/1A-യിലുൾപ്പെട്ട റവന്യൂ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 3.8 ഏക്കർ സ്ഥലത്തുനിന്നും 50 സെന്റ് സ്ഥലം പോലീസ് വകുപ്പിന് ലഭിക്കുന്നതിനായി ജില്ലാ കളക്ടർക്ക് അപേക്ഷ നൽകിയിട്ടുണ്ട്.

(ബി) കെട്ടിട നിർമ്മാണത്തിന് സ്ഥലം കണ്ടെത്തുന്നതിന് ജില്ലാ കളക്ടർ സ്വീകരിച്ച നടപടി സംബന്ധിച്ച് ആഭ്യന്തര വകുപ്പിന് ലഭ്യമായ വിവരവും അതിന്റെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(ബി&സി) മങ്കട പോലീസ് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിന് ഭൂമി കൈമാറുന്നത് സംബന്ധിച്ച് പെരിന്തൽമണ്ണ സബ് കളക്ടർ സമർപ്പിച്ച

പ്രൊപ്പോസലിൽ ജില്ലാ കളക്ടർ തലത്തിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

## കായംകുളം നിയോജകമണ്ഡലത്തിലെ പോലീസ് സ്റ്റേഷൻ, ക്വാർട്ടേഴ്സ് നിർമ്മാണം

122 (122) <u>ശ്രീമതി യു. പ്രതിഭ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം പോലീസ് സ്റ്റേഷനിലെ ക്വാർട്ടേഴ്സ് കാലപ്പഴക്കത്താൽ ജീർണ്ണാവസ്ഥയിലായി അപകട ഭീഷണിയുയർത്തി നിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പൊളിച്ചുമാറ്റി പുതിയ ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉണ്ട്. കായംകുളം പോലീസ് സ്റ്റേഷനിലെ ഉപയോഗശൂന്യമായ ക്വാർട്ടേഴ്സ് കെട്ടിടങ്ങൾ ലേലം ചെയ്ത് പൊളിച്ച് നീക്കുന്നതിനുവേണ്ടി പൊതുമരാമത്ത് കെട്ടിട വിഭാഗത്തിൽനിന്നും ലഭിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കായംകുളം നിയോജകമണ്ഡലത്തിലെ കരീലകുളങ്ങര പോലീസ് സ്റ്റേഷന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളുടെ പുരോഗതി വിശദമാക്കാമോ?

കായംകുളം നിയോജകമണ്ഡലത്തിലെ കരീലകുളങ്ങര പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി Assistance to State and UTs for Modernization of Police (ASUMP 2022-2023) എന്ന പദ്ധതിയിലുൾപ്പെടുത്തി 3 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. 2019-2020 വർഷത്തെ Assistance to State and UTs for Modernization of Police പദ്ധതിയിലെ ബാലൻസ് തുകയിൽ ആവശ്യമായ തുകയുപയോഗിച്ച് കരീലകുളങ്ങര പോലീസ് സ്റ്റേഷന്റെ നിർമ്മാണം നടത്തുന്നതിനുള്ള ഭരണാനുമതി നൽകണമെന്നാവശ്യപ്പെട്ട് സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ച ശിപാർശ പരിശോധിച്ചുവരുന്നു.

**നെയ്യാറ്റിൻകര - പ്ലാമൂട്ടുകടയിലെ പുതിയ പോലീസ് സ്റ്റേഷൻ നിർമ്മാണം**

123 (123) ശ്രീ. കെ. ആൻസലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ പ്ലാമൂട്ടുകടയിൽ പുതിയ പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് സ്ഥലം എം.എൽ.എ.-യുടെ നിവേദനത്തിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പോലീസ് സ്റ്റേഷൻ പ്ലാമൂട്ടുകടയിൽ സ്ഥാപിക്കുന്നതിന് എന്തൊക്കെ നടപടിക്രമങ്ങളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

(എ&ബി) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ പ്ലാമൂട്ടുകടയിൽ പുതിയ പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല.

**ചെറുപുഴ പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം**

124 (124) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പയ്യന്നൂർ നിയോജകമണ്ഡലത്തിൽ താൽക്കാലിക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ചെറുപുഴ പോലീസ് സ്റ്റേഷന് സ്വന്തമായി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

കണ്ണൂർ ജില്ലയിലെ പയ്യന്നൂർ നിയോജകമണ്ഡലത്തിലെ ചെറുപുഴ പോലീസ് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിനായി അനുയോജ്യമായ സർക്കാർ ഭൂമി ലഭ്യമാകാത്ത സാഹചര്യത്തിൽ നിലവിൽ പോലീസ് സ്റ്റേഷൻ പ്രവർത്തിക്കുന്ന സ്ഥലവും കെട്ടിടവും പോലീസ് വകുപ്പിന് കൈമാറുന്നതിന് ചെറുപുഴ ഗ്രാമപഞ്ചായത്ത് ഭരണ സമിതി പ്രമേയം പാസ്സാക്കിയിട്ടുണ്ട്. നിലവിൽ പോലീസ് സ്റ്റേഷൻ കോമ്പൗണ്ടിൽ പ്രവർത്തിച്ചുവരുന്ന കൃഷി ഭവനും വെറ്ററിനറി ഡിസ്പെൻസറിയും മറ്റൊരു സ്ഥലത്തേയ്ക്ക് മാറ്റുന്നമുറയ്ക്ക് പ്രസ്തുത സ്ഥലവും കെട്ടിടവും പോലീസ് വകുപ്പിന് കൈമാറാമെന്ന് പഞ്ചായത്ത് ഭരണസമിതി അറിയിച്ചിട്ടുണ്ട്.

**വാടാനപ്പള്ളി പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണം**

125 (125) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ നിയോജകമണ്ഡലത്തിലെ വാടാനപ്പള്ളി പോലീസ് സ്റ്റേഷൻ വർഷങ്ങളായി വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്നും

പ്രസ്തുത കെട്ടിടത്തിൽ സ്റ്റേഷൻ പ്രവർത്തനത്തിനുള്ള സൗകര്യങ്ങൾ വളരെ കുറവാണെന്നുമുള്ള കാര്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്നതിന് എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വാടാനപ്പള്ളി പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിനായി 29-06-2022-ലെ സ.ഉ. (സാധാ) നം. 1796/2022/ആഭ്യന്തരം പ്രകാരം അടങ്കൽ തുകയായ 2,55,93,000/- (രണ്ട് കോടി അമ്പത്തിയഞ്ച് ലക്ഷത്തി തൊണ്ണൂറ്റിമൂവായിരം രൂപമാത്രം) രൂപയ്ക്ക് 2022-23 സാമ്പത്തിക വർഷത്തെ സംസ്ഥാന പ്ലാൻ പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി നൽകുകയും ആദ്യഘട്ട നിർമ്മാണത്തിനായി 50 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

(സി) കെട്ടിട നിർമ്മാണം ഏത് ഏജൻസിയെയാണ് ഏൽപ്പിച്ചിരിക്കുന്നതെന്നും നിർമ്മാണ പുരോഗതി എന്താണെന്നും അറിയിക്കാമോ?

പ്രസ്തുത നിർമ്മാണ പ്രവൃത്തികൾക്കായി കേരള പോലീസ് ഹൗസിംഗ് ആൻഡ് കൺസ്ട്രക്ഷൻ കോർപ്പറേഷനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. കെട്ടിടത്തിന്റെ ഫൗണ്ടേഷൻ ജോലികൾ (പൈലിംഗ് വർക്ക്) നടന്നുവരുന്നു.

(ഡി) പ്രസ്തുത കെട്ടിടത്തിലെ സൗകര്യങ്ങൾ എന്തൊക്കെയാണെന്നും നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകുമെന്നും വ്യക്തമാക്കാമോ?

പ്രസ്തുത കെട്ടിടത്തിലെ സൗകര്യങ്ങൾ ചുവടെ ചേർക്കുന്നു.

<u>ഗ്രൗണ്ട് ഫ്ലോർ</u>: സ്റ്റേഷൻ ഹെഡ് ഓഫീസ്, സബ് ഇൻസ്പെക്ടറുടെ റൂം, ചൈൽഡ് ഫ്രണ്ട്ലി റൂം, ഡിസേബിൾഡ് ഫ്രണ്ട്ലി ടോയ്‌ലെറ്റ്, ലോക്കപ്പ് റൂം, തൊണ്ടി റൂം, റെക്കോർഡ് റൂം, പബ്ലിക് ടോയ്‌ലെറ്റ്, ആയുധപ്പുര.

<u>ഫസ്റ്റ് ഫ്ലോർ</u>: കോൺഫറൻസ് ഹാൾ, ക്രൈം ഇൻവെസ്റ്റിഗേഷൻ റൂം, ചോദ്യോത്തരമുറി എന്നീ സൗകര്യങ്ങൾ വിഭാവനം ചെയ്തിട്ടുണ്ട്.

നിർമ്മാണ പ്രവൃത്തി 2024 ഫെബ്രുവരി അവസാനത്തോടെ പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

**അരൂർ പോലീസ് സ്റ്റേഷൻ നിർമ്മാണം**

126 (126) <u>ശ്രീമതി ദെലീമ</u>: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

അരൂർ പോലീസ് സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് എൻ.എച്ച്. 66-നോടുചേർന്ന് അരൂർ വില്ലേജ് ഓഫീസിന് സമീപമുള്ള റവന്യൂ പുറമ്പോക്ക് ഭൂമി ഏറ്റെടുക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ആലപ്പുഴ ജില്ലയിലെ അരൂർ പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് അരൂർ വില്ലേജിൽ സർവ്വേ നമ്പർ 13/5B-യിലുൾപ്പെട്ട 25.5 ആർസ് (62.98 സെന്റ്) ഭൂമി പോലീസ് വകുപ്പിന് കൈമാറി കിട്ടുന്നതിനുള്ള ശിപാർശ പരിശോധിച്ചുവരുന്നു.

**മുക്കം പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണ ഫണ്ട്**

127 (127) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുക്കം പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണ പൂർത്തീകരണത്തിന് ഫണ്ട് അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ആവശ്യത്തിന്മേൽ സ്വീകരിച്ച തുടർനടപടികൾ വ്യക്തമാക്കാമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിലെ വ്യവസ്ഥകൾ പ്രകാരം എം.എൽ.എ. ഫണ്ടിൽനിന്നും അനുവദിച്ച തുക മറ്റൊരു ഫണ്ടുമായി കൂട്ടിച്ചേർക്കാൻ സാധിക്കാത്തതിനാൽ മുക്കം പോലീസ് സ്റ്റേഷൻ കെട്ടിടനിർമ്മാണം പൂർത്തിയാക്കുന്നതിന് അധികമായി ആവശ്യംവരുന്ന 2.50 കോടി രൂപ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് എം.എൽ.എ. ഫണ്ടിൽനിന്നും മാത്രമേ അനുവദിക്കാൻ കഴിയുകയുള്ളൂ.

(സി) ആവശ്യമായ തുക അനുവദിക്കുന്നതിനും ഭരണാനുമതി നൽകുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ?

പ്രസ്തുത വിഷയം പരിശോധിച്ചുവരുന്നു.

**പേരാമ്പ്ര, പെരുവണ്ണാമൂഴി പോലീസ് സ്റ്റേഷനുകളുടെ കെട്ടിടനിർമ്മാണം**

128 (128) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര പോലീസ് സ്റ്റേഷനിലെ ഓഫീസ് കെട്ടിടത്തിന്റെയും ക്വാർട്ടേഴ്സിന്റെയും ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത കെട്ടിടങ്ങളുടെ നിർമ്മാണത്തിനാവശ്യമായ പ്ലാനും എസ്റ്റിമേറ്റും ലഭിക്കുന്നതിലേയ്ക്കായി പേരാമ്പ്ര പോലീസ് സ്റ്റേഷൻ സ്ഥലത്തിന്റെ കോണ്ടൂർ സർവ്വേ റിപ്പോർട്ട് സഹിതം കോഴിക്കോട് പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് 13-07-2023-ൽ സംസ്ഥാന പോലീസ് മേധാവി അപേക്ഷ നൽകിയിട്ടുണ്ട്.

(ബി) പെരുവണ്ണാമൂഴി പോലീസ് സ്റ്റേഷന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

സ്റ്റേറ്റ് പ്ലാൻ 2022-23-ലുൾപ്പെടുത്തി പെരുവണ്ണാമൂഴി പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന് 1,90,00,000/- രൂപയ്ക്ക് (ഒരു കോടി തൊണ്ണൂറ് ലക്ഷം രൂപമാത്രം) ഭരണാനുമതിയും ആദ്യഘട്ട നിർമ്മാണത്തിന് 50 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണം 2022 ഒക്ടോബർ മാസം ഒന്നാം തീയതി മുതൽ ആരംഭിച്ചിട്ടുള്ളതാണ്. നിലവിൽ മൂന്ന് നിലകളുടെയും കോൺക്രീറ്റ് ജോലികൾ കഴിഞ്ഞ് റൂമുകൾ വേർതിരിക്കുന്നതിനുള്ള ജോലികൾ നടന്നുവരുന്നു.

**പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ പദ്ധതികൾ**

129 (129) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ ആഭ്യന്തര വകുപ്പ് മുഖാന്തരം പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി അനുവദിച്ച തുക, പദ്ധതികളുടെ നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) നിലവിലെ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ ആഭ്യന്തര വകുപ്പ് മുഖാന്തരം പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.+

**പട്ടികവർഗ്ഗ മേഖലയിലെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനുള്ള യോഗം**

130 (130) ശ്രീ. പി. വി. അൻവർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ മേഖലയിലെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി ജില്ലാ പോലീസ് മേധാവിയുടെ നേതൃത്വത്തിൽ യോഗങ്ങൾ ചേരാറുണ്ടോ; എങ്കിൽ ഏതെല്ലാം വിഷയങ്ങളാണ് യോഗത്തിൽ ചർച്ച ചെയ്യുകയെന്ന് അറിയിക്കാമോ; മലപ്പുറം ജില്ലയിൽ 2020 ജനുവരി മുതൽ 2023 ജൂലൈ വരെ ഇത്തരത്തിൽ എത്ര യോഗങ്ങൾ ചേർന്നുവെന്ന് തീയതി സഹിതം വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

എല്ലാ മൂന്നുമാസം കൂടുമ്പോഴും ജില്ലാ പോലീസ് മേധാവിയുടെ നേതൃത്വത്തിൽ ജില്ലയിലെ എസ്.സി./എസ്.റ്റി. സംഘടനാ നേതാക്കളെയുൾപ്പെടുത്തി ജില്ലാ പോലീസ് ഓഫീസിൽവച്ച് യോഗങ്ങൾ ചേരാറുണ്ട്. ജില്ലയിലെ വിവിധ എസ്.സി./എസ്.റ്റി. വിഭാഗങ്ങളുടെ പൊതുവായ പ്രശ്നങ്ങളും പരാതികളും ഇത്തരം യോഗങ്ങളിൽ ചർച്ച ചെയ്യുകയും അവ പരിഹരിക്കുന്നതിനായി ബന്ധപ്പെട്ട ഓഫീസർമാർക്ക് നിർദ്ദേശം നൽകിയും നിയമനടപടികൾ ആവശ്യമുള്ള പരാതികളിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നതിന് ബന്ധപ്പെട്ട എസ്.എച്ച്.ഒ.-മാർക്ക് നിർദ്ദേശം നൽകിയും വരുന്നുണ്ട്.

മലപ്പുറം ജില്ലയിൽ 2020 ജനവരി മുതൽ 2023 ജൂലായ് വരെയുള്ള കാലയളവിൽ 06-07-2022, 11-10-2022, 22-12-2022, 06-03-2023, 07-06-2023 എന്നീ തീയതികളിലായി 5 തവണ യോഗങ്ങൾ ചേർന്നിട്ടുണ്ട്. എന്നാൽ കോവിഡ് പ്രോട്ടോക്കോൾ നിലനിന്നിരുന്ന 2020, 2021 വർഷങ്ങളിൽ ഇത്തരം യോഗങ്ങൾ നടത്തിയിരുന്നില്ല.

(ബി) വിവിധ സർക്കാർ വകുപ്പുകൾക്കുപുറമെ പട്ടികവർഗ്ഗ മേഖലയിലെ ഏതെല്ലാം സംഘടനകളെയാണ് ജില്ലാതല യോഗങ്ങളിലേയ്ക്ക് ക്ഷണിക്കുന്നതെന്നും സംഘടനകളെ യോഗങ്ങളിലേയ്ക്ക് തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്താണെന്നും വ്യക്തമാക്കാമോ; യോഗങ്ങളിലെത്തുന്ന പ്രസ്തുത സംഘടനകളുടെ പ്രവർത്തനങ്ങൾ പോലീസ് വിലയിരുത്താറുണ്ടോ; വ്യക്തമാക്കാമോ?

വിവിധ സർക്കാർ വകുപ്പുകൾക്കുപുറമെ ജില്ലയിലെ വിവിധ ഭാഗങ്ങളിലുള്ള എസ്.സി./എസ്.റ്റി. വിഭാഗം ആളുകളിൽനിന്നും അതാത് എസ്.എച്ച്.ഒ.-മാർ യോഗം വിളിച്ചുകൂട്ടി ജില്ലയിലേയ്ക്ക് തെരഞ്ഞെടുത്ത് നിർദ്ദേശിക്കുന്ന സംഘടനാ പ്രതിനിധികളെയും ആളുകളേയുമാണ് ഇത്തരം യോഗങ്ങളിൽ പങ്കെടുപ്പിക്കാറുള്ളത്. യോഗങ്ങളിൽ പങ്കെടുക്കുന്ന സംഘടനാ പ്രതിനിധികളുടെയും ആളുകളുടെയും പ്രവർത്തനങ്ങൾ പോലീസ് വിലയിരുത്താറുണ്ട്.

(സി) ജില്ലാ പോലീസ് മേധാവിയുടെ നേതൃത്വത്തിൽ മലപ്പുറം ജില്ലയിലെ പട്ടികവർഗ്ഗ മേഖലകളിലെ പ്രശ്നങ്ങൾ ചർച്ച ചെയ്യാൻവേണ്ടി

ചേരുന്ന യോഗങ്ങളിൽ പങ്കെടുക്കുന്ന വിവിധ പട്ടികവർഗ്ഗ, ആദിവാസി സംഘടനകളുടെ പ്രതിനിധികളുടെ പേരുവിവരവും വിലാസവും മൊബൈൽ നമ്പരും ഇവരുൾപ്പെടുന്ന സംഘടനകളുടെ പേരുവിവരവും ലഭ്യമാക്കാമോ; ഓരോ സംഘടനകളിൽനിന്നും എത്ര പ്രതിനിധികളെ വീതമാണ് യോഗത്തിന് ക്ഷണിക്കാറുള്ളതെന്നും അറിയിക്കാമോ?

യോഗങ്ങളിൽ പങ്കെടുക്കുന്ന അംഗങ്ങളുടെ പേര് വിവരം അനുബന്ധമായി ചേർക്കുന്നു.+

(ഡി) പട്ടികവർഗ്ഗ വിഭാഗങ്ങൾക്കിടയിൽ പ്രചാരമില്ലാത്ത കടലാസ് സംഘടനകൾ ഇത്തരം യോഗങ്ങൾക്കെത്തുന്നതും യോഗതീരുമാനങ്ങളെ സ്വാധീനിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പരിശോധിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**സമരങ്ങളെത്തുടർന്ന് ഫയൽ ചെയ്തിട്ടുള്ള കേസുകളുടെ വിവരം**

131 (131) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:</u> താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിലവിലെ സർക്കാരിന്റെ കാലഘട്ടത്തിൽ 2021 മേയ് മാസം മുതൽ നാളിതുവരെ സർക്കാരിനെതിരെ നടത്തിയ സമരങ്ങൾ, പ്രക്ഷോഭങ്ങൾ എന്നിവയെത്തുടർന്ന് ഫയൽ ചെയ്തിട്ടുള്ള കേസുകളുടെ എഫ്.ഐ.ആർ. നമ്പർ, ജില്ല, പോലീസ് സ്റ്റേഷൻ, തീയതി, കേസ്സെടുത്തവരുടെ എണ്ണം എന്നീ വിവരങ്ങൾ പട്ടികയായി നൽകാമോ?

ക്രോഡീകരിച്ച വിവരങ്ങൾ ലഭ്യമല്ല.

**കായികതാരം ലിതാരയുടെ മരണത്തെത്തുടർന്നുള്ള അന്വേഷണം**

132 (132) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കായികതാരവും ബീഹാറിലെ ധനാപൂർ റെയിൽവേ ഡിവിഷനിൽ ജോലി ചെയ്തുവരികയുമായിരുന്ന കുറ്റ്യാടി നിയോജകമണ്ഡലത്തിലെ വട്ടോളി സ്വദേശി ലിതാര, ബീഹാറിൽവച്ച് മരണപ്പെട്ടതിനെത്തുടർന്നുള്ള അന്വേഷണം ഏതുഘട്ടത്തിലാണെന്ന് അറിയിക്കാമോ; സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ലിതാരയുടെ കുടുംബത്തിന് നഷ്ടപരിഹാരം നൽകുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

ഇന്ത്യൻ റെയിൽവേയിൽ ജോലി ചെയ്തുവന്നിരുന്ന ബാസ്കറ്റ് ബോൾ താരമായ ലിതാര എന്ന പെൺകുട്ടിയുടെ മരണവുമായി ബന്ധപ്പെട്ട് കേരള പോലീസ് കേസുകളൊന്നും രജിസ്റ്റർ ചെയ്തിട്ടില്ല. ലിതാരയുടെ മൃതദേഹം പാറ്റ്നയിലുള്ള ഇന്ദിരാഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിൽ വച്ച് പോസ്റ്റുമോർട്ടം നടത്തി. തുടർന്ന് മൃതദേഹം 28-04-2022-ൽ കുറ്റ്യാടി പോലീസ് സ്റ്റേഷൻ പരിധിയിലെ നരിപ്പറ്റയിലുള്ള വീട്ടുവളപ്പിൽ സംസ്കരിച്ചിട്ടുള്ളതാണ്. മേൽകാര്യത്തിന് ബീഹാറിലെ പാറ്റ്ന രാജീവ് നഗർ പോലീസ് സ്റ്റേഷനിൽ Cr. No. 185/22 u/s 306 IPC ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്. നഷ്ടപരിഹാരം ആവശ്യപ്പെട്ടുള്ള അപേക്ഷ കായിക യുവജനകാര്യ വകുപ്പിന്റെ പരിശോധനയിലുണ്ട്.

**ആലത്തൂരിൽ ആഭ്യന്തര വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ**

133 (133) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ആലത്തൂർ നിയോജകമണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ ആഭ്യന്തര വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്നും ഇതിനായി എത്ര രൂപ വിനിയോഗിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

ആലത്തൂർ നിയോജകമണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ ആഭ്യന്തര വകുപ്പുവഴി നടപ്പിലാക്കിയ പദ്ധതികൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.+

**നഗരൂർ പോലീസ് സ്റ്റേഷനിലെ ജീവനക്കാരുടെ കുറവ്**

134 (134) <u>ശ്രീമതി ഒ. എസ്. അംബിക</u>: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ നഗരൂർ പോലീസ് സ്റ്റേഷനിലെ ജീവനക്കാരുടെ കുറവ് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ നഗരൂർ പോലീസ് സ്റ്റേഷനിലെ ആകെ അംഗബലം 31 ആണ്. ആയതിൽ 30 പോലീസുദ്യോഗസ്ഥർ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിലവിൽ പ്രവൃത്തിയെടുത്തുവരുന്നുണ്ട്. നിലവിലുള്ള ഒരൊഴിവ് നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**സിവിൽ സർവ്വീസിൽ അഴിമതിയും കൈക്കൂലിയും ഇല്ലാതാക്കൽ**

135 (135) ശ്രീ. കെ. ബാബു (നെന്മാറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സർവ്വീസിൽ അഴിമതിയും കൈക്കൂലിയും ഇല്ലാതാക്കുന്നതിനായി നിലവിലെ സർക്കാർ എന്തെല്ലാം നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

അഴിമതിയും കൈക്കൂലിയും പൂർണ്ണമായും ഇല്ലാതാക്കുന്നതിനായി അഴിമതി നിരോധന നിയമം 1988 അനുസരിച്ച് വിജിലൻസ് വകുപ്പ് വളരെ ഫലപ്രദമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. അഴിമതി സംബന്ധിച്ച് ലഭിക്കുന്ന പരാതികളിൽ പരാതിയുടെ സ്വഭാവമനുസരിച്ച് രഹസ്യാന്വേഷണം/സത്വരാന്വേഷണം/പ്രാഥമികാന്വേഷണം/വിജിലൻസ് അന്വേഷണം/മിന്നൽ പരിശോധന/ട്രാപ്പുകൾ എന്നിവ നടത്തുകയും തെളിവുകളുടെ അടിസ്ഥാനത്തിൽ വിജിലൻസ് കേസ് രജിസ്റ്റർ

ചെയ്യേണ്ടവയിൽ കേസ് രജിസ്റ്റർ ചെയ്യുകയും മറ്റുള്ളവയിൽ തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. സസ്പെൻഷൻ, മറ്റ് വകുപ്പുതല നടപടികൾ എന്നിവ ആവശ്യമായവയിൽ കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാറുണ്ട്. കൂടാതെ കൈക്കൂലി ആവശ്യപ്പെടുന്ന ഉദ്യോഗസ്ഥർക്കെതിരെ പൊതുജനങ്ങളിൽനിന്ന് ലഭിക്കുന്ന പരാതിയുടെ അടിസ്ഥാനത്തിൽ ട്രാപ്പ് കേസുകൾ രജിസ്റ്റർ ചെയ്യുകയും സർക്കാർ സ്ഥാപനങ്ങളിലെ അപാകതകൾ സംബന്ധിച്ച് ലഭിക്കുന്ന വിവരങ്ങളിൽനിന്നും സോഴ്സ് റിപ്പോർട്ട് തയ്യാറാക്കി ഇത്തരം ഓഫീസുകളിൽ സംസ്ഥാന വ്യാപകമായി മിന്നൽ പരിശോധനകൾ നടത്തിയും അഴിമതിക്കും ക്രമക്കേടുകൾക്കുമെതിരെ നടപടി സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തെ മിക്ക സർക്കാർ വകുപ്പുകളിലും ആഭ്യന്തര വിജിലൻസ് സംവിധാനം നിലവിലുണ്ട്. സർക്കാർ ഫണ്ടുകൾ തിരിമറി നടത്തുന്നതുമായി ബന്ധപ്പെട്ട് ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ആഭ്യന്തര-വിജിലൻസ് സംവിധാനം ഉപയോഗിച്ച് പ്രാഥമികാന്വേഷണം നടത്തുകയും ആരോപണം ശരിയാണെന്ന് തെളിയുന്ന അവസരങ്ങളിൽ ആയത് വിജിലൻസ്

അന്വേഷിക്കേണ്ടതാണെങ്കിൽ അന്വേഷണം വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയ്ക്ക് കൈമാറി തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

(ബി) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ വകുപ്പുകളിലായി എത്ര കൈക്കൂലി കേസുകളാണ് വിജിലൻസ് പിടിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; വകുപ്പുകൾ തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൈക്കൂലിയുമായി ബന്ധപ്പെട്ട് 114 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേസുകളുടെ വകുപ്പ് തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

**മഞ്ചേരി ജില്ലാ കോടതി സമുച്ചയത്തിന്റെ നിർമ്മാണം**

136 (136) ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരിയിലെ ജില്ലാ കോടതി കോംപ്ലക്സിന്റെ പണി നിലവിൽ ഏതുഘട്ടത്തിലാണ്?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിലവിൽ പെയിന്റിംഗ്, അഗ്നിശമന സംവിധാനം, ലിഫ്റ്റ്, പാർട്ടീഷൻ വർക്ക് തുടങ്ങിയ അവസാനഘട്ട പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

(ബി) പ്രസ്തുത കെട്ടിടത്തിന്റെ പണി വേഗത്തിൽ പൂർത്തിയാക്കി ഉദ്ഘാടനം ചെയ്യാൻ നടപടി സ്വീകരിക്കുമോ?

കോടതി സമുച്ചയത്തിന്റെ നിർമ്മാണം അതിവേഗം പുരോഗമിക്കുന്നതിനാൽ 2023 ഡിസംബറിനുള്ളിൽത്തന്നെ നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**കൂത്തുപറമ്പ് മജിസ്ട്രേറ്റ് കോടതി കെട്ടിട നിർമ്മാണം**

137 (137) ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺസ്ട്രക്ഷൻ കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന കൂത്തുപറമ്പ് മജിസ്ട്രേറ്റ് കോടതി നിർമ്മാണ പ്രവൃത്തി വർഷങ്ങളായിട്ടും ആരംഭിക്കാൻ സാധിക്കാത്ത കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത നിർമ്മാണ പ്രവൃത്തി എന്നത്തേയ്ക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായുള്ള KIIFB സ്കീമിലാണ് കുത്തുപറമ്പ് ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയുടെ നിർമ്മാണം നടപ്പിലാക്കുന്നത്. നിലവിൽ നിർമ്മാണത്തിന്റെ ടെണ്ടർ സ്റ്റേജിലാണ്. കൂടാതെ പുതിയ നിരക്കുകളുടെയും ജി.എസ്.ടി.-യുടെയും അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് പുതുക്കേണ്ടതുമുണ്ട്. നടപടികൾ കാലതാമസം കൂടാതെ പൂർത്തിയാക്കി നിർമ്മാണപ്രവൃത്തി കഴിയുന്നതുംവേഗം ആരംഭിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

**ലോകായുക്തയിൽ ഫയൽ ചെയ്തിട്ടുള്ള കേസുകൾ**

138 (138) <u>ശ്രീ. ടി. സിദ്ദിഖ്:</u> താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

2018 മുതൽ 2022 വരെ ഓരോ വർഷവും ലോകായുക്തയിൽ എത്ര കേസുകൾ ഫയൽ ചെയ്തിട്ടുണ്ട്; ഇതിൽ എത്ര കേസുകളിൽ തീർപ്പ് കൽപ്പിച്ചിട്ടുണ്ട്; വിശദമാക്കാമോ?

| വർഷം | ഫയൽ ചെയ്ത കേസുകളുടെ എണ്ണം | തീർപ്പ് കൽപ്പിച്ച കേസുകളുടെ എണ്ണം (31-12-2022 വരെ) |
|---|---|---|
| 2018 | 1578 | 1413 |
| 2019 | 1057 | 959 |
| 2020 | 205 | 134 |
| 2021 | 227 | 137 |
| 2022 | 305 | 156 |

**കാസർഗോഡ് ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷന് പുതിയ കെട്ടിടം**

139 (139) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കാൻ ആലോചനയുണ്ടോ; എങ്കിൽ ഇതിനുവേണ്ട പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇത് എത്ര നിലകളുള്ള കെട്ടിടമാണെന്നും എന്തെല്ലാം സൗകര്യങ്ങളും സംവിധാനങ്ങളും കെട്ടിടത്തിലുണ്ടാകുമെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത കെട്ടിടത്തിൽ ജീവനക്കാർക്ക് താമസിക്കാനുള്ള സൗകര്യമുണ്ടാകുമോയെന്ന് വ്യക്തമാക്കുമോ; എങ്കിൽ വിശദാംശം നൽകുമോ;

(ഡി) പ്രസ്തുത നിർമ്മാണത്തിന്റെ എസ്റ്റിമേറ്റ് തുക എത്രയാണെന്നും ഭരണാനുമതിയും സാങ്കേതികാനുമതിയും എപ്പോൾ ലഭ്യമാക്കുമെന്നും വ്യക്തമാക്കുമോ?

(എ-ഡി) ഉണ്ട്. കാസർഗോഡ് അഗ്നിരക്ഷാ നിലയത്തിന് കെട്ടിടവും സ്റ്റാഫ് ക്വാർട്ടേഴ്സും നിർമ്മിക്കുന്നതിന് 18 കോടി രൂപയുടെ റഫ് കോസ്റ്റ് എസ്റ്റിമേറ്റും പ്ലാനും പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയിരുന്നു. പരിശോധനയിൽ വളരെയധികം ന്യൂനതകളുള്ളതായി അഗ്നിരക്ഷാ സേവന വകുപ്പ് കണ്ടെത്തിയതിനാൽ അവ പരിഹരിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിന് തിരികെ നൽകിയിട്ടുണ്ട്. അന്തിമ പ്ലാൻ ലഭിക്കുന്നമുറയ്ക്ക് മാത്രമെ സൗകര്യങ്ങൾ, അനുമതി എന്നിവ സംബന്ധിച്ച് വ്യക്തതയുണ്ടാവുകയുള്ളൂ.

**മലപ്പുറം ജില്ലാ ഫയർ ഓഫീസ് നവീകരണം**

140 (140) ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മുണ്ടുപറമ്പിലെ അഗ്നി സുരക്ഷാ നിലയത്തോടനുബന്ധിച്ച് പ്രവർത്തിക്കുന്ന ജില്ലാ ഫയർ ഓഫീസ് നവീകരണത്തിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്കായി 2018-19 വർഷത്തെ ബഡ്ജറ്റ് പ്രൊപ്പോസലിലുൾപ്പെടുത്തി പൊതുമരാമത്ത് വകുപ്പ് സമർപ്പിച്ച 95 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് അംഗീകാരം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; ഇതിനായി മറ്റ് ഫണ്ടുകൾ അനുവദിച്ചിട്ടുണ്ടോ?

(എ&ബി) 2021-22 വർഷം മലപ്പുറം ജില്ലാ ഫയർ ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി 1,16,00,000/- രൂപയുടെ റീകാൽക്കുലേറ്റ് ചെയ്ത റഫ് കോസ്റ്റ് എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സർക്കാരിന് സമർപ്പിച്ചിരുന്നെങ്കിലും ബഡ്ജറ്റ് വിഹിതം അധികരിച്ചിരുന്നതിനാൽ പ്രസ്തുത നിർമ്മാണ പ്രവൃത്തിക്ക് ഭരണാനുമതി നൽകാൻ സാധിച്ചില്ല. 2022-

23, 2023-24 സാമ്പത്തിക വർഷങ്ങളിലെ വാർഷിക പദ്ധതിയിൽ പ്രസ്തുത പ്രവൃത്തി ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ നിലവിൽ നടപടി സ്വീകരിച്ചിട്ടില്ല.

(സി) ജില്ലാ ഫയർ ഓഫീസർക്കുള്ള ക്വാർട്ടേഴ്സ് നിർമ്മാണം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങളേർപ്പെടുത്താൻ സത്വര നടപടി സ്വീകരിക്കാമോ?

ആയതിന്റെ ആവശ്യകത പരിശോധിച്ച് ആവശ്യമെങ്കിൽ മാത്രമേ നടപടി സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

**ഹരിപ്പാട് അഗ്നിരക്ഷാ നിലയത്തിലേയ്ക്കുള്ള വഴിയുടെ വികസനം**

141 (141) ശ്രീ. രമേശ് ചെന്നിത്തല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് അഗ്നിരക്ഷാ നിലയത്തിലേയ്ക്കുള്ള വഴിയുടെ വികസനത്തിനായി 23-05-2023-ലെ സ.ഉ. (കയ്യെഴുത്ത്) 130/2023/ഹോം നമ്പർ ഉത്തരവുപ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനുള്ള കണ്ടിജൻസി ചാർജ്ജായി അനുവദിച്ച മൂന്ന് ലക്ഷം രൂപ സ്പെഷ്യൽ തഹസിൽദാർക്ക് കൈമാറാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തുക അടിയന്തരമായി കൈമാറുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(എ&ബി) വകുപ്പ് മേധാവിയുടെ ശിപാർശ ലഭ്യമാകുന്നമുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്.

**ഉപ്പള ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണം**

142 (142) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപ്പള അഗ്നിരക്ഷാ നിലയത്തിന് സ്വന്തമായി കെട്ടിട സൗകര്യമില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത അഗ്നിരക്ഷാ നിലയത്തിന് കെട്ടിടം നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. മഞ്ചേശ്വരം താലൂക്കിൽ മംഗൾപ്പാടി വില്ലേജിൽ റീ-സർവ്വേ നം. 50/1-ലുൾപ്പെട്ട 90 സെന്റ് സ്ഥലം വകുപ്പിന് കൈമാറി ലഭിച്ചിട്ടുണ്ട്. കെട്ടിടത്തിന്റെ പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ ലഭ്യമാക്കുന്നതിന് കാസർഗോഡ്,

പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കാസർഗോഡ് ജില്ലാ ഫയർ ഓഫീസർ കത്ത് നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത അഗ്നിരക്ഷാ നിലയത്തിന്റെ നിർമ്മാണം എപ്പോൾ ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

പൊതുമരാമത്ത് വകുപ്പിൽനിന്നും പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ ലഭ്യമാക്കുന്നമുറയ്ക്ക് ഫണ്ടിന്റെ ലഭ്യത, ഭരണാനുമതി എന്നിവയ്ക്കുവിധേയമായി കെട്ടിട നിർമ്മാണം ആരംഭിക്കുന്നത് സംബന്ധിച്ച തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

**കാട്ടാക്കട ഫയർ സ്റ്റേഷന്റെ നവീകരണ പ്രവൃത്തി**

143 (143) <u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട ഫയർ സ്റ്റേഷന്റെ നിർമ്മാണത്തിനായി അനുമതി ലഭ്യമായ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ടെങ്കിലും ഇനിയും പ്രവൃത്തികൾ പൂർത്തിയാക്കാനുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇനിയും പൂർത്തിയാക്കാനുള്ള പ്രവൃത്തികളുടെ എസ്റ്റിമേറ്റ് സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ ആയതിന്മേൽ ഭരണാനുമതി ലഭ്യമാക്കി ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

(എ&ബി) കാട്ടാക്കട ഫയർ സ്റ്റേഷൻ കെട്ടിടം പൂർത്തിയാക്കുന്നതിന് എസ്റ്റിമേറ്റിലുൾപ്പെട്ടിട്ടുള്ള അവശേഷിക്കുന്ന പ്രവൃത്തികളും സ്റ്റേഷന്റെ സുഗമമായ പ്രവർത്തനത്തിനാവശ്യമായ അധിക പ്രവൃത്തികളും ഉൾപ്പെടുത്തി പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയ 50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിച്ചുവരികയാണ്. ഭരണാനുമതിക്ക് വിധേയമായി കെട്ടിട നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്കുമാത്രമേ പുതിയ കെട്ടിടത്തിൽ സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കാൻ സാധിക്കുകയുള്ളൂ.

**ബിരിക്കുളത്ത് ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് നടപടി**

144 (144) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിലെ വെള്ളരിക്കുണ്ട് താലൂക്കിലെ ബിരിക്കുളത്ത് ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷൻ

സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് പ്രസ്തുത താലൂക്കിൽ ഏതൊക്കെ സ്ഥലങ്ങളിലാണ് പരിശോധന നടത്തിയതെന്ന് വിശദമാക്കാമോ?

(എ&ബി) കിനാനൂർ വില്ലേജിൽ റീ-സർവ്വേ നം. 495/3 (ചായ്യോം), പരപ്പ വില്ലേജിൽ റീ-സർവ്വേ നം. 155 പാർട്ടിൽ (ബിരിക്കുളം) എന്നീ സ്ഥലങ്ങളിൽ ഫയർ ആൻഡ് റെസ്ക്യൂ സർവ്വീസസ് വകുപ്പ് പരിശോധന നടത്തിയിരുന്നെങ്കിലും പുതിയതായി ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് സർക്കാർ തീരുമാനിച്ച ഇടങ്ങളിൽ സ്ഥലം കണ്ടെത്തി നടപടി സ്വീകരിച്ചാൽ മതിയെന്ന് സർക്കാർ തത്വത്തിൽ തീരുമാനിച്ചിരുന്നതിനാൽ ഇക്കാര്യത്തിൽ നിലവിൽ തുടർനടപടി സ്വീകരിച്ചിട്ടില്ല.

(സി) ആയതുപ്രകാരം സമർപ്പിച്ച റിപ്പോർട്ടുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

കണ്ണൂർ റീജിയണൽ ഫയർ ഓഫീസർ വകുപ്പ് മേധാവിക്ക് സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

**വളാഞ്ചേരി ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണം**

145 (145) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 വർഷത്തെ ബഡ്ജറ്റിലുൾപ്പെടുത്തിയ കോട്ടയ്ക്കൽ മണ്ഡലത്തിലെ വളാഞ്ചേരി ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി ലഭിക്കുന്നതിനായി വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭിക്കുന്നതിൽ കാലതാമസം നേരിടുന്നതിന്റെ കാരണം വിശദമാക്കുമോ; നിർമ്മാണം എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത നിയോജകമണ്ഡലത്തിൽ അടിയന്തരമായി ഫയർ സ്റ്റേഷൻ കെട്ടിടനിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ-സി) വളാഞ്ചേരിയിൽ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടില്ലാത്ത സാഹചര്യത്തിൽ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

**വൈപ്പിൻ നിയോജകമണ്ഡലത്തിലെ ഫയർ ആൻഡ് റെസ്ക്യൂ സർവ്വീസസ്**

146 (146) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

വൈപ്പിൻ നിയോജകമണ്ഡലത്തിലെ ഫയർ ആൻഡ് റെസ്ക്യൂ സർവ്വീസസ് വകുപ്പിനുവേണ്ടി എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത് റവന്യൂ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള എളങ്കുന്നപ്പുഴ വില്ലേജ് സർവ്വേ 412/6-ൽപ്പെട്ട 7.10 ആർ ഭൂമി ഏറ്റെടുക്കുന്നതിനായി എറണാകുളം റീജിയണൽ ഫയർ ഓഫീസർ 1-2-2003-ലെ കത്ത് പ്രകാരം അഗ്നിരക്ഷാ സേവന വകുപ്പ് മേധാവിക്ക് സമർപ്പിച്ച അർത്ഥനാപത്രത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികളെന്തെന്ന് വിശദമാക്കാമോ?

പ്രസ്തുത അർത്ഥനാപത്രം അനന്തര നടപടികൾക്കായി ജില്ലാ കളക്ടർക്ക് കൈമാറിയിട്ടുണ്ട്.

**പരവൂർ അഗ്നിരക്ഷാ നിലയത്തിന് പുതിയ കെട്ടിടം**

147 (147) ശ്രീ. ജി. എസ്. ജയലാൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരവൂർ അഗ്നിരക്ഷാ നിലയത്തിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായുള്ള നടപടികളുടെ പുരോഗതി വിശദമാക്കാമോ?

കെട്ടിടം നിർമ്മിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം ലഭ്യമാക്കിയ 3 കോടി രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് ഭരണാനുമതി നൽകിയിരുന്നു. പൈൽ വർക്ക് ചെയ്യുന്നതിന് മുൻവശത്ത് സ്ഥലം ലഭ്യമല്ലാത്തതിനാൽ പാർക്കിംഗിനുവേണ്ടിയുള്ള സ്ഥലം സ്ടക്ചറിൽ നിർമ്മിക്കാൻ പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ നിർദ്ദേശിക്കുകയും പൊതുമരാമത്ത് വകുപ്പ് ആർക്കിടെക്ചറൽ വിഭാഗം തയ്യാറാക്കിയ പുതുക്കിയ ആർക്കിടെക്ചറൽ പ്ലാൻ വകുപ്പ് മേധാവി അംഗീകരിച്ച് പൊതുമരാമത്ത് വകുപ്പ് കൊല്ലം അസിസ്റ്റന്റ് എഞ്ചിനീയർക്ക് നൽകുകയും ടെന്റേറ്റീവ്

ഡ്രോയിംഗ് തയ്യാറാക്കുകയും ചെയ്തിരുന്നു. അതിന്റെയടിസ്ഥാനത്തിൽ തയ്യാറാക്കിയ 5 കോടി രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിയുടെ കാലാവധി നീട്ടിക്കിട്ടാൻവേണ്ടി കൊല്ലം പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് സമർപ്പിച്ചിരിക്കുകയാണ്.

(ബി) പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടില്ല.

(സി) പ്രാരംഭ നടപടികൾ പൂർത്തിയാക്കി പുതിയ കെട്ടിടം നിർമ്മിക്കുന്ന പ്രവൃത്തി എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

പൊതുമരാമത്ത് വകുപ്പിൽനിന്നും പുതുക്കിയ എസ്റ്റിമേറ്റ് ലഭ്യമാകുന്നമുറയ്ക്ക് ഭരണാനുമതി, ഫണ്ടിന്റെ ലഭ്യത എന്നിവയ്ക്കുവിധേയമായി മാത്രമേ കെട്ടിട നിർമ്മാണം ആരംഭിക്കാൻ സാധിക്കുകയുള്ളൂ.

**ആലത്തൂർ അഗ്നിരക്ഷാ നിലയം**

148 (148) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിലെ ആലത്തൂർ അഗ്നിരക്ഷാനിലയത്തിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് തയ്യാറാക്കിയ പ്ലാനിന് അംഗീകാരം ലഭിച്ചിട്ടുണ്ടോ; എങ്കിൽ തുടർനടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അഗ്നിരക്ഷാനിലയത്തിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വിശദമാക്കാമോ?

(എ&ബി) ആലത്തൂർ അഗ്നിരക്ഷാ നിലയത്തിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയ പ്ലാൻ വകുപ്പ് മേധാവി അംഗീകരിച്ച് എസ്റ്റിമേറ്റ് ലഭ്യമാക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം ആലത്തൂർ അസിസ്റ്റന്റ് എഞ്ചിനീയർക്ക് പാലക്കാട് ജില്ലാ ഫയർ ഓഫീസർ കത്ത് നൽകിയിട്ടുണ്ട്. എസ്റ്റിമേറ്റ് ലഭ്യമായിട്ടില്ല.

**കോങ്ങാട് ഫയർ സ്റ്റേഷൻ നിർമ്മാണ പ്രവൃത്തി**

149 (149) <u>ശ്രീമതി ശാന്തകുമാരി കെ.</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് ഫയർ സ്റ്റേഷൻ നിർമ്മാണ പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നത് സംബന്ധിച്ച തുടർനടപടികളുടെ വിശദാംശം ലഭ്യമാക്കാമോ?

(എ&ബി) കോങ്ങാട് അഗ്നിരക്ഷാ നിലയത്തിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് പാലക്കാട് താലൂക്ക് കോങ്ങാട് വില്ലേജിൽ ബ്ലോക്ക് നമ്പർ-3-ൽ റീ-സർവ്വേ നം. 305/17-ലുൾപ്പെട്ട 40 സെന്റ് സ്ഥലം വകുപ്പിന് ലഭ്യമായിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിന് പുതുക്കിയ എസ്റ്റിമേറ്റ് തുകയായ 253 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിന് തടസ്സമായി നിൽക്കുന്ന 76 മരങ്ങൾ മുറിച്ചുമാറ്റുന്നതിന് പരിസ്ഥിതി വകുപ്പിന്റെ അനുമതി

ലഭ്യമാക്കുന്നതിന് പരിസ്ഥിതി വകുപ്പ് സെക്രട്ടറിക്ക് പാലക്കാട് ജില്ലാ ഫയർ ഓഫീസർ അപേക്ഷ നൽകിയിട്ടുണ്ട്. ഇതുസംബന്ധിച്ച നടപടികൾ പൂർത്തീകരിക്കുന്നമുറയ്ക്ക് പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ സാധിക്കുന്നതാണ്.

**ജയിലുകളിലേയ്ക്ക് മാസ്ക് നിർമ്മിക്കാനുള്ള തുണി**

150 (150) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് കാലഘട്ടത്തിൽ ജയിലുകളിലേയ്ക്ക് മാസ്ക് നിർമ്മിക്കാനുള്ള തുണി ലഭ്യമാക്കാൻ സാമൂഹ്യ സുരക്ഷാ മിഷനോട് ജയിൽ വകുപ്പ് ആവശ്യപ്പെട്ടിരുന്നോ; എങ്കിൽ പ്രസ്തുത രേഖകളുടെ പകർപ്പ് ലഭ്യമാക്കാമോ?

സംസ്ഥാനത്തെ ജയിലുകളിൽ മാസ്ക് നിർമ്മിക്കാനുള്ള തുണി ലഭ്യമാക്കാൻ സാമൂഹ്യ സുരക്ഷാ മിഷനോട് ജയിൽ വകുപ്പ് രേഖാമൂലം ആവശ്യപ്പെട്ടിരുന്നില്ല.

(ബി) സാമൂഹ്യ സുരക്ഷാ മിഷൻ മാസ്ക് നിർമ്മിക്കാനുള്ള തുണി ജയിൽ വകുപ്പിന് നൽകിയിരുന്നോ; എങ്കിൽ എത്ര രൂപയുടെ തുണിയാണ് നൽകിയതെന്ന് വ്യക്തമാക്കാമോ;

(സി) സാമൂഹ്യ സുരക്ഷാ മിഷൻ മാസ്ക് നിർമ്മിക്കാനുള്ള തുണി ജയിൽ വകുപ്പിന് നൽകിയ വകയിൽ ജയിൽ വകുപ്പ് സാമൂഹ്യ സുരക്ഷാ മിഷന് തുക നൽകിയിരുന്നോ; എങ്കിൽ എത്ര രൂപ നൽകിയെന്ന് വ്യക്തമാക്കാമോ?

(ബി&സി) ഉണ്ട്. സംസ്ഥാനത്തെ ജയിലുകളിലേയ്ക്ക് മാസ്ക് നിർമ്മിക്കാനായി സാമൂഹ്യ സുരക്ഷാ മിഷനിൽനിന്നും 30,000 മീറ്റർ തുണി ജയിൽ വകുപ്പിന് ലഭ്യമാക്കിയിട്ടുണ്ട്. തുണി വാങ്ങുന്നതിനായി 13,11,023/- (പതിമൂന്ന് ലക്ഷത്തി പതിനൊന്നായിരത്തി ഇരുപത്തിമൂന്ന്) രൂപ സാമൂഹ്യ സുരക്ഷാ മിഷൻ ചെലവാക്കിയിട്ടുണ്ട്. സാമൂഹ്യ സുരക്ഷാ മിഷൻ നൽകിയ തുണി ഉപയോഗിച്ച് പരമാവധി എണ്ണം മാസ്ക് നിർമ്മിച്ച് നൽകുകയാണ് ജയിൽ വകുപ്പ് ചെയ്തിട്ടുള്ളത്.

**ശിക്ഷായിളവ്**

151 (151) <u>ശ്രീ. സണ്ണി ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ കേസുകളിൽ ഒരു വർഷത്തേയ്ക്കുമാത്രം ശിക്ഷിക്കപ്പെട്ട് ജയിലിൽ കഴിയുന്നവരിൽ മൂന്നിലൊന്ന് ശിക്ഷ അനുഭവിച്ചവരെയും 65 വയസ്സ് പൂർത്തിയാക്കിയവരെയും രോഗാവസ്ഥയിലുള്ളവരെയും ആസാദി കാ അമൃത് മഹോത്സവിന്റെ ഭാഗമായി 2023 ആഗസ്റ്റ് 15-ന് ജയിൽ മോചിതരാക്കാൻ ഉത്തരവുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ഉത്തരവുപ്രകാരം ഇളവ് ലഭിക്കാൻ അർഹതപ്പെട്ടവർക്ക് ആയത് ലഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) വിയ്യൂർ ജയിലിൽ കഴിയുന്ന ഇത്തരത്തിൽ അർഹതപ്പെട്ടവർക്കും ഈ ശിക്ഷായിളവ് ലഭിക്കുമെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ?

(എ-സി) ആസാദി കാ അമൃത് മഹോത്സവ് (ഭാരതം സ്വാതന്ത്ര്യം നേടിയതിന്റെ 75-ാം വാർഷികം) ആഘോഷങ്ങളുടെ ഭാഗമായി കേന്ദ്ര ആഭ്യന്തര മന്ത്രാലയം പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളുടെയും

സമയക്രമത്തിന്റെയും അടിസ്ഥാനത്തിൽ വിയ്യൂർ ഉൾപ്പെടെ സംസ്ഥാനത്തെ വിവിധ ജയിലുകളിൽ ശിക്ഷ അനുഭവിച്ച് കഴിയുന്ന അർഹതപ്പെട്ട തടവുകാർക്ക് മൂന്നംഘട്ടമായി അകാലവിടുതൽ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. മൂന്നാംഘട്ട വിടുതൽ നടപ്പിൽവരുത്തേണ്ടത് 2023 ആഗസ്റ്റ് 15-നാണ്. അതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

**നാലുചക്ര വാഹനങ്ങളില്ലാത്ത ജയിലുകൾ**

152 (152) <u>ശ്രീ. കെ. പ്രേംകുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ജയിലുകളിൽ നിലവിൽ നാലുചക്ര വാഹനമില്ലാത്ത ജയിലുകളുണ്ടോ; എങ്കിൽ ഏതെല്ലാം?

(ബി) നാലുചക്ര വാഹനമില്ലാത്ത ജയിലുകളുണ്ടെങ്കിൽ അവിടെ വാഹനം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(എ&ബി) ഉണ്ട്. കൂത്തുപറമ്പ് സ്പെഷ്യൽ സബ് ജയിലിൽ നാലുചക്ര വാഹനം നിലവിലില്ല. 2022-23 സാമ്പത്തിക വർഷത്തെ 'തടവുകാരുടെ

ക്ഷേമം' വാർഷിക പദ്ധതിയിലുൾപ്പെടുത്തി വാങ്ങിയിട്ടുള്ള ഒരു ജീപ്പ് കുത്തുപറമ്പ് സ്പെഷ്യൽ സബ് ജയിലിന് അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

**കാസർഗോഡ് ജില്ലാ ജയിൽ സ്ഥാപിക്കുന്നതിന് നടപടി**

153 (153) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലാ ജയിൽ സ്ഥാപിക്കാൻ സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) എങ്കിൽ കണ്ടെത്തിയ സ്ഥലം വകുപ്പിന് കൈമാറിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) കൈമാറി കിട്ടിയ സ്ഥലത്ത് കെട്ടിടം അടക്കമുള്ള സംവിധാനങ്ങളൊരുക്കുന്നതിന് തുക ലഭ്യമാണോ; വിശദാംശങ്ങൾ നൽകാമോ?

(എ-സി) കാസർഗോഡ് ജില്ലാ ജയിൽ മാറ്റിസ്ഥാപിക്കുന്നതിനായി ഹോസ്ദുർഗ് താലൂക്കിൽ പനയാൽ വില്ലേജിൽ ബട്ടത്തുരിൽ സർവ്വേ നം.

109/3-ൽപ്പെട്ട 5 ഏക്കർ 36 സെന്റ് സ്ഥലം കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത സ്ഥലം ജയിൽ വകുപ്പിന് കൈമാറുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നു.

## കൂത്തുപറമ്പ് സ്പെഷ്യൽ സബ് ജയിലിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ നടപടി

154 (154) ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് സ്പെഷ്യൽ സബ് ജയിലിൽ വൈദ്യുതി ബന്ധം നിലച്ചാൽ വെളിച്ചത്തിന് പകരം സംവിധാനം ലഭ്യമല്ലാത്തകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് സോളാർ പാനൽ സ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

കൂത്തുപറമ്പ് സ്പെഷ്യൽ സബ് ജയിലിൽ ജനറേറ്റർ, സെൻട്രലൈസ്ഡ് യു.പി.എസ്. എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സോളാർ പാനൽ സ്ഥാപിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

(ബി) ആഴ്ചയിൽ ഒരു ദിവസമെങ്കിലും ആരോഗ്യ പരിശോധനയും

കൗൺസിലിംഗ് സംവിധാനവും ഏർപ്പെടുത്തുന്നകാര്യം പരിഗണിക്കുമോ; വിശദമാക്കുമോ?

അന്തേവാസികളെ പരിശോധിക്കുന്നതിനായി ആഴ്ചയിലൊരിക്കൽ കൂത്തുപറമ്പ് ഗവൺമെന്റ് താലൂക്കാശുപത്രിയിൽനിന്നും മെഡിക്കൽ ഓഫീസറും സ്റ്റാഫ് നഴ്സും ജയിലിലെത്തുന്നുണ്ട്.

(സി) ജയിലിലെ തടവുകാർക്ക് മാനസികോല്ലാസം സാദ്ധ്യമാകത്തക്കവിധം വിനോദോപാധികൾ ഏർപ്പെടുത്തുന്നകാര്യം പരിഗണിക്കുമോ; വിശദമാക്കുമോ?

കൂത്തുപറമ്പ് സ്പെഷ്യൽ സബ് ജയിലിൽ കഴിയുന്ന അന്തേവാസികളുടെ മാനസികോല്ലാസം സാദ്ധ്യമാക്കുന്നതിനായി എൽ.ഇ.ഡി. ടെലിവിഷൻ, റിക്രിയേഷൻ/സ്പോർട്സ് ഉപകരണങ്ങൾ എന്നിവ വാങ്ങുന്നത് 2023-24 വർഷത്തെ 'തടവുകാരുടെ ക്ഷേമം' വാർഷിക പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) കൂത്തുപറമ്പ് സ്പെഷ്യൽ സബ് ജയിലിൽ ആവശ്യത്തിന് സ്വന്തമായി വാഹനമില്ലാത്തത് ദൈനംദിന പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത്

പരിഹരിക്കുന്നതിനായി വാഹനം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഒരു ജീപ്പ് കൂത്തുപറമ്പ് സ്പെഷ്യൽ സബ് ജയിലിന് അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

**കോഴിക്കോട് ജില്ലയിലെ ഗവൺമെന്റ് പ്രസ്സിന്റെ പ്രവർത്തനം**

155 (155) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ഗവൺമെന്റ് പ്രസ്സിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

കോഴിക്കോട് ഗവൺമെന്റ് പ്രസ്സിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി അധിക തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച അച്ചടി വകുപ്പ് ഡയറക്ടറുടെ നിർദ്ദേശം പരിശോധിച്ചുവരുന്നു.

(ബി) പ്രസ്തുത പ്രസ്സിന്റെ സുഗമമായ പ്രവർത്തനത്തിനുവേണ്ട ജീവനക്കാരെ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

താത്കാലികമായി അദർ ഡ്യൂട്ടി വ്യവസ്ഥയിലോ പോസ്റ്റ് ഷിഫ്റ്റിംഗ് മുഖേനയോ നിയമിക്കുന്നതുമായി ബന്ധപ്പെട്ട വിഷയം പരിശോധിച്ചുവരുന്നു.

**പാഠപുസ്തകങ്ങൾ അച്ചടിക്കുന്നതിനുള്ള പേപ്പർ**

156 (156) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാഠപുസ്തകങ്ങൾ അച്ചടിക്കുന്നതിനുള്ള പേപ്പർ ടെണ്ടർ നടപടികൾ ഒഴിവാക്കി വാങ്ങുന്നതിന് കെ.ബി.പി.എസ്.-ന് 2018-ൽ പ്രത്യേക അനുമതി നൽകിയിട്ടുണ്ടോയെന്നും ഏതുസാഹചര്യത്തിലാണ് ഇപ്രകാരം അനുമതി നൽകിയതെന്നും വിശദമാക്കുമോ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

2018-19 അദ്ധ്യയന വർഷത്തിൽ ദർഘാസ് ക്ഷണിച്ചാണ് പാഠപുസ്തക അച്ചടിക്കുള്ള പേപ്പർ വാങ്ങിയത്.

(ബി) ടെണ്ടർ നടപടികൾ ഒഴിവാക്കി പേപ്പർ വാങ്ങുന്നതിന് തുടർന്നുള്ള വർഷങ്ങളിലും കെ.ബി.പി.എസ്.-ന് അനുമതി നൽകിയിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ ഏതുസാഹചര്യത്തിലാണ് ഇപ്രകാരം അനുമതി

നൽകിയതെന്നും വിശദമാക്കുമോ; പ്രസ്തുത ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

2019-20 അദ്ധ്യയന വർഷം പാഠപുസ്തക അച്ചടിക്കായുള്ള പേപ്പർ വാങ്ങുന്നതിന് കെ.ബി.പി.എസ്. നടപടിക്രമം സ്വീകരിച്ചപ്പോൾ വേണ്ടത്ര പങ്കാളിത്തം ലഭ്യമായിട്ടില്ലെന്ന റിപ്പോർട്ടിനെത്തുടർന്ന് പാഠപുസ്തക അച്ചടിയും വിതരണവും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി സ്റ്റോഴ്സ് പർച്ചേസ് മാന്വലിലെ വ്യവസ്ഥകൾ ലഘൂകരിച്ച് പാഠപുസ്തക അച്ചടി പേപ്പർ M/s Tamilnadu Newsprint & Papers Limited (TNPL) എന്ന സ്ഥാപനത്തിൽനിന്നും നേരിട്ട് വാങ്ങാനാണ് സർക്കാർ അനുമതി നൽകിയിട്ടുള്ളത്.

പാഠപുസ്തക അച്ചടിയും വിതരണവും സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് 2020-21, 2021-22, 2022-23, 2023-24 എന്നീ അദ്ധ്യയന വർഷങ്ങളിലും ഇത്തരത്തിൽ ടെണ്ടർ നടപടി ഒഴിവാക്കി പാഠപുസ്തക അച്ചടിപേപ്പർ നേരിട്ട് വാങ്ങുന്നതിന് കെ.ബി.പി.എസ്-ന്

പ്രത്യേക അനുമതി സർക്കാർ നൽകിയിട്ടുണ്ട്. പ്രസ്തുത സർക്കാർ ഉത്തരവുകൾ അനുബന്ധമായി ചേർക്കുന്നു.+

(സി) 2018 മുതൽ നാളിതുവരെ ഓരോ വർഷവും ഇപ്രകാരം എത്ര രൂപയുടെ പേപ്പർ വാങ്ങിയിട്ടുണ്ടെന്നും ഏത് സ്ഥാപനത്തിൽനിന്നാണ് പേപ്പർ വാങ്ങിയതെന്നും പ്രിന്റിംഗ് ആൻഡ് ഡിസ്ട്രിബ്യൂഷൻ ഇനത്തിൽ ഓരോ വർഷവും എത്ര ശതമാനം തുകയുടെ നിരക്ക് വർദ്ധനവാണ് ഈ സ്ഥാപനത്തിന് അനുവദിച്ചുനൽകിയതെന്നും വിശദമാക്കുമോ?

| ക്രമ നമ്പർ | അദ്ധ്യയന വർഷം | ഇൻവോയിസ് തുക (രൂപയിൽ) |
|---|---|---|
| 1 | 2018-19 | 61,07,14,801 |
| 2 | 2019-20 | 87,50,03,648 |
| 3 | 2020-21 | 86,01,27,752 |
| 4 | 2021-22 | 68,69,45,827 |
| 5 | 2022-23 | 61,56,22,866 |
| 6 | 2023-24 | 83,92,93,259 |

2018-19-ൽ ആദിത്യ അശ്വിൻ പേപ്പർ മിൽസ് പ്രൈവറ്റ് ലിമിറ്റഡ്, ബ്ലൂ മൗണ്ട് പേപ്പർ ആൻഡ് ബോർഡ്സ് ലിമിറ്റഡ്, കാർത്തികേയ പേപ്പർ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആൻഡ് ബോർഡ്സ് ലിമിറ്റഡ് എന്നീ മില്ലുകളിൽനിന്നും 2019-20 മുതൽ 2023-24 വരെ M/s Tamilnadu Newsprint & Papers Limited (TNPL)-ൽനിന്നുമാണ് കെ.ബി.പി.എസ്. പേപ്പർ വാങ്ങിയിട്ടുള്ളത്. പ്രിന്റിംഗ് ചാർജ്ജിനത്തിൽ 20-05-2016-ലെ ജി.ഒ.(എം.എസ്.) നം. 84/2016/പൊ.വി.വ. ഉത്തരവുപ്രകാരം 2016-17 അദ്ധ്യയനവർഷം 35 ശതമാനം അച്ചടിക്കൂലിയുടെ വർദ്ധനവ് കെ.ബി.പി.എസ്.-ന് അനുവദിച്ചിരുന്നു. പ്രസ്തുത വർദ്ധനവ് 2017-18 മുതൽ 2022-23 അദ്ധ്യയന വർഷംവരെ സഞ്ചിത ഫലത്തോടെയല്ലാതെ ബാധകമാക്കി സർക്കാർ ഉത്തരവായിട്ടുണ്ട്. വിതരണ കൂലിയിനത്തിലെ ചെലവുകൾക്ക് ഓരോ വർഷവും ശതമാനാടിസ്ഥാനത്തിൽ വർദ്ധനവ് വരുത്തി നൽകിയിട്ടില്ല. 2018 മുതൽ ഓരോ വർഷവുമുണ്ടാകുന്ന അസ്സൽ ചെലവുകളിന്മേൽ സർക്കാർ അനുമതി നൽകിയ തുകകൾ റീ-ഇംബേഴ്സ് ചെയ്ത് നൽകുകയാണ് ചെയ്യുന്നത്.

(ഡി) സ്റ്റോഴ്സ് പർച്ചേസ് മാനുവലിലെ വ്യവസ്ഥകൾക്കുവിരുദ്ധമായി തുടർച്ചയായ വർഷങ്ങളിൽ ടെണ്ടർ നടപടികളൊഴിവാക്കി പേപ്പർ വാങ്ങുന്നതിനുള്ള കരാർ നൽകിയതിന്റെ കാരണം വ്യക്തമാക്കുമോ?

ടെണ്ടർ നടപടി സ്വീകരിച്ച 2015-16 അദ്ധ്യയന വർഷത്തിൽ പർച്ചേസ് നടപടികളിലുണ്ടായ കാലതാമസം കാരണം ഒന്നാംഘട്ട പാഠപുസ്തക അച്ചടി സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയാതെ വന്നിട്ടുണ്ട്. കൂടാതെ 2019-20 അദ്ധ്യയന വർഷം കെ.ബി.പി.എസ്. ടെണ്ടർ നടപടിക്രമം സ്വീകരിച്ചപ്പോൾ വേണ്ടത്ര പങ്കാളിത്തം ലഭ്യമായിരുന്നില്ല. പ്രസ്തുത സാഹചര്യത്തിലാണ് പാഠപുസ്തക അച്ചടിയും വിതരണവും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി സ്റ്റോഴ്സ് പർച്ചേസ് മാന്വലിലെ വ്യവസ്ഥകൾ ലഘൂകരിച്ച് M/s Tamilnadu Newsprint & Papers Limited (TNPL) എന്ന സ്ഥാപനത്തിൽനിന്നും നേരിട്ട് അച്ചടി പേപ്പർ വാങ്ങാൻ കെ.ബി.പി.എസ്.-ന് സർക്കാർ പ്രത്യേക അനുമതി നൽകിയത്.

(ഇ) ഇതുസംബന്ധിച്ച ഓഡിറ്റ് നിരീക്ഷണം എന്തായിരുന്നു; ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

20-02-2023-ലെ AMG II(P) IV നമ്പർ പ്രകാരമുള്ള അക്കൗണ്ടന്റ് ജനറൽ നടത്തിയ പരിശോധനയിലെ എൻക്വയറി നോട്ട് 12 പ്രകാരം നിലവിലെ പേപ്പർ പർച്ചേസ് നടപടിക്രമം സ്റ്റോഴ്സ് പർച്ചേസ് മാന്വലിലെ ചട്ടങ്ങൾക്ക്

വിരുദ്ധമാണെന്ന് പരാമർശം നടത്തിയിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

(എഫ്) സ്റ്റോഴ്സ് പർച്ചേസ് മാന്വലിന് വിരുദ്ധമായ നടപടികളിലൂടെ സർക്കാരിന് വലിയ നഷ്ടമുണ്ടാക്കിയ ഈ പർച്ചേസുകൾ സംബന്ധിച്ച് ഉത്തരവാദികളായവർക്കെതിരെ എന്തൊക്കെ നടപടികൾ നാളിതുവരെ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

പാഠപുസ്തകം സമയബന്ധിതമായി കുട്ടികൾക്ക് വിതരണം നടത്തേണ്ടത് സർക്കാരിന്റെ മുൻഗണനയിലുള്ള വിഷയമായതിനാലും ടെണ്ടർ നടപടികൾ സ്വീകരിച്ച 2015-16, 2019-20 എന്നീ അദ്ധ്യയന വർഷങ്ങളിൽ കാലതാമസവും വേണ്ടത്ര പങ്കാളിത്തം ലഭ്യമാകാത്ത സാഹചര്യവും നിലനിന്നതിനാലുമാണ് സ്റ്റോഴ്സ് പർച്ചേസ് മാന്വലിലെ വ്യവസ്ഥകൾ ലഘൂകരിച്ച് ടെണ്ടർ നടപടികൾ ഒഴിവാക്കി നേരിട്ട് വാങ്ങാൻ കെ.ബി.പി.എസ്-ന് അനുമതി നൽകേണ്ടിവന്നത്. ആയതിനാൽ ഉത്തരവാദികളെ കണ്ടെത്തി നടപടി സ്വീകരിക്കേണ്ട

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സാഹചര്യമുണ്ടായിട്ടില്ല. നിലവിൽ സ്റ്റോഴ്സ് പർച്ചേസ് മാനദണ്ഡം പാലിച്ച് 2024-25 അധ്യയന വർഷത്തെ പാഠപുസ്തക അച്ചടിക്കുള്ള പേപ്പർ പർച്ചേസ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഏകീകൃത സിവിൽ കോഡ്**

157 (157) ശ്രീ. എ. പി. അനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏകീകൃത സിവിൽ കോഡ് വിഷയവുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരിന്റെ നിലപാട് കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം ലഭ്യമാക്കാമോ; ഇല്ലെങ്കിൽ എന്ത് നിലപാടാണ് കേന്ദ്ര സർക്കാരിനെ അറിയിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് ജനങ്ങൾക്കുള്ള ആശങ്ക പരിഹരിക്കാൻ സംസ്ഥാന സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

(എ&ബി) ഏക സിവിൽ കോഡ് സംബന്ധിച്ച് സുവ്യക്തമായ അഭിപ്രായം വ്യക്തമാക്കിയുള്ള പ്രമേയം 08-08-2023-ൽ നിയമസഭ

ഐകകണ്ഠ്യേന പാസ്സാക്കിയിട്ടുണ്ട്. പ്രസ്തുത പ്രമേയം അനുബന്ധമായി ചേർക്കുന്നു.+

**ഏകീകൃത സിവിൽ കോഡ്**

158 (158) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏകീകൃത സിവിൽ കോഡ് നടപ്പിലാക്കണം എന്നത് സംബന്ധിച്ച വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ബിൽ നടപ്പിലാക്കുന്നത് സംബന്ധിച്ച സർക്കാരിന്റെ അഭിപ്രായം വ്യക്തമാക്കുമോ;

(ബി) ഏതെങ്കിലും മതത്തിന്റെ നിലവിലെ വ്യക്തിനിയമങ്ങളിൽ മാറ്റം വരുത്തണമെന്ന അഭിപ്രായം സർക്കാരിനുണ്ടോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) ഏക സിവിൽ കോഡ് സംബന്ധിച്ച് സുവ്യക്തമായ അഭിപ്രായം വ്യക്തമാക്കിയുള്ള പ്രമേയം 08-08-2023-ൽ നിയമസഭ ഐകകണ്ഠ്യേന പാസ്സാക്കിയിട്ടുണ്ട്. പ്രസ്തുത പ്രമേയം അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**കുട്ടനാട്ടിൽ സ്ഥാപിക്കുന്ന എൻ.സി.സി. നാഷണൽ ട്രെയിനിംഗ് സെന്റർ**

159 (159) <u>ശ്രീ. തോമസ് കെ. തോമസ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തെ എൻ.സി.സി. കേഡറ്റുകൾക്ക് ഉന്നത നിലവാരത്തിലുള്ള ട്രെയിനിംഗ് നൽകുന്നതിനും അടിയന്തരഘട്ടങ്ങളിൽ കുട്ടനാട്ടിലെ ജനങ്ങൾക്ക് രക്ഷാസങ്കേതവുമാകുന്ന നിർദ്ദിഷ്ട എൻ.സി.സി. നാഷണൽ ട്രെയിനിംഗ് സെന്റർ അടിയന്തരമായി നടപ്പിലാക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ഇത് യാഥാർത്ഥ്യമാക്കുന്നതിന് തടസ്സമായി നിൽക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

(എ&ബി) കുട്ടനാട് താലൂക്കിൽ വെളിയനാട് വില്ലേജിൽ സർവ്വേ നമ്പർ 1/1-ൽപ്പെട്ട 10.12 ആർ റവന്യൂ പുറമ്പോക്ക് ഭൂമി 5 കേരള നേവൽ എൻ.സി.സി-ക്ക് അനുവദിക്കുകയും എൻ.സി.സി.-യുടെ ആവശ്യപ്രകാരം 5 കേരള നേവൽ ഓഫീസ്, 300 എൻ.സി.സി. കേഡറ്റുകൾക്ക് താമസിച്ച് നേവിയുടെ പരിശീലനം നൽകുന്നതിലേയ്ക്കായുള്ള നേവൽ ട്രെയിനിംഗ്

സെന്റർ, ബോട്ട് ഹൗസ് എന്നിവ നിർമ്മിക്കുന്നതിനായുള്ള രൂപരേഖയും എസ്റ്റിമേറ്റും പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കി എൻ.സി.സി.-ക്ക് ലഭ്യമാക്കിയിട്ടുണ്ട്. ട്രെയിനിംഗ് സെന്ററിൽ ഫെൻസിംഗ് നിർമ്മാണത്തിന് 48 ലക്ഷം രൂപ പൊതുമരാമത്ത് വകുപ്പിന് ഇതിനോടകം കൈമാറിയിട്ടുണ്ട്. എന്നാൽ റവന്യൂ വകുപ്പ് അനുവദിച്ച പ്രസ്തുത ഭൂമിയിൽ അതിർത്തി തർക്കവുമായി ബന്ധപ്പെട്ട രണ്ട് കേസുകൾ ബഹുമാനപ്പെട്ട ആലപ്പുഴ മുൻസിഫ് കോടതിയിൽ നിലനിൽക്കുന്നതോടൊപ്പം നിർമ്മാണ പ്രവർത്തനങ്ങൾക്ക് സ്റ്റേയുമുണ്ട്. ആയതിനാൽ ഇതുവരെയും നിർമ്മാണം ആരംഭിക്കാൻ സാധിച്ചിട്ടില്ല.

(സി) ഇതിന്റെ നിർമ്മാണ പ്രവർത്തനം എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; ഇനിയുള്ള തടസ്സങ്ങൾ പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദീകരിക്കാമോ?

കേസിന്റെ അന്തിമ വിധിക്കനുസൃതമായി മാത്രമേ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാൻ സാധിക്കുകയുള്ളൂ.

**കാരുണ്യ ആരോഗ്യസുരക്ഷ പദ്ധതി**

160 (160) ശ്രീ. പി. പി. സുമോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിപ്രകാരം എത്ര രൂപയുടെ സൗജന്യ ചികിത്സയാണ് ഇതുവരെ നൽകിയിട്ടുള്ളത്?

ഈ സർക്കാർ അധികാരമേറ്റശേഷം കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിപ്രകാരം സൗജന്യചികിത്സക്കായി 27,01,07,50,140/- രൂപ ഇതുവരെ നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയിലൂടെ സംസ്ഥാനത്ത് ആകെ എത്ര പേർക്ക് സൗജന്യ ചികിത്സ നൽകിയിട്ടുണ്ട്; എത്ര സർക്കാർ ആശുപത്രികളിലാണ് പ്രസ്തുത പദ്ധതിയുള്ളത്; വ്യക്തമാക്കാമോ?

പ്രസ്തുത പദ്ധതിയിലൂടെ സംസ്ഥാനത്ത് 1459744 പേർക്ക് സൗജന്യ ചികിത്സ നൽകിയിട്ടുണ്ട്; സംസ്ഥാനത്ത് 197 സർക്കാർ ആശുപത്രികളിലാണ് പ്രസ്തുത പദ്ധതിയുള്ളത്.

**ഹൃദ്യം പദ്ധതി**

161 (161) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ മേഖലയിൽ സംസ്ഥാന സർക്കാർ നടപ്പാക്കിവരുന്ന 'ഹൃദ്യം' പദ്ധതി എന്താണെന്നും എന്നുമുതലാണ് ഈ പദ്ധതി നടപ്പിലാക്കിയതെന്നും വിശദമാക്കാമോ?

ജന്മനാ ഹൃദ്രോഗമുള്ള 18 വയസ്സിന് താഴെയുള്ള കുട്ടികൾക്കായി കേരള സർക്കാർ 2017-ൽ വിഭാവനം ചെയ്ത പദ്ധതിയാണ് 'ഹൃദ്യം'. ശിശുക്കൾക്കിടയിലുണ്ടാകുന്ന മരണത്തിന് പ്രധാനമായും കാരണം ജന്മനായുള്ള ഹൃദ്രോഗമായിരുന്നു. ഹൃദ്രോഗം കണ്ടെത്തി മികച്ച ചികിത്സയും പരിചരണവും ഉറപ്പാക്കുന്നതിനായാണ് 'ഹൃദ്യം' എന്ന അഭിമാന പദ്ധതി നിലവിൽ വന്നത്. കേരളത്തിലുള്ള ജന്മനാ ഹൃദയവൈകല്യമുള്ള ഏതൊരു കുഞ്ഞുങ്ങൾക്കും സേവനം ലഭിക്കുന്ന വിധത്തിൽ പൊതുജനങ്ങൾക്ക് രജിസ്റ്റർ ചെയ്യാവുന്ന ഒരു വെബ്സൈറ്റാണ് 'ഹൃദ്യം' പദ്ധതിക്കുള്ളത്. ഈ

പദ്ധതിയുടെ സേവനങ്ങൾ ലഭിക്കുന്നതിനായി www.hridyam.kerala.gov.in എന്ന ലിങ്കിലൂടെ രജിസ്റ്റർ ചെയ്യാവുന്നതാണ്.

ജില്ലാതലത്തിൽ പ്രവർത്തിക്കുന്ന ഡി.ഇ.ഐ.സി. അഥവാ ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രമാണ് ജില്ലയിൽ 'ഹൃദ്യം' പദ്ധതിയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്. എല്ലാ ഇടപെടലുകൾ നടത്തുന്നതും ജില്ലകളിൽ ഡി.ഇ.ഐ.സി. വഴിയാണ്. 'ഹൃദ്യം' വഴി എക്കോ, സി.റ്റി., കാത്ത് ലാബ് പ്രൊസീജിയർ, എം.ആർ.ഐ. തുടങ്ങിയ അവശ്യ പരിശോധനകൾ, സർജറികൾ അല്ലെങ്കിൽ ഇന്റർവെൻഷനുകൾ തുടങ്ങിയവയും സൗജന്യമായി നടത്തിവരുന്നു. അവശ്യഘട്ടങ്ങളിൽ എംപാനൽ ചെയ്ത ആശുപത്രികളിലേയ്ക്ക് വെന്റിലേറ്റർ സൗകര്യമുള്ള ആംബുലൻസ് സേവനവും ലഭ്യമാക്കിവരുന്നു.

(ബി) പ്രസ്തുത പദ്ധതിയിലൂടെ എത്ര കുട്ടികൾക്ക് പ്രയോജനം ലഭിച്ചിട്ടുണ്ടെന്നും എത്ര തുക സംസ്ഥാന സർക്കാർ ഇതുവരെ ഇതിനായി ചെലവാക്കിയിട്ടുണ്ടെന്നും വിശദമാക്കാമോ?

ജില്ലകളിൽനിന്നും ലഭ്യമായ കണക്കുപ്രകാരം, 'ഹൃദ്യം' പദ്ധതി ആവിഷ്കരിച്ചത് മുതൽ നാളിതുവരെ 6206 കുട്ടികൾക്ക് പ്രയോജനം

ലഭിച്ചിട്ടുണ്ട്. 'ഹൃദ്യം' പദ്ധതിക്കായി 2023 ജൂലൈ മാസം വരെ 57,11,75,161/- രൂപ ചികിത്സയ്ക്കായി ചെലവഴിച്ചിട്ടുണ്ട്.

**ഇ-ഹെൽത്ത് പദ്ധതി**

162 (162) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-ഹെൽത്ത് പദ്ധതിയുടെ ഭാഗമായി 2016-നുശേഷം സംസ്ഥാനത്ത് വാങ്ങിയ ഇലക്ട്രോണിക് ഉപകരണങ്ങളുടെ ലിസ്റ്റ്, ഉപകരണങ്ങൾ നൽകിയ സ്ഥാപനം, വാങ്ങിയ തീയതി, ഒരു ഉപകരണത്തിന്റെ വില, ഓരോ ഉപകരണത്തിന്റെയും മൊത്തം എണ്ണം എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ?

ഇ-ഹെൽത്ത് പദ്ധതിയുടെ ടോട്ടൽ സർവ്വീസ് പ്രൊവൈഡറായ കെൽട്രോൺ മുഖേന ടെണ്ടർ നടപടികൾക്ക് വിധേയമായാണ് ഇലക്ട്രോണിക് ഉപകരണങ്ങൾ വാങ്ങിയിട്ടുള്ളത്. 2016-നുശേഷം സംസ്ഥാനത്ത് വാങ്ങിയ ഇലക്ട്രോണിക് ഉപകരണങ്ങളുടെ ലിസ്റ്റ്,

ഉപകരണങ്ങൾ നൽകിയ സ്ഥാപനം, വാങ്ങിയ തീയതി, ഒരു ഉപകരണത്തിന്റെ വില, ഓരോ ഉപകരണത്തിന്റെയും മൊത്തം എണ്ണം എന്നിവ സംബന്ധിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) ഇ-ഹെൽത്ത് പദ്ധതിയുടെ ഭാഗമായി എസ്.ആർ.ഐ.ടി. എന്ന സ്ഥാപനം എന്തെങ്കിലും പ്രവൃത്തികൾ നിർവ്വഹിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ?

ഉണ്ട്. ഇ-ഹെൽത്ത് പദ്ധതിയുടെ ടോട്ടൽ സർവ്വീസ് പ്രൊവൈഡറായ കെൽട്രോൺ മുഖേന എസ്.ആർ.ഐ.ടി. എന്ന സ്ഥാപനം ഇ-ഹെൽത്ത് പദ്ധതിയുടെ ഫണ്ട് ഉപയോഗിച്ച് പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ നെറ്റ്‌വർക്കിംഗ് പ്രവൃത്തികൾ നടത്തിയ ആശുപത്രികളുടെ ലിസ്റ്റും മേൽ സ്ഥാപനം കൊച്ചിൻ സ്മാർട്ട് മിഷൻ ലിമിറ്റഡിന്റെ ഫണ്ട് ഉപയോഗപ്പെടുത്തി ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രവൃത്തികൾ നടത്തിയ ആശുപത്രികളുടെ ലിസ്റ്റും അനുബന്ധമായി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ഇ-ഹെൽത്ത് പദ്ധതിയുടെ ഭാഗമായി എസ്.ആർ.ഐ.ടി. എന്ന സ്ഥാപനത്തിന് നൽകിയ പ്രവൃത്തികൾ അവർ പൂർത്തിയാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ വിശദാംശങ്ങൾ നൽകാമോ?

പൂർത്തിയാക്കിയിട്ടുണ്ട്.

**വിവിധ ആരോഗ്യ സുരക്ഷാ പദ്ധതികളിലെ കുടിശ്ശിക**

163 (163) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ, കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതികളിലായി (KASP) എത്ര തുകയാണ് ആശുപത്രികൾക്ക് നൽകാനുള്ളത്; ഓരോ ആശുപത്രികൾക്കും ഈയിനങ്ങളിൽ എത്രമാസത്തെ കുടിശ്ശികയുണ്ട്; ഇനം തിരിച്ച് വ്യക്തമാക്കാമോ;

(ബി) മെഡിസെപ്, ആർ.ബി.എസ്.കെ., ആരോഗ്യകിരണം, ഹൃദ്യം, ആവാസ്, അമ്മയും കുഞ്ഞും, സുകൃതം, ആർ.എസ്.ബി.വൈ., ചിസ്, ചിസ് പ്ലസ് എന്നീ പദ്ധതികളിലായി എത്ര തുകയാണ് കുടിശ്ശികയുള്ളത്; ഓരോ

ആശുപത്രികൾക്കും ഈയിനങ്ങളിൽ എത്ര മാസത്തെ കുടിശ്ശികയുണ്ട്; ഇനം തിരിച്ച് വ്യക്തമാക്കാമോ?

(എ&ബി) ആർ.എസ്.ബി.വൈ., ചിസ്, ചിസ് പ്ലസ് എന്നീ പദ്ധതികൾ സംയോജിപ്പിച്ച് രൂപീകരിച്ച കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP), കാരുണ്യ ബെനവലന്റ് പദ്ധതി, ആർ.ബി.എസ്.കെ., ആരോഗ്യ കിരണം, ഹൃദ്യം, ആവാസ്, അമ്മയും കുഞ്ഞും, സുകൃതം എന്നീ പദ്ധതികളിലായി എംപാനൽ ചെയ്യപ്പെട്ട വിവിധ ആശുപത്രികൾക്ക് നൽകാനുള്ള കുടിശ്ശികയുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

സംസ്ഥാന സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായ മെഡിസെപ് പദ്ധതി നടത്തിപ്പിനായി സംസ്ഥാന സർക്കാരും ഇൻഷ്വറർ ആയ ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനിയും തമ്മിലുള്ള കരാറനുസരിച്ച് ആശുപത്രികളെ എംപാനൽ ചെയ്യുന്നതും ആശുപത്രികൾക്ക് തുക അനുവദിക്കുന്നതും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ഇൻഷ്വറൻസ് കമ്പനിയാണ്. സർക്കാർ നേരിട്ട് ആശുപത്രികൾക്ക് ക്ലെയിം തുക കൈമാറുന്നില്ല.

**ദിശ ഓൺലൈൻ സേവനം**

164 (164) ശ്രീ. ജി. സ്റ്റീഫൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദിശ ഓൺലൈൻ സേവനം സാധാരണ ജനങ്ങൾക്ക് എത്രത്തോളം പ്രയോജനകരമാണെന്ന് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

ദിശ ഓൺലൈൻ സേവനം ജനങ്ങൾക്ക് പ്രയോജനകരമാണെന്നാണ് സർക്കാർ വിലയിരുത്തിയിട്ടുള്ളത്. കോവിഡ് കാലത്ത് ദിശയെ കോവിഡ് ഹെൽപ്പ്ലൈനായി സർക്കാർ പ്രഖ്യാപിക്കുകയും ഏകദേശം 12 ലക്ഷം കോളുകൾ കോവിഡ് സമയത്ത് മാത്രം ഇവിടെ കൈകാര്യം ചെയ്തിട്ടുമുണ്ട്. സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയുടെ കാൾ സെന്ററായും ദിശ ഉപയോഗപ്പെടുത്തുന്നുണ്ട്. ദിശ വഴി ടെലികൗൺസിലിംഗ്, കൗമാരക്കാരുടെ കൗൺസിലിംഗ്, പരീക്ഷാ സ്ട്രെസ്സ്, ആത്മഹത്യ തടയൽ കൗൺസിലിംഗ്,

വൈവാഹിക കൗൺസിലിംഗ്, ഡി-അഡിക്ഷൻ/മാനസിക സമ്മർദ്ദ കൗൺസിലിംഗ്, ഡയറ്റ് കൗൺസിലിംഗ്, എച്ച്.ഐ.വി./എയ്ഡ്സ് കൗൺസിലിംഗ് മുതലായവ ഡയൽ എ ഡോക്ടർ, ലിംഗാധിഷ്ഠിത അക്രമ റിപ്പോർട്ടിംഗ് കേന്ദ്രം, ആശുപത്രിയുമായി ബന്ധപ്പെട്ട വിവരങ്ങളും റിപ്പോർട്ടിംഗും, ഹൃദ്യം പദ്ധതിയുമായി ബന്ധപ്പെട്ട അന്വേഷണങ്ങൾ, ഐ.എം.ആർ. റിപ്പോർട്ടിംഗ് കേന്ദ്രം, വിവിധ ആരോഗ്യ പദ്ധതികളെയും പ്രോഗ്രാമുകളെയും പറ്റിയുള്ള വിവരങ്ങളും പകർച്ചവ്യാധി റിപ്പോർട്ട് ചെയ്യുന്നതിനും ഇ-സഞ്ജീവനി ടെലി കൺസൾട്ടേഷൻ ഹെൽപ്പ്ലൈനായും ദിശ പ്രവർത്തിക്കുന്നു. ദിശയുടെ നിലവിലുള്ള പ്രവർത്തനങ്ങൾ കൂടാതെ എസ്.എച്ച്.എ. ഹെൽപ്പ് ഡെസ്ക്, ഇ.സി.ഡി. കാൾ സെന്റർ, ഇ-ഹെൽത്ത് കാൾ സെന്റർ എന്നീ നിലയ്ക്കും ദിശ പ്രവർത്തിക്കുന്നു. എസ്.എച്ച്.എ. (സ്റ്റേറ്റ് ഹെൽത്ത് ഏജൻസി) കാൾ സെന്റർ വഴി കെ.എ.എസ്.പി/കെ.ബി.എഫ്. സംബന്ധമായ അന്വേഷണങ്ങളും അവയുടെ ഗുണഭോക്തൃ കാർഡ് അംഗീകാരങ്ങളും ചെയ്യുന്നു. ഇ.സി.ഡി. (Early Childhood Development) ഡെസ്ക് വഴി ഗർഭധാരണം മുതൽ കുഞ്ഞുങ്ങളുടെ ആദ്യ രണ്ടുവർഷം വരെയുള്ള

വളർച്ച നിരീക്ഷിക്കപ്പെടുന്നു. ഇ-ഹെൽത്ത് നടപ്പിലാക്കുന്നതുമൂലമുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കപ്പെടുന്നതിനാവശ്യമായ സാങ്കേതിക സഹായവും ദിശ നൽകുന്നുണ്ട്. നാളിതുവരെ 19.6 ലക്ഷം കോളുകൾക്ക് ദിശ സേവനം നൽകി. അതിൽ 12 ലക്ഷം കോളുകൾ കോവിഡ് വാക്സിനേഷനുമായി ബന്ധപ്പെട്ടവയായിരുന്നു. ദിശയുടെ ഏകോപനത്തിനായി 47 സ്റ്റാഫുകൾ 24x7 പ്രവർത്തിക്കുന്നു. ഒരേസമയം 18 ഡെസ്കുകൾ ഇപ്പോൾ പ്രവർത്തനക്ഷമമാണ്.

(ബി) ഈ സേവനം നാളിതുവരെ എത്ര പേർ പ്രയോജനപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

നാളിതുവരെ 19.6 ലക്ഷം കോളുകൾ ദിശ വഴി കൈകാര്യം ചെയ്തിട്ടുണ്ട്.

**മഴക്കാലരോഗങ്ങളെ നേരിടുന്നതിന് സ്വീകരിച്ച നടപടികൾ**

165 (165) <u>ശ്രീ. പി. മമ്മിക്കുട്ടി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മഴക്കാല രോഗങ്ങളെ നേരിടുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ;

(ബി) ആരോഗ്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

(എ&ബി) സംസ്ഥാനത്ത് മഴക്കാലരോഗങ്ങളെ നേരിടുന്നതിന് വിവിധ വകുപ്പുകളുമായി ചേർന്ന് ആരോഗ്യ വകുപ്പ് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(സി) ഇത്തരത്തിലുള്ള നടപടികളുടെ ഭാഗമായി നാളിതുവരെ എന്തെല്ലാം നേട്ടം ജനങ്ങൾക്കുണ്ടായിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിലൂടെയുള്ള ശക്തമായ ഐ.ഇ.സി. പ്രവർത്തനങ്ങളുടെയും മഴക്കാല രോഗങ്ങളുടെ സ്വയംചികിത്സ തടയുന്നതിനായുള്ള ബോധവത്കരണ പരിപാടികളുടെയും ഫലമായി ഡെങ്കിപ്പനി, എലിപ്പനി, എച്ച്-1 എൻ-1 മുതലായവയുടെ രോഗലക്ഷണങ്ങൾ, സങ്കീർണ്ണതകൾ, റെഡ് ഫ്ലാഗ് സൈൻസ് (Red Flag Signs) എന്നിവയെപ്പറ്റി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പൊതുജനങ്ങൾക്കിടയിൽ അവബോധം വർദ്ധിച്ചതായി കാണുന്നു. അതിലൂടെ രോഗലക്ഷണങ്ങൾ തിരിച്ചറിയുമ്പോൾത്തന്നെ രോഗികൾ കൂടുതലായി വൈദ്യസഹായം തേടുന്നുണ്ട്. ആയതിനാൽ രോഗം മൂർച്ഛിച്ചുണ്ടാകുന്ന സങ്കീർണ്ണതകൾ, മരണം എന്നിവ ഒഴിവാക്കാൻ സാധിക്കുന്നുണ്ട്. മെഡിക്കൽ കോളേജുകളിലെ ആർ.എച്ച്.ടി.സി., യു.എച്ച്.ടി.സി. എന്നിവയിലൂടെ ഫീൽഡ് തലത്തിലും മഴക്കാല രോഗപ്രതിരോധ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. വെക്ടർ സർവ്വേ, കൊതുകുകളുടെ ഉറവിട നശീകരണം, മാലിന്യസംസ്കരണം, കിണറുകളുടെ ക്ലോറിനേഷൻ എന്നിവ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്, ആശാവർക്കർമാർ എന്നിവർ പൊതുജന പങ്കാളിത്തത്തോടെ നടത്തുന്നത് പൊതുജനങ്ങളിൽ പകർച്ചവ്യാധികൾ സംബന്ധിച്ച അവബോധം വർദ്ധിക്കാൻ ഉതകിയിട്ടുണ്ട്.

**ശ്രുതിതരംഗം പദ്ധതിയിലേയ്ക്കുള്ള പുതിയ അപേക്ഷകൾ**

166 (166) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രുതിതരംഗം പദ്ധതിയുടെ നിലവിലെ അവസ്ഥ അറിയിക്കാമോ; പ്രസ്തുത പദ്ധതിയിലേയ്ക്ക് പുതിയ അപേക്ഷകൾ സ്വീകരിക്കുന്നുണ്ടോ; നിലവിൽ എത്ര അപേക്ഷകൾ തീർപ്പാക്കാനുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കാലപ്പഴക്കം ചെന്നതും തകരാറിലായതുമായ കോക്ലിയർ ഇംപ്ലാന്റ് ഉപകരണം മാറ്റിവയ്ക്കേണ്ട കുട്ടികളുടെ എത്ര അപേക്ഷകളാണ് തീർപ്പാക്കാനുള്ളതെന്ന് അറിയിക്കാമോ?

(എ&ബി) 2023-24 സാമ്പത്തിക വർഷം മുതൽ കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പാക്കിവന്നിരുന്ന 'ശ്രുതിതരംഗം' പദ്ധതി, സ്റ്റേറ്റ് ഹെൽത്ത് ഏജൻസി മുഖേന നടപ്പാക്കാൻ ഈ വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നു. പ്രസ്തുത പദ്ധതി മുഖാന്തരം സർജറി നടത്തിപ്പിനായി ലഭിച്ചിട്ടുള്ള അപേക്ഷകൾ പരിശോധിച്ച് തീർപ്പാക്കിവരുന്നുണ്ട്.

പദ്ധതിയോടനുബന്ധിച്ച് സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് ലഭിച്ച 52 അപേക്ഷകൾ സംസ്ഥാനതല ടെക്നിക്കൽ കമ്മിറ്റി പരിശോധിച്ച് സർജറിക്കായുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ, ചികിത്സ നൽകുന്ന എംപാനൽ ചെയ്യപ്പെട്ട ആശുപത്രികൾവഴി ലഭിക്കുന്ന പുതിയ അപേക്ഷകളും പരിഗണിക്കുന്നതാണ്. പദ്ധതിയുമായി ബന്ധപ്പെട്ട ഇംപ്ലാന്റുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും ടെണ്ടർ നടപടികൾക്കായി കെ.എം.എസ്.സി.എൽ.-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രോസസ്സർ അപ്ഗ്രഡേഷൻ ആവശ്യമായുള്ള, ലഭ്യമായിട്ടുള്ള അപേക്ഷകൾ പരിഗണിക്കുന്നതിനായി 59,47,500/- രൂപ കെ.എസ്.എസ്.എം.-ന് കൈമാറിയിട്ടുണ്ട്.

**കേൾവി പരിമിതിയുള്ള കുട്ടികളുടെ സംരക്ഷണം**

167 (167) <u>ശ്രീ. പി. ജെ. ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കേൾവി പരിമിതിയുള്ള കുട്ടികൾക്ക് ശ്രവണ സഹായി നൽകുന്നതിന് 'ശ്രുതിതരംഗം', 'ധ്വനി' എന്നീ പേരുകളിൽ പദ്ധതികൾ നിലവിലുണ്ടോ?

സംസ്ഥാനത്ത് കേൾവി പരിമിതിയുള്ള കുട്ടികൾക്ക് ശ്രവണ സഹായി നൽകുന്നതിന് 'ശ്രുതിതരംഗം', 'ധ്വനി' എന്നീ പേരുകളിൽ പദ്ധതികൾ നിലവിലുണ്ട്.

(ബി) പ്രസ്തുത പദ്ധതികൾ വഴി എത്ര കുട്ടികൾക്ക് ശ്രവണ സഹായി നൽകിയിട്ടുണ്ട്; അതിനായി എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്?

പ്രസ്തുത പദ്ധതികൾ വഴി കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന 1544 പേർക്ക് ആനുകൂല്യം നൽകിയിട്ടുണ്ട് (ഇംപ്ലാന്റ് സർജറി: 1372, ധ്വനി പദ്ധതി: 172). ഇതിലേയ്ക്കായി 8027.06 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ പ്രോസസ്സർ അപ്ഗ്രഡേഷനുമായി ബന്ധപ്പെട്ട് നാളിതുവരെ 25 അപേക്ഷകൾ ലഭിക്കുകയും സ.ഉ.(സാധാ)1821/2023/ആ.കു.വ. ഉത്തരവ് പ്രകാരം അവയ്ക്കുള്ള ധനസഹായമായി 59,47,500/- രൂപ കെ.എസ്.എസ്.എം.-ന് അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത ഉപകരണങ്ങളുടെ കാലാവധി കഴിഞ്ഞതുമൂലം കുട്ടികളുടെ പഠനത്തേയും ജീവിത സാഹചര്യങ്ങളേയും പ്രതികൂലമായി ബാധിക്കുന്ന അവസ്ഥ മാസങ്ങളായി തുടരുന്നുയെന്ന മാധ്യമ വാർത്തകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് പരിഹാര നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

2023-24 സാമ്പത്തിക വർഷം മുതൽ കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പാക്കിവരുന്ന 'ശ്രുതിതരംഗം' പദ്ധതി, സ്റ്റേറ്റ് ഹെൽത്ത് ഏജൻസി മുഖേന നടപ്പാക്കാൻ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നു. പ്രസ്തുത പദ്ധതി മുഖാന്തരം സർജറി നടത്തിപ്പിനായി ലഭിച്ചിട്ടുള്ള അപേക്ഷകൾ പരിശോധിച്ച് തീർപ്പാക്കിവരുന്നുണ്ട്. പദ്ധതിയോടനുബന്ധിച്ച് സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് ലഭിച്ച 52 അപേക്ഷകൾ പദ്ധതിയുടെ സംസ്ഥാനതല ടെക്നിക്കൽ കമ്മിറ്റി പരിശോധിച്ച് സർജറിക്കായുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ, ചികിത്സ നൽകുന്ന എംപാനൽ ചെയ്യപ്പെട്ട ആശുപത്രികൾ വഴി ലഭിക്കുന്ന പുതിയ അപേക്ഷകളും പരിഗണിക്കുന്നതാണ്. പദ്ധതിയുമായി ബന്ധപ്പെട്ട ഇംപ്ലാന്റുകളുടെയും

അനുബന്ധ ഉപകരണങ്ങളുടെയും ടെണ്ടർ നടപടികൾക്കായി കെ.എം.എസ്.സി.എൽ.-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രോസസ്സർ അപ്ഗ്രഡേഷനുമായി ബന്ധപ്പെട്ട് കേരള സാമൂഹ്യ സുരക്ഷാ മിഷനിൽ നാളിതുവരെ 25 അപേക്ഷകൾ ലഭിക്കുകയും സ.ഉ(സാധാ)1821/2023/ആ.കു.വ. ഉത്തരവുപ്രകാരം അവയ്ക്കുള്ള ധനസഹായമായി 59,47,500/- രൂപ സർക്കാർ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) 'ശ്രുതിതരംഗം' പദ്ധതിയിൽ സഹായം ലഭിച്ചിരുന്ന കുട്ടികളുടെ തുടർ സഹായത്തിനായുള്ള അപേക്ഷകളിൽ ത്വരിത നടപടി സ്വീകരിക്കാൻ തയ്യാറാകുമോ?

'ശ്രുതിതരംഗം' പദ്ധതിയിൽ സഹായം ലഭിച്ചിരുന്ന കുട്ടികളുടെ തുടർ സഹായത്തിനായി ലഭിച്ചിട്ടുള്ള അപേക്ഷകളിൽ നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(ഇ) സംസ്ഥാനത്താകെ കേൾവി പരിമിതിയുള്ള കുട്ടികളെ ജില്ലാ തലത്തിൽ സർവ്വേ നടത്തി കണ്ടെത്തി അത്തരക്കാരെ എല്ലാവരെയും ഈ പദ്ധതിയിലൂടെ സഹായിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രവണ വൈകല്യമുള്ള തദ്ദേശീയരായ കുട്ടികൾക്ക് സൗജന്യ കോക്ലിയർ ഇംപ്ലാന്റേഷനും അനുബന്ധ സേവനങ്ങളും വിഭാവനം ചെയ്യുന്ന പദ്ധതിയാണ് 'ശ്രുതിതരംഗം'. സംസ്ഥാനത്ത് പദ്ധതിയിൻകീഴിൽ എംപാനൽ ചെയ്യപ്പെട്ടിട്ടുള്ള സർക്കാർ/സ്വകാര്യ ആശുപത്രികൾ വഴി ലഭിക്കുന്ന അപേക്ഷകളിൽ പദ്ധതിയുടെ സാങ്കേതിക സമിതിയുടെ അംഗീകാരത്തോടെയാണ് കുട്ടികളുടെ ചികിത്സാ സേവനങ്ങൾ ലഭ്യമാക്കുന്നത്.

**മൃതസഞ്ജീവനി പദ്ധതി**

168 (168) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അവയവം ലഭിക്കാനായി രജിസ്റ്റർ ചെയ്ത് കാത്തിരിക്കുന്ന രോഗികളുടെ എണ്ണം എത്ര; വൃക്ക, കരൾ തുടങ്ങി

അവയവങ്ങൾക്കായി കാത്തിരിക്കുന്നവരുടെ എണ്ണം തരംതിരിച്ച് വ്യക്തമാക്കുമോ?

3702 രോഗികൾ വിവിധ അവയവങ്ങൾക്കായി മരണാനന്തര അവയവദാന പദ്ധതിയിൽ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്. അവയവം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

വൃക്ക – 2362, കരൾ – 828, ഹൃദയം - 67, ശ്വാസകോശം - 6, പാൻക്രിയാസ് - 12, ചെറുകുടൽ - 2, കോർണിയ - 425

(ബി) 'മൃതസഞ്ജീവനി' പദ്ധതി നടപ്പിൽ വന്നതിനുശേഷം നാളിതുവരെ സംസ്ഥാനത്ത് ഇത്തരത്തിൽ എത്രപേർക്ക് അവയവങ്ങൾ ദാനം നൽകി ജീവൻ നിലനിർത്തി; വ്യക്തമാക്കുമോ?

'മൃതസഞ്ജീവനി' പദ്ധതി നടപ്പിൽ വന്നതിനുശേഷം നാളിതുവരെ മരണാനന്തര അവയവദാനത്തിലൂടെ 1041 പേർക്ക് അവയവമാറ്റം നടത്തിയിട്ടുണ്ട്. അവയവം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

വൃക്ക – 624, കരൾ – 290, ഹൃദയം - 75, ശ്വാസകോശം - 4, പാൻക്രിയാസ് - 16, ചെറുകുടൽ – 5, ശ്വാസനാളം - 1, കൈ - 26.

(സി) പ്രസ്തുത പദ്ധതി സജീവമാക്കാനും സുതാര്യമായ അവയവദാനങ്ങളിൽ ഒന്നുപോലും സാങ്കേതിക പ്രശ്നങ്ങളാൽ വൈകാതിരിക്കാനും പരാതികൾ പരിഹരിച്ച് അവയവദാനം സുഗമവും സുതാര്യവുമാക്കാനുമായി എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് അവയവദാനവും അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയും നടക്കുന്നത് 1994-ൽ നിലവിൽവന്ന ട്രാൻസ്പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗൻസ് ആക്ടും 2014-ൽ നിലവിൽവന്ന ട്രാൻസ്പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗൻ ആൻഡ് ടിഷ്യൂസ് റൂൾസിന്റെയും അടിസ്ഥാനത്തിലാണ്. ടി ആക്ടിന്റെ പരിധിയിൽനിന്നുകൊണ്ട് സംസ്ഥാനത്ത് അവയവമാറ്റ ശസ്ത്രക്രിയകൾ നടത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 19-11-2010-ലെ 14931/എസ്2/2009/ആ.കു.വ. ഉത്തരവുപ്രകാരം വിജ്ഞാപനം ചെയ്തിട്ടുണ്ട്.

മസ്തിഷ്ക മരണാനന്തര അവയവദാതാവിൽനിന്നുള്ള അവയവങ്ങളുടെ വിന്യാസം സംബന്ധിച്ച് 04-02-2012-ലെ സ.ഉ.(എം.എസ്.)നം.

37/2012/ആ.കു.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ മസ്തിഷ്ക മരണ സ്ഥിരീകരണവുമായി ബന്ധപ്പെട്ട മാതൃകാ പ്രവർത്തന നടപടിക്രമങ്ങൾ 19-01-2020-ലെ സ.ഉ.(എം.എസ്)നം.07/2020/ആ.കു.വ. പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. മസ്തിഷ്കമരണ സ്ഥിരീകരണവുമായി ബന്ധപ്പെട്ട മാതൃകാ പ്രവർത്തന നടപടിക്രമങ്ങൾ പുറപ്പെടുവിച്ചത് കേരള സർക്കാരാണ്. പല സംസ്ഥാനങ്ങളും ഇത് മാതൃകയാക്കുകയും ചെയ്തിട്ടുണ്ട്.

അവയവദാന കൈമാറ്റ പ്രക്രിയകൾ കാര്യക്ഷമവും സുതാര്യവുമാക്കുന്നതിനും കൂടാതെ അവയവദാനവുമായി ബന്ധപ്പെട്ട എല്ലാ പ്രവത്തനങ്ങളും ഒരേ കുടക്കീഴിൽ കൊണ്ടുവരികയെന്ന ലക്ഷ്യത്തോടെയും കേരള സർക്കാരിന്റെ കീഴിൽ കേരളാ സ്റ്റേറ്റ് ഓർഗൻ ആൻഡ് ടിഷ്യൂ ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷൻ (KSOTTO) ഒരു ചാരിറ്റബിൾ സൊസൈറ്റിയായി രജിസ്റ്റർ ചെയ്ത് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

നാഷണൽ ഇൻഫോർമാറ്റിക് സെന്റർ മുഖേന തയ്യാറാക്കിയ അവയവദാന കൈമാറ്റ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള രജിസ്ട്രി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. അവയവത്തിനുവേണ്ടി കാത്തിരിക്കുന്ന

രോഗികളുടെ പേര് ചേർക്കൽ, മുൻഗണനാടിസ്ഥാനത്തിലുള്ള അവയവ വിന്യാസം, അവയവമാറ്റത്തിന് ശേഷമുള്ള രോഗികളുടെ അതീജീവനം എന്നിവ ഈ രജിസ്ട്രി മുഖേന നിർവ്വഹിക്കുവാൻ കഴിയും. അവയവദാന രംഗത്ത് സമഗ്രമായ മാറ്റം കൊണ്ടുവരുന്നതിനുവേണ്ടി പ്രോട്ടോക്കോൾ, നയങ്ങൾ, മാതൃകാ പ്രവർത്തന നടപടിക്രമങ്ങൾ എന്നിവ വികസിപ്പിക്കുന്നതിന് വിദഗ്ധ പ്രവർത്തന സംഘവും (Expert Working Group) അനുബന്ധമായി ഓരോ അവയവങ്ങൾക്കും പ്രത്യേകം വൈദഗ്ധ്യമുള്ളവരുടെ കമ്മിറ്റികളും രൂപീകരിച്ച് 12-05-2023-ലെ സ.ഉ(സാധാ)നം.1134/2023/ആ.കു.വ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**ഇ-ഹെൽത്ത് പദ്ധതി**

169 (169) **ശ്രീ. വി. ശശി:** താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറയിൻകീഴ് നിയോജകമണ്ഡലത്തിലെ ഏതെല്ലാം ആശുപത്രികളിലാണ് ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കിയതെന്ന് വിശദമാക്കാമോ?

ചിറയിൻകീഴ് നിയോജകമണ്ഡലത്തിലെ ചിറയിൻകീഴ് താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിലും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളായ അഞ്ചുതെങ്ങ്, പുത്തൻതോപ്പ് എന്നീ ആശുപത്രികളിലും കുടുംബാരോഗ്യ കേന്ദ്രങ്ങളായ അഴൂർ, മംഗലപുരം, പെരുമാതുറ, പുതുകുറിച്ചി, കീഴാറ്റിങ്ങൽ, മുദാക്കൽ എന്നീ ആശുപത്രികളിലും ഇ-ഹെൽത്ത് പദ്ധതി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കിഴുവിലം പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ആർദ്രം പദ്ധതിയുടെ ഭാഗമായ നിർമ്മാണപ്രവൃത്തികൾ പൂർത്തിയാകുന്നമുറയ്ക്കും ഫണ്ട് ലഭ്യതയ്ക്കനുസരിച്ചും ഇ-ഹെൽത്ത് പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു.

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ഓരോ ആശുപത്രിക്കും എത്ര തുക അനുവദിച്ചുവെന്നും തുക അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ?

ഓരോ ആശുപത്രിയുടെയും വലിപ്പം, പ്രവർത്തനസജ്ജമായ കെട്ടിടങ്ങൾ, നൽകിവരുന്ന സേവനങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ ഓരോ വിഭാഗത്തിലും വരുന്ന ആശുപത്രികളിലും ആവശ്യമായി വരുന്ന

തുകയുടെ കാര്യത്തിൽ ഏറ്റക്കുറച്ചിലുകളുണ്ട്. ആയതിനാൽ, പദ്ധതിനിർവ്വഹണത്തിനുള്ള അനുമതി ലഭിക്കുന്നമുറയ്ക്ക് ഓരോ ആശുപത്രിക്കും പ്രത്യേകം എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടാണ് ഇ-ഹെൽത്ത് പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുന്നത്. എന്നിരുന്നാലും, ഇ-ഹെൽത്ത് നടപ്പിലാക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, കുടുംബാരോഗ്യ കേന്ദ്രങ്ങൾ എന്നിവയ്ക്ക് 20 ലക്ഷം രൂപയും ജനറൽ/ജില്ലാ ആശുപത്രികൾക്ക് 1.85 കോടി രൂപയും വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

**ഇ-ഹെൽത്ത് പദ്ധതി**

170 (170) ഡോ. സുജിത് വിജയൻപിള്ള: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികളിലും ഇ-ഹെൽത്ത് സംവിധാനം നടപ്പിലാക്കുന്നുണ്ടോ; നാളിതുവരെ എത്ര ആശുപത്രികളിൽ പ്രസ്തുത സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്?

പദ്ധതി നടപ്പിലാക്കുന്നതിനുള്ള അടിസ്ഥാന ഭൗതിക സാഹചര്യങ്ങൾ, ഫണ്ട് എന്നിവയുടെ ലഭ്യതയ്ക്കനുസരിച്ച് ആരോഗ്യ വകുപ്പിന്റെയും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെയും കീഴിലുള്ള എല്ലാ സർക്കാർ ആശുപത്രികളിലും ഇ-ഹെൽത്ത് സംവിധാനം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഇ-ഹെൽത്ത് സംവിധാനം നിലവിൽ 593 സർക്കാർ ആശുപത്രികളിൽ നടപ്പിലാക്കിയിട്ടുണ്ട്.

**ദേശീയ ആരോഗ്യദൗത്യം**

171 (171) ശ്രീ. എ. മുകേഷ്: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊല്ലം നിയോജകമണ്ഡലത്തിൽ ദേശീയ ആരോഗ്യ ദൗത്യം ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കിയ പദ്ധതികളും പ്രവർത്തനങ്ങളും എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊല്ലം നിയോജകമണ്ഡലത്തിൽ ദേശീയ ആരോഗ്യ ദൗത്യം ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കിയ പദ്ധതികളും പ്രവർത്തനങ്ങളും ചുവടെ ചേർക്കുന്നു.

1. ജില്ലാ ആശുപത്രി കൊല്ലം - മൈക്രോ ബയോളജി ലാബ് നിർമ്മാണം - Rs. 16.66 ലക്ഷം
2. വിക്ടോറിയ ആശുപത്രി കൊല്ലം - Oxygen Supported Bed 10, HDU Bed 6 - Rs. 35.23 ലക്ഷം
3. അർബൻ പി.എച്ച്.സി.-കൾ, കൊല്ലം - Renovation & Purchase of equipment in UPHCs - Rs. 6.67 ലക്ഷം.

ഇതിനുപുറമേ കൊല്ലം ജില്ലാ ആശുപത്രിയിൽ ദേശീയ ആരോഗ്യ ദൗത്യം ഫണ്ടുപയോഗിച്ച് KASH (Kerala Accreditation Standards for Hospital), NQAS (National Quality Assurance Standards) എന്നീ അംഗീകാരങ്ങൾ നേടാൻ കഴിഞ്ഞു. കൊല്ലം ഗവൺമെന്റ് വിക്ടോറിയ ആശുപത്രിയിൽ ദേശീയ ആരോഗ്യ ദൗത്യം ഫണ്ടുപയോഗിച്ച് Kayakalp Commendation അംഗീകാരം നേടാൻ കഴിഞ്ഞു. തൃക്കടവൂർ സാമൂഹികാരോഗ്യ

കേന്ദ്രത്തിൽ ദേശീയ ആരോഗ്യ ദൗത്യം ഫണ്ടുപയോഗിച്ച് KASH, NQAS എന്നീ അംഗീകാരങ്ങൾ നേടാൻ കഴിഞ്ഞു. പെരുമൺ കുടുംബാരോഗ്യ കേന്ദ്രത്തിൽ ദേശീയ ആരോഗ്യ ദൗത്യം ഫണ്ടുപയോഗിച്ച് KASH, NQAS എന്നീ അംഗീകാരങ്ങൾ നേടാൻ കഴിഞ്ഞു. മുണ്ടയ്ക്കൽ നഗര പ്രാഥമിക ആരോഗ്യ കേന്ദ്രം, ഉളിയക്കോവിൽ നഗര പ്രാഥമിക ആരോഗ്യ കേന്ദ്രം എന്നിവിടങ്ങളിൽ ദേശീയ ആരോഗ്യ ദൗത്യം ഫണ്ടുപയോഗിച്ച് KASH, NQAS എന്നീ അംഗീകാരങ്ങൾ നേടാൻ കഴിഞ്ഞു.

**ആർദ്രം മിഷന്റെ രണ്ടാംഘട്ട പ്രവർത്തനം**

172 (172) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം മിഷന്റെ രണ്ടാംഘട്ട പ്രവർത്തനം വേഗത്തിലാക്കാൻ രൂപീകരിച്ച സംസ്ഥാനതല കമ്മിറ്റി, ജില്ലാതല കമ്മിറ്റികൾ, ഉപജില്ലാതല കമ്മിറ്റികൾ എന്നിവയുടെ ഘടനയും ചുമതലയും സംബന്ധിച്ച മാർഗ്ഗരേഖ, വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കാമോ?

ആർദ്രം മിഷൻ രണ്ടാംഘട്ട പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും ഏകോപിപ്പിക്കുന്നതിനും അവലോകനം ചെയ്യുന്നതിനും സംസ്ഥാനതല കമ്മിറ്റികൾ, ജില്ലാതല കമ്മറ്റികൾ, ഉപജില്ലാതല കമ്മിറ്റികൾ എന്നിവ 23-01-2023-ലെ (സാധാ)നം.172/2023/ആ.കു.വ. സർക്കാർ ഉത്തരവ് പ്രകാരം രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. ഈ ഉത്തരവിൽ വിവിധ കമ്മിറ്റികളുടെ ഘടനയും ചുമതലകളും നിർവ്വചിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(ബി) ഈ പദ്ധതി പ്രകാരം തൃശ്ശൂർ ജില്ലയിൽ നടത്തിയ പ്രവർത്തനങ്ങൾ പ്രത്യേകം പട്ടിക തിരിച്ച് നൽകാമോ?

തൃശ്ശൂർ ജില്ലയിൽ നടത്തിയ പ്രവർത്തനങ്ങൾ പ്രത്യേകം പട്ടിക തിരിച്ച് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.+

**കുന്നത്തുനാട് മണ്ഡലത്തിലെ ആർദ്രം പദ്ധതി**

173 (173) **ശ്രീ. പി. വി. ശ്രീനിജിൻ:** താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയ മലയിടംതുരുത്ത്, വടവുകോട് സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ നടപ്പിലാക്കിവരുന്ന പ്രവൃത്തികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന മലയിടംതുരുത്ത്, വടവുകോട് സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ താഴെപ്പറയുന്ന പ്രവൃത്തികളാണ് പ്രധാനമായും നടപ്പിലാക്കിവരുന്നത്.

1. രോഗീസൗഹൃദ വെയ്റ്റിംഗ് ഏരിയ (ഒ.പി. & ഫാർമസി)
2. ഒ.പി.-യിൽ പ്രീ-ചെക്കപ്പിനുള്ള സംവിധാനം
3. ലാബ് സൗകര്യങ്ങൾ വിപുലീകരിക്കുക
4. നഴ്സിംഗ് സ്റ്റേഷൻ, ഒ.പി. കൗണ്ടർ പുനഃക്രമീകരണം
5. അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ നവീകരണം
6. ഫാർമസി, സ്റ്റോർ എന്നിവയുടെ നവീകരണം

7. ഫിസിയോ തെറാപ്പി യൂണിറ്റ്, അനയാത്ര എന്നിവിടങ്ങളിലെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ

8. പ്രതിരോധ കുത്തിവയ്പ്പ് കേന്ദ്രത്തിന്റെ പരിഷ്കരണം

9. രോഗീസൗഹൃദ ശുചിമുറികൾ ക്രമീകരിക്കുക

10. ആവശ്യമുള്ള ഇലക്ട്രിക്കൽ, പ്ലംബിംഗ് വർക്കുകളുടെ റിനോവേഷൻ പ്രവൃത്തികൾ

11. ആർദ്രത്തിനായി വിഭാവനം ചെയ്തിട്ടുള്ള പെയിന്റിംഗ് വർക്കുകൾ

12. രോഗികൾക്കുവേണ്ടി കുടിവെള്ള സജ്ജീകരണം, ടി.വി., എയർപോർട്ട് ചെയർ എന്നിവ ഒരുക്കൽ.

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

സി.എച്ച്.സി. മലയിടംതുരുത്തിൽ 95% നിർമ്മാണ പ്രവൃത്തികളും സി.എച്ച്.സി. വടവുകോടിൽ 90% നിർമ്മാണ പ്രവൃത്തികളും പൂർത്തിയായിട്ടുണ്ട്.

## ഡയാലിസിസ് യൂണിറ്റുകൾ

174 (174) <u>ശ്രീ. ഷാഫി പറമ്പിൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ കീഴിൽ എത്ര ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് ജില്ലതിരിച്ച് വിശദമാക്കാമോ?

സംസ്ഥാനത്ത് ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ കീഴിൽ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെ 108 സ്ഥാപനങ്ങളിൽ ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിക്കുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) സംസ്ഥാനത്തെ ഏതെങ്കിലും സി.എച്ച്.സി.യി.-ലോ പി.എച്ച്.സി.-യിലോ ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

സംസ്ഥാനത്ത് നിലവിൽ ഡയാലിസിസ് യൂണിറ്റ് പ്രവർത്തിച്ചുവരുന്ന സാമൂഹികാരോഗ്യ കേന്ദ്രങ്ങളുടെയും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

| ജില്ല | സ്ഥാപനം |
|---|---|
| പാലക്കാട് | ചാലിശ്ശേരി സി.എച്ച്.സി.<br>ഷൊർണ്ണൂർ സി.എച്ച്.സി. |
| മലപ്പുറം | മാറഞ്ചേരി സി.എച്ച്.സി.<br>ചുങ്കത്തറ സി.എച്ച്.സി.<br>വളവന്നൂർ സി.എച്ച്.സി. |
| വയനാട് | പനമരം സി.എച്ച്.സി.<br>നല്ലൂർനാട് സി.എച്ച്.സി. |
| കണ്ണൂർ | അർബൻ ഡയാലിസിസ് സെന്റർ, മട്ടന്നൂർ<br>അർബൻ ഡയാലിസിസ് സെന്റർ, ഇടക്കാട് |
| കാസർഗോഡ് | പെരിയ സി.എച്ച്.സി.<br>മുളിയാർ സി.എച്ച്.സി. |

**കുട്ടനാട്ടിലെ സർക്കാർ ആശുപത്രികളുടെ നവീകരണം**

175 (175) ശ്രീ. തോമസ് കെ. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ സർക്കാർ ആശുപത്രികളുടെ നവീകരണ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ പൂർത്തീകരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

കുട്ടനാട്ടിലെ സർക്കാർ ആശുപത്രികളിലെ നവീകരണ പ്രവർത്തനങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| സ്ഥാപനം | ആർദ്രം പദ്ധതി | നിർമ്മാണ പുരോഗതി |
|---|---|---|

| | | |
|---|---|---|
| എഫ്.എച്ച്.സി. നീലംപേരൂർ | ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തി. | നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. |
| എഫ്.എച്ച്.സി. തലവടി | ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തി. | ആശുപത്രിയിൽ ഭൂമി സംബന്ധമായ വിഷയമുള്ളതിനാൽ നിർമ്മാണം ആരംഭിക്കാൻ സാധിച്ചിട്ടില്ല. |
| എഫ്.എച്ച്.സി. തകഴി | ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തി. | ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. |
| എഫ്.എച്ച്.സി. കാവാലം | ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തി. | നിർമ്മാണം പുരോഗമിക്കുന്നു. |
| എഫ്.എച്ച്.സി. കുപ്പപ്പുറം | ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തി. | കെട്ടിടം അൺഫിറ്റ് ആയതിനാൽ നവീകരണ പ്രവർത്തനം നടത്താൻ സാധിച്ചിട്ടില്ല. നിലവിൽ പുതിയ കെട്ടിടത്തിനായി 15-ാം ധനകാര്യ കമ്മീഷനിൽ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| എഫ്.എച്ച്.സി. രാമങ്കരി | ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തി. | നവീകരണം പൂർത്തിയാക്കി |
| എഫ്.എച്ച്.സി. വിയ്യപുരം. | ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തി. | നിർമ്മാണം പൂർത്തിയാക്കി |
| എഫ്.എച്ച്.സി. മുട്ടാർ | ആർദ്രം പദ്ധതിയുടെ മൂന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി | പ്രസ്തുത കെട്ടിടത്തിന്റെ മുകളിൽ നിർമ്മാണ പ്രവർത്തനം |

| | | |
|---|---|---|
| | കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തി. | നടത്തുന്നതിനാവശ്യമായ സ്റ്റെബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാകുന്നതോടുകൂടി നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതാണ് |
| സി.എച്ച്.സി. വെളിയനാട് | ബ്ലോക്കുതല എഫ്.എച്ച്.സി. ആയി ഉയർത്തിയിട്ടുണ്ട്. | കെട്ടിടം അൺഫിറ്റായതിനാൽ നവീകരണ പ്രവർത്തനം നടത്താൻ സാധിച്ചിട്ടില്ല. നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. |
| സി.എച്ച്.സി. ചമ്പക്കുളം | ബ്ലോക്കുതല എഫ്.എച്ച്.സി. ആയി ഉയർത്തിയിട്ടുണ്ട്. | നിർമ്മാണ പ്രവൃത്തി ഉടൻ ആരംഭിക്കും. |

(ബി) കുട്ടനാടിന്റെ പ്രത്യേക സാഹചര്യം പരിഗണിച്ച് ആവശ്യത്തിന് ജീവനക്കാരെയും മരുന്നും ഉറപ്പുവരുത്തുന്നതിന് പ്രത്യേക ശ്രദ്ധ ചെലുത്തുമോ; വിശദാംശം ലഭ്യമാക്കാമോ?

നിലവിലെ മാനദണ്ഡമനുസരിച്ച് തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ ഘട്ടംഘട്ടമായി നടന്നുവരികയാണ്. കുട്ടനാടിന്റെ പ്രത്യേക സാഹചര്യം പരിഗണിച്ച് ആവശ്യമായ മരുന്ന് വിതരണം ഉറപ്പാക്കിയിട്ടുണ്ട്. പ്രത്യേകിച്ച് വെള്ളക്കെട്ടുള്ള സ്ഥലങ്ങളിൽ പകർച്ചവ്യാധിക്ക്

ഉപയോഗിച്ചുവരുന്ന ഡോക്സിസൈക്ലിൻ പോലുള്ള മരുന്നുകൾ വാർഷിക ഇൻഡന്റ് മുഖേന ആവശ്യപ്പെട്ട അളവിന്റെ 80 മുതൽ 85 ശതമാനം വരെ ലഭ്യമാക്കിയിട്ടുണ്ട്. തകഴി പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ 100 ശതമാനം വിതരണം നടത്തിയിട്ടുണ്ട്. അതുപോലെ മറ്റ് അവശ്യ മരുന്നുകളുടെ ലഭ്യതയും ഉറപ്പുവരുത്തിയിട്ടുണ്ട്.

(സി) കുട്ടനാട്ടിലെ സർക്കാർ ആശുപത്രികളിൽ സ്കാനിംഗ് ഉൾപ്പെടെയുള്ള ലാബ് സംവിധാനം മികച്ച നിലയിൽ ഉറപ്പുവരുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

പുളിങ്കുന്ന് താലൂക്ക് ആശുപത്രിയിൽ കിഫ്ബി പദ്ധതിക്കായി 144.06 കോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. പുതുതായി പ്രൊപ്പോസ് ചെയ്തിട്ടുള്ള കെട്ടിടത്തിൽ ഗൈനക്ക് വിഭാഗവും ഗൈനക്കോളജിസ്റ്റ് ഉപയോഗിക്കേണ്ട അൾട്രാസൗണ്ട് വിഭാഗവും പ്രവർത്തിക്കുന്നതിനുള്ള സൗകര്യവും ഉൾപ്പെടുത്തിയിട്ടുണ്ട്.

**ഐസൊലേഷൻ വാർഡുകൾ നിർമ്മിക്കുന്നതിന് നടപടി**

176 (176) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പോലുള്ള പകർച്ചവ്യാധികളെ പ്രതിരോധിക്കുന്നതിനായി ഓരോ സി.എച്ച്.സി.-കളിലും സ്ഥലലഭ്യതയ്ക്കനുസരിച്ച് ഐസൊലേഷൻ വാർഡുകൾ ആരംഭിക്കുവാൻ തീരുമാനിച്ചിരുന്നോ; എങ്കിൽ വിശദാംശം നൽകാമോ?

26-07-2021-ലെ G.O.(Rt)1555/2021/H&FWD സർക്കാർ ഉത്തരവ് പ്രകാരം കോവിഡുപോലുള്ള പകർച്ചവ്യാധികളെ പ്രതിരോധിക്കുന്നതിനായി ഓരോ നിയോജകമണ്ഡലത്തിലും തെരഞ്ഞെടുക്കപ്പെട്ട സർക്കാർ ആശുപത്രികളിൽ ഐസൊലേഷൻ വാർഡ് നിർമ്മാണം ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ആദ്യഘട്ടത്തിൽ 90 സ്ഥാപനങ്ങളിൽ നിർമ്മാണം നടത്തുന്നതിന് തീരുമാനിക്കുകയും അതിൽ പ്രവർത്തനാനുമതി നൽകി പ്രവൃത്തിയാരംഭിച്ച 82 സ്ഥാപനങ്ങളിൽ 25 എണ്ണം നിർമ്മാണം പൂർത്തിയാക്കുകയും അതിൽ 10 എണ്ണം ഉദ്ഘാടനം നടത്തിയിട്ടുമുണ്ട്.

(ബി) എം.എൽ.എ. ആസ്തി വികസന ഫണ്ട് വിനിയോഗിച്ചാണോ ഐസൊലേഷൻ വാർഡുകൾ നിർമ്മിച്ചിരിക്കുന്നതെന്ന് അറിയിക്കാമോ; കോഴിക്കോട് ജില്ലയിലെ ഐസൊലേഷൻ വാർഡുകളുടെ പ്രവർത്തന പുരോഗതി അറിയിക്കാമോ?

26-07-2021-ലെ G.O.(Rt)1555/2021/H&FWD സർക്കാർ ഉത്തരവ് പ്രകാരം ഐസൊലേഷൻ വാർഡുകളുടെ നിർമ്മാണത്തിനായി 50% കിഫ്ബി ഫണ്ടും 50% എം.എൽ.എ. ആസ്തി വികസന ഫണ്ടും ഉൾപ്പെടെ 1,75,96,748/- രൂപ വീതമാണ് അനുവദിച്ചിട്ടുള്ളത്.

കോഴിക്കോട് ജില്ലയിലെ ഐസൊലേഷൻ വാർഡുകളുടെ പ്രവർത്തനം ചുവടെ ചേർക്കുന്നു.

കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിലെ ഗവൺമെന്റ് ഡെർമറ്റോളജി ആശുപത്രി, കോഴിക്കോട് സൗത്ത് നിയോജകമണ്ഡലത്തിലെ സർക്കാർ മാനസികാരോഗ്യ കേന്ദ്രം എന്നിവയുടെ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം കഴിഞ്ഞിട്ടുണ്ട്. കുറ്റ്യാടി നിയോജകമണ്ഡലത്തിലെ സി.എച്ച്.സി. കുന്നുമേലിലെ ഐസൊലേഷൻ

വാർഡ് നിർമ്മാണം പൂർത്തിയായി. വടകര നിയോജകമണ്ഡലത്തിലെ സി.എച്ച്.സി. ഓർക്കാട്ടേരി, കൊടുവള്ളി നിയോജകമണ്ഡലത്തിലെ സി.എച്ച്.സി. നരിക്കുനി, കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ സി.എച്ച്.സി. മേലടി, തിരുവമ്പാടി നിയോജകമണ്ഡലത്തിലെ സി.എച്ച്.സി. മുക്കം എന്നിവിടങ്ങളിലെ ഐസോലേഷൻ വാർഡുകളുടെ 60% പ്രവൃത്തികൾ പൂർത്തിയായി. ബാലുശ്ശേരി നിയോജകമണ്ഡലത്തിലെ കൂരാച്ചുണ്ട് സി.എച്ച്.സി.-യിലെ ഐസൊലേഷൻ വാർഡിന്റെ 45% പ്രവൃത്തികൾ പൂർത്തിയായി. കുന്നമംഗലം നിയോജകമണ്ഡലത്തിലെ സി.എച്ച്.സി. ഒളവണ്ണയിലെ പഴയ കെട്ടിടം പൊളിച്ചുമാറ്റുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതാണ്.

**മലപ്പുറം നിയോജകമണ്ഡലത്തിലെ ആരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി**

177 (177) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം നിയോജകമണ്ഡലത്തിലെ വിവിധ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ, കുടുംബക്ഷേമ കേന്ദ്രങ്ങൾ, ബ്ലോക്ക് പ്രാഥമിക ആരോഗ്യ കേന്ദ്രം, താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി എന്നിവിടങ്ങളിൽ ഡോക്ടർമാർ ഉൾപ്പെടെയുള്ള ആരോഗ്യ വകുപ്പ് ജീവനക്കാരുടെ ഒഴിവുകൾ നിലവിലുണ്ടോ; എങ്കിൽ എത്ര ഒഴിവുകളുണ്ടെന്നും അവ നികത്തുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും വിശദീകരിക്കാമോ?

| ക്രമ നം. | ഒഴിവുള്ള സ്ഥാപനം | തസ്തിക/ ഒഴിവുകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1 | പി.എച്ച്.സി. പൂക്കോട്ടൂർ | അസിസ്റ്റന്റ് സർജൻ -1 | സ്ഥലംമാറ്റം/ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ് മുഖേന നിയമനം നടത്തുന്നതാണ്. |
| | | ഹെൽത്ത് സൂപ്പർവൈസർ -1 | സ്ഥലംമാറ്റം/സ്ഥാനക്കയറ്റം മുഖേന ഒഴിവ് നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| | | ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് -1 | അഡ്ഹോക്ക് വ്യവസ്ഥയിൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. |
| | | പബ്ലിക് ഹെൽത്ത് നഴ്സ് -1 | സ്ഥാനക്കയറ്റം മുഖേന ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| | | പബ്ലിക് ഹെൽത്ത് നഴ്സിംഗ് സൂപ്പർവൈസർ -1 | സ്ഥാനക്കയറ്റം മുഖേന ഒഴിവ് നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| 2 | പി.എച്ച്.സി. തൃപ്പനച്ചി (പുൽപ്പറ്റ) | ഹെൽത്ത് ഇൻസ്പെക്ടർ -1 | സ്ഥലംമാറ്റം/സ്ഥാനക്കയറ്റം മുഖേന ഒഴിവ് നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| | | ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് II -1 | അഡ്ഹോക്ക് വ്യവസ്ഥയിൽ നിയമനം നടത്തിയിട്ടുണ്ട്. |
| | | ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് -2 | എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്/ അഡ്ഹോക്ക് എന്നിവ മുഖേന ഓരോ ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. |
| 3 | ടി.എച്ച്.ക്യൂ.എച്ച്. മലപ്പുറം | സ്റ്റാഫ് നഴ്സ് -1 | പി.എസ്.സി മുഖേന നിയമനം നടത്തുന്നതാണ് |
| | | ക്ലാർക്ക് ടൈപ്പിസ്റ്റ് -1 | പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| | | നഴ്സിംഗ് അസിസ്റ്റന്റ് -1 | സ്ഥാനക്കയറ്റം മുഖേന ഒഴിവ് നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് |
| | | ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് II -1 | എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്/ സ്ഥാനക്കയറ്റം മുഖേന ഒഴിവ് നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് |
| | | പബ്ലിക് ഹെൽത്ത് നഴ്സ് -1 | സ്ഥാനക്കയറ്റം മുഖേന ഒഴിവ് നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് |
| | | റേഡിയോഗ്രാഫർ -3 | പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| 4 | പി.എച്ച്.സി. കോഡൂർ | ക്ലാർക്ക് -1 | നിയമന നടപടികൾ സ്വീകരിച്ചുവരുന്നു. |
| | | ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് II -1 | എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് / സ്ഥാനക്കയറ്റം മുഖേന ഒഴിവ് നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| | | ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് -2 | എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്/ അഡ്ഹോക്ക് എന്നിവ മുഖേന ഓരോ ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. |
| 5 | പി.എച്ച്.സി. | ആശുപത്രി അറ്റൻഡന്റ് | അഡ്ഹോക്ക് വ്യവസ്ഥയിൽ |

| | | | |
|---|---|---|---|
| | | ഗ്രേഡ് II -1 | നിയമനം നടത്തിയിട്ടുണ്ട്. |
| | ആനക്കയം | പബ്ലിക് ഹെൽത്ത് നഴ്സ് -1 | സ്ഥാനക്കയറ്റം മുഖേന ഒഴിവ് നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് |

(ബി) മലപ്പുറം താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി അപ്ഗ്രേഡ് ചെയ്ത് സൂപ്പർ സ്പെഷ്യാലിറ്റി ജനറൽ ആശുപത്രിയാക്കി ഉയർത്തണമെന്ന ആവശ്യത്തിന്മേൽ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദമാക്കാമോ?

'ആർദ്രം' മാനദണ്ഡപ്രകാരം ജില്ലാ ആശുപത്രികൾ മുതലാണ് സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ നൽകിവരുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ മലപ്പുറം ജില്ലയിൽനിന്ന് സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ നൽകുന്നതിന് തിരൂർ ജില്ലാ ആശുപത്രിയെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്.

(സി) പ്രസ്തുത ആശുപത്രിയിൽ ഫോറൻസിക് സർജന്റെ തസ്തിക സൃഷ്ടിക്കുന്ന നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; സർക്കാർ കത്ത്

നമ്പർ എം1/252/2021-ഹെൽത്ത് പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടറിൽനിന്നും ആവശ്യപ്പെട്ട റിപ്പോർട്ടിന്മേലും 02-12-2022-ലെ പി.എൽ.എ.2/13064/2020/ആ.വ.ഡ. നമ്പർ കത്ത് പ്രകാരം സമർപ്പിച്ച റിപ്പോർട്ടിന്മേലും സ്വീകരിച്ച തുടർനടപടികൾ വിശദീകരിക്കാമോ?

'ആർദ്രം' മാനദണ്ഡപ്രകാരം ഫോറൻസിക് സ്പെഷ്യാലിറ്റി സേവനങ്ങൾ ജില്ലാ ആശുപത്രികൾ മുതലാണ് നൽകിവരുന്നത്. ആയതിനാൽ മലപ്പുറം താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ ഫോറൻസിക് സർജന്റെ തസ്തിക സൃഷ്ടിക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല.

(ഡി) മലപ്പുറം ആനക്കയം പഞ്ചായത്തിൽ ഒരു പ്രാഥമിക ആരോഗ്യ കേന്ദ്രം കൂടി ആരംഭിക്കുന്നത് സംബന്ധിച്ച് 19-11-2018-ൽ സമർപ്പിച്ച ആരോഗ്യ വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ടിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; പുതിയ കേന്ദ്രം ഉടൻ അനുവദിക്കുമോ; വിശദമാക്കാമോ?

'ആർദ്രം' പദ്ധതിപ്രകാരം നിലവിലെ പി.എച്ച്.സി.-കളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കുന്ന നടപടികളാണ് സ്വീകരിച്ചുവരുന്നത്.

ആയതിന്റെ ഭാഗമായി ആനക്കയം പഞ്ചായത്തിലെ ആനക്കയം പ്രാഥമികാരോഗ്യ കേന്ദ്രത്തിനെ 'ആർദ്രം' പദ്ധതിയുടെ മൂന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തിയിട്ടുണ്ട്. പുതിയ പ്രാഥമികാരോഗ്യകേന്ദ്രം ആരംഭിക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല.

**വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ ആരോഗ്യ സ്ഥാപനങ്ങൾ**

178 (178) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 സാമ്പത്തിക വർഷം വരെ സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തി ഏതൊക്കെ ആരോഗ്യ സ്ഥാപനങ്ങൾക്ക് വിവിധ പ്രവൃത്തികൾക്കായി ഫണ്ട് അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ 2018-19 സാമ്പത്തിക വർഷം മുതൽ 2023-24 സാമ്പത്തിക വർഷം വരെ സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ ആരോഗ്യ സ്ഥാപനങ്ങളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

'ആർദ്രം' പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ 2018-19 കാലയളവിൽ തേഞ്ഞിപ്പാലം ആരോഗ്യ കേന്ദ്രത്തിനെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്ന പ്രവൃത്തിക്കായി 14 ലക്ഷം രൂപ പ്ലാൻ ഫണ്ട് അനുവദിച്ചിട്ടുണ്ട്. പി.എച്ച്.സി. പള്ളിക്കൽ, പി.എച്ച്.സി. പെരുവള്ളൂർ എന്നീ സ്ഥാപനങ്ങളെ ബ്ലോക്കുതല കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്ന പ്രവൃത്തിക്കായി യഥാക്രമം 36 ലക്ഷം രൂപ, 35 ലക്ഷം രൂപ വീതം അനുവദിച്ചു. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) മേൽ സൂചിപ്പിച്ച കാലയളവിൽ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഭരണാനുമതി ലഭിച്ച ആരോഗ്യ സ്ഥാപനങ്ങളിൽ സ്വീകരിച്ചുവരുന്ന തുടർപ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) പ്ലാൻ/നോൺ പ്ലാൻ ഫണ്ട് ഇനത്തിൽ ആരോഗ്യ വകുപ്പിന് കീഴിൽ വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ മേൽസൂചിപ്പിച്ച കാലയളവിൽ നടന്ന വിവിധ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി&സി) വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ നാഷണൽ ഹെൽത്ത് മിഷൻ മുഖേന വിവിധ സ്ഥാപനങ്ങളിൽ നടപ്പിലാക്കിവരുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+ ആരോഗ്യ ഉപകേന്ദ്രങ്ങളെ ജനകീയ ആരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്ന നവീകരണ പ്രവൃത്തികൾക്ക് ഓരോ ഉപകേന്ദ്രത്തിനും 7 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്. ആയതുപ്രകാരം അനുബന്ധമായി+ കാണിച്ചിട്ടുള്ള സബ് സെന്ററുകളിലെ പ്രവൃത്തികൾ ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുകൂടാതെ തേഞ്ഞിപ്പാലം കുടുംബാരോഗ്യ കേന്ദ്രത്തിൽ പുതിയ കെട്ടിടനിർമ്മാണത്തിന് 2019-20 സാമ്പത്തിക വർഷത്തിൽ 62 ലക്ഷം രൂപയും 2021-22 സാമ്പത്തിക വർഷത്തിൽ 99 ലക്ഷം രൂപയും എം.എൽ.എ. ഫണ്ടായി അനുവദിച്ചിട്ടുണ്ട്. ഇലക്ട്രിക്കൽ, പ്ലംബിംഗ് പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ട്.

(ഡി) മലപ്പുറം ജില്ലയിലെ ആരോഗ്യ സ്ഥാപനങ്ങൾക്ക് കീഴിൽ പുതുതായി സബ്സെന്റർ ആരംഭിക്കുന്നതിനുവേണ്ടി സ്ഥാപന മേധാവികൾ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സമർപ്പിച്ച അപേക്ഷകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റിപ്പോർട്ടുകളിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

മലപ്പുറം ജില്ലയിൽ പുതുതായി 44 സബ്സെന്ററുകൾ ആരംഭിക്കുന്നതിനായി ജില്ലാ മെഡിക്കൽ ഓഫീസിൽനിന്നും ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ് മുഖാന്തരം ലഭ്യമാക്കിയ പ്രൊപ്പോസലുകൾ സർക്കാർതലത്തിൽ പരിശോധിക്കുകയും കേന്ദ്രസർക്കാരിന്റെ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് പ്രൊപ്പോസലുകൾ ലഭ്യമാക്കുവാൻ നിർദ്ദേശിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽനിന്നും ജില്ലാ മെഡിക്കൽ ഓഫീസർക്ക് തുടർനിർദ്ദേശം നൽകുകയും ചെയ്തു. തുടർന്ന് ലഭ്യമാക്കിയ പ്രൊപ്പോസലുകളിലും അപാകതകൾ കണ്ടതിനെത്തുടർന്ന് കേന്ദ്രസർക്കാർ നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ ഉൾപ്പെടുത്തിയും നിശ്ചിത പ്രൊഫോർമയിൽ പുതുക്കിയ പ്രൊപ്പോസലുകൾ ലഭ്യമാക്കുന്നതിന് മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസറോട് ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽനിന്നും വീണ്ടും

ആവശ്യപ്പെട്ടിട്ടുണ്ട്. പുതുക്കിയ പ്രൊപ്പോസലുകൾ ആരോഗ്യ വകുപ്പ് ഡയറക്ടർ ലഭ്യമാക്കുന്നമുറയ്ക്ക് അനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

(ഇ) വള്ളിക്കുന്ന് മണ്ഡലത്തിൽനിന്നും ശിപാർശ ചെയ്യപ്പെട്ട ഏക സബ്സെന്റർ എന്ന നിലയിൽ പുളിയംപറമ്പ് സബ്സെന്റർ പദ്ധതിക്ക് അനുമതി നൽകുമോയെന്ന് വ്യക്തമാക്കാമോ?

മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസിൽനിന്നും ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ് മുഖേന ലഭ്യമാക്കിയ പ്രൊപ്പോസലിൽ പുളിയംപറമ്പ് സബ്സെന്റർ ഉൾപ്പെട്ടിട്ടുണ്ട്. പുതുതായി നിർദ്ദേശിക്കപ്പെട്ട പ്രൊഫോർമ സഹിതം പ്രൊപ്പോസൽ ആരോഗ്യ വകുപ്പ് ഡയറക്ടർ പുന:സമർപ്പിക്കുന്നമുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്.

**ലേബർ റൂമുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായുള്ള നടപടി**

179 (179) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാതൃമരണ നിരക്ക് കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ ലേബർ റൂമുകളുടെ ഗുണനിലവാരം ലോകോത്തരമാക്കുന്നതിന് സ്വീകരിക്കുന്ന നടപടികളെക്കുറിച്ച് വിശദമാക്കാമോ?

മാതൃ-ശിശു മരണനിരക്ക് കുറയ്ക്കുക, ഗർഭിണികളായ സ്ത്രീകൾക്കും അമ്മമാർക്കും നവജാത ശിശുക്കൾക്കും മികച്ച ആരോഗ്യ പരിചരണം ഉറപ്പുവരുത്തുക എന്ന ഉദ്ദേശ്യത്തോടുകൂടി ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം ആവിഷ്കരിച്ച പദ്ധതിയാണ് 'ലക്ഷ്യ' (ലേബർ റൂം ക്വാളിറ്റി ഇംപ്രൂവ്മെന്റ് ഇനിഷ്യേറ്റീവ്). ലോകോത്തര നിലവാരത്തിലുള്ള ഗുണമേന്മയുള്ള പ്രസവചികിത്സ ലഭ്യമാക്കുക, പ്രസവസമയത്ത് മെച്ചപ്പെട്ട സംരക്ഷണം, പ്രസവാനന്തരമുള്ള ശുശ്രൂഷ, അണുബാധ കുറയ്ക്കുക, പ്രസവമുറിയുടെയും ഗർഭിണികൾക്കുള്ള ഓപ്പറേഷൻ തീയേറ്ററുകളുടെയും ഗുണനിലവാരം മെച്ചപ്പെടുത്തുക, ഗുണഭോക്താക്കളുടെ സംതൃപ്തി ഉറപ്പാക്കുക എന്നിവയാണ് 'ലക്ഷ്യ' പദ്ധതിയിലൂടെ നടപ്പിലാക്കുന്നത്. കൂടാതെ തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ 'അമ്മമാരുടെ തീവ്രപരിചരണ വിഭാഗം' തയ്യാറാക്കി. ലേബർ റൂം ഭൗതിക

സൗകര്യങ്ങൾ മെച്ചപ്പെടുത്തി. പ്രസവത്തോടനുബന്ധിച്ചുള്ള ഗർഭനിരോധന മാർഗ്ഗങ്ങളുടെ ശതമാനം വർദ്ധിച്ചിട്ടുണ്ട്. പ്രസവസമയത്ത് ഏറ്റവും അടുത്ത ബന്ധുക്കളിൽ ഒരാളെ കൂടെ നിർത്തിവരുന്നു. അണുബാധ നിയന്ത്രണങ്ങൾ, ബഹുമാനത്തോടെയുള്ള മാതൃപരിചരണം, ഫയർ ആൻഡ് സേഫ്റ്റി, ആശയവിനിമയം, ദുരന്തനിവാരണ മാർഗ്ഗങ്ങൾ, അടിയന്തര ചികിത്സാ മാർഗ്ഗങ്ങൾ, രോഗീസുരക്ഷാ മാർഗ്ഗങ്ങൾ എന്നിവ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ലോകോത്തര പ്രസവചികിത്സാ സൗകര്യം ഉറപ്പുവരുത്തുന്നതിനായി ദേശീയ ആരോഗ്യ ദൗത്യം ഏർപ്പെടുത്തിയ 'ലക്ഷ്യ' സർട്ടിഫിക്കേഷന്റെ ഭാഗമായ സംസ്ഥാനതല/ദേശീയതല പരിശോധനകൾക്കായി നടപടികൾ സ്വീകരിച്ചുവരുന്നു.

കൊല്ലം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ മാതൃ-ശിശു മരണനിരക്ക് കുറയ്ക്കുകയെന്ന ലക്ഷ്യത്തോടെ ലേബർ റൂമുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ലേബർ റൂമിൽ ക്വാളിറ്റി കെയർ നൽകുന്നുണ്ട്. ലേബർ റൂമിൽ വരുന്ന ഗർഭിണികൾക്കായി കൃത്യമായ പ്രോട്ടോക്കോൾ ഉണ്ടാക്കുകയും അതിനനുസരിച്ച്, എത്തുന്നവർക്ക് കൃത്യമായ ചികിത്സ നൽകുകയും ചെയ്യുന്നു. വിദഗ്ധ പരിശീലനം ലഭിച്ച ഡോക്ടർമാരുടെയും നഴ്സുമാരുടെയും സേവനം 24 മണിക്കൂറും ലഭ്യമാണ്. ഡോക്ടർമാർക്കും നഴ്സുമാർക്കും നിശ്ചിത ഇടവേളകളിൽ കൃത്യമായ പരിശീലനം നൽകിവരുന്നു. നവജാത ശിശുക്കൾക്ക് Neo Natal Care നൽകിവരുന്നു. എമർജൻസി ഓപ്പറേഷൻ തീയേറ്ററിന്റെയും ബ്ലഡ് ബാങ്കിന്റെയും സേവനം 24 മണിക്കൂറും പ്രവർത്തനസജ്ജമാണ്.

ഇടുക്കി, കോന്നി എന്നീ സർക്കാർ മെഡിക്കൽ കോളേജുകളിൽ 'ലക്ഷ്യ' പദ്ധതിപ്രകാരമുള്ള അടിസ്ഥാനസൗകര്യ വികസനത്തിനും അനുബന്ധ സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനും വേണ്ടിയുള്ള നടപടികൾ നടത്തിവരുന്നു. ആലപ്പുഴ സർക്കാർ റ്റി.ഡി. മെഡിക്കൽ കോളേജ് ആശുപത്രിയിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ പുതിയ മെറ്റേണിറ്റി ബ്ലോക്കിന്റെ നിർമ്മാണം അന്തിമഘട്ടത്തിലാണ്. 'ലക്ഷ്യ' സ്റ്റാൻഡേർഡ് അനുസരിച്ചുള്ള എല്ലാ ആധുനിക സൗകര്യങ്ങളും ബ്ലോക്കിന്റെ നിർമ്മാണം

പൂർത്തിയാകുന്നതോടെ ലഭ്യമാകുന്നതാണ്. പുതിയ ലേബർ റൂം കോംപ്ലക്സിലേയ്ക്ക് മാറുമ്പോൾ "അമ്മയ്ക്കൊരു കൂട്ട്" പദ്ധതിയും ആരംഭിക്കുന്നതാണ്. EMOCAL, PPMD എന്നീ ട്രെയിനിംഗുകൾ നിരന്തരമായി ഗൈനക്കോളജിസ്റ്റുകൾക്കായി നടത്തുന്നുണ്ട്.

കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ മാതൃ-ശിശു മരണനിരക്ക് കുറയ്ക്കുകയെന്ന ലക്ഷ്യത്തോടെ 'ലക്ഷ്യ' മാനദണ്ഡപ്രകാരമുള്ള എല്ലാ സൗകര്യങ്ങളും ലേബർ റൂം, മെറ്റേണൽ ഓപ്പറേഷൻ തിയേറ്റർ എന്നിവയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

എറണാകുളം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ആധുനിക പ്രസവചികിത്സാ സൗകര്യങ്ങളോടുകൂടി ലേബർ റൂം (Mobile Doppler, Ultra Sound Scan, CTG Machines, Multipara Monitor, CPAP Machine, Defibrillator, Crash Cart etc) നിലവിലുണ്ട്. ലേബർ റൂം മുഴുവനായും എയർകണ്ടീഷൻ സ്ഥാപിച്ച് ശീതീകരിച്ചു.

തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ 2019-20 സാമ്പത്തിക വർഷത്തിൽ മദർ ആൻഡ് ചൈൽഡ് ബ്ലോക്ക്

നിർമ്മിക്കുന്നതിന് 277.76 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ആയത് പൂർത്തിയായാൽ ആധുനിക പ്രസവചികിത്സ സാധ്യമാകും.

മഞ്ചേരി മെഡിക്കൽ കോളേജിൽ പ്രസവം നടത്തുന്നതിനായി 3 ലേബർ കോട്ടും വേദനയുള്ള ഗർഭിണികളെ കിടത്തുന്നതിനുള്ള 10 ബെഡുമാണുള്ളത്. 24x7 മണിക്കൂറും പ്രവർത്തിക്കുന്ന പ്രസവ സംബന്ധമായ ഒരു ഓപ്പറേഷൻ തിയേറ്ററും ബ്ലഡ് ബാങ്ക് സംവിധാനവും നിലവിലുണ്ട്. ലേബർ റൂമിന്റെ വിപുലീകരണ പ്രവൃത്തി പൂർത്തിയാകുന്നതോടെ 'ലക്ഷ്യ' സർട്ടിഫിക്കേഷൻ നേടാവുന്നതാണ്.

കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിന്റെ അനുബന്ധ ആശുപത്രിയായ മാതൃ-ശിശു സംരക്ഷണ കേന്ദ്രത്തിൽ മാതൃമരണനിരക്ക് കുറയ്ക്കുകയെന്ന ലക്ഷ്യത്തോടെ ലേബർ റൂമിന്റെയും അനുബന്ധ ചികിത്സാ വിഭാഗങ്ങളുടെയും ഗുണനിലവാരം ലോകോത്തരമാക്കുന്നതിന് 'ലക്ഷ്യ' അക്രഡിറ്റേഷൻ ലഭിക്കുന്നതിന് നിഷ്കർഷിച്ചിട്ടുള്ള നിലവാരത്തിലേയ്ക്ക് ലേബർ റൂമും അനുബന്ധ ചികിത്സാ വിഭാഗങ്ങളും ഉയർത്തുകയും ലക്ഷ്യ അക്രഡിറ്റേഷൻ സ്ഥാപനത്തിന് ലഭിക്കുകയും ചെയ്തിട്ടുണ്ട്.

കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ സുരക്ഷിത പ്രസവത്തിനും പ്രസവാനന്തര ചികിത്സയ്ക്കും ആവശ്യമായ സൗകര്യത്തോടുകൂടിയ ഐ.സി.യു., ബ്ലഡ് ട്രാൻസ്ഫ്യൂഷൻ സൗകര്യങ്ങൾ എന്നിവയോടുകൂടിയ ആധുനിക ചികിത്സാസൗകര്യം ലഭ്യമാണ്.

(ബി) ഇത്തരത്തിൽ സംസ്ഥാനത്ത് എത്ര ലേബർ റൂമുകളെയാണ് നാളിതുവരെ 'ലക്ഷ്യ' നിലവാരത്തിൽ എത്തിക്കാൻ കഴിഞ്ഞിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഇത്തരത്തിൽ 10 സ്ഥാപനങ്ങളിലെ ലേബർ റൂമുകളെയാണ് 'ലക്ഷ്യ' നിലവാരത്തിലെത്തിക്കാൻ കഴിഞ്ഞിട്ടുള്ളത്. പ്രസ്തുത സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

1. താലൂക്ക് ആശുപത്രി, പുനലൂർ, കൊല്ലം
2. കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രി
3. ജനറൽ ആശുപത്രി, എറണാകുളം
4. സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, കോഴിക്കോട്
5. കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയുടെ അനുബന്ധ സ്ഥാപനമായ ഐ.എം.സി.എച്ച്.
6. ജനറൽ ആശുപത്രി, കോഴിക്കോട്

7. ജില്ലാ ആശുപത്രി, മാനന്തവാടി, വയനാട്

8. സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, മങ്ങാട്ടുപറമ്പ്, കണ്ണൂർ

9. ജില്ലാ ആശുപത്രി, മാവേലിക്കര, ആലപ്പുഴ

10. സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, പൊന്നാനി, മലപ്പുറം

(സി) ആലപ്പുഴ ജില്ലയിൽ പ്രസ്തുത പദ്ധതി നടപ്പിൽവരുത്തിയിട്ടുണ്ടോ?

ഉണ്ട്.

(ഡി) സ്വകാര്യ ആശുപത്രികളിലെ ലേബർ റൂമുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

2018-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്ട് അനുസരിച്ച്, 11-03-2023-ലെ എസ്.ആർ.ഒ.നം. 503/2023 പ്രകാരം ലേബർ റൂമുകൾക്ക് വേണ്ടുന്ന കുറഞ്ഞ നിലവാരം ഉൾപ്പെടെ വിജ്ഞാപനം ചെയ്തിട്ടുണ്ട്. പ്രസ്തുത കുറഞ്ഞ നിലവാരമുണ്ടെങ്കിൽ മാത്രമേ സ്വകാര്യ ആശുപത്രികൾക്ക് 2018-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്ട് പ്രകാരമുള്ള സ്ഥിര രജിസ്ട്രേഷൻ ലഭിക്കുകയുള്ളൂ.

**കൊടുങ്ങല്ലൂർ താലൂക്ക് ആശുപത്രിയിൽ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്**

180 (180) ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുങ്ങല്ലൂർ താലൂക്ക് ആശുപത്രിയിൽ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന് അനുമതി നൽകിയത് എന്നാണെന്നും എത്ര രൂപയാണെന്നും അറിയിക്കാമോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

30-06-2014-ലെ സ.ഉ.(സാധ)നം. 2191/2014/ആ.കു.വ. പ്രകാരമാണ് പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുള്ളത്. 'Strengthening of Institution under DHS' എന്ന വാർഷിക പദ്ധതിയുടെ കീഴിൽ 28-11-2014-ലെ സ.ഉ.(സാധാ)നം.3839/2014/H&FWD പ്രകാരം കൊടുങ്ങല്ലൂർ താലൂക്കാശുപത്രിയിൽ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന് 55 ലക്ഷം രൂപ അനുവദിക്കുകയും 03-06-2019-ലെ സ.ഉ(സാധാ)നം.1337/2019/H&FWD പ്രകാരം 'Solid & Liquid waste Management' എന്ന വാർഷിക പദ്ധതിയിൽ 55 ലക്ഷം രൂപ അധിക തുകയായി വകയിരുത്തുകയും ചെയ്തിട്ടുണ്ട്. ആകെ 110

ലക്ഷം രൂപയാണ് സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നിർമ്മാണത്തിനായി നൽകിയിരിക്കുന്നത്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്താണെന്നും പ്രവൃത്തി ആരംഭിക്കാത്തതിനുള്ള കാരണവും അറിയിക്കാമോ?

പ്രസ്തുത സ്വീവേജ് ട്രീറ്റുമെന്റ് പ്ലാന്റ് നിർമ്മിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിന് സാങ്കേതിക പരിമിതിയുള്ളതിനാൽ ടി പ്രവൃത്തിയിൽ നിപുണരായ മറ്റേതെങ്കിലും ഏജൻസിക്ക് പ്രവൃത്തി കൈമാറ്റം ചെയ്യുന്നതിന് തൃശ്ശൂർ ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) അപേക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ 09-10-2020-ലെ സ.ഉ(സാധാ)നം.1846/2020/ആ.കു.വ. അനുസരിച്ച് ഹിന്ദുസ്ഥാൻ പ്രീഫാബ് ലിമിറ്റഡ് എന്ന ഏജൻസിയെ നിർവ്വഹണ ഏജൻസിയായി ചുമതലപ്പെടുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിൽ തൃശ്ശൂർ പി.ഡബ്ല്യു.ഡി.-യുടെ അക്കൗണ്ടിലുള്ള 110 ലക്ഷം രൂപ പ്രസ്തുത ഏജൻസിക്ക് കൈമാറുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കാൻ സാധിക്കുന്നതാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പ്രവൃത്തി സമയബന്ധിതമായി ആരംഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

19-12-2022-ലെ ഹെൽത്ത് നം.പി3/93/2021 കത്ത് പ്രകാരം പ്രസ്തുത പ്രവൃത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. റിവൈസ്ഡ് എസ്റ്റിമേറ്റ് ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽനിന്നും ലഭിക്കുന്നമുറയ്ക്ക് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**ചാലാംകോണം പി.എച്ച്.സി.-ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നടപടി**

181 (181) <u>ശ്രീ. വി. ജോയി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല നിയോജകമണ്ഡലത്തിലെ മടവൂർ ചാലാംകോണം പി.എച്ച്.സി.-ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വിശദമാക്കാമോ?

മടവൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിന് പുതിയ കെട്ടിടം നിർമ്മിക്കുന്ന പ്രവൃത്തിയുടെ ടെൻഡർ നടപടി പൂർത്തീകരിച്ച് കരാറുകാരന് നിർമ്മാണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നു.

(ബി) നിർവ്വഹണ ഏജൻസിയായ എച്ച്.എൽ.എൽ. ടെണ്ടർ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

എച്ച്.എൽ.എൽ. ടെണ്ടർ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. വർക്ക് ഓർഡർ നൽകുന്നതുമായി ബന്ധപ്പെട്ട് എഗ്രിമെന്റ് നടപടികൾ ചെയ്തുവരുന്നു.

**അച്ചൻകോവിലിലെ പി.എച്ച്.സി.-യിൽ കിടത്തി ചികിത്സയ്ക്കുള്ള ക്രമീകരണങ്ങൾ ഒരുക്കുന്നതിന് നടപടി**

182 (182) <u>ശ്രീ. പി. എസ്. സുപാൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനപാതയിലൂടെ 50 കിലോമീറ്ററിൽ അധികം യാത്ര ചെയ്ത് അടുത്തുള്ള പുനലൂർ താലൂക്ക് ആശുപത്രിയിൽ ചികിത്സ തേടേണ്ട

സാഹചര്യമുള്ളതിനാൽ അച്ചൻകോവിലിലെ പുതിയ പി.എച്ച്.സി.-യിൽ കിടത്തി ചികിത്സ ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പുനലൂർ നിയോജകമണ്ഡലത്തിലെ പൂർണ്ണമായും വനത്താൽ ചുറ്റപ്പെട്ട അച്ചൻകോവിലിലെ പ്രാഥമികാരോഗ്യ കേന്ദ്രത്തെ 'ആർദ്രം' മൂന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തിയിട്ടുള്ളതിനാലും ഇവിടെ ജീവനക്കാർക്ക് താമസസൗകര്യം ഒരുക്കിയിട്ടുള്ളതിനാലും രാത്രികാലങ്ങളിൽ ഡോക്ടറുടെ സേവനവും കിടത്തി ചികിത്സയും ആരംഭിക്കുന്നതിന് വേണ്ട നടപടികൾ കൈക്കൊള്ളുമോ; വിശദമാക്കാമോ?

(എ&ബി) 'ആർദ്രം' മൂന്നാം ഘട്ടത്തിൽ അച്ചൻകോവിൽ പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയിട്ടുണ്ട്. പുതിയതായി നിർമ്മിച്ച കെട്ടിടത്തിലാണ് അച്ചൻകോവിൽ കുടുംബാരോഗ്യ കേന്ദ്രം പ്രവർത്തിക്കുന്നത്. 'ആർദ്രം' മാനദണ്ഡപ്രകാരം കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ കിടത്തി ചികിത്സ വിഭാവനം ചെയ്തിട്ടില്ല.

## നിലമ്പൂർ ജില്ലാ ആശുപത്രിയുടെ നിർമ്മാണം

183 (183) <u>ശ്രീ. പി. വി. അൻവർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ ജില്ലാ ആശുപത്രിയിൽ കിഫ്ബി ഫണ്ടുപയോഗിച്ച് ഒ.പി. ബ്ലോക്ക്, കാഷ്വാലിറ്റി, ഡയഗ്നോസ്റ്റിക് ബ്ലോക്ക് എന്നിവ നിർമ്മിക്കുന്നതിന് ആരോഗ്യ വകുപ്പ് ഭരണാനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ ഉത്തരവുകളുടെ പകർപ്പ് അടക്കമുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഭരണാനുമതി നൽകിയിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

(ബി) മേൽ പ്രൊപ്പോസലിന്റെ നിലവിലെ അവസ്ഥ എന്താണെന്നും പ്രസ്തുത ഫയൽ ഏത് കാര്യാലയത്തിലാണെന്നും തുടർനടപടികൾ എന്താണെന്നും വ്യക്തമാക്കാമോ; ഫയൽ കിഫ്ബിയിൽ എത്തിയിട്ടുണ്ടെങ്കിൽ എന്നാണ് നൽകിയതെന്നും എത്രകാലമായി ഫയൽ കിഫ്ബിയിലുണ്ടെന്നും അറിയിക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഭരണാനുമതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ, പദ്ധതി നിർവ്വഹണ ഏജൻസിയായ കിറ്റ്കോ 01-02-2021-ൽ 11.13 കോടി രൂപയുടെ വിശദമായ പദ്ധതിരേഖ കിഫ്ബിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. ആയത് കിഫ്ബി പരിശോധിക്കുകയും സാങ്കേതിക അവലോകന റിപ്പോർട്ട് തയ്യാറാക്കി 17-04-2021-ൽ കിറ്റ്കോയുടെ അഭിപ്രായത്തിനായി നൽകുകയും ചെയ്തു. തുടർന്ന് കിറ്റ്കോ സമർപ്പിച്ച പുതുക്കിയ എസ്റ്റിമേറ്റ് ഡിസൈൻ റിവ്യൂവിനായി കിഫ്ബിയുടെ സാങ്കേതിക ഇൻസ്പെക്ഷൻ ടീമിന് നൽകുകയുണ്ടായി. എന്നാൽ നൽകിയ മറുപടി തൃപ്തികരമല്ലാതിരുന്നതിനാൽ രണ്ടാം സാങ്കേതിക അവലോകന റിപ്പോർട്ടും ഡിസൈനർ റിവ്യൂ റിപ്പോർട്ടും 01-09-2021-ൽ കിറ്റ്കോ കിഫ്ബിക്ക് നൽകുകയും എന്നാൽ ഡിസൈനർ റിവ്യൂ റിപ്പാർട്ടിന്റെ മറുപടി ലഭ്യമാക്കിയിട്ടില്ലെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ആയത് ഉൾക്കൊള്ളിച്ച് പുനഃസമർപ്പിക്കാൻ 21-11-2022-ൽ കിറ്റ്കോയ്ക്ക് കിഫ്ബി നിർദ്ദേശം നൽകുകയും ചെയ്തു. തുടർന്ന് 12-01-2023-ൽ കിറ്റ്കോ നൽകിയ മറുപടി തൃപ്തികരമല്ലാത്തതിനാൽ വീണ്ടും ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 17-07-2023-ൽ കിറ്റ്കോ നൽകിയ

മറുപടിയിന്മേൽ ഡിസൈൻ റിവ്യൂ നടന്നുവരികയാണ്. ആയത് പൂർത്തിയാക്കി ബോർഡ് യോഗത്തിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നതാണ്.

(സി) മേൽ പ്രൊപ്പോസലിന് സാങ്കേതികാനുമതി നൽകേണ്ടത് ആരാണ്; ഇക്കാര്യത്തിൽ കിഫ്ബിയുടെ ധനാനുമതി ലഭിച്ചിട്ടുണ്ടോ; ഡി.പി.ആർ.-ഉം എസ്റ്റിമേറ്റും ആരോഗ്യ വകുപ്പ് അംഗീകരിച്ചതാണോയെന്നും അറിയിക്കാമോ?

ആരോഗ്യ വകുപ്പിൽ നടപ്പിലാക്കുന്ന കിഫ്ബി പദ്ധതികൾക്ക് സാങ്കേതികാനുമതി നൽകുന്നത് കിഫ്ബി പദ്ധതികൾക്കായുള്ള ടെക്നിക്കൽ കമ്മിറ്റിയാണ്. കിഫ്ബിയുടെ ധനാനുമതി ലഭിക്കുന്നതിനായി ഡി.പി.ആർ.-ഉം എസ്റ്റിമേറ്റും ആരോഗ്യ വകുപ്പ് അംഗീകരിച്ച് കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ട്.

(ഡി) ഡി.പി.ആർ. പ്രകാരം മേൽ നിർമ്മാണ പ്രവൃത്തികൾക്കാവശ്യമായ സ്ഥലം നിലമ്പൂർ ജില്ലാ ആശുപത്രിയിൽ

ലഭ്യമാണോ; എങ്കിൽ ഈ സ്ഥലം ലഭ്യമാണെന്ന് വകുപ്പിനെ അറിയിച്ച രേഖകളുടെ പകർപ്പും സ്ഥലത്തിന്റെ സ്കെച്ചും നൽകുമോ?

നിർമ്മാണ പ്രവൃത്തികൾക്കുള്ള സ്ഥലം നിലമ്പൂർ ജില്ലാ ആശുപത്രിയിൽ ലഭ്യമാണ്. സ്ഥലത്തിന്റെ സ്കെച്ച് അനുബന്ധമായി ചേർക്കുന്നു.+

**മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ ആരോഗ്യ കേന്ദ്രങ്ങളുടെ വികസനം**

184 (184) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ ആരോഗ്യ കേന്ദ്രങ്ങൾക്ക് 2022-23, 2023-24 എന്നീ സാമ്പത്തിക വർഷങ്ങളിൽ അനുവദിച്ച ഫണ്ടുകളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ ആരോഗ്യ കേന്ദ്രങ്ങൾക്ക് 2022-23, 2023-24 എന്നീ സാമ്പത്തിക വർഷങ്ങളിൽ അനുവദിച്ച ഫണ്ടുകളും

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഓരോ പദ്ധതിയും നിർവ്വഹണത്തിന്റെ ഏത് ഘട്ടങ്ങളിലാണെന്ന വിശദവിവരങ്ങളും അനുബന്ധമായി ചേർക്കുന്നു.+

(ബി) നിയോജകമണ്ഡലത്തിലെ വിവിധ ആരോഗ്യ കേന്ദ്രങ്ങളിലെ അടിസ്ഥാന ഭൗതിക സൗകര്യ വികസനത്തിനായി നടപ്പാക്കുന്ന പദ്ധതികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(സി) ഓരോ പദ്ധതിയും നിർവ്വഹണത്തിന്റെ ഏത് ഘട്ടങ്ങളിലാണെന്ന് വിശദമാക്കുമോ?

(ബി&സി) നിയോജകമണ്ഡലത്തിലെ വിവിധ ആരോഗ്യ കേന്ദ്രങ്ങളിലെ അടിസ്ഥാന ഭൗതിക സൗകര്യ വികസനത്തിനായി നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

**കണ്ണൂർ അഴീക്കോട് പി.എച്ച്.സി., സി.എച്ച്.സി. എന്നിവിടങ്ങളിലെ ഡോക്ടർമാർ, ഫാർമസിസ്റ്റുകൾ**

185 (185) <u>ശ്രീ. കെ. വി. സുമേഷ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) കണ്ണൂർ അഴീക്കോട് നിയോജകമണ്ഡലത്തിലെ പി.എച്ച്.സി., സി.എച്ച്.സി. എന്നിവിടങ്ങളിൽ നിലവിലുള്ള ഡോക്ടർമാർ, ഫാർമസിസ്റ്റുകൾ എന്നിവരുടെ എണ്ണം ചാർട്ട് തിരിച്ച് അറിയിക്കാമോ?

22-10-2020-ലെ സ.ഉ(സാധ)നം.1947/2020/ആ.കു.വ. ഉത്തരവ് പ്രകാരം സംസ്ഥാനത്തെ ഒട്ടുമിക്ക പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെയും 'ആർദ്രം' പദ്ധതിയിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി പരിവർത്തനം ചെയ്തിട്ടുണ്ട്.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഡോക്ടർമാരുടെ എണ്ണം | | ഫാർമസിസ്റ്റുമാരുടെ എണ്ണം | |
|---|---|---|---|---|---|
| | | സ്ഥിരം | താത്കാലികം | സ്ഥിരം | താത്കാലികം |
| 1 | സാമൂഹികാരോഗ്യ കേന്ദ്രം, അഴീക്കോട് | 4 | ഇല്ല | 1 | 1 |
| 2 | സാമൂഹികാരോഗ്യ കേന്ദ്രം, പാപ്പിനിശ്ശേരി | 8 | 1 | 1 | 2 |
| 3 | കുടുംബാരോഗ്യ കേന്ദ്രം, വളപട്ടണം | 3 | 1 | 2 | ഇല്ല |
| 4 | കുടുംബാരോഗ്യ കേന്ദ്രം, ചിറയ്ക്കൽ | 2 | ഇല്ല | 1 | 1 |
| 5 | കുടുംബാരോഗ്യ കേന്ദ്രം, പൂഴാതി | 1 | ഇല്ല | 1 | ഇല്ല |
| 6 | കുടുംബാരോഗ്യ കേന്ദ്രം, നാറാത്ത് | 2 | 1 | 1 | 1 |
| 7 | കുടുംബാരോഗ്യ കേന്ദ്രം, പള്ളിക്കുന്ന് | 1 | ഇല്ല | 1 | ഇല്ല |

(ബി) ഒ.പി. സമയം എത്ര മണി മുതൽ എത്ര മണി വരെയാണെന്നും മുഴുവൻസമയ ഡോക്ടർമാരുള്ള സ്ഥാപനങ്ങൾ ഉണ്ടോയെന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഒ.പി. സമയം |
|---|---|---|
| 1 | സാമൂഹികാരോഗ്യ കേന്ദ്രം, അഴീക്കോട് | 9 am – 6 pm |
| 2 | സാമൂഹികാരോഗ്യ കേന്ദ്രം, പാപ്പിനിശ്ശേരി | 9 am – 6 pm |
| 3 | കുടുംബാരോഗ്യ കേന്ദ്രം, വളപട്ടണം | 9 am – 6 pm |
| 4 | കുടുംബാരോഗ്യ കേന്ദ്രം, ചിറയ്ക്കൽ | 9 am – 6 pm |
| 5 | കുടുംബാരോഗ്യ കേന്ദ്രം, പൂഴാതി | 9 am – 2 pm |
| 6 | കുടുംബാരോഗ്യ കേന്ദ്രം, നാറാത്ത് | 9 am – 6 pm |
| 7 | കുടുംബാരോഗ്യ കേന്ദ്രം, പള്ളിക്കുന്ന് | 9 am – 2 pm |

മേൽപ്പറഞ്ഞതിൽ സി.എച്ച്.സി. പാപ്പിനിശ്ശേരിയിൽ ഒഴികെ മറ്റ് സ്ഥാപനങ്ങളിലൊന്നും തന്നെ മുഴുവൻസമയ ഡോക്ടർമാരുടെ സേവനം ലഭ്യമല്ല.

**ഡയാലിസിസ് ഉപകരണങ്ങൾ പ്രവർത്തിപ്പിക്കാൻ നടപടി**

186 (186) <u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുങ്ങല്ലൂർ താലൂക്ക് ആശുപത്രിയിൽ നിർദ്ധനരായ രോഗികൾക്ക് സൗജന്യമായി ഡയാലിസിസ് നടത്തുന്നതിനുവേണ്ടി അനുവദിച്ച ഉപകരണങ്ങൾ നിലവിൽ പ്രവർത്തിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കൊടുങ്ങല്ലൂർ താലൂക്ക് ആശുപത്രിയിൽ നിർദ്ധനരായ രോഗികൾക്ക് സൗജന്യമായി ഡയാലിസിസ് നടത്തിവരുന്ന ഉപകരണങ്ങൾ നിലവിൽ പ്രവർത്തനക്ഷമമാണ്.

(ബി) ഇത്തരം ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് എന്തെല്ലാം സഹായങ്ങളാണ് നൽകിവരുന്നതെന്ന് വിശദമാക്കാമോ?

ഡയാലിസിസ് ഉപകരണങ്ങൾ (യൂണിറ്റ്) പ്രവർത്തിപ്പിക്കുന്നതിന് മുനിസിപ്പാലിറ്റി പ്രോജക്ട് ഫണ്ടിൽ 20 ലക്ഷമാണ് നിലവിലുള്ളത്.

ആരോഗ്യ വകുപ്പിന് കീഴിലുള്ള ആശുപത്രികളിലെ ഉപകരണങ്ങളുടെ തകരാർ പരിഹരിക്കുന്നതിനായി കോർപ്പറേഷൻ, തേർഡ് പാർട്ടി സർവ്വീസ് (ബയോമെഡിക്കൽ എക്യുപ്‌മെന്റ് മെയിന്റനൻസ് പ്രോഗ്രാം) മെസ്സേഴ്സ് സൈറിക്സ് ഹെൽത്ത് കെയർ പ്രൈവറ്റ് ലിമിറ്റഡ് (M/s. Cyrix Healthcare Pvt

Ltd.) എന്ന കമ്പനിയുമായി കരാർ ഏർപ്പെട്ടിട്ടുണ്ട്. ടി ഉപകരണങ്ങൾക്ക് കേടുപാടുകൾ സംഭവിച്ചാൽ ആശുപത്രി അധികൃതർക്ക് ഐ.വി.ആർ.എസ്. സംവിധാനത്തിലൂടെ പ്രവർത്തിക്കുന്ന 1800 425 7669 എന്ന ടോൾ ഫ്രീ നമ്പറിലേയ്ക്ക് പരാതി രജിസ്റ്റർ ചെയ്യാവുന്നതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ മേൽ കമ്പനി സർവ്വീസ് എഞ്ചിനീയേഴ്സ് സ്ഥാപനത്തിൽ നേരിട്ടെത്തി പ്രസ്തുത പരാതി സമയബന്ധിതമായി പരിഹരിക്കുന്നു.

**കൊല്ലം ജില്ലയിലെ ഇ-ഹെൽത്ത് പദ്ധതി**

187 (187) ശ്രീ. എം. മുകേഷ്: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊല്ലം ജില്ലയിൽ ഏതെല്ലാം ആരോഗ്യ സ്ഥാപനങ്ങളിലാണ് ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്; പുതുതായി ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കുന്നതിനായുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ?

കൊല്ലം ജില്ലയിൽ ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കിയിട്ടുള്ള ആരോഗ്യ കേന്ദ്രങ്ങളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.+ ഇവയെ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കൂടാതെ കൊല്ലം ജില്ലയിലെ മടത്തറ, മേലില, അച്ചൻകോവിൽ, മൈനാഗപ്പള്ളി എന്നീ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും നെടുമ്പന, കലയ്ക്കോട്, ഓച്ചിറ, ശൂരനാട് എന്നീ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലും ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ ഇൻഫ്രാസ്ട്രക്ചർ പ്രവൃത്തികൾ നടന്നുവരുന്നു. ആശുപത്രികളുടെ അടിസ്ഥാന ഭൗതിക സാഹചര്യം, ഫണ്ട് ലഭ്യത എന്നിവ വിലയിരുത്തിയാണ് ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കുന്നത്.

**ആലത്തൂർ നിയോജകമണ്ഡലത്തിലെ ആരോഗ്യ കേന്ദ്രത്തിൽ ഐസൊലേഷൻ വാർഡ്**

188 (188) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്തിവികസന പദ്ധതിയിൽ ഉൾപ്പെടുത്തി ആലത്തൂർ നിയോജകമണ്ഡലത്തിലെ കുനിശ്ശേരി കുടുംബാരോഗ്യ കേന്ദ്രത്തിൽ ഐസൊലേഷൻ വാർഡ് സ്ഥാപിക്കുന്ന നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്കുവേണ്ടി എത്ര തുകയാണ് വകമാറ്റി വച്ചിരിക്കുന്നതെന്നും പ്രവൃത്തിയുടെ നിർവ്വഹണ ഏജൻസി ഏതാണെന്നും വ്യക്തമാക്കാമോ?

(എ&ബി) ആലത്തൂർ നിയോജകമണ്ഡലത്തിലെ കുഴൽമന്ദം സാമൂഹികാരോഗ്യ കേന്ദ്രത്തിന് ഐസൊലേഷൻ വാർഡ് നിർമ്മാണത്തിന് 26-07-2021-ലെ സ.ഉ(സാധാ)നം.1555/2021/ആ.കു.വ സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു. എന്നാൽ കുഴൽമന്ദം സാമൂഹികാരോഗ്യ കേന്ദ്രത്തിലും ആലത്തൂർ നിയോജകമണ്ഡലത്തിലെ മറ്റ് ആരോഗ്യ കേന്ദ്രങ്ങളിലും ഐസൊലേഷൻ വാർഡ് നിർമ്മാണത്തിന് അനുയോജ്യമായ സ്ഥലം ലഭ്യമല്ലാത്തതിനാൽ നിയോജകമണ്ഡലത്തിൽ ഐസൊലേഷൻ വാർഡ് നിർമ്മാണം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല.

**മംഗൽപാടി താലൂക്ക് ആസ്ഥാന ആശുപത്രി വികസന പദ്ധതി**

189 (189) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മംഗൽപാടി താലൂക്ക് ആസ്ഥാന ആശുപത്രിയിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതിയുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി നിർവ്വഹണം ഏത് ഘട്ടത്തിലാണ്; വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി എപ്പോൾ തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

(എ-സി) മംഗൽപാടി താലൂക്ക് ആസ്ഥാന ആശുപത്രിയിൽ കിഫ്ബി ഫണ്ട് മുഖേന അനുവദിച്ച കെട്ടിടത്തിന് 17,47,02,602/- രൂപയുടെ ഭരണാനുമതിയും 13.737 കോടി രൂപയുടെ ധനാനുമതിയും ലഭിച്ചിട്ടുണ്ട്. എന്നാൽ ഡി.എസ്.ആർ. 2016-ൽ തയ്യാറാക്കിയ എസ്റ്റിമേറ്റ് ഡി.എസ്.ആർ. 2018-ലേയ്ക്ക് മാറ്റി പുതുക്കിയ ധനാനുമതി കിഫ്ബിയിൽനിന്നും ലഭിക്കേണ്ടതായിട്ടുണ്ട്. ആയതിനുള്ള വിശദമായ എസ്റ്റിമേറ്റ് ടെക്നിക്കൽ കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ സംയോജിപ്പിച്ച് സമർപ്പിക്കുന്നതിനുള്ള നടപടികൾ നിർവ്വഹണ ഏജൻസിതലത്തിൽ സ്വീകരിച്ചുവരുന്നു. പുതുക്കിയ

ധനാനുമതിയും സാങ്കേതികാനുമതിയും ലഭ്യമാകുന്നമുറയ്ക്ക് ടെണ്ടർ നടപടികൾ സ്വീകരിച്ച് നിർമ്മാണ പ്രവൃത്തി ആരംഭിക്കാൻ കഴിയുന്നതാണ്.

(ഡി) പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതിലൂടെ മംഗൽപാടി താലൂക്ക് ആശുപത്രിക്ക് ലഭ്യമാകുന്ന ഭൗതിക നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

പ്രസ്തുത കെട്ടിടം പൂർത്തിയാകുന്നതോടെ രോഗികൾക്ക് മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിനായി താഴെപ്പറയുന്ന സൗകര്യങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

കാഷ്വാലിറ്റി, 13 ഒ.പി. കൗണ്ടർ റൂംസ്, ലബോറട്ടറി, എക്സ്-റേ റൂം, സി.ടി./എം.ആർ.ഐ. റൂം, അൾട്രാസൗണ്ട് സ്കാൻ റൂം, 11 ബെഡ് ഒബ്സർവേഷൻ റൂം, 6 ബെഡ് ഐ.സി.യു., മൈനർ ഒ.റ്റി., പേഷ്യന്റ് വെയിറ്റിംഗ് ഏരിയ, 10 ബെഡ് എക്സാമിനേഷൻ റൂം, ഡോക്ടേഴ്സ് റൂം, നഴ്സിംഗ് റൂം, ഫാർമസി സ്റ്റോർ, 6 ടോയ്ലെറ്റ്, ഇലക്ട്രിക്കൽ റൂം.

**പട്ടാമ്പി താലൂക്ക് ആശുപത്രിയിലെ കുട്ടികളുടെ ഐ.സി.യു. പ്രവർത്തനം**

190 (190) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി താലൂക്ക് ആശുപത്രിയിൽ ഉദ്ഘാടനം നിർവ്വഹിച്ച കുട്ടികളുടെ ഐ.സി.യു. പ്രവർത്തിക്കുന്നുണ്ടോ;

(ബി) നാളിതുവരെ എത്ര കുട്ടികളെ ഐ.സി.യു.-വിൽ കിടത്തി ചികിത്സിച്ചു; ചികിത്സ നൽകുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദവിവരം നൽകാമോ?

(എ&ബി) പട്ടാമ്പി താലൂക്ക് ആശുപത്രിയിൽ കുട്ടികളുടെ ഐ.സി.യു. സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പരിശീലനം ലഭിച്ച സ്റ്റാഫിന്റെ അപര്യാപ്തതമൂലം നിലവിൽ പ്രവർത്തനം ആരംഭിച്ചിട്ടില്ല. ആയത് പരിഹരിക്കാൻ സ്റ്റാഫ് നഴ്സ്, മറ്റ് അനുബന്ധ സ്റ്റാഫുകൾ എന്നിവർക്ക് എൻ.എച്ച്.എം. മുഖേന പരിശീലനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആയത് പൂർത്തിയാകുന്നമുറയ്ക്ക് പ്രവർത്തനം ആരംഭിക്കുന്നതാണ്.

(സി) ചികിത്സയ്ക്ക് പര്യാപ്തമായ സംവിധാനങ്ങളില്ലെന്ന് പറഞ്ഞ് രോഗികളെ തിരിച്ചയയ്ക്കുന്നതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവ പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ജീവനക്കാരുടെ കുറവ് പരിഹരിക്കാൻ വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്.

**കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രിയിൽ ഡയാലിസിസ്, എക്സ്റേ യൂണിറ്റുകൾ ലഭ്യമാക്കാൻ നടപടി**

191 (191) ഡോ. എൻ. ജയരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രിയിൽ പുതിയ ഡയാലിസിസ്, എക്സ്റേ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ;

(ബി) പ്രത്യേക പരിഗണന നൽകി പ്രസ്തുത സംവിധാനങ്ങൾ അടിയന്തരമായി ലഭ്യമാക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്താമോ?

(എ&ബി) കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രിയിൽ പുതിയ ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കുന്നതിന് കോട്ടയം ജില്ലാ പഞ്ചായത്ത് 2023-24 പദ്ധതിയിൽ ഉൾപ്പെടുത്തി 30 ലക്ഷം രൂപയുടെ പ്രോജക്ട് അംഗീകരിച്ചിട്ടുണ്ട്. ടി ആശുപത്രിയിൽ നിലവിൽ എക്സ്റേ യൂണിറ്റ് പ്രവർത്തനക്ഷമമാണ്.

**വടകര ജില്ലാ ആശുപത്രി വികസനം**

192 (192) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര ജില്ലാ ആശുപത്രിയെ നിലവിൽ ജില്ലാ ആശുപത്രിയായിട്ടാണോ താലൂക്ക് ആശുപത്രിയായിട്ടാണോ സർക്കാർ പരിഗണിക്കുന്നതെന്ന് വ്യക്തമാക്കാമോ?

'ആർദ്രം' മാനദണ്ഡമനുസരിച്ച് വടകര ജില്ലാ ആശുപത്രിയെ താലൂക്കുതല ആശുപത്രിയുടെ പട്ടികയിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

(ബി) പ്രസ്തുത ആശുപത്രിയിൽ നിലവിലുള്ള സ്റ്റാഫ് പാറ്റേണും ഭൗതിക സൗകര്യങ്ങളും ജില്ലാ ആശുപത്രിയുടേതാണോ താലൂക്ക് ആശുപത്രിയുടേതാണോയെന്ന് വ്യക്തമാക്കുമോ?

താലൂക്കാശുപത്രിയുടെ സ്റ്റാഫ് പാറ്റേണാണ് നിലവിലുള്ളത്.

(സി) മലയോര മേഖലയായ വടകരയിലെ സാധാരണക്കാരായ ജനങ്ങളുടെ ഏക ആശ്രയമായ സർക്കാർ ആശുപത്രിയെന്ന നിലയിൽ പ്രസ്തുത ആശുപത്രിയിലെ സ്റ്റാഫ് പാറ്റേണും ഭൗതിക സൗകര്യങ്ങളും വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ?

ആശുപത്രിയുടെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി നബാർഡ് ഫണ്ടുപയോഗിച്ച് നാലുനില കെട്ടിടത്തിന്റെ പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. പി.എം.ജെ.വി.കെ. പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു പുതിയ കെട്ടിടം പണിയുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആയതിനായി 83 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

**കുത്തുപറമ്പ് താലൂക്ക് ആശുപത്രിയിൽ സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ**

193 (193) ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 12 നിലകളിൽ സജ്ജമാക്കുന്ന കൂത്തുപറമ്പ് താലൂക്ക് ആശുപത്രി സമുച്ചയത്തിന്റെ നിലവിലുള്ള നിർമ്മാണ പുരോഗതി വിശദമാക്കുമോ?

നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി കൂത്തുപറമ്പ് താലൂക്ക് ആശുപത്രിയിൽ നിർമ്മിക്കുന്ന 12 നില കെട്ടിടത്തിന്റെ ഒന്നാംഘട്ട നിർമ്മാണം പൂർത്തിയായിട്ടുണ്ട്. രണ്ടാം ഘട്ടത്തിന്റെ ഭാഗമായി പ്രസ്തുത കെട്ടിടത്തിന്റെ 12 നിലകളുടെയും സ്ട്രക്ചറൽ പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. നിലവിൽ ഫിനിഷിംഗ് പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

(ബി) പ്രസ്തുത ആശുപത്രി സമുച്ചയത്തിൽ ആവശ്യമായ ഉപകരണങ്ങളും ജീവനക്കാരെയും അനുവദിക്കുന്നത് സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ?

കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാകുന്നമുറയ്ക്ക് ഉപകരണങ്ങളും ജീവനക്കാരെയും അനുവദിക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിക്കുന്നതാണ്.

## മുല്ലശ്ശേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ ഐസൊലേഷൻ വാർഡ്

194 (194) ശ്രീ. മുരളി പെരുനെല്ലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ നിയോജകമണ്ഡലത്തിലെ മുല്ലശ്ശേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ കിഫ്ബി, എം.എൽ.എ. ഫണ്ട് എന്നിവ പ്രയോജനപ്പെടുത്തി നിർമ്മിക്കുന്ന ഐസൊലേഷൻ വാർഡിന്റെ നിർമ്മാണോദ്ഘാടനം എന്നാണ് നിർവ്വഹിച്ചതെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത ഐസൊലേഷൻ വാർഡിന്റെ നിർമ്മാണോദ്ഘാടനം 31-05-2022-ന് നിർവ്വഹിച്ചു.

(ബി) പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക എത്രയാണെന്നും അതിൽ കിഫ്ബി, എം.എൽ.എ. ഫണ്ട് എത്ര വീതമാണെന്നും അറിയിക്കാമോ?

ഐസൊലേഷൻ വാർഡിന്റെ നിർമ്മാണ പ്രവൃത്തികൾക്ക് മെഡിക്കൽ സപ്പോർട്ട് ഉപകരണങ്ങളും ഫർണിച്ചറുകളും ഉൾപ്പെടെ 1,79,06,995/- രൂപയാണ് യൂണിറ്റ് കോസ്റ്റായി കണക്കാക്കിയിരിക്കുന്നത്. പ്രസ്തുത തുക

എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ടിൽനിന്നും കിഫ്ബി ഫണ്ടിൽനിന്നും തുല്യമായാണ് വഹിക്കുന്നത്.

(സി) പ്രസ്തുത ഐസൊലേഷൻ വാർഡിന്റെ നിർമ്മാണ ഏജൻസി ഏതാണെന്നും നിർമ്മാണം എന്ന് പൂർത്തീകരിക്കണമെന്നാണ് കരാറിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതെന്നും വ്യക്തമാക്കാമോ?

തൃശ്ശൂർ ഡിസ്ട്രിക്ട് ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റിയാണ് നിർമ്മാണ ഏജൻസി. കരാർ വ്യവസ്ഥപ്രകാരം കരാറുകാരന് സ്ഥലം കൈമാറി 135 ദിവസത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടതുണ്ടായിരുന്നു. നിർമ്മാണ സൈറ്റിലെ തടസ്സങ്ങൾ കാരണം കാലാവധി ഉപാധികളോടെ 30-07-2023 വരെ ദീർഘിപ്പിച്ചിരുന്നു.

(ഡി) നിലവിൽ നിർമ്മാണം ഏത് ഘട്ടത്തിലാണെന്നും എന്ന് പൂർത്തീകരിക്കാനാകുമെന്നും അറിയിക്കാമോ?

പ്രസ്തുത നിർമ്മാണം അന്തിമഘട്ടത്തിലാണ്. 2023 ആഗസ്റ്റ് മാസത്തോടുകൂടി നിർമ്മാണം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ഇ) പ്രസ്തുത ഐസൊലേഷൻ വാർഡിൽ എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കുന്നതെന്ന് വിശദമാക്കാമോ?

2400 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണത്തിൽ ഐസൊലേഷൻ വാർഡിന് വേണ്ട മെഡിക്കൽ ഗ്യാസ് സൗകര്യങ്ങൾ, മെഡിക്കൽ ഉപകരണങ്ങൾ, ഐ.സി.യു. ബെഡ് - 10 എണ്ണം, ഡോക്ടർ റൂം - 1, നഴ്സിംഗ് സ്റ്റേഷൻ, പ്രൊസീജ്യർ റൂം, ടോയ്‌ലെറ്റ് - 4 എണ്ണം,  ഓക്സിജൻ ജനറേഷൻ യൂണിറ്റ് എന്നീ സൗകര്യങ്ങളാണ് ഒരുക്കുന്നത്.

**കോഴിക്കോട് ബീച്ച് ജനറൽ ആശുപത്രിയിലെ കാത്ത് ലാബ്**

195 (195) <u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ബീച്ച് ജനറൽ ആശുപത്രിയിലെ കാത്ത് ലാബിന്റെ പ്രവർത്തനത്തിന് ഇതുവരെ എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്?

കോഴിക്കോട് ബീച്ച് ജനറൽ ആശുപത്രിയിൽ കാത്ത് ലാബ് സ്ഥാപിക്കാൻ 1100 ലക്ഷം രൂപ എൻ.എച്ച്.എം.-ന് അനുവദിച്ചിരുന്നു. ഇതിൽ 687.814 ലക്ഷം രൂപ കെ.എം.എസ്.സി.എൽ.-നും 412.186 ലക്ഷം

രൂപ കെ.എച്ച്.ആർ.ഡബ്ല്യു.എസ്.എ.-ക്കുമായി നൽകിയിരുന്നു. കെ.എം.എസ്.സി.എൽ.-ന് അനുവദിച്ച 6,87,81,400/- രൂപയിൽ 5,76,78,500/- രൂപയ്ക്ക് കാത്ത് ലാബും അനുബന്ധ സിവിൽ ഇലക്ട്രിക്കൽ വർക്കുകൾ ചെയ്യാനും 1,11,02,867/- രൂപയ്ക്ക് കൊറോണറി കെയർ യൂണിറ്റിൽ (സി.സി.യു.) അനുബന്ധ ഉപകരണങ്ങൾ വാങ്ങി വിതരണം ചെയ്യാനുമാണ് അനുവദിച്ചിട്ടുള്ളത്. കൂടാതെ, കാസ്പ് മുഖേന 2022 മാർച്ച് വരെ 2,55,16,800/- രൂപയും 2022 മാർച്ചിനുശേഷം ആകെ മൂന്ന് കോടി രൂപയും സ്റ്റേറ്റ് ഹെൽത്ത് ഏജൻസി മുഖേന ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത മൂന്ന് കോടി രൂപയിൽ 2,54,53,018/- രൂപ കാത്ത് ലാബ് അനുബന്ധ ഉപകരണങ്ങൾ വിതരണം ചെയ്തവർക്കും 11,36,344/- രൂപ മറ്റ് വിതരണക്കാർക്കും നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത ലാബിന്റെ പ്രവർത്തനം ഇടയ്ക്ക് തടസ്സപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കാത്ത് ലാബിന്റെ പ്രവർത്തനം സുഗമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

(ബി&സി) കോവിഡിന്റെ കാലത്തും മറ്റ് ചില ഘട്ടങ്ങളിലും കാത്ത് ലാബിന്റെ പ്രവർത്തനം ഭാഗികമായി തടസ്സപ്പെട്ടിട്ടുണ്ട്. സ്റ്റെന്റ് സപ്ലൈ നിർത്തിയതിനെത്തുടർന്ന് പ്രവർത്തനം തടസ്സപ്പെട്ടപ്പോൾ വിതരണം ചെയ്യുന്ന കമ്പനിയുമായി കോഴിക്കോട് ജില്ലാ മെഡിക്കൽ ഓഫീസറുടെ സാന്നിദ്ധ്യത്തിൽ ചർച്ചകൾ നടത്തുകയും എസ്.എച്ച്.എ. ഫണ്ട് ലഭിച്ച ഉടനെതന്നെ വിതരണക്കാർക്ക് നൽകുകയും കാത്ത് ലാബ് പ്രവർത്തനം സുഗമമായി നടത്തുകയും ചെയ്യുന്നുണ്ട്.

**പാറശ്ശാല നിയോജകമണ്ഡലത്തിലെ ആരോഗ്യ കേന്ദ്രങ്ങളിലെ പുതിയ ഐസൊലേഷൻ വാർഡുകൾ**

196 (196) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിലെ ആരോഗ്യ കേന്ദ്രങ്ങളിൽ പുതിയ ഐസൊലേഷൻ വാർഡുകൾ ആരംഭിക്കുന്ന പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; ഏതൊക്കെ ആരോഗ്യ

കേന്ദ്രങ്ങളെയാണ് ആയതിലേയ്ക്കായി തെരഞ്ഞെടുത്തിട്ടുള്ളതെന്ന് അറിയിക്കാമോ?

പാറശ്ശാല നിയോജകമണ്ഡലത്തിലെ സി.എച്ച്.സി. വെള്ളറട സാമൂഹ്യ ആരോഗ്യ കേന്ദ്രമാണ് ഐസൊലേഷൻ വാർഡ് നിർമ്മാണത്തിനായി തെരഞ്ഞെടുത്തിട്ടുള്ളത്. നിലവിൽ PEB (Pre-Engineering Building Material) Erection-ന്റെ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കുകയും സൂപ്പർ സ്ട്രക്ചർ നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുകയും ചെയ്യുന്നു.

(ബി) പ്രസ്തുത ഐസൊലേഷൻ വാർഡുകളുടെ നിർമ്മാണം പൂർത്തിയാക്കി എന്ന് മുതൽ പ്രവർത്തനം ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

2023 സെപ്തംബർ മാസത്തോടുകൂടി നിർമ്മാണം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) നിയോജകമണ്ഡലത്തിൽ വെൽനസ് സെന്ററായി ഉയർത്തിയിട്ടുള്ള ആരോഗ്യ ഉപകേന്ദ്രങ്ങൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

വെൽനസ് സെന്ററുകളിൽനിന്നും പൊതുജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

2023 മേയ് 18-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേരളത്തിലെ എല്ലാ ഉപകേന്ദ്രങ്ങളും ജനകീയാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തി പ്രഖ്യാപനം നടത്തി. എൻ.എച്ച്.എം. വഴി 7 ലക്ഷം രൂപയുടെ നവീകരണ പ്രവർത്തനങ്ങൾ അനുവദിക്കുകയുണ്ടായി. അതോടൊപ്പം പ്രവർത്തനങ്ങൾ പൂർത്തിയാക്കിയ പാറശ്ശാല നിയോജകമണ്ഡലത്തിലെ ജനകീയ ആരോഗ്യ കേന്ദ്രങ്ങളുടെ പേരുകൾ ചുവടെ ചേർക്കുന്നു.

കോരണംകോട്, ചിലമ്പറ, മഞ്ചവിളാകം, വാവോട്, ഒറ്റശേഖരമംഗലം.

<u>സേവനങ്ങൾ</u>

1. ആർ.സി.എച്ച്. സേവനങ്ങൾ
2. മുൻഗണനാ ഗൃഹസന്ദർശനം
3. സാന്ത്വന പരിചരണ ഗൃഹസന്ദർശനം
4. പ്രസവാനന്തര ശുശ്രൂഷ
5. ഇ-സഞ്ജീവനി സേവനം
6. ജീവിതശൈലീരോഗ നിർണ്ണയം
7. ഹെൽത്ത് മേള

**മുക്കം സി.എച്ച്.സി.-ക്കുള്ള നബാർഡ് ധനസഹായം**

197 (197) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുക്കം കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ സമഗ്രവികസന മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്നതിന് നബാർഡ് ധനസഹായം അനുവദിക്കുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) നിലവിൽ പരിഗണനയിലുള്ള പ്രോജക്ടിന്റെ വിശദാംശം ലഭ്യമാക്കാമോ;

(സി) ഈ പദ്ധതിക്ക് നബാർഡ് ധനസഹായം ലഭിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

(എ-സി) മുക്കം കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ സമഗ്രവികസനത്തിനുവേണ്ടി മാസ്റ്റർപ്ലാൻപ്രകാരം നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിക്കുന്നതിനുവേണ്ടി തയ്യാറാക്കിയ പ്രൊപ്പോസൽ നബാർഡിന്റെ മാനദണ്ഡങ്ങൾപ്രകാരവും നിലവിലെ

സി.എച്ച്.സി. സ്റ്റാന്റേർഡൈസേഷൻ അനുസരിച്ചും ന്യൂനതകൾ പരിഹരിച്ച് ഭരണാനുമതിക്കായി സമർപ്പിക്കുന്നതിനുള്ള നടപടികൾ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ് തലത്തിൽ സ്വീകരിച്ചുവരുന്നു. ആയത് ലഭ്യമാകുന്നമുറയ്ക്ക് പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.

**ചങ്ങനാശ്ശേരി ജനറൽ ആശുപത്രിക്ക് കിഫ്ബി സഹായത്തോടെ പുതിയ ബഹുനില കെട്ടിടം**

198 (198) ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി ജനറൽ ആശുപത്രിയിൽ കിഫ്ബി സഹായത്തോടെ നിർമ്മിക്കുന്ന ഒ.പി. ബ്ലോക്ക് ഉൾപ്പെടെയുള്ള ബഹുനില കെട്ടിടത്തിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ഭരണാനുമതി ലഭിച്ച് ഒരു വർഷം കഴിഞ്ഞിട്ടും ടെണ്ടർ നടപടികൾ ആരംഭിക്കാൻ സാധിക്കാത്തതിനുള്ള കാരണം വ്യക്തമാക്കാമോ; വിശദവിവരം ലഭ്യമാക്കാമോ?

(എ&ബി) ചങ്ങനാശ്ശേരി ജനറൽ ആശുപത്രിയിലെ കിഫ്ബി വികസന പദ്ധതിക്ക് 80.41 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി 2022-ൽ നൽകുകയും പ്രസ്തുത പദ്ധതിയുടെ നിർവ്വഹണ എജൻസിയായ ഹൈറ്റ്സ് (HITES) വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി അംഗീകാരത്തിനായി കിഫ്ബിക്ക് സമർപ്പിക്കുകയും ചെയ്തു. തുടർന്ന് നടത്തിയ സൈറ്റ് വിസിറ്റിന്റെയും 19-07-2023-ലെ റിപ്പോർട്ട് അവലോകനത്തിന്റെയും അടിസ്ഥാനത്തിൽ ഡിസൈൻ ഭേദഗതി ചെയ്ത് അംഗീകാരത്തിനായി സമർപ്പിക്കാൻ കിഫ്ബി നിർവ്വഹണ ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത നടപടികൾ പൂർത്തിയായി കിഫ്ബിയുടെ സാമ്പത്തികാനുമതി ലഭ്യമാക്കുന്നമുറയ്ക്ക് ടെണ്ടർ നടപടികൾ സ്വീകരിച്ച് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

**വണ്ടൻമേട് സി.എച്ച്.സി.-യിൽ ഐസൊലേഷൻ വാർഡ് നിർമ്മാണം**

199 (199) <u>ശ്രീ. എം. എം. മണി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 വർഷത്തിലെ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽനിന്നും വണ്ടൻമേട് സി.എച്ച്.സി.-യിൽ ഐസൊലേഷൻ വാർഡ് ഉൾപ്പെടെയുള്ള നിർമ്മാണ പ്രവൃത്തികൾക്കായി 4 കോടി രൂപ അനുവദിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതൊക്കെ പ്രവർത്തനങ്ങൾക്കാണ് പ്രസ്തുത തുക വിനിയോഗിച്ചതെന്നും വിനിയോഗിച്ചുവരുന്നതെന്നുമുള്ള വിശദാംശം നൽകാമോ;

(സി) 2021 മുതൽ നാളിതുവരെ എത്ര തുക വിവിധ വികസന പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചിട്ടുണ്ട്; വിശദാംശം നൽകാമോ?

(എ-സി) 26-07-2021-ലെ സ.ഉ.(സാധാ)നം.1555/2021/ആ.കു.വ. സർക്കാർ ഉത്തരവ് പ്രകാരം ഒരു ഐസൊലേഷൻ വാർഡ് നിർമ്മാണത്തിനായി കിഫ്ബി ഫണ്ടും എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടും തുല്യമായി ചേർത്ത് 1,75,96,748 രൂപയാണ് വകയിരുത്തിയിട്ടുള്ളത്. വണ്ടൻമേട് സി.എച്ച്.സി.-യിൽ ഐസൊലേഷൻ വാർഡിന്റെ നിർമ്മാണ

പ്രവൃത്തികളുടെ ചെലവിനത്തിൽ ഇതുവരെ 85,57,411/-രൂപ വിനിയോഗിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത തുക ഉപയോഗിച്ചുള്ള വികസന പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും നിർവ്വഹണ ഏജൻസി ആരാണെന്നുമുള്ള വിശദാംശം നൽകാമോ?

വണ്ടൻമേട് സി.എച്ച്.സി.-യിൽ ഐസൊലേഷൻ വാർഡിന്റെ നിർമ്മാണ പ്രവൃത്തിയുടെ 60% പൂർത്തിയായിട്ടുണ്ട്. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനാണ് ഈ പദ്ധതിയുടെ നിർവ്വഹണ ഏജൻസി.

**കാഞ്ഞങ്ങാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലെ തസ്തികകൾ**

200 (200) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ എത്ര തസ്തികകളാണ് ഇതുവരെ അനുവദിച്ചതെന്ന് വിശദമാക്കാമോ?

22-09-2021-ലെ സ.ഉ(കൈ)നം.168/2021/ആ.കു.വ. നമ്പർ ഉത്തരവ് അനുസരിച്ച് കാഞ്ഞങ്ങാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ

ആകെ 12 തസ്തികകൾ (സ്റ്റാഫ് നഴ്സ് -7, ഫാർമസിസ്റ്റ് -2, ക്ലാർക്ക് -2, ഓഫീസ് അറ്റൻഡന്റ്-1) സൃഷ്ടിച്ചിട്ടുണ്ട്. 04-02-2023-ലെ സ.ഉ(സാധാ)നം.270/2023/ആകു.വ. നമ്പർ ഉത്തരവ് പ്രകാരം തിരുവനന്തപുരം കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്ത് ആന്റ് ഫാമിലി വെൽഫെയർ എന്ന സ്ഥാപനത്തിലെ വൈസ് പ്രിൻസിപ്പാൾ (അസിസ്റ്റന്റ് ഡയറക്ടർ) തസ്തിക കാഞ്ഞങ്ങാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലേയ്ക്ക് ഷിഫ്റ്റ് ചെയ്തിട്ടുണ്ട്. കൂടാതെ ടാറ്റ ട്രസ്റ്റ് ഗവൺമെന്റ് ആശുപത്രിയിലെ 61 തസ്തികകൾ കാഞ്ഞങ്ങാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലേയ്ക്ക് താൽക്കാലികമായി പുനർവിന്യസിച്ചിട്ടുണ്ട്. നീലേശ്വരം താലൂക്ക് ആസ്ഥാന ആശുപത്രിയിൽനിന്ന് ഒരു ജൂനിയർ കൺസൾട്ടന്റ് ഗൈനക്കോളജി, ബദിയടുക്ക സാമൂഹികാരോഗ്യ കേന്ദ്രത്തിൽനിന്ന് ഒരു അസിസ്റ്റന്റ് സർജൻ എന്നിവരെയും ജോലി ക്രമീകരണ വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ആശുപത്രിയിൽ കൂടുതൽ തസ്തികകൾ അനുവദിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

കാഞ്ഞങ്ങാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലേയ്ക്ക് തസ്തികകൾ സൃഷ്ടിക്കുന്ന പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

**പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി**

201 (201) ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിൽ വെന്റിലേറ്റർ ഉൾപ്പെടെയുള്ള അത്യാധുനിക സൗകര്യങ്ങൾ നിലവിലുണ്ടായിട്ടും മാതൃശിശു വിഭാഗത്തിൽ തീവ്രപരിചരണ വിഭാഗം പ്രവർത്തിക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

(ബി) പ്രസ്തുത ആശുപത്രിയിൽ മാതൃശിശു വിഭാഗത്തിന്റെ പ്രവർത്തനം പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കാമോ?

(എ&ബി) പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിൽ മാതൃശിശു വിഭാഗത്തിൽ ഫയർ ആൻഡ് സേഫ്റ്റി സംവിധാനം ഏർപ്പെടുത്തുന്ന പ്രവൃത്തി പൂർത്തിയായിട്ടില്ല. പൂർത്തിയാകുന്നമുറയ്ക്ക് ന്യൂബോൺ പീഡിയാട്രിക് ഐ.സി.യു. പ്രവർത്തിപ്പിക്കാൻ കഴിയും.

(സി) പ്രസ്തുത ആശുപത്രിയിൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനം മുഴുവൻ സമയവും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കാമോ?

ഈ സ്ഥാപനത്തിൽ 4 ഗൈനക്കോളജി ഡോക്ടർമാരുണ്ട്. ഒരു ഡോക്ടറുടെ സേവനം 24 മണിക്കൂറും ലഭ്യമാക്കുന്നുണ്ട്. അനസ്തേഷ്യ കൺസൾട്ടന്റ് ദീർഘ കാലാവധിയിൽ ആയതിനാൽ നിലവിൽ ഒരു ഡോക്ടറിന്റെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. എൻ.എച്ച്.എം. മുഖേന നിയമിച്ച ഡോക്ടർ വിടുതൽ ചെയ്ത് പോയതിനാൽ മറ്റൊരു ഡോക്ടറെ നിയമിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ജെ.എസ്.എസ്.കെ. പദ്ധതിയിൽ ഉൾപ്പെടുത്തി അനസ്തസിസ്റ്റ് പാനൽ തയ്യാറാക്കി ഓൺ കോൾ ഡ്യൂട്ടി വഴി സേവനം നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത ആശുപത്രിയിൽ പ്രസവ ശസ്ത്രക്രിയ ഉൾപ്പെടെയുള്ള എല്ലാ ശസ്ത്രക്രിയകളും ആഴ്ചയിൽ ഒന്നോ രണ്ടോ ദിവസങ്ങളിൽ മാത്രമാണ് നടക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എല്ലാ ദിവസവും ശസ്ത്രക്രിയകൾ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഫയർ ആൻഡ് സേഫ്റ്റി പ്രവൃത്തി പൂർത്തീകരിക്കുന്നമുറയ്ക്ക് എൻ.എച്ച്.എം. മുഖേന അനസ്തേഷ്യ ഡോക്ടറുടെ സേവനം ലഭ്യമാക്കി കൂടുതൽ സർജറികൾ നടത്താൻ സാധിക്കുന്നതാണ്.

**കൊയിലാണ്ടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി നിർമ്മാണം**

202 (202) <u>ശ്രീമതി കാനത്തിൽ ജമീല</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രണ്ടുവർഷം മുൻപ് മുഖ്യമന്ത്രി ശിലാസ്ഥാപനം നടത്തിയ കൊയിലാണ്ടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി കെട്ടിടത്തിന്റെ നിർമ്മാണം ആരംഭിക്കാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കിഫ്ബിയും വാപ്കോസും തമ്മിൽ ധാരണയിലെത്താത്തത് കാരണം അനന്തമായി നീണ്ടുപോകുന്ന കെട്ടിട നിർമ്മാണം അടിയന്തരമായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കാമോ?

(എ&ബി) കൊയിലാണ്ടി താലൂക്കാശുപത്രിയിൽ കെട്ടിടം നിർമ്മിക്കുന്നതിന് 30.05 കോടി രൂപയുടെ ഭരണാനുമതിയും 23.769 കോടി രൂപയുടെ സാമ്പത്തികാനുമതിയും നൽകിയിട്ടുണ്ട്. തുടർന്ന് നിർവ്വഹണ ഏജൻസിയായ വാപ്കോസ് ടെണ്ടർ നടപടികൾ സ്വീകരിക്കുകയും എന്നാൽ പ്ലാനിൽ നിരവധി തവണ ഭേദഗതി വരുത്തേണ്ട സാഹചര്യമുണ്ടായതിനാൽ കിഫ്ബിയിൽനിന്നുള്ള നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ സ്ട്രക്ചറൽ ഡിസൈനിൽ ഭേദഗതി വരുത്തി വീണ്ടും അംഗീകാരത്തിനായി കിഫ്ബിക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പുതുക്കിയ സ്ട്രക്ചറൽ ഡിസൈൻ കിഫ്ബി അംഗീകരിച്ച് സാമ്പത്തികാനുമതി ലഭ്യമാക്കുന്നമുറയ്ക്ക് ടെണ്ടർ നടപടികൾ സ്വീകരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

**ചാലക്കുടി താലൂക്ക് ആശുപത്രിയിൽ ട്രോമ കെയർ യൂണിറ്റ്**

203 (203) <u>ശ്രീ. സനീഷ്കുമാർ ജോസഫ്:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ നബാർഡ് സഹായത്തോടെയുള്ള ട്രോമ കെയർ യൂണിറ്റിന്റെയും സർജിക്കൽ വാർഡിന്റെയും നിർമ്മാണ പുരോഗതി വിശദമാക്കുമോ;

(ബി) ട്രോമ കെയർ യൂണിറ്റ് എന്നത്തേയ്ക്ക് പ്രവർത്തനസജ്ജമാകുമെന്ന് വ്യക്തമാക്കാമോ?

(എ&ബി) ചാലക്കുടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിലെ ട്രോമ കെയർ സർജിക്കൽ വാർഡ് നിർമ്മാണത്തിനായി നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി ഒന്നാംഘട്ടമായി 410 ലക്ഷം രൂപ 08-11-2018-ലെ G.O(Rt)No.3345/18/H&FWD പ്രകാരം ഭരണാനുമതി നൽകുകയും പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തു. 5 നിലകളിലായി വിഭാവനം ചെയ്ത ട്രോമ കെയർ യൂണിറ്റിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിനായി 8.90 കോടി രൂപയുടെ എസ്റ്റിമേറ്റ്

തയ്യാറാക്കുകയും നിലവിലെ സ്റ്റാന്റേർഡൈസേഷൻ മാനദണ്ഡങ്ങൾ അനുസരിച്ച് പുതുക്കുന്നതിനുമുള്ള നടപടികൾ ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ സ്വീകരിച്ചുവരികയും ചെയ്യുന്നു.

(സി) ഇതിനാവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണ്?

ഗ്യാപ് അനാലിസിസ് നടത്തി, തസ്തികകൾ സൃഷ്ടിക്കുന്നതിനായുള്ള പ്രൊപ്പോസൽ പരിശോധിച്ച് തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ സ്വീകരിച്ചുവരുന്നു.

**കൊയിലാണ്ടി താലൂക്ക് ആശുപത്രിയിലേയ്ക്ക് വാഹനം വാങ്ങുന്നതിനുള്ള ഫണ്ട്**

204 (204) ശ്രീമതി കാനത്തിൽ ജമീല: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊയിലാണ്ടി താലൂക്ക് ആശുപത്രിയിലേയ്ക്ക് 2020-21 സാമ്പത്തിക വർഷത്തെ എം.എൽ.എ.-എസ്.ഡി.എഫ്.-ൽനിന്നും വാഹനം വാങ്ങാൻ ഫണ്ട് അനുവദിച്ചിരുന്നോ; പ്രസ്തുത പദ്ധതി നടപ്പാക്കാൻ കോഴിക്കോട്

ഡി.എം.ഒ.-ക്ക് സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത പദ്ധതി ഉടൻ നടപ്പിലാക്കാൻ നടപടി സ്വീകരിക്കാമോ?

കൊയിലാണ്ടി താലൂക്ക് ആശുപത്രിയിലേയ്ക്ക് 2020-21 സാമ്പത്തിക വർഷത്തെ എം.എൽ.എ.-എസ്.ഡി.എഫ്.-ൽനിന്നും വാഹനം വാങ്ങാൻ ഫണ്ട് അനുവദിച്ചിട്ടില്ല. പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ കൊയിലാണ്ടി നിയോജകമണ്ഡലം എം.എൽ.എ. ശ്രീമതി കാനത്തിൽ ജമീലയുടെ 2021-22 വർഷത്തെ പ്രത്യേക വികസന നിധിയിൽനിന്നും കൊയിലാണ്ടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിലേയ്ക്ക് മഹീന്ദ്ര ബൊലേറോ വാഹനം വാങ്ങുന്നതിനായി 7,50,000/- രൂപ അനുവദിച്ചിരുന്നു. എന്നാൽ, ടി തുകയ്ക്ക് മഹീന്ദ്ര ബൊലേറോ വാഹനം ലഭ്യമല്ലാത്തതിനാൽ അധിക തുക വിനിയോഗിക്കുന്നതിനുള്ള അനുമതിക്കായി ജില്ലാ കളക്ടർ എം.എൽ.എ.-ക്ക് കത്ത് സമർപ്പിച്ചിട്ടുണ്ട്. അധികതുക ലഭ്യമായാൽ വാഹനം വാങ്ങുന്നതിനുള്ള തുടർനടപടി സ്വീകരിക്കുന്നതാണ്.

**പേരൂർക്കട ജില്ലാ മാതൃക ആശുപത്രിയിലെ വികസനപ്രവർത്തനങ്ങൾ**

205 (205) <u>ശ്രീ. വി. കെ. പ്രശാന്ത്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരൂർക്കട ജില്ലാ മാതൃക ആശുപത്രിയിൽ നടന്നുവരുന്ന വികസനപ്രവർത്തനങ്ങൾ എന്തൊക്കെയെന്നും അവയുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

പേരൂർക്കട ജില്ലാ മാതൃക ആശുപത്രിയിലെ ലേബർ റൂമിന്റെ സിവിൽ വർക്കുകൾ പൂർത്തീകരിച്ചു. 85 കെ.വി.എ. ട്രാൻസ്ഫോമർ പവർ ആവശ്യമുള്ളതിനാൽ അപ്ഗ്രഡേഷൻ വർക്കുകൾ നടക്കേണ്ടതുണ്ട്. ക്വാളിറ്റി ഇംപ്രൂവ്മെന്റ് (ലക്ഷ്യ) എൻ.എച്ച്.എം. ഫണ്ട് ഉപയോഗിച്ചാണ് പ്രസ്തുത വർക്കുകൾ പൂർത്തീകരിച്ചത്. ജില്ലാ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് ആശുപത്രിയിലെ പാലിയേറ്റീവ് ആൻഡ് കീമോതെറാപ്പി വാർഡിന്റെ സിവിൽ വർക്കുകൾ പൂർത്തിയായിട്ടുണ്ട്. ഇലക്ട്രിക്കൽ വർക്കുകൾ പൂർത്തിയാകുന്നമുറയ്ക്ക് പ്രവർത്തനം ആരംഭിക്കുന്നതാണ്. എൻ.എച്ച്.എം. ഫണ്ട് ഉപയോഗിച്ച് 2023 ആഗസ്റ്റ് മാസം മുതൽ പേരൂർക്കട ജില്ലാ മാതൃക ആശുപത്രിയിലെ ഒ.പി. ട്രാൻസ്ഫർമേഷന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ

ആരംഭിച്ചിട്ടുണ്ട്. സ്റ്റേറ്റ് പ്ലാൻ ഫണ്ടുപയോഗിച്ച് പേരൂർക്കട ജില്ലാ മാതൃകാശുപത്രിയിലെ തീയേറ്റർ കോംപ്ലക്സിന്റെ സിവിൽ വർക്കുകൾ പൂർത്തിയായിട്ടുണ്ട്.

(ബി) പ്രസ്തുത ആശുപത്രിയിൽ എത്ര ഡയാലിസിസ് യൂണിറ്റുകളാണുള്ളതെന്നും പ്രതിദിനം എത്ര പേർക്ക് ഡയാലിസിസ് ചെയ്യുന്നുവെന്നും വിശദമാക്കാമോ?

ഒരു ഡയാലിസിസ് യൂണിറ്റാണ് നിലവിലുള്ളത്. പ്രതിദിനം പത്ത് പേർക്ക് ഡയാലിസിസ് ചെയ്തുവരുന്നു.

(സി) ഡയാലിസിസിന് അപേക്ഷ നൽകി ക്യൂവിലുള്ളവരുടെ എണ്ണം സംബന്ധിച്ച വിവരം ലഭ്യമാക്കാമോ?

നിലവിൽ 97 പേരുടെ അപേക്ഷയാണ് ലഭ്യമായിട്ടുള്ളത്.

(ഡി) കൂടുതൽ ഡയാലിസിസ് മെഷീനുകളും ടെക്നീഷ്യൻമാരെയും വിന്യസിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ?

പേരൂർക്കട ജില്ലാ മാതൃക ആശുപത്രിയിൽ നിലവിൽ 7 മെഷീനുകളോടുകൂടിയ ഒരു ഡയാലിസിസ് യൂണിറ്റാണ് നിലവിലുള്ളത്. ടി

യൂണിറ്റിൽ 3 ഡയാലിസിസ് ടെക്നീഷ്യൻമാരുടെ സേവനം ലഭ്യമാണ്. കൂടുതൽ ഡയാലിസിസ് മെഷീനുകൾ സ്ഥാപിക്കുന്നതിനുള്ള സ്ഥലസൗകര്യം നിലവിലില്ല.

**കോങ്ങാട് കുടുംബാരോഗ്യ കേന്ദ്രത്തിലെ ഐസൊലേഷൻ വാർഡ് നിർമ്മാണം**

206 (206) ശ്രീമതി ശാന്തകുമാരി കെ.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് കുടുംബാരോഗ്യ കേന്ദ്രത്തിലെ ഐസൊലേഷൻ വർഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് എന്തെല്ലാം നടപടിക്രമങ്ങൾ പൂർത്തീകരിക്കാനുണ്ടെന്ന് വിശദമാക്കാമോ?

(എ&ബി) 26-07-2021-ലെ സ.ഉ(ആർ.റ്റി)1555/2021/ആ.കു.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 10 കിടക്കകൾ വീതമുള്ള ഐസൊലേഷൻ വാർഡ് നിർമ്മിക്കുന്നതിന് കോങ്ങാട് നിയോജകമണ്ഡലത്തിൽനിന്നും കോങ്ങാട് സാമൂഹികാരോഗ്യ കേന്ദ്രത്തെയാണ് തെരഞ്ഞെടുത്തിരുന്നത്.

എന്നാൽ പ്രസ്തുത സ്ഥാപനത്തിൽ ഐസൊലേഷൻ വാർഡ് നിർമ്മിക്കുന്നതിനുള്ള സ്ഥലസൗകര്യം ലഭ്യമല്ലാത്തതിനാൽ പ്രാരംഭഘട്ടത്തിൽ ഈ സ്ഥാപനത്തെ ഐസൊലേഷൻ വാർഡ് നിർമ്മാണത്തിനായി പരിഗണിക്കാൻ കഴിഞ്ഞില്ല. ഇതിനെത്തുടർന്ന് പ്രസ്തുത സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ഐസൊലേഷൻ സംവിധാനത്തിനായി സ്വീകരിക്കേണ്ട തുടർനടപടി സംബന്ധിച്ച് സർക്കാർ പരിശോധിച്ചുവരികയാണ്.

**സ്വകാര്യ ആശുപത്രിയിലെ ചികിത്സാ പിഴവുമൂലമുള്ള മരണം**

207 (207) ശ്രീമതി ശാന്തകുമാരി കെ.: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട് സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലിരിക്കെ കോങ്ങാട് ചെറായ കാക്കറത്ത് വീട്ടിലെ കാർത്തിക മരിച്ചതുമായി ബന്ധപ്പെട്ട് പിതാവ് ശ്രീ. ഹരിദാസ് ചികിത്സാ പിഴവ് ആരോപിച്ച് നൽകിയ പരാതിയിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

പാലക്കാട് സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലിരിക്കെ കോങ്ങാട് ചെറായ കാക്കറത്ത് വീട്ടിൽ കാർത്തിക മരിച്ചതുമായി ബന്ധപ്പെട്ട് പിതാവ് ശ്രീ. ഹരിദാസ് ചികിത്സാ പിഴവ് ആരോപിച്ച് നൽകിയ പരാതിയിന്മേൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ (വിജിലൻസ്)-നെ ചുമതലപ്പെടുത്തി 12-12-2022-ലെ G.O(Rt)No.2930/2022/H&FWD പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. റിപ്പോർട്ട് ലഭ്യമായിട്ടില്ല. പ്രസ്തുത വിഷയം സംബന്ധിച്ച് പാലക്കാട് ടൗൺ സൗത്ത് പോലീസ് സ്റ്റേഷനിൽ ക്രൈം നം.651/2022 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

**നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ തസ്തിക സൃഷ്ടിക്കൽ**

208 (208) <u>ശ്രീ. കെ. ആൻസലൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ നെഫ്രോളജിസ്റ്റ്, പോലീസ് സർജൻ എന്നീ തസ്തികകൾ സൃഷ്ടിക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ബി) പ്രസ്തുത തസ്തികകൾ സൃഷ്ടിക്കുന്നതിന് ഇനി പൂർത്തിയാക്കേണ്ട നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

(എ&ബി) 'ആർദ്രം' മാനദണ്ഡപ്രകാരം ജില്ലാ ആശുപത്രികൾ മുതലാണ് സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ നൽകിവരുന്നത്. ആയതിനാൽ നെഫ്രോളജിസ്റ്റ് തസ്തിക നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലില്ല. പോലീസ് സർജൻ (ഫോറൻസിക് സർജൻ) തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

**പ്ലാസ്റ്റിക് കവറുകളിൽ ആഹാരം പൊതിഞ്ഞ് നൽകുന്നതുമൂലം ഉണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങൾ**

209 (209) <u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാധാരണക്കാർ ആശ്രയിക്കുന്ന തട്ടുകടകൾ, ചായക്കടകൾ, ഹോട്ടലുകൾ, എന്നിടങ്ങളിൽ ചൂടുള്ള ഭക്ഷണവും കറികളും നേരിയ കനം

മാത്രമുള്ള പ്ലാസ്റ്റിക് കവറുകളിൽ പൊതിഞ്ഞ് നൽകുന്നതുമൂലമുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്ലാസ്റ്റിക് കവറുകളിൽ ചൂടുള്ള ഭക്ഷണം പൊതിയുന്നതുമൂലമുള്ള പ്രശ്നങ്ങൾ സംബന്ധിച്ച് ആരോഗ്യ വകുപ്പ് പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

(എ&ബി) പ്ലാസ്റ്റിക് കവറുകളിൽ ചൂടുള്ള ഭക്ഷണം പൊതിയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. Food Safety and Standards (Packaging) Regulations 2018, Schedule III പ്രകാരം ഭക്ഷ്യവസ്തുക്കളുമായി സമ്പർക്കത്തിൽ വരാവുന്ന പ്ലാസ്റ്റിക് വസ്തുക്കളുടെ ഐ.എസ്. സ്പെസിഫിക്കേഷൻ നിഷ്കർഷിച്ചിട്ടുള്ളതാണ്. ഇതിൻപ്രകാരമുള്ള പാക്കിംഗ് മെറ്റീരിയൽസ് മാത്രമേ ഭക്ഷണം പായ്ക്ക് ചെയ്യാൻ ഉപയോഗിക്കാവൂ. ഭക്ഷ്യ സംരംഭകർക്ക് ഇതുസംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പരിശീലന പരിപാടികളിൽ നൽകിവരുന്നു. ആയത് ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ നടത്തുന്ന

പരിശോധനകളിൽ ഉറപ്പുവരുത്തിവരുന്നു. ആരോഗ്യ വകുപ്പ് ഇതുമായി ബന്ധപ്പെട്ട പഠനങ്ങളൊന്നും നടത്തിയിട്ടില്ല.

(സി) പ്ലാസ്റ്റിക് കവറുകൾക്ക് പകരം അലുമിനിയം ഫോയിൽ പേപ്പറുകൾ ഉപയോഗിക്കുന്നതിനുള്ള മാർഗ്ഗനിർദേശങ്ങളും നടപടികളും സ്വീകരിക്കുമോ?

2011-ലെ Food Safety and Standards (Packaging and Labelling) Regulation-ൽ നിഷ്കർഷിച്ചിട്ടുള്ള ഐ.എസ്. നിലവാരമുള്ള പ്ലാസ്റ്റിക് കണ്ടെയ്നറുകളിൽ ഭക്ഷണം പൊതിഞ്ഞ് നൽകുന്നതിനോ സൂക്ഷിക്കുന്നതിനോ അനുവാദമുള്ളതാണ്. കൂടാതെ 2018-ലെ Food Safety and Standards (Packaging) Regulation-ലെ ഷെഡ്യൂൾ 1-ൽ IS 8970 നിലവാരമുള്ള അലുമിനിയം ഫോയിൽ ഭക്ഷണപദാർത്ഥം പൊതിഞ്ഞ് നൽകുന്നതിന് ഉപയോഗിക്കാൻ അനുവാദമുള്ളതാണ്. ഇതുസംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ പരിശീലന പരിപാടികളിൽ നൽകിവരുന്നു. ഭക്ഷ്യസംരംഭകർക്ക് നൽകിവരുന്ന അവബോധന ക്ലാസുകളിലും പരിശീലന

പരിപാടികളിലും ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ നടത്തുന്ന പരിശോധനകളിലും ആയതിന്റെ ആവശ്യകത ഉറപ്പുവരുത്താറുണ്ട്.

**ആരോഗ്യ പ്രവർത്തകർക്കെതിരെയുള്ള ആക്രമണം തടയാൻ നടപടി**

210 (210) ശ്രീ. സി. ആർ. മഹേഷ്:
ശ്രീമതി കെ. കെ. രമ:
ശ്രീമതി ഉമ തോമസ്:
ശ്രീ. എം. വിൻസെന്റ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരോഗ്യ പ്രവർത്തകർക്കെതിരെയുള്ള ആക്രമണങ്ങൾ വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ആരോഗ്യ പ്രവർത്തകർക്കെതിരെയുള്ള ആക്രമണങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കൊട്ടാരക്കര താലൂക്ക് ആശുപത്രിയിലെ ഹൗസ് സർജൻ ഡോ. വന്ദന ദാസ് കൊല്ലപ്പെട്ട സംഭവത്തിൽ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

കൊട്ടാരക്കര താലൂക്ക് ആശുപത്രിയിലെ ഹൗസ് സർജൻ ഡോ. വന്ദന ദാസ് കൊല്ലപ്പെട്ട സംഭവത്തിൽ ആരോഗ്യവകുപ്പ് ഡിപ്പാർട്ട്മെന്റുതല അന്വേഷണം നടത്തി സർക്കാരിലേയ്ക്ക് റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. ആരോഗ്യപ്രവർത്തകർക്ക് എതിരെയുള്ള ആക്രമണങ്ങൾ തടയാൻ ആരോഗ്യ വകുപ്പിന് കീഴിലുള്ള താലൂക്ക് & ജില്ലാ ആശുപത്രി, ജനറൽ ആശുപത്രി, സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി എന്നിവിടങ്ങളിൽ അടിയന്തര സെക്യൂരിറ്റി ഓഡിറ്റ് പോലീസ് വിഭാഗത്തിന്റെയും ജില്ലാ കളക്ടർമാരുടെയും സഹായത്തോടെ നടത്തി. എല്ലാ സ്ഥാപനങ്ങളിലും സി.സി.ടി.വി. അടക്കമുള്ള സെക്യൂരിറ്റി സൗകര്യങ്ങളും എക്സ്-സർവ്വീസുകാരുടെ സെക്യൂരിറ്റി സർവ്വീസും ഉറപ്പാക്കാനും നിർദ്ദേശം നൽകി. കേരള ആരോഗ്യരക്ഷാ സേവനപ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) നിയമം ഭേദഗതി വരുത്തുന്നതിന് പുതിയ ഓർഡിനൻസ് പുറപ്പെടുവിച്ചു. കോഡ് ഗ്രേ പ്രോട്ടോക്കോൾ തയ്യാറാക്കുന്നതിന് ആരോഗ്യ വകുപ്പിലെയും പോലീസ്

വകുപ്പിലെയും വിദഗ്ധരുടെ വർക്ക്ഷോപ്പ് നടത്തി തയ്യാറാക്കി ലഭ്യമാക്കിയ കരട് സർക്കാർ പരിശോധിച്ചുവരുന്നു.

(സി) ആരോഗ്യ പ്രവർത്തകർക്കെതിരെയുള്ള ആക്രമണങ്ങൾ തടയാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ആരോഗ്യ പ്രവർത്തകർക്കെതിരെയുള്ള ആക്രമണങ്ങൾ തടയുന്നതിനായി 2023-ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ഭേദഗതി ഓർഡിനൻസ് സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ആരോഗ്യ പ്രവർത്തകർക്കെതിരെയുള്ള ആക്രമണങ്ങൾ തടയുന്നതിനായി മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റ് തലത്തിൽ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

1. 26-05-2023-ലെ സ.ഉ.(സാധ)നം.1252/2023/1H&FWD പ്രകാരം, ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾ (പി.ജി.) & ഹൗസ് സർജൻസ് (എച്ച്.എസ്.) എന്നിവർ ഉന്നയിക്കുന്ന പ്രശ്നങ്ങൾ തിരിച്ചറിയുന്നതിനും പരിഹരിക്കുന്നതിനുമായി ഒരു വിദഗ്ധ സമിതി രൂപീകരിച്ചുകൊണ്ട് സർക്കാർ

ഉത്തരവ് പുറപ്പെടുവിച്ചു. ഇതനുസരിച്ച് മറ്റ് കമ്മിറ്റി അംഗങ്ങളുമായി ചേർന്ന് ഡി.എം.ഇ. ഒരു ഓൺലൈൻ മീറ്റിംഗ് വിളിക്കുകയും അവർ ഉന്നയിച്ച പ്രശ്നങ്ങൾ കമ്മിറ്റി അംഗങ്ങൾ രേഖപ്പെടുത്തുകയും അതനുസരിച്ച് ലഭ്യമാക്കിയ സമഗ്ര റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

2. 18-05-2023-ലെ DME/2520/2023-B2 സർക്കുലർ പ്രകാരം, റസിഡൻഷ്യൽ പോസ്റ്റിംഗിന്റെ ഭാഗമായി ഇന്റേണുകളും ബിരുദാനന്തര ബിരുദധാരികളും നിയമിക്കപ്പെടുന്ന എല്ലാ ആശുപത്രികളിലും സുരക്ഷാ ഓഡിറ്റ് നടത്താൻ ഡി.എം.ഇ.-യുടെ കീഴിലുള്ള എല്ലാ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. സ്ഥാപനങ്ങളിൽ ഓഡിറ്റ് നടത്തുകയും വീഴ്ചകൾ മറികടക്കുന്നതിനുള്ള പരിഹാരനടപടികൾ സ്വീകരിക്കുകയും ചെയ്തു. ഭാവിയിൽ എന്തെങ്കിലും പ്രശ്നങ്ങളുണ്ടെങ്കിൽ കണ്ടെത്തുന്നതിന് ആനുകാലിക പരിശോധന നടത്താനും തീരുമാനിച്ചു.

3. 18-05-2023-ലെ DME/2520/2023-B2 സർക്കുലർ പ്രകാരം, വാർഡിലെ രോഗികൾക്ക് ഒരു ബൈസ്റ്റാൻഡറും കാഷ്വാലിറ്റിയിലെ രോഗികൾക്ക് രണ്ട് ബൈസ്റ്റാൻഡറും മാത്രമേ അനുവദിക്കുയെന്ന്

ഉറപ്പാക്കാൻ ഡി.എം.ഇ.-യുടെ കീഴിലുള്ള എല്ലാ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകി. എല്ലാ ആശുപത്രികളിലും ഇത് നടപ്പാക്കിയിട്ടുണ്ട്.

4. പോലീസ് വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന SISF-ന്റെ സേവനം ആവശ്യമെങ്കിൽ ആശുപത്രികളിൽ ലഭ്യമാക്കാനുള്ള ശിപാർശ സർക്കാരിന്റെ പരിഗണനയിലാണ്.

5. 18-05-2023-ലെ DME/2520/2023-B2 സർക്കുലർ പ്രകാരം മെഡിക്കൽ കോളേജ് ആശുപത്രികളിലെ അത്യാഹിത വിഭാഗം മുതലായ പ്രധാന രോഗീപരിചരണ മേഖലകളിൽ അടിയന്തര സാഹചര്യങ്ങളിൽ അലാറം സംവിധാനം സ്ഥാപിക്കാൻ ഡി.എം.ഇ.-യുടെ കീഴിലുള്ള എല്ലാ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഡ്യൂട്ടിയിലുള്ള എല്ലാ ജീവനക്കാർക്കും അനിഷ്ട സംഭവങ്ങളിൽ ആദ്യം പ്രതികരിക്കുന്ന സെക്യൂരിറ്റിയുടെ ചുമതലയുള്ളവരെ ബന്ധപ്പെടുന്നതിന് ഒറ്റ ടെലിഫോൺ നമ്പർ ലഭ്യമാക്കാനും (കോഡ് ഗ്രേ പ്രോട്ടോക്കോൾ ഫലപ്രദമായി നടപ്പിലാക്കാൻ) ഇതനുസരിച്ച് മെഡിക്കൽ കോളേജുകളിൽ സുരക്ഷാ

സംവിധാനവും അനുബന്ധ പ്രവർത്തനങ്ങളും നടപ്പിലാക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

വൈദ്യ പരിശോധനയ്ക്കോ/മെഡിക്കോ ലീഗൽ പരിശോധനയ്ക്കോ ആളുകളെ/പ്രതികളെ മജിസ്ട്രേറ്റിന് മുമ്പാകെയോ മെഡിക്കൽ പ്രാക്ടീഷണർ മുമ്പാകെയോ ഹാജരാക്കുമ്പോൾ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ/പ്രോട്ടോക്കോൾ രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട വിഷയത്തിൽ സർക്കാർ തലത്തിൽ നടപടികൾ സ്വീകരിച്ചുവരികയാണ്.

**പകർച്ചപ്പനി മുൻകരുതൽ**

211 (211) <u>ശ്രീ. സണ്ണി ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പകർച്ചപ്പനി മുൻകരുതൽ നടപടികളുടെ ഭാഗമായി മുൻസർക്കാരിന്റെ കാലം മുതൽ നാളിതുവരെ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്നും ഇതിനായി ഓരോ വർഷവും ചെലവഴിച്ച തുകയുടെ വിശദാംശവും നൽകാമോ?

സംസ്ഥാനത്ത് പകർച്ചപ്പനി മുൻകരുതൽ നടപടികളുടെ ഭാഗമായി മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ നടത്തിയ പ്രവർത്തനങ്ങളുടെയും ചെലവഴിച്ച തുകയുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) പനിമരണങ്ങൾ ഔദ്യോഗികമായി റിപ്പോർട്ട് ചെയ്യുന്നതിനുള്ള സംവിധാനം എന്താണെന്ന് വ്യക്തമാക്കുമോ?

ജില്ലാതലത്തിലുള്ള സർവെയ്‌ലൻസ് യൂണിറ്റുകൾ മുഖേനയാണ് പനിമരണങ്ങളും പകർച്ചവ്യാധി മരണങ്ങളും റിപ്പോർട്ട് ചെയ്യുന്നത്. സർക്കാർ/സ്വകാര്യ ആശുപത്രികളിൽനിന്നും റിപ്പോർട്ട് ചെയ്യുന്ന മരണങ്ങളും ഫീൽഡ് പ്രവർത്തനത്തിനിടെ ശ്രദ്ധയിൽപ്പെടുന്ന മരണങ്ങളും എല്ലാ ദിവസവും ക്രോഡീകരിച്ച് സംസ്ഥാനതലത്തിലേയ്ക്ക് അയയ്ക്കുന്നു. എല്ലാ ജില്ലകളിലെയും റിപ്പോർട്ട് സംസ്ഥാനതലത്തിൽ ക്രോഡീകരിച്ച് പ്രാഥമിക അവലോകനം നടത്തി അതാത് ദിവസം ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു (Daily IDSP Report). നിർദ്ദിഷ്ട പകർച്ചവ്യാധികൾമൂലമാണെന്ന് സ്ഥിരീകരിച്ചതും സംശയിക്കുന്നതുമായ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മരണങ്ങൾ റിപ്പോർട്ട് ചെയ്യുന്നുണ്ട്. രോഗങ്ങൾ സ്ഥിരീകരിക്കുന്നതിനായി ഇന്റഗ്രേറ്റഡ് ഡിസീസ് സർവെയ്‌ലൻസ് പ്രോഗ്രാം (IDSP) മാനദണ്ഡങ്ങൾ ഉപയോഗിക്കുന്നു. വിവിധ ലാബുകളിൽ പരിശോധനയ്ക്കയച്ചിട്ടുള്ള സാമ്പിളുകളിൽ പകർച്ചവ്യാധികൾ സ്ഥിരീകരിച്ചാൽ അവയും പട്ടികയിൽ ഉൾപ്പെടുത്തുന്നതാണ്. കേരളത്തിൽ ഈ വർഷം നടപ്പിലാക്കിയ സംവിധാനത്തിലും പകർച്ചവ്യാധി മരണങ്ങൾ റിപ്പോർട്ട് ചെയ്യുവാൻ കഴിയും.

(സി) ഈ സർക്കാരിന്റെ കാലയളവിൽ എത്ര പനി മരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ഏതൊക്കെ തരം പനികളാണ് മരണകാരണമായിട്ടുള്ളതെന്നും വ്യക്തമാക്കാമോ; പ്രസ്തുത കാലയളവിൽ പനി ബാധിച്ച് മരിച്ചവരുടെ വിശദാംശങ്ങൾ ജില്ല തിരിച്ച് ലഭ്യമാക്കാമോ?

2021 ജനുവരി മുതൽ 2023 ജൂലൈ മാസംവരെ സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്യപ്പെട്ടതും സ്ഥിരീകരിച്ചതുമായ പകർച്ചവ്യാധി മരണങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) ഓരോ മെഡിക്കൽ കോളേജിലും മേൽപ്പറഞ്ഞ കാലയളവിൽ പനി ബാധിച്ച് മരിച്ചവരുടെ വിശദാംശങ്ങൾ പ്രത്യേകം വ്യക്തമാക്കാമോ?

2021 ജനവരി മുതൽ 2023 ജൂലൈ മാസം വരെ സംസ്ഥാനത്ത് പനി ബാധിച്ച് മെഡിക്കൽ കോളേജുകളിൽ മരിച്ചവരുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ഇ) പ്രസ്തുത കാലയളവിൽ സർക്കാർ ആശുപത്രികളിൽനിന്ന് റിപ്പോർട്ട് ചെയ്ത പനിമരണങ്ങൾ എത്രയെന്നും സ്വകാര്യ ആശുപത്രികളിൽ നിന്ന് റിപ്പോർട്ട് ചെയ്ത പനി മരണങ്ങൾ എത്രയെന്നും പനി ബാധിച്ചിട്ടും ചികിത്സ തേടാത്തതിനാൽ മരണം സംഭവിച്ചതായി റിപ്പോർട്ട് ചെയ്തിട്ടുള്ള കേസുകൾ എത്രയെന്നും തരംതിരിച്ച് ലഭ്യമാക്കാമോ?

2021 ജനവരി മുതൽ 2023 ജൂലൈ മാസം വരെ സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്ത പനിമരണങ്ങളുടെയും പനി ബാധിച്ചിട്ടും ചികിത്സ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തേടാത്തതിനാൽ മരിച്ചവരുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

**മസ്തിഷ്ക മരണം**

212 (212) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മസ്തിഷ്ക മരണം സ്ഥിരീകരിക്കുന്നതിന് സംസ്ഥാനത്ത് നിലവിലുള്ള പ്രോട്ടോക്കോൾ എന്താണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പ്രോട്ടോക്കോളിൽ 2001 മുതൽ നാളിതുവരെ എന്തൊക്കെ വ്യത്യാസങ്ങൾ വരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

1994-ൽ നിലവിൽവന്ന ട്രാൻസ്പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗൻസ് ആക്ടും 1995-ലെ ട്രാൻസ്പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗൻസ് റൂൾസും ചേർന്നാണ് മസ്തിഷ്കമരണം സ്ഥിരീകരിക്കുന്നതിനുള്ള അടിസ്ഥാന തത്വങ്ങൾ നിർവ്വചിച്ചിരിക്കുന്നത്. ഈ നിയമത്തിൽ 1995-ലെയും 2000-ലെയും 2011-ലെയും ഭേദഗതികളും 2014-ൽ നിലവിൽവന്ന പുതിയ ചട്ടങ്ങളുമാണ് ഇപ്പോൾ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിലവിലുള്ള നിയമപരമായ ചട്ടക്കൂട്. മേൽപ്പറഞ്ഞ കേന്ദ്ര നിയമത്തിന്റെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ സർക്കാർ വിവിധ ഉത്തരവുകളിലൂടെ മസ്തിഷ്ക മരണം സ്ഥിരീകരിക്കുന്നതിനുള്ള പ്രോട്ടോക്കോൾ സംസ്ഥാനത്ത് നടപ്പിൽവരുത്തിയിട്ടുണ്ട്. പ്രസ്തുത ഉത്തരവുകളും അവയുടെ പ്രാധാന്യവും സംബന്ധിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) സംസ്ഥാനത്ത് 2001 മുതൽ 2010 വരെയും 2011 മുതൽ 2023 വരെയുമുള്ള കാലയളവുകളിൽ എത്ര മസ്തിഷ്ക മരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ചും ആശുപത്രി തിരിച്ചുമുള്ള കണക്കുകൾ വർഷാടിസ്ഥാനത്തിൽ വ്യക്തമാക്കാമോ?

അവയവദാനത്തിലേയ്ക്ക് നയിക്കുന്ന മസ്തിഷ്ക മരണങ്ങളുടെ കണക്കുകൾ മാത്രമാണ് മരണാനന്തര അവയവദാന പദ്ധതിയായ മൃതസഞ്ജീവനിയുടെ (നിലവിൽ കെ-സോട്ടോ) ഓഫീസിൽ സൂക്ഷിച്ചിട്ടുള്ളത്. ബർത്ത് ആൻഡ് ഡെത്ത് രജിസ്ട്രേഷൻ ഫോമിൽ ഏതുതരം മരണമാണെന്ന് രേഖപ്പെടുത്താനുള്ള സംവിധാനമില്ലാത്തതിനാൽ മസ്തിഷ്ക മരണം

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംഭവിച്ചതും എന്നാൽ അവയവദാന പ്രക്രിയയിലേയ്ക്ക് പോകാത്തതുമായ മരണങ്ങളുടെ കണക്കുകൾ ലഭ്യമല്ല. 2012-ലാണ് കേരള സർക്കാരിന്റെ മരണാനന്തര അവയവദാന പദ്ധതിയായ 'മൃതസഞ്ജീവനി' പ്രവർത്തനം ആരംഭിക്കുന്നത്. അതിനാൽ 2012 മുതൽ നാളിതുവരെ അവയവദാനത്തിനായി മസ്തിഷ്ക മരണം റിപ്പോർട്ട് ചെയ്തിട്ടുള്ളതിന്റെ ജില്ല, ആശുപത്രി, വർഷം തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.+

**പനി മരണങ്ങൾ**

213 (213) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം സംസ്ഥാനത്ത് പനി ബാധിച്ച് മരണപ്പെട്ടവരുടെ ആകെ എണ്ണം എത്രയാണ്; പനിയുടെ ഇനവും വർഷവും തിരിച്ചുള്ള കണക്ക് ലഭ്യമാകുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2021 മുതൽ 2023 ജൂലൈ മാസം വരെ സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്യപ്പെട്ടതും സ്ഥിരീകരിച്ചതുമായ പനിബാധിതരുടെ വർഷം തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.+

(ബി) 2023-ൽ സംസ്ഥാനത്ത് പനി ബാധിച്ച് ചികിത്സ തേടിയവരുടെ ആകെ എണ്ണം എത്രയാണ്; പനിയുടെ ഇനവും മാസവും തിരിച്ചുള്ള കണക്ക് ലഭ്യമാകുമോ?

2023-ൽ സംസ്ഥാനത്ത് പനി ബാധിച്ച് ചികിത്സ തേടിയവരുടെ കണക്ക് അനുബന്ധമായി ചേർക്കുന്നു.+

(സി) 2023-ൽ പനിബാധിച്ച് മരണപ്പെട്ടവരുടെ ആകെ എണ്ണം എത്രയാണ്; മരണകാരണമായ പനിയുടെ ഇനവും മാസവും തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

2023 ജനുവരി മുതൽ 2023 ജൂലൈ വരെ സംസ്ഥാനത്ത് പനി ബാധിച്ച് മരണപ്പെട്ടവരുടെ കണക്ക് അനുബന്ധമായി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) സംസ്ഥാനത്ത് ഇപ്രകാരം പനി പടർന്ന് പിടിക്കാനിടയായ സാഹചര്യങ്ങൾ എന്തെല്ലാമാണെന്നാണ് സർക്കാർ കണ്ടെത്തിയിട്ടുള്ളത്?

സംസ്ഥാനത്ത് എല്ലാ വർഷവും മഴക്കാലത്തോടെയുണ്ടാകുന്ന വർദ്ധനവ് 2023 വർഷത്തിലുമുണ്ടായിട്ടുണ്ട്. ആഗോളതാപനംമൂലവും മറ്റ് പാരിസ്ഥിതിക കാരണങ്ങൾമൂലവും കൊതുകുകളുടെ ആവാസവ്യവസ്ഥയിൽ മാറ്റം വന്നിട്ടുണ്ട്. ആയതിനാൽ കൊതുകുകളുടെ സാന്ദ്രത കൂടുകയും രോഗ വ്യാപനശേഷി കൂടുകയും ചെയ്തിട്ടുണ്ട്. 2013-ലും 2017-ലുമാണ് ഇതിനുമുൻപ് സംസ്ഥാനത്ത് ഡെങ്കി കേസുകളിൽ വർദ്ധനവുണ്ടായിട്ടുള്ളത്. 2021-ൽ ചാക്രിക വർദ്ധനവ് പ്രതീക്ഷിച്ചിരുന്നുവെങ്കിലും കോവിഡുമൂലം അത് രണ്ടുവർഷം നീണ്ടുപോകുകയുണ്ടായി. 2017-ൽ ഡെങ്കി ഔട്ട്ബ്രേക്കുണ്ടായ ഇടങ്ങളിൽ (ശ്രീലങ്ക ഉൾപ്പെടെയുള്ള സൗത്ത് ഈസ്റ്റ് ഏഷ്യൻ രാജ്യങ്ങളിൽ) 2023-ൽ ഔട്ട്ബ്രേക്കുണ്ടായിട്ടുണ്ട്. ലോകത്തെമ്പാടുമുള്ള ഡെങ്കിപ്പനിയുടെ വ്യാപനത്തിലും തോതിലും കണ്ടുവരുന്ന ചാക്രിക പ്രവണതമൂലം (Cyclic Trend) 2017-നുശേഷം 2023-ൽ ഇന്ത്യ ഉൾപ്പെടെയുള്ള രാജ്യങ്ങളിൽ ഉയർന്ന തോത് പ്രതീക്ഷിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഈ വർഷം തുടക്കം

മുതൽ തയ്യാറെടുപ്പുകൾ ആരംഭിക്കുകയും വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തിരുന്നു.

(ഇ) സംസ്ഥാനത്ത് പനി പടർന്നുപിടിക്കാതിരിക്കാനും പനി മരണങ്ങൾ ഉണ്ടാകാതിരിക്കാനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ?

സംസ്ഥാനത്ത് പനി പടർന്നുപിടിക്കാതിരിക്കാനും പനി മരണങ്ങൾ ഉണ്ടാകാതിരിക്കാനും സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

**മരുന്നുക്ഷാമം പരിഹരിക്കാൻ നടപടി**

214 (214) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേദന സംഹാരികൾ, ആന്റിബയോട്ടിക്കുകൾ, ഗ്യാസ്ട്രിക് രോഗങ്ങൾ, പ്രമേഹം, രക്തസമ്മർദ്ദം, കൊളസ്ട്രോൾ, ഹൃദ്രോഗം

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തുടങ്ങിയവയ്ക്കുള്ള അവശ്യ മരുന്നുകൾ ആശുപത്രികളിൽ ലഭ്യമല്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വേദന സംഹാരികൾ, ആന്റിബയോട്ടിക്കുകൾ, ഗ്യാസ്ട്രിക് രോഗങ്ങൾ, പ്രമേഹം, രക്തസമ്മർദ്ദം, കൊളസ്ട്രോൾ, ഹൃദ്രോഗം തുടങ്ങിയവയ്ക്കുള്ള അവശ്യ മരുന്നുകൾ ആശുപത്രികളിൽ ആവശ്യാനുസരണം ലഭ്യമാക്കിയിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷത്തെ ദർഘാസ് നടപടികൾ പൂർത്തീകരിച്ച് വാർഷിക ഇൻഡന്റിന്റെ 40 ശതമാനത്തിനുള്ള വിതരണോത്തരവുകൾ ആദ്യഘട്ടത്തിൽ നൽകി ജൂൺ മാസത്തിന് മുമ്പുതന്നെ ആവശ്യാനുസരണം മരുന്നുകൾ ലഭ്യമാക്കിയിട്ടുണ്ട്. രണ്ടാംഘട്ടമായി 30 ശതമാനം മരുന്നുകൾക്കുള്ള വിതരണോത്തരവുകൾ നൽകിവരുന്നു.

(ബി) മെഡിക്കൽ കോളേജുകൾക്കും ജനറൽ ആശുപത്രികൾക്കും താലൂക്കാശുപത്രികൾക്കും മരുന്ന് വിതരണം ചെയ്ത വകയിൽ വിവിധ ഏജൻസികൾക്ക് എത്ര രൂപ വീതം നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ?

2023-24 സാമ്പത്തിക വർഷത്തേയ്ക്കുള്ള മരുന്ന് സംഭരണ പ്രക്രിയകൾക്കായി 356.40 കോടി രൂപയാണ് സംസ്ഥാന സർക്കാർ

കെ.എം.എസ്.സി.എൽ.-ന് വകയിരുത്തിയിട്ടുള്ളത്. അതിൽ 71.28 കോടി രൂപ കെ.എം.എസ്.സി.എൽ.-ന് ലഭ്യമാക്കിയിട്ടുണ്ട്. ബാക്കി തുകയായ 285.12 കോടി രൂപ അനുവദിക്കാനുമുണ്ട്.

കാരുണ്യ വിഭാഗത്തിൽനിന്നുള്ള മരുന്ന് വിതരണത്തിന്റെ ഭാഗമായി ഡി.എം.ഇ./ഡി.എച്ച്.എസ്.-ൽ നിന്ന് 57.09 കോടി രൂപയും എൻ.എച്ച്.എം.-ൽ നിന്ന് 29.06 കോടി രൂപയും KSSM-ൽ നിന്ന് 28.46 കോടി രൂപയും KSACS-ൽ നിന്ന് 80 ലക്ഷം രൂപയുമടക്കം ആകെ 115.41 കോടി രൂപ കെ.എം.എസ്.സി.എൽ.-ന് നാളിതുവരെ നൽകാനുണ്ട്.

(സി) നീതി മെഡിക്കൽ സെന്ററുകളിലും കാരുണ്യ ഫാർമസിയിലും മരുന്നുകൾ ആവശ്യത്തിന് സ്റ്റോക്കില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

മരുന്നുകളുടെ ചില ബ്രാൻഡുകൾ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയിൽ ലഭ്യമല്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിൽ വിവിധ കമ്പനികളുടെ എണ്ണായിരത്തിൽപ്പരം മരുന്നുകൾ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളിൽ

ലഭ്യമാണ്. കൂടാതെ വിപണികളിൽ പുതിയതായി സ്ഥാനമുറപ്പിച്ച കമ്പനികളുടെ മരുന്നുകൾ ഇതിൽ ഉൾപ്പെടുത്താനുള്ള ശ്രമവും നടന്നുവരുന്നു.

2023 ജനുവരി മാസം മുതൽ 2023 ജൂലൈ മാസം വരെ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി ഔട്ട്ലെറ്റുകളിലൂടെ മാത്രം പൊതുജനങ്ങൾക്ക് 83.81 കോടി രൂപ മൂല്യം വരുന്ന മരുന്നുകളും മറ്റ് അനുബന്ധ സാമഗ്രികളും വിതരണം ചെയ്തിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗിച്ച് 51.53 കോടി രൂപ മൂല്യം വരുന്ന മരുന്നുകളും മറ്റ് അനുബന്ധ സാമഗ്രികളും ആരോഗ്യകേന്ദ്രങ്ങളിലേയ്ക്ക് വിതരണം ചെയ്തിട്ടുണ്ട്. ഇതുകൂടാതെ വിവിധ കേന്ദ്ര-സംസ്ഥാന പദ്ധതികളിലൂടെ ജീവിതശൈലീരോഗങ്ങൾ, വൃക്കരോഗം മുതലായവയ്ക്കുള്ള 58.47 കോടി രൂപ മൂല്യം വരുന്ന മരുന്നുകളും മറ്റ് അനുബന്ധ സാമഗ്രികളും കാരുണ്യയുടെ വിവിധ മരുന്ന് ഡിപ്പോകളിൽനിന്നും ആരോഗ്യ കേന്ദ്രങ്ങളിൽ വിതരണം ചെയ്തിട്ടുണ്ട്. മേൽ രീതിയിൽ മൊത്തം 193.81 കോടി രൂപ വില വരുന്ന മരുന്നുകളും മറ്റ് അനുബന്ധ സാമഗ്രികളും കാരുണ്യ എന്ന സംരംഭത്തിലൂടെ ഈ വർഷം നിലവിൽ വിതരണം ചെയ്തിട്ടുണ്ട്.

## സർക്കാർ ആശുപത്രികളിലെ കാലപ്പഴക്കമുള്ള വാഹനങ്ങൾ മാറ്റി പുതിയ വാഹനങ്ങൾ അനുവദിക്കുന്നത്

215 (215) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 15 വർഷം പഴക്കമുള്ള വാഹനങ്ങൾ 2023 ഏപ്രിൽ ഒന്നാം തീയതി മുതൽ നിരത്തിലിറക്കാൻ പാടുള്ളതല്ലെന്ന് കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിലെ വാഹനങ്ങളുടെ വിവരം ശേഖരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

കേന്ദ്ര സ്ക്രാപ്പ് പോളിസി നിലവിൽ വന്നതിനെത്തുടർന്ന് സർക്കാർ ആശുപത്രികളിലെ ഉൾപ്പെടെ ആരോഗ്യ വകുപ്പിലെ 15 വർഷം കാലാവധി കഴിഞ്ഞ 848 വാഹനങ്ങൾ 01-04-2023 മുതൽ ഉപയോഗിക്കാൻ കഴിയാതെയായിട്ടുണ്ട്. പ്രസ്തുത വാഹനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| TYPE | MAKE/MODEL | QTY | SUB TOTAL |
|---|---|---|---|
| AMBULANCE | BAJAJ TEMPO AMBULANCE | 5 | |

| | | | |
|---|---|---|---|
| | EICHER AMBULANCE | 53 | |
| | FORCE TRAVELLER AMBULANCE | 3 | |
| | HINDUSTAN MOTORS RTV AMBULANCE | 12 | |
| | MAHINDRA AMBULANCE | 6 | |
| | MARUTI OMNI AMBULANCE | 9 | |
| | SWARAJ MAZDA AMBULANCE | 80 | |
| | TATA 712 AMBULANCE | 8 | 176 |
| MOBILE CLINIC | SWARAJ MAZDA | 8 | 8 |
| RECOVERY VAN | EICHER RECOVERY VAN | 9 | 9 |
| GOODS CARRIER | EICHER GOODS CARRIES | 15 | |
| | SWARAJ MAZDA GOODS CARRIER | 17 | 32 |
| BUS | SWARAJ MAZDA BUS | 1 | 1 |
| MINI BUS | SWARAJ MAZDA MINI BUS | 98 | |
| | EICHER MINI BUS | 77 | |
| | ALLWYN NISSAN | 2 | |
| | DCM TOYOTA | 10 | |
| | MAHINDRA OMNI BUS | 2 | 189 |
| VAN | MATADOR VAN | 4 | |
| | MAHINDRA VOYAGER | 1 | |
| | MARUTI OMINI | 2 | 7 |
| CAR | MARUTI 1000 | 4 | |
| | SKODA | 1 | |
| | AMBASSIDOR | 1 | |
| | TOYOTA INNOVA | 2 | 8 |
| JEEP | MARUTI GYPSY | 19 | |
| | MAHINDRA COMMANDER | 2 | |

| | | | |
|---|---|---|---|
| | MAHINDRA ARMADA | 1 | |
| | MAHINDRA BOLERO | 40 | |
| | MAHINDRA MARSHAL | 5 | |
| | MAHINDRA JEEP | 221 | |
| | TATA SPACIO | 82 | |
| | TATA SUMO | 14 | |
| | TOYOTA QUALIS | 14 | 398 |
| TWO WHEELER | BAJAJ CALIBER | 4 | |
| | ENFIELD | 1 | |
| | KINETIC HONDA | 12 | |
| | YAMAHA | 3 | 20 |
| | **TOTAL** | 848 | 848 |

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ പകരം വാഹനങ്ങൾ ക്രമീകരിച്ച് ആശുപത്രികളുടെ പ്രവർത്തനം സുഗമമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

നിലവിൽ ലഭ്യമായ വാഹനങ്ങൾ ഫലപ്രദമായ രീതിയിൽ ക്രമീകരിച്ച് ആശുപത്രികളുടെ പ്രവർത്തനം സുഗമമാക്കുന്നതിന് ശ്രമിച്ചുവരുന്നു. കൂടാതെ സർക്കാർ ആശുപത്രികൾ, ആരോഗ്യ സ്ഥാപനങ്ങൾ എന്നിവയ്ക്ക് എം.എൽ.എ. ഫണ്ട്, എം.പി. ഫണ്ട്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ

തനത് ഫണ്ട്, സി.എസ്.ആർ. സംഭാവന എന്നിവ വഴി വാഹനങ്ങൾ ലഭ്യമാക്കി നിലവിലുള്ള സ്ഥിതി തരണം ചെയ്യുവാൻ ശ്രമിച്ചുവരുന്നു.

(സി) ആശുപത്രികൾക്ക് പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് ആശുപത്രികൾക്ക് വാഹനം വാങ്ങുന്നതിനുള്ള അനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

(സി&ഡി) ആശുപത്രികൾക്ക് കഴിയുന്നത്ര പുതിയ വാഹനങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നുണ്ട്. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുള്ള ആരോഗ്യ സ്ഥാപനങ്ങൾക്ക്/സർക്കാർ ആശുപത്രികൾക്ക് പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് എം.എൽ.എ. ഫണ്ട്, എം.പി. ഫണ്ട്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ട് എന്നിവ ഉപയോഗിച്ച് വാഹനങ്ങൾ വാങ്ങുന്നുണ്ട്. കൂടാതെ സി.എസ്.ആർ. സംഭാവനയായും വാഹനങ്ങൾ ലഭിക്കുന്നുണ്ട്.

**ആരോഗ്യ വകുപ്പ് വഴി നടപ്പിലാക്കിയ പദ്ധതികൾ**

216 (216) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലത്തൂർ നിയോജകമണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ ആരോഗ്യ വകുപ്പ് വഴി നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്നും ഇതിനായി എത്ര രൂപ വിനിയോഗിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

ആലത്തൂർ നിയോജകമണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ ആരോഗ്യ വകുപ്പ് വഴി നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

**ആംബുലൻസ് ഡ്രൈവർമാർ അമിത വാടക ഈടാക്കുന്നതിനെതിരെ സ്വീകരിച്ച നടപടി**

217 (217) <u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) അപകടങ്ങളും അത്യാഹിതങ്ങളും സംഭവിക്കുമ്പോൾ പൊതുജനങ്ങൾ ആശ്രയിക്കുന്ന ആംബുലൻസുകളിലെ ചില ഡ്രൈവർമാർ നിർദ്ധനരായ രോഗികളിൽനിന്നും കണക്കില്ലാത്ത വാടക ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ചില പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എറണാകുളം പറവൂർ താലൂക്ക് ആസ്ഥാന ആശുപത്രിയിലെ താത്കാലിക ജീവനക്കാരനായ ഡ്രൈവർ കൂടുതൽ വാടക ആവശ്യപ്പെട്ടതുമായി ബന്ധപ്പെട്ട് ആരോപണമുണ്ടാകുകയും അതിന്റെ അടിസ്ഥാനത്തിൽ വകുപ്പുതല അന്വേഷണം നടത്തി ടിയാനെ സേവനത്തിൽനിന്ന് പിരിച്ചുവിടുകയും ചെയ്തിട്ടുണ്ട്. 'കനിവ് 108' എന്ന പദ്ധതിയിലൂടെ സർക്കാർ കേരളമൊട്ടാകെ 315 ആംബുലൻസുകളുമായി സൗജന്യ സേവനമാണ് നൽകിവരുന്നത്.

(ബി) ഉണ്ടെങ്കിൽ ആയത് തടയുന്നതിനുവേണ്ടി വാടക സംബന്ധിച്ച് കൃത്യമായ മാർഗ്ഗനിർദേശങ്ങൾ നൽകുമോ; അമിത വാടക ഈടാക്കുന്ന ഇത്തരം ഡ്രൈവർമാർക്കും സ്ഥാപനങ്ങൾക്കുമെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

സ്വകാര്യ ആശുപത്രികളുടെ ആംബുലൻസ് വാടക നിശ്ചയിക്കുന്നത് ആർ.ഡി.ഒ.-യും സർക്കാർ ആശുപത്രികളുടേത് ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയുമാണ്. നിശ്ചയിച്ചതിലും കൂടുതൽ വാടക ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ താത്കാലിക ജീവനക്കാരനാണെങ്കിൽ പിരിച്ചുവിടുകയും സ്ഥിര ജീവനക്കാരനാണെങ്കിൽ വകുപ്പുതല അച്ചടക്കനടപടികൾ സ്വീകരിക്കുകയുമാണ് ചെയ്യുന്നത്. സ്വകാര്യ ആംബുലൻസുകളാണെങ്കിൽ പരാതി തുടർനടപടിക്കായി ജില്ലാ പോലീസ് മേധാവിയെ അറിയിക്കുന്നതാണ്.

**ഐസൊലേഷൻ വാർഡുകളുടെ നിർമ്മാണം**

218 (218) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രതിരോധ സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി നിയോജകമണ്ഡല ആസ്തി വികസന ഫണ്ടും കിഫ്ബി ഫണ്ടും ഉപയോഗിച്ച്

നിർമ്മാണം ആരംഭിച്ച ഐസൊലേഷൻ വാർഡുകളുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ?

ഐസൊലേഷൻ വാർഡുകളുടെ നിർമ്മാണം പൂർത്തിയായി ഉദ്ഘാടനം നടത്തിയ 10 സൈറ്റുകളുടെയും നിർമ്മാണം നടന്നുവരുന്ന ബാക്കിയുള്ള 78 സൈറ്റുകളുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) വൈപ്പിൻ നിയോജകമണ്ഡലത്തിലെ ഞാറയ്ക്കൽ താലൂക്ക് ആശുപത്രിയിൽ നിർമ്മിക്കുന്ന ഐസൊലേഷൻ വാർഡിന്റെ നിജസ്ഥിതി വ്യക്തമാക്കാമോ?

വൈപ്പിൻ നിയോജകമണ്ഡലത്തിലെ ഞാറയ്ക്കൽ താലൂക്ക് ആശുപത്രിയിൽ ഐസൊലേഷൻ വാർഡ് നിർമ്മിക്കുന്നതിന്റെ ഭാഗമായി നിലവിൽ PEB (Pre-Engineering Building Material) Erection-ന്റെ നിർമ്മാണ ജോലികൾ പുരോഗമിച്ചുവരുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പ്രസ്തുത പ്രവൃത്തിയുടെ കരാർ ആരാണ് ഏറ്റെടുത്തിട്ടുള്ളത്; കരാർ കാലാവധി അവസാനിക്കുന്നത് എന്നാണ്; നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണമെന്താണെന്ന്; വിശദമാക്കാമോ?

തൃശ്ശൂർ ഡിസ്ട്രിക്ട് ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയാണ് നിർമ്മാണ ഏജൻസി. കരാർ വ്യവസ്ഥപ്രകാരം കരാറുകാരന് സ്ഥലം കൈമാറി 135 ദിവസത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടതുണ്ടായിരുന്നു. നിർമ്മാണ സൈറ്റിലെ തടസ്സങ്ങൾ കാരണം കാലാവധി ഉപാധികളോടെ 30-07-2023 വരെ ദീർഘിപ്പിച്ചിരുന്നു.

(ഡി) പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

പ്രസ്തുത നിർമ്മാണം അന്തിമഘട്ടത്തിലാണ്. 2023 ആഗസ്റ്റ് മാസത്തോടുകൂടി നിർമ്മാണം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ഇ) പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതിയുടെയും നിർമ്മാണ കരാറിന്റെയും പകർപ്പുകൾ ലഭ്യമാക്കാമോ?

അനുബന്ധമായി ചേർക്കുന്നു.+

**വിവിധതരം പനിബാധിത മരണങ്ങൾ**

219 (219) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പകർച്ചപ്പനി, എലിപ്പനി, ചെള്ളുപനി, ഡെങ്കിപ്പനി എന്നിവ ബാധിച്ച് ഈ വർഷം ജൂലൈ വരെ മരിച്ചവരുടെ എണ്ണം എത്രയെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ?

2023 ജനുവരി മാസം മുതൽ ജൂലൈ മാസം വരെ സംസ്ഥാനത്ത് പനി ബാധിച്ച് മരണമടഞ്ഞവരുടെ കണക്ക് അനുബന്ധമായി ചേർക്കുന്നു.+

(ബി) മുൻകരുതൽ എടുക്കുന്നതിലുണ്ടായ വീഴ്ചയാണ് പനിബാധിതരുടെ എണ്ണം കൂടാൻ കാരണമായതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പനിബാധിതരുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടില്ല. സംസ്ഥാനത്ത് കാലവർഷത്തോടനുബന്ധിച്ച് പകർച്ചപ്പനി ബാധിതരുടെ എണ്ണം വർദ്ധിക്കാനുള്ള സാധ്യത മുൻകൂട്ടി കണ്ടുകൊണ്ട് പ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ആരോഗ്യ വകുപ്പ് മുൻകരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നടപടികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(സി) ആശുപത്രികളിൽ പ്ലേറ്റ്ലെറ്റ്സ് സ്റ്റോക്കില്ലെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 5 ദിവസം മാത്രം Shelf Life ഉള്ള പ്ലേറ്റ്ലെറ്റ്സ് ആവശ്യാനുസരണം രോഗികൾക്ക് ലഭിക്കാനുള്ള പ്രക്രിയകൾ രക്തബാങ്കുകൾ വഴി ക്രമീകരിച്ചിട്ടുണ്ട്.

**കോഡ് ഗ്രേ പ്രോട്ടോക്കോൾ**

220 (220) **ശ്രീ. ഇ. ചന്ദ്രശേഖരൻ:**
**ശ്രീ. മുഹമ്മദ് മുഹസിൻ:**
**ശ്രീ. വി. ആർ. സുനിൽ കുമാർ:**

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

<u>ശ്രീ. സി.സി. മുകുന്ദൻ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യപ്രവർത്തകർക്ക് നേരെയുള്ള അതിക്രമങ്ങൾ തടയാനും അക്രമമുണ്ടായാൽ പാലിക്കേണ്ടതുമായ നടപടിക്രമങ്ങൾ അടങ്ങുന്ന കോഡ് ഗ്രേ പ്രോട്ടോക്കോൾ വികസിത രാജ്യങ്ങളിൽ നിലവിലുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്.

(ബി) വികസിത രാജ്യങ്ങളിലെ മാതൃകയിൽ സംസ്ഥാനത്തിന് അനുയോജ്യമായ രീതിയിൽ കോഡ് ഗ്രേ പ്രോട്ടോക്കോൾ ആവിഷ്കരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ആരോഗ്യപ്രവർത്തകർക്ക് നേരെയുള്ള അതിക്രമങ്ങൾ തടയാനും അക്രമമുണ്ടായാൽ പാലിക്കേണ്ടതുമായ നടപടിക്രമങ്ങൾ അടങ്ങുന്ന കോഡ് ഗ്രേ പ്രോട്ടോക്കോൾ കരട് രൂപപ്പെടുത്തുകയും ആയതിന്മേൽ ആരോഗ്യ വകുപ്പിലെയും പോലീസ് വകുപ്പിലെയും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെയും വിദഗ്ധരെ ഉൾപ്പെടുത്തി ഒരു വർക്ക്ഷോപ്പ്

സംഘടിപ്പിക്കുകയും വർക്ക്ഷോപ്പിൽ ഉരുത്തിരിഞ്ഞുവന്ന ആശയങ്ങൾ കൂടി ഉൾപ്പെടുത്തി തയ്യാറാക്കിയ കോഡ് ഗ്രേ പ്രോട്ടോക്കോളിന്റെ അന്തിമ കരട് സർക്കാർ പരിശോധിച്ചുവരുന്നു.

(സി) ആരോഗ്യപ്രവർത്തകർക്ക് നേരെയുള്ള അതിക്രമങ്ങൾ തടയുന്നതിന്റെ ഭാഗമായി പോലീസ് വകുപ്പിന്റെ സഹകരണത്തോടെ ആശുപത്രികളിൽ സേഫ്റ്റി ഓഡിറ്റ് നടത്തിയിട്ടുണ്ടോ; ഓരോ ആശുപത്രിയിലെയും സാഹചര്യവും പ്രത്യേകതകളും പരിഗണിച്ച് സേഫ്റ്റി ഓഡിറ്റ് പൂർത്തിയാക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

ആരോഗ്യപ്രവർത്തകർക്ക് നേരെയുള്ള അതിക്രമങ്ങൾ തടയാൻ ആരോഗ്യ വകുപ്പിന് കീഴിലുള്ള കേരളത്തിലെ താലൂക്ക് & ജില്ലാ ആശുപത്രി, ജനറൽ ആശുപത്രി, സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി എന്നിവിടങ്ങളിൽ അടിയന്തര സെക്യൂരിറ്റി ഓഡിറ്റ് പോലീസ് വിഭാഗത്തിന്റെയും ജില്ലാ കളക്ടർമാരുടെയും സഹായത്തോടെ നടത്തിയിട്ടുണ്ട്. എല്ലാ സ്ഥാപനങ്ങളിലും സി.സി.ടി.വി. അടക്കമുള്ള സെക്യൂരിറ്റി സൗകര്യങ്ങളും എക്സ്- സർവ്വീസുമാരുടെ സെക്യൂരിറ്റി സർവ്വീസും

ഉറപ്പാക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. ഹോസ്പിറ്റൽ പ്രൊട്ടക്ഷൻ ആക്ടിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി പുതിയ ഓർഡിനൻസ് പുറപ്പെടുവിച്ചു. കോഡ് ഗ്രേ പ്രോട്ടോക്കോൾ തയ്യാറാക്കുന്നതിന് ആരോഗ്യ വകുപ്പിലെയും പോലീസ് വകുപ്പിലെയും വിദഗ്ധരുടെ വർക്ക്ഷോപ്പ് നടത്തി തയ്യാറാക്കിയ ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

സർക്കാർ മെഡിക്കൽ കോളേജുകളിലെ സുരക്ഷയുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികൾ വിലയിരുത്തുന്നതിനായി ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 20-05-2023-ൽ കൂടിയ യോഗത്തിലെ തീരുമാനങ്ങളുടെ ഭാഗമായി എല്ലാ മെഡിക്കൽ കോളേജുകളിലും വൈസ് പ്രിൻസിപ്പാൾ/ആർ.എം.ഒ./മെഡിക്കൽ ഓഫീസർ/സെക്യൂരിറ്റി ഓഫീസർ എന്നിവരടങ്ങുന്ന ഒരു സെക്യൂരിറ്റി കമ്മിറ്റി രൂപീകരിക്കാൻ നിർദ്ദേശം നൽകിയതനുസരിച്ച് സെക്യൂരിറ്റി കമ്മിറ്റിയെ രൂപീകരിക്കാൻ വകുപ്പിനുകീഴിലെ എല്ലാ മെഡിക്കൽ കോളേജുകൾക്കും നിർദ്ദേശം നൽകുകയും ആയത് മികച്ച രീതിയിൽ പ്രാവർത്തികമാക്കുകയും ചെയ്തിട്ടുണ്ട്. മേൽപ്പറഞ്ഞ മന്ത്രിതല മീറ്റിംഗിന്റെ വെളിച്ചത്തിൽ

വകുപ്പിനുകീഴിലുള്ള മെഡിക്കൽ കോളേജുകളിൽ ഗ്യാപ് അനാലിസിസ് നടത്തി സെക്യൂരിറ്റി ഓഡിറ്റ് നടത്താൻ നിർദ്ദേശം നൽകുകയും ആയതനുസരിച്ച് മെഡിക്കൽ കോളേജുകളിൽ സെക്യൂരിറ്റി ഓഡിറ്റ് നടത്തുകയും ചെയ്തിട്ടുണ്ട്.

വൈദ്യ പരിശോധനയ്ക്കോ/മെഡിക്കോ ലീഗൽ പരശോധനയ്ക്കോ ആളുകളെ/പ്രതികളെ മജിസ്ട്രേറ്റിന് മുമ്പാകെയോ മെഡിക്കൽ പ്രാക്ടീഷണർ മുമ്പാകെയോ ഹാജരാക്കുമ്പോൾ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ/പ്രോട്ടോക്കോൾ രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട വിഷയത്തിൽ സർക്കാർ തലത്തിൽ നടപടികൾ സ്വീകരിച്ചുവരികയാണ്.

(ഡി) സംസ്ഥാനത്തിന്റെ പൊതുജനാരോഗ്യ സംവിധാനം മുഖേന ജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങൾ ലഭ്യമാക്കുന്നതിന് ആരോഗ്യ പ്രവർത്തകർക്ക് നേരെയുള്ള അതിക്രമങ്ങൾ തടയാനുള്ള നിയമം തടസ്സമാകുന്നില്ലെന്ന് ഉറപ്പുവരുത്തുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ആരോഗ്യപ്രവർത്തകർക്ക് നേരെയുള്ള അതിക്രമങ്ങൾ തടയുന്നതിനായുള്ള Kerala Healthcare Persons and Health Care Service Institutions (Prevention of Violence & Damage to Property) Act, 2012-ൽ കാലാനുസൃതമായ മാറ്റങ്ങൾ ഉൾപ്പെടുത്തി ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി നിയമം സേവനങ്ങൾ നൽകുന്നതിന് തടസ്സമാകുന്നില്ല, മറിച്ച് ആരോഗ്യപ്രവർത്തകർക്ക് സുരക്ഷിതരായി തങ്ങളുടെ ചുമതലകൾ നിർവ്വഹിക്കാൻ വളരെയധികം സഹായകരമാണ്. കൂടാതെ, ജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങൾ യഥാസമയം തന്നെ ലഭ്യമാക്കുന്നുണ്ട്.

**പാലിയേറ്റീവ് നയരേഖ**

221 (221) ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. പ്രമോദ് നാരായൺ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ഡോ. എൻ. ജയരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പാക്കിവരുന്ന പാലിയേറ്റീവ് നെറ്റ്‌വർക്കിന്റെ വിശദാംശം ലഭ്യമാക്കാമോ?

സംസ്ഥാനത്ത് സമഗ്ര സാന്ത്വന പരിചരണ പദ്ധതി പ്രധാനമായും മൂന്ന് തലങ്ങളിലാണ് നടപ്പിലാക്കിവരുന്നത്.

ഭവനസന്ദർശനം നടത്തി ശയ്യാവലംബരായ രോഗികൾക്ക് സാന്ത്വന പരിചരണം നൽകുന്നതാണ് പ്രൈമറി പാലിയേറ്റീവ് കെയർ. ഇത് തദ്ദേശസ്വയംഭരണ വകുപ്പ് വഴിയാണ് നടപ്പിലാക്കിവരുന്നത്. കമ്മ്യൂണിറ്റി നഴ്സിലൂടെയാണ് ഇത് നടപ്പിലാക്കിവരുന്നത്.

താലൂക്ക് തലം മുതൽ ജില്ലാ, ജനറൽ ആശുപത്രി വരെയുള്ള ആശുപത്രി തലത്തിൽ നൽകിവരുന്നതാണ് സെക്കൻഡറി പാലിയേറ്റീവ് കെയർ. ഇത് ദേശീയ ആരോഗ്യ ദൗത്യമാണ് നടപ്പിലാക്കിവരുന്നത്. പാലിയേറ്റീവ് കെയർ പരിശീലനം നൽകിവരുന്നതാണ് ടെർഷ്യറി പാലിയേറ്റീവ് കെയർ. പ്രൈമറി കെയറിൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ സഹായത്തോടെ നിയമിക്കപ്പെട്ട കമ്മ്യൂണിറ്റി നഴ്സും സെക്കൻഡറി കെയറിൽ ദേശീയ ആരോഗ്യ ദൗത്യം മുഖേന നിയമിതരായ ഡോക്ടർമാർ, സ്റ്റാഫ് നഴ്സ്, ഫിസിയോതെറാപ്പിസ്റ്റ് എന്നിവരുമാണ് ഈ പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്ന

ജീവനക്കാർ. ഏകദേശം 48000 കിടപ്പുരോഗികൾക്ക് പ്രതിമാസം ഗൃഹസന്ദർശനത്തിലൂടെ പരിചരണം ലഭിക്കുന്നുണ്ട്.

(ബി) സംസ്ഥാനത്തിന് ഒരു പാലിയേറ്റീവ് നയരേഖ രൂപീകരിച്ചിട്ടുണ്ടോ?

ഉണ്ട്. സംസ്ഥാനത്ത് പുതുക്കിയ പാലിയേറ്റീവ് നയരേഖ 2019-ൽ സർക്കാർ രൂപീകരിച്ചിട്ടുണ്ട്.

(സി) പ്രസ്തുത നയരേഖയിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവരങ്ങളുടെ വിശദാംശം അറിയിക്കുമോ;

(ഡി) പാലിയേറ്റീവ് നയരേഖ രൂപീകരിച്ചിട്ടില്ലെങ്കിൽ രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ?

(സി&ഡി) നിലവിൽ നടപ്പിലാക്കപ്പെടുന്ന പാലിയേറ്റീവ് കെയർ പദ്ധതി ശാക്തീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങളാണ് നയരേഖയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ രംഗത്ത് പ്രവർത്തിക്കുന്ന സ്വകാര്യ/സന്നദ്ധ സംഘടനകൾ, മെഡിക്കൽ കോളേജുകൾ, ഇതര ഡിപ്പാർട്ടുമെന്റുകൾ എന്നിവയെ കോർത്തിണക്കിക്കൊണ്ട് ഒരു ബൃഹത് പദ്ധതിയായിട്ടാണ്

പുതുക്കിയ നയം വിഭാവനം ചെയ്തിരിക്കുന്നത്. ഏകീകൃത ട്രെയിനിംഗ് മൊഡ്യൂൾ പരിശീലന പരിപാടി, പാലിയേറ്റീവ് കെയർ യൂണിറ്റുകളുടെ രജിസ്ട്രേഷൻ തുടങ്ങിയ പ്രവർത്തനങ്ങളും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പാലിയേറ്റീവ് കെയർ പരിപാടികൾ വിദ്യാർത്ഥികൾക്കിടയിലും പൊതുജനങ്ങൾക്കിടയിലും സ്വീകാര്യമാകുംവിധം ഉൾപ്പെടുത്തിയിട്ടുള്ളതും പ്രാഥമികതലം മുതൽ മികവിന്റെ കേന്ദ്രങ്ങൾ വരെ സേവനം കോർത്തിണക്കുന്ന പാലിയേറ്റീവ് കെയർ ഗ്രിഡും പുതുക്കിയ നയത്തിന്റെ സംഭാവനകളിൽപ്പെടുന്നു.

(ഇ) സർക്കാർ- സ്വകാര്യ മേഖലകളിൽ പ്രവർത്തിക്കുന്ന പാലിയേറ്റീവ് കെയർ യൂണിറ്റുകളുടെ രജിസ്ട്രേഷൻ, നിയന്ത്രണം എന്നിവ എങ്ങനെയാണ് നടപ്പാക്കിവരുന്നതെന്ന് അറിയിക്കുമോ; പ്രസ്തുത യൂണിറ്റുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കുമോ?

പുതുക്കിയ പാലിയേറ്റീവ് നയം നിലവിൽ വന്നതോടെ പാലിയേറ്റീവ് കെയർ യൂണിറ്റുകളിൽ രജിസ്ട്രേഷൻ നിർബന്ധമാക്കുകയും പുതുക്കിയ

നയപ്രകാരം പ്രവർത്തനങ്ങൾ നടപ്പിലാക്കണമെന്ന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ഇത് മോണിറ്റർ ചെയ്യുന്നതിന് വിവിധ തലങ്ങളിൽ കമ്മിറ്റികൾ രൂപീകരിക്കുകയും കൃത്യമായ ഇടവേളകളിൽ പദ്ധതിയുടെ അവലോകനം നടപ്പിലാക്കുകയും ചെയ്യുന്നു. ഇതിലൂടെ പാലിയേറ്റീവ് കെയർ സേവനങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കൽ സാദ്ധ്യമാകുന്നതാണ്.

(എഫ്) സെക്കന്ററിതല പരിചരണം ആവശ്യമുള്ളവർക്ക് ആയത് ലഭ്യമാക്കുന്നതിന് എന്തൊക്കെ സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

സെക്കന്ററിതല സാന്ത്വന പരിചരണം ജില്ലാ/ജനറൽ/താലൂക്ക് ആശുപത്രികളിലാണ് പ്രധാനമായും നടപ്പിലാക്കിയിട്ടുള്ളത്. ഇവിടെ കിടത്തി ചികിത്സയ്ക്കൊപ്പം പെയിൻ ക്ലിനിക്, ലിംഫെഡിമ ക്ലിനിക് തുടങ്ങിയ അധിക സേവനവും ഫിസിയോതെറാപ്പിയും ഉറപ്പാക്കിയിട്ടുണ്ട്. കൊളോസ്റ്റമി കെയർ, ട്രക്കിയോസ്റ്റമി കെയർ, ലിംഫെഡിമ കെയർ തുടങ്ങിയ പ്രത്യേക സേവനങ്ങൾ സെക്കന്ററി കെയർ യൂണിറ്റിൽ ലഭ്യമാണ്. ദേശീയ ആരോഗ്യ ദൗത്യം വഴി നിയമിതരായ ഡോക്ടർമാർ, സ്റ്റാഫ് നഴ്സ്,

ഫിസിയോതെറാപ്പിസ്റ്റ് എന്നിവരാണ് ഈ സേവനങ്ങൾ നിർവ്വഹിക്കുന്നത്. സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ ഒരു സ്റ്റാഫ് നഴ്സിന്റെയും ഫിസിയോതെറാപ്പിസ്റ്റിന്റെയും സേവനം ഉറപ്പാക്കികൊണ്ട് സെക്കന്ററി പാലിയേറ്റീവ് കെയർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലേയ്ക്ക് കൂടി വ്യാപിപ്പിക്കുന്നതിന് സാദ്ധ്യമായിട്ടുണ്ട്.

**പകർച്ചപ്പനി പ്രതിരോധ പ്രവർത്തനങ്ങൾ**

222 (222) ശ്രീ വി. കെ. പ്രശാന്ത്:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. എ. പ്രഭാകരൻ:
ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാലവർഷത്തോടനുബന്ധിച്ച് പകർച്ചപ്പനി ബാധിതരുടെ എണ്ണം വർദ്ധിക്കാനുള്ള സാധ്യത മുൻകൂട്ടി കണ്ടുകൊണ്ട് പ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇതിനായി പ്രത്യേക ക്യാമ്പയിൻ ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

സംസ്ഥാനത്ത് കാലവർഷത്തോടനുബന്ധിച്ച് പകർച്ചപ്പനി ബാധിതരുടെ എണ്ണം വർദ്ധിക്കാനുള്ള സാധ്യത മുൻകൂട്ടി കണ്ടുകൊണ്ട് പ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായുള്ള മുൻകരുതൽ നടപടികൾ വർഷാരംഭത്തോടുകൂടി തന്നെ ആരോഗ്യ വകുപ്പ് എടുത്തുതുടങ്ങിയിരുന്നു. താഴെപ്പറയുന്ന നടപടികളാണ് പ്രധാനമായും സ്വീകരിച്ചിട്ടുള്ളത്:

- ഒരു വർഷം നീണ്ടുനിൽക്കുന്ന ആരോഗ്യ ജാഗ്രത കലണ്ടർ തയ്യാറാക്കി ജില്ലകൾക്ക് നൽകി, ആയതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തനങ്ങളും അവലോകനവും നടത്തിവരുന്നു.
- മുന്നൊരുക്കമെന്ന രീതിയിൽ ജില്ലകളിലെ മെഡിക്കൽ ഓഫീസർമാർക്കും ഫീൽഡ് വിഭാഗം ജീവനക്കാർക്കും പരിശീലനം നൽകിയിട്ടുണ്ട്.
- ചികിത്സയ്ക്കാവശ്യമായ മരുന്നുകളുടെ ലഭ്യതയും പ്രത്യേക പനി വാർഡുകളുടെ സജ്ജീകരണവും ഉറപ്പുവരുത്തിയിട്ടുണ്ട്.

- ജില്ലകളിലെ ലാബുകൾ പകർച്ചപ്പനി നിർണ്ണയത്തിനായി ശക്തിപ്പെടുത്തുന്നതിനുവേണ്ടി ആവശ്യമായ പരിശോധനാ കിറ്റുകൾ ലഭ്യമാക്കിയിട്ടുണ്ട്.
- പ്രാണീപഠനവുമായി ബന്ധപ്പെട്ട് ജില്ലാതല ഓഫീസർമാർക്കും മലമ്പനി നിർണ്ണയം കാര്യക്ഷമതയോടെ നടപ്പിലാക്കുന്നതിനുവേണ്ടി സംസ്ഥാനത്തെ ലാബ് ടെക്നീഷ്യന്മാർക്കും പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി.
- അതിഥി തൊഴിലാളികൾക്കിടയിൽ രോഗനിർണ്ണയം നടത്തുന്നതിനായി പ്രത്യേകം ടീമുകളെ നിയമിച്ചിട്ടുണ്ട്. കൂടാതെ നഗര-ചേരി പ്രദേശങ്ങളിൽ വെക്ടർ കൺട്രോൾ പ്രവർത്തനങ്ങൾക്കായി 700 വാർഡുകളിലായി 800 കണ്ടിജന്റ് ജീവനക്കാരെ നിയമിച്ചിട്ടുണ്ട്.
- കൊതുക് സാന്ദ്രതാ പഠനത്തിന്റെ ഭാഗമായി ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടുകൂടി കൊതുക് നശീകരണ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടപ്പിലാക്കുന്നു.

- കൊതുക്/പ്രാണി സാന്ദ്രതാ പഠനവുമായി ബന്ധപ്പെട്ട് സംസ്ഥാന എന്റമോളജി ടീമും ഡി.വി.സി. യൂണിറ്റും പഠനങ്ങൾ നടത്തി ആവശ്യമായ നിയന്ത്രണ പ്രവർത്തനങ്ങൾക്ക് നിർദ്ദേശം നൽകുകയും നടപ്പിലാക്കുകയും ചെയ്യുന്നു. കൂടാതെ പ്രാണികളിൽ കീടനാശിനിക്കെതിരെ പ്രതിരോധശേഷി നേടിയിട്ടുണ്ടോ എന്നറിയുന്നതിനുള്ള പഠനവും രോഗാണുക്കളുടെ സാന്നിദ്ധ്യം തിരിച്ചറിയുന്നതിനുള്ള പഠനവും നടത്തിവരുന്നു.
- എലിപ്പനി യഥാസമയം കണ്ടുപിടിക്കാനും പ്രാരംഭഘട്ടത്തിൽത്തന്നെ ചികിത്സ ആരംഭിക്കാനുമുള്ള മാർഗ്ഗരേഖകൾ തയ്യാറാക്കി, സർക്കാർ/പ്രൈവറ്റ് മേഖലയിലുള്ള ഡോക്ടർമാർക്ക് പരിശീലനം നൽകിക്കൊണ്ട് എലിപ്പനിയെക്കുറിച്ച് പൊതുജനങ്ങളിലും ജീവനക്കാരിലും അവബോധം സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ ജലവുമായും മണ്ണുമായും സമ്പർക്കത്തിൽ വരാൻ സാധ്യതയുള്ള തൊഴിലുറപ്പ് ജോലിക്കാർ ഉൾപ്പെടെയുള്ള ആളുകൾക്ക്

ഡോക്സിസൈക്ലിൻ ഗുളികകൾ എലിപ്പനി പ്രതിരോധത്തിനായി നൽകുന്നു.

- ഡെങ്കിപ്പനി, എലിപ്പനി, ചെള്ളുപനി, ഇൻഫ്ലുവൻസ എന്നിവയുടെ പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിനും പകർച്ചപ്പനി വ്യാപനം ഫലപ്രദമായി നിയന്ത്രിക്കുന്നതിനും മരണനിരക്ക് കുറയ്ക്കുന്നതിനുമായി ആരോഗ്യ വകുപ്പ് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.
- ആശുപത്രികളിൽ മതിയായ ക്രമീകരണങ്ങൾ ഒരുക്കുകയും ഫീവർ ക്ലിനിക്കുകൾ, ഡോക്സികോർണറുകൾ, ഒ.ആർ.എസ്. കോർണറുകൾ സജ്ജീകരിക്കുകയും ചെയ്തു. മെഡിക്കൽ കോളേജുകളിലും മറ്റ് പ്രധാന ആശുപത്രികളിലും പ്രത്യേക വാർഡുകൾ സജ്ജമാക്കുകയും ചെയ്തു. എലിപ്പനി പരിശോധനാ ദൈർഘ്യം കുറയ്ക്കുന്നതിന് സംസ്ഥാനത്ത് ആദ്യമായി ആർ.ടി.പി.സി.ആർ. പരിശോധന ഏർപ്പെടുത്തി. എല്ലാ ജില്ലകളിലും ഇതിനുള്ള സൗകര്യമൊരുക്കുകയും ചെയ്തു.

- ഇൻഫ്ലുവൻസ വൈറസ്മൂലമുള്ള രോഗാതുരതയും മരണനിരക്കും കുറയ്ക്കുന്നതിന് ഇത്തരം കേസുകൾ തിരിച്ചറിയുന്നതിനും വിദഗ്ധ ചികിത്സ ആവശ്യമുള്ളവർക്ക് റഫറൽ സാധ്യമാക്കുന്നതിനും സർക്കാർ/സ്വകാര്യ/ആയുഷ് വിഭാഗത്തിൽപ്പെട്ട ഡോക്ടർമാർക്ക് മാർഗ്ഗനിർദേശങ്ങളും പരിശീലനങ്ങളും നൽകിവരുന്നു. രോഗനിരീക്ഷണത്തിനായി സംസ്ഥാന പബ്ലിക് ഹെൽത്ത് ലാബിലും എൻ.ഐ.വി. ആലപ്പുഴ യൂണിറ്റിലും തെരഞ്ഞെടുക്കപ്പെട്ട വി.ആർ.ഡി.എൽ. ലാബുകളിലും (മെഡിക്കൽ കോളേജ്, തിരുവനന്തപുരം, കോഴിക്കോട്, തൃശ്ശൂർ) പരിശോധനാ സംവിധാനങ്ങൾ ലഭ്യമാണ്.
- വിവിധതരം പകർച്ചപ്പനികൾക്കുള്ള ചികിത്സ/മാർഗ്ഗനിർദേശങ്ങൾ സർക്കാർ/പ്രൈവറ്റ് മേഖലയിൽ നൽകിയിട്ടുണ്ട്.
- കോവിഡ്-19, ഇൻഫ്ലുവൻസ തുടങ്ങിയ വിവിധ വൈറൽ പനികളുടെ സാമ്യംമൂലം രോഗികൾക്ക് ഏറ്റവും അനുയോജ്യമായ പരിശോധന ചികിത്സാരീതികൾ തെരഞ്ഞെടുക്കുന്നതിനുവേണ്ടി ആരോഗ്യ

പ്രവർത്തകർക്കായി വ്യക്തമായ മാർഗ്ഗനിർദേശങ്ങൾ പരിഷ്കരിച്ച് പുറപ്പെടുവിച്ചിട്ടുണ്ട്.

- പൊതുജനങ്ങൾ, ചെറിയ രോഗലക്ഷണം മാത്രമുള്ളതിനാൽ ഡോക്ടറെ കണ്ടശേഷം ഡോക്ടറുടെ ഉപദേശാനുസരണം വീട്ടിൽ നിരീക്ഷണത്തിൽ കഴിയുന്നവർ, ആരോഗ്യ പ്രവർത്തകർ, ആശുപത്രികളിലെ രോഗികളുടെ കൂട്ടിരിപ്പുകാർ തുടങ്ങിയവർക്ക് രോഗപ്രതിരോധത്തിനായി അനുവർത്തിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.
- സാമൂഹിക അകലം പാലിക്കുന്നതിനും ശരിയായ രീതിയിൽ കൈകൾ അണുവിമുക്തമാക്കുന്നതിനും മാസ്ക് ഉപയോഗിക്കുന്നതിനുമുള്ള ബോധവൽക്കരണം ദൃശ്യ-ശ്രവ്യ-അച്ചടി സാമൂഹിക മാധ്യമങ്ങളിൽ കൂടി നൽകിവരുന്നു.
- ജലജന്യ രോഗങ്ങൾ തടയുന്നതിനായി ആരോഗ്യ ജാഗ്രതാ കലണ്ടർ അനുസരിച്ച് നിശ്ചിത ഇടവേളകളിലും ഹെൽത്തി കേരള

പരിപാടിയുടെ ഭാഗമായി കുടിവെള്ള സ്രോതസ്സുകളിൽ ക്ലോറിനേഷൻ/സൂപ്പർ ക്ലോറിനേഷൻ എന്നിവ നടത്തിവരുന്നു.

- ശേഖരിച്ചുവച്ചിരിക്കുന്ന കുടിവെള്ളം അണുവിമുക്തമാക്കുന്നതിനുവേണ്ടി ക്ലോറിൻ ഗുളികകൾ വിതരണം ചെയ്തുവരുന്നു. കുടിവെള്ളത്തിന്റെ ഗുണനിലവാര പരിശോധനാ സംവിധാനങ്ങൾ എല്ലാ പബ്ലിക് ഹെൽത്ത് ലാബുകളിലും മെഡിക്കൽ കോളേജുകളിലെ മൈക്രോബയോളജി ലാബുകളിലും ഒരുക്കിയിട്ടുണ്ട്. കേരള ജല അതോറിറ്റിയുടെ ലാബുകൾ മുഖേന എല്ലാ ജില്ലകളിലും ജല പരിശോധനാ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.
- വയറിളക്ക രോഗങ്ങളുടെ ഭാഗമായി ഉണ്ടാകാനിടയുള്ള നിർജ്ജലീകരണം തടയുന്നതിനുവേണ്ടി ഒ.ആർ.എസ്.-ന്റെ ലഭ്യത എല്ലാ ആശുപത്രികളിലും ഉറപ്പുവരുത്തിയിട്ടുണ്ട്. കൂടാതെ ആശുപത്രികളിൽ വരുന്ന രോഗികൾക്കായി ഒ.ആർ.ടി. കോർണർ സജ്ജീകരിച്ചിട്ടുണ്ട്.

- മഞ്ഞപ്പിത്തം, ടൈഫോയിഡ് തുടങ്ങിയ രോഗങ്ങൾ തടയുന്നതിന് ഭക്ഷ്യസുരക്ഷാ വകുപ്പുമായി സഹകരിച്ചും ആരോഗ്യ വകുപ്പ് നേരിട്ടും ഭക്ഷണസാമഗ്രികൾ കൈകാര്യം ചെയ്യുന്ന സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. ഇത്തരം സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ഹെൽത്ത് കാർഡ് നിർബന്ധമാക്കിയിട്ടുണ്ട്.

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങളുടെ വിവിധ വകുപ്പുകളുടെ അവലോകനയോഗം 2023 മാർച്ച് മാസംതന്നെ നടത്തുകയുണ്ടായി. ഇതുകൂടാതെ ആരോഗ്യ വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്, റവന്യൂ വകുപ്പ്, വിദ്യാഭ്യാസ വകുപ്പ് തുടങ്ങിയ വകുപ്പുമന്ത്രിമാരുടെ നേതൃത്വത്തിൽ പ്രത്യേക യോഗങ്ങൾ ചേർന്ന് പ്രവർത്തനങ്ങൾ ശക്തമാക്കിയിരുന്നു. വിവിധ ഭാഗങ്ങളിലെ ആരോഗ്യ ജീവനക്കാരെ ഉൾപ്പെടുത്തി ഓരോ ജില്ലയിലും സ്വീകരിച്ച പ്രവർത്തനങ്ങളും നിയന്ത്രണ നടപടികളും അവലോകനം ചെയ്യുന്നതിനായും 2023 മേയ് മാസം

ആദ്യം മുതൽ ആഴ്ചതോറും ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി യോഗങ്ങൾ വിളിച്ചുചേർക്കുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്തുവരുന്നു.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെയും ആരോഗ്യ-കുടുംബക്ഷേമ വകുപ്പുമന്ത്രിയുടെയും വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെയും നേതൃത്വത്തിൽ മൂന്ന് വകുപ്പുകളിലെയും ഉന്നത ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചുചേർക്കുകയും വാർഡുതല ശുചീകരണ പ്രവർത്തനങ്ങളും സ്കൂളുകളും സ്ഥാപനങ്ങളും കേന്ദ്രീകരിച്ചുള്ള ശുചീകരണ പ്രവർത്തനങ്ങളും ഊർജ്ജിതമാക്കുകയും ചെയ്തു. റവന്യൂ വകുപ്പ് മുൻകയ്യെടുത്ത് മറ്റ് വിവിധ വകുപ്പുകളുമായുള്ള ഏകോപന പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനായി ജില്ലാ കളക്ടർമാരെയും ജില്ലാ മെഡിക്കൽ ഓഫീസർമാരെയും ഉൾക്കൊള്ളിച്ചുകൊണ്ട് റവന്യൂ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ സംയുക്ത അവലോകനയോഗം നടത്തിയിരുന്നു.

പകർച്ചവ്യാധി അവലോകന യോഗങ്ങൾ എല്ലാ ആഴ്ചയിലും പ്രാഥമികാരോഗ്യതലം മുതൽ സംസ്ഥാനതലം വരെ നടത്തിവരുന്നു. പകർച്ചവ്യാധി നിയന്ത്രണ പ്രവർത്തനങ്ങളുടെ ഭാഗമായി 15 അംഗ സ്റ്റേറ്റ്

ലെവൽ മോണിറ്ററിംഗ് സെല്ലും ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ സ്റ്റേറ്റ് കൺട്രോൾ റൂമും പ്രവർത്തനമാരംഭിച്ചു.

(ബി) ആവശ്യത്തിന് മരുന്നുകളും പരിശോധനാ കിറ്റുകളും സുരക്ഷാസാമഗ്രികളും ഉറപ്പുവരുത്തുന്നതിനും പനിബാധിതരിൽ പരിശോധന വേളയിൽ മറ്റ് രോഗങ്ങൾ കണ്ടെത്തിയാൽ അവർക്ക് അതിവേഗ ചികിത്സ ലഭ്യമാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

സംസ്ഥാനത്ത് കാലവർഷത്തോടനുബന്ധിച്ച് പകർച്ചപ്പനി ബാധിതരുടെ എണ്ണം വർദ്ധിക്കാനുള്ള സാദ്ധ്യത മുന്നിൽക്കണ്ട് പനി, മറ്റ് പകർച്ചവ്യാധികൾ എന്നിവ നിയന്ത്രിക്കുന്നതിനാവശ്യമായ പാരസെറ്റമോൾ, ആന്റിബയോട്ടിക്കുകൾ, ഐ.വി. ഫ്ലൂയിഡുകൾ, കുട്ടികൾക്കുണ്ടാകുന്ന ശ്വാസതടസ്സം സംബന്ധിച്ച രോഗങ്ങൾക്കുള്ള പ്രതിരോധ മരുന്നുകൾ, മറ്റ് മൺസൂൺകാല മരുന്നുകൾ തുടങ്ങിയവ ആവശ്യാനുസരണം സംഭരിച്ച് ജൂൺ മാസത്തിന് മുമ്പായി സർക്കാർ ആശുപത്രികളിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലഭ്യമാക്കിയിട്ടുണ്ട്.

(സി) സംസ്ഥാനത്താകെ പ്രതിരോധ പ്രവർത്തനങ്ങൾ സംയോജിപ്പിക്കുന്നതിനും വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് രോഗപ്രതിരോധ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

സംസ്ഥാനത്താകെ പ്രതിരോധ പ്രവർത്തനങ്ങൾ സംയോജിപ്പിക്കുന്നതിനും വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് രോഗപ്രതിരോധ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനും താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും അവലോകനം നടത്തുകയും ചെയ്യുന്നു. പ്രോജക്ടുകൾ തയ്യാറാക്കാനുള്ള സാങ്കേതിക സഹായം ആരോഗ്യ വകുപ്പ് മുഖേന നൽകുന്നു.
- മാലിന്യനിർമ്മാർജ്ജനം, ശുചിത്വ പരിപാലനം, കുടിവെള്ള വിതരണം, പൊതുജനാരോഗ്യ നിയമം നടപ്പിലാക്കൽ തുടങ്ങിയ വിഷയങ്ങളിൽ തദ്ദേശസ്വയംഭരണ വകുപ്പുമായി ചേർന്ന് പ്രവർത്തിക്കുന്നു. മാലിന്യ

നിർമ്മാർജ്ജനത്തിനായി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയും Garbage Vulnerable Points map ചെയ്യുവാൻ ആരോഗ്യപ്രവർത്തകരും ആരോഗ്യ ജാഗ്രതാ സമിതി അംഗങ്ങളും പ്രവർത്തിക്കുന്നു. ഇത്തരത്തിൽ map ചെയ്യുന്ന Garbage Vulnerable Points സമയബന്ധിതമായി നീക്കം ചെയ്യുവാനും തുടർനടപടികൾ സ്വീകരിക്കുവാനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തിയത് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടത്തിവരുന്നു.

- വാർഡുതല ആരോഗ്യ ശുചിത്വ സമിതികൾ ജനപ്രതിനിധികളുടെ നേതൃത്വത്തിൽ പ്രവർത്തനം നടത്തുന്നു. ഇതിനായി ദേശീയ ആരോഗ്യദൗത്യം ശുചിത്വ മിഷൻ മുഖേന പണം ലഭ്യമാക്കിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ പ്രസ്തുത വകുപ്പിലെയും ആരോഗ്യ വകുപ്പിലെയും ജീവനക്കാരുടെ യോഗങ്ങളും കൂടാതെ തദ്ദേശസ്വയംഭരണ വകുപ്പ്, ആരോഗ്യ വകുപ്പ്, വിദ്യാഭ്യാസം എന്നീ വകുപ്പുമന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ മൂന്ന് വകുപ്പുകളിലെയും

ഉദ്യോഗസ്ഥരുടെ യോഗവും ചേർന്ന് വാർഡ്തല, സ്ഥാപന/സ്കൂൾതല ശുചീകരണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്താനുള്ള പ്രത്യേക നിർദ്ദേശം നൽകി. റവന്യൂ വകുപ്പിന്റെയും ഈ വകുപ്പിന്റെ മുൻകയ്യിൽ മറ്റ് വിവിധ വകുപ്പുകളുടെ ഏകോപനം ഉറപ്പാക്കുന്നതിനുമായി റവന്യൂ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ജില്ലാ കളക്ടർമാരുടെ യോഗങ്ങൾ ചേർന്ന് തുടർനടപടികൾ സ്വീകരിക്കാൻ ആവശ്യമായ നിർദ്ദേശം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകി. ബഹുമാനപ്പെട്ട മുഖ്യമന്ത്രി 2023 മാർച്ച് മാസത്തിൽ വിവിധ വകുപ്പുമന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ യോഗം ചേർന്ന് മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ സംബന്ധിച്ചും മറ്റുമുള്ള നിർദ്ദേശങ്ങളും നൽകിയിട്ടുണ്ടായിരുന്നു.

- മഞ്ഞപ്പിത്തം, ടൈഫോയിഡ് തുടങ്ങിയ രോഗങ്ങൾ തടയുന്നതിന് ഭക്ഷ്യസുരക്ഷാ വകുപ്പുമായി സഹകരിച്ചും ആരോഗ്യ വകുപ്പ് നേരിട്ടും ഭക്ഷണസാമഗ്രികൾ കൈകാര്യം ചെയ്യുന്ന സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും പാലിച്ചില്ലെങ്കിൽ പിഴ ഈടാക്കുകയും ചെയ്യുന്നു. ഇത്തരം

സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ഹെൽത്ത് കാർഡ് നിർബന്ധമാക്കിയിട്ടുണ്ട്.

- ഏകലോകം ഏകാരോഗ്യം പദ്ധതി നടപ്പിലാക്കുന്നതിന്റെ ഫലമായി വിവിധ വകുപ്പുകളെ ഉൾപ്പെടുത്തി മീറ്റിംഗുകളും പരിശീലനവും നടപ്പിലാക്കിവരുന്നു.
- ജന്തുജന്യരോഗങ്ങൾ തടയുന്നതിനായി മൃഗസംരക്ഷണ വകുപ്പ്, ക്ഷീര-കാർഷിക വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ് എന്നിവയുമായി ചേർന്ന് അവലോകനം നടത്തുകയും അവബോധ പ്രവർത്തനങ്ങളും പ്രതിരോധ പ്രവർത്തനങ്ങളും നടത്തുകയും ചെയ്യുന്നു. തൊഴിലുറപ്പ് ജീവനക്കാർക്ക് എലിപ്പനി തടയുവാനുള്ള ഡോക്സിസൈക്ലിൻ പ്രതിരോധ മരുന്ന് ലഭ്യമാക്കിയിട്ടുണ്ട്.
- പക്ഷിപ്പനി, പന്നിപ്പനി എന്നീ രോഗങ്ങൾ മൃഗങ്ങളിൽ കണ്ടെത്തിയാൽ രോഗവ്യാപനം തടയാനുള്ള culling ഉൾപ്പെടെയുള്ള മാർഗ്ഗങ്ങൾ മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കുകയും ആരോഗ്യ പ്രവർത്തകർ മനുഷ്യരിൽ രോഗനിരീക്ഷണം ശക്തമാക്കുകയും ചെയ്യുന്നു.

- ശുദ്ധമായ കുടിവെള്ളം ഉറപ്പുവരുത്തുന്നതിനായി ജലവിഭവ വകുപ്പ് ക്ലോറിനേഷൻ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. വാട്ടർ അതോറിറ്റിയുടെ ലാബുകൾ മുഖേന എല്ലാ ജില്ലകളിലും ജല പരിശോധനാ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.
- സ്കൂളുകൾ തുറക്കുമ്പോൾ പാലിക്കേണ്ട ആരോഗ്യ-ശുചിത്വ മാർഗ്ഗനിർദേശങ്ങൾ വിദ്യാഭ്യാസ വകുപ്പ് മുഖേന നൽകി. വിദ്യാർത്ഥികൾക്ക് ഉറവിട നശീകരണം, മാലിന്യനിർമ്മാർജ്ജനം എന്നിവയെപ്പറ്റി അവബോധം നൽകുവാൻ ആരോഗ്യപ്രവർത്തകരും അധ്യാപകരും പ്രവർത്തിക്കുന്നു. ഏതെങ്കിലും വിദ്യാലയങ്ങൾ പകർച്ചപ്പനിയുടെ ഹോട്ട്സ്പോട്ട് ആകുന്നുണ്ടെങ്കിൽ അതത് പ്രദേശത്തിന്റെ ചുമതലയുള്ള ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ സ്കൂൾ സന്ദർശിക്കുകയും കെട്ടിടങ്ങളും സ്കൂൾ ക്യാമ്പസും പരിശോധന നടത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തുവരുന്നു.
- നിയോജകമണ്ഡലാടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട എം.എൽ.എ-മാരുടെ അദ്ധ്യക്ഷതയിൽ ഇന്റർസെക്ടറൽ മീറ്റിംഗ്

വിളിച്ചുചേർക്കുന്നതിനും സ്ഥിതിഗതികൾ അവലോകനം ചെയ്യുന്നതിനും ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

- ദുരിതാശ്വാസ ക്യാമ്പുകളിൽ പനിബാധിതർക്കായി പരമാവധി ഐസൊലേറ്റ് ചെയ്ത് പ്രത്യേക ബ്ലോക്കുകൾ സജ്ജീകരിക്കുന്നതിന് ജില്ലാ ഭരണകൂടങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

- മേൽ പ്രവർത്തനങ്ങളോടൊപ്പം ഹോമിയോ, ആയുർവേദം എന്നിവിടങ്ങളിലെ പകർച്ചവ്യാധികളുടെ വിശദാംശങ്ങൾ കൂടി ലഭ്യമാക്കുവാൻ വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്.

**സർക്കാർ മെഡിക്കൽ കോളേജുകളിലെ ഓപ്പറേഷനുകൾ**

223 (223) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ മെഡിക്കൽ കോളേജുകളിൽ കാർഡിയോ തൊറാസിക് ഓപ്പറേഷൻ, വാസ്കുലർ സർജറി, ഹാർട്ട് ഓപ്പറേഷൻ, ആൻജിയോഗ്രാം,

ആൻജിയോപ്ലാസ്റ്റി എന്നിവ സമയത്തിന് നടക്കുന്നില്ലെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

അടിയന്തര സ്വഭാവമുള്ള രോഗമുള്ളവരിൽ ഒട്ടും കാലതാമസം കൂടാതെ തത്സമയം തന്നെയോ അടുത്ത ദിവസങ്ങളിലോ ആൻജിയോഗ്രാം, ആൻജിയോപ്ലാസ്റ്റി ചികിത്സ നൽകുന്നു. അടിയന്തര സ്വഭാവമില്ലാത്ത രോഗമുള്ള ആൾക്കാർക്ക് മുൻഗണനാക്രമത്തിൽ രേഖപ്പെടുത്തി തീയതി നിശ്ചയിച്ച് ടി ചികിത്സ ചെയ്തുവരുന്നു.

(ബി) പ്രസ്തുത ഓപ്പറേഷനുകളുമായി ബന്ധപ്പെട്ട സ്റ്റെന്റും മറ്റ് അനുബന്ധ ഉപകരണങ്ങൾക്കുമായി എത്ര തുകയാണ് സർജിക്കൽ സ്ഥാപനങ്ങൾക്ക് കൊടുക്കുവാനുള്ളതെന്ന് വ്യക്തമാക്കാമോ?

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള ആശുപത്രികളിൽ ഓപ്പറേഷനുമായി ബന്ധപ്പെട്ട സ്റ്റെന്റും മറ്റ് അനുബന്ധ ഉപകരണങ്ങൾക്കും 59,33,65,475/- രൂപയാണ് സർജിക്കൽ സ്ഥാപനങ്ങൾക്ക് നൽകാനുള്ളത്.

**കാസർഗോഡ് മെഡിക്കൽ കോളേജിന്റെ നിർമ്മാണം**

224 (224) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജിന്റെ നിർമ്മാണം പൂർത്തീകരിക്കാൻ ഇനി എത്ര തുക ആവശ്യമുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ തുക ഏതെങ്കിലും ഫണ്ടിൽനിന്ന് അനുവദിച്ചിട്ടുണ്ടോയെന്നും എങ്കിൽ എപ്പോഴാണ് അനുവദിച്ചതെന്നും ഭരണാനുമതി ലഭിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ;

(സി) ഭരണാനുമതി ലഭിച്ചിട്ടില്ലെങ്കിൽ കാലതാമസത്തിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കാമോ?

(എ-സി) 08-08-2017-ലെ സ.ഉ(സാധാ)നം.2224/2017/ആ.കു.വ. ഉത്തരവ് പ്രകാരം ആശുപത്രി ബ്ലോക്കിന്റെ നിർമ്മാണ പ്രവൃത്തികൾക്കായി 95,08,75,877/- രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ടി പ്രവൃത്തി നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ചെയ്തിരുന്നത്. അതിൽ 58.1825 കോടി രൂപ നബാർഡ് ഷെയറും ബാക്കി 36.905 കോടി രൂപ സ്റ്റേറ്റ്

ഷെയറുമാണ്. ആശുപത്രി കെട്ടിട നിർമ്മാണത്തിനും ഫയർ ഫൈറ്റിംഗ് ജോലികൾക്കുമായി 53.75 കോടി രൂപയോളം ഇനി ആവശ്യമാണ്. 08-01-2015-ലെ GO(Rt)No.16/2014/Pl ഉത്തരവ് പ്രകാരം കാസർഗോഡ് വികസന പാക്കേജിൽ ഉൾപ്പെടുത്തി അക്കാദമിക് ബ്ലോക്കിന്റെ നിർമ്മാണ പ്രവൃത്തികൾക്കായി 25 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. അക്കാദമിക് ബ്ലോക്കിന്റെ ഇലക്ട്രിക്കൽ, ഇ.എൽ.വി. വർക്കുകൾ, അഗ്നിസുരക്ഷാ സംവിധാനം തുടങ്ങിയവയ്ക്കായി 17-02-2017-ലെ GO(Ms)No.8/2017/Plg ഉത്തരവ് പ്രകാരം 523.04 ലക്ഷം രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. കാസർഗോഡ് ഡെവലപ്മെന്റ് പാക്കേജിൽനിന്നും തുക ചെലവഴിച്ച് പാർപ്പിട സൗകര്യങ്ങൾ സജ്ജമാക്കുന്നതിന് 29 കോടി രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. 06-08-2021-ലെ സ.ഉ.(സാധാ)നം.1689/2021/ആ.കു.വ. ഉത്തരവ് പ്രകാരം കാസർഗോഡ് മെഡിക്കൽ കോളേജിലെ നിർമ്മാണ പ്രവൃത്തികൾക്കായി കിഫ്ബി മുഖേന 160,23,40,367/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതിയിൽ താഴെപ്പറയുന്ന വർക്കുകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

ആശുപത്രിയുടെ ഇലക്ട്രിക്കൽ/മെക്കാനിക്കൽ വർക്കുകൾ, ബോയ്സ് ഹോസ്റ്റൽ, ബോയ്സ് ഇന്റേൺസ് ഹോസ്റ്റൽ, ഗേൾസ് ഹോസ്റ്റൽ, ഗേൾസ് ഇന്റേൺസ് ഹോസ്റ്റൽ, അദ്ധ്യാപക ക്വാർട്ടേഴ്സ്, അനദ്ധ്യാപക ക്വാർട്ടേഴ്സ് എന്നിവയുടെ സിവിൽ, ഇലക്ട്രിക്കൽ, മെക്കാനിക്കൽ വർക്കുകൾ, റോഡ് ലാൻഡ്സ്കേപ്പിംഗ് വർക്കുകൾ, ലേഡീസ് ഹോസ്റ്റൽ, സ്റ്റാഫ് ക്വാർട്ടേഴ്സ് എന്നിവയുടെ ഇലക്ട്രിക്കൽ/മെക്കാനിക്കൽ വർക്കുകൾ, ആശുപത്രിക്കായുള്ള ഉപകരണങ്ങൾ, ഫർണിച്ചർ എന്നിവയുടെ വാങ്ങൽ, ലൈബ്രറി, ഓഡിറ്റോറിയം, പ്രവേശന കവാടം എന്നിവയുടെ നിർമ്മാണം, മാലിന്യസംസ്കരണ പ്ലാന്റിന്റെ നിർമ്മാണം.

(ഡി) പ്രസ്തുത മെഡിക്കൽ കോളേജിൽ ഇതുവരെ നടന്ന നിർമ്മാണ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നും ഇതിനുവേണ്ടി എത്ര തുക ചെലവഴിച്ചുവെന്നും ഏതെല്ലാം ഫണ്ടിൽനിന്നാണ് തുക അനുവദിച്ചതെന്നും വ്യക്തമാക്കാമോ?

പ്രസ്തുത മെഡിക്കൽ കോളേജിൽ ഇതുവരെ അക്കാദമിക് ബ്ലോക്ക് നിർമ്മാണം (സിവിൽ, ഇലക്ട്രിക്കൽ, മെക്കാനിക്കൽ), ഹോസ്പിറ്റൽ ബ്ലോക്ക്

നിർമ്മാണം (സിവിൽ), റെസിഡൻഷ്യൽ ഫെസിലിറ്റീസ് നിർമ്മാണം (സിവിൽ) തുടങ്ങിയ പ്രവൃത്തികൾ നടന്നിട്ടുണ്ട്. ഇവയിൽ പല പ്രവൃത്തികളും ഇപ്പോഴും നടന്നുവരികയും ചെയ്യുന്നു. ഇതിനുവേണ്ടി കെ.ഡി.പി., നബാർഡ്, സ്റ്റേറ്റ് പ്ലാൻ ഫണ്ട് എന്നിവ വഴി കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി നാളിതുവരെ 46,71,36,941/- രൂപ ആശുപത്രി കെട്ടിടത്തിന്റെ നിർമ്മാണത്തിനുവേണ്ടി ചെലവഴിച്ചിട്ടുണ്ട്. കൂടാതെ കാസർഗോഡ് മെഡിക്കൽ കോളേജിന്റെ അക്കാദമിക് ബ്ലോക്കിന്റെ സിവിൽ, ഇലക്ട്രിക്കൽ, ഫയർ ഫൈറ്റിംഗ്, ഇ.എൽ.വി, വെന്റിലേഷൻ സിസ്റ്റം, ഗേൾസ് ഹോസ്റ്റൽ, അദ്ധ്യാപക ക്വാർട്ടേഴ്സ് എന്നീ ജോലികൾക്കായി കാസർഗോഡ് വികസന പാക്കേജിൽനിന്നും 36,96,03,389/- രൂപയും ചെലവഴിച്ചിട്ടുണ്ട്.

(ഇ) ഹോസ്പിറ്റൽ നിർമ്മാണം ഇപ്പോൾ ഏതുഘട്ടത്തിലാണെന്നും പ്രവൃത്തി നടക്കുന്നുണ്ടോയെന്നും ഇല്ലായെങ്കിൽ അതിനുള്ള കാരണമെന്താണെന്നും വ്യക്തമാക്കാമോ?

ഹോസ്പിറ്റൽ ബ്ലോക്കിന്റെ 50% ജോലികൾ പൂർത്തിയായിട്ടുണ്ട്. നിർമ്മാണം പുരോഗമിച്ചുവരുന്നു.

(എഫ്) ഹോസ്പിറ്റൽ നിർമ്മാണം എത്ര രൂപയ്ക്കാണ് കരാർ നൽകിയതെന്നും കരാർ കമ്പനി ഏതാണെന്നും ഇതുവരെ ചെയ്ത പ്രവൃത്തിയുടെ തുക എത്രയാണെന്നും കരാർ കമ്പനിക്ക് കുടിശ്ശിക ഉണ്ടോയെന്നും വ്യക്തമാക്കാമോ?

കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജിന്റെ ഹോസ്പിറ്റൽ ബ്ലോക്ക് നിർമ്മാണത്തിന്റെ കരാർ നൽകിയിരിക്കുന്നത് മെസ്സേഴ്സ് ആർ.ആർ. തുളസി ബിൽഡേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കൺസ്ട്രക്ഷൻ കമ്പനിക്കാണ്. നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സമർപ്പിച്ച ബില്ലുകളിന്മേൽ കോൺട്രാക്ടർക്ക് 69,05,181/- രൂപ മാത്രമേ നൽകാനുള്ളൂ.

(ജി) പ്രസ്തുത മെഡിക്കൽ കോളേജിൽ ഇനി അവശേഷിക്കുന്ന പ്രവൃത്തികൾ ഏതൊക്കെയാണെന്നും അവ പൂർത്തീകരിച്ച് മെഡിക്കൽ കോളേജ് എപ്പോൾ യാഥാർത്ഥ്യമാകുമെന്നും വ്യക്തമാക്കാമോ?

കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജിൽ ഇനി അവശേഷിക്കുന്ന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു:

ഹോസ്പിറ്റൽ ബ്ലോക്കിന്റെ നിർമ്മാണം, ബോയ്സ് ഹോസ്റ്റൽ, ബോയ്സ് ഇന്റേൺസ് ഹോസ്റ്റൽ, ഗേൾസ് ഹോസ്റ്റൽ, ഗേൾസ് ഇന്റേൺസ് ഹോസ്റ്റൽ, അദ്ധ്യാപക ക്വാർട്ടേഴ്സ്, അനദ്ധ്യാപക ക്വാർട്ടേഴ്സ് എന്നിവയുടെ സിവിൽ, ഇലക്ട്രിക്കൽ, മെക്കാനിക്കൽ വർക്കുകൾ, റോഡ് ലാൻഡ്സ്കേപ്പിംഗ് വർക്കുകൾ, ലേഡീസ് ഹോസ്റ്റൽ, സ്റ്റാഫ് ക്വാർട്ടേഴ്സ് എന്നിവയുടെ ഇലക്ട്രിക്കൽ/മെക്കാനിക്കൽ വർക്കുകൾ, ആശുപത്രിക്കായുള്ള ഉപകരണങ്ങൾ, ഫർണിച്ചർ തുടങ്ങിയവയുടെ വാങ്ങൽ, ലൈബ്രറി, ഓഡിറ്റോറിയം, പ്രവേശന കവാടം എന്നിവയുടെ നിർമ്മാണം, മാലിന്യ സംസ്കരണ പ്ലാന്റിന്റെ നിർമ്മാണം. നിർമ്മാണ പ്രവൃത്തികൾ എത്രയുംവേഗം പൂർത്തീകരിച്ച് മെഡിക്കൽ കോളേജിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ സ്വീകരിച്ചുവരുന്നു.

## മെഡിക്കൽ കോളേജുകളിൽനിന്ന് ഡിസ്ചാർജ് ചെയ്യപ്പെടുന്ന രോഗികളുടെ പ്രയാസങ്ങൾ

225 (225) ശ്രീ. ഇ. കെ. വിജയൻ: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മെഡിക്കൽ കോളേജുകളിൽനിന്നും ഡിസ്ചാർജ് ചെയ്യപ്പെടുന്ന രോഗികൾക്ക് സി.ടി. സ്കാൻ പോലുള്ള റിപ്പോർട്ടുകൾ യഥാസമയം ലഭിക്കാത്തതിനാൽ ഇൻഷ്വറൻസ് ക്ലിയറൻസ് ആകാതെ ദിവസങ്ങളോളം ആശുപത്രിയിൽ തുടരേണ്ട ദുരവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ആശുപത്രികളിൽനിന്നും ഡിസ്ചാർജ് ചെയ്യപ്പെടുന്ന രോഗികൾക്ക് സി.ടി. സ്കാൻ പോലുള്ള റിപ്പോർട്ടുകൾ യഥാസമയം ലഭ്യമാക്കുന്നുണ്ട്. അടിയന്തര സ്വഭാവമുള്ള സി.ടി. സ്കാൻ റിപ്പോർട്ടുകൾ ഉടനടിയും ഇലക്ടീവ് സ്വഭാവമുള്ള സി.ടി. സ്കാൻ റിപ്പോർട്ടുകൾ അടുത്ത ദിവസവും നൽകുന്നു. ഇൻഷ്വറൻസ് ക്ലിയറൻസ്

ആകാതെ ദിവസങ്ങളോളം ആശുപത്രിയിൽ തുടരേണ്ട അവസ്ഥയുണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**കണ്ണൂർ മെഡിക്കൽ കോളേജിലെ ട്രോമാകെയർ ഒന്നാംഘട്ട പ്രവൃത്തി**

226 (226) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ മെഡിക്കൽ കോളേജിൽ 88.4 കോടി രൂപയുടെ സാങ്കേതികാനുമതി ലഭ്യമായ ട്രോമാകെയർ ഒന്നാംഘട്ട പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയും; വിശദാംശം ലഭ്യമാക്കാമോ?

കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിന്റെ സമഗ്ര വികസനത്തിനായി 24-01-2020-ലെ GO(Rt)No.181/2020/H&FWD ഉത്തരവ് പ്രകാരം കിഫ്ബി മുഖേന 124.95 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിൽ ട്രോമാകെയർ ഒന്നാം ഘട്ടം (57.69 കോടി), ട്രോമ കെയർ രണ്ടാം ഘട്ടം (37.48 കോടി), മെയിന്റനൻസ് ഒന്നാം ഘട്ടം (29.78 കോടി) എന്നിവ ഉൾപ്പെടുന്നു. ഈ പ്രവൃത്തികളിൽ ട്രോമകെയർ ഒന്നാം ഘട്ടത്തിനായി 51.297

കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബി ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് നിർവ്വഹണ ഏജൻസി ചെന്നൈ ഐ.ഐ.ടി.-യിൽ സമർപ്പിച്ചിട്ടുള്ള ആർക്കിടെക്ചറൽ ഡ്രോയിംഗ്സ് (Structural) സൂക്ഷ്മ പരിശോധന നടത്തി റിപ്പോർട്ട് ലഭ്യമാക്കി സാങ്കേതികാനുമതി നൽകേണ്ടതുണ്ട്.

(ബി) പ്രസ്തുത മെഡിക്കൽ കോളേജിൽ 35.52 കോടി രൂപ ചെലവഴിച്ച് നിർമ്മിക്കുന്ന മെയിന്റനൻസ് ഒന്നാംഘട്ട പ്രവൃത്തിയുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

കണ്ണൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിൽ മെയിന്റനൻസ് ഒന്നാംഘട്ട പ്രവൃത്തിയുടെ 65% പൂർത്തീകരിച്ചിട്ടുണ്ട്.

**വയനാട് മെഡിക്കൽ കോളേജ് ആരംഭിക്കാൻ നടപടി**

227 (227) <u>ശ്രീ. ഒ. ആർ. കേളു</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് മെഡിക്കൽ കോളേജ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന മാനന്തവാടി താലൂക്കിലെ പേരിയ വില്ലേജിലെ ഭൂമിയിൽ ഏതെങ്കിലും

തരത്തിലുള്ള തടസ്സങ്ങളുള്ളതായി ആരോഗ്യ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

(എ&ബി) മാനന്തവാടി താലൂക്കിൽ, ബോയ്സ് ടൗണിൽ ഗ്ലെൻ ലെവൽ എസ്റ്റേറ്റിൽനിന്നും സർക്കാർ ഏറ്റെടുത്തതും ആരോഗ്യ വകുപ്പിന്റെ ഉടമസ്ഥതയിലുള്ളതുമായ 65 ഏക്കർ ഭൂമി വയനാട് സർക്കാർ മെഡിക്കൽ കോളേജിന്റെ നിർമ്മാണത്തിനായി അനുവദിക്കുകയുണ്ടായി. എന്നാൽ പ്രസ്തുത ഭൂമി സർക്കാർ ഏറ്റെടുത്തതിനെതിരെ എസ്റ്റേറ്റ് ഉടമകൾ സമർപ്പിച്ച W.A.No.196&500 of 2016 കേസിൽ ബഹുമാനപ്പെട്ട ഹൈക്കോടതി 10-06-2022-ൽ പുറപ്പെടുവിച്ച വിധിയിൽ, ഭൂമി ഏറ്റെടുത്തുകൊണ്ടുള്ള സർക്കാർ ഉത്തരവ് അസാധുവാക്കുകയുണ്ടായി. ആയതുപ്രകാരം സർക്കാരിന് നിലവിൽ ടി ഭൂമിയിൽ ഉടമസ്ഥാവകാശമില്ല. എന്നാൽ പ്രസ്തുത വിധിക്കെതിരെ ബഹുമാനപ്പെട്ട സുപ്രീംകോടതി മുൻപാകെ SLP(C)99-100/2023 നമ്പർ പ്രകാരം സർക്കാർ അപ്പീൽ സമർപ്പിച്ചിട്ടുണ്ട്.

(സി) പ്രസ്തുത മെഡിക്കൽ കോളേജിൽ അടുത്ത അധ്യയന വർഷം മുതൽ പ്രവേശനം നൽകുന്നതിന് വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

മാനന്തവാടി ജില്ലാ ആശുപത്രിയോട് ചേർന്ന് നഴ്സിംഗ് സ്കൂളിനുവേണ്ടി പണികഴിപ്പിച്ച മൂന്നുനില കെട്ടിടത്തിൽ മെഡിക്കൽ കോളേജിന്റെ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് പ്രവർത്തിച്ചുവരുന്നു. ജില്ലാ ആശുപത്രിക്കുവേണ്ടി നബാർഡ് മുഖേന പണികഴിപ്പിച്ച ഏഴുനില കെട്ടിടം പൂർത്തിയാകുന്നമുറയ്ക്ക് ആദ്യ വർഷത്തെ നാല് വിഷയങ്ങൾക്കുള്ള ഡിപ്പാർട്ട്മെന്റുകൾ ആരംഭിക്കാവുന്നതാണ്. അടുത്ത അദ്ധ്യയന വർഷത്തേയ്ക്ക് നാഷണൽ മെഡിക്കൽ കമ്മീഷന്റെ അംഗീകാരം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**മെഡിക്കൽ കോളേജുകളുടെ സേവന ഗുണനിലവാരം മെച്ചപ്പെടുത്താൻ നടപടി**

228 (228) <u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:</u>

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ:</u>

ശ്രീ. തോമസ് കെ. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ സേവന ഗുണനിലവാരം മെച്ചപ്പെടുത്താനുള്ള പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിലെ ചികിത്സയും അനുബന്ധ സേവനങ്ങളും മെഡിക്കൽ വിദ്യാഭ്യാസവും കൂടുതൽ ഗുണനിലവാരമുള്ളതാക്കുകയെന്ന ലക്ഷ്യത്തോടെ സർക്കാർ മെഡിക്കൽ കോളേജുകളിൽ 'ക്വാളിറ്റി ഇംപ്രൂവ്മെന്റ് ഇനിഷ്യേറ്റീവ് പദ്ധതി' എന്ന പേരിൽ ഒരു പദ്ധതി ആരംഭിക്കുകയും ആദ്യഘട്ടമായി ഒരു പൈലറ്റ് പ്രോജക്ട് എന്ന നിലയിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഈ പദ്ധതി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനുവേണ്ടി സർക്കാർതലത്തിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ഒരു മേൽനോട്ട സമിതി

രൂപീകരിക്കുകയും തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഈ പദ്ധതി നടപ്പാക്കുന്നതിന് മേൽനോട്ട സമിതി സർക്കാർ തലത്തിലും മറ്റ് തലങ്ങളിലും നിരവധി തവണ യോഗം ചേരുകയും ചെയ്തിട്ടുണ്ട്.

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ക്വാളിറ്റി ഇംപ്രൂവ്മെന്റ് ഇനിഷ്യേറ്റീവ് പദ്ധതി നടപ്പാക്കിയതിനെത്തുടർന്ന് താഴെപ്പറയുന്ന മാറ്റങ്ങൾ കൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്.

1. കാഷ്വാലിറ്റി പുതിയ കെട്ടിടത്തിലേയ്ക്ക് ഷിഫ്റ്റ് ചെയ്ത് ട്രയാജ് സംവിധാനം ഏർപ്പെടുത്തി.

2. രോഗികൾക്ക് സേവനം നൽകുന്നതുമായി ബന്ധപ്പെട്ട് 'ഗ്യാപ് അനലിസ്റ്റ്' നടത്തി കണ്ടെത്തിയ അപാകതകൾ പരിഹരിച്ചു.

3. കാഷ്വാലിറ്റിയിൽ അസിസ്റ്റന്റ് പ്രൊഫസർമാരുടെ സേവനം ഉറപ്പുവരുത്തി.

4. കാഷ്വാലിറ്റിയിൽ ഇ.സി.ജി., പോർട്ടബിൾ എക്സ്റേ, ചെസ്റ്റ് പെയിൻ യൂണിറ്റ്, സ്ട്രോക്ക് യൂണിറ്റ് എന്നിവ ആരംഭിച്ചു.

5. മെഡിക്കൽ കോളേജിൽ കൂടുതൽ പി.ആർ.ഒ.-മാരെ നിയമിക്കുകയും കൺട്രോൾ റൂം ആരംഭിക്കുകയും ചെയ്തു.

6. സെക്യൂരിറ്റി സേവനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കി.

7. ഇൻഫക്ഷൻ കൺട്രോൾ പ്രോട്ടോക്കോൾ പ്രകാരം കർശനമായി നടപ്പാക്കിത്തുടങ്ങി.

8. ഹോസ്പിറ്റൽ ഡെവലപ്മെന്റ് സൊസൈറ്റി മുഖേന കൂടുതൽ ജീവനക്കാരുടെ സേവനം ഉറപ്പുവരുത്തി.

9. ഇ-ഹെൽത്ത്, ലാബുകളുടെ പ്രവർത്തനം, Patients Directions തുടങ്ങിയവ രോഗീസൗഹൃദമാക്കി.

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പൈലറ്റ് പ്രോജക്ട് എന്ന നിലയിൽ നടപ്പാക്കിയ ക്വാളിറ്റി ഇംപ്രൂവ്മെന്റ് ഇനിഷ്യേറ്റീവ് പദ്ധതി ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ കൂടി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി രൂപീകരിച്ച സംസ്ഥാനതലത്തിലുള്ള കമ്മിറ്റി പുതുതായി ഈ പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്ന ആലപ്പുഴ, കോട്ടയം, എറണാകുളം,

തൃശ്ശൂർ, കോഴിക്കോട് മെഡിക്കൽ കോളേജുകളിലെ പ്രിൻസിപ്പാൾമാരെയും സൂപ്രണ്ടുമാരെയും ഉൾപ്പെടുത്തി വിപുലീകരിക്കുകയുണ്ടായി. ടി പദ്ധതിയുടെ ഫലപ്രദമായ നടത്തിപ്പിനായി സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട ആറ് മെഡിക്കൽ കോളേജുകളിൽ (തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, എറണാകുളം തൃശ്ശൂർ, കോഴിക്കോട്) നോഡൽ ഓഫീസർമാരെ അതത് പ്രിൻസിപ്പൽതലത്തിൽ നിയമിച്ചിട്ടുണ്ട്. കൂടാതെ ഇൻസ്റ്റിറ്റ്യൂഷൻ ലെവൽ ഇംപ്ലിമെന്റേഷൻ കമ്മിറ്റി രൂപീകരിക്കുന്നതിന് മറ്റ് മെഡിക്കൽ കോളേജുകളിൽനിന്നുള്ള രണ്ട് ഫാക്കൽറ്റികളെ ഉൾപ്പെടുത്തി 2-06-2023-ലെ മെ.വി.വ /116/2022/പി-6 നമ്പർ നടപടിക്രമം പ്രകാരം ഉത്തരവായിട്ടുണ്ട്.

ക്വാളിറ്റി ഇംപ്രൂവ്മെന്റ് ഇനിഷ്യേറ്റീവ് പദ്ധതി സംബന്ധിച്ച് സംസ്ഥാനത്തെ എല്ലാ മെഡിക്കൽ കോളേജുകൾക്കുമായി ഒരു പൊതുവായ ഗൈഡ്ലൈൻസ് തയ്യാറാക്കുന്നതിനും അതോടൊപ്പം ഈ പദ്ധതി നടപ്പാക്കുന്നതിന് ഓരോ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് മുൻഗണനാക്രമം നിശ്ചയിച്ചുകൊണ്ട് ഒരു മാർഗ്ഗരേഖയും (Institution Specific Road Map)

തയ്യാറാക്കുന്നതിന് ഇംപ്ലിമെന്റേഷൻ ടീമിനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഈ പ്രവത്തനങ്ങൾ സുസ്ഥിര ഗുണനിലവാരം മെച്ചപ്പെടുത്തൽ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ കൈവരിക്കാൻ കഴിയുന്നതാണ്.

(ബി) മെഡിക്കൽ കോളേജുകളിലെ അത്യാഹിത വിഭാഗം കൂടുതൽ മെച്ചപ്പെടുത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന മെഡിക്കൽ കോളേജുകളിലെ അത്യാഹിത വിഭാഗത്തിന്റെ സേവനം മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

<u>ഗവൺമെന്റ് മെഡിക്കൽ കോളേജ്, തിരുവനന്തപുരം</u>

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ അത്യാഹിത വിഭാഗം നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നു. ട്രോമ, കാർഡിയാക്, സ്ട്രോക്ക് അസുഖബാധിതർക്ക് മെച്ചപ്പെട്ട ചികിത്സ അടിയന്തരമായി ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഗ്രീൻ സോൺ,

യെല്ലോ സോൺ, റെഡ് സോൺ എന്നിങ്ങനെ മൂന്ന് സോണുകളായി തിരിച്ച് അടിയന്തര ചികിത്സ ആവശ്യമായ രോഗികൾക്ക് മെച്ചപ്പെട്ട പരിചരണം ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ അടിയന്തര ചികിത്സ ആവശ്യമായ മറ്റ് രോഗികൾക്കും ഗുണനിലവാരമുള്ള ചികിത്സ ലഭ്യമാക്കുന്നതിനായി എമർജൻസി മെഡിസിൻ ഡിപ്പാർട്ടുമെന്റ് ആരംഭിക്കുകയും മികച്ച ചികിത്സ ഉറപ്പാക്കുകയും ചെയ്തിട്ടുണ്ട്.

<u>ഗവൺമെന്റ് മെഡിക്കൽ കോളേജ്, കൊല്ലം</u>

കൊല്ലം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ അത്യാഹിത വിഭാഗം മെച്ചപ്പെടുത്തുന്നതിനായി പുതുതായി ഒരു ട്രോമാ കെയർ ബ്ലോക്ക് പണിയുന്നതിന്റെ പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ എമർജൻസി മെഡിസിൻ ഡിപ്പാർട്ടുമെന്റ് കൊല്ലം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ആരംഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

<u>ഗവൺമെന്റ് മെഡിക്കൽ കോളേജ്, ആലപ്പുഴ</u>

ആലപ്പുഴ മെഡിക്കൽ കോളേജിന്റെ അത്യാഹിത വിഭാഗം കൂടുതൽ മെച്ചപ്പെടുത്തുന്നതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത്യാധുനിക സൗകര്യങ്ങളോടുകൂടിയ ട്രോമാ കെയറിന്റെ നിർമ്മാണം പൂർത്തിയായിവരുന്നു.

<u>ഗവൺമെന്റ് മെഡിക്കൽ കോളേജ്, കോട്ടയം</u>

അത്യാഹിത വിഭാഗത്തിലെ ആവശ്യകത കണക്കിലെടുത്ത് 50 കിടക്കകളോടുകൂടിയ ക്രിട്ടിക്കൽ കെയർ വിഭാഗം തുടങ്ങുവാൻ 2023-2024 കാലയളവിൽ 23.75 കോടി രൂപയുടെ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. അത്യാഹിതവിഭാഗം മെച്ചപ്പെടുത്തുന്നതിനായി ഡോക്ടർമാർക്കും ജീവനക്കാർക്കും പരിശീലനം നൽകിവരുന്നുണ്ട്. ട്രോമാകെയർ വിഭാഗം ശക്തിപ്പെടുത്തുന്നതിന് "Strengthening Trauma Care facilities in Medical Colleges"പദ്ധതി പ്രകാരം 2023-24 സാമ്പത്തിക വർഷത്തിൽ 25 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

ഗവൺമെന്റ് മെഡിക്കൽ കോളേജ്, കോന്നി

കോന്നി മെഡിക്കൽ കോളേജ് പുതിയ സ്ഥാപനമായതിനാൽ അത്യാഹിത വിഭാഗം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

ഗവൺമെന്റ് മെഡിക്കൽ കോളേജ്, ഇടുക്കി

ഇടുക്കി മെഡിക്കൽ കോളേജിന്റെ പ്രവർത്തനം പ്രാരംഭഘട്ടത്തിലാണ്. മെഡിക്കൽ കോളേജായി മാറ്റിയ ജില്ലാ ആശുപത്രി കെട്ടിടത്തിന്റെ പഴയ ബ്ലോക്കിൽനിന്നും അത്യാഹിത വിഭാഗം പുതിയ ആശുപത്രി ബ്ലോക്ക് 1-ന്റെ നിർമ്മാണം പൂർത്തീകരിച്ച് കൂടുതൽ സൗകര്യപ്രദമായി മാറ്റിസ്ഥാപിച്ചു. ടി കെട്ടിടത്തിൽത്തന്നെ ലാബുകൾ, ഒ.പി., ഐ.പി. എന്നിവ പ്രവർത്തിച്ചുവരുന്നു.

ഗവൺമെന്റ് മെഡിക്കൽ കോളേജ്, എറണാകുളം

എറണാകുളം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ 24x7 അത്യാഹിത വിഭാഗം പ്രവർത്തിക്കുന്നുണ്ട്. കൂടുതൽ ഡോക്ടർമാരുടെ സേവനവും കൂടുതൽ എണ്ണം മെഡിക്കൽ ഉപകരണങ്ങളും അനുബന്ധ

സേവനങ്ങളും ലഭ്യമാക്കി. ആശുപത്രി അത്യാഹിത വിഭാഗം 50 ലക്ഷം രൂപ ചെലവിൽ നവീകരിച്ചു. അത്യാഹിത വിഭാഗം ഫാർമസി വിപുലീകരിച്ചു.

ഗവൺമെന്റ് മെഡിക്കൽ കോളേജ്, തൃശ്ശൂർ

തൃശ്ശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കാഷ്വാലിറ്റി നിലവിലുണ്ട്. അസിസ്റ്റന്റ് പ്രൊഫസറിൽ കുറയാത്ത തസ്തികയിലുള്ള ഡോക്ടർമാരുടെ സേവനം എല്ലാ സമയത്തും ലഭ്യമാക്കുന്നുണ്ട്. ട്രോമാകെയർ യൂണിറ്റിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

ഗവൺമെന്റ് മെഡിക്കൽ കോളേജ്, മഞ്ചേരി

ഈ മെഡിക്കൽ കോളേജ് ആശുപത്രിയിലെ നവീകരിച്ച കാഷ്വാലിറ്റിയുടെ ഒന്നാംഘട്ടം നിർമ്മാണം പൂർത്തിയാക്കി പൊതുജനങ്ങൾക്കായി തുറന്നുനൽകിയിട്ടുണ്ട്. പീഡിയാട്രിക്, സർജറി തുടങ്ങി വിവിധ വിഭാഗങ്ങൾക്കുള്ള ഐ.സി.യു.-വിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ട്രയാജ് സംവിധാനം നടപ്പിലാക്കുന്നതിനും കാഷ്വാലിറ്റിയുടെ സ്ഥലപരിമിതിക്ക് പരിഹാരം കാണുന്നതിനും കിടക്കകളുടെ എണ്ണത്തിന് ആനുപാതികമായി

ജീവനക്കാരെയും സെക്യൂരിറ്റി സ്റ്റാഫിനെയും നിയമിക്കുന്നതിനുമുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

<u>ഗവൺമെന്റ് മെഡിക്കൽ കോളേജ്, കോഴിക്കോട്</u>

കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രിയുടെ അത്യാഹിത വിഭാഗം കൂടുതൽ മെച്ചപ്പെടുത്തിയിട്ടുണ്ട്. കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ മുഴുവൻ സർജിക്കൽ സൂപ്പർ സ്പെഷ്യാലിറ്റികൾക്കും എമർജൻസി ഡിപ്പാർട്ടുമെന്റിനുമായി നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ള PMSSY ബ്ലോക്ക് കെട്ടിടത്തിൽ താഴെപ്പറയുന്ന സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്.

1. കൂടുതൽ റെഡ് ഏരിയ ബെഡുകൾ
2. കൂടുതൽ യെല്ലോ ഏരിയ ബെഡുകൾ
3. പോയിന്റ് ഓഫ് കെയർ ലബോറട്ടറി സംവിധാനം
4. റേഡിയോ ഡയഗ്നോസിസ് വിഭാഗത്തിന്റെ വിവിധ സേവനങ്ങൾ എക്സ്റേ, സി.റ്റി., എം.ആർ.ഐ. തുടങ്ങിയവ
5. രോഗി ബൈസ്റ്റാൻഡേഴ്സ് സൗഹൃദ സംവിധാനങ്ങൾ
6. ലോകോത്തര നിലവാരം പുലർത്തുന്ന ഓപ്പറേഷൻ തിയേറ്ററുകൾ

7. ശസ്ത്രക്രിയയ്ക്ക് മുൻപും ശസ്ത്രക്രിയയ്ക്ക് ശേഷവും പ്രവർത്തിച്ചിരുന്ന ഉന്നതനിലവാരം പുലർത്തുന്ന ഐ.സി.യു.-കൾ
8. എമർജൻസി മെഡിസിൻ ഡിപ്പാർട്ടുമെന്റിനുകീഴിൽ ട്രയാജ് സംവിധാനത്തിന്റെ ശാക്തീകരണം.

ഗവൺമെന്റ് മെഡിക്കൽ കോളേജ്, വയനാട്

മെഡിക്കൽ കോളേജിന്റെ പ്രവർത്തനം പ്രാരംഭദശയിലായതിനാൽ അത്യാഹിത വിഭാഗം കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഗവൺമെന്റ് മെഡിക്കൽ കോളേജ്, കണ്ണൂർ

24 മണിക്കൂറും പ്രവർത്തിക്കുന്ന അത്യാഹിത വിഭാഗത്തിൽ, പ്രത്യേക എമർജൻസി ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ മെച്ചപ്പെട്ട രീതിയിൽ രോഗീപരിചരണം നൽകിവരുന്നുണ്ട്. മറ്റ് ഡിപ്പാർട്ടുമെന്റുകളിലെ യോഗ്യതയുള്ള ഡോക്ടർമാരുടെ സേവനം എമർജൻസി ഡിപ്പാർട്ടുമെന്റിൽ യഥാസമയം ലഭ്യമാക്കിവരുന്നുണ്ട്.

**ഫാർമസിസ്റ്റ്, ലാബ് ടെക്നീഷ്യൻ താത്കാലിക ജീവനക്കാരുടെ മിനിമം വേതനം**

229 (229) ശ്രീ. ജി. സ്റ്റീഫൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആരോഗ്യ കേന്ദ്രങ്ങളിലും വിവിധ സർക്കാർ പ്രോജക്ടുകളിലും താത്കാലികമായി നിയമിക്കുന്ന ഫാർമസിസ്റ്റ്, ലാബ് ടെക്നീഷ്യൻ എന്നിവർക്ക് നിലവിൽ നിശ്ചയിച്ചിട്ടുള്ള പ്രതിമാസ വേതനം നൽകിവരുന്നുണ്ടോ; പ്രതിമാസ വേതനം എത്രയാണെന്ന് അറിയിക്കാമോ;

(ബി) ഈ വിഭാഗം ജീവനക്കാർക്ക് സർക്കാർ നിശ്ചയിക്കുന്ന മിനിമം വേതനം ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ?

(എ&ബി) ആരോഗ്യ വകുപ്പിൽ നാഷണൽ ഹെൽത്ത് മിഷൻ മുഖാന്തരം താത്കാലികമായി നിയമിക്കുന്ന ഫാർമസിസ്റ്റ്, ലാബ് ടെക്നീഷ്യൻ ജീവനക്കാർക്ക് ഗവൺമെന്റ് ഓഫ് ഇന്ത്യ വർഷംതോറും ആർ.ഒ.പി. പ്രകാരം അനുവദിക്കുന്ന ശമ്പളമാണ് നൽകിവരുന്നത്. ആയതുപ്രകാരം പ്രതിമാസ വേതനം 17,000/- രൂപയാണ്. ആശുപത്രി വികസന സമിതി മുഖാന്തരം താത്കാലികമായി നിയമിക്കുന്ന ജീവനക്കാർക്ക് ഓരോ

സ്ഥാപനത്തിന്റെയും എച്ച്.എം.സി. വരുമാനത്തിനനുസൃതമായിട്ടാണ് വേതനം നൽകിവരുന്നത്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലെ സ്ഥാപനങ്ങളിൽ താത്കാലികാടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന ലാബ് ടെക്നീഷ്യൻ തസ്തികയിലെ ജീവനക്കാർക്ക് 11-02-2021-ലെ സ.ഉ(പി)നം.29/2021/ധന. ഉത്തരവ് പ്രകാരമുള്ള 850/- രൂപ ദിവസവേതന നിരക്കിലുള്ള വേതനമാണ് നൽകിവരുന്നത്.

**ആരോഗ്യവകുപ്പിലെ നഴ്സിംഗ് സ്റ്റാഫ് പാറ്റേൺ പരിഷ്കരണം**

230 (230) ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ സ്റ്റാഫ് നഴ്സിംഗ് ഓഫീസർ ഗ്രേഡ്-II തസ്തികയിൽനിന്നും ഗ്രേഡ്-I തസ്തികയിലേയ്ക്ക് പ്രൊമോഷൻ ലഭിച്ചത് എത്ര പേർക്കാണെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

| ജില്ല | സ്ഥാനക്കയറ്റം ലഭിച്ചവരുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 394 |

| | |
|---|---|
| കൊല്ലം | 139 |
| പത്തനംതിട്ട | 102 |
| ആലപ്പുഴ | 172 |
| കോട്ടയം | 160 |
| ഇടുക്കി | 68 |
| എറണാകുളം | 290 |
| തൃശ്ശൂർ | 185 |
| പാലക്കാട് | 228 |
| മലപ്പുറം | 272 |
| കോഴിക്കോട് | 241 |
| വയനാട് | 89 |
| കണ്ണൂർ | 222 |
| കാസർഗോഡ് | 92 |
| ആകെ | 2654 |

(ബി) 'ആർദ്രം' മൂന്നാം ഘട്ടത്തിന്റെ ഭാഗമായി സ്റ്റാഫ് പാറ്റേൺ മാറ്റം വരുത്തിയിട്ടുണ്ടോ; എങ്കിൽ സ്റ്റാഫ് നഴ്സിംഗ് ഓഫീസർ തസ്തിക സൃഷ്ടിച്ചിട്ടുണ്ടോയെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

ഇല്ല.

(സി) ആരോഗ്യ വകുപ്പിലെ രോഗി, നഴ്സ് അനുപാതം കാലാനുസൃതമായി പരിഷ്കരിച്ച് അധിക തസ്തിക സൃഷ്ടിച്ച് നഴ്സുമാരുടെ ജോലിഭാരം കുറയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

2016-21 വരെ മുൻസർക്കാരിന്റെ കാലയളവിൽ 1030 സ്റ്റാഫ് നഴ്സ് തസ്തികകളും ഈ സർക്കാരിന്റെ കാലയളവിൽ 206 സ്റ്റാഫ് നഴ്സ് തസ്തികകളും സൃഷ്ടിച്ച് നിയമനം നടത്തിയിട്ടുണ്ട്. കൂടാതെ 'ആർദ്രം' മാനദണ്ഡമനുസരിച്ച് ഓരോ തലത്തിലുമുള്ള ആരോഗ്യ സ്ഥാപനങ്ങളിലും ഉണ്ടായിരിക്കേണ്ട തസ്തികകൾ പുനർനിർവ്വചിച്ച് ഉത്തരവാകുകയും ആയതിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള രോഗി-നഴ്സ് അനുപാതത്തിനുപരിയായി സ്റ്റാഫ് നഴ്സ് അടക്കമുള്ള തസ്തികകൾ ഘട്ടംഘട്ടമായി സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. കൂടാതെ, ദേശീയ ആരോഗ്യ ദൗത്യം, ആശുപത്രി വികസന സമിതികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയവ മുഖേനയും സ്റ്റാഫ് നഴ്സുമാരെ നിയമിച്ച് നഴ്സുമാരുടെ ജോലിഭാരം കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. നിലവിലുള്ള രോഗി-നഴ്സ് അനുപാതം പരിഷ്കരിക്കുന്നത് സർക്കാരിന്റെ പരിഗണനയിലില്ല.

## ഡെന്റൽ ഹൈജീനിസ്റ്റ് തസ്തിക

231 (231) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ ദന്ത വിഭാഗങ്ങളുള്ള ആശുപത്രികളിൽ ഡെന്റൽ ഹൈജീനിസ്റ്റ് തസ്തികയില്ലാത്ത ആശുപത്രികൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ?

ആരോഗ്യ വകുപ്പിൽ ദന്ത വിഭാഗങ്ങളുള്ള ആശുപത്രികളിൽ ഡെന്റൽ ഹൈജീനിസ്റ്റ് തസ്തികയില്ലാത്ത ആശുപത്രികളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.+

(ബി) ദന്ത വിഭാഗങ്ങളുള്ള എല്ലാ സർക്കാർ ആശുപത്രികളിലും ഡെന്റൽ ഹൈജീനിസ്റ്റുകളെ നിയമിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ഇപ്പോൾ പരിഗണനയിലില്ല.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**കോഴിക്കോട് മെഡിക്കൽ കോളേജിലെ ഡോക്ടർ തസ്തിക**

232 (232) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജിൽനിന്നും ഈ വർഷം എത്ര ഡോക്ടർമാർ വിരമിച്ചിട്ടുണ്ട്; ഇവർക്ക് പകരം ഡോക്ടർമാരെ നിയമിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

14 പേർ വിരമിച്ചിട്ടുണ്ട്. കോഴിക്കോട് മെഡിക്കൽ കോളേജിൽനിന്നും ഈ വർഷം വിരമിച്ച ഡോക്ടർമാരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. അനാട്ടമി വിഭാഗം പ്രൊഫസർ വിരമിച്ചു. പകരം ആളെ നിയമിച്ചിട്ടുണ്ട്.
2. മൈക്രോബയോളജി വിഭാഗം പ്രൊഫസർ വിരമിച്ചു. പകരം ആളെ നിയമിച്ചിട്ടുണ്ട്.
3. സൈക്യാട്രി വിഭാഗത്തിൽനിന്നും 2 പ്രൊഫസർമാർ വിരമിച്ചിട്ടുണ്ട്. ഇതിൽ ഒരു ഒഴിവ് സ്ഥലംമാറ്റം വഴി നികത്തിയിട്ടുണ്ട്. അടുത്ത ഒഴിവ് നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

4. ന്യൂറോളജി ഡിപ്പാർട്ടുമെന്റിൽനിന്നും ഒരു പ്രൊഫസർ വിരമിച്ചിട്ടുണ്ട്. ന്യൂറോളജി വിഭാഗം പ്രൊഫസർ തസ്തികയിൽ മതിയായ യോഗ്യതയുള്ളവരെ ലഭിക്കാത്തതിനാൽ ടി തസ്തികയിൽ അസോസിയേറ്റ് പ്രൊഫസറെ നിയമിച്ചിട്ടുണ്ട്.
5. പീഡിയാട്രിക് സർജറി വിഭാഗത്തിൽനിന്നും ഒരു അസിസ്റ്റന്റ് പ്രൊഫസർ വിരമിച്ചിട്ടുണ്ട്. വേക്കൻസി പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പകരം നിയമനം നടന്നിട്ടില്ല.
6. ജനറൽ സർജറി വിഭാഗത്തിൽനിന്നും ഒരു അസോസിയേറ്റ് പ്രൊഫസർ വിരമിച്ചിട്ടുണ്ട്. പകരം ആളിനെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.
7. ഒ.&ജി. വിഭാഗത്തിൽ ഒരു അസോസിയേറ്റ് പ്രൊഫസർ വിരമിച്ചു. താത്കാലിക സ്ഥാനക്കയറ്റത്തിന് നടപടികൾ സ്വീകരിച്ചുവരുന്നു.
8. ഇ.എൻ.ടി. വിഭാഗത്തിൽ ഒരു പ്രൊഫസസർ വിരമിച്ചു. ടി ഒഴിവ് സ്ഥാനക്കയറ്റം നൽകി നികത്തിയിട്ടുണ്ട്.

9. ഇ.എൻ.ടി. വിഭാഗത്തിൽ ഒരു അസിസ്റ്റന്റ് പ്രൊഫസർ വിരമിച്ചിട്ടുണ്ട്. ടി ഒഴിവിലേയ്ക്ക് പൊതുസ്ഥലംമാറ്റം മുഖേന പകരം ആളിനെ നിയമിച്ചിട്ടുണ്ട്.

10. ന്യൂക്ലിയാർ മെഡിസിനിൽ ഒരു പ്രൊഫസറും പൾമണറി മെഡിസിനിൽ ഒരു പ്രൊഫസറും വിരമിച്ചു. പൾമണറി മെഡിസിൻ പ്രൊഫസർ നിയമനം നടത്തിയിട്ടുണ്ട്. ന്യൂക്ലിയാർ മെഡിസിനിൽ പ്രൊഫസർ നിയമനത്തിനായുള്ള ഒഴിവ് നികത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

11. ജെനിറ്റോ യൂറിനറി സർജറി വിഭാഗത്തിൽനിന്നും ഒരു അസോസിയേറ്റ് പ്രൊഫസർ വിരമിച്ചിട്ടുണ്ട്. ടി ഒഴിവ് സ്ഥലംമാറ്റം മുഖേന നികത്തിയിട്ടുണ്ട്.

12. കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിലെ പ്രിൻസിപ്പാൾ ഈ വർഷം വിരമിച്ചിട്ടുണ്ട്. പകരം പ്രിൻസിപ്പാളിനെ നിയമിച്ചിട്ടുണ്ട്.

(ബി) കോഴിക്കോട് മെഡിക്കൽ കോളേജിൽ ഏറ്റവും കൂടുതൽ രോഗികൾ എത്തുന്ന ഓർത്തോ വിഭാഗത്തിൽ ഡോക്ടർമാരുടെ കുറവ്

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ, ആശുപത്രികളുടെ സുഗമമായ പ്രവർത്തനത്തിനായി പി.എസ്.സി. വഴി നിയമനങ്ങൾ നടക്കുന്നതുവരെ എൻട്രി കേഡർ അദ്ധ്യാപക തസ്തികകൾ കരാർ വ്യവസ്ഥയിൽ നിയമിക്കുന്നതിന് മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾമാർക്ക് അനുമതി നൽകിയിട്ടുണ്ട്.

**പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിൽ സ്റ്റാഫ് പാറ്റേൺ അനുസരിച്ചുള്ള തസ്തികകൾ നികത്താൻ നടപടി**

233 (233) <u>ശ്രീ. നജീബ് കാന്തപുരം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിൽ സ്റ്റാഫ് പാറ്റേൺ അനുസരിച്ചുള്ള തസ്തികകൾ നികത്തിയിട്ടില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ആശുപത്രിയിൽ സ്റ്റാഫ് പാറ്റേൺ അനുസരിച്ചുള്ള തസ്തികകൾ നികത്താത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത ആശുപത്രിയിൽ സ്റ്റാഫ് പാറ്റേൺ അനുസരിച്ചുള്ള തസ്തികകൾ അടിയന്തരമായി നികത്തുന്നതിന് നടപടി സ്വീകരിക്കുമോ?

(എ-സി) പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിലെ ഒഴിവുള്ള തസ്തികകളായ ആശുപത്രി സൂപ്രണ്ട്, കൺസൾട്ടന്റ് (ജനറൽ മെഡിസിൻ, ജനറൽ സർജറി), നഴ്സിംഗ് അസിസ്റ്റന്റ്, ഹെഡ് നഴ്സ് എന്നീ തസ്തികകളിലെ ഒഴിവുകൾ സ്ഥാനക്കയറ്റം മുഖേന നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

നഴ്സിംഗ് സൂപ്രണ്ട് ഗ്രേഡ് I-ന്റെ ഒഴിവ് സ്ഥലമാറ്റം വഴി നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. സ്റ്റാഫ് നഴ്സിന്റെ ഒഴിവിന് പി.എസ്.സി. നിയമന ശിപാർശ ലഭ്യമായിട്ടുണ്ട്. ഡ്രൈവർ തസ്തികയിലെ ഒഴിവ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് II-ന്റെ ഒഴിവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്/സ്ഥാനക്കയറ്റം മുഖേന നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. നിലവിൽ അഡ്ഹോക്

വ്യവസ്ഥയിൽ ജീവനക്കാർ ജോലി ചെയ്തുവരുന്നു. ഡെന്റൽ അസിസ്റ്റന്റ് സർജൻ, കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ എന്നീ തസ്തികകളിൽ നിയമനം നടത്തിയെങ്കിലും ജീവനക്കാർ കോടതി വ്യവഹാരം കാരണം ജോലിയിൽ പ്രവേശിച്ചിട്ടില്ല.

**ജീവനക്കാരുടെ ഒഴിവ് നികത്തുന്നതിന് നടപടി**

234 (234) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന ആശുപത്രികളിൽ ജീവനക്കാരുടെ ഒഴിവുകൾ നിലവിലുണ്ടോ; എങ്കിൽ ഏതെല്ലാം തസ്തികകളിലാണെന്ന് വ്യക്തമാക്കാമോ?

വർക്കല നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന ആശുപത്രികളിൽ ജീവനക്കാരുടെ ഒഴിവുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

താലൂക്ക് ആശുപത്രി, വർക്കല

| ക്രമ നം. | തസ്തിക | ഒഴിവുകളുടെ എണ്ണം |
|---|---|---|
| 1 | കൺസൾട്ടന്റ് ജനറൽ മെഡിസിൻ | 1 |

| | | |
|---|---|---|
| 2 | കൺസൾട്ടന്റ് ഗൈനക്കോളജി | 1 |
| 3 | ഡ്രൈവർ | 1 |
| 4 | സ്റ്റാഫ് നഴ്സ് | 3 |
| 5 | ആശുപത്രി അറ്റൻഡന്റ് Gr II | 5 |

## കുടുംബാരോഗ്യ കേന്ദ്രം, മടവൂർ

| ക്രമ നം. | തസ്തിക | ഒഴിവുകളുടെ എണ്ണം |
|---|---|---|
| 1 | ആശുപത്രി അറ്റൻഡന്റ് Gr II | 1 |
| 2 | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I | 1 |

## പ്രാഥമിക ആരോഗ്യ കേന്ദ്രം, നാവായിക്കുളം

| ക്രമ നം. | തസ്തിക | ഒഴിവുകളുടെ എണ്ണം |
|---|---|---|
| 1 | ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് | 1 |

## സാമൂഹികാരോഗ്യ കേന്ദ്രം, പള്ളിക്കൽ

| ക്രമ നം. | തസ്തിക | ഒഴിവുകളുടെ എണ്ണം |
|---|---|---|
| 1 | സിവിൽ സർജൻ | 1 |

## കുടുംബാരോഗ്യ കേന്ദ്രം, തോണിപ്പാറ

| ക്രമ നം. | തസ്തിക | ഒഴിവുകളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| 1 | ക്ലർക്ക് | 1 |
| 2 | നഴ്സിംഗ് അസിസ്റ്റന്റ് | 1 |

<u>പ്രാഥമിക ആരോഗ്യ കേന്ദ്രം, വെട്ടൂർ</u>

| ക്രമ നം. | തസ്തിക | ഒഴിവുകളുടെ എണ്ണം |
|---|---|---|
| 1 | ആശുപത്രി അറ്റൻഡന്റ് Gr.II | 1 |
| 2 | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ Gr.II | 1 |

(ബി) പ്രസ്തുത തസ്തികകളിൽ അടിയന്തരമായി നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

ഡ്രൈവർ, സ്റ്റാഫ് നഴ്സ് ഗ്രേഡ് - II, ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് -II, ക്ലാർക്ക്, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് - II എന്നീ തസ്തികകളിലെ ഒഴിവുകൾ പി.എസ്.സി.-യിൽ നിന്നും നിയമന ശിപാർശ ലഭിക്കുന്നമുറയ്ക്ക് നികത്തുന്നതാണ്. ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് - II തസ്തികയിലെ ഒഴിവ് നികത്തുന്നതിന് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ലഭിച്ചിരിക്കുന്ന ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ അഭിമുഖം നടത്തി യോഗ്യരായവരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. നഴ്സിംഗ്

അസിസ്റ്റന്റ് ഗ്രേഡ് - II തസ്തികയിലേയ്ക്ക് ആശുപത്രി അറ്റൻഡന്റ് തസ്തികയിൽനിന്നും സ്ഥാനക്കയറ്റം നടത്തി ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൺസൾട്ടന്റ് ജനറൽ മെഡിസിൻ, കൺസൾട്ടന്റ് ഗൈനക്കോളജി, സിവിൽ സർജൻ തസ്തികയിലെ ഒഴിവുകൾ സ്ഥാനക്കയറ്റം മുഖേന നിയമനം നടത്തുന്നതിനുള്ള അടിയന്തര നടപടി സ്വീകരിച്ചിട്ടുണ്ട്. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് - I തസ്തികയിലെ ഒഴിവ് നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് - I തസ്തികയിലെ ഒഴിവ് കോടതി വ്യവഹാരം അവസാനിക്കുന്ന മുറയ്ക്ക് നികത്തുന്നതാണ്.

**ഹോമിയോപ്പതി വകുപ്പിലെ ചീഫ് മെഡിക്കൽ ഓഫീസർ തസ്തിക**

235 (235) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ ജില്ലകളിൽ ഹോമിയോപ്പതി വകുപ്പിൽ അനുവദിക്കപ്പെട്ട ചീഫ് മെഡിക്കൽ ഓഫീസർ തസ്തിക സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

തിരുവനന്തപുരം-17, കൊല്ലം-14, പത്തനംതിട്ട-10, ആലപ്പുഴ-9, കോട്ടയം-9, ഇടുക്കി-3, എറണാകുളം-16, തൃശ്ശൂർ-14, പാലക്കാട്-8, മലപ്പുറം-7, കോഴിക്കോട്-9, വയനാട്-4, കണ്ണൂർ-6, കാസർഗോഡ്-2.

(ബി) പ്രസ്തുത തസ്തികകൾ അനുവദിക്കുന്നതിന് ഹോമിയോപ്പതി വകുപ്പിൽ പ്രത്യേക മാനദണ്ഡങ്ങൾ നിലവിലുണ്ടോ; വിശദമാക്കാമോ?

ഹോമിയോപ്പതി സ്പെഷ്യൽ റൂൾ (13-09-2018-ലെ ജി.ഒ. (പി) നം. 17/2018/ആയുഷ്) പ്രകാരം പ്രത്യേക മാനദണ്ഡങ്ങൾ നിലവിലില്ല.

(സി) പ്രസ്തുത വകുപ്പിൽ കാസർഗോഡ് ജില്ലയിലെ ഏതൊക്കെ ബ്ലോക്ക് പഞ്ചായത്തുകളിലെ ഏതൊക്കെ ഡിസ്പെൻസറികളിലാണ് ചീഫ് മെഡിക്കൽ ഓഫീസർമാരുടെ തസ്തികകളുള്ളതെന്ന് വ്യക്തമാക്കാമോ?

1. കാഞ്ഞങ്ങാട് ബ്ലോക്കിലെ അജാനൂർ ഗ്രാമപഞ്ചായത്തിലെ സർക്കാർ ഹോമിയോ ഡിസ്പെൻസറി, അജാനൂർ.

2. കാഞ്ഞങ്ങാട് ബ്ലോക്കിലെ പള്ളിക്കര ഗ്രാമപഞ്ചായത്തിലെ സർക്കാർ ഹോമിയോ ഡിസ്പെൻസറി, പള്ളിക്കര.

(ഡി) ജില്ലയുടെ പ്രത്യേക സാഹചര്യങ്ങൾ പരിഗണിച്ച് സി.എം.ഒ. തസ്തികകളുടെ എണ്ണം എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലും കൂടുതലായി അനുവദിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

പ്രസ്തുത വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

**കുറ്റ്യാടി താലൂക്കാശുപത്രിയിലെ ഒഴിവുകൾ നികത്താൻ നടപടി**

236 (236) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി താലൂക്കാശുപത്രിയിൽ നിലവിൽ എത്ര തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ട് എന്നറിയിക്കാമോ?

കുറ്റ്യാടി താലൂക്ക് ആശുപത്രിയിൽ 7 ഒഴിവുകൾ നിലവിലുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| തസ്തിക | ഒഴിവുകളുടെ എണ്ണം |
|---|---|
| അസിസ്റ്റന്റ് സർജൻ | 1 |
| ഹെൽത്ത് സൂപ്പർവൈസർ | 1 |
| പബ്ലിക് ഹെൽത്ത് നഴ്സിംഗ് സൂപ്പർവൈസർ | 1 |

| | |
|---|---|
| പബ്ലിക് ഹെൽത്ത് നഴ്സ് | 1 |
| ജെ.പി.എച്ച്.എൻ. ഗ്രേഡ് - I | 2 |
| നഴ്സിംഗ് അസിസ്റ്റന്റ് | 1 |

(ബി) ഗൈനക്കോളജിസ്റ്റിന്റെ അഭാവം കാരണം കുറ്റ്യാടി താലൂക്ക് ആശുപത്രിയിൽ പ്രസവകേസുകൾ അറ്റൻഡ് ചെയ്യാൻ സാധിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) ദീർഘകാലമായി നിലനിൽക്കുന്ന ഈ ഒഴിവ് കാരണം കുറ്റ്യാടി നിയോജകമണ്ഡലത്തിലെ പാവപ്പെട്ടവരും കർഷകത്തൊഴിലാളികളുമായ സാധാരണക്കാർക്ക് പ്രസവ കേസുകളിൽ വിദൂരത്തുള്ള ആശുപത്രികളെ ആശ്രയിക്കേണ്ടുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ഈ ഒഴിവ് നികത്തുന്നതിന് അടിയന്തരമായി സ്വീകരിക്കുന്ന നടപടിക്രമങ്ങൾ വിശദമാക്കാമോ?

(ബി-ഡി) കുറ്റ്യാടി താലൂക്കാശുപത്രിയിൽ ഗൈനക്കോളജി വിഭാഗത്തിൽ രണ്ട് ജൂനിയർ കൺസൾട്ടന്റ് തസ്തിക നിലവിലുണ്ട്. ടി

തസ്തികയിൽ ഒരാൾ മെഡിക്കൽ അവധിയിൽ പ്രവേശിച്ചതിനാൽ ഒരു ഗൈനക്കോളജിസ്റ്റിന്റെ സേവനം മാത്രമേ നിലവിൽ ലഭിക്കുന്നുള്ളൂ.

**ആരോഗ്യ വകുപ്പിലെ അസിസ്റ്റന്റ് ഡയറക്ടർ (ഫൈലേറിയ) തസ്തികയിലെ നിയമനം**

237 (237) ഡോ. എം. കെ. മുനീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിലെ അസിസ്റ്റന്റ് ഡയറക്ടർ (ഫൈലേറിയ) തസ്തികയിൽ അവസാനമായി നിയമനം നടന്നത് എന്നാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

29-05-2023-ലെ സ.ഉ. (സാധാ) നം.1280/2023/ആ.കു.വ. പ്രകാരമാണ് അസിസ്റ്റന്റ് ഡയറക്ടർ (ഫൈലേറിയ) തസ്തികയിൽ അവസാനമായി നിയമനം നടന്നത്. ടി ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(ബി) പ്രസ്തുത തസ്തികയിൽ നിലവിൽ ഒഴിവുകളുണ്ടോ; എങ്കിൽ എന്ത് കാരണത്താലാണ് നിയമനം നടത്താത്തതെന്ന് വിശദമാക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അസിസ്റ്റന്റ് ഡയറക്ടർ (ഫൈലേറിയ) തസ്തികയിൽ ഒരൊഴിവ് നിലവിലുണ്ട്. ടി തസ്തികയിലെ നിയമനവുമായി ബന്ധപ്പെട്ട് ഡിപ്പാർട്ടുമെന്റൽ പ്രൊമോഷൻ കമ്മിറ്റി കൂടുന്നതിനായുള്ള നടപടി സ്വീകരിച്ചുവരുന്നു. ഡി.പി.സി. നടപടികൾ പൂർത്തിയാകുന്നമുറയ്ക്ക് നിയമനം നടത്തുന്നതാണ്.

(സി) ആരോഗ്യ വകുപ്പിലെ അസിസ്റ്റന്റ് ഡയറക്ടർ എന്റമോളജി, ഫൈലേറിയ എന്നീ തസ്തികകളിലെ നിയമന രീതിയുമായി ബന്ധപ്പെട്ട് ആരോഗ്യ വകുപ്പ് ഡയറക്ടർ സർക്കാരിന് എന്തെങ്കിലും ശിപാർശകൾ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ടി തസ്തികകളിലെ നിയമനരീതിയുമായി ബന്ധപ്പെട്ട ശിപാർശകൾ സർക്കാരിൽ ലഭ്യമായിട്ടില്ല.

(ഡി) അസിസ്റ്റന്റ് ഡയറക്ടർ (ഫൈലേറിയ) തസ്തികയിൽ നിയമനം നടത്തുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

അസിസ്റ്റന്റ് ഡയറക്ടർ (ഫൈലേറിയ) തസ്തികയിൽ ഒരൊഴിവ് നിലവിലുണ്ട്. ടി തസ്തികയിലെ നിയമനവുമായി ബന്ധപ്പെട്ട് ഡിപ്പാർട്ടുമെന്റൽ

പ്രൊമോഷൻ കമ്മിറ്റി കൂടുന്നതിനായുള്ള നടപടി സ്വീകരിച്ചുവരുന്നു. ഡി.പി.സി. നടപടികൾ പൂർത്തിയാകുന്നമുറയ്ക്ക് നിയമനം നടത്തുന്നതാണ്.

**കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ**

238 (238) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എച്ച്.എൽ.എൽ. ലൈഫ് കെയർ ലിമിറ്റഡിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ 25-03-2020, 29-03-2020 എന്നീ തീയതികളിൽ നൽകിയ പർച്ചേസ് ഓർഡറുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ;

(ബി) സാൻ ഫാർമ എന്ന സ്ഥാപനത്തിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ 30-03-2020-ന് നൽകിയ പർച്ചേസ് ഓർഡറിന്റെ പകർപ്പ് ലഭ്യമാക്കാമോ?

(എ&ബി) മറുപടി അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**സർക്കാർ ഉത്തരവ് നടപ്പിലാക്കുന്നതിന് നടപടി**

239 (239) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ കുടുംബക്ഷേമ (എഫ്) വകുപ്പിന്റെ 04-05-2018-ലെ സ.ഉ.(സാധാ)നമ്പർ1493/2018/ആ.കു.വ. ഉത്തരവ് നടപ്പിലാക്കാത്തത് എന്തുകൊണ്ടാണെന്ന് അറിയിക്കാമോ?

പയ്യന്നൂർ മുനിസിപ്പാലിറ്റിയിലെ 41 വാർഡുകളുടെ ഫീൽഡ് ചുമതല പഴയങ്ങാടി താലൂക്കാശുപത്രിയുടെ നിയന്ത്രണത്തിൽനിന്നും പയ്യന്നൂർ താലൂക്കാശുപത്രിയുടെ നിയന്ത്രണത്തിലേയ്ക്ക് മാറ്റി 04-05-2018-ലെ സ.ഉ(സാധാ)നം.1493/2018/ആ.കു.വ. പ്രകാരം ഉത്തരവായിരുന്നു. എന്നാൽ പയ്യന്നൂർ താലൂക്കാശുപത്രിയിൽ നിലവിൽ പി.പി. യൂണിറ്റ് സൗകര്യം മാത്രമാണുള്ളതെന്നും പി.പി. യൂണിറ്റിൽ ഒരു ലേഡി ഹെൽത്ത് ഇൻസ്പെക്ടർ (LHI), ഒരു ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് (JPHN), ഒരു ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ (JHI) എന്നീ തസ്തികകൾ മാത്രമേ അനുവദിച്ചിട്ടുള്ളൂ എന്നും ആയതിനാൽ പഴയങ്ങാടി താലൂക്കാശുപത്രിയുടെ കീഴിലുള്ള

ഫീൽഡ് വിഭാഗം ജീവനക്കാരെ പയ്യന്നൂർ താലൂക്കാശുപത്രിയുടെ കീഴിലേയ്ക്ക് മാറ്റുമ്പോൾ സൂപ്രണ്ടിന് ടി ജീവനക്കാരുടെ മേൽനോട്ട ചുമതല വഹിക്കാൻ പ്രായോഗിക ബുദ്ധിമുട്ടുണ്ടെന്നും കൂടാതെ ചുമതല മാറ്റപ്പെടേണ്ട തസ്തികകളുടെ പേരും എണ്ണവും ഉത്തരവിൽ വ്യക്തമാക്കിയിട്ടില്ലെന്നും ഫീൽഡ് ജീവനക്കാരുടെ ചുമതല കൈമാറുന്നത് സംബന്ധിച്ച് 10-01-2018-ലെ സ.ഉ(സാധാ)നം.97/2018/ആ.കു.വ. നമ്പർ ഉത്തരവും 04-05-2018-ലെ സ.ഉ.(സാധാ)നം.1493/18/ആ.കു.വ. നമ്പർ ഉത്തരവും തമ്മിൽ വൈരുദ്ധ്യമുള്ളതിനാൽ ആയത് നടപ്പിലാക്കാൻ പ്രായോഗിക ബുദ്ധിമുട്ടുണ്ടെന്നും കാണിച്ച് ജില്ലാ മെഡിക്കൽ ഓഫീസർ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് റിപ്പോർട്ട് സമർപ്പിച്ചിരുന്നു. തുടർന്ന്, പ്രസ്തുത സർക്കാർ ഉത്തരവ് പ്രാബല്യത്തിൽ വരുത്തുന്നതിനും പഴയങ്ങാടി താലൂക്കാശുപത്രിയിൽ ഏതെങ്കിലും തസ്തികകൾ നിലനിർത്തേണ്ടതുണ്ടെങ്കിൽ പ്രസ്തുത തസ്തികകൾ ഒഴികെയുള്ള തസ്തികകൾ പയ്യന്നൂർ താലൂക്കാശുപത്രിയിലേയ്ക്ക് ഷിഫ്റ്റ് ചെയ്യുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കാനും കണ്ണൂർ ജില്ലാ മെഡിക്കൽ ഓഫീസർക്ക് ആരോഗ്യ വകുപ്പ്

ഡയറക്ടർ നിർദ്ദേശം നൽകിയിരുന്നു. പ്രസ്തുത റിപ്പോർട്ട് ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖാന്തരം അടിയന്തരമായി ലഭ്യമാക്കി തുടർനടപടി സ്വീകരിക്കുന്നതാണ്.

(ബി) പ്രസ്തുത ഉത്തരവ് നടപ്പിലാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് എം.എൽ.എ. കത്ത് നൽകിയിട്ടുണ്ടോ; എങ്കിൽ അതിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഉണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ കത്തിന്റെ അടിസ്ഥാനത്തിൽ, സർക്കാർ ഉത്തരവ് നടപ്പിലാക്കാത്തതിന്റെ കാരണം സഹിതം ഈ വിഷയത്തിലെ നടപടി റിപ്പോർട്ട് അടിയന്തരമായി സർക്കാരിൽ സമർപ്പിക്കാൻ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു.

**കാസർഗോഡ് TATA ഹോസ്പിറ്റൽ ഭൂമി കൈമാറ്റം**

240 (240) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് TATA ഹോസ്പിറ്റൽ ഭൂമി ആരോഗ്യ വകുപ്പിന് കൈമാറി ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

കാസർഗോഡ് TATA ഹോസ്പിറ്റൽ സ്ഥിതി ചെയ്യുന്ന 2.0306 ഹെക്ടർ ഭൂമി ആരോഗ്യ വകുപ്പിന് കൈമാറി കിട്ടുന്നതിനായി കാസർഗോഡ് ജില്ലാ മെഡിക്കൽ ഓഫീസർ ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിച്ചിരുന്നു. അപ്രകാരം ജില്ലാ കളക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) സ്ഥലം ലഭ്യമാക്കുന്നതിനായി ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന കൊടുത്ത വകുപ്പുതല ഭൂമി കൈമാറ്റ അപേക്ഷ റവന്യൂ വകുപ്പ് ഹെൽത്ത് വകുപ്പിന്റെ അഭിപ്രായം (ഫയൽ നമ്പർ E-2/171/23/Health) ആരാഞ്ഞ് ഹെൽത്ത് സെക്രട്ടറിക്ക് നൽകിയിട്ടുള്ള വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) പ്രസ്തുത ഫയൽ ആരോഗ്യ വകുപ്പ് വീണ്ടും ഡയറക്ടർക്ക് നൽകിയിട്ടുണ്ടോ; എങ്കിൽ അതിന്റെ ആവശ്യം എന്താണെന്ന് വിശദമാക്കാമോ?

പ്രസ്തുത ഫയൽ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നൽകിയിട്ടില്ല. ഇക്കാര്യത്തിൽ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ അഭിപ്രായം തേടിയിരുന്നു.

(ഡി) അടിയന്തരമായി ആരോഗ്യ വകുപ്പിന് കിട്ടേണ്ട സ്ഥലം കൈമാറ്റ ഫയൽ കാലതാമസം വരുത്താതെ റവന്യൂ വകുപ്പിൽ തിരിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

ആരോഗ്യ വകുപ്പ് ഡയറക്ടറുടെ അഭിപ്രായം ലഭ്യമാക്കിയതിനെത്തുടർന്ന് ആരോഗ്യ വകുപ്പിന്റെ അഭിപ്രായം രേഖപ്പെടുത്തി റവന്യൂ വകുപ്പിന് ഫയൽ തിരികെ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ ഗോഡൗൺ തീപിടിത്തം**

241 (241) <u>ശ്രീ. സണ്ണി ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ കൊല്ലം, ആലപ്പുഴ, തിരുവനന്തപുരം എന്നീ ജില്ലകളിലെ കെട്ടിടങ്ങൾക്ക് 2023 മേയ് മാസത്തിൽ തീപിടിച്ചിരുന്നോയെന്ന് വിശദമാക്കാമോ?

കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ കൊല്ലം, തിരുവനന്തപുരം, ആലപ്പുഴ എന്നീ ജില്ലകളിലെ മരുന്ന് സംഭരണശാലകളിൽ യഥാക്രമം 2023 മേയ് 17, 22, 27 തീയതികളിൽ തീ പിടിച്ചിരുന്നു.

(ബി) പ്രസ്തുത തീപിടിത്തങ്ങളുടെ കാരണം അന്വേഷിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അന്വേഷണ റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

ഗോഡൗണുകളിൽ ബ്ലീച്ചിംഗ് പൗഡർ സംഭരിച്ചിരുന്ന സ്ഥലങ്ങളിൽനിന്നാണ് തീപിടിത്തമുണ്ടായത്. പ്രസ്തുത തീപിടിത്തങ്ങളുടെ കാരണം സംബന്ധിച്ച് 05-06-2023-ലെ സ.ഉ(സാധാ)നം. 1343/2023/ആ.കു.വ. പ്രകാരം സ്പെഷ്യൽ ടീം രൂപീകരിച്ച് സർക്കാർ അന്വേഷണം നടത്തിവരുന്നു.

(സി) കൊല്ലം, ആലപ്പുഴ, തിരുവനന്തപുരം എന്നീ ജില്ലകളിലെ തീപിടിത്തങ്ങളിൽ കത്തിനശിച്ച സാമഗ്രികളുടെ ലിസ്റ്റ്, അവ വാങ്ങിയ തീയതി എന്നിവ പ്രത്യേകം ലഭ്യമാക്കാമോ?

മരുന്ന് സംഭരണശാലയിലെ തീപിടിത്തത്തിൽ കത്തി നശിച്ച മരുന്നുകളുടെ ലിസ്റ്റിൽ ഉൾപ്പെട്ട ബാച്ച് നമ്പറുകളിൽനിന്നും ടി ഇനങ്ങൾ

സംഭരിക്കുന്നതിനായി കോർപ്പറേഷൻ നൽകിയ വിതരണോത്തരവുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

മരുന്ന് സംഭരണശാലകളിലെ തീപിടിത്തത്തിൽ കത്തിനശിച്ച സാമഗ്രികളുടെ ലിസ്റ്റ് സിവിൽ & ഇലക്ട്രിക്കൽ രണ്ട് ഭാഗമായി തരംതിരിച്ച് ചുവടെ ചേർക്കുന്നു.

1. കിൻഫ്ര - മരുന്ന് സംഭരണശാല

| നം. | ഐറ്റം | ഫർണിച്ചർ വാങ്ങിയ തീയതി |
|---|---|---|
| 1. | പാലറ്റ് | 01-01-2021 (ഇൻവോയ്സ് പ്രകാരം) |
| 2. | സ്ലോട്ടഡ് ആംഗിൾ റാക്കുകൾ | 25-12-2012 (ഇൻവോയ്സ് പ്രകാരം) |

2. ആലപ്പുഴ ജില്ലാ മരുന്ന് സംഭരണശാല

| നം. | ഐറ്റം | വാങ്ങിയ തീയതി/എണ്ണം |
|---|---|---|
| 1 | പാലറ്റ് | 24.07.2021 (ഇൻവോയ്സ് പ്രകാരം) |
| 2 | Cold Room Outdoor Unit & Allied Parts | 3 Nos |
| 3 | Ac Outdoor Unit & Allied parts | 3 Nos |
| 4 | Fire Extinguisher | 1 No. (24/12/2021) |
| 5 | Electrical Wiring | - |

3. കൊല്ലം ജില്ലാ മരുന്ന് സംഭരണശാല

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

| നം. | ഐറ്റം/ഫർണിച്ചർ | വാങ്ങിയ തീയതി |
|---|---|---|
| 1 | ഓഫീസ് ഫർണിച്ചർ | 2009 കാലയളവിൽ ജില്ലാ മെഡിക്കൽ സ്റ്റോർ മുഖേന കൈമാറ്റം ചെയ്ത് കിട്ടിയ ഫർണിച്ചർ ഉൾപ്പടെയുള്ളവ. |
| 2 | സ്ലോട്ടഡ് ആംഗിൾ റാക്കുകൾ | 30/09/2012, 17/10/2012, 19/10/2012, 6/11/2012 (ഇൻവോയ്സ് പ്രകാരം) |
| 3 | പാലറ്റ് | 7/09/2012 (as per proceedings) |

വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

(ഡി) ഓരോ ജില്ലകളിലുമുണ്ടായ തീപിടിത്തത്തിൽ എത്ര രൂപയുടെ നാശനഷ്ടമാണുണ്ടായിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഓരോ ജില്ലകളിലുമുണ്ടായ തീപിടിത്തത്തിന്റെ നാശനഷ്ടങ്ങളുടെ കണക്ക് ഇപ്രകാരമാണ്.

1. തിരുവനന്തപുരം - 1. 325 കോടി

2. കൊല്ലം - 7.48 കോടി

3. ആലപ്പുഴ – 0.5 കോടി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ആരോഗ്യ ഗവേഷണ മേഖലയിൽ ക്യൂബയുമായി സഹകരണം

242 (242) ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. ആന്റണി ജോൺ:
ഡോ. സുജിത് വിജയൻപിള്ള:
ശ്രീ. കെ. വി. സുമേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്യൂബയുമായി സഹകരിച്ചുകൊണ്ട് സംസ്ഥാനത്തെ ആരോഗ്യ ഗവേഷണ മേഖലയിൽ ആകർഷകമായ മുന്നേറ്റം ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; ഇതിന്റെ ഭാഗമായി ക്യൂബൻ ഭരണാധികാരികളുമായി ചർച്ചകൾ നടത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

ക്യൂബയുമായി സഹകരിച്ചുകൊണ്ട് സംസ്ഥാനത്തെ ആരോഗ്യ ഗവേഷണ മേഖലയിൽ ആകർഷകമായ മുന്നേറ്റം ലക്ഷ്യമിട്ടുകൊണ്ടുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി 01-08-2023-ന് ഇന്ത്യൻ സമയം വൈകിട്ട് 6.30-ന് (ക്യൂബൻ സമയം രാവിലെ 9 മണിക്ക്) ക്യൂബൻ പ്രതിനിധികളായ ഡോ. ഡേവിഡ്, ഡോ. മിഷേൽ എന്നിവരുമായും

അവരുടെ അനുബന്ധ ശാസ്ത്രജ്ഞരുമായും ചർച്ചകൾ നടത്തിയിട്ടുണ്ട്. താഴെപ്പറയുന്ന മേഖലകളിൽ ക്യൂബൻ സഹകരണം ലക്ഷ്യമിട്ടുകൊണ്ടുള്ള പ്രവർത്തനങ്ങൾക്ക് കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

1. കാൻസർ ഗവേഷണവും ചികിത്സയും

2.സാംക്രമിക രോഗങ്ങൾക്കെതിരെയുള്ള വാക്സിൻ ഗവേഷണം

3.മസ്തിഷ്ക നാഡീരോഗങ്ങളെക്കുറിച്ചുള്ള ഗവേഷണങ്ങളും ചികിത്സയും

4.ഡയബറ്റിക് ഫൂട്ടിനെക്കുറിച്ചുള്ള ഗവേഷണങ്ങളും ചികിത്സയും

(ബി) ക്യൂബയുമായുള്ള സഹകരണം സംസ്ഥാനത്തിന്റെ ആരോഗ്യ ഗവേഷണ മേഖലയ്ക്ക് എത്രത്തോളം ഗുണകരമാകുമെന്ന് വിശദമാക്കുമോ?

ക്യൂബയുമായുള്ള സഹകരണം ആരോഗ്യ മേഖലയിൽ വളരെ വിപുലമായ മാറ്റങ്ങൾക്ക് സഹായകരമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. മലബാർ കാൻസർ സെന്ററും റീജിയണൽ കാൻസർ സെന്ററും അടക്കമുള്ള കാൻസർ ചികിത്സാ കേന്ദ്രങ്ങളുമായി സഹകരിച്ച് കാൻസർ ചികിത്സയ്ക്ക് പ്രത്യേകിച്ച് ലങ്സ് (ശ്വാസകോശ) കാൻസർ ചികിത്സയ്ക്കുള്ള വളരെ നൂതനമായ സംവിധാനങ്ങൾ കൊണ്ടുവരാനും അതുമായി ബന്ധപ്പെട്ട

ഗവേഷണങ്ങൾ നടത്താനും ഈ സഹകരണം സഹായിക്കും. അതോടൊപ്പം കേരളത്തിൽ വളരെ സാധാരണമായിട്ടുള്ള തലയുടെയും കഴുത്തിലെയും കാൻസറുകളിൽ നൂതന ചികിത്സാരീതികൾ സംബന്ധിച്ച ഗവേഷണങ്ങൾ ഫലവത്താക്കാനും ഈ സഹകരണം സഹായിക്കും. രണ്ടാമതായി ട്രോപ്പിക്കൽ മേഖലയെ ബാധിക്കുന്ന വിവിധ രോഗങ്ങൾക്കുള്ള വാക്സിനുകൾ നിലവിൽ ക്യൂബയിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്നതും പുതിയതായി നിർമ്മിക്കാവുന്നതുമായ വാക്സിനുകൾ സംബന്ധിച്ചും പുതിയ വാക്സിനുകൾ കണ്ടെത്തുന്നതിനുമുള്ള ഗവേഷണത്തിന് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയുമായി ചേർന്നുകൊണ്ട് വിപുലമായ ഗവേഷണ പ്രവർത്തനങ്ങൾ നടത്താനും പുതിയ വാക്സിനുകൾ കണ്ടെത്താനും അവയുടെ നിർമ്മാണം കേരളത്തിൽത്തന്നെ നടത്താനുമുള്ള രീതിയിൽ ഒരു പദ്ധതി രൂപീകരിക്കാനും സാധിക്കുമെന്നത് വാക്സിൻ മേഖലയിലെ ഗവേഷണത്തിന് വലിയൊരു മുതൽക്കൂട്ടാകും. പാർക്കിൻസൺസ് രോഗം, അൽഷിമേഴ്സ് രോഗം തുടങ്ങിയ ന്യൂറോ ഡീജനറേറ്റീവ് രോഗങ്ങൾക്കുള്ള ചികിത്സയും അതുമായി ബന്ധപ്പെട്ട ഗവേഷണങ്ങളിലും ക്യൂബയുമായുള്ള സഹകരണം കേരളത്തിന്

വളരെയധികം സഹായകരമാകുമെന്ന് കരുതുന്നു. പ്രത്യേകിച്ച്, കേരളത്തെ സംബന്ധിച്ച് വർദ്ധിച്ചുവരുന്ന പ്രായമായവരുടെ എണ്ണം കണക്കിലെടുക്കുമ്പോൾ ഇതൊരു വലിയ മുതൽക്കൂട്ടാവും.

(സി) പ്രസ്തുത സംരംഭം ക്യൂബയിലെയും സംസ്ഥാനത്തിലെയും ആരോഗ്യ സ്ഥാപനങ്ങൾ തമ്മിലുള്ള ബന്ധത്തിനും ആശയവിനിമയത്തിനും സഹായകരമാകുമോ; ആരോഗ്യ വിദഗ്ധരുടെ കൈമാറ്റവും വിനിമയവും സാദ്ധ്യമാകുമോ; വിശദമാക്കാമോ?

വർക്കിംഗ് കമ്മിറ്റി രൂപീകരിക്കുകവഴി കേരളത്തിലെയും ക്യൂബയിലെയും ആരോഗ്യ സ്ഥാപനങ്ങൾ തമ്മിലും ആരോഗ്യ വിദഗ്ധരും തമ്മിലുമുള്ള ആശയവിനിമയത്തിന് നിലവിൽത്തന്നെ തുടക്കം കുറിച്ചിട്ടുണ്ട്. വിവിധ സബ്ഗ്രൂപ്പുകളുടെ രൂപീകരണത്തിലൂടെയും വിശദമായ തുടർ ചർച്ചകളിലൂടെയും സ്ഥിരമായ ആശയവിനിമയത്തിനുള്ള ഒരു സംവിധാനം ഒരുക്കുന്നുണ്ട്. വൈദഗ്ധ്യത്തിന്റെ കൈമാറ്റവും അതോടൊപ്പം വിദഗ്ധരുടെ സേവനത്തിന്റെ കൈമാറ്റത്തിനുമുള്ള സാദ്ധ്യതകൾ നിലനിൽക്കുന്നു. ഇവ വിശദമായി പരിശോധിക്കാൻ വർക്കിംഗ് ഗ്രൂപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

വിവിധ മേഖലകളിൽ വൈദഗ്ദ്ധ്യമുള്ള ക്യൂബൻ വിദഗ്ദ്ധരുടെ സേവനം പരിശീലനത്തിനും പദ്ധതി തയ്യാറാക്കാനും മറ്റുമായി കേരളത്തിന് ക്യൂബ വാഗ്ദാനം നൽകിയിട്ടുണ്ട്. കേരളത്തിൽനിന്നുള്ള വിദഗ്ദ്ധരുടെ സേവനം പരിശീലനത്തിനും മറ്റുമായി ക്യൂബയ്ക്കും ഉപയോഗിക്കാവുന്നതാണ്. ഇതിനുള്ള വിശദമായ മാർഗ്ഗരേഖ തയ്യാറാക്കാനായി വർക്കിംഗ് ഗ്രൂപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ഡി) ഇതിനായി പ്രത്യേക വർക്കിംഗ് ഗ്രൂപ്പ് രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം നൽകാമോ?

ഇതിനായി നാല് അംഗങ്ങൾ അടങ്ങുന്ന ഒരു വർക്കിംഗ് ഗ്രൂപ്പ് രൂപീകരിച്ചിട്ടുണ്ട്. പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷനായ വർക്കിംഗ് ഗ്രൂപ്പിൽ എസ്.എച്ച്.എസ്.ആർ.സി. എക്സിക്യൂട്ടീവ് ഡയറക്ടറും മലബാർ കാൻസർ സെന്റർ ഡയറക്ടറും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി ഡയറക്ടറും അംഗങ്ങളാണ്. ക്യൂബൻ അധികാരികളുമായി നടന്ന ചർച്ചകളുടെ അടിസ്ഥാനത്തിൽ നാല് മേഖലകളായി തിരിച്ചുകൊണ്ട്

വർക്കിംഗ് ഗ്രൂപ്പിനുകീഴിൽ ഓരോ മേഖലയിലെയും വിദഗ്ധരടങ്ങുന്ന നാല് സബ് ഗ്രൂപ്പുകൾ കൂടി രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

**സ്റ്റെപ്സ് ഓയിൽ ഫീൽഡ് ആൻഡ് എക്യുപ്‍മെന്റ് ട്രേഡിംഗ് എൽ.എൽ.സി-യുമായുള്ള ഇടപാടുകൾ**

243 (243) **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:** താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്റ്റെപ്സ് ഓയിൽ ഫീൽഡ് ആൻഡ് എക്യുപ്‍മെന്റ് ട്രേഡിംഗ് എൽ.എൽ.സി.-യുമായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ നടത്തിയ ഇടപാടുകളുടെ ലെഡ്ജർ വിവരങ്ങൾ ലഭ്യമാക്കാമോ?

സ്റ്റെപ്സ് ഓയിൽ ഫീൽഡ് ആൻഡ് എക്യുപ്‍മെന്റ് ട്രേഡിംഗ് എൽ.എൽ.സി.-യുമായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ 2019-20 സാമ്പത്തിക വർഷത്തിൽ നടത്തിയ ഇടപാടുകളുടെ ലെഡ്ജർ വിവരങ്ങളും 2020-21 സാമ്പത്തിക വർഷത്തിലെ ലെഡ്ജർ വിവരങ്ങളും അനുബന്ധമായി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കുണ്ടറ നിയോജകമണ്ഡലത്തിൽ ആരോഗ്യ വകുപ്പിന്റെ കീഴിൽ നടന്നുവരുന്ന കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ

244 (244) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുണ്ടറ നിയോജകമണ്ഡലത്തിൽ ആരോഗ്യ വകുപ്പിന്റെ കീഴിൽ നടന്നുവരുന്ന കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ ഏതൊക്കെ; അവയുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

കുണ്ടറ നിയോജകമണ്ഡലത്തിൽ ആരോഗ്യ വകുപ്പിന്റെ കീഴിൽ നടന്നുവരുന്ന കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

1. സി.എച്ച്.സി. നെടുമ്പനയെ ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തുന്നതിന് 37.5 ലക്ഷം രൂപ ഭരണാനുമതിയിൽ ഒ.പി.ഡി. നവീകരണങ്ങൾ, പ്രത്യേകിച്ച് ലാബ് വെയ്റ്റിംഗ് ഏരിയ നിർമ്മാണം നടന്നുവരുന്നു. എച്ച്.എൽ.എൽ. എന്ന ഏജൻസിയാണ് പ്രസ്തുത പ്രവൃത്തിയുടെ മേൽനോട്ടം നടത്തുന്നത്.

2. പി.എച്ച്.സി. കൊറ്റങ്കരയെ ഫാമിലി ഹെൽത്ത് സെന്ററാക്കുന്നതിന് 15.5 ലക്ഷം രൂപ അനുവദിക്കുകയും പ്രസ്തുത പ്രവൃത്തിയുടെ ഡി.പി.ആർ., എച്ച്.എൽ.എൽ. എന്ന ഏജൻസി തയ്യാറാക്കിവരുന്നു.

3. ഇളമ്പല്ലൂർ പ്രാഥമികാകരോഗ്യ കേന്ദ്രം, കൊട്ടങ്കര പ്രാഥമികാരോഗ്യ കേന്ദ്രം, നെടുമ്പന സാമൂഹികാരോഗ്യകേന്ദ്രം, പേരയം പ്രാഥമികാരോഗ്യ കേന്ദ്രം, പെരിനാട് പ്രാഥമികാരോഗ്യ കേന്ദ്രം, തൃക്കോവിൽവട്ടം പ്രാഥമികാരോഗ്യ കേന്ദ്രം തുടങ്ങിയ ആരോഗ്യ സ്ഥാപനങ്ങളുടെ കീഴിൽവരുന്ന സബ് സെന്ററുകളിൽ സ്വന്തമായി കെട്ടിടമുള്ള ആരോഗ്യ സ്ഥാപനങ്ങളെ ജനകീയ ആരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റാനുള്ള നടപടികൾ പുരോഗമിക്കുന്നു.

4. കുണ്ടറ താലൂക്കാശുപത്രിയിലെ കിഫ്ബി നിർമ്മാണ പ്രവൃത്തിക്ക് 35.56 കോടി രൂപയുടെ സാമ്പത്തിക അനുമതി ലഭ്യമാക്കിയിട്ടുണ്ട്. കെ.എസ്.ഇ.ബി.എൽ ആണ് എസ്.പി.വി. (സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ). ഏഴുനില കെട്ടിടത്തിന്റെ സ്ട്രക്ചർ പൂർത്തീകരിച്ചുകഴിഞ്ഞു. ബാക്കിയുള്ള പ്രവൃത്തികൾ നടക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ മരുന്ന് സംഭരണശാലകളിലുണ്ടായ തീപിടിത്തം

245 (245) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ കൊല്ലം, തിരുവനന്തപുരം, ആലപ്പുഴ എന്നിവിടങ്ങളിലെ മരുന്ന് സംഭരണശാലകളിൽ നടന്ന വൻതീപിടിത്തവുമായി ബന്ധപ്പെട്ട് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ കൊല്ലം, തിരുവനന്തപുരം, ആലപ്പുഴ എന്നിവിടങ്ങളിലെ മരുന്ന് സംഭരണശാലകളിൽ നടന്ന തീപിടിത്തവുമായി ബന്ധപ്പെട്ട് 05-06-2023-ലെ സ.ഉ. (സാധാ)നം.1343/2023/ആ.കു.വ. പ്രകാരം ഒരു സ്പെഷ്യൽ ടീം രൂപീകരിച്ച് അന്വേഷണം നടന്നുവരുന്നു.

(ബി) പ്രസ്തുത തീപിടിത്തങ്ങളിൽ എത്ര രൂപയുടെ നഷ്ടം കെ.എം.എസ്.സി.എൽ.-ന് ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ കൊല്ലം, തിരുവനന്തപുരം, ആലപ്പുഴ എന്നിവിടങ്ങളിലെ മരുന്ന് സംഭരണശാലകളിൽ നടന്ന തീപിടിത്തത്തിലുണ്ടായ നാശനഷ്ടങ്ങളുടെ ഏകദേശ കണക്ക് ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥലം | തുക |
|---|---|---|
| 1 | കൊല്ലം | 7.48 കോടി |
| 2 | തിരുവനന്തപുരം | 1.325 കോടി |
| 3 | ആലപ്പുഴ | 0.5 കോടി |

(സി) കോവിഡ് കാലത്ത് മരുന്നും മറ്റ് സാധനസാമഗ്രികളും വാങ്ങിയതിന്റെ ക്രമക്കേട് സംബന്ധിച്ച അന്വേഷണം നടന്നുവരവെ പ്രസ്തുത തീപിടിത്തത്തിന്റെ അന്വേഷണം വിജിലൻസ് വകുപ്പിന് നൽകുവാൻ സർക്കാർ തയ്യാറാകുമോ; വിശദമാക്കാമോ?

05-06-2023-ലെ സ.ഉ.(സാധാ)നം.1343/2023/ആ.കു.വ. പ്രകാരം നിയോഗിച്ച സ്പെഷ്യൽ ടീം ലഭ്യമാക്കുന്ന റിപ്പോർട്ട് പരിശോധിച്ച് ഉചിത നടപടികൾ സ്വീകരിക്കുന്നതാണ്.

**കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ**

246 (246) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ 2022, 2023 വർഷങ്ങളിൽ ഏതൊക്കെ സ്ഥാപനങ്ങളിൽനിന്നും ഏതൊക്കെ തീയതിയിൽ പി.പി.ഇ. കിറ്റുകൾ, എൻ-95 മാസ്കുകൾ, ഗ്ലൗസുകൾ എന്നിവ വാങ്ങിയെന്ന് എണ്ണം, നിരക്ക് തിരിച്ച് വ്യക്തമാക്കാമോ?

കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ 2022, 2023 വർഷങ്ങളിൽ പി.പി.ഇ. കിറ്റുകൾ, എൻ-95 മാസ്കുകൾ, ഗ്ലൗസുകൾ എന്നിവ വാങ്ങിയ സ്ഥാപനങ്ങൾ, വാങ്ങിയ തീയതി, എണ്ണം, നിരക്ക് എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

**മൃഗങ്ങളുടെ ആക്രമണങ്ങളിൽ പരിക്കേറ്റവർക്ക് പ്രതിരോധ വാക്സിനുകൾ**

247 (247) <u>ശ്രീമതി കെ. കെ. രമ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ മൃഗങ്ങളുടെ ആക്രമണത്തിൽ പരിക്കേറ്റ് ചികിത്സ തേടിയവരുടെ ആകെ എണ്ണം എത്രയാണ്; മൃഗങ്ങളുടെ ഇനവും വർഷവും തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ മൃഗങ്ങളുടെ ആക്രമണത്തിൽ പരിക്കേറ്റ് ചികിത്സ തേടിയവരുടെ ആകെ എണ്ണം 18,69,604 ആണ്. മൃഗങ്ങളുടെ ഇനവും വർഷവും തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.+

(ബി) മൃഗങ്ങളുടെ കടിയേൽക്കുന്നവർക്കുള്ള പ്രതിരോധ വാക്സിനുകൾ നിലവിൽ സൗജന്യമായാണോ ലഭ്യമാക്കുന്നത്; ഏതൊക്കെ തലങ്ങളിലുള്ള ആശുപത്രികളിലാണ് ഈ വാക്സിനുകൾ നിലവിൽ ലഭ്യമായിട്ടുള്ളതെന്ന് വിശദമാക്കാമോ?

പേവിഷബാധയ്ക്കെതിരെയുള്ള വാക്സിൻ സർക്കാർ ആശുപത്രികളിൽ സൗജന്യമായാണ് ലഭ്യമാക്കുന്നത്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽവരുന്ന എല്ലാ മെഡിക്കൽ കോളേജ് ആശുപത്രികളിലും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആയതിനോട് അനുബന്ധിച്ചുള്ള യു.എച്ച്.ടി.സി., ആർ.എച്ച്.ടി.സി. എന്നിവിടങ്ങളിലും മൃഗങ്ങളുടെ കടിയേൽക്കുന്നവർക്കുള്ള പ്രതിരോധ വാക്സിനുകൾ സൗജന്യമായി ലഭ്യമാണ്. കൂടാതെ നിലവിൽ സംസ്ഥാനത്ത് പേവിഷബാധയ്ക്കെതിരെയുള്ള പ്രഥമശുശ്രൂഷയും ആന്റി-റാബീസ് വാക്സിനും ലഭ്യമാക്കിയിട്ടുള്ള 616 സ്ഥാപനങ്ങളിൽ ആന്റി-റാബീസ് ക്ലിനിക്കുകൾ പ്രവർത്തിക്കുന്നു. ഇവയിൽ 47 സ്ഥാപനങ്ങളിൽ കാറ്റഗറി-3 മുറിവുള്ളവർക്ക് നൽകുന്ന ഇമ്മ്യൂണോഗ്ലോബുലിനും സൗജന്യമായി ലഭ്യമാക്കിയിട്ടുണ്ട്.

(സി) മുൻ വർഷങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ പേവിഷ വാക്സിനുകളുടെ ഉപയോഗത്തിൽ വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ടോ; എത്ര ശതമാനത്തിന്റെ വർദ്ധനവാണ് വാക്സിൻ ഉപയോഗത്തിൽ ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

മുൻ വർഷങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ പേവിഷ വാക്സിനുകളുടെ ഉപയോഗത്തിൽ വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. വിവിധ വാക്സിൻ ഉപയോഗത്തിൽ 2022 വർഷത്തെ അപേക്ഷിച്ച് 2023 ജൂലൈ വരെ 14.9% മുതൽ 103% വരെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(ഡി) 2016 മുതൽ സംസ്ഥാനത്ത് പേവിഷ വാക്സിൻ എടുത്തവരുടെ ആകെ എണ്ണം എത്രയാണെന്നുള്ള വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

| | |
|---|---|
| 2016 | 327380 |
| 2017 | 302980 |
| 2018 | 369178 |
| 2019 | 441646 |
| 2020 | 436147 |
| 2021 | 563266 |
| 2022 | 703871 |
| 2023 (ജൂലൈ വരെ) | 279877 |

**ഐസൊലേഷൻ വാർഡുകൾ നിർമ്മാണം**

248 (248) <u>ശ്രീ. എച്ച്. സലാം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡാനന്തരം സംസ്ഥാനത്തെ ആശുപത്രികളിൽ എം.എൽ.എ. ഫണ്ടും സർക്കാർ ഫണ്ടും കൂട്ടിച്ചേർത്ത് ഐസൊലേഷൻ വാർഡുകൾ നിർമ്മിക്കാൻ തീരുമാനിച്ചിരുന്നോ?

26-07-2021-ലെ സ.ഉ(സാധാ)നമ്പർ 1555/2021/ആ.കു.വ. പ്രകാരം എം.എൽ.എ. ഫണ്ടും കിഫ്ബി ഫണ്ടും ഉപയോഗിച്ച് ഓരോ നിയോജകമണ്ഡലത്തിലും ഒരു സർക്കാർ ആശുപത്രിയിൽ 10 കിടക്കകളുള്ള ഒരു ഐസൊലേഷൻ വാർഡ് നിർമ്മിക്കാൻ തീരുമാനിച്ചിരുന്നു.

(ബി) എങ്കിൽ ഏതൊക്കെ നിയോജകമണ്ഡലങ്ങളിൽ ഐസൊലേഷൻ വാർഡുകളുടെ നിർമ്മാണത്തിന് എം.എൽ.എ. ഫണ്ട് ലഭ്യമായിട്ടുണ്ട്; ഓരോ വാർഡ് നിർമ്മാണത്തിനും ചെലവായ തുക എത്രയെന്നും അതിന്റെ നിർമ്മാണ പുരോഗതിയും നിയോജകമണ്ഡലം തിരിച്ചുള്ള കണക്കും ലഭ്യമാക്കാമോ?

ഐസൊലേഷൻ വാർഡ് നിർമ്മാണത്തിനുള്ള ഫണ്ട് ചെലവഴിക്കപ്പെടുന്നത് കിഫ്ബി മുഖാന്തരമാണ്. മേൽ പദ്ധതിക്കായി

കിഫ്ബി ഫണ്ട് വിനിയോഗിച്ചത് സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

**അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ചുള്ള മരണം**

249 (249) ശ്രീമതി ദെലീമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ നിയോജകമണ്ഡലത്തിൽ പാണാവള്ളി പഞ്ചായത്തിൽ 11-ാം വാർഡിൽ അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് മരണമടഞ്ഞ ഗുരുദത്ത് എന്ന കുട്ടിയുടെ മരണവുമായി ബന്ധപ്പെട്ട് പ്രദേശത്ത് ആരോഗ്യ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

പാണാവള്ളി പഞ്ചായത്തിൽ 11-ാം വാർഡിൽ കുട്ടിക്ക് രോഗം സംശയിച്ചിരുന്ന സമയത്തുതന്നെ പ്രതിരോധ നടപടികൾ തുടങ്ങിയിരുന്നു. രോഗസ്ഥിരീകരണം വന്നതിനുശേഷം ഉടൻതന്നെ എ.ആർ.ടി. മീറ്റിംഗ് കൂടുകയും ഈ കുട്ടിയോടൊപ്പം നീന്തിയ കുട്ടികളെ നിരീക്ഷണത്തിലാക്കുകയും ചെയ്തു. ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റും

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പാണാവള്ളി പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ഫീൽഡ് വിഭാഗം ജീവനക്കാരുടെയും നേതൃത്വത്തിൽ പ്രദേശത്ത് ശുചീകരണ പ്രവർത്തനങ്ങൾ നടത്തി മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ പ്രദേശവാസികൾക്ക് ബോധവൽക്കരണ ക്ലാസ് നൽകുകയും 08-06-2023-ന് ജില്ലാ മെഡിക്കൽ ഓഫീസർ സ്ഥലം സന്ദർശിച്ച് സ്ഥിതിഗതികൾ വിലയിരുത്തുകയും ചെയ്തു. തോട് ശുചീകരിക്കാനുള്ള നടപടി സ്വീകരിക്കാൻ പഞ്ചായത്ത് സെക്രട്ടറിക്ക് കത്ത് നൽകുകയും തോടിന് സമീപമുള്ള മാർക്കറ്റിലെ വ്യാപാര സ്ഥാപനങ്ങളിലെ ജീവനക്കാർക്കും കച്ചവടക്കാർക്കും ശാസ്ത്രീയമായ മാലിന്യ സംസ്കരണത്തിന്റെ ആവശ്യകതയെപ്പറ്റി ബോധവൽക്കരണം നൽകുകയും തോട്ടിലേയ്ക്ക് മാലിന്യം ഒഴുക്കുന്ന സാഹചര്യം ഒഴിവാക്കാൻ നിർദ്ദേശം നൽകുകയും ചെയ്തു. ജില്ലാ സർവെയിലൻസ് ഓഫീസറും ടെക്നിക്കൽ അസിസ്റ്റന്റും സ്ഥലം സന്ദർശിക്കുകയും പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രദേശത്തെ കായലിലും തോടുകളിലും അടിഞ്ഞുകിടക്കുന്ന മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വിശദമാക്കാമോ?

തൈകാട്ടുശ്ശേരി, പാണാവള്ളി പഞ്ചായത്തുകളുടെ അതിർത്തി പങ്കിടുന്ന പ്രദേശത്തെ തോടുകൾ വൃത്തിയാക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി രണ്ട് പഞ്ചായത്തുകളിലെ സെക്രട്ടറിമാർ തൈകാട്ടുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ യോഗം കൂടുകയും ജില്ലാ കളക്ടറുടെ നിർദ്ദേശപ്രകാരം ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന്റെ സഹായത്തോടെ ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

**രോഗപ്രതിരോധ പ്രവർത്തനങ്ങൾക്കായുള്ള പദ്ധതി**

250 (250) ശ്രീ ഒ. ആർ. കേളു:
ശ്രീ. കെ. ആൻസലൻ:
ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. എൻ. കെ. അക്ബർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രോഗപ്രതിരോധത്തിനും നിയന്ത്രണത്തിനുമായി പ്രത്യേക പദ്ധതി ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

സംസ്ഥാനത്തെ ജന്തുജന്യരോഗ നിയന്ത്രണത്തിനും പകർച്ചവ്യാധികൾ പൊട്ടിപ്പുറപ്പെടുന്നത് (Outbreak) നേരത്തെ കണ്ടെത്തുന്നതിനുമായി ലോകബാങ്കിന്റെയും റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെയും (RKI) സഹായത്തോടെ ആരോഗ്യ വകുപ്പിന്റെയും മറ്റ് ലൈൻ ഡിപ്പാർട്ട്മെന്റുകളുടെയും പങ്കാളിത്തത്തോടുകൂടി 'ഏകാരോഗ്യം' എന്ന പദ്ധതി സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ട്.

(ബി) ആരോഗ്യ സുരക്ഷ, മുൻകൂട്ടിയുള്ള പകർച്ചവ്യാധി നിർണ്ണയം, ആരോഗ്യ പ്രശ്നങ്ങൾ തടയൽ, ഏകാരോഗ്യം എന്ന സമീപനം വളർത്തിയെടുക്കൽ, ആരോഗ്യനയ ശിപാർശകൾ എന്നിവയ്ക്ക് പ്രസ്തുത പദ്ധതി എത്രത്തോളം സഹായകരമാണ്; മറ്റെന്തൊക്കെ കാര്യങ്ങളാണ് ഇതുവഴി ലക്ഷ്യമിടുന്നത്; വിശദാംശങ്ങൾ നൽകാമോ?

പ്രസ്തുത പദ്ധതിവഴി പകർച്ചവ്യാധികളെ മുൻകൂട്ടി കണ്ടെത്തുന്നതിനുവേണ്ടി ലബോറട്ടറികളുടെയും ആരോഗ്യ

സംവിധാനത്തിന്റെ തന്നെയും ശേഷി വർദ്ധിപ്പിക്കുക എന്നത് ഈ പദ്ധതിയുടെ ലക്ഷ്യമാണ്. പകർച്ചവ്യാധികളെ നേരത്തെതന്നെ കണ്ടെത്തുന്നതിനും സാമൂഹ്യാധിഷ്ഠിത പകർച്ചവ്യാധി സർവെയിലൻസ് നടത്തുന്നതിനുമായി പൊതുജനങ്ങളെ ആരോഗ്യ വോളന്റിയർമാരായി തെരഞ്ഞെടുത്ത് പരിശീലിപ്പിക്കുക എന്നതും ഈ പദ്ധതിവഴി നടപ്പിലാക്കുന്നുണ്ട്. ഇതുകൂടാതെ സംസ്ഥാനത്തെ ജില്ലാതല/പ്രാദേശികതല ലാബുകളിൽ ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനും ഈ പദ്ധതിവഴി ലക്ഷ്യമിടുന്നുണ്ട്. ഇതോടൊപ്പം പകർച്ചവ്യാധി നിയന്ത്രണ മേഖലയിൽ മൃഗസംരക്ഷണ വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്, ഫിഷറീസ്, അഗ്രിക്കൾച്ചർ, വൈൽഡ് ലൈഫ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വാട്ടർ അതോറിറ്റി എന്നിവരുടെയെല്ലാം സഹകരണത്തോടെ കൂടുതൽ കാര്യക്ഷമവും പങ്കാളിത്തത്തോടും കൂടിയുള്ള പ്രവർത്തനങ്ങളാണ് ഈ പ്രോജക്ടുവഴി ലക്ഷ്യമിടുന്നത്. ഇതിനുവേണ്ടി ഒരു ഐ.ടി. പ്ലാറ്റ്ഫോം തയ്യാറാക്കുന്നതിനുവേണ്ടിയുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടുതൽ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

- ആർദ്രം മിഷന്റെ ഭാഗമായി കേരളത്തിലെ എല്ലാ ജില്ലകളിലും വൺ ഹെൽത്ത് പ്രോഗ്രാം നടത്താൻ തീരുമാനിച്ചിട്ടുണ്ട്
- പദ്ധതിയുടെ ആദ്യഘട്ടം റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവ് (RKI)-നൊപ്പം കോട്ടയം, ഇടുക്കി, പത്തനംതിട്ട, ആലപ്പുഴ എന്നീ നാല് പമ്പാ നദീതട ജില്ലകളിൽ ആരംഭിക്കും. പിന്നീട് ഇത് ബാക്കിയുള്ള 10 ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കും.
- വൺ ഹെൽത്ത് പ്രോഗ്രാം നടപ്പിലാക്കുന്നതിന്റെ ഭാഗമായി നവ കേരള കർമ്മ പദ്ധതി-2 (NKKP-2)-ന്റെ ഭരണ സംവിധാനങ്ങളും മാനേജ്മെന്റ് സംവിധാനങ്ങളും ഉപയോഗിക്കും.
- ആദ്യഘട്ട പ്രവർത്തനങ്ങൾക്കായി തെരഞ്ഞെടുക്കപ്പെട്ട പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി ജില്ലകളിൽ പദ്ധതി ആരംഭിച്ചു.
- സംസ്ഥാന, ജില്ലാ, എൽ.എസ്.ജി. തലങ്ങളിൽ സ്ഥാപിച്ച വൺ ഹെൽത്ത് ഏകോപന പ്ലാറ്റ്ഫോമുകൾ.

    1) സംസ്ഥാനതല വൺ ഹെൽത്ത് കമ്മിറ്റി.

    2) സംസ്ഥാനതല കോർ കമ്മിറ്റി.

3) ജില്ലാതല വൺ ഹെൽത്ത് കമ്മിറ്റി.

4)എൽ.എസ്.ജി.ഐ. ലെവൽ വൺ ഹെൽത്ത് കമ്മിറ്റി.

5) സാങ്കേതിക സമിതി.

- സ്റ്റേറ്റ് വൺ ഹെൽത്ത് സെന്റർ സജ്ജമാക്കുന്നതിനുള്ള നോഡൽ ഏജൻസിയായി സ്റ്റേറ്റ് ഹെൽത്ത് സിസ്റ്റം റിസോഴ്സ് സെന്ററിനെ തെരഞ്ഞെടുക്കുകയും പ്രസ്തുത സെന്റർ സ്ഥാപിക്കുന്നതിനുള്ള സ്ഥലം കണ്ടെത്തുന്നതിന് നടപടികൾ ആരംഭിക്കുകയും ചെയ്തു.
- 15-01-2023-ലെ സർക്കാർ ഉത്തരവ് സ.ഉ.(കൈ)നം.1/2023/P&EA പ്രകാരം വൺ ഹെൽത്ത് പദ്ധതിയുടെ 2022-23 വർഷത്തേയ്ക്കുള്ള വിശദമായ രൂപരേഖയ്ക്കും 49.02 കോടി രൂപയുടെ അനുമതി നൽകി. ഇതുപ്രകാരം സിസ്റ്റം ഡെവലപ്മെന്റ് & ശാക്തീകരണം, മുന്നൊരുക്ക-ആസൂത്രണ പ്രവർത്തനങ്ങൾ, കപ്പാസിറ്റി ബിൽഡിംഗ്, ഐ.റ്റി. പ്ലാറ്റ്ഫോം വികസിപ്പിക്കൽ, കമ്മ്യൂണിറ്റി സർവെയിലൻസ് സംവിധാനം രൂപീകരിക്കലും ലാബ് ശൃംഖലകളുടെ ശാക്തീകരണവും, ഐ.ഇ.സി. പ്രവർത്തനങ്ങൾ, റാബീസ് ഉൾപ്പെടെയുള്ള ജന്തുജന്യ

രോഗങ്ങളുടെ മാനേജ്മെന്റ്, ഗവേഷണം, അന്താരാഷ്ട്ര ഏജൻസികളുടെ സഹകരണം എന്നിവയാണ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്.

- കമ്മ്യൂണിറ്റി ബേസിസ് സർവെയിലൻസ് സിസ്റ്റം സ്ഥാപിക്കുന്നതിന് ഐ.ടി. പ്ലാറ്റ്ഫോമുകൾ വികസിപ്പിക്കുന്നതിന് കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റിയുമായി കരാർ ഒപ്പിട്ടു.
- 2.5 ലക്ഷം കമ്മ്യൂണിറ്റി വോളന്റിയർമാരുടെ പരിശീലനം പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്. ഇതിന്റെ ആദ്യപടിയായി 48 ജില്ലാതല മെന്റർമാരുടെ നിയമനവും പരിശീലനവും തദ്ദേശസ്വയംഭരണ തലത്തിൽ വൺ ഹെൽത്ത് കമ്മിറ്റി ആരംഭിക്കാനും കമ്മ്യൂണിറ്റി മെന്റർമാരെ തിരിച്ചറിയാനും ജില്ലാതല മെന്റർമാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് സൗകര്യമൊരുക്കും.
- വൺ ഹെൽത്തിന്റെ ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി ജനകീയ കാമ്പയിൻ എന്ന പേരിൽ ഒരു ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. പൊതുജനങ്ങളും സ്കൂൾ വിദ്യാർത്ഥികളും നേതൃത്വം

നൽകി ത്രിതല ഘട്ടമായാണ് കാമ്പയിൻ നടപ്പാക്കുന്നത്. മറ്റ് ബന്ധപ്പെട്ട വകുപ്പുകളുമായി കൂടുതൽ ചർച്ചകൾ നടന്നുവരുന്നു.

(സി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് വിശദമായ പദ്ധതിരേഖ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

15-01-2023-ലെ സർക്കാർ ഉത്തരവ് സ.ഉ.(കൈ)നം.1/2023/P&EA പ്രകാരം വൺ ഹെൽത്ത് പദ്ധതിയുടെ 2022-23 വർഷത്തേയ്ക്കുള്ള രൂപരേഖയ്ക്ക് അനുമതി നൽകി. ഇതുപ്രകാരം സിസ്റ്റം ഡെവലപ്മെന്റ് & ശാക്തീകരണം, മുന്നൊരുക്ക ആസൂത്രണ പ്രവർത്തനങ്ങൾ, കപ്പാസിറ്റി ബിൽഡിംഗ്, ഐ.ടി. പ്ലാറ്റ് ഫോം വികസിപ്പിക്കൽ-ശാക്തീകരണം, കമ്മ്യൂണിറ്റി സർവെയിലൻസ് സംവിധാനം രൂപീകരിക്കലും ലാബ് ശൃംഖലകളുടെ ശാക്തീകരണവും, ബോധവൽക്കരണ പ്രവർത്തനങ്ങൾ, റാബീസ് ഉൾപ്പെടെയുള്ള ജന്തുജന്യ രോഗങ്ങളുടെ മാനേജ്മെന്റ്, ഗവേഷണം, അന്താരാഷ്ട്ര ഏജൻസികളുടെ സഹകരണം എന്നിവയാണ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്.

**മരുന്ന് വാങ്ങിയ ഇനത്തിൽ അനുവദിക്കാനുള്ള തുക**

251 (251) <u>ശ്രീമതി ഉമ തോമസ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മരുന്ന് വാങ്ങിയ ഇനത്തിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് സംസ്ഥാന സർക്കാർ എത്ര തുക നൽകാനുണ്ടെന്ന് വ്യക്തമാക്കുമോ; മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ കൂടാതെ ഏതൊക്കെ സ്ഥാപനങ്ങൾക്കാണ് മരുന്ന് വാങ്ങിയ ഇനത്തിൽ സർക്കാർ തുക നൽകുവാനുള്ളതെന്ന് ഓരോ സ്ഥാപനത്തിന്റെയും പേര്, നൽകുവാനുള്ള തുക എന്നിവ സഹിതം വ്യക്തമാക്കുമോ?

സർക്കാർ ആശുപത്രികളിലേയ്ക്കുള്ള സൗജന്യ വിതരണത്തിനായി മരുന്ന് വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് 2023-24 സാമ്പത്തിക വർഷത്തിൽ 356.40 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയതിൽ 71.28 കോടി രൂപയാണ് നാളിതുവരെ നൽകിയിട്ടുള്ളത്.

കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽനിന്നും മരുന്നുകളും മറ്റ് അനുബന്ധ സാമഗ്രികളും വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട് ആരോഗ്യ

സ്ഥാപനങ്ങളിലേയ്ക്ക് വിതരണം ചെയ്തുവരുന്നു. ഇപ്രകാരം സർക്കാർ ആശുപത്രികളിൽ ക്രെഡിറ്റ് ഇനത്തിൽ വിതരണം ചെയ്ത വകയിൽ ആകെ 57,09,99,865/- രൂപ സംസ്ഥാന സർക്കാർ നൽകാനുണ്ട്. ഇവയിൽ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ് മുഖാന്തരം (DHS) 28,67,09,358/- രൂപയും ആരോഗ്യ-വിദ്യാഭ്യാസ വകുപ്പ് മുഖാന്തിരം (DME) 27,38,17,110/- രൂപയും കൂടാതെ വിവിധ പ്രോജക്ടുകൾ പൂർത്തീകരിച്ച വകയിൽ 1,04,73,396/- രൂപയുമാണ് ഉൾപ്പെടുന്നത്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

എൻ.എച്ച്.എം., മരുന്നുകളും ഉപകരണങ്ങളും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴിയാണ് വാങ്ങുന്നത്. മരുന്നുകൾ ആരോഗ്യ സ്ഥാപനങ്ങൾക്ക് നൽകിയതിനുശേഷം എൻ.എച്ച്.എം.-ൽ ബിൽ ലഭ്യമാക്കുമ്പോൾ അതിനായുള്ള തുക നൽകാറുണ്ട്. തത്സമയം കുടിശ്ശികയില്ല.

(ബി) കുടിശ്ശിക തുക ലഭിക്കാതെ മരുന്ന് നൽകാൻ സാധിക്കില്ലെന്ന് ഏതെങ്കിലും സ്ഥാപനം അറിയിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ സ്ഥാപനങ്ങളാണ് അപ്രകാരം അറിയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇല്ല.

(സി) ആശുപത്രി വികസന സമിതികളുടെ പണം ഉപയോഗിച്ച് മരുന്നുകൾ വാങ്ങിനൽകുന്നതിന് സർക്കാർ അനുമതിയുണ്ടോ; വിശദാംശം നൽകുമോ?

ആശുപത്രി വികസന സമിതികളുടെ പണം ഉപയോഗിച്ച് അഗതികൾക്കും കൂട്ടിരിപ്പുകാർ ഇല്ലാത്തവരുമായ രോഗികൾക്കും മരുന്ന് ഉൾപ്പെടെയുള്ള ചികിത്സ നൽകുന്നതിന് 15-09-2011-ലെ സ.ഉ(സാധ)നം.3286/2011/ആ.കു.വ. ഉത്തരവുപ്രകാരം അനുമതി നൽകിയിട്ടുണ്ട്. അത്യാവശ്യഘട്ടങ്ങളിൽ ഒരു ലക്ഷം രൂപവരെ ചെലവിൽ മരുന്നുകൾ വാങ്ങുന്നതിന് മെഡിക്കൽ കോളേജ് സൂപ്രണ്ടുമാർക്ക് 09-03-2004-ലെ സ.ഉ(കൈ)നം.64/2004/ആ.കു.വ. ഉത്തരവുപ്രകാരം അനുമതി നൽകിയിട്ടുണ്ട്.

(ഡി) സംസ്ഥാനത്തെ വിവിധ മെഡിക്കൽ കോളേജുകളിലെ ആശുപത്രി വികസന സമിതികൾക്ക് മരുന്ന് വാങ്ങിനൽകിയ ഇനത്തിൽ

സർക്കാർ എത്ര തുക നിലവിൽ അനുവദിക്കാനുണ്ടെന്ന് ആശുപത്രി തിരിച്ച് വ്യക്തമാക്കുമോ?

സംസ്ഥാനത്തെ വിവിധ മെഡിക്കൽ കോളേജുകളിലെ ആശുപത്രി വികസന സമിതികൾക്ക് മരുന്ന് വാങ്ങിനൽകിയ ഇനത്തിൽ 16,92,09,962/- രൂപ അനുവദിക്കുവാനുണ്ട്. ആശുപത്രി തിരിച്ചുള്ള വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സർക്കാർ മെഡിക്കൽ കോളേജ് | ആശുപത്രി വികസന സമിതികൾക്ക് മരുന്ന് വാങ്ങിയ ഇനത്തിൽ നൽകാനുള്ള തുക |
|---|---|---|
| 1 | തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രി | 1,71,34,508/- |
| 2 | എസ്.എ.ടി. ആശുപത്രി, തിരുവനന്തപുരം | 92,59,546/- |
| 3 | ഇടുക്കി | 18,10,016/- |
| 4 | ആലപ്പുഴ | 4,72,387/- |
| 5 | കോട്ടയം | 13,32,00,000/- |
| 6 | മഞ്ചേരി | 1,58,760 |
| 7 | വയനാട് | 71,74,745 |

വിവിധ മെഡിക്കൽ കോളേജുകളിൽ ആശുപത്രി വികസന സമിതികൾക്ക് 'ആരോഗ്യകിരണം' പദ്ധതിക്കായി മരുന്ന് വാങ്ങിയ

ഇനത്തിൽ എൻ.എച്ച്.എം.-ന് തുക അനുവദിക്കാനുണ്ട്. തുക സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

**കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ**

252 (252) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022 ജൂലൈ മാസത്തിൽ ബ്ലീച്ചിംഗ് പൗഡർ സംബന്ധിച്ച ക്വട്ടേഷൻ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ക്ഷണിച്ചിരുന്നോ; ക്വട്ടേഷൻ സംബന്ധിച്ച രേഖകളുടെ പകർപ്പ് ലഭ്യമാക്കാമോ?

2022 ജൂലൈ മാസത്തിൽ ബ്ലീച്ചിംഗ് പൗഡർ സംബന്ധിച്ച ക്വട്ടേഷൻ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ക്ഷണിച്ചിരുന്നു. രേഖകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത ക്വട്ടേഷനിൽ പാർകിൻസ് എന്റർപ്രൈസസ് എന്ന സ്ഥാപനത്തെ ഒന്നാമതായും ബാങ്കെ ബെഹാരി കെമിക്കൽസ് എന്ന സ്ഥാപനത്തെ രണ്ടാമതായും തെരഞ്ഞെടുത്തിരുന്നോ; പ്രസ്തുത ക്വട്ടേഷനിൽ പങ്കെടുത്ത ഓരോ സ്ഥാപനവും രേഖപ്പെടുത്തിയ തുക വിശദമാക്കാമോ?

പ്രസ്തുത ക്വട്ടേഷനിൽ പാർകിൻസ് എന്റർപ്രൈസസ് എന്ന സ്ഥാപനത്തെ ഒന്നാമതായും ബാങ്കെ ബെഹാരി കെമിക്കൽസ് എന്ന സ്ഥാപനത്തെ രണ്ടാമതായും തെരഞ്ഞെടുത്തിരുന്നു. ക്വട്ടേഷനിൽ മേൽ രണ്ട് സ്ഥാപനങ്ങൾ മാത്രമാണ് പങ്കെടുത്തത്. ഒരു കിലോ ബ്ലീച്ചിംഗ് പൗഡർ ലഭ്യമാക്കുന്നതിന് മെസ്സേഴ്സ് പാർകിൻസ് എന്റർപ്രൈസസ് 47.08 രൂപയും മെസ്സേഴ്സ് ബാങ്കെ ബെഹാരി കെമിക്കൽസ് പ്രൈവറ്റ് ലിമിറ്റഡ് 47.20 രൂപയുമാണ് ക്വട്ടേഷനിൽ രേഖപ്പെടുത്തിയിരുന്നത്.

(സി) പ്രസ്തുത ക്വട്ടേഷൻ ക്ഷണിക്കുന്നതിന് മുൻപ് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ എത്ര കിലോ ബ്ലീച്ചിംഗ് പൗഡർ സ്റ്റോക്ക് ഉണ്ടായിരുന്നുവെന്ന് വിശദമാക്കാമോ?

ക്വട്ടേഷൻ ക്ഷണിക്കുന്നതിന് മുൻപ് വിവിധ സംഭരണശാലകളിലായി 2,20,558 കിലോ ബ്ലീച്ചിംഗ് പൗഡർ സ്റ്റോക്കുണ്ടായിരുന്നു.

(ഡി) എത്ര കിലോ ബ്ലീച്ചിംഗ് പൗഡർ ലഭ്യമാക്കാനാണ് പ്രസ്തുത ക്വട്ടേഷൻ ക്ഷണിച്ചതെന്നും ഇതിൽ ഒന്നാമതായി സ്ഥാപനത്തിൽനിന്നും രണ്ടാമതായി സ്ഥാപനത്തിൽനിന്നും എത്ര ബ്ലീച്ചിംഗ് പൗഡർ വാങ്ങിയെന്ന് വിശദമാക്കാമോ?

2022-23 സാമ്പത്തിക വർഷത്തേയ്ക്ക് ടെൻഡർ വിളിക്കുന്ന സമയത്തെ ഇൻഡന്റ് ക്വാണ്ടിറ്റിയായ 13,34,682 കിലോ ബ്ലീച്ചിംഗ് പൗഡറിനാണ് ദർഘാസ് ക്ഷണിച്ചത്. ആദ്യം ദർഘാസ് ക്ഷണിച്ചപ്പോൾ പ്രസ്തുത ഇനത്തിന് യോഗ്യരായ ബിഡ്ഡർ (eligible bidder) ലഭ്യമല്ലാത്തതിനാൽ പുനർ ദർഘാസ് ക്ഷണിക്കാനും പുനർ ദർഘാസ് ഉറപ്പിക്കുന്നത് വരെയുള്ള ആവശ്യങ്ങൾ നിറവേറ്റാൻ ദർഘാസ് അളവിന്റെ 30% കാരുണ്യയിൽനിന്നും വാങ്ങാനും തീരുമാനിച്ചിരുന്നു. അപ്രകാരം 4,00,400 കിലോയ്ക്ക് വീണ്ടും കാരുണ്യ മുഖേന ക്വട്ടേഷൻ ക്ഷണിക്കുകയും പാർകിൻസിൽനിന്നും 2,40,300 കിലോഗ്രാമും ബാങ്കെ ബെഹാരിയിൽനിന്നും 1,60,100 കിലോഗ്രാമും വാങ്ങുകയുമുണ്ടായി.

ഇതോടൊപ്പംതന്നെ 13,34,682 കിലോഗ്രാമിന് പുനർ ദർഘാസ് ക്ഷണിച്ചുവെങ്കിലും പ്രസ്തുത ഇനത്തിന് വീണ്ടും വിതരണക്കാരെ ലഭിച്ചില്ല. ആയതിനാൽ 2022-23 സാമ്പത്തിക വർഷത്തെ ബാലൻസ് ഇൻഡന്റ് ക്വാണ്ടിറ്റിയായ 9,34,282 കിലോഗ്രാം വാങ്ങേണ്ടിയിരുന്നു. എന്നാൽ ആയതിൽനിന്നും 5,84,970 കിലോഗ്രാമാണ് 2022-23 സാമ്പത്തിക വർഷത്തിൽ വാങ്ങിയത്. ഇതിൽ പാർകിൻസിൽനിന്നും 20,000 കിലോഗ്രാമും ബാങ്കെ ബെഹാരിയിൽനിന്നും 5,64,970 കിലോഗ്രാമുമാണ് വാങ്ങിയത്.

(ഇ) പ്രസ്തുത ബ്ലീച്ചിംഗ് പൗഡറുകളുടെ ഗുണനിലവാരം കുറഞ്ഞതാണെന്ന് കണ്ടെത്തിയതിനെത്തുടർന്ന് ഈ സ്ഥാപനങ്ങളിലെ സ്റ്റോക്ക് തിരിച്ചെടുക്കാൻ നിർദ്ദേശിച്ചിരുന്നോ; ഏതൊക്കെ സ്ഥാപനങ്ങൾ സ്റ്റോക്ക് തിരിച്ചെടുത്തുവെന്ന് വ്യക്തമാക്കാമോ?

കോർപ്പറേഷന്റെ ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം ജില്ലകളിലെ സംഭരണശാലകളിലുണ്ടായ അഗ്നിബാധയുടെ തുടക്കം ബ്ലീച്ചിംഗ് പൗഡർ സൂക്ഷിച്ചിരുന്ന സ്ഥലത്ത് നിന്നാണെന്ന പ്രാഥമിക നിഗമനത്തിന്റെ

അടിസ്ഥാനത്തിലാണ് വെയർഹൗസുകളിൽ സ്റ്റോക്കുണ്ടായിരുന്ന ബ്ലീച്ചിംഗ് പൗഡർ മുഴുവൻ തിരിച്ചെടുക്കാൻ കമ്പനികൾക്ക് നിർദ്ദേശം നൽകിയത്. ഇതിൽ പാർകിൻസ് എന്റർപ്രൈസസ് എന്ന കമ്പനി സ്റ്റോക്ക് തിരിച്ചെടുത്തു.

(എഫ്) തിരിച്ചെടുക്കാത്ത സ്റ്റോക്ക് എവിടെയാണ് സൂക്ഷിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

എല്ലാ മരുന്ന് സംഭരണശാലകളിലെയും ബ്ലീച്ചിംഗ് പൗഡർ മാത്രം സൂക്ഷിക്കുന്നതിനായി താൽക്കാലികമായി കോർപ്പറേഷൻ വാടകയ്ക്കെടുത്ത കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷന്റെ ജില്ലകളിലെ ഗോഡൗണുകളിലേയ്ക്ക് മാറ്റി സുരക്ഷിതമായി സൂക്ഷിച്ചിട്ടുണ്ട്.

(ജി) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ കൊല്ലം, തിരുവനന്തപുരം, ആലപ്പുഴ ജില്ലകളിലെ ഗോഡൗണുകളിലുണ്ടായ തീപിടിത്തം ബ്ലീച്ചിംഗ് പൗഡർ കാരണമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ കൊല്ലം, തിരുവനന്തപുരം, ആലപ്പുഴ ജില്ലകളിലെ ഗോഡൗണുകളിൽ ബ്ലീച്ചിംഗ് പൗഡർ സംഭരിക്കുന്ന സ്ഥലങ്ങളിൽനിന്നാണ് തീപിടിത്തമുണ്ടായത്. ഇതിന്റെ കാരണം ബ്ലീച്ചിംഗ് പൗഡർ തന്നെയാണോ എന്നതിന്റെ അന്വേഷണം നടന്നുവരുന്നു.

**പി.പി.ഇ. കിറ്റുകൾ വാങ്ങുന്നതിനുള്ള അനുമതി**

253 (253) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 30-03-2020-ന് സാൻ ഫാർമ എന്ന സ്ഥാപനത്തിൽനിന്നും പി.പി.ഇ. കിറ്റുകൾ വാങ്ങുന്നതിനുമുൻപ് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ അന്നത്തെ ആരോഗ്യമന്ത്രിയുടെയോ മുഖ്യമന്ത്രിയുടെയോ അനുമതി നേടിയിരുന്നോയെന്ന് വ്യക്തമാക്കാമോ;

(ബി) 30-03-2020-ന് സാൻ ഫാർമ എന്ന സ്ഥാപനത്തിൽനിന്നും പി.പി.ഇ. കിറ്റുകൾ വാങ്ങുന്നതിന് മുൻപ് ആരോഗ്യമന്ത്രി മുഖ്യമന്ത്രിയിൽനിന്നും അനുമതി തേടിയിരുന്നോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) രാജ്യവ്യാപകമായി നോട്ടിഫൈഡ് ഡിസാസ്റ്ററായി കോവിഡ് മഹാമാരിയെ പ്രഖ്യാപിച്ച അടിയന്തര സാഹചര്യത്തിൽ, കോവിഡ് അതിവ്യാപന സാധ്യത മുന്നിൽക്കണ്ട് ചീഫ് സെക്രട്ടറി ചെയർമാനായിട്ടുള്ള സ്റ്റേറ്റ് ക്രൈസിസ് മാനേജ്മെന്റ് ഗ്രൂപ്പിന്റെ 28-03-2020-ലെ യോഗതീരുമാനം, 04-04-2020-ലെ സ.ഉ.(സാധാ) നം.09/2020/എസ്.പി.ഡി., 12-06-2020-ലെ സ.ഉ.(സാധാ) നം.12/2020/എസ്.പി.ഡി. എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം കെ.എം.എസ്.സി.എൽ. നടത്തിയ കോവിഡുകാല പർച്ചേസുകൾ സർക്കാർ നിശ്ചയിച്ച മാനദണ്ഡങ്ങളിലുള്ള ഇളവുകൾ പ്രകാരമായിരുന്നു.

കോവിഡ് വ്യാപനം രൂക്ഷമാകുമെന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ കോവിഡ് പ്രതിരോധ സാമഗ്രികൾ സംഭരിക്കുന്നതുൾപ്പെടെയുള്ള തയ്യാറെടുപ്പുകൾ അനിവാര്യമായിരുന്നു.

പ്രതിദിന ഉപയോഗത്തിന് ആനുപാതികമായിട്ടുള്ള പി.പി.ഇ. കിറ്റുകൾ വിതരണം ചെയ്യാൻ തക്കവണ്ണം തദ്ദേശീയ വിതരണക്കാരെ ലഭ്യമാകാതെ വന്ന സാഹചര്യത്തിൽ ടി വിഷയം ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായിട്ടുള്ള ക്രൈസിസ് മാനേജ്മെന്റ് ഗ്രൂപ്പ് പരിശോധിക്കുകയും ആവശ്യമെങ്കിൽ 50% മുൻകൂർ തുക നൽകി ഒരേ സമയം വിവിധ വിതരണക്കാരിൽനിന്ന് സംഭരിക്കുന്നതിന് കെ.എം.എസ്.സി.എൽ. മാനേജിംഗ് ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. കോവിഡ് വ്യാപനം രൂക്ഷമായ ഘട്ടത്തിൽ ഏറ്റവും മോശമായ സാഹചര്യം ഉടലെടുക്കുകയാണെങ്കിൽ 10 ലക്ഷം പി.പി.ഇ. കിറ്റുകൾ സംഭരിക്കേണ്ടതായി വരുമെന്ന സാഹചര്യം വിലയിരുത്തി 8 ലക്ഷം പി.പി.ഇ. കിറ്റുകൾ യുദ്ധകാലാടിസ്ഥാനത്തിൽ രണ്ട് മാസത്തിനുള്ളിൽ സംഭരിക്കുന്നതിന് കെ.എം.എസ്.സി.എൽ.-നെ ചുമതലപ്പെടുത്തി. ഇത്തരം മുൻകരുതലുകൾ സർക്കാർ സ്വീകരിച്ചതുകൊണ്ടാണ് കോവിഡിന്റെ ആദ്യഘട്ടത്തിൽ വ്യാപനം കുറച്ചുനിർത്താൻ സംസ്ഥാനത്തിന് കഴിഞ്ഞത്. കോവിഡ് വ്യാപനം രൂക്ഷമായ ഘട്ടത്തിൽ കെ.എം.എസ്.സി.എൽ. സംഭരിച്ച കോവിഡ്

പ്രതിരോധ സാമഗ്രികളുടെ സംഭരണ നടപടി സർക്കാർ സാധൂകരിച്ച് നൽകിയിട്ടുള്ളതാണ്.

**സ്റ്റേറ്റ് ലെവൽ ക്രൈസിസ് മാനേജ്മെന്റ് കമ്മിറ്റി തീരുമാനം**

254 (254) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി 28-03-2020-ന് ചേർന്ന സ്റ്റേറ്റ് ലെവൽ ക്രൈസിസ് മാനേജ്മെന്റ് കമ്മിറ്റി കോവിഡ് പ്രതിരോധ സാമഗ്രികൾ വിലനോക്കാതെ വാങ്ങാൻ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നിർദ്ദേശം നൽകാൻ തീരുമാനിച്ചിരുന്നോ;

(ബി) എങ്കിൽ ഈ നിർദ്ദേശം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നൽകിയിരുന്നോയെന്ന് വ്യക്തമാക്കാമോ?

(എ&ബി) രാജ്യവ്യാപകമായി നോട്ടിഫൈഡ് ഡിസാസ്റ്ററായി കോവിഡ് മഹാമാരിയെ പ്രഖ്യാപിച്ച അടിയന്തര സാഹചര്യത്തിൽ,

കോവിഡ് അതിവ്യാപന സാധ്യത മുന്നിൽക്കണ്ട് ചീഫ് സെക്രട്ടറി ചെയർമാനായ സ്റ്റേറ്റ് ക്രൈസിസ് മാനേജ്മെന്റ് ഗ്രൂപ്പിന്റെ 28-03-2020-ലെ യോഗതീരുമാന പ്രകാരം പി.പി.ഇ. കിറ്റുകളുടെ കരുതൽ ശേഖരം ഉറപ്പിക്കുന്നതുമായി ബന്ധപ്പെട്ട് സാമഗ്രികൾ നിലവിലെ മാർക്കറ്റ് റേറ്റിൽ വാങ്ങുന്നതിന് തീരുമാനിക്കുകയും അതിൻപ്രകാരം കെ.എം.എസ്.സി.എൽ. നടപടി സ്വീകരിക്കുകയും ചെയ്തു.

(സി) പ്രസ്തുത തീരുമാനത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ?

മിനിട്ട്സിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

**കണ്ണൂർ ജില്ലാ ആശുപത്രിയിൽ കാർഡിയോളജിസ്റ്റ്**

255 (255) <u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലാ ആശുപത്രിയിലെ കാത്ത് ലാബിൽ ആൻജിയോപ്ലാസ്റ്റി ഉൾപ്പെടെയുള്ള ശസ്ത്രക്രിയകൾ നടന്നുവരുന്നുണ്ടെങ്കിലും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിലവിൽ അവിടെ കാർഡിയോളജിസ്റ്റിന്റെ തസ്തികയില്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കണ്ണൂർ ജില്ലാ ആശുപത്രിയിൽ കാർഡിയോളജിസ്റ്റിന്റെ തസ്തിക നിലവിലില്ലാത്തതിനാൽ കാത്ത് ലാബിന്റെ പ്രവർത്തനത്തിനായി കാർഡിയോളജി യോഗ്യതയുള്ള അസിസ്റ്റന്റ് സർജനെ താത്കാലികമായി നിയോഗിച്ചിട്ടുണ്ട്.

(ബി) പാവപ്പെട്ട രോഗികൾ ആശ്രയിക്കുന്ന കണ്ണൂർ ജില്ലാ ആശുപത്രിയിലെ കാത്ത് ലാബിൽ കാർഡിയോളജിസ്റ്റിന്റെ സ്ഥിരം തസ്തിക സൃഷ്ടിക്കാൻ നടപടി സ്വീകരിക്കുമോ?

കണ്ണൂർ ജില്ലാ ആശുപത്രിയിലേയ്ക്ക് കാർഡിയോളജി വിഭാഗത്തിൽ രണ്ട് കൺസൽട്ടന്റുമാരുടെയും ഒരു കാത്ത് ലാബ് അസിസ്റ്റന്റ് സർജന്റെയും തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

**തൃശ്ശൂർ മെഡിക്കൽ കോളേജിൽ ഇന്ത്യൻ കോഫി ഹൗസ് പ്രവർത്തിച്ചിരുന്ന കെട്ടിടം പൊളിച്ച നടപടി**

256 (256) <u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യൻ കോഫി ഹൗസ് പ്രവർത്തിച്ചിരുന്ന തൃശ്ശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിലെ കെട്ടിടം പൊളിച്ച് നീക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത കെട്ടിടം പൊളിച്ചുനീക്കുന്നതിന് ഉത്തരവ് നൽകിയിട്ടുള്ളതാരാണെന്നും ഉത്തരവിന്റെ പകർപ്പും ലഭ്യമാക്കുമോ;

(സി) പ്രസ്തുത കെട്ടിടം പൊളിച്ചുനീക്കിയത് നടപടിക്രമങ്ങൾ പാലിച്ചാണോ; വിശദമാക്കാമോ?

(ബി&സി) ഇന്ത്യൻ കോഫി ഹൗസ് പ്രവർത്തിച്ചിരുന്ന തൃശ്ശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിലെ കെട്ടിടം പൊളിച്ചുനീക്കുന്നതുമായി

ബന്ധപ്പെട്ട വിഷയത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ റിട്ട് പെറ്റീഷനും കോടതിയലക്ഷ്യ ഹർജിയും നിലനിന്നിരുന്നു. ഇന്ത്യൻ കോഫി ഹൗസിന് പ്രസ്തുത സ്ഥലത്ത് തുടരുന്നതിന് അവകാശമില്ലെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി വിധി പുറപ്പെടുവിച്ചതിനെത്തുടർന്ന് തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജ് അധികൃതർ നടപടിക്രമങ്ങൾ പാലിച്ച് പ്രസ്തുത കെട്ടിടം പൊളിച്ച് നീക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുകയുണ്ടായി. ഇതുസംബന്ധിച്ച വിശദമായ റിപ്പോർട്ട് അനുബന്ധമായി ഉൾക്കൊള്ളിക്കുന്നു.+

(ഡി) പ്രസ്തുത കെട്ടിടം പൊളിക്കുന്നതിനുള്ള ചെലവ് വഹിച്ചതാരാണെന്നും ചെലവ് എത്രയാണെന്നും വെളിപ്പെടുത്തുമോ?

കെട്ടിടം പൊളിക്കുന്നതിനായുള്ള ചെലവിനത്തിലുള്ള 24,480/- രൂപ, തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രി വികസന സമിതിയുടെ ഫണ്ടിൽനിന്നും ചെലവഴിച്ചിട്ടുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഇ) അനധികൃതമായാണ് പ്രസ്തുത കെട്ടിടം പൊളിച്ചിട്ടുള്ളതെങ്കിൽ ഇത് സംബന്ധിച്ച് മെഡിക്കൽ കോളേജ് അധികൃതർ പോലീസിൽ പരാതി നൽകിയിട്ടുണ്ടോ; എങ്കിൽ പരാതിയുടെ പകർപ്പ് ലഭ്യമാക്കുമോ; പരാതി നൽകിയിട്ടില്ലെങ്കിൽ നൽകാത്തതിലുള്ള കാരണം വിശദമാക്കുമോ?

കെട്ടിടം പൊളിക്കുന്നത് സംബന്ധിച്ച് മെഡിക്കൽ കോളേജ് അധികൃതർ പോലീസിൽ പരാതി നൽകിയിട്ടില്ല.

(എഫ്) പ്രസ്തുത വിഷയത്തിൽ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിന്റെ പകർപ്പും ആയതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച തുടർനടപടികളും വിശദമാക്കാമോ?

പ്രസ്തുത വിഷയത്തിൽ ബഹുമാനപ്പെട്ട ആലത്തൂർ ലോക്സഭാ എം.പി. സർക്കാരിൽ കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറിൽനിന്നും റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു. പ്രസ്തുത റിപ്പോർട്ട് സർക്കാർ വിശദമായി പരിശോധിക്കുകയും തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രി പരിസരത്തുള്ള താൽക്കാലിക

ഷെഡ്ഡിൽ പ്രവർത്തിച്ചിരുന്ന ഇന്ത്യൻ കോഫി ഹൗസ് കെട്ടിടം പൊളിച്ചുമാറ്റുന്നതിൽ യാതൊരുവിധ ചട്ടലംഘനവും നടന്നിട്ടില്ലായെന്ന് സർക്കാരിന് ബോധ്യപ്പെടുകയും പ്രസ്തുത വിവരം ബഹുമാനപ്പെട്ട ആലത്തൂർ ലോക്സഭാ എം.പി.-യെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ഉൾക്കൊള്ളിക്കുന്നു.+

**മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ**

257 (257) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ വിദ്യാഭ്യാസം, മെഡിക്കൽ സർവ്വകലാശാല എന്നിവയുടെ കീഴിൽ എത്ര കോളേജുകളും വിദ്യാഭ്യാസ സ്ഥാപനങ്ങളും സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടെന്ന് വിശദമാക്കാമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ ഏതെല്ലാം കോഴ്സുകൾ അനുവദിച്ചിട്ടുണ്ടെന്നും ഓരോന്നിലും എത്ര സീറ്റുകൾ അനുവദിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

(എ&ബി) കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാലയുടെ കീഴിലുള്ള ഓരോ കോളേജുകളിലെയും കോഴ്സുകളുടെയും അവയിൽ അനുവദിക്കപ്പെട്ട സീറ്റുകളുടെയും 2022 വർഷത്തെ കണക്കുകൾ അനുബന്ധമായി ചേർക്കുന്നു.+

**മഞ്ചേരി മെഡിക്കൽ കോളേജ്**

258 (258) ശ്രീ. പി. നന്ദകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി മെഡിക്കൽ കോളേജിൽ ഡ്യുവൽ കൺട്രോൾ അവസാനിപ്പിച്ച് പൂർണ്ണമായും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഡ്യുവൽ കൺട്രോൾ സിസ്റ്റത്തിൽ പ്രവർത്തിച്ചിരുന്ന ആദ്യത്തെ അഞ്ച് മെഡിക്കൽ കോളേജുകളെ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കീഴിലാക്കിയിട്ടുണ്ട്. മഞ്ചേരി മെഡിക്കൽ കോളേജിൽ ഡ്യുവൽ കൺട്രോൾ ഭരണ സംവിധാനം ഒഴിവാക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) സംസ്ഥാന സർക്കാരിന്റെ 'ഹൃദ്യം' പദ്ധതിക്കായി ഇതുവരെ എത്ര തുക ചെലവഴിച്ചു; എത്രപേർക്ക് പദ്ധതിയുടെ ഗുണം ലഭിച്ചു; ഈ പദ്ധതിക്കെതിരെ നടക്കുന്ന തെറ്റായ പ്രചരണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

'ഹൃദ്യം' പദ്ധതിക്കായി ജൂലൈ മാസം വരെ സർക്കാർ ചെലവഴിച്ച തുക 57,11,75,161/- രൂപയാണ്. ഇതുവരെ 'ഹൃദ്യം' പദ്ധതിയിൽ 18,344 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതുപ്രകാരം 6,206 പേർക്ക് ശസ്ത്രക്രിയ നടത്തിയിട്ടുണ്ട്. 'ഹൃദ്യം' പദ്ധതി ശിശുമരണ നിരക്ക് കുറയ്ക്കുന്നതിനായി സംസ്ഥാന സർക്കാർ 2017-ൽ ആരംഭിച്ച പദ്ധതിയാണ്. ശിശുമരണനിരക്ക് കുറയ്ക്കുന്നതിൽ 'ഹൃദ്യം' പദ്ധതി നിർണ്ണായക പങ്ക് വഹിച്ചിട്ടുണ്ട്. ഇതിൽ രോഗ തീവ്രതയനുസരിച്ചും മാതാപിതാക്കളുടെ സൗകര്യങ്ങൾ കണക്കിലെടുത്തും അവർതന്നെ തീരുമാനിക്കുന്ന ആശുപത്രികളിലാണ് ശസ്ത്രക്രിയകൾ നടത്തുന്നത്. ഇത്

സ്വകാര്യ സ്ഥാപനങ്ങളെ സഹായിക്കാൻവേണ്ടിയാണെന്ന കുപ്രചരണം ശരിയല്ല.

**വിദേശത്ത് പഠിച്ച മെഡിക്കൽ ബിരുദക്കാരുടെ ഇന്റേൺഷിപ്പ്**

259 (259) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ദേശീയ മെഡിക്കൽ കമ്മീഷന്റെ പുതിയ നിർദ്ദേശപ്രകാരം വിദേശത്ത് പഠിച്ച മെഡിക്കൽ ബിരുദക്കാരുടെ ഇന്റേൺഷിപ്പ് മെഡിക്കൽ കോളേജുകളിൽ മാത്രമേ നടത്താവൂയെന്ന് പരിമിതപ്പെടുത്തിയിട്ടുണ്ടോ; ജില്ലാ ആശുപത്രികളിൽ ഇന്റേൺഷിപ്പ് നടത്തുന്നതിന് അനുമതിയുണ്ടോ; ഇത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

ദേശീയ മെഡിക്കൽ കമ്മീഷന്റെ 21-09-2022-ലെ U-55024/19/2022-UGMEB നമ്പർ പബ്ലിക് നോട്ടീസ് പ്രകാരം വിദേശത്ത് പഠിച്ച മെഡിക്കൽ ബിരുദധാരികളുടെ ഇന്റേൺഷിപ്പ് മെഡിക്കൽ കോളേജുകളിൽ മാത്രമേ നടത്താനാകുമായിരുന്നുള്ളൂ. എന്നാൽ, 09-05-2023-ലെ U-15024/01/2022-UGMEB നമ്പർ സർക്കുലറിലെ നിർദ്ദേശ

പ്രകാരം മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ അംഗീകരിച്ചിട്ടുള്ള ജില്ലാ ആശുപത്രി ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിലും ടി സർക്കുലർ തീയതി മുതൽ ഒരു വർഷംവരെ ഒറ്റത്തവണയായി ഇന്റേൺഷിപ്പ് അനുവദിക്കാവുന്നതാണ്.

**നഴ്സിംഗ് കോഴ്സുകൾക്ക് പുതുതായി കോളേജുകൾ**

260 (260) ശ്രീ. മാണി സി. കാപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബി.എസ്.സി. നഴ്സിംഗ് ഉൾപ്പെടെയുള്ള കോഴ്സുകൾക്ക് സീറ്റുകൾ ലഭ്യമല്ലാത്തതിനാൽ അന്യസംസ്ഥാനങ്ങളിലേയ്ക്കും വിദേശ രാജ്യങ്ങളിലേയ്ക്കും പഠനത്തിനായി വിദ്യാർത്ഥികൾ പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ വിദ്യാർത്ഥികൾക്ക് നമ്മുടെ സംസ്ഥാനത്തുതന്നെ പഠനം നടത്താനായി കൂടുതൽ നഴ്സിംഗ് കോളേജുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

(എ&ബി) നഴ്സിംഗ് കോളേജുകൾ ആരംഭിക്കുന്നതിനായി സർക്കാർ/ ഇൻഡ്യൻ നഴ്സിംഗ് കൗൺസിൽ പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങൾ

പ്രകാരമുള്ള അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിൽ വിട്ടുവീഴ്ച ചെയ്യാതെ പുതിയ നഴ്സിംഗ് കോളേജുകൾ സർക്കാർ/പൊതുമേഖല/സ്വാശ്രയ മേഖലകളിൽ ആരംഭിച്ചുകൊണ്ട്, വിദ്യാർത്ഥികൾക്ക് മറ്റ് സംസ്ഥാനങ്ങളെ/ രാജ്യങ്ങളെ ആശ്രയിക്കാതെ കേരളത്തിൽത്തന്നെ നഴ്സിംഗ് വിദ്യാഭ്യാസം ലഭ്യമാക്കുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കുക എന്നതാണ് സർക്കാരിന്റെ നയം. 2022-23 അധ്യയന വർഷം സർക്കാർ മേഖലയിലും സ്വകാര്യ മേഖലയിലുമായി 7858 സീറ്റാണ് ബി.എസ്.സി. നഴ്സിംഗിന് ഉണ്ടായിരുന്നത്. ആയത് 2023-24 അക്കാഡമിക് വർഷത്തിൽ 8215 ആയി വർദ്ധിച്ചിട്ടുണ്ട്. ഇതുകൂടാതെ, പോസ്റ്റ് ബേസിക് ബി.എസ്.സി. നഴ്സിംഗ് കോഴ്സിന് 750 സീറ്റുകളും എം.എസ്.സി. നഴ്സിംഗ് കോഴ്സിന് 498 സീറ്റുകളും സംസ്ഥാനത്ത് നിലവിലുണ്ട്. എം.എസ്.സി. മെന്റൽ ഹെൽത്ത് നഴ്സിംഗ് കോഴ്സിന് 2023-24 അധ്യയന വർഷത്തേയ്ക്ക് പുതുതായി 16 സീറ്റുകൾകൂടി സർക്കാർ മേഖലയിൽ അനുവദിച്ചിട്ടുണ്ട്. നഴ്സിംഗ് മേഖലയിൽ തൊഴിൽ സാധ്യത കൂടുതലായതിനാൽ നഴ്സിംഗ് പഠനത്തിനായി താത്പര്യം പ്രകടിപ്പിക്കുന്ന

വിദ്യാർത്ഥികളുടെ എണ്ണം വളരെ കൂടുതലാണെന്നത് വസ്തുതയാണ്. വിദ്യാർത്ഥികൾക്ക് നമ്മുടെ സംസ്ഥാനത്തുതന്നെ പഠന സൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായി കാസർഗോഡ്, വയനാട്, പാലക്കാട്, ഇടുക്കി, പത്തനംതിട്ട, തിരുവനന്തപുരം എന്നീ ജില്ലകളിൽ സർക്കാർ നഴ്സിംഗ് കോളേജുകൾ സ്ഥാപിക്കുന്നതിനും നെയ്യാറ്റിൻകര, തളിപ്പറമ്പ്, ധർമ്മടം, കോന്നി, നൂറനാട് എന്നീ സ്ഥലങ്ങളിൽ സർക്കാരിന്റെ നേരിട്ട് നിയന്ത്രണത്തിലുള്ള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ ആൻഡ് ടെക്നോളജിക്ക് കീഴിൽ നഴ്സിംഗ് കോളേജുകൾ സ്ഥാപിക്കുന്നതിനും 05-08-2023-ലെ സ.ഉ.(കൈ) നം.190/2023/ആ.കു.വ. പ്രകാരം തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്.

**നഴ്സിംഗ് കോളേജുകളിലെ സീറ്റ്, ബെഡ്ഡ് അനുപാതം**

261 (261) ശ്രീ. പ്രമോദ് നാരായൺ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. ജോബ് മൈക്കിൾ:
ഡോ. എൻ. ജയരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ, സ്വകാര്യ മേഖലകളിൽ നഴ്സിംഗ് കോളേജുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വിശദമാക്കുമോ?

17-02-2012-ലെ സർക്കാർ ഉത്തരവ് (അച്ചടി) നം.64/2012/ആ.കു.വ. പ്രകാരം കേരള സർക്കാർ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ കൂടാതെ ഇന്ത്യൻ നഴ്സിംഗ് കൗൺസിൽ (ഐ.എൻ.സി.), കേരള നഴ്സസ് ആൻഡ് മിഡ്‌വൈവ്സ് കൗൺസിൽ, കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല (കെ.യു.എച്ച്.എസ്.) എന്നിവയുടെ മാനദണ്ഡങ്ങൾക്കനുസൃതമായാണ് സംസ്ഥാനത്ത് നഴ്സിംഗ് കോളേജുകൾ അനുവദിക്കുന്നത്.

(ബി) നഴ്സിംഗ് കോളേജുകൾ അനുവദിക്കുന്നതിന് സീറ്റുകളുടെ എണ്ണവും അനുബന്ധ ആശുപത്രികളിലെ ബെഡ്ഡുകളുടെ എണ്ണവും തമ്മിലുള്ള അനുപാതം എത്രയെന്ന് അറിയിക്കാമോ?

വിദ്യാർത്ഥി-രോഗി അനുപാതം 1:3 പാലിച്ച് മാതൃആശുപത്രിയിലെ കിടക്കകളുടെ എണ്ണം കണക്കിലെടുത്താണ് സീറ്റുകളുടെ എണ്ണം നിശ്ചയിക്കുന്നത്.

(സി) ദേശീയ തലത്തിൽ അനുശാസിക്കുന്ന അനുപാതം എത്രയാണ്; സംസ്ഥാനത്തെ അനുപാതം പ്രസ്തുത അനുപാതവുമായി വ്യത്യാസം വന്നത് എങ്ങനെയെന്ന് അറിയിക്കാമോ?

ദേശീയതലത്തിൽ അനുശാസിക്കുന്ന വിദ്യാർത്ഥി-രോഗി അനുപാതം 1:3 ആണ്. സംസ്ഥാന അനുപാതവുമായി വ്യത്യാസമില്ല.

(ഡി) സംസ്ഥാനത്തെ കുട്ടികൾ നഴ്സിംഗ് പഠനത്തിന് മറ്റ് സംസ്ഥാനങ്ങളെ കൂടുതലായി ആശ്രയിക്കുന്നത് ഒഴിവാക്കാൻ നഴ്സിംഗ് സീറ്റുകളുടെ എണ്ണവും ബെഡ് കപ്പാസിറ്റിയും തമ്മിലുള്ള അനുപാതം ദേശീയ അനുപാതത്തിന് തുല്യമാക്കാൻ നടപടി സ്വീകരിക്കാമോ?

ബാധകമല്ല.

**എം.ബി.ബി.എസ്. സീറ്റുകളും പി.ജി. സീറ്റുകളും**

262 (262) ഡോ. മാത്യൂ കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മെഡിക്കൽ കോളേജിൽ 150 എം.ബി.ബി.എസ്. സീറ്റുകളും പി.ജി. സീറ്റുകളും നഷ്ടപ്പെടാനിടയായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കാമോ; ആലപ്പുഴ മെഡിക്കൽ കോളേജിൽ ദേശീയ മെഡിക്കൽ കമ്മീഷൻ നടത്തിയ പരിശോധന റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ പൊതുസ്ഥലംമാറ്റം നടന്ന സമയത്താണ് എൻ.എം.സി. പരിശോധന നടത്തിയത്. ആലപ്പുഴ മെഡിക്കൽ കോളേജിൽ റേഡിയോ ഡയഗ്നോസിസ്, റേഡിയോ തെറാപ്പി, റെസ്പിറേറ്ററി മെഡിസിൻ, കമ്മ്യൂണിറ്റി മെഡിസിൻ എന്നീ വിഭാഗങ്ങളിലെ ഓരോ അധ്യാപകരുടെ കുറവും AEBAS പഞ്ചിംഗ് സിസ്റ്റം ഏർപ്പെടുത്താത്തതും ചൂണ്ടിക്കാട്ടിയാണ് എൻ.എം.സി. ഡിസ്അപ്രൂവൽ കത്ത് നൽകിയത്. തുടർന്ന് ഒഴിവുള്ള അദ്ധ്യാപക തസ്തികകൾ നികത്തുകയും പഞ്ചിംഗ് സിസ്റ്റം ഏർപ്പെടുത്തുകയും ചെയ്ത് എൻ.എം.സി.-ക്ക് അപ്പീൽ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ കോളേജിന്റെ അംഗീകാരം നിലനിർത്തിയിട്ടുണ്ട്. പ്രസ്തുത മെഡിക്കൽ കോളേജിൽ എം.ബി.ബി.എസ്. ആൾ ഇന്ത്യ ക്വാട്ടയിൽ രണ്ട് വിദ്യാർത്ഥികൾക്കും സ്റ്റേറ്റ് ക്വാട്ടയിൽ 138

വിദ്യാർത്ഥികൾക്കും പ്രവേശനം ആദ്യ അലോട്ട്മെന്റിൽ നൽകിയിട്ടുണ്ട്. ബാക്കി സീറ്റുകളിലേയ്ക്കുള്ള പ്രവേശന നടപടികൾ നടന്നുവരുന്നു. എൻ.എം.സി. റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

(ബി) ദേശീയ മെഡിക്കൽ കമ്മീഷന്റെ മാനദണ്ഡങ്ങൾക്കനുസൃതമായി അടിസ്ഥാന സൗകര്യവും ഡോക്ടർമാരുടെ സേവനവും ഉറപ്പാക്കുന്നതിൽ സംസ്ഥാന സർക്കാരിന് വീഴ്ച സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവമായി കാണുന്നുണ്ടോ; ഈ കാര്യത്തിൽ ഉത്തരവാദികളായവർക്കെതിരെ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ആകെ ഏതാനും അധ്യാപകരുടെ കുറവും പുതിയതായി എൻ.എം.സി. നിഷ്കർഷിച്ച പഞ്ചിംഗ് ഇൻസ്പെക്ഷൻ സമയത്ത് പൂർണ്ണതോതിലാകാത്തതുമാണ് അംഗീകാരം നിലനിർത്തുന്നതിന് തടസ്സമായി എൻ.എം.സി. ചൂണ്ടിക്കാട്ടിയിരുന്നത്. ഈ ഒഴിവുകൾ നികത്തുകയും പഞ്ചിംഗ് സിസ്റ്റം ഏർപ്പെടുത്തുകയും ചെയ്ത് അംഗീകാരം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ലഭിക്കാനുള്ള എല്ലാ മാനദണ്ഡങ്ങളും പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ ഈ വിഷയത്തിൽ വീഴ്ച വന്നതായി കാണുന്നില്ല.

(സി) സാധാരണക്കാരായ കുട്ടികൾക്ക് കുറഞ്ഞ ഫീസിൽ പഠിക്കുവാൻ സാധിക്കുന്ന എം.ബി.ബി.എസ്. സീറ്റുകളും പി.ജി. സീറ്റുകളും നഷ്ടപ്പെട്ട സാഹചര്യത്തിൽ, എന്ത് ബദൽ മാർഗമാണ് സർക്കാർ ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദാംശം സഹിതം വ്യക്തമാക്കാമോ?

കഴിഞ്ഞ വർഷം കോന്നി, ഇടുക്കി മെഡിക്കൽ കോളേജുകൾ യാഥാർത്ഥ്യമാക്കിയതുവഴി 200 എം.ബി.ബി.എസ്. വിദ്യാർത്ഥികൾക്ക് പഠിക്കാൻ കൂടുതലായി അവസരമൊരുക്കിയിട്ടുണ്ട്. നിലവിൽ എം.ബി.ബി.എസ്. സീറ്റുകൾ നഷ്ടപ്പെട്ടിട്ടില്ല. എൻ.എം.സി. ചൂണ്ടിക്കാണിക്കുന്ന ന്യൂനതകൾ പരിഹരിക്കുകയും പുതിയതായി എൻ.എം.സി. കൊണ്ടുവരുന്ന നിബന്ധനകളനുസരിച്ച് ആവശ്യമായ സംവിധാനങ്ങളൊരുക്കി കോളേജുകളുടെ അംഗീകാരം നിലനിർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്.

## സസ്പെൻഷനിലായ ജീവനക്കാരെ സർക്കാർ അനുമതിയില്ലാതെ തിരിച്ചെടുത്തവർക്കെതിരെ നടപടി

263 (263) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളേജിലെ ഐ.സി.യു.-വിൽ പീഡനത്തിനിരയായ യുവതിയെ ഭീഷണിപ്പെടുത്തിയതുമായി ബന്ധപ്പെട്ട് മെഡിക്കൽ കോളേജിലെ ചില ജീവനക്കാർക്കെതിരെ വകുപ്പുതല നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇവർ ആരെല്ലാമാണെന്നും ഇവർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ?

ഉണ്ട്. ശ്രീമതി ഷൈമ പി. ഇ. - ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് II, ശ്രീമതി ആസ്യ എൻ. കെ.-ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് I, ശ്രീമതി ഷൈനി ജോസ്-ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് I, ശ്രീമതി ഷലുജ വി.- ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് I, ശ്രീമതി പ്രസീത മനോളി - നഴ്സിംഗ് അസിസ്റ്റന്റ്, കുമാരി ദീപ- ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്

II (ദിവസവേതന ജീവനക്കാരി) എന്നിവർക്കെതിരെയാണ് കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളേജ് ഐ.സി.യു.-വിൽ പീഡനത്തിനിരയായ യുവതിയെ സ്വാധീനിക്കാൻ ശ്രമിച്ചുവെന്ന പരാതിയിൽ വകുപ്പുതല നടപടികൾ കൈക്കൊണ്ടിട്ടുള്ളത്.

23-03-2023-ലെ ജി.എം.സി.കെ.കെ.ഡി./1083/2023-ഇ 9 ഉത്തരവുപ്രകാരം മേൽപ്പറഞ്ഞ അഞ്ച് സ്ഥിരം ജീവനക്കാരെ 1960-ലെ കേരള സിവിൽ സർവ്വീസ് ക്ലാസിഫിക്കേഷൻ കൺട്രോൾ & അപ്പീൽ ചട്ടങ്ങളിലെ ചട്ടം 10(1)(ബി)(സി) പ്രകാരം അന്വേഷണവിധേയമായി കോഴിക്കോട് മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ സസ്പെൻഡ് ചെയ്യുകയും ദിവസവേതന ജീവനക്കാരിയായ കുമാരി ദീപയെ ഉടൻ പ്രാബല്യത്തിൽ സേവനത്തിൽനിന്നും നീക്കം ചെയ്യുകയും ചെയ്തിരുന്നു. ഇവർ അഞ്ചുപേർക്കും 30-03-2023-ന് കുറ്റാരോപണ മെമ്മോയും കുറ്റാരോപണ പത്രികയും നൽകിയിരുന്നു. ആയതിന് ജീവനക്കാർ പ്രതിവാദ പത്രിക സമർപ്പിക്കുകയുണ്ടായി. പ്രതിവാദ പത്രികയിൽ, പരാമർശിക്കപ്പെട്ട ആരോപണങ്ങൾ ഇവർ നിഷേധിക്കുകയാണുണ്ടായത്. ജീവനക്കാർ

സമർപ്പിച്ച പ്രതിവാദ പത്രിക പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലും പ്രാഥമിക അന്വേഷണ റിപ്പോർട്ടിൽ തുടരന്വേഷണം ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിലും മേൽപ്പറഞ്ഞ ജീവനക്കാർക്കെതിരെ അന്വേഷണം നടത്തുന്നതിനായി കേരള സിവിൽ സർവ്വീസ് തരംതിരിക്കലും നിയന്ത്രണവും അപ്പീലും ചട്ടങ്ങളിലെ ഖണ്ഡിക 15(ബി) പ്രകാരം 20-04-2023-ലെ ജി.എം.സി.കെ.കെ.ഡി./1083/2023-ഇ 9 നമ്പർ ഉത്തരവുപ്രകാരം അന്വേഷണ ഉദ്യോഗസ്ഥരെ നിയമിച്ചിരുന്നു. പ്രസ്തുത അന്വേഷണ ഉദ്യോഗസ്ഥർ പ്രിൻസിപ്പാളിന് സമർപ്പിച്ച അന്വേഷണ റിപ്പോർട്ട് പ്രകാരം ടി ജീവനക്കാർക്കെതിരെ ആരോപിക്കപ്പെട്ട കുറ്റം തെളിയിക്കപ്പെടാത്ത സാഹചര്യത്തിലും നിയമ നടപടികൾ തുടരുന്നതിനാലും നിയമനാധികാരി എന്ന നിലയിൽ കോഴിക്കോട് മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ ഇവർക്കെതിരെയുള്ള സസ്പെൻഷൻ നടപടി നിയമ നടപടികൾക്ക് വിധേയമായി 31-05-2023-ൽ പ്രാബല്യത്തിൽ പിൻവലിക്കുകയാണുണ്ടായത്. പിന്നീട് ഇക്കാര്യത്തിൽ ഉന്നതതല അന്വേഷണം ആവശ്യമാണെന്ന മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയത്തിൽ

നിന്നുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സസ്പെൻഷൻ പിൻവലിച്ച 31-05-2023-ലെ നടപടി 08-06-2023-ലെ ജി.എം.സി.കെ.കെ.ഡി/1083/2023-ഇ 9 ഉത്തരവ് പ്രകാരം പ്രിൻസിപ്പാൾ റദ്ദ് ചെയ്യുകയും ടി അഞ്ച് ജീവനക്കാരും നിലവിൽ സസ്പെഷനിൽ തുടരുകയുമാണ്.

(ബി) സസ്പെൻഷനിലായ പ്രസ്തുത ജീവനക്കാരെ തിരികെ സർവ്വീസിൽ പ്രവേശിപ്പിക്കുവാൻ ഉത്തരവ് നൽകിയത് സർക്കാർ അറിവോട് കൂടിയാണോയെന്ന് വിശദമാക്കുമോ; സർക്കാർ അനുമതി ഇല്ലെങ്കിൽ സസ്പെൻഷനിലായ ജീവനക്കാരെ തിരിച്ചെടുക്കുവാൻ ഉത്തരവ് നൽകിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

സസ്പെൻഷനിലായ അഞ്ച് ജീവനക്കാരുടെ സസ്പെൻഷൻ നടപടി പിൻവലിച്ച് ജോലിയിൽ തിരികെ പ്രവേശിപ്പിച്ച നടപടി നിയമനാധികാരി എന്ന നിലയിൽ പ്രിൻസിപ്പാൾ തലത്തിൽ സ്വീകരിച്ചതാണ്. പിന്നീട്, സസ്പെൻഷനിലുള്ള ജീവനക്കാരെ തിരികെ ജോലിയിൽ

പ്രവേശിപ്പിക്കണമോ എന്ന കാര്യത്തിൽ ഉന്നതതല അന്വേഷണം ആവശ്യമാണെന്ന മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയത്തിൽ നിന്നുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സസ്പെൻഷൻ പിൻവലിച്ച 31-05-2023-ലെ പ്രിൻസിപ്പാളിന്റെ നടപടി 08-06-2023-ലെ ജി.എം.സി.കെ.കെ.ഡി./1083/2023-ഇ 9 ഉത്തരവുപ്രകാരം റദ്ദ് ചെയ്യുകയും ടി അഞ്ച് ജീവനക്കാരും നിലവിൽ സസ്പെൻഷനിൽ തുടരുകയുമാണ്. തുടരന്വേഷണത്തിനായി ഡി.എം.ഇ. തലത്തിൽ കമ്മിറ്റി രൂപീകരിച്ച് അന്വേഷണം നടന്നുവരുന്നു.

**കണ്ണൂർ മെഡിക്കൽ കോളേജിൽ പ്രവർത്തനരഹിതമായ കൊബാൾട്ട് തെറാപ്പി മെഷീൻ മാറ്റുന്ന നടപടി**

264 (264) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിൽ 05-08-2020 മുതൽ പ്രവർത്തനരഹിതമായ കൊബാൾട്ട് തെറാപ്പി മെഷീൻ മാറ്റി പുതിയ മെഷീൻ വാങ്ങുന്നതിന് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച

പ്രൊപ്പോസലിന്മേൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; പുതിയ മെഷീൻ എപ്പോൾ ലഭ്യമാക്കാൻ സാധിക്കും; വിശദമാക്കാമോ?

കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിലെ റേഡിയോ തെറാപ്പി വിഭാഗത്തിലേയ്ക്ക് കെ.എ.എസ്.പി. ഫണ്ട് ഉപയോഗിച്ച് പുതിയ കൊബാൾട്ട് തെറാപ്പി മെഷീൻ വാങ്ങുന്നതിനായി മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. എന്നാൽ 2210-05-105-80-19(പി) ശീർഷകത്തിൽ മതിയായ ഫണ്ട് ലഭ്യമായതിനാൽ കെ.എ.എസ്.പി. ഫണ്ടിനുപകരം പ്ലാൻ ഫണ്ട് ഉപയോഗിച്ച് പുതിയ കൊബാൾട്ട് തെറാപ്പി മെഷീൻ വാങ്ങുന്നതിനുള്ള നിർദ്ദേശം നൽകുകയും ആയത് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ തലത്തിൽ പരിശോധിച്ചുവരികയും ചെയ്യുന്നു.

**തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രി വികസന സൊസൈറ്റിയിലെ ഫണ്ട് തട്ടിപ്പ്**

265 (265) <u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രി വികസന സൊസൈറ്റി (എച്ച്.ഡി.എസ്.) ഫണ്ടിൽ ക്രമക്കേട് നടന്നിട്ടുള്ളതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ എത്ര രൂപയുടെ ക്രമക്കേടാണ് ഇതുവരെ കണ്ടെത്തിയിട്ടുള്ളതെന്നും ഏതൊക്കെ കാലയളവിലെ കണക്കുകളാണ് പരിശോധിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ?

ആശുപത്രി അധികൃതർ ക്രമക്കേട് കണ്ടെത്തുകയും വിവരം തൃശ്ശൂർ ജില്ലാ കളക്ടറെ അറിയിച്ചതിനെത്തുടർന്ന്, 2022 ജൂൺ മുതൽ 2023 ജൂൺ വരെ മുഴുവനായും 24-03-2021 മുതൽ 2022 മേയ് വരെ ഭാഗികമായും ജില്ലാ കളക്ടറേറ്റിലെ ഫിനാൻസ് ഓഫീസർ പരിശോധന നടത്തി. 2022 ജൂൺ മുതൽ 2023 ജൂൺ വരെയുള്ള ദൈനംദിന വരവുചെലവ് പരിശോധിച്ചപ്പോൾ 8,39,960 (എട്ട് ലക്ഷത്തി മുപ്പത്തി ഒൻപതിനായിരത്തി തൊള്ളായിരത്തി അറുപത്) രൂപയുടെയും 24-03-2021 മുതൽ 08-06-2023 വരെയുള്ള കാലയളവിലെ റാൻഡം ചെക്കിംഗിൽ 1,77,523 (ഒരു ലക്ഷത്തി എഴുപത്തി

ഏഴായിരത്തി അഞ്ഞൂറ്റി ഇരുപത്തിമൂന്ന്) രൂപയുടെയും ക്രമക്കേടാണ് കണ്ടെത്തിയത്.

(സി) പ്രസ്തുത ക്രമക്കേടുകളെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ ആരൊക്കെയാണ് അന്വേഷണം നടത്തിയിട്ടുള്ളതെന്നും തട്ടിപ്പിന്റെ സ്വഭാവവും എന്തൊക്കെയാണ് കണ്ടെത്തലുകളെന്നും വിശദീകരിക്കാമോ?

ഉണ്ട്. തൃശ്ശൂർ ജില്ലാ കളക്ടറുടെ നിർദ്ദേശ പ്രകാരം ജില്ലാ കളക്ടറേറ്റിലെ ഫിനാൻസ് ഓഫീസറുടെ നേതൃത്വത്തിലാണ് പ്രാഥമിക പരിശോധന നടത്തിയിട്ടുള്ളത്. മെഡിക്കൽ കോളേജ് ആശുപത്രിയിലെ എച്ച്.ഡി.എസ്.-ലെ 2021-23 കാലയളവിലെ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയ വരവുകണക്കും ശരിയായ വരവും തമ്മിലുള്ള പൊരുത്തക്കേടുകളാണ് കണ്ടെത്തിയിട്ടുള്ള ക്രമക്കേട്.

(ഡി) പ്രസ്തുത ക്രമക്കേടുകളെക്കുറിച്ച് മെഡിക്കൽ കോളേജ് അധികൃതർ പോലീസിൽ പരാതി നൽകിയിട്ടുണ്ടോ; എങ്കിൽ ആരാണ് പരാതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. തൃശ്ശൂർ മെഡിക്കൽ കോളേജിലെ എച്ച്.ഡി.എസ്. ചെയർമാനായ തൃശ്ശൂർ ജില്ലാ കളക്ടറുടെ നിർദ്ദേശ പ്രകാരം തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രി സൂപ്രണ്ട്-ഇൻ-ചാർജ്ജ് പോലീസ് സ്റ്റേഷനിൽ പരാതി നൽകിയിട്ടുണ്ട്.

(ഇ) പ്രസ്തുത ക്രമക്കേടുകൾക്ക് ഉത്തരവാദികളായ ജീവനക്കാർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ആർക്കെല്ലാമെതിരെയാണ് നടപടി സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

ക്രമക്കേട് കണ്ടെത്തിയ ദിവസങ്ങളിൽ ക്യാഷ് കളക്ഷൻ സ്വീകരിച്ചിരുന്ന ആശുപത്രി വികസന സമിതിയുമായി ബന്ധപ്പെട്ട 'ജി' സെക്ഷനിലെ കൗണ്ടർ സ്റ്റാഫായിരുന്ന ശ്രീമതി ഗിരിജ കെ. ആനന്ദിനെ പ്രാഥമിക അന്വേഷണത്തിന്റെ ഭാഗമായി ജോലിയിൽനിന്ന് മാറ്റിനിർത്തിയിട്ടുണ്ട്.

(എഫ്) ആശുപത്രി വികസന സൊസൈറ്റി ചെയർമാനായ ജില്ലാ കളക്ടർ പ്രസ്തുത ക്രമക്കേടുകളെക്കുറിച്ച് സർക്കാരിനും മെഡിക്കൽ

വിദ്യാഭ്യാസ ഡയറക്ടർക്കും റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ?

ഉണ്ട്. പകർപ്പുകൾ യഥാക്രമം അനുബന്ധം I, II എന്നിങ്ങനെ ചേർത്തിരിക്കുന്നു.+

(ജി) ആശുപത്രിയുടെ ദൈനംദിന പ്രവർത്തനങ്ങളിലും സാമ്പത്തിക ഇടപാടുകളിലും സൂക്ഷ്മതയും സുതാര്യതയും കാര്യക്ഷമതയും പുലർത്താത്ത, സംഘടിത സ്വഭാവത്തിലുള്ള സാമ്പത്തിക തട്ടിപ്പിന് അവസരം ഒരുക്കിയ എച്ച്.ഡി.എസ്.-ന്റെ ചുമതല വഹിച്ചിരുന്ന ഉദ്യോഗസ്ഥരെ മാറ്റിനിർത്തി സമഗ്രവും ഉന്നതതലത്തിലുമുള്ള അന്വേഷണം നടത്തുവാൻ തയ്യാറാകുമോ?

ആശുപത്രി വികസന സമിതിയുമായി ബന്ധപ്പെട്ട 'ജി' സെക്ഷനിലെ കൗണ്ടർ സ്റ്റാഫായിരുന്ന ശ്രീമതി ഗിരിജ കെ. ആനന്ദിനെ പ്രാഥമിക അന്വേഷണത്തിന്റെ ഭാഗമായി ജോലിയിൽനിന്ന് മാറ്റിനിർത്തിയിട്ടുണ്ട്. തൃശ്ശൂർ മെഡിക്കൽ കോളേജിലെ എച്ച്.ഡി.എസ്.-മായി ബന്ധപ്പെട്ട ഈ ക്രമക്കേടിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് തലത്തിൽ അന്വേഷണം

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. തൃശ്ശൂർ ജില്ലാ കളക്ടറുടെ റിപ്പോർട്ടിന്റെയും ബഹുമാനപ്പെട്ട കേരള ഹൈക്കോടതി രജിസ്ട്രാറുടെ നിർദ്ദേശ പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയത്തിലെ ഓഡിറ്റ് ടീം നടത്തിയ പരിശോധനയുടെയും അടിസ്ഥാനത്തിൽ തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രിയിലെ എച്ച്.ഡി.എസ്.-ൽ അടിയന്തരമായി ഓഡിറ്റ് നടത്താൻ കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ഡയറക്ടറോടും ക്രമക്കേടുകൾ സംബന്ധിച്ച് വിശദമായ അന്വേഷണം നടത്താൻ വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറോടും സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്.

**ഇടുക്കി ജില്ലയിലെ സിദ്ധവൈദ്യ ചികിത്സാസൗകര്യം**

266 (266) ശ്രീ. എം. എം. മണി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ ഏതൊക്കെ മണ്ഡലങ്ങളിലാണ് സിദ്ധവൈദ്യ ചികിത്സാസൗകര്യം ലഭ്യമായിട്ടുള്ളത്; മണ്ഡലത്തിന്റെ പേര്, സ്ഥാപനം സ്ഥിതി ചെയ്യുന്ന സ്ഥലം ഇവ സംബന്ധിച്ച വിശദാംശം നൽകാമോ?

തൊടുപുഴ, പീരുമേട്, ദേവികുളം നിയോജകമണ്ഡലങ്ങളിലാണ് സിദ്ധ വൈദ്യചികിത്സാ സൗകര്യം ലഭ്യമായിട്ടുള്ളത്.

**തൊടുപുഴ**

1. ജില്ലാ ആയുർവേദ ആശുപത്രി തൊടുപുഴ, കാരിക്കോട്
2. എൻ.എച്ച്.എം. സിദ്ധ ഡിസ്പെൻസറി, മണക്കാട്

**പീരുമേട്**

1. എൻ.എച്ച്.എം. സിദ്ധ ഡിസ്പെൻസറി, വണ്ടിപ്പെരിയാർ
2. എൻ.എച്ച്.എം. സിദ്ധ ഡിസ്പെൻസറി, കുമളി

**ദേവികുളം**

ഗവൺമെന്റ് സിദ്ധ ഡിസ്പെൻസറി, പള്ളിവാസൽ

(ബി) സംസ്ഥാനത്തെ ഏറ്റവും വലിയ നിയമസഭാ മണ്ഡലങ്ങളിലൊന്നായ ഉടുമ്പൻചോലയിൽ സിദ്ധവൈദ്യ ചികിത്സാസൗകര്യം ലഭ്യമല്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) നെടുംകണ്ടം പഞ്ചായത്തിൽ സിദ്ധവൈദ്യ ഡിസ്പെൻസറി ആരംഭിക്കുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ടോ?

നിലവിൽ പരിഗണനയിലില്ല.

(ഡി) നാഷണൽ ആയുഷ് മിഷന്റെ കീഴിൽ ഒരു സിദ്ധവൈദ്യ ഡിസ്പെൻസറി ആരംഭിക്കുന്നത് പരിശോധിക്കുമോ; വ്യക്തമാക്കാമോ?

നാഷണൽ ആയുഷ് മിഷന്റെ ഗൈഡ്‌ലൈൻ പ്രകാരം ആയുഷ് സ്ഥാപനങ്ങളില്ലാത്ത സ്ഥലങ്ങളിൽ പുതിയ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിന് അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനുള്ള സ്കീമുണ്ട്. ഇപ്രകാരം പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്.

**ഹോമിയോ ഡിസ്പെൻസറികളില്ലാത്ത പഞ്ചായത്തുകളിൽ പുതിയ ഡിസ്പെൻസറികൾ**

267 (267) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോമിയോ ഡിസ്പെൻസറികളില്ലാത്ത പഞ്ചായത്തുകളിൽ പുതിയ ഡിസ്പെൻസറികൾ ആരംഭിക്കുമെന്ന് സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ടോ; ഇതുസംബന്ധിച്ച് ഹോമിയോപ്പതി ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ എന്തെങ്കിലും തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത് നടപ്പിലാക്കാൻ കഴിയാത്തതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

(എ&ബി) സർക്കാരിന്റെ നയപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഹോമിയോ ഡിസ്പെൻസറികളില്ലാത്ത പഞ്ചായത്തുകളിൽ പുതിയ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിന് ഹോമിയോപ്പതി വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ ശിപാർശ പരിശോധിച്ചുവരുന്നു.

**അരുവിപ്പുറം ആയുർവേദ ഡിസ്പെൻസറിയിൽ ഒ.പി. ലെവൽ ട്രീറ്റ്മെന്റ് ആരംഭിക്കുന്നതിന് നടപടി**

268 (268) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുങ്കടവിള അരുവിപ്പുറം ആയുർവേദ ഡിസ്പെൻസറിയിൽ ഒ.പി. ലെവൽ ട്രീറ്റ്മെന്റ് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് പാസാക്കിയ പ്രമേയം ഉൾപ്പെടെ സമർപ്പിച്ചിരുന്ന നിവേദനത്തിന്മേൽ തുടർനടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഡിസ്പെൻസറിയിൽ ഒ.പി. പരിശോധന ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

(എ&ബി) ഉണ്ട്. പെരുങ്കടവിള അരുവിപ്പുറം ആയുർവേദ ഡിസ്പെൻസറിയിൽ ഒ.പി. ലെവൽ ട്രീറ്റ്മെന്റുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് പാസ്സാക്കിയ പ്രമേയം ലഭിച്ചിട്ടുണ്ട്. നിലവിൽ സ്ഥാപനത്തിൽ സാധാരണ ഒ.പി. ചികിത്സ മാത്രമാണ് പ്രവർത്തിക്കുന്നത് (മെഡിക്കൽ ഓഫീസർ, ഫാർമസിസ്റ്റ്, അറ്റൻഡർ, പി.റ്റി.എസ്. തസ്തികകളിൽ ഓരോ ജീവനക്കാർ മാത്രം). അഭ്യംഗം, കിഴി, പിഴിച്ചിൽ മുതലായ പഞ്ചകർമ്മ ചികിത്സകൾ ഒ.പി. ചികിത്സയുടെ ഭാഗമായി നടത്തുന്നതിന് നിലവിൽ സ്ഥാപനത്തിൽ കെട്ടിടസൗകര്യമോ മതിയായ ജീവനക്കാരോ ഇല്ല. ഒ.പി. ലെവൽ ട്രീറ്റ്മെന്റ് ആരംഭിക്കുന്നതിന് 1507

സ്ക്വയർഫീറ്റ് വരുന്ന പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി നാഷണൽ ആയുഷ് മിഷനിൽനിന്നും 30,00,000/- രൂപ അനുവദിച്ചിട്ടുണ്ട്. ആയതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ 2023 ജൂലൈ മാസത്തിൽ ആരംഭിച്ചിട്ടുണ്ട്.

**മാവേലിക്കര ഗവൺമെന്റ് ആയുർവേദ ആശുപത്രി**

269 (269) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മുനിസിപ്പൽ പ്രദേശത്ത് സ്ഥിതി ചെയ്യുന്ന ഗവൺമെന്റ് ആയുർവേദ ആശുപത്രിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത നിർമ്മാണത്തിന് എത്ര തുകയുടെ ഭരണാനുമതിയാണ് നൽകിയത്; നിർമ്മാണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) പുതിയ കെട്ടിട നിർമ്മാണത്തിന് ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

(ബി&സി) 2020-21 സാമ്പത്തിക വർഷത്തെ വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II-ൽ വാല്യം II-ൽ (ഭരണാനുമതി ഇല്ലാത്ത പ്രവൃത്തികൾ) ആലപ്പുഴ ജില്ലയിലെ മാവേലിക്കര സർക്കാർ ആയുർവേദ ആശുപത്രിയുടെ നവീകരണവുമായി ബന്ധപ്പെട്ട് അടങ്കൽ തുകയായ അഞ്ച് കോടി രൂപയിൽ ടോക്കൺ പ്രൊവിഷനായി ഒരു കോടി രൂപ വകയിരുത്തിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 1,17,19,494 (ഒരു കോടി പതിനേഴുലക്ഷത്തി പത്തൊൻപതിനായിരത്തി നാന്നൂറ്റി തൊണ്ണൂറ്റിനാല്) രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

മാവേലിക്കര ഗവൺമെന്റ് ആയുർവേദ ആശുപത്രിയുടെ പുതിയ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് ഹരിപ്പാട് കെട്ടിട ഉപവിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സ്ഥലം സന്ദർശിക്കുകയും നിലവിൽ ആശുപത്രി പ്രവർത്തിക്കുന്ന കെട്ടിടങ്ങൾ പൊളിച്ചുമാറ്റുകയോ പുതിയ സ്ഥലം ലഭ്യമാക്കുകയോ ചെയ്താൽ മാത്രമേ അവിടെ മണ്ണ് പരിശോധന നടത്താൻ സാധിക്കുകയുള്ളുവെന്നും സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റിന്

അംഗീകാരം ലഭിക്കുന്നതിന് സൈറ്റ് ക്ലിയറാക്കി നൽകണമെന്നും അറിയിച്ചിട്ടുണ്ട്. ഇതിനായി സ്ഥാപനം ഷിഫ്റ്റ് ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് മാവേലിക്കര ഗവൺമെന്റ് ആയുർവേദ ആശുപത്രിയിൽനിന്നും മാവേലിക്കര മുനിസിപ്പാലിറ്റിക്ക് 21-07-2023-ൽ കത്ത് നൽകിയിരിക്കുകയാണ്. തുടർനടപടികൾ സ്വീകരിക്കുന്നതിന് ആലപ്പുഴ ജില്ലാ മെഡിക്കൽ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**നെടുങ്കുന്നം ആയുർവേദ ഡിസ്പെൻസറി ആശുപത്രിയാക്കാൻ നടപടി**

270 (270) ഡോ. എൻ. ജയരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആയുർവേദ ഡിസ്പെൻസറികളെ കിടത്തിചികിത്സ ലഭ്യമാക്കുന്ന വിധത്തിൽ ആശുപത്രികളാക്കി അപ്ഗ്രേഡ് ചെയ്യുന്ന നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) ഇതിനായി ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ തയ്യാറാക്കിയ മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ട നെടുങ്കുന്നം ആയുർവേദ

ഡിസ്പെൻസറിയെ ആശുപത്രിയാക്കുന്നതിന് പ്രത്യേക പരിഗണന നൽകി നടപടികൾ ത്വരിതപ്പെടുത്തുമോ?

(എ&ബി) ഭാരതീയ ചികിത്സാ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളുടെ അപ്ഗ്രഡേഷൻ സംബന്ധിച്ച് 13-02-2023-ലെ എ 1/168/2022-ആയുഷ് നമ്പർ സർക്കാർ കത്തിലെ നിർദ്ദേശപ്രകാരം നാഷണൽ ആയുഷ് മിഷനുമായി ബന്ധപ്പെട്ട് പുതിയ പ്രയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ സ്വീകരിച്ചുവരുന്നു. പ്രസ്തുത ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ അപ്ഗ്രഡേഷൻ സംബന്ധിച്ച നടപടികൾ പരിശോധിക്കുന്നതാണ്.

**ഔഷധി ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷനിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണം**

271 (271) <u>ശ്രീ. വി. ശശി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഔഷധി ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷനിലെ ജനറൽ വർക്കർ തസ്തികയിലെ ജീവനക്കാരുടെ ശമ്പളസ്കെയിൽ വെളിപ്പെടുത്താമോ?

ജനറൽ വർക്കർ തസ്തികയിലെ ജീവനക്കാരുടെ ശമ്പള സ്കെയിൽ ചുവടെ ചേർക്കുന്നു:

ജനറൽ വർക്കർ (ഗ്രേഡ് III)- 12650-300-13250-350-15000-400-17000-450-18800-500-21300-600-24300-700-25700

ജനറൽ വർക്കർ (ഗ്രേഡ് II)- 13600-350-15000-400-17000-450-18800-500-21300-600-24300-700-28600

ജനറൽ വർക്കർ (ഗ്രേഡ് I)- 15000-400-17000-450-18800-500-21300-600-24300-700-27800-800-31800

(ബി) പ്രസ്തുത വേതനവ്യവസ്ഥ നിലവിലെ സാഹചര്യത്തിൽ വളരെ കുറവാണെന്നത് കണക്കിലെടുത്ത് അവരുടെ ശമ്പള വർദ്ധനവിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

നിലവിലെ ശമ്പളപരിഷ്കരണ കാലാവധി 30-06-2023-ന് പൂർത്തിയായിട്ടുണ്ട്. ശമ്പളപരിഷ്കരണം നടപ്പിലാക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) പ്രസ്തുത ജീവനക്കാർക്ക് അനുവദിച്ചുവരുന്ന എച്ച്.ആർ.എ., സി.സി.എ., ഡി.എ. മുതലായവയുടെ വിശദാംശം ലഭ്യമാക്കാമോ?

ആയുർവേദ മരുന്ന് നിർമ്മാണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ബാധകമായ മിനിമം വേജസ്, ക്ഷാമബത്ത എന്നിവ അടിസ്ഥാനമാക്കിയാണ് ടി ജീവനക്കാരുടെ വേതനം നിശ്ചയിച്ചിട്ടുള്ളത്. 1998-99 വർഷം അടിസ്ഥാനമാക്കിയ തൃശ്ശൂർ കേന്ദ്രത്തിലെ ഉപഭോക്തൃ വിലസൂചിക ആധാരമാക്കിയാണ് ടി വിഭാഗം ജീവനക്കാർക്ക് ക്ഷാമബത്ത അനുവദിച്ചുവരുന്നത്. ആയതുപ്രകാരം പ്രതിമാസം 2,513/- രൂപയാണ് ക്ഷാമബത്ത ഇനത്തിൽ അനുവദിച്ചുവരുന്നത്. ടി വിഭാഗം ജീവനക്കാർക്ക് എച്ച്.ആർ.എ., സി.സി.എ. അലവൻസുകൾ അനുവദിച്ചിട്ടില്ല

**കോട്ടക്കൽ കേന്ദ്രമായി ആയുർവേദ സർവ്വകലാശാല സ്ഥാപിക്കാൻ നടപടി**

272 (272) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ കേന്ദ്രീകരിച്ച് അന്താരാഷ്ട്ര നിലവാരത്തിലുള്ള ആയുർവേദ സർവ്വകലാശാല സ്ഥാപിക്കുന്നതിന് പ്രൊപ്പോസൽ

ലഭ്യമായിട്ടുണ്ടോ; എങ്കിൽ ആയതിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉണ്ട്. പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) കോട്ടക്കലിൽ ആയുർവേദ സർവ്വകലാശാല സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ട് സ്ഥലം എം.എൽ.എ. നൽകിയ കത്തിന്മേൽ ആയുഷ് മിഷൻ ഡയറക്ടറേറ്റ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

നാഷണൽ ആയുഷ് മിഷന്റെ സ്കീമുകളിൽ സർവ്വകലാശാല സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ ഉൾപ്പെട്ടിട്ടില്ലെന്ന മറുപടി സ്ഥലം എം.എൽ.എ.-യെ സ്റ്റേറ്റ് മിഷൻ ഡയറക്ടർ, നാഷണൽ ആയുഷ് മിഷൻ അറിയിച്ചിട്ടുണ്ട്.

(സി) പ്രസ്തുത വിഷയത്തിന്മേൽ കേരള ആയുർവേദ പഠന ഗവേഷണ സൊസൈറ്റിയുടെ റിപ്പോർട്ട് ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ ലഭ്യമായിട്ടുണ്ടോ; ആയതിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കുമോ?

ഉണ്ട്. ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിലേയ്ക്ക് ലഭ്യമാക്കിയിട്ടുള്ള ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി) സംസ്ഥാനത്ത് ആയുർവേദ സർവ്വകലാശാല സ്ഥാപിക്കുന്നതിന് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കി നൽകിയാൽ സർവ്വകലാശാല ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണെന്ന് കേന്ദ്ര മന്ത്രാലയം അറിയിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ അടിസ്ഥാനത്തിൽ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഇതുമായി ബന്ധപ്പെട്ട് കേന്ദ്ര മന്ത്രാലയത്തിന്റെ അറിയിപ്പൊന്നുംതന്നെ സർക്കാരിൽ ലഭിച്ചിട്ടില്ല.

(ഇ) കോട്ടക്കൽ കേന്ദ്രീകരിച്ച് അന്താരാഷ്ട്ര നിലവാരത്തിലുള്ള ആയുർവേദ സർവ്വകലാശാല സ്ഥാപിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഈ വിഷയം സർക്കാർ പരിശോധിച്ച് ഉചിതമായ തീരുമാനമെടുക്കുന്നതാണ്.

**മരുന്ന് സംഭരണശാല മാറ്റി സ്ഥാപിക്കുന്ന നടപടി**

273 (273) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ മരുന്ന് സംഭരണശാല മെഡിക്കൽ കോളേജിലേയ്ക്ക് മാറ്റിസ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിലെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

മരുന്ന് സംഭരണശാല, ചേവായൂർ ത്വക്ക് രോഗ ആശുപത്രി കോമ്പൗണ്ടിലോ മെഡിക്കൽ കോളേജ് ആശുപത്രി കോമ്പൗണ്ടിലോ മാറ്റിസ്ഥാപിക്കുവാൻ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് (KMSCL) സമർപ്പിച്ച 15-06-2023-ലെ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

**സർക്കാർ ആശുപത്രികളിലെ ഔഷധ വിതരണം**

274 (274) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ, മറ്റ് താലൂക്ക് ആശുപത്രികൾ എന്നിവിടങ്ങളിലെ ഔഷധ വിതരണ കേന്ദ്രങ്ങൾ, ഔഷധ വിപണന വിതരണ കേന്ദ്രങ്ങൾ എന്നിവയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കാമോ?

രോഗികൾക്ക് സൗജന്യമായും കുറഞ്ഞ ചെലവിലും ഗുണനിലവാരമുള്ള മരുന്നുകൾ ലഭ്യമാക്കുകയെന്ന ഉദ്ദേശ്യത്തോടുകൂടിയാണ് ആശുപത്രികളിലെ ഔഷധ വിതരണ കേന്ദ്രങ്ങളും ഔഷധ വിപണന വിതരണ കേന്ദ്രങ്ങളും പ്രവർത്തിക്കുന്നത്.

(ബി) മേൽ കേന്ദ്രങ്ങളിൽനിന്നും പൊതുജനങ്ങൾക്ക് എന്തെല്ലാം വിവരങ്ങളും സേവനങ്ങളും ലഭ്യമാകുന്നുവെന്ന് വ്യക്തമാക്കാമോ?

കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ പൊതുവിപണിയിലെ മറ്റേതൊരു ഫാർമസികളിൽനിന്നും ലഭിക്കുന്നതിനേക്കാളും വിപണിവിലയിൽനിന്ന് 10% മുതൽ 93% വരെ വിലക്കുറവിൽ മരുന്നുകൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നു. കാൻസർ, വൃക്കരോഗം മുതലായ മാരക അസുഖങ്ങൾ ബാധിച്ച രോഗികൾക്കാവശ്യമായിട്ടുള്ള മരുന്നുകൾ വിവിധ കേന്ദ്ര/സംസ്ഥാനാവിഷ്കൃത

പദ്ധതികൾ മുഖാന്തരം കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളിലൂടെ ലഭ്യമാക്കിവരുന്നു. ഇത് നിർദ്ധനരായ രോഗികൾക്ക് ആശ്വാസകരമാണ്.

അവയവമാറ്റ ശസ്ത്രക്രിയ കഴിഞ്ഞ രോഗികൾക്ക് നിർദ്ദേശിക്കുന്ന ജീവൻരക്ഷാ മരുന്നുകളെല്ലാം വളരെക്കുറഞ്ഞ നിരക്കിൽ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളിൽനിന്നും വിതരണം ചെയ്യുന്നു. കാൻസർ ചികിത്സ പദ്ധതി, വിവിധ കേന്ദ്ര/സംസ്ഥാനാവിഷ്കൃത കാൻസർ ചികിത്സ പദ്ധതികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതികൾ എന്നീ പദ്ധതികളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കാൻസർ രോഗികൾക്ക് മിതമായ നിരക്കിൽ മരുന്നുകൾ ലഭ്യമാക്കുന്നതിന് കാരുണ്യ ഫാർമസിയുടെ ഇടപെടൽ വളരെ വലുതാണ്. വൃക്കരോഗികളെ സംബന്ധിച്ച് Continuous Ambulatory Peritoneal Dialysis (CAPD)-ന് വിധേയരാകുന്ന വ്യക്തികൾക്ക് ദേശീയ ആരോഗ്യ ദൗത്യത്തിനുവേണ്ടി PMNDP (Pradhan Mantri National Dialysis Program) പദ്ധതി പ്രകാരം പെരിട്ടോണിയൽ ഡയാലിസിസിന് ആവശ്യമായ ദ്രാവകങ്ങൾ (Fluids) സംസ്ഥാനത്തെ 14 ജില്ലകളിലുമുള്ള സർക്കാർ ആരോഗ്യ സ്ഥാപനങ്ങൾക്ക് (ജനറൽ/ജില്ലാ ആശുപത്രികൾ)

എത്തിച്ചുനൽകുന്ന പദ്ധതിക്ക് കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ സേവനദാതാക്കളായി പ്രവർത്തിക്കുന്നു.

തുച്ഛമായ സർവ്വീസ് ചാർജ്ജ് ഈടാക്കി ആവശ്യക്കാർക്ക് മരുന്നുകൾ വീട്ടിലെത്തിച്ച് നൽകുന്ന ഫാമിലി മെഡിസിൻ കാർഡ് പദ്ധതി പൈലറ്റടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിൽ നടപ്പാക്കിവരുന്നു. ടി പദ്ധതിയിൽ അംഗമാകുന്നവർ പ്രാരംഭത്തിൽ 2,500 രൂപ നൽകുമ്പോൾ അവർക്ക് രജിസ്റ്റർ നമ്പർ പതിപ്പിച്ച ഒരു കാർഡ് നൽകുകയും തുടർന്ന് കുറിപ്പടി പ്രകാരം മരുന്നുകൾ വീട്ടിലെത്തിച്ച് നൽകുകയും ചെയ്യുന്നു. കൂടുതൽ തുക നൽകി ഗുണഭോക്താവിന് കാർഡ് റീഫിൽ ചെയ്യാവുന്നതും അതിനനുസൃതമായി മരുന്നുകൾ വിതരണം ചെയ്യുന്നതുമാണ്. കാരുണ്യയുടെ വിൽപ്പനവിലയിൽനിന്നും 2% കിഴിവ് ടി ഗുണഭോക്താക്കൾക്ക് നൽകിവരുന്നു. ഇത് കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി പൊതുജനങ്ങൾക്ക് നൽകുന്ന സേവനങ്ങളിലൊന്നാണ്.

<u>കാരുണ്യ @ ഹോം പദ്ധതി</u>: കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയിലെ മരുന്നുകൾ വീടുകളിലെത്തിച്ച് കൊടുക്കുന്നതിനായി 2021-22 സാമ്പത്തിക വർഷത്തിൽ കാരുണ്യ@ഹോം എന്ന പദ്ധതി സർക്കാർ ആരംഭിച്ചു. കാരുണ്യയിലെ വിലക്കിഴിവിന് പുറമേ ഒരു ശതമാനം അധിക വിലക്കിഴിവോടുകൂടി മുതിർന്ന പൗരൻമാർക്കാവശ്യമായ എല്ലാ മരുന്നുകളും ശീതീകരണ സംവിധാനത്തിൽ സൂക്ഷിക്കപ്പെടുന്ന ഇൻസുലിൻ ഉൾപ്പെടെയുള്ളവ കൊറിയർ മുഖാന്തരം മിതമായ കൊറിയർ ചാർജ്ജ് ഈടാക്കിക്കൊണ്ട് പ്രതിമാസം വീട്ടിലെത്തിച്ച് നൽകുന്നു. മുതിർന്ന പൗരൻമാർക്ക് ഫാർമസിയിൽ എത്തിച്ചേരാതെതന്നെ മരുന്നുകൾ ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യം. മേൽ പദ്ധതിയെക്കുറിച്ചുള്ള അവബോധം കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളിൽനിന്നും പൊതുജനങ്ങൾക്ക് നൽകിവരുന്നു.

കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ വെബ്സൈറ്റിലെ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി വിഭാഗത്തിൽ, കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളിൽ ലഭ്യമാകുന്ന എല്ലാ മരുന്നുകളുടെയും ബ്രാൻഡ്,

കാരുണ്യയിലെ വില, പൊതുവിപണിവില എന്നിവ ലഭ്യമാണ്. ഇത് പൊതുജനങ്ങൾക്ക് പ്രാപ്യമാണ്.

(സി) സംസ്ഥാനത്ത് വിപണിയിൽ ഇറങ്ങുന്ന മരുന്നുകളെക്കുറിച്ചുള്ള വിവരങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുവാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കാമോ?

സംസ്ഥാനത്ത് വിപണിയിലെത്തുന്ന മരുന്നുകളുടെ അംഗീകാരം സംബന്ധിച്ച വിവരങ്ങൾ, ഗുണനിലവാരമില്ലാത്ത മരുന്നുകൾ, നിരോധിക്കപ്പെട്ട മരുന്നുകൾ, DCG(I)യുടെ അംഗീകാരമില്ലാത്ത Fixed Dose Combination മരുന്നുകൾ എന്നീ വിശദാംശങ്ങൾ സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്. കൂടാതെ, ഗുണനിലവാരമില്ലാത്ത മരുന്നുകളെ സംബന്ധിച്ച വിവരങ്ങൾ എല്ലാ മുഖ്യ പത്രങ്ങളിലും പൊതുജന സമ്പർക്ക വകുപ്പിന്റെ വെബ്സൈറ്റിലും മാസംതോറും പ്രസിദ്ധീകരിക്കാറുണ്ട്.

(ഡി) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ പ്രവർത്തിക്കുന്ന ഔഷധ കേന്ദ്രങ്ങളിലൂടെ വിതരണം ചെയ്യുന്ന മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ പ്രവർത്തിക്കുന്ന കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ വഴി വിതരണം ചെയ്യുന്ന മരുന്നുകളിൽ ഏതെങ്കിലും ഒരു മരുന്നിനെക്കുറിച്ച് പരാതി ഉയർന്നാൽ പ്രസ്തുത വിവരം ഡ്രഗ്സ് കൺട്രോൾ വിഭാഗത്തെ അറിയിച്ച് ഡ്രഗ്സ് ആൻഡ് കോസ്മെറ്റിക്സ് ആക്ട് പ്രകാരം സ്റ്റാറ്റ്യൂട്ടറി അനാലിസിസ് (Statutory Analysis) നടത്തിവരുന്നു. കൂടാതെ ഡ്രഗ്സ് ഇൻസ്പെക്ടർമാർ, കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ മുഖേന വിതരണം ചെയ്യുന്ന മരുന്നുകളുടെ സാമ്പിളുകൾ ശേഖരിച്ച് സ്റ്റാറ്റ്യൂട്ടറി അനാലിസിസ് (Statutory Analysis) നടത്തുകയും ചെയ്യുന്നുണ്ട്.

## സർക്കാർ ഡെന്റൽ കോളേജുകളിൽ മരുന്നുകൾ സംഭരിച്ച് കൈകാര്യം ചെയ്യുന്ന നടപടി

275 (275) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം സർക്കാർ ഡെന്റൽ കോളേജിൽ ഡ്രഗ്സ് ആൻഡ് കോസ്മെറ്റിക്സ് റൂൾസ്, 1945-ലെ ചട്ടങ്ങൾ പാലിക്കാതെ നിശ്ചിത യോഗ്യതയില്ലാത്ത ജീവനക്കാർ മരുന്നുകൾ സംഭരിച്ച് കൈകാര്യം ചെയ്യുന്നതായി സംസ്ഥാന ഡ്രഗ്സ് കൺട്രോളർ അറിയിച്ചിട്ടുണ്ടോ; പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഡ്രഗ്സ് കൺട്രോളർ സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു. ആയതിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

(ബി) ഡ്രഗ്സ് കൺട്രോളറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഡെന്റൽ കോളേജുകളിൽ മരുന്നുകൾ നിയമാനുസൃതമായി കൈകാര്യം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ഡ്രഗ്സ് ആൻഡ് കോസ്മെറ്റിക്സ് റൂൾസ് പാലിച്ച് സംസ്ഥാനത്തെ സർക്കാർ ഡെന്റൽ കോളേജുകളിൽ മരുന്നുകൾ സംഭരിച്ച് കൈകാര്യം ചെയ്യുന്നതിന് ഫാർമസി വിഭാഗം ആരംഭിക്കുന്നതിന് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഇപ്രകാരം ആവശ്യപ്പെട്ട കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) സംസ്ഥാനത്തെ ആറ് സർക്കാർ ഡെന്റൽ കോളേജുകളിലും നിശ്ചിത യോഗ്യതയുള്ള ഫാർമസിസ്റ്റുമാരെ നിയമിച്ച് മരുന്ന് സംഭരണം നിയമാനുസൃതമാക്കാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(ബി-ഡി) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ നിലവിലുള്ള അഞ്ച് സർക്കാർ ഡെന്റൽ കോളേജുകളിൽ ഫാർമസി വിഭാഗം രൂപീകരിക്കുന്നതിന്റെ ഭാഗമായി ഓരോ ഡെന്റൽ കോളേജിലും ഓരോ ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർമാരുടെയും മൂന്ന് ഫാർമസിസ്റ്റുമാരുടെയും തസ്തികകൾ സൃഷ്ടിക്കുന്നതിനായി മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ

സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

## സൗന്ദര്യവർദ്ധക വസ്തുക്കളിലെ വിഷാംശം

276 (276) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാരക വിഷാംശമുള്ള സൗന്ദര്യവർദ്ധക വസ്തുക്കൾ വ്യാജമായി ഉൽപ്പാദിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പ്രമുഖ കമ്പനികളുടെ ബ്രാൻഡുകൾ എന്ന് അവകാശപ്പെടുന്ന രീതിയിൽ വ്യാജന്മാർ നടത്തുന്ന വിൽപ്പന നിയന്ത്രിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഡ്രഗ്സ് കൺട്രോൾ ഇന്റലിജൻസ് വിഭാഗത്തിന്റെ നേതൃത്വത്തിൽ ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ എല്ലാ ഡ്രഗ്സ് ഇൻസ്പെക്ടർമാരും സംസ്ഥാന

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വ്യാപകമായി 2023 ഫെബ്രുവരി മാസത്തിൽ "ഓപ്പറേഷൻ സൗന്ദര്യ" എന്ന പേരിൽ റെയ്ഡ് നടത്തിയിരുന്നു. പ്രസ്തുത റെയ്ഡിൽ വിവിധ ജില്ലകളിലായി അൻപത്തിയഞ്ചോളം സ്ഥാപനങ്ങളിൽ നടത്തിയ പരിശോധനയിൽ, കോസ്മെറ്റിക്സ് റൂൾസ് 2020-ൽ നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കാതെ നിർമ്മിച്ച് വിതരണം ചെയ്തിട്ടുള്ള മിസ്ബ്രാൻഡഡായ സൗന്ദര്യ വർദ്ധക വസ്തുക്കൾ, മതിയായ കോസ്മെറ്റിക് നിർമ്മാണ ലൈസൻസുകളില്ലാതെ വിതരണം ചെയ്തിട്ടുള്ള സൗന്ദര്യ വർദ്ധക വസ്തുക്കൾ എന്നിവ പിടിച്ചെടുക്കുകയും നിയമലംഘനങ്ങൾക്ക് പതിനെട്ടോളം കേസുകൾ രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്.

(സി) ഇത്തരം സൗന്ദര്യ വസ്തുക്കൾ വാങ്ങി ഉപയോഗിക്കുന്ന മലയാളികൾക്ക് ത്വക്ക് രോഗങ്ങളും അനുബന്ധ രോഗങ്ങളും ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉപഭോക്താക്കളെ കബളിപ്പിക്കുന്ന ഇത്തരക്കാരെ നിയന്ത്രിക്കുന്നതിന് സ്വീകരിക്കാവുന്ന നടപടികൾ വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) വ്യാജ നിർമ്മിതികൾ വില്പന നടത്തുന്നത് തടയുന്നതിന് ഡ്രഗ്സ് കൺട്രോൾ റൂം സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ; മരുന്നുകൾ വില്പന നടത്തുന്നതിനുള്ള ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ വിശദീകരിക്കാമോ;

(ഇ) പ്രമുഖ ബ്രാൻഡ് കമ്പനികളുടെ പേരിലും ലേബലിലുമുള്ള വ്യാജ വസ്തുക്കൾ നിർമ്മിച്ച് വില്പന നടത്തുന്നത് തടയാൻ എന്ത് സംവിധാനമാണ് സംസ്ഥാനത്തുള്ളതെന്ന് അറിയിക്കാമോ?

(ഡി&ഇ) കോസ്മെറ്റിക് ഉൽപ്പന്നങ്ങൾ വിൽപ്പന നടത്തുന്ന വ്യാപാര സ്ഥാപനങ്ങൾ പരിശോധിച്ച് മതിയായ രേഖകളില്ലാതെ ഇവ സൂക്ഷിച്ചിരിക്കുന്ന സ്ഥാപനങ്ങൾക്കെതിരെയും കോസ്മെറ്റിക്സ് റൂൾസ് 2020-ൽ നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കാതെ നിർമ്മിച്ച് വിതരണം ചെയ്തിട്ടുള്ള മിസ്ബ്രാൻഡഡായ സൗന്ദര്യ വർദ്ധക വസ്തുക്കളുടെ നിർമ്മാതാക്കൾക്കെതിരെയും മതിയായ കോസ്മെറ്റിക് നിർമ്മാണ ലൈസൻസുകളില്ലാതെ വിതരണം ചെയ്തിട്ടുള്ള സൗന്ദര്യ വർദ്ധക വസ്തുക്കളുടെ നിർമ്മാതാക്കൾക്കെതിരെയും നിയമം അനുശാസിക്കുന്ന നടപടികൾ

ഡ്രഗ്സ് കൺട്രോൾ വകുപ്പ് സ്വീകരിച്ചുവരുന്നു. ഇതുകൂടാതെ ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ ഡ്രഗ്സ് ഇൻസ്പെക്ടർമാർ മാസംതോറും ഗുണനിലവാര പരിശോധനയ്ക്കായി മരുന്നുകൾക്ക് പുറമെ സൗന്ദര്യ വർദ്ധക വസ്തുക്കളും ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കാറുണ്ട്. കോസ്മെറ്റിക്സ് ഉൽപ്പന്നങ്ങളുടെ വിൽപ്പനയ്ക്ക് ലൈസൻസുകൾ ആവശ്യമില്ല. എന്നാൽ മരുന്നുകളുടെ വിൽപ്പന/വിതരണത്തിന് കേന്ദ്ര നിയമമായ ഡ്രഗ്സ് ആൻഡ് കോസ്മെറ്റിക്സ് ആക്ട്, 1940-നും അതിന് കീഴിലുള്ള റൂൾസിനും വിധേയമായി ഔഷധവ്യാപാര ലൈസൻസുകൾ അനിവാര്യമാണ്. ഡ്രഗ്സ് റൂൾസ്, 1945-ലെ റൂൾസ് 64(2) പ്രകാരം 10 ചതുരശ്ര മീറ്ററിൽ കുറയാത്ത വിസ്തീർണമുള്ളതും കെട്ടുറപ്പുള്ളതും വൈദ്യുതീകരിച്ചതുമായ മുറിയും മരുന്നുകൾ സൂക്ഷിക്കുന്നതിന് അനുയോജ്യമായ സ്റ്റോറേജ് സംവിധാനങ്ങളും (റെഫ്രിജറേറ്റർ, അടപ്പുകളോടുകൂടിയതോ സൂര്യപ്രകാശം ഏൽക്കാത്ത രീതിയിലുള്ളതോ ആയ ഷെൽഫുകൾ) മരുന്നുകളുടെ സംഭരണത്തിനും വിൽപ്പനയ്ക്കുമുള്ള മേൽനോട്ടത്തിനായി ഒരു രജിസ്റ്റേർഡ് ഫാർമസിസ്റ്റിന്റെ സേവനവും ഔഷധവ്യാപാര ലൈസൻസുകൾ അനുവദിക്കുന്നതിനുള്ള പ്രധാന

മാനദണ്ഡങ്ങളാണ്. ടി മാനദണ്ഡങ്ങളെല്ലാം പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തിയാണ് ഡ്രഗ്സ് കൺട്രോൾ വകുപ്പ് ഔഷധ വ്യാപാര ലൈസൻസുകൾ നൽകിവരുന്നത്.

**മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കാൻ നടപടി**

277 (277) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രതിവർഷം എത്ര തുകയുടെ അലോപ്പതി മരുന്നുകൾ സംസ്ഥാനത്ത് വിപണനം ചെയ്യുന്നുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ?

സംസ്ഥാനത്ത് പ്രതിവർഷം ഏകദേശം 10,000 കോടി രൂപയുടെ അലോപ്പതി മരുന്നുകൾ വിപണനം ചെയ്യുന്നുണ്ടെന്ന് കണക്കാക്കപ്പെടുന്നു.

(ബി) മരുന്ന് വിൽപ്പനയ്ക്കാനുപാതികമായി ഗുണനിലവാര പരിശോധന നടക്കുന്നില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വിവിധ സംസ്ഥാനങ്ങളിലായി പതിനായിരത്തി അഞ്ഞൂറിലധികം മരുന്ന് നിർമ്മാണ യൂണിറ്റുകൾ ചേർന്ന്

എഴുപതിനായിരത്തോളം മരുന്നുകൾ വിപണിയിൽ എത്തിക്കുന്നുണ്ടെന്ന് കണക്കാക്കപ്പെടുന്നു. ഓരോ ബ്രാൻഡ് ഉൽപ്പന്നത്തിന്റെയും നാല് മുതൽ അഞ്ചോളം ബാച്ചുകൾ കണക്കാക്കിയാൽ സംസ്ഥാന ഔഷധ വിപണിയിൽ ഒരു സമയം ഏകദേശം രണ്ടരലക്ഷത്തോളം ബാച്ച് മരുന്നുകൾ ലഭ്യമാകുന്നുണ്ട്. ഒരു മരുന്നിന്റെ ഗുണനിലവാരം ഏകദേശം 10 മുതൽ 15 വരെ വിവിധയിനം ഗുണനിലവാര മാനദണ്ഡങ്ങൾ പ്രകാരമാണ് നിശ്ചയിച്ചുറപ്പിക്കുന്നത്. ലബോറട്ടറി പരിശോധനയിലൂടെ ഒരു മരുന്നിന്റെ ഗുണനിലവാര പരിശോധന പൂർത്തീകരിക്കുന്നതിന് 3 മുതൽ 20 ദിവസം വരെ സമയം ആവശ്യമാണ്. ആയതിനാൽ വിപണിയിൽ ലഭ്യമാകുന്ന എല്ലാ മരുന്നുകളുടെയും ഗുണനിലവാരം പരിശോധിക്കുക പ്രായോഗികമല്ല. ഇത്തരം സാഹചര്യം നിലനിൽക്കുന്നതിനാലാണ് നിയമം അനുശാസിക്കുന്ന രീതിയിൽ റാൻഡം സാമ്പിളിംഗ് നടത്തി വിപണിയിലുള്ള മരുന്നുകളുടെ ഗുണനിലവാരം ഡ്രഗ്സ് കൺട്രോൾ വകുപ്പ് ഉറപ്പുവരുത്തുന്നത്. ഇത് രാജ്യമൊട്ടാകെ പാലിച്ചുവരുന്ന പ്രക്രിയയാണ്. ഗുണനിലവാര പരിശോധനയ്ക്കായി എല്ലാ സംസ്ഥാനങ്ങളിലും സ്റ്റാറ്റ്യൂട്ടറി പരിശോധനാ

ലാബുകൾ വേണമെന്ന് നിയമത്തിൽ നിഷ്കർഷിക്കുന്നുണ്ട്. കേരള സംസ്ഥാനത്ത് നിലവിൽ ഇത്തരത്തിലുള്ള നാല് ലാബുകളാണ് പ്രവർത്തിച്ചുവരുന്നത്. സംസ്ഥാനത്ത് തിരുവനന്തപുരത്തെ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയും എറണാകുളത്തെ റീജിയണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയും എൻ.എ.ബി.എൽ. അംഗീകാരം നേടിയ ലബോറട്ടറികളാണ്. പ്രസ്തുത ലബോറട്ടറികളിൽ ഇഞ്ചക്ഷൻസ്, അണുരഹിതമാകേണ്ട മരുന്നുകൾ എന്നിവയുടെ ആധുനിക പരിശോധനകൾ നടത്താൻ വേണ്ട സൗകര്യങ്ങളുമുണ്ട്.

(സി) ജി.എസ്.ടി. ഏർപ്പെടുത്തിയതോടെ ഇതര സംസ്ഥാന വിതരണക്കാരിൽനിന്നും നേരിട്ട് വിൽപ്പന കേന്ദ്രങ്ങളിലെത്തുന്ന മരുന്നുകൾ പരിശോധിക്കപ്പെടുന്നില്ലായെന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേന്ദ്രം ജി.എസ്.ടി. നയം നടപ്പാക്കിയതോടുകൂടി നിലവിലെ വിതരണ ശൃംഖലയിൽ ഗണ്യമായ മാറ്റംവരികയും ഒരു വ്യാപാരിക്ക് രാജ്യത്ത് എവിടെനിന്നും മരുന്നുകൾ വാങ്ങാമെന്നുമുള്ള

അവസ്ഥ സംജാതമാകുകയും ചെയ്തു. ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ ഇന്റലിജൻസ് വിഭാഗത്തിന്റെ നേതൃത്വത്തിൽ അന്യസംസ്ഥാനങ്ങളിൽനിന്ന് മരുന്നുകൾ നേരിട്ടുവാങ്ങുന്ന വ്യാപാര സ്ഥാപനങ്ങൾ നിരന്തരമായി പരിശോധിക്കുകയും ഇത്തരം സ്ഥാപനങ്ങളിൽനിന്ന് മരുന്ന് സാമ്പിളുകൾ ശേഖരിച്ച് ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കുകയും ചെയ്യുന്നുണ്ട്.

**വനിതാ ശിശുവികസന വകുപ്പും ആഭ്യന്തര വകുപ്പും ഏകോപനത്തോടെ പ്രവർത്തിക്കാൻ നടപടി**

278 (278) ഡോ. എം. കെ. മുനീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിക്രമങ്ങൾക്കിരയാക്കപ്പെടുന്ന സ്ത്രീകൾക്ക് സേവനം നൽകുന്നതിന് വനിതാ ശിശുവികസന വകുപ്പും പോലീസും ഏകോപനത്തോടെ പ്രവർത്തിക്കുന്നില്ലെന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇക്കാര്യത്തിൽ പോലീസിന്റെ പൂർണ്ണ സഹകരണം വനിതാ ശിശുവികസന വകുപ്പിന് ലഭിക്കുന്നുണ്ടോ?

ലഭിക്കുന്നുണ്ട്.

(സി) ഗാർഹിക പീഡനത്തിനിരയായി സർക്കാർ ആശുപത്രിയിൽ ചികിത്സയ്ക്കായി എത്തിച്ചേരുന്ന സ്ത്രീകളെ സംബന്ധിച്ചുള്ള വിവരം ആശുപത്രി അധികൃതർ എത്ര സമയത്തിനുള്ളിലാണ് പോലീസ് സ്റ്റേഷനിൽ അറിയിക്കേണ്ടത്; വ്യക്തമാക്കാമോ?

കഴിവതും വേഗത്തിൽ, പരമാവധി 24 മണിക്കൂറിനുള്ളിൽ വിവരം അറിയിക്കേണ്ടതാണ്. ഗാർഹിക പീഡനത്തിനിരയായ ആൾക്ക് ലൈംഗിക അതിക്രമങ്ങൾ നേരിട്ടിട്ടുള്ള സാഹചര്യത്തിൽ പീഡനത്തിനിരയായ ആളെ മറ്റ് ആശുപത്രിയിലേയ്ക്ക് റഫർ ചെയ്യേണ്ട സാഹചര്യമാണെങ്കിൽ ഉടൻതന്നെ ആശുപത്രി അധികൃതർ പോലീസിൽ പ്രസ്തുത വിവരം അറിയിക്കേണ്ടതാണ്.

ഗാർഹിക പീഡനത്തിനിരയായി ചികിത്സാർത്ഥം സർക്കാർ ആശുപത്രിയിൽ എത്തിച്ചേരുന്ന ഒരു സ്ത്രീയെ സംബന്ധിച്ചുള്ള വിവരവും

അവരുടെ മൊഴിയും ആരോഗ്യ വകുപ്പ് അധികൃതർ പോലീസ് സ്റ്റേഷനിൽ കൈമാറുന്നത് കേരള മെഡിക്കോ ലീഗൽ പ്രോട്ടോക്കോൾ അനുസരിച്ചാണ്.

(ഡി) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ വുമൺ ഹെൽപ്പ് സെല്ലുകളും വുമൺ റിസപ്ഷൻ ഡെസ്കും പ്രവർത്തിക്കുന്നുണ്ടോയെന്ന് വനിതാ ശിശുവികസന വകുപ്പ് പരിശോധന നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

പരിശോധന നടത്തിയിട്ടില്ല.

**വനിതകൾക്കും കുട്ടികൾക്കുംവേണ്ടിയുള്ള പദ്ധതികൾ**

279 (279) ശ്രീമതി ഒ. എസ്. അംബിക: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, ശിശുക്കൾ, കൗമാരക്കാരായ പെൺകുട്ടികൾ എന്നിവർക്കായി വനിത-ശിശു വികസന വകുപ്പ് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്; ഈ പദ്ധതികളുടെ

ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് വരുമാന പരിധി നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, ശിശുക്കൾ, കൗമാരക്കാരായ പെൺകുട്ടികൾ എന്നിവർക്കായി വനിത ശിശു വികസന വകുപ്പ് ആദ്യ 1000 ദിന പരിപാടികൾ, സ്കീം ഫോർ അഡോളസെന്റ് ഗേൾസ് പദ്ധതി, അനുപൂരക പോഷകാഹാര പദ്ധതി, സൈക്കോസോഷ്യൽ സർവ്വീസ് പദ്ധതി, വർണ്ണക്കൂട്ട് എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു. പദ്ധതികളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് വരുമാന പരിധി നിശ്ചയിച്ചിട്ടില്ല.

ആദ്യ 1000 ദിന പരിപാടി - ഗർഭാവസ്ഥ മുതൽ കുഞ്ഞിന് രണ്ട് വയസ്സുവരെയുള്ള കാലഘട്ടത്തിൽ കുഞ്ഞിന്റെ സമഗ്ര വികസനം ലക്ഷ്യംവച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് ആദ്യ 1000 ദിന പരിപാടി. അട്ടപ്പാടി മേഖലയിലുണ്ടായ വർദ്ധിച്ച ശിശുമരണങ്ങളുടെ പശ്ചാത്തലത്തിൽ 2013-ലാണ് പദ്ധതി അട്ടപ്പാടിയിൽ ആരംഭിച്ചത്. 2023-24 സാമ്പത്തിക വർഷം മുതൽ ഇടുക്കി, വയനാട് ജില്ലകളിലെ പുതിയ 15 പ്രോജക്ടുകൾക്കൂടി

പദ്ധതിയിൽ ഉൾപ്പെടുത്തുകയും നിലവിൽ സംസ്ഥാനത്താകെ 57 പ്രോജക്റ്റുകളിൽ പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും ചെയ്യുന്നുണ്ട്.

പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെടുന്ന ഗർഭിണികൾക്കും പാലൂട്ടുന്ന അമ്മമാർക്കും പ്രത്യേക മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ എല്ലാ മാസവും തെറാപ്യൂട്ടിക് ഫുഡ് (3 Kg/month) വിതരണം നടത്തിവരുന്നു. മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു:

1. ഗർഭിണിയുടെ തൂക്കം 45 കിലോഗ്രാമിൽ കുറവ്, ഉയരം 145 സെന്റീമീറ്ററിൽ താഴെ
2. ഗർഭകാലത്ത് തൂക്കവർദ്ധനവ് കുറവായവർ (ആദ്യ 3 മാസം 1.5 കിലോ ഗ്രാമിൽ താഴെയും തുടർന്നുള്ള മാസങ്ങളിൽ ഒരു കിലോ ഗ്രാമിൽ താഴെയും തൂക്കവർദ്ധനവുള്ളവർ)
3. ഗർഭകാലത്ത് വിളർച്ചയോ വൈറ്റമിൻ ബി-യുടെ അപര്യാപ്തതയോ ഉള്ളവർ
4. പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട ഗർഭിണികൾ/മുലയൂട്ടുന്ന അമ്മമാർ
5. ഗർഭിണിയായ സമയത്ത് 18.5-ൽ താഴെ BMI ഉള്ളവർ

6. ഗർഭിണിയുടെ പ്രായം 20-ൽ താഴെയോ 35-ൽ കൂടുതലോ

7. ജനനഭാരം കുറവുള്ള കുഞ്ഞുങ്ങളുടെ അമ്മമാർ

8. ഇരട്ടക്കുട്ടികളുള്ള അമ്മമാർ

9. പോഷകാഹാരക്കുറവുള്ള കുട്ടികളുടെ അമ്മമാർ.

പദ്ധതിയുടെ ഭാഗമായി ഒരു സ്ത്രീ ഗർഭിണിയാകുന്ന നാൾമുതൽ അങ്കണവാടി പ്രവർത്തകരും ഐ.സി.ഡി.എസ്. സൂപ്പർവൈസർ, സി.ഡി.പി.ഒ. തുടങ്ങിയ ഉദ്യോഗസ്ഥരും നിശ്ചിത ഇടവേളകളിൽ ഗുണഭോക്താക്കളുടെ ഭവന സന്ദർശനം നടത്തി ആവശ്യമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

<u>സ്കീം ഫോർ അഡോളസെന്റ് ഗേൾസ് പദ്ധതി</u> - കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന സ്കീം ഫോർ അഡോളസെന്റ് ഗേൾസ് പദ്ധതി 2022-23 സാമ്പത്തിക വർഷം മുതൽ പരിഷ്കരിക്കുകയുണ്ടായി. പദ്ധതിയുടെ ഭാഗമായി ആസ്പിരേഷണൽ ജില്ലയായ വയനാട് ജില്ലയിലെ 14-18 വയസ്സുവരെയുള്ള പെൺകുട്ടികളുടെ ആരോഗ്യ പോഷണ നിലവാരം ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങളാണ് നടപ്പിലാക്കി

വരുന്നത്. ആയതിലേയ്ക്കായി 600 കലോറിയും 18-20 ഗ്രാം പ്രോട്ടീനും മൈക്രോന്യൂട്രിയൻസും വർഷത്തിൽ 300 ദിവസം ടേക്ക് ഹോം റേഷനായി നൽകുന്നതിനും കൂടാതെ പദ്ധതിയുടെ ഭാഗമായി വിവിധ വകുപ്പുകളുമായി യോജിച്ചുള്ള പ്രവർത്തനത്തിലൂടെ നോൺ-ന്യൂട്രീഷ്യൻ കമ്പോണന്റ് ഇനത്തിലുള്ള സേവനം ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു.

അനുപൂരക പോഷകാഹാര പദ്ധതി - വനിത-ശിശു വികസന വകുപ്പിന്റെ സംയോജിത ശിശു വികസന പദ്ധതിയിൻ കീഴിൽ അങ്കണവാടികൾവഴി ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ എന്നിവർക്ക് അനുപൂരക പോഷകാഹാര പദ്ധതിയിൽ ഉൾപ്പെടുത്തി ജനറൽ ഫീഡിംഗ് നൽകിവരുന്നുണ്ട്. അതിൽ നുറുക്ക് ഗോതമ്പ്, ശർക്കര, ധാന്യങ്ങൾ, എണ്ണ മുതലായവ അടങ്ങിയ പാക്കറ്റാണ് ടേക്ക് ഹോം റേഷനായി നൽകുന്നത്.

അമൃതം ന്യൂട്രിമിക്സ് - കേന്ദ്ര-സംസ്ഥാന സർക്കാരുകൾ 50:50 അനുപാതത്തിൽ അനുപൂരക പോഷകാഹാര പദ്ധതി നടപ്പിലാക്കിവരുന്നു.

അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി കേരളത്തിൽ ഈ പദ്ധതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയാണ് നടപ്പിലാക്കുന്നത്. ആറ് മാസം മുതൽ മൂന്ന് വയസ്സ് വരെയുള്ള കുട്ടികൾക്ക് കുടുംബശ്രീയുടെ സ്വയംസഹായ സംഘങ്ങൾ നിർമ്മിക്കുന്ന ഫോർട്ടിഫൈഡ് അമൃതം ന്യൂട്രിമിക്സ്, ടേക്ക് ഹോം റേഷനായും, ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ എന്നിവർക്ക് raw food ടേക്ക് ഹോം റേഷനായും പോഷകാഹാരം അനുവദിക്കുന്നു. പ്രീ-സ്കൂൾ കുട്ടികൾക്ക് മൂന്ന് നേരത്തെ ഭക്ഷണം (പ്രഭാത ഭക്ഷണം, ഉച്ച ഭക്ഷണം, ജനറൽ ഫീഡിംഗ്) നൽകി വരുന്നുണ്ട്.

<u>സൈക്കോസോഷ്യൽ സർവ്വീസ് പദ്ധതി</u> - കൗമാരക്കാരായ പെൺകുട്ടികളുടെ സാമൂഹ്യ-മാനസികാവസ്ഥ മെച്ചപ്പെടുത്തുന്നതിന് ഊന്നൽ നൽകിക്കൊണ്ട് സംസ്ഥാനത്തെ വനിത-ശിശു വികസന വകുപ്പുവഴി സർക്കാർ, എയ്ഡഡ് മേഖലയിൽ പ്രവർത്തിക്കുന്ന സ്കൂളുകളിൽ നടപ്പിലാക്കിവരുന്ന പദ്ധതിയാണ് സൈക്കോ സോഷ്യൽ സർവ്വീസ് പദ്ധതി. ഈ പദ്ധതി 1012 സ്കൂളുകളിൽ സർക്കാർ അനുമതിയോടെ നടപ്പിലാക്കിവരുന്നു. കൗമാര പ്രായക്കാരായ പെൺകുട്ടികളുടെ ശാരീരിക,

മാനസിക, ആരോഗ്യ, പഠന നിലവാരം മുൻനിർത്തിക്കൊണ്ടുള്ള കൗൺസിലിംഗ് പ്രവർത്തനങ്ങൾക്കാണ് ഈ പദ്ധതിയിൽ മുൻഗണന നൽകുന്നത്. അതോടൊപ്പംതന്നെ അവശ്യഘട്ടങ്ങളിൽ കുട്ടികൾക്കുവേണ്ട പിന്തുണ നൽകുന്നതിന് രക്ഷകർത്താക്കളെ പ്രാപ്തരാക്കുന്നതിന് പാരന്റിംഗ് പരിശീലനത്തിലൂടെ കൗൺസിലർമാരുടെ സഹായം ലഭ്യമാക്കുന്നു. ഇതിന്റെ ഭാഗമായി സ്കൂളുകൾ, അങ്കണവാടികൾ മുതലായവ കേന്ദ്രീകരിച്ച് വ്യക്തിഗത/ഗ്രൂപ്പ് കൗൺസിലിംഗ്, നിയമ പരിരക്ഷ സംബന്ധിച്ച ബോധവത്കരണം എന്നിവ കൗൺസിലർമാർ ഈ പദ്ധതിവഴി നൽകിവരുന്നു.

<u>വർണ്ണക്കൂട്ട്</u> - സംസ്ഥാനത്ത് അങ്കണവാടികളോടനുബന്ധിച്ച് പ്രവർത്തിക്കുന്ന കുമാരി ക്ലബ്ബുകൾ പുനരുജ്ജീവിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് വനിത-ശിശു വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന 33115 അങ്കണവാടികളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന അഡോളസെന്റ് ക്ലബ്ബുകളെ "വർണ്ണക്കൂട്ട്" എന്ന് പുനർനാമകരണം ചെയ്യുകയും, കൗമാരപ്രായക്കാരായ കുട്ടികളുടെ ശാക്തീകരണവും ശാരീരികവും

മാനസികമായ ഉന്നമനവും ലക്ഷ്യമിട്ട് വിവിധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും ചെയ്തുവരുന്നു. അതിന്റെ ഭാഗമായി 2021-22 സാമ്പത്തിക വർഷം സംസ്ഥാനത്തെ മുഴുവൻ അങ്കണവാടികൾക്കും 1000/- രൂപയുടെ സ്പോർട്സ്/ഗെയിം കിറ്റ് അനുവദിച്ചിട്ടുണ്ട്. കൂടാതെ 'വർണ്ണക്കൂട്ടി'ലെ കുട്ടികൾക്ക് പ്രയോജനപ്രദമാകുന്നതും കാലിക പ്രാധാന്യമുള്ളതുമായ വിവിധ വിഷയങ്ങൾ തെരഞ്ഞെടുത്ത് ബോധവൽക്കരണ ക്ലാസുകൾ നൽകിയിട്ടുണ്ട്. നടപ്പ് വർഷവും വർണ്ണക്കൂട്ടിലെ അംഗങ്ങൾക്ക് സർക്കാർ അനുമതിയോടുകൂടി നാല് ത്രൈമാസങ്ങളിലായി വിവിധ വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസുകൾ നൽകുകയും അതുമായി ബന്ധപ്പെട്ട തുടർ പ്രവർത്തനങ്ങൾ നടത്തിവരികയും ചെയ്യുന്നുണ്ട്. ഇവ കൂടാതെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങളിലെ കൗമാരക്കാർക്ക് പഠനാവശ്യത്തിന് ഉപയോഗപ്രദമാക്കുന്നതിലേയ്ക്ക് സംസ്ഥാനത്ത് സെക്ടർ തലത്തിൽ തെരഞ്ഞെടുത്ത അങ്കണവാടികൾക്ക് ബി.എസ്.എൻ.എൽ., എൽ.എസ്.ജി.ഡി. എന്നിവയുമായി സഹകരിച്ച് വൈഫൈ കണക്ഷൻ അനുവദിച്ചിട്ടുണ്ട്. കൂടാതെ വർണ്ണക്കൂട്ടുകളുടെ പ്രവർത്തനം

മെച്ചപ്പെടുത്തുന്നതിനായി പ്രോജക്ട് തലത്തിലും ജില്ലാ തലത്തിലും തെരഞ്ഞെടുക്കുന്ന മികച്ച വർണ്ണക്കൂട്ടുകൾക്ക് യഥാക്രമം 1250/- രൂപ, 5000/- രൂപ എന്നിങ്ങനെ അവാർഡ് നൽകിവരുന്നു.

സ്പോൺസർഷിപ്പ് പദ്ധതി - കേന്ദ്ര വനിത-ശിശു വികസന മന്ത്രാലയവും വനിത-ശിശു വികസന വകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന മിഷൻ വാത്സല്യ പദ്ധതി മുഖേന ജെ.ജെ. ആക്ടിന്റെ പരിധിയിൽ വരുന്ന 18 വയസ്സുവരെ പ്രായമുള്ള കുട്ടികളുടെ സ്ഥാപനേതര സംരക്ഷണം ഉറപ്പാക്കുന്നതിനും സാമ്പത്തിക പരാധീനതമൂലം വിദ്യാഭ്യാസം നേടാൻ കഴിയാത്ത കുട്ടികൾക്ക് പഠനം ഉറപ്പാക്കുന്നതിനുമായി പ്രതിമാസം 4,000/- രൂപ ധനസഹായം നൽകിവരുന്നു. കൂടുതൽ കുട്ടികളെ സ്പോൺസർഷിപ്പ് പദ്ധതി പ്രകാരം പുനരധിവസിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ 2017-18 സാമ്പത്തിക വർഷം മുതൽ വിജ്ഞാനദീപ്തി എന്ന സ്റ്റേറ്റ് സ്പോൺസർഷിപ്പ് പദ്ധതികൂടി ആരംഭിച്ചിട്ടുണ്ട്. സ്പോൺസർഷിപ്പ് പദ്ധതിക്ക് അർഹരാകുന്ന കുട്ടികൾക്ക് പ്രതിമാസം 2,000/- രൂപ വീതം പരമാവധി മൂന്ന്

വർഷം അല്ലെങ്കിൽ 18 വയസ്സ് പൂർത്തിയാകുന്നതുവരെയാണ് (ഏതാണ് ആദ്യം അത്) ധനസഹായം നൽകുന്നത്.

മിഷൻ വാത്സല്യ പദ്ധതിയുടെ വരുമാന പരിധി

| | |
|---|---|
| ഗ്രാമപ്രദേശങ്ങളിൽ വാർഷിക വരുമാനം | - 72,000/- രൂപ |
| മറ്റ് പ്രദേശങ്ങളിൽ വാർഷിക വരുമാനം | - 96,000/- രൂപ |

വിജ്ഞാന ദീപ്തി പദ്ധതിയുടെ വരുമാന പരിധി

| | |
|---|---|
| മെട്രോ നഗരങ്ങളിൽ വാർഷിക വരുമാനം | - 36,000/- രൂപ |
| മറ്റ് നഗരങ്ങളിൽ വാർഷിക വരുമാനം | - 30,000/- രൂപ |
| ഗ്രാമപ്രദേശങ്ങളിൽ വാർഷിക വരുമാനം | - 24,000/- രൂപ |

പോഷൻ അഭിയാൻ - സ്ത്രീകളിലെയും കുട്ടികളിലെയും പോഷകക്കുറവ്, വിളർച്ച തുടങ്ങിയവ പരിഹരിക്കുന്നതിനായി കേന്ദ്രസർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് പോഷൻ അഭിയാൻ 2.0. പദ്ധതിവഴി എല്ലാ മാസവും സാമൂഹ്യാധിഷ്ഠിത പരിപാടികൾ (CBE) നടത്തി ഇതുസംബന്ധിച്ച അവബോധം പൊതുസമൂഹത്തിന് നൽകിവരുന്നു. വിവ (വിളർച്ചയിൽ നിന്ന് വളർച്ചയിലേയ്ക്ക്) എന്ന പേരിൽ ഒരു ക്യാമ്പെയിൻ നടത്തി അനീമിയ

ഉണ്ടാകുന്നതിനുള്ള കാരണങ്ങളും പ്രതിവിധികളും സംബന്ധിച്ച അവബോധം നൽകുകയുണ്ടായി. കൂടാതെ അങ്കണവാടികൾ കേന്ദ്രീകരിച്ച് ന്യൂട്രീഷ്യൻ സംബന്ധമായ കൃത്യമായ മോണിറ്ററിംഗും നടത്തിവരുന്നു.

ക്രഷ് - 2017-ലെ മെറ്റേണിറ്റി ബെനിഫിറ്റ് (ഭേദഗതി) ആക്ട് പ്രകാരം അമ്പതിലധികം ജീവനക്കാർ ജോലി ചെയ്യുന്ന സ്ഥാപനങ്ങളിൽ ക്രഷ് സൗകര്യം ഏർപ്പെടുത്തുന്നതിനും അതുവഴി അമ്മമാരായ ജീവനക്കാർക്ക് അവരുടെ കുഞ്ഞുങ്ങളെ നിശ്ചിത ഇടവേളകളിൽ മുലയൂട്ടുന്നതിനുള്ള സൗകര്യവും തൊഴിലുടമ ഒരുക്കിനൽകേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിന്റെ ഭാഗമായി കേരള സർക്കാരിന്റെ കീഴിലുള്ള വിവിധ വകുപ്പുകൾ പ്രവർത്തിക്കുന്നതും അമ്പതിലധികം ജീവനക്കാർ ജോലി ചെയ്യുന്നതുമായ ഓഫീസ് സമുച്ചയങ്ങളിൽ ക്രഷ് സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ട ആവശ്യകത കണക്കിലെടുത്ത് 25 ക്രഷുകൾ ആരംഭിക്കുന്നതിന് തീരുമാനിക്കുകയും അവയിൽ നാളിതുവരെ 20 ക്രഷുകൾ പ്രവർത്തനമാരംഭിക്കുകയും ചെയ്തിട്ടുണ്ട്.

<u>പ്രധാൻമന്ത്രി മാതൃ വന്ദന യോജന പദ്ധതി</u> - ഗർഭിണികളായ സ്ത്രീകളുടെയും മുലയൂട്ടുന്ന അമ്മമാരുടെയും പോഷണ നിലവാരം ഉയർത്തുക, ആരോഗ്യ പരിരക്ഷ ഉറപ്പാക്കുക എന്നീ ലക്ഷ്യങ്ങളോടെ വനിത-ശിശു വികസന വകുപ്പുവഴി നടപ്പിലാക്കിവരുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് പ്രധാൻമന്ത്രി മാതൃ വന്ദന യോജന (PMMVY). കേന്ദ്ര/സംസ്ഥാന സർക്കാർ ജീവനക്കാർ, പൊതുമേഖലാ ജീവനക്കാർ എന്നിവരൊഴികെ നിയമം അനുശാസിക്കുന്ന മറ്റ് പ്രസവാനുകൂല്യങ്ങളൊന്നും ലഭിക്കാത്ത എട്ട് ലക്ഷത്തിനുതാഴെ വാർഷിക വരുമാനമുള്ള എല്ലാ സ്ത്രീകൾക്കും അവരുടെ പ്രസവത്തിന് ഈ പദ്ധതി പ്രകാരം ആനുകൂല്യത്തിന് അർഹതയുണ്ട്.

2017 ജനുവരി ഒന്ന് മുതൽ ആരംഭിച്ച ഈ പദ്ധതി പ്രകാരം ആദ്യ പ്രസവത്തിന് 5,000/- രൂപയും രണ്ടാം പ്രസവത്തിൽ പെൺകുഞ്ഞ് ജനിക്കുകയാണെങ്കിൽ 6,000/- രൂപയും ധനസഹായം ഗുണഭോക്താക്കളുടെ ആധാർ സീഡ് ചെയ്തിട്ടുള്ള ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് നിക്ഷേപിക്കുന്നു. അങ്കണവാടി വഴിയോ ഗുണഭോക്താക്കൾക്ക് നേരിട്ടോ പി.എം.എം.വി.വൈ.-

യുടെ https://pmmvy.nic.in എന്ന website വഴി ഓൺലൈനായോ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

വരുമാന പരിധി - വാർഷിക വരുമാനം 8,00,000/- രൂപ. എസ്.സി/എസ്.റ്റി വിഭാഗത്തിന് വരുമാന പരിധി ബാധകമല്ല.

പൊൻവാക്ക് പദ്ധതി - പെൺകുട്ടികളിലെ ശൈശവ വിവാഹം തടയുന്നതിനായി ശൈശവ വിവാഹം മുൻകൂട്ടി അറിയിക്കുന്ന വ്യക്തിക്ക് 2,500/- രൂപ പാരിതോഷികം നൽകുന്ന പൊൻവാക്ക് പദ്ധതി നടപ്പാക്കുന്നു. ആയതിലേയ്ക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് വരുമാന പരിധി നിശ്ചയിച്ചിട്ടില്ല.

നിർഭയ - കൗമാരക്കാരായ പോക്സോ വിക്ടിമിന് അഭയകേന്ദ്രങ്ങൾ, ആശ്വാസനിധി എന്ന പദ്ധതിയിലൂടെ ധനസഹായം, കാവൽ പ്ലസ് പദ്ധതിയിലൂടെ കൗൺസിലിംഗ് സേവനങ്ങൾ എന്നിവയും ഗാർഹിക പീഡനങ്ങൾക്കിരയായവർക്ക് ആശ്വാസനിധിയിലൂടെ ധനസഹായം,

വൺസ്റ്റോപ്പ് സെന്ററിലൂടെ സ്ത്രീകൾക്കും കുട്ടികൾക്കും എല്ലാവിധ സേവനങ്ങളും നിർഭയ സെൽ മുഖേന നൽകിവരുന്നു.

**വനിതകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങൾ തടയുന്നതിനുള്ള പദ്ധതികൾ**

280 (280) ഡോ. എം. കെ. മുനീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീകൾക്കും കുട്ടികൾക്കും നേരെ നടക്കുന്ന അതിക്രമങ്ങൾ തടയുന്നതിന് വനിത-ശിശുവികസന വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് സ്ത്രീകൾക്കും കുട്ടികൾക്കും നേരെ നടക്കുന്ന അതിക്രമങ്ങൾ തടയുന്നതിന് വനിത-ശിശു വികസന വകുപ്പ് നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ നടക്കുന്ന ആക്രമണങ്ങൾ തടയുന്നതിനുവേണ്ടി സർക്കാർ തലത്തിൽ പ്രവർത്തിക്കുന്ന വിവിധ പ്രോജക്ടുകളിലെ ജീവനക്കാരും സംവിധാനങ്ങളും ജെൻഡർ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സെൻസിറ്റീവാണോ എന്നുള്ളത് പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അത്തരം പരിശോധനകളുടെ റിപ്പോർട്ട് നൽകാമോ;

(സി) ഈ മേഖലയിൽ പ്രവർത്തിക്കുന്ന ജീവനക്കാരുടെ പ്രവർത്തനങ്ങൾ ജെൻഡർ ഫോക്കസ്ഡാക്കാനും കാര്യക്ഷമത വർദ്ധിപ്പിക്കാനും എന്തെല്ലാം പരിശീലനങ്ങളാണ് ജീവനക്കാർക്ക് നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

(സി&ഡി) സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ നടക്കുന്ന ആക്രമണങ്ങൾ തടയുന്നതിനുവേണ്ടി സർക്കാർ തലത്തിൽ പ്രവർത്തിക്കുന്ന വിവിധ പ്രോജക്ടുകളിലെ ജീവനക്കാരും സംവിധാനങ്ങളും ജെൻഡർ സെൻസിറ്റീവാണോ എന്നുള്ളത് പരിശോധിച്ചിട്ടില്ല. എന്നാൽ മുൻവർഷങ്ങളിൽ വകുപ്പിലെ ജീവനക്കാർക്ക് ഐ.എം.ജി. മുഖേന നൽകുന്ന സ്റ്റേറ്റ് ട്രെയിനിംഗ് പ്രോഗ്രാമിൽ ജെൻഡർ സെൻസിറ്റൈസേഷൻ ട്രെയിനിംഗ് നൽകിയിട്ടുണ്ട്. വരുംവർഷത്തിൽ ടി ട്രെയിനിംഗ് വകുപ്പിലെ ജീവനക്കാർക്ക് നൽകുന്നതാണ്. കൂടാതെ വകുപ്പ് നടപ്പിലാക്കുന്ന 'സൂക്ഷ്മം' പദ്ധതിയുടെ ഭാഗമായി വനിത-ശിശു വികസന വകുപ്പിന്റെ നേതൃത്വത്തിൽ

തെരഞ്ഞെടുത്ത സർക്കാർ ആഫീസുകളിൽ ജെൻഡർ ആഡിറ്റ് നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കഴിഞ്ഞ സാമ്പത്തിക വർഷം പ്രീ ആൻഡ് പോസ്റ്റ് മാരിറ്റൽ കൗൺസിലിംഗ് പരിശീലനത്തിന്റെ ഭാഗമായി ഫാമിലി കൗൺസിലിംഗ് സെന്ററിലെ കൗൺസിലർമാർക്കും കാതോർത്ത് പദ്ധതിയുടെ കീഴിലുള്ള കൗൺസിലർമാർക്കും ജെൻഡർ സെൻസിറ്റൈസേഷൻ സംബന്ധിച്ച് പരിശീലനം നൽകിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം ടി വിഷയം ആസ്പദമാക്കി 904 സ്കൂൾ കൗൺസിലേഴ്സിന് പരിശീലനം നൽകിയിട്ടുണ്ട്.

കേരള പോലീസ് സേനയെ ജെൻഡർ ഫോക്കസ്ഡ് ആക്കുന്നതിനും സ്ത്രീകൾക്കും ലൈംഗിക ന്യൂനപക്ഷങ്ങൾക്കും എതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും ലിംഗഭേദമില്ലാതെ നിയമനടപടികൾ സ്വീകരിക്കുന്നതിനും പോലീസ് സേനയെ ജെൻഡർ സെൻസിറ്റീവാക്കുന്നതിനുമായി വനിതാ വികസന കോർപ്പറേഷന്റെ നേതൃത്വത്തിൽ 2019 മുതൽ തൃശ്ശൂർ കേരള പോലീസ് അക്കാദമിയിൽവച്ചും തിരുവനന്തപുരം പോലീസ് ട്രെയിനിംഗ്

കോളേജിൽവച്ചും പോലീസുദ്യോഗസ്ഥർക്കായി "ബോധ്യം" എന്ന പേരിൽ ജെൻഡർ സെൻസിറ്റീവ് കോഴ്സുകൾ നൽകിവരുന്നു.

(ഡി) സ്ത്രീകൾക്കുനേരെ നടന്നിട്ടുള്ള അതിക്രമങ്ങളുമായി ബന്ധപ്പെട്ട് പരിഹരിക്കപ്പെട്ടിട്ടുള്ള കേസുകളിൽ ഇരയാക്കപ്പെട്ട വനിതയ്ക്ക് പരിഹാര നിർദ്ദേശങ്ങളിൽ പൂർണ്ണ സംതൃപ്തിയുണ്ടായിട്ടുണ്ടോയെന്ന് പരിശോധിക്കാൻ നിലവിൽ എന്തൊക്കെ സംവിധാനങ്ങളാണുള്ളത്; ഇത്തരം സംവിധാനങ്ങളെക്കുറിച്ച് ഇരയാക്കപ്പെട്ട വനിതകളുടെ ഫീഡ്ബാക്ക് എടുക്കുന്നുണ്ടോ; ഉണ്ടെങ്കിൽ നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

സ്ത്രീകൾക്കുനേരെ നടന്നിട്ടുള്ള അതിക്രമങ്ങളുമായി ബന്ധപ്പെട്ട് പരിഹരിക്കപ്പെട്ടിട്ടുള്ള കേസുകളിൽ ഇരയാക്കപ്പെട്ട വനിതയ്ക്ക് പരിഹാര നിർദ്ദേശങ്ങളിൽ പൂർണ്ണ സംതൃപ്തിയുണ്ടായിട്ടുണ്ടോയെന്ന് പരിശോധിക്കാൻ നിലവിൽ സംവിധാനങ്ങൾ നടപ്പിലാക്കിയിട്ടില്ല. എന്നാൽ മിഷൻ ശക്തിയുടെ ഘടകമായ ഹബ് ഫോർ എംപവർമെന്റ് ഓഫ് വിമൺ പദ്ധതിയിലൂടെയും ജെൻഡർ ആഡിറ്റിംഗ് മുഖേനയും കാതോർത്ത് പോർട്ടൽ

വഴിയും POSH പോർട്ടൽ വഴിയും ഫീഡ്ബാക്ക് ലഭിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സ്ത്രീകൾക്കുനേരെ നടന്നിട്ടുള്ള അതിക്രമങ്ങളുമായി ബന്ധപ്പെട്ട കേസുകളിൽ അതിജീവിതയായ സ്ത്രീക്ക് പോലീസ് നടപടികളിൽ പൂർണ്ണ സംതൃപ്തിയുണ്ടായിട്ടുണ്ടോയെന്ന് പരിശോധിക്കാൻ സംസ്ഥാന പോലീസ് മേധാവിയുടെ സർക്കുലർ നമ്പർ 36/2012 പ്രകാരം വിക്ടിം ലെയ്സൺ ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. ഇവർ പോലീസിന്റെ നിയമസഹായം പരാതിക്കിടയില്ലാതെ അതിജീവിതയ്ക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നു. കൂടാതെ വിക്ടിം സപ്പോർട്ട് സ്കീം കൂടി നിലവിലുണ്ട്.

(ഇ) അതിക്രമങ്ങൾക്കിരയാക്കപ്പെട്ടതും പ്രശ്നപരിഹാരമുണ്ടായി വീടുകളിലേയ്ക്ക് മടങ്ങിയതുമായ സ്ത്രീകളുടെ ഇപ്പോഴത്തെ അവസ്ഥയെ സംബന്ധിച്ച എന്തെങ്കിലും സ്ഥിതി വിവരക്കണക്കുകളോ റിപ്പോർട്ടുകളോ വകുപ്പിൽ ലഭ്യമാണോ; വ്യക്തമാക്കുമോ?

അതിക്രമങ്ങൾക്കിരയാക്കപ്പെട്ടതും പ്രശ്നപരിഹാരം നൽകി വീടുകളിലേയ്ക്ക് മടങ്ങിയെത്തുന്നതുമായ സ്ത്രീകളുടെ ഇപ്പോഴത്തെ അവസ്ഥ സംബന്ധിച്ച സ്ഥിതിവിവര കണക്കുകളോ അവസ്ഥ സംബന്ധിച്ച റിപ്പോർട്ടുകളോ വകുപ്പിൽ ലഭ്യമല്ല. അതിക്രമങ്ങൾക്കിരയാക്കപ്പെട്ട് പ്രശ്നപരിഹാരം കഴിഞ്ഞ് വീട്ടിലേയ്ക്ക് മടങ്ങിയ സ്ത്രീകൾക്ക് ആവശ്യമാണെന്നുള്ള ഘട്ടത്തിൽ ഫോളോ അപ് നടപടികൾ സ്വീകരിക്കാറുണ്ട്.

(എഫ്) അതിക്രമങ്ങൾക്കിരയാക്കപ്പെടുന്ന വനിതകൾക്ക് നൽകുന്ന കൗൺസിലിംഗ് സെഷൻ മോണിറ്റർ ചെയ്യാൻ സംവിധാനമുണ്ടോയെന്ന് വ്യക്തമാക്കാമോ; ഗാർഹിക പീഡനത്തിനിരയായി ഒരു പ്രത്യേക മാനസികാവസ്ഥയിൽ സർക്കാർ സംവിധാനങ്ങളെ ആശ്രയിക്കുന്ന ഒരു സ്ത്രീക്ക് പൂർണ്ണ അർത്ഥത്തിൽ സർക്കാർ സംവിധാനങ്ങളിൽനിന്ന് നീതി ലഭിക്കുന്നില്ലെന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സ്വകാര്യത സൂക്ഷിക്കേണ്ടതായതിനാൽ കൗൺസിലിംഗ് സെഷൻ മോണിറ്ററിംഗ് ചെയ്യാറില്ല. ഗാർഹിക പീഡനത്തിനിരയായി ഒരു പ്രത്യേക

മാനസികാവസ്ഥയിൽ സർക്കാർ സംവിധാനങ്ങളെ ആശ്രയിക്കുന്ന ഒരു സ്ത്രീക്ക് പൂർണ്ണ അർത്ഥത്തിൽ സർക്കാർ സംവിധാനങ്ങളിൽനിന്ന് നീതി ലഭിക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**മാവേലിക്കര നിയോജകമണ്ഡലത്തിലെ അങ്കണവാടികൾ**

281 (281) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ അങ്കണവാടികളുടെ എണ്ണവും അവയുടെ നമ്പരും വാർഡ് നമ്പരും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പേരും ഓരോ അങ്കണവാടിയിലുമുള്ള കുട്ടികളുടെ എണ്ണവും വിശദമാക്കുമോ?

മാവേലിക്കര നിയോജകമണ്ഡലത്തിൽ മാവേലിക്കര ഐ.സി.ഡി.എസ്. പരിധിയിലെ തഴക്കര, തെക്കേക്കര, മാവേലിക്കര മുനിസിപ്പാലിറ്റി എന്നിവിടങ്ങളിലായി 95 അങ്കണവാടികളും ഭരണിക്കാവ് ഐ.സി.ഡി.എസ്. പരിധിയിലെ ചുനക്കര, നൂറനാട്, പാലമേൽ, താമരക്കുളം, വള്ളികുന്നം പഞ്ചായത്തുകളിലെ 138 അങ്കണവാടികളും

ഉൾപ്പെടെ ആകെ 233 അങ്കണവാടികൾ പ്രവർത്തിക്കുന്നു. 233 അങ്കണവാടികളിലായി ആകെ 2217 പ്രീ-സ്കൂൾ കുട്ടികളുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

(ബി) സ്വന്തമായി സ്ഥലമുള്ളതും സ്ഥലമില്ലാത്തതുമായ അങ്കണവാടികൾ, സ്വന്തമായി കെട്ടിടമുള്ളതും കെട്ടിടമില്ലാത്തതുമായ അങ്കണവാടികൾ എന്നിവ വേർതിരിച്ച് വിവരങ്ങൾ ലഭ്യമാക്കുമോ?

മാവേലിക്കര നിയോജകമണ്ഡലത്തിലുള്ള 233 അങ്കണവാടികളിൽ 112 എണ്ണത്തിന് സ്വന്തമായി കെട്ടിടമുള്ളതും 121 എണ്ണത്തിന് സ്വന്തമായി കെട്ടിടം ഇല്ലാത്തതുമാണ്. സ്വന്തമായി കെട്ടിടമില്ലാത്ത 121 അങ്കണവാടികളിൽ 34 എണ്ണത്തിന് സ്വന്തമായി സ്ഥലം ലഭ്യമായതും 87 എണ്ണത്തിന് സ്വന്തമായി സ്ഥലം ലഭ്യമല്ലാത്തതുമാണ്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**മലപ്പുറം മണ്ഡലത്തിലെ മാതൃക അങ്കണവാടികൾ**

282 (282) ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മണ്ഡലത്തിൽ ഏതെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മാതൃക അങ്കണവാടികൾ എല്ലാ സൗകര്യങ്ങളോടുംകൂടി പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കാമോ?

മലപ്പുറം നിയോജകമണ്ഡലത്തിലെ പൂക്കോട്ടൂർ ഗ്രാമപഞ്ചായത്തിലെ 73-ാം നമ്പർ മാതൃക അങ്കണവാടിയും 58-ാം നമ്പർ സ്മാർട്ട് അങ്കണവാടിയും എല്ലാവിധ സൗകര്യങ്ങളോടുംകൂടി പ്രവർത്തിച്ചുവരുന്നു.

(ബി) മണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലും മാതൃക അങ്കണവാടി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ; മാതൃക അങ്കണവാടി ആരംഭിക്കുവാൻ സൗകര്യപ്രദമായ ഏതെല്ലാം അങ്കണവാടികളുണ്ടെന്ന് അറിയിക്കാമോ; വിശദാംശം ലഭ്യമാക്കാമോ?

2019-20 സാമ്പത്തിക വർഷം മുതൽ ആധുനിക സൗകര്യങ്ങളോടുകൂടിയ സ്മാർട്ട് അങ്കണവാടി കെട്ടിട നിർമ്മാണ പദ്ധതി

ആരംഭിച്ചതിനാൽ നിലവിൽ മാതൃക അങ്കണവാടി കെട്ടിട നിർമ്മാണ പദ്ധതിക്ക് അനുമതി നൽകിവരുന്നില്ല. ടി മണ്ഡലത്തിൽ സ്വന്തമായി കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് അനുയോജ്യമായ സ്ഥലവും വകുപ്പ് വിഹിതത്തിന് പുറമേയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വിഹിതവും വകയിരുത്തി ഭരണസമിതി തീരുമാനം ലഭ്യമാകുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പരിഗണിക്കുന്നതാണ്.

(സി) മണ്ഡലത്തിൽ ഏതെങ്കിലും അങ്കണവാടികൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

മണ്ഡലത്തിൽ 55 അങ്കണവാടികൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ട്. അങ്കണവാടികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

**അങ്കണവാടി ഹെൽപ്പർ ജീവനക്കാരുടെ ഓണറേറിയം**

283 (283) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) സംസ്ഥാനത്തെ അങ്കണവാടി ഹെൽപ്പർ ജീവനക്കാർക്ക് നിലവിൽ നൽകിവരുന്ന ഓണറേറിയം എത്ര രൂപയാണ്; പ്രസ്തുത ഓണറേറിയം ഒടുവിൽ വർദ്ധിപ്പിച്ചത് എന്നാണ്; എന്ത് തുകയാണ് വർദ്ധിപ്പിച്ചത്; വർദ്ധിപ്പിച്ച തുക നൽകിത്തുടങ്ങിയിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്തെ അങ്കണവാടി ഹെൽപ്പർമാർക്ക് പ്രതിമാസം ഓണറേറിയമായി 8,000/- രൂപയാണ് നിലവിൽ നൽകിവരുന്നത്. 1-04-2019 മുതൽ മുൻകാല പ്രാബല്യത്തോടെ 27-12-2019-ലെ സ.ഉ.(സാധാ) നം.803/2019/സാ.നീ.വ. പ്രകാരമാണ് ആയത് ഒടുവിൽ വർദ്ധിപ്പിച്ചത്. പ്രസ്തുത ഉത്തരവുപ്രകാരം ഹെൽപ്പർമാരുടെ വേതനം 4,050/- രൂപയിൽനിന്നും 4,300/- രൂപയായി സംസ്ഥാന വിഹിതം ഇനത്തിൽ വർദ്ധിപ്പിച്ചിട്ടുണ്ട്. വർദ്ധിപ്പിച്ച തുക നിലവിൽ നൽകിവരുന്നുണ്ട്. കേന്ദ്ര-സംസ്ഥാന-തദ്ദേശസ്വയംഭരണ സ്ഥാപന വിഹിതമായി ഓണറേറിയം അനുവദിക്കുന്നതിന്റെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) എറണാകുളം ജില്ലയിലെ പാമ്പാക്കുട സംയോജിത ശിശുവികസന സേവന പദ്ധതിയുടെ കീഴിൽ പ്രവർത്തിക്കുന്ന 17 അങ്കണവാടികളിലെ ഹെൽപ്പർമാർക്ക് വർദ്ധിപ്പിച്ച ഓണറേറിയവും കുടിശ്ശികയും നൽകുന്നതിൽ കാലതാമസം നേരിടുന്നതിന്റെ കാരണങ്ങൾ വ്യക്തമാക്കാമോ?

എറണാകുളം ജില്ലയിലെ പാമ്പാക്കുട ഐ.സി.ഡി.എസ്. പ്രോജക്ടിലെ അങ്കണവാടി ജീവനക്കാർക്ക് ഓണറേറിയവും കുടിശ്ശികയും നൽകുന്നതിൽ കാലതാമസം നേരിട്ടിട്ടില്ല.

(സി) നിലവിൽ അങ്കണവാടി ജീവനക്കാരുടെ ജോലി സമയം എത്ര മണിവരെയാണ് ക്രമീകരിച്ചിരിക്കുന്നത്; പ്രസ്തുത സമയത്തിനുശേഷം ഭവന സന്ദർശനം നടത്താൻ നിലവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ?

നിലവിൽ അങ്കണവാടി പ്രവർത്തന സമയം 9.30 AM മുതൽ 3.30 PM വരെയാണ്. എന്നാൽ അങ്കണവാടികൾ 9.30-ന് പ്രവർത്തന സജ്ജമാക്കുന്നതിന് അങ്കണവാടി ജീവനക്കാർ 9.30-ന് മുൻപായി

അങ്കണവാടികളിൽ ഹാജരാകേണ്ടതുണ്ട്. അങ്കണവാടി പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിന്റെ ഭാഗമായി ഐ.സി.ഡി.എസ്. സൂപ്പർവൈസർ ഉച്ചയ്ക്കുശേഷം സന്ദർശിക്കുന്ന അങ്കണവാടിയിലെ ജീവനക്കാർ, സൂപ്പർവൈസർക്കൊപ്പം പ്രവൃത്തി സമയത്തിനുശേഷം 4.30 വരെ ഭവന സന്ദർശനം നടത്തുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ഡി) അങ്കണവാടി ജീവനക്കാരുടെ പ്രശ്നങ്ങൾക്ക് ശാശ്വതപരിഹാരം കാണുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

കേന്ദ്രാവിഷ്കൃത പദ്ധതിയായ സംയോജിത ശിശുവികസന സേവന പദ്ധതിയുടെ ഭാഗമായി പ്രവർത്തിക്കുന്ന അങ്കണവാടി പ്രവർത്തകർ, ഓണറേറിയം കൈപ്പറ്റുന്ന സന്നദ്ധ സേവകരാണ്. കാലാകാലങ്ങളിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പുറപ്പെടുവിക്കുന്ന ഉത്തരവുകളും മാർഗ്ഗനിർദ്ദേശങ്ങളുമാണ് ഇവരുടെ സേവന-വേതന വ്യവസ്ഥകൾക്ക് ആധാരമായിട്ടുള്ളത്. സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുന്ന അങ്കണവാടി

ജീവനക്കാരുടെ പ്രശ്നങ്ങൾക്ക് യഥാസമയം പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തിവരുന്നുണ്ട്.

**അങ്കണവാടി ജീവനക്കാരുടെ വേതനം**

284 (284) <u>ശ്രീ. സജീവ് ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കണവാടി ജീവനക്കാരുടെ വേതന വർദ്ധനവ് അവസാനമായി നടപ്പിലാക്കിയത് എന്നാണ്; വർദ്ധനവ് എത്രയായിരുന്നു; നിലവിലുള്ള വേതനത്തിന്റെ വിവരം തസ്തിക തിരിച്ച് ലഭ്യമാക്കാമോ?

01-04-2019 മുതൽ പ്രാബല്യത്തോടെ 27-12-2019-ലെ സ.ഉ. (സാധാ)നം. 803/2019/സാ.നീ.വ. പ്രകാരമാണ് അവസാനമായി കേരളത്തിലെ അങ്കണവാടി ജീവനക്കാരുടെ വേതന വർദ്ധനവ് നടപ്പാക്കിയത്. പ്രസ്തുത ഉത്തരവ് പ്രകാരം അങ്കണവാടി വർക്കർമാരുടെ വേതനം 4,800/- രൂപയിൽനിന്നും 5,300/- രൂപയായും ഹെൽപ്പർമാരുടെ വേതനം 4,050/- രൂപയിൽനിന്നും 4,300/- രൂപയായും സംസ്ഥാന വിഹിതം ഇനത്തിൽ വർദ്ധിപ്പിച്ചിട്ടുണ്ട്. അങ്കണവാടി ജീവനക്കാർക്ക്

നിലവിലുള്ള വേതനത്തിന്റെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) ജീവനക്കാരുടെ ക്ഷേമനിധിയിലേയ്ക്കുള്ള സർക്കാർ വിഹിതം 100 ശതമാനത്തിൽനിന്നും 50 ശതമാനമായി കുറച്ചതിന്റെ സർക്കാർ ഉത്തരവ് ലഭ്യമാക്കാമോ?

2016-ലെ കേരള അങ്കണവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും ക്ഷേമനിധി ആക്ടിലെ 17-ാം വകുപ്പ് പ്രകാരം ഓരോ സാമ്പത്തിക വർഷവും അംഗങ്ങൾ ക്ഷേമനിധിയിലേയ്ക്ക് അംശദായമായി നൽകേണ്ട തുകയുടെ 50 ശതമാനത്തിന് തുല്യമായ തുക സർക്കാർ അംശദായമായി നൽകേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത ആക്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

(സി) ക്ഷേമനിധിയിൽ നിന്നും ചികിത്സാ സഹായം, വിദ്യാഭ്യാസ സഹായം, ഭവന വായ്പ, വിവാഹ ധനസഹായം എന്നിവ 2018-ൽ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

റദ്ദാക്കിയിരുന്നോ; എങ്കിൽ പ്രസ്തുത സർക്കാർ ഉത്തരവിന്റെ പകർപ്പും ബോർഡ് തീരുമാനത്തിന്റെ പകർപ്പും ലഭ്യമാക്കാമോ?

ക്ഷേമനിധിയിൽനിന്നും ചികിത്സാ സഹായം, വിദ്യാഭ്യാസ സഹായം, ഭവന വായ്പ, വിവാഹധന സഹായം എന്നിവ 2018-ൽ റദ്ദാക്കിയിട്ടില്ല.

**സ്മാർട്ട് അങ്കണവാടികൾ**

285 (285) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ശിശുക്ഷേമ വകുപ്പിന് കീഴിൽ എത്ര സ്മാർട്ട് അങ്കണവാടികൾ ആരംഭിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

2019-20 മുതൽ നാളിതുവരെ 209 അങ്കണവാടികൾക്ക് സ്മാർട്ട് അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. എന്നാൽ വിവിധ കാരണങ്ങളാൽ നിർമ്മാണം സാധ്യമാകാത്ത 16 അങ്കണവാടികളെ പദ്ധതിയിൽനിന്നും ഒഴിവാക്കി ഉത്തരവായിട്ടുണ്ട്. ബാക്കിയുള്ള 193 അങ്കണവാടികളിൽ 42 അങ്കണവാടികളുടെ നിർമ്മാണം

പൂർത്തീകരിച്ചിട്ടുണ്ട്. ജില്ലതിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രത്യേക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുകൂടി സൗകര്യപ്രദമാകുന്ന തരത്തിൽ അങ്കണവാടികളിൽ സൗകര്യങ്ങൾ ഏർപ്പെടുത്തുമോ; വിശദമാക്കാമോ?

സ്പെഷ്യൽ അങ്കണവാടി പദ്ധതിയിൽ ഉൾപ്പെടുത്തി ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സഹായകരമാകുംവിധം അങ്കണവാടികളിൽ റാംപുകൾ സ്ഥാപിക്കുകയും ഭിന്നശേഷി സൗഹൃദ ടോയ്‌ലെറ്റുകൾ സ്ഥാപിക്കുകയും ചെയ്തുവരുന്നു.

**അങ്കണവാടികളുടെ കെട്ടിട നിർമ്മാണത്തിനായുള്ള ഫണ്ട്**

286 (286) ശ്രീ. ജി. എസ്. ജയലാൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) ചാത്തന്നൂർ മണ്ഡലത്തിലെ 184, 165, 109 എന്നീ നമ്പറുകളിലുള്ള അങ്കണവാടികളുടെ കെട്ടിടനിർമ്മാണത്തിനായി ഫണ്ട് അനുവദിക്കണമെന്നാവശ്യപ്പെട്ട് ജനപ്രതിനിധി നൽകിയ നിവേദനങ്ങളിൽ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) സ്വന്തമായി കെട്ടിടങ്ങളില്ലാത്ത പ്രസ്തുത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് അടിയന്തരമായി ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

(എ&ബി) സ്വീകരിച്ചിട്ടുണ്ട്. വകുപ്പിന്റെ കെട്ടിട നിർമ്മാണ പദ്ധതികളിൽ ഉൾപ്പെടുത്തുന്നതിനായി വകുപ്പ് വിഹിതത്തിന് പുറമെയുള്ള ഒരു നിശ്ചിത തുക ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപന വിഹിതമായി വകയിരുത്തേണ്ടതുണ്ട്. പ്രസ്തുത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപന വിഹിതം വകയിരുത്തിക്കൊണ്ടുള്ള ഭരണസമിതി തീരുമാനം ലഭ്യമാകാത്തതിനാൽ ഈ അങ്കണവാടികളെ വകുപ്പിന്റെ കെട്ടിടനിർമ്മാണ പദ്ധതികളിൽ

ഉൾപ്പെടുത്തുന്നതിന് സാധിച്ചിട്ടില്ല. ആയത് ലഭ്യമാക്കുന്നതിന് പഞ്ചായത്തുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചുവരുന്നു.

**കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതി**

287 (287) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രവണ വൈകല്യമുള്ള കുട്ടികൾക്കുള്ള കോക്ലിയർ ഇംപ്ലാന്റ് ഉപകരണങ്ങളുടെ അറ്റകുറ്റപ്പണി വൈകുന്നതിനാൽ കേടായ ഉപകരണങ്ങളാണ് കുട്ടികൾ മാസങ്ങളായി ഉപയോഗിക്കുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി മതിയായ തുക അനുവദിക്കുന്നതിൽ കാലതാമസമുണ്ടാകുന്നതിന്റെ കാരണം അറിയിക്കുമോ; തുക അനുവദിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ?

(എ&ബി) ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി ആവശ്യമായ ഫണ്ട് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വകയിരുത്തി അനുവദിക്കുന്നതാണ്. 2023-24 സാമ്പത്തിക വർഷം മുതൽ കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പാക്കിവരുന്ന ശ്രുതി തരംഗം പദ്ധതി, സ്റ്റേറ്റ് ഹെൽത്ത് ഏജൻസി മുഖേന നടപ്പാക്കാൻ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നു. കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ കൈവശമുള്ള തുക സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് നൽകുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) നിലവിൽ അഡ്വാൻസ്ഡ് ബയോണിക്സ് പ്രോസസ്സറുകൾ ഉപയോഗിക്കുന്ന കോക്ലിയർ ഇംപ്ലാന്റ് ഉപകരണങ്ങളുടെ കാലാവധി 31-03-2023-ന് അവസാനിച്ചിട്ടുള്ളതിനാൽ കാലാവധി കഴിഞ്ഞതും വരുംവർഷങ്ങളിൽ കാലാവധി കഴിയുന്നതുമായ പ്രോസസ്സറുകൾ അപ്ഗ്രേഡ് ചെയ്ത് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

പ്രോസസ്സർ അപ്ഗ്രഡേഷൻ ബന്ധപ്പെട്ട് നാളിതുവരെ 25 അപേക്ഷകൾ കെ.എസ്.എസ്.എം.-ൽ ലഭിക്കുകയും, സ.ഉ.(സാധാ)1821/2023/ആ.കു.വ. ഉത്തരവുപ്രകാരം അവയ്ക്കുള്ള ധനസഹായമായി

59,47,500/- രൂപ സർക്കാർ കെ.എസ്.എസ്.എം.-ന് അനുവദിച്ചിട്ടുമുണ്ട്. അഡ്വാൻസ് ബയോണിക്സ് കമ്പനിയുമായി ഇതുമായി ബന്ധപ്പെട്ട ചർച്ചകൾ നടത്തിയിട്ടുണ്ട്. വരുംവർഷങ്ങളിൽ ഇത്തരം സേവനങ്ങൾ നിലവിൽ പദ്ധതിയുടെ നടത്തിപ്പിന്റെ ചുമതലയുള്ള സ്റ്റേറ്റ് ഹെൽത്ത് ഏജൻസി വഴി നൽകുന്നതാണ്.

(ഡി) പ്രസ്തുത ഉപകരണങ്ങളുടെ കേടുപാടുകൾ അടിയന്തരമായി കണ്ടെത്തി പരിഹരിക്കുന്നതിന് എല്ലാ ജില്ലാ ആശുപത്രികളിലും ഓഡിയോളജിസ്റ്റുകളെയും സ്പീച്ച് തെറാപ്പിസ്റ്റുകളെയും നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

പദ്ധതി മാർഗ്ഗരേഖ പ്രകാരം ചികിത്സയ്ക്കും അനുബന്ധ സേവനങ്ങൾക്കുമായുള്ള തുക എംപാനൽ ചെയ്യപ്പെട്ടിട്ടുള്ള ആശുപത്രികൾക്കാണ് സ്റ്റേറ്റ് ഹെൽത്ത് ഏജൻസി നൽകുന്നത്. ആശുപത്രി സൂപ്രണ്ടുമാർക്ക് ഇത്തരം ആവശ്യങ്ങൾക്കുള്ള ഫണ്ട് മേൽപ്പറഞ്ഞ വിഹിതത്തിൽനിന്നും കണ്ടെത്താവുന്നതാണ്.

**സ്കൂൾ ആരോഗ്യ പദ്ധതി**

288 (288) ശ്രീ. വി. ശശി: താഴെക്കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിദ്യാഭ്യാസ വകുപ്പിന്റെയും വനിത-ശിശു വികസന വകുപ്പിന്റെയും സഹകരണത്തോടെ നടപ്പിലാക്കുന്ന സ്കൂൾ ആരോഗ്യ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

വനിത-ശിശു വികസന വകുപ്പിന്റെ സഹകരണത്തോടെ പൊതുവിദ്യാഭ്യാസ വകുപ്പ് സ്കൂൾ ആരോഗ്യ പദ്ധതി നടപ്പിലാക്കുന്നില്ല. എന്നാൽ ആരോഗ്യ വകുപ്പിന്റെയും ദേശീയ ആരോഗ്യ മിഷന്റെയും സഹകരണത്തോടെ 1 മുതൽ 12-ാം ക്ലാസ് വരെയുള്ള സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിലെ കുട്ടികൾക്ക് ആരോഗ്യ പരിശോധന, പ്രതിരോധ കുത്തിവയ്പ്പുകൾ, അയൺ-ഫോളിക് ആസിഡ് ഗുളിക വിതരണം, വിര നിവാരണ ഗുളിക വിതരണം എന്നിവ നടത്തുന്നുണ്ട്. കൂടാതെ വിദ്യാർത്ഥികളിൽ പോഷകാഹാരക്കുറവ്, ലഹരി വസ്തുക്കളുടെ ദുരുപയോഗം, മാനസികാരോഗ്യം, ജീവിത നൈപുണ്യങ്ങൾ, പ്രത്യുല്പാദന ലൈംഗിക

ആരോഗ്യം, സുരക്ഷിത ഇന്റർനെറ്റ് ഉപയോഗം, നല്ല വ്യക്തിബന്ധങ്ങൾ, ലിംഗസമത്വം എന്നിവയെക്കുറിച്ചുള്ള അറിവും അവബോധവും പ്രോത്സാഹിപ്പിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് കേന്ദ്ര സർക്കാരിന്റെ ആയുഷ്മാൻ ഭാരത് പദ്ധതിയിൽ ഉൾപ്പെട്ട സ്കൂൾ ഹെൽത്ത് ആൻഡ് വെൽനസ്സ് പ്രോഗ്രാം (വിദ്യാലയ ആരോഗ്യ പദ്ധതി) നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

**ഭക്ഷ്യ സുരക്ഷാ വകുപ്പ് നടത്തുന്ന പരിശോധനകൾ**

289 (289) ശ്രീമതി ശാന്തകുമാരി കെ.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് ഈ വർഷം ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നേതൃത്വത്തിൽ എത്ര പരിശോധനകൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഇതുമായി ബന്ധപ്പെട്ട് എത്ര സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്നും എത്ര തുക പിഴയായി ലഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് ഈ വർഷം 01-01-2023 മുതൽ 30-06-2023 വരെ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നേതൃത്വത്തിൽ 27,768 പരിശോധനകൾ നടത്തുകയും പരിശോധനകളുടെ ഭാഗമായി 4,597 സ്റ്റാറ്റ്യൂട്ടറി സാമ്പിളുകളും 9,807 സർവെയിലൻസ് സാമ്പിളുകളും ശേഖരിക്കുകയുണ്ടായി. പരിശോധനകളുടെ ഭാഗമായി ശേഖരിച്ച സ്റ്റാറ്റ്യൂട്ടറി സാമ്പിളുകളിൽ 362 എണ്ണം അൺസെയ്ഫായും 97 എണ്ണം സബ്സ്റ്റാന്റേർഡായും 236 എണ്ണം മിസ്ബ്രാൻഡഡായും പരിശോധനാ ഫലം ലഭിക്കുകയുണ്ടായി. ടി കാലയളവിൽ 3588 നോട്ടീസുകളും 2870 കോമ്പൗണ്ടിംഗ് നോട്ടീസുകളും നൽകുകയുണ്ടായി. പിഴയിനത്തിൽ ടി കാലയളവിൽ 1,56,84,842 രൂപ (ഒരു കോടി അൻപത്തി ആറ് ലക്ഷത്തി എൺപത്തി നാലായിരത്തി എണ്ണൂറ്റി നാൽപ്പത്തി രണ്ട് രൂപ മാത്രം) ഈടാക്കുകയും ചെയ്തു.

(ബി) മറ്റ് സംസ്ഥാനങ്ങളിൽനിന്നും ഉൾപ്പെടെ വിൽപ്പനയ്ക്കായി കൊണ്ടുവരുന്ന മത്സ്യത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

മറ്റ് സംസ്ഥാനങ്ങളിൽനിന്നും ഉൾപ്പെടെ സംസ്ഥാനത്തെ വിപണികളിലെത്തിച്ച് വിൽപ്പന നടത്തുന്ന മത്സ്യത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി ഭക്ഷ്യസുരക്ഷാ വകുപ്പ് ആവിഷ്കരിച്ച് വിജയകരമായി നടപ്പിലാക്കിവരുന്ന പദ്ധതിയാണ് 'ഓപ്പറേഷൻ മത്സ്യ'. ഇതിന്റെ ഭാഗമായി ഹാർബറുകൾ, മത്സ്യലേല മാർക്കറ്റുകൾ, മത്സ്യ മൊത്ത വിപണന കേന്ദ്രങ്ങൾ, മത്സ്യ വിൽപ്പന കേന്ദ്രങ്ങൾ, മാർക്കറ്റുകൾ, റെയിൽവേ സ്റ്റേഷനുകൾ, ചെക്ക്പോസ്റ്റുകൾ എന്നിവ കേന്ദ്രീകരിച്ച് മത്സ്യപരിശോധനകൾ നടത്തിവരുന്നു. പരിശോധനകളുടെ ഭാഗമായി ശേഖരിക്കുന്ന സാമ്പിളുകൾ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ അനലിറ്റിക്കൽ ലബോറട്ടറികളിൽ പരിശോധിച്ചുവരുന്നു. പരിശോധനയെത്തുടർന്ന് കേടായ മത്സ്യങ്ങൾ പിടിച്ചെടുത്ത് നശിപ്പിക്കുകയും ചെയ്തുവരുന്നു.

**ഹോട്ടലുകളിലെ ഭക്ഷ്യഎണ്ണ ആവർത്തിച്ച് ഉപയോഗിക്കുന്ന നടപടി**

290 (290) <u>ശ്രീ. കെ. ആൻസലൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹോട്ടലുകളിൽ ഭക്ഷ്യപദാർത്ഥങ്ങൾ നിർമ്മിക്കാനുപയോഗിക്കുന്ന ഭക്ഷ്യഎണ്ണ ഉപയോഗശേഷം അടുത്ത ദിവസങ്ങളിൽ പുനരുപയോഗിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ക്യാൻസർപോലെ ഗുരുതര ആരോഗ്യപ്രശ്നമുണ്ടാക്കുന്ന ഇത്തരം ഭക്ഷ്യഎണ്ണകൾ പിടിച്ചെടുക്കാൻവേണ്ടി ഭക്ഷ്യസുരക്ഷാ വിഭാഗം എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ;

(ബി) ഒന്നിൽ കൂടുതൽ ദിവസങ്ങളിൽ ഹോട്ടലുകളിൽ ഭക്ഷ്യഎണ്ണ ഉപയോഗിക്കുന്നതുമൂലം ജനങ്ങൾക്കുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുസംബന്ധിച്ച് സ്വീകരിച്ച നടപടി വിശദമാക്കാമോ?

(എ&ബി) സംസ്ഥാനത്തെ ഹോട്ടലുകളിൽ ഭക്ഷ്യപദാർത്ഥങ്ങൾ നിർമ്മിക്കാൻ ഉപയോഗിക്കുന്ന ഭക്ഷ്യഎണ്ണ ഉപയോഗശേഷം അടുത്ത

ദിവസങ്ങളിൽ പുനരുപയോഗിച്ച് വരുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് തടയുന്നതിനും എണ്ണയുടെ വീണ്ടുംവീണ്ടുമുള്ള ഉപയോഗം നിയന്ത്രിക്കണമെന്ന ലക്ഷ്യത്തോടെയും കേന്ദ്ര ഭക്ഷ്യ സുരക്ഷാ അതോറിറ്റി (FSSAI)യുടെ സഹകരണത്തോടെ നടപ്പിലാക്കിവരുന്ന പദ്ധതിയാണ് RUCO (Re-purpose Used Cooking Oil). FSSAI അംഗീകാരമുള്ള ബയോ ഡീസൽ മാനുഫാക്ചറേഴ്സ് വഴി യൂസ്ഡ് ഓയിൽ കളക്ഷൻ അഗ്രഗേറ്റേഴ്സിന്റെ സഹായത്തോടെ ഉപയോഗിച്ച എണ്ണ നിശ്ചിത പണം നൽകി FSSAI അംഗീകൃത അഗ്രഗേറ്റേഴ്സ് തിരികെ ശേഖരിക്കുന്നതാണ് പദ്ധതി. ഇപ്രകാരം ശേഖരിക്കുന്ന എണ്ണ ബയോ ഡീസൽ നിർമ്മാണത്തിനാണ് ഉപയോഗിക്കുന്നത്. ഈ പദ്ധതിയുടെ ഭാഗമായി 2022 ഏപ്രിൽ മുതൽ നാളിതുവരെ ആകെ 495 ഭക്ഷ്യ സംരംഭകരിൽനിന്നായി 163712 ലിറ്റർ ഉപയോഗിച്ച എണ്ണ ശേഖരിക്കുകയുണ്ടായി. ഇത്തരം അനാരോഗ്യകരമായ പ്രവർത്തനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നതിന് കർശന നിർദ്ദേശവും ബോധവൽക്കരണവും നടത്തിവരുന്നുണ്ട്.

## ഓണക്കാലത്ത് നിത്യോപയോഗ സാധനങ്ങൾ മിതമായ നിരക്കിൽ ലഭ്യമാക്കാൻ നടപടി

291 (291) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വരുന്ന ഓണക്കാലത്ത് നിത്യോപയോഗ സാധനങ്ങളും പച്ചക്കറികളും മിതമായ നിരക്കിൽ ലഭ്യമാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ബി) പ്രത്യേക ചന്തകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

(എ&ബി) ഈ വരുന്ന ഓണക്കാലത്ത് സംസ്ഥാനത്ത് അവശ്യവസ്തുക്കളുടെ വിലക്കയറ്റമുണ്ടാകാതിരിക്കാൻ ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഓണത്തിനാവശ്യമായ സാധനങ്ങൾ ലഭ്യമാക്കുന്നതിനായി പ്രതിമാസ ഇ-ടെണ്ടറിനുപുറമേ പ്രത്യേകമായി ഇ-ടെണ്ടർ ക്ഷണിച്ച് പർച്ചേസ് ഓർഡറുകൾ നൽകുന്നുണ്ട്.

സർക്കാരിന്റെ വിപണി ഇടപെടലിന്റെ ഭാഗമായി ഈ വർഷം സബ്സിഡി ഇനങ്ങൾക്ക് പുറമേ തെരഞ്ഞെടുത്ത സപ്ലൈകോ ശബരി ഉല്പന്നങ്ങൾക്കും ജനപ്രിയ എഫ്.എം.സി.ജി. ഉല്പന്നങ്ങൾക്കും ആകർഷകമായ ഡിസ്കൗണ്ടും ഓഫറുകളും നൽകിക്കൊണ്ട് 2023 ആഗസ്റ്റ് 18 മുതൽ 28 വരെ എല്ലാ ജില്ലകളിലും വിപുലമായ തോതിൽ സപ്ലൈകോ 'ഓണം ഫെസ്റ്റ്-2023' എന്ന പേരിൽ പ്രത്യേകം ഓണം ജില്ലാ ഫെയറുകൾ സംഘടിപ്പിക്കുന്നുണ്ട്. സപ്ലൈകോ 'ഓണം ഫെസ്റ്റ്-2023' നടത്തുന്നതിന് ജനപ്രിയ ബ്രാൻഡുകളുടെ പ്രമുഖ ഉല്പന്നങ്ങൾ നിലവിൽ നൽകിവരുന്ന ഡിസ്കൗണ്ടിനുപുറമേ 5% മുതൽ 50% വരെ അധിക വിലക്കുറവിൽ വിവിധ ഓഫറുകളോടുകൂടി പൊതുജനങ്ങൾക്ക് ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പച്ചക്കറി, പാൽ ഉല്പന്നങ്ങൾ എന്നിവയ്ക്കും ഓണം ജില്ലാ ഫെയറുകളിൽ പ്രാധാന്യം നൽകിയിട്ടുണ്ട്. കൂടാതെ ആഗസ്റ്റ് 22 മുതൽ 28 വരെ താലൂക്ക് തലത്തിലും പ്രമുഖ സപ്ലൈകോ വില്പനശാലകളോടനുബന്ധിച്ച് പച്ചക്കറി ഉൾപ്പെടെയുള്ള 'ഓണം താലൂക്ക് ഫെയറുകളും' സംഘടിപ്പിക്കുന്നുണ്ട്. ആഗസ്റ്റ്

24 മുതൽ 28 വരെ സപ്ലൈകോയുടെ എല്ലാ വില്പനശാലകളും 'ഓണം മാർക്കറ്റ്'കളായി പ്രവർത്തിക്കുന്നതാണ്.

**സിറ്റി ഗ്യാസ് പൈപ്പ്ലൈൻ കണക്ഷൻ**

292 (292) ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീമതി ദെലീമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാന നഗരത്തിൽ 2024 ജനുവരി മുതൽ സിറ്റി ഗ്യാസ് പൈപ്പ്ലൈൻ കണക്ഷൻ ലഭ്യമാക്കുന്നതിനായി നടത്തിവരുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കാമോ?

തിരുവനന്തപുരം നഗരത്തിലെ ശംഖുമുഖം, വെട്ടുകാട് വാർഡുകളിലെ 93% വീടുകളിലേയ്ക്ക് സിറ്റി ഗ്യാസ് പൈപ്പ്ലൈൻ കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ചാക്ക, മുട്ടത്തറ, പാൽകുളങ്ങര, പെരുന്താന്നി, ശ്രീകണ്ഠേശ്വരം, കമലേശ്വരം, ശ്രീവരാഹം എന്നീ വാർഡുകളിൽ സിറ്റി ഗ്യാസ് പൈപ്പ്ലൈൻ കണക്ഷൻ

നൽകിത്തുടങ്ങിയിട്ടുണ്ട്. 2024 ഡിസംബർ മാസത്തോടെ തിരുവനന്തപുരം കോർപ്പറേഷനിലെ 31 വാർഡുകളിൽ സിറ്റി ഗ്യാസ് പൈപ്പ്ലൈൻ കണക്ഷൻ നൽകുന്നതിനായുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(ബി) സിറ്റി ഗ്യാസ് പദ്ധതിക്കായി കൊച്ചുവേളിയിൽ സ്ഥാപിച്ചിട്ടുള്ള പ്ലാന്റിന്റെ ശേഷി എത്രയാണെന്നും ഇവിടെനിന്നും എത്രമാത്രം ഗ്യാസ് കണക്ഷനുകൾ നൽകാൻ സാധിക്കുമെന്നും വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

കൊച്ചുവേളിയിൽ 56.8 KL സ്റ്റോറേജ് കപ്പാസിറ്റിയുള്ള നാല് ലിക്വിഡ് കംപ്രസ്ഡ് നാച്ചുറൽ ഗ്യാസ് സ്റ്റേഷൻ (LCNG) സ്ഥാപിച്ചിട്ടുണ്ട്. അതിൽനിന്നും 120000 ഗാർഹിക കണക്ഷനുകൾക്കും 10 വൻകിട വ്യവസായങ്ങൾക്കും 150 ചെറുകിട (MSME) വ്യവസായങ്ങൾക്കും 1000 വാണിജ്യ സ്ഥാപനങ്ങൾക്കും 9500 വാഹനങ്ങൾക്കും ആവശ്യമായ ഗ്യാസ് നൽകാൻ സാധിക്കും.

(സി) നിലവിൽ എത്ര സിറ്റി ഗ്യാസ് കണക്ഷൻ നൽകിക്കഴിഞ്ഞിട്ടുണ്ട്; തുടർ നടപടികൾ ത്വരിതപ്പെടുത്തുന്നതിന് കഴിഞ്ഞിട്ടുണ്ടോ?

നിലവിൽ 20065 ഗാർഹിക കണക്ഷനുകൾ നൽകിയിട്ടുണ്ട്. ആയതിൽ 8100 എണ്ണം കമ്മീഷൻ ചെയ്തിട്ടുണ്ട്. ഗാർഹിക കണക്ഷനുകൾക്കുവേണ്ടി 41835 രജിസ്ട്രേഷനുകൾ പൂർത്തിയായിട്ടുണ്ട്.

(ഡി) അപേക്ഷകൾ ലഭിക്കുന്നതിനനുസരിച്ച് സിറ്റി ഗ്യാസ് കണക്ഷൻ നൽകുന്നതിന് സാധിക്കുന്നുണ്ടോ; സമയബന്ധിതമായി പദ്ധതി നടപ്പാക്കുന്നതിനും തടസ്സങ്ങൾ നീക്കുന്നതിനും എന്തെല്ലാം ഇടപെടലുകളാണ് നടത്തുന്നതെന്ന് അറിയിക്കാമോ?

ഉണ്ട്. നിലവിൽ തിരുവനന്തപുരം ജില്ലയിൽ പദ്ധതി പ്രകാരം പുരോഗതി കൈവരിച്ചുവരുന്നു. സംസ്ഥാനത്ത് സിറ്റി ഗ്യാസ് പദ്ധതി നടപ്പിലാക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ള കമ്പനികൾക്ക് പൈപ്പ്ലൈനുകൾ സ്ഥാപിക്കുന്നതിനുള്ള അനുമതി, സി.എൻ.ജി സ്റ്റേഷൻ നിർമ്മിക്കുന്നതിനായുള്ള കെട്ടിട നിർമ്മാണ അനുമതി തുടങ്ങി ആവശ്യമായ എല്ലാ പിന്തുണയും നൽകുന്നതിന് എല്ലാ റവന്യൂ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

പൈപ്പ്ലൈനുകൾ സ്ഥാപിക്കുന്നതിനുള്ള റോഡ് കുഴിക്കുന്നതിനായി (Road cutting) തദ്ദേശസ്വയംഭരണ വകുപ്പ്, പൊതുമരാമത്ത് വകുപ്പ് എന്നിവരിൽനിന്നുള്ള അനുമതി ലഭിക്കുന്നതിൽ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി നോഡൽ ഓഫീസറെയും നിയമിച്ചിട്ടുണ്ട്.

**ചിറയിൻകീഴ് മണ്ഡലത്തിൽ ഭക്ഷ്യ - പൊതുവിതരണ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ**

293 (293) ശ്രീ. വി. ശശി: താഴെക്കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചിറയിൻകീഴ് മണ്ഡലത്തിൽ ഭക്ഷ്യ-പൊതുവിതരണ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ചിറയിൻകീഴ് നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലായി അതിദരിദ്ര വിഭാഗത്തിൽപ്പെട്ടതായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കണ്ടെത്തിയ 86 കുടുംബങ്ങളുടെ

കാർഡുകൾ എ.എ.വൈ. വിഭാഗത്തിലേയ്ക്ക് മാറ്റി നൽകി. അഞ്ചുതെങ്ങ് പഞ്ചായത്തിൽ അതിദരിദ്ര വിഭാഗത്തിലുള്ളതും കടയിൽ നേരിട്ടുപോയി റേഷൻ വാങ്ങാൻ സാധിക്കാത്തതുമായ കാർഡുടമകൾക്ക് റേഷൻ അവരുടെ വീട്ടിൽ നേരിട്ടെത്തിക്കുന്ന 'ഒപ്പം' പദ്ധതി 2023 ഏപ്രിലിൽ ആരംഭിച്ചു. കടയ്ക്കാവൂർ പ്രവർത്തിക്കുന്ന ARD 65, അഞ്ചുതെങ്ങിൽ പ്രവർത്തിക്കുന്ന ARD 122 എന്നിവ കെ-സ്റ്റോറാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വിവിധ പഞ്ചായത്തുകളിലായി പുതുതായി 1823 കുടുംബങ്ങളെ പി.എച്ച്.എച്ച്. വിഭാഗത്തിലേയ്ക്കും 83 കുടുംബങ്ങളെ എ.എ.വൈ. വിഭാഗത്തിലേയ്ക്കും മാറ്റിയിട്ടുണ്ട്. അഴൂർ പഞ്ചായത്തിലെ ശാസ്തവട്ടം ബ്ലോക്ക് നമ്പർ 14-ൽ റീസർവ്വേ നമ്പർ 214/06-ൽപ്പെട്ട ഭൂമിയിൽ എൻ.എഫ്.എസ്.എ. ഗോഡൗൺ നിർമ്മാണത്തിനുള്ള സാധ്യത പരിശോധിച്ചുവരുന്നു.

മംഗലപുരം പഞ്ചായത്തിലെ തോന്നയ്ക്കലിൽ പ്രവർത്തിക്കുന്ന ARD 255 കെ-സ്റ്റോറാക്കി പ്രവർത്തനം ആരംഭിച്ചു.

**വിശപ്പുരഹിത കേരളം പദ്ധതി**

294 (294) <u>ശ്രീ. പി. മമ്മിക്കുട്ടി</u>: താഴെക്കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിശപ്പുരഹിത കേരളം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് 2022-23 കാലയളവിൽ എത്ര ഹോട്ടലുകൾ പ്രവർത്തിക്കുന്നുണ്ട്; ഇതിൽ പാലക്കാട് ജില്ലയിൽ എത്ര എണ്ണം എവിടെയൊക്കെ പ്രവർത്തിച്ചുവരുന്നുവെന്ന് വിശദമാക്കാമോ; ഇതിലേയ്ക്കായി സർക്കാർ എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

വിശപ്പുരഹിത കേരളം "സുഭിക്ഷ" പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് 2022-23 കാലയളവിൽ 55 സുഭിക്ഷ ഹോട്ടലുകൾ പ്രവർത്തിക്കുന്നു. പാലക്കാട് ജില്ലയിൽ ആലത്തൂർ, ഒറ്റപ്പാലം, ഷൊർണ്ണൂർ നിയോജകമണ്ഡലങ്ങളിലായി മൂന്ന് സുഭിക്ഷ ഹോട്ടലുകൾ പ്രവർത്തിച്ചുവരുന്നു. പ്രസ്തുത ഹോട്ടലുകൾക്കായി നാളിതുവരെ 19,11,505/- (പത്തൊമ്പത് ലക്ഷത്തി പതിനൊന്നായിരത്തി അഞ്ഞൂറ്റി അഞ്ച്) രൂപ ചെലവഴിച്ചിട്ടുണ്ട്.

**റേഷൻ കാർഡ് ഉടമകൾക്ക് നഷ്ടപരിഹാരം**

295 (295) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഭക്ഷ്യ ഭദ്രത നിയമപ്രകാരം ഗുണമേന്മയുള്ള റേഷൻ സാധനങ്ങൾ യഥാസമയം ലഭിച്ചില്ലെങ്കിൽ കാർഡുടമകൾക്ക് നഷ്ടപരിഹാരം ലഭിക്കുവാൻ അവകാശമുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

എ.എ.വൈ., മുൻഗണനാ വിഭാഗങ്ങളിൽപ്പെട്ട കാർഡുടമകൾക്ക് അർഹതപ്പെട്ട ഭക്ഷ്യധാന്യം ലഭ്യമാക്കാൻ കഴിഞ്ഞില്ലെങ്കിൽ ഫുഡ് സെക്യൂരിറ്റി അലവൻസ് നൽകണമെന്ന് ടി നിയമത്തിന്റെ വകുപ്പ് 8-ൽ നിഷ്കർഷിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ റേഷൻ കാർഡുടമകൾക്ക് വിതരണം ചെയ്യുന്നതിനായി എഫ്.സി.ഐ. മുഖാന്തരം ലഭ്യമാകുന്ന ഭക്ഷ്യധാന്യങ്ങൾ, സപ്ലൈകോയുടെ ക്വാളിറ്റി കൺട്രോളർ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തിയതിന് ശേഷമാണ് സപ്ലൈകോ വിട്ടെടുത്ത് വാതിൽപ്പടി വിതരണം നടത്തുന്നത്. എഫ്.സി.ഐ.-യിൽനിന്ന് വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങളുടെ

ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി വകുപ്പും എഫ്.സി.ഐ.-യുമായി എസ്.ഒ.പി. (Standard Operating Procedure) ഒപ്പുവച്ചിട്ടുണ്ട്.

(ബി) സെർവർ തകരാറിനെയും ഇ-പോസ് മെഷീനിലെ സാങ്കേതിക തകരാറിനെയും തുടർന്ന് റേഷൻ ലഭിക്കാത്ത കാർഡുടമകൾക്ക് നഷ്ടപരിഹാരം നൽകണമെന്ന ഭക്ഷ്യ കമ്മീഷന്റെ ഉത്തരവിൽ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

സെർവർ തകരാറിനെയും ഇ-പോസ് മെഷീനിലെ സാങ്കേതിക തകരാറിനെയും തുടർന്ന് 2023 ഏപ്രിൽ മാസത്തെ റേഷൻ വിതരണ കാലാവധി അവസാനിക്കുന്ന 05-05-2023-നകം റേഷൻ വിഹിതം ലഭിക്കാത്ത മുൻഗണനാ വിഭാഗത്തിൽപ്പെട്ട കാർഡുടമകൾക്ക് ഫുഡ് സെക്യൂരിറ്റി അലവൻസ് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് എല്ലാ ജില്ലാ പരാതി പരിഹാര ഓഫീസർമാർക്കും ഭക്ഷ്യ കമ്മീഷൻ നിർദ്ദേശം നൽകിയിരുന്നു. 2023 ഏപ്രിൽ മാസത്തിൽ 96.16% എ.എ.വൈ., 92.52% പി.എച്ച്.എച്ച്. കാർഡുടമകൾ റേഷൻ വാങ്ങിയിട്ടുണ്ട്. സാങ്കേതിക തകരാർമൂലം ആർക്കും റേഷൻ നിഷേധിക്കാനിടയായിട്ടില്ല.

## സംസ്ഥാനത്തിന് നൽകേണ്ട അരിവിഹിതം

296 (296) ശ്രീ. പി. നന്ദകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 വർഷത്തിൽ കേന്ദ്രം സംസ്ഥാനത്തിന് നൽകേണ്ട അരിവിഹിതം മുഴുവനായി നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ദേശീയ ഭക്ഷ്യ ഭദ്രത നിയമം, 2013 പ്രകാരം നിശ്ചയിച്ചിട്ടുള്ള 2022-23 വർഷത്തെ അരി വിഹിതം പൂർണ്ണമായും കേന്ദ്രം അനുവദിച്ചിട്ടുണ്ട്. ലഭ്യമായ അരി വിഹിതത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| സ്കീമും കാലയളവും | അനുവദിച്ച അരിയുടെ അളവ് (മെ.ടണ്ണിൽ) |
|---|---|
| ഭക്ഷ്യ ഭദ്രത നിയമപ്രകാരം (2022 ഏപ്രിൽ മുതൽ 2023 മാർച്ച് വരെ) | 1211034.324 (12.11 ലക്ഷം) |
| PMGKAY പദ്ധതി പ്രകാരം (2022 ഏപ്രിൽ മുതൽ 2022 ഡിസംബർ വരെ) | 635205.942 (6.35 ലക്ഷം) |
| വെൽഫെയർ സ്കീം (2022 ഏപ്രിൽ മുതൽ 2022 സെപ്റ്റംബർ വരെ) | 2382.18 മെ.ടൺ |
| 2022 ഒക്ടോബർ മുതലുള്ള വിഹിതം | ഇതുവരെ അനുവദിച്ചിട്ടില്ല |

(ബി) മുൻഗണനാ റേഷൻ കാർഡുകളും ബി.പി.എൽ. റേഷൻ കാർഡുകളും അനുവദിക്കുന്നതിന് പ്രത്യേക കർമ്മപദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉദ്ദേശിക്കുന്നില്ല.

**റേഷൻ കാർഡുകൾ പി.വി.സി. കാർഡ് രൂപത്തിലാക്കാൻ നടപടി**

297 (297) ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കാർഡുകൾ ചിപ്പ് ഘടിപ്പിച്ച പി.വി.സി. കാർഡ് രൂപത്തിലാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ ഇതുസംബന്ധിച്ച് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

റേഷൻ കാർഡുകൾ ചിപ്പ് ഘടിപ്പിച്ച പി.വി.സി. കാർഡ് രൂപത്തിലാക്കുന്നത് നിലവിൽ പരിഗണനയിലില്ല. എന്നാൽ അക്ഷയ കേന്ദ്രം വഴിയോ സിറ്റിസൺ ലോഗിൻ വഴിയോ റേഷൻകാർഡ് പി.ഡി.എഫ്. ഫോർമാറ്റിൽ ഡൗൺലോഡ് ചെയ്ത് ആയത് എ.ടി.എം.

കാർഡിന്റെ വലിപ്പത്തിൽ പി.വി.സി. മെറ്റീരിയലിൽ പ്രിന്റെടുത്ത് ഉപയോഗിക്കുന്നതിനുള്ള 'പി.വി.സി. കാർഡ് സംവിധാനം' 02-11-2021 മുതൽ നിലവിലുണ്ട്.

(ബി) ഇതുസംബന്ധിച്ച് ഏതെങ്കിലും ഏജൻസികളുമായി ആശയവിനിമയം നടത്തുകയോ കരാറിൽ ഏർപ്പെടുകയോ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഏജൻസികളുടെ പേര് വിവരങ്ങൾ ലഭ്യമാക്കുമോ?

ഇല്ല.

**വയനാട് ജില്ലയിലെ റേഷൻ കാർഡ് ഉടമകൾ**

298 (298) ശ്രീ. ഒ. ആർ. കേളു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ നിലവിലെ റേഷൻ കാർഡുടമകളുടെ എണ്ണം വ്യക്തമാക്കാമോ?

വയനാട് ജില്ലയിൽ നിലവിൽ 235828 റേഷൻ കാർഡുടമകളുണ്ട്.

(ബി) ഇതിൽ ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട റേഷൻ കാർഡുടമകൾ എത്രയാണ്?

130005.

(സി) വയനാട് ജില്ലയിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര റേഷൻ കാർഡുടമകളാണുള്ളതെന്ന് വ്യക്തമാക്കാമോ?

46080.

(ഡി) വയനാട് ജില്ലയിൽ വെള്ള റേഷൻ കാർഡുടമകളായ എത്ര പട്ടികവർഗ്ഗ വിഭാഗക്കാരാണുള്ളതെന്ന് വിശദമാക്കാമോ?

3322.

**പുതിയതായി അനുവദിച്ച റേഷൻ കാർഡുകൾ**

299 (299) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയതായി എത്രപേർക്ക് കഴിഞ്ഞ ഒരു വർഷത്തിനകം റേഷൻ കാർഡുകൾ നൽകിയിട്ടുണ്ടെന്നും ഇതിൽ എത്രപേർക്ക് ബി.പി.എൽ. കാർഡ് അനുവദിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

സംസ്ഥാനത്ത് കഴിഞ്ഞ ഒരു വർഷത്തിനകം (01-08-2022 മുതൽ 31-07-2023 വരെ) പുതുതായി 131873 റേഷൻ കാർഡുകൾ അനുവദിച്ചിട്ടുണ്ട്. ഇതിൽ 27394 എണ്ണം പി.എച്ച്.എച്ച്. (മുൻഗണനാ വിഭാഗം) കാർഡുകളാണ്. കൂടാതെ ഈ കാലയളവിൽത്തന്നെ (01-08-2022 മുതൽ 31-07-2023 വരെ) 11187 മുൻഗണനേതര റേഷൻ കാർഡുകൾ എ.എ.വൈ. വിഭാഗത്തിലേയ്ക്കും 77201 മുൻഗണനേതര റേഷൻ കാർഡുകൾ പി.എച്ച്.എച്ച്. വിഭാഗത്തിലേയ്ക്കും പരിവർത്തനം ചെയ്തിട്ടുമുണ്ട്.

(ബി) അനർഹർ കൈവശം വച്ചിരുന്ന എത്ര കാർഡുകളാണ് സറണ്ടർ ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം (21-05-2021 മുതൽ 30-06-2023 വരെ) സ്വമേധയാ സറണ്ടർ ചെയ്തതിലൂടെയും ഉദ്യോഗസ്ഥരുടെ പരിശോധന വഴിയും അനർഹമാണെന്ന് കണ്ടെത്തിയ 161236 കാർഡുകൾ പൊതുവിഭാഗത്തിലേയ്ക്ക് മാറ്റിയിട്ടുണ്ട്.

**സ്മാർട്ട് റേഷൻ കാർഡ് പദ്ധതി**

300 (300) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കാർഡുകൾ പുതുക്കുന്നതുമായി ബന്ധപ്പെട്ട് റേഷൻ കാർഡ് മാനേജ്മെന്റ് സിസ്റ്റം (ആർ.സി.എം.എസ്.)-ൽ ഡാറ്റാ എൻട്രി വരുത്തിയപ്പോൾ നിരവധി തെറ്റുകൾ കടന്നുകൂടിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) തെറ്റുകൾ തിരുത്തുന്നതിന് കാർഡുടമകൾക്ക് എന്തെങ്കിലും അവസരം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

കാർഡിലെ തെറ്റുകൾ തിരുത്തുന്നതിനായി റേഷൻകടകളിൽ സ്ഥാപിച്ചിരുന്ന ഡ്രോപ് ബോക്സ് മുഖേന അപേക്ഷ സമർപ്പിക്കുന്നതിന് 15-11-2021 മുതൽ 15-12-2021 വരെ 'തെളിമ' പദ്ധതിയിലൂടെ അവസരം നൽകിയിരുന്നു. കൂടാതെ അംഗീകൃത അക്ഷയ കേന്ദ്രങ്ങൾ മുഖേനയോ സിറ്റിസൺ ലോഗിൻ മുഖേനയോ കാർഡ് തിരുത്തലിനുള്ള അപേക്ഷകൾ

സമർപ്പിക്കാവുന്നതാണ്. അപേക്ഷ നൽകുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടില്ല.

(സി) ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ അച്ചടിച്ച റേഷൻ കാർഡുകൾക്ക് പകരം സ്മാർട്ട് കാർഡുകളാണ് ഉപയോഗിക്കുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരത്തിൽ സംസ്ഥാനത്ത് സ്മാർട്ട് റേഷൻ കാർഡുകൾ വിതരണം ചെയ്യുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇലക്ട്രോണിക് ചിപ്പ് ഘടിപ്പിച്ച സ്മാർട്ട് റേഷൻകാർഡുകൾ വിതരണം നടത്തുന്നത് നിലവിൽ പരിഗണനയിലില്ല. എന്നാൽ അക്ഷയ കേന്ദ്രം വഴിയോ സിറ്റിസൺ ലോഗിൻ വഴിയോ റേഷൻകാർഡ് പി.ഡി.എഫ്. ഫോർമാറ്റിൽ ഡൗൺലോഡ് ചെയ്ത് ആയത് എ.ടി.എം. കാർഡിന്റെ വലിപ്പത്തിൽ പി.വി.സി. മെറ്റീരിയലിൽ പ്രിന്റെടുത്ത് പി.വി.സി. കാർഡായി ഉപയോഗിക്കുന്നതിനുള്ള 'പി.വി.സി. കാർഡ് സംവിധാനം' 02-11-2021 മുതൽ നിലവിലുണ്ട്.

## വ്യത്യസ്ത കാറ്റഗറികളിലെ റേഷൻ കാർഡുകൾ

301 (301) ശ്രീ. വി. കെ. പ്രശാന്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വ്യത്യസ്ത കാറ്റഗറികളിലെ റേഷൻ കാർഡുകൾ ഏതൊക്കെയെന്നും അവയുടെ കളർകോഡ് എന്തെന്നും വ്യക്തമാക്കാമോ; ഓരോ കാറ്റഗറിയിലും നിലവിലുള്ള റേഷൻ കാർഡുകളുടെ എണ്ണം വിശദമാക്കാമോ?

സംസ്ഥാനത്തെ വ്യത്യസ്ത വിഭാഗങ്ങളിലുള്ള റേഷൻകാർഡുകൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വിഭാഗം | കാർഡിന്റെ നിറം | കാർഡുകളുടെ എണ്ണം |
|---|---|---|
| അന്ത്യോദയ അന്നയോജന (AAY) | മഞ്ഞ | 5,87,691 |
| മുൻഗണനാ വിഭാഗം (Priority) | പിങ്ക് | 35,53,200 |
| മുൻഗണനേതര സബ്സിഡി (NPS) | നീല | 23,00,834 |
| മുൻഗണനേതര സബ്സിഡിയിതരം (NPNS) | വെള്ള | 29,10,644 |
| നോൺ പ്രയോറിറ്റി സ്ഥാപനം (NPI) | ബ്രൗൺ | 28,025 |

(ബി) എ.എ.വൈ. കാർഡുകൾ ഉപയോഗിച്ച് വാങ്ങുന്ന ഭക്ഷ്യധാന്യങ്ങൾ കരിഞ്ചന്തയിൽ വിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) എ.എ.വൈ. കാർഡുകളുടെ ദുരുപയോഗം തടയുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

തുടർച്ചയായി മൂന്നുമാസം റേഷൻ സാധനങ്ങൾ വാങ്ങാത്തതും ആധാർ ലിങ്ക് ചെയ്യാത്തതുമായ എ.എ.വൈ. കാർഡുകൾ പരിശോധനയ്ക്ക് വിധേയമാക്കുന്നതോടൊപ്പം എ.എ.വൈ. കാർഡുകളുടെ ദുരുപയോഗം തടയുന്നതിനായി 'ഓപ്പറേഷൻ യെല്ലോ' എന്ന സർക്കാർ പദ്ധതി പ്രകാരം താലൂക്ക് സപ്ലൈ ഓഫീസറുടെ നേതൃത്വത്തിൽ റേഷനിംഗ് ഇൻസ്പെക്ടർമാരെ ഉൾപ്പെടുത്തി പ്രത്യേകം സ്ക്വാഡുകൾ രൂപീകരിച്ച് നിരന്തരം ഫീൽഡ് പരിശോധനകൾ നടത്തുകയും അനർഹമായി കൈവശം വച്ചുപയോഗിക്കുന്ന എ.എ.വൈ. കാർഡുകൾ കണ്ടെത്തി പൊതുവിഭാഗത്തിലേയ്ക്ക് മാറ്റുകയും ചെയ്തുവരുന്നു. കൂടാതെ അനർഹമായി എ.എ.വൈ./മുൻഗണനാ കാർഡുകൾ

കൈവശം വയ്ക്കുന്നതുവഴിയുണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾ വഴിയും റേഷൻകടകൾ വഴിയും പൊതുജനങ്ങളെ ബോധ്യപ്പെടുത്തുന്നുമുണ്ട്.

(ഡി) എ.പി.എൽ. കാർഡുടമകൾക്ക് നൽകുന്ന റേഷൻ വിഹിതം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തിന് ടൈഡ് ഓവർ വിഹിതമായി ലഭ്യമാകുന്ന ധാന്യമാണ് മുൻഗണനേതര വിഭാഗത്തിന് നൽകിവരുന്നത്. ടൈഡ് ഓവർ വിഹിതം വർദ്ധിപ്പിച്ചുനൽകണമെന്ന് കേന്ദ്ര സർക്കാരിനോട് പലതവണ ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും ആയതിൽ നടപടിയുണ്ടായിട്ടില്ല. മുൻഗണനേതര സബ്സിഡി വിഭാഗത്തിലെ കാർഡിലെ ഒരംഗത്തിന് പ്രതിമാസം 2 കിലോഗ്രാം അരിയാണ് നിലവിൽ നൽകിവരുന്നത്. ടി വിഭാഗത്തിന്റെ വിഹിതം വർദ്ധിപ്പിക്കാനാകുമോ എന്നത് പരിശോധിച്ചുവരുന്നു.

**റേഷൻ കടകൾ നവീകരിക്കുവാൻ നടപടി**

302 (302) <u>ശ്രീ. എം. രാജഗോപാലൻ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റേഷൻ കടകളെ നവീകരിക്കുന്നതിനും റേഷൻ കടകൾ വഴി നിത്യോപയോഗ സാധനങ്ങൾ വിൽപ്പന നടത്തുവാനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

സംസ്ഥാനത്തെ റേഷൻകടകളെ നവീകരിക്കുന്നതിന്റെ ഭാഗമായി ആവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ ലഭ്യമായ റേഷൻകടകളെ ഉൾപ്പെടുത്തിക്കൊണ്ട് 'കെ-സ്റ്റോർ' എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യഘട്ടത്തിൽ 108 കടകൾ തെരഞ്ഞെടുക്കുകയും അവ പ്രവർത്തനമാരംഭിക്കുകയും ചെയ്തിട്ടുണ്ട്. രണ്ടാംഘട്ടത്തിൽ ഓണത്തിന് മുമ്പായി 200 കടകൾകൂടി കെ-സ്റ്റോറുകളാക്കുന്ന നടപടി തുടർന്നുവരുന്നു. ഈ സാമ്പത്തിക വർഷം 1000 കെ-സ്റ്റോറുകൾ ആരംഭിക്കാൻ സർക്കാർ ലക്ഷ്യമിടുന്നു. നിലവിൽ റേഷൻകടകൾ വഴി നൽകിവരുന്ന സേവനങ്ങൾക്ക്

പുറമേ പൊതുജനോപകാരപ്രദമായ കൂടുതൽ സേവനങ്ങളും നിത്യോപയോഗ സാധനങ്ങളുടെ വിപണനവും നടപ്പാക്കുന്നതുവഴി റേഷൻകട ഉടമകൾക്ക് അധിക വരുമാന മാർഗ്ഗംകൂടി ലക്ഷ്യമിടുന്ന ഈ പദ്ധതിയിലൂടെ മിൽമ ഉത്പന്നങ്ങൾ, ഐ.ഒ.സി.-യുടെ ഛോട്ടുഗ്യാസ്, സപ്ലൈകോയുടെ ശബരി ഉത്പന്നങ്ങൾ എന്നിവയ്ക്ക് പുറമേ സി.എസ്.സി. (കോമൺ സർവ്വീസ് സെന്റർ) സേവനങ്ങളും നൽകുന്നു. ഇവയ്ക്കുപുറമേ വ്യവസായ വാണിജ്യ വകുപ്പിന്റെ കീഴിലുള്ള ചെറുകിട വ്യവസായ യൂണിറ്റുകളുടെ നിത്യോപയോഗ സാധനങ്ങളും കൃഷി വകുപ്പിന്റെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളും വിപണനം ചെയ്യുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(ബി) പൊതുകമ്പോളത്തിലെ വിലനിലവാരം പിടിച്ചുനിർത്തുന്നതിന് എന്തൊക്കെ പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

സപ്ലൈകോയുടെ ശക്തമായ വിപണി ഇടപെടൽ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് ഒരുപരിധിവരെ സഹായിച്ചിട്ടുണ്ട്. സപ്ലൈകോയുടെ വിപുലമായ വിൽപ്പന ശൃംഖല മുഖേന വിതരണം നടത്തുന്ന സബ്സിഡി

സാധനങ്ങളും മറ്റ് നിത്യോപയോഗ സാധനങ്ങളും വിലക്കയറ്റം നിയന്ത്രണ വിധേയമാക്കുന്നതിന് സഹായിച്ചിട്ടുണ്ട്. കൂടാതെ വിലക്കയറ്റം പരിഹരിക്കുന്നതിനുള്ള വിഷയങ്ങൾ ചർച്ച ചെയ്ത് തീരുമാനിക്കുന്നതിന് സംസ്ഥാനത്തെ ഓപ്പൺ മാർക്കറ്റ് മൊത്ത വ്യാപാരികളുടെയും വ്യാപാരി പ്രതിനിധികളുടെയും യോഗം സർക്കാർ വിളിച്ചുചേർത്ത് ആവശ്യമായ തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ട്. ഇത്തരത്തിൽ വ്യാപാരി സമൂഹത്തെക്കൂടി വിശ്വാസത്തിലെടുത്ത് വിലനിലവാരം പിടിച്ചുനിർത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ് തടഞ്ഞ് ന്യായവില ഉറപ്പാക്കുന്നതിന് ലീഗൽ മെട്രോളജി വകുപ്പുമായി സഹകരിച്ച് ശക്തമായ വിപണി പരിശോധനകൾ നടത്താറുണ്ട്.

വിലനിലവാരം നിയന്ത്രിക്കുന്നതിനായി ജയ അരി, പഞ്ചസാര എന്നിവ സംഭരിക്കുന്നതിനുവേണ്ടി സപ്ലൈകോ ആന്ധ്രാപ്രദേശ്, കർണ്ണാടക എന്നിവിടങ്ങളിലെ സിവിൽ സപ്ലൈസ് കോർപ്പറേഷനുകളുമായി ചർച്ച നടത്തിവരുന്നു. കേന്ദ്ര സർക്കാർ സംഭരിച്ച ചെറുപയർ, കടല എന്നിവ കേന്ദ്ര

സബ്സിഡി സ്കീം മുഖേന നാഫെഡ്/എൻ.സി.സി.എഫ്. എന്നിവ മുഖേന സംഭരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ പൊതുവിതരണ വകുപ്പുദ്യോഗസ്ഥർ പൊതുവിപണിയിലെ കടകളിൽ പരിശോധനകൾ നടത്തുകയും വിലവിവരപ്പട്ടിക പ്രദർശിപ്പിക്കാത്ത കടകൾക്കെതിരെ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ജില്ലാ സപ്ലൈ ഓഫീസർ/താലൂക്ക് സപ്ലൈ ഓഫീസർ എന്നിവരുടെ നേതൃത്വത്തിൽ സ്ക്വാഡ് രൂപീകരിച്ച് കർശന പരിശോധനകൾ നടത്തുകയും പരിശോധനകൾ തുടർന്നുവരികയും ചെയ്യുന്നു.

വിലക്കയറ്റം തടയുന്നതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഭക്ഷ്യ പൊതുവിതരണ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ 14-06-2023-ൽ ജില്ലാ കളക്ടറുമായി വീഡിയോ കോൺഫറൻസ് മുഖാന്തരം നടന്ന മീറ്റിംഗിൽ താഴെപ്പറയുന്ന മൂന്ന് തലങ്ങളിലുള്ള പ്രവർത്തനങ്ങൾ ജില്ലാതലത്തിൽ നടത്തേണ്ടതുണ്ടെന്ന് തീരുമാനിച്ചു.

1. <u>മൊത്ത വ്യാപാരികളുമായുള്ള ചർച്ച</u> - ചരക്ക് നീക്കത്തിൽ തടസ്സങ്ങളുണ്ടാകുന്നപക്ഷം അവ മാറ്റി ചരക്കുനീക്കം സുഗമമാക്കുന്നതിന് ജില്ലാതലത്തിൽ മൊത്തവ്യാപാരികളുമായി ചർച്ച നടത്തി നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയതുപ്രകാരം എല്ലാ ജില്ലാ കളക്ടർമാരും ചർച്ച നടത്തി ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

2. <u>ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിലുള്ള സ്പെഷ്യൽ സ്ക്വാഡ്</u> - ജില്ലാ കളക്ടർമാർ നേരിട്ട് സംസ്ഥാനത്തെ വിവിധ പൊതുവിപണികളിൽ പരിശോധന നടത്തി ഏതെങ്കിലും തരത്തിലുള്ള അനിയന്ത്രിതമായ വിലക്കയറ്റം ശ്രദ്ധയിൽപ്പെട്ടാൽ നേരിട്ട് ഇടപെട്ട് പരിഹാരം കണ്ടെത്തണമെന്ന് നിർദ്ദേശിച്ചതനുസരിച്ച് ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ പൊതുവിപണികളിൽ പരിശോധന നടത്തിവരുന്നു.

3. <u>വിവിധ വകുപ്പുകളുടെ സംയുക്ത പരിശോധന</u> - ജില്ലാ സപ്ലൈ ആഫീസർമാരുടെ നേതൃത്വത്തിൽ, ലീഗൽ മെട്രോളജി, ഭക്ഷ്യ സുരക്ഷാ വകുപ്പ് എന്നീ വകുപ്പുകൾ ചേർന്ന് പ്രത്യേക സ്ക്വാഡ് രൂപീകരിച്ച്

പൊതുവിപണി പരിശോധന നടത്താൻ നിർദ്ദേശം നൽകിയതുപ്രകാരം നടത്തിയ പരിശോധനയിൽ വിലവിവരപത്രിക പ്രദർശിപ്പിക്കാത്ത വ്യാപാരികൾക്കെതിരെ നോട്ടീസ് നൽകി നടപടി സ്വീകരിച്ചിട്ടുണ്ട്.

പച്ചക്കറി, പലവ്യഞ്ജനം, പഴവർഗ്ഗങ്ങൾ എന്നിവയുടെ വില നിയന്ത്രിക്കുന്നതിനായി പൊതുവിപണി പരിശോധന കർശനമാക്കിയിട്ടുണ്ട്. അവശ്യവസ്തുക്കളുടെ വിലയുടെ നിരീക്ഷണത്തിനും ശേഖരണത്തിനുംവേണ്ടി കേന്ദ്ര സർക്കാരിന്റെ പദ്ധതിയായ 'പ്രൈസ് മോണിറ്ററിംഗ് സെൽ' പ്രവർത്തിച്ചുവരുന്നു. 14 ജില്ലകളും പ്രൈസ് മോണിറ്ററിംഗ് സെല്ലിന്റെ കേന്ദ്രങ്ങളായി കേന്ദ്ര സർക്കാർ അംഗീകരിച്ച സാഹചര്യത്തിൽ ടി 14 ജില്ലകളിൽനിന്നും വില ശേഖരിച്ച് സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പിന്റെ സഹായത്തോടെ പി.എം.എസ്. ആപ്പിൽ അപ്‌ലോഡ് ചെയ്തുവരുന്നു. കൂടാതെ ടി വില കേന്ദ്ര സർക്കാർ തലത്തിൽ പരിശോധിക്കുകയും ചെയ്തുവരുന്നു.

പൊതുവിപണിയിൽ വില നിരീക്ഷണം സംബന്ധിച്ച് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ വിഭാവനം ചെയ്തിട്ടുള്ള രീതിയിൽ വില

ശേഖരണം നടപ്പിൽ വരുത്തുന്നതിനും സർക്കാരിന് കാര്യക്ഷമമായ ഇടപെടൽ പൊതുവിപണിയിൽ നടത്തുന്നതിനും ആയതുവഴി അനുദിനം വർദ്ധിച്ചുവരുന്ന പൊതുവിപണിയിലെ വില നിയന്ത്രിക്കുന്നതിനും അതിന്റെ കാരണങ്ങൾ വിലയിരുത്തുന്നതിനും സർക്കാരിന്റെ വിപണി ഇടപെടലുമായി ബന്ധപ്പെട്ട നയരൂപീകരണത്തിൽ സഹായിക്കുന്നതിനുംവേണ്ടി സംസ്ഥാന തലത്തിൽ 'സെന്റർ ഫോർ പ്രൈസ് റിസർച്ച് കേരള' രൂപീകരിച്ചിട്ടുണ്ട്. അനുദിനം വർദ്ധിച്ചുവരുന്ന വിലയെക്കുറിച്ച് പഠനം നടത്തി മികച്ച ശിപാർശ സർക്കാരിന് നൽകുന്നതിനുവേണ്ടി സപ്ലൈകോ വഴി വിതരണം ചെയ്യുന്ന 13 അവശ്യസാധനങ്ങളുടെ വിലകൾ പൊതുവിപണിയിൽനിന്നും ശേഖരിച്ച്, താരതമ്യം ചെയ്ത് റിപ്പോർട്ട് പ്ലാനിംഗ് ബോർഡിലേയ്ക്കും സപ്ലൈകോയിലേയ്ക്കും സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പിലേയ്ക്കും നൽകിവരുന്നു.

താലൂക്ക് തലത്തിൽ പൊതുവിപണിയിൽനിന്നും വില ശേഖരിച്ച് അപ്‌ലോഡ് ചെയ്യുന്നതിനും, ആയതുവഴി വില നിരീക്ഷിക്കുക, ചെറുകിട കർഷകരുടെ ഉത്പന്നങ്ങൾ ഇടനിലക്കാരെ ഒഴിവാക്കി നേരിട്ട് വിറ്റഴിക്കുക

എന്നീ ഉദ്ദേശ്യങ്ങളോടെ 'Angadi Kerala App' എന്ന മൊബൈൽ ആപ്പ് രൂപീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**റേഷൻകടകളെ കെ-സ്റ്റോറുകളാക്കി ഉയർത്തുന്ന നടപടിയുടെ പുരോഗതി**

303 (303) ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീ. സി. സി. മുകുന്ദൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിതരണ ശൃംഖലയെ ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ കൂടുതൽ ജനോപകാരപ്രദമാക്കി ശക്തിപ്പെടുത്തുവാൻ നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പൊതുവിതരണ ശൃംഖലയെ ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ കൂടുതൽ ജനോപകാരപ്രദമാക്കി ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കൂടുതൽ ഉത്പന്നങ്ങളും സേവനങ്ങളും നൽകുന്നതിനായാണ് കെ-സ്റ്റോർ പദ്ധതി നടപ്പാക്കിയിട്ടുള്ളത്. അതിന്റെ

പ്രാരംഭഘട്ടം എന്ന നിലയിൽ കെ-സ്റ്റോർ വഴി ജനസേവന കേന്ദ്രങ്ങൾ മുഖേന നൽകുന്ന അടിസ്ഥാന സേവനങ്ങൾ നൽകുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. സി.എസ്.സി. (കോമൺ സർവ്വീസ് സെന്റർ) വഴിയുള്ള യൂട്ടിലിറ്റി ബിൽ പേമെന്റ്, 10,000/- രൂപ വരെയുള്ള പണമിടപാടുകൾ നടത്തുന്നതിനുള്ള ബാങ്കിംഗ് സംവിധാനം എന്നിവയും കെ-സ്റ്റോറുകൾ വഴി നൽകിവരുന്നു.

(ബി) ഇടതുപക്ഷ സർക്കാരുകളുടെ ഇടപെടൽ സംസ്ഥാനത്തെ പൊതുവിതരണ കേന്ദ്രങ്ങളെ കാലോചിതവും പരിഷ്കൃതവും ഉപഭോക്തൃ സൗഹാർദ്ദവുമാക്കി മാറ്റിയിട്ടുണ്ടോ; വിശദമാക്കാമോ?

ഇടതുപക്ഷ സർക്കാരുകളുടെ ഇടപെടലിലൂടെ കാലോചിതവും പരിഷ്കൃതവും ഉപഭോക്തൃ സൗഹാർദ്ദവുമായ പൊതുവിതരണ കേന്ദ്രങ്ങളാക്കി മാറ്റിയതിന്റെ ഭാഗമായാണ് കെ-സ്റ്റോർ പദ്ധതി ആരംഭിച്ചിട്ടുള്ളത്. നിലവിൽ റേഷൻകടകൾ വഴി നൽകിവരുന്ന സേവനങ്ങൾക്ക് പുറമെ പൊതുജനോപകാരപ്രദമായ കൂടുതൽ സേവനങ്ങളും നിത്യോപയോഗ സാധനങ്ങളും കെ-സ്റ്റോർ വഴി നൽകിവരുന്നു. മിൽമയുടെ തെരഞ്ഞെടുത്ത

ഉത്പന്നങ്ങൾ, ഐ.ഒ.സി.-യുടെ ഛോട്ടുഗ്യാസ്, സപ്ലൈകോയുടെ ശബരി ഉത്പന്നങ്ങൾ എന്നിവയ്ക്കുപുറമേ സി.എസ്.സി. (കോമൺ സർവ്വീസ് സെന്റർ) സേവനങ്ങൾ എന്നിവയും നൽകുന്നു. ഇവയ്ക്ക് പുറമെ വ്യവസായ വാണിജ്യ വകുപ്പിന്റെ കീഴിലുള്ള ചെറുകിട വ്യവസായ യൂണിറ്റുകളുടെ നിത്യോപയോഗ സാധനങ്ങളും വിപണനം ചെയ്യുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

(സി) സംസ്ഥാനത്തെ മുഴുവൻ റേഷൻകടകളും ഘട്ടംഘട്ടമായി സ്മാർട്ട് റേഷൻ കടകളാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത കുറവായ മലയോര/വിദൂര/ഒറ്റപ്പെട്ട/ആദിവാസി മേഖലകൾക്ക് പ്രാധാന്യം നൽകിക്കൊണ്ടാണ് നിലവിൽ കെ-സ്റ്റോർ പദ്ധതിയിലേയ്ക്കുള്ള റേഷൻ കടകൾ തെരഞ്ഞെടുക്കുന്നത്. പദ്ധതിയുടെ ആദ്യഘട്ടത്തിൽ 108 കടകൾ തെരഞ്ഞെടുക്കുകയും അവ പ്രവർത്തനമാരംഭിക്കുകയും ചെയ്തിട്ടുണ്ട്. രണ്ടാംഘട്ടത്തിൽ ഓണത്തിന് മുൻപായി 200 കടകൾക്കൂടി കെ-സ്റ്റോറുകളാക്കുന്ന നടപടി തുടർന്നുവരുന്നു.

(ഡി) ഇതിന്റെ ഭാഗമായി റേഷൻകടകളുടെ പശ്ചാത്തലസൗകര്യം വിപുലപ്പെടുത്തി ഘട്ടംഘട്ടമായി കെ-സ്റ്റോറുകളാക്കി ഉയർത്തുന്ന നടപടിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ആദ്യഘട്ടത്തിൽ പശ്ചാത്തല സൗകര്യങ്ങൾ ലഭ്യമായിട്ടുള്ള റേഷൻ കടകളെ ഉൾപ്പെടുത്തിക്കൊണ്ട് ആരംഭിച്ചിട്ടുള്ള 108 കെ-സ്റ്റോറുകളുടെ പ്രവർത്തനം വിലയിരുത്തുമ്പോൾ പദ്ധതി തികച്ചും ആശാവഹമാണെന്ന് കാണുന്നു. കെ-സ്റ്റോറുകൾ ആരംഭിച്ചതുമുതൽ ജൂലൈ 2023 വരെയുള്ള ചെറിയ കാലയളവിൽത്തന്നെ ഏകദേശം 20 ലക്ഷം രൂപയുടെ സാധനങ്ങളും സേവനങ്ങളും കെ-സ്റ്റോറുകൾ വഴി പൊതുജനത്തിന് ലഭ്യമായിട്ടുണ്ട്.

(ഇ) കെ-സ്റ്റോറുകളാക്കി മാറ്റുന്ന റേഷൻകടകളുടെ ലൈസൻസികൾക്ക് ബാങ്കുകളുടെ സഹായത്തോടെ ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

നിലവിൽ പരിഗണനയിലില്ല.

**വെട്ടിക്കുറച്ച ഭക്ഷ്യധാന്യങ്ങൾ പുനഃസ്ഥാപിക്കുവാൻ നടപടി**

304 (304) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ:</u>
<u>ശ്രീ. എം. രാജഗോപാലൻ:</u>
<u>ശ്രീ. കെ. കെ. രാമചന്ദ്രൻ:</u>
<u>ശ്രീ. കെ. ആൻസലൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിതരണരംഗം ശക്തിപ്പെടുത്തുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ?

സംസ്ഥാനത്തെ പൊതുവിതരണരംഗം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഓരോ താലൂക്കിലും ഒരു ഗോഡൗൺ നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ഇടുക്കി ജില്ലയിൽ പീരുമേട്, ഉടുമ്പൻചോല താലൂക്കുകളിലും എറണാകുളം ജില്ലയിൽ കൊച്ചി താലൂക്കിലും കണ്ണൂർ ജില്ലയിൽ പയ്യന്നൂർ താലൂക്കിലും വയനാട് ജില്ലയിൽ സുൽത്താൻ ബത്തേരി താലൂക്കിലും പത്തനംതിട്ട ജില്ലയിൽ കോന്നി, കോഴഞ്ചേരി താലൂക്കുകളിലും തിരുവനന്തപുരം ജില്ലയിൽ വർക്കല താലൂക്കിലും കാസർഗോഡ് ജില്ലയിൽ വെള്ളരിക്കുണ്ട്, കാസർഗോഡ്, മഞ്ചേശ്വരം താലൂക്കുകളിലും

എൻ.എഫ്.എസ്.എ. ഗോഡൗണുകൾ ഐ.ഐ.എഫ്. (അഗ്രിക്കൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഫണ്ട്) വിനിയോഗിച്ചുകൊണ്ട് ഗോഡൗൺ നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. മറ്റ് താലൂക്കുകളിൽ ഗോഡൗൺ നിർമ്മിക്കുന്നതിനായി അനുയോജ്യമായ ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സംസ്ഥാനത്തെ പൊതുവിതരണ ശൃഖലയെ ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ കൂടുതൽ ജനോപകാരപ്രദമാക്കി ശക്തിപ്പെടുത്താൻ പശ്ചാത്തല സൗകര്യങ്ങൾ ലഭ്യമായിട്ടുള്ള റേഷൻ കടകളെ ഉൾപ്പെടുത്തിക്കൊണ്ട് കെ-സ്റ്റോർ എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. നിലവിൽ റേഷൻ കടകൾവഴി നൽകിവരുന്ന സേവനങ്ങൾക്ക് പുറമേ പൊതുജനോപകാരപ്രദമായ കൂടുതൽ സേവനങ്ങളും നിത്യോപയോഗ സാധനങ്ങളുടെ വിപണനവും നടപ്പാക്കുന്നതുവഴി റേഷൻകട ഉടമകൾക്ക് ഒരു അധിക വരുമാന മാർഗമാണ് കെ-സ്റ്റോർ പദ്ധതികൊണ്ട് സർക്കാർ ലക്ഷ്യമിടുന്നത്. മിൽമയുടെ തെരഞ്ഞെടുത്ത ഉത്പന്നങ്ങൾ, ഐ.ഒ.സി.-യുടെ ഛോട്ടുഗ്യാസ്, സപ്ലൈകോയുടെ ശബരി ഉത്പന്നങ്ങൾ എന്നിവയ്ക്ക് പുറമേ

ജനസേവന കേന്ദ്രങ്ങൾ മുഖേനയുള്ള അടിസ്ഥാന സേവനങ്ങൾ നൽകുന്നതിനുള്ള ക്രമീകരണങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. സി.എസ്.സി. വഴിയുള്ള യൂട്ടിലിറ്റി ബിൽ പേമെന്റ്, 10,000/- രൂപ വരെയുള്ള പണമിടപാടുകൾ നടത്തുന്നതിനുള്ള ബാങ്കിംഗ് സംവിധാനം എന്നിവയാണ് കെ-സ്റ്റോറുകൾ വഴി നൽകിവരുന്നത്. ഇവയ്ക്കുപുറമേ വ്യവസായ വാണിജ്യ വകുപ്പിന്റെ കീഴിലുള്ള ചെറുകിട വ്യവസായ യൂണിറ്റുകളുടെ നിത്യോപയോഗ സാധനങ്ങളും വിപണനം ചെയ്യുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത കുറവായ മലയോര/വിദൂര/ഒറ്റപ്പെട്ട/ആദിവാസി മേഖലകൾക്ക് പ്രാധാന്യം നൽകിക്കൊണ്ടാണ് നിലവിൽ കെ-സ്റ്റോർ പദ്ധതിയിലേയ്ക്കുള്ള റേഷൻ കടകൾ തെരഞ്ഞെടുക്കുന്നത്. പദ്ധതിയുടെ ആദ്യഘട്ടത്തിൽ 108 കടകൾ തെരഞ്ഞെടുക്കുകയും അവ പ്രവർത്തനമാരംഭിക്കുകയും ചെയ്തിട്ടുണ്ട്. രണ്ടാംഘട്ടത്തിൽ ഓണത്തിന് മുൻപായി 200 കടകൾകൂടി കെ-സ്റ്റോറുകളാക്കുന്ന നടപടി തുടർന്നുവരുന്നു. ഈ സാമ്പത്തിക വർഷം 1000 കെ-സ്റ്റോറുകൾ ആരംഭിക്കാൻ സർക്കാർ ലക്ഷ്യമിടുന്നു.

ഒറ്റപ്പെട്ട ആദിവാസി ഊരുകളിൽ താമസിക്കുന്ന ഗോത്രവർഗ്ഗ കുടുംബങ്ങൾക്ക് അവർക്ക് അർഹതപ്പെട്ട റേഷൻ സാധനങ്ങൾ, ചൂഷണത്തിന് വിധേയമാകാതെ, അവരുടെ താമസസ്ഥലങ്ങളിൽ എത്തിച്ചുകൊടുക്കുന്നതിലേയ്ക്കായി സഞ്ചരിക്കുന്ന റേഷൻകട പദ്ധതിയും, റേഷൻ കടയിൽ നേരിട്ടെത്തി സാധനങ്ങൾ കൈപ്പറ്റാൻ സാധിക്കാത്ത കിടപ്പുരോഗികൾ അടക്കമുള്ളവരുടെ കുടുംബങ്ങൾക്ക് റേഷൻ വിട്ടിലെത്തിച്ചുനൽകുന്ന 'ഒപ്പം' പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ദേശീയ ഭക്ഷ്യസുരക്ഷാ നിയമത്തിന് കീഴിൽവരാത്ത, തുറന്ന കമ്പോള വില്പന പദ്ധതിയിലൂടെ (ഒ.എം.എസ്.എസ്.) സംസ്ഥാനങ്ങൾക്ക് നൽകുന്ന ഭക്ഷ്യധാന്യങ്ങളുടെ അളവ് കുറയ്ക്കാനുള്ള കേന്ദ്രസർക്കാരിന്റെ നടപടി സംസ്ഥാനത്തെ പൊതുവിതരണ സംവിധാനത്തെ ഏതെല്ലാം തരത്തിൽ ബാധിക്കുമെന്നാണ് വിലയിരുത്തിയിട്ടുള്ളത്?

ഈ നടപടിയിലൂടെ എം.എസ്.പി. നിരക്കിൽ ഭക്ഷ്യധാന്യങ്ങൾ സംഭരിച്ച് പൊതുവിതരണ ശൃംഖലയിലൂടെ വിതരണം ചെയ്യാനുള്ള അവസരം സംസ്ഥാനങ്ങൾക്ക് നഷ്ടമായി.

(സി) പ്രസ്തുത നടപടിമൂലം കേന്ദ്രസർക്കാർ സംസ്ഥാനത്തിന്റെ ഭക്ഷ്യധാന്യ വിഹിതത്തിൽ എത്ര ടൺ വെട്ടിക്കുറവ് വരുത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

എൻ.എഫ്.എസ്.എ. പ്രകാരമുള്ള ഭക്ഷ്യധാന്യ വിഹിതത്തിൽ ഇതുമൂലം കുറവുണ്ടാകുന്നില്ല.

(ഡി) വെട്ടിക്കുറച്ച ഭക്ഷ്യധാന്യങ്ങൾ പുനഃസ്ഥാപിക്കുന്നതിനായി എന്തെല്ലാം ഇടപെടലുകളാണ് നടത്തിവരുന്നതെന്ന് വിശദമാക്കാമോ?

ഈ നടപടി പിൻവലിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് 29-07-2023-ലെ ഭ.പൊ.വി.വ./ഡി2/44/2023 നമ്പർ അർദ്ധ ഔദ്യോഗിക കത്ത് നൽകുകയും കേന്ദ്ര ഭക്ഷ്യ വകുപ്പുമന്ത്രിയെ നേരിൽക്കണ്ട് ചർച്ച നടത്തുകയും ചെയ്തു.

**ഇ-പോസ് സംവിധാനം കുറ്റമറ്റതാക്കാൻ നടപടി**

305 (305) ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റേഷൻകടകളിൽ ഇ-പോസ് സംവിധാനം ഏർപ്പെടുത്തിയത് എന്നുമുതലാണെന്ന് അറിയിക്കുമോ?

ഇ-പോസ് മുഖേനയുള്ള റേഷൻ വിതരണം 2018 ഫെബ്രുവരി മാസം കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി താലൂക്കിൽ പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ച് 2018 മാർച്ച് മാസത്തിൽ കൊല്ലം ജില്ലയിലെ എല്ലാ റേഷൻ കടകളിലും 2018 ഏപ്രിൽ മാസത്തിൽ സംസ്ഥാനമൊട്ടാകെയും നടപ്പാക്കിയിട്ടുണ്ട്.

(ബി) സോഫ്റ്റ്‌വെയർ സംവിധാനത്തിലെ തകരാർമൂലം റേഷൻ വിതരണം തടസ്സപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) റേഷൻ വിതരണത്തിൽ നിശ്ചയിക്കപ്പെട്ടിട്ടുള്ള അവസാന തീയതികളിൽ ഇ-പോസ് മെഷീൻ പണിമുടക്കുന്നതുവഴി നിരവധി പേർക്ക് റേഷൻ സാധനങ്ങൾ ലഭ്യമാകാതെ പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

റേഷൻ വിതരണവുമായി ബന്ധപ്പെട്ട സെർവറുകളിലുണ്ടാകുന്ന തകരാർ കാരണം അപൂർവ്വം ചില അവസരങ്ങളിൽ റേഷൻവിതരണത്തിൽ ഭാഗികമായ തടസ്സം നേരിടാറുണ്ട്. വിതരണം പൂർണ്ണമായും മുടങ്ങുന്ന സാഹചര്യമോ റേഷൻ കിട്ടാതിരിക്കുന്ന സാഹചര്യമോ ഉണ്ടായിട്ടില്ല. ഇ-പോസ് മെഷീനിൽ ഗുണഭോക്താവിന്റെ വിരലടയാളം ഉപയോഗിച്ച് ബയോമെട്രിക് ഓതന്റിക്കേഷൻ മുഖേനയാണ് റേഷൻ വിതരണം നടത്തിവരുന്നത്. ബയോമെട്രിക് ഓതന്റിക്കേഷൻ പരാജയപ്പെടുന്നപക്ഷം ഒ.ടി.പി. നൽകി വിതരണം ചെയ്യുകയും ആയതും നടപ്പാകാത്ത സാഹചര്യത്തിൽ മാന്വലായി വിതരണം നടത്തുകയും ചെയ്തുവരുന്നു. കൂടാതെ സെർവർ തകരാർ കാരണം അവസാന ദിവസങ്ങളിൽ റേഷൻ വാങ്ങാൻ സാധിക്കാത്തവർക്ക് റേഷൻ വാങ്ങുന്നതിനായി തൊട്ടടുത്ത മാസത്തിലെ ആദ്യ ദിവസങ്ങളിൽ റേഷൻ വിതരണം നീട്ടിനൽകുന്നുണ്ട്.

(ഡി) സോഫ്റ്റ്‌വെയർ സംവിധാനത്തിലെ പിഴവ് പൂർണ്ണമായി പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

ഇ-പോസ് മെഷീനിൽ ഗുണഭോക്താവിന്റെ വിരലടയാളം ഉപയോഗിച്ച് ബയോമെട്രിക് ഓതന്റിക്കേഷൻ മുഖേനയുള്ള റേഷൻ വിതരണം സാധ്യമാകുന്നത് ഓതന്റിക്കേഷൻ യൂസർ ഏജൻസി (AUA), ഓതന്റിക്കേഷൻ സർവ്വീസ് ഏജൻസി (ASA), UIDAI (ആധാർ സെർവർ) എന്നിവയുടെ ഒരുമിച്ചുള്ള പ്രവർത്തനത്തിലൂടെയാണ്. സാങ്കേതിക പ്രശ്നങ്ങളില്ലാതെ ഈ സെർവറുകൾ കൃത്യമായി പ്രവർത്തിച്ചാൽ മാത്രമേ വിതരണത്തിൽ തടസ്സം നേരിടുന്നത് പരിപൂർണ്ണമായി ഒഴിവാക്കാൻ കഴിയുകയുള്ളൂ. ഓതന്റിക്കേഷൻ യൂസർ ഏജൻസി (AUA)-യുടെ സെർവറിൽ ഉണ്ടാകുന്ന സാങ്കേതിക പ്രശ്നങ്ങൾ കാരണം റേഷൻ വിതരണം മുടങ്ങാതിരിക്കുന്നതിനായി എൻ.ഐ.സി.-യുടെ AUA സെർവറുകൾകൂടി വിതരണത്തിൽ ഉൾപ്പെടുത്തുന്നതിന് എൻ.ഐ.സി.-യുമായും UIDAI-മായും ബന്ധപ്പെട്ട് തുടർനടപടി സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ ഓതന്റിക്കേഷൻ സർവ്വീസ് ഏജൻസി (ASA), UIDAI (ആധാർ സെർവർ) എന്നിവയുടെ സെർവറുകൾ സംസ്ഥാന സർക്കാരുകളുടെ നിയന്ത്രണത്തിലല്ലാത്തതിനാൽ പ്രസ്തുത സെർവറുകളിൽ എന്തെങ്കിലും പ്രശ്നങ്ങളുണ്ടാകുകയാണെങ്കിൽ അനുബന്ധ

ഏജൻസികളുമായി ബന്ധപ്പെട്ട് ഉടനടി പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ട്.

റേഷൻ വിതരണത്തിൽ ഭാഗികമായുണ്ടാകുന്ന സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്റെ ഭാഗമായി റേഷൻവിതരണത്തിൽ ഉപയോഗിച്ചിരുന്ന ബി.എസ്.എൻ.എൽ. ബാൻഡ് വിഡ്ത്ത് 20 mbps-ൽനിന്നും 50 mbps-ലേയ്ക്ക് ഉയർത്തിയിട്ടുണ്ട്. വകുപ്പ് സെർവർ അപ്ഗ്രഡേഷൻ ചെയ്യുന്നതിനായി സിസ്റ്റം അഡ്മിനിസ്ട്രേറ്ററെ നിയമിക്കുന്നതിന് കെൽട്രോണിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഏപ്രിൽ 1 മുതൽ 30 വരെയുള്ള കാലയളവിൽ എല്ലാ ഇ-പോസ് മെഷീനുകളുടെയും സർവ്വീസ് പൂർത്തീകരിച്ചിട്ടുണ്ട്. വിതരണത്തിൽ ഉൾപ്പെടുന്ന എല്ലാ സ്റ്റേക്ക്ഹോൾഡേഴ്സിനെയും ഉൾപ്പെടുത്തി എല്ലാ മാസവും ആദ്യ ദിവസങ്ങളിൽ ഓൺലൈൻ വീഡിയോ കോൺഫറൻസിലൂടെ റേഷൻ വിതരണത്തിലെ പ്രശ്നങ്ങളും പുരോഗതിയും വിശകലനം ചെയ്തുവരുന്നുണ്ട്. കൂടാതെ, റേഷൻ വിതരണത്തിലുണ്ടാകുന്ന സാങ്കേതിക പ്രശ്നങ്ങൾ പൂർണ്ണമായും പരിഹരിക്കുന്നതിന് നടപടിയുണ്ടാകണമെന്ന് ആവശ്യപ്പെട്ട്

എൻ.ഐ.സി. അധികൃതരുമായി എൻ.ഐ.സി.-യുടെ ഡൽഹി ആസ്ഥാനത്തുവച്ച് 13-07-2023-ന് ചർച്ചയും നടത്തുകയുണ്ടായി.

**ചങ്ങനാശ്ശേരിയിൽ സിവിൽ സപ്ലൈസ് ഗോഡൗൺ സ്ഥാപിക്കുന്നതിന് നടപടി**

306 (306) ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നഗരസഭയിൽ റവന്യൂ ടവറിന് സമീപം ഹൗസിംഗ് ബോർഡിന്റെ അധീനതയിലുള്ള സ്ഥലത്ത് സിവിൽ സപ്ലൈസ് ഗോഡൗൺ സ്ഥാപിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്ഥലം പരിശോധിച്ച് ഫീസിബിലിറ്റി റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ വിശദമാക്കാമോ?

(എ-സി) ചങ്ങനാശ്ശേരി താലൂക്കിൽ ഹൗസിംഗ് ബോർഡിന്റെ അധീനതയിലുള്ള സ്ഥലത്ത് ഗോഡൗണുകൾ നിർമ്മിച്ച് "lease out"

വ്യവസ്ഥയിൽ പൊതുവിതരണ വകുപ്പിന് നൽകുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. ആയതിലേയ്ക്കായി രണ്ട് വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായി പ്രസ്തുത ഭൂമിയുടെ ഉടമസ്ഥാവകാശവും നിയന്ത്രണാധികാരവും ഹൗസിംഗ് ബോർഡ് ഉടമസ്ഥതയിൽ നിലനിർത്തിക്കൊണ്ട് ഗോഡൗൺ നിർമ്മാണത്തിനായി മാത്രം ഭൂമിയുടെ ഉപയോഗാനുമതിയും കൈവശാനുഭവവും കൈമാറി നൽകണമെന്നാവശ്യപ്പെട്ട് സിവിൽ സപ്ലൈസ് കമ്മീഷണർ ലഭ്യമാക്കിയ ശിപാർശയിന്മേൽ നടപടി സ്വീകരിച്ചുവരുന്നു. പ്രസ്തുത സ്ഥലം ഗോഡൗൺ നിർമ്മാണത്തിന് അനുയോജ്യമെന്ന കോട്ടയം ജില്ലാ സപ്ലൈ ഓഫീസറുടെ റിപ്പോർട്ട് അനുബന്ധമായി ചേർത്തിട്ടുണ്ട്.+

**ഇ-പോസ് സംവിധാനത്തിലെ തകരാർ പരിഹരിക്കാൻ നടപടി**

307 (307) ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. മഞ്ഞളാംകുഴി അലി:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**ശ്രീ. എൻ. എ. നെല്ലിക്കുന്ന്:** താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ വിതരണവുമായി ബന്ധപ്പെട്ട ഇ-പോസ് സംവിധാനവും അതിനെ നിയന്ത്രിക്കുന്ന സെർവറും ഇടയ്ക്കിടെ തകരാറിലാകുന്നത് റേഷൻ വിതരണത്തെ പ്രതികൂലമായി ബാധിക്കുന്ന കാര്യം ഗൗരവമായി പരിശോധിച്ചിട്ടുണ്ടോ?

ഉണ്ട്. സെർവറുകളിലുണ്ടാകുന്ന സാങ്കേതികപ്രശ്നം കാരണം റേഷൻ വിതരണത്തിൽ ഭാഗികമായ തടസ്സം നേരിട്ടിരുന്നു. റേഷൻവിതരണം പൂർണ്ണമായും മുടങ്ങുന്ന സാഹചര്യമോ റേഷൻ കിട്ടാതിരിക്കുന്ന സാഹചര്യമോ നിലവിലില്ല. ഇ-പോസ് മെഷീനിൽ ഗുണഭോക്താവിന്റെ വിരലടയാളമുപയോഗിച്ച് ബയോമെട്രിക് ഓതന്റിക്കേഷൻ മുഖേനയുള്ള റേഷൻ വിതരണം സാധ്യമാകുന്നത് ഓതന്റിക്കേഷൻ യൂസർ ഏജൻസി (AUA), ഓതന്റിക്കേഷൻ സർവ്വീസ് ഏജൻസി (ASA), UIDAI (ആധാർ സെർവർ) എന്നിവയുടെ ഒരുമിച്ചുള്ള പ്രവർത്തനത്തിലൂടെയാണ്. സാങ്കേതിക

പ്രശ്നങ്ങളില്ലാതെ ഈ സെർവറുകൾ കൃത്യമായി പ്രവർത്തിച്ചാൽ മാത്രമേ വിതരണത്തിൽ തടസ്സം നേരിടുന്നത് പരിപൂർണ്ണമായി ഒഴിവാക്കാൻ കഴിയുകയുള്ളൂ.

(ബി) സെർവർ തകരാർമൂലം ഏപ്രിൽ മാസം 2.66 ലക്ഷത്തോളം പേർക്ക് റേഷൻ നിഷേധിക്കപ്പെട്ടതായി സംസ്ഥാന ഭക്ഷ്യ കമ്മീഷന് പരാതി ലഭിച്ചിരുന്നോ: എങ്കിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ?

പരാതി ലഭിച്ചിരുന്നു. ഇ-പോസ് മെഷീൻ സെർവർ തകരാർമൂലം 2023 ഏപ്രിൽ മാസം റേഷൻ മുടങ്ങിയതായും അർഹതപ്പെട്ട റേഷൻവിഹിതം ലഭിക്കാത്തവർക്ക് ഫുഡ് സെക്യൂരിറ്റി അലവൻസ് അനുവദിക്കണമെന്നും ആവശ്യപ്പെട്ട് മുൻ എം.എൽ.എ. ശ്രീ. ജോസഫ് പുതുശ്ശേരി സമർപ്പിച്ച പരാതിയുടെ അടിസ്ഥാനത്തിൽ, ടി മാസത്തെ റേഷൻ വിതരണ കാലാവധി അവസാനിക്കുന്ന 05-05-2023-നകം റേഷൻ വിഹിതം ലഭിക്കാത്ത മുൻഗണനാ വിഭാഗത്തിൽപ്പെട്ട കാർഡുടമകൾക്ക് ഫുഡ് സെക്യൂരിറ്റി അലവൻസ് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് എല്ലാ ജില്ലാ പരാതി പരിഹാര ഓഫീസർമാർക്കും ഭക്ഷ്യ കമ്മീഷൻ നിർദ്ദേശം

നൽകിയിരുന്നു. 2023 ഏപ്രിൽ മാസത്തിൽ എ.എ.വൈ. വിഭാഗത്തിൽപ്പെട്ട 96.16% കാർഡുടമകളും പി.എച്ച്.എച്ച്. വിഭാഗത്തിൽപ്പെട്ട 92.52% കാർഡുടമകളും റേഷൻ കൈപ്പറ്റിയിട്ടുണ്ട്. സാങ്കേതിക തകരാർമൂലം ആർക്കും റേഷൻ നിഷേധിക്കപ്പെടുന്ന സാഹചര്യമുണ്ടായിട്ടില്ല.

(സി) സാങ്കേതിക പിഴവുമൂലം റേഷൻ മുടങ്ങാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഓതന്റിക്കേഷൻ യൂസർ ഏജൻസി (AUA), ഓതന്റിക്കേഷൻ സർവ്വീസ് ഏജൻസി (ASA), UIDAI (ആധാർ സെർവർ) എന്നിവയുടെ സെർവറുകൾ സാങ്കേതിക പ്രശ്നങ്ങളില്ലാതെ കൃത്യമായി പ്രവർത്തിക്കേണ്ടത് തടസ്സമില്ലാത്ത റേഷൻ വിതരണത്തിന് അനിവാര്യമാണ്. ഓതന്റിക്കേഷൻ യൂസർ ഏജൻസി (AUA)-യുടെ സെർവറിലുണ്ടാകുന്ന സാങ്കേതിക പ്രശ്നങ്ങൾ കാരണം റേഷൻ വിതരണം മുടങ്ങാതിരിക്കുന്നതിനായി എൻ.ഐ.സി.-യുടെ AUA സെർവറുകൾക്കൂടി വിതരണത്തിൽ ഉൾപ്പെടുത്തുന്നതിന് എൻ.ഐ.സി.-യുമായും UIDAI-യുമായും ബന്ധപ്പെട്ട് തുടർനടപടി സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ ഓതന്റിക്കേഷൻ സർവ്വീസ് ഏജൻസി (ASA), UIDAI (ആധാർ

സെർവർ) എന്നിവയുടെ സെർവറുകൾ സംസ്ഥാന സർക്കാരുകളുടെ നിയന്ത്രണത്തിലുള്ളതല്ലാത്തതിനാൽ പ്രസ്തുത സെർവറുകളിൽ എന്തെങ്കിലും പ്രശ്നങ്ങളുണ്ടാകുകയാണെങ്കിൽ അനുബന്ധ ഏജൻസികളുമായി ബന്ധപ്പെട്ട് ഉടനടി പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ട്.

റേഷൻ വിതരണത്തിൽ ഭാഗികമായുണ്ടാകുന്ന സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്റെ ഭാഗമായി റേഷൻ വിതരണത്തിൽ ഉപയോഗിച്ചിരുന്ന ബി.എസ്.എൻ.എൽ. ബാൻഡ് വിഡ്ത്ത് 20 mbps-ൽനിന്നും 50 mbps-ലേയ്ക്ക് ഉയർത്തിയിട്ടുണ്ട്. സെർവർ അപ്ഗ്രഡേഷൻ ചെയ്യുന്നതിനായി സിസ്റ്റം അഡ്മിനിസ്ട്രേറ്ററെ നിയമിക്കുന്നതിന് കെൽട്രോണിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഏപ്രിൽ 1 മുതൽ 30 വരെയുള്ള കാലയളവിൽ എല്ലാ ഇ-പോസ് മെഷീനുകളുടെയും സർവ്വീസ് പൂർത്തീകരിച്ചിട്ടുണ്ട്. വിതരണത്തിൽ ഉൾപ്പെടുന്ന എല്ലാ സ്റ്റേക്ക്ഹോൾഡേഴ്സിനെയും ഉൾപ്പെടുത്തി എല്ലാ മാസവും ആദ്യദിവസങ്ങളിൽ ഓൺലൈൻ വീഡിയോ കോൺഫറൻസിലൂടെ റേഷൻ വിതരണത്തിലെ പ്രശ്നങ്ങളും പുരോഗതിയും വീക്ഷിച്ചുവരുന്നുണ്ട്. ബയോമെട്രിക്

ഓതന്റിക്കേഷൻ പരാജയപ്പെടുന്ന പക്ഷം ഒ.ടി.പി. നൽകി വിതരണം ചെയ്യുകയും ആയതും നടപ്പാകാത്ത സാഹചര്യത്തിൽ മാന്വലായി വിതരണം നടത്തുകയും ചെയ്തുവരുന്നു.

**ഇ-പോസ് മെഷീനുകളുടെ തകരാറുകൾ**

308 (308) ശ്രീ. ലിന്റോ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-പോസ് മെഷീനുകളുടെ തകരാർമൂലം റേഷൻ വിതരണം ഇടയ്ക്കിടെ തടസ്സപ്പെടുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സെർവറുകളിലുണ്ടാകുന്ന സാങ്കേതികപ്രശ്നം കാരണം കഴിഞ്ഞ മാസങ്ങളിൽ ചുരുക്കം ചില അവസരങ്ങളിൽ റേഷൻ വിതരണത്തിൽ ഭാഗികമായ തടസ്സം നേരിട്ടിരുന്നു. ഇ-പോസ് മെഷീനിൽ ഗുണഭോക്താവിന്റെ വിരലടയാളം ഉപയോഗിച്ച് ബയോമെട്രിക് ഓതന്റിക്കേഷൻ മുഖേനയുള്ള റേഷൻ വിതരണം സാധ്യമാകുന്നത് ഓതന്റിക്കേഷൻ യൂസർ ഏജൻസി (AUA), ഓതന്റിക്കേഷൻ സർവ്വീസ്

ഏജൻസി (ASA), UIDAI (ആധാർ സെർവർ) എന്നിവയുടെ ഒരുമിച്ചുള്ള പ്രവർത്തനത്തിലൂടെയാണ്. സാങ്കേതിക പ്രശ്നങ്ങളില്ലാതെ ഈ സെർവറുകൾ കൃത്യമായി പ്രവർത്തിച്ചാൽ മാത്രമേ വിതരണത്തിൽ തടസ്സം നേരിടുന്നത് പൂർണ്ണമായി ഒഴിവാക്കാൻ കഴിയുകയുള്ളൂ.

(ബി) പ്രസ്തുത തകരാർ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഓതന്റിക്കേഷൻ യൂസർ ഏജൻസി (AUA)-യുടെ സെർവറിൽ ഉണ്ടാകുന്ന സാങ്കേതിക പ്രശ്നങ്ങൾ കാരണം റേഷൻ വിതരണം മുടങ്ങാതിരിക്കുന്നതിനായി എൻ.ഐ.സി.-യുടെ AUA സെർവറുകൾകൂടി വിതരണത്തിൽ ഉൾപ്പെടുത്തുന്നതിന് എൻ.ഐ.സി.-യുമായും UIDAI-യുമായും ബന്ധപ്പെട്ട് തുടർനടപടി സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ ഓതന്റിക്കേഷൻ സർവ്വീസ് ഏജൻസി (ASA), UIDAI (ആധാർ സെർവർ) എന്നിവയുടെ സെർവറുകൾ സംസ്ഥാന സർക്കാരുകളുടെ നിയന്ത്രണത്തിലല്ലാത്തതിനാൽ പ്രസ്തുത സെർവറുകളിൽ എന്തെങ്കിലും

പ്രശ്നങ്ങളുണ്ടാകുകയാണെങ്കിൽ അനുബന്ധ ഏജൻസികളുമായി ബന്ധപ്പെട്ട് ഉടനടി പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ട്.

റേഷൻ വിതരണത്തിൽ ഭാഗികമായുണ്ടാകുന്ന സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്റെ ഭാഗമായി റേഷൻ വിതരണത്തിൽ ഉപയോഗിച്ചിരുന്ന ബി.എസ്.എൻ.എൽ. ബാൻഡ് വിഡ്ത്ത് 20 mbps-ൽനിന്നും 50 mbps-ലേയ്ക്ക് ഉയർത്തിയിട്ടുണ്ട്. സെർവർ അപ്ഗ്രഡേഷൻ ചെയ്യുന്നതിനായി സിസ്റ്റം അഡ്മിനിസ്ട്രേറ്ററെ നിയമിക്കുന്നതിന് കെൽട്രോണിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഏപ്രിൽ 1 മുതൽ 30 വരെയുള്ള കാലയളവിൽ എല്ലാ ഇ-പോസ് മെഷീനുകളുടെയും സർവ്വീസ് പൂർത്തീകരിച്ചിട്ടുണ്ട്. വിതരണത്തിൽ ഉൾപ്പെടുന്ന എല്ലാ സ്റ്റേക്ക്ഹോൾഡേഴ്സിനെയും ഉൾപ്പെടുത്തി എല്ലാ മാസവും ആദ്യദിവസങ്ങളിൽ ഓൺലൈൻ വീഡിയോ കോൺഫറൻസിലൂടെ റേഷൻ വിതരണത്തിലെ പ്രശ്നങ്ങളും പുരോഗതിയും നിരീക്ഷിക്കുന്നുണ്ട്.

ബയോമെട്രിക് ഓതന്റിക്കേഷൻ പരാജയപ്പെടുന്നപക്ഷം ഒ.ടി.പി. നൽകി വിതരണം ചെയ്യുകയും ആയതും നടപ്പാകാത്ത സാഹചര്യത്തിൽ മാന്വലായി വിതരണം നടത്തുകയും ചെയ്തുവരുന്നു. റേഷൻ വിതരണം പൂർണ്ണമായും മുടങ്ങുന്ന സാഹചര്യമോ റേഷൻ കിട്ടാതിരിക്കുന്ന സാഹചര്യമോ സംസ്ഥാനത്ത് നിലവിലില്ല.

**അവശ്യവസ്തുക്കളുടെ വില നിയന്ത്രിക്കുന്നതിനുള്ള നടപടികൾ**

309 (309) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:
ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. തോമസ് കെ. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അവശ്യവസ്തുക്കളുടെ വിലനിലവാരം നിയന്ത്രിക്കുന്നതിനും നിത്യോപയോഗസാധനങ്ങൾ സുലഭമായി ലഭ്യമാക്കുന്നതിനും പൊതുവിതരണ കേന്ദ്രങ്ങൾ ശക്തിപ്പെടുത്തുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

സംസ്ഥാനത്ത് അവശ്യവസ്തുക്കളുടെ വിലനിലവാരം നിയന്ത്രിക്കുന്നതിനും നിത്യോപയോഗ സാധനങ്ങൾ സുലഭമായി ലഭ്യമാക്കുന്നതിനും സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്.

സർക്കാരിന്റെ വിപണിയിടപെടൽ പദ്ധതിയുടെ ഭാഗമായി 13 ഇനം നിത്യോപയോഗ സാധനങ്ങൾ സബ്സ്ഡി നിരക്കിൽ സപ്ലൈകോ വില്പനശാലകൾവഴി എല്ലാ റേഷൻ കാർഡുടമകൾക്കും വിൽപ്പന നടത്തിവരുന്നു. ഈ സാധനങ്ങളുടെ വിൽപ്പന വില വർദ്ധിപ്പിക്കുകയില്ലെന്ന സർക്കാർ നയത്തിനനുസൃതമായി 2016 മേയ് മാസം മുതൽ 13 ഇനങ്ങളുടെ വില വർദ്ധിപ്പിച്ചിട്ടില്ല. പൊതുവിപണിയേക്കാൾ 28 മുതൽ 74 ശതമാനംവരെ വിലക്കുറവിലാണ് സപ്ലൈകോ ഈ 13 ഇനം സബ്സിഡി സാധനങ്ങൾ വിൽപ്പന നടത്തുന്നത്. മേൽ പരാമർശിച്ച 13 ഇനം സബ്സിഡി ഉൽപ്പന്നങ്ങൾ പൊതുവിപണിയിൽനിന്നും വാങ്ങുന്നതിന് 1,383/- രൂപ നൽകേണ്ടിവരുമ്പോൾ, സപ്ലൈകോ വിൽപ്പനശാലകളിൽ ഇത് കേവലം 756/- രൂപയ്ക്ക് ലഭിക്കുന്നു. ഇതിലൂടെ ഒരു ഉപഭോക്താവിന് 627/- രൂപയുടെ ആനുകൂല്യം ലഭിക്കുന്നു. ഇന്ത്യയിലെ ഒരു സംസ്ഥാനത്തും ഇത്തരത്തിലുള്ള

ഒരു വിപണി ഇടപെടൽ നടക്കുന്നില്ല. പ്രതിമാസം ശരാശരി 35 ലക്ഷത്തിലധികം റേഷൻ കാർഡുടമകൾ ഈ സബ്സിഡി പദ്ധതി പ്രയോജനപ്പെടുത്തുന്നുണ്ട്. സബ്സിഡിയിൽ വിൽക്കുന്ന ഉൽപ്പന്നങ്ങൾ ഉൾപ്പെടെ 35 ഇനം അവശ്യ ഭക്ഷ്യധാന്യങ്ങൾ പൊതുവിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വില കുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ പൊതുജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കിവരുന്നു. ഇതുകൂടാതെ ചായപ്പൊടി, മല്ലിപ്പൊടി, മുളകുപൊടി, മഞ്ഞൾപ്പൊടി, ആട്ട എന്നീ ഉൽപ്പന്നങ്ങൾ സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' ബ്രാൻഡിൽ കർശന ഗുണനിലവാര പരിശോധനയ്ക്കുശേഷം പൊതുവിപണി വിലയേക്കാൾ ഏകദേശം 20 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ വിറ്റുവരുന്നു. ഇതിനുപുറമേ മറ്റ് അവശ്യ സാധനങ്ങളും എഫ്.എം.സി.ജി. ഉൽപ്പന്നങ്ങളും എം.ആർ.പി.യേക്കാൾ/മാർക്കറ്റ് വിലയേക്കാൾ 5 മുതൽ 30% വരെ വിലക്കുറവിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കിവരുന്നു. ഈ നടപടിമൂലം പൊതുവിപണിയിലുണ്ടാകുന്ന വിലക്കയറ്റം സാധാരണക്കാരിൽ അധിക ബാധ്യത ഏൽപ്പിക്കുന്നില്ലായെന്ന് ഉറപ്പുവരുത്തുന്നതിന് സർക്കാരിന്

സാധിക്കുന്നുണ്ട്. ഇതിനുപുറമേ ഉത്സവ സീസണുകളിൽ വിലക്കുറവിൽ നിത്യോപയോഗ സാധനങ്ങൾക്കായി ഫെയറുകൾ സർക്കാർ സംഘടിപ്പിച്ചുവരുന്നുണ്ട്. കൂടാതെ, സപ്ലൈകോ വിൽപ്പനശാലകളുടെ സേവനം കൂടുതൽ മെച്ചപ്പെട്ട രീതിയിൽ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി 285 വിൽപ്പനശാലകൾ നവീകരിക്കുകയുണ്ടായി. സഞ്ചരിക്കുന്ന റേഷൻ ഷോപ്പുകളുടെ സേവനം സംസ്ഥാനത്തെ 136 ആദിവാസി ഊരുകളിലേയ്ക്ക് വ്യാപിപ്പിക്കുവാൻ കഴിഞ്ഞു.

എൻ.എഫ്.എസ്.എ. നിയമപ്രകാരമുള്ള ടാർജറ്റ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ നടപ്പിലാക്കിയതിലൂടെ സംസ്ഥാനത്തെ വലിയൊരു വിഭാഗം റേഷൻ ആനുകൂല്യങ്ങൾക്ക് പുറത്തായി. കേവലമൊരു ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ 57% വരുന്ന ജനവിഭാഗം റേഷൻ സംവിധാനത്തിന് പുറത്തായത് വലിയ പ്രതിസന്ധിയാണ് സൃഷ്ടിച്ചത്. എന്നാൽ കേരളത്തിലെ മുൻഗണനേതര വിഭാഗത്തിൽപ്പെട്ടവർക്കും സാധ്യമാകുന്ന രീതിയിൽ ഭക്ഷ്യവിതരണം നടത്തുന്ന സമീപനമാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നത്. ഇതിനുപുറമെ കരിഞ്ചന്തയും

പൂഴ്ത്തിവയ്പും നടത്തി കൃത്രിമമായി വിലക്കയറ്റം സൃഷ്ടിക്കുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിന് ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ പൊതുവിതരണ-ലീഗൽ മെട്രോളജി വകുപ്പ് ഉദ്യോഗസ്ഥരുടെ പ്രത്യേക പരിശോധനാ സ്ക്വാഡുകൾ പരിശോധന നടത്തി കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും നടക്കുന്നില്ലെന്ന് ഉറപ്പുവരുത്താൻ സാധിച്ചു.

നിത്യോപയോഗ സാധനങ്ങൾ സുലഭമായി ലഭ്യമാക്കുന്നതിനും പൊതുവിതരണ കേന്ദ്രങ്ങൾ ശക്തിപ്പെടുത്തുന്നതിനുമായി കെ-സ്റ്റോർ പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. നിലവിൽ റേഷൻ കടകൾവഴി നൽകിവരുന്ന സേവനങ്ങൾക്ക് പുറമേ പൊതുജനോപകാരപ്രദമായ കൂടുതൽ സേവനങ്ങളും നിത്യോപയോഗ സാധനങ്ങളുടെ വിപണനവും കെ-സ്റ്റോർ വഴി നൽകിവരുന്നു.

(ബി) കൂടുതൽ പൊതുവിതരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഒരു പ്രദേശത്ത് പൊതുവിതരണ കേന്ദ്രം ആവശ്യപ്പെട്ടുകൊണ്ട് പ്രദേശവാസികളോ പഞ്ചായത്ത് കമ്മിറ്റിയോ അപേക്ഷ സമർപ്പിക്കുകയാണെങ്കിൽ ആയതിന്മേൽ വകുപ്പുതല അന്വേഷണം നടത്തി റേഷൻകട അനിവാര്യമാണെന്ന് ബോധ്യപ്പെട്ടാൽ ജില്ലാ കളക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ നിലവിലുള്ള നിയമങ്ങൾക്കുവിധേയമായി റേഷൻകട അനുവദിക്കുന്നതാണ്.

(സി) പൊതുവിതരണ കേന്ദ്രങ്ങൾ വഴി അവശ്യവസ്തുക്കൾ വിതരണം ചെയ്യാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

നിലവിൽ റേഷൻ കടകൾ വഴി നൽകിവരുന്ന സേവനങ്ങൾക്ക് പുറമേ പൊതുജനോപകാരപ്രദമായ കൂടുതൽ സേവനങ്ങളും നിത്യോപയോഗ സാധനങ്ങളുടെ വിപണനവും കെ-സ്റ്റോർ വഴി നൽകിവരുന്നു. മിൽമയുടെ തെരഞ്ഞെടുത്ത ഉൽപ്പന്നങ്ങൾ, ഐ.ഒ.സി.-യുടെ ഛോട്ടുഗ്യാസ്, സപ്ലൈകോയുടെ ശബരി ഉത്പന്നങ്ങൾ എന്നിവയ്ക്ക് പുറമേ സി.എസ്.സി. (കോമൺ സർവീസ് സെന്റർ) സേവനങ്ങൾ എന്നിവയും നൽകുന്നു. ഇവയ്ക്കുപുറമേ വ്യവസായ വാണിജ്യ വകുപ്പിന്റെ കീഴിലുള്ള ചെറുകിട

വ്യവസായ യൂണിറ്റുകളുടെ നിത്യോപയോഗ സാധനങ്ങളും കൃഷി വകുപ്പിന്റെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളും വിപണനം ചെയ്യുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

**സപ്ലൈകോയ്ക്ക് നൽകാനുള്ള കുടിശ്ശിക നൽകാൻ നടപടി**

310 (310) ശ്രീ. അൻവർ സാദത്ത്:
ശ്രീമതി കെ. കെ. രമ:
ശ്രീമതി ഉമ തോമസ്:
ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം രൂക്ഷമായിരിക്കുന്ന സാഹചര്യം ഗൗരവമായി കാണുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) വിലക്കയറ്റം തടയാൻ ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പ് സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) വിലക്കയറ്റം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഭക്ഷ്യധാന്യങ്ങളുടെ ഉൽപ്പാദനം കുറഞ്ഞതിന്റെയും പണപ്പെരുപ്പത്തിന്റെയും രൂപയുടെ

മൂല്യശോഷണത്തിന്റെയും ഇന്ധന വിലവർദ്ധനവിന്റെയും കാലാവസ്ഥാ വ്യതിയാനത്തിന്റെയും ഫലമായും കൂടാതെ റഷ്യ-ഉക്രൈൻ യുദ്ധത്തെത്തുടർന്ന് ഉൽപ്പാദകർ കയറ്റുമതിയിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചതും രാജ്യത്ത് വിലക്കയറ്റമുണ്ടാകുന്നതിന് കാരണമായിട്ടുണ്ട്. സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വിലയിൽ വർദ്ധനവുണ്ടാകാതെ നിയന്ത്രിച്ച് നിർത്തുന്നതിനായി സർക്കാർ കാര്യക്ഷമമായ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

വിലക്കയറ്റമുണ്ടാകുമ്പോൾ ഒരു സർക്കാരിന് ചെയ്യാൻ കഴിയുന്നത് വിപണിയിൽ ശക്തമായി ഇടപെടുക എന്നതാണ്. 13 ഇനം അവശ്യ സാധനങ്ങൾ 2016 ഏപ്രിൽ മാസത്തെ വിലയ്ക്ക് നൽകിവരുന്നത് ഇതിന്റെ ഭാഗമായാണ്. സപ്ലൈകോ വഴിയുള്ള ഇത്തരം വിപണി ഇടപെടലിലൂടെ മാത്രം സംസ്ഥാന സർക്കാരിന് പ്രതിവർഷം ശരാശരി 315 കോടി രൂപ ചെലവുവരുന്നു. മേൽ പരാമർശിച്ച 13 ഇനം സബ്സിഡി ഉൽപ്പന്നങ്ങൾ പൊതുവിപണിയിൽനിന്നും വാങ്ങുന്നതിന് 1,383/- രൂപ നൽകേണ്ടി

വരുമ്പോൾ, സപ്ലൈകോ വിൽപ്പനശാലകളിൽ ഇത് കേവലം 756/- രൂപയ്ക്ക് ലഭിക്കുന്നു. ഇതിലൂടെ ഒരു ഉപഭോക്താവിന് 627/- രൂപയുടെ ആനുകൂല്യം ലഭിക്കുന്നു. ഇന്ത്യയിലെ ഒരു സംസ്ഥാനത്തും ഇത്തരത്തിലുള്ള ഒരു വിപണി ഇടപെടൽ നടക്കുന്നില്ല.

പ്രതിമാസം ശരാശരി 35 ലക്ഷം കാർഡുടമകൾ സപ്ലൈകോയുടെ വിപണി ഇടപെടലിന്റെ ആനുകൂല്യം കൈപ്പറ്റുന്നതായി കണക്കുകൾ വ്യക്തമാക്കുന്നു. ഇതിനുപുറമേ ഉത്സവ സീസണുകളിൽ വിലക്കുറവിൽ നിത്യോപയോഗ സാധനങ്ങൾക്കായി ഫെയറുകൾ സർക്കാർ സംഘടിപ്പിച്ചുവരുന്നുണ്ട്. കൂടാതെ, സപ്ലൈകോ വിൽപ്പനശാലകളുടെ സേവനം കൂടുതൽ മെച്ചപ്പെട്ട രീതിയിൽ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി 285 വിൽപ്പനശാലകൾ നവീകരിക്കുകയുണ്ടായി. സഞ്ചരിക്കുന്ന റേഷൻഷോപ്പുകളുടെ സേവനം സംസ്ഥാനത്തെ 136 ആദിവാസി ഊരുകളിലേയ്ക്ക് വ്യാപിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

എൻ.എഫ്.എസ്.എ. നിയമ പ്രകാരമുള്ള ടാർജറ്റ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ നടപ്പിലാക്കിയതിലൂടെ സംസ്ഥാനത്തെ വലിയൊരു വിഭാഗം റേഷൻ ആനുകൂല്യങ്ങൾക്ക് പുറത്തായി. കേവലമൊരു ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ 57% വരുന്ന ജനവിഭാഗം റേഷൻ സംവിധാനത്തിന് പുറത്തായത് വലിയ പ്രതിസന്ധിയാണ് സൃഷ്ടിച്ചത്. എന്നാൽ കേരളത്തിലെ മുൻഗണനേതര വിഭാഗത്തിൽപ്പെട്ടവർക്കും കഴിയുന്ന തോതിൽ ഭക്ഷ്യവിതരണം നടത്തുന്ന സമീപനമാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നത്.

സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവ് ശ്രദ്ധയിൽപ്പെട്ടയുടൻതന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ മറ്റ് വകുപ്പുമന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, ജില്ലാ കളക്ടർമാർ, ജില്ലാ പോലീസ് മേധാവിമാർ എന്നിവരുമായി യോഗം ചേരുകയും വില വർദ്ധനവ് പിടിച്ചുനിർത്തുന്നതിനുവേണ്ട അടിയന്തര നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തു. ഈ യോഗത്തിന്റെ തുടർച്ചയായി ബഹുമാനപ്പെട്ട ഭക്ഷ്യ-പൊതുവിതരണ

വകുപ്പുമന്ത്രി മൊത്ത വ്യാപാരി പ്രതിനിധികളെ വിളിച്ചുചേർക്കുകയും കരിഞ്ചന്ത-പൂഴ്ത്തിവയ്പ്പ് എന്നിവ തടയുന്നതിന് കർശനനിർദ്ദേശം നൽകുകയും ചെയ്തു. തുടർന്ന് ഈ വിഷയത്തിലെ പുരോഗതി വിലയിരുത്തുന്നതിനായി ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ അവലോകന യോഗങ്ങൾ നടത്തിവരുന്നുമുണ്ട്. ടി യോഗങ്ങളുടെ അടിസ്ഥാനത്തിൽ കേരളത്തിലെ 14 ജില്ലകളിലും കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും തടയുന്നതിനും വിലവിവരപ്പട്ടിക പ്രദർശിപ്പിക്കുന്നതിനും ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ ജില്ലാ സപ്ലൈ ഓഫീസർ, ലീഗൽ മെട്രോളജി ഇൻസ്പെക്ടർ, ഫുഡ് സേഫ്റ്റി ഓഫീസർ എന്നിവരും താലൂക്ക് തലത്തിൽ താലൂക്ക് സപ്ലൈ ഓഫീസർ, റേഷനിംഗ് ഇൻസ്പെക്ടർമാർ എന്നിവരും പൊതുവിപണിയിൽ വിപുലമായ പരിശോധനകൾ നടത്തുകയും വിലവിവരം പ്രദർശിപ്പിക്കാത്ത വ്യാപാരികൾക്കെതിരെ നോട്ടീസ് നൽകി നടപടി സ്വീകരിച്ചിട്ടുമുണ്ട്. ഇപ്രകാരം സംസ്ഥാനത്താകെ 2,612 പരിശോധനകൾ നടത്തുകയും 760 ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടതിൽ നടപടി സ്വീകരിച്ചുവരുന്നുമുണ്ട്.

(സി) സംസ്ഥാന സർക്കാർ സപ്ലൈകോയ്ക്ക് 3000 കോടി രൂപയോളം കുടിശ്ശിക നൽകാനുണ്ട് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് 31-07-2023-ലെ സ.ഉ.(സാധാ)നം.327/2023/F&CS പ്രകാരം 60 കോടി രൂപയും 02-08-2023-ലെ സ.ഉ.(സാധാ)നം.331/2023/F&CS പ്രകാരം 120 കോടി രൂപയും ചേർത്ത് 180 കോടി രൂപ സർക്കാർ സപ്ലൈകോയ്ക്ക് അനുവദിച്ചിട്ടുണ്ട്. കൂടാതെ വിപണിയിടപെടൽ പദ്ധതിക്കായി 03-08-2023-ലെ സ.ഉ.(ആർ.റ്റി.)നം.334/2023/F&CS പ്രകാരം 70 കോടി രൂപയും സർക്കാർ അനുവദിച്ചിട്ടുണ്ട്. ശേഷിക്കുന്ന തുക റിലീസ് ചെയ്യുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നുണ്ട്.

(ഡി) സർക്കാർ കുടിശ്ശിക നൽകാത്തത് കാരണം സംഭരിച്ച നെല്ലിന്റെ തുക കർഷകർക്ക് നൽകാൻ സപ്ലൈകോയ്ക്ക് സാധിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ?

കർഷകർക്ക് നെല്ല് സംഭരിച്ചതിന്റെ തുക അനുവദിക്കുന്നത് ഗൗരവമായിക്കണ്ട് സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2022-23

സീസണിൽ കർഷകർക്ക് ആകെ നൽകേണ്ടിയിരുന്നത് 2070.71 കോടി രൂപയാണ്. അതിൽ 1637.83 കോടി രൂപ കൊടുത്തു കഴിഞ്ഞിട്ടുണ്ട്. ശേഷിക്കുന്ന 433 കോടി രൂപയിൽ 31-07-2023-ലെ സ.ഉ.(സാധാ)നം.327/2023/എഫ്.&സി.എസ്. പ്രകാരം 60 കോടി രൂപയും 02-08-2023-ലെ സ.ഉ.(സാധാ)നം.331/2023/എഫ്.&സി.എസ്. പ്രകാരം 120 കോടി രൂപയും ചേർത്ത് 180 കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. ശേഷിക്കുന്ന തുക നൽകുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു. എസ്.ബി.ഐ., കാനറാ ബാങ്ക്, ഫെഡറൽ ബാങ്ക് എന്നിവയടങ്ങിയ കൺസോർഷ്യത്തിൽനിന്നും കേരള ബാങ്കിൽനിന്നും ലോൺ ലഭ്യമാക്കുന്നതിനുള്ള ചർച്ചകൾ സർക്കാർ തലത്തിൽ നടന്നുവരുന്നു.

(ഇ) സപ്ലൈകോയ്ക്ക് നൽകാനുള്ള കുടിശ്ശിക യുദ്ധകാലാടിസ്ഥാനത്തിൽ നൽകാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

നടപടി സ്വീകരിച്ചുവരുന്നു.

**ഭക്ഷ്യധാന്യങ്ങളുടെ ലഭ്യത ഉറപ്പുവരുത്താൻ നടപടി**

311 (311) <u>ശ്രീ. കെ. പി. മോഹനൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പലവ്യഞ്ജനങ്ങൾ ഉൾപ്പെടെയുള്ള ഭക്ഷ്യധാന്യങ്ങൾക്ക് ക്ഷാമം നേരിടുന്നുവെന്ന മാധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ഇല്ല. സംസ്ഥാനത്തെ പൊതുവിപണിയിൽ ഭക്ഷ്യധാന്യങ്ങൾ/പലവ്യജ്ഞനങ്ങൾ എന്നിവയുടെ ക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സപ്ലൈകോ ലാഭം മാർക്കറ്റുകൾ, മാവേലി സ്റ്റോറുകൾ എന്നിവിടങ്ങളിൽ സബ്സിഡി നിരക്കിലുള്ള സാധനങ്ങൾ യഥേഷ്ടം ലഭ്യമല്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. ഓരോ മാസവും ഇ-ടെണ്ടർ നടപടികളിലൂടെയാണ് സപ്ലൈകോയിൽ സാധനങ്ങൾ സംഭരിക്കുന്നത്. മാസത്തിന്റെ അവസാന നാളുകളിൽ ചില ഇനങ്ങൾ വിറ്റുതീരുന്നതുമൂലം ലഭ്യമല്ലാതെ വരാറുണ്ട്.

(സി) വിലക്കയറ്റം പിടിച്ചുനിർത്തി ഭക്ഷ്യധാന്യങ്ങളുടെ ലഭ്യത ഉറപ്പുവരുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ?

വിലക്കയറ്റം പിടിച്ചുനിർത്തി ഭക്ഷ്യധാന്യങ്ങളുടെ ലഭ്യത ഉറപ്പുവരുത്താൻ സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

വിലക്കയറ്റമുണ്ടാകുമ്പോൾ ഒരു സർക്കാരിന് ചെയ്യാൻ കഴിയുന്നത് വിപണിയിൽ ശക്തമായി ഇടപെടുക എന്നതാണ്. 13 ഇനം അവശ്യ സാധനങ്ങൾ 2016 ഏപ്രിൽ മാസത്തെ വിലയ്ക്ക് നൽകിവരുന്നത് ഇതിന്റെ ഭാഗമായാണ്. സപ്ലൈകോ വഴിയുള്ള ഇത്തരം വിപണി ഇടപെടലിലൂടെ മാത്രം സംസ്ഥാന സർക്കാരിന് പ്രതിവർഷം ശരാശരി 315 കോടി രൂപ ചെലവുവരുന്നു. മേൽ പരാമർശിച്ച 13 ഇനം സബ്സിഡി ഉൽപ്പന്നങ്ങൾ പൊതുവിപണിയിൽനിന്നും വാങ്ങുന്നതിന് 1,383/- രൂപ നൽകേണ്ടി വരുമ്പോൾ, സപ്ലൈകോ വിൽപ്പനശാലകളിൽ ഇത് കേവലം 756/- രൂപയ്ക്ക് ലഭിക്കുന്നു. ഇതിലൂടെ ഒരു ഉപഭോക്താവിന് 627/- രൂപയുടെ ആനുകൂല്യം ലഭിക്കുന്നു. ഇന്ത്യയിലെ ഒരു സംസ്ഥാനത്തും ഇത്തരത്തിലുള്ള ഒരു വിപണി

ഇടപെടൽ നടക്കുന്നില്ല. പ്രതിമാസം 35 ലക്ഷം കാർഡുടമകൾ സപ്ലൈകോയുടെ വിപണി ഇടപെടലിന്റെ ആനുകൂല്യം കൈപ്പറ്റുന്നതായി കണക്കുകൾ വ്യക്തമാക്കുന്നു. ഇതിനുപുറമേ ഉത്സവ സീസണുകളിൽ വിലക്കുറവിൽ നിത്യോപയോഗ സാധനങ്ങൾക്കായി ഫെയറുകൾ സർക്കാർ സംഘടിപ്പിച്ചുവരുന്നുണ്ട്. കൂടാതെ, സപ്ലൈകോ വിൽപ്പനശാലകളുടെ സേവനം കൂടുതൽ മെച്ചപ്പെട്ട രീതിയിൽ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി 285 വിൽപ്പനശാലകൾ നവീകരിക്കുകയുണ്ടായി. സഞ്ചരിക്കുന്ന റേഷൻഷോപ്പുകളുടെ സേവനം സംസ്ഥാനത്തെ 136 ആദിവാസി ഊരുകളിലേയ്ക്ക് വ്യാപിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. എൻ.എഫ്.എസ്.എ. നിയമപ്രകാരമുള്ള ടാർജറ്റ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ നടപ്പിലാക്കിയതിലൂടെ സംസ്ഥാനത്തെ വലിയൊരു വിഭാഗം റേഷൻ ആനുകൂല്യങ്ങൾക്ക് പുറത്തായി. കേവലമൊരു ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ 57% വരുന്ന ജനവിഭാഗം റേഷൻ സംവിധാനത്തിന് പുറത്തായത് വലിയ പ്രതിസന്ധിയാണ് സൃഷ്ടിച്ചത്. എന്നാൽ കേരളത്തിലെ മുൻഗണനേതര

വിഭാഗത്തിൽപ്പെട്ടവർക്കും കഴിയുന്ന തോതിൽ ഭക്ഷ്യവിതരണം നടത്തുന്ന സമീപനമാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നത്.

സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവ് ശ്രദ്ധയിൽപ്പെട്ട ഉടൻതന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ മറ്റ് വകുപ്പുമന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, ജില്ലാ കളക്ടർമാർ, ജില്ലാ പോലീസ് മേധാവിമാർ എന്നിവരുമായി യോഗം ചേരുകയും വില വർദ്ധനവ് പിടിച്ചുനിർത്തുന്നതിനുവേണ്ട അടിയന്തര നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തു. ഈ യോഗത്തിന്റെ തുടർച്ചയായി ബഹുമാനപ്പെട്ട ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സംസ്ഥാനത്തെ മൊത്ത വ്യാപാരി പ്രതിനിധികളെ വിളിച്ചുചേർക്കുകയും കരിഞ്ചന്ത-പൂഴ്ത്തിവയ്പ്പ് എന്നിവ തടയുന്നതിന് കർശന നിർദ്ദേശം നൽകുകയും ചെയ്തു. തുടർന്ന് ഈ വിഷയത്തിലെ പുരോഗതി വിലയിരുത്തുന്നതിനായി ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ അവലോകന യോഗങ്ങൾ നടത്തിവരുന്നുമുണ്ട്. ടി യോഗങ്ങളുടെ അടിസ്ഥാനത്തിൽ കേരളത്തിലെ 14 ജില്ലകളിലും കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും

തടയുന്നതിനും വിലവിവരപ്പട്ടിക പ്രദർശിപ്പിക്കുന്നതിനും ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ ജില്ലാ സപ്ലൈ ഓഫീസർ, ലീഗൽ മെട്രോളജി ഇൻസ്പെക്ടർ, ഫുഡ് സേഫ്റ്റി ഓഫീസർ എന്നിവരും താലൂക്ക് തലത്തിൽ താലൂക്ക് സപ്ലൈ ഓഫീസർ, റേഷനിംഗ് ഇൻസ്പെക്ടർമാർ എന്നിവരും പൊതുവിപണിയിൽ വിപുലമായ പരിശോധനകൾ നടത്തുകയും വിലവിവരം പ്രദർശിപ്പിക്കാത്ത വ്യാപാരികൾക്കെതിരെ നോട്ടീസ് നൽകി നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം സംസ്ഥാനത്താകെ 2612 പരിശോധനകൾ നടത്തുകയും 760 ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടതിൽ നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു.

## നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ്

312 (312) ശ്രീ. മാണി സി. കാപ്പൻ: താഴെക്കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ് ജനജീവിതം ദുസ്സഹമാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരത്തിലുള്ള

വില വർദ്ധനവ് തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ?

ഭക്ഷ്യധാന്യങ്ങളുടെ ഉല്പാദനം കുറഞ്ഞതിന്റെയും പണപ്പെരുപ്പത്തിന്റെയും രൂപയുടെ മൂല്യശോഷണത്തിന്റെയും ഇന്ധന വിലവർദ്ധനവിന്റെയും കാലാവസ്ഥാ വ്യതിയാനത്തിന്റെയും ഫലമായും കൂടാതെ റഷ്യ-ഉക്രൈൻ യുദ്ധത്തെത്തുടർന്ന് ഉൽപ്പാദകർ കയറ്റുമതിയിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചതും രാജ്യത്ത് വിലക്കയറ്റമുണ്ടാകുന്നതിന് കാരണമായിട്ടുണ്ട്. സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വിലയിൽ വർദ്ധനവുണ്ടാകാതെ നിയന്ത്രിച്ച് നിർത്തുന്നതിനായി സർക്കാർ കാര്യക്ഷമമായ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

വിലക്കയറ്റമുണ്ടാകുമ്പോൾ ഒരു സർക്കാരിന് ചെയ്യാൻ കഴിയുന്നത് വിപണിയിൽ ശക്തമായി ഇടപെടുക എന്നതാണ്. 13 ഇനം അവശ്യ സാധനങ്ങൾ 2016 ഏപ്രിൽ മാസത്തെ വിലയ്ക്ക് നൽകിവരുന്നത് ഇതിന്റെ ഭാഗമായാണ്. സപ്ലൈകോ വഴിയുള്ള ഇത്തരം വിപണി ഇടപെടലിലൂടെ മാത്രം സംസ്ഥാന സർക്കാരിന് പ്രതിവർഷം ശരാശരി 315 കോടി രൂപ

ചെലവ് വരുന്നു. മേൽ പരാമർശിച്ച 13 ഇനം സബ്സിഡി ഉൽപ്പന്നങ്ങൾ പൊതുവിപണിയിൽനിന്നും വാങ്ങുന്നതിന് ശരാശരി 1,383/- രൂപ നൽകേണ്ടി വരുമ്പോൾ, സപ്ലൈകോ വിൽപ്പനശാലകളിൽ ഇത് കേവലം 756/- രൂപയ്ക്ക് ലഭിക്കുന്നു. ഇതിലൂടെ ഒരു ഉപഭോക്താവിന് 627/- രൂപയുടെ ആനുകൂല്യം ലഭിക്കുന്നു. ഇന്ത്യയിലെ ഒരു സംസ്ഥാനത്തും ഇത്തരത്തിലുള്ള ഒരു വിപണി ഇടപെടൽ നടക്കുന്നില്ല. പ്രതിമാസം ശരാശരി 35 ലക്ഷം കാർഡുടമകൾ സപ്ലൈകോയുടെ വിപണി ഇടപെടലിന്റെ ആനുകൂല്യം കൈപ്പറ്റുന്നതായി കണക്കുകൾ വ്യക്തമാക്കുന്നു. ഇതിനുപുറമേ ഉത്സവ സീസണുകളിൽ വിലക്കുറവിൽ നിത്യോപയോഗ സാധനങ്ങൾക്കായി ഫെയറുകൾ സർക്കാർ സംഘടിപ്പിച്ചുവരുന്നുണ്ട്. കൂടാതെ, സപ്ലൈകോ വിൽപ്പനശാലകളുടെ സേവനം കൂടുതൽ മെച്ചപ്പെട്ട രീതിയിൽ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി 285 വിൽപ്പനശാലകൾ നവീകരിക്കുകയുണ്ടായി. സഞ്ചരിക്കുന്ന റേഷൻഷോപ്പുകളുടെ സേവനം സംസ്ഥാനത്തെ 136 ആദിവാസി ഊരുകളിലേയ്ക്ക് വ്യാപിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

എൻ.എഫ്.എസ്.എ. നിയമപ്രകാരമുള്ള ടാർജറ്റ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ നടപ്പിലാക്കിയതിലൂടെ സംസ്ഥാനത്തെ വലിയൊരു വിഭാഗം റേഷൻ ആനുകൂല്യങ്ങൾക്ക് പുറത്തായി. കേവലമൊരു ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ 57% വരുന്ന ജനവിഭാഗം റേഷൻ സംവിധാനത്തിന് പുറത്തായത് വലിയ പ്രതിസന്ധിയാണ് സൃഷ്ടിച്ചത്. എന്നാൽ കേരളത്തിലെ മുൻഗണനേതര വിഭാഗത്തിൽപ്പെട്ടവർക്കും കഴിയുന്ന തോതിൽ ഭക്ഷ്യവിതരണം നടത്തുന്ന സമീപനമാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നത്.

സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവ് ശ്രദ്ധയിൽപ്പെട്ട ഉടൻതന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ മറ്റ് വകുപ്പുമന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, ജില്ലാ കളക്ടർമാർ, ജില്ലാ പോലീസ് മേധാവിമാർ എന്നിവരുമായി യോഗം ചേരുകയും വില വർദ്ധനവ് പിടിച്ചുനിർത്തുന്നതിനുവേണ്ട അടിയന്തര നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തു. ഈ യോഗത്തിന്റെ തുടർച്ചയായി ബഹുമാനപ്പെട്ട ഭക്ഷ്യ-പൊതുവിതരണ

വകുപ്പുമന്ത്രി സംസ്ഥാനത്തെ മൊത്ത വ്യാപാരി പ്രതിനിധികളെ വിളിച്ചുചേർക്കുകയും കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ് എന്നിവ തടയുന്നതിന് കർശന നിർദ്ദേശം നൽകുകയും ചെയ്തു. തുടർന്ന് ഈ വിഷയത്തിലെ പുരോഗതി വിലയിരുത്തുന്നതിനായി ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ അവലോകന യോഗങ്ങൾ നടത്തിവരുന്നുമുണ്ട്. ടി യോഗങ്ങളുടെ അടിസ്ഥാനത്തിൽ കേരളത്തിലെ 14 ജില്ലകളിലും കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും തടയുന്നതിനും വിലവിവരപ്പട്ടിക പ്രദർശിപ്പിക്കുന്നതിനും ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ ജില്ലാ സപ്ലൈ ഓഫീസർ, ലീഗൽ മെട്രോളജി ഇൻസ്പെക്ടർ, ഫുഡ് സേഫ്റ്റി ഓഫീസർ എന്നിവരും താലൂക്ക് തലത്തിൽ താലൂക്ക് സപ്ലൈ ഓഫീസർ, റേഷനിംഗ് ഇൻസ്പെക്ടർമാർ എന്നിവരും പൊതുവിപണിയിൽ വിപുലമായ പരിശോധനകൾ നടത്തുകയും വിലവിവരം പ്രദർശിപ്പിക്കാത്ത വ്യാപാരികൾക്കെതിരെ നോട്ടീസ് നൽകി നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം സംസ്ഥാനത്താകെ 2612 പരിശോധനകൾ നടത്തുകയും 760 ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടതിൽ നടപടി സ്വീകരിച്ചുവരുന്നുമുണ്ട്.

**വിലക്കയറ്റം രൂക്ഷമായിരിക്കുന്ന സാഹചര്യം**

313 (313) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിലക്കയറ്റം രൂക്ഷമായിരിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിപണിയിലെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സപ്ലൈകോ നടത്തുന്ന ഇടപെടലുകൾ വിശദമാക്കാമോ?

(എ&ബി) വിലക്കയറ്റം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഭക്ഷ്യധാന്യങ്ങളുടെ ഉൽപ്പാദനം കുറഞ്ഞതിന്റെയും പണപ്പെരുപ്പത്തിന്റെയും രൂപയുടെ മൂല്യശോഷണത്തിന്റെയും ഇന്ധന വിലവർദ്ധനവിന്റെയും കാലാവസ്ഥാ വ്യതിയാനത്തിന്റെയും ഫലമായും കൂടാതെ റഷ്യ-ഉക്രൈൻ യുദ്ധത്തെത്തുടർന്ന് ഉൽപ്പാദകർ കയറ്റുമതിയിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചതും രാജ്യത്ത് വിലക്കയറ്റമുണ്ടാകുന്നതിന് കാരണമായിട്ടുണ്ട്. സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വിലയിൽ

വർദ്ധനവുണ്ടാകാതെ നിയന്ത്രിച്ച് നിർത്തുന്നതിനായി സർക്കാർ കാര്യക്ഷമമായ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

വിലക്കയറ്റമുണ്ടാകുമ്പോൾ ഒരു സർക്കാരിന് ചെയ്യാൻ കഴിയുന്നത് വിപണിയിൽ ശക്തമായി ഇടപെടുക എന്നതാണ്. 13 ഇനം അവശ്യ സാധനങ്ങൾ 2016 ഏപ്രിൽ മാസത്തെ വിലയ്ക്ക് നൽകിവരുന്നത് ഇതിന്റെ ഭാഗമായാണ്. സപ്ലൈകോ വഴിയുള്ള ഇത്തരം വിപണി ഇടപെടലിലൂടെ മാത്രം സംസ്ഥാന സർക്കാരിന് പ്രതിവർഷം ശരാശരി 315 കോടി രൂപ ചെലവ് വരുന്നു. മേൽ പരാമർശിച്ച 13 ഇനം സബ്സിഡി ഉൽപ്പന്നങ്ങൾ പൊതുവിപണിയിൽനിന്നും വാങ്ങുന്നതിന് ശരാശരി 1,383/- രൂപ നൽകേണ്ടി വരുമ്പോൾ, സപ്ലൈകോ വിൽപ്പനശാലകളിൽ ഇത് കേവലം 756/- രൂപയ്ക്ക് ലഭിക്കുന്നു. ഇതിലൂടെ ഒരു ഉപഭോക്താവിന് 627/- രൂപയുടെ ആനുകൂല്യം ലഭിക്കുന്നു. ഇന്ത്യയിലെ മറ്റൊരു സംസ്ഥാനത്തും ഇത്തരത്തിലുള്ള ഒരു വിപണി ഇടപെടൽ നടക്കുന്നില്ല.

പ്രതിമാസം ശരാശരി 35 ലക്ഷം കാർഡുടമകൾ സപ്ലൈകോയുടെ വിപണി ഇടപെടലിന്റെ ആനുകൂല്യം കൈപ്പറ്റുന്നതായി കണക്കുകൾ വ്യക്തമാക്കുന്നു. സബ്സിഡിയിൽ വിൽക്കുന്ന ഉൽപ്പന്നങ്ങൾ ഉൾപ്പെടെ 35 ഇനം അവശ്യ ഭക്ഷ്യധാന്യങ്ങൾ പൊതുവിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലക്കുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ പൊതുജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കിവരുന്നു. ഇതുകൂടാതെ ചായപ്പൊടി, മല്ലിപ്പൊടി, മുളക് പൊടി, മഞ്ഞൾപ്പൊടി, ആട്ട എന്നീ ഉൽപ്പന്നങ്ങൾ സപ്ലൈകോയുടെ സ്വന്തം 'ശബരി' ബ്രാൻഡിൽ കർശന ഗുണനിലവാര പരിശോധനയ്ക്കുശേഷം പൊതുവിപണി വിലയേക്കാൾ ഏകദേശം 20 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ വിറ്റുവരുന്നു. ഇതിനുപുറമേ മറ്റ് അവശ്യസാധനങ്ങളും എഫ്.എം.സി.ജി. ഉൽപ്പന്നങ്ങളും എം.ആർ.പി.-യെക്കാൾ/മാർക്കറ്റ് വിലയേക്കാൾ 5 മുതൽ 30% വരെ വിലക്കുറവിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കിവരുന്നു. ഈ നടപടിമൂലം പൊതുവിപണിയിലുണ്ടാകുന്ന വിലക്കയറ്റം സാധാരണക്കാരിൽ അധിക ബാധ്യത ഏൽപ്പിക്കുന്നില്ലായെന്നത് ഉറപ്പുവരുത്തുന്നതിന് സാധിക്കുന്നുണ്ട്.

ഇതിനുപുറമേ ഉത്സവ സീസണുകളിൽ വിലക്കുറവിൽ നിത്യോപയോഗ സാധനങ്ങൾക്കായി ഫെയറുകൾ സർക്കാർ സംഘടിപ്പിച്ചുവരുന്നുണ്ട്. കൂടാതെ, സപ്ലൈകോ വിൽപ്പനശാലകളുടെ സേവനം കൂടുതൽ മെച്ചപ്പെട്ട രീതിയിൽ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി 285 വിൽപ്പനശാലകൾ നവീകരിക്കുകയുണ്ടായി.

അരിവിലയിൽ കാര്യമായ വർദ്ധനവുണ്ടായ അടിയന്തര സാഹചര്യത്തിൽ സപ്ലൈകോ വില്പനശാലകളുടെ പ്രവർത്തനത്തിനൊപ്പം നിലവിലെ മൊബൈൽ മാവേലി വാഹനങ്ങൾ 'അരി വണ്ടി' എന്ന പേരിൽ എല്ലാ താലൂക്കുകളിലും എത്തിച്ചേരുന്ന വിധത്തിൽ താൽക്കാലികമായി പുനഃക്രമീകരിച്ച് സംസ്ഥാനത്തിലെ റേഷൻ കാർഡുടമകൾക്ക് അരിയും മറ്റ് അവശ്യ ഭക്ഷ്യവസ്തുക്കളും ലഭ്യമാക്കുകയുണ്ടായി. സഞ്ചരിക്കുന്ന റേഷൻ ഷോപ്പുകളുടെ സേവനം സംസ്ഥാനത്തെ 136 ആദിവാസി ഊരുകളിലേയ്ക്ക് വ്യാപിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

(സി) സർക്കാർ നൽകാനുള്ള കുടിശ്ശിക ലഭിക്കാത്തതിനാൽ സപ്ലൈകോ കടുത്ത പ്രതിസന്ധി നേരിടുകയാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് 31-07-2023-ലെ സ.ഉ.(സാധാ)നം.327/2023/F&CS പ്രകാരം 60 കോടി രൂപയും 02-08-2023-ലെ സ.ഉ.(സാധാ)നം.331/2023/F&CS പ്രകാരം 120 കോടി രൂപയും ചേർത്ത് 180 കോടി രൂപ സർക്കാർ സപ്ലൈകോയ്ക്ക് അനുവദിച്ചിട്ടുണ്ട്. കൂടാതെ വിപണിയിടപെടൽ പദ്ധതിക്കായി 03-08-2023-ലെ G.O.(Rt) No.334/2023/FCS പ്രകാരം 70 കോടി രൂപയും സർക്കാർ അനുവദിച്ചിട്ടുണ്ട്. ശേഷിക്കുന്ന തുക റിലീസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ഡി) കുടിശ്ശിക നൽകാത്തത് കാരണം സപ്ലൈകോ സ്റ്റോറുകളിൽ ആവശ്യത്തിന് സാധനങ്ങളില്ലാതെ പൊതുജനങ്ങൾ ബുദ്ധിമുട്ടുന്ന സാഹചര്യം ഗൗരവമായി കാണുന്നുണ്ടോ; വിശദമാക്കുമോ?

സപ്ലൈകോ സ്റ്റോറുകളിൽ അവശ്യസാധങ്ങൾ മതിയായ അളവിൽ സ്റ്റോക്കുണ്ട്.

**നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കാൻ നടപടി**

314 (314) ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിത്യോപയോഗ സാധനങ്ങളുടെ രൂക്ഷമായ വിലക്കയറ്റംമൂലം ജനജീവിതം ദുഃസ്സഹമായിരിക്കുന്ന അവസ്ഥ പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഭക്ഷ്യധാന്യങ്ങളുടെ ഉൽപ്പാദനം കുറഞ്ഞതിന്റെയും പണപ്പെരുപ്പത്തിന്റെയും രൂപയുടെ മൂല്യശോഷണത്തിന്റെയും ഇന്ധന വിലവർദ്ധനവിന്റെയും കാലാവസ്ഥാ വ്യതിയാനത്തിന്റെയും ഫലമായും കൂടാതെ റഷ്യ-ഉക്രൈൻ യുദ്ധത്തെത്തുടർന്ന് ഉൽപ്പാദകർ കയറ്റുമതിയിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചതും രാജ്യത്ത് വിലക്കയറ്റമുണ്ടാകുന്നതിന്

കാരണമായിട്ടുണ്ട്. സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വിലയിൽ വർദ്ധനവുണ്ടാകാതെ നിയന്ത്രിച്ച് നിർത്തുന്നതിനായി സർക്കാർ കാര്യക്ഷമമായ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

വിലക്കയറ്റമുണ്ടാകുമ്പോൾ ഒരു സർക്കാരിന് ചെയ്യാൻ കഴിയുന്നത് വിപണിയിൽ ശക്തമായി ഇടപെടുക എന്നതാണ്. 13 ഇനം അവശ്യസാധനങ്ങൾ 2016 ഏപ്രിൽ മാസത്തെ വിലയ്ക്ക് നൽകിവരുന്നത് ഇതിന്റെ ഭാഗമായാണ്. സപ്ലൈകോ വഴിയുള്ള ഇത്തരം വിപണി ഇടപെടലിലൂടെ മാത്രം സംസ്ഥാന സർക്കാരിന് പ്രതിവർഷം ശരാശരി 315 കോടി രൂപ ചെലവ് വരുന്നു. മേൽ പരാമർശിച്ച 13 ഇനം സബ്സിഡി ഉൽപ്പന്നങ്ങൾ പൊതുവിപണിയിൽനിന്നും വാങ്ങുന്നതിന് 1,383/- രൂപ നൽകേണ്ടി വരുമ്പോൾ, സപ്ലൈകോ വിൽപ്പനശാലകളിൽ ഇത് കേവലം 756/- രൂപയ്ക്ക് ലഭിക്കുന്നു. ഇതിലൂടെ ഒരു ഉപഭോക്താവിന് 627/- രൂപയുടെ ആനുകൂല്യം ലഭിക്കുന്നു. ഇന്ത്യയിലെ മറ്റൊരു സംസ്ഥാനത്തും ഇത്തരത്തിലുള്ള ഒരു വിപണി ഇടപെടൽ നടക്കുന്നില്ല.

പ്രതിമാസം ശരാശരി 35 ലക്ഷം കാർഡുടമകൾ സപ്ലൈകോയുടെ വിപണി ഇടപെടലിന്റെ ആനുകൂല്യം കൈപ്പറ്റുന്നതായി കണക്കുകൾ വ്യക്തമാക്കുന്നു. ഇതിനുപുറമേ ഉത്സവ സീസണുകളിൽ വിലക്കുറവിൽ നിത്യോപയോഗ സാധനങ്ങൾക്കായി ഫെയറുകൾ സർക്കാർ സംഘടിപ്പിച്ചുവരുന്നുണ്ട്. കൂടാതെ, സപ്ലൈകോ വിൽപ്പനശാലകളുടെ സേവനം കൂടുതൽ മെച്ചപ്പെട്ട രീതിയിൽ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി 285 വിൽപ്പനശാലകൾ നവീകരിക്കുകയുണ്ടായി. സഞ്ചരിക്കുന്ന റേഷൻഷോപ്പുകളുടെ സേവനം സംസ്ഥാനത്തെ 136 ആദിവാസി ഊരുകളിലേയ്ക്ക് വ്യാപിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

എൻ.എഫ്.എസ്.എ. നിയമപ്രകാരമുള്ള ടാർജറ്റ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ നടപ്പിലാക്കിയതിലൂടെ സംസ്ഥാനത്തെ വലിയൊരു വിഭാഗം റേഷൻ ആനുകൂല്യങ്ങൾക്ക് പുറത്തായി. കേവലമൊരു ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ 57% വരുന്ന ജനവിഭാഗം റേഷൻ സംവിധാനത്തിന് പുറത്തായത് വലിയ പ്രതിസന്ധിയാണ് സൃഷ്ടിച്ചത്. എന്നാൽ കേരളത്തിലെ മുൻഗണനേതര വിഭാഗത്തിൽപ്പെട്ടവർക്കും കഴിയുന്ന

തോതിൽ ഭക്ഷ്യവിതരണം നടത്തുന്ന സമീപനമാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നത്.

സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവ് ശ്രദ്ധയിൽപ്പെട്ട ഉടൻതന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ മറ്റ് വകുപ്പുമന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, ജില്ലാ കളക്ടർമാർ, ജില്ലാ പോലീസ് മേധാവിമാർ എന്നിവരുമായി യോഗം ചേരുകയും വില വർദ്ധനവ് പിടിച്ചുനിർത്തുന്നതിനുവേണ്ട അടിയന്തര നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തു. ഈ യോഗത്തിന്റെ തുടർച്ചയായി ബഹുമാനപ്പെട്ട ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സംസ്ഥാനത്തെ മൊത്തവ്യാപാരി പ്രതിനിധികളെ വിളിച്ചുചേർക്കുകയും കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ് എന്നിവ തടയുന്നതിന് കർശന നിർദ്ദേശം നൽകുകയും ചെയ്തു. തുടർന്ന് ഈ വിഷയത്തിലെ പുരോഗതി വിലയിരുത്തുന്നതിനായി ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ അവലോകന യോഗങ്ങൾ നടത്തിവരുന്നുമുണ്ട്. ടി യോഗങ്ങളുടെ അടിസ്ഥാനത്തിൽ കേരളത്തിലെ 14 ജില്ലകളിലും കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും

തടയുന്നതിന് വിലവിവരപ്പട്ടിക പ്രദർശിപ്പിക്കുന്നതിന് ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ ജില്ലാ സപ്ലൈ ഓഫീസർ, ലീഗൽ മെട്രോളജി ഇൻസ്പെക്ടർ, ഫുഡ് സേഫ്റ്റി ഓഫീസർ എന്നിവരും താലൂക്ക് തലത്തിൽ താലൂക്ക് സപ്ലൈ ഓഫീസർ, റേഷനിംഗ് ഇൻസ്പെക്ടർമാർ എന്നിവരും പൊതുവിപണിയിൽ വിപുലമായ പരിശോധനകൾ നടത്തുകയും വിലവിവരം പ്രദർശിപ്പിക്കാത്ത വ്യാപാരികൾക്കെതിരെ നോട്ടീസ് നൽകി നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം സംസ്ഥാനത്താകെ 2612 പരിശോധനകൾ നടത്തുകയും 760 ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടതിൽ നടപടി സ്വീകരിച്ചുവരുന്നുമുണ്ട്.

(ബി) വിപണിയിൽ ഫലപ്രദമായി ഇടപെടുന്നതിന് സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധി തടസ്സം സൃഷ്ടിക്കുന്നുണ്ടോ?

വിപണിയിടപെടൽ പ്രവർത്തനങ്ങൾ നടത്തുന്നതിന് സർക്കാർ പ്രതിസന്ധി നേരിടുന്നില്ല.

(സി) വിലക്കയറ്റം നിയന്ത്രിക്കുന്നതിനും നിത്യോപയോഗ സാധനങ്ങൾ ന്യായവിലയ്ക്ക് ലഭ്യമാക്കുന്നതിനും എന്തെല്ലാം നടപടികളാണ് അടിയന്തരമായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഭക്ഷ്യധാന്യങ്ങളുടെ ഉൽപ്പാദനം കുറഞ്ഞതിന്റെയും പണപ്പെരുപ്പത്തിന്റെയും രൂപയുടെ മൂല്യശോഷണത്തിന്റെയും ഇന്ധന വിലവർദ്ധനവിന്റെയും കാലാവസ്ഥാ വ്യതിയാനത്തിന്റെയും ഫലമായും കൂടാതെ റഷ്യ-ഉക്രൈൻ യുദ്ധത്തെത്തുടർന്ന് ഉൽപ്പാദകർ കയറ്റുമതിയിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചതും രാജ്യത്ത് വിലക്കയറ്റമുണ്ടാകുന്നതിന് കാരണമായിട്ടുണ്ട്. സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വിലയിൽ വർദ്ധനവുണ്ടാകാതെ നിയന്ത്രിച്ച് നിർത്തുന്നതിനായി സർക്കാർ കാര്യക്ഷമമായ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

വിലക്കയറ്റമുണ്ടാകുമ്പോൾ ഒരു സർക്കാരിന് ചെയ്യാൻ കഴിയുന്നത് വിപണിയിൽ ശക്തമായി ഇടപെടുക എന്നതാണ്. 13 ഇനം അവശ്യസാധനങ്ങൾ 2016 ഏപ്രിൽ മാസത്തെ വിലയ്ക്ക് നൽകിവരുന്നത് ഇതിന്റെ ഭാഗമായാണ്. സപ്ലൈകോ വഴിയുള്ള ഇത്തരം വിപണി

ഇടപെടലിലൂടെ മാത്രം സംസ്ഥാന സർക്കാരിന് പ്രതിവർഷം ശരാശരി 315 കോടി രൂപ ചെലവ് വരുന്നു. മേൽ പരാമർശിച്ച 13 ഇനം സബ്സിഡി ഉൽപ്പന്നങ്ങൾ പൊതുവിപണിയിൽനിന്നും വാങ്ങുന്നതിന് 1,383/- രൂപ നൽകേണ്ടി വരുമ്പോൾ, സപ്ലൈകോ വിൽപ്പനശാലകളിൽ ഇത് കേവലം 756/- രൂപയ്ക്ക് ലഭിക്കുന്നു. ഇതിലൂടെ ഒരു ഉപഭോക്താവിന് 627/- രൂപയുടെ ആനുകൂല്യം ലഭിക്കുന്നു. ഇന്ത്യയിലെ മറ്റൊരു സംസ്ഥാനത്തും ഇത്തരത്തിലുള്ള ഒരു വിപണി ഇടപെടൽ നടക്കുന്നില്ല.

പ്രതിമാസം ശരാശരി 35 ലക്ഷം കാർഡുടമകൾ സപ്ലൈകോയുടെ വിപണി ഇടപെടലിന്റെ ആനുകൂല്യം കൈപ്പറ്റുന്നതായി കണക്കുകൾ വ്യക്തമാക്കുന്നു. ഇതിനുപുറമേ ഉത്സവ സീസണുകളിൽ വിലക്കുറവിൽ നിത്യോപയോഗ സാധനങ്ങൾക്കായി ഫെയറുകൾ സർക്കാർ സംഘടിപ്പിച്ചുവരുന്നുണ്ട്. കൂടാതെ, സപ്ലൈകോ വിൽപ്പനശാലകളുടെ സേവനം കൂടുതൽ മെച്ചപ്പെട്ട രീതിയിൽ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി 285 വിൽപ്പനശാലകൾ നവീകരിക്കുകയുണ്ടായി. സഞ്ചരിക്കുന്ന

റേഷൻഷോപ്പുകളുടെ സേവനം സംസ്ഥാനത്തെ 136 ആദിവാസി ഊരുകളിലേയ്ക്ക് വ്യാപിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

എൻ.എഫ്.എസ്.എ. നിയമപ്രകാരമുള്ള ടാർജറ്റ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ നടപ്പിലാക്കിയതിലൂടെ സംസ്ഥാനത്തെ വലിയൊരു വിഭാഗം റേഷൻ ആനുകൂല്യങ്ങൾക്ക് പുറത്തായി. കേവലമൊരു ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ 57% വരുന്ന ജനവിഭാഗം റേഷൻ സംവിധാനത്തിന് പുറത്തായത് വലിയ പ്രതിസന്ധിയാണ് സൃഷ്ടിച്ചത്. എന്നാൽ കേരളത്തിലെ മുൻഗണനേതര വിഭാഗത്തിൽപ്പെട്ടവർക്കും കഴിയുന്ന തോതിൽ ഭക്ഷ്യവിതരണം നടത്തുന്ന സമീപനമാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നത്.

സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ് ശ്രദ്ധയിൽപ്പെട്ട ഉടൻതന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ മറ്റ് വകുപ്പുമന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, ജില്ലാ കളക്ടർമാർ, ജില്ലാ പോലീസ് മേധാവിമാർ എന്നിവരുമായി യോഗം

ചേരുകയും വിലവർദ്ധനവ് പിടിച്ചുനിർത്തുന്നതിനുവേണ്ട അടിയന്തര നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തു. ഈ യോഗത്തിന്റെ തുടർച്ചയായി ബഹുമാനപ്പെട്ട ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സംസ്ഥാനത്തെ മൊത്ത വ്യാപാരി പ്രതിനിധികളെ വിളിച്ചുചേർക്കുകയും കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ് എന്നിവ തടയുന്നതിന് കർശന നിർദ്ദേശം നൽകുകയും ചെയ്തു. തുടർന്ന് ഈ വിഷയത്തിലെ പുരോഗതി വിലയിരുത്തുന്നതിനായി ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ അവലോകന യോഗങ്ങൾ നടത്തിവരുന്നുമുണ്ട്. ടി യോഗങ്ങളുടെ അടിസ്ഥാനത്തിൽ കേരളത്തിലെ 14 ജില്ലകളിലും കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും തടയുന്നതിന് വിലവിവരപ്പട്ടിക പ്രദർശിപ്പിക്കുന്നതിന് ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ ജില്ലാ സപ്ലൈ ഓഫീസർ, ലീഗൽ മെട്രോളജി ഇൻസ്പെക്ടർ, ഫുഡ് സേഫ്റ്റി ഓഫീസർ എന്നിവരും താലൂക്ക് തലത്തിൽ താലൂക്ക് സപ്ലൈ ഓഫീസർ, റേഷനിംഗ് ഇൻസ്പെക്ടർമാർ എന്നിവരും പൊതുവിപണിയിൽ വിപുലമായ പരിശോധനകൾ നടത്തുകയും വിലവിവരം പ്രദർശിപ്പിക്കാത്ത വ്യാപാരികൾക്കെതിരെ നോട്ടീസ് നൽകി നടപടി സ്വീകരിക്കുകയും

ചെയ്തിട്ടുണ്ട്. ഇപ്രകാരം സംസ്ഥാനത്താകെ 2612 പരിശോധനകൾ നടത്തുകയും 760 ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടതിൽ നടപടി സ്വീകരിച്ചുവരുന്നുമുണ്ട്.

**നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം തടയാൻ നടപടി**

315 (315) ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റംകൊണ്ട് ജനജീവിതം ദുസ്സഹമാകുന്ന സാഹചര്യം നിലവിലുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കണ്ടിട്ടുണ്ടോ;

(ബി) അവശ്യവസ്തുക്കളുടെ വില കുതിച്ചുയർന്ന സാഹചര്യത്തിൽ വിലക്കയറ്റം തടയുന്നതിനും വില നിയന്ത്രിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(സി) വിലക്കയറ്റം തടയുന്നതിന് മാവേലി സ്റ്റോറുകൾ, സിവിൽ സപ്ലൈസ് കോർപ്പറേഷൻ എന്നിവ വഴി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ഡി) നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

(എ-ഡി) ഭക്ഷ്യധാന്യങ്ങളുടെ ഉൽപ്പാദനം കുറഞ്ഞതിന്റെയും പണപ്പെരുപ്പത്തിന്റെയും രൂപയുടെ മൂല്യശോഷണത്തിന്റെയും ഇന്ധന വിലവർദ്ധനവിന്റെയും കാലാവസ്ഥാ വ്യതിയാനത്തിന്റെയും ഫലമായും കൂടാതെ റഷ്യ-ഉക്രൈൻ യുദ്ധത്തെത്തുടർന്ന് ഉൽപ്പാദകർ കയറ്റുമതിയിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചതും രാജ്യത്ത് വിലക്കയറ്റമുണ്ടാകുന്നതിന് കാരണമായിട്ടുണ്ട്. സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വിലയിൽ വർദ്ധനവുണ്ടാകാതെ നിയന്ത്രിച്ച് നിർത്തുന്നതിനായി സർക്കാർ കാര്യക്ഷമമായ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

വിലക്കയറ്റമുണ്ടാകുമ്പോൾ ഒരു സർക്കാരിന് ചെയ്യാൻ കഴിയുന്നത് വിപണിയിൽ ശക്തമായി ഇടപെടുക എന്നതാണ്. 13 ഇനം അവശ്യസാധനങ്ങൾ 2016 ഏപ്രിൽ മാസത്തെ വിലയ്ക്ക് നൽകിവരുന്നത്

ഇതിന്റെ ഭാഗമായാണ്. സപ്ലൈകോ വഴിയുള്ള ഇത്തരം വിപണി ഇടപെടലിലൂടെ മാത്രം സംസ്ഥാന സർക്കാരിന് പ്രതിവർഷം ശരാശരി 315 കോടി രൂപ ചെലവ് വരുന്നു. മേൽ പരാമർശിച്ച 13 ഇനം സബ്സിഡി ഉൽപ്പന്നങ്ങൾ പൊതുവിപണിയിൽനിന്നും വാങ്ങുന്നതിന് ശരാശരി 1,383/- രൂപ നൽകേണ്ടിവരുമ്പോൾ, സപ്ലൈകോ വിൽപ്പനശാലകളിൽ ഇത് കേവലം 756/- രൂപയ്ക്ക് ലഭിക്കുന്നു. ഇതിലൂടെ ഒരു ഉപഭോക്താവിന് 627/- രൂപയുടെ ആനുകൂല്യം ലഭിക്കുന്നു. ഇന്ത്യയിലെ ഒരു സംസ്ഥാനത്തും ഇത്തരത്തിലുള്ള ഒരു വിപണി ഇടപെടൽ നടക്കുന്നില്ല.

പ്രതിമാസം 35 ലക്ഷം കാർഡുടമകൾ സപ്ലൈകോയുടെ വിപണി ഇടപെടലിന്റെ ആനുകൂല്യം കൈപ്പറ്റുന്നതായി കണക്കുകൾ വ്യക്തമാക്കുന്നു. ഇതിനുപുറമേ ഉത്സവ സീസണുകളിൽ വിലക്കുറവിൽ നിത്യോപയോഗ സാധനങ്ങൾക്കായി ഫെയറുകൾ സർക്കാർ സംഘടിപ്പിച്ചുവരുന്നുണ്ട്. കൂടാതെ, സപ്ലൈകോ വിൽപ്പനശാലകളുടെ സേവനം കൂടുതൽ മെച്ചപ്പെട്ട രീതിയിൽ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി 285 വിൽപ്പനശാലകൾ നവീകരിക്കുകയുണ്ടായി. സഞ്ചരിക്കുന്ന റേഷൻഷോപ്പുകളുടെ സേവനം

സംസ്ഥാനത്തെ 136 ആദിവാസി ഊരുകളിലേയ്ക്ക് വ്യാപിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

എൻ.എഫ്.എസ്.എ. നിയമപ്രകാരമുള്ള ടാർജറ്റ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ നടപ്പിലാക്കിയതിലൂടെ സംസ്ഥാനത്തെ വലിയൊരു വിഭാഗം റേഷൻ ആനുകൂല്യങ്ങൾക്ക് പുറത്തായി. കേവലമൊരു ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ 57% വരുന്ന ജനവിഭാഗം റേഷൻ സംവിധാനത്തിന് പുറത്തായത് വലിയ പ്രതിസന്ധിയാണ് സൃഷ്ടിച്ചത്. എന്നാൽ കേരളത്തിലെ മുൻഗണനേതര വിഭാഗത്തിൽപ്പെട്ടവർക്കും കഴിയുന്ന തോതിൽ ഭക്ഷ്യവിതരണം നടത്തുന്ന സമീപനമാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നത്.

സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവ് ശ്രദ്ധയിൽപ്പെട്ട ഉടൻതന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ മറ്റ് വകുപ്പുമന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, ജില്ലാ കളക്ടർമാർ, ജില്ലാ പോലീസ് മേധാവിമാർ എന്നിവരുമായി യോഗം

ചേരുകയും വില വർദ്ധനവ് പിടിച്ചുനിർത്തുന്നതിനുവേണ്ട അടിയന്തര നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തു. ഈ യോഗത്തിന്റെ തുടർച്ചയായി ബഹുമാനപ്പെട്ട ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സംസ്ഥാനത്തെ മൊത്ത വ്യാപാരി പ്രതിനിധികളെ വിളിച്ചുചേർക്കുകയും കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ് എന്നിവ തടയുന്നതിന് കർശന നിർദ്ദേശം നൽകുകയും ചെയ്തു. തുടർന്ന് ഈ വിഷയത്തിലെ പുരോഗതി വിലയിരുത്തുന്നതിനായി ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ അവലോകന യോഗങ്ങൾ നടത്തിവരുന്നുമുണ്ട്. ടി യോഗങ്ങളുടെ അടിസ്ഥാനത്തിൽ കേരളത്തിലെ 14 ജില്ലകളിലും കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും തടയുന്നതിന് വിലവിവരപ്പട്ടിക പ്രദർശിപ്പിക്കുന്നതിന് ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ ജില്ലാ സപ്ലൈ ഓഫീസർ, ലീഗൽ മെട്രോളജി ഇൻസ്പെക്ടർ, ഫുഡ് സേഫ്റ്റി ഓഫീസർ എന്നിവരും താലൂക്ക് തലത്തിൽ താലൂക്ക് സപ്ലൈ ഓഫീസർ, റേഷനിംഗ് ഇൻസ്പെക്ടർമാർ എന്നിവരും പൊതുവിപണിയിൽ വിപുലമായ പരിശോധനകൾ നടത്തുകയും വിലവിവരം പ്രദർശിപ്പിക്കാത്ത വ്യാപാരികൾക്കെതിരെ നോട്ടീസ് നൽകി നടപടി സ്വീകരിക്കുകയും

ചെയ്തിട്ടുണ്ട്. ഇപ്രകാരം സംസ്ഥാനത്താകെ 2612 പരിശോധനകൾ നടത്തുകയും 760 ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടതിൽ നടപടി സ്വീകരിച്ചുവരുന്നുമുണ്ട്.

**വിലക്കയറ്റം തടയാൻ നടപടി**

316 (316) ശ്രീ. പി. പി. സുമോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നീല റേഷൻ കാർഡുടമകൾക്ക് 10.90 രൂപയ്ക്ക് റേഷൻ കടകൾ വഴി അധിക അരി നൽകുന്നത് പരിഗണനയിലുണ്ടോ?

നിലവിൽ സംസ്ഥാനത്തെ മുൻഗണനേതര-സബ്സിഡി (നീല കാർഡ്) കാർഡിലെ ഓരോ അംഗത്തിനും രണ്ട് കിലോഗ്രാം അരി വീതം കിലോഗ്രാമിന് നാല് രൂപ നിരക്കിൽ നൽകിവരുന്നു. ടി വിഭാഗത്തിന് അധിക വിഹിതം നൽകുന്നതിന്റെ സാധ്യത പരിശോധിച്ചുവരുന്നു.

(ബി) നിത്യോപയോഗ സാധനങ്ങൾക്ക് ചില വ്യാപാരികൾ അമിതമായി വില ഈടാക്കുന്നതുമൂലം അവശ്യ സാധനങ്ങൾക്കുണ്ടാകുന്ന

വിലയക്കയറ്റം നിയന്ത്രിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. ഒരു ഉപഭോക്തൃ സംസ്ഥാനമായ കേരളം നിത്യോപയോഗ സാധനങ്ങൾക്കായി മറ്റ് സംസ്ഥാനങ്ങളെയാണ് പ്രധാനമായും ആശ്രയിക്കുന്നത്. സപ്ലൈകോയുടെ ശക്തമായ വിപണി ഇടപെടൽ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് ഒരു പരിധിവരെ സഹായിച്ചിട്ടുണ്ട്. സപ്ലൈകോയുടെ വിപുലമായ വിൽപ്പന ശൃംഖല മുഖേന വിതരണം നടത്തുന്ന സബ്സിഡി സാധനങ്ങളും മറ്റ് നിത്യോപയോഗ സാധനങ്ങളും വിലക്കയറ്റം നിയന്ത്രണ വിധേയമാക്കുന്നതിന് സഹായിച്ചിട്ടുണ്ട്. കൂടാതെ വിലക്കയറ്റം പരിഹരിക്കുന്നതിനുള്ള വിഷയങ്ങൾ ചർച്ച ചെയ്ത് തീരുമാനിക്കുന്നതിന് സംസ്ഥാനത്തെ ഓപ്പൺ മാർക്കറ്റ് മൊത്ത വ്യാപാരികളുടെയും വ്യാപാരി പ്രതിനിധികളുടെയും യോഗം സർക്കാർ വിളിച്ചുചേർത്ത് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത്തരത്തിൽ വ്യാപാരി സമൂഹത്തെക്കൂടി വിശ്വാസത്തിലെടുത്ത് വിലനിലവാരം പിടിച്ചുനിർത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ് തടഞ്ഞ്

ന്യായവില ഉറപ്പാക്കുന്നതിന് ലീഗൽ മെട്രോളജി വകുപ്പുമായി സഹകരിച്ച് ശക്തമായ വിപണി പരിശോധനകൾ നടത്താറുണ്ട്.

വില നിലവാരം നിയന്ത്രിക്കുന്നതിനായി ജയ അരി, പഞ്ചസാര എന്നിവ സംഭരിക്കുന്നതിനുവേണ്ടി സപ്ലൈകോ ആന്ധ്രാപ്രദേശ്, കർണ്ണാടക എന്നിവിടങ്ങളിലെ സിവിൽ സപ്ലൈസ് കോർപ്പറേഷനുകളുമായി ചർച്ച നടത്തിവരുന്നു. കേന്ദ്ര സർക്കാർ സംഭരിച്ച ചെറുപയർ, കടല എന്നിവ കേന്ദ്ര സബ്സിഡി സ്കീം മുഖേന നാഫെഡ്/എൻ.സി.സി.എഫ്. എന്നിവ മുഖേന സംഭരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ പൊതുവിതരണ വകുപ്പുദ്യോഗസ്ഥർ പൊതുവിപണിയിലെ കടകളിൽ പരിശോധനകൾ നടത്തുകയും വിലവിവരപ്പട്ടിക പ്രദർശിപ്പിക്കാത്ത കടകൾക്കെതിരെ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ജില്ലാ സപ്ലൈ ഓഫീസർ, താലൂക്ക് സപ്ലൈ ഓഫീസർ എന്നിവരുടെ നേതൃത്വത്തിൽ സ്ക്വാഡ് രൂപീകരിച്ച് കർശന പരിശോധനകൾ നടത്തുകയും പരിശോധനകൾ തുടർന്നുവരികയും ചെയ്യുന്നു.

വിലക്കയറ്റം തടയുന്നതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ 14-06-2023-ൽ ജില്ലാ കളക്ടറുമായി വീഡിയോ കോൺഫറൻസ് മുഖാന്തരം നടന്ന മീറ്റിംഗിൽ ജില്ലാതലത്തിൽ താഴെപ്പറയുന്ന മൂന്ന് തലങ്ങളിലുള്ള പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി.

1. <u>മൊത്ത വ്യാപാരികളുമായുള്ള ചർച്ച</u> - ജില്ലാ കളക്ടർമാർ ബന്ധപ്പെട്ട ജില്ലകളിലുള്ള മൊത്ത വ്യാപാരികളുമായി ചർച്ച നടത്തി ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ ചരക്ക് നീക്കത്തിലുണ്ടായാൽ അവ മാറ്റുന്നതിനും ചരക്കുനീക്കം സുഗമമാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതുപ്രകാരം എല്ലാ ജില്ലാ കളക്ടർമാരും ജില്ലാ തലത്തിൽ മൊത്ത വ്യാപാരികളുമായി ചർച്ച നടത്തി ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

2. <u>ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിലുള്ള സ്പെഷ്യൽ സ്ക്വാഡ്</u> - ജില്ലാ കളക്ടർമാർ നേരിട്ട് സംസ്ഥാനത്തെ വിവിധ പൊതുവിപണികളിൽ

പരിശോധന നടത്തുന്നതിനും പ്രസ്തുത പരിശോധനയിൽ ഏതെങ്കിലും തരത്തിലുള്ള അനിയന്ത്രിതമായ വിലക്കയറ്റം ശ്രദ്ധയിൽപ്പെട്ടാൽ നേരിട്ട് ഇടപെട്ട് പരിഹാരം കണ്ടെത്തണമെന്നും നിർദ്ദേശിച്ചു. ആയതുപ്രകാരം ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ പൊതുവിപണികളിൽ പരിശോധന നടത്തിവരുന്നു.

3. <u>വിവിധ വകുപ്പുകളുടെ സംയുക്ത പരിശോധന</u> - ജില്ലാ സപ്ലൈ ആഫീസർമാരുടെ നേതൃത്വത്തിൽ ലീഗൽ മെട്രോളജി, ഭക്ഷ്യ സുരക്ഷാ വകുപ്പ് എന്നീ വകുപ്പുകൾ ചേർന്ന് പ്രത്യേക സ്ക്വാഡ് രൂപീകരിച്ച് പൊതുവിപണി പരിശോധന നടത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. അപ്രകാരം നടത്തിയ പരിശോധനയിൽ വിലവിവരപത്രിക പ്രദർശിപ്പിക്കാത്ത വ്യാപാരികൾക്കെതിരെ നോട്ടീസ് നൽകി നടപടി സ്വീകരിച്ചിട്ടുണ്ട്.

പച്ചക്കറി, പലവ്യഞ്ജനം, പഴവർഗ്ഗങ്ങൾ എന്നിവയുടെ വില നിയന്ത്രിക്കുന്നതിനായി പൊതുവിപണി പരിശോധന കർശനമാക്കിയിട്ടുണ്ട്.

അവശ്യവസ്തുക്കളുടെ വിലയുടെ നിരീക്ഷണത്തിനും ശേഖരണത്തിനും വേണ്ടി കേന്ദ്ര സർക്കാരിന്റെ പദ്ധതിയായ പ്രൈസ് മോണിറ്ററിംഗ് സെൽ പ്രവർത്തിച്ചുവരുന്നു. 14 ജില്ലകളും പ്രൈസ് മോണിറ്ററിംഗ് സെല്ലിന്റെ കേന്ദ്രങ്ങളായി കേന്ദ്ര സർക്കാർ അംഗീകരിച്ച സാഹചര്യത്തിൽ ടി 14 ജില്ലകളിൽനിന്നും വില ശേഖരിച്ച് സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പിന്റെ സഹായത്തോടെ പി.എം.എസ്. ആപ്പിൽ അപ്‌ലോഡ് ചെയ്തുവരുന്നു. കൂടാതെ ടി വിലകൾ കേന്ദ്ര സർക്കാർ തലത്തിൽ പരിശോധിക്കുകയും ചെയ്തുവരുന്നു.

പൊതുവിപണിയിൽ വില നിരീക്ഷണം സംബന്ധിച്ച് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ വിഭാവനം ചെയ്തിട്ടുള്ള രീതിയിൽ വില ശേഖരണം നടപ്പിൽ വരുത്തുന്നതിനും സർക്കാരിന് കാര്യക്ഷമമായ ഇടപെടൽ പൊതുവിപണിയിൽ നടത്തുന്നതിനും ആയതുവഴി അനുദിനം വർദ്ധിച്ചുവരുന്ന പൊതുവിപണിയിലെ വില നിയന്ത്രിക്കുന്നതിനും അതിന്റെ കാരണങ്ങൾ വിലയിരുത്തുന്നതിനും സർക്കാരിന്റെ വിപണിയിടപെടലുമായി ബന്ധപ്പെട്ട നയരൂപീകരണത്തിൽ സഹായിക്കുന്നതിനുംവേണ്ടി സംസ്ഥാന

തലത്തിൽ സെന്റർ ഫോർ പ്രൈസ് റിസർച്ച് കേരള രൂപീകരിച്ചിട്ടുണ്ട്. വിലവർദ്ധന സംബന്ധിച്ച് പഠനം നടത്തി മികച്ച ശിപാർശ സർക്കാരിന് നൽകുന്നതിനുവേണ്ടി സപ്ലൈകോ വഴി വിതരണം ചെയ്യുന്ന 13 അവശ്യ സാധനങ്ങളുടെ വില പൊതുവിപണിയിൽനിന്നും ശേഖരിച്ച്, താരതമ്യം ചെയ്ത് റിപ്പോർട്ട് പ്ലാനിംഗ് ബോർഡിലേയ്ക്കും സപ്ലൈകോയിലേയ്ക്കും സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പിലേയ്ക്കും നൽകിവരുന്നു.

താലൂക്ക് തലത്തിൽ പൊതുവിപണിയിൽനിന്നും വില ശേഖരിച്ച് അപ്‌ലോഡ് ചെയ്യുന്നതിനും ആയതുവഴി വില നിരീക്ഷിക്കുക, ചെറുകിട കർഷകരുടെ ഉൽപ്പന്നങ്ങൾ ഇടനിലക്കാരെ ഒഴിവാക്കി നേരിട്ട് വിറ്റഴിക്കുക എന്നീ ഉദ്ദേശ്യങ്ങളോടെ 'Angadi Kerala App' എന്ന മൊബൈൽ ആപ്പ് രൂപീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**വിലക്കയറ്റം തടയുന്നതിനുള്ള നടപടി**

317 (317) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെക്കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിലക്കയറ്റം തടയുന്നതിന് മാതൃകാപരമായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

സർക്കാരിന്റെ വിപണിയിടപെടൽ പദ്ധതിയുടെ ഭാഗമായി 13 ഇനം നിത്യോപയോഗ സാധനങ്ങൾ സബ്സ്ഡി നിരക്കിൽ സപ്ലൈകോ വില്പനശാലകൾ വഴി എല്ലാ റേഷൻ കാർഡുടമകൾക്കും വില്പന നടത്തിവരുന്നുണ്ട്. ഈ സാധനങ്ങളുടെ വില്പന വില വർദ്ധിപ്പിക്കുകയില്ലെന്ന സർക്കാർ നയത്തിനനുസൃതമായി 2016 മേയ് മാസം മുതൽ ഈ 13 ഇനങ്ങളുടെ വില വർദ്ധിപ്പിച്ചിട്ടില്ല. ഈ സർക്കാരും ഇതേ നയം തുടർന്നുവരുന്നു. പൊതുവിപണിയേക്കാൾ 28 മുതൽ 74 ശതമാനം വരെ വിലക്കുറവിലാണ് സപ്ലൈകോ ഈ 13 ഇനം സബ്സിഡി സാധനങ്ങൾ വില്പന നടത്തുന്നത്. മേൽ പരാമർശിച്ച 13 ഇനം സബ്സിഡി ഉൽപ്പന്നങ്ങൾ പൊതുവിപണിയിൽനിന്നും വാങ്ങുന്നതിന് ശരാശരി 1,383/- രൂപ നൽകേണ്ടിവരുമ്പോൾ, സപ്ലൈകോ വില്പനശാലകളിൽ ഇത് കേവലം 756/- രൂപയ്ക്ക് ലഭിക്കുന്നു. ഇതിലൂടെ ഒരു ഉപഭോക്താവിന് 627/- രൂപയുടെ

ആനുകൂല്യം ലഭിക്കുന്നു. ഇന്ത്യയിലെ ഒരു സംസ്ഥാനത്തും ഇത്തരത്തിലുള്ള ഒരു വിപണി ഇടപെടൽ നടക്കുന്നില്ല. പ്രതിമാസം ശരാശരി 35 ലക്ഷത്തിലധികം റേഷൻ കാർഡുടമകൾ ഈ സബ്സിഡി പദ്ധതി പ്രയോജനപ്പെടുത്തുന്നുണ്ട്.

സബ്സിഡിയിൽ വിൽക്കുന്ന ഉൽപ്പന്നങ്ങൾ ഉൾപ്പെടെ 41 ഇനം അവശ്യ ഭക്ഷ്യധാന്യങ്ങൾ പൊതുവിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലക്കുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ പൊതുജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കിവരുന്നു. ഇതുകൂടാതെ ചായപ്പൊടി, മല്ലിപ്പൊടി, മുളക് പൊടി, മഞ്ഞൾപ്പൊടി, ആട്ട എന്നീ ഉൽപ്പന്നങ്ങൾ സപ്ലൈകോയുടെ **സ്വന്തം ബ്രാൻഡായ** 'ശബരി' ബ്രാൻഡിൽ കർശന ഗുണനിലവാര പരിശോധനയ്ക്കുശേഷം പൊതുവിപണി വിലയേക്കാൾ ഏകദേശം 20 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ വിറ്റുവരുന്നു. ഇതിനുപുറമേ മറ്റ് അവശ്യ സാധനങ്ങളും എഫ്.എം.സി.ജി. ഉൽപ്പന്നങ്ങളും എം.ആർ.പി.യേക്കാൾ/മാർക്കറ്റ് വിലയേക്കാൾ 5 മുതൽ 30% വരെ വിലക്കുറവിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കിവരുന്നു. ഈ നടപടിമൂലം

പൊതുവിപണിയിലുണ്ടാകുന്ന വിലക്കയറ്റം സാധാരണക്കാരിൽ അധിക ബാധ്യത ഏൽപ്പിക്കുന്നില്ലായെന്നത് ഉറപ്പുവരുത്തുന്നതിന് സാധിക്കുന്നുണ്ട്. ഇതിനുപുറമേ ഉത്സവ സീസണുകളിൽ വിലക്കുറവിൽ നിത്യോപയോഗ സാധനങ്ങൾക്കായി ഫെയറുകൾ സർക്കാർ സംഘടിപ്പിച്ചുവരുന്നുണ്ട്. കൂടാതെ, സപ്ലൈകോ വിൽപ്പനശാലകളുടെ സേവനം കൂടുതൽ മെച്ചപ്പെട്ട രീതിയിൽ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി 285 വിൽപ്പനശാലകൾ നവീകരിക്കുകയുണ്ടായി.

അരിവിലയിൽ കാര്യമായ വർദ്ധനവുണ്ടായ അടിയന്തര സാഹചര്യത്തിൽ സപ്ലൈകോ വില്പനശാലകളുടെ പ്രവർത്തനത്തിനൊപ്പം നിലവിലെ മൊബൈൽ മാവേലി വാഹനങ്ങൾ 'അരി വണ്ടി' എന്ന പേരിൽ എല്ലാ താലൂക്കുകളിലും എത്തിച്ചേരുന്ന വിധത്തിൽ താൽക്കാലികമായി പുനഃക്രമീകരിച്ച് സംസ്ഥാനത്തിലെ റേഷൻകാർഡുടമകൾക്ക് അരിയും മറ്റ് അവശ്യ ഭക്ഷ്യവസ്തുക്കളും ലഭ്യമാക്കുകയുണ്ടായി. സഞ്ചരിക്കുന്ന റേഷൻഷോപ്പുകളുടെ സേവനം സംസ്ഥാനത്തെ 136 ആദിവാസി ഊരുകളിലേയ്ക്ക് വ്യാപിപ്പിക്കുവാൻ കഴിഞ്ഞു.

എൻ.എഫ്.എസ്.എ. നിയമപ്രകാരമുള്ള ടാർജറ്റ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ നടപ്പിലാക്കിയതിലൂടെ സംസ്ഥാനത്തെ വലിയൊരു വിഭാഗം റേഷൻ ആനുകൂല്യങ്ങൾക്ക് പുറത്തായി. കേവലമൊരു ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ 57% വരുന്ന ജനവിഭാഗം റേഷൻ സംവിധാനത്തിന് പുറത്തായത് വലിയ പ്രതിസന്ധിയാണ് സൃഷ്ടിച്ചത്. എന്നാൽ കേരളത്തിലെ മുൻഗണനേതര വിഭാഗത്തിൽപ്പെട്ടവർക്കും കഴിയുന്ന തോതിൽ ഭക്ഷ്യവിതരണം നടത്തുന്ന സമീപനമാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നത്.

സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ് ശ്രദ്ധയിൽപ്പെട്ട ഉടൻതന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ മറ്റ് വകുപ്പുമന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, ജില്ലാ കളക്ടർമാർ, ജില്ലാ പോലീസ് മേധാവിമാർ എന്നിവരുമായി യോഗം ചേരുകയും വിലവർദ്ധനവ് പിടിച്ചുനിർത്തുന്നതിനുവേണ്ട അടിയന്തര നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തു. ഈ യോഗത്തിന്റെ തുടർച്ചയായി ബഹുമാനപ്പെട്ട ഭക്ഷ്യ-പൊതുവിതരണ

വകുപ്പുമന്ത്രി സംസ്ഥാനത്തെ മൊത്തവ്യാപാരി പ്രതിനിധികളെ വിളിച്ചുചേർക്കുകയും കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ് എന്നിവ തടയുന്നതിന് കർശന നിർദ്ദേശം നൽകുകയും ചെയ്തു. തുടർന്ന് ഈ വിഷയത്തിലെ പുരോഗതി വിലയിരുത്തുന്നതിനായി ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ അവലോകന യോഗങ്ങൾ നടത്തിവരുന്നുമുണ്ട്. ടി യോഗങ്ങളുടെ അടിസ്ഥാനത്തിൽ കേരളത്തിലെ 14 ജില്ലകളിലും കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും തടയുന്നതിന് വിലവിവരപ്പട്ടിക പ്രദർശിപ്പിക്കുന്നതിന് ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ ജില്ലാ സപ്ലൈ ഓഫീസർ, ലീഗൽ മെട്രോളജി ഇൻസ്പെക്ടർ, ഫുഡ് സേഫ്റ്റി ഓഫീസർ എന്നിവരും താലൂക്ക് തലത്തിൽ താലൂക്ക് സപ്ലൈ ഓഫീസർ, റേഷനിംഗ് ഇൻസ്പെക്ടർമാർ എന്നിവരും പൊതുവിപണിയിൽ വിപുലമായ പരിശോധനകൾ നടത്തുകയും വിലവിവരം പ്രദർശിപ്പിക്കാത്ത വ്യാപാരികൾക്കെതിരെ നോട്ടീസ് നൽകി നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം സംസ്ഥാനത്താകെ 2612 പരിശോധനകൾ നടത്തുകയും 760 ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടതിൽ നടപടി സ്വീകരിച്ചുവരുന്നുമുണ്ട്.

**നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം**

318 (318) ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം ശ്രദ്ധയിൽവന്നിട്ടുണ്ടോ;

(ബി) എങ്കിൽ വിപണിയിൽ ഇടപെട്ട് വിലക്കയറ്റം നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(സി) മാവേലി സ്റ്റോർ, സപ്ലൈകോ എന്നിവ മുഖേന കൂടുതൽ സബ്സിഡി സാധനങ്ങൾ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) മാർക്കറ്റിൽ ഒരേ സാധനങ്ങൾക്ക് വിവിധയിടങ്ങളിൽ വ്യത്യസ്ത വില ഈടാക്കുന്നത് തടയാനും കൃത്രിമ വിലക്കയറ്റമുണ്ടാകുന്നത് തടയാനും എന്തെല്ലാം പരിശോധന മാർഗ്ഗങ്ങളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

(എ-ഡി) വിലക്കയറ്റം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഭക്ഷ്യധാന്യങ്ങളുടെ ഉൽപ്പാദനം കുറഞ്ഞതിന്റെയും പണപ്പെരുപ്പത്തിന്റെയും രൂപയുടെ

മൂല്യശോഷണത്തിന്റെയും ഇന്ധന വിലവർദ്ധനവിന്റെയും കാലാവസ്ഥാ വ്യതിയാനത്തിന്റെയും ഫലമായും കൂടാതെ റഷ്യ-ഉക്രൈൻ യുദ്ധത്തെത്തുടർന്ന് ഉൽപ്പാദകർ കയറ്റുമതിയിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചതും രാജ്യത്ത് വിലക്കയറ്റമുണ്ടാകുന്നതിന് കാരണമായിട്ടുണ്ട്. സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വിലയിൽ വർദ്ധനവുണ്ടാകാതെ നിയന്ത്രിച്ച് നിർത്തുന്നതിനായി സർക്കാർ കാര്യക്ഷമമായ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

വിലക്കയറ്റമുണ്ടാകുമ്പോൾ ഒരു സർക്കാരിന് ചെയ്യാൻ കഴിയുന്നത് വിപണിയിൽ ശക്തമായി ഇടപെടുക എന്നതാണ്. 13 ഇനം അവശ്യസാധനങ്ങൾ 2016 ഏപ്രിൽ മാസത്തെ വിലയ്ക്ക് നൽകിവരുന്നത് ഇതിന്റെ ഭാഗമായാണ്. സപ്ലൈകോ വഴിയുള്ള ഇത്തരം വിപണി ഇടപെടലിലൂടെ മാത്രം സംസ്ഥാനസർക്കാരിന് പ്രതിവർഷം ശരാശരി 315 കോടി രൂപ ചെലവ് വരുന്നു. മേൽ പരാമർശിച്ച 13 ഇനം സബ്സിഡി ഉൽപ്പന്നങ്ങൾ പൊതുവിപണിയിൽനിന്നും വാങ്ങുന്നതിന് 1,383/- രൂപ

നൽകേണ്ടിവരുമ്പോൾ, സപ്ലൈകോ വിൽപ്പനശാലകളിൽ ഇത് കേവലം 756/- രൂപയ്ക്ക് ലഭിക്കുന്നു. ഇതിലൂടെ ഒരു ഉപഭോക്താവിന് 627/- രൂപയുടെ ആനുകൂല്യം ലഭിക്കുന്നു. ഇന്ത്യയിലെ ഒരു സംസ്ഥാനത്തും ഇത്തരത്തിലുള്ള ഒരു വിപണി ഇടപെടൽ നടക്കുന്നില്ല.

പ്രതിമാസം ശരാശരി 35 ലക്ഷം കാർഡുടമകൾ സപ്ലൈകോയുടെ വിപണി ഇടപെടലിന്റെ ആനുകൂല്യം കൈപ്പറ്റുന്നതായി കണക്കുകൾ വ്യക്തമാക്കുന്നു. ഇതിനുപുറമേ ഉത്സവ സീസണുകളിൽ വിലക്കുറവിൽ നിത്യോപയോഗ സാധനങ്ങൾക്കായി ഫെയറുകൾ സർക്കാർ സംഘടിപ്പിച്ചുവരുന്നുണ്ട്. കൂടാതെ, സപ്ലൈകോ വിൽപ്പനശാലകളുടെ സേവനം കൂടുതൽ മെച്ചപ്പെട്ട രീതിയിൽ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി 285 വിൽപ്പനശാലകൾ നവീകരിക്കുകയുണ്ടായി. സഞ്ചരിക്കുന്ന റേഷൻഷോപ്പുകളുടെ സേവനം സംസ്ഥാനത്തെ 136 ആദിവാസി ഊരുകളിലേയ്ക്ക് വ്യാപിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

എൻ.എഫ്.എസ്.എ. നിയമപ്രകാരമുള്ള ടാർജറ്റ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ നടപ്പിലാക്കിയതിലൂടെ സംസ്ഥാനത്തെ വലിയൊരു വിഭാഗം റേഷൻ ആനുകൂല്യങ്ങൾക്ക് പുറത്തായി. കേവലമൊരു ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ 57% വരുന്ന ജനവിഭാഗം റേഷൻ സംവിധാനത്തിന് പുറത്തായത് വലിയ പ്രതിസന്ധിയാണ് സൃഷ്ടിച്ചത്. എന്നാൽ കേരളത്തിലെ മുൻഗണനേതര വിഭാഗത്തിൽപ്പെട്ടവർക്കും കഴിയുന്ന തോതിൽ ഭക്ഷ്യവിതരണം നടത്തുന്ന സമീപനമാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നത്.

സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ് ശ്രദ്ധയിൽപ്പെട്ട ഉടൻതന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ മറ്റ് വകുപ്പുമന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, ജില്ലാ കളക്ടർമാർ, ജില്ലാ പോലീസ് മേധാവിമാർ എന്നിവരുമായി യോഗം ചേരുകയും വില വർദ്ധനവ് പിടിച്ചുനിർത്തുന്നതിനുവേണ്ട അടിയന്തര നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തു. ഈ യോഗത്തിന്റെ തുടർച്ചയായി ബഹുമാനപ്പെട്ട ഭക്ഷ്യ-പൊതുവിതരണ

വകുപ്പുമന്ത്രി സംസ്ഥാനത്തെ മൊത്തവ്യാപാരി പ്രതിനിധികളെ വിളിച്ചുചേർക്കുകയും കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ് എന്നിവ തടയുന്നതിന് കർശന നിർദ്ദേശം നൽകുകയും ചെയ്തു. തുടർന്ന് ഈ വിഷയത്തിലെ പുരോഗതി വിലയിരുത്തുന്നതിനായി ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ അവലോകന യോഗങ്ങൾ നടത്തിവരുന്നുമുണ്ട്. ടി യോഗങ്ങളുടെ അടിസ്ഥാനത്തിൽ കേരളത്തിലെ 14 ജില്ലകളിലും കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും തടയുന്നതിനും വിലവിവരപട്ടിക പ്രദർശിപ്പിക്കുന്നതിനും ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ ജില്ലാ സപ്ലൈ ഓഫീസർ, ലീഗൽ മെട്രോളജി ഇൻസ്പെക്ടർ, ഫുഡ് സേഫ്റ്റി ഓഫീസർ എന്നിവരും താലൂക്ക് തലത്തിൽ താലൂക്ക് സപ്ലൈ ഓഫീസർ, റേഷനിംഗ് ഇൻസ്പെക്ടർമാർ എന്നിവരും പൊതുവിപണിയിൽ വിപുലമായ പരിശോധനകൾ നടത്തുകയും വിലവിവരം പ്രദർശിപ്പിക്കാത്ത വ്യാപാരികൾക്കെതിരെ നോട്ടീസ് നൽകി നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം സംസ്ഥാനത്താകെ 2612 പരിശോധനകൾ നടത്തുകയും 760 ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടതിൽ നടപടി സ്വീകരിച്ചുവരുന്നുമുണ്ട്.

(ഇ) കെ-സ്റ്റോർ പദ്ധതി വേണ്ടത്ര വിജയം കാണുന്നില്ലെന്ന വിമർശനം പരിശോധിച്ച് കെ-സ്റ്റോറിലൂടെ കൂടുതൽ സബ്സിഡി ഭക്ഷ്യവസ്തുക്കൾ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

ആദ്യഘട്ടത്തിൽ പശ്ചാത്തല സൗകര്യങ്ങൾ ലഭ്യമായിട്ടുള്ള റേഷൻ കടകളെ ഉൾപ്പെടുത്തിക്കൊണ്ട് 108 കെ-സ്റ്റോറുകൾ ആരംഭിച്ചിട്ടുള്ളതും അവയുടെ പ്രവർത്തനം വിലയിരുത്തുമ്പോൾ ആയത് ആശാവഹവുമാണ്. കെ-സ്റ്റോറുകൾ ആരംഭിച്ചത് മുതൽ നാളിതുവരെയുള്ള പ്രവർത്തനം അവലോകനം ചെയ്തതിൽ കെ-സ്റ്റോറുകൾ നല്ല രീതിയിൽ പൊതുജനങ്ങൾക്ക് സേവനങ്ങൾ നൽകി പുരോഗതിയിലേയ്ക്ക് നിങ്ങുന്നതായി കാണുന്നു. ആദ്യഘട്ടത്തിൽ കെ-സ്റ്റോറുകൾ വഴി സി.എസ്.സി. (കോമൺ സർവ്വീസ് സെന്റർ) സേവനങ്ങൾ നൽകുന്നതിലുണ്ടായ സാങ്കേതികവും പ്രായോഗികവുമായ പരിമിതികൾ പരിഹരിച്ചുകൊണ്ടാണ് രണ്ടാംഘട്ടത്തിൽ കടകൾ തെരഞ്ഞെടുത്തിട്ടുള്ളത്. 50 സേവനങ്ങൾ മെച്ചപ്പെട്ട രിതിയിൽ നൽകുന്നതിനായി, കെ-സ്റ്റോർ ലൈസൻസികൾക്ക് ഇതുസംബന്ധിച്ച പരിശീലന പരിപാടികൾ നൽകിവരുന്നു. കെ-സ്റ്റോർ വഴി സബ്സിഡി

ഭക്ഷ്യവസ്തുക്കൾ വിതരണം ചെയ്യുന്നതിനുള്ള നടപടികളൊന്നും നിലവിൽ ആരംഭിച്ചിട്ടില്ല.

**നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ് തടയാൻ നടപടി**

319 (319) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ ഒരു വർഷത്തിനിടയിൽ നിത്യോപയോഗ സാധനങ്ങളുടെ വില എത്ര ശതമാനം വർദ്ധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

കഴിഞ്ഞ ഒരു വർഷത്തിനിടയിൽ വിലവർദ്ധനവുണ്ടായ നിത്യോപയോഗ സാധനങ്ങളും അവയുടെ ശതമാനവും ചുവടെ ചേർക്കുന്നു:

| **വില വർദ്ധിച്ച നിത്യോപയോഗ സാധനങ്ങൾ** | **വിലവർദ്ധന നിരക്ക്** |
|---|---|
| മട്ട അരി | 17% |
| ചെറുപയർ | 18% |
| ഉഴുന്ന് | 7% |
| വൻപയർ | 19% |
| തുവരപരിപ്പ് | 33% |

| | |
|---|---|
| കടല | 14% |
| പഞ്ചസാര | 4% |

13 ഇനം അവശ്യസാധനങ്ങളിൽ ടി ഇനങ്ങൾക്കല്ലാതെ മറ്റ് ഇനങ്ങൾക്ക് വിലവർദ്ധനവ് ഉണ്ടായിട്ടില്ല. ടി സാധനങ്ങളെല്ലാംതന്നെ നിശ്ചിത അളവിൽ 2016 മേയ് മാസത്തെ വിലയിൽ സപ്ലൈകോ വില്പനശാലകളിലൂടെ നൽകിവരുന്നു.

(ബി) നിത്യോപയോഗ സാധനങ്ങളുടെ വില ഉയരുന്ന സാഹചര്യത്തിൽ ഫലപ്രദമായി വിപണിയിൽ ഇടപെടുന്നതിന്എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഭക്ഷ്യധാന്യങ്ങളുടെ ഉൽപ്പാദനം കുറഞ്ഞതിന്റെയും പണപ്പെരുപ്പത്തിന്റെയും രൂപയുടെ മൂല്യശോഷണത്തിന്റെയും ഇന്ധന വിലവർദ്ധനവിന്റെയും കാലാവസ്ഥാ വ്യതിയാനത്തിന്റെയും ഫലമായും കൂടാതെ റഷ്യ-ഉക്രൈൻ യുദ്ധത്തെത്തുടർന്ന് ഉൽപ്പാദകർ കയറ്റുമതിയിൽ

കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചതും രാജ്യത്ത് വിലക്കയറ്റമുണ്ടാകുന്നതിന് കാരണമായിട്ടുണ്ട്. സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വിലയിൽ വർദ്ധനവുണ്ടാകാതെ നിയന്ത്രിച്ച് നിർത്തുന്നതിനായി സർക്കാർ കാര്യക്ഷമമായ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

വിലക്കയറ്റമുണ്ടാകുമ്പോൾ ഒരു സർക്കാരിന് ചെയ്യാൻ കഴിയുന്നത് വിപണിയിൽ ശക്തമായി ഇടപെടുക എന്നതാണ്. 13 ഇനം അവശ്യ സാധനങ്ങൾ 2016 ഏപ്രിൽ മാസത്തെ വിലയ്ക്ക് നൽകിവരുന്നത് ഇതിന്റെ ഭാഗമായാണ്. സപ്ലൈകോ വഴിയുള്ള ഇത്തരം വിപണി ഇടപെടലിലൂടെ മാത്രം സംസ്ഥാന സർക്കാരിന് പ്രതിവർഷം ശരാശരി 315 കോടി രൂപ ചെലവ് വരുന്നു. മേൽ പരാമർശിച്ച 13 ഇനം സബ്സിഡി ഉൽപ്പന്നങ്ങൾ പൊതുവിപണിയിൽനിന്നും വാങ്ങുന്നതിന് 1,383/- രൂപ നൽകേണ്ടി വരുമ്പോൾ, സപ്ലൈകോ വിൽപ്പനശാലകളിൽ ഇത് കേവലം 756/- രൂപയ്ക്ക് ലഭിക്കുന്നു. ഇതിലൂടെ ഒരു ഉപഭോക്താവിന് 627/- രൂപയുടെ ആനുകൂല്യം ലഭിക്കുന്നു. ഇന്ത്യയിലെ ഒരു സംസ്ഥാനത്തും ഇത്തരത്തിലുള്ള ഒരു വിപണി ഇടപെടൽ നടക്കുന്നില്ല.

പ്രതിമാസം 35 ലക്ഷം കാർഡുടമകൾ സപ്ലൈകോയുടെ വിപണി ഇടപെടലിന്റെ ആനുകൂല്യം കൈപ്പറ്റുന്നതായി കണക്കുകൾ വ്യക്തമാക്കുന്നു. ഇതിനുപുറമെ ഉത്സവ സീസണുകളിൽ വിലക്കുറവിൽ നിത്യോപയോഗ സാധനങ്ങൾക്കായി ഫെയറുകൾ സർക്കാർ സംഘടിപ്പിച്ചുവരുന്നുണ്ട്. കൂടാതെ, സപ്ലൈകോ വിൽപ്പനശാലകളുടെ സേവനം കൂടുതൽ മെച്ചപ്പെട്ട രീതിയിൽ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി 285 വിൽപ്പനശാലകൾ നവീകരിക്കുകയുണ്ടായി. സഞ്ചരിക്കുന്ന റേഷൻഷോപ്പുകളുടെ സേവനം സംസ്ഥാനത്തെ 136 ആദിവാസി ഊരുകളിലേയ്ക്ക് വ്യാപിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

എൻ.എഫ്.എസ്.എ. നിയമപ്രകാരമുള്ള ടാർജറ്റ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ നടപ്പിലാക്കിയതിലൂടെ സംസ്ഥാനത്തെ വലിയൊരു വിഭാഗം റേഷൻ ആനുകൂല്യങ്ങൾക്ക് പുറത്തായി. കേവലമൊരു ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ 57% വരുന്ന ജനവിഭാഗം റേഷൻ സംവിധാനത്തിന് പുറത്തായത് വലിയ പ്രതിസന്ധിയാണ് സൃഷ്ടിച്ചത്. എന്നാൽ കേരളത്തിലെ മുൻഗണനേതര വിഭാഗത്തിൽപ്പെട്ടവർക്കും കഴിയുന്ന

തോതിൽ ഭക്ഷ്യവിതരണം നടത്തുന്ന സമീപനമാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നത്.

സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ് ശ്രദ്ധയിൽപ്പെട്ട ഉടൻതന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ മറ്റു വകുപ്പുമന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, ജില്ലാ കളക്ടർമാർ, ജില്ലാ പോലീസ് മേധാവിമാർ എന്നിവരുമായി യോഗം ചേരുകയും വിലവർദ്ധനവ് പിടിച്ചുനിർത്തുന്നതിനുവേണ്ട അടിയന്തര നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തു. ഈ യോഗത്തിന്റെ തുടർച്ചയായി ബഹുമാനപ്പെട്ട ഭക്ഷ്യ പൊതുവിതരണ വകുപ്പുമന്ത്രി മൊത്തവ്യാപാരി പ്രതിനിധികളെ വിളിച്ചുചേർക്കുകയും കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ് എന്നിവ തടയുന്നതിന് കർശന നിർദ്ദേശം നൽകുകയും ചെയ്തു. തുടർന്ന് ഈ വിഷയത്തിലെ പുരോഗതി വിലയിരുത്തുന്നതിനായി ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ അവലോകന യോഗങ്ങൾ നടത്തിവരുന്നുമുണ്ട്. ടി യോഗങ്ങളുടെ അടിസ്ഥാനത്തിൽ കേരളത്തിലെ 14 ജില്ലകളിലും കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും

തടയുന്നതിനും വിലവിവരപ്പട്ടിക പ്രദർശിപ്പിക്കുന്നതിനും ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ ജില്ലാ സപ്ലൈ ഓഫീസർ, ലീഗൽ മെട്രോളജി ഇൻസ്പെക്ടർ, ഫുഡ് സേഫ്റ്റി ഓഫീസർ എന്നിവരും താലൂക്ക് തലത്തിൽ താലൂക്ക് സപ്ലൈ ഓഫീസർ, റേഷനിംഗ് ഇൻസ്പെക്ടർമാർ എന്നിവരും പൊതുവിപണിയിൽ വിപുലമായ പരിശോധനകൾ നടത്തുകയും വിലവിവരം പ്രദർശിപ്പിക്കാത്ത വ്യാപാരികൾക്കെതിരെ നോട്ടീസ് നൽകി നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം സംസ്ഥാനത്താകെ 2612 പരിശോധനകൾ നടത്തുകയും 760 ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടതിൽ നടപടി സ്വീകരിച്ചുവരുന്നുമുണ്ട്.

(സി) സപ്ലൈകോ വില്പനശാലയിൽ സബ്സിഡിയിൽ വിൽക്കുന്ന പല ഉൽപ്പന്നങ്ങളും ലഭ്യമല്ലാത്ത സാഹചര്യമുണ്ടാകുന്നതിന്റെ കാരണം വ്യക്തമാക്കുമോ?

സബ്സിഡിയിൽ വിൽക്കുന്ന ഉൽപ്പന്നങ്ങൾ സപ്ലൈകോ വില്പനശാലകളിൽ മതിയായ അളവിൽ സ്റ്റോക്ക് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ഓരോ മാസത്തെ ഇ-ടെൻഡർ നടപടികളിലൂടെ

സംഭരിക്കുന്ന സാധനങ്ങൾ മാസത്തിന്റെ അവസാന നാളുകളിൽ വിറ്റ് തീർന്നുപോകുന്ന സാഹചര്യമുണ്ട്. ഇതിനാൽ മാസത്തിന്റെ അവസാന നാളുകളിൽ ചില സാധനങ്ങൾ ലഭ്യമല്ലാത്ത അവസ്ഥയുണ്ട്.

(ഡി) വരാനിരിക്കുന്ന ഓണക്കാലത്ത് അവശ്യ സാധനങ്ങൾ പൊതുജനങ്ങൾക്ക് ആവശ്യാനുസരണം ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഈ ഓണക്കാലത്ത് സംസ്ഥാനത്ത് അവശ്യവസ്തുക്കളുടെ വിലക്കയറ്റമുണ്ടാകാതിരിക്കാൻ ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഓണത്തിനാവശ്യമായ സാധനങ്ങൾ ലഭ്യമാക്കുന്നതിനായി സപ്ലൈകോ പ്രതിമാസ ഇ-ടെണ്ടറിന് പുറമേ പ്രത്യേകമായി ഇ-ടെണ്ടർ ക്ഷണിച്ച് പർച്ചേസ് ഓർഡറുകൾ നൽകുന്നുണ്ട്. സർക്കാരിന്റെ വിപണി ഇടപെടലിന്റെ ഭാഗമായി ഈ വർഷം സബ്സിഡി ഇനങ്ങൾക്കുപുറമേ തെരഞ്ഞെടുത്ത സപ്ലൈകോ ശബരി ഉൽപ്പന്നങ്ങൾക്കും ജനപ്രിയ എഫ്.എം.സി.ജി. ഉൽപ്പന്നങ്ങൾക്കും ആകർഷകമായ ഡിസ്കൗണ്ടും ഓഫറുകളും നൽകിക്കൊണ്ട് 2023 ആഗസ്റ്റ് 18 മുതൽ 28 വരെ എല്ലാ

ജില്ലകളിലും വിപുലമായ തോതിൽ സപ്ലൈകോ 'ഓണം ഫെസ്റ്റ്-2023' എന്ന പേരിൽ പ്രത്യേകം ഓണം ജില്ലാ ഫെയറുകൾ സംഘടിപ്പിക്കുന്നുണ്ട്. സപ്ലൈകോ 'ഓണം ഫെസ്റ്റ്-2023' നടത്തുന്നതിന് ജനപ്രിയ ബ്രാൻഡുകളുടെ പ്രമുഖ ഉൽപ്പന്നങ്ങൾ നിലവിൽ നൽകിവരുന്ന ഡിസ്കൗണ്ടിന് പുറമേ 5% മുതൽ 50% വരെ അധിക വിലക്കുറവിൽ വിവിധ ഓഫറുകളോടുകൂടി പൊതുജനങ്ങൾക്ക് ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പച്ചക്കറി, പാൽ ഉൽപ്പന്നങ്ങൾ എന്നിവയ്ക്കും ഓണം ജില്ലാ ഫെയറുകളിൽ പ്രാധാന്യം നൽകിയിട്ടുണ്ട്. കൂടാതെ ആഗസ്റ്റ് 22 മുതൽ 28 വരെ താലൂക്ക് തലത്തിലും പ്രമുഖ സപ്ലൈകോ വില്പനശാലകളോടനുബന്ധിച്ച് പച്ചക്കറി ഉൾപ്പെടെയുള്ള 'ഓണം താലൂക്ക് ഫെയറുകളും' സംഘടിപ്പിക്കുന്നുണ്ട്. ആഗസ്റ്റ് 24 മുതൽ 28 വരെ സപ്ലൈകോയുടെ എല്ലാ വില്പനശാലകളും ഓണം മാർക്കറ്റുകളായി പ്രവർത്തിക്കുന്നതാണ്.

**നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവ് തടയാൻ നടപടി**

320 (320) ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വില അനുദിനം വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) പൊതുജനങ്ങൾക്ക് നിത്യോപയോഗ സാധനങ്ങൾ വിലക്കുറവിൽ ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്താനും വിലനിലവാരം നിയന്ത്രിക്കുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ;

(സി) കൃത്യമായ വിപണി ഇടപെടൽ നടത്തുന്നതിനും കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ് എന്നിവ തടയുന്നതിനുമായി സ്വീകരിച്ച നടപടികൾമൂലമുണ്ടായ പുരോഗതി അറിയിക്കുമോ; ഇതിനായി നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥർ ആരെല്ലാമാണെന്നും അവർ നടത്തിയ പരിശോധനകളുടെ വിശദാംശങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ?

(എ-സി) വിലക്കയറ്റം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഭക്ഷ്യധാന്യങ്ങളുടെ ഉൽപ്പാദനം കുറഞ്ഞതിന്റെയും പണപ്പെരുപ്പത്തിന്റെയും രൂപയുടെ മൂല്യശോഷണത്തിന്റെയും ഇന്ധന വിലവർദ്ധനവിന്റെയും കാലാവസ്ഥാ വ്യതിയാനത്തിന്റെയും ഫലമായും കൂടാതെ റഷ്യ-ഉക്രൈൻ യുദ്ധത്തെത്തുടർന്ന് ഉൽപ്പാദകർ കയറ്റുമതിയിൽ കൂടുതൽ ശ്രദ്ധ

കേന്ദ്രീകരിച്ചതും രാജ്യത്ത് വിലക്കയറ്റമുണ്ടാകുന്നതിന് കാരണമായിട്ടുണ്ട്. സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വിലയിൽ വർദ്ധനവുണ്ടാകാതെ നിയന്ത്രിച്ച് നിർത്തുന്നതിനായി സർക്കാർ കാര്യക്ഷമമായ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

വിലക്കയറ്റമുണ്ടാകുമ്പോൾ ഒരു സർക്കാരിന് ചെയ്യാൻ കഴിയുന്നത് വിപണിയിൽ ശക്തമായി ഇടപെടുക എന്നതാണ്. 13 ഇനം അവശ്യസാധനങ്ങൾ 2016 ഏപ്രിൽ മാസത്തെ വിലയ്ക്ക് നൽകിവരുന്നത് ഇതിന്റെ ഭാഗമായാണ്. സപ്ലൈകോ വഴിയുള്ള ഇത്തരം വിപണി ഇടപെടലിലൂടെ മാത്രം സംസ്ഥാന സർക്കാരിന് പ്രതിവർഷം ശരാശരി 315 കോടി രൂപ ചെലവ് വരുന്നു. മേൽ പരാമർശിച്ച 13 ഇനം സബ്സിഡി ഉൽപ്പന്നങ്ങൾ പൊതുവിപണിയിൽനിന്നും വാങ്ങുന്നതിന് 1,383/- രൂപ നൽകേണ്ടിവരുമ്പോൾ, സപ്ലൈകോ വില്പനശാലകളിൽ ഇത് കേവലം 756/- രൂപയ്ക്ക് ലഭിക്കുന്നു. ഇതിലൂടെ ഒരു ഉപഭോക്താവിന് 627/- രൂപയുടെ ആനുകൂല്യം ലഭിക്കുന്നു. ഇന്ത്യയിലെ ഒരു സംസ്ഥാനത്തും ഇത്തരത്തിലുള്ള ഒരു വിപണി ഇടപെടൽ നടക്കുന്നില്ല.

പ്രതിമാസം 35 ലക്ഷം കാർഡുടമകൾ സപ്ലൈകോയുടെ വിപണി ഇടപെടലിന്റെ ആനുകൂല്യം കൈപ്പറ്റുന്നതായി കണക്കുകൾ വ്യക്തമാക്കുന്നു. ഇതിനുപുറമെ ഉത്സവ സീസണുകളിൽ വിലക്കുറവിൽ നിത്യോപയോഗ സാധനങ്ങൾക്കായി ഫെയറുകൾ സർക്കാർ സംഘടിപ്പിച്ചുവരുന്നുണ്ട്. കൂടാതെ, സപ്ലൈകോ വില്പനശാലകളുടെ സേവനം കൂടുതൽ മെച്ചപ്പെട്ട രീതിയിൽ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി 285 വില്പനശാലകൾ നവീകരിക്കുകയുണ്ടായി. സഞ്ചരിക്കുന്ന റേഷൻഷോപ്പുകളുടെ സേവനം സംസ്ഥാനത്തെ 136 ആദിവാസി ഊരുകളിലേയ്ക്ക് വ്യാപിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

എൻ.എഫ്.എസ്.എ. നിയമപ്രകാരമുള്ള ടാർജറ്റ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ നടപ്പിലാക്കിയതിലൂടെ സംസ്ഥാനത്തെ വലിയൊരു വിഭാഗം റേഷൻ ആനുകൂല്യങ്ങൾക്ക് പുറത്തായി. കേവലമൊരു ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ 57% വരുന്ന ജനവിഭാഗം റേഷൻ സംവിധാനത്തിന് പുറത്തായത് വലിയ പ്രതിസന്ധിയാണ് സൃഷ്ടിച്ചത്. എന്നാൽ കേരളത്തിലെ മുൻഗണനേതര വിഭാഗത്തിൽപ്പെട്ടവർക്കും കഴിയുന്ന

തോതിൽ ഭക്ഷ്യവിതരണം നടത്തുന്ന സമീപനമാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നത്.

സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ് ശ്രദ്ധയിൽപ്പെട്ട ഉടൻതന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ മറ്റ് വകുപ്പുമന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, ജില്ലാ കളക്ടർമാർ, ജില്ലാ പോലീസ് മേധാവിമാർ എന്നിവരുമായി യോഗം ചേരുകയും വിലവർദ്ധനവ് പിടിച്ചുനിർത്തുന്നതിനുവേണ്ട അടിയന്തര നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തു. ഈ യോഗത്തിന്റെ തുടർച്ചയായി ബഹുമാനപ്പെട്ട ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സംസ്ഥാനത്തെ മൊത്തവ്യാപാരി പ്രതിനിധികളെ വിളിച്ചുചേർക്കുകയും കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ് എന്നിവ തടയുന്നതിന് കർശന നിർദ്ദേശം നൽകുകയും ചെയ്തു. തുടർന്ന് ഈ വിഷയത്തിലെ പുരോഗതി വിലയിരുത്തുന്നതിനായി ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ അവലോകന യോഗങ്ങൾ നടത്തിവരുന്നുമുണ്ട്. ടി യോഗങ്ങളുടെ അടിസ്ഥാനത്തിൽ കേരളത്തിലെ 14 ജില്ലകളിലും കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും

തടയുന്നതിനും വിലവിവരപ്പട്ടിക പ്രദർശിപ്പിക്കുന്നതിനും ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ ജില്ലാ സപ്ലൈ ഓഫീസർ, ലീഗൽ മെട്രോളജി ഇൻസ്പെക്ടർ, ഫുഡ് സേഫ്റ്റി ഓഫീസർ എന്നിവരും താലൂക്ക് തലത്തിൽ താലൂക്ക് സപ്ലൈ ഓഫീസർ, റേഷനിംഗ് ഇൻസ്പെക്ടർമാർ എന്നിവരും പൊതുവിപണിയിൽ വിപുലമായ പരിശോധനകൾ നടത്തുകയും വിലവിവരം പ്രദർശിപ്പിക്കാത്ത വ്യാപാരികൾക്കെതിരെ നോട്ടീസ് നൽകി നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം സംസ്ഥാനത്താകെ 2612 പരിശോധനകൾ നടത്തുകയും 760 ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടതിന്മേൽ നടപടി സ്വീകരിച്ചുവരികയുമാണ്.

**പയ്യന്നൂർ മണ്ഡലത്തിലെ സിവിൽ സപ്ലൈസ് ഗോഡൗൺ നിർമ്മാണം**

321 (321) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ എരമം-പുല്ലുപാറയിൽ സിവിൽ സപ്ലൈസ് വകുപ്പിന്റെ കീഴിൽ നിർമ്മിക്കാൻ തീരുമാനിച്ച് പ്രവൃത്തി

ഉദ്ഘാടനം നടത്തിയ ഗോഡൗണിന്റെ നിലവിലെ അവസ്ഥ എന്താണെന്ന് വിശദീകരിക്കാമോ;

(ബി) പ്രസ്തുത പദ്ധതി സഹകരണ വകുപ്പ് മുഖേന നടപ്പിലാക്കാൻ തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കാമോ;

(സി) പ്രസ്തുത നിർമ്മാണ പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കാമോ?

(എ-സി) കണ്ണൂർ ജില്ലയിലെ പയ്യന്നൂർ താലൂക്കിൽ പൊതുവിതരണ വകുപ്പിന് ലഭ്യമായ ഭൂമിയിൽ എ.ഐ.എഫ്. (അഗ്രികൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഫണ്ട്) വിനിയോഗിച്ച് സഹകരണ വകുപ്പ് മുഖാന്തരം എൻ.എഫ്.എസ്.എ. ഗോഡൗൺ നിർമ്മിക്കുന്നതിന് 24-03-2023-ലെ G.O. (Rt)No.128/2023/F&CS നമ്പർ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷംതന്നെ ഗോഡൗൺ നിർമ്മാണം ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**സപ്ലൈകോയുടെ വിപണി ഇടപെടൽ**

322 (322) ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സപ്ലൈകോയുടെ വിപണി ഇടപെടലിനായി നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളതെന്നും നാളിതുവരെ ഇതിൽ എത്ര തുക അനുവദിച്ച് നൽകിയെന്നും എത്ര തുക ഏതൊക്കെ ഇനത്തിലാണ് ചെലവഴിച്ചതെന്നുമുള്ള വിശദാംശം വ്യക്തമാക്കുമോ?

സപ്ലൈകോയുടെ വിപണി ഇടപെടലിനായി നടപ്പ് സാമ്പത്തിക വർഷം (2023-24) ബഡ്ജറ്റ് വിഹിതമായി 190.80 കോടി രൂപയാണ് വകയിരുത്തിയത്. ടി തുകയിൽനിന്നും 70 കോടി രൂപ 03-08-2023-ലെ G.O.(Rt)No.334/2023/FCS പ്രകാരം 2408-01-102-99-KSCSC-MI Grants Subsidies (NP) എന്ന ശീർഷകത്തിൽ സപ്ലൈകോയ്ക്ക് അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

**സപ്ലൈകോയ്ക്ക് നൽകാനുള്ള കുടിശ്ശിക**

323 (323) <u>ശ്രീ. എ. പി. അനിൽ കുമാർ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സബ്സിഡി ഇനത്തിൽ നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്ത വകയിലും കിറ്റ് വിതരണം ചെയ്ത വകയിലും സപ്ലൈകോയ്ക്ക് എത്ര തുക നൽകാനുണ്ടെന്ന് അറിയിക്കാമോ; പ്രസ്തുത കുടിശ്ശിക എന്നത്തേയ്ക്ക് നൽകാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

വിപണിയിടപെടൽ പദ്ധതി നടപ്പാക്കിയതിൽ സബ്സിഡി ഇനത്തിൽ നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്ത വകയിൽ സർക്കാരിൽ നിന്നും 2010-11 സാമ്പത്തിക വർഷം മുതൽ 2022-23 സാമ്പത്തിക വർഷം വരെ 1432.33 കോടി രൂപ കുടിശ്ശികയായിട്ടുണ്ട്. കൂടാതെ കിറ്റ് വിതരണം ചെയ്ത വകയിൽ താഴെപ്പറയും പ്രകാരവും തുകകൾ സർക്കാരിൽനിന്നും കുടിശ്ശികയായിട്ടുണ്ട്.

<u>സ്കൂൾ വിദ്യാർത്ഥികൾക്കുള്ള കിറ്റ്</u>

2020-21, 2021-22 - 128.48 കോടി

<u>അതിഥി തൊഴിലാളി കിറ്റ്</u>

2020, 2021 - 11.14 കോടി

<u>മത്സ്യത്തൊഴിലാളി കിറ്റ്</u>

2021 - 16.08 കോടി

<u>ക്വാറന്റൈൻ കിറ്റ്</u>

2020 - 2.03 കോടി

03-08-2023-ലെ സ.ഉ.(സാധാ) നം.334/2023/ഭ.പൊ.വി.വ. പ്രകാരം വിപണിയിടപെടൽ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി 70 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ബാക്കി തുക നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) നെല്ല് സംഭരണം നടത്തിയതുവഴി സപ്ലൈകോയ്ക്ക് എത്ര രൂപ കുടിശ്ശിക ഇനത്തിൽ നൽകുവാനുണ്ട്; പ്രസ്തുത കുടിശ്ശിക എന്നത്തേയ്ക്ക് നൽകാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

നെല്ല് സംഭരണം നടത്തിയതുവഴി സംസ്ഥാന പ്രോത്സാഹന ബോണസിനത്തിൽ (നെല്ല് സംഭരണം) മേയ് 2022 മുതൽ ജൂൺ 2023 വരെ 666.69 കോടിയും ഔട്ട് ടേൺ റേഷ്യോ ഡിഫറൻസ് ഇനത്തിൽ (നെല്ല് സംഭരണം) 01-04-2019 മുതൽ 31-07-2022 വരെ 286.96 കോടി രൂപയും കുടിശ്ശികയുണ്ട്. 31-07-2023-ലെ സ.ഉ. (സാധാ)നം.327/2023 എഫ്.&സി.എസ്. പ്രകാരം 60 കോടി രൂപയും 02-08-2023-ലെ സ.ഉ.(സാധാ)നം.331/2023/എഫ്.&സി.എസ്. പ്രകാരം 120 കോടി രൂപയും ചേർത്ത് 180 കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. ബാക്കി തുക നൽകുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ സ്വീകരിച്ചുവരുന്നു.

(സി) സപ്ലൈകോ സ്റ്റോറുകളിൽ നിത്യോപയോഗ സാധനങ്ങളുടെ ലഭ്യതക്കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

ഇല്ല. ഓണവില്പന കണക്കിലെടുത്ത് സപ്ലൈകോ സ്റ്റോറുകളിൽ നിത്യോപയോഗ സാധനങ്ങളുടെ ലഭ്യതക്കുറവ് ഉണ്ടാകാതിരിക്കാൻവേണ്ടി താഴെപ്പറയുന്ന അളവിൽ കൂടുതൽ ഭക്ഷ്യധാന്യങ്ങൾ സംഭരിച്ച് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ആയത് പ്രകാരമുള്ള സാധനങ്ങൾ സപ്ലൈകോ വില്പനശാലകളിൽ വിതരണത്തിനായി എത്തുകയും ചെയ്യുന്നതാണ്.

1) പയർ വർഗ്ഗങ്ങൾ - 66000 ക്വിന്റൽ

2) പഞ്ചസാര - 58000 ക്വിന്റൽ

3) അരി - 181000 ക്വിന്റൽ

**കാണിനാട്ടിൽ സപ്ലൈകോ സൂപ്പർ മാർക്കറ്റ് ആരംഭിക്കുന്നതിന് നടപടി**

324 (324) **ശ്രീ. പി. വി. ശ്രീനിജിൻ:** താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിലെ വടവുകോട്-പുത്തൻകുരിശ് പഞ്ചായത്തിലെ കാണിനാട്ടിൽ സപ്ലൈകോ സൂപ്പർ മാർക്കറ്റ്

ആരംഭിക്കണമെന്ന നിവേദനത്തിന്മേൽ തുടർനടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) സൂപ്പർ മാർക്കറ്റിനായി പഞ്ചായത്ത് കെട്ടിട സൗകര്യം കണ്ടെത്തിയ സാഹചര്യത്തിൽ ആയത് ആരംഭിക്കുന്നതിന് നടപടി കൈക്കൊള്ളുമോയെന്ന് അറിയിക്കാമോ?

(എ&ബി) എറണാകുളം ജില്ലയിലെ പെരുമ്പാവൂർ ഡിപ്പോ പരിധിയിലുള്ള പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിലെ കാണിനാട് എന്ന പ്രദേശത്ത് പുതിയ മാവേലി സ്റ്റോർ ആരംഭിക്കുന്നതിനായി ലഭിച്ച പ്രൊപ്പോസലിന്മേൽ സാധ്യതാ പഠനം നടത്തിയതിൽ പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിൽ നിലവിൽ ഒരു സൂപ്പർ മാർക്കറ്റും എറണാകുളം ജില്ലാ ഡിപ്പോയുടെ കീഴിൽ കരിമുകൾ എന്ന സ്ഥലത്ത് ഒരു മാവേലി സ്റ്റോറും പ്രവർത്തിക്കുന്നതിനാൽ പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിൽ മൂന്നാമത് ഒരു വില്പനശാല കൂടി ലാഭകരമായി പ്രവർത്തിപ്പിക്കാൻ കഴിയില്ലായെന്നും അത് സമീപ പ്രദേശത്തുള്ള വില്പനശാലകളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുമെന്നും കാണുന്നു. 1000 ചതുരശ്ര അടിക്ക് മുകളിൽ ആജീവനാന്ത

വാടകരഹിതമായി പഞ്ചായത്ത് കെട്ടിടം നൽകാൻ സന്നദ്ധമായാൽ പ്രസ്തുത സ്ഥലത്ത് സൂപ്പർ മാർക്കറ്റ് തുടങ്ങുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

**പാറശ്ശാല നിയോജകമണ്ഡലത്തിലെ മാവേലി സ്റ്റോറുകൾ**

325 (325) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിൽ നിലവിൽ എത്ര മാവേലി സ്റ്റോറുകൾ പ്രവർത്തിച്ചുവരുന്നുണ്ട്; പഞ്ചായത്ത് തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ?

പാറശ്ശാല നിയോജകമണ്ഡലത്തിൽ നിലവിൽ എട്ട് മാവേലി സ്റ്റോറുകൾ പ്രവർത്തിച്ചുവരുന്നു. പഞ്ചായത്ത് തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത മണ്ഡലത്തിൽ ഏതെങ്കിലും സ്ഥലത്ത് പുതുതായി മാവേലി സ്റ്റോറുകളോ സപ്ലൈകോ ഔട്ട്ലെറ്റുകളോ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അമ്പൂരി ഗ്രാമപഞ്ചായത്തിൽ കുടപ്പനമൂട് എന്ന സ്ഥലത്ത് സൂപ്പർ മാർക്കറ്റ് ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ പഞ്ചായത്തിൽനിന്നും ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) മണ്ഡലത്തിലെ ഏതെങ്കിലും മാവേലി സ്റ്റോർ സൂപ്പർ മാർക്കറ്റായി ഉയർത്തുന്നതിന് അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; നിലവിൽ മണ്ഡലത്തിൽ എത്ര സൂപ്പർ മാർക്കറ്റുകൾ പ്രവർത്തിച്ചുവരുന്നുണ്ട്; പഞ്ചായത്ത് തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ?

പാറശ്ശാല നിയോജകമണ്ഡലത്തിൽ കൊല്ലയിൽ, കാരക്കോണം, പാറശ്ശാല, വെള്ളറട എന്നീ മാവേലി സ്റ്റോറുകൾ സൂപ്പർ മാർക്കറ്റാക്കാൻ അനുയോജ്യമാണ്. നിലവിൽ രണ്ട് സൂപ്പർ മാർക്കറ്റുകൾ പ്രവർത്തിക്കുന്നുണ്ട്.

<u>പഞ്ചായത്ത് തിരിച്ചുള്ള വിവരം</u>

1) ആര്യൻകോട് ഗ്രാമപഞ്ചായത്ത് - ഒറ്റശേഖരമംഗലം സൂപ്പർ മാർക്കറ്റ്

2) പെരുങ്കടവിള ഗ്രാമപഞ്ചായത്ത് - മാരായമുട്ടം സൂപ്പർ മാർക്കറ്റ്

(ഡി) കൂടുതൽ സൂപ്പർ മാർക്കറ്റുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ?

ബിസിനസ്/വിപണന സാദ്ധ്യതകൾ പരിശോധിച്ച് പ്രതീക്ഷിത വിറ്റുവരവിന്റെ അടിസ്ഥാനത്തിലും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരവും സൂപ്പർ മാർക്കറ്റുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

(ഇ) സപ്ലൈകോ മാവേലി സ്റ്റോറുകൾ, സൂപ്പർ മാർക്കറ്റുകൾ എന്നിവ വഴി വിവിധ വിഭാഗങ്ങളിലുള്ള റേഷൻ കാർഡ് ഉടമകൾക്ക് നൽകുന്ന സേവനങ്ങൾ എന്തൊക്കെയാണെന്ന് ഇനം തിരിച്ച് ലഭ്യമാക്കാമോ?

സർക്കാർ നിർദ്ദേശമനുസരിച്ച് വിപണിയിടപെടലിന്റെ ഭാഗമായി 13 ഇനം നിത്യോപയോഗ സാധനങ്ങൾ സബ്സ്ഡി നിരക്കിൽ സപ്ലൈകോ വില്പനശാലകൾ വഴി എല്ലാ റേഷൻ കാർഡുടമകൾക്കും വില്പന നടത്തിവരുന്നു. ഈ സാധനങ്ങളുടെ വില്പന വില 2016 മേയ് മാസം മുതൽ വർദ്ധിപ്പിച്ചിട്ടില്ല. പൊതുവിപണിയേക്കാൾ 28 മുതൽ 74 ശതമാനം വരെ വിലക്കുറവിലാണ് സപ്ലൈകോ ഈ 13 ഇനം സബ്സിഡി സാധനങ്ങൾ വില്പന നടത്തുന്നത്. ഇപ്രകാരം 13 ഇനം അവശ്യ വസ്തുക്കൾ സപ്ലൈകോ

വില്പനശാലകളിലൂടെ സബ്സിഡി നിരക്കിൽ വിതരണം ചെയ്യതുമൂലം 2021 ഏപ്രിൽ മുതൽ 2023 മാർച്ച് വരെ ഏകദേശം 856.65 കോടി രൂപയുടെ പ്രയോജനം വിലക്കിഴിവിന്റെ രൂപത്തിൽ പൊതുജനങ്ങൾക്ക് ലഭിച്ചിട്ടുണ്ട്.

**ഭക്ഷ്യ പൊതുവിതരണ വകുപ്പിലെ ജീവനക്കാരുടെ സ്ഥലംമാറ്റങ്ങൾ**

326 (326) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ പൊതുവിതരണ വകുപ്പിലെ ജീവനക്കാരുടെ സ്ഥലംമാറ്റങ്ങൾ ഓൺലൈൻ വഴിയാക്കുന്നതിനായി എച്ച്.ആർ.എം.എസ്. വികസിപ്പിക്കുന്നതിനായി 02-06-2022-ൽ സി-ഡിറ്റിന് നൽകിയ വർക്ക് ഓർഡർ പ്രകാരം സോഫ്റ്റ്‌വെയർ തയ്യാറായിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണം വിശദമാക്കാമോ?

ഇല്ല. സി-ഡിറ്റിന് വർക്ക് ഓർഡർ നൽകി കരട് എഗ്രിമെന്റ് ഒപ്പുവയ്ക്കുന്ന നടപടികൾവരെ എത്തിയെങ്കിലും എഗ്രിമെന്റിൽ സൂചിപ്പിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ പദ്ധതി പൂർത്തീകരിക്കാൻ സാധിക്കില്ലെന്നും എഗ്രിമെന്റിൽ പ്രതിപാദിച്ചിരുന്ന പിഴ സംബന്ധിച്ച ഉപവകുപ്പുകൾ

സ്വീകാര്യമല്ലെന്നും സി-ഡിറ്റ് രജിസ്ട്രാർ അറിയിച്ച സാഹചര്യത്തിലാണ് പദ്ധതിയുമായി മുന്നോട്ടുപോകാൻ കഴിയാതിരുന്നത്. ഈ സാഹചര്യത്തിൽ, കേരളാ സ്റ്റാർട്ടപ് മിഷന് കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്റ്റാർട്ടപ് കമ്പനികളുമായി ചേർന്ന് ഓൺലൈൻ സ്ഥലംമാറ്റ നിയമനത്തിനുമുള്ള സോഫ്റ്റ്‌വെയർ തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ബി) പ്രസ്തുത പ്രവൃത്തിക്കായി എത്ര രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്; സോഫ്റ്റ്‌വെയർ തയ്യാറാക്കി നൽകേണ്ട കാലാവധി എന്നുവരെയാണ്; വിശദമാക്കാമോ?

2023-24 സാമ്പത്തിക വർഷം 16-05-2023-ലെ G.O. (Rt)No.195/2023/F&CS ഉത്തരവ് പ്രകാരം പ്രസ്തുത പ്രവൃത്തിക്കുൾപ്പെടെ 30 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

അനുബന്ധമായി ചേർത്തിട്ടുണ്ട്.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) പ്രസ്തുത പ്രവൃത്തി എന്നുമുതൽ നടപ്പിലാക്കാനാകുമെന്ന് വിശദമാക്കാമോ?

പ്രസ്തുത പദ്ധതി പ്രവർത്തനങ്ങൾ പ്രാരംഭ ഘട്ടത്തിലാണ്. എത്രയുംവേഗം സമയബന്ധിതമായി നടപ്പാക്കാനുള്ള ശ്രമങ്ങൾ തുടരുന്നതാണ്.

**നെല്ല് സംഭരണ പദ്ധതി**

327 (327) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ നെല്ല് സംഭരണ പദ്ധതി പ്രകാരം കർഷകർക്ക് നൽകാനുള്ള കുടിശ്ശിക തുക വിതരണം ചെയ്യാനും അടുത്ത സംഭരണ സീസൺ മുതൽ സമയബന്ധിതമായി നെല്ലെടുക്കാനും വില യഥാസമയം കർഷകർക്ക് ലഭ്യമാക്കാനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

2022-23 സീസണിൽ 31-07-2023 വരെ സപ്ലൈകോ 7,31,184 മെട്രിക് ടൺ നെല്ല് സംഭരിച്ചിട്ടുണ്ട്. ആയതിൽ നെല്ലിന്റെ വിലയായ 28.20 രൂപ

കൈകാര്യ ചെലവിനത്തിലുള്ള 12 പൈസ എന്നിവ ഉൾപ്പെടെ ആകെ 2070.71 കോടി രൂപയിൽ 737.83 കോടി രൂപ സപ്ലൈകോ നേരിട്ട് കർഷകരുടെ അക്കൗണ്ടിലേയ്ക്ക് നൽകുകയും 200 കോടി രൂപ കേരള ബാങ്ക് വഴിയും (02-02-2023-ലെ സ.ഉ.(സാധാ)നം.44/2023/എഫ്.&സി.എസ്.) 700 കോടി രൂപ എസ്.ബി.ഐ., ഫെഡറൽ ബാങ്ക്, കാനറാ ബാങ്ക് എന്നിവ ഉൾപ്പെട്ട കൺസോർഷ്യം വഴിയും (12-06-2023-ലെ സ.ഉ.(സാധാ)നം.236/2023/എഫ്.&സി.എസ്.) പി.ആർ.എസ്. ലോണായും ആകെ 1637.83 കോടി രൂപ നൽകുകയും ചെയ്തിട്ടുണ്ട്. നെല്ലിന്റെ വില, കൈകാര്യ ചെലവ് എന്നിവയുടെ ഇനത്തിൽ ഏകദേശം 433 കോടി രൂപ ഇനിയും കൊടുത്ത് തീർക്കാനുണ്ട്. ഇതിനായി 31-07-2023-ലെ സ.ഉ.(സാധാ)നം.327/2023/എഫ്.&സി.എസ്. പ്രകാരം 60 കോടി രൂപയും 02-08-2023-ലെ സ.ഉ.(സാധാ)നം.331/2023/എഫ്.&സി.എസ്. പ്രകാരം 120 കോടി രൂപയും ചേർത്ത് ആകെ 180 കോടി രൂപ ഇപ്പോൾ സർക്കാർ അനുവദിച്ചിട്ടുണ്ട്. ശേഷിക്കുന്ന തുക നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

എല്ലാ വർഷവും ഒന്നാം വിള നെല്ല് സംഭരണം ആരംഭിക്കുന്നത് സെപ്റ്റംബർ മാസം മുതലാണ്. കേന്ദ്ര സർക്കാർ നെല്ല് സംഭരണം തുടങ്ങാനുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്ന മുറയ്ക്കാണ് നെല്ല് സംഭരണം ആരംഭിക്കുന്നത്. സമയബന്ധിതമായി സംഭരണം ആരംഭിക്കുന്നതിനുള്ള മുന്നൊരുക്ക പ്രവർത്തനങ്ങൾ സപ്ലൈകോ തുടങ്ങിക്കഴിഞ്ഞു. നെല്ല് സംഭരണത്തിൽ പങ്കാളികളാകാൻ താൽപ്പര്യമുള്ള മില്ലുകളെ ക്ഷണിച്ചുകൊണ്ടുള്ള താല്പര്യപത്രം പത്രമാധ്യമങ്ങൾവഴി പുറപ്പെടുവിച്ച് നെല്ല് സംഭരണത്തിനായുള്ള രജിസ്ട്രേഷൻ സൈറ്റ് കർഷകർക്കായി ആഗസ്റ്റ് ഒന്ന് മുതൽ തുറന്നുകൊടുത്തിരുന്നു. നെല്ലിന്റെ വില അടുത്ത സീസൺ മുതൽ സമയബന്ധിതമായി നൽകുന്നതിനായി കേരള ബാങ്ക് ഉൾപ്പെടെയുള്ളവരുമായി ചർച്ചകൾ പുരോഗമിക്കുന്നു.

**നെല്ല് സംഭരണത്തിന് സപ്ലൈകോ കർഷകർക്ക് നൽകാനുള്ള തുകയുടെ വിതരണം**

328 (328) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോ വഴി നെല്ല് സംഭരണം നടത്തിയ ഇനത്തിൽ കർഷകർക്ക് എത്ര രൂപ വിതരണം ചെയ്യാനുണ്ടെന്ന് വിശദമാക്കുമോ; പ്രസ്തുത തുക എന്നത്തേയ്ക്ക് കൊടുത്ത് തീർക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

2022-23 സീസണിൽ സപ്ലൈകോ വഴി നെല്ല് സംഭരണം നടത്തിയ ഇനത്തിൽ കർഷകർക്ക് കൊടുക്കാനുള്ള 2070.71 കോടി രൂപയിൽ 737.83 കോടി രൂപ സപ്ലൈകോ നേരിട്ട് കർഷകരുടെ അക്കൗണ്ടിലേയ്ക്ക് നൽകുകയും 200 കോടി രൂപ കേരള ബാങ്ക് വഴിയും (02-02-2023-ലെ സ.ഉ.(സാധാ)നം.44/2023/എഫ്.&സി.എസ്.) 700 കോടി രൂപ എസ്.ബി.ഐ., ഫെഡറൽ ബാങ്ക്, കാനറാ ബാങ്ക് എന്നിവ ഉൾപ്പെട്ട കൺസോർഷ്യം വഴിയും (12-06-2023-ലെ സ.ഉ.(സാധാ)നം.236/2023/എഫ്.&സി.എസ്.) പി.ആർ.എസ്. ലോണായും ആകെ 1637.83 കോടി രൂപ നൽകുകയും ചെയ്തിട്ടുണ്ട്. നെല്ലിന്റെ വില, കൈകാര്യ ചെലവ് എന്നിവയുടെ ഇനത്തിൽ കർഷകർക്ക് നൽകാൻ ശേഷിക്കുന്ന 433 കോടി രൂപയിൽ 31-07-2023-ലെ സ.ഉ.(സാധാ)നം.327/2023/എഫ്.&സി.എസ്. പ്രകാരം 60 കോടി രൂപയും

02-08-2023-ലെ സ.ഉ.(സാധാ)നം.331/2023/എഫ്.&സി.എസ്. പ്രകാരം 120 കോടി രൂപയും ചേർത്ത് 180 കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. ശേഷിക്കുന്ന കുടിശ്ശിക നൽകുന്നതിനായി വായ്പ ലഭിക്കുന്നതിനുവേണ്ടി കേരള ബാങ്കുമായും എസ്.ബി.ഐ., കാനറ ബാങ്ക്, ഫെഡറൽ ബാങ്ക് എന്നിവയുടെ കൺസോർഷ്യവുമായും ചർച്ചകൾ നടത്തിവരുന്നു.

(ബി) 2016-നുശേഷം നെല്ലിന്റെ സംഭരണ വിലയിൽ കേന്ദ്ര-സംസ്ഥാന വിഹിതം വർദ്ധിപ്പിച്ചിട്ടുണ്ടോ; ആയതിന്റെ വർഷം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ?

വർദ്ധിപ്പിച്ചിട്ടുണ്ട്. 2016 മുതൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നെല്ലിന്റെ സംഭരണവില പ്രഖ്യാപിച്ചത് സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(സി) നടപ്പ് സാമ്പത്തിക വർഷം നെല്ലിന്റെ സംഭരണ വിലയിൽ സംസ്ഥാന വിഹിതം എത്രയാണെന്ന് വ്യക്തമാക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2022-23 നടപ്പ് സീസണിൽ സംസ്ഥാന വിഹിതം കിലോയ്ക്ക് 7.80 രൂപയാണ്. 2023-24 സീസണിലെ സംഭരണം സംബന്ധിച്ച് കേന്ദ്ര സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല.

(ഡി) സപ്ലൈകോ സംഭരിച്ച നെല്ലിന്റെ വിലയിനത്തിൽ കർഷകർക്ക് നൽകാനുള്ള തുക പൂർണ്ണമായും വിതരണം ചെയ്യുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

കുടിശ്ശിക നൽകുന്നതിനായി സർക്കാർ 180 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ശേഷിക്കുന്ന തുക നൽകുന്നതിനായി കേരള ബാങ്കുമായും എസ്.ബി.ഐ., കാനറ ബാങ്ക്, ഫെഡറൽ ബാങ്ക് എന്നിവയുടെ കൺസോർഷ്യവുമായും ചർച്ചകൾ നടത്തിവരുന്നു.

**പാലക്കാട് ജില്ലയിൽ സംഭരിച്ച നെല്ലിന്റെ അളവ്**

329 (329) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സീസണിൽ പാലക്കാട് ജില്ലയിൽനിന്നും സംഭരിച്ച നെല്ലിന്റെ അളവ് എത്രയാണെന്ന് അറിയിക്കുമോ?

കെ.എം.എസ്. 2022-23 സീസണിൽ പാലക്കാട് ജില്ലയിൽനിന്നും 292270.546 മെട്രിക് ടൺ നെല്ല് സംഭരിച്ചിട്ടുണ്ട്.

(ബി) ആലത്തൂർ മണ്ഡലത്തിലെ ഓരോ പാടശേഖരത്തിൽനിന്നും ശേഖരിച്ച നെല്ലിന്റെ കണക്ക് വിശദമാക്കുമോ?

ആലത്തൂർ മണ്ഡലത്തിലെ വിവിധ പാടശേഖരങ്ങളിൽനിന്നും 2022-23 സീസണിൽ 27424.093 മെട്രിക് ടൺ നെല്ല് സംഭരിച്ചിട്ടുണ്ട്. ആയതിന്റെ തരംതിരിച്ചുള്ള വിശദമായ കണക്ക് അനുബന്ധമായി ചേർക്കുന്നു.+

(സി) പ്രസ്തുത മണ്ഡലത്തിൽനിന്നും സംഭരിച്ച നെല്ലിന്റെ തുക കുടിശ്ശികയായി നൽകാനുണ്ടോ; എങ്കിൽ പ്രസ്തുത പാടശേഖരങ്ങളുടെ പേരുവിവരവും ഓരോ പാടശേഖരത്തിനും നൽകാനുള്ള കുടിശ്ശിക തുകയും എത്രയാണെന്ന് വ്യക്തമാക്കാമോ?

കുടിശ്ശിക നൽകാനുണ്ട്. എന്നാൽ പാടശേഖരത്തിന്റെ അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ലഭ്യമല്ല. ആയതിനാൽ കൃഷിഭവൻ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അടിസ്ഥാനമാക്കിയുള്ള കുടിശ്ശിക തുകകളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ഡി) പ്രസ്തുത കുടിശ്ശിക പൂർണ്ണമായി നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

നെൽകർഷകർക്ക് നിലവിലെ കുടിശ്ശികത്തുക നൽകുന്നതിനായി 31-07-2023-ലെ സ.ഉ.(സാധാ)നം.327/2023/എഫ്.&സി.എസ്. പ്രകാരം 60 കോടി രൂപയും 02-08-2023-ലെ സ.ഉ.(സാധാ)നം.331/2023/എഫ്.&സി.എസ്. പ്രകാരം 120 കോടി രൂപയും ചേർത്ത് 180 കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. ശേഷിക്കുന്ന തുക നൽകുന്നതിനായി കേരള ബാങ്കുമായും എസ്.ബി.ഐ., കാനറ ബാങ്ക്, ഫെഡറൽ ബാങ്ക് എന്നിവയുടെ കൺസോർഷ്യവുമായും ചർച്ചകൾ നടത്തി തുക ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**കർഷകരിൽനിന്നും സംഭരിച്ച നെല്ലിന്റെ വില നൽകാൻ നടപടി**

330 (330) **ശ്രീ. കെ. ബാബു (നെന്മാറ):** താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സീസണിൽ കർഷകരിൽനിന്നും എത്ര ടൺ നെല്ലാണ് സംഭരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഇപ്പോൾ പൂർത്തിയായ 2022-23 സീസണിൽ ആകെ 731184 മെട്രിക് ടൺ നെല്ല് കർഷകരിൽനിന്നും സംഭരിച്ചിട്ടുണ്ട്.

(ബി) സംഭരിച്ച നെല്ലിന്റെ വില കർഷകർക്ക് ലഭിക്കാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) കർഷകരിൽനിന്നും സംഭരിച്ച നെല്ലിന്റെ വില അടിയന്തരമായി നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ഡി) സംഭരിച്ച നെല്ലിന്റെ വില പൂർണ്ണമായും എന്ന് കൊടുത്തുതീർക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

(സി&ഡി) ഈ സീസണിൽ സംഭരിച്ച 731184 ടൺ നെല്ലിൽ 15289.5 ടൺ നെല്ലിന്റെ വില ഒഴിച്ച് മറ്റെല്ലാം കൊടുത്തുതീർത്തിട്ടുണ്ട്. നെല്ലിന്റെ വിലയായുള്ള 28.20 രൂപ കൈകാര്യ ചെലവിനത്തിലുള്ള 12 പൈസ എന്നിവ ഉൾപ്പെടെ ആകെ 2070.71 കോടി രൂപയിൽ 737.83 കോടി രൂപ സപ്ലൈകോ നേരിട്ട് കർഷകരുടെ അക്കൗണ്ടിലേയ്ക്ക് നൽകുകയും 200 കോടി രൂപ കേരള ബാങ്ക് വഴിയും (02-02-2023-ലെ സ.ഉ.(സാധാ)നം.44/2023/എഫ്.&സി.എസ്.), 700 കോടി രൂപ എസ്.ബി.ഐ., ഫെഡറൽ ബാങ്ക്, കാനറ ബാങ്ക് ഉൾപ്പെട്ട കൺസോർഷ്യം വഴിയും (12-06-2023-ലെ സ.ഉ.(സാധാ)നം.236/2023/എഫ്.&സി.എസ്.) പി.ആർ.എസ്. ലോണായും ആകെ 1637.83 കോടി രൂപ നൽകുകയും ചെയ്തിട്ടുണ്ട്. നെല്ലിന്റെ വില, കൈകാര്യ ചെലവ് എന്നിവയുടെ ഇനത്തിൽ കർഷകർക്ക് നൽകാൻ ശേഷിക്കുന്ന 433 കോടി രൂപയിൽ 31-7-2023-ലെ സ.ഉ.(സാധാ)നം.327/2023/എഫ്.&സി.എസ്. പ്രകാരം 60 കോടി രൂപയും

02-08-2023 ലെ സ.ഉ.(സാധാ)നം.331/2023/എഫ്.&സി.എസ്. പ്രകാരം 120 കോടി രൂപയും ചേർത്ത് 180 കോടി രൂപ സർക്കാർ ഇപ്പോൾ അനുവദിച്ചിട്ടുണ്ട്. ശേഷിക്കുന്ന കുടിശ്ശിക നൽകുന്നതിനായി വായ്പ ലഭിക്കുന്നതിനുവേണ്ടി കേരള ബാങ്കുമായും എസ്.ബി.ഐ., കാനറ ബാങ്ക്, ഫെഡറൽ ബാങ്ക് എന്നിവയുടെ കൺസോർഷ്യവുമായും ചർച്ചകൾ നടത്തിവരുന്നു.

**കുടിശ്ശിക വിതരണം ചെയ്യുന്നതിന് നടപടി**

331 (331) ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സപ്ലൈകോ വഴി നെല്ല് സംഭരിച്ച വകയിൽ കർഷകർക്ക് നൽകാനുള്ള കുടിശ്ശിക എത്രയാണെന്ന് അറിയിക്കാമോ?

ഏകദേശം 54400 കർഷകർക്കായി 433 കോടി രൂപ നൽകാനുണ്ട്.

(ബി) പ്രസ്തുത കുടിശ്ശിക വിതരണം ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

കർഷകർക്ക് നൽകാൻ ശേഷിക്കുന്ന 433 കോടി രൂപയിൽ 31-07-2023-ലെ സ.ഉ.(സാധാ)നം.327/2023/എഫ്.&സി.എസ്. പ്രകാരം 60 കോടി രൂപയും 02-08-2023-ലെ സ.ഉ.(സാധാ)നം.331/2023/എഫ്.&സി.എസ്. പ്രകാരം 120 കോടി രൂപയും ചേർത്ത് 180 കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. മിച്ചമുള്ള കുടിശ്ശിക നൽകുന്നതിനായി വായ്പ ലഭിക്കുന്നതിനുവേണ്ടി കേരള ബാങ്കുമായും എസ്.ബി.ഐ., കാനറ ബാങ്ക്, ഫെഡറൽ ബാങ്ക് എന്നിവയുടെ കൺസോർഷ്യവുമായും ചർച്ചകൾ നടത്തിവരുന്നു.

(സി) കുടിശ്ശിക എന്ന് മുതൽ വിതരണം ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഈ മാസം 8-ാം തീയതി മുതൽ കർഷകരുടെ അക്കൗണ്ടിലേയ്ക്ക് ട്രഷറിയിൽ നിന്നും തുക ട്രാൻസ്ഫർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) ഇടക്കാലാശ്വാസമായി കുടിശ്ശിക കർഷകർക്ക് അനുവദിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദമാക്കുമോ?

ഇടക്കാലാശ്വാസമായി കുടിശ്ശിക കർഷകർക്ക് അനുവദിച്ച് നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. സർക്കാർ അനുവദിച്ച 180 കോടി രൂപയിൽ ഒരു പങ്ക് ഇടക്കാലാശ്വാസമായി കർഷകർക്ക് നൽകാൻ 03-08-2023-ൽ ചേർന്ന സർക്കാർതല യോഗത്തിൽ തീരുമാനമെടുത്തിട്ടുണ്ട്.

**ഇ-പോസ് മെഷീൻ**

332 (332) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇ-പോസ് മെഷീൻ സ്ഥാപിച്ചത് ഏത് സ്ഥാപനമാണെന്ന് വ്യക്തമാക്കാമോ?

ലിങ്ക്‌വെൽ ടെലിസിസ്റ്റംസ് പ്രൈവറ്റ് ലിമിറ്റഡ്.

(ബി) പ്രസ്തുത സ്ഥാപനത്തിന് ടെൻഡർ നടപടികളിലൂടെയാണോ കരാർ നൽകിയത്; വ്യക്തമാക്കാമോ?

അതെ. സർക്കാരിന്റെ ഇ-ടെണ്ടർ സൈറ്റ് മുഖേന ടെണ്ടർ ക്ഷണിച്ചാണ് കരാർ നൽകിയിട്ടുള്ളത്.

(സി) സംസ്ഥാനത്ത് ഇ-പോസ് മെഷീൻ സ്ഥാപിച്ചതിന്റെ കരാർ രേഖകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.+

(ഡി) ഇ-പോസ് മെഷീൻ സ്ഥാപിച്ചതുമായി ബന്ധപ്പെട്ട് എന്തൊക്കെ പ്രവൃത്തികളിലാണ് സംസ്ഥാന സർക്കാർ ടെൻഡർ വിളിച്ചിരുന്നതെന്ന് വ്യക്തമാക്കാമോ?

സപ്ലൈ എ.ആർ.ഡി. ഓട്ടോമേഷൻ, ട്രാൻസ്ഫർമേഷൻ & ഡിപ്ലോയ്മെന്റ് ഓഫ് ഇ-പോസ് ഡിവൈസസ് ഇൻ കേരള എന്നീ പ്രവൃത്തികളിലാണ് ടെണ്ടർ വിളിച്ചത്.

(ഇ) ഈ ടെൻഡറുകളിൽ ഏതൊക്കെ സ്ഥാപനങ്ങൾ പങ്കെടുത്തുവെന്നും ഓരോ സ്ഥാപനവും ക്വാട്ട് ചെയ്ത തുക എത്രയായിരുന്നുവെന്നും വ്യക്തമാക്കാമോ?

1. Karvy Data Management Services Ltd., Hyderabad-500034.
2. ITI Ltd, Kanjikode, Palakkad –678623.
3. Oasys Cybernetics Pvt. Ltd, Greams Road, Chennai – 600006.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

4. M/s Linkwell Telesystems Pvt. Ltd, Hyderabad.

5. Integra Micro Systems Pvt. Ltd, Bellary Road, Karnataka

എന്നീ കമ്പനികൾ ടെണ്ടറിൽ പങ്കെടുക്കുകയും ടെക്നിക്കലി ക്വാളിഫൈഡ് അല്ലാത്ത Oasys Cybernetics, Integra Micro Systems എന്നിവയെ തുടർനടപടികളിൽനിന്ന് ഒഴിവാക്കിയതിനുശേഷം ബാക്കിയുള്ള മൂന്ന് കമ്പനികൾ ക്വാട്ട് ചെയ്ത തുക ചുവടെ ചേർക്കുന്നു:

| No | Bidder Name | Amount |
|---|---|---|
| 1. | M/s Linkwell Telesystems Pvt. Ltd., Hyderabad. | 8855000.00 |
| 2. | Karvy Data Management Services Ltd., Hyderabad. | 36324706.00 |
| 3. | ITI Ltd., Kanjikode, Palakkad. | 132329509.00 |

(എഫ്) ഇ-പോസ് മെഷീൻ സ്ഥാപിച്ചതുമായും അവയുടെ പ്രവർത്തനവുമായും ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ സ്ഥാപനമായ എൻ.ഐ.സി. എന്തൊക്കെ ജോലികളാണ് ചെയ്യുന്നതെന്നും സംസ്ഥാന സർക്കാർ എന്തൊക്കെ ജോലികളാണ് ചെയ്യുന്നതെന്നും വിശദമാക്കാമോ?

ഇ-പോസ് വഴിയുള്ള ബയോമെട്രിക് ഓതന്റിക്കേഷൻ മുഖേനയുള്ള റേഷൻ വിതരണം സാദ്ധ്യമാക്കുന്നത് കേന്ദ്ര സർക്കാർ സ്ഥാപനമായ എൻ.ഐ.സി. വികസിപ്പിച്ചെടുത്ത AePDS, SCMS-എന്നീ സോഫ്റ്റ്‌വെയർ മുഖേനയാണ്. ടി സോഫ്റ്റ്‌വെയറിലൂടെ റേഷൻകട വഴിയുള്ള റേഷൻ സാധനങ്ങളുടെ അലോട്ട്മെന്റും വിതരണവും തത്സമയം മനസ്സിലാക്കുന്നതിനും നിരീക്ഷിക്കുന്നതിനും സാധിക്കുന്നു. ടി സോഫ്റ്റ്‌വെയറിൽ ഏതെങ്കിലും തരത്തിലുള്ള പരിഷ്കരണം ആവശ്യമാണെന്ന് വകുപ്പ് നിർദ്ദേശിക്കുന്ന പക്ഷം ആവശ്യമായ മാറ്റങ്ങൾ സോഫ്റ്റ്‌വെയറിൽ നടപ്പാക്കുന്നതും എൻ.ഐ.സി.-യാണ്. ഇ-പോസ് മെഷീൻ വഴി റേഷൻ വിതരണം കൃത്യമായും തടസ്സരഹിതമായും നടപ്പിലാകുന്നുണ്ടോയെന്ന് സംസ്ഥാന പൊതുവിതരണ വകുപ്പ് നിരീക്ഷിച്ച് തുടർനടപടികൾ കൈക്കൊള്ളുന്നു. ബയോമെട്രിക് സംവിധാനത്തിൽ എന്തെങ്കിലും തകരാർ കണ്ടെത്തുന്നപക്ഷം വകുപ്പിലെ ഐ.ടി. സെൽ ഉദ്യോഗസ്ഥരും ഇ-പോസ് മെഷീന്റെ പ്രവർത്തനത്തിന് സാങ്കേതിക സഹായം നൽകുന്ന

എൻ.ഐ.സി.-യുമായി കൂടിയാലോചന നടത്തി തകരാർ അടിയന്തരമായി പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കേന്ദ്രം അനുവദിക്കുന്ന ഭക്ഷ്യധാന്യ വിഹിതം**

333 (333) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രം സംസ്ഥാനത്തിന് അനുവദിക്കുന്ന ഭക്ഷ്യധാന്യ വിഹിതത്തിൽ കുറവ് വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്ന് വ്യക്തമാക്കാമോ?

എൻ.എഫ്.എസ്.എ. നിയമം നടപ്പിലാക്കിയപ്പോൾ ഭക്ഷ്യധാന്യം മുൻഗണനാ വിഭാഗത്തിന് മാത്രമായി പരിമിതപ്പെടുത്തി. ഇതിന്റെ ഭാഗമായി സംസ്ഥാനത്തിന് ലഭിച്ചുവന്നിരുന്ന 15.9 ലക്ഷം മെട്രിക് ടണ്ണിൽനിന്നും 14.25 ലക്ഷം മെട്രിക് ടണ്ണിലേയ്ക്ക് ഭക്ഷ്യ ധാന്യവിഹിതം കുറയുകയുണ്ടായി. കൂടാതെ മുൻഗണനേതര വിഭാഗത്തിന് ടൈഡ്ഓവർ വിഹിതമായി അനുവദിച്ചുവന്ന

6459.074 മെട്രിക് ടൺ ഗോതമ്പ് നിർത്തലാക്കി, അത്രയും അളവ് അരി വിഹിതത്തിലുൾപ്പെടുത്തിയാണ് 2022 ജൂൺ മുതൽ അനുവദിച്ചുവരുന്നത്.

(ബി) ഓണം ഉൾപ്പെടെയുള്ള സംസ്ഥാനത്തെ ആഘോഷ സമയങ്ങളിൽ കേന്ദ്രം പ്രത്യേക സൗജന്യ ഭക്ഷ്യധാന്യങ്ങൾ അനുവദിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

ഇല്ല.

**നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവ് നേരിടാൻ നടപടി**

334 (334) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിരന്തരമായി ഉണ്ടായിക്കൊണ്ടിരിക്കുന്ന പ്രകൃതിക്ഷോഭ കെടുതികളും കേന്ദ്ര സർക്കാരിന്റെ പുത്തൻ സാമ്പത്തിക നയംമൂലമുണ്ടായ സാമ്പത്തിക പ്രതിസന്ധിയും സംസ്ഥാനത്ത് നിത്യോപയോഗ സാധനവിലയെയും ലഭ്യതയെയും എപ്രകാരം ബാധിച്ചുവെന്നും അതുമൂലമുണ്ടായ വിലവർദ്ധനയും ദൗർലഭ്യവും സംബന്ധിച്ച വിശദാംശവും ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രതിസന്ധി തരണം ചെയ്യാനും ജനങ്ങൾക്ക് നിത്യോപയോഗ സാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്താനും വിലനിലവാരം പിടിച്ചുനിർത്താനുമായി നടപ്പാക്കിയ പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

(എ&ബി) വിലക്കയറ്റം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഭക്ഷ്യധാന്യങ്ങളുടെ ഉൽപ്പാദനം കുറഞ്ഞതിന്റെയും പണപ്പെരുപ്പത്തിന്റെയും രൂപയുടെ മൂല്യശോഷണത്തിന്റെയും ഇന്ധന വിലവർദ്ധനവിന്റെയും കാലാവസ്ഥാ വ്യതിയാനത്തിന്റെയും കേന്ദ്രസർക്കാരിന്റെ പുത്തൻ സാമ്പത്തിക നയംമൂലമുണ്ടായ സാമ്പത്തിക പ്രതിസന്ധിയുടെയും ഫലമായും കൂടാതെ റഷ്യ- ഉക്രൈൻ യുദ്ധത്തെത്തുടർന്ന് ഉല്പാദകർ കയറ്റുമതിയിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചതും രാജ്യത്ത് വിലക്കയറ്റമുണ്ടാകുന്നതിന് കാരണമായിട്ടുണ്ട്. സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വിലയിൽ വർദ്ധനവുണ്ടാകാതെ നിയന്ത്രിച്ച് നിർത്തുന്നതിനായി സർക്കാർ കാര്യക്ഷമമായ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

വിലക്കയറ്റമുണ്ടാകുമ്പോൾ ഒരു സർക്കാരിന് ചെയ്യാൻ കഴിയുന്നത് വിപണിയിൽ ശക്തമായി ഇടപെടുക എന്നതാണ്. 13 ഇനം അവശ്യ സാധനങ്ങൾ 2016 ഏപ്രിൽ മാസത്തെ വിലയ്ക്ക് നൽകിവരുന്നത് ഇതിന്റെ ഭാഗമായാണ്. സപ്ലൈകോ വഴിയുള്ള ഇത്തരം വിപണി ഇടപെടലിലൂടെ മാത്രം സംസ്ഥാന സർക്കാരിന് പ്രതിവർഷം ശരാശരി 315 കോടി രൂപ ചെലവ് വരുന്നു. മേൽ പരാമർശിച്ച 13 ഇനം സബ്സിഡി ഉൽപ്പന്നങ്ങൾ പൊതുവിപണിയിൽനിന്നും വാങ്ങുന്നതിന് ശരാശരി 1,383/- രൂപ നൽകേണ്ടി വരുമ്പോൾ സപ്ലൈകോ വിൽപ്പനശാലകളിൽ ഇത് കേവലം 756/- രൂപയ്ക്ക് ലഭിക്കുന്നു. ഇതിലൂടെ ഒരു ഉപഭോക്താവിന് 627/- രൂപയുടെ ആനുകൂല്യം ലഭിക്കുന്നു. ഇന്ത്യയിലെ ഒരു സംസ്ഥാനത്തും ഇത്തരത്തിലുള്ള ഒരു വിപണി ഇടപെടൽ നടക്കുന്നില്ല.

പ്രതിമാസം 35 ലക്ഷം കാർഡുടമകൾ സപ്ലൈകോയുടെ വിപണി ഇടപെടലിന്റെ ആനുകൂല്യം കൈപ്പറ്റുന്നതായി കണക്കുകൾ വ്യക്തമാക്കുന്നു. ഇതിനുപുറമെ ഉത്സവ സീസണുകളിൽ വിലക്കുറവിൽ നിത്യോപയോഗ സാധനങ്ങൾക്കായി ഫെയറുകൾ സർക്കാർ സംഘടിപ്പിച്ചുവരുന്നുണ്ട്.

കൂടാതെ, സപ്ലൈകോ വിൽപ്പനശാലകളുടെ സേവനം കൂടുതൽ മെച്ചപ്പെട്ട രീതിയിൽ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി 285 വിൽപ്പനശാലകൾ നവീകരിക്കുകയുണ്ടായി. സഞ്ചരിക്കുന്ന റേഷൻഷോപ്പുകളുടെ സേവനം സംസ്ഥാനത്തെ 136 ആദിവാസി ഊരുകളിലേയ്ക്ക് വ്യാപിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

എൻ.എഫ്.എസ്.എ. നിയമപ്രകാരമുള്ള ടാർജറ്റ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ നടപ്പിലാക്കിയതിലൂടെ സംസ്ഥാനത്തെ വലിയൊരു വിഭാഗം റേഷൻ ആനുകൂല്യങ്ങൾക്ക് പുറത്തായി. കേവലമൊരു ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ 57% വരുന്ന ജനവിഭാഗം റേഷൻ സംവിധാനത്തിന് പുറത്തായത് വലിയ പ്രതിസന്ധിയാണ് സൃഷ്ടിച്ചത്. എന്നാൽ കേരളത്തിലെ മുൻഗണനേതര വിഭാഗത്തിൽപ്പെട്ടവർക്കും കഴിയുന്ന തോതിൽ ഭക്ഷ്യവിതരണം നടത്തുന്ന സമീപനമാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നത്.

സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ് ശ്രദ്ധയിൽപ്പെട്ട ഉടൻതന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ മറ്റ് വകുപ്പുമന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, ജില്ലാ കളക്ടർമാർ, ജില്ലാ പോലീസ് മേധാവിമാർ എന്നിവരുമായി യോഗം ചേരുകയും വിലവർദ്ധനവ് പിടിച്ചുനിർത്തുന്നതിനുവേണ്ട അടിയന്തര നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തു. ഈ യോഗത്തിന്റെ തുടർച്ചയായി ബഹുമാനപ്പെട്ട ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി മൊത്ത വ്യാപാരി പ്രതിനിധികളെ വിളിച്ചുചേർക്കുകയും കരിഞ്ചന്ത-പൂഴ്ത്തിവയ്പ്പ് എന്നിവ തടയുന്നതിന് കർശന നിർദ്ദേശം നൽകുകയും ചെയ്തു. തുടർന്ന് ഈ വിഷയത്തിലെ പുരോഗതി വിലയിരുത്തുന്നതിനായി ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ അവലോകന യോഗങ്ങൾ നടത്തിവരുന്നുമുണ്ട്. ടി യോഗങ്ങളുടെ അടിസ്ഥാനത്തിൽ കേരളത്തിലെ 14 ജില്ലകളിലും കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും തടയുന്നതിനും വിലവിവരപ്പട്ടിക പ്രദർശിപ്പിക്കുന്നതിനും ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ ജില്ലാ സപ്ലൈ ഓഫീസർ, ലീഗൽ മെട്രോളജി

ഇൻസ്പെക്ടർ, ഫുഡ് സേഫ്റ്റി ഓഫീസർ എന്നിവരും താലൂക്ക് തലത്തിൽ താലൂക്ക് സപ്ലൈ ഓഫീസർ, റേഷനിംഗ് ഇൻസ്പെക്ടർമാർ എന്നിവരും പൊതുവിപണിയിൽ വിപുലമായ പരിശോധനകൾ നടത്തുകയും വിലവിവരം പ്രദർശിപ്പിക്കാത്ത വ്യാപാരികൾക്കെതിരെ നോട്ടീസ് നൽകി നടപടി സ്വീകരിച്ചിട്ടുമുണ്ട്. ഇപ്രകാരം സംസ്ഥാനത്താകെ 2612 പരിശോധനകൾ നടത്തുകയും 760 ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടതിൽ നടപടി സ്വീകരിച്ചുവരുന്നുമുണ്ട്.

(സി) സംസ്ഥാനത്ത് ആവശ്യം വേണ്ടുന്ന നിത്യോപയോഗ സാധനങ്ങളുടെ ദൈനംദിന കണക്കും സംസ്ഥാന ലഭ്യതയും മറ്റ് സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ട അളവും വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പ്രതിസന്ധി നേരിടാൻ എന്തെല്ലാം കേന്ദ്രസഹായം അഭ്യർത്ഥിച്ചുവെന്നും ലഭ്യമായത് എന്തെല്ലാമെന്നും വ്യക്തമാക്കുമോ?

(സി&ഡി) വിവരം ശേഖരിച്ചുവരുന്നു.

## എം.സി.എഫ്. സെന്ററുകളും ആർ.ആർ.എഫ്. സെന്ററുകളും

335 (335) <u>ശ്രീ. ടി. ജെ. വിനോദ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി നഗരത്തിൽ എത്ര മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്ററുകളും റിസോഴ്സ് റിക്കവറി ഫെസിലിറ്റി സെന്ററുകളും തുടങ്ങാൻ കഴിഞ്ഞുവെന്നും അത് എവിടെയൊക്കെയാണെന്നും വേർതിരിച്ച് വെളിപ്പെടുത്താമോ?

20 മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്ററുകളും നാല് റിസോഴ്സ് റിക്കവറി ഫെസിലിറ്റി സെന്ററുകളും കൊച്ചിയിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

<u>മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്ററുകൾ സ്ഥിതി ചെയ്യുന്ന സ്ഥലം സംബന്ധിച്ച വിവരം</u>

| Division | Place |
|---|---|
| 26 | നസ്രത്ത് |
| 27 | ഫോർട്ട് കൊച്ചി-വെളി |
| 33 | എളമക്കര നോർത്ത് |
| 34 | പുതുക്കലവട്ടം |

| | |
|---|---|
| 36 | കുന്നുംപുറം |
| 38 | ദേവൻകുളങ്ങര |
| 41 | പാടിവട്ടം |
| 42 | വെണ്ണല |
| 49 | വൈറ്റില |
| 51 | പൂണിത്തുറ |
| 52 | വൈറ്റില ജനത |
| 59 | തേവര |
| 61 | രവിപുരം |
| 63 | ഗാന്ധി നഗർ |
| 64 | കതൃകടവ് |
| 67 | എറണാകുളം നോർത്ത് |
| 68 | അയ്യപ്പൻകാവ് |
| 69 | തൃക്കണാർവട്ടം |
| 70 | കലൂർ നോർത്ത് |
| 74 | തട്ടാഴം |

റിസോഴ്സ് റിക്കവറി ഫെസിലിറ്റി സെന്ററുകൾ സ്ഥിതി ചെയ്യുന്ന സ്ഥലം സംബന്ധിച്ച വിവരം

ഡിവിഷൻ 5 - മട്ടാഞ്ചേരി

ഡിവിഷൻ 40 - മാമംഗലം

ഡിവിഷൻ 62 - എറണാകുളം സൗത്ത്

ഡിവിഷൻ 65 - കലൂർ സൗത്ത്

(ബി) റിസോഴ്സ് റിക്കവറി ഫെസിലിറ്റി സെന്ററുകളുടെ പ്രവർത്തനം തൃപ്തികരമാണോ; ആണെങ്കിൽ എത്ര ടൺ പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ച് വിൽക്കാൻ കഴിഞ്ഞുവെന്നും ഇതിലൂടെ എത്ര തുക സമാഹരിച്ചുവെന്നും വിശദമാക്കാമോ?

തൃപ്തികരമാണ്. നിലവിൽ വിവിധ ഡിവിഷനുകളിൽനിന്നും ശേഖരിക്കുന്ന അജൈവ പാഴ്വസ്തുക്കൾ ഹരിത സഹായ സ്ഥാപനം വഴി ബെയ്‌ലിംഗ് നടത്തി നീക്കം ചെയ്തുവരികയാണ് ചെയ്യുന്നത്. പ്ലാസ്റ്റിക് മാലിന്യങ്ങൾ വിൽക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

**ഓട്ടോറിക്ഷകൾക്ക് ഹാൾട്ടിംഗ് പെർമിറ്റ് അനുവദിക്കുന്നത്**

336 (336) ശ്രീ. പി. വി. അൻവർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്ഥാപനങ്ങളുടെ പരിധിയിൽ ഓട്ടോറിക്ഷകൾക്ക് ഹാൾട്ടിംഗ് പെർമിറ്റുകൾ അനുവദിക്കുന്നതിന് നിയമപരമായ അധികാരം ആർക്കാണുള്ളതെന്നും അതിനുള്ള നടപടികളും വ്യക്തമാക്കാമോ; ആയത് സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

ഹാൾട്ടിംഗ് പെർമിറ്റ് അനുവദിക്കുന്നത് സംബന്ധിച്ച് പഞ്ചായത്ത് രാജ്, മുനിസിപ്പാലിറ്റി നിയമങ്ങളിൽ പ്രത്യേകമായി വ്യവസ്ഥ ചെയ്തിട്ടില്ല. എന്നാൽ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 227 പ്രകാരം നിർണ്ണയിക്കപ്പെടാവുന്ന ചട്ടങ്ങൾക്ക് വിധേയമായി ഗ്രാമപഞ്ചായത്തിന് പൊതുവായ ഇറക്കുസ്ഥലങ്ങൾ, വിരാമസ്ഥലങ്ങൾ, വണ്ടിത്താവളങ്ങൾ, (മൃഗങ്ങൾക്കും ഏത് തരത്തിലുള്ള വാഹനങ്ങൾക്കുമുള്ള സ്റ്റാന്റുകൾ ഉൾപ്പെടെ) എന്നിവ ഏർപ്പെടുത്തുകയും അവ ഉപയോഗിക്കുന്നതിന് ഫീസ് ചുമത്തുകയും അപ്രകാരം ഏതെങ്കിലും സ്ഥലമോ സ്റ്റാന്റോ ഏർപ്പെടുത്തിയിരിക്കുമ്പോൾ റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റിയുടെ നിയന്ത്രണത്തിന് വിധേയമായി പഞ്ചായത്ത് നിർദ്ദേശിക്കാവുന്ന പ്രകാരം അതിൽനിന്ന് നിശ്ചിത ദൂരത്തിനുള്ളിൽ സ്ഥിതി ചെയ്യുന്ന ഏതെങ്കിലും പൊതുസ്ഥലമോ പൊതുവഴിയുടെ പാർശ്വങ്ങളോ ഏതൊരാളും ആ ആവശ്യത്തിലേയ്ക്ക് ഉപയോഗിക്കുന്നത് നിരോധിക്കുകയും ചെയ്യാവുന്നതാണെന്നും എന്നാൽ വാഹനങ്ങൾക്ക് ഏതെങ്കിലും സ്റ്റാന്റോ വിരാമസ്ഥലമോ തുറക്കുന്നതിനുമുമ്പ് റിജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റിയുടെ മുൻകൂട്ടിയുള്ള അനുവാദം

വാങ്ങിയിരിക്കേണ്ടതാകുന്നുവെന്നും വ്യവസ്ഥ ചെയ്യുന്നു. നിശ്ചിത ഫീസ് ഈടാക്കിക്കൊണ്ട് പ്രസ്തുത സ്ഥലത്ത് പാർക്കിംഗ് അനുവദിക്കുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. സ്വകാര്യ വണ്ടിത്താവളങ്ങൾക്ക് ലൈസൻസ് അനുവദിക്കുന്നതിനും നിയമത്തിൽ വ്യവസ്ഥയുണ്ട്. കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 472, ഒരു മുനിസിപ്പാലിറ്റിക്ക് സർക്കാർ ഇതിലേയ്ക്കായി പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി പൊതുവായ ഇറക്കുസ്ഥലങ്ങളോ വിരാമസ്ഥലങ്ങളോ വണ്ടിത്താവളങ്ങളോ ഉണ്ടാക്കുകയോ ഏർപ്പെടുത്തി വയ്ക്കുകയോ ചെയ്യാവുന്നതും അതുപയോഗിക്കുന്നതിനായി ഫീസ് ചുമത്താവുന്നതുമാണെന്ന് വ്യവസ്ഥ ചെയ്യുന്നു. സ്വകാര്യ വണ്ടിത്താവളങ്ങൾക്ക് ലൈസൻസ് അനുവദിക്കുന്നതിന് മുനിസിപ്പാലിറ്റി നിയമത്തിലും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത ഹാൾട്ടിംഗ് പെർമിറ്റ് എത്ര വർഷത്തേയ്ക്കാണ് അനുവദിക്കുന്നതെന്നും അപേക്ഷ സമർപ്പിക്കേണ്ടതുൾപ്പെടെ പെർമിറ്റ് അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമെന്നും അറിയിക്കാമോ;

ട്രാഫിക് റെഗുലേറ്ററി കമ്മിറ്റികൾ രൂപീകരിക്കുന്നതും യോഗം ചേരുന്നതും തദ്ദേശ സ്ഥാപനങ്ങളുടെ ചുമതലയിലാണോ; വിശദമാക്കാമോ;

(സി) തദ്ദേശ സ്ഥാപനങ്ങളുടെ പരിധിയിൽ ഹാൾട്ടിംഗ് പെർമിറ്റ് നമ്പരുകൾ വിതരണം ചെയ്യുന്നതിന് തൊഴിലാളി സംഘടനകളുടെ കോ-ഓർഡിനേഷൻ കമ്മിറ്റികൾക്ക് അധികാരമുണ്ടോ; ഇല്ലായെങ്കിൽ ഇത്തരത്തിൽ നിയമവിരുദ്ധമായി ഹാൾട്ടിംഗ് പെർമിറ്റ് നമ്പരുകൾ വിതരണം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടാൽ തദ്ദേശ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ട നിയമനടപടികൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ?

(ബി&സി) ഹാൾട്ടിംഗ് പെർമിറ്റ് അനുവദിക്കുന്നതും ട്രാഫിക് റെഗുലേറ്ററി കമ്മിറ്റികൾ രൂപീകരിക്കുന്നതും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയിൽ വരുന്നില്ല. കൂടാതെ തൊഴിലാളി സംഘടനകളുടെ കോ-ഓർഡിനേഷൻ കമ്മിറ്റികൾ നിയമവിരുദ്ധമായി ഹാൾട്ടിംഗ് പെർമിറ്റ് നമ്പരുകൾ വിതരണം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## തെരുവുനായ്ക്കളുടെ ആക്രമണം

337 (337) <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തെരുവുനായകളുടെ ആക്രമണം കൂടിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

തെരുവുനായ്ക്കളുടെ വംശവർദ്ധനവ് നിയന്ത്രിക്കുന്നതിനുള്ളതാണ് അനിമൽ ബർത്ത് കൺട്രോൾ (എ.ബി.സി.) പദ്ധതി. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനതലങ്ങളിലും ഈ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ആയത് ഊർജ്ജിതപ്പെടുത്തുന്നതിനുവേണ്ടി തദ്ദേശസ്വയംഭരണ വകുപ്പ് വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനങ്ങൾ നടപ്പിലാക്കി 23-08-2022-ൽ സ.ഉ.(സാധാ)2065/2022/ത.സ്വ.ഭ.വ. നമ്പരായി ഉത്തരവ് പുറപ്പെടുവിക്കുകയും 15-09-2022-ലെ സ.ഉ.(സാധാ)2244/2022/ത.സ്വ.ഭ.വ.,

29-09-2022-ലെ സ.ഉ.(സാധാ)2376/2022/ത.സ്വ.ഭ.വ. എന്നീ നമ്പർ സർക്കാർ ഉത്തരവുകൾ പ്രകാരം അടിയന്തര തുടർ നടപടികൾ സ്വീകരിക്കുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അടിയന്തര പ്രാധാന്യത്തോടെ പ്രതിരോധ പരിപാടികൾ ഊർജ്ജിതപ്പെടുത്തുകയും തെരുവുനായ്ക്കളുടെ തീവ്ര വാക്സിനേഷൻ യജ്ഞം നടത്തുകയും ശുചിത്വ യജ്ഞം, ഐ.ഇ.സി. കാമ്പയിൻ തുടങ്ങിയവ സംഘടിപ്പിക്കുകയും കൂടാതെ സ്കൂളുകളുമായി ബന്ധപ്പെട്ട് പ്രത്യേക ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കൂടുതൽ എ.ബി.സി. കേന്ദ്രങ്ങൾ സജ്ജീകരിച്ച് പ്രാവർത്തികമാക്കുന്നതിനും വാക്സിനേഷൻ യജ്ഞം നടപ്പിലാക്കുന്നതിനുമായി പദ്ധതി രൂപീകരണം/പുതുക്കലിന് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ഇത്തരം പ്രവർത്തനങ്ങൾക്കായി സംസ്ഥാനതലത്തിലും ജില്ലാ തലത്തിലും തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിലും കമ്മിറ്റികൾ രൂപീകരിക്കുന്നതിന് ഉത്തരവാകുകയും ഓരോ കമ്മിറ്റികളുടെയും ഉത്തരവാദിത്വങ്ങൾ വിശദമാക്കുകയും ചെയ്തിട്ടുണ്ട്.

(ബി) തെരുവുനായകളിൽ പേവിഷബാധ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് നിയന്ത്രിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും എന്തെല്ലാം നടപടികളാണ് ഇനി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ?

പേവിഷ പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി സംസ്ഥാനത്ത് തെരുവുനായ്ക്കളിൽ 2022 സെപ്തംബർ മുതൽ പേവിഷ പ്രതിരോധ കുത്തിവയ്പ്പ് നൽകിവരുന്നു. മൃഗസംരക്ഷണ വകുപ്പ് കണ്ടെത്തിയ 170 ഹോട്ട് സ്പോട്ടുകൾക്കുടി കേന്ദ്രീകരിച്ചാണ് വാക്സിനേഷൻ നടത്തുന്നത്. 2022 സെപ്തംബർ മുതൽ 2023 ഓഗസ്റ്റ് 1 വരെയായി 88261 തെരുവുനായ്ക്കൾക്ക് പേവിഷ പ്രതിരോധ കുത്തിവയ്പ്പ് നൽകിയിട്ടുണ്ട്. തെരുവുനായ്ക്കളിൽ പേവിഷ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് സന്നദ്ധ സംഘടനകൾ, റെസിഡന്റ്സ് അസോസ്സിയേഷനുകൾ എന്നിവയുമായി ചേർന്നുകൊണ്ട് സ്കൂളുകളുൾപ്പെടെ വ്യാപകമായ ബോധവത്കരണ ക്യാമ്പയിൻ (IEC) സംഘടിപ്പിച്ചുവരുന്നു.

നായ്ക്കളുടെ പേവിഷ പ്രതിരോധ പ്രവർത്തനങ്ങൾക്ക് നിയോഗിക്കപ്പെടുന്ന ഉദ്യോഗസ്ഥർ/ഡോഗ് ക്യാച്ചർ/മൃഗപരിപാലകർ

എന്നിവർക്ക് ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ട് പേവിഷ പ്രതിരോധ കുത്തിവയ്പ്പെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് പാലിക്കേണ്ട നിബന്ധനകൾ സംബന്ധിച്ച് ആരോഗ്യ വകുപ്പ് ഒരു ഗൈഡ്‌ലൈൻ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രതിരോധ കുത്തിവയ്പ്പ് പൂർണ്ണമായും സ്വീകരിച്ച വ്യക്തികളെ മാത്രമേ വകുപ്പ് തെരുവുനായ്ക്കളുടെ കുത്തിവയ്പ്പിനായി നിയോഗിക്കുന്നുള്ളൂ.

തിരുവനന്തപുരം കോർപ്പറേഷനുമായി സഹകരിച്ച് CAWA (Compassion for Animal Welfare Association) എന്ന സംഘടന തിരുവനന്തപുരം കോർപ്പറേഷൻ പരിധിയിലും ആവശ്യപ്പെടുന്ന പഞ്ചായത്തുകളിലും തെരുവുനായ്ക്കൾക്ക് സൗജന്യമായി വാക്സിനേഷൻ നൽകിവരുന്നു. ഗോവ സംസ്ഥാനം റാബിസ് വിമുക്തമാക്കിയ Mission Rabies (World wide Veterinary Services) എന്ന സംഘടനയുമായി മൃഗസംരക്ഷണ വകുപ്പ് സഹകരിച്ച് പ്രവർത്തിക്കുന്നതിന് ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. എല്ലാ സെപ്റ്റംബർ മാസവും വളർത്തുനായ്ക്കളിലും തെരുവുനായ്ക്കളിലും പേവിഷ പ്രതിരോധത്തിനുള്ള മാസ് ഡോഗ് വാക്സിനേഷൻ നടത്തിവരുന്നു. 2022

സെപ്റ്റംബർ മാസം മുതലാണ് സംസ്ഥാനത്ത് ആദ്യമായി മാസ് ഡോഗ് വാക്സിനേഷൻ ആരംഭിച്ചത്.

(സി) അനിമൽ ബർത്ത് കൺട്രോൾ റൂൾസ് പ്രകാരം നായകൾക്ക് വന്ധ്യംകരണം, വാക്സിനേഷൻ, ഷെൽട്ടറിംഗ് എന്നിവ നടപ്പാക്കുന്നത് ഫലപ്രദമാണെന്ന് പരിശോധിച്ചിട്ടുണ്ടോ; ഇതുകൂടാതെ തെരുവുനായ ശല്യം തടയുന്നതിന് മറ്റെന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. അനിമൽ ബർത്ത് കൺട്രോൾ റൂൾ പ്രകാരം നായകൾക്ക് വന്ധ്യംകരണം, വാക്സിനേഷൻ, ഷെൽട്ടറിംഗ് എന്നിവ നടപ്പിലാക്കുന്നുണ്ട്. ഇതുകൂടാതെ മാലിന്യ നിർമ്മാർജ്ജനം, വളർത്തുനായ്ക്കൾക്ക് ലൈസൻസ് നൽകൽ, ബോധവത്കരണ ക്യാമ്പയിനുകൾ എന്നീ മാർഗ്ഗങ്ങൾ സ്വീകരിച്ചുവരുന്നു.

(ഡി) തെരുവുനായ ശല്യം തടയുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് എന്തൊക്കെ നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത്; പ്രസ്തുത

നിർദ്ദേശങ്ങൾ പാലിക്കാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

എ.ബി.സി. കേന്ദ്രങ്ങൾ സ്ഥാപിക്കുക, വളർത്തുനായകൾക്ക് ലൈസൻസ് നൽകൽ, തെരുവുനായകളുടെ വാക്സിനേഷൻ, അനിമൽ ഷെൽട്ടർ സ്ഥാപിക്കുക തുടങ്ങിയ നിർദ്ദേശങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്.

(ഇ) തെരുവുനായകൾക്ക് വന്ധ്യംകരണം, വാക്സിനേഷൻ, ഷെൽട്ടറിംഗ് എന്നിവ നടപ്പാക്കുന്നതിന് മതിയായ സൗകര്യമില്ലാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സൗകര്യങ്ങൾ ഒരുക്കിനൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. തെരുവുനായ നിയന്ത്രണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പിന്റെ നേതൃത്വത്തിൽ മൃഗസംരക്ഷണ വകുപ്പുമായി സഹകരിച്ചാണ് നടന്നുവരുന്നത്. ജില്ലാ തലത്തിൽ തെരുവുനായ നിയന്ത്രണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സുഗമമായി

നടപ്പിലാക്കുന്നതിന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായും ജില്ലാ കളക്ടർ കൺവീനറായും വിവിധ വകുപ്പുകളിലെ ജില്ലാതല ഉദ്യോഗസ്ഥർ അംഗങ്ങളായും ജില്ലാതല ഓർഗനൈസിംഗ് കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. ഈ കമ്മിറ്റിയുടെ ഇടപെടലിലൂടെ ജില്ലകളിൽ ഈ പ്രവർത്തനത്തിനുണ്ടാകുന്ന തടസ്സങ്ങൾ മറികടക്കാൻ കഴിയുന്നതാണ്. നിലവിൽ ഇപ്രകാരം ജില്ലാ പഞ്ചായത്തിന്റെ ഫണ്ടുകൾ ഉപയോഗിച്ച് ലഭ്യമായ സ്ഥലങ്ങളിൽ എ.ബി.സി. കേന്ദ്രങ്ങൾ നിർമ്മിച്ച് പ്രവർത്തനം നടത്തിവരുന്നു. 2021-ൽ കോടതി ഉത്തരവ് പ്രകാരം കുടുംബശ്രീയെ ഈ പ്രവർത്തനങ്ങളിൽനിന്ന് ഒഴിവാക്കിയശേഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും വകുപ്പുകളും സംയുക്തമായാണ് പദ്ധതി നടപ്പിലാക്കിവരുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് തെരുവുനായകളുടെ വന്ധ്യംകരണത്തിന് മൃഗസംരക്ഷണ വകുപ്പിന്റെ അടിസ്ഥാന സൗകര്യങ്ങൾ ഉപയോഗിച്ചുവരുന്നുണ്ട്. തെരുവുനായകൾക്ക് വന്ധ്യംകരണം, വാക്സിനേഷൻ, ഷെൽട്ടറിംഗ് എന്നിവ നടപ്പാക്കുന്നതിന്

എല്ലാ അടിയന്തരസൗകര്യങ്ങളും ഒരുക്കി നൽകാൻ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

**ഇൻഫർമേഷൻ കേരള മിഷനിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണം**

338 (338) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഫർമേഷൻ കേരള മിഷനിലെ ജീവനക്കാർക്ക് ശമ്പള പരിഷ്കരണം അവസാനമായി നടപ്പിലാക്കിയത് എന്നാണ്; വ്യക്തമാക്കാമോ?

31-08-2017-ലെ സ.ഉ.(കൈ) നം.176/2017/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 01-09-2017-ലാണ് ഐ.കെ.എം.-ലെ ജീവനക്കാർക്ക് അവസാനമായി ശമ്പള പരിഷ്കരണം നടപ്പിലാക്കിയത്.

(ബി) പ്രസ്തുത സ്ഥാപനത്തിലെ ജീവനക്കാർക്ക് പുതിയതായി ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; അറിയിക്കാമോ?

ഐ.കെ.എം.-ന്റെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാരിൽ പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് തീരുമാനിക്കുന്നതാണ്.

(സി) ജീവനക്കാർക്ക് ഇടക്കാലാശ്വാസം നൽകുന്നതിന് നടപടി കൈക്കൊള്ളുമോ; വ്യക്തമാക്കാമോ?

സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള ഐ.കെ.എം.-ൽ 21-06-2023-ന് ചേർന്ന ഐ.കെ.എം.-ന്റെ ആറാമത് ഗവേണിംഗ് ബോഡി യോഗത്തിൽ ജീവനക്കാർക്ക് ഇടക്കാലാശ്വാസം നൽകുന്ന വിഷയം സമർപ്പിക്കുകയും ഇൻഫർമേഷൻ കേരള മിഷൻ ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടപ്പിലാകുന്നതുവരെ നിലവിലെ ശമ്പളത്തിൽ 20% വർദ്ധനവ് ഐ.കെ.എം.-ന്റെ തനത് ഫണ്ടിൽനിന്ന് അഡ്വാൻസായി അനുവദിക്കുന്നതിനും പ്രസ്തുത നടപടി ഭാവിയിലെ ശമ്പള പരിഷ്കരണത്തിൽ ക്രമീകരിക്കുമെന്ന വ്യവസ്ഥയിൽ 2023 ജൂൺ മാസം മുതൽ അനുവദിക്കുന്നതിന് ഗവേണിംഗ് ബോഡി യോഗത്തിൽ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ജൂൺ മാസം മുതൽ നൽകിവരുന്നു.

**ജനന രജിസ്ട്രേഷൻ**

339 (339) <u>ശ്രീ. കെ. വി. സുമേഷ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോസ്പിറ്റലിൽ കുഞ്ഞ് ജനിച്ച തീയതിയും അനുബന്ധ രേഖകളും റെക്കോർഡാണെങ്കിലും ആയത് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ അയച്ച് (കന്റോൺമെന്റ് ഉൾപ്പെടെ) ജനനം രജിസ്റ്റർ ചെയ്യുന്നതിന്റെ ഉത്തരവാദിത്വം ആശുപത്രികൾക്കാണോ അതോ മാതാപിതാക്കൾക്കാണോ എന്നതിന്റെ വിശദാംശം അറിയിക്കാമോ?

1969-ലെ ജനന മരണ രജിസ്ട്രേഷൻ ആക്റ്റ് സെക്ഷൻ 8b പ്രകാരം ഹോസ്പിറ്റലിൽവച്ച് നടക്കുന്ന ജനനം ബന്ധപ്പെട്ട മെഡിക്കൽ ഓഫീസറോ അല്ലെങ്കിൽ മെഡിക്കൽ ഓഫീസർക്കുവേണ്ടി ചുമതലപ്പെടുത്തുന്ന മറ്റ് ഉദ്യോഗസ്ഥനോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജനനം രജിസ്റ്റർ ചെയ്യുന്നതിനായി ജനന റിപ്പോർട്ട് I പ്രകാരമുള്ള വിവരം നൽകേണ്ടതും തദ്ദേശ രജിസ്ട്രാർ ആയത് രജിസ്റ്റർ ചെയ്യേണ്ടതുമാണ്.

(ബി) തദ്ദേശ സ്ഥാപനങ്ങളിൽ ജനനം രജിസ്റ്റർ ചെയ്യുന്നതിനുള്ള സമയപരിധി അറിയിക്കാമോ?

ജനനം നടന്ന് 21 ദിവസങ്ങൾക്കകം ബന്ധപ്പെട്ട തദ്ദേശ സ്ഥാപനത്തിൽ വിവരം അറിയിക്കേണ്ടതാണ്.

(സി) സമയപരിധി കഴിഞ്ഞാൽ പിന്നീട് ജനനം രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണ്; വിശദാംശം അറിയിക്കാമോ?

21 മുതൽ 30 ദിവസം വരെ റിപ്പോർട്ട് ചെയ്യുന്നവയ്ക്ക് രണ്ട് രൂപ ലേറ്റ് ഫീസ് ഒടുക്കി രജിസ്ട്രാർക്കുതന്നെ രജിസ്റ്റർ ചെയ്യാവുന്നതാണ്. മുപ്പത് ദിവസം മുതൽ ഒരു വർഷം വരെ ബന്ധപ്പെട്ട ജില്ലാ ജനന-മരണ രജിസ്ട്രാറുടെ അനുമതിയും അഞ്ച് രൂപ ലേറ്റ് ഫീസും ഒടുക്കി രജിസ്റ്റർ ചെയ്യാവുന്നതാണ്. ജനനം നടന്ന് ഒരു വർഷത്തിനകം രജിസ്റ്റർ ചെയ്യാത്തവ സബ്ഡിവിഷണൽ മജിസ്ട്രേറ്റിന്റെ (ആർ.ഡി.ഒ.) അനുമതിയും പത്ത് രൂപ ലേറ്റ് ഫീസും ഒടുക്കി രജിസ്റ്റർ ചെയ്യാവുന്നതാണ്.

(ഡി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ (കന്റോൺമെന്റ് ഉൾപ്പെടെ) ജനനം രജിസ്റ്റർ ചെയ്യുന്നതിന് റവന്യൂ ഡിവിഷണൽ ഓഫീസറുടെ അനുമതി ലഭ്യമാക്കേണ്ട സാഹചര്യം വിശദമാക്കാമോ?

ജനനം നടന്ന് ഒരു വർഷത്തിനകം രജിസ്റ്റർ ചെയ്തിട്ടില്ലാത്ത കേസുകളിൽ റവന്യൂ ഡിവിഷണൽ ഓഫീസറുടെ അനുമതിയോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ (കന്റോൺമെന്റ് ഉൾപ്പെടെ) ജനനം രജിസ്റ്റർ ചെയ്യാവുന്നതാണ്. 1969-ലെ ജനന മരണ രജിസ്ട്രേഷൻ ആക്റ്റ് (സെൻട്രൽ ആക്റ്റ് 18)-ലെ സെക്ഷൻ 13(3)-ൽ ഇപ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. 'Section 13(3) of Registration of Births and Deaths Act, 1969- Delayed registration of births and deaths.- Any birth or death which has not been registered within one year of its occurrence, shall be registered only on an order made by a magistrate of the first class or a Presidency Magistrate after verifying the correctness of the birth or death and on payment of the prescribed fee.'

(ഇ) ആയതിന് റവന്യൂ ഡിവിഷണൽ ഓഫീസർക്ക് സമർപ്പിക്കേണ്ട രേഖകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ചീഫ് രജിസ്ട്രാറുടെ 10-05-2017-ലെ ബി1-15343/2017 നമ്പർ ജനന-മരണ രജിസ്ട്രേഷൻ സർക്കുലർ ഖണ്ഡിക 4 - താമസിച്ചുള്ള രജിസ്ട്രേഷനിലെ 4.1 മുതൽ 4.7 വരെയുള്ള ഉപഖണ്ഡികകൾ പ്രകാരം, (1) ഫാറം 1 - ജനന റിപ്പോർട്ടും; (2) ജനന തീയതിയും ജനന സ്ഥലവും തെളിയിക്കുന്ന രേഖയും (സ്കൂൾ രേഖ, ആശുപത്രി രേഖ തുടങ്ങിയ ഏതെങ്കിലും); (3) ഏത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിലാണോ ജനനം നടന്നിട്ടുള്ളത് പ്രസ്തുത ജനന മരണ രജിസ്ട്രാർ നൽകിയ നോൺ അവയലബിലിറ്റി സർട്ടിഫിക്കറ്റും; (4) ജനനം നടന്നത് സംബന്ധിച്ച സത്യവാങ്മൂലം എന്നിവയാണ് സമർപ്പിക്കേണ്ട രേഖകൾ.

ജനന റിപ്പോർട്ടിൽ (ഫാറം 1-ൽ) ഒപ്പിട്ട വ്യക്തി (Informer/വിവരം നൽകുന്നയാൾ) ആണ് മേൽ സത്യവാങ്മൂലം നൽകേണ്ടത്. പ്രസ്തുത സത്യവാങ്മൂലം നോട്ടറി അല്ലെങ്കിൽ സംസ്ഥാന സർക്കാരിലെ ക്ലാസ് 1, ക്ലാസ് 2 ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയതായിരിക്കണം. മേൽ

സർക്കുലറിന്റെ ഖണ്ഡിക 4 ഇതോടൊപ്പം അനുബന്ധമായി ഉള്ളടക്കം ചെയ്തിട്ടുണ്ട്.+

## കെട്ടിട നിർമ്മാണ ചട്ടം

340 (340) ശ്രീ. കെ. വി. സുമേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-നുശേഷം കെട്ടിട നിർമ്മാണ ചട്ടത്തിൽ മാറ്റം വന്നിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. 2022-നുശേഷം 17-01-2023-ലെ ജി.ഒ. (പി.)നം.9/2023/എൽ.എസ്.ജി.ഡി. പ്രകാരം കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലും 17-01-2023-ലെ ജി.ഒ. (പി.)നം.10/2023/എൽ.എസ്.ജി.ഡി. പ്രകാരം കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലും ഭേദഗതി വരുത്തിയിട്ടുണ്ട്. ടവർ നിർമ്മാണം സംബന്ധിച്ചുള്ള ഭേദഗതിയാണ് മേൽ ഉത്തരവുകൾ പ്രകാരം നിലവിൽ വന്നിട്ടുള്ളത്. (ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.)+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) കെട്ടിട നിർമ്മാണ പെർമിറ്റ് ലഭിക്കുന്നതിനുള്ള പുതിയ നടപടിക്രമങ്ങൾ, സമയപരിധി എന്നിവ ഉൾപ്പെടെയുള്ള വിശദാംശം ലഭ്യമാക്കാമോ?

2019-ലെ കേരള പഞ്ചായത്ത്/മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങളും വ്യവസ്ഥകളും പാലിച്ചുകൊണ്ട് ആവശ്യമായ രേഖകൾ സഹിതം അപേക്ഷ സമർപ്പിച്ചാൽ 15 ദിവസത്തിനുള്ളിൽ സെക്രട്ടറി അനുമതി നൽകുകയോ നിരസിക്കുകയോ ചെയ്യേണ്ടതാണ്. അനുമതി നൽകാതിരിക്കുകയോ നിരസിക്കാതിരിക്കുകയോ ചെയ്താൽ അപേക്ഷകന്റെ ലിഖിതമായ അപേക്ഷയിന്മേൽ കൗൺസിൽ തീരുമാനമെടുക്കാൻ ബാധ്യസ്ഥരും 15 ദിവസത്തിനുള്ളിൽ കൗൺസിൽ തീരുമാനം ലഭ്യമാകാതെ വരുന്ന പക്ഷം അനുമതി ലഭിച്ചതായി കണക്കാക്കി (Deemed Permit) അപേക്ഷകന് നിർമ്മാണം തുടങ്ങാവുന്നതാണ്.

കെട്ടിട നിർമ്മാണാനുമതി കൂടുതൽ സുതാര്യമാക്കുന്നതിനുവേണ്ടി 28-06-2021-ലെ ജി.ഒ.(എം.എസ്.) നം.121/2021/എൽ.എസ്.ജി.ഡി. ഉത്തരവ് പ്രകാരം നഗരസഭകളിലും 28-06-2021-ലെ ജി.ഒ.(എം.എസ്.)

നം.120/2021/എൽ.എസ്.ജി.ഡി. ഉത്തരവ് പ്രകാരം പഞ്ചായത്തുകളിലും ലോ റിസ്ക് വിഭാഗത്തിലുള്ള നിർമ്മാണങ്ങൾക്ക് (300 ചതുരശ്ര മീറ്ററിൽ താഴെ ആകെ വിസ്തീർണ്ണമുള്ളതും 7 മീറ്ററിൽ താഴെ ഉയരമുള്ളതും ഇരുനിലകൾ വരെയുള്ളതുമായ വാസഗൃഹ നിർമ്മാണങ്ങളും 200 ചതുരശ്ര മീറ്ററിൽ താഴെ വിസ്തീർണ്ണമുള്ള A2 വാസഗൃഹങ്ങളും ഗ്രൂപ്പ് 'ബി' വിദ്യാഭ്യാസ കെട്ടിടങ്ങളും ഗ്രൂപ്പ് 'ഡി' അസംബ്ലി വിഭാഗത്തിലുള്ള കെട്ടിടങ്ങളും 100 ചതുരശ്ര മീറ്ററിൽ താഴെയുള്ള ഗ്രൂപ്പ് 'എഫ്' കൊമേഴ്ഷ്യൽ നിർമ്മാണങ്ങളും 100 ചതുരശ്ര മീറ്ററിൽ താഴെയുള്ളതും അപകടകരമല്ലാത്തതുമായ 'G1' വിഭാഗത്തിലുള്ള കെട്ടിടങ്ങളും ലോ റിസ്ക് വിഭാഗത്തിൽ ഉൾപ്പെടുന്നു) അപേക്ഷകനും ലൈസൻസിയും ചേർന്ന് സ്വയം സാക്ഷ്യപ്പെടുത്തിയ കെട്ടിട നിർമ്മാണാനുമതി നൽകാവുന്നതാണെന്ന് ഉത്തരവായിട്ടുള്ളതാണ്. (ഉത്തരവുകളുടെ പകർപ്പ് അനുബന്ധം 3, 4 ആയി ചേർത്തിട്ടുണ്ട്.)+ കെട്ടിട നിർമ്മാണത്തിനായി Appendix A1 A-യിൽ അപേക്ഷാ ഫീസ്, പെർമിറ്റ് ഫീസ് എന്നിവ സഹിതം അപേക്ഷ സമർപ്പിക്കേണ്ടതും അപേക്ഷ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പൂർണ്ണമാണെന്ന് കാണുന്നപക്ഷം അഞ്ച് ദിവസത്തിനുള്ളിൽ അംഗീകാര സർട്ടിഫിക്കറ്റ് സെക്രട്ടറി നൽകേണ്ടതുമാണ്. അംഗീകാര സർട്ടിഫിക്കറ്റ് ലഭിക്കുന്നതിലൂടെ നിർമ്മാണത്തിന് പെർമിറ്റ് ലഭിച്ചതായി കണക്കാക്കാവുന്നതും തുടർന്ന് അപേക്ഷകന് നിർമ്മാണം ആരംഭിക്കാവുന്നതുമാണ്. പെർമിറ്റ് പുതുക്കൽ ഒറ്റത്തവണയാക്കിയിട്ടുള്ളതും മൂന്ന് വർഷമെന്ന കാലയളവ് അഞ്ച് വർഷമാക്കി കൂട്ടി ആകെ പെർമിറ്റിന്റെ കാലാവധി പത്ത് വർഷം ആക്കിയിട്ടുള്ളതുമാണ്.

(സി) കെട്ടിട നിർമ്മാണ പെർമിറ്റ് തുക കണക്കാക്കുന്ന മാനദണ്ഡങ്ങൾ, സ്ക്വയർ മീറ്റർ തുക ഉൾപ്പെടെയുള്ള വിശദാംശം ലഭ്യമാക്കാമോ?

2019-ലെ കേരള പഞ്ചായത്ത്/മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ ഷെഡ്യൂൾ I, II & III-ൽ അപേക്ഷാ ഫീസ്, പെർമിറ്റ് ഫീസ്, ലേ ഔട്ട് സ്കൂട്ടിണി ഫീസ് എന്നിവ നിഷ്കർഷിച്ചിട്ടുണ്ട്. ഇത് 31-03-2023-ലെ

സ.ഉ.(കൈ) നം.85/2023/ത.സ്വ.ഭ.വ. പ്രകാരം പരിഷ്കരിച്ച് ഉത്തരവായിട്ടുണ്ട്. (ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.)+

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഓൺ ഫണ്ട് വിനിയോഗം**

341 (341) <u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഓൺ ഫണ്ടിൽ നിന്നുമുള്ള തുക ഉപയോഗിച്ച് പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലേയ്ക്ക് ഡോക്ടർ, നഴ്സ് തുടങ്ങിയവരെ നിയമിക്കുന്നതിന് നിലവിലെ നിബന്ധനകൾ പ്രകാരം എന്തെങ്കിലും തടസ്സങ്ങളുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഇപ്രകാരം നിയമനം ലഭിക്കുന്നവർക്ക് അവരുടെ സേവനം തുടരുന്നതിൽ നിലവിൽ തടസ്സങ്ങളുണ്ടോ; വ്യക്തമാക്കാമോ?

(എ&ബി) തടസ്സങ്ങളില്ല. ആർദ്രം പദ്ധതിയുടെ ഭാഗമായി കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, കുടുംബാരോഗ്യ കേന്ദ്രം, പ്രൈമറി ഹെൽത്ത് സെന്റർ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എന്നിവിടങ്ങളിൽ ഉച്ചകഴിഞ്ഞ് ഒ.പി. സേവനം ഉറപ്പാക്കുന്നതിനായി ഡോക്ടറെയും പാരാമെഡിക്കൽ സ്റ്റാഫിനെയും നിയമിക്കുവാൻ 11-05-2017-ലെ വികേന്ദ്രീകൃതാസൂത്രണ കമ്മിറ്റി യോഗത്തിന്റെ നടപടികുറിപ്പിലെ ഖണ്ഡിക 2.13 പ്രകാരം തീരുമാനമായിട്ടുള്ളതാണ്. എന്നാൽ ഇതിൽ അധികമായി ജീവനക്കാരെ നിയമിക്കണമെങ്കിൽ സ്വന്തമായി ആവർത്തന ചെലവ് കണ്ടെത്തി നിയമിക്കാവുന്നതാണെന്ന് 26-07-2023-ലെ സ.ഉ.(സാധാ)നം.1523/2023/LSGD പ്രകാരം ഉത്തരവായിട്ടുള്ളതാണ്. ആവർത്തന ചെലവ് വരുന്ന പ്രോജക്ടുകൾ സർക്കാർ അനുമതിയില്ലാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കേണ്ടതില്ലെന്നും ടി ഉത്തരവിൽ പ്രതിപാദിക്കുന്നുണ്ട്. നിയമിതരായവർക്ക് കരാർ കാലാവധിവരെ തുടരുന്നതിന് നിലവിൽ തടസ്സങ്ങളൊന്നുമില്ല.

**മഴക്കാല ശുചീകരണ പ്രവർത്തനങ്ങളുടെ ഏകോപനം**

342 (342) <u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ വകുപ്പ് മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

08-03-2023-ലെയും 28-04-2023-ലെയും wm3/38/2023-LSGD നമ്പർ സർക്കുലറുകൾ പ്രകാരമാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മഴക്കാല പൂർവ്വ ശുചീകരണം നടത്തിയിട്ടുള്ളത്. മഴക്കാല പൂർവ്വ ശുചീകരണത്തിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ആരോഗ്യ വകുപ്പിന്റെയും മറ്റ് വകുപ്പുകളുടെയും കൂട്ടായ നേതൃത്വത്തിൽ ജനപങ്കാളിത്തത്തോടെയാണ് പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളത്. "ആരോഗ്യ ജാഗ്രത 2023"-ന്റെ ഭാഗമായി ശാസ്ത്രീയ മാലിന്യ പരിപാലനം നടത്തുകയും ജലസ്രോതസ്സുകൾ വൃത്തിയാക്കുകയും ജലജന്യ രോഗങ്ങളുടെയും കൊതുകുജന്യ രോഗങ്ങളുടെയും വ്യാപനം തടയുന്നതിനായുള്ള പ്രവർത്തനങ്ങളും ഗാർഹികതലം, സ്ഥാപനതലം, പൊതുതലം എന്നിങ്ങനെ മൂന്ന് പ്രവർത്തന മേഖലകളായി തിരിച്ച് നടത്തുകയും ചെയ്തിട്ടുള്ളതാണ്.

ഓരോ വാർഡുതല ആരോഗ്യ ശുചിത്വ പോഷണ സമിതികളും യോഗം ചേർന്ന് വാർഡിലെ പ്രവർത്തനങ്ങൾക്കുള്ള കർമ്മപദ്ധതി തയ്യാറാക്കുകയും ആയത് തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ അംഗീകരിച്ച് പദ്ധതി നടപ്പിലാക്കുകയാണ് ചെയ്തിട്ടുള്ളത്. സ്ഥാപനങ്ങളിലെയും പൊതുയിടങ്ങളിലെയും കൊതുകിന്റെ ഉറവിടം നശിപ്പിക്കൽ, ജലാശയങ്ങൾ വൃത്തിയാക്കൽ, വെള്ളക്കെട്ടുകൾ ഒഴിവാക്കൽ, ഉറവിട മാലിന്യ സംസ്കരണം സംബന്ധിച്ച പ്രചരണ പരിപാടികൾ, കുടുംബശ്രീ മിഷൻ മുഖേനയുള്ള വിവിധ പ്രവർത്തനങ്ങൾ, തൊഴിലുറപ്പ് തൊഴിലാളികൾ വഴിയുള്ള ബോധവത്കരണം, പരിശീലന പരിപാടികൾ, ഹരിത കർമ്മസേനയെ ഉപയോഗിച്ചുകൊണ്ട് ബോധവത്കരണ പ്രവർത്തനങ്ങൾ, മാലിന്യ കൂമ്പാരങ്ങൾ (GVP) കണ്ടെത്തി ജിയോ ടാഗ് ചെയ്യുന്നതിനും നീക്കം ചെയ്യുന്നതിനുമുള്ള നടപടികൾ തുടങ്ങിയ വിവിധങ്ങളായ പ്രവർത്തനങ്ങൾ എന്നിവ മഴക്കാലപൂർവ്വ ശുചീകരണത്തിന്റെ ഭാഗമായി നടപ്പിലാക്കിയിട്ടുണ്ട്. വാർഡിലെ രോഗങ്ങളുടെ ഹോട്ട്സ്പോട്ടുകൾ കണ്ടെത്തി പ്രത്യേകം പ്രവർത്തനങ്ങൾ നടത്തുകയും കൊതുകിന്റെ ഉറവിടങ്ങൾ നശിപ്പിക്കുകയും

കുടിവെള്ളത്തിനുപയോഗിക്കുന്ന കിണറുകൾ ക്ലോറിനേറ്റ് ചെയ്യുകയും കാടുകൾ വെട്ടിത്തെളിക്കുകയും തോടുകളും ഓടകളും ഒഴുക്കുള്ളതാക്കുകയും ചെയ്തിട്ടുണ്ട്.

**കായംകുളം മണ്ഡലത്തിലെ ലൈഫ് മിഷൻ പദ്ധതി**

343 (343) ശ്രീമതി യു. പ്രതിഭ: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ലൈഫ് മിഷൻ പദ്ധതി പ്രകാരം കായംകുളം മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകൾ, നഗരസഭ എന്നിവിടങ്ങളിൽ അനുവദിച്ച വീടുകൾ എത്രയെന്നും ഇതിന്റെയൊക്കെ നിർമ്മാണ പുരോഗതി എന്താണെന്നും വിശദമാക്കാമോ?

ആകെ 2689 വീടുകൾ അനുവദിച്ചു. വിശദവിവരം അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**കേരളത്തിന്റെ മാലിന്യ പ്രശ്നം**

344 (344) ശ്രീ. പി. മമ്മിക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ മാലിന്യ പ്രശ്നത്തിന് സ്ഥായിയായ പരിഹാരം കാണുകയെന്ന ലക്ഷ്യത്തോടെയുള്ള മാലിന്യമുക്തം നവകേരളം എന്ന ക്യാമ്പയിന്റെ പ്രവർത്തനം വിശദമാക്കാമോ?

നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായി 31-03-2025-ഓടുകൂടി മാലിന്യമുക്ത കേരളം എന്ന ലക്ഷ്യം നേടാനായി സജീവ പ്രവർത്തനങ്ങൾ നടന്നുവരുന്നതിനിടയിലാണ് ബ്രഹ്മപുരം മാലിന്യ സംസ്കരണ പ്ലാന്റിൽ തീപിടിത്തമുണ്ടാകുന്നതും ബഹുമാനപ്പെട്ട കേരള ഹൈക്കോടതി വിഷയത്തിലിടപെടുന്നതും മേൽപ്പറഞ്ഞ ലക്ഷ്യം 31-03-2024-ഓടുകൂടിത്തന്നെ കൈവരിക്കണമെന്ന് നിർദ്ദേശിക്കുന്നതും. ഈ നിർദ്ദേശം കൂടി കണക്കിലെടുത്തുകൊണ്ടാണ് 2023 ഏപ്രിൽ 3-ന് മാലിന്യമുക്തം നവകേരളം എന്ന പേരിൽ സംയോജിത ക്യാമ്പയിൻ നടപ്പിലാക്കാൻ തീരുമാനിക്കുന്നത്. മൂന്ന് ഘട്ടങ്ങളിലായി 2024 മാർച്ച്

30-ന് പൂർത്തിയാകുന്ന രീതിയിലാണ് പദ്ധതി ആസൂത്രണം ചെയ്തിരിക്കുന്നത്.

ഒന്നാംഘട്ടം: ജൂൺ 5-ന് പൂർത്തിയായ അടിയന്തര ഘട്ടത്തിൽ താഴെക്കൊടുത്തിരിക്കുന്ന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിലാണ് ശ്രദ്ധയൂന്നിയത്:

- 2016-ലെ ഖരമാലിന്യ പരിപാലന ചട്ടങ്ങൾ പ്രകാരം മാലിന്യ ഉൽപ്പാദകർ പാലിക്കേണ്ട നിയമപരമായ ചുമതല സംബന്ധിച്ച വിവരങ്ങൾ മുഴുവൻ വീടുകളിലും സ്ഥാപനങ്ങളിലും എത്തിക്കുക.
- ഉറവിടത്തിൽ മാലിന്യം തരംതിരിക്കാൻ കേരളത്തിലെ മുഴുവൻ കുടുംബങ്ങളിലും സ്ഥാപനങ്ങളിലുമുള്ളവരെ പ്രാപ്തമാക്കുക.
- തരംതിരിച്ച് അജൈവ മാലിന്യങ്ങൾക്ക് 100% വാതിൽപ്പടി ശേഖരണം ഉറപ്പാക്കുക.
- പൊതുയിടങ്ങളിലും പാതയോരങ്ങളിലും കാണുന്ന മാലിന്യക്കൂനകൾ നീക്കം ചെയ്യുക, പൊതുയിടങ്ങൾ വൃത്തിയാക്കുക.

- ജലാശയങ്ങളിലെ ഖരമാലിന്യം നീക്കം ചെയ്ത് നീരൊഴുക്ക് സുഗമമാക്കുക.

- ജൂൺ 5-ന് അടിയന്തരഘട്ട പ്രവർത്തനങ്ങൾ പൂർത്തിയാക്കുകയും നടന്ന പ്രവർത്തനങ്ങൾ റിപ്പോർട്ടാക്കി ബഹുജനങ്ങൾക്ക് ലഭ്യമാക്കുകയും വേണം.

- ജൂൺ 6 മുതൽ ജൂലൈ 15-വരെ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തി നടന്ന പ്രവർത്തനങ്ങളുടെ സാമൂഹ്യ പരിശോധന നടത്തണം. സാമൂഹ്യ പരിശോധന (ജനകീയ ഓഡിറ്റ്) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തുന്ന പ്രശ്നങ്ങൾ സമയബന്ധിതമായി പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾകൂടി ഉൾപ്പെടുന്നതാണ് രണ്ടാം ഘട്ടം.

- ഒന്നാംഘട്ടം ക്യാമ്പയിന്റെ ഭാഗമായി നടത്തിയ പ്രവർത്തനങ്ങൾ സംസ്ഥാനമൊട്ടുക്കും മാലിന്യനിർമ്മാർജ്ജന വിഷയത്തിൽ വ്യാപകമായ അവബോധം സൃഷ്ടിക്കുന്നതിൽ കാര്യമായ പങ്കുവഹിച്ചു.

ഈ ഘട്ടത്തിലെ നേട്ടങ്ങളെക്കുറിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നേട്ടങ്ങളെയും കോട്ടങ്ങളെയും കുറിച്ച് വിശദമായ പഠനം നടത്തുകയും റിപ്പോർട്ടുകൾ തയ്യാറാക്കുകയും ചെയ്തു. ഈ റിപ്പോർട്ടുകൾ ജൂൺ 5-ന് ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും സംഘടിപ്പിച്ച ഹരിതസഭയിൽ അവതരിപ്പിച്ചു. ഈ വിശകലനങ്ങൾ കൂടുതൽ സുതാര്യമാക്കുന്നതിനുവേണ്ടി റിപ്പോർട്ടുകൾ ജനകീയ ഓഡിറ്റിംഗിനും വിധേയമാക്കി.

<u>രണ്ടാംഘട്ടം:</u>

ജൂൺ 6 മുതൽ നവംബർ വരെയുള്ള ഇപ്പോൾ നടന്നുവരുന്ന രണ്ടാം ഘട്ടത്തിന്റെ മുഖ്യ ലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്:

- ജനകീയ ഓഡിറ്റിംഗിലൂടെ കണ്ടെത്തിയ കുറവുകളും പരിമിതികളും പരിഹരിക്കുക.
- താൽക്കാലിക മിനി എം.സി.എഫ്./എം.സി.എഫ്.-കൾക്കുപകരം മികച്ച സ്ഥിരം സംവിധാനങ്ങൾ നിർമ്മിക്കലും ആവശ്യമായ

യന്ത്രസാമഗ്രികളും ഉപകരണങ്ങളും വാഹന സൗകര്യങ്ങളും അടക്കം മികച്ച അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുക.

<u>മൂന്നാംഘട്ടം</u>:

2024 മാർച്ച് 30-ന് അവസാനിക്കുന്ന അന്തിമഘട്ടത്തിൽ താഴെപ്പറയുന്ന ലക്ഷ്യങ്ങളാണ് കൈവരിക്കേണ്ടത്:

- മുഴുവൻ അടിസ്ഥാന സൗകര്യങ്ങളും ഡിജിറ്റൽ മോണിറ്ററിംഗ് സംവിധാനം ഉൾപ്പെടെ (ഹരിതമിത്രം ആപ്പ്) പൂർണ്ണമായി ഉറപ്പാക്കുക
- കാലപ്പഴക്കം ചെന്ന മാലിന്യ കേന്ദ്രങ്ങൾ/മാലിന്യ കൂനകൾ ബയോമൈനിംഗ് നടത്തി ഭൂമി വീണ്ടെടുക്കൽ.

(ബി) ഇതിനായി 2023-24 വർഷത്തിൽ ജില്ലകൾതോറും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

- വീടുകളിലും സ്ഥാപനങ്ങളിലും ജൈവ മാലിന്യം ഉറവിടത്തിൽ സംസ്കരിക്കുന്നതിനുള്ള സംവിധാനം ഒരുക്കുന്നതിനുള്ള

പ്രവർത്തനങ്ങളും ആവശ്യമായ ഉപാധികൾ വിതരണം ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

- വീടുകളിലും സ്ഥാപനങ്ങളിലും ഉറവിട മാലിന്യ സംസ്കരണം നടത്താൻ സാധ്യമല്ലാത്ത സാഹചര്യത്തിൽ കമ്മ്യൂണിറ്റി സംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.
- അജൈവ മാലിന്യം വീടുകളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും 100% വാതിൽപ്പടി ശേഖരണം ഉറപ്പുവരുത്തും.
- അജൈവ മാലിന്യ ശേഖരണത്തിനായി എം.സി.എഫ്.-കളും ആർ.ആർ.എഫ്.-കളും നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.
- സാനിറ്ററി മാലിന്യങ്ങളുടെ കൃത്യമായ സംസ്കരണത്തിന് നഗരസഭകളിലോ ബ്ലോക്ക് അടിസ്ഥാനത്തിലോ സംവിധാനം ഒരുക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.
- ബദൽ ഉൽപ്പന്നങ്ങളുടെ നിർമ്മാണവും വിപണനവും വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

- നിലവിലുള്ള സംവിധാനങ്ങളുടെ പരിമിതിയും കുറവുകളും പരിഹരിക്കുന്നതിനും ആവശ്യമായ ഇടങ്ങളിൽ പുതിയ സംവിധാനങ്ങൾ ഒരുക്കുന്നതിനുമുള്ള പ്രോജക്ടുൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കിയിട്ടുണ്ട്.

**ഒറ്റപ്പാലം മണ്ഡലത്തിലെ ലൈഫ് മിഷൻ പദ്ധതി**

345 (345) ശ്രീ. കെ. പ്രേംകുമാർ: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഒറ്റപ്പാലം മണ്ഡലത്തിൽ ലൈഫ് മിഷൻ പദ്ധതി പ്രകാരം നാളിതുവരെ എത്ര വീടുകൾ അനുവദിച്ചിട്ടുണ്ട്; അതിൽ എത്ര വീടുകളുടെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട് എന്നുള്ള വിശദാംശം പഞ്ചായത്ത്, മുനിസിപ്പാലിറ്റി തിരിച്ച് ലഭ്യമാക്കാമോ?

തദ്ദേശസ്വയംഭരണ സ്ഥാപനം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

| നമ്പർ | തദ്ദേശ സ്ഥാപനം | അനുവദിച്ച വീടുകളുടെ എണ്ണം | പൂർത്തീകരിച്ച വീടുകളുടെ എണ്ണം |
|---|---|---|---|
| 1 | തച്ചനാട്ടുക്കര | 289 | 191 |
| 2 | അമ്പലപ്പാറ | 130 | 54 |
| 3 | ലക്കിടിപേരൂർ | 364 | 117 |

| | | | |
|---|---|---|---|
| 4 | കടമ്പഴിപ്പുറം | 229 | 145 |
| 5 | കരിമ്പുഴ | 145 | 119 |
| 6 | പൂക്കോട്ടുക്കാവ് | 399 | 117 |
| 7 | ശ്രീകൃഷ്ണപുരം | 142 | 66 |
| 8 | ഒറ്റപ്പാലം മുനിസിപ്പാലിറ്റി | 1637 | 1020 |
| | **ആകെ** | **3335** | **1829** |

**ഒരു തദ്ദേശ സ്ഥാപനം ഒരു ആശയം പദ്ധതി**

346 (346) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെരഞ്ഞെടുക്കപ്പെട്ട ഉദ്യോഗസ്ഥർക്കും ജനപ്രതിനിധികൾക്കും 'ഒരു തദ്ദേശ സ്ഥാപനം ഒരു ആശയം' എന്ന പദ്ധതി പ്രകാരം പരിശീലന പദ്ധതി സംഘടിപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും ജനപ്രതിനിധികളേയും നിർവ്വഹണ ഉദ്യോഗസ്ഥരേയും ഉൾപ്പെടുത്തി കിലയുടെ നേതൃത്വത്തിൽ 'ഒരു തദ്ദേശ സ്ഥാപനം ഒരു ആശയം' എന്ന പദ്ധതിയുടെ പരിശീലന പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. വിവിധ

പരിശീലന പരിപാടികളിലൂടെ 1757 തദ്ദേശസ്വയംഭരണ സ്ഥാപന മേധാവികൾ/വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ, 495 ജില്ലാതല നിർവ്വഹണ ഉദ്യോഗസ്ഥർ, 7760 ജനപ്രതിനിധികൾ, 1632 ബ്ലോക്ക് ലെവൽ ഓഫീസർമാർ, 7662 പഞ്ചായത്ത്/മുനിസിപ്പാലിറ്റി/ കോർപ്പറേഷൻതല നിർവ്വഹണ ഉദ്യോഗസ്ഥർ, 1449 റിസോഴ്സ് പേഴ്സൺമാർ എന്നിവർ പങ്കെടുക്കുകയുണ്ടായി. പൊതുവിൽ സങ്കീർണ്ണമായൊരു ഉള്ളടക്കത്തെ വളരെ ലളിതമായ രീതി ഉപയോഗിച്ച് താഴെതലം വരെ എത്തിക്കാൻ കിലയുടെ സഹകരണത്തോടെ വിവിധ വിഭാഗങ്ങൾക്ക് വിവിധ തലത്തിലും വിവിധ ഉള്ളടക്കത്തോടും കൂടിയ പരിശീലന പരിപാടികളാണ് നടത്തിയത്. ഇതിലേയ്ക്കായി ഒരു കൈപ്പുസ്തകവും തയ്യാറാക്കിയിട്ടുണ്ട്.

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതി ഏതൊക്കെ സ്ഥാപനങ്ങളിലാണ് നടപ്പിലാക്കിയതെന്ന് ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ?

പദ്ധതി നടപ്പിലാക്കുന്ന സ്ഥാപനങ്ങളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കിയ തദ്ദേശസ്ഥാപനങ്ങളിൽ ഈ പദ്ധതി നടപ്പിലാക്കിയതിന്റെ വിശദവിവരം ലഭ്യമാക്കാമോ?

തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ ജനങ്ങൾ നേരിടുന്ന യഥാർത്ഥ ജീവിത പ്രശ്നങ്ങൾക്ക് നൂതനാശയ രൂപീകരണ പ്രക്രിയയിലൂടെ പരിഹാരം ആവശ്യമെങ്കിൽ അവ സമർപ്പിക്കാൻ ആഹ്വാനം ചെയ്തത് പ്രകാരം 215 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തങ്ങളുടെ വികസന പ്രശ്നങ്ങൾ 'സുലേഖ' ഓൺലൈൻ പോർട്ടലിൽ കെ-ഡിസ്ക് ഒരുക്കിയ രജിസ്ട്രേഷൻ ലിങ്ക് വഴി സമർപ്പിക്കപ്പെടുകയുണ്ടായി. തുടർന്ന്, പ്രശ്നപരിഹാര ശ്രമങ്ങളുടെ ഭാഗമായി, കെ-ഡിസ്കും കിലയും സംയുക്തമായി മുൻഗണനാടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത 60 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായി മൂന്ന് ശിൽപ്പശാലകൾ നടത്തുകയുണ്ടായി. ഈ ശില്പശാലകളിലൂടെ ഉരുത്തിരിഞ്ഞുവന്ന പ്രശ്നങ്ങളുടെ വിവിധങ്ങളായ തലങ്ങൾ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മനസ്സിലാക്കുകയും അവയുടെ വിശകലനം നടത്തുകയും ചെയ്തു. തുടർന്ന്, അവയുടെ സാമൂഹിക-സാമ്പത്തിക, ഭരണപരമായ വശങ്ങൾ എന്നിവയെക്കുറിച്ചുള്ള വിവരശേഖരണം അതത് വിഷയ മേഖലയിലെ അക്കാദമിക/ഗവേഷണ സ്ഥാപനങ്ങളുടെ സഹായത്താൽ നടത്തിവരികയാണ്. നാളിതുവരെയുള്ള പ്രവർത്തനങ്ങളുടെ ഒരു ചുരുക്ക പട്ടിക ചുവടെ ചേർക്കുന്നു.

- സമർപ്പിച്ച വിഷയങ്ങളുടെ അടിസ്ഥാനത്തിൽ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ അതത് മേഖലയിലെ വിദഗ്ധരുമായി കണ്ണി ചേർത്ത് ശില്പശാലകൾ നടത്തി.
- കിലയുടെ ജില്ലാതല കോ-ഓർഡിനേറ്റർമാരുടെ ആഭിമുഖ്യത്തിൽ തെരഞ്ഞെടുത്ത എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും തുടർപ്രവർത്തനങ്ങളുമായി ബന്ധിപ്പിക്കുന്ന (liaisoning) പ്രവർത്തനം നടത്തിവരുന്നു.

- 27 വിഷയ മേഖലകളിൽ 1500-ലധികം പേരെ ചേർത്ത് വിദഗ്ദ്ധ കൂട്ടായ്മ (കമ്മ്യൂണിറ്റി ഓഫ് പ്രാക്ടീസ്) രൂപീകരിച്ചു.
- തദ്ദേശ സ്ഥാപനതലത്തിൽ വിവരശേഖരണത്തിനും മറ്റ് പ്രവർത്തനങ്ങൾക്കുമായി 400 ഇന്റേൺസിന് പരിശീലനം നൽകി വരുന്നു.
- ഡി.പി.ആർ. തയ്യാറാക്കുന്നതിന് മുന്നോടിയായി പ്രിലിമിനറി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുവേണ്ടി ഐ.ഐ.ടി. ബോംബെ, കേരള സർവ്വകലാശാല, കാലിക്കറ്റ് സർവ്വകലാശാല ഉൾപ്പെടെ 8 അക്കാദമിക ഗവേഷണ സ്ഥാപനങ്ങൾ OLOI പ്രോജക്ട് ലൈഫ് സൈക്കിളിന്റെ വിവിധ തലങ്ങളിൽ പങ്കാളികളായി.
- നൂതനാശയ സമാഹരണത്തിന് ലോക്കൽ ഇന്നൊവേഷൻ പോർട്ടലിന് രൂപം നൽകിയിട്ടുണ്ട്.
- നൂതനാശയ സമാഹാരണത്തിന്റെ ഭാഗമായി 177 നൂതന ആശയങ്ങൾ സമർപ്പിക്കുകയും അവയെ രണ്ട് ഘട്ടങ്ങളിലായി വിശദമായ

പരിശോധന നടത്തുകയുണ്ടായി. ഇവയിൽനിന്ന് 21 നൂതനാശയങ്ങളെ അവസാനഘട്ട പരിശോധനയ്ക്കായി തെരഞ്ഞെടുത്തു.

**ഒറ്റപ്പാലം മണ്ഡലത്തിലെ റോഡുകൾ**

347 (347) ശ്രീ. കെ. പ്രേംകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം മണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിലുള്ള ആകെ റോഡുകൾ, അവയുടെ ദൈർഘ്യം എന്നിവ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) പ്രസ്തുത റോഡുകളുടെ ആസ്തി വികസന രജിസ്റ്ററിലെ പേരുകൾ വ്യക്തമാക്കാമോ?

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

**പ്രതിമുഖം ചൂരല്ലാക്കൽ റോഡ് നിർമ്മിക്കുന്നതിന് നടപടി**

348 (348) ശ്രീ. രമേശ് ചെന്നിത്തല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ഗ്രാമീണ റോഡ് പുനരുദ്ധാരണ പദ്ധതി പ്രകാരം ഹരിപ്പാട് മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ചിരുന്ന പ്രതിമുഖം ചൂരല്ലാക്കൽ റോഡിന്റെ നിർമ്മാണം വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

(എ&ബി) പ്രവൃത്തി നടക്കേണ്ട റോഡ് പാടശേഖരത്തിന്റെ മദ്ധ്യത്തിൽക്കൂടി ആയതിനാൽ തുടർച്ചയായുണ്ടാകുന്ന മഴയും വെള്ളപ്പൊക്കവും കൂടാതെ സ്ഥല തർക്കവും പ്രവൃത്തിയുടെ നിർമ്മാണം വൈകുന്നതിന് കാരണമായി. മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെട്ട 2023 മാർച്ച് മാസത്തിനുള്ളിൽ പൂർത്തീകരിക്കാത്ത പ്രവൃത്തികളുടെ കാലാവധി ദീർഘിപ്പിച്ച് നൽകുന്നത് പരിശോധിച്ചുവരികയാണ്. ടി തീരുമാനത്തിന് വിധേയമായി ഡി.എസ്.ആർ. 2018 പ്രകാരം പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്യാനുള്ള അനുമതിക്കായി ചീഫ് എഞ്ചിനീയർ സമർപ്പിച്ചിട്ടുള്ള ശിപാർശ പരിശോധിക്കുന്നതാണ്.

## ഇ-മാലിന്യ നിർമ്മാർജ്ജനം

349 (349) ശ്രീ. എ. സി. മൊയ്തീൻ: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇ-മാലിന്യ നിർമ്മാർജ്ജനത്തിന് ചുമതലപ്പെടുത്തിയിട്ടുള്ള ക്ലീൻ കേരള കമ്പനിയുടെ പ്രവർത്തനഘടന ഓരോ ജില്ലയിലും എപ്രകാരമാണെന്ന് വിശദമാക്കാമോ?

സംസ്ഥാനത്തെ എല്ലാ സർക്കാർ സ്ഥാപനങ്ങളിൽനിന്നും പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും വ്യവസായ സ്ഥാപനങ്ങളിൽനിന്നും മേൽ ഉത്തരവുകൾക്ക് വിധേയമായി ഇ-മാലിന്യങ്ങൾ ശേഖരിച്ച് ശാസ്ത്രീയമായി പുന:ചംക്രമണം നടത്താനായി അംഗീകൃത റീസൈക്ലിംഗ് ഏജൻസികൾക്ക് കൈമാറുന്നുണ്ട്. ഓഫീസുകളിൽനിന്നും മറ്റും ഇ-മാലിന്യ ശേഖരണം കൃത്യമായും സമയബന്ധിതമായും നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ ജില്ലകളിൽ നടത്തിവരുന്നു. ഓരോ ജില്ലയെയും 4 സെക്ടറുകളായി തിരിച്ച് ഓരോ സെക്ടറിനും ഓരോ ചാർജ് ഓഫീസറെ വീതം ചുമതലപ്പെടുത്തിയാണ്

പ്രവർത്തനങ്ങളുടെ ഏകോപനം നടത്തുന്നത്. ഇതിനായി ജില്ലകളിൽ ജീവനക്കാരുടെ എണ്ണം ആവശ്യാനുസരണം വർദ്ധിപ്പിച്ചിട്ടുണ്ട്. ഓഫീസുകളിൽനിന്നും അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്കുതന്നെ അവ നീക്കം ചെയ്യുകയും സർക്കാർ നിശ്ചയിച്ചിട്ടുള്ള തുക അതാത് ഓഫീസുകളുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് നൽകുകയും ചെയ്യുന്നുണ്ട്.

ജില്ലാതല പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി മാത്രം 14 ജില്ലകളിൽ പ്രത്യേക വാട്സ്ആപ് ഗ്രൂപ്പുകൾ ഉപയോഗിക്കുന്നുണ്ട്. സംസ്ഥാനതലത്തിൽ ജില്ലകളിലെ പ്രവർത്തനം നിരീക്ഷിക്കുന്നതിനും ആവശ്യം വേണ്ട നിർദ്ദേശങ്ങൾ നൽകുന്നതിനും ഡയറക്ടർ ബോർഡ് അംഗങ്ങൾ ഉൾപ്പെട്ടതും ക്ലീൻ കേരള കമ്പനിയുടെ ജില്ലാ മാനേജർമാർ ഉൾപ്പെട്ടതുമായ പ്രത്യേക വാട്സ്ആപ് ഗ്രൂപ്പും നിലവിലുണ്ട്.

മൂല്യവർദ്ധിത സേവനമെന്ന നിലയിൽ ആപൽക്കരമായ മാലിന്യത്തിന്റെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള ട്യൂബ് ലൈറ്റുകൾ, സി.എഫ്.എൽ., പ്രിന്റർ കാട്രിഡ്ജുകൾ, സി.ഡി., പൊട്ടിയ മോണിറ്ററുകൾ,

ബൾബുകൾ എന്നിവ പ്രത്യേകമായി ശേഖരിച്ച് ശാസ്ത്രീയമായി സംസ്കരിക്കുകയും ചെയ്യുന്നുണ്ട്.

**തദ്ദേശസ്വയംഭരണ വകുപ്പിലെ ഓവർസിയർ ഗ്രേഡ് I (സിവിൽ) തസ്തിക**

350 (350) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പിൽ ഓവർസിയർ ഗ്രേഡ് I (സിവിൽ) തസ്തികയിൽനിന്നും ഒരു വർഷത്തിലധികമായി പ്രൊമോഷൻ നടത്തിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാലതാമസം വന്നതിന്റെ കാരണം വ്യക്തമാക്കാമോ; പ്രസ്തുത പ്രൊമോഷനുമായി ബന്ധപ്പെട്ട് എന്തെങ്കിലും കേസ് നിലവിലുണ്ടോ; എങ്കിൽ കേസ് നമ്പർ ലഭ്യമാക്കാമോ; പ്രൊമോഷൻ നടത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകാമോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഒന്നാംതരം ഓവർസിയർ തസ്തികയിൽനിന്നും അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേയ്ക്ക് പ്രൊമോഷൻ

നൽകുന്നതിനായുള്ള സെലക്ട് ലിസ്റ്റ് അംഗീകരിക്കുന്നതിനായി ഡി.പി.സി. (ലോവർ) യോഗം ചേർന്നുവെങ്കിലും പ്രസ്തുത സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തിയിരുന്ന ഓവർസിയർമാർ (സർട്ടിഫിക്കറ്റ് ക്വാട്ടയിൽ ഉൾപ്പെട്ടിട്ടുള്ളവർ) ബഹുമാനപ്പെട്ട കോടതി മുമ്പാകെ ഫയൽ ചെയ്ത IA No.322/2018, O.P(KAT)NO.56/2017 തുടങ്ങിയ കേസുകളിൽ ഒറിജിനൽ പെറ്റീഷൻ തീർപ്പാക്കുന്നതിനനുസൃതമായി മാത്രം പ്രൊമോഷൻ നൽകാൻ ബഹുമാനപ്പെട്ട കോടതി ഉത്തരവായിരുന്നു. നിലവിൽ കേസിൽ കക്ഷികളായിട്ടുള്ള സർട്ടിഫിക്കറ്റ് ക്വാട്ടയിൽ ഉൾപ്പെട്ടിട്ടുള്ളവരെ മാറ്റി നിർത്തിക്കൊണ്ടും ഡിപ്ലോമ ക്വാട്ടയിൽ ഉൾപ്പെട്ടവരെ മാത്രം ഉൾക്കൊള്ളിച്ചുകൊണ്ടും സെലക്ട് ലിസ്റ്റ് പബ്ലിഷ് ചെയ്യുന്നതിനായി ബഹുമാനപ്പെട്ട കോടതിയുടെ അനുമതി ലഭ്യമാക്കാൻ വേണ്ട നടപടി സ്വീകരിക്കാനും OP(KAT) No. 56/2017, OP(KAT) No. 71/2017 എന്നിവ വേഗത്തിൽ തീർപ്പാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കാനും അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത തസ്തികയിൽനിന്ന് പ്രൊമോഷൻ നടക്കാത്തതിനാൽ പി.എസ്.സി.-യിലേയ്ക്ക് റിപ്പോർട്ട് ചെയ്യേണ്ട ഒഴിവുകളിൽ കുറവ് വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിലവിൽ പ്രൊമോഷൻ നടത്തിയാൽ എത്ര ഓവർസിയർ ഗ്രേഡ് I (സിവിൽ) തസ്തിക പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ സാധിക്കും?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിൽ പ്രൊമോഷൻ നടത്തിയാൽ 31 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ സാധിക്കും.

(സി) തദ്ദേശസ്വയംഭരണ വകുപ്പിൽ ഓവർസിയർ ഗ്രേഡ് I (സിവിൽ) തസ്തികയിൽ നിന്ന് പ്രൊമോഷൻ വഴി നികത്തപ്പെടേണ്ട എത്ര ഒഴിവുകൾ അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) തസ്തികയിൽ നിലവിലുണ്ട്?

ഓവർസിയർ ഗ്രേഡ് I (സിവിൽ) തസ്തികയിൽനിന്ന് പ്രൊമോഷൻ വഴി നികത്തപ്പെടേണ്ട 31 അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) തസ്തികകൾ നിലവിലുണ്ട്.

(ഡി) തദ്ദേശസ്വയംഭരണ വകുപ്പിൽ ഓവർസിയർ ഗ്രേഡ് I (സിവിൽ) തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളുണ്ട്; അവയിൽ എത്ര ഒഴിവുകൾ പി.എസ്.സി. വഴി നികത്തേണ്ടതായിട്ടുണ്ട്?

അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേയ്ക്ക് പ്രൊമോഷൻ നൽകുന്നത് മുഖേന നികത്തപ്പെടേണ്ട 31 ഒഴിവുകളും പി.എസ്.സി. മുഖേന നികത്തപ്പെടേണ്ട 45 ഒഴിവുകളുമുണ്ട്. പ്രസ്തുത 45 ഒഴിവുകളിൽ 42 ഒഴിവുകളിലേയ്ക്ക് പി.എസ്.സി.-യുടെ നിയമന ശിപാർശയുടെ അടിസ്ഥാനത്തിൽ നിയമന ഉത്തരവ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അവശേഷിക്കുന്ന മൂന്ന് ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ഇ) തദ്ദേശസ്വയംഭരണ വകുപ്പിൽ ഓവർസിയർ ഗ്രേഡ് I (സിവിൽ)-ൽ നിലവിൽ എത്ര തസ്തികകളുണ്ട്; അവയിൽ എത്രപേർ ജോലി ചെയ്യുന്നുണ്ട്; ജോലി ചെയ്യുന്നവരിൽ പ്രൊമോഷൻ വഴിയും പി.എസ്.സി. വഴിയും പ്രവേശിച്ചവർ എത്രപേർ; വ്യക്തമാക്കാമോ?

തദ്ദേശസ്വയംഭരണ വകുപ്പിൽ ഓവർസിയർ ഗ്രേഡ് I (സിവിൽ)-ൽ നിലവിൽ 876 തസ്തികകളുണ്ട്. പ്രസ്തുത തസ്തികകളിൽ എത്ര പേർ ജോലി ചെയ്യുന്നുണ്ടെന്ന വിവരം ശേഖരിച്ചുവരുന്നു.

(എഫ്) ഓവർസിയർ ഗ്രേഡ് I (സിവിൽ) തസ്തികയിൽ പ്രൊമോഷൻ, നേരിട്ടുള്ള നിയമനം എന്നിങ്ങനെ നികത്തപ്പെടേണ്ട ഒഴിവുകൾ തമ്മിൽ എന്തെങ്കിലും അംശബന്ധം നിലവിലുണ്ടോയെന്നും അത് പാലിക്കപ്പെടുന്നുണ്ടോയെന്നും വ്യക്തമാക്കാമോ?

ഓവർസിയർ ഗ്രേഡ് I (സിവിൽ) തസ്തികയിൽ പ്രൊമോഷൻ, നേരിട്ടുള്ള നിയമനം എന്നിങ്ങനെ നികത്തപ്പെടേണ്ട ഒഴിവുകൾ തമ്മിൽ 50:50 എന്ന അംശബന്ധം നിലവിലുണ്ട്, അത് പാലിക്കപ്പെടുന്നുമുണ്ട്.

**ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ഫ്ലാറ്റ് സമുച്ചയം നിർമ്മിക്കൽ**

351 (351) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി വീടും ഭൂമിയും ഇല്ലാത്തവർക്കായി നിർമ്മിക്കുന്ന ഫ്ലാറ്റ് സമുച്ചയതിന്റെ പുരോഗതി ജില്ല തിരിച്ച് ലഭ്യമാക്കാമോ?

അനുബന്ധമായി ചേർക്കുന്നു.+

(ബി) കോഴിക്കോട് ജില്ലയിൽ ഏതെല്ലാം സ്ഥലങ്ങളാണ് പ്രസ്തുത ഫ്ലാറ്റുകൾ നിർമ്മിക്കാൻ കണ്ടെത്തിയിട്ടുള്ളത്?

ചാത്തമംഗലം, നടുവണ്ണൂർ, പുതുപ്പാടി, മാവൂർ എന്നീ സ്ഥലങ്ങളാണ് ഭവനസമുച്ചയത്തിനായി കണ്ടെത്തിയിട്ടുള്ളത്.

(സി) ബാലുശ്ശേരി-നടുവണ്ണൂർ മന്ദൻകാവിൽ നിർമ്മിക്കുന്ന ഫ്ലാറ്റിന്റെ പ്രവൃത്തിയിൽ കാലതാമസം വന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രവൃത്തി എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത പദ്ധതിയുള്ള നിർമ്മാണ പ്രവൃത്തികൾ 31-01-2024-ന് പൂർത്തിയാക്കാൻ സാധിക്കുമെന്നാണ് കരാർ കമ്പനി അറിയിച്ചിട്ടുള്ളത്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## തദ്ദേശസ്ഥാപനങ്ങളിലെ എഞ്ചിനീയറിംഗ് വിഭാഗത്തിലെ ഒഴിവുകൾ സംബന്ധിച്ച്

352 (352) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തദ്ദേശ വകുപ്പിലെ എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിലവിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകളുടെ വിവരങ്ങൾ തസ്തിക തിരിച്ച് ലഭ്യമാക്കാമോ?

തദ്ദേശസ്വയംഭരണ വകുപ്പിലെ എഞ്ചിനീയറിംഗ് വിഭാഗത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ 58 ഒഴിവുകൾ നിലവിലുണ്ട്. പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ഒന്നാംതരം ഓവർസിയർ തസ്തികയിൽ 45 ഒഴിവുകൾ നിലവിലുണ്ടായിരുന്നതിൽ 42 പേർക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. അവശേഷിക്കുന്ന 3 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. രണ്ടാംതരം ഓവർസിയർ തസ്തികയിൽ 130 ഒഴിവുകളുണ്ടായിരുന്നതിൽ 83

പേർക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. അവശേഷിക്കുന്ന 47 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. മൂന്നാംതരം ഓവർസിയർ തസ്തികയിൽ 58 ഒഴിവുകൾ നിലവിലുണ്ടായിരുന്നതിൽ 37 പേർക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. 18 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന 3 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കുറ്റ്യാടി നിയോജകമണ്ഡലത്തിലെ 8 പഞ്ചായത്തുകളിലെയും കുന്നുമ്മൽ, തോടന്നൂർ എന്നീ ബ്ലോക്ക് പഞ്ചായത്തുകളിലെയും എഞ്ചിനീയറിംഗ് വിഭാഗത്തിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ ഏതൊക്കെയെന്ന് തസ്തിക തിരിച്ച് അറിയിക്കാമോ; ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിൽ അടിയന്തരമായി നിയമനം നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

കുറ്റ്യാടി നിയോജകമണ്ഡലത്തിലും കുന്നമ്മൽ, തോടന്നൂർ ബ്ലോക്ക് പഞ്ചായത്തുകളിലെയും അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലെ ഒഴിവുകൾ ചുവടെ ചേർക്കുന്നു.

പുറമേരി-1, വേളം-1, കുന്നമ്മൽ-1, ആയഞ്ചേരി-1, തിരുവള്ളൂർ-1, മണിയൂർ -1.

ഓവർസിയർ തസ്തികയിലെ ഒഴിവുകൾ

പുറമേരി-2, കുറ്റിയാടി-1, ആയഞ്ചേരി-1, വില്യാപ്പള്ളി-1, തോടന്നൂർ ബ്ലോക്ക് -1.

**ലൈഫ് മിഷൻ പദ്ധതി**

353 (353) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ലൈഫ് ഭവന നിർമ്മാണ പദ്ധതി പ്രകാരം നിർമ്മാണം പൂർത്തീകരിച്ചതും എല്ലാ ഗഡുക്കളും കൈപ്പറ്റിയിട്ടുള്ളതുമായ വീടുകൾ ബാങ്ക് വായ്പ ഉപയോഗിച്ചോ അല്ലാതെയോ വിപുലീകരിക്കുന്നതിന് നിലവിൽ

വിലക്കുകൾ ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആ കാരണത്താൽ കെട്ടിടം വിപുലീകരിക്കുന്നതിന് തദ്ദേശ സ്ഥാപനങ്ങളുടെ അനുമതി ലഭിക്കുന്നതിന് തടസ്സം നേരിടുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കാമോ?

ഇല്ല. കെട്ടിടം വിപുലീകരിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അനുമതി ലഭിക്കുന്നതിന് തടസ്സം നേരിടുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**വടക്കാഞ്ചേരി ലൈഫ് മിഷൻ മണ്ഡലത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് മുഖേനയുള്ള പദ്ധതികൾ**

354 (354) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം വടക്കാഞ്ചേരി മണ്ഡലത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് വഴി ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

ബഡ്ജറ്റിൽ അനുവദിച്ചതും തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന നിർവ്വഹണം നടത്തിവരുന്നതുമായ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത പദ്ധതികളിൽ പൂർത്തിയാക്കിയവയുടെ വിവരങ്ങൾ ലഭ്യമാക്കാമോ?

<u>കൈപ്പറമ്പ് ഗ്രാമപഞ്ചായത്ത്</u> - SDF MLA 2021-22: പടിഞ്ഞാട്ടയിൽ ലെയ്ൻ എട്ടുവീട് റോഡ് ഇന്റർലോക്ക് -വാർഡ് 9.

<u>മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്ത്</u>- MLA SDF 21-22: Installation of Mini mast light at Poomala School Ground, Near Thadapparambu Ayurveda Hospital, Near KSHB Harithanagar MUST Hall.

<u>തോളൂർ ഗ്രാമപഞ്ചായത്ത് -</u> LAC ADS പോന്നോര് മിനിസ്റ്റേഡിയം നവീകരണം.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കോലഴി ഗ്രാമപഞ്ചായത്ത് - MLA SDF 2021-22: Installation of Mini/Medium/High mast light at Attore Centre. Pottore brothers Centre and Kottekkad Naalumkoodiya Vazhi of Kolazhy Gramapanchayat.

പുഴക്കൽ ബ്ലോക്ക് പഞ്ചായത്ത്-

1. പുറ്റേക്കര-ആണ്ടപ്പറമ്പ് റോഡ് സെക്കന്റ് റീച്ച് - വാർഡ് 16, കൈപ്പറമ്പ് പഞ്ചായത്ത്.

2. മിച്ചഭൂമി-കോൺവെന്റ് റോഡ് - വാർഡ് 15, 16 - അടാട്ട് ഗ്രാമപഞ്ചായത്ത്.

3. മലവായി-പുളയ്ക്കൽ റോഡ് സെക്കന്റ് റീച്ച് - വാർഡ് 7, മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്ത്.

4. മുണ്ടൂർ-സൽസബീൽ സ്കൂൾ റോഡ് - വാർഡ് 7, കൈപ്പറമ്പ് പഞ്ചായത്ത്.

5. മുള്ളൂർ-വാഴച്ചാൽ റോഡ് - വാർഡ് 9, തോളൂർ ഗ്രാമപഞ്ചായത്ത്.

6. കുളമ്പുറത്ത് റോഡ് - വാർഡ് 5, അടാട്ട് ഗ്രാമപഞ്ചായത്ത്.

7. കെ.എൻ.പി. റോഡ് - വാർഡ് 9, അടാട്ട് ഗ്രാമപഞ്ചായത്ത്.

8. പോന്നോർ എൽ.എഫ്. -ശിവനട റോഡ് - വാർഡ് 3, തോളൂർ ഗ്രാമപഞ്ചായത്ത്.

9. എടക്കളത്തൂർ ചർച്ച് റോഡ് -വാർഡ് 1, തോളൂർ ഗ്രാമപഞ്ചായത്ത്.

10. എടക്കളത്തൂർ ചർച്ച് റോഡ് - വാർഡ് 1, തോളൂർ ഗ്രാമപഞ്ചായത്ത് സെക്കന്റ് റീച്ച്.

**ഗാർഹിക മാലിന്യം**

355 (355) <u>ശ്രീ. എ. സി. മൊയ്തീൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പുന:ചംക്രമണം ചെയ്യാൻ കഴിയുന്ന ഗാർഹിക മാലിന്യം തരംതിരിച്ച് വീടുകളിൽനിന്നും ശേഖരിക്കാൻ നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണുള്ളതെന്ന് വിശദമാക്കാമോ?

പുന:ചംക്രമണം ചെയ്യാൻ കഴിയുന്ന ഗാർഹിക മാലിന്യങ്ങൾ വീടുകളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും ഹരിത കർമ്മ സേനകൾ

കലണ്ടർ അടിസ്ഥാനത്തിൽ ശേഖരിച്ചുവരുന്നു. ഇങ്ങനെ ശേഖരിക്കുന്ന പാഴ്വസ്തുക്കൾ വാർഡ് തലത്തിൽ സ്ഥാപിച്ചിട്ടുള്ള മിനി മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികളിലേയ്ക്കോ/തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ സ്ഥാപിച്ചിട്ടുള്ള മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികളിലേയ്ക്കോ എത്തിച്ച് അവയുടെ പുന:ചംക്രമണ മൂല്യത്തിനനുസരിച്ച് തരംതിരിച്ച് സർക്കാർ ഏജൻസിയായ ക്ലീൻ കേരള കമ്പനി മുഖേനയോ പാഴ്വസ്തു വ്യാപാരികൾ മുഖേനയോ പുന:ചംക്രമണത്തിനോ പുനരുപയോഗത്തിനോ കൈമാറിവരുന്നു.

**ലൈഫ് ഭവന നിർമ്മാണത്തിന് കൂടുതൽ തുക**

356 (356) ശ്രീ. ലിന്റോ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റംമൂലം, ലൈഫ് ഭവന നിർമ്മാണ പദ്ധതി അനുസരിച്ച് അനുവദിക്കുന്ന തുകകൊണ്ട് വീട് നിർമ്മാണം പൂർത്തീകരിക്കാനാവുന്നില്ലെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ലൈഫ് പദ്ധതി പ്രകാരം ഭവനനിർമ്മാണത്തിന് അനുവദിക്കുന്ന ധനസഹായം വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ട് വ്യക്തികളും സന്നദ്ധ സംഘടനകളും സമർപ്പിച്ച നിവേദനങ്ങൾ ലഭ്യമായിട്ടുണ്ട്.

(ബി) എങ്കിൽ തുക വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) തുക വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

(ബി&സി) നിലവിൽ പരിഗണനയിലില്ല.

**തദ്ദേശസ്വയംഭരണ വകുപ്പിൽ പുതിയ തസ്തികകൾ**

357 (357) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഏകീകരണം നടന്നപ്പോൾ പുതുതായി ഏതെങ്കിലും തസ്തിക സൃഷ്ടിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് തസ്തിക, എത്ര വീതം, പുതുതായി ഏതെങ്കിലും തസ്തിക സൃഷ്ടിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ എന്നിവ വ്യക്തമാക്കാമോ?

തദ്ദേശസ്വയംഭരണ വകുപ്പ് ഏകീകരണത്തിന്റെ ഭാഗമായി 25-06-2022-ലെ സ.ഉ.(കൈ) നം. 134/2022/LSGD പ്രകാരം അഡീഷണൽ ഡയറക്ടറുടെ ഒരു തസ്തികയും ജോയിന്റ് ഡയറക്ടറുടെ 7 തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. പുതുതായി തസ്തിക സൃഷ്ടിക്കുന്നതിന് നിലവിൽ നിർദ്ദേശമൊന്നും നൽകിയിട്ടില്ല.

**ഒരു തദ്ദേശസ്വയംഭരണ സ്ഥാപനം ഒരു ആശയം പദ്ധതി**

358 (358) <u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിലിന്റെ (കെ-ഡിസ്ക്) നേതൃത്വത്തിൽ ആവിഷ്കരിച്ചിട്ടുള്ള' ഒരു തദ്ദേശസ്വയംഭരണ സ്ഥാപനം ഒരു ആശയം' എന്ന പദ്ധതിയിലൂടെ ലക്ഷ്യമാക്കുന്നത് എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

തദ്ദേശസ്വയംഭരണ സ്ഥാപന പ്രദേശത്തെ ജനങ്ങൾ ദൈനംദിന ജീവിതത്തിൽ നേരിടുന്ന വികസന പ്രശ്നങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽത്തന്നെ കണ്ടെത്തുകയും അവയെ തരംതിരിച്ച്

കെ-ഡിസ്ക് രൂപം നൽകിയിട്ടുള്ള വിദഗ്ധരുടെ കൂട്ടായ്മ വഴിയും അതിനുപരിയായി ഹാക്കത്തോൺ സംവിധാനത്തിലൂടെയും പരിഹാര മാർഗ്ഗങ്ങൾ കണ്ടെത്തി, അവയുടെ പ്രായോഗികതയും ഉപയോഗക്ഷമതയും ഉറപ്പുവരുത്തി, സ്കെയിൽ-അപ്പ് ചെയ്യുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നതിനുവേണ്ടി ലക്ഷ്യമിടുന്ന പദ്ധതിയാണ് 'ഒരു തദ്ദേശസ്വയംഭരണ സ്ഥാപനം ഒരു ആശയം'. പദ്ധതിയുടെ മുഖ്യലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്:

- സാമ്പ്രദായികവും ആവർത്തനസ്വഭാവമുള്ളതുമായ പ്രശ്ന പരിഹാര മാർഗ്ഗങ്ങളിൽനിന്നും വ്യത്യസ്തമായതും എന്നാൽ അടിസ്ഥാന മാറ്റങ്ങൾക്ക് കാരണമാകാവുന്ന പദ്ധതികൾ ഏറ്റെടുക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുക.
- പുത്തനാശയങ്ങളുടെ സഹായത്തോടെ പ്രാദേശിക സാമ്പത്തിക വികസനത്തിനും മാലിന്യ പരിപാലനത്തിനും സംരംഭകത്വ വികസനത്തിനും മെച്ചപ്പെട്ട സേവനക്ഷമത ഉറപ്പുവരുത്തുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുക.

- പ്രാദേശിക സാമ്പത്തിക വികസനപ്രവർത്തനങ്ങളിൽ നേരിടാവുന്ന വെല്ലുവിളികൾക്ക് നൂതനമായ പരിഹാരങ്ങൾ കണ്ടെത്തുന്നതിന് പ്രാദേശിക പ്രതിഭകൾക്ക് അവസരങ്ങൾ നൽകുക.

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഇതുവരെ എന്തൊക്കെ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ ജനങ്ങൾ നേരിടുന്ന യഥാർത്ഥ ജീവിത പ്രശ്നങ്ങൾക്ക് നൂതനാശയ രൂപീകരണപ്രക്രിയയിലൂടെ പരിഹാരം ആവശ്യമെങ്കിൽ അവ സമർപ്പിക്കാൻ ആഹ്വാനം ചെയ്തപ്രകാരം 215 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തങ്ങളുടെ വികസനപ്രശ്നങ്ങൾ 'സുലേഖ' ഓൺലൈൻ പോർട്ടലിൽ, കെ-ഡിസ്ക് ഒരുക്കിയ രജിസ്ട്രേഷൻ ലിങ്ക് വഴി സമർപ്പിക്കപ്പെടുകയുണ്ടായി. തുടർന്ന്, പ്രശ്നപരിഹാര ശ്രമങ്ങളുടെ ഭാഗമായി കെ-ഡിസ്കും കിലയും സംയുക്തമായി മുൻഗണനാടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത 60 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായി മൂന്ന് ശിൽപ്പശാലകൾ നടത്തുകയുണ്ടായി. ഈ ശില്പശാലകളിലൂടെ ഉരുത്തിരിഞ്ഞുവന്ന പ്രശ്നങ്ങളുടെ വിവിധങ്ങളായ തലങ്ങൾ

മനസ്സിലാക്കുകയും അവയുടെ വിശകലനം നടത്തുകയും തുടർന്ന്, അവയുടെ സാമൂഹിക-സാമ്പത്തിക-ഭരണപരമായ വശങ്ങൾ എന്നിവയെക്കുറിച്ചുള്ള വിവരശേഖരണം അതത് വിഷയ മേഖലയിലെ അക്കാദമിക/ഗവേഷണ സ്ഥാപനങ്ങളുടെ സഹായത്താൽ നടത്തിവരികയുമാണ്. നാളിതുവരെയുള്ള പ്രവർത്തനങ്ങളുടെ ഒരു ചുരുക്ക പട്ടിക ചുവടെ ചേർക്കുന്നു.

- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്ന് പ്രശ്ന സമാഹരണത്തിന് പോർട്ടൽ സംവിധാനം ഒരുക്കി.
- കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളെയും നിർവ്വഹണ ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി കിലയുടെ നേതൃത്വത്തിൽ പരിശീലന പരിപാടികൾ സംഘടിപ്പിച്ചു.
- 215 പഞ്ചായത്തുകൾ പ്രശ്നപ്രസ്താവന സമർപ്പിച്ചു.
- പ്രശ്നത്തിന്റെ വ്യാപ്തി, ദൈർഘ്യം, ആഘാതം തുടങ്ങിയ പരാമീറ്ററുകൾ അടിസ്ഥാനമാക്കി പൈലറ്റ് ഘട്ടത്തിലേയ്ക്ക് 60 എൽ.എസ്.ജി.ഐ.-കളെ ഷോർട്ട്ലിസ്റ്റ് ചെയ്തു.

- സമർപ്പിച്ച വിഷയാടിസ്ഥാനത്തിൽ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ അതത് മേഖലയിലെ വിദഗ്ദ്ധരുമായി കണ്ണിചേർത്ത് ശില്പശാലകൾ നടത്തി.
- കിലയുടെ ജില്ലാതല കോ-ഓർഡിനേറ്റർമാരുടെ ആഭിമുഖ്യത്തിൽ തെരഞ്ഞെടുത്ത എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധിപ്പിക്കുന്ന (liaisoning) പ്രവർത്തനം നടത്തിവരുന്നു.
- ഐ.ഐ.ടി. ബോംബെ, കേരള സർവ്വകലാശാല, കാലിക്കറ്റ് സർവ്വകലാശാല ഉൾപ്പെടെ 8 അക്കാദമിക് സ്ഥാപനങ്ങൾ OLOI പ്രോജക്ട് ലൈഫ് സൈക്കിളിന്റെ വിവിധ തലങ്ങളിൽ പങ്കാളികളായി.
- 27 വിഷയ മേഖലകളിൽ 1500-ലധികം പേരെ ചേർത്ത് വിദഗ്ദ്ധ കൂട്ടായ്മ (കമ്മ്യൂണിറ്റി ഓഫ് പ്രാക്ടീസ്) രൂപീകരിച്ചു.
- തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ വിവരശേഖരണത്തിനും മറ്റ് പ്രവർത്തനങ്ങൾക്കുമായി 400 ഇന്റേൺസിന് പരിശീലനം നൽകിവരുന്നു.

- നൂതനാശയ സമാഹരണത്തിന് ലോക്കൽ ഇന്നൊവേഷൻ പോർട്ടലിന് രൂപം നൽകിയിട്ടുണ്ട്.

- നൂതനാശയ സമാഹാരണത്തിന്റെ ഭാഗമായി ലഭിച്ച 177 നൂതന ആശയങ്ങൾ രണ്ട് ഘട്ടങ്ങളിലായി വിശദമായ പരിശോധന നടത്തി ഇവയിൽനിന്ന് 21 നൂതനാശയങ്ങളെ അവസാനഘട്ട പരിശോധനയ്ക്കായി തെരഞ്ഞെടുത്തു.

(സി) ഈ പദ്ധതിയിൽ ജനപ്രതിനിധികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ ആദ്യഘട്ടത്തിൽ കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയും തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്കായി കിലയുടെ നേതൃത്വത്തിൽ പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി. തദ്ദേശസ്വയംഭരണ സ്ഥാപന ജനപ്രതിനിധികളുമായി വിവിധ തലങ്ങളിൽ ചർച്ച ചെയ്താണ് OLOI

പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിയത്. തുടർന്ന്, തദ്ദേശസ്വയംഭരണ സ്ഥാപന അസോസിയേഷൻ പ്രതിനിധികളുമായി മന്ത്രിതലത്തിൽ ചർച്ച നടത്തുകയും OLOI പദ്ധതിയുടെ രൂപരേഖ അന്തിമമാക്കുകയും ചെയ്തു. അതിനുശേഷം OLOI പദ്ധതിയുടെ ഒന്നാം ഘട്ടത്തിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളെ ഉൾപ്പെടുത്തി ശില്പശാലയിലൂടെ പ്രശ്നത്തിന്റെ സൂക്ഷ്മ വിശകലന പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു. ഡി.പി.ആർ. തയ്യാറാക്കുന്നതിന് മുന്നോടിയായി പ്രിലിമിനറി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുവേണ്ടിയുള്ള വിവരശേഖരണം അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെ പങ്കാളിത്തത്തോടെയാണ് നടത്തിവരുന്നത്. അത്തരത്തിൽ തയ്യാറാക്കുന്ന പ്രിലിമിനറി പ്രോജക്ട് റിപ്പോർട്ടുകൾ ജനപ്രതിനിധികളുമായി ചർച്ച ചെയ്ത് വിശദമായ പദ്ധതി രേഖ (DPR) തയ്യാറാക്കും. തുടർന്ന് നടക്കുന്ന നൂതനാശയ രൂപീകരണത്തിൽ ഒന്നിലധികം പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തി അതത് തദ്ദേശസ്വയംഭരണ സ്ഥാപന ജനപ്രതിനിധികളുടെ പങ്കാളിത്തത്തോടെ അവയുടെ

പ്രായോഗികതയും ഉപയോഗക്ഷമതയും സ്വീകാര്യതയും ഉറപ്പുവരുത്തി നൂതനാശയങ്ങൾ അന്തിമമാക്കുന്ന ഒരു രീതിശാസ്ത്രമാണ് അനുവർത്തിച്ചുവരുന്നത്. തുടർന്ന് നടക്കുന്ന പദ്ധതി നിർവ്വഹണത്തിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക് ഉറപ്പുവരുത്തുന്നു. പദ്ധതി നിർവ്വഹണത്തിനുള്ള വിഭവങ്ങൾ സമാഹരിക്കുന്നതും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്.

**തദ്ദേശസ്വയംഭരണ വകുപ്പ്- ഏകീകൃത പൊതുസർവ്വീസ്**

359 (359) ശ്രീ. രമേശ് ചെന്നിത്തല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏകീകൃത പൊതുസർവ്വീസിന്റെ ഭാഗമായി പൊതുജനങ്ങൾക്ക് വിവിധ സേവനങ്ങൾ ലഭ്യമാക്കുന്നതിനും അക്കൗണ്ടിംഗ് കാര്യങ്ങൾ നിർവ്വഹിക്കുന്നതിനും ജീവനക്കാരുടെ സർവ്വീസ് കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനുമായി ഏതൊക്കെ സോഫ്റ്റ്‌വെയർ ആപ്ലിക്കേഷനുകളാണ് ഗ്രാമ,

ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിലും നഗരസഭകളിലും കോർപ്പറേഷനുകളിലും നിലവിലുള്ളത്;

(ബി) അർബൻ, റൂറൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഈ സോഫ്റ്റ്‌വെയർ ആപ്ലിക്കേഷനുകൾ ഒരുപോലെ വിന്യസിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

(എ&ബി) ഏകീകൃത തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് രൂപീകരിച്ചതിനുശേഷം പൊതുജനങ്ങൾക്ക് വിവിധ സേവനങ്ങൾ ലഭ്യമാക്കുന്നതിനും അക്കൗണ്ടിംഗ് കാര്യങ്ങൾ നിർവ്വഹിക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പുതുതായി സോഫ്റ്റ്‌വെയറുകൾ വിന്യസിച്ചിട്ടില്ല. എന്നാൽ ഏകീകരണത്തിന് മുൻപ് വിവിധ വകുപ്പുകൾ വിന്യസിച്ചിരുന്ന സോഫ്റ്റ്‌വെയറുകൾ നിലവിലും ഉപയോഗിച്ചുവരുന്നു.

(സി) ഏകീകൃത പൊതുട്രാൻസ്ഫർ പോളിസിയുടെ ഭാഗമായി സ്ഥലംമാറ്റപ്പെട്ട ജീവനക്കാർക്ക് അതാത് വകുപ്പുകളുടെ പ്രവർത്തന രീതി, സേവന പ്രദാന മാർഗ്ഗരീതി, അക്കൗണ്ടിംഗ് രീതികൾ എന്നിവ സംബന്ധിച്ച്

എന്തെങ്കിലും പരിശീലനമോ ഓറിയന്റേഷനോ നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ പ്രവർത്തനത്തിലും സേവനത്തിലും പ്രതിസന്ധി സൃഷ്ടിക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പരിഹരിക്കുന്നതിന് എന്ത് തുടർനടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഇന്റർ ട്രാൻസ്ഫർ പോളിസിയിൽ സ്ഥലംമാറ്റം ലഭിച്ച ഉദ്യോഗസ്ഥർക്ക് കിലയുമായി (Kerala Institute of Local Administration) ബന്ധപ്പെട്ട് പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) വിവിധ വകുപ്പുകളിൽനിന്നും പരസ്പരം സ്ഥലംമാറ്റപ്പെട്ട ജീവനക്കാരുടെ ശമ്പളവിതരണം, പ്രോവിഡന്റ് ഫണ്ട്, പെൻഷൻ കോൺട്രിബ്യൂഷൻ എന്നീ ഘടകങ്ങളിൽ നിലനിൽക്കുന്ന അവ്യക്തതകളും അനോമലികളും പോരായ്മകളും പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഈ വിഷയം സർക്കാർ തലത്തിൽ വിശദമായി പരിശോധിച്ചുവരികയാണ്. സ്വീകരിക്കേണ്ട നടപടികൾ പ്രിൻസിപ്പൽ ഡയറക്ടർ നിർദ്ദേശമായി നൽകിയിട്ടുണ്ട്.

**മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി**

360 (360) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി പ്രകാരം 2022-23 സാമ്പത്തിക വർഷം സംസ്ഥാനത്ത് തൊഴിൽ ആവശ്യപ്പെട്ട എല്ലാ തൊഴിലുറപ്പ് തൊഴിലാളികൾക്കും തൊഴിൽ നൽകാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ തൊഴിൽ ആവശ്യപ്പെട്ട 16.30 ലക്ഷം കുടുംബങ്ങൾക്കും തൊഴിൽ അനുവദിച്ചിട്ടുള്ളതും ഇതിൽ 15.51 ലക്ഷം കുടുംബങ്ങൾ തൊഴിൽ ചെയ്തിട്ടുള്ളതുമാണ്.

(ബി) ഇതിൽ എത്ര തൊഴിലാളികൾക്ക് 100 ദിനം തൊഴിൽ ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്?

449638 കുടുംബങ്ങൾക്ക് 100 ദിനം തൊഴിൽ ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്.

(സി) പ്രസ്തുത വർഷം കേന്ദ്രസർക്കാർ അംഗീകരിച്ച തൊഴിൽദിനങ്ങൾ എത്രയാണെന്നും അതിൽ കേരളം നൽകിയ തൊഴിൽ ദിനങ്ങൾ എത്രയാണെന്നും വിശദമാക്കാമോ?

2022-23 വർഷം 9.5 കോടി തൊഴിൽദിനങ്ങളാണ് കേന്ദ്രസർക്കാർ ആകെ അനുവദിച്ചത്. എന്നാൽ സംസ്ഥാനം 9.65 കോടി തൊഴിൽദിനങ്ങൾ സൃഷ്ടിച്ച് നൽകുകയുണ്ടായി.

(ഡി) കേന്ദ്രസർക്കാരിൽനിന്ന് സംസ്ഥാനത്തിലെ തൊഴിലുറപ്പ് തൊഴിലാളികൾക്ക് കുടിശ്ശിക ലഭിക്കാനുണ്ടോ; ഉണ്ടെങ്കിൽ വർഷം തിരിച്ച് വിശദമാക്കാമോ?

നിലവിൽ കേന്ദ്ര സർക്കാരിൽനിന്നും സംസ്ഥാനത്തെ തൊഴിലുറപ്പ് തൊഴിലാളികൾക്ക് കുടിശ്ശികയൊന്നും ലഭ്യമാകാനില്ല.

**പ്രധാനമന്ത്രി ഗ്രാമ സഡക് യോജന, സൻസദ് ആദർശ് ഗ്രാമ യോജന**

361 (361) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിലെ പെരുങ്കടവിള, പാറശ്ശാല ബ്ലോക്ക് പഞ്ചായത്തുകളിൽ പ്രധാനമന്ത്രി ഗ്രാമ സഡക് യോജന, സൻസദ് ആദർശ് ഗ്രാമ യോജന എന്നീ സ്കീമുകളുടെ ഭാഗമായി 2021 മുതൽ നാളിതുവരെ അനുവദിച്ച പദ്ധതികളുടെ വിശദവിവരങ്ങൾ, പ്രസ്തുത പദ്ധതികളുടെ പുരോഗതി എന്നിവ അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്കുവേണ്ടി പെരുങ്കടവിള, പാറശ്ശാല ബ്ലോക്ക് മേഖലയിൽനിന്നും പദ്ധതി നിർദ്ദേശങ്ങൾ ലഭ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

(എ&ബി) പ്രധാനമന്ത്രി ഗ്രാമ സഡക് യോജന (PMGSY) പ്രകാരം പാറശ്ശാല നിയോജകമണ്ഡലത്തിലെ പെരുങ്കടവിള ബ്ലോക്കിലെ ചാക്കപ്പാറ-പൂരവിമല റോഡ് ഡി.പി.ആർ. തയ്യാറാക്കി കേന്ദ്രാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. എസ്.എൻ.പുരം-പ്ലാമ്പഴിഞ്ഞി-അട്ടൂർ-മഞ്ചക്കോട്-ഇമ്മാനുവൽ കോളേജ് റോഡിന്റെ ടെണ്ടർ നടപടി ആരംഭിച്ചു. തൊട്ടിപ്പാലം പി.എച്ച്.സി.-മണക്കാല-വട്ടപ്പറമ്പ-ചെമ്പൂര് റോഡിന്റെ രണ്ടാം ലെയർ മെറ്റലിംഗ് പൂർത്തീകരിച്ചു. കുറ്റിപ്പൂമൂട്-ഡാലുംമുഖം-അലിക്കോട്-ചാമവിള റോഡിന്റെ പണി പൂർത്തീകരിച്ചു. രണ്ടാം വർഷ മെയിന്റനൻസ് പുരോഗമിക്കുന്നു.

പാറശ്ശാല ബ്ലോക്കിലെ ചെങ്കൽ-പിരായുംമൂട്-ആവണക്കിൻവിള-മൺവിളകടവ് റോഡ് 2022-ൽ എഗ്രിമെന്റ് വച്ച് രണ്ടാം ലെയർ മെറ്റലിംഗ് പൂർത്തീകരിച്ചു. വാട്ടർ അതോറിറ്റി പൈപ്പിടാൻവേണ്ടി റോഡ് വെട്ടിപ്പൊളിച്ചത് കാരണം വർക്ക് ഇപ്പോൾ നിർത്തിവച്ചിരിക്കുകയാണ്. പദ്ധതി നിർദ്ദേശങ്ങളും ലഭിച്ചിട്ടുണ്ട്. പാറശ്ശാല, പെരുങ്കടവിള എന്നീ

ബ്ലോക്ക് പഞ്ചായത്തുകളിൽ സൻസദ് ആദർശ് ഗ്രാമ യോജന (SAGY) പ്രകാരമുള്ള പദ്ധതികളൊന്നും 2021 മുതൽ നടപ്പിലാക്കിയിട്ടില്ല.

(സി) പ്രസ്തുത പദ്ധതിക്കുവേണ്ടി റോഡുകൾ തെരഞ്ഞെടുക്കുന്നതിനായി നിശ്ചയിച്ചിട്ടുള്ള നിബന്ധനകൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

പി.എം.ജി.എസ്.വൈ.-യിലാണ് റോഡുകളുടെ പ്രവൃത്തികൾ വരുന്നത്. ഇപ്പോൾ പ്രാബല്യത്തിലുള്ള പി.എം.ജി.എസ്.വൈ. III-ൽ ഗ്രാമീണ വിപണികൾ, വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയവയ്ക്ക് പ്രാധാന്യം നൽകി നിലവിലുള്ള ത്രൂ റൂട്ടുകളും പ്രധാന ഗ്രാമീണ ലിങ്ക് റോഡുകളും നവീകരിക്കുന്നതിനാണ് ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. ഇവ നവീകരിക്കുമ്പോൾ അഞ്ച് കിലോമീറ്ററിലധികം നീളം ആവശ്യമാണ്. എങ്കിലും കേരളത്തിന് അത് 3 കിലോമീറ്ററായി നിജപ്പെടുത്തിയിട്ടുണ്ട്. നവീകരണ പദ്ധതിയുടെ ഭാഗമായി ഗ്രാമീണ കാർഷിക വിപണികൾ, സർക്കാർ ആശുപത്രികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയുമായി ബന്ധിപ്പിക്കുന്ന നിലവിലുള്ള റോഡുകളുടെ ബലപ്പെടുത്തലുകളും വീതി കൂട്ടലും ഉൾപ്പെടുത്താവുന്നതാണ്.

## തദ്ദേശസ്വയംഭരണ വകുപ്പിന് കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങൾ

362 (362) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. എ. പ്രഭാകരൻ:
ശ്രീ. ജി. സ്റ്റീഫൻ:
ശ്രീ. എൻ. കെ. അക്ബർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വികേന്ദ്രീകൃതാസൂത്രണം നടപ്പാക്കിയതിനെ തുടർന്ന് ഏതെല്ലാം സ്ഥാപനങ്ങളാണ് ത്രിതല പഞ്ചായത്തുകൾക്കും നഗരസഭകൾക്കും കോർപ്പറേഷനുകൾക്കും കൈമാറിയിട്ടുള്ളതെന്ന് അറിയിക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(ബി) തദ്ദേശസ്വയംഭരണ വകുപ്പിന്റേതല്ലാത്തതും മറ്റ് വകുപ്പുകളിൽ നിന്നും കൈമാറിയിട്ടുള്ളതുമായ സ്ഥാപനങ്ങളിലുണ്ടാകുന്ന ഒഴിവുകൾ നികത്തുന്നതിനുള്ള നിയമനാധികാരം നിലവിൽ ആരിലാണ് നിക്ഷിപ്തമായിരിക്കുന്നതെന്നും ഇതുസംബന്ധിച്ച് സർക്കാർ പുതിയ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോയെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ?

നിയമനാധികാരം അതാത് വകുപ്പുകളിൽ നിക്ഷിപ്തമാണ്.

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും അവയുടെ നിയന്ത്രണത്തിലുള്ള ആശുപത്രികളിലും ആംബുലൻസുകളും മറ്റ് വാഹനങ്ങളും പ്രവർത്തനരഹിതമായോ ഉപേക്ഷിക്കപ്പെട്ട നിലയിലോ കിടക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇവയുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തിയാക്കി പ്രവർത്തനസജ്ജമാക്കുന്നതിനും ഉപയോഗശൂന്യമായവ നിയമാനുസൃത ലേല നടപടികളിലൂടെ ഒഴിവാക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

(സി&ഡി) വിവരം ശേഖരിച്ചുവരുന്നു.

**അജൈവ മാലിന്യ സംസ്കരണം**

363 (363) <u>ശ്രീ. മാണി സി. കാപ്പൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അജൈവ മാലിന്യവുമായി ബന്ധപ്പെട്ട് ക്ലീൻ കേരള കമ്പനിക്കുള്ള കുടിശ്ശിക നിലനിൽക്കുന്നത് കാരണം മാലിന്യ സംസ്കരണത്തിൽ തടസ്സം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ മാലിന്യ സംസ്കരണം തടസ്സപ്പെടാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് അജൈവ മാലിന്യവുമായി ബന്ധപ്പെട്ട് ക്ലീൻ കേരള കമ്പനിക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും കുടിശ്ശിക നിലനിൽക്കുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാരണത്താൽ മാലിന്യ സംസ്കരണം തടസ്സപ്പെട്ടിട്ടില്ല.

(ബി) മാലിന്യങ്ങൾ റോഡിൽ വലിച്ചെറിയുന്നത് തടയാൻ എന്തെല്ലാം പ്രതിരോധ മാർഗ്ഗങ്ങളാണ് പ്രാദേശിക തലത്തിൽ സർക്കാർ സ്വീകരിച്ചിരിക്കുന്നത്; വ്യക്തമാക്കുമോ?

മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട നിയമലംഘനങ്ങൾ കണ്ടെത്തി നിയമ നടപടി സ്വീകരിക്കുന്നതിന് പ്രത്യേക എൻഫോഴ്സ്മെന്റ് സംവിധാനത്തിന്റെ പ്രവർത്തന മാർഗ്ഗരേഖ 21-03-2023-ലെ സ.ഉ.

(സാധാ)നം. 673/2023/തസ്വഭവ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ച് ജില്ലകളിൽ രൂപീകരിച്ചിട്ടുള്ള എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ പാതയോരങ്ങളിലും പൊതുസ്ഥലങ്ങളിലും പിന്നാമ്പുറങ്ങളിലുമുള്ള അനധികൃത മാലിന്യ നിക്ഷേപങ്ങൾ/വലിച്ചെറിയൽ, നിക്ഷേപ കേന്ദ്രങ്ങൾ (ഗാർബേജ് വൾനറബിൾ പോയിന്റുകൾ), കാനകൾ, തോടുകൾ, ജലാശയങ്ങൾ, വനപ്രദേശങ്ങൾ മുതലായവയിലുള്ള ഖരമാലിന്യ നിക്ഷേപങ്ങൾ, അനധികൃത ദ്രവ മാലിന്യ നിർഗ്ഗമന മാർഗ്ഗങ്ങൾ, നിക്ഷേപങ്ങൾ മുതലായവ കണ്ടെത്തി അവ നിർമ്മാർജ്ജനം ചെയ്യുന്നതിനും ഇത്തരം പ്രവർത്തനങ്ങൾ തടയുന്നതിനും വേണ്ട നിർദ്ദേശങ്ങൾ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക്/വകുപ്പുകൾക്ക് നൽകിവരുന്നു.

**തദ്ദേശ വകുപ്പിലെ ഓൺലൈൻ ട്രാൻസ്ഫർ സംവിധാനം**

364 (364) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തദ്ദേശ വകുപ്പിൽ ഓൺലൈൻ ട്രാൻസ്ഫർ സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

ഉണ്ട്. 25-02-2017-ലെ സ.ഉ.(പി)3/2017/P&ARD, 22-03-2023-ലെ സ.ഉ.(എം.എസ്.)79/2023/LSGD എന്നീ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ഇൻഫർമേഷൻ കേരള മിഷൻ തയ്യാറാക്കിയ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് തദ്ദേശ വകുപ്പിൽ ഓൺലൈൻ സ്ഥലംമാറ്റ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. തദ്ദേശ വകുപ്പിലെ മുഴുവൻ ജീവനക്കാരുടെയും വിവരം ടി സോഫ്റ്റ്‌വെയർ മുഖേന ശേഖരിക്കുകയും ഇതിന്റെയടിസ്ഥാനത്തിൽ സ്ഥലംമാറ്റ മാനദണ്ഡങ്ങൾ കൃത്യമായി പാലിച്ചുകൊണ്ട് ഓൺലൈൻ സ്ഥലംമാറ്റ സംവിധാനം നടപ്പിലാക്കിയിട്ടുള്ളതായി പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) ഓൺലൈൻ ട്രാൻസ്ഫർ നടപ്പിലാക്കിയതിനെത്തുടർന്ന് കാസർഗോഡ് ജില്ലയിൽ മലയോര പഞ്ചായത്തുകളിൽനിന്ന് ജീവനക്കാർ കൂട്ടത്തോടെ സ്ഥലം മാറിപ്പോയ വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇവിടുത്തെ ത്രിതല പഞ്ചായത്ത് ഭരണത്തിന് ജീവനക്കാരുടെ സ്ഥലംമാറ്റം ബുദ്ധിമുട്ടായിരിക്കുന്ന സാഹചര്യത്തിൽ ആയത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കാമോ?

ത്രിതല പഞ്ചായത്ത് ഭരണത്തിന് ജീവനക്കാരുടെ സ്ഥലംമാറ്റം ബുദ്ധിമുട്ടായിരിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**മണലൂർ മണ്ഡലത്തിലെ മാലിന്യ സംസ്കരണം**

365 (365) ശ്രീ. മുരളി പെരുനെല്ലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഏതെല്ലാം സ്ഥാപനങ്ങൾക്കാണ് മാലിന്യ സംസ്കരണ പ്ലാന്റുകളുള്ളത്?

ഗുരുവായൂർ മുനിസിപ്പാലിറ്റിയുടെ മണലൂർ മണ്ഡലത്തിൽ ഉൾപ്പെട്ട പ്രദേശത്ത് മാലിന്യ സംസ്കരണ പ്ലാന്റ് നിലവിലുണ്ട്.

(ബി) മണ്ഡലത്തിൽ മാലിന്യ പ്ലാന്റുകളില്ലാത്ത തദ്ദേശ സ്ഥാപനങ്ങൾ ഏതെല്ലാമാണ്?

അരിമ്പൂർ, മണലൂർ, എളവള്ളി, മല്ലശ്ശേരി, വാടാനപ്പള്ളി, പാവറട്ടി, വെങ്കിടങ്ങ്, ചൂണ്ടൽ, കണ്ടാണശ്ശേരി ഗ്രാമപഞ്ചായത്തുകൾ.

(സി) മാലിന്യ പ്ലാന്റുകളുള്ളവയുടെ പ്രവർത്തനം തൃപ്തികരമാണോ; അല്ലെങ്കിൽ ആയത് പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ?

തൃപ്തികരമാണ്.

(ഡി) മണലൂർ മണ്ഡലത്തിലെ പാവറട്ടി പഞ്ചായത്തിൽ മാലിന്യ പ്ലാന്റിനായി കണ്ടെത്തിയ സ്ഥലം CRZ പരിധിയിലാണെന്നതിനാൽ (100 മീറ്റർ) നിർമ്മാണ പ്രവർത്തനം തടസ്സപ്പെട്ടിരിക്കുകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ദൂരപരിധിയിൽ ഇളവ് നൽകി മാലിന്യ പ്ലാന്റിന് അനുമതി നൽകുന്നതിനുവേണ്ട നടപടി എടുക്കുമോ; വിശദാംശങ്ങൾ നൽകാമോ?

ഇല്ല.

**കോഴിക്കോട് വേങ്ങേരിയിൽ സ്റ്റേഡിയം നിർമ്മിക്കുന്നതിന് നടപടി**

366 (366) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് വേങ്ങേരിയിൽ സ്റ്റേഡിയം നിർമ്മാണത്തിന് 2023-24 വർഷത്തെ ബഡ്ജറ്റിൽ 75 ലക്ഷം രൂപ വകയിരുത്തിയത് പ്രകാരം പദ്ധതി തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

(എ&ബി) 2023-24 ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള 'കോഴിക്കോട് വേങ്ങേരി സ്റ്റേഡിയം'പ്രവൃത്തിയുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

## നിലവാരം കുറഞ്ഞ പ്ലാസ്റ്റിക്കുകളുടെ ഉപയോഗം

367 (367) ശ്രീ. മാണി സി. കാപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവാരം കുറഞ്ഞ പ്ലാസ്റ്റിക്കുകളുടെ ഉപയോഗം ഇപ്പോഴും നിർബാധം തുടരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരം പ്ലാസ്റ്റിക്കുകളുടെ ഉപയോഗം പൂർണ്ണമായും ഒഴിവാക്കാൻ സ്വീകരിച്ചിരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഉണ്ട്. 27-11-2019-ലെ സ.ഉ.(കൈ)നം.6/2019/പരി., 17-12-2019-ലെ സ.ഉ.(കൈ)നം.7/2019/പരി. എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് വസ്തുക്കൾക്ക് നിരോധനം ഏർപ്പെടുത്തി. പിന്നീട് 12-08-2021-ലെ കേന്ദ്ര സർക്കാർ നോട്ടിഫിക്കേഷൻ നമ്പർ G.S.R. 571(E) മുഖേന ഒറ്റത്തവണ ഉപയോഗിക്കാവുന്ന പ്ലാസ്റ്റിക് നിരോധനം ഏർപ്പെടുത്തുകയും ചെയ്തു. മേൽപ്പറഞ്ഞ പ്രകാരം പരിശോധനകൾ നടത്തുകയും ഫൈൻ ഈടാക്കുകയും ചെയ്തിട്ടുണ്ട്.

21-03-2023-ലെ സർക്കാർ ഉത്തരവ് ജി.ഒ. (ആർ.ടി.)നം.673/2023/എൽ.എസ്.ജി.ഡി. പ്രകാരം മാലിന്യ സംസ്കരണത്തിലെ ലംഘനം കണ്ടെത്തുന്നതിന് പ്രത്യേക എൻഫോഴ്സ്മെന്റ് ടാസ്ക് ഫോഴ്സ് രൂപീകരിച്ചു. 16-05-2023 വരെ ടാസ്ക് ഫോഴ്സ് സംസ്ഥാനത്ത് നടത്തിയ 7629 പരിശോധനകളിൽ 2852 നിയമലംഘനങ്ങൾ ശ്രദ്ധയിൽപ്പെടുകയും തുടർനടപടികൾ സ്വീകരിച്ചും വരുന്നു. ഇതുകൂടാതെ വീടുകളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുന്നതിനായി അംഗീകൃത ശേഖകരെ (ഹരിത കർമ്മ സേനയെ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏർപ്പെടുത്തുകയും അതിൽ പുന:ചംക്രമണം ചെയ്യാൻ പറ്റുന്നവയെ റീസൈക്ലിംഗ് യൂണിറ്റിൽ ഏൽപ്പിക്കുകയും പുനഃചംക്രമണം ചെയ്യാൻ പറ്റാത്തവയെ സിമന്റ് പ്ലാന്റ്, റോഡ് ടാറിംഗ് എന്നിവയിൽ എത്തിക്കാൻ വേണ്ട നടപടികൾ ക്ലീൻ കേരള കമ്പനി ലിമിറ്റഡ് മുഖേന നടപ്പിലാക്കിയുംവരുന്നു. ബ്രാന്റ് ഉടമകൾ, ഉൽപ്പാദകർ, ഇറക്കുമതിക്കാർ (PIBOs) എന്നിവർക്ക് അവരുടെ ഉൽപ്പന്നങ്ങളിൽ നിന്നുണ്ടാകുന്ന പ്ലാസ്റ്റിക് പാക്കേജിംഗ് വസ്തുക്കൾ

നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള ചുമതല നൽകുന്നതിന്റെ ഭാഗമായി 16-02-2022-ൽ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച Plastic Waste Management (Amendment) Rules, 2022 പ്രകാരം EPR രജിസ്ട്രേഷൻ നൽകുന്നതിനായി CPCB സെൻട്രൽ പോർട്ടൽ സ്ഥാപിക്കുകയും ആയതുപ്രകാരം സംസ്ഥാനത്ത് EPR പോർട്ടലിൽ PIBOs, പ്ലാസ്റ്റിക് വേസ്റ്റ് പ്രോസസ്സേഴ്സ് (PWP) തുടങ്ങിയവരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് തുടർച്ചയായി ശ്രമങ്ങൾ നടത്തിവരികയുമാണ്. ഇതുവരെ 192 PIBOs-ഉം 13 PWPs-ഉം രജിസ്ട്രേഷൻ നൽകിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് EPR ക്രെഡിറ്റുകൾ കൈമാറുന്നതിനായി EPR പോർട്ടലിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. ആയതിലൂടെ നിലവിൽ നിരോധനം ഏർപ്പെടുത്തിയിട്ടില്ലാത്ത പ്ലാസ്റ്റിക് പാക്കേജിംഗുകളുടെ നിർമ്മാർജ്ജനം അംഗീകൃത റീസൈക്ലിംഗ് യൂണിറ്റുകൾ വഴി നടപ്പിലാകുന്നുവെന്ന് ഉറപ്പാക്കാൻ സാധിക്കും. SUP നിരോധനവും EPR രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് വിവിധ ബോധവൽക്കരണ

പരിപാടികൾ, വെബിനാർ, പരിശീലനങ്ങൾ തുടങ്ങിയവ നടത്തിയിട്ടുണ്ട്. നിരോധിത ഒറ്റത്തവണ ഉപയോഗ പ്ലാസ്റ്റിക് ഇനങ്ങളെക്കുറിച്ചുള്ള പരസ്യം പത്രം, മാഗസിനുകൾ ഉൾപ്പെടെ വിവിധ മാധ്യമങ്ങൾ വഴി നൽകിയിട്ടുണ്ട്. ഒറ്റത്തവണ ഉപയോഗ പ്ലാസ്റ്റിക്കുകൾക്കുള്ള ബദൽ ഉൽപ്പന്ന നിർമ്മാതാക്കളുടെ വിവരങ്ങൾ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ശേഖരിച്ച് ക്രോഡീകരിച്ച് പബ്ലിഷ് ചെയ്തിട്ടുണ്ട്.

(ബി) പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ ഉപയോഗം ഒഴിവാക്കി പേപ്പർ ക്യാരിബാഗുകൾ കച്ചവട സ്ഥാപനങ്ങളിലും മറ്റും പ്രാബല്യത്തിലാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

01-01-2020 മുതൽ ഒറ്റത്തവണ ഉപയോഗ പ്ലാസ്റ്റിക്കുകളുടെ ഗണത്തിൽപ്പെടുത്തി സംസ്ഥാനത്ത് ക്യാരിബാഗുകൾക്ക് (കനം നോക്കാതെ) 17-12-2019-ലെ സ.ഉ.(കൈ)നം.7/2019/പരി. പ്രകാരം സർക്കാർ നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്. നിരോധിക്കപ്പെട്ട ക്യാരിബാഗുകൾക്ക് ബദലായി തുണി - പേപ്പർ ബാഗുകൾ ഉപയോഗിക്കാമെന്നും 27-01-2020-ൽ G.O(Ms)No.2/2020/ENVT നമ്പർ ഉത്തരവും സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

ഒറ്റത്തവണ ഉപയോഗ പ്ലാസ്റ്റിക്കുകൾക്കുള്ള ബദൽ ഉൽപ്പന്ന നിർമ്മാതാക്കളുടെ വിവരങ്ങൾ ശേഖരിച്ച് ക്രോഡീകരിച്ച് പബ്ലിഷ് ചെയ്തിട്ടുണ്ട്. പേപ്പർ ബാഗ് നിർമ്മാണ യൂണിറ്റുകളെ മലിനീകരണ തോത് തുലോം കുറവായിട്ടുള്ള വെള്ള കാറ്റഗറിയിൽ ഉൾപ്പെടുത്തി 15 വർഷത്തെ രജിസ്ട്രേഷനും നൽകിവരുന്നു.

**തമ്മാനിമറ്റം തൂക്കുപാലം പുനർനിർമ്മിക്കുന്നതിന് നടപടി**

368 (368) <u>ശ്രീ. പി. വി. ശ്രീനിജിൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിലെ തമ്മാനിമറ്റം തൂക്കുപാലത്തിന്റെ പുനർനിർമ്മാണ പ്രവൃത്തിക്ക് 5.37 കോടി രൂപയുടെ ഭരണാനുമതി ലഭ്യമായ സാഹചര്യത്തിൽ തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

തമ്മാനിമറ്റം തൂക്കുപാലം പുനർനിർമ്മാണ പ്രവൃത്തിയുടെ സിവിൽ വർക്കുകളുടെ സാങ്കേതികാനുമതി നൽകുന്നതിനായി എസ്റ്റിമേറ്റ് കൊച്ചി

കോർപ്പറേഷൻ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ പരിഗണനയിലാണ്. മെക്കാനിക്കൽ പ്രവൃത്തികളുടെ സാങ്കേതികാനുമതി ഇറിഗേഷൻ മെക്കാനിക്കൽ വിംഗിൽനിന്നാണ് നൽകേണ്ടത്. ആ നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) പ്രസ്തുത പുനർനിർമ്മാണ പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

ഇല്ല, സാങ്കേതികാനുമതി ലഭ്യമായ ശേഷമാണ് ടെണ്ടർ നടപടികൾ നടത്താൻ സാധിക്കുന്നത്.

(സി) പാലത്തിന്റെ പുനർനിർമ്മാണം എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

ടെണ്ടർ, എഗ്രിമെന്റ് നടപടികൾ പൂർത്തിയായാൽ 24 മാസത്തിനുള്ളിൽ പൂർത്തീകരിക്കാൻ സാധിക്കും.

(ഡി) തകർന്നുകിടക്കുന്ന തമ്മാനിമറ്റം ഇുക്കുപാലം പുഴയിൽനിന്ന് നീക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഭരണാനുമതി ലഭിച്ച തുകയിൽ തകർന്ന ഇൗക്കുപാലത്തിന്റെ അവശിഷ്ടങ്ങൾ പുഴയിൽനിന്ന് നീക്കുന്നതിനുള്ള തുകയും ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് ആയത് നീക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നതാണ്.

**തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിലെ തസ്തികകളുടെ സ്ഥാനക്കയറ്റം**

369 (369) ഡോ. എൻ. ജയരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിലെ എൽ.ഡി. ക്ലാർക്ക് തസ്തികകളിലെ സ്ഥാനക്കയറ്റം സംബന്ധിച്ച് നിലവിൽ എന്തെങ്കിലും തടസ്സം നേരിടുന്നുണ്ടോ; എങ്കിൽ അറിയിക്കാമോ?

തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിലെ എൽ.ഡി. ക്ലാർക്ക് തസ്തികകളിലെ സ്ഥാനക്കയറ്റത്തിന് നിലവിൽ തടസ്സമൊന്നുമില്ല.

(ബി) തദ്ദേശസ്വയംഭരണ സർവ്വീസ് ഏകീകരണത്തിനുശേഷം എൽ.ഡി. ക്ലാർക്ക് തസ്തികകളിലെ സ്ഥാനക്കയറ്റം സംബന്ധിച്ച് തടസ്സം നേരിടുന്ന അവസ്ഥയുണ്ടോ; എങ്കിൽ അറിയിക്കാമോ?

ഇല്ല.

(സി) തടസ്സങ്ങൾ പരിഹരിച്ച് മുടങ്ങിക്കിടക്കുന്ന സ്ഥാനക്കയറ്റങ്ങൾ അർഹരായവർക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്താമോ?

സ്ഥാനക്കയറ്റം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിന് നടപടി**

370 (370) <u>ശ്രീ. കെ. പി. മോഹനൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സെക്രട്ടറിമാരും എഞ്ചിനീയറിംഗ് വിഭാഗവും ഉൾപ്പെടെയുള്ള ജീവനക്കാരുടെ കുറവ് കാരണം വികസന പ്രവർത്തനങ്ങളും പൊതുജനങ്ങൾക്കുള്ള സേവനങ്ങളും വൈകുന്ന

കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കാമോ?

ജീവനക്കാരുടെ അഭാവം ചിലയിടങ്ങളിലുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ത്വരിതഗതിയിൽ നിയമനങ്ങൾ നടത്തുന്നതിനുള്ള ശ്രമങ്ങൾ നടത്തിവരുന്നു. ഓൺലൈൻ സ്ഥലംമാറ്റം ആദ്യമായി ഏർപ്പെടുത്തി സുതാര്യവും വ്യവസ്ഥാപിതവുമായ ഒരു സംവിധാനം നിലവിൽ കൊണ്ടുവന്നിട്ടുണ്ട്. ഇതിൽപ്പെടാതെ ഒഴിവുകൾ വന്ന ഇടങ്ങളിൽ ജീവനക്കാരെ പ്രൊമോഷൻ/സ്ഥലംമാറ്റം വഴി നിയമിക്കുന്ന പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ബി) കണ്ണൂർ ജില്ലയിൽ നിലവിൽ സെക്രട്ടറിമാരും അസിസ്റ്റന്റ് എഞ്ചിനീയർമാരും ഇല്ലാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പേരുവിവരങ്ങൾ വെളിപ്പെടുത്തുമോ; പ്രസ്തുത ഒഴിവുകൾ നികത്തുന്ന കാര്യം പരിശോധിക്കുമോ?

കണ്ണൂർ ജില്ലയിൽ കുന്നോത്തുപറമ്പ്, മാടായി, മാട്ടൂൽ, നടുവിൽ, രാമന്തളി എന്നീ ഗ്രാമപഞ്ചായത്തുകളിൽ സെക്രട്ടറിമാരുടെ ഒഴിവും ഉളിക്കൽ,

പയ്യന്നൂർ, അയ്യൻകുന്ന്, തില്ലങ്കേരി, കൊളച്ചേരി, മാലൂർ, പേരാവൂർ, മുഴക്കുന്നൂർ, കേളകം, കോലയാട്, നടുവിൽ, ഉദയഗിരി, മാട്ടൂൾ, ന്യൂ മാഹി, ചെറുപുഴ എന്നീ ഗ്രാമപഞ്ചായത്തുകളിലും തലശ്ശേരി ബ്ലോക്ക് പഞ്ചായത്തിലും അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ഒഴിവുമുണ്ട്. പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിലവിലുള്ള സെക്രട്ടറിമാരുടെയും എഞ്ചിനീയറിംഗ് വിഭാഗത്തിലെയും ഉൾപ്പെടെയുള്ള ജീവനക്കാരുടെ ഒഴിവുകൾ നികത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കമോ?

31-07-2023-ലെ LSGD/491/2023-DEA3-Part(1) നമ്പർ ഉത്തരവ് പ്രകാരം വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലായി 89 സെക്രട്ടറി തസ്തികകളിൽ പ്രൊമോഷൻ മുഖേന നിയമനം നൽകിയിട്ടുണ്ട്. അവശേഷിക്കുന്ന ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ എറണാകുളം

റീജിയണൽ ഓഫീസറുടെ 05-07-2023-ലെ RE (3)96/2020 നമ്പർ അഡ്വൈസ് പ്രകാരം 91 അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ അഡ്വൈസ് ആയിട്ടുണ്ട്. ആയതിൻപ്രകാരം കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ അവശേഷിക്കുന്ന ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**കാസർഗോഡ് ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഒഴിവുകൾ നികത്തുന്നത് സംബന്ധിച്ച്**

371 (371) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ നിലവിലുള്ള ബ്ലോക്ക് പഞ്ചായത്തുകൾ, ഗ്രാമപഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ എത്രയാണെന്ന് വ്യക്തമാക്കാമോ?

ബ്ലോക്ക് പഞ്ചായത്ത് -6, ഗ്രാമപഞ്ചായത്ത് -38, മുനിസിപ്പാലിറ്റി - 3.

(ബി) പ്രസ്തുത തദ്ദേശ സ്ഥാപനങ്ങളിൽ അനുവദിച്ച സ്റ്റാഫ് സ്ട്രെങ്ത് എത്രയാണെന്നും നിലവിലുള്ള സ്റ്റാഫിന്റെ എണ്ണവും തസ്തികകളും തദ്ദേശസ്വയംഭരണ സ്ഥാപനവും ഇനം തിരിച്ച് വ്യക്തമാക്കാമോ;

(സി) എത്ര കാലമായി തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുവെന്നും ഒഴിഞ്ഞ് കിടക്കുന്ന തസ്തികകളിൽ എപ്പോൾ നിയമനം നടത്തുമെന്നും തദ്ദേശ സ്ഥാപനവും തസ്തികയും തിരിച്ച് വ്യക്തമാക്കാമോ?

(ബി&സി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

**തദ്ദേശസ്വയംഭരണ വകുപ്പുവഴി നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ**

372 (372) <u>ശ്രീ. എച്ച്. സലാം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പുവഴി നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിശദാംശങ്ങളും പ്രസ്തുത പദ്ധതികളിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിഹിതം എത്രയെന്നും ഇനംതിരിച്ച് വ്യക്തമാക്കാമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഗ്രാമീണ റോഡുകളുടെ വികസനത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേന്ദ്ര സർക്കാർ പദ്ധതിപ്രകാരം ഏതൊക്കെ റോഡുകൾക്ക് എത്ര തുക വീതം അനുവദിച്ചിട്ടുണ്ട് എന്നതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

(എ&ബി) അനുബന്ധമായി ചേർക്കുന്നു.+

**ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിൽ സ്പാർക്ക് അധിഷ്ഠിത പ്ലാറ്റ്ഫോം**

373 (373) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിൽ ഉൾപ്പെടുന്ന ജീവനക്കാർക്ക് സ്പാർക്ക് അധിഷ്ഠിത ശമ്പള വിതരണ സംവിധാനം നടപ്പിലാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

നടപ്പ് സാമ്പത്തിക വർഷം (2023-24) അഞ്ച് വകുപ്പുകളും അതത് വകുപ്പിന്റെ ശീർഷകത്തിൽനിന്നാണ് സ്പാർക്ക് മുഖേന ശമ്പളവിതരണം നടത്തുന്നത്. ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിൽ പൊതുശീർഷകം

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(Single Head of Account) ആകുന്ന മുറയ്ക്ക് എല്ലാ ജീവനക്കാർക്കും സ്പാർക്ക് അധിഷ്ഠിത ശമ്പളവിതരണം നടപ്പിലാക്കാൻ സാധിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

മുനിസിപ്പൽ കോമൺ സർവ്വീസ് ജീവനക്കാർക്ക് നിലവിൽ പെൻ നമ്പർ അനുവദിച്ചിട്ടില്ലാത്തതിനാൽ നഗരകാര്യ വിഭാഗത്തിന് അനുവദിച്ചിട്ടുള്ള ശീർഷകമായ 2217-80-001-99-00-01-01-ൽ ഉൾപ്പെടുത്തി അർബൻ ഡയറക്ടറേറ്റിലെ ശമ്പളവിതരണം നടത്തുന്ന ഡി.ഡി.ഒ. മുഖേന ശമ്പളവിതരണം ചെയ്യാനും ജില്ലകളിൽ സ്പാർക്ക് മുഖേന ശമ്പളവിതരണം നടത്തുന്ന ഓഫീസുകളിൽ നിയമിക്കപ്പെട്ടിട്ടുള്ള മേൽ പരാമർശിച്ച ജീവനക്കാരെ പഞ്ചായത്ത് വിഭാഗത്തിന് അനുവദിച്ചിട്ടുള്ള ശീർഷകമായ 2515-00-001-99-00-01-01-ൽ ഉൾപ്പെടുത്തി ജില്ലാതലത്തിൽ കേന്ദ്രീകൃതമായി ജോയിന്റ് ഡയറക്ടറേറ്റുകളിലെ പഞ്ചായത്ത് വിഭാഗത്തിന്റെ ഡി.ഡി.ഒ. മുഖേന ശമ്പള വിതരണം നടത്തുകയും ചെയ്യേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. സ്പാർക്ക് മുഖേന ശമ്പളം മാറുന്ന ഓഫീസിൽനിന്ന് സ്പാർക്ക് മുഖേന തന്നെ ശമ്പളം മാറുന്ന ഓഫീസിലേയ്ക്ക് സ്ഥലംമാറ്റം

ലഭിക്കുന്ന ഉദ്യോഗസ്ഥരെ സ്പാർക്കിലെ ഇന്റർ ഡിപ്പാർട്ട്മെന്റ് ട്രാൻസ്ഫർ എന്ന ഓപ്ഷൻ മുഖേന ട്രാൻസ്ഫർ ചെയ്ത് ശമ്പളം മാറുന്നതിനും സ്പാർക്ക് മുഖേന ശമ്പളം മാറുന്ന ഓഫീസിൽനിന്ന് കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിൽ ജോയിൻ ചെയ്ത ജീവനക്കാർക്ക് അതത് തദ്ദേശ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽനിന്നും ശമ്പളം മാറുന്നതിന് എല്ലാ ഡി.ഡി.ഒ.-മാർക്കും നിർദ്ദേശം നൽകിയിട്ടുള്ളതായും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) തദ്ദേശസ്വയംഭരണ ഏകീകൃത പൊതു സർവ്വീസും ഇന്റർ ട്രാൻസ്ഫർ പോളിസിയും നടപ്പിലാക്കിയ സാഹചര്യത്തിൽ നിലവിലുള്ള വ്യത്യസ്ത പ്രോവിഡന്റ് ഫണ്ട് അക്കൗണ്ടുകൾ (പഞ്ചായത്ത് എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട്/മുനിസിപ്പൽ എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട്/ജി.പി.എഫ്.) ഏകീകരിച്ച് പൊതുവായി ജി.പി.എഫ്. അക്കൗണ്ടാക്കി മാറ്റാൻ നടപടികൾ സ്വീകരിക്കുമോ; ഈ വിഷയത്തിൽ ധനവകുപ്പിന്റെ അഭിപ്രായം ലഭിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സർക്കാർ തലത്തിൽ പരിശോധിച്ചുവരുന്നു.

(സി) സ്പാർക്ക് അധിഷ്ഠിത പ്ലാറ്റ്ഫോം ലഭ്യമല്ലാത്തതിനാൽ ഇന്റർ ട്രാൻസ്ഫർ പോളിസി പ്രകാരം 5 വകുപ്പുകളിലേയ്ക്കും പരസ്പരം സ്ഥലംമാറ്റം ചെയ്യപ്പെട്ട ജീവനക്കാർ നേരിടുന്ന പ്രതിസന്ധികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) മുഴുവൻ ജീവനക്കാർക്കും സ്പാർക്ക് അധിഷ്ഠിത പ്ലാറ്റ്ഫോം, ഏകീകൃത പി.എഫ്. എന്നിവ നടപ്പിലാക്കണമെന്ന് 19-05-2022-ൽ പ്രിൻസിപ്പൽ ഡയറക്ടർ നൽകിയ വ്യക്തമായ ശിപാർശയിൽമേൽ ഒരു വർഷം കഴിഞ്ഞിട്ടും നയപരമായ തീരുമാനം കൈക്കൊള്ളുവാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

ഈ വിഷയം സർക്കാർ തലത്തിൽ പരിശോധിച്ചുവരുന്നു.

(ഇ) ഇന്റർ ട്രാൻസ്ഫർ പോളിസിയിൽ സ്ഥലംമാറ്റം ലഭിച്ച ഉദ്യോഗസ്ഥർക്ക് ആവശ്യമായ പരിശീലനം നൽകാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; ഇതുസംബന്ധിച്ച ആക്ഷേപങ്ങൾ പരിഹരിച്ച് വകുപ്പിനെ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

ഇന്റർ ട്രാൻസ്ഫർ പോളിസിയിൽ സ്ഥലംമാറ്റം ലഭിച്ച ഉദ്യോഗസ്ഥർക്ക് കിലയുമായി (Kerala Institute of Local Administration) ബന്ധപ്പെട്ട് പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(എഫ്) ഇന്റർ ട്രാൻസ്ഫർ പോളിസിയുടെ ഭാഗമായി മുനിസിപ്പൽ/കോർപ്പറേഷൻ ജീവനക്കാർ പഞ്ചായത്ത്/ഗ്രാമവികസന വകുപ്പിന് കീഴിലുള്ള ഓഫീസുകളിൽനിന്നും വിരമിക്കുമ്പോൾ നൽകേണ്ട പെൻഷൻ, മറ്റ് സർവ്വീസ് ആനുകൂല്യങ്ങൾ എപ്രകാരം അനുവദിക്കുമെന്ന് വ്യക്തമാക്കാമോ?

ഈ വിഷയം സർക്കാർ തലത്തിൽ പരിശോധിച്ചുവരുന്നു.

## തെരുവുനായ നിയന്ത്രണം

374 (374) ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സംസ്ഥാനത്ത് എത്രപേർക്ക് തെരുവുനായ ആക്രമണത്തിൽ പരിക്കേറ്റിട്ടുണ്ട്; എത്രപേർ കൊല്ലപ്പെട്ടിട്ടുണ്ട്; വർഷം തിരിച്ച് കണക്ക് വ്യക്തമാക്കാമോ?

2018-19 വർഷം മുതൽ 2023 ജൂൺ മാസം വരെ സർക്കാർ ആശുപത്രികളിൽ നായ കടിയേറ്റ് ചികിത്സ തേടിയവരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | നായ കടിയേറ്റ് ചികിത്സ തേടിയവരുടെ എണ്ണം |
|---|---|
| 2018-19 | 151326 |
| 2019-20 | 166213 |
| 2020-21 | 170676 |
| 2021-22 | 230358 |
| 2022-23 | 301263 |
| 2023- 2023 ജൂൺ മാസം വരെ | 84090 |

2016 മുതൽ നാളിതുവരെ സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്തിട്ടുള്ള പേവിഷബാധമൂലമുള്ള മരണങ്ങളുടെ കണക്ക് താഴെ ചേർക്കുന്നു.

| വർഷം | റിപ്പോർട്ട് ചെയ്ത മരണങ്ങൾ | റിമാർക്സ് |
|---|---|---|
| 2016 | 5 | |
| 2017 | 8 | |
| 2018 | 9 | |
| 2019 | 8 | |
| 2020 | 5 | |
| 2021 | 11 | |
| 2022 | 27 | 15 confirmed rabies and 12 probable rabies |
| 2023 (ജൂലൈ വരെ) | 17 | 11 confirmed rabies and 6 probable rabies |

(ബി) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സംസ്ഥാനത്ത് വർഷം തോറും എത്ര എ.ബി.സി. സെന്ററുകൾ ആരംഭിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് 45 എ.ബി.സി. കേന്ദ്രങ്ങൾ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടികൾ ആരംഭിച്ചിട്ടുണ്ട്. നിലവിൽ 22 എ.ബി.സി. കേന്ദ്രങ്ങളാണ് പൂർണ്ണമായും പ്രവർത്തനക്ഷമമായിട്ടുള്ളത്. ആയതിന്റെ കണക്ക് ചുവടെ ചേർക്കുന്നു.

| | |
|---|---|
| തിരുവനന്തപുരം | 2 |
| കൊല്ലം | 6 |
| കോട്ടയം | 1 |
| എറണാകുളം | 3 |
| തൃശ്ശൂർ | 1 |
| പാലക്കാട് | 4 |
| കോഴിക്കോട് | 2 |
| വയനാട് | 1 |
| കണ്ണൂർ | 1 |
| കാസർഗോഡ് | 1 |
| **ആകെ** | **22** |

(സി) മുൻസർക്കാരിന്റെ കാലം മുതൽ നാളിതുവരെ തെരുവുനായ്ക്കളെ പുനരധിവസിപ്പിക്കുന്നതിനായി വർഷം തോറും എത്ര ഷെൽട്ടർ ഹോമുകൾ സ്ഥാപിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് ആകെ 3 ഷെൽട്ടർ ഹോമുകളാണ് നിലവിലുള്ളത്. ആയവ സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

1. മഞ്ചേരി നഗരസഭ (മലപ്പുറം)
2. പാല നഗരസഭ (കോട്ടയം)
3. മലയിൻകീഴ് പഞ്ചായത്ത് (തിരുവനന്തപുരം)

കൂടാതെ Street Dog Watch Association എന്ന അംഗീകൃത Animal Welfare Organization-ന്റെ ഷെൽട്ടറും ഉപയോഗിച്ചുവരുന്നു.

**ശുചിത്വ-മാലിന്യ സംസ്കരണ പദ്ധതി**

375 (375) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശുചിത്വ-മാലിന്യ സംസ്കരണ പദ്ധതികൾക്കായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇന്നേവരെ എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

| ജില്ല | തുക (കോടിയിൽ) |
|---|---|
| തിരുവനന്തപുരം | 130.2683 |

| | |
|---|---|
| കൊല്ലം | 99.8641 |
| പത്തനംതിട്ട | 36.0228 |
| ആലപ്പുഴ | 93.88 |
| കോട്ടയം | 74.34 |
| ഇടുക്കി | 47.14 |
| എറണാകുളം | 143.81 |
| തൃശ്ശൂർ | 145.73 |
| പാലക്കാട് | 101.61 |
| മലപ്പുറം | 136.10 |
| കോഴിക്കോട് | 110.38 |
| വയനാട് | 37.10 |
| കണ്ണൂർ | 113.80 |
| കാസർഗോഡ് | 50.44 |
| **ആകെ** | **1320.55** |

(ബി) ശുചിത്വത്തോടൊപ്പം ശുദ്ധജല സംരക്ഷണം മുൻനിർത്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്തൊക്കെ പരിപാടികളാണ് സംഘടിപ്പിച്ചുവരുന്നതെന്ന് അറിയിക്കാമോ?

തെളിനീരൊഴുകും നവ കേരളം, മാലിന്യമുക്ത നവകേരളം, മഴക്കുഴി നിർമ്മാണം, അമൃത് 2.0 പദ്ധതിയിൽ ഉൾപ്പെടുത്തി എസ്.റ്റി.പി.-കളുടെ നിർമ്മാണം, ശാസ്ത്രീയമായ സെപ്റ്റിക് ടാങ്ക് നിർമ്മാണം (റിട്രോഫിറ്റിംഗ്),

തോടുകളുടെയും കനാലുകളുടെയും സംരക്ഷണം, മഴവെള്ളം ഒഴുകിപ്പോകുന്നതിന് ഡ്രെയിനേജ് നിർമ്മാണം/മെയിന്റനൻസ്, പൊതുസ്ഥലങ്ങളിൽ ശൗചാലയം, ടേക്ക് എ ബ്രേക്ക് പദ്ധതികൾ, കുളങ്ങൾ, തോടുകൾ എന്നിവയുടെ ശുചീകരണം, പൊതുകിണർ നവീകരണം, ജലസ്രോതസ്സുകളുടെ സംരക്ഷണം, കിണർ റീചാർജ്ജിംഗ്, തൊഴിലുറപ്പ് പദ്ധതികളിലൂടെ ഗ്രാമങ്ങളിലും നഗരങ്ങളിലും മഴക്കുഴി നിർമ്മാണം, സോക്ക് പിറ്റുകൾ സ്ഥാപിക്കൽ, മലിനജലം പുറത്തേയ്ക്ക് ഒഴുക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തി തടയുന്നതിനുള്ള നടപടികൾ, ഖരമാലിന്യം പൊതു ഇടങ്ങളിലും ജലസ്രോതസ്സുകളിലും എത്തുന്നത് തടയുന്നതിനായി എല്ലാ വീടുകളിലും ഹരിതകർമ്മസേന മുഖാന്തരമുള്ള വാതിൽപ്പടി സേവനം 100 ശതമാനത്തിലേയ്ക്കെത്തിക്കുക, കാലങ്ങളായി രൂപാന്തരപ്പെട്ട ലെഗസി മാലിന്യം ശാസ്ത്രീയമായ രീതിയിൽ ബയോ മൈനിംഗ് മുഖാന്തരം വീണ്ടെടുക്കുന്ന പദ്ധതികളിലൂടെ ഇത്തരം പ്രദേശങ്ങൾ വീണ്ടെടുക്കുന്നതോടൊപ്പം ഭൂഗർഭജലം സംരക്ഷിക്കുക, വൃക്ഷത്തൈ നട്ട് പരിപാലിക്കുക (പച്ചത്തുരുത്ത് പദ്ധതി), വാട്ടർ ഷെഡ് മാനേജ്മെന്റ്

പദ്ധതികൾ (കാട്ടാക്കട മോഡൽ), കുളങ്ങളും കനാലുകളും കയർ ഭൂവസ്ത്രം ഉപയോഗിച്ച് സംരക്ഷിക്കുക തുടങ്ങിയ പ്രവർത്തനങ്ങളാണ് ശുചിത്വതോടൊപ്പം ജലസംരക്ഷണം മുൻനിർത്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തിവരുന്നത്.

**തദ്ദേശസ്വയംഭരണ വകുപ്പ് ഏകീകരണത്തിന്റെ ഭാഗമായുള്ള കോഴിക്കോട് ജില്ലാ ഓഫീസ്**

376 (376) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തദ്ദേശ വകുപ്പ് ഏകീകരണത്തിന്റെ ഭാഗമായി രൂപീകരിച്ച ജില്ലാ ഓഫീസ് പ്രവർത്തിക്കുന്നതിനായി കോഴിക്കോട് സ്ഥലം കണ്ടെത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

തദ്ദേശ വകുപ്പ് ഏകീകരണത്തിന്റെ ഭാഗമായി രൂപീകരിച്ച കോഴിക്കോട് ജില്ലാ ഓഫീസ് പ്രവർത്തിക്കുന്നതിനായി നിലവിൽ സ്ഥലം ലഭ്യമായിട്ടില്ല. ടി ആവശ്യത്തിലേയ്ക്കായി കോഴിക്കോട് സ്ഥലം കണ്ടെത്തുന്നതിന് ജില്ലാ ഭരണകൂടവുമായി ബന്ധപ്പെട്ടിട്ടുണ്ട്.

**വൈപ്പിൻ മണ്ഡലത്തിൽ മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി**

377 (377) <u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിൽ മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിച്ച പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതും പൂർത്തീകരിക്കേണ്ടതുമായ പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) തുക അനുവദിച്ച പ്രവൃത്തികളിൽ ഏതെങ്കിലും റദ്ദാക്കിയിട്ടുണ്ടോ; എങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കാമോ?

(എ-സി) പ്രവൃത്തികളുടെ വിശദാംശങ്ങൾ അടങ്ങുന്ന പട്ടിക അനുബന്ധമായി ചേർക്കുന്നു.+ ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പരിധിയിലുള്ള എല്ലാ പ്രവൃത്തികളും വൈപ്പിൻ ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള ക്രമ നമ്പർ 1 മുതൽ 17 വരെയുള്ള പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. വൈപ്പിൻ ബ്ലോക്ക് പഞ്ചായത്തിലെ മറ്റുള്ളവ പൂർത്തീകരിച്ചിട്ടില്ല. പ്രവൃത്തികളൊന്നും നിലവിൽ റദ്ദ് ചെയ്തിട്ടില്ല.

**ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ റൂൾസ്**

378 (378) <u>ശ്രീ. റോജി എം. ജോൺ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ റൂൾസ് സംബന്ധിച്ച് പരാതി പരിഹാര സംവിധാനം എന്നാണ് നിലവിൽ വന്നിട്ടുള്ളതെന്നും കാലാവധി എന്നാണ് അവസാനിക്കുന്നതെന്നും അറിയിക്കുമോ; ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ വ്യക്തമാക്കാമോ?

ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ റൂൾസ് സംബന്ധിച്ച പരാതി പരിഹാര സംവിധാനം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 09-11-2022-ലെ 1099/B1/PDLSGD/2022 നമ്പർ ഉത്തരവ് പ്രകാരം 27-10-2022 മുതൽ പ്രാബല്യത്തിൽ നിലവിൽ വന്നു. പ്രസ്തുത

സംവിധാനത്തിന്റെ കാലാവധി 27-10-2022 മുതൽ ഒരു വർഷമാണ്. ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന്റെ സ്റ്റേറ്റ് സർവ്വീസിന്റെയും സബോർഡിനേറ്റ് സർവ്വീസിന്റെയും വിശേഷാൽ ചട്ടങ്ങൾ യഥാക്രമം സ.ഉ.(പി)നം. 74/2022/തസ്വഭവ., സ.ഉ.(പി)നം. 75/2022/തസ്വഭവ. പ്രകാരം 27-10-2022-ന് വിജ്ഞാപനം ചെയ്തിരുന്നു. പ്രസ്തുത സ്പെഷ്യൽ റൂൾ സംബന്ധിച്ച് ലഭിക്കുന്ന പരാതികൾ സ്വീകരിക്കുന്നതിനും ആയത് പരിശോധിച്ച് സർക്കാരിലേയ്ക്ക് റിപ്പോർട്ട് നൽകുന്നതിനുമായാണ് ടി സംവിധാനം രൂപീകരിച്ചിട്ടുള്ളത്.

(ബി) പ്രസ്തുത സംവിധാനം രൂപീകരിച്ചതിനുശേഷം നാളിതുവരെ എത്രയോഗം ചേർന്നു എന്നറിയിക്കുമോ; എടുത്ത നടപടികൾ വ്യക്തമാക്കാമോ?

ഇതുവരെ ലഭ്യമായിട്ടുള്ള പരാതികൾ പരിശോധിക്കുന്നതിന് പരാതി പരിഹാര സംവിധാനത്തിന്റെ പ്രാഥമിക യോഗം 2023 ആഗസ്റ്റ് മാസം ചേരുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായി പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**ഗോശ്രീ പാലങ്ങളുടെയും അനുബന്ധ റോഡുകളുടെയും അറ്റകുറ്റപ്പണികൾ**

379 (379) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

18 വർഷം പൂർത്തിയാക്കിയിട്ടുള്ളതും എഞ്ചിനീയറിംഗ് വിംഗ് ഇല്ലാത്തതുമായ "ജിഡ" അറ്റകുറ്റപ്പണികൾ നിർവ്വഹിക്കുന്നതും വല്ലാർപ്പാടം അന്താരാഷ്ട്ര കണ്ടെയ്നർ ടെർമിനൽ, ഡി.പി. ഡ്രേഡ്, എൽ.എൻ.ജി., ഐ.ഒ.സി. തുടങ്ങിയ വൻകിട വ്യവസായ സ്ഥാപനങ്ങളിലേയ്ക്കുള്ള ഭാരമേറിയ വാഹനങ്ങൾ കടന്നുപോകുന്നതും നാളിതുവരെ ബലക്ഷമത പരിശോധന നടത്തിയിട്ടില്ലാത്തതുമായ ഗോശ്രീ പാലങ്ങളുടെയും അനുബന്ധ റോഡുകളുടെയും പ്രാധാന്യവും ശോചനീയാവസ്ഥയും കണക്കിലെടുത്ത് ഈ പാലങ്ങളും അനുബന്ധ റോഡുകളും തദ്ദേശസ്വയംഭരണ വകുപ്പോ പൊതുമരാമത്ത് വകുപ്പോ ഏറ്റെടുക്കാനും സമയബന്ധിതമായി അറ്റകുറ്റപ്പണികൾ നടത്തി സുരക്ഷ ഉറപ്പുവരുത്താനും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ജിഡയിൽ പാലങ്ങളുടെ ബലക്ഷമത പരിശോധിക്കുന്നതിനുള്ള സംവിധാനമില്ലാത്ത സാഹചര്യം ജിഡയുടെ ജനറൽ കൗൺസിൽ ചർച്ച ചെയ്ത് റിപ്പോർട്ട് ചെയ്തതിൻപ്രകാരം പൊതുമരാമത്ത് വകുപ്പിന് നൽകിയപ്പോൾ ഫണ്ട് അപര്യാപ്തമാണെന്ന് അറിയിക്കുകയും വിഷയം തുടർപരിശോധനയ്ക്കായി നൽകിയിരിക്കുകയുമാണ്. എന്നിരുന്നാലും, ഗതാഗത സുരക്ഷ പരിഗണിച്ച് കാലാകാലങ്ങളിൽ അടിയന്തര അറ്റകുറ്റപ്പണികൾ പൊതുമരാമത്ത് വകുപ്പ് പാലം & നിരത്ത് വിഭാഗം മുഖേന ജിഡ നടപ്പിലാക്കിവരുന്നുണ്ട്.

**ജിഡ ധനസഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികൾ**

380 (380) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജിഡ ധനസഹായത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്നും പ്രസ്തുത പദ്ധതികൾക്ക് ഭരണാനുമതി

നൽകിയതെന്നെന്നും അവയുടെ നിർവ്വഹണ ഏജൻസികൾ ആരെല്ലാമെന്നും വ്യക്തമാക്കാമോ?

1. വലിയ കടമക്കുടി - ചാത്തനാട് പാലവും അപ്രോച്ച് റോഡും - ഭരണാനുമതി നൽകിയ തീയതി : 30-09-2013, നിർവ്വഹണം: കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ (KSCC)

2. പിഴല 350 മീറ്റർ റോഡ് നിർമ്മാണം - ഭരണാനുമതി നൽകിയ തീയതി : 19-06-2021, നിർവ്വഹണം: തദ്ദേശസ്വയംഭരണ വകുപ്പ്

3. കോതാട് - ചേന്നൂർ പാലം - ഭരണാനുമതി നൽകിയ തീയതി: 06-11-2021, നിർവ്വഹണം: പൊതുമരാമത്ത് വകുപ്പ് (പാലം വിഭാഗം)

4. ചേന്നൂർ - പിഴല പാലം - ഭരണാനുമതി നൽകിയ തീയതി: 17-02-2021, നിർവ്വഹണം: പൊതുമരാമത്ത് വകുപ്പ് (പാലം വിഭാഗം)

5. ചേന്നൂർ - ചെറിയാൻതുരുത്ത് പാലം - ഭരണാനുമതി നൽകിയ തീയതി: 20-02-2021, നിർവ്വഹണം: പൊതുമരാമത്ത് വകുപ്പ് (പാലം വിഭാഗം)

6. മുളവുകാട് റോഡ് നിർമ്മാണം (മൂന്നാം ഘട്ടം) - നിർവ്വഹണം: തദ്ദേശസ്വയംഭരണ വകുപ്പ് (ഭരണാനുമതി നൽകുന്ന വിഷയം സർക്കാർ പരിഗണനയിലാണ്)

7. താന്തോന്നി തുരുത്ത് ഔട്ടർ ബണ്ട് റോഡ് - ഭരണാനുമതി നൽകിയ തീയതി : 23-02-2020, നിർവ്വഹണം: ഇറിഗേഷൻ വകുപ്പ്

8. വല്ലാർപ്പാടം ഔട്ടർ ബണ്ട് റോഡ് - ഭരണാനുമതി നൽകിയ തീയതി: 13-02-2012, നിർവ്വഹണം : ഇറിഗേഷൻ വകുപ്പ്

(ബി) പ്രസ്തുത പദ്ധതികൾക്ക് ഭരണാനുമതി നൽകിയ ഉത്തരവിന്റെ പകർപ്പുകൾ ലഭ്യമാക്കാമോ?

ഉത്തരവിന്റെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.+

(സി) പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ?

CRZ അനുമതി ലഭിക്കുന്നതിനും പൊതുമരാമത്ത് വകുപ്പ് ഡിസൈൻ, എസ്റ്റിമേറ്റ് തയ്യാറാക്കൽ, സാങ്കേതികാനുമതി എന്നിവ ലഭ്യമാക്കുന്ന നടപടികൾക്കും കാലതാമസം നേരിടുന്നു.

(ഡി) ജിഡ പാലങ്ങൾ നിർമ്മിക്കുന്നതിനായി വിഭാവനം ചെയ്യുകയും അതിനനുസരിച്ച് പാലത്തിന്റെ ഡിസൈൻ തയ്യാറാക്കുകയും ചെയ്ത സ്ഥലങ്ങൾ വാട്ടർമെട്രോ മെട്രോജെട്ടി നിർമ്മിക്കുന്നതിനായി ഏറ്റെടുത്തിട്ടും ബന്ധപ്പെട്ടവർ അറിയാത്തതും അതിന്റെ പേരിൽ പദ്ധതികൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നടപ്പിലാക്കുന്നതിൽ നേരിടുന്ന കാലതാമസത്തിനും കാരണം വിശദമാക്കാമോ; പ്രസ്തുത പ്രശ്നങ്ങൾ പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

വാട്ടർ മെട്രോജെട്ടി നിർമ്മാണത്തിനായി സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച് ജിഡയ്ക്ക് അറിയിപ്പ് ലഭിച്ചിരുന്നില്ല. എന്നാൽ അറിഞ്ഞ സമയം മുതൽ പൊതുമരാമത്ത് വകുപ്പ്, വാട്ടർ മെട്രോ എന്നീ വകുപ്പുകൾ ചേർന്ന് സംയുക്ത പരിശോധന നടത്തുകയും പദ്ധതി നടത്തിപ്പിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്. നിർവ്വഹണ ഏജൻസിയായ പൊതുമരാമത്ത് പാലം വിഭാഗം വാട്ടർ മെട്രോയുമായി ചർച്ചകൾ നടത്തി തടസ്സങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

(ഇ) ജിഡയുടെ പദ്ധതികൾ നടപ്പിലാക്കുന്നതിൽ നേരിടുന്ന കാലതാമസം പരിഹരിക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പുകളുടെ സംയുക്ത യോഗം വിളിച്ച് ചേർക്കുന്നതിനായി സമർപ്പിച്ച കത്തിൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

ബന്ധപ്പെട്ട വകുപ്പുകൾ ചേർന്ന് ഓൺലൈൻ യോഗം ചേർന്ന് പദ്ധതികൾ നടപ്പിൽവരുത്തുന്നതിന് ആവശ്യമായ സാധ്യതകൾ വിലയിരുത്തിയിട്ടുള്ളതാണ്.

**കില ഡയറക്ടർ**

381 (381) ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കില ഡയറക്ടർ ജനറലിന്റെ നിയമന യോഗ്യതകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

കിലയുടെ ഡയറക്ടർ ജനറലിനെ സർക്കാർ നേരിട്ടാണ് തെരഞ്ഞെടുക്കുന്നത്. കിലയുടെ ചട്ടങ്ങൾ പ്രകാരമോ സർവ്വീസ് ബൈലോ പ്രകാരമോ കില ഡയറക്ടർ തസ്തികയുടെ യോഗ്യത സംബന്ധിച്ച് പ്രത്യേക മാനദണ്ഡങ്ങൾ ഉണ്ടായിരുന്നില്ല. എന്നതിനാൽ 09-01-2017-ലെ സ.ഉ. (സാധാ) നം.52/2017/തസ്വഭവ. ഉത്തരവ് പ്രകാരം കില ഡയറക്ടറെ തെരഞ്ഞെടുക്കുന്നതിനായി ചീഫ് സെക്രട്ടറി, പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്, ഡോ. എസ്. മീനാക്ഷി സുന്ദരം (Former

Secretary, GoI), പ്രൊഫ. ജി. പളനിദുരൈ (Head, Department of Political Science, The Gandhigram Rural University Chennai) എന്നിവർ അടങ്ങിയ ഒരു കമ്മിറ്റി രൂപീകരിച്ചു. പ്രസ്തുത കമ്മിറ്റി 01-02-2017-ന് ചേർന്ന യോഗത്തിൽ കില ഡയറക്ടറുടെ യോഗ്യത നിശ്ചയിച്ചു. ടി യോഗ്യതകൾ താഴെപ്പറയും പ്രകാരമാണ്.

<u>അവശ്യ യോഗ്യത</u>

i) ഏതെങ്കിലും വിഷയത്തിൽ ബിരുദാനന്തര ബിരുദം

ii) വികസന മേഖലകളിൽ കുറഞ്ഞത് 20 വർഷത്തെ പരിചയവും മാനേജർ തസ്തികയിൽ 10 വർഷത്തെ പ്രവൃത്തി പരിചയവും.

iii) വികേന്ദ്രീകൃത/പ്രാദേശിക ഭരണ മേഖലയിൽ കുറഞ്ഞത് 10 വർഷത്തെ പ്രവൃത്തി പരിചയം.

iv) പ്രാദേശിക സർക്കാരുകളുടെ കാര്യശേഷി വികസന മേഖലയിൽ 5 വർഷത്തെ പരിചയം.

v) ഇംഗ്ലീഷും മലയാളവും അനായാസം കൈകാര്യം ചെയ്യാനുള്ള പ്രാവീണ്യം

<u>അഭികാമ്യ യോഗ്യത</u>

i) ഒരു പ്രശസ്ത സർവ്വകലാശാലയിൽനിന്ന് പ്രാദേശിക ഭരണത്തിൽ പിഎച്ച്.ഡി.

ii) ദേശീയ-അന്തർദ്ദേശീയ തലത്തിലുള്ള പ്രവൃത്തി പരിചയം

(ബി) കില ഡയറക്ടർ ജനറലിന്റെ കാലാവധി എത്ര വർഷമാണ്; നിലവിലെ ഡയറക്ടർ ജനറലിന്റെ കാലാവധി എന്നാണ് പൂർത്തിയാകുന്നത്?

നിലവിലെ കില മെമ്മോറാണ്ടം ഓഫ് അസോസ്സിയേഷൻ ആൻഡ് റൂൾസ് പ്രകാരം സംസ്ഥാന ഗവൺമെന്റ് സർവ്വീസിൽനിന്നാണ് ഡയറക്ടർ നിയമിക്കപ്പെടുന്നതെങ്കിൽ മൂന്ന് വർഷത്തേയ്ക്കോ അല്ലെങ്കിൽ 55 വയസ്സ് തികയുന്നത് വരെയോ ഏതാണോ ആദ്യം അതുവരെ തുടരാവുന്നതാണ്. ഓപ്പൺ മാർക്കറ്റിൽനിന്ന് റിക്രൂട്ട് ചെയ്യപ്പെടുന്ന ഒരു ഡയറക്ടർക്ക് 60 വയസ്സ്

തികയുന്നത് വരെ ആ തസ്തികയിൽ തുടരാൻ അനുവാദമുണ്ട്. കാലാവധി കഴിഞ്ഞ ഒരു ഡയറക്ടർക്ക് പ്രായപരിധി സംബന്ധിച്ച മേൽ നിബന്ധനകൾക്ക് വിധേയമായി വീണ്ടും നിയമനത്തിന് അർഹതയുണ്ട്.

05-05-2017-ലെ സർക്കാർ ഉത്തരവ് (സാധാ)നം.1445/2017/തസ്വഭവ. പ്രകാരം നിയമനം നൽകിയ ഡയറക്ടർ ജനറലിന്റെ 3 വർഷക്കാലാവധി 18-05-2020-ൽ അവസാനിച്ചതിനെത്തുടർന്ന് ആയത് വിവിധ സർക്കാർ ഉത്തരവുകളാൽ ദീർഘിപ്പിച്ചുവരികയും നിലവിൽ 15-05-2023-ലെ സർക്കാർ ഉത്തരവ് (സാധാ) നം.1045/2023/തസ്വഭവ. പ്രകാരം ഡയറക്ടർ ജനറലിന്റെ കാലാവധി 19-05-2023 പൂർവ്വാഹ്നം മുതൽ ടി തസ്തികയിൽ പുതിയൊരാളെ നിയമിക്കുന്നതുവരെ ദീർഘിപ്പിച്ച് നൽകിയും ഉത്തരവായിട്ടുണ്ട്.

(സി) പുതിയ കില ഡയറക്ടർ ജനറലിനെ തെരഞ്ഞെടുക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

പുതിയ ഡയറക്ടർ ജനറലിനെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) പഠന-ഗവേഷണ കേന്ദ്രമായി പ്രവർത്തിക്കുന്ന കിലയുടെ ഡയറക്ടർ ജനറലിന്റെ അടിസ്ഥാന യോഗ്യതകളിൽ പിഎച്ച്.ഡി. ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.

**തെരുവുനായകളുടെ ആക്രമണം**

382 (382) ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെരുവ് നായ നിയന്ത്രണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ ഫലപ്രദമല്ലാത്തതിനാൽ സംസ്ഥാനത്ത് തെരുവുനായകളുടെ ആക്രമണം വർദ്ധിച്ചുവരുന്നതും ആക്രമണകാരികളായ തെരുവുനായ്ക്കളിൽ പലതും പേവിഷ ബാധയുള്ളതാണെന്നതുമുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

നിലവിലുള്ള കേന്ദ്ര നിയമ വ്യവസ്ഥകൾക്കുള്ളിൽനിന്നുകൊണ്ട് സംസ്ഥാനത്തെ തെരുവുനായ ശല്യം ഒഴിവാക്കുന്നതിന് ഫലപ്രദമായ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

(ബി) ഇവയുടെ വംശവർദ്ധനവ് തടയുന്നതിനും ആക്രമണം തടയുന്നതിനും എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നതെന്ന് വെളിപ്പെടുത്താമോ?

തെരുവുനായ്ക്കളുടെ വംശവർദ്ധനവ് നിയന്ത്രിക്കുന്നതിനുള്ള പദ്ധതിയാണ് ആനിമൽ ബർത്ത് കൺട്രോൾ (എ.ബി.സി) പദ്ധതി. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനതലങ്ങളിലും ഈ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ആയത് ഊർജ്ജിതപ്പെടുത്തുന്നതിനുവേണ്ടി തദ്ദേശസ്വയംഭരണ വകുപ്പ് വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനങ്ങൾ നടപ്പിലാക്കി 23-08-2022-ൽ സ.ഉ.(സാധാ) 2065/2022/തസ്വഭവ. നമ്പരായി ഉത്തരവ് പുറപ്പെടുവിക്കുകയും 15-09-2022-ലെ സ.ഉ. (സാധാ) 2244/2022/തസ്വഭവ, 29-09-2022-ലെ സ.ഉ. (സാധാ) 2376/2022/തസ്വഭവ. എന്നീ നമ്പർ സർക്കാർ ഉത്തരവുകൾ പ്രകാരം അടിയന്തര തുടർനടപടികൾ സ്വീകരിക്കുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അടിയന്തര പ്രാധാന്യത്തോടെ പ്രതിരോധ പരിപാടികൾ ഊർജ്ജിതപ്പെടുത്തുകയും തെരുവുനായ്ക്കളുടെ തീവ്ര വാക്സിനേഷൻ യജ്ഞം നടത്തുകയും ശുചിത്വ യജ്ഞം, ഐ.ഇ.സി. കാമ്പയിൻ തുടങ്ങിയവ സംഘടിപ്പിക്കുകയും കൂടാതെ സ്കൂളുകളുമായി ബന്ധപ്പെട്ട് പ്രത്യേക ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കൂടുതൽ എ.ബി.സി. കേന്ദ്രങ്ങൾ സജ്ജീകരിച്ച് പ്രാവർത്തികമാക്കുന്നതിനും വാക്സിനേഷൻ യജ്ഞം നടപ്പിലാക്കുന്നതിനുമായി പദ്ധതി രൂപീകരണം/പുതുക്കലിന് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ഇത്തരം പ്രവർത്തനങ്ങൾക്കായി സംസ്ഥാനതലത്തിലും ജില്ലാ തലത്തിലും തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിലും കമ്മിറ്റികൾ രൂപീകരിക്കുന്നതിന് ഉത്തരവാകുകയും ഓരോ കമ്മിറ്റികളുടെയും ഉത്തരവാദിത്വങ്ങൾ വിശദമാക്കുകയും ചെയ്തിട്ടുണ്ട്.

(സി) കഴിഞ്ഞ 2 വർഷത്തിനുള്ളിൽ തെരുവുനായ ആക്രമണത്തിൽ മരണപ്പെട്ടവർ, പരിക്കേറ്റവർ എത്രയാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ?

ജനവരി 2021 മുതൽ ജൂലൈ 2023 വരെ സംസ്ഥാനത്ത് പേവിഷബാധയേറ്റ് മരണമടഞ്ഞവരുടെ ജില്ല തിരിച്ചുള്ള എണ്ണം അനുബന്ധമായി ചേർക്കുന്നു.+ മേയ് 2021 മുതൽ ജൂൺ 2023 വരെ നായ കടിയേറ്റ് സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ ചികിത്സ തേടിയവരുടെ ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർക്കുന്നു.+

(ഡി) തെരുവുനായ്ക്കളുടെ ആക്രമണം തടയുന്നതിനായുള്ള എ.ബി.സി. പ്രോഗ്രാം എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും നടപ്പിലാക്കി വരുന്നുണ്ടോ; എങ്കിൽ കഴിഞ്ഞ രണ്ട് വർഷമായി എ.ബി.സി. പ്രോഗ്രാം കൃത്യമായി നടപ്പിലാക്കുന്ന സ്ഥാപനങ്ങൾ ഏതെല്ലാമാണ്; ജില്ല തിരിച്ച് വ്യക്തമാക്കാമോ?

കേരളത്തിലെ വിവിധ ജില്ലകളിലായി 22 എ.ബി.സി. സെന്ററുകൾ ഇപ്പോൾ പ്രവർത്തനക്ഷമമാണ്. 45 എണ്ണം പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. ജില്ല തിരിച്ചുള്ള വിവരങ്ങൾ താഴെ കാണുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

| | |
|---|---|
| തിരുവനന്തപുരം | 2 |
| കൊല്ലം | 6 |
| കോട്ടയം | 1 |
| എറണാകുളം | 3 |
| തൃശ്ശൂർ | 1 |
| പാലക്കാട് | 4 |
| കോഴിക്കോട് | 2 |
| വയനാട് | 1 |
| കണ്ണൂർ | 1 |
| കാസർഗോഡ് | 1 |
| **ആകെ** | **22** |

**(ഇ) എ.ബി.സി. പ്രോഗ്രാം നടപ്പിലാക്കാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കെതിരെ എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?**

എ.ബി.സി. പ്രോഗ്രാം നടപ്പിലാക്കുന്നതിന് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(എഫ്) തെരുവുനായ്ക്കൾക്കായി അഡോപ്ഷൻ ക്യാമ്പുകൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാമാണ് ആരംഭിച്ചിട്ടുള്ളതെന്നും അഡോപ്ഷൻ ക്യാമ്പുകൾ എല്ലാ ഗ്രാമപഞ്ചായത്തുകളും നഗരസഭകളും കോർപ്പറേഷനുകളും കേന്ദ്രീകരിച്ച് ആരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ?

വിവരം ശേഖരിച്ചുവരുന്നു. സംസ്ഥാനത്ത് ആകെ 3 ഷെൽട്ടർ ഹോമുകളാണ് നിലവിലുള്ളത്. ആയവ സംബന്ധിച്ച വിവരങ്ങൾ താഴെ കാണുന്നു.

1. മഞ്ചേരി നഗരസഭ (മലപ്പുറം)
2. പാല നഗരസഭ (കോട്ടയം)
3. മലയിൻകീഴ് പഞ്ചായത്ത് (തിരുവനന്തപുരം)

കൂടാതെ Street Dog Watch Association എന്ന അംഗീകൃത Animal Welfare Organization-ന്റെ ഷെൽട്ടറും ഉപയോഗിച്ചുവരുന്നു.

**തദ്ദേശസ്വയംഭരണ വകുപ്പിലെ പൊതുസ്ഥലംമാറ്റം**

383 (383) ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പിൽ ഈ വർഷം പൊതുസ്ഥലംമാറ്റം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

ഉണ്ട്. ഓൺലൈൻ മുഖേനയാണ് പൊതുസ്ഥലംമാറ്റം നടത്തിയിട്ടുള്ളത്. പൊതുസ്ഥലംമാറ്റത്തിന്റെ ഭാഗമായി കരട് ക്യൂ ലിസ്റ്റും അന്തിമ ക്യൂ ലിസ്റ്റും പുറപ്പെടുവിച്ചിരുന്നു. തുടർന്ന് കരട് സ്ഥലംമാറ്റ പട്ടിക പ്രസിദ്ധീകരിക്കുകയും ആയതിന്മേൽ ആക്ഷേപങ്ങൾ സ്വീകരിക്കുകയും അതിനെത്തുടർന്ന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 03-07-2023-ലെ LSGD/PD/1224/2023-DED1 നമ്പർ നടപടിക്രമം പ്രകാരം അന്തിമ സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ക്ലാർക്ക് തസ്തികയിൽനിന്നും സീനിയർ ക്ലാർക്ക് തസ്തികയിലേയ്ക്ക് പ്രൊമോഷൻ ലഭിച്ചപ്പോഴും പ്രസ്തുത സ്ഥാപനങ്ങളിൽത്തന്നെ തുടരുന്ന

സീനിയർ ക്ലാർക്കുമാർ ആരൊക്കെയാണെന്നും ഇവർക്ക് സ്ഥലംമാറ്റം അനുവദിച്ചിട്ടുണ്ടോയെന്നും അറിയിക്കാമോ; ഇല്ലെങ്കിൽ കാരണം അറിയിക്കാമോ?

ക്ലാർക്ക് തസ്തികയിൽനിന്നും സ്ഥാനക്കയറ്റം ലഭിച്ചപ്പോഴും പ്രസ്തുത സ്ഥാപനങ്ങളിൽത്തന്നെ തുടരുന്ന സീനിയർ ക്ലാർക്കുമാർ

തിരുവനന്തപുരം

1. ശ്രീമതി സന്ധ്യാറാണി (അനുകമ്പാർഹമായ കാരണം)
2. ശ്രീ. ബി. മോഹൻകുമാർ, അതിയന്നൂർ ബ്ലോക്ക് പഞ്ചായത്ത് (ഡിസ്എബിലിറ്റി)

കൊല്ലം

ശ്രീമതി രാജി എസ്., ക്ലാപ്പന ഗ്രാമപഞ്ചായത്ത് (75 ശതമാനം ഡിസ്എബിലിറ്റി)

ഇടുക്കി

1. ശ്രീ. അനിൽകുമാർ സി., സേനാപതി ഗ്രാമപഞ്ചായത്ത് (അപേക്ഷിച്ചിരുന്ന സ്ഥലംമാറ്റം ലഭിച്ചിട്ടില്ല.)
2. ശ്രീമതി ദിവ്യ പി., അടിമാലി ബ്ലോക്ക് പഞ്ചായത്ത് (സ്റ്റേഷനിൽ മൂന്ന് വർഷം തികച്ചിട്ടില്ല)

പാലക്കാട്

1. ശ്രീ. സുനിൽകുമാർ കെ., പെരുവെമ്പ് ഗ്രാമപഞ്ചായത്ത് (75 ശതമാനം വൈകല്യമുള്ളതിനാൽ പ്രത്യേക ഉത്തരവിൻ പ്രകാരം നിലവിലെ സ്റ്റേഷനിൽ തുടർന്നുവരുന്നു.)
2. ശ്രീ. ബിനുമോൻ എസ്., വടക്കഞ്ചേരി ഗ്രാമപഞ്ചായത്ത് (നിലവിലെ സ്റ്റേഷനിൽ മൂന്നുവർഷം പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ സ്ഥലംമാറ്റം അനുവദിച്ചിട്ടില്ല.)
3. ശ്രീ. സുഭാഷ് കെ., പാലക്കാട് മുനിസിപ്പാലിറ്റി (നിലവിലെ തസ്തികയിൽ മൂന്ന് വർഷം പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ സ്ഥലംമാറ്റം അനുവദിച്ചിട്ടില്ല.)
4. ശ്രീമതി അസിധ ബാനു ഐ., കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്ത് (നിലവിലെ തസ്തികയിൽ മൂന്ന് വർഷം പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ സ്ഥലംമാറ്റം അനുവദിച്ചിട്ടില്ല.)
5. ശ്രീ. സന്ദീപ് ഐ. സി., കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത് (75 ശതമാനം വൈകല്യമുള്ളതിനാൽ പ്രത്യേക ഉത്തരവിൻ പ്രകാരം നിലവിലെ സ്റ്റേഷനിൽ തുടർന്നുവരുന്നു.)
6. ശ്രീ. രാജീവ് കെ., ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത് (75 ശതമാനം വൈകല്യമുള്ളതിനാൽ പ്രത്യേക ഉത്തരവിൻ പ്രകാരം നിലവിലെ സ്റ്റേഷനിൽ തുടർന്നുവരുന്നു.)

മലപ്പുറം

1. ശ്രീമതി ദീപ ആർ., വാഴയൂർ ഗ്രാമപഞ്ചായത്ത്- സ്ഥലംമാറ്റം അനുവദിച്ചിട്ടുണ്ട്.
2. ശ്രീ. സതീഷ് കുമാർ എം., മേലാറ്റൂർ ഗ്രാമപഞ്ചായത്ത്- സ്ഥലംമാറ്റം അനുവദിച്ചിട്ടുണ്ട്.
3. ശ്രീ. സുരേഷ് കുമാർ കെ., ജോയിന്റ് ഡയറക്ടർമാരുടെ കാര്യാലയം- നിലവിലെ തസ്തികയിൽ 3 വർഷം തികഞ്ഞിട്ടില്ല.ട

4. ശ്രീമതി ദീപ ജോൺ, ജോയിന്റ് ഡയറക്ടർമാരുടെ കാര്യാലയം-നിലവിലെ തസ്തികയിൽ 3 വർഷം തികഞ്ഞിട്ടില്ല.
5. ശ്രീമതി ഫാത്തിമ സുഹ്റാബി എ., കൊണ്ടോട്ടി നഗരസഭ-നിലവിലെ തസ്തികയിൽ 3 വർഷം തികഞ്ഞിട്ടില്ല.
6. ശ്രീ. ജോഷി വർഗ്ഗീസ്, താനൂർ നഗരസഭ- സ്ഥലംമാറ്റം അനുവദിച്ചിട്ടുണ്ട്.
7. ശ്രീമതി പ്രീതി എൻ., തിരൂർ നഗരസഭ- സ്ഥലംമാറ്റം അനുവദിച്ചിട്ടുണ്ട്.
8. ശ്രീമതി ശ്രീകല പറക്കാടൻ, തിരൂർ നഗരസഭ- സ്ഥലംമാറ്റം അനുവദിച്ചിട്ടുണ്ട്.
9. ശ്രീ. നിസാർ ടി.പി., തിരൂർ നഗരസഭ- സ്ഥലംമാറ്റം അനുവദിച്ചിട്ടുണ്ട്.
10. ശ്രീമതി ദിവ്യ കെ. എം., പെരിന്തൽമണ്ണ നഗരസഭ- സ്ഥലംമാറ്റം അനുവദിച്ചിട്ടുണ്ട്.
11. ശ്രീ. നൗഫൽ കെ. ടി., കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത്- സ്ഥലംമാറ്റം അനുവദിച്ചിട്ടുണ്ട്.

<u>കണ്ണൂർ</u>

1. ശ്രീമതി ഷറഫുന്നീസ എം., തലശ്ശേരി മുനിസിപ്പാലിറ്റി, നിലവിലെ തസ്തികയിൽ 3 വർഷം തികഞ്ഞിട്ടില്ല.
2. ശ്രീ. വിജേഷ് ടി.,തലശ്ശേരി മുനിസിപ്പാലിറ്റി, നിലവിലെ തസ്തികയിൽ 3 വർഷം തികഞ്ഞിട്ടില്ല.
3. ശ്രീ. അമൽദേവ് എ. എൻ., തലശ്ശേരി മുനിസിപ്പാലിറ്റി, നിലവിലെ തസ്തികയിൽ 3 വർഷം തികഞ്ഞിട്ടില്ല.
4. ശ്രീ. ബാബു വി. സി., മട്ടന്നൂർ മുനിസിപ്പാലിറ്റി, നിലവിലെ തസ്തികയിൽ 3 വർഷം തികഞ്ഞിട്ടില്ല.
5. ശ്രീ. അനസ് കെ. എൻ., കണ്ണൂർ കോർപ്പറേഷൻ, നിലവിലെ തസ്തികയിൽ 3 വർഷം തികഞ്ഞിട്ടില്ല.

6. ശ്രീമതി ഷീന പി., കണ്ണൂർ കോർപ്പറേഷൻ, നിലവിലെ തസ്തികയിൽ 3 വർഷം തികഞ്ഞിട്ടില്ല.

<u>കാസർഗോഡ്</u>

ശ്രീ. രതീഷ് കുമാർ പി. ഡി., സ്ഥലംമാറ്റം അനുവദിച്ചിട്ടില്ല. (സീനിയർ ക്ലർക്ക് തസ്തികയിൽ സ്ഥലംമാറ്റ മാനദണ്ഡ പ്രകാരമുള്ള കാലയളവ് പൂർത്തീകരിച്ചിട്ടില്ല.)

(സി) മൂന്ന് വർഷത്തിലധികം സർവ്വീസ് പൂർത്തീകരിച്ച സീനിയർ ക്ലാർക്കുമാർ മേൽ സ്ഥാപനങ്ങൾ ഒന്നാം ഓപ്ഷനായി സ്ഥലം മാറ്റത്തിനായി അപേക്ഷിച്ചിട്ട് സ്ഥലംമാറ്റം അനുവദിക്കാതെ, എവിടെയെല്ലാമാണ് പ്രൊമോഷൻ ലഭിച്ച സീനിയർ ക്ലാർക്കുമാരെ അവിടെത്തന്നെ തുടരാൻ അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

തുടരാൻ അനുവദിച്ചിട്ടില്ല.

(ഡി) സ്ഥലംമാറ്റ മാനദണ്ഡം പ്രകാരം അർഹതപ്പെട്ട സ്ഥലംമാറ്റം അനുവദിക്കാതെ അനർഹരായവർക്ക് സംരക്ഷണം നൽകുന്ന സ്ഥലംമാറ്റ ഉത്തരവ് പുന:പരിശോധിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

പൊതുസ്ഥലംമാറ്റത്തിന്റെ ഭാഗമായി കരട് ക്യൂ ലിസ്റ്റും അന്തിമ ക്യൂ ലിസ്റ്റും പുറപ്പെടുവിച്ചിരുന്നു. തുടർന്ന് കരട് സ്ഥലംമാറ്റ പട്ടിക പ്രസിദ്ധീകരിക്കുകയും ആയതിന്മേൽ ആക്ഷേപങ്ങൾ സ്വീകരിക്കുകയും അതിനെത്തുടർന്ന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 03-07-2023-ലെ LSGD/PD/1224/2023-DED1 നമ്പർ നടപടിക്രമം പ്രകാരം അന്തിമ സ്ഥലംമാറ്റ ഉത്തരവ് സോഫ്റ്റ്‌വെയർ മുഖേന തന്നെ പുറപ്പെടുവിക്കുകയുമാണുണ്ടായത്. പൊതുസ്ഥലംമാറ്റ മാനദണ്ഡങ്ങൾ സംബന്ധിച്ച 22-03-2023-ലെ സ.ഉ.(കൈ)നം. 79/2023/LSGD പ്രകാരം ജില്ലാ ജോയിന്റ് ഡയറക്ടർമാർ നടത്തുന്ന സ്ഥലംമാറ്റങ്ങൾക്കെതിരെയുള്ള അപ്പീലുകൾ പ്രിൻസിപ്പൽ ഡയറക്ടർ മുമ്പാകെയും പ്രിൻസിപ്പൽ ഡയറക്ടർ നടത്തുന്ന സ്ഥലംമാറ്റങ്ങൾക്കെതിരെയുള്ള അപ്പീലുകൾ സർക്കാരിലും സമർപ്പിക്കാവുന്നതാണ്. ആയതിൻപ്രകാരം സർക്കാർ തലത്തിൽ ലഭിക്കുന്ന അപ്പീലുകൾ പരിശോധിക്കുന്നതിനായി അപ്പീൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

**സംസ്ഥാനത്തെ സമ്പൂർണ്ണ മാലിന്യമുക്തമാക്കാൻ പദ്ധതി**

384 (384) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2026 വർഷത്തോടെ സംസ്ഥാനത്തെ സമ്പൂർണ്ണ മാലിന്യമുക്തമാക്കുകയെന്ന ലക്ഷ്യത്തോടെ നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

സംസ്ഥാനത്തെ 2025-ഓടെ മാലിന്യമുക്തമാക്കുക എന്ന ലക്ഷ്യത്തോടെ 2023 ഫെബ്രുവരി 4-ന് മാലിന്യമുക്ത കേരളം പദ്ധതി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്ത് പ്രവർത്തനം ആരംഭിച്ചിരുന്നു. എന്നാൽ ബ്രഹ്മപുരം മാലിന്യ സംസ്കരണ പ്ലാന്റ് തീപിടുത്തമുണ്ടായതിനെ തുടർന്ന് കോടതി സ്വമേധയാ കേസെടുക്കുകയും 2024 മാർച്ചിനുമുമ്പ് കേരളത്തെ മാലിന്യമുക്തമാക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്യുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ 2024 മാർച്ച് 30-ഓടെ കേരളത്തെ സമ്പൂർണ്ണ മാലിന്യമുക്ത സംസ്ഥാനമാക്കി മാറ്റുകയെന്ന ലക്ഷ്യത്തോടെ മാലിന്യമുക്തം

നവകേരളം എന്ന ക്യാമ്പയിന് തുടക്കം കുറിച്ചിട്ടുണ്ട്.

"മാലിന്യമുക്തം നവകേരളം" സമയബന്ധിതമായ ഭൗതിക ലക്ഷ്യവും സുസ്ഥിര സേവനപ്രദാന സംവിധാനവും കൈവരിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. മാലിന്യ സംസ്കരണത്തിനുള്ള അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങളുടെ നിർമ്മാണം, സേവനപ്രദാന സംവിധാനവും പ്രക്രിയയും ഉറപ്പാക്കൽ, സേവനദാതാക്കളുടെ വൈദഗ്ധ്യവും നൈപുണ്യവും വികസിപ്പിക്കൽ, ആവശ്യമായ പുതിയ നിയമങ്ങൾ, ചട്ടങ്ങൾ, ഉത്തരവുകൾ, മാർഗ്ഗരേഖകൾ എന്നിവ വികസിപ്പിക്കൽ, ജനങ്ങളുടെ മനോഭാവവും ശീലവും ശാസ്ത്രീയ മാലിന്യ സംസ്കരണത്തിന് അനുയോജ്യമാക്കൽ തുടങ്ങി വിപുലവും വൈവിധ്യവുമാർന്ന പ്രവർത്തനങ്ങളാണ് മാലിന്യമുക്തം നവകേരളം ക്യാമ്പയിന്റെ ഭാഗമായി നടത്തുന്നത്. കേരളത്തിന്റെ രോഗാതുരത കുറയ്ക്കുക, സർക്കുലർ ഇക്കോണമിയിൽ അധിഷ്ഠിതമായ ഉത്പാദന-തൊഴിൽ സാധ്യത സൃഷ്ടിക്കുക, കൂടുതൽ ആകർഷകവും സുരക്ഷിതവുമായ പ്രദേശമായി കേരളത്തെ മാറ്റിയെടുക്കുക തുടങ്ങിയവയാണ് മാലിന്യമുക്തം നവകേരളം എന്ന ക്യാമ്പയിനിലൂടെ ലക്ഷ്യമിടുന്നത്. കുട്ടികൾ, യുവജനങ്ങൾ, സ്ത്രീകൾ,

മുതിർന്ന പൗരർ തുടങ്ങി സമൂഹത്തിലെ എല്ലാ വിഭാഗങ്ങൾക്കും പങ്കാളിത്തവും നേതൃത്വവും ഉറപ്പാക്കുന്ന ജനകീയ ക്യാമ്പയിനാണ് നടന്നുവരുന്നത്. മൂന്ന് ഘട്ടങ്ങളായുള്ള സമഗ്ര പദ്ധതിയാണ് ഈ ക്യാമ്പയിനിലൂടെ ലക്ഷ്യമിടുന്നത്. അവ ചുവടെ പരാമർശിക്കുന്നു.

1) <u>ജൂൺ 5 വരെയുള്ള അടിയന്തര ഘട്ടം</u> - വിപുലമായ ക്യാമ്പയിൻ പ്രവർത്തനങ്ങളിലൂടെ കേരളത്തിലെ മുഴുവൻ വീടുകളിലും സ്ഥാപനങ്ങളിലും മാലിന്യം ഉറവിടത്തിൽ തരംതിരിക്കാനും തദ്ദേശസ്വയംഭരണ സ്ഥാപനം നിർദ്ദേശിക്കുന്ന രീതിയിൽ മാലിന്യ പരിപാലനം നടക്കുമെന്ന് ഉറപ്പാക്കുകയുമാണ് ഈ ഘട്ടത്തിൽ ലക്ഷ്യമിട്ടത്.

2) <u>ജൂലൈ - 6 മുതൽ നവംബർ 30 വരെ - ഹ്രസ്വകാല പ്രവർത്തനങ്ങൾ</u> - ജൂൺ 6 - ജൂലൈ 15-നുള്ളിൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തി നടന്ന പ്രവർത്തനങ്ങളുടെ സാമൂഹ്യ പരിശോധന (ജനകീയ ഓഡിറ്റ്) നടത്തി ആയതിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തുന്ന പ്രശ്നങ്ങൾ സമയബന്ധിതമായി പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ കൂടി ഉൾപ്പെടുന്നതാണ് രണ്ടാം

ഘട്ടം. ജനകീയ ഓഡിറ്റിലൂടെ കണ്ടെത്തിയ കുറവുകളും പരിമിതികളും പരിഹരിക്കുക, താൽക്കാലിക മിനി എം.സി.എഫ്./എം.സി.എഫ്.-കൾക്കുപകരം മികച്ച സ്ഥിരം സംവിധാനങ്ങൾ നിർമ്മിക്കലും ആവശ്യമായ യന്ത്ര സാമഗ്രികളും ഉപകരണങ്ങളും വാഹന സൗകര്യങ്ങളുമടക്കം മികച്ച അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുക എന്നിവയാണ് ഈ ഘട്ടത്തിലെ പ്രധാന പ്രവർത്തനങ്ങൾ.

3) 2024 മാർച്ച് 30 വരെ - ദീർഘകാല പ്രവർത്തനങ്ങൾ - മുഴുവൻ അടിസ്ഥാന സൗകര്യങ്ങളും ഡിജിറ്റൽ മോണിറ്ററിംഗ് സംവിധാനം ഉൾപ്പെടെ (ഹരിതമിത്രം ആപ്പ്) പൂർണ്ണമായി ഉറപ്പാക്കുക, കാലപ്പഴക്കം ചെന്ന മാലിന്യ കേന്ദ്രങ്ങൾ/മാലിന്യ കൂനകൾ ബയോമൈനിംഗ് നടത്തി ഭൂമി വീണ്ടെടുക്കൽ മുതലായവയാണ് മൂന്നാം ഘട്ടത്തിലെ പ്രധാന പ്രവർത്തനങ്ങൾ.

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിലുള്ള സ്ഥലങ്ങളിൽനിന്നും മാലിന്യ ശേഖരണം ഫലപ്രദമാക്കുന്നതിന് ഹരിത കർമ്മസേനയെ ശക്തിപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. നിലവിൽ തദ്ദേശ സ്ഥാപനതലങ്ങളിൽ ഹരിത കർമ്മസേനയുടെ പ്രവർത്തനം നല്ല രീതിയിൽ നടന്നുവരുന്നുണ്ട്. ഇവരുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി ബ്ലോക്ക് തലത്തിൽ ഹരിതകർമ്മസേന അംഗങ്ങൾക്ക് പരിശീലനം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇവർക്ക് പരിശീലനം നൽകുന്നതിനുള്ള പരിശീലകർക്കുള്ള പരിശീലനം കിലയുടെ ആഭിമുഖ്യത്തിൽ പൂർത്തീകരിച്ച് കഴിഞ്ഞു. കൂടാതെ മാലിന്യമുക്തം നവകേരളം ക്യാമ്പയിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആവശ്യാനുസരണം കൂടുതൽ ഹരിതകർമ്മ സേനാംഗങ്ങളെ തെരഞ്ഞെടുക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. ഹരിതകർമ്മ സേനാംഗങ്ങളുടെ വരുമാനം യൂസർഫീസ് കളക്ഷനിൽ നിന്നാണ് പ്രധാനമായും ലഭ്യമാകുന്നത്. യൂസർഫീസ് കളക്ഷൻ വർദ്ധിപ്പിക്കുന്നതിനും പരമാവധി വീടുകളും സ്ഥാപനങ്ങളും യൂസർഫീസ് നൽകുന്നുവെന്ന്

ഉറപ്പുവരുത്തുന്നതിനുമാവശ്യമായ ക്യാമ്പയിൻ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മാലിന്യ സംസ്കരണ പദ്ധതിയെ സംബന്ധിച്ച ജനങ്ങളുടെ ആശങ്കയകറ്റുന്നതിന് നൂതന മാലിന്യ സംസ്കരണ രീതികൾ ആവിഷ്കരിച്ച് നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. ഇതിലേയ്ക്കായി പൊതുമാധ്യമങ്ങളിലൂടെയും സമൂഹ മാധ്യമങ്ങളിലൂടെയും നേരിട്ടും വിവിധ വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ നടത്തിവരുന്നു. വികേന്ദ്രീകൃത സംസ്കരണ രീതിയാണ് സർക്കാർ മുന്നോട്ടുവയ്ക്കുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ നൂതന സാങ്കേതികവിദ്യകൾ തദ്ദേശ സ്ഥാപനങ്ങൾ മനസ്സിലാക്കുന്നതിന് ശുചിത്വ മിഷന്റെ ആഭിമുഖ്യത്തിൽ ഫെബ്രുവരി 4, 5, 6 തീയതികളിൽ കൊച്ചി മറൈൻഡ്രൈവിൽവച്ച് GEx എന്ന പേരിൽ ഒരു എക്സ്പോ നടത്തിയിരുന്നു. ആയതിൽ സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപന പ്രതിനിധികളും പങ്കെടുത്തിരുന്നു.

(ഡി) പ്രാഥമികമായി സംസ്ഥാനത്ത് എവിടെയെല്ലാമാണ് മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പിലാക്കുന്നത്; ഇതിനായി സ്വീകരിച്ചിട്ടുള്ള മാതൃകകൾ; ചെലവ് എന്നിവ സംബന്ധിച്ച വിശദാംശം വെളിപ്പെടുത്താമോ?

മാലിന്യ സംസ്കരണത്തിന്റെ നൂതന സാങ്കേതികവിദ്യ എന്ന നിലയ്ക്ക് ജൈവമാലിന്യത്തിൽനിന്നും ബയോഗ്യാസ് ഉൽപ്പാദിപ്പിക്കുന്ന ഒരു പ്ലാന്റ് കൊച്ചിയിൽ സ്ഥാപിക്കുന്നതിന് ബി.പി.സി.എൽ.-ന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്. കോഴിക്കോട്, പാലക്കാട്, കൊല്ലം എന്നിവിടങ്ങളിൽ വേസ്റ്റ്-ടു-എനർജി പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. മാലിന്യ സംസ്കരണം അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയായതിനാൽ ഇതിനുവേണ്ടി പുതിയ പ്രോജക്ടുകൾ ഉൾപ്പെടുത്തി ഡി.പി.സി.-യുടെ അംഗീകാരത്തിന് വിധേയമായി നടപ്പിലാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) ബ്രഹ്മപുരം മാലിന്യ സംസ്കരണ പ്ലാന്റിൽ തീപിടുത്തം ഉണ്ടാകാനിടയായത് എങ്ങനെയെന്നത് സംബന്ധിച്ച് അന്വേഷണം

നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് സംബന്ധമായ വിശദാംശം വെളിപ്പെടുത്താമോ?

09-04-2023-ലെ സ.ഉ.(സാധാ)നം.841/2023/എൽ.എസ്.ജി.ഡി. പ്രകാരം ബ്രഹ്മപുരം അഗ്നിബാധ അന്വേഷിക്കുന്നതിന് സമിതി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത സമിതിയുടെ അന്വേഷണം നടന്നുവരുന്നു.

(എഫ്) സംസ്ഥാനത്തെ മാലിന്യവാഹികളായ ജലസ്രോതസ്സുകൾ വൃത്തിയാക്കുന്നതിനും അവയിലേയ്ക്ക് ശുചിമുറി മാലിന്യങ്ങൾ എത്തുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിനും സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

സംസ്ഥാനത്ത് എല്ലാതരം ജലസ്രോതസ്സുകളെയും മാലിന്യമുക്തമാക്കി സംരക്ഷിക്കുന്നതിലേയ്ക്കായി തെളിനീരൊഴുകും നവകേരളം എന്ന പേരിൽ ജനകീയ ക്യാമ്പയിൻ നടത്തിയിരുന്നു. ടി ക്യാമ്പയിന്റെ ഭാഗമായി പൊതുജനപങ്കാളിത്തത്തോടെ ബാക്ടീരിയോളജിക്കൽ ഫീൽഡ് ടെസ്റ്റ് കിറ്റുകൾ ഉപയോഗിച്ചുള്ള ജല ഗുണനിലവാരം പരിശോധന പ്രകാരം

പൊതുജലാശയത്തിലെ ജലസാമ്പിൾ പരിശോധിക്കുകയും ഫീക്കൽ കോളിഫോം സാന്നിധ്യം കണ്ടെത്തിയ ഇടങ്ങളിൽ അത് തടയുന്നതിനും കൂടാതെ ശുചിമുറി മാലിന്യങ്ങൾ ജലസ്രോതസ്സുകളിലേയ്ക്ക് എത്തുന്നില്ലെന്ന് ഉറപ്പാക്കുവാൻ ജലാശയങ്ങളിലേയ്ക്ക് തുറന്നുവച്ചിരിക്കുന്ന ഔട്ട്‌ലെറ്റുകൾ കണ്ടെത്തി ആയത് എടുത്ത് മാറ്റുന്ന നടപടികൾ തുടങ്ങിയ പ്രവർത്തനങ്ങൾ/ കർമ്മപരിപാടികൾ സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ കക്കൂസ് മാലിന്യ പരിപാലനത്തിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് പൊതുബോധവത്കരണം നടത്താൻ മലഭ്രതം, ട്വിൻ പിറ്റ് അഭിയാൻ എന്നീ ക്യാമ്പയിനുകൾ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ നടന്നുവരുന്നു. ഇത്തരത്തിൽ ജലാശയങ്ങളിലേയ്ക്ക് തുറന്നുവച്ചിരിക്കുന്ന ഔട്ട്‌ലെറ്റുകൾ, ജലാശയങ്ങളിലേയ്ക്ക് മാലിന്യം വലിച്ചെറിയൽ തുടങ്ങിയ നിയമലംഘനങ്ങൾക്കെതിരെ ബന്ധപ്പെട്ട വകുപ്പുകൾ പ്രകാരം ശിക്ഷാ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ

എസ്.റ്റി.പി./എഫ്.എസ്.റ്റി.പി. എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

**വീട് നിർമ്മാണത്തിനുള്ള പെർമിറ്റ് ഫീസ് വർദ്ധന**

385 (385) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീമതി ഉമ തോമസ്:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്ഥാപനങ്ങളിൽനിന്നും വീട് വയ്ക്കുന്നതിന് പെർമിറ്റ് എടുക്കുന്നതിനുള്ള അപേക്ഷാ ഫീസും അതിനൊപ്പം അടയ്ക്കേണ്ട പെർമിറ്റ് ഫീസും ഭീമമായി വർദ്ധിപ്പിച്ചതിന്റെ കാരണം വിശദമാക്കാമോ?

സംസ്ഥാനത്ത് തദ്ദേശ സ്ഥാപനങ്ങൾ നൽകുന്ന സേവനങ്ങളുടെ എണ്ണം പതിന്മടങ്ങ് വർദ്ധിക്കുകയും നൽകുന്ന സേവനങ്ങളുടെ ഗുണനിലവാരം ഗണ്യമായി മെച്ചപ്പെടുകയും ചെയ്തിട്ടുണ്ട്. അപ്രകാരം സേവനങ്ങൾ നൽകുന്നതിനുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചെലവും പലമടങ്ങ്

വർദ്ധിച്ചിട്ടുണ്ട്. കഴിഞ്ഞ 20 വർഷത്തിനിടയിൽ പെർമിറ്റ് ഫീസിൽ വന്നിട്ടുള്ള വർദ്ധനവ് വളരെ നാമമാത്രമാണ്. കെട്ടിട നിർമ്മാണ പെർമിറ്റ് ലഭ്യമാക്കുന്നതിലേയ്ക്കായി വിവിധ വകുപ്പുകളുടെ ക്ലിയറൻസിനായി അതാത് വകുപ്പുകൾ ഈടാക്കുന്ന തുക താരതമ്യപ്പെടുത്തുമ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈടാക്കുന്ന പെർമിറ്റ് ഫീസ് വളരെ കുറവാണ്. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസന പ്രവർത്തനങ്ങൾക്കായി തനതുഫണ്ട് വർദ്ധിപ്പിക്കേണ്ടതുമുണ്ട്. ടി സാഹചര്യത്തിലാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ഈടാക്കുന്ന പെർമിറ്റ് ഫീസ് സർക്കാർ കാലോചിതമായി പരിഷ്കരിച്ചത്.

(ബി) നിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റംമൂലം വീട് വയ്ക്കാനുള്ള ചെലവ് വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അപേക്ഷാ ഫീസും പെർമിറ്റ് ഫീസും ഭീമമായി വർദ്ധിപ്പിച്ചത് ജനങ്ങളെ പ്രതികൂലമായി ബാധിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല.

(സി) അപേക്ഷാ ഫീസിലും പെർമിറ്റ് ഫീസിലും വരുത്തിയ വർദ്ധനവ് പിൻവലിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഇല്ല.

**ലൈഫ് പദ്ധതി**

386 (386) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിൽ നിലവിൽ ലൈഫ് പദ്ധതി പ്രകാരം എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്?

7768 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) അതിൽ എത്ര പേരെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്?

5025.

(സി) അതിൽ എഗ്രിമെന്റ് വച്ചത് എത്രയെണ്ണമാണ്?

1223.

(ഡി) ബാക്കിയുള്ളവരുടെ എഗ്രിമെന്റ് വയ്ക്കാതിരിക്കുന്നതിന്റെ കാരണങ്ങൾ എന്തെല്ലാമാണ്?

ആവശ്യമായ രേഖകൾ ഗുണഭോക്താക്കൾ ഹാജരാക്കുന്ന മുറയ്ക്ക് ഫണ്ട് ലഭ്യതയനുസരിച്ചാണ് ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും ഗുണഭോക്താക്കളുടെ കരാർ വയ്ക്കുന്നത്.

(ഇ) എഗ്രിമെന്റ് വയ്ക്കാൻ ബാക്കിയുള്ളവരുടെ നടപടികൾ എന്ന് പൂർത്തീകരിക്കാനാകുമെന്ന് അറിയിക്കാമോ?

ഫണ്ട് ലഭ്യതയനുസരിച്ചും ഗുണഭോക്താക്കൾ കരാർ വയ്ക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കുന്ന മുറയ്ക്കും കരാർ വയ്ക്കൽ പൂർത്തിയാക്കുന്നതാണ്.

(എഫ്) മണ്ഡലത്തിൽ ലൈഫ് പദ്ധതി പ്രകാരം ഇതുവരെ എത്ര വീടുകൾ പൂർത്തീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

822 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്.

## മാലിന്യവിമുക്ത കേരളം

387 (387) ശ്രീ. ഇ. കെ. വിജയൻ:

ശ്രീ. ജി. എസ്. ജയലാൽ:

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:

ശ്രീ. പി. ബാലചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വന്തം വീടിനുമപ്പുറം പരിസരവും നാടും ശുചിയായിരിക്കണമെന്ന ഉയർന്ന പൗരബോധത്തിലേയ്ക്ക് ഓരോ മലയാളിയും വളരുകയെന്നതാണ് മാലിന്യവിമുക്ത കേരളത്തിലേയ്ക്കുള്ള ആദ്യപടി എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. ഈ ഒരു ലക്ഷ്യം ഇപ്പോൾ നടന്നുവരുന്ന മാലിന്യമുക്തം നവകേരളം ക്യാമ്പയിന്റെ മുഖ്യലക്ഷ്യങ്ങളിലൊന്നാണ്.

(ബി) ഓരോ വീട്ടിലും ഒരു ദിവസമുണ്ടാകുന്ന ജൈവമാലിന്യം ശരാശരി ഒരു കിലോയിൽ താഴെ മാത്രമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ജനങ്ങളുടെ പൂർണ്ണ പിന്തുണയോടെ ഓരോ വീട്ടിലും ഒരു ദിവസമുണ്ടാകുന്ന

മാലിന്യം ഉറവിടത്തിൽത്തന്നെ സംസ്കരിക്കാനുള്ള സംവിധാനങ്ങൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉണ്ട്, ഉറവിടത്തിൽത്തന്നെ മാലിന്യം സംസ്കരിക്കാനുള്ള ബയോബിൻ, ബയോഗ്യാസ്, ബയോ കമ്പോസ്റ്റർ പോട്ട് തുടങ്ങിയ സംവിധാനങ്ങൾ വ്യാപകമായ രീതിയിൽ പ്രചരിപ്പിക്കുകയും അതിനാവശ്യമായ സബ്സിഡി തുടങ്ങിയവ ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്.

(സി) ശുചീകരണത്തൊഴിലാളികളെയും ഹരിതകർമ്മ സേനാംഗങ്ങളെയും മാലിന്യമുക്ത കേരളത്തിന്റെ മുന്നണിപ്പോരാളികളായി പ്രഖ്യാപിച്ച് മികച്ച വേതനവും സൗകര്യങ്ങളും ഉറപ്പുവരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. ഹരിതകർമ്മ സേനാംഗങ്ങളുടെ വരുമാനം യൂസർഫീസ് കളക്ഷനിൽനിന്നാണ് പ്രധാനമായും ലഭ്യമാകുന്നത്. എല്ലാ വീടുകളും സ്ഥാപനങ്ങളും യൂസർഫീസ് യഥാസമയം കൃത്യമായി നൽകുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ ക്യാമ്പയിൻ പ്രവർത്തനങ്ങൾ നടത്തുന്നു. എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും വാതിൽപ്പടി ശേഖരണം, വിലയുള്ള

പാഴ്‌വസ്തുക്കളുടെ വില്പനയിൽനിന്ന് കിട്ടുന്ന വരുമാനം എന്നിവയിലൂടെ വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(ഡി) മാലിന്യ സംസ്കരണത്തിനുള്ള പദ്ധതികൾ ഉൾപ്പെടുത്തി വാർഷിക പദ്ധതിയിൽ മാറ്റം വരുത്താൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ടോ; ഇപ്രകാരം പദ്ധതി തയ്യാറാക്കുമ്പോൾ പാലിക്കേണ്ട വ്യവസ്ഥകൾ ഉൾപ്പെടുത്തി വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഉണ്ട്. 10-07-2023-ലെ സ.ഉ.(സാധാ)നം.1401/2023/ത.സ്വ.ഭ.വ. സർക്കാർ ഉത്തരവ് പ്രകാരം മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

**തെരുവുനായ ആക്രമണം**

388 (388) <u>ശ്രീ. സണ്ണി ജോസഫ്:</u>
<u>ശ്രീ. സനീഷ്കുമാർ ജോസഫ്:</u>
<u>ശ്രീ. ടി. സിദ്ദിഖ്:</u>

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

<u>ശ്രീ. ഷാഫി പറമ്പിൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തെരുവുനായ്ക്കളുടെ അക്രമം വർദ്ധിച്ചുവരുന്ന ഗുരുതരമായ സ്ഥിതിവിശേഷമുണ്ടായിട്ടും സർക്കാർ ഇക്കാര്യത്തിൽ തികഞ്ഞ നിസ്സംഗത പുലർത്തുന്നതിന്റെ കാരണം വിശദമാക്കാമോ?

നിലവിലുള്ള നിയമ വ്യവസ്ഥകൾ പ്രകാരം ഫലപ്രദമായ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

(ബി) കണ്ണൂരിൽ തെരുവുനായയുടെ ആക്രമണത്തിൽ ഭിന്നശേഷിക്കാരനായ കുട്ടി മരിച്ച സംഭവം ഗൗരവത്തോടെ കാണുന്നുണ്ടോ?

ഉണ്ട്.

(സി) തെരുവുനായ നിയന്ത്രണത്തിനായി നടപ്പിലാക്കുന്ന എ.ബി.സി. പ്രോഗ്രാം തികഞ്ഞ പരാജയമായിട്ടും ഇക്കാര്യത്തിൽ മറ്റ് നടപടികൾ സ്വീകരിക്കാത്തത് എന്തുകൊണ്ടാണ്; വ്യക്തമാക്കാമോ?

നിലവിലുള്ള നിയമ വ്യവസ്ഥകൾക്ക് വിധേയമായിട്ടുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്.

**ഹോട്ടലുകളിലെ ഭക്ഷ്യഎണ്ണ ഉണ്ടാക്കുന്ന ആരോഗ്യപ്രശ്നങ്ങൾ**

389 (389) <u>ശ്രീ. കെ. ആൻസലൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഹോട്ടലുകളിൽ പാചകത്തിനായി ആവർത്തിച്ച് ഉപയോഗിക്കുന്ന ഭക്ഷ്യഎണ്ണ ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം ഭക്ഷ്യഎണ്ണകൾ പിടിച്ചെടുക്കുന്നതിനുവേണ്ടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

ഉണ്ട്. ഹോട്ടലുകളിലും ഭക്ഷണം പാകം ചെയ്ത് വില്പന നടത്തുന്ന മറ്റ് കടകളിലും ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ പരിശോധന നടത്തുന്നുണ്ട്. ഭക്ഷ്യയോഗ്യമല്ലാത്ത എണ്ണ പിടിച്ചെടുത്ത് നശിപ്പിച്ചിട്ടുള്ളതും സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്.

**മലയോര ഹൈവേയുടെ പ്രവൃത്തി നിർമ്മാണം**

390 (390) ശ്രീ. പി. വി. അൻവർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ പോത്തുകല്ല് പഞ്ചായത്തിൽ സ്വകാര്യ വ്യക്തിയുടെ വീട് നിർദ്ദിഷ്ട അലൈൻമെന്റിനുള്ളിൽ ആയതിനാൽ മലയോര ഹൈവേയുടെ പ്രവൃത്തി പൂർത്തിയാക്കാൻ കഴിയാതെ നിലച്ചു പോയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ വിഷയത്തിൽ സമർപ്പിച്ച നിവേദനത്തിൻമേൽ സത്വര നപടികൾ സ്വീകരിക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച നിവേദനം സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) പ്രസ്തുത ഹൈവേയ്ക്കായി സ്ഥലം വിട്ടുനൽകുന്നതോടെ വീട് പൂർണ്ണമായും നഷ്ടമാകുമെന്നതിനാൽ ഈ വർഷത്തെ ലൈഫ് മിഷൻ ലിസ്റ്റിൽ ഉൾപ്പെട്ട പ്രസ്തുത വ്യക്തിക്ക് സ്പെഷ്യൽ ഉത്തരവ് പ്രകാരം വീട്

നൽകുന്നതിനുള്ള നടപടികൾ പൂർത്തീകരിക്കാൻ തയ്യാറാകുമോ; വിശദമാക്കാമോ?

പരിശോധിച്ചുവരുന്നു.

**ബയോമെഡിക്കൽ മാലിന്യ നിർമ്മാർജ്ജനം**

391 (391) ശ്രീ. ജി. സ്റ്റീഫൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബയോ മെഡിക്കൽ വേസ്റ്റ് നിർമ്മാർജ്ജനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

19-04-2022-ലെ സ.ഉ.(കൈ)നം.85/2022/LSGD ഖരമാലിന്യ പരിപാലന ചട്ടങ്ങൾ 2016 മാതൃക ഉപനിയമാവലി പ്രകാരം ബയോമെഡിക്കൽ മാലിന്യങ്ങൾ, അപകടകാരികളായ ആശുപത്രി മാലിന്യങ്ങൾ എന്നിവ പ്രത്യേകം വേർതിരിച്ച് കൂടിക്കലരാതെ ശേഖരിക്കാനും സൂക്ഷിക്കാനും ആശുപത്രികളുടെയും ആരോഗ്യ സ്ഥാപനങ്ങളുടെയും നടത്തിപ്പുകാർ ബാധ്യസ്ഥരായിരിക്കുന്നതും അവ

പൂർണ്ണമായും അപകട വിമുക്തമാക്കി നിർണ്ണയിക്കപ്പെട്ട ശാസ്ത്രീയവും പരിസ്ഥിതിക്കിണങ്ങിയതുമായ മാർഗ്ഗത്തിൽ നിർമ്മാർജ്ജനം ചെയ്യുന്നതിന് സ്ഥാപനം നടത്തിപ്പുകാർ ബാധ്യസ്ഥരായിരിക്കുകയും ചെയ്യേണ്ടതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. ആയത് 'ഇമേജ് ' മുഖാന്തരം നടപ്പിലാക്കുന്നു. 16-05-2022-ലെ ജി.ഒ. (ആർ.ടി.)നം. 1227/2022/എൽ.എസ്.ജി.ഡി. പ്രകാരം ഗാർഹിക ബയോമെഡിക്കൽ/സാനിട്ടറി മാലിന്യ ശേഖരണം, സംഭരണം, കയ്യൊഴിയൽ പദ്ധതിക്കായി മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വീടുകൾ, അപ്പാർട്ടുമെന്റുകൾ, ഗേറ്റഡ് കോളനികൾ, വൃദ്ധസദനങ്ങൾ, പാലിയേറ്റീവ് കെയർ യൂണിറ്റുകൾ, ഹോസ്റ്റലുകൾ, ലോഡ്ജുകൾ, ഹോട്ടലുകൾ മുതലായ വാസസ്ഥലങ്ങളിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന ഗാർഹിക ബയോമെഡിക്കൽ മാലിന്യങ്ങൾ ശേഖരിക്കുന്നതിനും ശാസ്ത്രീയമായി സംസ്കരിക്കുന്നതിലേയ്ക്ക് കൊച്ചി അമ്പലമേട്ടിൽ സ്ഥാപിതമായിട്ടുള്ള കേരള എൻവിറോ ഇൻഫ്രാ സ്ട്രക്ചർ ലിമിറ്റഡിന് (KEIL) കൈമാറുന്നതിനുമാവശ്യമായ സംവിധാനം നിലവിലുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതുപ്രകാരം സാനിറ്ററി

നാപ്കിനുകൾ, മുതിർന്നവർക്കുള്ള ഡയപ്പറുകൾ, മറ്റ് സാനിറ്ററി വസ്തുക്കൾ എന്നിവ വീടുകളിൽനിന്ന് ശേഖരിക്കുന്നത് സംബന്ധിച്ച് ആവശ്യമായ ആക്ഷൻ പ്ലാൻ തയ്യാറാക്കി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിനാവശ്യമായ നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിച്ചുവരുന്നു. ആശുപത്രികൾ, ക്ലിനിക്കുകൾ, ലബോറട്ടറികൾ എന്നിവിടങ്ങളിലെ ജൈവ മാലിന്യങ്ങൾ ശേഖരിച്ച് ശാസ്ത്രീയമായ രീതിയിൽ സംസ്കരിക്കുന്നു.

(ബി) പ്രസ്തുത വേസ്റ്റ് നിർമ്മാർജ്ജനത്തിനായി നൂതന സാങ്കേതിക വിദ്യകൾ എന്തെങ്കിലും ആവിഷ്കരിക്കുന്നതിന് ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

അപകടകരമായ ഗാർഹിക മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള ആദ്യ പ്രോജക്ട് എറണാകുളം ജില്ലയിൽ KEIL (Kerala Enviro Infrastructure Limited) മുഖേന നടപ്പിലാക്കിവരുന്നു. ഗാർഹിക ബയോമെഡിക്കൽ മാലിന്യ സംസ്കരണം കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് ടി മേഖലയുമായി

ബന്ധപ്പെട്ട നൂതന സാങ്കേതിക വിദ്യകളെയും സേവനദാതാക്കളെയും കണ്ടെത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**വിദേശത്ത് ജനിച്ച കുട്ടികളുടെ ജനനം രജിസ്റ്റർ ചെയ്യുന്നതിന് നടപടി**

392 (392) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുനിന്ന് വിദേശത്ത് പോയവർ അവിടെവച്ച് ജന്മം നൽകുന്ന കുട്ടികൾക്ക് അവർ തിരികെയെത്തുമ്പോൾ കുട്ടികളുടെ ജനനം സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യുവാൻ വ്യവസ്ഥകൾ നിലവിലുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) ഉണ്ടെങ്കിൽ അതിനായി എന്തെല്ലാം രേഖകളാണ് ഹാജരാക്കേണ്ടതെന്ന് അറിയിക്കാമോ?

(എ&ബി) 1969-ലെ ജനന മരണ രജിസ്ട്രേഷൻ ആക്ട് 20-ാം വകുപ്പ് പ്രകാരം വിദേശത്തുവച്ച് നടന്ന ഇന്ത്യൻ പൗരന്മാരുടെ ജനനം രജിസ്റ്റർ ചെയ്യുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. വിദേശത്ത് നടന്ന എല്ലാ ജനനങ്ങളും

മാതാപിതാക്കളുടെ ഇന്ത്യയിലെ താമസ സ്ഥലത്തെ രജിസ്ട്രേഷൻ യൂണിറ്റിൽ കുട്ടിയുടെ ജനനം സംബന്ധിച്ച രേഖയോടൊപ്പം, തങ്ങൾ ഇന്ത്യയിൽ സ്ഥിര താമസമാക്കാൻ ഉദ്ദേശിക്കുന്നുയെന്ന സത്യവാങ്മൂലം 50 (അൻപത്) രൂപയിൽ കുറയാത്ത മുഖവിലയുള്ള മുദ്രപത്രത്തിൽ ഒപ്പിട്ട് മാതാപിതാക്കൾ ഹാജരാക്കുന്ന മുറയ്ക്ക് രജിസ്റ്റർ ചെയ്യാവുന്നതാണ്.

**കെട്ടിട നികുതി നിർണ്ണയ രീതി**

393 (393) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം അനുവദനീയമായ രീതിയിൽ വീടുകൾക്ക് കൂട്ടിച്ചേർക്കലുകൾ വരുത്തുകയും എന്നാൽ അവ കൃത്യസമയത്ത് തദ്ദേശസ്വയംഭരണ സ്ഥാപനത്തെ അറിയിച്ച് പുനർ നിർണ്ണയിക്കുന്നതിൽ വീഴ്ച വരുത്തുകയും ചെയ്തവർ ആയത് ക്രമവൽക്കരിക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

2019-ലെ കേരള പഞ്ചായത്ത്/മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 92 പ്രകാരം സെക്രട്ടറിയുടെ അനുവാദം ആവശ്യമുള്ള ഏതെങ്കിലും കെട്ടിടത്തിന്റെ നിർമ്മാണം/പുനർനിർമ്മാണം/കൂട്ടിചേർക്കൽ/ മാറ്റം വരുത്തൽ എന്നീ പ്രവൃത്തികൾ അംഗീകൃത പ്ലാൻ കൂടാതെയോ അല്ലെങ്കിൽ അംഗീകൃത പ്ലാനിൽനിന്ന് വ്യതിചലിച്ച് ആരംഭിക്കുകയോ നടത്തികൊണ്ട് പോകുകയോ അല്ലെങ്കിൽ പൂർത്തീകരിക്കുകയോ ചെയ്താൽ ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിധേയമായി അത് ക്രമവൽക്കരിക്കുവാൻ സെക്രട്ടറിക്ക് അധികാരമുണ്ടായിരിക്കുന്നതാണെന്നും അപ്രകാരമുള്ള അപേക്ഷ എ 1 ഫാറത്തിൽ സമർപ്പിക്കേണ്ടതാണെന്നും നിഷ്കർഷിക്കുന്നു. ക്രമവൽക്കരണത്തിനുള്ള അപേക്ഷ ഒരു പുതിയ കെട്ടിട പെർമിറ്റിന് വേണ്ടിയുള്ള അപേക്ഷാ സംഗതിയിൽ ആവശ്യമുള്ളതുപോലെ സൂചകങ്ങളും വിശദാംശങ്ങളും പ്ലോട്ടിന്റെ ഉടമസ്ഥാവകാശത്തിന്റെ രേഖാമൂലമുള്ള തെളിവ്, സൈറ്റ് പ്ലാൻ, എലിവേഷൻ, കെട്ടിട പ്ലാൻ, സർവ്വീസ് പ്ലാൻ, കെട്ടിടത്തിന് പാർക്കിംഗ് ആവശ്യമുള്ള സ്ഥലത്ത് പാർക്കിംഗ് പ്ലാനും മറ്റ് വിശദാംശങ്ങളും വിവരണങ്ങളും സമർപ്പിക്കേണ്ടതും, അംഗീകൃത പ്ലാനിൽ നിന്ന്

വ്യതിയാനമുള്ള സംഗതിയിൽ മുമ്പ് നേടിയ അംഗീകൃത പ്ലാനും പെർമിറ്റും കൂടി സമർപ്പിക്കേണ്ടതാണെന്നും നിഷ്കർഷിക്കുന്നു.

(ബി) ഇത്തരം കെട്ടിടങ്ങളുടെ നികുതി നിർണ്ണയ രീതി വിശദമാക്കാമോ?

ക്രമവൽക്കരണ നടപടിക്രമങ്ങൾക്കുശേഷം പുതുതായി കൂട്ടിച്ചേർത്ത ഭാഗങ്ങൾക്ക് നികുതി നിർണ്ണയ രീതികൾക്ക് അനുസരിച്ച് നികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്. ക്രമവൽക്കരിക്കാത്ത പക്ഷം മൂന്നിരട്ടി നികുതി ബാധകമാവുന്നതാണ്.

(സി) നികുതി നിർണ്ണയിക്കുമ്പോൾ അടച്ചുകെട്ടാത്ത സിറ്റ്ഔട്ട്, ബാൽക്കണി തുടങ്ങിയവയ്ക്ക് കെട്ടിടത്തിന്റെ ആകെ വിസ്തീർണം കണക്കാക്കുമ്പോൾ നികുതി നിർണ്ണയത്തിൽ ഇളവ് ലഭിക്കുന്നതിന് വ്യവസ്ഥയുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം ഒരു കെട്ടിടത്തിന്റെ

അനുബന്ധ കെട്ടിടമായി അതേ പുരയിടത്തിൽ സ്ഥിതി ചെയ്യുന്ന കക്കൂസ്, വിറകുപുര, കാലിത്തൊഴുത്ത്, വളർത്തുമൃഗങ്ങൾക്കുള്ള ഷെഡ്, വളർത്തുപക്ഷികൾക്കുള്ള കൂട്, കാർഷെഡ്, പമ്പ്ഹൗസ് അഥവാ അതുപോലെയുള്ള ഒരു അനുബന്ധ കെട്ടിടത്തേയും പ്രത്യേക കെട്ടിടമായി കണക്കാക്കേണ്ടതില്ലാത്തതും ഒരു കെട്ടിടത്തോട് അനുബന്ധിച്ച് കാർപോർച്ച് ഉണ്ടെങ്കിൽ ഇപ്രകാരമുള്ള കെട്ടിടങ്ങളുടെ തറ വിസ്തീർണ്ണം കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തിൽ ഉൾപ്പെടുത്തേണ്ടതില്ലെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഇക്കാരണത്താൽ ടി കെട്ടിട ഭാഗങ്ങൾ നികുതി നിർണ്ണയ പരിധിയിൽനിന്നും ഒഴിവാക്കുന്നതാണ്.

**സമുന്നതി പദ്ധതി**

394 (394) ശ്രീ. ജി. സ്റ്റീഫൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ ഉപജീവന മിഷൻ മുഖേന നടപ്പിലാക്കുന്ന സമുന്നതി പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സംസ്ഥാനത്ത് കുടുംബശ്രീ മുഖേന നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ (NRLM) നിർദ്ദേശമനുസരിച്ച് പട്ടികജാതി വിഭാഗക്കാരുടെ ഉന്നമനത്തിനായി ആരംഭിച്ച പദ്ധതിയാണ് സമുന്നതി. NRLM-ന്റെ വാർഷിക കർമ്മ പദ്ധതിയിൽ (2023-24) ഉൾപ്പെടുത്തി പാലക്കാട് ജില്ലയിലെ കുഴൽമന്ദം ബ്ലോക്കിലെ 7 സി.ഡി.എസ്.-കൾ കേന്ദ്രീകരിച്ചുള്ള പ്രവർത്തനങ്ങളാണ് ആദ്യഘട്ടത്തിൽ നടപ്പിലാക്കുന്നത്. അയൽക്കൂട്ടങ്ങളുടെ രൂപീകരണവും ശക്തിപ്പെടുത്തലും ലഘുസമ്പാദ്യ വികസന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തൽ, അയൽക്കൂട്ടങ്ങൾക്കും സി.ഡി.എസ്.-കൾക്കും ഫണ്ട് നൽകൽ, കാർഷിക-മൃഗസംരക്ഷണ മേഖലകൾ കേന്ദ്രീകരിച്ചുള്ള ഉപജീവന പ്രവർത്തനങ്ങൾ, പ്രാദേശിക വിഭവ സാധ്യതകൾ കണ്ടെത്തിയുള്ള സൂക്ഷ്മ സംരംഭ രൂപീകരണം, തൊഴിൽമേളകൾ സംഘടിപ്പിക്കൽ, സാമൂഹ്യ വികസന പ്രവർത്തനങ്ങൾ, ആരോഗ്യ ശുചിത്വ പോഷകാഹാര വിദ്യാഭ്യാസ പരിപാടികൾ തുടങ്ങിയ വിപുലമായ പ്രവർത്തനങ്ങളാണ് വിഭാവനം ചെയ്തിട്ടുള്ളത്.

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി അരുവിക്കര മണ്ഡലത്തിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ?

ആദ്യഘട്ടത്തിൽ സമുന്നതി പദ്ധതി കുഴൽമന്ദം ബ്ലോക്കിൽ മാത്രമാണ് നടപ്പിലാക്കുന്നത്. ആയതിന്റെ പുരോഗതികൾക്കനുസരിച്ചാണ് പദ്ധതി മറ്റ് സ്ഥലങ്ങളിലേയ്ക്ക് വിപുലീകരിക്കുന്നത്.

**ജലജീവൻ മിഷൻ പ്രവർത്തനങ്ങൾ**

395 (395) ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലജീവൻ മിഷൻ പ്രവർത്തനങ്ങൾ പഞ്ചായത്തുകളിൽ നടപ്പിലാക്കുന്നതിന് കാലതാമസം വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വാട്ടർ ടാങ്ക്, വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് എന്നിവ സ്ഥാപിക്കുന്നതിനായി വനം വകുപ്പിന്റെയും റവന്യൂ വകുപ്പിന്റെയും ദേവസ്വത്തിന്റെയും കൈവശമുള്ള ഭൂമിയിൽ അനുമതി ലഭിക്കുന്നതിൽ

കാലതാമസം നേരിടുന്നുണ്ട്. സ്വകാര്യ ഭൂമി വാങ്ങുന്നതിൽ ഭൂമിയുടെ ഫെയർ വാല്യൂ പ്രകാരമുള്ള തുകയ്ക്ക് ഭൂമി ലഭ്യമാകാത്ത സാഹചര്യമുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൂടാതെ പൊതുമരാമത്ത് വകുപ്പ് റോഡ് പൊളിക്കുന്നതിന് പ്രസ്തുത വകുപ്പിൽനിന്നും അനുവാദം ലഭിക്കുന്നതിന് കാലതാമസം നേരിടുന്നതിനാൽ പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിൽ കാലതാമസം നേരിടുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പദ്ധതിയുമായി ബന്ധപ്പെട്ട് പഞ്ചായത്ത് റോഡുകൾ പൂർവ്വസ്ഥിതിയിലാക്കി നിർമ്മിക്കുന്ന കാര്യത്തിൽ പഞ്ചായത്തുകൾ അനുമതി നൽകുന്നില്ലെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. ജലജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി പൈപ്പുകൾ സ്ഥാപിക്കുന്നതിന് റോഡ് മുറിക്കുന്നതിനുള്ള അനുവാദത്തിനായി സുഗമ പോർട്ടൽ മുഖേന വാട്ടർ അതോറിറ്റി അധികൃതർ അപേക്ഷ സമർപ്പിക്കുന്നതിന്റെ അടിസ്ഥാനത്തിൽ സംയുക്ത പരിശോധന നടത്തി സുഗമ പോർട്ടൽ മുഖേന ഡിമാൻഡ് നോട്ടീസ് നൽകുന്നുണ്ടെങ്കിലും റെസ്റ്റൊറേഷൻ തുക അടവാക്കുന്നതിന് വാട്ടർ അതോറിറ്റി വൈകുന്നത്

കാരണമാണ് പദ്ധതിയുമായി ബന്ധപ്പെട്ട് പഞ്ചായത്ത് റോഡുകൾ പൂർവ്വസ്ഥിതിയിലാക്കി നിർമ്മിക്കുന്ന കാര്യത്തിൽ പഞ്ചായത്തുകൾ അനുമതി നൽകുന്നതിൽ കാലതാമസമുണ്ടാകുന്നത്.

(സി) തിരുമാറാടി ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിലുള്ള റോഡുകൾ പുനരുദ്ധരിക്കാൻ പഞ്ചായത്തിന്റെ അനുമതി ലഭ്യമാക്കുന്ന കാര്യത്തിൽ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

റെസ്റ്റോറേഷൻ വ്യവസ്ഥകളും ഓരോ പ്രവൃത്തിക്കനുസരിച്ചുള്ള എസ്റ്റിമേറ്റുകളും ഉൾക്കൊള്ളിക്കാതെയാണ് ജലജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി പൈപ്പുകൾ സ്ഥാപിക്കുന്നതിന് റോഡ് മുറിക്കുന്നതിനുള്ള അനുവാദത്തിനായി സുഗമ പോർട്ടൽ മുഖേന കേരള വാട്ടർ അതോറിറ്റി അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളത് എന്നതിനാൽ പ്രസ്തുത അപേക്ഷകൾ വാട്ടർ അതോറിറ്റിക്ക് തിരികെ അയച്ചിട്ടുള്ളതാണ്. എഞ്ചിനീയറിംഗ് വിഭാഗം പ്രസ്തുത എസ്റ്റിമേറ്റ് അംഗീകരിച്ചതിനുശേഷം പഞ്ചായത്ത് കമ്മിറ്റി അനുമതി ലഭ്യമാക്കുന്നതാണ്.

(ഡി) ജലജീവൻ പദ്ധതികൾ പഞ്ചായത്തുകളിൽ പൂർണ്ണമായും നടപ്പിലാക്കുന്നതിനായി ജലവിഭവ വകുപ്പുമായി ചേർന്ന് പുതിയ പദ്ധതികൾ രൂപീകരിക്കുമോ; വിശദമാക്കാമോ?

ജലജീവൻ പദ്ധതികൾ പഞ്ചായത്തുകളിൽ പൂർണ്ണമായും നടപ്പിലാക്കുന്നതിന് ജലവിഭവ വകുപ്പുമായി ചേർന്ന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**ലൈഫ് പദ്ധതി**

396 (396) ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി മണ്ഡലത്തിൽ ലൈഫ് മിഷൻ ഭവന പദ്ധതിയിലൂടെ വീട് ലഭിക്കാത്തതിനെത്തുടർന്ന് കീഴാറ്റൂർ പഞ്ചായത്ത് ഓഫീസിനകത്ത് ഒരാൾ തീവച്ച സംഭവമുണ്ടായിട്ടുണ്ടോ?

ഉണ്ട്.

(ബി) വീട് നൽകാനുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതും മറ്റും പഞ്ചായത്തുകളാണെന്ന് ആളുകൾ തെറ്റിദ്ധരിക്കുന്നതിനാൽ അർഹരായ ആളുകളെ തെരഞ്ഞെടുക്കാനുള്ള അധികാരം ഗ്രാമസഭകൾക്കുതന്നെ നൽകാൻ നടപടി സ്വീകരിക്കുമോ?

27-07-2020-ലെ സ.ഉ.(എം.എസ്.)നം.112/2020/തസ്വഭവ. പ്രകാരം ഓൺലൈനായി സ്വീകരിച്ച അപേക്ഷകളിന്മേൽ പരിശോധന, പുന:പരിശോധന, ഒന്നും രണ്ടുംഘട്ട അപ്പീലുകൾ എന്നിവയ്ക്കുശേഷം 25-07-2022-ലെ സ.ഉ.(സാധാ)1789/2022/തസ്വഭവ. ഉത്തരവ് പ്രകാരം ഗ്രാമസഭ/വാർഡ്സഭയുടെ അംഗീകാരത്തോടുകൂടിയാണ് അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തിയിട്ടുള്ളത്.

**ദേവഗിരി പഞ്ചായത്ത് രൂപീകരണം**

397 (397) ഡോ. എൻ. ജയരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ പഞ്ചായത്തുകൾ രൂപീകരിക്കുന്ന നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

സംസ്ഥാനത്ത് ഗ്രാമപഞ്ചായത്തുകളുടെയും നഗരസഭകളുടെയും രൂപീകരണം, ഗ്രാമപഞ്ചായത്തുകളുടെയും ബ്ലോക്ക് പഞ്ചായത്തുകളുടെയും നഗരസഭകളുടെയും അതിർത്തി പുനർനിർണ്ണയം, നഗരസഭകളുടെ പദവി ഉയർത്തൽ തുടങ്ങിയവയുടെ ആവശ്യകത പരിശോധിച്ച് സർക്കാരിലേയ്ക്ക് ശിപർശ സമർപ്പിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ അദ്ധ്യക്ഷനായും പഞ്ചായത്ത് ഡയറക്ടർ കൺവീനറായും നഗരകാര്യ ഡയറക്ടർ, ചീഫ് ടൗൺ പ്ലാനർ, കില ഡയറക്ടർ ജനറൽ എന്നിവർ അംഗങ്ങളായും സമിതി രൂപീകരിക്കുകയുണ്ടായി. പ്രസ്തുത സമിതി, വിവിധ ഘട്ടങ്ങളിൽ വിഷയ വിദഗ്ധരുമായി കൂടിയാലോചനകൾ നടത്തുകയും യോഗങ്ങൾ ചേരുകയുമുണ്ടായി. ഈ പ്രക്രിയയുടെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ ഗ്രാമപഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും കോർപ്പറേഷനുകളുടെയും ജനസംഖ്യ, വിസ്തീർണ്ണം, തനത് വരുമാനം, ജനസാന്ദ്രത തുടങ്ങിയ സ്ഥിതിവിവര കണക്കുകൾ ശേഖരിക്കുകയും ആയത്

പ്രകാരം പുതിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ രൂപീകരിക്കുന്നതിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പുന:സംഘടിപ്പിക്കുന്നതിന്റെയും സാധ്യതകൾ പരിശോധിക്കുകയും ചെയ്തുവരുന്നു.

(ബി) കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിന്റെ പരിധിയിൽ ദേവഗിരി പഞ്ചായത്ത് രൂപീകരണവുമായി ബന്ധപ്പെട്ട് ലഭിച്ച അപേക്ഷകളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

ദേവഗിരി പഞ്ചായത്ത് രൂപീകരണവുമായി ബന്ധപ്പെട്ട് ദേവഗിരി വികസന സമിതി 20-06-2023-ൽ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് ലഭ്യമാക്കിയ നിവേദനം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ കോട്ടയം ജില്ലാ ജോയിന്റ് ഡയറക്ടർക്ക് പ്രിൻസിപ്പൽ ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) അഞ്ച് പഞ്ചായത്തുകളുടെ സംഗമസ്ഥാനമായ ദേവഗിരി പ്രദേശത്തിന്റെ ഭൂപ്രകൃതി, ജനസംഖ്യ എന്നിവയുടെ പ്രത്യേകത

കണക്കിലെടുത്ത് പുതിയ പഞ്ചായത്ത് രൂപീകരണത്തിന് പ്രത്യേക പരിഗണന നൽകാമോ?

ഗ്രാമപഞ്ചായത്തുകളുടെയും നഗരസഭകളുടെയും രൂപീകരണം, ഗ്രാമപഞ്ചായത്തുകളുടെയും ബ്ലോക്ക് പഞ്ചായത്തുകളുടെയും നഗരസഭകളുടെയും അതിർത്തി പുനർനിർണ്ണയം, നഗരസഭകളുടെ പദവി ഉയർത്തൽ തുടങ്ങിയവയുടെ ആവശ്യകത പരിശോധിക്കുന്നതിനായി രൂപീകരിച്ച സമിതി, സർക്കാരിലേയ്ക്ക് ശിപാർശ സമർപ്പിക്കുന്ന മുറയ്ക്ക് ആയത് പരിശോധിച്ചശേഷം മാത്രമേ തീരുമാനമെടുക്കാൻ കഴിയൂ.

**മന്ന സ്റ്റേഡിയം ഗ്രൗണ്ട് നവീകരണം**

398 (398) <u>ശ്രീ. കെ. വി. സുമേഷ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 14-11-2022-ലെ സ.ഉ.(സാധാ)നം.2799/2022/ത.സ്വ.ഭ.വ. എന്ന ഉത്തരവ് പ്രകാരം ഭരണാനുമതി ലഭിച്ച ചിറക്കൽ പഞ്ചായത്തിലെ മന്ന സ്റ്റേഡിയം ഗ്രൗണ്ട് നവീകരണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

(ബി) പ്രവൃത്തി വേഗത്തിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ?

എസ്റ്റിമേറ്റ് തയ്യാറാകുന്ന മുറയ്ക്ക് അടിയന്തര തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**കെട്ടിട വിസ്തീർണ്ണം 9 ബി ഫോറത്തിൽ നൽകുന്നതിനുള്ള നടപടി**

399 (399) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കെട്ടിടങ്ങളുടെ തറ വിസ്തീർണ്ണത്തിൽ വരുത്തിയ മാറ്റം 9 ബി ഫോറത്തിൽ നൽകുന്നതിന് 22-03-2023-ലെ സ.ഉ(കൈ)നം.77/2023/എൽ.എസ്.ജി.ഡി. പ്രകാരം അനുവദിച്ചിരുന്ന സമയം നീട്ടിനൽകാൻ നടപടി സ്വീകരിക്കുമോ?

19-05-2023-ലെ സ.ഉ.(കൈ)നം.116/2023/എൽ.എസ്.ജി.ഡി. പ്രകാരം കെട്ടിടങ്ങളുടെ തറ വിസ്തീർണ്ണത്തിൽ വരുത്തിയ മാറ്റം 9 ബി ഫോറത്തിൽ

നൽകുന്നതിനുള്ള സമയപരിധി 2023 ജൂൺ 30 വരെ നീട്ടി നൽകി ഉത്തരവായിട്ടുണ്ട്.

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മുൻകൂർ അനുമതി വാങ്ങാതെ കെട്ടിടങ്ങളിൽ കൂട്ടിച്ചേർക്കലുകൾ വരുത്തിയവർ ആയത് ക്രമപ്പെടുത്തുന്നതിന് പുതിയ പ്ലാൻ നൽകേണ്ടതുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തിലോ ഉപയോഗക്രമത്തിലോ ഏതെങ്കിലും ഘടകത്തിന്റെ കാര്യത്തിലോ ഘടകത്തിന്റെ തരത്തിന്റെ കാര്യത്തിലോ കെട്ടിട ഉടമ വരുത്തുന്നതോ അല്ലെങ്കിൽ സ്വയം സംഭവിക്കുന്നതായോ ഉള്ള മാറ്റങ്ങൾ രേഖാമൂലം അറിയിക്കാത്ത കെട്ടിട ഉടമകൾക്ക് ടി കാര്യം ഫോറം 9 ബി ഉപയോഗിച്ച് സിറ്റിസൺ പോർട്ടൽ വഴി ഓൺലൈനായോ നേരിട്ടോ അറിയിക്കുന്നതിനാണ് നിർദ്ദേശം നൽകിയിരുന്നത്. ഇപ്രകാരം അറിയിക്കുന്നതിന് കെട്ടിടത്തിന്റെ പ്ലാൻ സമർപ്പിക്കണമെന്ന് നിഷ്കർഷിച്ചിട്ടില്ല. എന്നാൽ 22-03-2023-ലെ സ.ഉ. (കൈ).77/2023/എൽ.എസ്.ജി.ഡി. നമ്പർ ഉത്തരവിലെ ഖണ്ഡിക

2(24)-ൽ ഇപ്രകാരം വരുത്തിയിട്ടുള്ള വ്യത്യാസങ്ങൾ നികുതി പരിധിയിൽ ഉൾപ്പെടുന്നുവെന്നുള്ളതുകൊണ്ട് ക്രമവത്കരിക്കപ്പെട്ടതായി കരുതാൻ പാടില്ലാത്തതും കെട്ടിട നിർമ്മാണ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കാൻ തടസ്സമില്ലാത്തതുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

**ലൈഫ് ഭവന പദ്ധതി**

400 (400) ശ്രീ. കെ. ആൻസലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 സാമ്പത്തിക വർഷത്തിൽ പെരുങ്കടവിള ഗ്രാമപഞ്ചായത്തിൽ പെരുങ്കടവിള വില്ലേജിൽ സർവ്വേ നമ്പർ 433/34-1, 433/39-ൽ തോട്ടവാരം സുരേഷ് ഭവനിൽ കമലാക്ഷി എന്ന പേർക്ക് ലൈഫ് ഭവന പദ്ധതി മുഖേന പഞ്ചായത്തിൽനിന്നും വീട് അനുവദിച്ച് നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

ഗുണഭോക്താവിന് 2018-2019 വർഷത്തിൽ ലൈഫ് മിഷൻ ഭവനപദ്ധതിയിൽ ഉൾപ്പെടുത്തി 4 ലക്ഷം രൂപ ഭവനനിർമ്മാണ

ധനസഹായം അനുവദിക്കുകയും ടിയാൾ ഭവനനിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത വ്യക്തിക്ക് പഞ്ചായത്തിൽനിന്നും ലൈഫ് ഭവന പദ്ധതി കൂടാതെ മറ്റ് എന്തൊക്കെ സാമ്പത്തിക സഹായം നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

ശ്രീമതി കമലാക്ഷിക്ക് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി സോക്ക് പിറ്റ് നിർമ്മാണത്തിന് 16816 രൂപയും ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി 62 തൊഴിൽ ദിനങ്ങൾ ലഭ്യമാക്കിയതിൽ 16802 രൂപയും മണ്ണ്, ജല സംരക്ഷണ പ്രവൃത്തിയിൽ ഒരു ദിവസത്തെ തൊഴിൽദിനം നൽകിയ വകയിൽ 276 രൂപയും അനുവദിച്ചിട്ടുണ്ട്.

(സി) പ്രസ്തുത വ്യക്തിക്ക് ലൈഫ് മിഷൻ വഴി നൽകിയ ഭവനം മറ്റാരുടെയെങ്കിലും ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ചിട്ടുള്ളതാണെന്ന പ്രചരണം ശരിയാണോയെന്ന് വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഗുണഭോക്താവിന് 2018-2019 വർഷത്തിൽ ലൈഫ് മിഷൻ ഭവനപദ്ധതിയിൽ ഉൾപ്പെടുത്തി 4 ലക്ഷം രൂപ ഭവനനിർമ്മാണ ധനസഹായം അനുവദിക്കുകയും ടിയാൾ ഭവനനിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

**കുണ്ടറ മണ്ഡലത്തിലെ സി.എം.എൽ.ആർ.ആർ.പി. പദ്ധതി**

401 (401) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സി.എം.എൽ.ആർ.ആർ.പി. പദ്ധതി പ്രകാരം കുണ്ടറ മണ്ഡലത്തിൽ നടത്തിവരുന്ന പ്രവൃത്തികളുടെ പുരോഗതി പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ?

പ്രവൃത്തികളുടെ വിശദാംശങ്ങൾ അടങ്ങുന്ന പട്ടിക അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കോഡൂർ പഞ്ചായത്ത് സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനത്തിന്റെ ബൈലോ അംഗീകരിക്കുന്നതിന് നടപടി

402 (402) ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മണ്ഡലത്തിൽ കോഡൂർ പഞ്ചായത്ത് നേരിട്ട് നടത്തുന്ന സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനത്തിന്റെ ബൈലോ അംഗീകരിക്കുന്നത് സംബന്ധിച്ച് സമർപ്പിച്ച ഫയലിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

കോഡൂർ ഗ്രാമപഞ്ചായത്തിലെ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനത്തിന്റെ പ്രവർത്തന മാർഗ്ഗരേഖ (ബൈലോ) പഞ്ചായത്ത് ഡയറക്ടറുടെ 15-10-2022-ലെ PAN/4694/2021-C6 നമ്പർ ഉത്തരവ് പ്രകാരം അംഗീകരിച്ച് നൽകിയിട്ടുണ്ട്.

(ബി) പഞ്ചായത്ത് ഡയറക്ടറേറ്റിലേയ്ക്ക് മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറേറ്റ് ഓഫീസിൽനിന്നും ഡി.ഡി.പി.-എം.പി.എം. 245/2021-ഡി2

എന്ന നമ്പറിൽ അയച്ച ഫയലിൽ തീരുമാനമെടുക്കാൻ കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

ബൈലോ അംഗീകരിച്ച് നൽകുന്നതിനുള്ള ശിപാർശ 05-04-2021-ൽ ലഭ്യമായിരുന്നെങ്കിലും പ്രസ്തുത ബൈലോയിൽ അപാകതകൾ ശ്രദ്ധയിൽപ്പെട്ടതിനാൽ ആയത് പരിഹരിക്കുന്നതിനായി തിരികെ അയയ്ക്കുകയും അപാകതകൾ പരിഹരിച്ച് ലഭ്യമാക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. ഇക്കാരണത്താലാണ് ബൈലോ അംഗീകരിച്ച് നൽകുന്നതിൽ കാലതാമസം നേരിട്ടത്.

(സി) പ്രസ്തുത ഫയലിൽ എത്രയുംവേഗം തീർപ്പുകല്പിക്കാനും സാങ്കേതിക സ്ഥാപനത്തിന്റെ പ്രവർത്തന നിയമാവലിക്ക് അംഗീകാരം നൽകാനും നടപടി സ്വീകരിക്കുമോ?

പഞ്ചായത്ത് ഡയറക്ടറുടെ 15-10-2022-ലെ PAN/4694/2021-C6 നമ്പർ ഉത്തരവ് പ്രകാരം ബൈലോ അംഗീകരിച്ച് നൽകിയിട്ടുണ്ട്.

## പഞ്ചായത്ത് വകുപ്പിലെ പെർഫോമൻസ് ഓഡിറ്റ് വിഭാഗത്തിന്റെ പുനർവിന്യാസം

403 (403) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്ത് വകുപ്പിൽ നിലനിന്നിരുന്ന പെർഫോമൻസ് ഓഡിറ്റ് വിഭാഗം നിലവിൽ നിർത്തലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത വിഭാഗത്തിലുണ്ടായിരുന്ന ജീവനക്കാരെ എപ്രകാരമാണ് പുനർവിന്യസിച്ചതെന്ന് അറിയാക്കാമോ?

തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള അഞ്ച് വകുപ്പുകളെ ഏകീകരിച്ച് ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് 17-07-2020-ലെ ജി.ഒ.(എം.എസ്.)നം.106/2020/എൽ.എസ്.ജി.ഡി. പ്രകാരം രൂപീകരിച്ചിരുന്നു. ഏകീകൃത പൊതുസർവ്വീസ് രൂപീകരണത്തിന്റെ ഭാഗമായി ഗ്രാമപഞ്ചായത്ത് വകുപ്പിൽ നിലനിന്നിരുന്ന പെർഫോമൻസ് ഓഡിറ്റ് വിഭാഗത്തിലെ 66 സീനിയർ മോസ്റ്റ് പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസേഴ്സ്/ഗ്രാമപഞ്ചായത്ത് സെക്രട്ടറി/സീനിയർ സൂപ്രണ്ട് എന്നീ

തസ്തികകളെ 25-06-2022-ലെ ജി.ഒ. (എം.എസ്.) നം. 134/20222/എൽ.എസ്.ജി.ഡി. പ്രകാരം ഇന്റേണൽ വിജിലൻസ് ഓഫീസർ തസ്തികകളായി പുനർനാമകരണം ചെയ്ത് അസിസ്റ്റന്റ് ഡയറക്ടർ തസ്തികയ്ക്ക് തുല്യമാക്കുകയും പെർഫോമൻസ് ഓഡിറ്റ് വിഭാഗത്തിലെ ശേഷിക്കുന്ന ജീവനക്കാരെ തദ്ദേശസ്വയംഭരണ വകുപ്പിന്റെ ജില്ലാ ഓഫീസുകളിലേയ്ക്ക് പുനർവിന്യസിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പെർഫോമൻസ് ഓഡിറ്റ് വിഭാഗത്തിൽ ഏത്ര ജൂനിയർ സൂപ്രണ്ടുമാർ ജോലി ചെയ്തിരുന്നുവെന്ന് അറിയിക്കാമോ; അവരെ നിലവിൽ അസിസ്റ്റന്റ് സെക്രട്ടറിമാരില്ലാത്ത പഞ്ചായത്തുകളിൽ നിയമിക്കാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് അസിസ്റ്റന്റ് സെക്രട്ടറിമാരില്ലാത്ത ഗ്രാമപഞ്ചായത്തുകളിൽ പ്രസ്തുത പോസ്റ്റ് സൃഷ്ടിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; വളരെ ചെറിയ ശതമാനം പഞ്ചായത്ത് ഓഫീസുകളിൽ മാത്രം അസിസ്റ്റന്റ് സെക്രട്ടറി തസ്തിക സൃഷ്ടിക്കാത്തത് പരിഹരിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ?

(ബി&സി) പെർഫോമൻസ് ഓഡിറ്റ് വിഭാഗത്തിൽ 137 ജൂനിയർ സൂപ്രണ്ടുമാർ ജോലി ചെയ്യുന്നു. ജൂനിയർ സൂപ്രണ്ടുമാരെ പഞ്ചായത്തിലെ അസിസ്റ്റന്റ് സെക്രട്ടറിമാരാക്കുന്നത് സംബന്ധിച്ച് സർക്കാർ തീരുമാനമെടുത്തിട്ടില്ല.

(ഡി) നിലവിൽ സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ എത്ര ഹെഡ് ക്ലാർക്ക്, ജൂനിയർ സൂപ്രണ്ട് തസ്തികകളുണ്ട്; 6 ക്ലാർക്കുമാരിൽ കൂടുതലുള്ള പഞ്ചായത്തുകളിൽ നിലവിലുള്ള ഹെഡ് ക്ലാർക്ക് തസ്തിക ജൂനിയർ സൂപ്രണ്ട് തസ്തികയാക്കി ഉയർത്താൻ നടപടികൾ സ്വീകരിക്കുമോ; ഈ വിഷയം സംബന്ധിച്ച് കോടതികൾ, ട്രിബ്യൂണലുകൾ എന്നിവയുടെ അഭിപ്രായം വകുപ്പിന് ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ; സർവ്വീസ് സംഘടനകൾ വഴിയും ജീവനക്കാർ മുഖേനയും ഈ വിഷയത്തിൽ ശിപാർശകൾ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ 595 ഹെഡ് ക്ലാർക്ക് തസ്തികകളും 345 ജൂനിയർ സൂപ്രണ്ട് തസ്തികകളും നിലവിലുണ്ട്. 6 ക്ലാർക്കുമാരിൽ കൂടുതലുള്ള പഞ്ചായത്തുകളിൽ നിലവിലുള്ള ഹെഡ് ക്ലാർക്ക്

തസ്തിക ജൂനിയർ സൂപ്രണ്ട് തസ്തികയാക്കി ഉയർത്തുന്നത് സംബന്ധിച്ച് ട്രിബ്യൂണലിൽ കേസ് നിലവിലുണ്ട്. പരാമർശ വിഷയം അടക്കം ഉന്നയിച്ചുകൊണ്ട് വിവിധങ്ങളായിട്ടുള്ള ആവശ്യങ്ങൾ സർക്കാരിന്റെ മുമ്പാകെ കാലാകാലങ്ങളിൽ വരാറുള്ളതാണ്. ഇത്തരം ആവശ്യങ്ങളുടെ മെറിറ്റ് അനുസരിച്ച് സർക്കാരിന്റെ പൊതുനിലപാടിന് വിധേയമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

**കുണ്ടറ മണ്ഡലത്തിലെ കുളങ്ങളുടെ നവീകരണം**

404 (404) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ മണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകളുടെ അധീനതയിൽ എത്ര കുളങ്ങളാണുള്ളതെന്നും അവ ഏതൊക്കെയാണെന്നും പഞ്ചായത്ത് അടിസ്ഥാനത്തിൽ തരം തിരിച്ച് നൽകാമോ?

കുണ്ടറ മണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകളുടെ അധീനതയിൽ 99 കുളങ്ങളാണുള്ളത്. പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത കുളങ്ങളിൽ നിലവിൽ ഉപയോഗയോഗ്യമായവ, ഉപയോഗയോഗ്യമല്ലാത്തവ എന്നിങ്ങനെ തരം തിരിച്ച് ലഭ്യമാക്കാമോ?

പ്രസ്തുത കുളങ്ങളിൽ കുണ്ടറയിലെ ഒരു കുളം ഒഴികെ ബാക്കിയെല്ലാം ഉപയോഗയോഗ്യമാണ്.

## കട്ടിപ്പാറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് നൽകിയ കത്തിൻമേൽ സ്വീകരിച്ച നടപടികൾ

405 (405) ഡോ. എം. കെ. മുനീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കട്ടിപ്പാറ ഗ്രാമപഞ്ചായത്തിലെ പതിനഞ്ചാം വാർഡിലെ റോഡ് വീതി കൂട്ടുന്നതിനായി പൊളിച്ച് മാറ്റപ്പെടുന്ന മതിലുകൾ പുനർനിർമ്മിച്ച് നൽകുന്നതിന് അനുമതി തേടി തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സെക്രട്ടറിക്ക് കട്ടിപ്പാറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് 5-1-2022-ൽ നൽകിയ കത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദമാക്കാമോ;

(ബി) തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർക്ക് സ്പഷ്ടീകരണം നൽകുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പിൽനിന്ന് 23-03-2022-ന് നൽകിയ ഡിഎ 2/34/2022 നമ്പർ കത്തിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഫയലിൽ അന്തിമ തീരുമാനമെടുത്ത് കട്ടിപ്പാറ ഗ്രാമപഞ്ചായത്തിന് മറുപടി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ മറുപടി നൽകിയതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

(എ-സി) കോഴിക്കോട് ജില്ലയിലെ കട്ടിപ്പാറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് 05-01-2022-ന് സമർപ്പിച്ച കത്തിന്മേൽ 23-03-2022-ലെ ഡി.എ.2/34/2022 നമ്പർ കത്ത് പ്രകാരം തദ്ദേശസ്വയംഭരണ ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ട് തേടുകയും 26-04-2022-ൽ പ്രസ്തുത റിപ്പോർട്ട് സർക്കാരിൽ ലഭിച്ചിട്ടുമുണ്ട്. നിലവിൽ ടി വിഷയം ഡി.ബി.2/190/2023-തസ്വഭവ. നമ്പർ ഫയലിൽ സർക്കാർ പരിശോധിച്ചുവരികയാണ്.

**ഭിന്നശേഷിക്കാർക്കായുള്ള സംയോജിത പുനരധിവാസ കേന്ദ്രങ്ങൾ**

406 (406) ശ്രീ. ഐ. ബി. സതീഷ്: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കടയിൽ ഭിന്നശേഷിക്കാർക്കായുള്ള സംയോജിത പുനരധിവാസ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 50 സെന്റ് സ്ഥലം സാമൂഹ്യനീതി വകുപ്പിന് കൈമാറുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി, വിശദാംശങ്ങൾ എന്നിവ വ്യക്തമാക്കാമോ?

സ്വകാര്യ വ്യക്തി സൗജന്യമായി കൈമാറിയ കുളത്തുമ്മൽ വില്ലേജിലെ ബ്ലോക്ക് നമ്പർ 9-ൽ റീ സർവ്വേ നമ്പർ 401/5-ൽ ഉൾപ്പെട്ട 20.26 ആർ വസ്തുവിലാണ് ഭിന്നശേഷിക്കാർക്കായുള്ള സംയോജിത പുനരധിവാസ കേന്ദ്രം, ഭിന്നശേഷി സൗഹൃദ പാർക്ക് എന്നിവ നിർമ്മിക്കുന്നതിനായി കാട്ടക്കട ഗ്രാമപഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടുള്ളത്. പ്രസ്തുത സ്ഥലത്ത് പുനരധിവാസകേന്ദ്രം ആരംഭിക്കുമ്പോൾ ഭൂമി വിട്ടുനൽകിയ വ്യക്തിയുടെ ചെറുമകനും ഭിന്നശേഷിക്കാരനുമായ വ്യക്തിയെക്കൂടി സംരക്ഷിക്കണമെന്ന നിബന്ധനയോടുകൂടി ഭൂമി വിട്ടുനൽകിയതിനാൽ ടി വ്യക്തിയെക്കൂടി

അന്തേവാസിയാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടുള്ള പഞ്ചായത്ത് കമ്മിറ്റി തീരുമാനം മറ്റ് രേഖകൾ സഹിതം ടി വസ്തു കൈമാറി നൽകുന്നതിനുള്ള സർക്കാർ അനുമതിക്കായി കാട്ടാക്കട ഗ്രാമപഞ്ചായത്ത് സെക്രട്ടറി തിരുവനന്തപുരം ജില്ലാ ജോയിന്റ് ഡയറക്ടർ മുഖേന തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് ലഭ്യമാക്കിയിട്ടുണ്ട്. ആയത് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരിശോധിച്ചുവരുന്നു.

**തദ്ദേശസ്വയംഭരണ പൊതുസർവ്വീസിലെ ഒഴിവുകളും പ്രൊമോഷനും**

407 (407) <u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് രൂപീകരിച്ച് ഏകദേശം 6 മാസമായിട്ടും പഞ്ചായത്ത് വകുപ്പിൽ സാധാരണ നിലയിൽ നടന്നുവന്നിരുന്ന സ്ഥാനക്കയറ്റങ്ങൾ പൂർണ്ണമായും നിലയ്ക്കാനിടയായ സാഹചര്യം വ്യക്തമാക്കാമോ?

നിലവിലുണ്ടായിരുന്ന പഞ്ചായത്ത് വകുപ്പിലെ അർഹരായ ജീവനക്കാർക്കുണ്ടാകുന്ന ഒഴിവുകളിലേയ്ക്ക് സ്ഥാനക്കയറ്റം നൽകിവരുന്നു.

(ബി) 2023 ജനുവരി മുതൽ ജൂലൈ മാസംവരെ തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് (പഞ്ചായത്ത് വകുപ്പ്)-ൽ വിവിധ തസ്തികകളിലെ ഒഴിവുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഈ ഒഴിവുകൾ (തസ്തിക/ഒഴിവ് വന്ന തീയതി എന്നിവ ഉൾപ്പെടുത്തി) ജില്ലാ അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

(സി) 2023 ജനുവരി മുതൽ ജൂലൈ മാസം വരെ പഞ്ചായത്ത് വകുപ്പിൽ വന്ന ഒഴിവുകളിൽ യഥാസമയം സ്ഥാനക്കയറ്റം ലഭിക്കാതെ വിരമിക്കേണ്ടി വന്ന ജീവനക്കാരുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(ബി&സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) പഞ്ചായത്ത് വകുപ്പിൽ ഇത്തരത്തിൽ വന്ന ഒഴിവുകൾ നികത്താത്തതുമൂലം പഞ്ചായത്തുകളുടെ പ്രവർത്തനങ്ങളിലും പദ്ധതി നിർവ്വഹണത്തിലും വന്നിട്ടുള്ള പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ പ്രതിസന്ധി അടിയന്തരമായി പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഒഴിവുകൾ സ്ഥാനക്കയറ്റം/ സ്ഥലംമാറ്റം മുഖേന നികത്തിവരുന്നു.

**ആയഞ്ചേരി ഗ്രാമപഞ്ചായത്തിലെ ബസ് സ്റ്റാൻഡ് ഉപയോഗപ്രദമാക്കുന്നതിന് നടപടി**

408 (408) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻകാലത്ത് പ്രവർത്തനക്ഷമമായിരുന്ന ആയഞ്ചേരി ഗ്രാമപഞ്ചായത്തിലെ ബസ് സ്റ്റാൻഡ് ഉപയോഗശൂന്യമായി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പ്രസ്തുത ബസ് സ്റ്റാൻഡ് ഉപയോഗപ്രദമാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടിക്രമങ്ങൾ വിശദമാക്കാമോ?

ഇതുസംബന്ധിച്ച് സർക്കാരിലേയ്ക്ക് ശിപാർശ ലഭ്യമാക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**കുണ്ടറ മണ്ഡലത്തിലെ റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവ് പ്രവൃത്തികൾ**

409 (409) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി പ്രകാരം കുണ്ടറ മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള റോഡ് പ്രവൃത്തികളുടെ പ്രവർത്തന പുരോഗതി പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ച തീയതി, പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനായി നിശ്ചയിച്ചിട്ടുള്ള തീയതി, പ്രവൃത്തികൾ പൂർത്തീകരിക്കാൻ കാലതാമസമുണ്ടായിട്ടുണ്ടെങ്കിൽ ആയതിനുള്ള കാരണം എന്നിവ വിശദമാക്കാമോ?

(എ&ബി) പ്രവൃത്തികളുടെ വിശദാംശങ്ങൾ അടങ്ങുന്ന പട്ടിക അനുബന്ധമായി ചേർക്കുന്നു.+

**പഞ്ചായത്തുകളിലെ എഞ്ചിനീയറിംഗ് വിഭാഗ തസ്തികകൾ സംബന്ധിച്ച്**

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

410 (410) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് എഞ്ചിനീയറിംഗ് വിഭാഗത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെയും ഓവർസിയർമാരുടെയും റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ അതിൽനിന്നും എത്ര നിയമനം നടത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർമാരുടേയും ഓവർസിയർമാരുടേയും റാങ്ക് ലിസ്റ്റ് നിലവിലുണ്ട്. പ്രസ്തുത ലിസ്റ്റുകളിൽ നിന്നും നടത്തിയിട്ടുള്ള നിയമനം സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

അസിസ്റ്റന്റ് എഞ്ചിനീയർ-172, ഒന്നാംതരം ഓവർസിയർ-136, രണ്ടാംതരം ഓവർസിയർ - 285, മൂന്നാംതരം ഓവർസിയർ -194

(ബി) പേരാമ്പ്ര മണ്ഡലത്തിൽ ഏതൊക്കെ പഞ്ചായത്തുകളിലാണ് അസിസ്റ്റന്റ് എഞ്ചിനീയർമാരുടെയും ഓവർസിയർമാരുടെയും തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നതെന്ന് വിശദമാക്കാമോ?

പേരാമ്പ്ര മണ്ഡലത്തിൽ നൊച്ചാട്, ചക്കിട്ടപ്പാറ ഗ്രാമപഞ്ചായത്തുകളിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ തസ്തികയും കീഴരിയൂർ, മേപ്പയ്യൂർ, ചെറുവണ്ണൂർ, തുറയൂർ ഗ്രാപഞ്ചായത്തുകളിൽ ഓവർസിയറുടെ തസ്തികയും ഒഴിഞ്ഞു കിടക്കുന്നു.

**വാമനപുരം നിയോജകമണ്ഡലത്തിലെ പഞ്ചായത്തുകളുടെ ഫണ്ട് വിനിയോഗം**

411 (411) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ടിട്ടുള്ള ഗ്രാമപഞ്ചായത്തുകളിൽ 2022-23 സാമ്പത്തിക വർഷം പദ്ധതി വിഹിതം, മെയിന്റനൻസ് ഗ്രാന്റ്, മറ്റ് ഫണ്ടുകൾ എന്നിവ അനുവദിച്ചതിന്റെയും ആയതിന്റെ വിനിയോഗത്തിന്റെയും തുക സംബന്ധിച്ച വിശദവിവരങ്ങൾ അറിയിക്കാമോ?

വാമനപുരം നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ടിട്ടുള്ള ഗ്രാമപഞ്ചായത്തുകളിൽ 2022-23 സാമ്പത്തിക വർഷം പദ്ധതി വിഹിതം, മെയിന്റനൻസ് ഗ്രാന്റ്, മറ്റ് ഫണ്ടുകൾ എന്നിവ അനുവദിച്ചതിന്റെയും ആയതിന്റെ വിനിയോഗത്തിന്റെയും തുക സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത ഗ്രാമപഞ്ചായത്തുകളിൽ 2022-23 സാമ്പത്തിക വർഷത്തിൽ ലഭിച്ച കെട്ടിട നികുതി പിരിവിന്റെ വിശദാംശങ്ങൾ അറിയിക്കാമോ?

പ്രസ്തുത ഗ്രാമപഞ്ചായത്തുകളിൽ 2022-23 സാമ്പത്തിക വർഷത്തിൽ ലഭിച്ച വസ്തു നികുതി പിരിവിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

**പെൺ തൊഴിലിടം പദ്ധതി**

412 (412) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) പുതുക്കാട് മണ്ഡലത്തിലെ കൊടകര ബ്ലോക്ക് പഞ്ചായത്ത് ആവിഷ്കരിച്ച് നടപ്പാക്കുന്ന പെൺതൊഴിലിടം പദ്ധതിക്കാവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

(എ&ബി) പ്രസ്തുത പദ്ധതിക്കായി നബാർഡിൽനിന്നും ഫണ്ട് അനുവദിക്കുന്നതിനുവേണ്ടി ലഭ്യമായ പ്രൊപ്പോസൽ, നബാർഡ്-ആർ.ഐ.ഡി.എഫ്. ട്രാഞ്ചെ XXIX-ൽ പരിഗണിക്കുന്നതിനായി ധനവകുപ്പ് മുഖേന 10-07-2023-ന് നബാർഡിന് നൽകിയിട്ടുണ്ട്. ആയത് ഇപ്പോൾ നബാർഡിന്റെ പരിഗണനയിലാണ്.

**വിളപ്പിൽ പോളിടെക്നിക്കിന് വഴി നിർമ്മിക്കാൻ നടപടി**

413 (413) <u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിർദ്ദിഷ്ട വിളപ്പിൽ പോളിടെക്നിക്കിനായുള്ള വഴിക്കായി സ്വകാര്യ വ്യക്തികൾ ഭൂമി വിട്ടുനൽകാൻ സന്നദ്ധത അറിയിച്ചതിന്റെ

അടിസ്ഥാനത്തിൽ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ, തുടർനടപടികൾ എന്നിവ വിശദമാക്കാമോ; കാലതാമസം കൂടാതെ ഭൂമി കൈമാറുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

വിളപ്പിൽ ഗ്രാമപഞ്ചായത്തിലെ നിർദ്ദിഷ്ട പോളിടെക്നിക്കിലേയ്ക്കുള്ള യാത്രാസൗകര്യം ഒരുക്കുന്നതിന് മൂന്ന് സ്വകാര്യ വ്യക്തികളിൽനിന്നും വഴിക്കായി ഭൂമി ലഭിക്കേണ്ടതുണ്ട്. ഭൂമി വിട്ടുനൽകുന്നതിനായി ടി വ്യക്തികളിൽനിന്നും വസ്തുവിന്റെ സർവ്വേ നമ്പർ, വസ്തുവിന്റെ വിസ്തീർണ്ണം, ആധാരത്തിന്റെ പകർപ്പ്, ലാൻഡ് റിലിങ്ക്വിഷ്മെന്റ് ഫോറമോ സമ്മതപത്രമോ എന്നിവ റവന്യൂ വകുപ്പിന് കൈമാറേണ്ടതുണ്ട്. പ്രസ്തുത രേഖകൾ ടി വ്യക്തികളിൽനിന്നും ലഭ്യമാക്കി റവന്യൂ വകുപ്പിന് കൈമാറുന്നതിന് പഞ്ചായത്ത് നടപടികൾ സ്വീകരിച്ചുവരികയാണ്.

**ഗ്രാമപഞ്ചായത്തുകളിലെ പെറ്റി വർക്കുകളുടെ തുക വർദ്ധിപ്പിക്കാനും ഭൂമിയേറ്റെടുക്കൽ ലഘൂകരിക്കാനും**

414 (414) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകൾ വഴി നടപ്പിലാക്കുന്ന പെറ്റി വർക്കുകൾക്കുള്ള തുക പര്യാപ്തമല്ലായെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) നിലവിൽ പെറ്റി വർക്കുകൾക്ക് അനുവദിച്ചിരിക്കുന്ന 10,000 രൂപ 25,000 രൂപയായി വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

(എ&ബി) പരിശോധിച്ചിട്ടില്ല.

(സി) ഗ്രാമപഞ്ചായത്തുകൾക്ക് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിലേയ്ക്കായി വ്യക്തികളിൽനിന്നും ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ഡി) നിർമ്മാണ പ്രവർത്തനങ്ങൾക്ക് വ്യക്തികളിൽനിന്നും ഭൂമി ഏറ്റെടുക്കാൻ റിലിങ്ക്വിഷ്മെന്റ് ഫോം മാത്രം വാങ്ങി നടപടികൾ ലഘൂകരിക്കാൻ സാധിക്കുമോ; വിശദമാക്കാമോ?

(സി&ഡി) കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിയലും) ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരമാണ് നിലവിൽ ഭൂമി ആർജ്ജിക്കുന്ന നടപടികൾ സ്വീകരിക്കുന്നത്.

**സയൻസ് പാർക്കും ഇന്നവേഷൻ ഹബ്ബും സ്ഥാപിക്കുന്ന നടപടി**

415 (415) <u>ശ്രീ. എം. എസ്. അരുൺ കുമാർ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മുനിസിപ്പൽ പാർക്കിൽ സംസ്ഥാന ബഡ്ജറ്റിൽ അനുവദിച്ച സയൻസ് പാർക്കും ഇന്നവേഷൻ ഹബ്ബും സ്ഥാപിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

മാവേലിക്കര നഗരസഭയിൽ സയൻസ് പാർക്കും ഇന്നൊവേഷൻ ഹബ്ബും സ്ഥാപിക്കാനുദ്ദേശിക്കുന്ന സ്ഥലത്തിന്റെ ഉടമസ്ഥാവകാശം നഗരസഭയിൽ നിലനിർത്തിക്കൊണ്ട് പദ്ധതി നിർവ്വഹണത്തിന് കേരള സ്റ്റേറ്റ് സയൻസ് ആൻഡ് ടെക്നോളജി മ്യൂസിയത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ എസ്.പി.വി. ഏത് സ്ഥാപനമാണെന്നും ഡി.പി.ആർ. തയ്യാറാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നും വിശദമാക്കുമോ?

വിശദമായ പദ്ധതിരേഖ തയ്യാറാക്കുന്നതിനും നിർവ്വഹണ മേൽനോട്ടം വഹിക്കുന്നതിനും എസ്.പി.വി. ആയി കേരള സ്റ്റേറ്റ് സയൻസ് ആൻഡ് ടെക്നോളജി മ്യൂസിയത്തെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഡി.പി.ആർ. തയ്യാറാക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു.

**പയ്യന്നൂർ നഗരസഭയിലെ ലൈഫ് ഫ്ലാറ്റ് സമുച്ചയ നിർമ്മാണം**

416 (416) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ നഗരസഭയിലെ ലൈഫ് ഫ്ലാറ്റ് സമുച്ചയ നിർമ്മാണത്തിന്റെ നിലവിലെ അവസ്ഥയെന്താണെന്ന് അറിയിക്കാമോ?

പയ്യന്നൂർ നഗരസഭയിലെ ഫ്ലാറ്റ് സമുച്ചയത്തിന്റെ ഫൗണ്ടേഷൻ പ്രവൃത്തികൾ 50% പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ 18-04-2022 മുതൽ നിർമ്മാണ പ്രവർത്തനങ്ങൾ കരാർ കമ്പനി നിർത്തിവച്ചിരിക്കുകയാണ്.

(ബി) നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തിവയ്ക്കാനുണ്ടായ സാഹചര്യമെന്താണെന്ന് വിശദമാക്കാമോ?

നിർമ്മാണ സാമഗ്രികളുടെ കമ്പോള വിലയിലുള്ള വർദ്ധനയുടെ അടിസ്ഥാനത്തിൽ കരാർ തുക വർദ്ധനവ് ആവശ്യപ്പെട്ടുകൊണ്ടാണ് പ്രവൃത്തികൾ നിർത്തിവച്ചിരിക്കുന്നത്.

(സി) പ്രവൃത്തി പുനരാരംഭിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഡി) നിർമ്മാണ പ്രവൃത്തികൾ എപ്പോൾ പുനരാരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കാമോ?

(സി&ഡി) നിർമ്മാണ പ്രവൃത്തികൾ പുനരാരംഭിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കരാറുകാരന് കത്തുകളും നോട്ടീസും നൽകിയിട്ടുണ്ട്. 25-07-2023-ന് ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിൽ പയ്യന്നൂർ ഭവന സമുച്ചയത്തിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തുകയും ആഗസ്റ്റ് അവസാനം നിർമ്മാണ പ്രവൃത്തികൾ പുനരാരംഭിക്കുമെന്ന് കരാറുകാരൻ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

**നഗരസഭകളിലെ പുതുക്കിയ വസ്തു നികുതി**

417 (417) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി രൂപീകരിച്ച നഗരസഭകളിൽ ഏറ്റവും അവസാനം വസ്തുനികുതി പുതുക്കി നിശ്ചയിച്ചത് എന്ന് മുതലാണെന്ന് വ്യക്തമാക്കാമോ?

06-03-2019-ലെ സ.ഉ(സാധാ)നം.540/2019 തസ്വഭവ. പ്രകാരം 01-04-2016 കണക്കാക്കി നികുതി പരിഷ്കരിച്ചിട്ടുണ്ട്. ആയതിനുശേഷം 2023 ഏപ്രിൽ 1 മുതൽ ടി നികുതിയിന്മേൽ 5 ശതമാനം വർദ്ധനവ് വരുത്തി 22-03-2023-ലെ സ.ഉ.(കൈ)നം. 77/2023/തസ്വഭവ. ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത തീയതിയിൽ വസ്തു നികുതി പുതുക്കി നിശ്ചയിക്കാത്ത നഗരസഭകളിൽ 01-04-2016 മുതൽ വസ്തു നികുതി പരിഷ്കരിച്ച് കുടിശ്ശിക ഉൾപ്പെടെയുള്ള തുക ഈടാക്കാൻ വ്യവസ്ഥയുണ്ടോ; എങ്കിൽ ആയത് ഈടാക്കുന്നതിന് ഡിമാന്റ് നോട്ടീസ് നൽകാൻ നഗരസഭകൾക്ക് അധികാരമുണ്ടോ; വ്യക്തമാക്കാമോ?

കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 233 പ്രകാരം ഈ ആക്ടിലെ വ്യവസ്ഥകൾ പ്രകാരം ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും ആക്ടിലെ വ്യവസ്ഥകൾക്കും നിർണ്ണയിക്കപ്പെട്ട ചട്ടങ്ങൾക്കും അനുസൃതമായി വസ്തു നികുതി ചുമത്താവുന്നതാണ്. 2011-ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 14 പ്രകാരം ഡിമാന്റ് നോട്ടീസ് നൽകാൻ നഗരസഭകൾക്ക് അധികാരമുണ്ട്.

(സി) വർഷങ്ങളായി ഡിമാന്റ് നോട്ടീസ് നൽകിയിട്ടില്ലാത്ത കേസുകളിൽ എത്ര വർഷത്തെ പരിഷ്കരിച്ച നികുതി കുടിശ്ശികയാണ് നഗരസഭകൾക്ക് ഈടാക്കാൻ അനുവാദമുള്ളതെന്ന് വ്യക്തമാക്കാമോ?

2011-ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 14 പ്രകാരം, വസ്തു നികുതി നിർണ്ണയം സംബന്ധിച്ച വിവരങ്ങൾ 12-ാം ചട്ടപ്രകാരം വസ്തു നികുതി നിർണ്ണയ രജിസ്റ്ററിലും 13-ാം ചട്ടപ്രകാരം വസ്തു നികുതി ഡിമാന്റ് രജിസ്റ്ററിലും

രേഖപ്പെടുത്തിയശേഷം അപ്രകാരമുള്ള നികുതി ചുമത്തുന്നതിന് സെക്രട്ടറി ഓരോ കെട്ടിട ഉടമയ്ക്കും കെട്ടിടം സംബന്ധിച്ച് 5 വർഷത്തിനുള്ളിൽ ഓരോ വർഷവും ഒടുക്കേണ്ട വാർഷിക വസ്തു നികുതി തുകയും അതിന്റെ അർദ്ധവാർഷിക ഗഡുക്കളും കെട്ടിടത്തിന്റെ വിവരണങ്ങളും ഓരോ വർഷത്തെയും വാർഷിക വസ്തു നികുതിയുടെ ഗഡുക്കൾ പിഴ കൂടാതെ അടക്കേണ്ട ഒടുവിലത്തെ തീയതി നികുതിയടക്കുന്നതിൽ വീഴ്ച വരുത്തിയാൽ ഉണ്ടാകുന്ന ബാദ്ധ്യത എന്നിവ കാണിച്ചുകൊണ്ടുള്ള ഡിമാന്റ് നോട്ടീസ് നൽകണമെന്നാണ് നിഷ്കർഷിച്ചിരിക്കുന്നത്.

**നഗരത്തിലെ മാലിന്യ പ്രശ്നപരിഹാരത്തിനായുള്ള പദ്ധതികൾ**

418 (418) ശ്രീമതി കാനത്തിൽ ജമീല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിലെ മാലിന്യപ്രശ്ന പരിഹാരത്തിന് ആവിഷ്കരിച്ച പദ്ധതികൾ വിശദമാക്കാമോ?

കേരളത്തിലെ നഗരങ്ങളിലെ മാലിന്യ പരിപാലന സേവനങ്ങൾ ശക്തിപ്പെടുത്തുന്നതിനും ആധുനിക ശാസ്ത്രീയ സംവിധാനങ്ങൾ

ഒരുക്കുന്നതിനുമായി ലോകബാങ്ക്, ഏഷ്യൻ ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ബാങ്ക് (AIIB) എന്നിവയുടെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ് കേരള ഖരമാലിന്യ പരിപാലന പദ്ധതി (KSWMP). ടി പദ്ധതിയുടെ ഭാഗമായി ഓരോ നഗരസഭയും അവരുടെ പ്രാദേശിക പ്രാധാന്യം മനസ്സിലാക്കിയുള്ള ഒരു സമ്പൂർണ്ണ ഖരമാലിന്യ സംസ്കരണ പ്ലാൻ തയ്യാറാക്കുന്നുണ്ട്. മാലിന്യ ശേഖരണം, ട്രാൻസ്പോർട്ടേഷൻ, സംഭരണം, സംസ്കരണം, റീസൈക്ലിംഗ്, നിർമ്മാർജ്ജനം എന്നിങ്ങനെ ഖരമാലിന്യ പരിപാലനത്തിന്റെ എല്ലാ വശങ്ങളും ശക്തിപ്പെടുത്തുന്നതിനും ആധുനിക ശാസ്ത്രീയ സാങ്കേതിക സംവിധാനങ്ങൾ ഒരുക്കുന്നതിനും ഈ പദ്ധതിയിലൂടെ കഴിയും.

KSWMP പദ്ധതിയുടെ ഭാഗമായി നിലവിൽ നഗരസഭകളിലുള്ള ജൈവ-അജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ മെച്ചപ്പെടുത്തുക, മാലിന്യ നിക്ഷേപ സ്ഥലങ്ങൾ ശാസ്ത്രീയമായി കൈകാര്യം ചെയ്ത് സ്ഥലം വീണ്ടെടുക്കുക, നിഷ്ക്രിയ ഖരമാലിന്യങ്ങളുടെ പരിപാലനത്തിനായി സാനിറ്ററി ലാൻഡ്ഫിൽ ഉണ്ടാക്കുക, തരംതിരിച്ച മാലിന്യത്തിൽനിന്ന് മൂല്യവർദ്ധിത

ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിന് റീസൈക്ലിംഗ് സംവിധാനങ്ങളൊരുക്കുക എന്നിവ ഈ പദ്ധതിയുടെ ഭാഗമാണ്. ജൈവമാലിന്യത്തിൽനിന്നും ബയോഗ്യാസ് ഉൽപ്പാദിപ്പിക്കുന്നതിനുള്ള ഒരു പ്ലാന്റ് കൊച്ചിയിൽ സ്ഥാപിക്കുന്നതിന് ബി.പി.സി.എൽ.-ന് അനുമതി നൽകിയിട്ടുണ്ട്. കോഴിക്കോട്, പാലക്കാട്, കൊല്ലം എന്നിവിടങ്ങളിൽ വേസ്റ്റ്-ടു-എനർജി പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

ദ്രവമാലിന്യവുമായി ബന്ധപ്പെട്ട് എറണാകുളത്തുള്ള ഇളങ്കുളം, തിരുവനന്തപുരത്തുള്ള മുട്ടത്തറ എന്നിവിടങ്ങളിൽ കോ-ട്രീറ്റ്മെന്റ് സൗകര്യമുള്ള എസ്.റ്റി.പി. പ്ലാന്റ് നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതാണ്. വയനാട് കല്പറ്റ, കൊച്ചി ബ്രഹ്മപുരം, വെല്ലിംഗ്ടൺ ഐലന്റ് എന്നിവിടങ്ങളിലെ എഫ്.എസ്.റ്റി.പി.-കൾ പ്രവർത്തനക്ഷമമാണ്. വിവിധ എസ്.റ്റി.പി./എഫ്.എസ്.റ്റി.പി.-കൾ നിർമ്മാണഘട്ടങ്ങളിലാണ്.

എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും സോക് പിറ്റ്, റിട്രോഫിറ്റിംഗ് ടോയ്‌ലറ്റ്സ്, സ്ഥാപനതല എസ്.റ്റി.പി. പദ്ധതികൾ

എന്നിവ ആവശ്യാനുസരണം ഏറ്റെടുക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

(ബി) ലോകബാങ്ക്, ഏഷ്യൻ ഡെവലപ്മെന്റ് ബാങ്ക് എന്നിവയുടെ സഹായത്തോടെ മാലിന്യ പ്രശ്നങ്ങൾക്ക് സമഗ്ര പരിഹാരം കാണുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കേരളത്തിലെ നഗരങ്ങളിലെ മാലിന്യ പരിപാലന സേവനങ്ങൾ ശക്തിപ്പെടുത്തുന്നതിനും ആധുനിക ശാസ്ത്രീയ സംവിധാനങ്ങൾ ഒരുക്കുന്നതിനുമായി ലോകബാങ്ക്, ഏഷ്യൻ ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ബാങ്ക് (AIIB) എന്നിവയുടെ സാമ്പത്തിക സഹായത്തോടെ തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന കേരള സർക്കാർ നടപ്പിലാക്കുന്ന പദ്ധതിയാണ് കേരള ഖരമാലിന്യ പരിപാലന പദ്ധതി (KSWMP). ഇതിലൂടെ സംസ്ഥാനത്ത് ശാസ്ത്രീയ ഖരമാലിന്യ പരിപാലന പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

ഈ പദ്ധതിക്ക് മൂന്ന് ഘടകങ്ങളാണുള്ളത്. ഒന്നാമത്തെ ഘടകം മാലിന്യ പരിപാലന രംഗത്ത് പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങളുടെ ഏജൻസികളുടെ കാര്യശേഷി വർദ്ധിപ്പിക്കലും അവർക്ക് സാങ്കേതിക സഹായം നൽകലുമാണ്. ഇതിൽ മാലിന്യ സംസ്കരണത്തിനായുള്ള ബോധവൽക്കരണവും ഉദ്യോഗസ്ഥരുടെ കാര്യശേഷി വർദ്ധിപ്പിക്കാൻ വേണ്ടിയുള്ള പരിശീലന പരിപാടികളും മാലിന്യപരിപാലനം സംബന്ധിച്ച് അന്തർദ്ദേശീയ നിലവാരത്തിൽ ബൈലോയും ചട്ടങ്ങളും നിയമങ്ങളും നിർമ്മിക്കുന്നതിന് സംസ്ഥാനത്തിന് നൽകുന്ന സാങ്കേതിക സഹായവും ഉൾപ്പെടുന്നതാണ്.

രണ്ടാമത്തെ ഘടകം-വികേന്ദ്രീകൃത മാലിന്യ സംസ്കരണം ശക്തിപ്പെടുത്തുന്നതിനും അജൈവ മാലിന്യങ്ങൾ ശരിയായി സംസ്കരിക്കുന്നതിനുംവേണ്ടി നഗരസഭകൾക്ക് അനുവദിക്കുന്ന പ്രത്യേക ഗ്രാന്റാണ്. ഇതിൽ വികേന്ദ്രീകൃത മാലിന്യനിർമ്മാർജ്ജനം, മാലിന്യശേഖരണം, മാലിന്യങ്ങൾ ശേഖരിക്കാൻവേണ്ടിയുള്ള വാഹനങ്ങൾ ഏർപ്പെടുത്തൽ, കോവിഡ്-19 സഹായ പ്രവർത്തനങ്ങൾ, പൊതുതെരുവുകൾ

വൃത്തിയാക്കൽ, ശുചീകരണ തൊഴിലാളികൾക്ക് ആവശ്യമായ ശുചീകരണ സാമഗ്രികൾ വാങ്ങി നൽകൽ, ഹരിതകർമ്മ സേനാംഗങ്ങൾക്കുള്ള വയബിലിറ്റി ഗ്യാപ് ഫണ്ട്, നിലവിലുള്ള മാലിന്യ സംസ്കരണ കേന്ദ്രങ്ങളുടെ പുനരുജ്ജീവനം, മെറ്റീരിയൽ കളക്ഷൻ സെന്റർ, മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി എന്നിവയുടെ നിർമ്മാണം മുതലായവ ഉൾപ്പെടുന്നതാണ്.

**മുനിസിപ്പാലിറ്റി കണ്ടിജന്റ് ജീവനക്കാരുടെ നിയമനം**

419 (419) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുനിസിപ്പാലിറ്റികളിൽ കണ്ടിജന്റ് ജീവനക്കാരെ നിയമിക്കുന്നതിനുള്ള വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

22-04-1982-ലെ ജി.ഒ.(എം.എസ്.)14/82/എൽ.ബി.ആർ.-ലെ വ്യവസ്ഥകൾ പ്രകാരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തരം ബദൽ കണ്ടിജന്റ് തൊഴിലാളികളെ നിയമിക്കാറുണ്ട്. കണ്ടിജന്റ് ജീവനക്കാരെ നിയമിക്കുന്നതിനുള്ള അധികാരം നഗരസഭാ കൗൺസിലിൽ നിക്ഷിപ്തമാണ്.

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ഇന്റർവ്യൂവിൽ പങ്കെടുക്കുന്നതിന് ലഭ്യമാക്കുന്ന ലിസ്റ്റിനൊപ്പം ബന്ധപ്പെട്ട മുനിസിപ്പാലിറ്റി ഭരണ നേതൃത്വത്തിന്റെ ഒത്താശയോടെ കോടതിയിൽനിന്നും വാങ്ങിയ താൽക്കാലിക ഉത്തരവിന്റെ ബലത്തിൽ കണ്ടിജന്റ് ജീവനക്കാരുടെ ഇന്റർവ്യൂവിൽ പങ്കെടുക്കുന്നവർക്ക് നിയമനം ലഭിക്കാൻ അർഹതയുണ്ടോ;

(സി) കോടതിയിൽനിന്ന് ലഭ്യമാക്കിയ താൽക്കാലിക ഉത്തരവിന്റെ ബലത്തിൽ ഇന്റർവ്യൂവിൽ പങ്കെടുക്കുകയും മുനിസിപ്പാലിറ്റി ഭരണ നേതൃത്വത്തിന്റെ താൽപ്പര്യപ്രകാരം സ്ഥിരം നിയമനം നേടുകയും ചെയ്യുന്ന പ്രവണത തടയാൻ എന്ത് നടപടിയാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ?

(ബി&സി) നിലവിലെ നിയമങ്ങൾ/ചട്ടങ്ങൾക്കനുസൃതമായ കോടതി ഉത്തരവുകൾ പാലിക്കാൻ ബന്ധപ്പെട്ട കക്ഷികൾ ബാദ്ധ്യസ്ഥരാണ്.

(ഡി) കണ്ടിജന്റ് ജീവനക്കാരായി നിയമിക്കപ്പെടുന്നവരെ ഭരണസമിതി തീരുമാനപ്രകാരം മുനിസിപ്പാലിറ്റിയിലെ മറ്റേതെങ്കിലും തസ്തികയിലേയ്ക്ക്

വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ മാറ്റി നിയമിക്കുന്നതിന് വ്യവസ്ഥയുണ്ടോ; വിശദമാക്കാമോ?

വ്യവസ്ഥയില്ല.

(ഇ) കണ്ടിജന്റ് ജീവനക്കാരായി ക്രമരഹിതമായി നിയമിക്കപ്പെടുന്നവർക്ക് നൽകുന്ന വേതനം ബന്ധപ്പെട്ട മുനിസിപ്പാലിറ്റി സെക്രട്ടറിയുടെ ബാധ്യതയിൽ ഉൾപ്പെടുത്തി നടപടികൾ സ്വീകരിക്കാൻ സന്നദ്ധമാകുമോ?

22-04-1982-ലെ ജി.ഒ.(എം.എസ്.)14/82/എൽ.ബി.ആർ-ലെ വ്യവസ്ഥകൾ പ്രകാരം മാത്രമേ കണ്ടിജന്റ് ജീവനക്കാർക്ക് സ്ഥിര നിയമനം നൽകാൻ സാധിക്കുകയുള്ളൂ.

**തദ്ദേശസ്വയംഭരണ വകുപ്പിലെ മുനിസിപ്പൽ ജീവനക്കാരുടെ സർവ്വീസ് സംബന്ധമായ പ്രശ്നങ്ങൾ**

420 (420) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ പൊതുവകുപ്പിൽ ആരംഭിച്ചിട്ടുള്ള ഇന്റേണൽ വിജിലൻസ് വിഭാഗത്തിൽ പഞ്ചായത്ത് വകുപ്പിൽനിന്നുള്ള ജീവനക്കാരെ മാത്രമാണോ നിയമിച്ചിട്ടുള്ളത്; എങ്കിൽ അതേ കാറ്റഗറിയിൽപ്പെട്ട നഗരസഭാ ജീവനക്കാരെ എന്തുകൊണ്ട് നിയമിച്ചിട്ടില്ലെന്നത് വ്യക്തമാക്കാമോ?

തദ്ദേശസ്വയംഭരണ പൊതുവകുപ്പിൽ ആരംഭിച്ചിട്ടുള്ള ഇന്റേണൽ വിജിലൻസ് വിഭാഗത്തിൽ പഞ്ചായത്ത്, നഗരസഭ, ഗ്രാമവികസനം എന്നീ വകുപ്പുകളിൽനിന്നുള്ള ജീവനക്കാരെ നിയമിച്ചിട്ടുണ്ട്.

(ബി) വിവിധ നഗരസഭകളിലായി വിവിധ തസ്തികകളായ സീനിയർ ക്ലാർക്ക്, ഹെഡ് ക്ലാർക്ക്/റവന്യൂ ഇൻസ്പെക്ടർ, സൂപ്രണ്ട്, റവന്യൂ ഓഫീസർ ഗ്രേഡ്-II, പി.എ. ടു സെക്രട്ടറി/അക്കൗണ്ട്സ് ഓഫീസർ/കൗൺസിൽ സെക്രട്ടറി/റവന്യൂ ഓഫീസർ എന്നിവയിൽ ഒഴിവുകളുണ്ടെങ്കിലും നഗരസഭാ ജീവനക്കാർക്ക് ഉദ്യോഗക്കയറ്റം സമയബന്ധിതമായി ലഭ്യമാകുന്നില്ലെന്നത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; ഇത്തരത്തിൽ

എത്ര പ്രൊമോഷൻ തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; തസ്തിക തിരിച്ച് ഒഴിവുകളുടെ എണ്ണം അറിയിക്കാമോ?

ഏകീകൃത വകുപ്പിൽ നടപ്പിലാക്കിയ ഇന്റർ ട്രാൻസ്ഫറബിലിറ്റിയുടെ ഭാഗമായി നടന്ന പൊതുസ്ഥലംമാറ്റത്തിനുശേഷം ജില്ലകളിൽനിന്ന് ലഭ്യമായ വിവര പ്രകാരം നിലവിൽ റവന്യൂ ഓഫീസർ ഗ്രേഡ്-1, അക്കൗണ്ട്സ് ഓഫീസർ, പി.എ. ടു സെക്രട്ടറി തുടങ്ങിയ തസ്തികകളിലൊന്നും ഒഴിവുള്ളതായി റിപ്പോർട്ട് ചെയ്തിട്ടില്ല. ഹെഡ് ക്ലാർക്ക്, റവന്യൂ ഇൻസ്പെക്ടർ തുടങ്ങിയ തസ്തികകളിലെ ഒഴിവുകൾ ശേഖരിച്ചുവരുന്നു. നഗരസഭ സൂപ്രണ്ടുമാരുടെ 16 ഒഴിവുകളുള്ളതായി കണക്കാക്കുന്നു. സീനിയർ ക്ലാർക്ക് തസ്തികയിൽ 14-02-2023 വരെയുള്ള ഒഴിവുകളിലേയ്ക്ക് നിയമനം നടത്തിയിട്ടുണ്ട്. മേൽ തസ്തികകളിൽ നിലവിലെ കേഡർ സ്ട്രെംഗ്തിലുണ്ടായിട്ടുള്ള ഒഴിവുകളിലേയ്ക്ക് നഗരസഭാ ജീവനക്കാർക്ക് സ്ഥാനക്കയറ്റം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) നഗരസഭകളിൽ പുതുതായി ആരംഭിച്ച 6 അക്കൗണ്ട്സ് ഓഫീസർ തസ്തികകളിലും അക്കൗണ്ട്സ് അസിസ്റ്റന്റ് തസ്തികകളിലും നിയമനം

നടത്തുന്നത് സംബന്ധിച്ച് നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; നഗരസഭകളിലെ പുതിയ അക്കൗണ്ട്സ് അസിസ്റ്റന്റ് തസ്തിക എന്നത് ഹെഡ് ക്ലാർക്ക്/റവന്യൂ ഇൻസ്പെക്ടർ തസ്തികയുടെ പ്രൊമോഷൻ തസ്തികയാണോയെന്ന വിവരം ലഭ്യമാക്കാമോ; അല്ലെങ്കിൽ ആയത് ഏത് തസ്തികയുടെ പ്രൊമോഷൻ തസ്തികയാണെന്ന് വ്യക്തമാക്കാമോ?

22-12-2022-ലെ സ.ഉ.(കൈ)നം.277/2022/തസ്വഭവ. പ്രകാരം സംസ്ഥാനത്തെ മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവകളിൽ അക്കൗണ്ട്സ് വിഭാഗം/മാലിന്യ നിർമ്മാർജ്ജനം/ആരോഗ്യ പരിപാലന വിഭാഗം എന്നിവ അടിയന്തരമായി ശക്തിപ്പെടുത്തുന്നതിനായി 354 പുതിയ തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായിരുന്നു. 13-01-2023-ലെ സ.ഉ.(കൈ)നം.10/2023/തസ്വഭവ. പ്രകാരം മേൽ തസ്തികകൾ മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവ തിരിച്ച് വിശദമാക്കിയിട്ടുണ്ട്. അക്കൗണ്ട്സ് വിഭാഗത്തിൽ 6 മുനിസിപ്പൽ കോർപ്പറേഷനുകളിലും ഓരോ അക്കൗണ്ട്സ് ഓഫീസർ തസ്തികകളും 87 നഗരസഭകളിലും ഓരോ അക്കൗണ്ട്സ്

അസിസ്റ്റന്റ് തസ്തികകളും അനുവദിക്കുകയുണ്ടായി. മേൽ തസ്തികകളിൽ നിയമനം നടത്തുന്നതിനുള്ള യോഗ്യതകളും മറ്റ് മാനദണ്ഡങ്ങളും സംബന്ധിച്ച തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടറുടെ പ്രൊപ്പോസൽ 04-08-2023-ലെ LSGD/PD/29853/2023-DEB3 നമ്പർ കത്ത് പ്രകാരം സർക്കാരിൽ ലഭിക്കുകയുണ്ടായി. ആയത് പരിശോധിച്ചുവരുന്നു.

(ഡി) മുനിസിപ്പൽ സർവ്വീസിൽ 20 വർഷം സർവീസുള്ള ടെസ്റ്റ് യോഗ്യത നേടിയ സീനിയർ ക്ലാർക്കുമാർ അതേ തസ്തികയിൽ തുടരുന്ന സാഹചര്യമാണോ ഉള്ളത്; എങ്കിൽ പഞ്ചായത്ത് വകുപ്പിൽ 20 വർഷം വരെ സർവീസുള്ള ടെസ്റ്റ് യോഗ്യത നേടിയ ജീവനക്കാർ സൂപ്രണ്ട് തസ്തികയ്ക്ക് മുകളിൽ സേവനമനുഷ്ഠിച്ചുവരികയും സീനിയറായ ജീവനക്കാർ ജൂനിയർ ജീവനക്കാരുടെ കീഴിൽ സേവനമനുഷ്ഠിക്കേണ്ടിവരികയും ചെയ്യുന്ന വിഷയത്തിൽ അനോമലി പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ക്ലാർക്ക് തസ്തികയിൽനിന്നും പ്രൊമോഷനാകുന്നതിനാണ് നിലവിൽ ടെസ്റ്റ് യോഗ്യത ആവശ്യമുള്ളത്. മുനിസിപ്പൽ സർവ്വീസിലെ സീനിയർ

ക്ലാർക്കുമാർക്ക് ഒഴിവ് വരുന്ന മുറയ്ക്ക് സീനിയോരിറ്റി അനുസരിച്ച് പ്രൊമോഷൻ നൽകിവരുന്നുണ്ട്. ഇന്റർ ട്രാൻസ്ഫർ നടപ്പിലാക്കിയതിനുശേഷമുള്ള അനോമലി പരിശോധിച്ചുവരുന്നു.

(ഇ) നഗരസഭാ ജീവനക്കാർക്ക് പൊതുസ്ഥലംമാറ്റത്തിന്റെ ഭാഗമായി നഗരസഭ ഒഴികെയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സ്ഥലംമാറ്റം ലഭിക്കുകയാണെങ്കിൽ ടി ജീവനക്കാർക്ക് സ്പാർക്ക് ഐ.ഡി. ഇല്ലാത്തതിനാൽ ശമ്പളം സമയബന്ധിതമായി ലഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; 22-07-2014-ലെ സ.ഉ. (കൈ)നം. 135/2014/തസ്വഭവ. പ്രകാരം ഗ്രേഡ് ഉയർത്തിയ ഒന്നാം ഗ്രേഡ് നഗരസഭകളിൽ പുതുതായി തസ്തികകൾ അനുവദിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; ഉണ്ടെങ്കിൽ ആയത് വിശദമാക്കാമോ; പൊതുസർവ്വീസിന്റെ ഭാഗമായി നഗരസഭകളിലെ റവന്യൂ ഓഫീസർ ഗ്രേഡ്-II തസ്തിക നിർത്തലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ നഗരസഭാ ജീവനക്കാർക്ക് പ്രൊമോഷൻ സാധ്യതയുണ്ടായിരുന്ന മേൽപ്പടി തസ്തികയ്ക്ക് പകരം

നഗരസഭകളിൽ പുതുതായി തസ്തിക ആരംഭിച്ചിട്ടുണ്ടോ; ടി വിഷയത്തിൽ സ്വീകരിച്ച നടപടിക്രമങ്ങൾ വിശദമാക്കാമോ?

നടപ്പ് സാമ്പത്തിക വർഷം (2023-24) അഞ്ച് വകുപ്പുകളും അതത് വകുപ്പിന്റെ ശീർഷകത്തിൽനിന്നാണ് സ്പാർക്ക് മുഖേന ശമ്പള വിതരണം നടത്തുന്നത്. ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിൽ പൊതുശീർഷകം (Single Head of Account) ആകുന്ന മുറയ്ക്ക് എല്ലാ ജീവനക്കാർക്കും സ്പാർക് അധിഷ്ഠിത ശമ്പള വിതരണം നടപ്പിലാക്കാൻ സാധിക്കും.

സർക്കാരിന്റെ 27-07-2023-ലെ ഇ.ആർ.എ 2/107/2023 നമ്പർ കത്ത് പ്രകാരം മുനിസിപ്പൽ കോമൺ സർവ്വീസ് ജീവനക്കാർക്ക് നിലവിൽ പെൻ നമ്പർ അനുവദിച്ചിട്ടില്ലാത്തതിനാൽ നഗരകാര്യ വിഭാഗത്തിന് അനുവദിച്ചിട്ടുള്ള ശീർഷകമായ 2217-80-001-99-00-01-01-ൽ ഉൾപ്പെടുത്തി അർബൻ ഡയറക്ടറേറ്റിലെ ശമ്പള വിതരണം നടത്തുന്ന ഡി.ഡി.ഒ. മുഖേന ശമ്പളം വിതരണം ചെയ്യാനും ജില്ലകളിൽ സ്പാർക് മുഖേന ശമ്പള വിതരണം നടത്തുന്ന ഓഫീസുകളിൽ നിയമിക്കപ്പെട്ടിട്ടുള്ള മേൽ പരാമർശിച്ച ജീവനക്കാരെ പഞ്ചായത്ത് വിഭാഗത്തിന് അനുവദിച്ചിട്ടുള്ള ശീർഷകമായ

2515-00-001-99-00-01-01-ൽ ഉൾപ്പെടുത്തി ജില്ലാതലത്തിൽ കേന്ദ്രീകൃതമായി ജോയിന്റ് ഡയറക്ടറേറ്റുകളിലെ പഞ്ചായത്ത് വിഭാഗത്തിന്റെ ഡി.ഡി.ഒ. മുഖേന ശമ്പള വിതരണം നടത്തുകയും ചെയ്യേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

22-07-2014-ലെ സ.ഉ.(കൈ)നം.135/2014/തസ്വഭവ. പ്രകാരം ഗ്രേഡ് ഉയർത്തിയ ഒന്നാം ഗ്രേഡ് നഗരസഭകളിൽ പുതുതായി തസ്തികകൾ അനുവദിക്കുന്നത് സംബന്ധിച്ച വിഷയം നിലവിൽ പരിഗണനയിലില്ല. പൊതുസർവ്വീസിന്റെ ഭാഗമായി നഗരസഭകളിലെ റവന്യൂ ഓഫീസർ ഗ്രേഡ്-II തസ്തികകൾ നിർത്തലാക്കിയിട്ടില്ല.

(എഫ്) തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് രൂപീകരിക്കുകയും പൊതുസ്ഥലംമാറ്റം നടപ്പിലാകുകയും ചെയ്ത സ്ഥിതിക്ക് നഗരസഭ ജീവനക്കാരെ സ്പാർക്കിൽ ഉൾപ്പെടുത്തുന്ന കാര്യത്തിൽ തീരുമാനം എടുത്തിട്ടുണ്ടോ; നഗരസഭാ ജീവനക്കാർക്ക് സ്പാർക്ക് ജി നമ്പരിന് പകരം സ്പാർക്ക് ഐ.ഡി. ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

പരിശോധിച്ചുവരുന്നു.

(ജി) ഈ വകുപ്പിൽനിന്നും ഡെപ്യൂട്ടേഷൻ, വർക്കിംഗ് അറേഞ്ച്മെന്റ് വഴി ജോലി ചെയ്യുന്ന ജീവനക്കാർക്ക് നിലവിലെ സ്ഥാപനത്തിൽനിന്നും പൊതുസ്ഥലംമാറ്റത്തിനായി അപേക്ഷിക്കാനുള്ള അവസരമൊരുക്കുമോ; ഇല്ലെങ്കിൽ ഇവർക്ക് പൊതുസ്ഥലംമാറ്റത്തിന് അപേക്ഷ നൽകുന്നതിന് എന്ത് സംവിധാനമാണ് ഒരുക്കിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലുള്ളവർക്ക് ഈ വിധം അപേക്ഷ സമർപ്പിക്കുന്നതിന് സാങ്കേതിക തടസ്സമുണ്ടെങ്കിൽ ആയത് സംബന്ധിച്ചുള്ള പ്രശ്നം പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; പൊതുസ്ഥലംമാറ്റത്തിന് ഇത്തരം ജീവനക്കാർക്കുകൂടി അവസരമൊരുക്കാമോ?

തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും വർക്കിംഗ് അറേഞ്ച്മെന്റ് വഴി ജോലി ചെയ്യുന്ന ജീവനക്കാർക്ക് നിലവിലെ സ്ഥാപനത്തിൽനിന്നും പൊതുസ്ഥലംമാറ്റത്തിനായി അപേക്ഷിക്കാനുള്ള അവസരം ജനറൽ ട്രാൻസ്ഫർ സോഫ്റ്റ്‌വെയറിൽ ഒരുക്കിയിട്ടുള്ളതാണ്. എന്നാൽ ഡെപ്യൂട്ടേഷൻ

വ്യവസ്ഥയിൽ ജോലി ചെയ്യുന്ന ജീവനക്കാർ സ്വന്തം അപേക്ഷ പ്രകാരമോ അല്ലാതെയോ സർക്കാരിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് വിവിധ ഓഫീസുകളിൽ ജോലി ചെയ്യുന്നത്. ആയതിനാൽ ടി ജീവനക്കാരെ തദ്ദേശസ്വയംഭരണ വകുപ്പിന്റെ പൊതുസ്ഥലംമാറ്റത്തിൽ ഉൾപ്പെടുത്താൻ കഴിയുന്നതല്ല.

**ബ്രഹ്മപുരത്തെ വേസ്റ്റ് ടു എനർജി പദ്ധതി**

421 (421) ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി നഗരസഭയ്ക്കുവേണ്ടി ബ്രഹ്മപുരത്ത് കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ടെൻഡർ നടപടി പൂർത്തീകരിച്ച വേസ്റ്റ് ടു എനർജി പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത പദ്ധതിയുമായി മുന്നോട്ടുപോകാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കൊച്ചിക്കുവേണ്ടി കേന്ദ്രീകൃത മാലിന്യ സംസ്കരണത്തിന് എന്ത് പദ്ധതിയാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്?

(എ&ബി) എറണാകുളം ജില്ലയിൽ ഖരമാലിന്യം സംസ്കരിച്ച് ഊർജ്ജം ഉത്പാദിപ്പിക്കുന്ന പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള സ്വകാര്യ പങ്കാളിയെ കണ്ടെത്തുന്നതിനുള്ള ടെൻഡർ നടപടികൾ കെ.എസ്.ഐ.ഡി.സി. പൂർത്തിയാക്കിയെങ്കിലും കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ ഇതുവരെയും കരാറിൽ ഏർപ്പെട്ടിട്ടില്ലാത്തതിനാൽ ഈ പദ്ധതിയുമായി ബന്ധപ്പെട്ട മറ്റ് നടപടികളൊന്നുംതന്നെ കൈക്കൊള്ളാൻ സാധിച്ചിട്ടില്ല.

കൊച്ചിയിൽ കേന്ദ്രീകൃത മാലിന്യ സംസ്കരണത്തിന് ജൈവമാലിന്യം കംപ്രസ്സ്ഡ് ബയോഗ്യാസ് (CBG) ആക്കുന്നതിന് 150 TPD കപ്പാസിറ്റിയുള്ള പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള ബി.പി.സി.എൽ.-ന്റെ പ്രൊപ്പോസലിന് മന്ത്രിസഭാ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അനുമതി നൽകി ഉത്തരവായിട്ടുണ്ട്. കരാർ വച്ചതിനുശേഷം 15 മാസത്തിനുള്ളിൽ പദ്ധതി പൂർത്തിയാക്കുമെന്ന് ബി.പി.സി.എൽ. അറിയിച്ചിട്ടുണ്ട്. 150 TPD എന്നത്

ആവശ്യമാണെങ്കിൽ പിന്നീട് ഉയർത്താനാകും. സർക്കാരിന് മുതൽ മുടക്കില്ല. സി.ബി.ജി., ബി.പി.സി.എൽ. ഉപയോഗിക്കും. വളം നിർമ്മാണവും സാധ്യമാകും. ബി.എസ്.എഫ്. ടെക്നോളജിയിൽ മാലിന്യം സംസ്കരിക്കുന്നതിനും ഏജൻസിയെ കണ്ടെത്തിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(സി) മാലിന്യ സംസ്കരണത്തിനുള്ള സർക്കാർ നയം വ്യക്തമാക്കാമോ; ഉറവിട മാലിന്യ സംസ്കരണത്തിനാണോ കേന്ദ്രീകൃത മാലിന്യ സംസ്കരണത്തിനാണോ പ്രാധാന്യം നൽകുന്നതെന്ന് വെളിപ്പെടുത്താമോ?

ജൈവമാലിന്യങ്ങൾ ഉറവിടത്തിൽത്തന്നെ സംസ്കരിക്കുന്ന കമ്പോസ്റ്റിംഗ്, ബയോമെതനേഷൻ, സാങ്കേതികവിദ്യകളിൽ അധിഷ്ഠിതമായ ഉറവിട മാലിന്യ സംസ്കരണ പദ്ധതികൾ എന്നിവയാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കിവരുന്നത്. അതുപോലെ നിലവിൽ പ്രവർത്തിക്കുന്ന കേന്ദ്രീകൃത ജൈവമാലിന്യ സംസ്കരണ പ്ലാന്റുകൾ മെയിന്റനൻസ് ചെയ്യുന്നതിനുള്ള സാങ്കേതിക സാമ്പത്തിക സഹായവും ശുചിത്വ മിഷന്റെ മേൽനോട്ടത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക്

നൽകിവരുന്നു. അജൈവമാലിന്യങ്ങൾ ഉറവിടത്തിൽത്തന്നെ തരംതിരിച്ച് ശേഖരിച്ച് പുന:ചംക്രമണം ചെയ്യുന്നതിനായി കൈമാറുന്നതിനുവേണ്ടി എം.സി.എഫ്., ആർ.ആർ.എഫ്. സെന്ററുകളുടെ പ്രവർത്തനവും തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ നടപ്പിലാക്കിവരുന്നു. കൂടാതെ അജൈവ മാലിന്യം തരംതിരിച്ച് ശേഖരിച്ച് എം.സി.എഫ്.-കളിലും ആർ.ആർ.എഫ്.-കളിലും എത്തിക്കുന്നതിനായി ഹരിത കർമ്മ സേനകൾ തദ്ദേശസ്വയംഭരണ സ്ഥാപനതലങ്ങളിൽ രൂപീകരിച്ച് പ്രവർത്തനം നടത്തി വരുന്നു. ഇവർക്ക് ആവശ്യമായ സാങ്കേതിക സഹായങ്ങൾ നൽകുന്നതിനായി ഹരിത സഹായ സ്ഥാപനങ്ങളെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തെരഞ്ഞെടുത്തിട്ടുണ്ട്. അവരുടെ പ്രവർത്തനം നടന്നുവരുന്നുണ്ട്. ആവശ്യമായ സ്ഥലങ്ങളിൽ, പ്രത്യേകിച്ച് വൻകിട നഗരങ്ങളിൽ കേന്ദ്രീകൃത മാലിന്യ സംസ്കരണ പദ്ധതികളും നടപ്പിലാക്കുന്നതാണ്.

(ഡി) ഉറവിട മാലിന്യ സംസ്കരണമാണ് സർക്കാർ നയമെങ്കിൽ കേന്ദ്രീകൃത മാലിന്യ സംസ്കരണം തൃപ്തികരമായി നടപ്പിലാക്കാൻ കഴിയുമോ; വ്യക്തമാക്കാമോ?

വൻകിട നഗരങ്ങളിൽ കേന്ദ്രീകൃത മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഉറവിട മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പിലാക്കിക്കൊണ്ടുതന്നെ കേന്ദ്രീകൃത മാലിന്യ സംസ്കരണ പദ്ധതികളും ഫലപ്രദമായി സംയോജിപ്പിച്ച് നടപ്പിലാക്കാൻ കഴിയുന്നതാണ്.

**കണ്ണൂർ കോർപ്പറേഷന് പുതിയ കെട്ടിടം**

422 (422) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ കോർപ്പറേഷനുവേണ്ടിയുള്ള പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പുരോഗതി വിശദമാക്കുമോ?

കണ്ണൂർ കോർപ്പറേഷന്റെ പുതിയ ഓഫീസ് കെട്ടിട നിർമ്മാണം പുരോഗമിച്ചുവരികയാണ്. ആകെ 5 നിലകളാണ് (2 ബേസ്മെന്റ്, ഗ്രൗണ്ട് ഫ്ലോർ, 2 ഫ്ലോറുകൾ) പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ആയതിൽ ഫൗണ്ടേഷൻ, ബേസ്മെന്റ് 2 എന്നിവ പൂർത്തിയായിട്ടുണ്ട്.

(ബി) പ്രസ്തുത കെട്ടിട നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തിയാകുമെന്ന് വ്യക്തമാക്കാമോ?

നിലവിലെ പ്രവൃത്തി പുരോഗതി കണക്കാക്കുമ്പോൾ 2024 ഏപ്രിൽ മാസം നിർമ്മാണം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

**തിരുവനന്തപുരം നഗരസഭയിലെ ഓൺലൈൻ പണമിടപാടുകൾ**

423 (423) <u>ശ്രീ. മോൻസ് ജോസഫ്:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരസഭയിൽ പ്രോപ്പർട്ടി ടാക്സ്, പ്രൊഫഷനൽ ടാക്സ് എന്നിവ ഓൺലൈൻ മുഖാന്തരം ഒടുക്കുമ്പോൾ ഇൻഫർമേഷൻ കേരള മിഷന്റെ അക്കൗണ്ടിലേയ്ക്ക് പണം പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിശോധിക്കുമോ; വിശദമാക്കാമോ?

ഉണ്ട്. തിരുവനന്തപുരം നഗരസഭയിൽ പ്രോപ്പർട്ടി ടാക്സ്, പ്രൊഫഷണൽ ടാക്സ് എന്നിവ ഓൺലൈൻ മുഖാന്തരം ഒടുക്കുമ്പോൾ ഇൻഫർമേഷൻ കേരള മിഷന്റെ അക്കൗണ്ടിൽ തുക വന്ന ശേഷം രണ്ട് ദിവസത്തിനുശേഷം കോർപ്പറേഷൻ അക്കൗണ്ടിൽ തുക വരുന്നുണ്ട്.

(ബി) 2022-23 സാമ്പത്തിക വർഷം മാർച്ച് 31 വരെ എത്ര രൂപയാണ് തിരുവനന്തപുരം നഗരസഭയിൽ പ്രോപ്പർട്ടി ടാക്സ്, പ്രൊഫഷണൽ ടാക്സ് എന്നീ ഇനങ്ങളിൽ ഓൺലൈൻ മുഖാന്തരം ലഭിച്ചത്; ഇത് ഏത് അക്കൗണ്ടിലാണ് വന്നുചേർന്നതെന്ന് വ്യക്തമാക്കാമോ?

2022-23 സാമ്പത്തിക വർഷം, ഓൺലൈൻ മുഖാന്തരം ലഭിച്ച പ്രൊഫഷണൽ ടാക്സ് തുക- 31,78,15,880/- രൂപയും പ്രോപ്പർട്ടി ടാക്സ് തുക 26,14,70,663/- രൂപയുമാണ്. ടി തുകകൾ നഗരസഭയുടെ 67136978148 നമ്പർ അക്കൗണ്ടിലേയ്ക്കാണ് ക്രെഡിറ്റാകുന്നത്.

(സി) പ്രസ്തുത നഗരസഭയിൽ പ്രോപ്പർട്ടി ടാക്സ്, പ്രൊഫഷണൽ ടാക്സ് എന്നിവ ഓൺലൈൻ മുഖാന്തരം ഒടുക്കുന്നതിനുള്ള സോഫ്റ്റ്‌വെയർ ഏത്

ഏജൻസിയാണ് ഡെവലപ് ചെയ്തത്; ഇവരുടെ അക്കൗണ്ടിലൂടെയാണോ നഗരസഭയ്ക്ക് കളക്ഷൻ ലഭിക്കുന്നത്; ഇത്തരത്തിൽ പൊതുജനങ്ങളോ ജീവനക്കാരോ പരാതി നൽകിയിട്ടുണ്ടോ; കൂടാതെ ഓൺലൈൻ വഴി ടാക്സ് ഒടുക്കിയശേഷം വീണ്ടും പൊതുജനങ്ങളെക്കൊണ്ട് അതേ വർഷത്തെ ടാക്സ് അടപ്പിച്ചിട്ടുണ്ടോ; ഇത്തരം പരാതികൾ ഏത് രീതിയിൽ പരിഹരിച്ചുവെന്ന് വ്യക്തമാക്കാമോ?

പ്രോപ്പർട്ടി ടാക്സ് അടയ്ക്കുന്നതിനുള്ള സോഫ്റ്റ്‌വെയർ ഡെവലപ് ചെയ്തത് ഇൻഫർമേഷൻ കേരള മിഷൻ (ഐ.കെ.എം.) ആണ്. പ്രൊഫഷണൽ ടാക്സ് അടയ്ക്കുന്നതിനുള്ള സോഫ്റ്റ്‌വെയർ ഡെവലപ് ചെയ്തത് IIITMK ആണ്. ഐ.കെ.എം. അക്കൗണ്ടിലേയ്ക്ക് തുക ലഭ്യമായതിനുശേഷമാണ് നഗരസഭയുടെ അക്കൗണ്ടിലേയ്ക്ക് ലഭിക്കുന്നത്. ഓൺലൈൻ വഴി ടാക്സ് ഒടുക്കിയശേഷം പൊതുജനങ്ങളെക്കൊണ്ട് അതേവർഷം നഗരസഭ ടാക്സ് അടപ്പിക്കാറില്ല. എന്നാൽ പ്രൊഫഷണൽ ടാക്സ് പോലുള്ള നികുതികൾ ഓൺലൈനായി അടയ്ക്കുമ്പോൾ പലപ്പോഴും ആര് അടച്ചുയെന്നത് വ്യക്തമാകാറില്ല. ആയതിനാൽ അടച്ചതിന്റെ വിവരങ്ങൾ നഗരസഭയിൽ

നേരിട്ട് സമർപ്പിക്കുന്നതിനോ ഇ-മെയിൽ ആയി സമർപ്പിക്കുന്നതിനോ ആവശ്യപ്പെടാറുണ്ട്. ഇങ്ങനെ ചെയ്യാത്തപക്ഷം നികുതി ആര് അടച്ചുയെന്ന് അറിയുന്നതിന് നിർവ്വാഹമില്ലാത്ത സാഹചര്യമുണ്ടാകാറുണ്ട്. ടാക്സ് അടച്ചതിന്റെ രേഖകളുമായി വരുന്നപക്ഷം ആയത് രേഖപ്പെടുത്തുന്നതാണ്. ഏതെങ്കിലും സാഹചര്യത്തിൽ രണ്ടാമത് ടാക്സ് അടയ്ക്കേണ്ട സാഹചര്യമുണ്ടായിട്ടുണ്ടെങ്കിൽ ആയത് പരിശോധിച്ച് അധികമായി അടച്ച തുക തിരികെ നൽകാറുണ്ട്.

(ഡി) നഗരസഭയുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് ടാക്സ് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; ഇക്കാര്യത്തിൽ നഗരസഭയ്ക്ക് വീഴ്ച വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിശോധിക്കുമോ; ഈ വിഷയത്തിൽ സമഗ്രമായ ഒരു അന്വേഷണം നടത്തുന്നതിന് തയ്യാറാകുമോ; വിശദമാക്കാമോ?

നഗരസഭയുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് ടാക്സ് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്ന വിഷയം പരിഗണിക്കുന്നതാണ്. വീഴ്ച വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**കൊച്ചി ബ്രഹ്മപുരം മാലിന്യ പ്ലാന്റിന്റെ പ്രവർത്തനം**

424 (424) ശ്രീ. പി. ഉബൈദുള്ള:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. നജീബ് കാന്തപുരം:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി ബ്രഹ്മപുരം മാലിന്യ പ്ലാന്റിൽ കരാർ വ്യവസ്ഥയ്ക്ക് വിരുദ്ധമായി ബയോമൈനിംഗ് നടത്തി മാലിന്യങ്ങൾ അവിടെത്തന്നെ സംഭരിച്ചിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ആർ.ഡി.എഫ്. (റെഫ്യൂസ് ഡിറൈവ്ഡ് ഫ്യൂവൽ) സംഭരിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കരാർ വ്യവസ്ഥ പ്രകാരം ആയത് അടിയന്തരമായി നീക്കം ചെയ്യുന്നതിന്, കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ പല പ്രാവശ്യം കത്ത് നൽകിയിട്ടുണ്ട്.

(ബി) മാലിന്യ പ്ലാന്റിൽ വേർതിരിച്ചെടുത്ത റെഫ്യൂസ് ഡിറൈവ്ഡ് ഫ്യൂവൽ 30 ദിവസത്തിനുള്ളിൽ നീക്കം ചെയ്യണമെന്ന വ്യവസ്ഥ സോൺടാ ഇൻഫ്രാടെക് കമ്പനി പാലിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

പാലിച്ചിട്ടില്ല. കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ പല പ്രാവശ്യം കത്ത് നൽകുകയും ആയതുപ്രകാരം നീക്കം ചെയ്യാമെന്ന് ഉറപ്പ് നൽകിയിട്ടുള്ളതുമാണ്.

(സി) ബ്രഹ്മപുരത്തെ വേസ്റ്റ് ടു എനർജി പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് അറിയിക്കുമോ?

ബ്രഹ്മപുരം മാലിന്യത്തിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനായി ടെണ്ടർ വിളിക്കാൻ കെ.എസ്.ഐ.ഡി.സി.-യെ ചുമതലപ്പെടുത്തിയിരുന്നു. ആയതുപ്രകാരം കെ.എസ്.ഐ.ഡി.സി. ടെണ്ടർ ക്ഷണിച്ച് മെസ്സേഴ്സ് സോൺടാ ഇൻഫ്രാടെക് എന്ന സ്ഥാപനത്തെ തെരഞ്ഞെടുത്തുവെങ്കിലും കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ ഇതുവരെയും കരാറിൽ ഏർപ്പെട്ടിട്ടില്ലാത്തതിനാൽ ഈ പദ്ധതിയുമായി ബന്ധപ്പെട്ട മറ്റ് നടപടികളൊന്നുംതന്നെ കൈക്കൊള്ളാൻ സാധിച്ചിട്ടില്ല.

(ഡി) പ്ലാസ്റ്റിക് വേർതിരിച്ചെടുക്കുന്നതിനും സംസ്കരിക്കുന്നതിനും എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ പരിധിയിൽനിന്നും പ്ലാസ്റ്റിക് ഉൾപ്പടെയുള്ള അജൈവ മാലിന്യങ്ങൾ വാതിൽപ്പടി ശേഖരണം നടത്തുന്നതിന് ഹരിതകർമ്മസേനയെ എല്ലാ വാർഡുകളിലും വിന്യസിച്ചിട്ടുള്ളതും അവർ ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യം നഗരസഭ സ്ഥാപിച്ചിട്ടുള്ള എം.സി.എഫ്./ആർ.ആർ.എഫ്. സംവിധാനം വഴി വേർതിരിച്ച് ബെയിലിംഗ് നടത്തി നീക്കം ചെയ്യുന്നതിന് ഹരിത സഹായ സംഘങ്ങളെ നിയമിച്ചിട്ടുള്ളതുമാണ്. കൂടാതെ ക്ലീൻ കേരള കമ്പനിയും മാലിന്യസംസ്കരണ രംഗത്ത് കൊച്ചി കോർപ്പറേഷനുമായി സഹകരിച്ച് പ്രവർത്തിക്കുന്നുണ്ട്. ബ്രഹ്മപുരം തീപ്പിടുത്തത്തിനുശേഷം കൊച്ചിയിൽ പുതുതായി 20 MCF, 4 RRF എന്നിവ സ്ഥാപിച്ചിട്ടുണ്ട്. ക്ലീൻ കേരള കമ്പനി 1007 ടൺ മാലിന്യങ്ങൾ ഇതിനകം നീക്കം ചെയ്തിട്ടുണ്ട്. മാലിന്യങ്ങൾ സിമന്റ് കമ്പനികളിൽ അയയ്ക്കുന്നതിനുള്ള സംവിധാനവും ഒരുക്കിയിട്ടുണ്ട്.

**ഉറവിട മാലിന്യ സംസ്കരണം**

425 (425) <u>ശ്രീ. ടി. ജെ. വിനോദ്:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൂൺ ഒന്ന് മുതൽ അജൈവ മാലിന്യങ്ങൾ ബ്രഹ്മപുരത്തേയ്ക്ക് കൊണ്ടുപോകാൻ കഴിയില്ലെന്നും അത് ഉറവിടത്തിൽത്തന്നെ സംസ്കരിക്കണമെന്നും ബ്രഹ്മപുരം തീപിടിത്തത്തെത്തുടർന്ന് പ്രഖ്യാപനമുണ്ടായത് എത്രത്തോളം പ്രാവർത്തികമാക്കാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കാമോ?

കൊച്ചി നഗരസഭയിലെ അജൈവമാലിന്യം ശാസ്ത്രീയമായി കയ്യൊഴിയുന്നതിലേയ്ക്കായി വാതിൽപ്പടി ശേഖരണം കാര്യക്ഷമവും കുറ്റമറ്റ രീതിയിലും നിർവ്വഹിക്കുന്നതിനായി 887 അംഗങ്ങൾ അടങ്ങിയ ഹരിത കർമ്മസേനയുടെ പ്രവർത്തനം എല്ലാ വാർഡുകളിലും വ്യാപിപ്പിച്ചിട്ടുള്ളതും കൃത്യമായി ശേഖരിച്ച് വരുന്നതുമാണ്. ഇത്തരത്തിൽ ശേഖരിക്കുന്ന അജൈവ മാലിന്യം നഗരസഭയിൽ വിവിധ വാർഡുകളിലായി ക്രമീകരിച്ചിട്ടുള്ള 19 എം.സി.എഫ്. സെന്ററുകളിൽ സൂക്ഷിച്ചുവരുന്നതും ആയത്

ചുമതലപ്പെടുത്തിയിട്ടുള്ള 7 ഹരിത സഹായ സ്ഥാപനങ്ങൾ വഴി ശേഖരിച്ച് നഗരസഭയുടെ കീഴിലുള്ള 4 ആർ.ആർ.എഫ്.-കളിൽ എത്തിക്കുകയും ടി ഏജൻസികളുടെ ഉത്തരവാദിത്വത്തിൽ ബെയ്‌ലിംഗ് പൂർത്തീകരിച്ച് ഏജൻസികൾതന്നെ നീക്കം ചെയ്തുവരുന്നതും ടി പ്രവൃത്തി വളരെ നല്ല രീതിയിൽ നടന്നുവരുന്നതുമാണ്.

(ബി) മൂന്ന് ലക്ഷം കുടുംബങ്ങളുള്ള കൊച്ചി നഗരത്തിൽ എത്ര കുടുംബങ്ങൾക്ക് ഉറവിട മാലിന്യ സംസ്കരണം ചെയ്യാൻ കഴിഞ്ഞു; ബാക്കിയുള്ളവർക്ക് എത്ര സമയത്തിനുള്ളിൽ ഉറവിട മാലിന്യ സംസ്കരണം ചെയ്യാൻ കഴിയുമെന്ന് വിശദമാക്കാമോ?

2022-23 സാമ്പത്തിക വർഷത്തിൽ ഗാർഹിക ഉറവിട മാലിന്യ സംസ്കരണ പദ്ധതി പ്രകാരം 1700 കുടുംബങ്ങൾക്ക് ബയോ കമ്പോസ്റ്റർ ബിൻ വിതരണം ചെയ്യുന്നതിനുള്ള പദ്ധതി നടപ്പിലാക്കിയിരുന്നു. കൂടാതെ 2023-24 വർഷത്തിൽ ഉറവിട മാലിന്യ സംസ്കരണ പദ്ധതിക്കായി 50 ലക്ഷം രൂപയുടെ പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളതുമാണ്.

**കില ഡയറക്ടർ ജനറലിന്റെ സേവന കാലാവധി**

426 (426) <u>ശ്രീ. സജീവ് ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ കിലയുടെ നിയമാവലിക്ക് വിരുദ്ധമായി ജോയ് ഇളമന്റെ ഡയറക്ടർ ജനറൽ പദവിയിലെ സേവന കാലാവധി ദീർഘിപ്പിച്ച് നൽകിയത് സംബന്ധിച്ച് മുഖ്യമന്ത്രിക്കും ചീഫ് സെക്രട്ടറിക്കും ആരൊക്കെയാണ് പരാതി നൽകിയത്; പ്രസ്തുത പരാതികളിൽ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്?

ഡോ. ജോയ് ഇളമന്റെ ഡയറക്ടർ ജനറൽ പദവിയിലെ സേവന കാലാവധി ദീർഘിപ്പിച്ച് നൽകിയതുമായി ബന്ധപ്പെട്ട് കെ.പി.സി.സി. സെക്രട്ടറി ജോൺ വിനേഷ്യസ് ചീഫ് സെക്രട്ടറിക്ക് ഒരു പരാതി നൽകിയിട്ടുണ്ട്. പ്രസ്തുത പരാതി സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) 2023 ജൂലൈ 4-ന് 60 വയസ്സ് തികഞ്ഞ ജോയ് ഇളമനെ കിലയുടെ ഡയറക്ടർ ജനറൽ പദവിയിൽ തുടർന്ന് പ്രവർത്തിക്കാൻ ചുമതല നൽകുന്ന നിയമവിരുദ്ധമായ സർക്കാർ ഉത്തരവിന് (സ.ഉ.(സാധാ)നം.

1045/2023/LSGD: 15-05-2023) കാരണക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിക്കാമോ?

പകരം ആളെ കണ്ടെത്തി നിയമിക്കുന്നതുവരെ മാത്രമാണ് നിയമനം നീട്ടി നൽകിയിരിക്കുന്നത്. ഇത് സർക്കാർ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ്.

(സി) കിലയിൽ പുതിയ ഡയറക്ടർ ജനറലിനെ നിയമിക്കാൻ എന്തൊക്കെ നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളത്; പുതിയ ഡയറക്ടർ ജനറലിനെ എന്നത്തേയ്ക്ക് നിയമിക്കാൻ കഴിയും; അതുവരെ പകരം ചാർജ് നൽകാൻ നടപടികൾ സ്വീകരിക്കാമോ?

പുതിയ ഡയറക്ടർ ജനറലിനെ കണ്ടെത്തിയിട്ടില്ല. പുതിയ ഡയറക്ടർ ജനറലിനെ കണ്ടെത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. അതുവരെ നിലവിലെ ഡയറക്ടർ ജനറലിന് ചുമതല നൽകി ഉത്തരവായിട്ടുണ്ട്.

(ഡി) ജോയ് ഇളമനെ തട്ടിപ്പ്, വഞ്ചന എന്നീ കുറ്റങ്ങൾ ചുമത്തി 22-03-2018 മുതൽ 21-03-2026 വരെ യുണൈറ്റഡ് നേഷൻസ്

ഡെവലപ്മെന്റ് പ്രോഗ്രാമിന്റെ കരിമ്പട്ടികയിലാണെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നോ; ഇതുസംബന്ധിച്ച് മുഖ്യമന്ത്രിക്ക് പരാതി ലഭിച്ചിരുന്നുവോ; എങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ഈ വിഷയത്തിൽ 22-05-2018-ൽ ഒരു പരാതി ലഭിച്ചിരുന്നു. പ്രസ്തുത വിഷയം സംബന്ധിച്ച് UNDP (United Nations Development Programme)-യുടെ റിപ്പോർട്ട് തേടിയിരുന്നുവെങ്കിലും ഇതുവരെ റിപ്പോർട്ട് ലഭ്യമാക്കിയില്ല.

**കില ഡയറക്ടർ ജനറലിന്റെ നിയമന യോഗ്യതകൾ**

427 (427) <u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കില ഡയറക്ടർ ജനറലിന്റെ നിയമന യോഗ്യതകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

കിലയുടെ ഡയറക്ടർ ജനറലിനെ സർക്കാർ നേരിട്ടാണ് തെരഞ്ഞെടുക്കുന്നത്. കിലയുടെ ചട്ടങ്ങൾ പ്രകാരമോ സർവ്വീസ് ബൈലോ പ്രകാരമോ കില ഡയറക്ടർ തസ്തികയുടെ യോഗ്യത സംബന്ധിച്ച് പ്രത്യേക മാനദണ്ഡങ്ങൾ ഉണ്ടായിരുന്നില്ല എന്നതിനാൽ 09-01-2017-ലെ സ.ഉ.

(സാധാ)നം.52/2017/തസ്വഭവ. ഉത്തരവ് പ്രകാരം കില ഡയറക്ടറെ തെരഞ്ഞെടുക്കുന്നതിനായി ചീഫ് സെക്രട്ടറി, പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്, ഡോ. എസ്. മീനാക്ഷി സുന്ദരം (Former Secretary, GoI), പ്രൊഫ. ജി. പളനിദുരൈ (Head, Department of Political Science, The Gandhigram Rural University Chennai) എന്നിവർ അടങ്ങിയ ഒരു കമ്മിറ്റി രൂപീകരിച്ചു. പ്രസ്തുത കമ്മിറ്റി 01-02-2017-ന് ചേർന്ന യോഗത്തിൽ കില ഡയറക്ടറുടെ യോഗ്യത നിശ്ചയിച്ചു. ടി യോഗ്യതകൾ താഴെപ്പറയും പ്രകാരമാണ്.

<u>അവശ്യ യോഗ്യത</u>

I. ഏതെങ്കിലും വിഷയത്തിൽ ബിരുദാനന്തര ബിരുദം.

II. വികസന മേഖലകളിൽ കുറഞ്ഞത് 20 വർഷത്തെ പരിചയവും മാനേജർ തസ്തികയിൽ 10 വർഷത്തെ പ്രവൃത്തി പരിചയവും.

III. വികേന്ദ്രീകൃത/പ്രാദേശിക ഭരണമേഖലയിൽ കുറഞ്ഞത് 10 വർഷത്തെ പ്രവൃത്തി പരിചയം.

IV. പ്രാദേശിക സർക്കാരുകളുടെ കാര്യശേഷി വികസന മേഖലയിൽ 5 വർഷത്തെ പരിചയം.

V. ഇംഗ്ലീഷും മലയാളവും അനായാസം കൈകാര്യം ചെയ്യാനുള്ള പ്രാവീണ്യം.

<u>അഭികാമ്യയോഗ്യത</u>

i. ഒരു പ്രശസ്ത സർവ്വകലാശാലയിൽനിന്ന് പ്രാദേശിക ഭരണത്തിൽ പിഎച്ച്.ഡി.

ii. ദേശീയ-അന്തർദ്ദേശീയ തലത്തിലുള്ള പ്രവൃത്തി പരിചയം

(ബി) കില ഡയറക്ടർ ജനറലിന്റെ കാലാവധി എത്ര വർഷമാണ്; നിലവിലെ ഡയറക്ടർ ജനറലിന്റെ കാലാവധി എന്നാണ് പൂർത്തിയാകുന്നത്?

നിലവിലെ കില മെമ്മോറാണ്ടം ഓഫ് അസോസ്സിയേഷൻ ആൻഡ് റൂൾസ് പ്രകാരം സംസ്ഥാന ഗവൺമെന്റ് സർവ്വീസിൽനിന്നാണ് ഡയറക്ടർ നിയമിക്കപ്പെടുന്നതെങ്കിൽ മൂന്ന് വർഷത്തേയ്ക്കോ അല്ലെങ്കിൽ 55 വയസ്സ് തികയുന്നത് വരെയോ ഏതാണോ ആദ്യം അതുവരെ തുടരാവുന്നതാണ്. ഓപ്പൺ മാർക്കറ്റിൽനിന്ന് റിക്രൂട്ട് ചെയ്യപ്പെടുന്ന ഡയറക്ടർക്ക് 60 വയസ്സ് തികയുന്നത് വരെ ആ തസ്തികയിൽ തുടരാൻ അനുവാദമുണ്ട്. കാലാവധി കഴിഞ്ഞ ഡയറക്ടർക്ക് പ്രായപരിധി സംബന്ധിച്ച മേൽ നിബന്ധനകൾക്ക് വിധേയമായി വീണ്ടും നിയമനത്തിന് അർഹതയുണ്ട്.

05-05-2017-ലെ സർക്കാർ ഉത്തരവ് (സാധാ)നം.1445/2017/ തസ്വഭവ. പ്രകാരം നിയമനം നൽകിയ ഡയറക്ടർ ജനറലിന്റെ 3 വർഷക്കാലാവധി 18-05-2020-ൽ അവസാനിച്ചതിനെത്തുടർന്ന് ആയത് വിവിധ സർക്കാർ ഉത്തരവുകളാൽ ദീർഘിപ്പിച്ചുവരികയും നിലവിൽ 15-05-2023-ലെ സർക്കാർ ഉത്തരവ് (സാധാ)നം.1045/2023/LSGD പ്രകാരം ഡയറക്ടർ ജനറലിന്റെ കാലാവധി 19-05-2023 പൂർവ്വാഹ്നം മുതൽ ടി തസ്തികയിൽ പുതിയൊരാളെ നിയമിക്കുന്നതുവരെ ദീർഘിപ്പിച്ച് നൽകിയും ഉത്തരവായിട്ടുണ്ട്.

(സി) പുതിയ കില ഡയറക്ടർ ജനറലിനെ തെരഞ്ഞെടുക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

പുതിയ ഡയറക്ടർ ജനറലിനെ നിയമിക്കുന്നത് സംബന്ധിച്ച് നടപടി സ്വീകരിച്ചുവരുന്നു.

(ഡി) കില ഡയറക്ടർ ജനറലിന്റെ അടിസ്ഥാന യോഗ്യതകളിൽ പിഎച്ച്.ഡി. ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഇപ്പോൾ പരിഗണനയിലില്ല.

**കാട്ടാക്കട എക്സൈസ് റേഞ്ച് ഓഫീസ്**

428 (428) <u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെക്കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട എക്സൈസ് റേഞ്ച് ഓഫീസിനായുള്ള ഭൂമിയുടെ ഉടമസ്ഥതയെ സംബന്ധിച്ചും അത് ആർജ്ജിത ഭൂമിയാണോ എന്നതിനെ സംബന്ധിച്ചും ശരിയായ വിവരം പഞ്ചായത്ത് ഗവൺമെന്റിന് കൈമാറിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഇതുസംബന്ധിച്ച് 11-07-2023-ലെ കാട്ടാക്കട ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+ കാട്ടാക്കട

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഗ്രാമപഞ്ചായത്തിൽ കുളത്തുമ്മൽ വില്ലേജിൽ ബ്ലോക്ക് നം. 9-ൽ ഉൾപ്പെട്ട റീസർവ്വേ നം. 245/10-ൽ ഉൾപ്പെട്ട 14.2 സെന്റ് വസ്തുവിൽ നിന്നും എക്സൈസ് റേഞ്ച് ഓഫീസിന് കെട്ടിട സമുച്ചയം നിർമ്മിക്കുന്നതിന് കൈമാറാൻ ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ച 10 സെന്റ് വസ്തു വില്ലേജ് ബി.റ്റി.ആർ. പ്രകാരം സർക്കാർ പുറമ്പോക്കെന്ന് രേഖപ്പെടുത്തിയിട്ടുള്ളതും, നിലവിൽ കാട്ടാക്കട പഞ്ചായത്തിന്റെ അധീനതയിലുള്ള ആമച്ചൽ മാർക്കറ്റ് പ്രവർത്തിക്കുന്നതാണെന്നും പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടതാണെന്നും തഹസിൽദാർ സാക്ഷ്യപത്രം നൽകിയിട്ടുണ്ടെന്നും, സർക്കാർ പുറമ്പോക്ക് ആയതിനാൽ കൈവശാവകാശ രേഖ ഉൾപ്പെടെയുള്ള റവന്യൂ രേഖകൾ ലഭ്യമാക്കാൻ കഴിയില്ലായെന്നും, ടി ഭൂമി എപ്രകാരം ആർജ്ജിച്ചതാണെന്നത് സംബന്ധിച്ച രേഖകളൊന്നുംതന്നെ പഞ്ചായത്തിൽ ലഭ്യമല്ലെന്നും കാട്ടാക്കട ഗ്രാമപഞ്ചായത്ത് സെക്രട്ടറി സർക്കാരിനെ അറിയിച്ചിട്ടുള്ളതാണ്.

**സംസ്ഥാനത്ത് ലഹരി ഉൽപ്പന്നങ്ങളുടെ വിപണനവും ഉപയോഗവും**

429 (429) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2021 ജനവരി മുതൽ 2023 ജൂൺ 30 വരെയുള്ള കാലയളവിൽ എക്സൈസ് വകുപ്പ് പിടിച്ചതും പോലീസ് വകുപ്പ് പിടിച്ചെടുത്ത് എക്സൈസ് വകുപ്പിന് കൈമാറിയതുമായ മയക്കുമരുന്നുകളും (വിഭാഗം തിരിച്ച്), വ്യാജമദ്യവും സംബന്ധിച്ച കണക്ക് ലഭ്യമാക്കുമോ?

2021 ജനവരി മുതൽ 2023 ജൂൺ 30 വരെയുള്ള കാലയളവിൽ എക്സൈസ് വകുപ്പ് 30611 കേസുകൾ കണ്ടെടുത്തിട്ടുണ്ട്. കഞ്ചാവ് - 8082.748 കിലോഗ്രാം, കഞ്ചാവ് ചെടി - 1158 എണ്ണം, ഹാഷിഷ് – 4042.828 ഗ്രാം, ഹാഷിഷ് ഓയിൽ - 459.598656 ഗ്രാം, എം.ഡി.എം.എ. - 7603.04589 ഗ്രാം, എൽ.എസ്.ഡി. - 42.6115 ഗ്രാം, എൽ.എസ്.ഡി. സ്റ്റാമ്പ് - 109 എണ്ണം, ബ്രൗൺ ഷുഗർ - 240.5618 ഗ്രാം, മെത്താഫിറ്റാമിൻ - 3390.39 ഗ്രാം, ഹെറോയിൻ - 1394.32 ഗ്രാം, ലഹരി ഗുളികകൾ -1755.546 ഗ്രാം (1187 എണ്ണം), ലഹരി ആംപ്യൂൾസ് - 10 എണ്ണം, ചരസ് – 669.285 ഗ്രാം, ഒപ്പിയം - 76.87 ഗ്രാം, ഒപ്പിയം പോപ്പി - 57 ഗ്രാം, മാജിക് മഷ്റൂം - 1.462 ഗ്രാം,

കൊക്കൈൻ - 24.15 ഗ്രാം, മറ്റ് ലഹരി വസ്തുക്കൾ - 71.7263 ഗ്രാം, വ്യാജമദ്യം – 57082.263 ലിറ്റർ തുടങ്ങിയവ പിടിച്ചെടുത്തിട്ടുള്ളതുമാണ്.

പോലീസ് വകുപ്പ് പിടിച്ചെടുത്ത് എക്സൈസ് വകുപ്പിന് കൈമാറിയ കേസുകളൊന്നുംതന്നെ ഇല്ല.

(ബി) ഇപ്രകാരം പിടിച്ചെടുത്ത ലഹരി ഉൽപ്പന്നങ്ങളുടെ അളവും കണക്കാക്കിയ വിപണി വിലയും എത്രയെന്ന് വിശദമാക്കുമോ?

2021 ജനവരി മുതൽ 2023 ജൂൺ 30 വരെയുള്ള കാലയളവിൽ എക്സൈസ് വകുപ്പ് പിടിച്ചെടുത്ത ലഹരി ഉൽപ്പന്നങ്ങളുടെ അളവും കണക്കാക്കിയ വിപണി വിലയും അനുബന്ധമായി ചേർക്കുന്നു.+

(സി) മേൽ സൂചിപ്പിച്ച കാലയളവിൽ ഇതുസംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസുകൾ എത്രയാണ്; ഇതിൽ എത്ര പേരുടെ അറസ്റ്റ് രേഖപ്പെടുത്തി നിയമ നടപടികൾക്ക് വിധേയമാക്കി; ഇനിയും പിടിക്കപ്പെടാനുള്ളവർ എത്ര; വിശദാംശം വ്യക്തമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2021 ജനുവരി മുതൽ 2023 ജൂൺ 30 വരെയുള്ള കാലയളവിൽ എക്സൈസ് വകുപ്പ് കണ്ടെടുത്ത 30611 കേസുകളിൽ 27710 പ്രതികളെ ഇതുവരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. 2400 പ്രതികളെ ഇനിയും അറസ്റ്റ് ചെയ്യാനുണ്ട്.

(ഡി) ഇത്തരത്തിലുള്ള ലഹരി ഉൽപ്പന്നങ്ങളുടെ വിപണനവും ഉപയോഗവും ഇല്ലാതാക്കാനായി എക്സൈസ് വകുപ്പ് ആഭ്യന്തര വകുപ്പിന്റെ സഹകരണത്തോടും സഹായത്തോടും കൂടാതെ പൊതുജനങ്ങളുടെ സേവനം വഴിയും നടത്തുന്ന പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

ലഹരി ഉൽപ്പന്നങ്ങളുടെ വിപണനവും ഉപയോഗവും ഇല്ലാതാക്കാനായി എക്സൈസ് വകുപ്പ് സ്വന്തം നിലയിലും ആഭ്യന്തര വകുപ്പിന്റെ സഹകരണത്തോടും സഹായത്തോടും എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തിവരുന്നു. പോലീസ് സൈബർ സെല്ലിന്റെ സഹായത്തോടെ കാൾ ഡീറ്റെയിൽസും മറ്റ് വിവരങ്ങളും ശേഖരിച്ച് കേസുകൾ കണ്ടെത്തുകയും മയക്കുമരുന്നുകളുടെ ഉറവിടം കണ്ടെത്തുകയും ചെയ്യുന്നു. പോലീസ് വകുപ്പിന്റെ സഹായത്തോടെ ഡോഗ് സ്ക്വാഡിനെ ഉപയോഗിച്ച് വാഹനങ്ങൾ

റെയിൽവേ സ്റ്റേഷനുകൾ, പാഴ്സൽ സർവ്വീസുകൾ, ലേബർ ക്യാമ്പുകൾ, അന്തർ സംസ്ഥാന അതിർത്തി പ്രദേശങ്ങൾ, ഹൈവേകൾ എന്നിവിടങ്ങളിൽ പരിശോധന നടത്തിവരുന്നുണ്ട്. സ്കൂളുകളിലും കോളേജുകളിലും പൊതുസ്ഥലങ്ങളിലും പോലീസും സ്റ്റുഡന്റ് പോലീസ് കേഡറ്റുമായും സഹകരിച്ച് ബോധവൽക്കരണ ക്ലാസ്സുകളും ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തുന്നുണ്ട്. കൂടാതെ പൊതുജനങ്ങളുടെ പങ്കാളിത്തത്തോടെ പൊതുസ്ഥലങ്ങളിൽ ലഹരിക്കെതിരെ ബോധവൽക്കരണ ക്ലാസ്സുകൾ, റാലികൾ, ലഹരിവിരുദ്ധ സദസ്സുകൾ, മനുഷ്യച്ചങ്ങലകൾ, ലഹരിക്കെതിരായ ദീപം തെളിയിക്കൽ തുടങ്ങിയവ സംഘടിപ്പിച്ചിരുന്നു. ലഹരി ഉൽപ്പന്നങ്ങളുടെ ഉപയോഗവും വിപണനവും തടയുന്നതിനായി പൊതുജനങ്ങളുടെ സഹകരണത്തോടുകൂടി തദ്ദേശസ്വയംഭരണ സ്ഥാപന തലങ്ങളിലും താലൂക്ക്, ജില്ലാ തലങ്ങളിലും ജനകീയ കമ്മിറ്റികൾ രൂപീകരിച്ച് ജനങ്ങളിൽ ബോധവൽക്കരണം നടത്തുകയും അവരിൽനിന്നും നേരിട്ടും ഫോൺ മുഖാന്തരവും വാട്സ്ആപ്പ് വഴിയും നേർവഴി പോർട്ടൽ വഴിയും പരാതികളും വിവരങ്ങളും ശേഖരിച്ച്

നടപടികൾ സ്വീകരിച്ചുവരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിലും വാർഡ്തലത്തിലും രൂപീകരിച്ചിട്ടുള്ള ജനജാഗ്രതാ സമിതികൾ മുഖേന ലഹരിക്കെതിരായ പ്രവർത്തനങ്ങളിൽ പോലീസ് ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകളുടെയും പൊതുജനങ്ങളുടെയും പങ്കാളിത്തം ഉറപ്പാക്കുന്നുണ്ട്. ലഹരിക്കടിമപ്പെട്ടവരെ കണ്ടെത്തുന്നതിനും കൗൺസിലിംഗിനും ചികിത്സയ്ക്ക് വിധേയമാക്കുന്നതിനും പൊതുജനങ്ങളുടെ സേവനം പ്രയോജനപ്പെടുത്തി വരുന്നു. ജില്ലാതലത്തിൽ ഡി-അഡിക്ഷൻ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. നിംഹാൻസിന്റെ സഹായത്തോടെ കൗൺസിലിംഗ് ജീവനക്കാർക്ക് പരിശീലനം നൽകിവരുന്നു. എക്സൈസിൽത്തന്നെ പ്രത്യേകം ക്രൈംബ്രാഞ്ച് രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു.

**വെള്ളരിക്കുണ്ട് താലൂക്കിൽ എക്സൈസ് റേഞ്ച് ഓഫീസ് അനുവദിക്കുന്ന നടപടി**

430 (430) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എക്സൈസ് റേഞ്ച് ഓഫീസ് ഇല്ലാത്ത താലൂക്കുകൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

കാസർഗോഡ് ജില്ലയിലെ വെള്ളരിക്കുണ്ട് താലൂക്ക്.

(ബി) എക്സൈസ് റേഞ്ച് ഓഫീസില്ലാത്ത വെള്ളരിക്കുണ്ട് താലൂക്കിൽ ആയത് അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉണ്ട്. കാസർഗോഡ് ജില്ലയിലെ വെള്ളരിക്കുണ്ട് താലൂക്കിൽ നിലവിലെ ഹോസ്ദുർഗ്, നീലേശ്വരം എന്നീ എക്സൈസ് റേഞ്ച് ഓഫീസുകൾ വിഭജിച്ച് പുതിയതായി വെള്ളരിക്കുണ്ട് എക്സൈസ് റേഞ്ച് ഓഫീസ് ഒന്നാംഘട്ടമായി രൂപീകരിക്കുന്നതുൾപ്പെടെ അധികാര അതിർത്തി വലുതായ എക്സൈസ് റേഞ്ച് ഓഫീസുകൾ വിഭജിച്ച് പുതിയ 37 റേഞ്ച് ഓഫീസുകൾ മൂന്ന് ഘട്ടങ്ങളിലായി രൂപീകരിക്കുന്നതിനായുള്ള എക്സൈസ് കമ്മീഷണറുടെ ശിപാർശ പരിശോധിക്കുകയും ആയത് പരിഗണിക്കാൻ സംസ്ഥാനത്തിന്റെ ധനസ്ഥിതി അനുവദിക്കുന്നില്ലെന്നും, എക്സൈസ് കമ്മീഷണറുടെ ശിപാർശയിൽ ഒന്നാംഘട്ടമായി പരിഗണിക്കേണ്ടുന്ന പുതിയ റേഞ്ചുകൾ രൂപീകരിക്കുന്ന വിഷയം 2023-2024 സാമ്പത്തിക വർഷം പരിഗണിക്കാവുന്നതാണെന്നും ആയതിനായി ടി സാമ്പത്തിക വർഷത്തിൽ വിശദമായ ശിപാർശ സമർപ്പിക്കേണ്ടതാണെന്നും എക്സൈസ് കമ്മീഷണറെ

അറിയിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ വെള്ളരിക്കുണ്ട് എക്സൈസ് റേഞ്ച് രൂപീകരിക്കുന്നതുൾപ്പെടെ വലിയ അധികാര അതിർത്തിയുള്ള എക്സൈസ് റേഞ്ച് ഓഫീസുകൾ വിഭജിച്ച് 17 എക്സൈസ് റേഞ്ച് ഓഫീസുകൾ രൂപീകരിക്കുന്നതിനായി എക്സൈസ് കമ്മീഷണർ സമർപ്പിച്ച ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

(സി) ഇല്ലെങ്കിൽ അനുവദിക്കാത്തതിന്റെ കാരണം വിശദമാക്കാമോ?

ബാധകമല്ല.

**ബിവറേജസ് കോർപ്പറേഷൻ കയറ്റിറക്ക് കൂലി ഏകീകരിക്കുന്നതിന് നടപടി**

431 (431) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബിവറേജസ് കോർപ്പറേഷൻ വെയർഹൗസുകളിലെ തൊഴിലാളികളുടെ കയറ്റിറക്ക് കൂലി ഏകീകരിക്കുന്നതിന് നിലവിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

കെ.എസ്.ബി.സി.-യുടെ നിയന്ത്രണത്തിലുള്ള വെയർഹൗസുകളിൽ ചുമട്ടുതൊഴിലിനുള്ള കൂലി നിരക്ക് ഏകീകരിക്കുന്നതുമായി ബന്ധപ്പെട്ട് ട്രേഡ്

യൂണിയനുകളെ ഉൾപ്പെടുത്തി ലേബർ കമ്മീഷണർ തലത്തിൽ യോഗം കൂടിയിരുന്നെങ്കിലും വിശദാംശങ്ങൾ പരിശോധിച്ചതിൽ കയറ്റിറക്ക് കൂലി ഏകീകരണം പ്രായോഗികമായി നടപ്പിലാക്കാൻ ബുദ്ധിമുട്ടുള്ളതായും കോർപ്പറേഷനും തൊഴിലാളികൾക്കും ഗുണകരമാകാൻ സാദ്ധ്യതയില്ലെന്ന് കണ്ടെത്തിയ സാഹചര്യത്തിൽ കയറ്റിറക്ക് കൂലി ഏകീകരിക്കുന്ന വിഷയത്തിൽ നിലവിൽ നടപടികൾ സ്വീകരിച്ചിട്ടില്ല.

(ബി) ഓരോ വെയർഹൗസുകളിലും വ്യത്യസ്ത കയറ്റിറക്ക് കൂലി നൽകുന്നത് ഒഴിവാക്കി കൂലി ഏകീകരിക്കുന്നതിനും കാലാനുസൃതമായി പുതുക്കി നിശ്ചയിക്കുന്നതിനും സർക്കാർ നടപടി സ്വീകരിക്കുമോ?

തൽക്കാലം പരിഗണനയിലില്ല.

(സി) ചാലക്കുടി ബിവറേജസ് കോർപ്പറേഷൻ (FL-9) വെയർഹൗസിലെ തൊഴിലാളികൾക്ക് തൃശ്ശൂർ ജില്ലാ ലേബർ ഓഫീസറുടെ ഉത്തരവ് പ്രകാരമുള്ള ഇരുപത് ശതമാനം കൂലി വർദ്ധന അനുവദിച്ച് നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

കെ.എസ്.ബി.സി.-യുടെ ചാലക്കുടി വെയർഹൗസിലെ കയറ്റിറക്ക് കൂലി ജില്ലാ ലേബർ ഓഫീസർ (തൃശ്ശൂർ) 20 ശതമാനം വർദ്ധനവ് വരുത്തി ഉത്തരവായിരുന്നുവെങ്കിലും ഇത് കോർപ്പറേഷന് അംഗീകരിക്കാൻ സാധിക്കാത്തതിനാൽ ടി ഉത്തരവിനെതിരെ ഡെപ്യൂട്ടി ലേബർ കമ്മീഷണർക്ക് (തൃശ്ശൂർ) അപ്പീൽ നൽകാനുള്ള നടപടികൾ ബിവറേജസ് കോർപ്പറേഷൻ സ്വീകരിച്ചുവരുന്നു.

**വിമുക്തിയുടെ ആലപ്പുഴ ജില്ലാ കേന്ദ്രം**

432 (432) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര ജില്ലാ ആശുപത്രിയിൽ വിമുക്തിയുടെ ആലപ്പുഴ ജില്ലാ കേന്ദ്രം പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത വിമുക്തി കേന്ദ്രത്തിന്റെ നവീകരണത്തിനാവശ്യമായ വിശദമായ പദ്ധതി നിർദ്ദേശം സമർപ്പിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നും പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്നും അറിയിക്കുമോ?

ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ താലൂക്ക് ആശുപത്രിയിൽ പ്രവർത്തിച്ചുവന്നിരുന്ന വിമുക്തി ഡി-അഡിക്ഷൻ സെന്റർ, ടി ആശുപത്രിയിലെ നിർമ്മാണ/നവീകരണ പ്രവൃത്തികൾമൂലം താൽക്കാലികമായി മാവേലിക്കര ജില്ലാ ആശുപത്രിയിൽ പ്രവർത്തിച്ച് വരികയാണ്. ചെങ്ങന്നൂർ താലൂക്ക് ആശുപത്രിയിൽ കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക്, മാവേലിക്കര ജില്ലാ ആശുപത്രിയിൽ പ്രവർത്തിക്കുന്ന ഡി-അഡിക്ഷൻ സെന്റർ ചെങ്ങന്നൂർ താലൂക്ക് ആശുപത്രിയിലേയ്ക്ക് മാറ്റി പ്രവർത്തനം ആരംഭിക്കുന്നതാണ്.

**എക്സൈസ് ഡിജിറ്റൽ വയർലെസ് സംവിധാനം**

433 (433) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് ഡിജിറ്റൽ വയർലെസ് സംവിധാനം ആരംഭിച്ചതെന്നെന്ന് വ്യക്തമാക്കുമോ?

02-03-2019-ൽ.

(ബി) എക്സൈസിന്റെ ഡിജിറ്റൽ വയർലെസ് സംവിധാനം ഏതൊക്കെ ജില്ലകളിൽ നടപ്പിലാക്കിയെന്ന് വിശദമാക്കാമോ?

പാലക്കാട്, എറണാകുളം, ആലപ്പുഴ, കൊല്ലം,തിരുവനന്തപുരം.

(സി) മറ്റ് ജില്ലകളിൽ എപ്പോൾ നടപ്പിലാക്കുമെന്ന് വ്യക്തമാക്കുമോ?

ഡിജിറ്റൽ വയർലെസ് സംവിധാനം സ്ഥാപിക്കുവാൻ അവശേഷിക്കുന്ന 9 ജില്ലകളിൽ അടുത്ത 5 വർഷംകൊണ്ട് സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്. സംസ്ഥാന പ്ലാനിംഗ് ബോർഡിന് സമർപ്പിച്ച പതിനാലം പഞ്ചവത്സര പദ്ധതിയുടെ സമീപന രേഖയിൽ ഇക്കാര്യം ഉൾക്കൊള്ളിച്ചിട്ടുണ്ട്. അടുത്ത 5

വർഷത്തെ പദ്ധതി വിഹിതം നിർണ്ണയിക്കുന്ന അവസരത്തിൽ അവശേഷിക്കുന്ന ജില്ലകളിൽ ഡിജിറ്റൽ വയർലെസ് സംവിധാനം സ്ഥാപിക്കുന്നതിന് പദ്ധതിയിലുൾപ്പെടുത്തി നടപടി സ്വീകരിക്കുന്നതാണ്.

**എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്ത കേസുകൾ**

434 (434) <u>ശ്രീ. ടി. ജെ. വിനോദ്:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എക്സൈസ് വകുപ്പിലെ പ്രിവന്റീവ് ഓഫീസർമാർ മുതൽ അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ വരെയുള്ള ഉദ്യോഗസ്ഥർ എത്ര നോൺ-ബെയിലബിൾ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

എക്സൈസ് വകുപ്പിൽ എക്സൈസ് ഇൻസ്പെക്ടർ മുതൽ മുകളിലോട്ടുള്ള ഉദ്യോഗസ്ഥരെയാണ് കേസുകൾ രജിസ്റ്റർ ചെയ്യാൻ അധികാരപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ പ്രിവന്റീവ് ഓഫീസർമാർ മുതൽ അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ വരെയുള്ള ഉദ്യോഗസ്ഥർ കേസുകൾ

രജിസ്റ്റർ ചെയ്തിട്ടില്ല. എന്നാൽ പ്രിവന്റീവ് ഓഫീസർമാർ മുതൽ അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ വരെയുള്ള ഉദ്യോഗസ്ഥർ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 6189 നോൺ-ബെയിലബിൾ കേസുകൾ കണ്ടെടുത്തിട്ടുണ്ട്.

(ബി) ഇതിൽ അളവിൽ കൂടുതൽ മദ്യം കൈവശം വച്ചതിന് എത്ര കേസ്സുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന് അറിയിക്കാമോ; പ്രസ്തുത കേസുകൾ ഏത് വകുപ്പുകൾ പ്രകാരമാണ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്നും അവയ്ക്കുള്ള ശിക്ഷയും വ്യക്തമാക്കാമോ?

ഇതിൽ അളവിൽ കൂടുതൽ മദ്യം കൈവശം വച്ചതിന് കണ്ടെടുത്ത കേസുകളില്ല. അളവിൽ കൂടുതൽ മദ്യം കൈവശം വയ്ക്കുന്നതിന് രജിസ്റ്റർ ചെയ്യുന്ന കേസുകൾ ജാമ്യം കിട്ടുന്നവയാണ്. അളവിൽ കൂടുതൽ മദ്യം കൈവശം വയ്ക്കുന്നതിന് അബ്കാരി ആക്ട് സെക്ഷൻ 13 r/w 63 വകുപ്പ് പ്രകാരമാണ് കേസ് രജിസ്റ്റർ ചെയ്യുന്നത്. 5000/- രൂപ വരെ പിഴയോ രണ്ട് വർഷം വരെ തടവോ അല്ലെങ്കിൽ രണ്ടും കൂടിയോ ആണ് ഈ കുറ്റത്തിനുള്ള ശിക്ഷ.

(സി) ബിവറേജസിന്റെയും കൺസ്യൂമർഫെഡിന്റെയും മദ്യ വില്പനശാലകളിൽനിന്നും മദ്യം വാങ്ങി വരുന്നവരെ എക്സൈസ് ഉദ്യോഗസ്ഥർ അബ്കാരി കേസ്സിൽപ്പെടുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കൺസ്യൂമർഫെഡിന്റെയും ബിവറേജസിന്റെയും മദ്യ വില്പനശാലകളിൽനിന്നും പല തവണകളായി മദ്യം വാങ്ങി നിയമാനുസൃതമായി കൈവശം വയ്ക്കാവുന്ന അളവിൽ കൂടുതൽ മദ്യം സൂക്ഷിക്കുന്നവർക്കെതിരെ എക്സൈസ് ഉദ്യോഗസ്ഥർ അബ്കാരി കേസെടുക്കാറുണ്ട്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രിവന്റീവ് ഓഫീസർ മുതൽ അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ റാങ്ക് വരെയുള്ള ഉദ്യോഗസ്ഥർ രജിസ്റ്റർ ചെയ്തിട്ടുള്ള ബെയിലബിൾ കേസ്സ് എത്രയെന്ന് വ്യക്തമാക്കാമോ?

എക്സൈസ് വകുപ്പിൽ എക്സൈസ് ഇൻസ്പെക്ടർ മുതൽ മുകളിലോട്ടുള്ള ഉദ്യോഗസ്ഥരെയാണ് കേസുകൾ രജിസ്റ്റർ ചെയ്യാൻ അധികാരപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ പ്രിവന്റീവ് ഓഫീസർമാർ മുതൽ

അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ വരെയുള്ള ഉദ്യോഗസ്ഥർ കേസുകൾ രജിസ്റ്റർ ചെയ്തിട്ടില്ല. എന്നാൽ പ്രിവന്റീവ് ഓഫീസർമാർ മുതൽ അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ വരെയുള്ള ഉദ്യോഗസ്ഥർ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 17473 ബെയിലബിൾ കേസുകൾ കണ്ടെടുത്തിട്ടുണ്ട്.

**മയക്കുമരുന്നു വിതരണക്കാരുടെ പിന്നിൽ പ്രവർത്തിക്കുന്നവരെ കണ്ടെത്താൻ നടപടി**

435 (435) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ഡോ. എം. കെ. മുനീർ:
ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മയക്കുമരുന്നുകൾക്കെതിരായ ബോധവൽക്കരണവും ജാഗ്രതാ നടപടികളുമായി മുന്നോട്ടുപോകുമ്പോഴും ഗണ്യമായ ഒരു വിഭാഗം സജീവമായി ലഹരി ഇടപാടുകൾ നടത്തുന്നതായ കാര്യം പരിശോധിച്ചിട്ടുണ്ടോ?

ഉണ്ട്. മയക്കുമരുന്നുകൾക്കെതിരായ ബോധവൽക്കരണത്തിന്റെയും ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെയും ഫലമായി സജീവമായിരുന്ന ലഹരി ഇടപാട് സംഘങ്ങളെ കർശനമായി നിയന്ത്രിക്കാനായിട്ടുണ്ട്.

(ബി) പിടികൂടുന്ന മയക്കുമരുന്ന് വിതരണക്കാരുടെ പിന്നിൽ പ്രവർത്തിക്കുന്നവരെ കണ്ടെത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

മയക്കുമരുന്നുകളുടെ പ്രധാന ഉറവിടം കണ്ടെത്തുന്നതിനായി ആധുനിക വിവര സാങ്കേതികവിദ്യ ഉപയോഗിച്ച്, കേസിൽ പിടികൂടുന്നവരുടെ ഫോൺകോൾ വിവരങ്ങൾ, സാമ്പത്തിക ഇടപാടുകൾ, ബാങ്ക് രേഖകൾ, യാത്രാവിവരങ്ങൾ എന്നിവ ശേഖരിച്ച് തുടരന്വേഷണം നടത്തി മയക്കുമരുന്ന് വിതരണക്കാരുടെ പിന്നിൽ പ്രവർത്തിക്കുന്നവരെ കണ്ടെത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) നിരന്തരം മയക്കുമരുന്ന് കേസുകളിൽ പ്രതികളാകുന്നവരെ നിരീക്ഷിക്കുന്നതിനും വീണ്ടും കുറ്റകൃത്യം ചെയ്യുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

നിരന്തരം മയക്കുമരുന്ന് കേസുകളിൽ പ്രതികളാകുന്നവരെ നിരീക്ഷിക്കുന്നതിനും അവർ വീണ്ടും കുറ്റകൃത്യം ചെയ്യുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിനുമായി മയക്കുമരുന്നുമായി ബന്ധപ്പെട്ട കുറ്റവാളികളുടെ പട്ടിക തയ്യാറാക്കി അവരെ പ്രത്യേകം നിരീക്ഷിച്ചുവരുന്നു. ടി ആളുകൾ വീണ്ടും കുറ്റകൃത്യത്തിൽ ഏർപ്പെടുന്ന സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ PIT NDPS Act 1985 പ്രകാരം കുറ്റകൃത്യത്തിൽ ഏർപ്പെട്ട പ്രതികളെ വിചാരണ കൂടാതെ കരുതൽ തടങ്കലിൽ പാർപ്പിക്കുന്നതിനും ഒന്നിലധികം എൻ.ഡി.പി.എസ്. കേസുകളിൽ 10 വർഷത്തിൽ കൂടുതൽ ശിക്ഷിക്കപ്പെടുന്ന സ്ഥിരം കുറ്റവാളികളുടെ സ്വത്തുകൾ കണ്ടുകെട്ടാനും മയക്കുമരുന്ന് കേസിൽ ശിക്ഷ ലഭിച്ചിട്ടുള്ള വ്യക്തികൾ പുറത്തിറങ്ങിയാൽ സെക്ഷൻ 34 പ്രകാരം ഇനി കുറ്റകൃത്യങ്ങൾ ചെയ്യില്ലെന്നുള്ള ബോണ്ട് വയ്പ്പിക്കുന്നതിനും മയക്കുമരുന്ന് കേസിൽ ശിക്ഷ ലഭിച്ചിട്ടുള്ള ഒരാൾക്കെതിരെ സമാന

സ്വഭാവമുള്ള മറ്റൊരു കേസിൽ കുറ്റപത്രം സമർപ്പിക്കുന്ന സമയത്ത് എൻ.ഡി.പി.എസ്. ആക്ട് സെക്ഷൻ 31 കൂടി ഉൾപ്പെടുത്തി അധിക ശിക്ഷ ലഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ശിക്ഷിക്കപ്പെടുന്നവർക്ക് പരോൾ ഏർപ്പെടുത്തുന്നത് ആഭ്യന്തര വകുപ്പിലെ നിലവിലുള്ള ചട്ടപ്രകാരമായിരിക്കും.

**ലഹരി വ്യാപനം തടയുന്നതിനുള്ള നടപടികൾ**

436 (436) ശ്രീമതി ഉമ തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലഹരി വ്യാപനം തടയുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; പ്രസ്തുത നടപടികളുടെ പുരോഗതി അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ലഹരി മാഫിയയുടെ പ്രവർത്തനം തടയാൻ എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ

നടത്തിവരുന്നു. അതിനായി റേഞ്ച് ഓഫീസുകൾ, സർക്കിൾ ഓഫീസുകൾ, ജില്ലാ എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ, 24 മണിക്കൂറും പ്രവർത്തിക്കുന്ന ജില്ലാതല കൺട്രോൾ റൂം, സ്ട്രൈക്കിംഗ് ഫോഴ്സ് യൂണിറ്റുകൾ, ഹൈവേ പട്രോളിംഗ് യൂണിറ്റുകൾ, ആകസ്മിക കോമ്പിംഗ് ഓപ്പറേഷനുകൾ, ബോർഡർ പട്രോളിംഗ് യൂണിറ്റുകൾ, ക്രൈം ബ്രാഞ്ച് യൂണിറ്റുകൾ, മൂന്ന് മേഖലാ സ്ക്വാഡുകൾ, ഒരു സംസ്ഥാന എൻഫോഴ്സ്മെന്റ് സ്ക്വാഡ്, അതിർത്തി റോഡുകളിൽ വാഹന പരിശോധന ശക്തിപ്പെടുത്തുന്നതിന് KEMU (കേരള എക്സൈസ് മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റ്), രഹസ്യവിവരങ്ങൾ ശേഖരിക്കുന്നതിന് എക്സൈസ് ഇന്റലിജൻസ് ആൻഡ് ഇൻവെസ്റ്റിഗേഷൻ ബ്യൂറോ യൂണിറ്റുകൾ, ലഹരി വസ്തുക്കളുമായി പിടിയിലാകുന്നവരിൽനിന്നും ലഹരി വസ്തുക്കളുടെ ഉറവിടം കണ്ടെത്തുന്നതിനും മുൻകേസ് വിവരങ്ങൾ ശേഖരിക്കുന്നതിനും സൈബർ സെൽ യൂണിറ്റുകൾ എന്നിവ പ്രവർത്തിച്ചുവരുന്നു. കൂടാതെ പോലീസ്, ആർ.പി.എഫ്., ഭക്ഷ്യസുരക്ഷാ വകുപ്പ്, ഡ്രഗ്സ് കൺട്രോൾ, ആരോഗ്യം,

വനം, റവന്യൂ തുടങ്ങിയ ഏജൻസികളുമായി ചേർന്ന് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും നടത്തിവരുന്നുണ്ട്.

മയക്കുമരുന്നുമായി ബന്ധപ്പെട്ട കുറ്റവാളികളുടെ ഹിസ്റ്ററി ഷീറ്റുകൾ തയ്യാറാക്കി നിരീക്ഷിക്കുകയും അവർ വീണ്ടും കുറ്റകൃത്യങ്ങളിൽ ഏർപ്പെടാതിരിക്കാൻ PIT NDPS Act 1985 പ്രകാരം കരുതൽ തടങ്കലിൽ പാർപ്പിക്കുന്നതിനുള്ള നടപടികളും എൻ.ഡി.പി.എസ്. കേസുകളിൽ 10 വർഷത്തിൽ കൂടുതൽ ശിക്ഷ നൽകാവുന്ന കുറ്റകൃത്യങ്ങളിൽ ഉൾപ്പെടുന്ന കുറ്റവാളികളുടെ സ്വത്തുക്കൾ കണ്ടുകെട്ടാനുള്ള നിയമ നടപടികളും മയക്കുമരുന്ന് കേസിൽ ശിക്ഷ ലഭിച്ചിട്ടുള്ള ഒരാൾക്കെതിരെ സമാന സ്വഭാവത്തിലുള്ള മറ്റൊരു കേസിൽ കുറ്റപത്രം സമർപ്പിക്കുന്ന സമയത്ത് എൻ.ഡി.പി.എസ്. ആക്ട് സെക്ഷൻ 31 കൂടി ഉൾപ്പെടുത്തി അധിക ശിക്ഷ ലഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. എല്ലാ ഫീൽഡ് ഓഫീസുകൾക്കും ആയുധങ്ങളും (പിസ്റ്റൾ/റിവോൾവർ) അവ സുരക്ഷിതമായി ഉപയോഗിക്കുന്നതിനാവശ്യമായ പരിശീലനവും നൽകിയിട്ടുണ്ട്. ഇതുകൂടാതെ സ്കൂൾ, കോളേജ് പരിസരങ്ങളിലും മറ്റും ലഹരി ഉപയോഗിക്കുന്നത്

കണ്ടെത്തുന്നതിനായി Abon Kit ഉപയോഗിച്ചുള്ള പരിശോധനയും നടത്തിവരുന്നു.

സംസ്ഥാനത്ത് മയക്കുമരുന്ന് വ്യാപനം തടയുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ ഉന്നതതല യോഗത്തിൽ 2022 ഒക്ടോബർ 2 മുതൽ എല്ലാ സർക്കാർ വകുപ്പുകളുടെയും സന്നദ്ധ സംഘടനകളുടെയും എല്ലാ വിഭാഗം ജനങ്ങളുടെയും പങ്കാളിത്തത്തോട കൂടി 'NO TO DRUGS' എന്ന പേരിൽ ശക്തമായ പ്രചരണ ക്യാമ്പയിൻ സംഘടിപ്പിച്ചുവരുന്നു. ഇതിന്റെ ഭാഗമായി വിദ്യാലയങ്ങളിൽ ജനജാഗ്രതാ സമിതികൾ രൂപീകരിച്ച് ലഹരിക്കെതിരായ പ്രവർത്തനം നടത്തിവരുന്നു. ഈ പ്രചരണ ക്യാമ്പയിന്റെ ഒന്നാംഘട്ടം 2022 നവംബർ 1 വരെയും രണ്ടാം ഘട്ടം 2022 നവംബർ 14 മുതൽ 2023 ജനുവരി 26 വരെയും നടത്തിയിട്ടുള്ളതാണ്. പ്രസ്തുത പരിപാടികളുടെ പുരോഗതി അവലോകനം ചെയ്യുന്നുണ്ട്. അവസാനമായി 19-07-2023-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ യോഗം ചേർന്ന് പുരോഗതി അവലോകനം ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ മൂന്നാംഘട്ട ലഹരിവിരുദ്ധ ക്യാമ്പയിൻ

നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ പഞ്ചായത്ത്, താലൂക്ക്, ജില്ലാ തലത്തിൽ അവലോകനയോഗം കൂടാറുണ്ട്. ടി യോഗത്തിൽ ലഭിക്കുന്ന പരാതികൾ അന്വേഷിച്ച് നടപടികൾ സ്വീകരിക്കുന്നു.

(ബി) ലഹരി വ്യാപനം തടയുന്നതിനായി 2016-17 മുതൽ 2022-23 സാമ്പത്തിക വർഷം വരെ ഓരോ വർഷവും ചെലവഴിച്ച തുക എത്ര വീതമെന്ന് വിശദമാക്കാമോ?

ലഹരി വ്യാപനം തടയുന്നതിന്റെ ഭാഗമായി ബോധവൽക്കരണ പ്രവർത്തനങ്ങൾക്കും ഡി-അഡിക്ഷൻ ചികിത്സ/കൗൺസിലിംഗ് എന്നീ സേവനങ്ങൾക്കായും എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും എക്സൈസ് വകുപ്പിന്റെ ആധുനികീകരണത്തിനുമായി ഓരോ വർഷവും ചെലവഴിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| **വർഷം** | **തുക** |
|---|---|
| 2016-17 | 8,68,18,534 |
| 2017-18 | 4,03,48,472 |
| 2018-19 | 13,16,68,502 |
| 2019-20 | 9,17,25,823 |

| | |
|---|---|
| 2020-21 | 10,31,38,723 |
| 2021-22 | 9,68,40,401 |
| 2022-23 | 11,95,48,016 |
| **ആകെ** | **67,00,88,471** |

(സി) സംസ്ഥാനത്തെ സ്കൂളുകൾ കേന്ദ്രീകരിച്ച് മയക്കുമരുന്ന് വിൽപ്പനയും വിതരണവും നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സമീപം മയക്കുമരുന്ന് ഇടപാടുകൾ നടക്കുന്നതായി സംശയിക്കുന്ന സ്ഥലങ്ങളിലും സ്കൂൾ പരിസരങ്ങളിലും ഒഴിഞ്ഞുകിടക്കുന്ന പ്രദേശങ്ങളിലും ഉപേക്ഷിച്ച വാഹനങ്ങളിലും വ്യാപാര സ്ഥാപനങ്ങളിലും നിരന്തര പരിശോധനകൾ നടത്തിവരുന്നു. കൂടാതെ വനിതാ ജീവനക്കാരെ ഉൾപ്പെടെ മഫ്തിയിൽ നിയോഗിച്ച് ആകസ്മികമായും രഹസ്യമായും ഇത്തരം പ്രദേശങ്ങളിൽ നിരീക്ഷണം നടത്തിവരുന്നു.

സംസ്ഥാനത്തെ സ്കൂളുകളിൽ ലഹരി ഉപയോഗം തടയാൻ എക്സൈസ് വകുപ്പ് വിമുക്തി മിഷൻ മുഖേന വിദ്യാലയങ്ങളിൽ വിവിധ പ്രവർത്തനങ്ങൾ നടത്തിവരുന്നു. വിദ്യാലയങ്ങളിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് ഈ ക്ലബ്ബുകളുടെ നേതൃത്വത്തിൽ ബോധവൽക്കരണ ക്ലാസുകളും ലഹരിക്കെതിരായ ചിന്ത വളർത്തുന്ന വിവിധ മത്സരങ്ങളും നടത്തിവരുന്നു. വിദ്യാർത്ഥികളുടെ ശ്രദ്ധ അനഭിലഷണീയ പ്രവണതകളിലേയ്ക്ക് പോകാതെ ക്രിയാത്മക പ്രവർത്തനങ്ങളിലേയ്ക്ക് തിരിച്ചുവിടുന്നതിന് "ഉണർവ്" പദ്ധതി നടപ്പിലാക്കിവരുന്നു. ഈ പദ്ധതിയുടെ ഭാഗമായി 2022-23 വർഷം 17 സ്കൂളുകളിൽ കായിക പരിശീലന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതാണ്. 2023-24 വർഷത്തിൽ 13 സ്കൂളുകളിൽ കൂടി ഉണർവ് പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. സംസ്ഥാനത്ത് ലഹരിവിരുദ്ധ ക്ലബ്ബുകൾ പ്രവർത്തിക്കുന്ന 500 സ്കൂളുകളിൽ 2022-23 വർഷം "ടീം വിമുക്തി" എന്ന പേരിൽ കായിക പരിശീലന ടീമുകൾ രൂപീകരിച്ച് വിദ്യാർത്ഥികൾക്ക് കായിക പരിശീലനം നൽകി വരുന്നു. 2023-24 വർഷം 500 സ്കൂളുകളിൽ കൂടി കായിക പരിശീലനം നൽകുന്നതിന് നടപടി

സ്വീകരിച്ചുവരുന്നു. ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി രക്ഷകർത്താക്കൾക്ക് അവബോധം നൽകുന്നതിനായി “കരുതൽ” എന്ന പേരിലും വിദ്യാർത്ഥികളെ ബോധവൽക്കരിക്കുന്നതിനായി “കവചം” എന്ന പേരിലും രണ്ട് കൈപുസ്തകങ്ങൾ തയ്യാറാക്കി വിതരണം ചെയ്തിട്ടുണ്ട്. കുട്ടികളെ ലഹരി ഉപയോഗത്തിന്റെ തിന്മകളിൽനിന്നും വിടുതൽ ചെയ്ത് ജീവിതത്തിന്റെ മുഖ്യധാരയിലേയ്ക്ക് എത്തിക്കുന്നതിന് 'നേർവഴി' എന്ന പേരിൽ ഒരു പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്

(ഡി) സ്കൂളുകൾ കേന്ദ്രീകരിച്ച് മയക്കുമരുന്ന് വില്പന നടത്തുന്നതുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; വർഷം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

സ്കൂളുകൾ കേന്ദ്രീകരിച്ച് മയക്കുമരുന്ന് വില്പന നടത്തുന്നതുമായി ബന്ധപ്പെട്ട് 2022-ൽ തൃശ്ശൂർ ജില്ലയിൽ ഒരു കേസ്സും 2023-ൽ കോട്ടയം ജില്ലയിൽ ഒരു കേസ്സും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഇ) ഇതുമായി ബന്ധപ്പെട്ട് ഇതുവരെ എത്ര പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

കോട്ടയം ജില്ലയിൽ ഒരു പ്രതിയെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

**പുതിയ എക്സൈസ് ഓഫീസുകൾ അനുവദിക്കുന്നതിന് നടപടി**

437 (437) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി എക്സൈസ് ഓഫീസുകൾ അനുവദിക്കുന്നതിന് ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. വലിയ അധികാര അതിർത്തിയുള്ള എക്സൈസ് റേഞ്ച് ഓഫീസുകൾ വിഭജിച്ച് 17 എക്സൈസ് റേഞ്ച് ഓഫീസുകൾ രൂപീകരിക്കുന്നതിനായുള്ള എക്സൈസ് കമ്മീഷണറുടെ ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) മലയോരമേഖലകളായ വരന്തരപ്പിള്ളി, മറ്റത്തൂർ, തൃക്കൂർ പഞ്ചായത്തുകളെയും പുതുക്കാട്, അളകപ്പനഗർ, പറപ്പൂക്കര തുടങ്ങിയ

ഗ്രാമപഞ്ചായത്തുകളെയും പ്രവർത്തന അതിർത്തിയിൽ ഉൾപ്പെടുത്തി പുതുക്കാട് കേന്ദ്രമാക്കി എക്സൈസ് റേഞ്ച് ഓഫീസ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പറപ്പൂക്കര, പുതുക്കാട്, അളകപ്പനഗർ, തൃക്കൂർ, മൂരിയാട്, നെന്മണിക്കര തുടങ്ങിയ ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെടുത്തി നിലവിലുള്ള ഇരിങ്ങാലക്കുട എക്സൈസ് റേഞ്ച് ഓഫീസ് വിഭജിച്ച് പുതുക്കാട് കേന്ദ്രമാക്കി പുതുക്കാട് എക്സൈസ് റേഞ്ച് ഓഫീസ് രണ്ടാംഘട്ടമായി രൂപീകരിക്കുന്നതുൾപ്പെടെ അധികാര അതിർത്തി വലുതായ എക്സൈസ് റേഞ്ച് ഓഫീസുകൾ വിഭജിച്ച് പുതിയ 37 റേഞ്ച് ഓഫീസുകൾ മൂന്ന് ഘട്ടങ്ങളിലായി രൂപീകരിക്കുന്നതിനായുള്ള എക്സൈസ് കമ്മീഷണറുടെ പ്രൊപ്പോസൽ പരിശോധിക്കുകയും ആയത് പരിഗണിക്കാൻ സംസ്ഥാനത്തിന്റെ ധനസ്ഥിതി അനുവദിക്കുന്നില്ലെന്നും എക്സൈസ് കമ്മീഷണറുടെ ശിപാർശയിൽ ഒന്നാംഘട്ടമായി പരിഗണിക്കേണ്ടുന്ന പുതിയ റേഞ്ചുകൾ രൂപീകരിക്കുന്ന വിഷയം 2023-2024 സാമ്പത്തിക വർഷം പരിഗണിക്കാവുന്നതാണെന്നും ആയതിനായി അടുത്ത സാമ്പത്തിക

വർഷത്തിൽ വിശദമായി ശിപാർശ സമർപ്പിക്കേണ്ടതാണെന്നും എക്സൈസ് കമ്മീഷണറെ അറിയിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ വലിയ അധികാര അതിർത്തിയുള്ള എക്സൈസ് റേഞ്ച് ഓഫീസുകൾ വിഭജിച്ച് 17 എക്സൈസ് റേഞ്ച് ഓഫീസുകൾ രൂപീകരിക്കുന്നതിനായി എക്സൈസ് കമ്മീഷണർ സമർപ്പിച്ച ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

**വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗം തടയാൻ നടപടി**

438 (438) ശ്രീമതി ശാന്തകുമാരി കെ.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗം തടയുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗം തടയാൻ എക്സൈസ് വകുപ്പ് വിമുക്തി മിഷൻ മുഖേന വിദ്യാലയങ്ങളിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് ഈ ക്ലബ്ബുകളുടെ നേതൃത്വത്തിൽ ബോധവൽക്കരണ ക്ലാസുകളും ലഹരിക്കെതിരായ ചിന്ത വളർത്തുന്ന വിവിധ മത്സരങ്ങളും നടത്തിവരുന്നു. എസ്.പി.സി., എൻ.എസ്.എസ്., സ്കൗട്ട്സ് ആൻഡ് ഗൈഡ്സ് തുടങ്ങിയ

സംഘടനകളുമായി സഹകരിച്ച് വിവിധ പ്രവർത്തനങ്ങൾ നടത്തിവരുന്നു. വിദ്യാർത്ഥികളുടെ ശ്രദ്ധ അനഭിലഷണീയ പ്രവണതകളിലേയ്ക്ക് പോകാതെ ക്രിയാത്മക പ്രവർത്തനങ്ങളിലേയ്ക്ക് തിരിച്ചുവിടുന്നതിന് 'ഉണർവ്"പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി 2022-23 വർഷം 17 സ്കൂളുകളിൽ കായിക പരിശീലന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതാണ്. 2023-24 വർഷത്തിൽ 13 സ്കൂളുകളിൽ കൂടി ഉണർവ് പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. സംസ്ഥാനത്ത് ലഹരി വിരുദ്ധ ക്ലബ്ബുകൾ പ്രവർത്തിക്കുന്ന 500 സ്കൂളുകളിൽ 2022-23 വർഷം "ടീം വിമുക്തി" എന്ന പേരിൽ കായിക പരിശീലന ടീമുകൾ രൂപീകരിച്ച് വിദ്യാർത്ഥികൾക്ക് കായിക പരിശീലനം നൽകിവരുന്നു. 2023-24 വർഷം 500 സ്കൂളുകളിൽക്കൂടി കായിക പരിശീലന ടീമുകൾ രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. വിദ്യാർത്ഥികളിലെ ലഹരി ഉപയോഗം അധ്യാപകരുടെ സഹായത്തോടെ തിരിച്ചറിഞ്ഞ് കൗൺസിലിംഗ് നൽകുന്നതിന് 'നേർവഴി' എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കി വരുന്നു. ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി രക്ഷകർത്താക്കൾക്ക്

അവബോധം നൽകുന്നതിനായി 'കരുതൽ' എന്ന പേരിലും വിദ്യാർത്ഥികളെ ബോധവൽക്കരിക്കുന്നതിനായി 'കവചം' എന്ന പേരിലും രണ്ട് കൈപുസ്തകങ്ങൾ തയ്യാറാക്കി വിതരണം ചെയ്തിട്ടുണ്ട്.

കോളേജുകളിലും ഹോസ്റ്റലുകളിലും രൂപീകരിച്ചിട്ടുള്ള 'നേർക്കൂട്ടം', 'ശ്രദ്ധ' കമ്മിറ്റികൾ മുഖേന വിദ്യാർത്ഥികൾക്ക് ലഹരിയുടെ ദൂഷ്യവശങ്ങളെക്കുറിച്ചുള്ള അവബോധവും നിയമാവബോധവും നൽകി വരുന്നു. ലഹരി ഉപയോഗം സംശയിക്കുന്ന വിദ്യാർത്ഥികൾക്ക് വിമുക്തി സെന്ററുകളിൽ കൗൺസിലിംഗ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ സംസ്ഥാനത്ത് വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗം തടയാൻ എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും നടത്തിവരുന്നു.

(ബി) കുട്ടികൾക്കിടയിലെ ലഹരി ഉപയോഗവുമായി ബന്ധപ്പെട്ട് ഈ വർഷം എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

കുട്ടികൾക്കിടയിലെ ലഹരി ഉപയോഗവുമായി ബന്ധപ്പെട്ട് ഈ വർഷം ജൂൺ മാസം വരെ 32 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) ചില വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സമീപം മയക്കമരുന്ന് ഇടപാടുകൾ നടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് അവസാനിപ്പിക്കുന്നതിനും കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സമീപവും മയക്കമരുന്ന് ഇടപാടുകൾ നടക്കുന്നതായി സംശയിക്കുന്ന സ്ഥലങ്ങളിലും സ്കൂൾ പരിസരങ്ങളിലും ഒഴിഞ്ഞുകിടക്കുന്ന പ്രദേശങ്ങളിലും ഉപേക്ഷിച്ച വാഹനങ്ങളിലും വ്യാപാര സ്ഥാപനങ്ങളിലും നിരന്തര പരിശോധനകൾ നടത്തിവരുന്നു. കൂടാതെ സ്കൂൾ തലങ്ങളിൽ വിമുക്തി മിഷൻ മുഖേന ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് വിദ്യാർത്ഥികൾക്ക് ലഹരിക്കെതിരെയുള്ള ബോധവൽക്കരണം നടത്തിവരുന്നു. കൂടാതെ വനിതാ ജീവനക്കാരെ ഉൾപ്പെടെ മഫ്ത്തിയിൽ നിയോഗിച്ച് ആകസ്മികമായും രഹസ്യമായും ഇത്തരം പ്രദേശങ്ങളിൽ നിരീക്ഷണം നടത്തിവരുന്നു.

## ലഹരി മാഫിയകളുടെ പ്രവർത്തനം തടയാൻ നടപടി

439 (439) <u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ലഹരി മാഫിയയുടെ പ്രവർത്തനം തടയാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ലഹരി മാഫിയയുടെ പ്രവർത്തനം തടയാൻ എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തിവരുന്നു. അതിനായി ഫീൽഡുതലത്തിൽ റേഞ്ച് ഓഫീസുകൾ, സർക്കിൾ ഓഫീസുകൾ, ജില്ലാ എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ, 24 മണിക്കൂറും പ്രവർത്തിക്കുന്ന ജില്ലാതല കൺട്രോൾറൂം, സ്ട്രൈക്കിംഗ് ഫോഴ്സ് യൂണിറ്റുകൾ, ഹൈവേ പട്രോളിംഗ് യൂണിറ്റുകൾ, ആകസ്മിക കോമ്പിംഗ് ഓപ്പറേഷനുകൾ, ബോർഡർ പട്രോളിംഗ് യൂണിറ്റുകൾ, ക്രൈം ബ്രാഞ്ച് യൂണിറ്റുകൾ, മൂന്ന് മേഖലാ സ്ക്വാഡുകൾ, ഒരു സംസ്ഥാന എൻഫോഴ്സ്മെന്റ് സ്ക്വാഡ്, അതിർത്തി റോഡുകളിൽ വാഹന പരിശോധന

ശക്തിപ്പെടുത്തുന്നതിന് KEMU (കേരള എക്സൈസ് മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റ്), രഹസ്യവിവരങ്ങൾ ശേഖരിക്കുന്നതിന് എക്സൈസ് ഇന്റലിജന്റ്സ് ആൻഡ് ഇൻവെസ്റ്റിഗേഷൻ ബ്യൂറോ യൂണിറ്റുകൾ, ലഹരി വസ്തുക്കളുമായി പിടിയിലാകുന്നവരിൽനിന്നും ലഹരി വസ്തുക്കളുടെ ഉറവിടം കണ്ടെത്തുന്നതിനും മുൻകേസ് വിവരങ്ങൾ ശേഖരിക്കുന്നതിനും സൈബർ സെൽ യൂണിറ്റുകൾ എന്നിവ പ്രവർത്തിച്ചുവരുന്നു. കൂടാതെ പോലീസ്, ആർ.പി.എഫ്., ഭക്ഷ്യസുരക്ഷാ വകുപ്പ്, ഡ്രഗ്സ് കൺട്രോൾ, ആരോഗ്യം, വനം, റവന്യൂ തുടങ്ങിയ ഏജൻസികളുമായി ചേർന്ന് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും നടത്തിവരുന്നുണ്ട്.

മയക്കുമരുന്നുമായി ബന്ധപ്പെട്ട കുറ്റവാളികളുടെ ഹിസ്റ്ററി ഷീറ്റുകൾ തയ്യാറാക്കി നിരീക്ഷിക്കുകയും അവർ വീണ്ടും കുറ്റകൃത്യങ്ങളിൽ ഏർപ്പെടാതിരിക്കാൻ PIT NDPS Act 1985 പ്രകാരം കരുതൽ തടങ്കലിൽ പാർപ്പിക്കുന്നതിനുള്ള നടപടികളും എൻ.ഡി.പി.എസ്. കേസുകളിൽ 10 വർഷത്തിൽ കൂടുതൽ ശിക്ഷ നൽകാവുന്ന കുറ്റകൃത്യങ്ങളിൽ ഉൾപ്പെടുന്ന കുറ്റവാളികളുടെ സ്വത്തുക്കൾ കണ്ടുകെട്ടാനുള്ള നിയമ നടപടികളും

മയക്കുമരുന്ന് കേസിൽ ശിക്ഷ ലഭിച്ചിട്ടുള്ള ഒരാൾക്കെതിരെ സമാന സ്വഭാവത്തിലുള്ള മറ്റൊരു കേസിൽ കുറ്റപത്രം സമർപ്പിക്കുന്ന സമയത്ത് എൻ.ഡി.പി.എസ്. ആക്ട് സെക്ഷൻ 31 കൂടി ഉൾപ്പെടുത്തി അധിക ശിക്ഷ ലഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. എല്ലാ ഫീൽഡ് ഓഫീസുകൾക്കും ആയുധങ്ങളും (പിസ്റ്റൾ/റിവോൾവർ) അവ സുരക്ഷിതമായി ഉപയോഗിക്കുന്നതിനാവശ്യമായ പരിശീലനവും നൽകിയിട്ടുള്ളതാണ്. ഇതുകൂടാതെ സ്കൂൾ, കോളേജ് പരിസരങ്ങളിലും മറ്റും ലഹരി ഉപയോഗിക്കുന്നത് കണ്ടെത്തുന്നതിനായി Abon Kit ഉപയോഗിച്ചുള്ള പരിശോധന നടത്തി വരുന്നു.

(ബി) വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് ലഹരി മാഫിയയുടെ പ്രവർത്തനം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് ലഹരി മാഫിയയുടെ പ്രവർത്തനം വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ സ്കൂൾ വിദ്യാർത്ഥികളിലെ ലഹരി വസ്തുക്കളുടെ ഉപയോഗം മുൻകാലങ്ങളെ അപേക്ഷിച്ച് കൂടുന്നതായി കാണുന്നുണ്ട്. ഇത് തടയുന്നതിനായി

വിദ്യാലയങ്ങളിലും വിദ്യാലയ പരിസരങ്ങളിലും എക്സൈസ് വകുപ്പ് ശക്തമായ പരിശോധനകൾ നടത്തിവരുന്നുണ്ട്.

**അനുബന്ധം II**

01-02-2023-ലെ നക്ഷത്രചിഹ്നമിടാത്ത 87-ാം നമ്പർ ചോദ്യത്തിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകിയ പുതുക്കിയ മറുപടി

**ഗുണ്ടാമാഫിയകളുമായി ബന്ധമുള്ള പോലീസ് ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടികൾ**

(87) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ആഭ്യന്തര വകുപ്പിൽ നിരവധി പോലീസ് ഉദ്യോഗസ്ഥർ ഗുണ്ടകളും മറ്റ് മാഫിയകളുമായി ഉറ്റ ബന്ധം പുലർത്തുന്നവരാണെന്ന റിപ്പോർട്ട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് പോലീസ് സേനയിലെ 14 ഉദ്യോഗസ്ഥർ ഗുണ്ടകൾ/സ്ഥിരം കുറ്റവാളികളുമായി ബന്ധം സ്ഥാപിച്ചിട്ടുള്ളതായി വിവരം ലഭിച്ചതിന്റെ

അടിസ്ഥാനത്തിൽ പ്രസ്തുത ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്ത് അന്വേഷണം നടത്തുന്നതിന് ഉത്തരവായിട്ടുണ്ട്.

(ബി) എങ്കിൽ പ്രസ്തുത ഉദ്യോഗസ്ഥർ ആരെല്ലാമാണെന്നും അവർക്കെതിരെ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നുമുള്ള വിശദാംശം ജില്ല തിരിച്ച് വെളിപ്പെടുത്താമോ?

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഗുണ്ടകൾ/സ്ഥിരം കുറ്റവാളികളുമായി ബന്ധം സ്ഥാപിച്ചിട്ടുള്ളതായി അറിവായതിന്റെ അടിസ്ഥാനത്തിൽ സസ്പെൻഡ് ചെയ്ത പോലീസ് ഉദ്യോഗസ്ഥരുടെ വിവരം

| Sl. No | District | Name of the Officer | Designation |
|---|---|---|---|
| 1 | Tvpm Rural | Johnson K. J. | DySP |
| 2 | V& ACB | M. Prasad | DySP |
| 3 | Tvpm City | K. R. Satheesh | SI Thiruvallam |
| 4 | Tvpm Rural | H. L. Sajeesh | ISHO, Mangalapuram |
| 5 | Tvpm Rural | Gopakumar | GSI (SCPO 5088) Mangalapuram |
| 6 | Tvpm Rural | Anoopkumar | GSI (SCPO 9847) Mangalapuram |

| | | | |
|---|---|---|---|
| 7 | Tvpm Rural | Jayan | GASI (SCPO 1687) |
| 8 | Tvpm Rural | Sudhikumar | GSCPO 3378 |
| 9 | Tvpm Rural | Kumar | GSCPO 3753 |
| 10 | Kottayam | Suresh K. K. | GRSI |
| 11 | Thrissur City | A. K. Manoj | SCPO 5703 |
| 12 | Malappuram | Rajeendran | ASI |
| 13 | Malappuram | Saji Alexander | SCPO 4724 |
| 14 | Railways | Abhilash David | Inspector |